

# ഋഗ്വേദസംഹിത

(വിവ.) വള്ളത്തോൾ നാരായണ മേനോൻ

ഭാഗം രണ്ട് ● അഷ്ടകങ്ങൾ: 3 ● അദ്ധ്യായങ്ങൾ: 16

മണ്ഡലങ്ങൾ: 4 ● അനുവാകങ്ങൾ: 21 ● സൂക്തങ്ങൾ: 250



# ഋഗ്വേദസംഹിത

## (വിവ.) വള്ളത്തോൾ നാരായണ മേനോൻ

ഭാഗം രണ്ട് • അഷ്ടകങ്ങൾ: 3 • അദ്ധ്യായങ്ങൾ: 16
മണ്ഡലങ്ങൾ: 4 • അനുവാകങ്ങൾ: 21 • സൂക്തങ്ങൾ: 250

Ṛgvēdasamhita (ഋഗ്വേദസംഹിത)
Volume 2
Translated by Vallathol Narayana Menon
Annotated by C. Govinda Kurup
First Published in 1131 മേടം
First published by Vallthol Granthalayam, Cheruthuruthi

Sayahna digital edition published in 2021.

Copyright © 2021, Annotations: C. Govinda Kurup.

These electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using LuaTeX from TeX Live 2021. The HTML version was generated by LuaTeX from the same LaTeX sources. The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഋഗ്വേദം: രണ്ടാം അഷ്ടകം

## അഞ്ചാം അദ്ധ്യായം

മണ്ഡലം 2 അനുവാകം 1

## സൂക്തം 1.

ശൌനകൻ ഗൃത്സമദൻ ഋഷി; ജഗതി ഛന്ദസ്സ്; അഗ്നി ദേവത. (കാകളി)

അഗ്നേ, നൃപാല, നീയധ്വരനാൾകളി-
ലുൽപന്നനാകുന്നു; നീയാശുശുക്ഷണി;
നീ നീരിൽനിന്നു; നീ കല്ലിളിൽനിന്നു; നീ
സസ്യത്തിൽനിന്നു; നീ കാട്ടിൽനിന്നു ശുചേ! (1)

ഹോത്രമഗ്നേ, തവ; പോത്രവും നേഷ്ടവു-
മാർത്ത്വിജ്യവും തേ; മഖേച്ഛുവഗ്നിത്തു നീ;
അധ്വര്യു നീ; തേ പ്രശാസ്തൃവും; ബ്രാഹ്മണാ-
ച്ഛംസി, ഞങ്ങൾക്കു ഗൃഹേശനും നീ ഗൃഹേ! (2)

ഇന്ദ്രനഗ്നേ, സുശീലർക്കു വൃഷാവു നീ;
വന്ദ്യൻ ബഹുജനകീർത്തിതൻ വിഷ്ണു നീ;
അർത്ഥഗൻ ബ്രഹ്മാവു നീ ബ്രഹ്മണസ്പതേ;
ധർത്താവു ബുദ്ധിയാൽ വാഴ്ത്തപ്പെടുന്നു, നീ! (3)

അഗ്നേ, ക്രിയാവാൻ വരുണരാജാവു, നീ;
ഭഗ്നാഹിതൻ മിത്ര,നീഡിതൻ ദേവ, നീ;
അര്യമാവാ,തതത്യാഗി നീ സൽപതി;
യംശനാ,നീതഫലൻ നീ മഖങ്ങളിൽ! (4)

ത്വഷ്ടാവു നീ സേവകന്നൊരു നന്മതൽ;
സുഷ്ടുതി നിന്റേതു; ബന്ധു, നിൻദീധിതി;
പെട്ടെന്നയച്ചുകൊടുപ്പൂ, ഹയേന്ദ്രരെ-
പ്പുഷ്ടാർത്ഥനഗ്നേ, നരർക്കൊരു കെല്പു നീ! (5)

രുദ്രനഗ്നേ, വിരിവിണ്ണിന്നുയിരു നീ;
ഭുക്തിനേതാവു നീ; മാരുതശക്തി നീ;
രക്തശീഘ്രാശ്വൻ സുഖേന ചെല്ലുന്നു, നീ;
ഭക്തരെപ്പോറ്റുന്നു, പൂഷാവു നീ സ്വയം! (6)

സേവകന്നാ ദ്രവിണോദസ്സു, നീ നൃപ;
ദേവൻ സവിതാവു, രത്നവാനായ നീ;
നീ ഭഗനഗ്നേ, ധനങ്ങളിൽശ്ശക്തിമാൻ;
നിന്നെ യജ്ഞേ ഭജിപ്പോന്നു നീ രക്ഷകൻ! (7)

ആളുകളഗ്നേ, ചമയിപ്പൂ, ധീയുറ്റ
പാലകനാം പുരാനായ നിന്നെഗ്ഗൃഹേ;
ഉത്തമസേന, നീയേതിനും സ്വാമി; നീ
പത്തുനൂറായിരങ്ങൾക്കും പ്രതിനിധി! (8)

അർച്ചിപ്പൂ കർമ്മികൾ, മൈകളിലാളുന്നൊ-
രച്ഛനാം നിന്നെസ്സഹോദരത്വത്തിനും;
നിന്നെയഗ്നേ, പരിസേവിപ്പവന്നു നീ-

യുണ്ണി, സുഖദൻ സഖാവു്,റ്റ രക്ഷകൻ! (9)

അഗ്നേ, സമീപപ്രണമ്യൻ, സുമതി, നീ;
ചൊല്ലേണ്ട ചോറ്റിനും സ്വത്തിനും സ്വാമി, നീ;
കത്തിയെരിച്ചു, വെളിച്ചം തരുന്നു നീ;-
യധ്വരം സാധിച്ചി,യററുന്നു നീ ഫലം! (10)

ദേവ, ദാതാവിന്നദിതിയഗ്നേ, ഭവാൻ;
നീ വാഴ്ത്തൽകൊണ്ടു വളരുന്നു, ഭാരതി;
നൂർവർഷമെത്തിയ ശക്തയിള ഭവാൻ;
നീ വൃത്രമാഥി ധനേശ, സരസ്വതി! (11)

വർദ്ധിതനഗ്നേ, വരായുസ്സു, നീ; തവ
മുഗ്ദ്ധകാമ്യാഭയിൽ നില്ക്കുന്നു; ലക്ഷ്മികൾ;
നീയന്നഭൃതൻ, കടത്തിവിടും മഹാൻ;
നീളെപ്പരന്നോരു വൻപണക്കുന്നു, നീ! (12)

നിന്നെയഗ്നേ, കവേ, വായയാക്കീടിനാർ,
നിർമ്മലരാദിത്യർ നാവുമാക്കീടിനാർ;
നിന്നെയേ കാത്തിരിയ്ക്കുന്നൂ ധനാന്വിതർ;
നിങ്കൽപ്പൊഴിച്ചതേ ഭക്ഷിപ്പു ദേവകൾ! (13)

ആഹുതമഗ്നേ, ഭുജിപ്പു നിൻവായയാൽ,
സ്നേഹികളക്ഷയർ ദേവകളേവരും;
ഉണ്ണുന്നു, നിന്നാൽ മനുഷ്യരുമുൽപന്ന;-
മുണ്ണിയായ്ജ്ജാതൻ, ലതകൾക്കുദർച്ചി നീ! (14)

അക്കൂട്ടരിൽച്ചെന്നുചേരും, പിരിഞ്ഞിട്ടു;-
മഗ്നേ, ബലാൽ മുന്തിനില്ക്കും, സുജാത, നീ;
നിന്നുടെയല്ലോ, മഹത്ത്വാലിഹാന്നങ്ങൾ;
മന്നിലും വാനിലും ചെല്ലുന്നു രണ്ടിലും! (15)

അഗ്നേ, സ്തുതിയ്ക്കുന്നവർക്കു ഗവാശ്വമാ-
മർത്ഥം കൊടുക്കുന്ന ബുദ്ധിമാന്മാരെയും
ഞങ്ങളെയും കൊണ്ടുപോക, നീ നല്ലാരിൽ;
ഞങ്ങൾ യജ്ഞത്തിൽ വാഴ്ത്താവൂ, സുവീരരായ്! (16)

## കുറിപ്പുകൾ: സൂക്തം 1.

1. അഗ്നി ജലാദികളിൽനിന്നും ജനിയ്ക്കുന്നു. ആശുശുക്ഷണിയും ശുചിയും അഗ്നിപര്യായങ്ങൾ. നൃപാല – നേതാക്കളെ (യഷ്ടാക്കളെ) വിശേഷാൽ രക്ഷിയ്ക്കുന്നവനേ.

2. ഹോത്രം – ഹോതാവിന്റെ കർമ്മം. തവ – അങ്ങയ്ക്കുള്ളതാണ്. പോത്രം – പോതാവിന്റെ കർമ്മം. നേഷ്ടം – നേഷ്ടാവിന്റെ കർമ്മം. ആർത്ത്വിജ്യം – ഋത്വിക്കിന്റെ കർമ്മം. തേ – അങ്ങയ്ക്കുള്ളതാണ്. അഗ്നിത്ത് – ആഗ്നീധ്രൻ. പ്രശാസ്ത്രം – പ്രശാസ്താവിന്റെ കർമ്മം. ഗൃഹേശൻ – ഗാർഹപത്യാഗ്നി. ഹോതാവും മറ്റും ഋത്വിക്കുകളുടെ പേരുകളാണ്.

3. സുശീലർക്ക് അഭീഷ്ടങ്ങൾ വർഷിയ്ക്കുന്ന നീ ഇന്ദ്രനാകുന്നു. അർത്ഥഗൻ = ധനാഭിജ്ഞൻ. ബ്രഹ്മണസ്പതി = ഉൽകൃഷ്ടകർമ്മപാലകൻ. ധർത്താവ് – എല്ലാറ്റിനെയും നിലനിർത്തുന്നവൻ. ബുദ്ധിയാൽ – ബുദ്ധിമാന്മാരാൽ.

4. ക്രിയാവാൻ = കർമ്മവാൻ. ഭഗാഹിതൻ = അഹിതരെ (ശത്രുക്കളെ) നശിപ്പിക്കുന്നവൻ. മിത്രൻ – മിത്രനെന്ന ദേവൻ. ഈഡിതൻ = സ്തുതൻ. ആതതത്യാഗി = വ്യാപ്തമായ ത്യാഗ(ദാന)ത്തോടുകൂടിയവൻ. മഖങ്ങളിൽ ആനീതഫല(ഫലങ്ങൾ കൊണ്ടുവരുന്നവ)നായ നീ അംശൻ എന്ന ദേവനാകുന്നു.

5. നന്മുതൽ – നല്ല സമ്പത്തിനെ കൊടുക്കുന്നവൻ എന്നർത്ഥം; കെല്പ് എന്നതിന്റെ സാരവും ഇതുതന്നെ. ത്വഷ്ടാവ് – ഒരു ദേവൻ. സുഷ്ടുതി = നല്ല സ്തുതി. ദീധിതി = തേജസ്സ്. ബന്ധു – ഞങ്ങൾക്കു ബന്ധുവാണ്. ഹയേന്ദ്രരെ (ഉത്തമാശ്വങ്ങളെ) പെട്ടെന്നയച്ചുകൊടുക്കുന്നു – യജമാനന്മാർക്ക്. പൃഷ്ടാർത്ഥൻ = സമ്പത്സമൃദ്ധൻ.

6. വിരിവിണ്ണ് = വിശാലമായ സ്വർഗ്ഗം. ഉയിര് – പ്രാണഭൃതൻ, ബലപ്രദൻ. ഭുക്തിനേതാവ് – ഹവിസ്സിന്റെ ഉടമസ്ഥൻ. മാരുതശക്തി = മരുത്തുക്കളുടെ ബലം. രക്തശീഘ്രാശ്വൻ – വായുവേഗികളായ ചെംകുതിരകളെ പൂട്ടി. ചെല്ലുന്നു – യാഗശാലയിൽ.

7. ദ്രവിണോദസ്സ് – ഒരഗ്നിയുടെ പേർ; സ്വർണ്ണം കൊടുക്കുന്നവൻ. ധനങ്ങളിൽശ്ശക്തിമാൻ – ധനദാനത്തിന്നു ത്രാണിയുള്ളവൻ.

8. ചമയിപ്പു = അലങ്കരിയ്ക്കുന്നു. ധീ – അറിവ്. ഉത്തമസേന = മികച്ച സേനകളോടു – ജ്വാലകളോടു – കൂടിയവനേ. ഏതിനും – എല്ലാ ഹവിസ്സുകൾക്കും. പ്രതിനിധി – പത്തുനൂറായിരങ്ങൾക്കു പകരം, അങ്ങുമാത്രം മതി.

9. മൈകളിലാളുന്നൊരച്ഛൻ – അച്ഛനെന്നപോലെ ലാളിച്ച, ദേഹങ്ങളിൽ ജ്വലിയ്ക്കുന്ന ജഠരാഗ്നി. സഹോദരത്വത്തിനും – സൗഭ്രാത്രത്തിന്നുവേണ്ടിയും; അങ്ങയെ അച്ഛനാക്കിയും ഭ്രാതാവാക്കിയും പൂജിയ്ക്കുന്നു.

10. സമീപപ്രണമ്യൻ = അരികിൽത്തന്നേ നമസ്കരിയ്ക്കപ്പെടാവുന്നവൻ; മറ്റു ദേവന്മാരെപ്പോലെ പരോക്ഷനല്ല. എരിച്ചു – വിറകും മറ്റും.

11. ദാതാവ് – ഹവിസ്സു നല്കുന്ന യജമാനൻ. അദിതി – രക്ഷിതാവ് എന്നർത്ഥം. ഭാരതിയായ നീ വാഴ്ത്തലാൽ (സ്തുതിയാൽ) വളരുന്നു. നൂർവർഷമെത്തിയ – വളരെക്കാലംചെന്ന, സനാതനിയായ. ശക്ത – ദാനസമർത്ഥ. വൃത്രമാഥി – പാപനാശനൻ. ആദിത്യാഗ്നിവായുക്കളുടെ ഭാരതി, ഇള, സരസ്വതി എന്നീ ദേവിമാർ ഭവാൻതന്നെ.

12. വർദ്ധിതനായ നീ വരായുസ്സാകുന്നു – ഉത്തമമായ ആയുസ്സു നല്കുന്നവനാകുന്നു. മുഗ്ദ്ധകാമ്യാഭ = സുന്ദരവും കമനീയവുമായ നിറം. ലക്ഷ്മികൾ = വിഭൂതികൾ; കാന്തികൾ എന്നുമാകാം. അന്നഭൃതൻ – അന്നസാധകൻ എന്നർത്ഥം. കടത്തിവിടും – പാപം കടത്തിയയയ്ക്കുന്നു. വൻപണക്കുന്നു നീ – അങ്ങ് ഒരു വലിയ ധനക്കുമ്പാരമാകുന്നു.

13. ആദിത്യർ – അദിതിപുത്രന്മാർ, ദേവന്മാർ; ഇവരുടെ ഭക്ഷണാസ്വാദനാവയവങ്ങൾ, നീയാണ്. ധനാന്വിതർ – ഹവിസ്സാകുന്ന ധനത്തോടുകൂടിയവർ, ദേവന്മാർ. കാത്തിരിയ്ക്കുന്നു – അതിന്റെ കാരണം, അടുത്ത പാദത്തിൽ. പൊഴിച്ചതേ – ഹോമിച്ചതുമാത്രമാണ്, ദേവകൾക്കാഹാരം.

14. ആഹുതം – ഹോമിയ്ക്കപ്പെട്ട ഹവിസ്സ്. അക്ഷയർ = ക്ഷയം (മരണം) ഇല്ലാത്തവർ. നിങ്കൽനിന്നുതന്നേ, മനുഷ്യർക്കും ഭക്ഷണം. ലതകൾക്ക് ഉണ്ണിയായ് – ലതാദ്യന്തവർത്തിയാണല്ലോ, അഗ്നി. ഉദർച്ചി = ഉയർന്ന അർച്ചി(ജ്വാല)യോടുകൂടിയവൻ.

15. അക്കൂട്ടർ – ദേവകൾ. ബലാൽ മുന്തിനില്ക്കും – ബലംകൊണ്ട് അവരെ കവിച്ചുനില്ക്കും.

ഇഹ – ഈ യജ്ഞത്തിലെ അന്നങ്ങൾ മഹത്ത്വംമൂലം അങ്ങയുടെയാണ്; അവ ദ്യാവാപൃഥിവികളിൽ രണ്ടിലും ചെല്ലുന്നു – വ്യാപിയ്ക്കുന്നു.

16. സ്തുതിയ്ക്കുന്നവർക്ക് – അങ്ങയെ പുകഴ്ത്തുന്ന സ്തോതാക്കൾക്ക്. ഗവാശ്വമാമർത്ഥം = ഗോവും കുതിരയുമാകുന്ന ധനം. ബുദ്ധിമാന്മാർ – യജമാനന്മാർ. നല്ലാരിൽ – സ്വർഗ്ഗാദിലോകത്തിൽ. സുവീരരായ് – നല്ല പുത്രാദികളോടുകൂടി.

## സൂക്തം 2.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കാകളി)

വായ്പിപ്പിനി,ഷ്ടിയാൽജ്ജാതവേദസ്സിനെ-
വാഴ്ത്തിയജിപ്പിൻ ഹവിസ്സാൽസ്സമിദ്ധനെ,
സ്വന്നനെ,ക്കെല്പേകുവോനെ, ഹോതാവിനെ,
വിണ്ണിനു കൊണ്ടുപോം ദിവ്യനാമഗ്നിയെ! (1)

കാക്കുന്നു രാത്രിപകലുകളങ്ങയെ,-
പൈക്കൾ തൊഴുത്തിൽക്കിടാവിനെപ്പോലവേ;
നിത്യം ദ്യുചാരി നീയഗ്നേ, പുരുകാമ്യ,
മർത്ത്യകാലത്തും ജ്വലിയ്ക്കുന്നു രാവിലും! (2)

രോദോവിഹാരിയായ്, ശ്ശോഭനാലോകനായ്,
രോചിഷ്ണുവാം വേദ്യനഗ്നിയെദ്ദേവകൾ
തേരിനെപ്പോലേ നടത്തുന്നു വേദിമേൽ,-
സ്സൂരൻ കണക്കേ നരർക്കു നുത്യർഹനെ! (3)

ക്ഷോണീനഭശ്ചാരി, വാനം നനപ്പവൻ,
പ്രാണായിതജ്വാലനപ്പൊന്നൊളിപ്രഭൻ
സ്ഥാപിതനാകുന്നു തൻവിവിക്താലയേ,
നീർപോലെ പാലകൻ, വിണ്ണിന്നു പോകുവോൻ! (4)

ലാത്തട്ടെ യാഗത്തിലെങ്ങുമാ ഹോതാവു:
വാഴ്ത്തി ഹവ്യത്താൽച്ചമയിപ്പിതാളുകൾ.
പൊൻതൊപ്പിയിട്ടവൻ സസ്യമെരിയ്ക്കുന്നു;
ചിന്നുന്നു, രോദസ്സിൽ വാൻപോലുഡുക്കളെ; (5)

അബ്ഭുവാനഗ്നേ, വളർന്നാളുകെ,ങ്ങൾതൻ
നല്പിനായെങ്ങൾക്കു വായ്ക്കും ധനം തരാൻ;
വാന്നുഴികളെ വശത്താക്കുകെങ്ങൾക്കു,
മാനുഷന്നുമ്പരെ ഹവ്യങ്ങളൂട്ടുവാൻ. (6)

ഭൂരി നല്കഗ്നേ – ശതം നല്കുകെങ്ങൾക്കു;
ചോറെന്ന കേൾവിക്കതകു തുറക്ക നീ;
വാന്നുഴിയെ വഴങ്ങിയ്ക്ക വൻകർമ്മണാ,
ഭാനുപോലേ പ്രഭാതോദ്യോതിതൻ ഭവാൻ! (7)

ആനന്ദമേകുമുഷസ്സിൽ വളർന്നഗ്നി,
ഭാനുമാൻപോലേ വിളങ്ങും സുശോഭനായ്;
മർത്ത്യസ്തുതനാ,ളുകൾക്കു പുരാൻ, ശ്രുഭ
സത്രൻ, ചരിയ്ക്കുമതിഥി നരന്നവൻ! (8)

ഇമ്പപ്പെട്ടുത്തട്ടെയിമ്മട്ടൊ,ളി വീശു-
മുമ്പരിൽ മുമ്പനാം നിൻ ബുദ്ധി മർത്ത്യരെ:
അധ്വരസ്തോതാവിനപ്പൈ ചുരത്തുമേ,

പത്തുനൂറീപ്സിതവിത്തമഗ്നേ, സ്വയം! (9)

അഗ്നേ, ജനങ്ങളിൽ മുന്തിയോരാകെ,ങ്ങ-
ളുഗ്ര്യവീര്യത്താൽ,ക്കുതിരയാൽ,ച്ചോറിനാൽ;
ഞങ്ങൾതൻ പഞ്ചജനങ്ങളിൽശ്ശോഭിയ്ക്കു,
തുംഗദുഷ്പ്രാപമാം വിത്തം, രവിസമം! (10)

കേൾക്കെ,ങ്ങൾതൻ സ്തവം ധൃഷ്ണോ, ബുധർ സുജ-
ന്മാക്കൾ പുകഴ്ത്തും പ്രശംസ്യനഗ്നേ, ഭവാൻ:
അന്നവാൻ സേവിപ്പു, പുത്രങ്കലാംവിധം
തന്നിടത്താളുന്ന യാജ്യനാമങ്ങയെ! (11)

സ്തോതാക്കൾ, മേധാഢ്യ,രീയിരുപേരെങ്ങൾ
ജാതവേദസ്സേ, സുഖിതരാകങ്ങയാൽ:
പോരുമല്ലോ നീ പൊറുപ്പിനഗ്നേ, തരാൻ
ഭൂരിഹേമപ്രജാസൽപുത്രമാം ധനം! (12)

അഗ്നേ, സ്തുതിയ്ക്കുന്നവർക്കു ഗവാശ്വമാ-
മർത്ഥം കൊടുക്കുന്ന ബുദ്ധിമാന്മാരെയും
ഞങ്ങളെയും കൊണ്ടുപോക, നീ നല്പാരിൽ;
ഞങ്ങൾ യജ്ഞത്തിൽ വാഴ്ത്താവൂ, സുവീരരായ്! (13)

## കുറിപ്പുകൾ: സൂക്തം 2.

1. ഋത്വിക്കുകളോടു പറയുന്നു: ഇഷ്ടി = യജ്ഞം. സമിദ്ധനെ – ഉജ്ജ്വലിപ്പിച്ച അഗ്നിയെ. സ്വന്നൻ = നല്ല അന്നമുള്ളവൻ. കെല്പേകുവോൻ – ജഠരാഗ്നിയായി വർത്തിച്ചു ശരീരത്തിന്നു ബലം നല്കുന്നവൻ. വിണ്ണിനു കൊണ്ടുപോം – യജമാനന്മാരെ.

2. രാത്രിപകലുകൾ – സായംപ്രാതഃകാലങ്ങൾ. അങ്ങയെ കാക്കുന്നു – കാത്തുനില്ക്കുന്നു. സായംകാലത്തും പ്രഭാതത്തിലുമാണല്ലോ, അഗ്നിഹോത്രം. നിത്യം – നിയമേന. ദ്യുചാരി = ദ്യോവിൽ ചരിയ്ക്കുന്ന. മർത്ത്യകാലം – മനുഷ്യരുടെ കർമ്മസമയങ്ങൾ.

3. രോദോവിഹാരി = വാനൂഴികളിൽ വ്യാപരിയ്ക്കുന്നവൻ. ശോഭനാലോകൻ = ശുഭദർശനൻ. രോചിഷ്ണു = പ്രകാശമാനൻ. വേദ്യൻ = ജ്ഞേയൻ. തേരിനെപ്പോലെ – തേർ ആളുകളെ ഉദ്ദിഷ്ടസ്ഥാനത്തേയ്ക്കു കൊണ്ടുപോകുമല്ലോ; അതുപോലെ അഗ്നി ആളുകൾക്ക് അഭീഷ്ടസിദ്ധി വരുത്തുന്നു. നുത്യർഹൻ = സ്തുത്യൻ.

4. ക്ഷോണീനഭശ്ചാരി = രോദോവിഹാരി. വാനം നനപ്പവൻ – അന്തരീക്ഷത്തിൽ മഴവെള്ളം പാറ്റുന്നവൻ. പ്രാണായിതജ്വാലൻ – ജ്വാലകളാണല്ലോ, അഗ്നിയുടെ പ്രാണങ്ങൾ. തൻവിവിക്താലയേ സ്ഥാപിതനാകുന്നു – തനിയ്ക്കുള്ളതായ വിജനമായ യജ്ഞഗൃഹത്തിൽ പ്രതിഷ്ഠിയ്ക്കപ്പെടുന്നു. നീർപോലെ – വെള്ളം സർവജീവനമാണല്ലോ. വിണ്ണിന്നു പോകുവോൻ – ഉയരെജ്ജ്വലിയ്ക്കുന്നതിനെ സ്വർഗ്ഗഗമനമാക്കി ഉൽപ്രേക്ഷിച്ചിരിയ്ക്കുന്നു.

5. ആ ഹോതാവു് – അഗ്നി. ചമയിപ്പിതു – സ്തുതിച്ചും ഹോമിച്ചും അദ്ദേഹത്തെ പ്രശോഭിപ്പിയ്ക്കുന്നു. പൊന്തൊപ്പി – പൊങ്ങിയ ജ്വാല. വാൻ – ആകാശം. ഉഡുക്കൾ = നക്ഷത്രങ്ങൾ; തീപ്പൊരികൾക്കു നക്ഷത്രത്വം കല്പിച്ചിരിയ്ക്കയാണ്. ചിന്നുന്നു – വിതറുന്നു.

6. നല്പ് – ക്ഷേമം. വീണ്ടും വീണ്ടും യാഗങ്ങൾ ചെയ്വാൻ മനുഷ്യന്നു കഴിവുണ്ടാകുമാറു, ദ്യാവാപൃഥിവികളെ ഞങ്ങൾക്ക് അനുകൂലകളാക്കിനിർത്തുക!

7. ഭൂരി – വളരെ ഗവാശ്വാദിധനം. ശതം – വളരെ വളരെ പുത്രാദികളെ. ചോറെന്ന കീർത്തിക്കതക് – അന്നമുണ്ടായാലേ കേൾവി (കീർത്തി) കിട്ടുകയുള്ളവല്ലോ. വഴങ്ങിയ്ക്ക – വശത്തു നിർത്തിയാലും. വൻകർമ്മണാ = വലിയ കർമ്മംകൊണ്ട്. ഭാനു = സൂര്യൻ. പ്രഭാതോദ്ദ്യോതിതൻ = പ്രഭാതത്താൽ പ്രകാശിപ്പിയ്ക്കപ്പെടുന്നവൻ; പുലർകാലത്താണല്ലോ, അഗ്നിയെ ജ്വലിപ്പിയ്ക്കുക.

8. ഭാനുമാൻ = സൂര്യൻ. ശുഭസത്രൻ = സുയജ്ഞൻ, ചരിയ്ക്കും – സഞ്ചാരിയായ. അതിഥി – അതിഥിപോലെ പൂജനീയൻ.

9. ബുദ്ധി = നിനവ്. അപ്പൈ – അങ്ങയുടെ നിനവാകുന്ന കറവുപയ്യ്. ഈപ്സിതവിത്തം – ഇച്ഛിയ്ക്കപ്പെട്ട പലതരം (ഗവാശ്വാദി) ധനം അങ്ങയുടെ നിനവിൽനിന്നു സ്തോതാവു കറന്നെടുക്കുന്നു!

10. ഞങ്ങൾ സാധാരണരിൽ മീതെയാകുമാറു, ഞങ്ങൾക്കു ശ്രേഷ്ഠമായ വീര്യവും കുതിരയെയും അന്നവും അവിടുന്നു തന്നരുളുക. തുംഗദുഷ്പാപം = തുംഗവും (ബഹുവും) ദുഷ്പാപ(ദുർല്ലഭ)വുമായിട്ടുള്ളത്. രവിസമം ശോഭിയ്ക്ക – സൂര്യനെപ്പോലെ ശോഭിയ്ക്കുമാറാകട്ടെ.

11. ബുധർ = വിദ്വാന്മാർ. സുജന്മാക്കൾ = നല്ല ആളുകൾ. പ്രശംസ്യൻ = സ്തുത്യൻ. അന്നവാൻ – ഹവിഷ്മാൻ, യജമാനൻ. പുത്രങ്കലാംവിധം – അച്ഛൻ മകന്റെ അടുക്കലെന്നപോലെ തന്നിടത്ത് (യാഗശാലയിൽ സ്വസ്ഥാനത്ത്) ആളുന്ന – ജ്വലിയ്ക്കുന്ന.

12. മേധാഢ്യർ = യജമാനന്മാർ. ഇരുപേർ – രണ്ടുകൂട്ടർ. അങ്ങയാൽ – അങ്ങയുടെ കനിവിനാൽ. പൊറുപ്പ് – കാലക്ഷേപം. ഹേമം = സ്വർണ്ണം. പ്രജകൾ = ആൾക്കാർ.

## സൂക്തം 3.

ഗൃത്സമദൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സ്; സമിദ്ധാദ്യഗ്നികൾ ദേവത. (കാകളി)

വേദിമേൽ സ്ഥാപിതനായ സമിദ്ധാഗ്നി-
യാദൃശ്യനായ്ത്തീർന്നു, സർവലോകത്തിനും;
പാവകൻ ഹോതാവു മേധാവിയർഹനായ്-
ദ്ദേവരെപ്പൂജിയ്ക്ക, ദേവൻ, പുരാതനൻ! (1)

മുവ്വുലകും മഹത്ത്വത്താലിടങ്ങളും
വെവ്വേറെ കാട്ടും നരാശംസനുജ്ജ്വലൻ
ഹൃത്തിനാൽ നൈ വീഴ്ത്തി ഹവ്യം കുതിർത്തുകൊ-
ണ്ടധ്വരാഗ്രേ തെളിയിയ്ക്കട്ടെ,യുമ്പരെ! (2)

അഗ്നേ, കനിഞ്ഞീഡിതൻ ഭവാനർഹനാ-
യർച്ചിപ്പൂ, മർത്ത്യന്നു മുമ്പിന്നമർത്ത്യരെ;
ആ നീ വിളിയ്ക്ക, കെല്പാർന്ന മരുത്ത്വാനെ;-
യർച്ചിപ്പിനഗ്ര്യരേ, ദർഭസ്ഥനിന്ദ്രനെ! (3)

ദേവ, ബർഹിസ്സേ, വളർന്നു സുവീരമാം
നീ വിരിയ്ക്കപ്പെട്ടുകെ,ങ്ങുമീ വേദിമേൽ:
ഹേ വസുവിശ്വദേവാദിത്യയാജ്യരേ,
വാഴ്വിൻ ധനാർത്ഥം ഘൃതാസിക്തമാമിതിൽ! (4)

വാഴ്ത്തിവണങ്ങി വിളിയ്ക്കപ്പെട്ടും മഹാ-
ദ്വാർദ്ദേവിമാരേ, തുറപ്പിനുൾപ്പൂകുവാൻ;
വ്യാപ്തമാരധ്വസ്തമാർ നിങ്ങൾ സദ്വീര-
കീർത്തിമത്താം നിറം കൂട്ടി,പ്പുകഴ്വിൻ! (5)

ഞങ്ങൾ സൽക്കർമ്മാർത്ഥമർച്ചിച്ച നിത്യമാർ,
ഭംഗിയിൽ നെയ്യുവോർപോലേ സമേതരായ്
നുല്ക്കട്ടെ വാർനൂൽ മഖത്തിന്നുടുപ്പിനായ്-
നേർക്കു നീർ പാറ്റുന്ന വാസരരാത്രികൾ! (6)

ബോധവും മൈമാൺപുമേറിയ രണ്ടു വിൺ-
ഹോതാക്കളാദിമര്യക്കാൽ യജിപ്പവർ
വേദിയിൽത്തുംഗമാം മുന്നിടത്തു വസി-
ച്ചാദിത്യരെ യജിയ്ക്കട്ടെ, കാലങ്ങളിൽ! (7)

നമ്മൾക്കു ബുദ്ധി തരുന്ന സരസ്വതി,-
യമ്മട്ടിളാദേവി, സർവഗ ഭാരതി,
ഇമ്മൂന്നുദേവിമാർ കാക്കട്ടെ, ഗേഹമാ-
ണ്ടിമ്മഖം, ഹാനി പറ്റാതെ ഹവിസ്സിനാൽ! (8)

വേഗവാനന്നവാൻ ദേവകാമൻ ശുഭ-
യാഗൻ ജനിയ്ക്കട്ടെ, കാഞ്ചനനേർനിറൻ:

ത്വഷ്ടാവു വേരാം പ്രജയെ നമുക്ക ന-
ല്കട്ടെ; ദേവാന്നവുമെത്തട്ടെ, നമ്മളിൽ! (9)

സമ്മതിച്ചന്തികേ വാഴ്ക വനസ്പതി;
ചെമ്മേ പചിയ്ക്കട്ടെ, യഗ്നി ഹവിസ്സിനെ;
ദിവ്യൻ ശമിതാവഭിജ്ഞൻ ത്രിസിക്തമാം
ഹവ്യത്തെയെത്തിച്ചിടട്ടേ, നിലിമ്പരിൽ! (10)

നെയ്യു ഋകുന്നു ഞാൻ: നെയ്യാൽപ്പിറന്നവൻ,
നെയ്യിൽ വാഴ്വോനിവൻ, നെയ്യാൽജ്ജ്വലിപ്പവൻ;
ആഹൂതിതോറും വിളിയ്ക്ക, രസിപ്പിയ്ക്ക;
സ്വാഹാകൃതം ഹവിസ്സേല്ക്ക, വൃഷാവു നീ! (11)

## കുറിപ്പുകൾ: സൂക്തം 3.

1. ആദൃശ്യൻ = കാണാകുന്നവൻ. സർവലോകത്തിനും = എല്ലാ ജ്ജനങ്ങൾക്കും. അർഹൻ – ദേവയജനയോഗ്യൻ. സമിദ്ധൻ, നരാശംസൻ മുതലായവർ അഗ്നികളാണെന്നു മുമ്പു പറഞ്ഞിട്ടുണ്ട്. പൂജിയ്ക്ക – യജിയ്ക്കട്ടെ.
2. ഇടങ്ങൾ – ആഹുതിസ്ഥാനങ്ങൾ. കാട്ടും – വെളിപ്പെടുത്തുന്ന. ഹൃത്തിനാൽ നൈവീഴ്ത്തി – ഉപസ്തരിച്ച്; തന്റെ ഹൃദയം നെയ്യാണ്, അലിവേറിയതാണ്! അധ്വരാഗ്രേ – ഹോമസമയത്ത്. തെളിയിയ്ക്കട്ടെ – വ്യക്തീകരിയ്ക്കട്ടെ; തൃപ്തിപ്പെടുത്തട്ടെ എന്നർത്ഥം.
3. ഈഡിതൻ = സ്തുതൻ; ഈഡിതൻ എന്ന അഗ്നി. മർത്ത്യന്നു മുമ്പ് – മനുഷ്യൻ ഹോമിയ്ക്കുന്നതു പിന്നീടാണ്. മരുത്ത്വാനെ – മരുത്തുക്കളോടുകൂടിയ ഇന്ദ്രനെ. നാലാംപാദം ഋത്വിക്കുകളോടുള്ളതാണ്: ദർഭസ്ഥൻ = ദർഭപ്പുല്ലിലിരിയ്ക്കുന്നവനായ.
4. ബർഹിസ്സ് = ദർഭ; ഇതിന്റെ ദേവതയായ ബർഹിസ്സെന്ന അഗ്നിയോടു പറയുന്നത്: സുവീരം = നല്ല വീരന്മാരോടുകൂടിയത്; ഞങ്ങൾക്കു നല്ല വീരന്മാരെ (പുത്രാദികളെ) നല്കുന്നത്. ഹേ വസുക്കളും വിശ്വേദേവകളും ആദിത്യരുമാകുന്ന യാജ്യരേ(യജനീയരേ), നിങ്ങൾ ധനാർത്ഥം (ഞങ്ങൾക്കു ധനം തരാൻ) ഘൃതാസിക്തമാം (ഉപസ്തരിയ്ക്കപ്പെട്ട) ഇതിൽ (ദർഭവിരിപ്പിൽ) വാഴ്വിൻ (ഇരിയ്ക്കുവിൻ).
5. മഹാദ്വാർദ്ദേവിമാർ = മഹതികളായ (അഗ്നിയുടെ) ദ്വാരദേവതമാർ; വാതിലുകൾ. അധ്വസ്തമാർ – ഉപദ്രവിയ്ക്കപ്പെടാത്തവർ, ശക്തിമതികൾ. സദ്വീരകീർത്തിമത്താം നിറം കൂട്ടി – യജമാനന്നു നല്ല വീരന്മാരാലും യശസ്സാലുമുള്ള ശോഭയുളവാക്കി.
6. ഭംഗിയിൽ നെയ്യുവോർ – രണ്ടു നെയ്ത്തുവിദഗ്ധമാർ. സമേതരായ് = തമ്മിൽച്ചേർന്ന്. വാർനൂൽ – യജ്ഞാംഗങ്ങൾ. നേർക്കു – ശരിയ്ക്കു, വഴിപോലെ. ഓരോ യജ്ഞാംഗത്തെയും ക്രമേണ അനുഷ്ഠിപ്പിച്ചു, പൂർത്തിവരുത്തട്ടെ!
7. ബോധം = അറിവ്. മൈമാൺപ് = ആകാരസൌഷ്ഠവം. വിൺഹോതാക്കൾ – ദിവ്യാഗ്നിജാതരായ ഹോതാക്കൾ; ഭൌമാഗ്നിയും അന്തരിക്ഷാഗ്നിയും. ആദിമർ – പ്രഥമപൂജ്യന്മാർ. ഋക്കാൽ – മന്ത്രം ചൊല്ലി. മൂന്നിടം – ഗാർഹപത്യാഹവനീയദക്ഷിണസ്ഥാനങ്ങൾ. ആദിത്യർ = ദേവന്മാർ.
8. സർവഗ – സർവവിഷയവ്യാപ്ത. ഗേഹമാണ്ട് – യാഗശാലയിൽ വന്ന്. ഹവിസ്സിനാൽ – നമ്മൾ കൊടുത്ത ഹവ്യം കൊണ്ട്.

9. ജനിയ്ക്കട്ടെ – വേഗവാനും മറ്റുമായ പുത്രൻ നമുക്കു പിറക്കട്ടെ. വേരാം പ്രജയെ – കുലത്തെ നിലനിർത്തുന്ന സന്താനത്തെ. ദേവാന്നം – ദേവന്മാർക്കുള്ള അന്നം.

10. സമ്മതിച്ച് – കർമ്മത്തിന്ന് അനുമതി തന്ന്. അന്തികേ – നമ്മുടെ അരികിൽ. വനസ്പതി – യൂപദേവതയായ അഗ്നി. അഗ്നി – അടുപ്പിലെ അഗ്നി. ശമിതാവ് – ശമിതാവ് എന്ന അഗ്നി. ത്രിസിക്തം – ഉപസ്തരണം, അവദാനം, അഭിഘാരണം എന്നിവകൊണ്ടു ശുദ്ധീകൃതം. നിലിമ്പരിൽ – ദേവന്മാരുടെ അടുക്കൽ.

11. ദ്രുകുന്നു – അഗ്നിയിൽ വീഴുന്നു. ഇവൻ – അഗ്നി. ഉത്തരാർദ്ധം പ്രത്യക്ഷവചനം: വിളിയ്ക്ക – ദേവന്മാരെ. സ്വാഹാകൃതം – സ്വാഹാ എന്നുച്ചരിച്ചു ഹോമിയ്ക്കപ്പെട്ട. ഏല്ക്ക – വഹിച്ചാലും.

## സൂക്തം 4.

ഭൃഗുഗോത്രൻ സോമാഹുതി ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്. അഗ്നി ദേവത.

യാതൊരു ജാതവേദസ്സായ ദേവൻ ദേവന്മാർവരെയുള്ളവരെ ഒരു സുഹൃത്തെന്നപോലെ താങ്ങിപ്പോരുന്നുവോ; ആ അഗ്നിയെ; ദ്യുലോകം തിളങ്ങുന്നവനെ, ദ്യുലോകം നിഷ്പാപനെ, മനുഷ്യർക്ക് അതിഥിയെ, ശോഭനാന്നനെ നിങ്ങൾക്കുവേണ്ടി ഞാൻ വിളിയ്ക്കാം. (1)

ഭൃഗുക്കളത്രേ, ഈ അഗ്നിയെ പരിചരിച്ചു രണ്ടിടങ്ങളിൽ – അന്തരിക്ഷത്തിലും മനുഷ്യപ്രജകളിലും – പ്രതിഷ്ഠിച്ചത്. ദേവകളിൽ വെച്ചു ശീഘ്രഗമനനും ജവനാശ്വനുമായ അവിടുന്നു വിരോധികളെയെല്ലാം തീരെ കീഴമർത്തട്ടെ! (2)

ദേവകൾ പോകുമ്പോൾ യാതൊരുവനെയാണോ, മനുഷ്യപ്രജകളിൽ ഒരു പ്രിയസുഹൃത്തിനെയെന്നപോലെ നിർത്തിയത്; ഹവിർദ്ദാതാവിന്റെ ഗൃഹത്തിൽ യാവനൊരുത്തൻ ആധാനംചെയ്യപ്പെടുന്നുവോ; ആ സമ്പൽകരനായ അഗ്നി കാമിനികളായ യാമിനികളിൽ മിന്നിത്തിളങ്ങുന്നു! (3)

ഇദ്ദേഹത്തിന്റെ പുഷ്ടി, സ്വന്തം പുഷ്ടിപോലെ സന്തോഷകരമാണ്; വളർന്നു ചുട്ടെരിപ്പാൻതുടങ്ങുന്ന ഇദ്ദേഹത്തെ കാണുന്നതും സന്തോഷകരംതന്നെ. ഇദ്ദേഹം മരങ്ങൾക്കിടയിൽ, ഒരു തേർക്കുതിര വാലാട്ടുന്നതുപോലെ, നാവിളക്കും! (4)

ആരുടെ മഹത്ത്വം എന്റെ ആളുകൾ സ്തുതിയ്ക്കുന്നുവോ, അദ്ദേഹം സ്വന്തം രൂപം ഋത്വിക്കുകളെ കാണിയ്ക്കും. അവിടുന്നു ഹവ്യങ്ങളിൽ വിചിത്രശോഭകൊണ്ടു തിരിച്ചറിയപ്പെടുന്നു. അവിടുന്നു കിഴവനായിട്ടു, വീണ്ടും വീണ്ടും യുവാവായിച്ചമയുന്നു! (5)

അവിടുന്നു വനങ്ങളിൽ, ദാഹംപൂണ്ടവൻപോലെ ഉജ്ജ്വലിയ്ക്കുന്നു; വെള്ളംപോലെ ഒഴുകുന്നു; തേർക്കുതിരപോലെ മുരളുന്നു; ആ പൊള്ളിയ്ക്കുന്ന കൃഷ്ണവർത്മാവു നക്ഷത്രങ്ങളാൽ പുഞ്ചിരിയിടുന്ന നഭസ്സുപോലെ പ്രകാശിയ്ക്കുന്നു. (6)

ആ തേജസ്വിയായ അഗ്നി നാനാരൂപനായി സ്ഥിതിചെയ്യുന്നു; ഭൂമിയിലെങ്ങും വളരുന്നു; വരണ്ടവയെ എരിച്ചും, നോവിയ്ക്കുന്നവയെ കരിച്ചും, ധാരാളം കുടിയ്ക്കുന്നപോലെയായും, ഇടയനില്ലാത്ത ഒരു നാല്ക്കാലിപോലെ സ്വയം മേഞ്ഞുനടക്കുന്നു! (7)

അഗ്നേ, അങ്ങയുടെ മുമ്പേത്തെ അഭീഷ്ടദാനം സ്മരിച്ചു (ഞങ്ങൾ) ഇപ്പോൾ മൂന്നാം യാഗത്തിലും (അങ്ങയെ) സ്തുതിച്ചുകൊള്ളുന്നു. അങ്ങു ഞങ്ങൾക്കു, വീരരെ അടക്കുന്നതും മഹത്തും കേൾവിപ്പെട്ടതുമായ അന്നത്തെയും സത്സന്താനത്തെയും ധനത്തെയും തന്നരുളുക! (8)

അഗ്നേ, ഗൃത്സമദന്മാർ അങ്ങയുടെ തുണയാൽ, ഗുഹയിൽക്കിടക്കുന്ന രമണീയങ്ങളെ കീഴടക്കണം, നല്ല വീരന്മാരെ നേടണം, ആക്രമണം താങ്ങണം; അതിന്നുതക്ക അന്നം അവിടുന്നു മേധാവികൾക്കും സ്തോതാക്കൾക്കും നല്കിയാലും! (9)

### കുറിപ്പുകൾ: സൂക്തം 4.

1. ദേവന്മാർവരെയുള്ളവരെ – മനുഷ്യർമുതൽ ദേവകൾവരെയുള്ള ജനങ്ങളെ.
2. ജവനാശ്വൻ = വേഗമേറിയ കുതിരകളുള്ളവൻ.
3. പോകുമ്പോൾ – സ്വർഗ്ഗത്തിലേയ്ക്കു തിരിയ്ക്കുമ്പോൾ. പ്രിയസുഹൃത്തിനെയെന്നപോലെ – വിദേശത്തെയ്ക്കു പോകുന്നവർ സ്വഗൃഹരക്ഷയ്ക്ക് ഒരു സ്നേഹിതനെ വെയ്ക്കുന്നതുപോലെ. കാമിനികൾ – അഗ്നിയെ കാമിയ്ക്കുന്നവർ. യാമിനികൾ = രാത്രികൾ.

4. ഒരാൾക്കു സ്വന്തം പുഷ്ടി എപ്രകാരമോ, അപ്രകാരം സന്തോഷകരമാണ്, അഗ്നിയുടെ പുഷ്ടി (തടിയ്ക്കൽ, കത്തിപ്പടരുക). നാവ് – ജ്വാല.

5. അദ്ദേഹം – അഗ്നി. ഋത്വിക്കുകളെ കാണിയ്ക്കും – അവരുടെ മുമ്പിൽ ഉജ്ജ്വലിയ്ക്കും. വിചിത്രശോഭ – ഓരോന്നു ഹോമിയ്ക്കുമ്പോൾ ഓരോ നിറം കാണുമല്ലോ. കിഴവനായിട്ടു – കെടാൻ തുടങ്ങിയിട്ടു. യുവാവായിത്തീരുന്നു – നെയ്യും മറ്റും വീഴ്കുകയാൽ കത്തിയാളുന്നു.

6. ദാഹം പൂണ്ടവൻ – വെള്ളം കുടിപ്പാൻ വെമ്പുന്നവൻ. കൃഷ്ണവർത്മാവ് = അഗ്നി; അഗ്നിയുടെ വഴി പുകകൊണ്ടു കറുക്കുമല്ലോ.

7. വരണ്ടവ – മരവും കുററിക്കാടും മറ്റും. നോവിയ്ക്കുന്നവ – മുള്ളും മറ്റും. കുടിയ്ക്കുന്നതു – വൃക്ഷാദികളുടെ നീരിനെ.

8. മഹത്ത് – വളരെപ്പേരെ പുലർത്താൻ മതിയാവുന്നത്.

9. ഗുഹയിൽക്കിടക്കുന്ന രമണീയങ്ങൾ – ഭൂഗർഭത്തിലുള്ള നിധികൾ. ആക്രമണം – ശത്രുക്കളുടെ. മേധാവികൾ – യജമാനന്മാർ.

## സൂക്തം 5.

സോമാഹുതി ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത. (“താമരക്കണ്ണൻ” പോലെ)

ജാതനായ്, ജീവസ്സേകം പിതാവാം
ഹോതാവു പിതൃരക്ഷാർത്ഥം;
വെന്നടക്കേണ്ടും മാന്യമാം ധന-
വൃന്ദം നേടാവൂ, സാന്നർ നാം. (1)

സത്രനേതാവാമാരിലോ രശ്മി-
സപ്തകം പാടേ വ്യാപിപ്പൂ;
മർത്ത്യൻപോലപ്പോതാവെട്ടാം യജ്ഞ-
കൃത്യവും ചെയ്‌വൂ നിശ്ശേഷം! (2)

അല്ലെങ്കിലിങ്ങെടുപ്പാനും സ്തോത്രം
ചൊല്ലാനുമറിവോനവൻ
ഋത്വിക്കർമ്മത്തിലെല്ലാം വ്യാപിപ്പൂ,
ചക്രത്തിൽ നേമിപോലവേ! (3)

ശുദ്ധയജ്ഞത്തോടൊത്തല്ലോ, ശുദ്ധി-
കൃത്താം പ്രശാസ്താവുണ്ടായി;
സത്യമാമേതൽക്കർമ്മത്തിൽക്കേറും,
വിദ്വാൻ കൊമ്പത്തുപോലവേ! (4)

മുത്തണച്ചി,തിൽച്ചെന്നു ചേഷ്ടിയ്ക്കും
ഹസ്താംഗുലികൾ നൂറുരു,
മൂന്നിലും മുഖ്യമാമിന്നേഷ്ടാവിൻ
മൂർത്തിയെശ്ശുശ്രൂഷിയ്ക്കുന്നു. (5)

അമ്മതന്നനുജത്തി നെയ്യെട്ടു-
ത്തന്തികേ ചെല്ലുംവേളയിൽ
ഹൃഷ്ടനായ് ത്തീരു,മധ്വര്യു,വിവൻ,
വൃഷ്ടിയാൽ നെല്ലുപോലവേ! (6)

താൻതാൻ സ്വകർമ്മത്തിന്നൃത്വിക്കായോ-
നേന്തുമാറാകി,ങ്ങാർത്ത്വിജ്യം;
സ്തോത്രം ചൊല്ലാവൂ നാമുടന,തി-
മാത്രം നല്കാവൂ, ഹവ്യവും! (7)

ആചരിയ്ക്കട്ടേ വിദ്വാനിങ്ങഗ്നേ,
പൂജാർഹർക്കെല്ലാം ധാരാളം:
അങ്ങയ്ക്കുതന്നെയുള്ളതാണല്ലോ,
ഞങ്ങൾ നടത്തുമീ യാഗം! (8)

## കുറിപ്പുകൾ: സൂക്തം 5.

1. പിതാവ് = പാലകൻ. ഹോതാവ് – അഗ്നി. പിതൃരക്ഷാർത്ഥം – യജമാനന്മാരെ രക്ഷിപ്പാൻ. സാന്നർ – ഹവിസ്സാകുന്ന അന്നത്തോടുകൂടിയവർ.
2. സത്രനേതാവ് = യജ്ഞനിർവാഹകൻ. രശ്മിസപ്തകം – ഏഴു ഹോത്രങ്ങൾ. പോതാവ് – ദേവകളുടെ പോതാവെന്ന ഋത്വിക്കായ അഗ്നി. മർത്ത്യൻ – മനുഷ്യനായ പോതാവ്. എട്ടാം – സപ്തഹോത്രങ്ങളോടുകൂടി എട്ടാമത്തെ കർമ്മവും നിർവഹിയ്ക്കുന്നു.
3. എടുപ്പാനും – അധ്വര്യുവായിനിന്നു ഹവിസ്സു കൈക്കൊൾവാനും. സ്തോത്രം ചൊല്ലാനും – ഹോതാവായിനിന്നു സ്തുതിപ്പാനും. വ്യാപിപ്പൂ – പെരുമാറുന്നു. ചക്രം = തേരുരുൾ. നേമി = ഉരുൾച്ചുററ്.
4. ശുദ്ധികൃത്ത് = വിശുദ്ധിയുണ്ടാക്കുന്നവൻ. പ്രശാസ്താവ് – ദേവന്മാരുടെ പ്രശാസ്താവെന്ന ഋത്വിക്കായ അഗ്നി. ഉണ്ടായി = ജനിച്ചു. സത്യം – തീർച്ചയായും ഫലപ്രദം. ഏതൽക്കർമ്മം = ഇവന്റെ (അഗ്നിയുടെ) കർമ്മം; കർമ്മങ്ങൾ. വിദ്വാൻ – അറിവുള്ള യജമാനൻ. കൊമ്പത്തുപോലവേ – മരംകേറുന്നവൻ ഒരു കൊമ്പിന്മേൽ നിന്നു മറെറാരു കൊമ്പിന്മേൽ കേറുന്നതുപോലെ, കർമ്മങ്ങൾ ക്രമേണ അനുഷ്ഠിയ്ക്കും.
5. മുത്തണച്ച് = സന്തോഷമുളവാക്കിക്കൊണ്ട്. ഇതിൽ – കർമ്മത്തിൽ. ഹസ്താംഗുലികൾ = കൈവിരലുകൾ. നൂറുരു – വളരെ പ്രാവശ്യം. മുന്നിലും മുഖ്യം. മൂന്നഗ്നികളുടേതിനെക്കാളും മുന്തിയ. ഇന്നേഷ്ടാവ് – ദേവകളുടെ നേഷ്ടാവെന്ന ഋത്വിക്കായ ഈ അഗ്നി.
6. അമ്മതന്നനുജത്തി – വേദിയുടെ അനുജത്തി, ജുഹു. ഹൃഷ്ടനായ്ത്തീരും = ഹർഷിയ്ക്കും. അധ്വര്യുവിവൻ – ദേവകളുടെ അധ്വര്യു, ഈ അഗ്നി.
7. ഋത്വിക്കായോൻ – ദേവന്മാരുടെ ഋത്വിക്കായ അഗ്നി. ഇങ്ങ് – മനുഷ്യരുടെ. ആർത്ത്വിജ്യം ഏന്തുമാറാക – ഋത്വിക്കിന്റെ ചുമതല വഹിയ്ക്കട്ടെ. അതിമാത്രം = ധാരാളം.
8. വിദ്വാൻ – അങ്ങയുടെ മാഹാത്മ്യമറിയുന്ന യജമാനൻ. പൂജാർഹർ – ദേവന്മാർ. ധാരാളം ആചരിയ്ക്കട്ടെ – വളരെ പൂജനമനുഷ്ഠിയ്ക്കട്ടേ; അതിന്നനുഗ്രഹിച്ചാലും.

## സൂക്തം 6.

സോമാഹുതി ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.

ഇതാ, മദീയം ചമത,യിതാ, കൈക്കൊള്ളുകാഹുതി;
അഗ്നേ, കേൾക്കുകയുംചെയ്ക വഴിപോലീ സ്തവങ്ങളെ! (1)

അഗ്നേ, സുജാത, സേവിയ്ക്കാമിതുകൊണ്ടെങ്ങളങ്ങയെ
ഇസ്സൂക്തംകൊണ്ടുമൂർജ്ജസ്സിൻപുത്ര സാർവത്രികക്രതോ! (2)

ആ സ്തോത്രവശനായ് ദ്രവ്യമിച്ഛിപ്പോനാകുമങ്ങയെ
പൂജിയ്ക്കാം ദ്രവിണോദസ്സേ, നതിയാലെങ്ങൾ പൂജകർ! (3)

അതു കേൾ, സൂരി മഘവാൻ ധനേശൻ ധനദൻ ഭവാൻ;
ആട്ടിപ്പായിയ്ക്കയുംചെയ്കെ,ങ്ങളിൽനിന്നു രിപുക്കളെ! (4)

അവൻ നമുക്കു വാനിങ്കൽനിന്നു വർഷം, നമുക്കവൻ
നല്കട്ടെ വൻകെല്പു,മവൻ നമുക്കായിരമന്നവും! (5)

തുലോം യുവാവേ, യജ്ഞാർഹ, ഞങ്ങൾതൻ സ്തവനങ്ങളാൽ
വന്നാലും, ദൂത, ഹോതാവേ, രക്ഷയ്ക്കർച്ചിപ്പവങ്കൽ നീ! (6)

ഉള്ളിൽക്കടക്കുവോനല്ലോ, ദ്വിജന്മജ്ഞൻ ഭവാൻ കവേ,
ജനങ്ങൾക്കും സഖാക്കൾക്കും ഹിതൻ ദൂതൻകണക്കിനേ! (7)

അതിനാൽപ്പൂർത്തി തരികിങ്ങ,ഭിജ്ഞനുയിരുള്ള നീ;
യഥാക്രമം ചെയ്ക മഖ;–മിദ്ദർഭയിലിരിയ്ക്കുക! (8)

### കുറിപ്പുകൾ: സൂക്തം 6.

1. ഈ സ്തവങ്ങൾ – എന്റെ സ്തുതികൾ.
2. ഇതുകൊണ്ട് – ഈ ആഹുതികൊണ്ട്. ഇസ്സൂക്തംകൊണ്ടും സേവിയ്ക്കാം. ഊർജ്ജസ്സ്= ബലം. സാർവത്രികക്രതോ – എല്ലാടത്തും യജിയ്ക്കപ്പെടുന്നവനേ.
3. ദ്രവ്യം – ഹവിസ്സാകുന്ന ധനം.
4. അതു – ഞങ്ങളുടെ സ്തുതി. മഘവാൻ = അന്നവാൻ.
6. തുലോം യുവാവ്=യുവതമൻ. രക്ഷയ്ക്കർച്ചിപ്പവങ്കൽ – രക്ഷാർത്ഥിയായി പൂജിയ്ക്കുന്നവന്റെ (എന്റെ) അടുക്കൽ.
7. ഉള്ളിൽ – ആളുകളുടെ ഹൃദയത്തിൽ; ജനഹൃദയജ്ഞൻ. ദ്വിജന്മജ്ഞൻ – രണ്ടു കൂട്ടരെയും, യഷ്ടാക്കളെയും യഷ്ടവ്യരെയും അറിയുന്നവൻ, ദൂതൻകണക്കിനേ – ജനാഭിപ്രായമറിയാൻ രാജാവിനാൽ നിയുക്തനായ ദൂതൻ അതു മനസ്സിലാക്കുന്നതുപോലെ, ഭവാൻ ഞങ്ങളുടെ ഉള്ളറിയുന്നു.
8. പൂർത്തി – ഇഷ്ടപൂർത്തി. ഇങ്ങ് – ഞങ്ങൾക്ക്. ഉയിർ – ചൈതന്യം.

## സൂക്തം 7.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

അങ്ങഗ്നേ, കൊണ്ടുവന്നാലു,മതിതാരുണ്യ, ഭാരത,
മികച്ചതായൊളിപെറും പുരുകാമ്യധനം വസോ! (1)

സുരന്റെയും നരന്റെയും വൈരമിങ്ങു ഫലിയ്ക്കൊലാ:
സംരക്ഷിയ്ക്കണമാ വിദ്വേഷത്തിൽനിന്നെങ്ങളെബ്ഭവാൻ! (2)

മാററാരെയൊക്കയും, കൊച്ചുനീർത്തോടുകളെയാംവിധം
കടന്നു പോകുമാറാക, ഞങ്ങൾ നിൻതുണയാൽ സ്വയം! (3)

അഗ്നേ, പാവക, വന്ദിയ്ക്കപ്പെടേണ്ടും ശുചിയാം ഭവാൻ
അതിമാത്രം വിളങ്ങുന്നു, ഘൃതഹോമാന്തരങ്ങളിൽ! (4)

അഗ്നേ, പൂജിതനാകുന്നു നേർക്കെങ്ങളുടെയാം ഭവാൻ,
കാള, മച്ചി – ചിനപ്പൈക്കളിവയെക്കൊണ്ടു ഭാരത! (5)

നെയ്യിൽക്കുളിച്ച ചമതച്ചാർത്തുണ്ണുന്നോൻ, പുരാതനൻ,
വരേണ്യനായ ഹോതാവു, ബലത്തിൻ മകനദ്ഭുതൻ! (6)

### കുറിപ്പുകൾ: സൂക്തം 7.

1. അതിതാരുണ്യ = യുവതമ. ഭാരത – ഋത്വിക്പുത്ര, ഋത്വിക്കുകളാൽ ഉൽപാദിപ്പിയ്ക്കപ്പെട്ടവനേ. ഒളിപെറും – കനകാദികളാൽ തിളങ്ങുന്ന.
2. ഇങ്ങു – ഞങ്ങളാൽ. ആ വിദ്വേഷം – ദേവ – നരവൈരം.
3. സ്വയം – പരാപേക്ഷകൂടാതെ.
4. ഘൃതഹോമാന്തരങ്ങളിൽ = നെയ്യു ഹോമിയ്ക്കുന്ന സമയങ്ങളിൽ.
5. മച്ചി – ചിനപ്പൈക്കൾ = മച്ചിപ്പയ്യും ചിനയുള്ള പയ്യും. ഇവയെക്കൊണ്ട് – ഇവയെ ഹോമിച്ച്.

## സൂക്തം 8.

ഗൃത്സമദൻ ഋഷി; ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സ്; അഗ്നി ദേവത.

തുലോം പുകൾപ്പെട്ട ഫലപ്രദനാമഗ്നിതന്നുടെ
രഥാശ്വങ്ങളെ,യന്നൈഷിയെന്നപോലേ സ്തുതിയ്ക്ക നീ! (1)

അവിടുന്നു സുനേതാവു, ശുഭാരംഭൻ, ദുരാസദൻ,
ആരാധിതൻ, പ്രദാതാവിൻ വിരോധിയെ മുടിപ്പവൻ! (2)

ആ ശ്രീമാൻ യജ്ഞഗേഹത്തിൽ വന്നല്ലിലുമുഷസ്സിലും
വാഴ്ത്തപ്പെടുന്നു; വല്ലന്തി തൽക്കർമ്മത്തിന്നു വന്നിടാ! (3)

കെടാജ്ജ്വാലകളാൽപ്പാടേ വെളിച്ചം വീശുവോനവൻ
വിചിത്രനായ് വിളങ്ങുന്നു, കതിരാൽബ്ഭാനുപോലവേ! (4)

ഉക്ഥങ്ങളാ വിഴുങ്ങുന്ന താൻതാൻ വിലസുമഗ്നിയെ
വളർത്തുന്നിത; – വൻപക്കലല്ലോ, സർവവിഭൂതിയും! (5)

അഗ്നീന്ദ്രസോമപ്രഭൃതിദേവരക്ഷിതരായി നാം,
ഉപദ്രവം പെടാതേ കീഴടക്കാവൂ, രിപുക്കളെ! (6)

### കുറിപ്പുകൾ: സൂക്തം 8.

1. സ്വന്തം ഹൃദയത്തോടു പറയുന്നു: അന്നൈഷിയെന്നപോലേ – ഭക്ഷണസാധനങ്ങൾ കൊണ്ടുപോരാൻ കുതിരയെ ഇണക്കുന്നതുപോലെ.
2. പ്രദാതാവ് – ഹവിസ്സർപ്പിച്ചവൻ, യജമാനൻ. വിരോധി = ശത്രു.
3. വല്ലന്തി = ആപത്ത്, ഇടിവ്. തൽക്കർമ്മം – അഗ്നിയുടെ കർമ്മം.
5. വിഴുങ്ങുന്ന – ശത്രുക്കളെ, അല്ലെങ്കിൽ ഹവിസ്സുകളെ. സർവവിഭൂതിയും = സമസ്തസമ്പത്തും.

അഞ്ചാമധ്യായം സമാപ്തം.

# ഋഗ്വേദം: രണ്ടാം അഷ്ടകം

## ആറാം അദ്ധ്യായം

മണ്ഡലം 2     അനുവാകം 1

## സൂക്തം 9.

ഗൃത്സമദൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ് ; അഗ്നി ദേവത.

വസിയ്ക്ക, ഹോതാവിഹ ഹോതൃഗേഹേ,
വളർന്നുകത്തും ശുചിജിഹ്വനഗ്നി,
വിദ്വാൻ, സഹസ്രംഭരന,വ്യപായ-
കർമ്മോൽക്കന്തർജ്ജസ്വി, വസുപ്രവേകൻ! (1)

നീ ദൂതനായ് നില്ക്ക; കടത്തി രക്ഷി-
ച്ചെത്തിയ്ക്കുകെ,ങ്ങൾക്കു ധനം വൃഷാവേ;
തെററാതെയസ്മത്തനുപുത്രപൌത്ര-
ത്രാതാവുമാണെന്നറിക,ജ്ജ്വലാഗ്നേ! (2)

അഗ്നേ, ഭജിയ്ക്കാം, തിരുവിണ്ണിൽ നിന്നെ;-
ക്കീഴ്വാനിലും ഞങ്ങൾ തുലോം പുകഴ്ത്താം.
പൂജിയ്ക്കുവൻ, നിൻജനിദേശ:– മിങ്ങാ-
ണല്ലോ, ജ്വലിപ്പിച്ച ഭവാനു ഹോമം! (3)

യജിയ്ക്ക നീ യഷ്ടൃതമൻ ഹവിസ്സാൽ:-
ച്ചിക്കെന്നു വർണ്ണിയ്ക്കുക, ദേയമന്നം;
അഗ്നേ, ഭവാനുറ്റ ധനേശനല്ലോ;
തെളിഞ്ഞ വാക്കൊക്കെയറിഞ്ഞവൻ, നീ! (4)

ക്ഷയിച്ചിടാ ദൃക്പ്രിയ, നാളിൽ നാളിൽ-
പ്പിറന്നിടും നിന്റെ വിഭൂതി രണ്ടും;
നീ കീർത്തിമാനാക്കുക വാഴ്ത്തുവോനെ-
സ്സൽപുത്രപിത്തേശനുമാക്കുക,ഗ്നേ! (5)

ഇസ്സേനയൊത്തെങ്ങളിൽ വെയ്ക്ക, നൽദ്ധനം;
നീ കാത്തുരക്ഷിയ്ക്ക, കടത്തി ഞങ്ങളെ;
അഗ്നേ, ധനശ്രീകളൊടാളുക,വ്യഥം
പൂജ്യൻ സുയഷ്ടാവു സുരാർച്ചകൻ ഭവാൻ! (6)

### കുറിപ്പുകൾ: സൂക്തം 9.

1. ഹോതൃഗേഹേ – ഹോതാവിന്റെ ഇരിപ്പിടത്തിൽ, ഉത്തരവേദിയിൽ. വസിയ്ക്ക – സ്ഥിതിചെയ്യട്ടെ. സഹസ്രംഭരൻ = ആയിരം (വളരെ) പേരെ ഭരിയ്ക്കുന്നവൻ. അവ്യപായകർമ്മോൽക്കൻ – അപായമില്ലാത്ത കർമ്മങ്ങളിൽ മനസ്സുവെയ്ക്കുന്നവൻ: അദ്ദേഹത്തിന്റെ കർമ്മങ്ങൾക്കപായം വരില്ല. വസുപ്രവേകൻ = വാസയിതാക്കളിൽവെച്ച ശ്രേഷ്ഠൻ.
2. ദൂതൻ – ഞങ്ങളുടെ യജ്ഞത്തിൽ ദേവന്മാരെ ക്ഷണിച്ചുവരുത്തുന്നവൻ. കടത്തി – ആപത്തിന്റെ മറുകരയിലണച്ച്. അസ്മത്തനുപുത്രപൌത്രത്രാതാവ് – ഞങ്ങളുടെ ശരീരത്തെയും പുത്രപൌത്രന്മാരെയും രക്ഷിയ്ക്കുന്നവൻ. തെററാതെ – വീഴ്ചവരാതെ.
3. ഭജിയ്ക്കാം – പരിചരിയ്ക്കാം. കീഴ്വാനിലും – സ്വർഗ്ഗത്തിന്റെ താഴേ അന്തരിക്ഷത്തിലും. ജനിദേശം = ഉൽപത്തിസ്ഥാനം. ഇങ്ങ് – ഉൽപത്തിസ്ഥാനത്ത്.

4. ദേയമന്നം വർണ്ണിയ്ക്കുക – ദേവന്മാർക്കു കൊടുക്കേണ്ടതായ അന്നത്തെ, 'ഇതു സ്വാദുതരം, ഇതു സ്വാദുതരം' എന്നിങ്ങനെ അവരോടു വർണ്ണിച്ചുപറയുക. തെളിഞ്ഞ വാക്ക്–ഞങ്ങളുടെ പരിശുദ്ധസ്തുതി.

5. ദൃക്പ്രിയ – കണ്ണിന്നിഷ്ടപ്പെട്ടവനേ, ദർശനീയ. നാളിൽ നാളിൽ പ്പിറന്നിടും – പ്രതിദിനം അഗ്നിഹോത്രസമയത്തു ജനിയ്ക്കുന്ന. വിഭൂതി രണ്ടും. ദിവ്യസമ്പത്തും, ഭൌമസമ്പത്തും. വാഴ്ത്തുവോൻ = സ്തോതാവ്. സൽപുത്രവിത്തേശൻ – നല്ല മക്കളുടെയും ധനത്തിന്റെയും അധിപതി.

6. ഇസ്സേന – ജ്വാലാസമൂഹം. ധനശ്രീകൾ = ധനവും കാന്തിയും. അവ്യഥം – സുഖേന. സുരാർച്ചകൻ – ദേവന്മാരെ ഹവിസ്സർപ്പിച്ചു പൂജിയ്ക്കുന്നവൻ.

## സൂക്തം 10.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

വേദിസ്ഥലേ മർത്ത്യർ വളർത്തുമാദ്യൻ,
ഹ്വാതവ്യനാമഗ്നിയൊരച്ഛനത്രേ:
നിഷേവ്യന,ന്നം തരുമബ്ബലിഷ്ഠൻ
തേജസ്സുടപ്പോനമൃതൻ വിബുദ്ധൻ! (1)

വിശ്വസ്തവം മേ വിളി കേൾക്കക,ഗ്നി
വിചിത്രതേജസ്സമൃതൻ വിബുദ്ധൻ:
കൃഷ്ണാരുണശ്വേതഹയങ്ങളത്രേ,
ത്വത്തേർ വഹിപ്പൂ; പെരുമാറുമെങ്ങും! (2)

മലർന്ന പെണ്ണിൽജ്ജനിതൻ ക്രിയാർത്ഥ;-
മീയഗ്നി നാനൌഷധിഗർഭമാകും;
രാവിങ്കലും ചെറ്റിരുളേറ്റിടാതെ
തേജസ്വിയായ് വാണരുൾവൂ പ്രബുദ്ധൻ! (3)

ആളിപ്പു ഞാനഗ്നിയെ നൈഹവിസ്സാൽ,-
പ്പാരിങ്കലെല്ലാം മരുവും മഹാനെ,
വളർന്നു നീളെ ദ്യുതി വീശുവോനെ,-
ബഹ്വന്നനെ,ദൃശ്യനെ, വേഗവാനെ! (4)

കൈക്കൊള്ളുകെ,ങ്ങും നടകൊള്ളുമഗ്നി
നിർബാധമായ് വാഴ്ത്തിടുമെന്റെ ഹവ്യം:
യഥേഷ്ടവർണ്ണൻ, മനുജർക്കു സേവ്യൻ,
സ്പർശിച്ചുകൂടാത്തവനാ, മഹസ്വി! (5)

നിൻപ്രേരണത്താൽ, മനുപോലെ ഞങ്ങൾ
ചൊല്ലും സ്തവം കേൾക്ക, പരന്തപൻ നീ:
അന്യൂനനാമഗ്നിയെ ഞാൻ ധനാർത്ഥം,
തേൻ തൂകുവോനെജ്ജുഹ്വാൽ വിളിപ്പൻ! (6)

### കുറിപ്പുകൾ: സൂക്തം 10.

1. വളർത്തും – ജ്വലിപ്പിക്കുന്ന. ഹ്വാതവ്യൻ = വിളിക്കപ്പെടേണ്ടുന്നവൻ. അച്ഛൻ അച്ഛനെന്നപോലെ രക്ഷിക്കുന്നവൻ. നിഷേവ്യൻ – പരിചരണീയനാകുന്നു.
2. വിശ്വസ്തവം മേ വിളി – എന്റെ സർവസ്തോത്രസഹിതമായ ആഹ്വാനം. കൃഷ്ണാരുണശ്വേതഹയങ്ങൾ = കറുത്തവയോ ചെമന്നവയോ വെളുത്തവയോ ആയ അശ്വങ്ങൾ. ത്വത്തേർ – അവിടുത്തെ രഥം. പെരുമാറുമെങ്ങും – അവിടുന്ന് എല്ലാടത്തും വിഹരിക്കുന്നു.
3. മലർന്ന പെണ്ണിൽ – അരണിയിൽ. ക്രിയാർത്ഥം ജനിതൻ – അഗ്നിഹോത്രത്തിന്നായി ഉൽപാദിപ്പിക്കപ്പെട്ടവൻ. നാനൌഷധിഗർഭമാകും – വിവിധസസ്യങ്ങളുടെ അന്തർഭാഗത്തു വർത്തിക്കും.
4. ദ്യുതി = ശോഭ. ദൃശ്യൻ = ദർശനീയൻ.

5. എങ്ങും – യജ്ഞസ്ഥലങ്ങളിലൊക്കെ. യഥേഷ്ടവർണ്ണൻ – യജമാനന്റെ ഇച്ഛയ്ക്കൊത്ത നിറം വഹിയ്ക്കുന്നവൻ. സ്പർശിച്ചുകൂടാത്തവൻ – തൊട്ടാൽ പൊള്ളുമല്ലോ. മഹസ്വി = തേജസ്സു തഴച്ചവൻ.

6. പരന്തപൻ = ശത്രുക്കളെ തപിപ്പിയ്ക്കുന്നവൻ. അന്യൂനൻ = പൂർണ്ണൻ. തേൻ – മധുരമായ കർമ്മഫലം. ത്രുകുവോനെ – യജമാനങ്കൽ പൊഴിയ്ക്കുന്നവനെ.

## സൂക്തം 11.

ഗൃത്സമദൻ ഋഷി; വിരാട്സ്ഥാനയും ത്രിഷ്ടുപ്പും ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (മാകന്ദമഞ്ജരി)

കേൾക്കിന്ദ്ര, മൽസ്തുതി, തള്ളൊല്ലേ; ഞങ്ങളി-
ലാക്കിയാൽക്കൊള്ളാം, നിന്നർത്ഥദാനം:
വായ്പിയ്ക്കുമല്ലോ, ഭവാനെദ്ധനൈഷിയും
നൈപ്പുഴയ്ക്കൊത്തതുമാമീയന്നം! (1)

ശൂര, നീ വായ്പിയ്ക്ക വൃത്രൻ തടുത്ത വൻ-
നീരിന്ദ്ര, ധാരാളം വർഷിച്ചു നീ:
സ്തുത്യാ വളർന്ന പിളർത്തിനാനല്ലോ നീ,
മൃത്യുവില്ലെന്നോർത്ത വിധ്വംസിയെ! (2)

ഉക്ഥവും രുദ്രിയസ്തോമവുമിന്ദ്ര, നീ
വിദ്രുതമിച്ഛിപ്പോനല്ലോ, ശൂര:
ഇങ്ങോട്ടെഴുന്നള്ളും നിൻനേർക്കേ പായുന്നി-
ത,ങ്ങയ്ക്കൻപേകുമീ സ്വച്ഛോക്തികൾ! (3)

വെക്കാം, വിളങ്ങും നിൻകെല്പു വളർത്തേങ്ങൾ
തൃക്കയ്യിൽ വെയ്ക്കാം, വിളങ്ങും വജ്രം:
ഇന്ദ്ര, വളർന്ന വിളങ്ങി നീയസ്തുത്താൽ
വെന്നരുൾകെ,ങ്ങൾതൻ ധ്വംസകരെ! (4)

കാണപ്പെടാതൊളിച്ചേതോ മടയ്ക്കുള്ളിൽ
വാണാ,കാശത്തെയും വെള്ളത്തെയും
മായയാൽ സ്തംഭിപ്പിച്ചീടിന വൃത്രനെ
നീയല്ലോ, വീര്യത്താൽക്കൊന്നു ശൂര! (5)

വാഴ്ത്താം, ജവേന നിൻപൂർവവൻകർമ്മങ്ങൾ;
വാഴ്ത്താം, നവങ്ങളുമിന്ദ്ര, ഞങ്ങൾ;
വാഴ്ത്താമേ, സൂര്യനാം നിന്റെ ഹരികളെ;
വാഴ്ത്താം, തൃക്കയ്യിൽ വിളങ്ങും വജ്രം! (6)

നിന്റെ ഹരിദ്വയം പാഞ്ഞെത്തിച്ചിക്കെന്നു
നീർ പെയ്യുമാറിടിയൊച്ച കൂട്ടീ:
പാരൊട്ടുക്കിന്ദ്ര, കിടന്നുപുളച്ചിതു;
കാറുമുലാത്തി രമിയ്ക്കയായി! (7)

ശ്രദ്ധ വിടാതേ വർത്തിച്ച കാറ,മ്മമാ-
രൊത്തൊച്ചയിട്ടു നടന്നിതെങ്ങും;
ദൂരേ വളർത്തിപ്പരത്തിനാരി,ന്ദ്രനാൽ
പ്രേരിതയാകിയ ഭാരതിയെ! (8)

ആയതമായ വെള്ളത്തിൽക്കിടന്നോരു
മായിയാം വൃത്രനെക്കൊന്നാനിന്ദ്രൻ;

ഭ്രുവംബരങ്ങൾ പേടിച്ചു വിറച്ചുപോ-
യി, വർഷകന്റെ വജ്രാരവത്താൽ! (9)

ആ മർത്ത്യാതീതനെക്കൊല്ലേ വൃഷാവാമി-
ദ്ധീമാന്റെ വജ്രമിരമ്പീ പാരം;
മായ്ച്ചുകളഞ്ഞാനേ, സോമം നുകർന്നിട്ടു
മായാവിദാനവമായകളെ! (10)

‘ഇന്ദ്ര,കുടിയ്ക്ക, കിസ്സോമം നീ:
നന്ദി വളർക്ക, തേ മത്തേകം നീർ;
ശൂര, വീർക്കട്ടേ, നിൻകക്ഷി, യെന്നായ്പ്പിഴി-
ഞ്ഞോരു നീരിന്ദ്രനെത്തർപ്പിയ്ക്കട്ടേ! (11)

നിന്നിൽ വാഴട്ടെയോ മേധാഢ്യരാമെങ്ങൾ?
നിന്നെത്തൊട്ടിച്ഛയാ ചെയ്യാം, കർമ്മം;
ഇങ്ങിന്ദ്ര, രക്ഷയ്ക്കായ് വാഴ്ത്തിടാ;-മിപ്പൊഴേ
ഞങ്ങളിലാക, നിന്നർത്ഥദാനം! (12)

ദേവ, നിൻകൂട്ടരാകാവൂ, നിൻനേതൃത്വാൽ
സ്വാവനമോർത്തന്നം കൂട്ടുമെങ്ങൾ:
തന്നരുൾകെ, ങ്ങൾതന്നിച്ഛയ്ക്കൊത്തിന്ദ്ര, നൽ-
ത്രാണിയും വീരരും ചേർന്ന ധനം! (13)

നല്കി, ല്ലമെങ്ങൾക്കു; നല്ക, നീ മിത്രത്തെ;
നല്കെ,ങ്ങൾക്കിന്ദ്ര, മരുൽബലവും;
ഒപ്പമൻപാർന്നു വന്നിമ്പംപിടിച്ചിവർ
മുല്പാടു സേവിപ്പോരല്ലോ, സോമം! (14)

നിന്നെ മത്താടിപ്പോർ മോന്തട്ടേ സോമം; നീ
തന്നുറപ്പിന്നായ്ക്കുടിയ്ക്കുകിന്ദ്ര;
വായ്പിയ്ക്ക, വമ്പരാം പൂജ്യരൊത്തെങ്ങളെ-
ക്കോപ്പിനാൽത്താരക, വിണ്ണിനെയും! (15)

ഉക്ഥത്താൽസ്സൗഖ്യദ, നിന്നെബ്ഭജിപ്പവ-
രുൽക്കർഷം താരക, നേടും വെക്കം;
ദർഭ വിരിപ്പോർക്കുമിന്ദ്ര, ലഭിയ്ക്കുമേ,
ത്വൽപരിരക്ഷയാൽ വീടും ചോറും! (16)

സാഹ്ലാദം ശൂര, കുടിയ്ക്കുകി, സ്സോമം നീ
സാഘോഷാഭിപ്ലവികാഹങ്ങളിൽ;
മീശ കടഞ്ഞഥ പോയ്ക്കൊൾക, സാശ്വനായ്-
ത്തോഷമാർന്നിന്ദ്ര, നീ നീർ കുടിപ്പാൻ! (17)

എട്ടുകാലിയ്ക്കൊത്ത ദാനവവൃത്രനെ-
യിട്ടു പിളർത്ത കെല്പേന്തുകിന്ദ്ര!
ധന്യർക്കായ്ശ്ശൂര, തുറന്നു വെളിച്ചം നീ;
നിന്നിടത്തായ് വീണാന,ദ്ധ്വംസകൻ! (18)

വൃദ്ധിയാർജ്ജിയ്ക്കാവൂ, ഞങ്ങൾ നിൻപാലനാൽ-
ശ്ശത്രുദസ്യുക്കളെയെല്ലാം പോക്കി:
ചേർത്തരുൾകെ,ങ്ങളിൽ ത്വാഷ്ട്രനെക്കൊന്ന കെ-
ല്പാ, ത്രിതന്നർപ്പിച്ച മൈത്രിയെയും! (19)

മത്തേകം നീർ പിഴിഞ്ഞാ ത്രിതന്നായ് മതി-
ന്നസ്തമിപ്പിച്ചാന,ങ്ങർബുദനെ;
കൊന്നാൻ ചുഴററിയ ഭാസ്കരചക്രംകൊ-
ണ്ടിന്ദ്രൻ വലനെയും സാംഗിരസ്സായ്! (20)

വാഴ്ത്തുവോർക്കുത്തമാർത്ഥത്തെച്ചുരത്തുമേ,
രാധ്യനാമിന്ദ്ര, നിൻദാനലക്ഷ്മി;
നല്ക,തീ സ്തോതാക്കൾക്കെ;–ങ്ങളെത്തള്ളൊല്ലേ;
യാഗേ പുകഴ്ത്താം, സുവീരരെങ്ങൾ: (21)

## കുറിപ്പുകൾ: സൂക്തം 11.

1. നിന്റെ അർത്ഥദാനം ഞങ്ങളിലാക്കിയാൽക്കൊള്ളാം – നിന്റെ ധനദാനത്തിനു ഞങ്ങളെ പാത്രമാക്കിയാലും. ധനൈഷി – യജമാനനു ധനലാഭത്തെ ഇച്ഛിയ്ക്കുന്നത്. അന്നം – ഹവിസ്സുകൾ.
2. വൻനീർ = മഹത്തായ ജലം. സ്തുത്യാ = സ്തുതിയാൽ. മൃത്യുവില്ലെന്നോർത്ത – തനിയ്ക്കു മരണമില്ലെന്നഭിമാനിച്ച. വിധ്വംസി – വിശ്വം മുടിയ്ക്കുന്ന വൃത്രൻ.
3. രുദ്രിയസ്തോമം = സുഖകരമായ സ്തോമം. അൻപ് – ഹർഷം. ഈ സ്വച്ഛോക്തികൾ – ഉക്ഥവും സ്തോമവും; രണ്ടുതരം സ്തോത്രങ്ങൾ.
4. അസ്ത്രം = ആയുധം. വെന്നരുൾക – കല്പിച്ചു ജയിച്ചാലും. ധ്വംസകർ – നാശകർ; അസുരാദികൾ.
6. പൂർവവൻകർമ്മങ്ങൾ = പണ്ടത്തെ മഹാകർമ്മങ്ങൾ. നവങ്ങൾ – ഇപ്പോഴത്തെ കർമ്മങ്ങൾ. സൂര്യൻ – സൂര്യരൂപൻ. ഹരികൾ – ഹരികൾ എന്ന രണ്ടശ്വങ്ങൾ.
7. കിടന്നുപുളച്ചിതു – മഴ പെയ്യുമെന്ന ആഹ്ലാദത്താൽ. ഉലാത്തി – വർഷണത്തിന്ന് എങ്ങും സഞ്ചരിച്ച്.
8. അമ്മമാർ – ജലങ്ങൾ. ഭാരതിയെ – അന്തരിക്ഷവാണിയെ, ശബ്ദത്തെ. പരത്തിനാർ എന്നതിന്റെ കർത്തൃപദമായി മരുത്തുക്കളെ അധ്യാഹരിയ്ക്കണം: ശബ്ദത്തെ മരുത്തുക്കൾ വ്യാപിപ്പിച്ചു.
9. ആയതം – വിശാലം. വർഷകൻ = വൃഷാവ്, ഇന്ദ്രൻ.
10. മർത്ത്യാതീതൻ – താനൊരു മർത്ത്യനല്ല എന്നഭിമാനിച്ചവൻ. ഉത്തരാർദ്ധത്തിൽ ധീമാൻ കർത്തൃപദം. മായാവിദാനവമായകൾ = മായാവിയായ ദാനവന്റെ (വൃത്രന്റെ) മായകൾ.
11. നന്ദി വളർക്ക തേ – അങ്ങയ്ക്ക് ആഹ്ലാദം വളർത്തട്ടെ. എന്നായ് – എന്നിങ്ങനെ പ്രാർത്ഥിച്ചുകൊണ്ട്. തർപ്പിക്കുക = സന്തൃപ്തനാക്കുക.
12. നിന്നെത്തൊട്ട് – അങ്ങയെ പരിചരിച്ച്. ഇച്ഛയാ – ഫലാഭിലാഷത്തോടേ. ഇപ്പോഴെ – ഉടനെ.

13. നിൻനേതൃത്വാൽ സ്വാവനമാർത്ത്=അങ്ങയുടെ നേതൃത്വത്തിൽ നിന്നു സ്വരക്ഷ കിട്ടണമെന്നിച്ഛിച്ച്. അന്നം കൂട്ടും – ഹവിസ്സു ധാരാളം സംഭരിയ്ക്കുന്ന.

14. ഇല്ലം = ഗൃഹം. മരുൽബലം = മരുത്തുക്കളുടെ ബലം. മരുത്തുക്കൾക്കത്രേ. ആദ്യം സോമം.

15. നിന്നെ മത്താടിപ്പോർ – അങ്ങയെ ഇമ്പപ്പെടുത്തുന്ന മരുത്തുക്കൾ. ഉറപ്പ് – മനോദാർഢ്യം. അഥവാ ദേഹബലം. പൂജ്യരൊത്ത് – മരുത്തുക്കളോടു കൂടി. കോപ്പ് – പശുപുത്രാദിസമ്പത്ത്. താരക – പാപങ്ങളെ കടത്തിവിടുന്നവനേ. വിണ്ണിനെയും – ഞങ്ങളെ അഭിവൃദ്ധിപ്പെടുത്തി, അതുകൊണ്ടുതന്നെ സ്വർഗ്ഗത്തെയും അഭിവൃദ്ധിപ്പെടുത്തിയാലും; ഞങ്ങളുടെ യാഗമാണല്ലോ. സ്വർഗ്ഗത്തിന്റെ സമ്പത്ത്.

17. സാഘോഷാഭിപ്ലവികാഹങ്ങൾ – സ്തോത്രഘോഷത്തോടുകൂടിയ 'ത്രികദ്രുക'കർമ്മദിവസങ്ങൾ. അഥ = അനന്തരം. മീശ കടഞ്ഞ് – മീശമേൽ പറ്റിയ സോമരസം കടഞ്ഞുകളഞ്ഞ്. സാശ്വനായ് – ഹരികളോടുകൂടി. നീർകുടിപ്പാൻ – മറ്റു യാഗങ്ങളിൽ

18. ധന്യർ – കർമ്മാനുഷ്ഠാതാക്കൾ. വെളിച്ചം തുറന്നു – സൂര്യന്റെ മൂടൽ നീക്കി. ഇടത്തായ് = ഇടത്തുവശത്ത്.

19. ത്വാഷ്ട്രൻ – ത്വഷ്ടാവിന്റെ മകനായ വിശ്വരൂപൻ. ത്രിതൻ – ത്രി തന്നെന്ന മഹർഷി.

20. അങ്ങയ്ക്കു തരാൻ, മത്തുണ്ടാക്കുന്ന സോമനീർ പിഴിഞ്ഞ ആ ത്രിതനുവേണ്ടി മുതിർന്ന് (സോമപാനത്താൽ വളർന്ന്) അങ്ങ് അർബ്ബുദനെന്ന അസുരനെ അസ്തമിപ്പിച്ചു (നശിപ്പിച്ചു). ഭാസ്കരചക്രംകൊണ്ട് – സൂര്യന്റെ രഥചക്രങ്ങളിലൊന്നെടുത്ത്, അതുകൊണ്ട്. സാംഗിരസ്സായ് = അംഗിരസ്സുകളോടുകൂടി. പണികൾ എന്ന അസുരന്മാരുടെ തലവനത്രേ, വലൻ. ഉത്തരാർദ്ധം പരോക്ഷം.

21. ഉത്തമാർത്ഥത്തെച്ചുരത്തുമേ – തീർച്ചയായും ശ്രേഷ്ഠധനത്തെ നല്കും. രാധ്യൻ = ആരാധ്യൻ. അത് ഉത്തമാർത്ഥം. ഈ സ്തോതാക്കൾക്ക് – ഞങ്ങൾക്ക്. സുവീരർ = നല്ല വീരന്മാരോടുകൂടി.

## സൂക്തം 12.

ഗൃത്സമദൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ആർ ജനിച്ചപ്പോൾത്തന്നേ പ്രധാനനും അതിമനസ്വിയും ദേവനുമായിട്ടു, കർമ്മംകൊണ്ടു ദേവന്മാർക്കു മേലാളായിച്ചമഞ്ഞുവോ; ആരുടെ ബലത്താൽ വാനൂഴികൾ പേടിച്ചുപോയോ; ആളുകളേ, ഒരു വമ്പിച്ച സൈന്യവുമുള്ള അദ്ദേഹമാണ്, ഇന്ദ്രൻ! (1)

ആർ ഭൂമിയുടെ ഇളക്കം മാറ്റിയോ; ആർ ചീറിപ്പറന്നിരുന്ന പർവതങ്ങളെ അടക്കിനിർത്തിയോ; ആർ അന്തരിക്ഷത്തിന്നു വീതി കൂട്ടിയോ; ആർ വാനിനെ ഉറപ്പിച്ചുവോ; ആളുകളേ, അദ്ദേഹമാണ്, ഇന്ദ്രൻ! (2)

ആർ മേഘത്തെ പിളർത്തു, സപ്തനദികളെ പ്രവഹിപ്പിച്ചുവോ; വലൻ തടഞ്ഞുനിർത്തിയ ഗോക്കളെ ആർ വിടുവിച്ചുവോ; ആർ ഇരുമേഘങ്ങളുടെഇടയിൽ അഗ്നിയെ ഉൽപാദിപ്പിച്ചുവോ ആളുകളേ, യുദ്ധങ്ങളിൽ വധിയ്ക്കുന്ന അദ്ദേഹമാണ്, ഇന്ദ്രൻ! (3)

ആർ ഈ ഭുവനങ്ങളെ വീഴാതാക്കിയോ; ആർ താന്ന മുടിയന്മാരെ കുഴിയിൽ മൂടിയോ; ലക്ഷ്യത്തെ വെല്ലുന്നവനായ ആർ ശത്രുവിന്റെ സമൃദ്ധിയെ, ഒരു വേടനെന്നപോലെ കൈക്കലാക്കുമോ; ആളുകളേ, അദ്ദേഹമാണ്, ഇന്ദ്രൻ! (4)

ആ ഘോരനെ ആളുകൾ ചോദിയ്ക്കും, ‘അയാളെവിടെ?’ എന്ന് അല്ലെങ്കിൽ അദ്ദേഹത്തെപ്പറ്റി പറയും, ‘അയാളില്ലെ’ന്ന്. എന്നാൽ, അദ്ദേഹം പേടിപ്പിച്ചുതന്നേ മുടിയ്ക്കും, ശത്രുവിന്റെ മുതൽ. ആളുകളേ, അദ്ദേഹത്തെ വിശ്വസിപ്പിൻ: അദ്ദേഹമാണ്, ഇന്ദ്രൻ! (5)

ആർ സമ്പന്നനും, ആർ ദരിദ്രനും. ആർ യാചിച്ചു സ്തുതിക്കുന്ന ബ്രഹ്മജ്ഞനും ധനം അയച്ചുകൊടുക്കുന്നുവോ; അഴകൊത്ത ശിരസ്സുള്ള ആർ സോമം അമ്മിക്കുഴകൊണ്ടു ചതച്ചു പിഴിഞ്ഞവനെ രക്ഷിച്ചരുളുമോ; ആളുകളേ, അദ്ദേഹമാണ്, ഇന്ദ്രൻ! (6)

അശ്വങ്ങൾ ആരുടെ, ഗോക്കൾ ആരുടെ, ഗ്രാമങ്ങൾ ആരുടെ, എല്ലാ രഥങ്ങളും ആരുടെ ചൊല്ക്കീഴിൽ നില്ക്കുന്നുവോ; സൂര്യനെ ആർ, ഉഷസ്സിനെ ആർ ജനിപ്പിച്ചുവോ; വെള്ളം ആർ വർഷിച്ചുവോ; ആളുകളേ, അദ്ദേഹമാണ്, ഇന്ദ്രൻ! (7)

ചേർന്നുനില്ക്കുന്ന വാനൂഴികളും, ഉത്തമർ അധമർ എന്ന രണ്ടു തരം ശത്രുക്കളും ആരെ ആഹ്വാനംചെയ്യുന്നുവോ; ഒരേ തേരിലിരിയ്ക്കുന്ന ഇരുവർ ആരെ നാനാപ്രകാരേണ വിളിയ്ക്കുന്നുവോ; ആളുകളേ, അദ്ദേഹമാണ്, ഇന്ദ്രൻ! (8)

ആളുകൾ ആരെക്കൂടാതെ ജയം നേടില്ലയോ; പൊരുതുന്നവർ രക്ഷയ്ക്ക് ആരെ വിളിയ്ക്കുന്നുവോ; സർവലോകത്തിന്നും പ്രതിനിധി ആരോ; ആർ വീഴാത്തവയേയും വീഴിയ്ക്കുമോ; ആളുകളേ, അദ്ദേഹമാണ്, ഇന്ദ്രൻ! (9)

തന്നെത്താനറിയാത്ത വളരെ മഹാപാപികളെ ആർ വജ്രംകൊണ്ടു വധിച്ചുവോ; ആർ ഉങ്കുകാരന്ന് ഉത്തമകർമ്മം കൊടുക്കില്ലയോ; ആർ മുടിയനെ മുടിയ്ക്കുമോ; ആളുകളേ, അദ്ദേഹമാണ്, ഇന്ദ്രൻ! (10)

ആർ മലകളിലൊളിച്ച ശംബരനെ നാല്പതാംസംവത്സരത്തിൽ കണ്ടുപിടിച്ചുവോ; കെല്പേട്ടുത്തു പൊരുതിയ ആ ദാനവനെ ആർ കൊന്നുവീഴ്ത്തിയോ; ആളുകളേ, അദ്ദേഹമാണ്, ഇന്ദ്രൻ! (11)

സപ്തരശ്മിയും വർഷിതാവും ബലവാനുമായ ആർ സപ്തനദികളെ ഒഴുകിച്ചുവോ; സ്വർഗ്ഗത്തിലെയ്ക്കു കേറുന്ന രൌഹിണനെ ആർ വജ്രമെടുത്തു വധിച്ചുവോ; ആളുകളേ, അദ്ദേഹമാണ്, ഇന്ദ്രൻ! (12)

വാനൂഴികൾ ആരെ വണങ്ങുന്നുവോ; പർവതങ്ങൾ ആരുടെ ബലത്തെ പേടിയ്ക്കുന്നുവോ സോമപനും, ദൃഢഗാത്രനും, വജ്രതുല്യബാഹുവും വജ്രപാണിയും ആരോ; ആളുകളേ, അദ്ദേഹമാണ്, ഇന്ദ്രൻ! (13)

ആർ സോമം പിഴിയുന്നവനെ, ആർ പചിയ്ക്കുന്നവനെ, ആർ രക്ഷയ്ക്കു ‘ശസ്ത്ര’ങ്ങൾ ചൊല്ലുന്നവനെ, ആർ സ്തുതിയ്ക്കുന്നവനെ രക്ഷിയ്ക്കുമോ; ആരെ ഉൽകൃഷ്ടസ്തോത്രം, ആരെ സോമം, ആരെ ഈ അന്നം വർദ്ധിപ്പിയ്ക്കുമോ; ആളുകളേ, അദ്ദേഹമാണ്, ഇന്ദ്രൻ! (14)

പിഴിയുന്നവന്ന്, പചിയ്ക്കുന്നവന്ന് അന്നമെത്തിച്ചുകൊടുക്കുന്ന ഭവാൻ ദുർജ്ഞേയനെങ്കിലും സത്യൻതന്നെ. ഇന്ദ്ര, ഞങ്ങൾ അങ്ങയ്ക്കു പ്രിയപ്പെട്ടവരും ശോഭനവീരാന്വിതരുമായിട്ടു, നാൾതോറും സ്തോത്രം ചൊല്ലുമാറാകണം! (15)

## കുറിപ്പുകൾ: സൂക്തം 12.

1. ഗൃത്സമദന്റെ യജ്ഞത്തിൽ ചെന്ന ഇന്ദ്രൻ ഏകാകിയാണെന്നറിഞ്ഞിട്ട്, അദ്ദേഹത്തെ അസുരന്മാർ വളഞ്ഞു. അപ്പോൾ ഇന്ദ്രൻ ഗൃത്സമദന്റെ വേഷത്തിൽ യാഗശാലയിൽനിന്നു പുറത്തെയ്ക്കിറങ്ങി, സ്വർഗ്ഗത്തിലെയ്ക്കു പോയി. അസുരന്മാരാകട്ടേ, ‘ഇന്ദ്രൻ വരാൻ വൈകിയ്ക്കയാണെ’ന്നു കരുതി അകത്തു കടന്നു. അവിടെ ഗൃത്സമദൻമാത്രമേ ഉണ്ടായിരുന്നുള്ളു. അതിനാൽ, ‘ഗൃത്സമദൻ പോയല്ലോ; ഇയ്യാൾ നമ്മെപ്പേടിച്ചു ഗൃത്സമദരൂപം ധരിച്ചിരിയ്ക്കുന്ന ഇന്ദ്രനാണെ’ന്നു നിശ്ചയിച്ച്, അസുരന്മാർ അദ്ദേഹത്തെ കടന്നുപിടിച്ചു. അപ്പോൾ അദ്ദേഹം, ‘ഞാനല്ല ഇന്ദ്രൻ’ എന്ന് അവരോടു പറയുന്നു: (ഈ ഇതിഹാസം വേറേ രണ്ടുമൂന്നുവിധത്തിലുമുണ്ട്; മഹാഭാരതത്തിലേതാണ് ഇവിടെ കാണിച്ചത്.) അദ്ദേഹമാണ്, ഇന്ദ്രൻ – തുച്ഛനായ ഞാനല്ല.
3. അഗ്നി – വൈദ്യുതാഗ്നി.
4. വീഴാതാക്കുക – ഉറപ്പിൽ നിർത്തുക. താന്ന മുടിയന്മാർ – നികൃഷ്ടരായ വിധ്വംസകന്മാർ, അസുരന്മാർ. കുഴിയിൽ മൂടുക – കൊല്ലുക, അഥവാ നരകത്തിൽ വീഴ്ത്തുക. ലക്ഷ്യത്തെ വെല്ലുന്നവൻ – എതിരാളികളെ ജയിയ്ക്കുന്നവൻ. ഒരു വേടനെന്നപോലെ – വേടൻ ഉദ്ദേശിച്ച മൃഗത്തെ പിടിയ്ക്കുന്നതുപോലെ.
5. ഘോരൻ – ശത്രുഘാതകനായ ഇന്ദ്രൻ.
6. പിഴിഞ്ഞവനെ – യജമാനനെ.
7. ജനിപ്പിയ്ക്കുക – മൂടൽ നീക്കി വെളിപ്പെടുത്തുക.
8. രണ്ടുതരം ശത്രുക്കളും – സ്വസ്വവിജയത്തിന്നായി.
9. വീഴാത്തവ – പർവതാദികൾ.
10. ഉങ്കുകാരൻ – അഹങ്കാരി.
12. സപ്തരശ്മി – വരാഹ, സ്വതപസ്സ്, വിദ്യുന്മഹസ്സ്, ധൂപി, ശ്വാപി, ഗൃഹമേധം, അശിമിവിദ്വിട്ട് എന്നീ ഏഴു പർജ്ജന്യ(വർഷക)രശ്മികളോടുകൂടിയവൻ. രൌഹിണൻ – ഒരസുരൻ.
14. ഈ അന്നം – ഞങ്ങളുടെ പുരോഡാശവും മറ്റും.
15. ഇന്ദ്രനോടു നേരിട്ടു പറയുന്നു: സത്യൻ – എളുപ്പത്തിൽ അറിയപ്പെടാവുന്നവനല്ലെങ്കിലും യഥാർത്ഥഭൂതൻ.

## സൂക്തം 13.

ഗൃത്സമദൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഋതു പെറ്റ സോമലത ചിക്കെന്ന് അമ്മയുടെ അടുക്കൽനിന്നു, വളർച്ച വരുത്തുന്ന വെള്ളത്തിൽ മുഴുകി; അതിനാൽ ചതയ്ക്കാവുന്നതായിത്തീർന്ന അതിൽനിന്ന് ഒരു കുഴമ്പു ധാരാളം പുറപ്പെട്ടു. ആ അമൃതു മികച്ചതും സ്തുത്യവുംതന്നെ! (1)

ഒത്തൊരുമിച്ചു ജലം വഹിയ്ക്കുന്ന ഈ നദികൾ അംഭോനിധിയ്ക്ക് ആഹാരം കൊണ്ടുപോകയാണ്: വഴി ഒന്നേ ഉള്ളുവല്ലോ, കിഴ്ക്കോട്ടൊഴുകാൻ. ഇവ മുമ്പേ ചെയ്തുവെച്ച ഭവാൻ സ്തുത്യൻതന്നെ! (2)

ഒരാൾ നല്കപ്പെടുന്നത് എടുത്തുപറയുന്നു; ഒരാൾ പ്രാണികളെ വിശസിച്ച്, അതേ കർമ്മവുമായി നടക്കുന്നു; ഒരാളുടെ പിഴയെല്ലാം പൊറുക്കപ്പെടുന്നു. ഇവ മുമ്പേ ചെയ്തുവെച്ച ഭവാൻ സ്തുത്യൻ തന്നെ! (3)

വേണ്ടുവോളം പൊറുപ്പുമുതൽ, അതിഥിയ്ക്കെന്നപോലെ, ഗൃഹസ്ഥർ ധനം മക്കൾക്കു പങ്കിട്ടുകൊടുക്കുന്നു; അച്ഛൻ നല്കിയ ഭോജനം വെറുതെയിരിയ്ക്കുന്നവൻ കടിച്ചുചവച്ചു ഭക്ഷിയ്ക്കുന്നു. ഇവ മുമ്പേ ചെയ്തുവെച്ച ഭവാൻ സ്തുത്യൻതന്നെ! (4)

വൃത്രഹന്താവേ, ഭവാൻ ഭൂമിയെ സൂര്യന്നു കാണാവുന്നതാക്കി നിർത്തി; നദികളുടെ വഴികൾ നന്നാക്കി. അതിനാൽ, ദേവനായ ഭവാനെ സ്തോതാക്കൾ, കുതിരയെ വെള്ളംകൊണ്ടെന്നപോലെ, സ്തോത്രംകൊണ്ടു വർദ്ധിപ്പിച്ചു. ആ ഭവാൻ സ്തുത്യൻതന്നെ! (5)

ഭവാൻ ഭക്ഷണവും ജലവും നൽകുന്നു; നനഞ്ഞതിൽനിന്ന് ഉണങ്ങിയ മധുരവസ്തു കറന്നെടുക്കുന്നു; പരിചരിയ്ക്കുന്നവങ്കൽ ധനം ഈട്ടുവെയ്ക്കുന്നു; ലോകത്തിനൊക്കെ ഭവാനൊരാളാണ്, ഈശൻ. ആ ഭവാൻ സ്തുത്യൻതന്നെ! (6)

ഭവാനാണല്ലോ, പൂക്കുന്നവയും കായ്ക്കുന്നവയുമായ ഓഷധികളെ ധർമ്മംകൊണ്ടു വയലിൽ നിർത്തിയത്; മഹാനായ ഭവാനാണല്ലോ, എങ്ങും മഹത്തുക്കളെയും, ഒളിമിന്നുന്ന വിവിധനക്ഷത്രങ്ങളെയും സൃഷ്ടിച്ചതു്; ആ ഭവാൻ സ്തുത്യൻതന്നെ! (7)

ബഹുകർമ്മാവേ, ഭവാനാണല്ലോ, അന്നത്തിന്നും ദസ്യുവിനാശത്തിന്നുംവേണ്ടി, നൃമരപുത്രനായ സഹവസുവിനെ ഹനിപ്പാൻ ഉടനടി വജ്രത്തിന്റെ സ്വച്ഛമായ വായിൽ കടത്തിയത്; ആ ഭവാൻ സ്തുത്യൻതന്നെ! (8)

ആയിരമുണ്ടല്ലോ, ഭവാനൊരാൾക്കു സുഖത്തിന്ന്; എല്ലാവർക്കും ഭവാനാണ്, അന്നദാതാവ്: സ്തുതിപ്പിയ്ക്കുന്നവനെ ഭവാൻ രക്ഷിച്ചു; ദഭീതിയ്ക്കുവേണ്ടി, ദസ്യുക്കളെ ഭവാൻ തടവിലിട്ടു കൊന്നു. സുപ്രാപനായിത്തീർന്ന ആ ഭവാൻ സ്തുത്യൻതന്നെ! (9)

നദികളെല്ലാം ഭവാന്റെ പൌരുഷത്തെ അനുവർത്തിയ്ക്കുന്നു; ഭവാന്നു സമർപ്പിയ്ക്കുന്നു; ധനം ഭവാന്റെ കർമ്മത്തിന്നു വെയ്ക്കുന്നു; ആറു വിശാലവസ്തുക്കളെ വ്യവസ്ഥാപിച്ചതു, ഭവാനാണ്; ഭവാൻ പഞ്ചജനങ്ങളെ എങ്ങും പാലിയ്ക്കുന്നു. ആ ഭവാൻ സ്തുത്യൻതന്നെ! (10)

വീര, ഉലോം വർണ്ണനീയമാണ്, ഭവാന്റെ വീര്യം: ഒറ്റക്കർമ്മംകൊണ്ടാണല്ലോ, ഭവാൻ ധനം കൈക്കലാക്കുന്നത്! ബലവാനായ ജാതൂഷ്ഠിരന്നു ഭവാൻ അന്നം കല്പിച്ചു കൊടുത്തു. ഇന്ദ്ര, ഇതൊക്കെ ചെയ്ത ആ ഭവാൻ സ്തുത്യൻതന്നെ! (11)

തുർവീതിയ്ക്കും വര്യന്നുംവേണ്ടി, ഭവാൻ നദീപ്രവാഹത്തെ സുഖേന കടക്കാവുന്നതാക്കിത്തീർത്തു; കുരുടനും കാൽമുടന്തനുമായ പരാവൃക്കിനെ ഭവാൻ അധോഗതിയിൽനിന്നു കരയേറ്റി. അങ്ങനെ പേർ കേൾപ്പിച്ച ഭവാൻ സ്തുത്യൻതന്നെ! (12)

വസോ, ഇന്ദ്ര, ഭവാൻ ഞങ്ങൾക്കു ദാനത്തിന്നു ധനം തന്നാലും: വളരെയുണ്ട ല്ലോ, ഭവാന്നു സമ്പത്ത്; പൂജനീയമായ അതാണല്ലോ, ഭവാൻ നാൾതോറും ഭുജിയ്ക്കു ന്നത്. ഞങ്ങൾ ശോഭനവീരാന്വിതരായിട്ടു, യജ്ഞത്തിൽ സ്തുതിയ്ക്കുമാറാകണം! (13)

## കുറിപ്പുകൾ: സൂക്തം 13.

1. ഋതു – വർഷാകാലം.
2. അംഭോനിധിയ്ക്ക് ആഹാരം – സമുദ്രത്തിന്നു ഭക്ഷണം, ജലം. ഇവ – സോമോൽപാദന നദീപ്രവർത്തനാദികൾ.
3. ഒരാൾ – ഹോതാവ്. നല്കപ്പെടുന്നത് – യജമാനനാൽ ദേവന്മാർക്കു കൊടുക്കപ്പെടുന്ന ത്. എടുത്തുപറയുന്നു – ദേവന്മാരെ ശ്രദ്ധിപ്പിപ്പാൻ. വിശസിയ്ക്കുക – ഞെക്കിക്കൊല്ലുക. അതേകർമ്മം – വിശസനം. ഇത്, ഒരധ്വര്യുവിന്റെ ജോലിയാണ്. ഒരാളുടെ – മററൊരധ്വര്യുവിന്റെ. പൊറുക്കപ്പെടുന്നു – ബ്രഹ്മാവെന്ന ഋത്വിക്കിനാൽ; ഇദ്ദേഹം പി ഴയ്ക്കു പ്രായശ്ചിത്തം ചെയ്യും. ഇവ – ഹവിഷ്പ്രദാനാദികൾ.
4. അച്ഛൻ – രക്ഷിതാവായ യജമാനൻ. വെറുതെയിരിയ്ക്കുന്നവൻ – ജോലിയൊന്നും ചെയ്യാത്ത അഗ്നി. കത്തുന്ന വിറകിന്റെ ഒച്ചയാണ്, കടിച്ചുചവയ്ക്കൽ. ഇവ – ധനവിഭജനാദികൾ.
5. നന്നാക്കി – സുഗമങ്ങളാക്കി. കുതിരയെ വെള്ളംകൊണ്ടെന്നപോലെ – നനച്ചാൽ കു തിരയ്ക്കു ചൊടി കൂടുമല്ലോ.
6. നനഞ്ഞതിൽനിന്ന് – വെള്ളം വീണ തണ്ടിന്മേൽനിന്ന്. ഉണങ്ങിയ – നനവില്ലാത്ത. മധുരവസ്തു – ആസ്വാദ്യമായ നെല്ലും മററും. പരിചാരകനെ ധനസമൃദ്ധനാക്കുന്നു.
7. മഹത്തുക്കൾ – പർവതാദികൾ.
8. അന്നത്തിന്നും – അന്നങ്ങളെ രക്ഷിപ്പാനും. സഹവസു – ഒരസുരൻ. കടത്തിയത് – വജ്രംകൊണ്ടു വധിച്ചത്.
9. ആയിരം – വാഹനങ്ങൾ. സുഖത്തിന്ന് – സുഖസഞ്ചാരത്തിന്ന്. സ്തുതിപ്പിയ്ക്കുന്നവൻ – സ്തോതാവിനെ ഏർപ്പെടുത്തുന്ന യജമാനൻ. ദഭീതി – ഒരു ഋഷി.
10. ഭവാന്നു സമർപ്പിയ്ക്കുന്നു – യജമാനന്മാർ ഹവിസ്സ് . വെയ്ക്കുന്നു – ആളുകൾ ധനം ഭവാന്റെ കർമ്മത്തിന്നു (ഭവദാരാധനത്തിന്നു) സൂക്ഷിയ്ക്കുന്നു. ആറു വിശാലവസ്തുക്കൾ – ദ്യോവ്, ഭൂ വ്, പകൽ, രാത്രി, ജലം, ഔഷധി.
11. ഒരൊററക്കർമ്മം – ഒരിയ്ക്കൽമാത്രം പൊരുതൽ. ധനം – ശത്രുക്കളുടെ മുതൽ. ജാരൂഷ്ടിര ൻ – ഒരാളുടെ പേർ.
12. തുർവീതി, വയ്യൻ എന്നീ രണ്ടുപേർ വെള്ളം നിറഞ്ഞ ഒരു പുഴ കടക്കാൻ വയ്യാഞ്ഞു വിഷമിയ്ക്കെ, അവരെ അങ്ങു സുഖേന കടത്തിവിട്ടു. പരാവൃക്ക് – ഒരൃഷി. കരയേററി – കാഴ്ച തെളിയിച്ചും കാൽമുടന്തു പോക്കിയും ദുഃഖത്തിൽനിന്നുദ്ധരിച്ചു. പേർകേൾപ്പിച്ചു = യശസ്സാർജ്ജിച്ചു.
13. ദാനത്തിന്നു – ആളുകൾക്കു കൊടുക്കാനും, തങ്ങൾക്കനുഭവിപ്പാനും.

## സൂക്തം 14.

ഗൃത്സമദൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

അധ്വര്യുക്കളേ, നിങ്ങൾ ഇന്ദ്രന്നു സോമം കൊണ്ടുവരുവിൻ; ആ മദകരമായ അന്നം പാത്രങ്ങൾകൊണ്ടു ഋക്കുവിൻ: ഇതു കുടിയ്ക്കാൻ സദാ കൊതിയ്ക്കുന്നവനാണല്ലോ, ആ വീരൻ; അതിനാൽ വൃഷാവിന്നായി ഹോമിപ്പിൻ. അതുതന്നെയാണ്, അവിടുന്നാഗ്രഹിയ്ക്കുന്നത്. (1)

അധ്വര്യുക്കളേ, ജലങ്ങളെ മറച്ചുനിന്ന മേഘത്തെ, ആർ ഇടിവാൾകൊണ്ടു വൃക്ഷത്തെ എന്നപോലെ പിളർത്തിയോ; കൊതിയ്ക്കുന്ന അദ്ദേഹത്തിന്നായി അതു കൊണ്ടുവരുവിൻ: അതു കുടിപ്പാൻ അർഹനാണല്ലോ, ഈ ഇന്ദ്രൻ. (2)

അധ്വര്യുക്കളേ, ആർ ദൃഭീകനെ നിഹനിച്ചുവോ; ആർ ഗോക്കളെ പുറത്തിറക്കി, വലനെ വധിച്ചുവോ; അദ്ദേഹത്തിന്നായി ഇതിനെ, വാനത്തു വായുവിനെയെന്നപോലെ വ്യാപിപ്പിയ്ക്കുവിൻ – ഇന്ദ്രനെ സോമംകൊണ്ടു, കിഴവനെ പുതപ്പുകൊണ്ടെന്നപോലെ മൂടുവിൻ! (3)

അധ്വര്യുക്കളേ, തൊണ്ണൂറെറാമ്പതു കൈകളുണ്ടായിരുന്ന ഉരണനെ ആർ കൊന്നുവോ; ആർ അർബുദനെ കമിഴ്ത്തിവീഴിച്ചുവോ; ആ ഇന്ദ്രനെ, സോമമൊരുക്കി പ്രീതിപ്പെടുത്തുവിൻ. (4)

അധ്വര്യുക്കളേ, ആർ അശ്നനെ, ആർ ശോഷം പറ്റാത്ത ശുഷ്ണനെ, തോൾ വെട്ടിക്കൊന്നുവോ; ആർ പിപ്രുവിനെ, ആർ നമുചിയെ, ആർ രുധിക്രാവിനെ കൊന്നുവോ; ആ ഇന്ദ്രന്ന് അന്നങ്ങൾ ഹോമിയ്ക്കുവിൻ. (5)

അധ്വര്യുക്കളേ, ആർ ശംബരന്റെ നൂറു പുരാതനനഗരങ്ങളെ വജ്രംകൊണ്ടു പിളർത്തിയോ; ആർ വർച്ചിയുടെ നൂറായിരത്തെ വീഴിച്ചുവോ; ആ ഇന്ദ്രന്നു സോമം കൊണ്ടുവരുവിൻ. (6)

അധ്വര്യുക്കളേ, ആർ നൂറായിരംപേരെ കൊന്നു നിലംപൊത്തിച്ചുവോ; കുത്സൻ, ആയു, ദിവോദാസൻ എന്നിവരുടെ എതിരാളികളെ കൊന്നൊടുക്കിയോ; അദ്ദേഹത്തിന്നു സോമം കൊണ്ടുവരുവിൻ. (7)

യജ്ഞനേതാക്കളായ അധ്വര്യുക്കളേ, നിങ്ങൾ ഇന്ദ്രന്ന് അതു വേഗത്തിൽ കൊണ്ടുവന്ന് അഭീഷ്ടം നേടുവിൻ: പുകൾപ്പെട്ട ഇന്ദ്രന്നു കൈകൾകൊണ്ടരിച്ച സോമം കൊണ്ടുവരുവിൻ; ഹോമിയ്ക്കുവിൻ. (8)

അധ്വര്യുക്കളേ, നിങ്ങൾ ഈ ഇന്ദ്രന്നു സുഖകരമായ സോമം ഉണ്ടാക്കുവിൻ: വെള്ളത്തിൽ വെടുപ്പു വരുത്തി, ചമസത്തിൽ പകരുവിൻ. നിങ്ങളുടെ അരിച്ച സോമത്തെ അദ്ദേഹം പ്രീതിയോടേ ഇച്ഛിയ്ക്കുന്നു; ആ മാദകം ഹോമിയ്ക്കുവിൻ. (9)

അധ്വര്യുക്കളേ, പയ്യിന്റെ അകിടിനെ പാൽകൊണ്ടെന്ന പോലെ, ഈ രക്ഷിതാവായ ഇന്ദ്രനെ സോമംകൊണ്ടു നിറയ്ക്കുവിൻ. എന്റേതായ ഇതിന്റെ ഈ രഹസ്യം എനിയ്ക്കറിയാം: ഇതു കൊടുക്കാനിച്ഛിക്കുന്നവനെ ആ യഷ്ടവ്യൻ ധാരാളം അറിയും! (10)

അധ്വര്യുക്കളേ, സ്വർഗ്ഗത്തിലും അന്തരിക്ഷത്തിലും ഭൂമിയിലുമുള്ള സമ്പത്തിന്ന് അരചൻ ആരോ; ആ ഇന്ദ്രനെ നിങ്ങൾ, യവം കൊണ്ടു വല്ലത്തെയെന്നപോലെ, സോമംകൊണ്ടു നിറയ്ക്കുവിൻ. അതാവട്ടേ, നിങ്ങളുടെ ജോലി! (11)

വസോ, ഇന്ദ്ര, ഭവാൻ ഞങ്ങൾക്കു ദാനത്തിന്നു ധനം തന്നാലും: വളരെയുണ്ട

ല്ലോ, ഭവാനു സമ്പത്ത്. പൂജനീയമായ അതാണല്ലോ, ഭവാൻ നാൾതോറും ഭുജിയ്ക്കു ന്നതു്. ഞങ്ങൾ ശോഭനവീരാന്വിതരായിട്ടു, യജ്ഞത്തിൽ സ്തുതിയ്ക്കുമാറാകണം! (12)

## കുറിപ്പുകൾ: സൂക്തം 14.

1. ഗൃത്സമദൻ പറയുന്നു: മദകരമായ അന്നം – സോമം. പാത്രങ്ങൾ – ചമസങ്ങൾ. ഉരുകുവിൻ – അഗ്നിയിൽ പകരുവിൻ.
2. അതു – സോമം.
3. ദൃഭീകൻ – ഒരസുരൻ. ഇതിനെ – സോമരസത്തെ.
4. ഉരണൻ – ഒരസുരൻ. അർബ്ബുദൻ – മറ്റൊരസുരൻ.
5. അശ്നനും മറ്റും അസുരന്മാർതന്നെ. ശോഷം – ബലക്ഷയം.
6. വർച്ചിയുടെ നൂറായിരത്തെ – വർച്ചി എന്ന അസുരന്റെ നൂറായിരം ആളുകളെ.
7. നൂറായിരംപേരെ – നൂറായിരം അസുരന്മാരെ. കുത്സനും, ആയുവും ദിവോദാസനും രാജർഷിമാരത്രേ.
9. ആ മാദകം – ലഹരിപിടിപ്പിയ്ക്കുന്ന സോമം.
10. അറിയും – അറിഞ്ഞനുഗ്രഹിയ്ക്കും.

## സൂക്തം 15.

ഗൃത്സമദൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഈ സത്യനായ മഹാന്റെ സത്യങ്ങളായ മഹാകർമ്മങ്ങൾ ഞാനിപ്പോൾ വർണ്ണിയ്ക്കാം: ഇന്ദ്രൻ ആഭിപ്ലവികദിനങ്ങളിൽ സോമനീർ കുടിച്ചു; അതിന്റെ മത്തിൽ വൃത്രനെ വധിച്ചു! (1)

അവിടുന്ന് ആകാശത്തു ദ്യോവിനെ ഉറപ്പിച്ചു; വലിയ അന്തരിക്ഷത്തെയും വാനൃഴികളെയും നിറച്ചു; ഭൂമിയെ താങ്ങി, വിസ്താരപ്പെടുത്തി. സോമത്തിന്റെ മത്തിലത്രേ, ഇന്ദ്രൻ ഇതൊക്കെ ചെയ്തത്! (2)

ഒരു ഗൃഹത്തെയെന്നപോലെ കിഴക്കേദിക്കിനെ ശരിയ്ക്കളന്നു; നദികളുടെ അടിവശങ്ങളെ വജ്രംകൊണ്ടു കുഴിച്ചു; മാർഗ്ഗങ്ങൾ നിഷ്പ്രയാസം സുചിരഗന്തവ്യങ്ങളുമാക്കി. സോമത്തിന്റെ മത്തിലത്രേ, ഇന്ദ്രൻ ഇതൊക്കെ ചെയ്തത്! (3)

അവിടുന്നു ദഭീതിയെ പിടിച്ചുകൊണ്ടുപോകുന്നവരോടെതിർത്ത്, (അവരുടെ) ആയുധമെല്ലാം കത്തുന്ന തിയ്യിലെരിച്ചു; അദ്ദേഹത്തിന്നു ഗവാശ്വരഥങ്ങൾ നല്കുകയും ചെയ്തു. സോമത്തിന്റെ മത്തിലത്രേ, ഇന്ദ്രൻ ഇതൊക്കെ ചെയ്തത്! (4)

അവിടുന്ന് ഈ മഹാനദിയിലെ വെള്ളം, കടക്കാവുന്നവിധം ചുരുക്കി; ഇറങ്ങാൻ വയ്യാത്തവരെ സുഖേന മറുകരയിലെത്തിച്ചു. അവർ കടന്നു, ധനാപ്തിയ്ക്കായി നടകൊണ്ടു; സോമത്തിന്റെ മത്തിലത്രേ, ഇന്ദ്രൻ ഇതൊക്കെ ചെയ്തത്! (5)

അവിടുന്നു മഹത്ത്വത്താൽ സിന്ധുവിനെ വടക്കോട്ടൊഴുകിച്ചു; ഉശിരില്ലാത്തവരെ ഉശിരന്മാരെക്കൊണ്ടു പിളർത്ത്, ഉഷസ്സിന്റെ വണ്ടി വജ്രംകൊണ്ടു തപിട്ടുപൊടിയാക്കി. സോമത്തിന്റെ മത്തിലത്രേ, ഇന്ദ്രൻ ഇതൊക്കെ ചെയ്തത്! (6)

കന്യകമാർ പോയ്ക്കളഞ്ഞതറിഞ്ഞ വിദ്വാനായ പരാവൃക്ക് അതാ, പ്രത്യക്ഷമാംവണ്ണം എഴുന്നേറ്റു; അതാ, കാൽമുടന്തൻ പാഞ്ഞെത്തി, നന്നായി കണ്ടു. സോമത്തിന്റെ മത്തിലത്രേ, ഇന്ദ്രൻ ഇതൊക്കെ ചെയ്തതു് ! (7)

അവിടുന്ന് അംഗിരസ്സുകളാൽ സ്തുതിയ്ക്കപ്പെട്ടു വലനെ വധിച്ചു. പർവതത്തിന്റെ ശിലാദ്വാരങ്ങൾ തുറന്നു – അതിന്റെ കൃത്രിമങ്ങളായ അടപ്പുകൾ പൊളിച്ചു. സോമത്തിന്റെ മത്തിലത്രേ, ഇന്ദ്രൻ ഇതൊക്കെ ചെയ്തത്! (8)

അവിടുന്നു ദസ്യുവായ ചുമുരിയെയും ധുനിയെയും ദീർഘനിദ്രയോടിണക്കി നിഹനിച്ചു, ദഭീതിയെ രക്ഷിച്ചു; അതിൽ രംഭിയ്ക്കു ധനവും കിട്ടി. സോമത്തിന്റെ മത്തിലത്രേ, ഇന്ദ്രൻ ഇതൊക്കെ ചെയ്തതു് ! (9)

(മാകന്ദമഞ്ജരി)

വാഴ്ത്തുവോർക്കുത്തമാർത്ഥത്തെച്ചുരത്തുമേ,
രാധ്യനാമിന്ദ്ര, നിൻദാനലക്ഷ്മി;
നല്ക,തീസ്തോതാക്കൾക്കെ; – ങ്ങളെത്തള്ളൊല്ലേ;
യാഗേ പുകഴ്ത്താം, സുവീരരെങ്ങൾ! (10)

### കുറിപ്പുകൾ: സൂക്തം 15.

2. നിറച്ചു – തന്റെ തേജസ്സുകൊണ്ട്.

3. മാർഗ്ഗങ്ങൾ – പ്രവാഹമാർഗ്ഗങ്ങൾ.

4. പണ്ടു ചുമുരി, ധുനി മുതലായ അസുരന്മാർ ദഭീതി എന്ന ഒരു രാജർഷിയുടെ പുരി വളഞ്ഞ്, അദ്ദേഹത്തെ പിടിച്ചുകൊണ്ടുപോയിപോൽ.

5. ഈ മഹാനദി – പരുഷ്ണി എന്ന നദി. ഇറങ്ങാൻ വയ്യാത്തവർ – ചില ഋഷിമാർ. ധനാപ്തിയ്ക്കായി – തങ്ങൾ ഉദ്ദേശിച്ച ദ്രവ്യം നേടാൻ.

6. വണ്ടി തകർത്ത കഥ മറ്റൊരേടത്തു വിവരിയ്ക്കും.

7. പണ്ടു, കാലും കണ്ണുമില്ലാത്ത പരാവൃക്ക് ചില കന്യകമാരെ പിടികൂടാൻനോക്കി; അവർ പാഞ്ഞുപോയ്ക്കളഞ്ഞു. അപ്പോൾ ആ ഋഷി ഇന്ദ്രനെ സ്തുതിച്ചു കാലും കാഴ്ചയും നേടി. ഇക്കഥയാണ്, ഈ ഋക്കിൽ. കാൽമുടന്തൻ പാഞ്ഞെത്തി – ഇന്ദ്രപ്രസാദത്താൽ മുടന്തുനീങ്ങി, പാഞ്ഞു, കന്യകമാരുടെ അടുക്കലെത്തി. നന്നായി കണ്ടു – അന്ധത നീങ്ങുകയാൽ കന്യകമാരെ സ്പഷ്ടമായി കാണുകയുംചെയ്തു.

9. രംഭി – ദഭീതിയുടെ ഹരിക്കാരൻ.

## സൂക്തം 16.

ഗൃത്സമദൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഞാൻ നിങ്ങൾക്കുവേണ്ടി സജ്ജനോത്തമന്ന്, അഗ്നിയെ ജ്വലിപ്പിച്ച ഹവിസ്സൊ രുക്കി, നന്നായി സ്തുതിയ്ക്കാം. ജര പറ്റാതെ ജരപിടിപ്പിയ്ക്കുന്ന നിത്യയുവാവായ ഇന്ദ്രനെ നീർ തളിച്ച നാം രക്ഷയ്ക്കായി വിളിയ്ക്കുക. (1)

മഹാനായ ഇന്ദ്രനെക്കൂടാതെ ഈ ലോകം എന്തുള്ളു? അദ്ദേഹത്തിലിരിയ്ക്കുന്നു, വീര്യം മുഴുവൻ: അവിടുന്നു വയറ്റിൽ സോമവും, വപുസ്സിൽ തേജോബലങ്ങളും, കയ്യിൽ വജ്രവും, തലയിൽ അറിവും വഹിച്ചരുളുന്നു! (2)

ഇന്ദ്ര, അവിടുന്നു വളരെയോജന ഒരുക്കിൽ പറക്കുമ്പോൾ, അങ്ങയുടെ ബലം വാനൂഴികൾക്കോ, രഥം സമുദ്ര – പർവതങ്ങൾക്കോ തടുക്കാനാവില്ല; അങ്ങയുടെ വജ്രത്തെ ആരും നേരിടില്ല! (3)

ആ യഷ്ടവ്യന്ന്, ധർഷകന്ന്, വർഷകന്ന്, ഒരുങ്ങിനില്ക്കുന്നവന്ന് എല്ലാവരും യജ്ഞം അനുഷ്ഠിയ്ക്കുന്നുണ്ടല്ലോ; അതിനാൽ, അറിവേറിയ ഭവാൻ സോമനീർ രുകി യജിയ്ക്കുക. ഇന്ദ്ര, അവിടുന്നു വർഷകനായ വഹ്നിയോടൊന്നിച്ച സോമം കുടിച്ചാലും! (4)

വർഷിയായ മധുരസം വർഷകാന്നനായ വർഷകന്നു കുടിപ്പാൻ, പ്രേരിപ്പിച്ചും കൊണ്ടു ചെല്ലുന്നു; വൃഷാക്കളായ രണ്ടധ്വര്യുക്കളും വർഷകങ്ങളായ അമ്മികളും വർഷിയായ സോമത്തെ വൃഷഭന്നായി പിഴിയുന്നു! (5)

വൃഷഭ, ഇന്ദ്ര, അങ്ങയുടെ വജ്രം വൃഷാവാണ്; അങ്ങയുടെ രഥം വൃഷാവാണ്; ഹരികൾ വൃഷാക്കളാണ്; ആയുധങ്ങളും വൃഷാക്കളാണ്. അങ്ങാകുന്നു, വൃഷാവായ മാദകത്തിൻറെ ഉടയവൻ. വർഷകമായ സോമംകൊണ്ടു മതി വരുത്തിയാലും! (6)

യുദ്ധത്തിൽ സ്തുതിതൽപരനും തോണിയ്ക്കൊത്തവനുമായ ഭവാനെ ധർഷകനായ ഞാൻ സവനങ്ങളിൽ സ്തോത്രംകൊണ്ടു സമീപിയ്ക്കുന്നു; നമ്മുടെ ഈ വാക്കിനെ ഇന്ദ്രൻ ഉലോം മനസ്സിലാക്കട്ടെ. കിണറിന്നൊത്ത ആ ധനനിധിയെ നാം സോമംകൊണ്ടു നീരാടിയ്ക്കുക! (7)

ശതക്രതോ, അവിടുന്നു ഞങ്ങളെ ശത്രുബാധയിൽനിന്നു, പുല്ലു മതിയാവോളം തിന്ന പയ്യ കുട്ടിയെഎന്നപോലെ മുൻകൂട്ടി പിന്മാററിയാലും. ഞങ്ങൾ ഒരു തവണയെങ്കിലും, അങ്ങയെപ്പററിയുള്ള സ്തുതികളോടു, യുവാക്കൾ പത്നിമാരോടെന്നപോലെ ചേരുമാറാകേണമേ! (8)

(മാകന്ദമഞ്ജരി)

വാഴ്ത്തുവോർക്കുത്തമാർത്ഥത്തെച്ചുരത്തുമേ,
രാധ്യനാമിന്ദ്ര, നിൻദാനലക്ഷ്മി;
നല്ക,തീസ്തോതാക്കൾക്കെ; – ങ്ങളെത്തള്ളൊല്ലേ;
യാഗേ പുകഴ്ത്താം, സുവീരരെങ്ങൾ! (9)

## കുറിപ്പുകൾ: സൂക്തം 16.

1. യജമാനന്മാരോടു പറയുന്നു: സജ്ജനോത്തമന്ന് – സജ്ജനങ്ങളിൽ(ദേവന്മാരിൽ)വെച്ചു ശ്രേഷ്ഠനായ ഇന്ദ്രന്ന്. ജരപിടിപ്പിയ്ക്കുന്ന – ലോകത്തിന്നു വാർദ്ധക്യം വരുത്തുന്ന. നീർ – സോമരസം.
4. യജമാനനോടും, ഒടുവിൽ ഇന്ദ്രനോടും പറയുന്നു: ഒരുങ്ങിനില്ക്കുന്നവൻ – കർമ്മികളെ അനുഗ്രഹിപ്പാൻ.
5. വർഷി – ഫലങ്ങളെ വർഷിയ്ക്കുന്നത്. മധുരസം – മത്തുണ്ടാക്കുന്ന സോമനീർ. വർഷകാന്നൻ = ഫലവർഷികളായ അന്നങ്ങളോടുകൂടിയവൻ വർഷകൻ – ഫലം വർഷിയ്ക്കുന്ന ഇന്ദ്രൻ. ചെല്ലുന്നു – ഇന്ദ്രന്റെ അടുക്കലെയ്ക്ക്. വൃഷാക്കൾ – സോമരസം തളിയ്ക്കുന്നവർ. വൃഷഭൻ – ദേവശ്രേഷ്ഠൻ.
6. വൃഷാവ് – കാമവർഷി. മാദകം – മത്തുണ്ടാക്കുന്ന സോമനീർ.
7. യുദ്ധത്തിൽ സ്തുതിതൽപരൻ – സ്തുതിയ്ക്കുന്നവരെ ജയിപ്പിയ്ക്കുന്നവൻ. തോണിയ്ക്കൊത്തവൻ – ആപത്തുകളെ കടത്തി വിടുന്നവൻ. ധർഷകൻ – ഭവൽപ്രസാദത്താൽ ശത്രുക്കളെ ആക്രമിയ്ക്കാൻ കഴിവുള്ളവൻ. നമ്മുടെ എന്നു തുടങ്ങുന്ന വാക്യങ്ങൾ യജമാനന്മാരോടുള്ളവയാണ്: വാക്ക് – സ്തുതി. കിണറിന്നൊത്ത – കിണർ ജലത്തിന്റെ ഇരിപ്പിടമാണല്ലോ; അതുപോലെ, ധനത്തിന്റെ ഇരിപ്പടമാണ്, ഇന്ദ്രൻ.
8. കുട്ടിയെ – ക്ഷുൽപീഡയിൽനിന്നെന്നപോലെ.

## സൂക്തം 17.

ഗൃത്സമദൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

അദ്ദേഹത്തെപ്പററി പുതിയതൊന്നു നിങ്ങൾ അംഗിരസ്സുകളെപ്പോലെ ചൊല്ലുവിൻ: എന്നാൽ, അദ്ദേഹത്തിന്റെ തേജസ്സു പണ്ടേത്തെപ്പോലെ പൊന്തും. പിടിച്ചു തടവിലാക്കപ്പെട്ട ഗോക്കളെയെല്ലാം അദ്ദേഹം സോമത്തിന്റെ മത്തിൽ ചിക്കെന്നു പുറത്തുവിട്ടുവല്ലോ. (1)

ആർ ഓജസ്സുപൂണ്ട് ഒന്നാമത്തെപ്പാനത്തിന്നായി മഹിമ വളർത്തിയോ; യാതൊരു ശൂരൻ യുദ്ധങ്ങളിൽ മൈച്ചട്ടയണിഞ്ഞുവോ; ആർ മഹത്ത്വംകൊണ്ടു ദ്യോവിനെ തലയിൽ ചുമന്നുവോ; അവൻ വർദ്ധിപ്പതാക! (2)

മുന്തിയ മഹാവീര്യമാണ്, അങ്ങു കാണിച്ചത്: അതിനെ സ്തുതിച്ചവരുടെ മുമ്പിൽ അങ്ങു ബലം പൊങ്ങിച്ചുവല്ലോ; ഒത്തൊരുമിച്ച ദ്രോഹികൾ തേരിലിരുന്ന ഹര്യശ്വനായ ഭവാനാൽ വീഴിയ്ക്കപ്പെട്ടിട്ടു, ചിന്നിച്ചിതറിപ്പായുകയായി! (3)

ആ പുരാതനൻ ബലംകൊണ്ട് ഉലകെല്ലാം കീഴടക്കി; കോപ്പു പൂണ്ടു, വളർന്നു; ആ വോഢാവു വാനൂഴികളിൽ തേജസ്സു വ്യാപിപ്പിച്ചു; ഇരുട്ടുകളെ പീഡിപ്പിച്ച് ഒന്നിച്ചു കുഴിച്ചുമൂടി! (4)

അവിടുന്നു പറന്നിരുന്ന പർവതങ്ങളെ അനങ്ങാതാക്കി; മേഘജലങ്ങളുടെ ഒഴുകൽ താഴത്തെയ്ക്കാക്കി; വിശ്വംഭരയായ ഭൂവിനെ താങ്ങി; ദ്യോവിനെ ഉപായംകൊണ്ടു വീഴാതുറപ്പിച്ചു! (5)

അദ്ദേഹം ലോകത്തിന്നു പര്യാപ്തനായിത്തീർന്നു: എല്ലാ ആളുകളെക്കാളും അറിവേറിയവനാക്കിയാണ്, അദ്ദേഹത്തെ അച്ഛൻ തൃക്കൈകൾകൊണ്ടു സൃഷ്ടിച്ചതു്. അതിനാലാണല്ലോ, ഈ യശസ്വി ക്രിവിയെ വജ്രമെയ്തു മന്നിൽ കിടത്തിയുറക്കിയത്! (6)

അച്ഛനമ്മമാരോടൊന്നിച്ചു നാൾകഴിയ്ക്കുന്ന ഒരു സ്ത്രീ തറവാട്ടിൽനിന്നെന്നപോലെ, ഞാൻ അങ്ങയോടു ഭാഗം യാചിയ്ക്കുന്നു; ശരിയ്ക്കു കണക്കിട്ടുനോക്കി ഭവാൻ സ്തോതാക്കൾക്കു സമ്മാനിയ്ക്കാറുള്ള പങ്ക് ഇവന്നു തന്നരുളുക! (7)

ഇന്ദ്ര, രക്ഷിതാവായ ഭവാനെ ഞങ്ങൾ വിളിയ്ക്കുന്നു: ഇന്ദ്ര, കർമ്മവും അന്നവും തരുന്നവനാണല്ലോ, ഭവാൻ. ഇന്ദ്ര, വിവിധരക്ഷകൾകൊണ്ടു ഞങ്ങളെ പാലിച്ചാലും; വൃഷാവായ ഇന്ദ്ര, ഞങ്ങളെ വലിയ ധനികന്മാരാക്കിയാലും! (8)

(മാകന്ദമഞ്ജരി)

വാഴ്ത്തുവോർക്കുത്തമാർത്ഥത്തെച്ചുരത്തുമേ,
രാധ്യനാമിന്ദ്ര, നിൻദാനലക്ഷ്മി;
നല്ക,തീസ്തോതാക്കൾക്കെ; – ങ്ങളെത്തള്ളൊല്ലേ;
യാഗേ പുകഴ്ത്താം, സുവീരരെങ്ങൾ! (9)

### കുറിപ്പുകൾ: സൂക്തം 17.

1. പുതിയതൊന്നു – പുതിയ ഒരു സ്തോത്രം.
2. അവൻ – ആ ഇന്ദ്രൻ.

3. പൊങ്ങിച്ചു – തുലോം പ്രകടിപ്പിച്ചു.
4. ആ പുരാതനൻ – ഇന്ദ്രൻ. വോഢാവ് – ലോകത്തെ വഹിയ്ക്കുന്നവൻ. ഇരുട്ടുകൾ – തമോരൂപർ.
5. താഴത്തെയ്ക്ക് – ഭൂമിയിലെയ്ക്ക്.
6. അച്ഛൻ – പ്രജാപതി. ക്രിവി – ഒരസുരൻ. ഉറക്കിയത് – കൊന്നത്.
7. ഒരു സ്ത്രീ – അവിവാഹിത.

## സൂക്തം 18.

ഗൃത്സമദൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഒരു പുതിയ വിശുദ്ധരഥം പുലർകാലത്തു പൂട്ടപ്പെട്ടു: നാലു നുകം, മൂന്നു ചമ്മട്ടി, ഏഴു കടിഞ്ഞാൺ, പത്തു ചക്രം എന്നിവയോടു കൂടിയതും അഭീഷ്ടപ്രദവും മനുഷ്യഹിതയും സ്വർഗ്ഗപ്രാപകവുമായ അതു യജ്ഞങ്ങൾകൊണ്ടും സ്തോത്രങ്ങൾകൊണ്ടുമേ കിട്ടുകയുള്ളു! (1)

അത് അവിടുത്തെയ്ക്ക് ഒന്നാമത്തതിന്നും, അതു രണ്ടാമത്തതിന്നും, മൂന്നാമത്തതിന്നും പര്യാപ്തമായി. അതു മനുഷ്യർക്കു നന്മ കൊണ്ടുവരുന്നു. അന്യർ അന്യയുടെ ഗർഭത്തിൽ ഉൽപാദിപ്പിച്ചു; വിജയിയും വൃഷാവുമായ അത് അന്യരോടു ചേരുന്നു! (2)

സുഖേന വന്നുചേരുന്നതിന്ന് ഇന്ദ്രന്റെ രഥത്തിൽ ഞാൻ ഒരു പുതിയ സൂക്തം കൊണ്ടു കുതിരകളെ പൂട്ടാം. ഇവിടെ വളരെയുണ്ടല്ലോ, മേധാവികൾ; എന്നാലും, മറ്റു യജമാനന്മാർ അങ്ങയെ അധികം രസിപ്പിയ്ക്കരുത്! (3)

സുയജ്ഞ, ഇന്ദ്ര, വിളിയ്ക്കപ്പെടുന്ന ഭവാൻ രണ്ടോ നാലോ ആറോ എട്ടോ പത്തോ കുതിരകളെ പൂട്ടി, സോമം കുടിപ്പാൻ വന്നുചേർന്നാലും: ഇതാ, പിഴിഞ്ഞത്; പാഴാക്കരുത്! (4)

ഇന്ദ്ര, ഭവാൻ ഇരുപതോ മുപ്പതോ നാല്പതോ അമ്പതോ അറുപതോ എഴുപതോ സുഖഗാമികളായ കുതിരകളെ പൂട്ടി, സോമം കുടിപ്പാൻ ഇങ്ങോട്ടു വന്നാലും! (5)

ഇന്ദ്ര, എണ്പതോ തൊണ്ണൂറോ നൂറോ കുതിരകളെ പൂട്ടി, ഇങ്ങോട്ടു വന്നാലും: ഇതാ, അങ്ങയുടെ ഇമ്പത്തിന്നായി, അങ്ങയ്ക്കുവേണ്ടി, പിഴിഞ്ഞ സോമം പാത്രങ്ങളിൽ! (6)

ഇന്ദ്ര, അവിടുന്ന് എന്റെ സ്തോത്രം കേൾപ്പാൻ വരിക: വമ്പിച്ച കുതിരകളെ തേരിൻമുമ്പിൽ കെട്ടുക; വളരെപ്പേർ വിളിയ്ക്കുമല്ലോ, അങ്ങയെ; ശൂര, ഭവാൻ ഈ യാഗത്തിൽ ഇമ്പംകൊണ്ടാലും! (7)

ഇന്ദ്രനോട് എനിയ്ക്കുള്ള സഖ്യം വിട്ടുപോകരുത്. അവിടുത്തെ ദാനശീലത ഞങ്ങൾക്കു ചുരത്തട്ടെ. വരിഷ്ഠവും വരേണ്യവുമായ തൃക്കയ്യിന്റെ അടുക്കലാകണം, ഞങ്ങൾ; യുദ്ധത്തിൽ യുദ്ധത്തിൽ ഞങ്ങൾ ജയം നേടണം! (8)

(മാകന്ദമഞ്ജരി)

വാഴ്ത്തുവോർക്കുത്തമാർത്ഥത്തെച്ചുരത്തുമേ,
രാധ്യനാമിന്ദ്ര, നിൻദാനലക്ഷ്മി;
നല്ക,തീസ്തോതാക്കൾക്കെ; – ങ്ങളെത്തള്ളൊല്ലേ;
യാഗേ പുകഴ്ത്താം, സുവീരരെങ്ങൾ! (9)

### കുറിപ്പുകൾ: സൂക്തം 18.

1. ഇന്ദ്രരഥത്തെ വർണ്ണിയ്ക്കുന്നു: സ്വർഗ്ഗപ്രാപകം – സുകൃതികളെ സ്വർഗ്ഗത്തിൽ കൊണ്ടാക്കുന്നത്. അത് – ആ രഥം.

2. യജ്ഞത്തെ വർണ്ണിയ്ക്കുന്നു: അതു് – യജ്ഞം. ഒന്നാമത്തതു് – പ്രാതസ്സവനം. അന്യർ – ഋത്വിക്കുകൾ. അന്യ – വേദി. അന്യരോടു – ദേവന്മാരോടു.

3. അധികം – എന്നെക്കാളേറെ. ഭവാൻ മറ്റാരുടെയെങ്കിലും യജ്ഞത്തിന്നു പോയ്ക്കളയരുത്; ഇവിടെ വന്നു, സോമം കുടിച്ചാലും!

6. പാത്രങ്ങൾ – ചമസാദികൾ.

8. ചുരത്തട്ടെ – അഭീഷ്ടം നല്കട്ടെ.

## സൂക്തം 19.

ഗൃത്സമദൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

പിഴിയുന്ന മനീഷിയുടെ ഈ പ്രീതികരമായ അന്നം ഇമ്പത്തിന്നായി പാനംചെയ്യരുളട്ടെ: പുരാതനമായ ഇതിങ്കലാണല്ലോ, വർദ്ധമാനനായ ഇന്ദ്രന്റെയും സ്തോത്രം ചൊല്ലുന്ന നേതാക്കളുടെയും ഇരിപ്പ്! (1)

ഈ മധുകൊണ്ട് ഇമ്പംപിടിച്ച, വജ്രപാണിയായ ഇന്ദ്രൻ വെള്ളം മറച്ച വൃത്രനെ വെട്ടിമുറിച്ചു; അപ്പോൾ, നദികളുടെ പ്രീതികരങ്ങളായ ജലങ്ങൾ, പക്ഷികൾ കൂട്ടിലെയ്ക്കെന്നപോലെ നേരേ ഒഴുകിത്തുടങ്ങി! (2)

മേഘത്തെ ഹനിച്ച ആ മഹനീയനായ ഇന്ദ്രൻ ജലങ്ങളെ സമുദ്രത്തിലെയ്ക്ക് ഒഴുകിച്ചു; സൂര്യനെ ജനിപ്പിച്ചു; ഗോക്കളെ കണ്ടുപിടിപ്പിച്ചു; തേജസ്സുകൊണ്ടു പകലുകൾക്കു വെളിച്ചം വരുത്തി! (3)

ആർ സൂര്യപ്രാപ്തിയിൽ മത്സരിച്ച ആളുകൾക്ക് ഉടനടി സമാശ്രയണീയനായോ, ആ ഇന്ദ്രൻ ഹവിസ്സർപ്പിയ്ക്കുന്ന മനുഷ്യന്നു വളരെദ്ധനം കല്പിച്ചുകൊടുക്കുന്നു; വൃത്രനെ കൊല്ലുന്നു! (4)

ആ സ്തുതിയ്ക്കപ്പെട്ട ഇന്ദ്രദേവൻ സോമം പിഴിഞ്ഞ ഒരു മനുഷ്യന്നുവേണ്ടി സൂര്യനെ മങ്ങിച്ചു: അവിടുത്തെയ്ക്കു, യജ്ഞമനുഷ്ഠിച്ച ഏതശൻ സ്വച്ഛമായ ധനം, ഭാഗംപോലെ നല്കിയല്ലോ! (5)

ആ തിളങ്ങുന്ന ഇന്ദ്രൻ തേർ തെളിയ്ക്കുന്ന കത്സന്നുവേണ്ടി, ശുഷ്ണൻ, അശുഷൻ, കുയവൻ എന്നിവരെ കീഴടക്കി; ശംബരന്റെ തൊണ്ണൂറ്ററൊമ്പതു നഗരങ്ങൾ ദിവോദാസന്നുവേണ്ടി പിളർത്തി! (6)

ഇന്ദ്ര, യശസ്സിന്നായി അന്നം തേടുന്ന ഞങ്ങൾ സ്തോത്രം ഇപ്പോൾ ഭവാങ്കൽത്തന്നെ സ്വയം എത്തിയ്ക്കുന്നു: സേവകരായ ഞങ്ങൾക്ക് ആ സഖ്യം കിട്ടുമാറാകണം; ദേവന്മാരെ കൂസാത്ത പീയുവിന്റെ ആയുധത്തെ ഭവാൻ കുനിയിച്ചുവല്ലോ! (7)

ശൂര, ഗൃത്സമദൻ അങ്ങയെക്കുറിച്ചുതന്നെ സ്തോത്രങ്ങൾ, യാത്രോദ്യതൻ വഴികളെന്നപോലെ നിർമ്മിച്ചിരിയ്ക്കുന്നു; ഇന്ദ്ര, അതിയുവാവായ അങ്ങയെ സ്തുതിപ്പാനിച്ഛിയ്ക്കുന്ന ഇവന്ന് അന്നവും ബലവും നല്ല പാർപ്പിടവും സുഖവും കൈവരുമാറാകണം! (8)

(മാകന്ദമഞ്ജരി)

വാഴ്ത്തുവോർക്കുത്തമാർത്ഥത്തെച്ചുരത്തുമേ,
രാധ്യനാമിന്ദ്ര, നിൻദാനലക്ഷ്മി;
നല്ക,തീസ്തോതാക്കൾക്കെ; – ങ്ങളെത്തള്ളൊല്ലേ;
യാഗേ പുകഴ്ത്താം, സുവീരരെങ്ങൾ! (9)

### കുറിപ്പുകൾ: സൂക്തം 19.

1. പിഴിയുന്ന – സോമം. അന്നം – സോമം.
2. നേരേ – സമുദ്രാഭിമുഖമായി.

4. സൂര്യപ്രാപ്തിയിൽ മത്സരിച്ച – 'സൂര്യങ്കൽ ഞാൻ ചെല്ലും, മുമ്പേ – ഞാൻ ചെല്ലും, മുമ്പേ' എന്നു സ്പർദ്ധിച്ച.

5. ഒരു മനുഷ്യൻ – താഴേ പറയുന്ന ഏതശൻ. മങ്ങിച്ച – നിഷ്പ്രഭനാക്കി, തോല്പിച്ച. ഇക്കഥ മുമ്പു പറഞ്ഞിട്ടുണ്ട്. ധനം – സോമം. ഭാഗംപോലെ – അച്ഛൻ മകന്നു സ്വത്തിന്റെ ഒരു പങ്ക് കൊടുക്കുന്നതുപോലെ.

6. തേർ തെളിയ്ക്കുന്ന – ഇന്ദ്രന്നു സാരഥ്യം വഹിച്ച. ശുഷ്ണൻ, അശുഷൻ, കുയവൻ എന്നിവരും ശംബരനും അസുരന്മാരത്രേ.

7. പീയു – ഒരസുരൻ.

## സൂക്തം 20.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഇന്ദ്ര, ശരിയ്ക്കറിഞ്ഞാലും: സ്തുതിയ്ക്കുന്നവരും, മനീഷയാൽ ശോഭിയ്ക്കുന്നവരും, അങ്ങയെപ്പോലുള്ള നേതാക്കളോടു സുഖം യാചിയ്ക്കുന്നവരുമായ ഞങ്ങൾ, കൊററു തേടുന്നവൻ വണ്ടിയെന്നപോലെ, അങ്ങയ്ക്ക് അന്നം ഒരുക്കിയിരിയ്ക്കുന്നു. (1)

ഇന്ദ്ര, അങ്ങ്, അങ്ങയുടെ രക്ഷകൾകൊണ്ടു ഞങ്ങളെ പാലിച്ചാലും: അങ്ങയെ സേവിയ്ക്കുന്ന ജനങ്ങളെ എതിരാളികളിൽനിന്നു രക്ഷിയ്ക്കുന്നവനാണല്ലോ, അങ്ങ്; ഹവിസ്സേകുന്നവന്ന് ഈശ്വരൻ, പീഡാനിവാരകൻ – അങ്ങയെ പരിചരിയ്ക്കുന്നവന്ന് ഇങ്ങനെയൊക്കെയുള്ളവനാണല്ലോ, അങ്ങ്! (2)

യുവാവും ആഹ്വാതവ്യനും സഖാവും സുഖദനുമായ ആ ഇന്ദ്രൻ കർമ്മനേതാക്കളായ നമ്മെ രക്ഷിച്ചരുളട്ടെ: ശസ്ത്രം ചൊല്ലുന്നവനെയും, ക്രിയകൾ ചെയ്യുന്നവനെയും; പചിയ്ക്കുന്നവനെയും, സാമം പാടുന്നവനെയും രക്ഷിച്ചു മറുകരയിലെത്തിയ്ക്കുമല്ലോ, അവിടുന്ന്! (3)

ആരാൽ പണ്ടുള്ളവർ വളരുകയും വൈരികളെ വധിയ്ക്കുകയും ചെയ്തുവോ, ആ ഇന്ദ്രനെ ഞാൻ സ്തുതിയ്ക്കുന്നു; അദ്ദേഹത്തെ ഞാൻ വർണ്ണിയ്ക്കുന്നു. യാചിയ്ക്കപ്പെടുന്ന അവിടുന്നു സ്തുതിപ്പാൻനോക്കുന്ന പുതിയ മനുഷ്യന്റെ ധനാഭിലാഷത്തെ നിറവേററട്ടെ! (4)

അംഗിരസ്സുകളുടെ ഉക്ഥങ്ങൾ ശ്രവിച്ച ആ ഇന്ദ്രൻ വഴിയരുളി, സ്തോത്രം വർദ്ധിപ്പിച്ചു; സ്തുതിയ്ക്കപ്പെടുന്ന അവിടുന്നു സൂര്യനെക്കൊണ്ട് ഉഷസ്സിനെ പിന്മാററിച്ചു; അശ്നന്റെ പുരാതനനഗരങ്ങൾ തകർത്തു! (5)

ആ പുകൾപ്പെട്ട അതിദർശനീയനായ ഇന്ദ്രദേവൻ മനുവിങ്കൽ ഉന്മുഖനായി; ആ അമർത്ത്യന ബലവാൻ ദ്രോഹിയായ ദാസന്റെ പ്രിയപ്പെട്ട തല താഴെ വീഴ്ത്തി! (6)

വൃത്രനെക്കൊന്ന ആ പുരന്ദരനായ ഇന്ദ്രൻ നികൃഷ്ടജാതികളായ ദാസസേനകളെ മുച്ചൂടും മുടിച്ചു; മനുവിന്നുവേണ്ടി ഭൂമിയെയും ജലത്തെയും ഉൽപാദിപ്പിച്ചു; യജമാനന്റെ മഹത്തായ അഭിലാഷം നിറവേററി! (7)

സ്തോതാക്കളാൽ വെള്ളം കിട്ടാൻവേണ്ടി, ആ ഇന്ദ്രന്നു നാൾ തോറും ബലവർദ്ധകം യഥാക്രമം നല്കപ്പെട്ടു; വജ്രം തൃക്കയ്യിൽ ധരിപ്പിയ്ക്കപ്പെട്ട അവിടുന്നു ദസ്യുക്കളെക്കൊന്ന്, ഇരിമ്പുനഗരങ്ങൾ തരിപ്പണമാക്കി! (8)

(മാകന്ദമഞ്ജരി)

വാഴ്ത്തുവോർക്കുത്തമാർത്ഥത്തെച്ചുരത്തുമേ,
രാധ്യനാമിന്ദ്ര, നിൻദാനലക്ഷ്മി;
നല്ക,തീസ്തോതാക്കൾക്കെ; – ങ്ങളെത്തള്ളൊല്ലേ;
യാഗേ പുകഴ്ത്താം, സുവീരരെങ്ങൾ! (9)

### കുറിപ്പുകൾ: സൂക്തം 20.

1. വണ്ടിയെന്ന പോലെ – വണ്ടിയ്ക്കു കിട്ടുന്ന കൂലികൊണ്ടു കൊററ് (ആഹാരം) സാധിയ്ക്കാമല്ലോ. അന്നം – സോമം.

3. പചിയ്ക്കുക – പുരോഡാശാദികൾ വേവിയ്ക്കുക. മറുകര – കർമ്മാവസാനം.

5. വഴി – പണികളെന്ന അസുരരുടെ ഉപദ്രവം നീക്കാൻ. സ്തോത്രം വർദ്ധിപ്പിച്ചു – അവരുടെ സ്തുതിയെ അഭീഷ്ടദാനത്താൽ സഫലമാക്കി. പിന്മാററിച്ചു – ഉഷസ്സ് സൂര്യോദയത്തിൽ അപ്രത്യക്ഷമാകുമല്ലോ. അശ്നൻ – ഒരസുരൻ.

6. ഉന്മുഖനായി – അഭീഷ്ടം നല്കാനൊരുങ്ങി. അമർത്തുന്ന – ശത്രുക്കളെ. ദാസൻ – ഒരസുരൻ.

7. ദാസസേനകൾ – ദാസാസുരന്റെ പടകൾ.

8. ബലവർദ്ധകം – ഹവിസ്സ്.

## സൂക്തം 21.

ഗൃത്സമദൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

വിശ്വജിത്തും, ധനജിത്തും, സ്വർഗ്ഗജിത്തും, സത്രാജിത്തും, നായകജിത്തും, ഉർവരാജിത്തും, അശ്വജിത്തും, ഗോജിത്തും, ജലജിത്തും, യഷ്ടവ്യനുമായ ഇന്ദ്രന്നു ഭവാൻ കമനീയമായ സോമം ഒരുക്കുക. (1)

അമർത്തുന്നവനും, അമർത്തപ്പെടാത്തവനും, ഹിംസിയ്ക്കുന്നവനും, ഹിംസിയ്ക്കപ്പെടാത്തവനും, അടക്കുന്നവനും, സദാ ചെറുക്കുന്നവനും, സർവംസഹനും, സവിതാവും, കഴുത്തു തടിച്ചവനും, വോഢാവുമായ ഇന്ദ്രന്നു നിങ്ങൾ നമസ്സു ചൊല്ലുവിൻ! (2)

സദാ ചെറുക്കുന്നവൻ, കരുത്തരെ ചെറുക്കുന്നവൻ, ജനങ്ങളിൽ ചെല്ലുന്നവൻ, ഭ്രംശിപ്പിയ്ക്കുന്നവൻ, യോദ്ധാവ്, പ്രീതിപ്പെടുവോളം സോമസിക്തൻ, അഭീഷ്ടസമ്പാദകൻ, അമർത്തുന്നവൻ, പ്രജാരക്ഷകൻ – ഇപ്രകാരമുള്ള ഇന്ദ്രൻ കാണിച്ച വീര്യങ്ങൾ ഞാൻ വർണ്ണിയ്ക്കാം: (3)

അദ്വിതീയനായ ദാതാവ്, ശ്രേഷ്ഠൻ, ഹിംസകരെ ഹിംസിയ്ക്കുന്നവൻ, ഗംഭീരൻ, മഹാൻ, ദുസ്സാധകർമ്മാവ് സമ്പന്നപ്രേരകൻ, മെലിയിയ്ക്കുന്നവൻ, ദൃഢഗാത്രൻ, തടിച്ചവൻ, സുയജ്ഞൻ – ഇപ്രകാരമുള്ള ഇന്ദ്രൻ ഉഷസ്സിനെയും സൂര്യനെയും ഉൽപ്പാദിപ്പിച്ചു. (4)

മഴ പെയ്യിയ്ക്കുന്ന ഇന്ദ്രനെ സ്തുതിച്ചു, തൽപരരായ മനീഷികൾ തപസ്സുകൊണ്ടു വഴിയറിഞ്ഞു; ഉടനേ, രക്ഷയ്ക്കായി ഉറക്കെ സ്തുതിച്ചു സമീപിച്ചു ധനത്തെ വീണ്ടെടുത്തു. (5)

ഇന്ദ്ര, അങ്ങു ഞങ്ങൾക്ക് ഉത്തമധനങ്ങളും, കർമ്മകൌശലഖ്യാതിയും, സൌഭാഗ്യവും, ഞങ്ങളുടെ സമ്പത്തിന്നഭിവൃദ്ധിയും ദേഹത്തിന്നാരോഗ്യവും, വാക്കിന്നു മാധുര്യവും, പകലുകൾക്കു സുദിനത്വവും തന്നരുളുക! (6)

### കുറിപ്പുകൾ: സൂക്തം 21.

1. വിശ്വജിത്ത് – .എല്ലാററിനെയും ജയിച്ചവൻ; ഇതിന്റെ വിവരണമാണ്, ജലജിത്ത് എന്നതുവരെ. സത്രാജിത്ത് = സതതവിജയി. ഉർവര = എല്ലാസ്സസ്യങ്ങളുമുള്ള ഭൂമി. ഭവാൻ – അധ്വര്യുവിനോടു പറയുന്നതാണിത്.
2. സ്തോതാക്കളോടു പറയുന്നു: സവിതാവ് = സ്രഷ്ടാവ്. നമസ്സ് – നമസ്കാരത്തോടുകൂടിയ സ്തോത്രം.
3. ജനങ്ങളിൽ ചെല്ലുന്നവൻ – അഭീഷ്ടം നല്കാൻ. ഭ്രംശിപ്പിയ്ക്കുന്നവൻ – ശത്രുക്കളെ. സോമസിക്തൻ – സോമനീർ തളിയ്ക്കപ്പെട്ടവൻ.
4. സമ്പന്നപ്രേരകൻ – ധനാഢ്യരെ യജ്ഞത്തിന്നു പ്രേരിപ്പിയ്ക്കുന്നവൻ. മെലിയിയ്ക്കുന്നവൻ – ശത്രുക്കളെ ശോഷിപ്പിയ്ക്കുന്നവൻ.
5. തൽപരർ – ഇന്ദ്രകാമന്മാർ. മനീഷികൾ – അംഗിരസ്സുകൾ. വഴി – ഗോക്കൾ പോയ വഴി. സമീപിച്ച് – ഇന്ദ്രന്റെ അടുക്കൽ ചെന്ന്. ധനത്തെ – ഗോവൃന്ദത്തെ.
6. പകലുകൾക്കു സുദിനത്വം – എല്ലാദ്ദിവസങ്ങളും ഞങ്ങൾക്കു സുദിനങ്ങളായിബ്ഭവിയ്ക്കട്ടെ!

## സൂക്തം 22.

ഗൃത്സമദൻ ഋഷി; അഷ്ടിയും അതിശക്വരിയും ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഈ പൂജനീയനായ ബലിഷ്ഠൻ ആഭിപ്ലവികദിവസങ്ങളിൽ പിഴിഞ്ഞു യവമലർപ്പൊടിയിട്ടതു വിഷ്ണുവൊന്നിച്ചു യഥേഷ്ടം മതിയാവോളം പാനംചെയ്തു; അതു് ഈ വലിയ മഹാനെ മഹാകർമ്മം ചെയ്യാൻ മത്തുപിടിപ്പിച്ചു – ആ തിളങ്ങുന്ന സത്യസോമം ഈ സത്യനായ ഇന്ദ്രദേവങ്കൽ വ്യാപിച്ചു! (1)

പിന്നീട്, ഈ തേജസ്വി ഓജസ്സുകൊണ്ടു ക്രിവിയെ പൊരുതിത്തോല്പിച്ചു; അവന്റെ രക്തക്കുഴമ്പുകൊണ്ടു വാനൂഴികൾ നിറച്ചു, വളർന്നരുളി. ഒരു ഭാഗം തിരുവയറ്റിലാക്കി; മറേറബ്ഭാഗം വിട്ടുകൊടുത്തു. ആ തിളങ്ങുന്ന സത്യസോമം ഈ സത്യനായ ഇന്ദ്രദേവങ്കൽ വ്യാപിച്ചു! (2)

അങ്ങു കർമ്മത്തോടുകൂടി ജനിച്ച്, ഓജസ്സോടുകൂടി ഭരിപ്പാൻതുടങ്ങി: വീര്യത്തോടുകൂടി വളർന്നു, ഹിംസകരെ അമർത്തുന്നു; വേർതിരിച്ചു കാണുന്നു; സ്തുതിയ്ക്കുന്നവന്നു പൊറുക്കാൻ സ്പൃഹണീയമായ ധനം നല്കുന്നു. ആ തിളങ്ങുന്ന സത്യസോമം ഈ സത്യനായ ഇന്ദ്രദേവങ്കൽ വ്യാപിച്ചു! (3)

ഇന്ദ്ര, നൃത്തംവെപ്പിയ്ക്കുന്നവനേ, സ്വർഗ്ഗത്തിൽ ശ്ലാഘിയ്ക്കത്തക്കതാകുന്നു, മനുഷ്യഹിതവും മഹത്തരവുമായി ഭവാൻ പണ്ടു ചെയ്ത കർമ്മം: അങ്ങു ബലംകൊണ്ട് അസുരന്റെ അസു പോക്കി, ജലമൊഴുക്കിയല്ലോ. ശതക്രതു വ്യാപ്തനായ അസുരനെ കരുത്തുകൊണ്ടമർത്തട്ടെ; കെല്പു നേടട്ടെ; അന്നം നേടട്ടെ! (4)

### കുറിപ്പുകൾ: സൂക്തം 22.

1. ഇട്ടത് – ഇട്ട സോമനീർ.
2. ഒരു ഭാഗം – സോമത്തിന്റെ ഒരംശം. വിട്ടുകൊടുത്തു – ദേവന്മാർക്ക്.
3. വേർതിരിച്ചു – സദസജ്ജനങ്ങളെ.
4. നൃത്തംവെപ്പിയ്ക്കുന്നവൻ – എല്ലാരെയും ചേഷ്ടിപ്പിയ്ക്കുന്നവൻ. അസുരൻ – വൃത്രൻ. അസു = പ്രാണൻ. ജലമൊഴുക്കി – മഴ പെയ്യിച്ചു. അടുത്ത വാക്യം പരോക്ഷം.

## സൂക്തം 23.

ഗൃത്സമദൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; ബ്രഹ്മണസ്പതിയും ബൃഹസ്പതിയും ദേവത. (കേക)

വിളിപ്പൂ, കവികൾക്കു കവിയായ്ഗ്ഗണങ്ങൾക്കു
വിഭുവായുൽക്കൃഷ്ടാന്നം വായ്ക്കുമങ്ങയെ ഞങ്ങൾ:
ബ്രഹ്മണസ്പതേ, ബ്രഹ്മസ്വാമി മുമ്പരിൽ മുമ്പ-
നങ്ങസ്മൽസ്തുതി കേട്ടു വാഴ്ക, രക്ഷയ്ക്കായ് ഗ്ഗേഹേ! (1)

ജ്ഞാനമേറിയ ദൈത്യഹന്താവാം ഭവാനുടെ
വാനവന്മാരും നേടീ, യജ്ഞാംശം ബൃഹസ്പതേ;
വന്മഹസ്സാളും സൂര്യൻ കിരണങ്ങളെപ്പോലേ,
നിർമ്മിച്ചതങ്ങുന്നല്ലോ, സർവമന്ത്രങ്ങളെയും! (2)

ദുരിതത്തെയും തമസ്സിനെയും പോക്കിയിരു-
ന്നരുൾവൂ, ബൃഹസ്പതേ, യജ്ഞസിദ്ധിയ്ക്കായ്ബ്ഭവാൻ,
ഘോരമായ്ദ്ധ്വസ്താരിയായ്ദ്ദീപ്രമായ് രക്ഷോഘ്നമായ്-
ക്കാറിനെപ്പിളർപ്പതായ് വിൺപൂകിപ്പതാം തേരിൽ! (3)

നരരെസ്സന്മാർഗ്ഗത്തിൽ നടത്തും, രക്ഷിയ്ക്കും നീ;
ദുരിതം തൊടുകില്ലാ, ഭവാനു തരുന്നോനെ.
ബ്രഹ്മദ്വിട്ടിനെ നീറ്റും നിഹതക്രോധൻ ഭവാൻ;
ഇമ്മട്ടിൽപ്പെരുതു, നിൻമാഹാത്മ്യം ബൃഹസ്പതേ! (4)

ബ്രഹ്മണസ്പതേ, സാധുരക്ഷകൻ ഭവാൻ കാക്കു-
മമ്മനുഷ്യനെത്തീണ്ടാ, പാപവും സന്താപവും;
മാററാരോ ചതിയരോ ദ്രോഹിയ്ക്കില്ലൊരേടത്തും;
മാററിനിർത്തുമേ, കൊലക്കുട്ടരെയെല്ലാം ഭവാൻ! (5)

ഞങ്ങൾക്കു വഴിവെട്ടും രക്ഷകൻ, സുദൃക്കാം നീ;
ഞങ്ങൾ നിന്മഖത്തിന്നായ് സ്തോത്രങ്ങൾ പാടീടുന്നു:
ഞങ്ങളിൽച്ചതികൂട്ടുന്നവന്റെ ദുർബ്ബുദ്ധിയ്ക്കു
ഭംഗമഞ്ജസാ ഭവിയ്ക്കേണമേ, ബൃഹസ്പതേ! (6)

വന്നേറ്റു മുതൽ കവർന്നേതൊരു കേമൻ പിഴ-
യൊന്നുമേ ചെയ്യിട്ടില്ലാത്തെങ്ങളെ ദ്രോഹിയ്ക്കുമോ;
നീക്കുക, വഴിയിൽനിന്നവനെബ്ബൃഹസ്പതേ;
തീർക്കുകി,ക്രതുവിന്നു നേർവഴി ഞങ്ങൾക്കു നീ! (7)

അംഗരക്ഷകൻ, കുട്ടിച്ചൊല്ലുവോന,സ്മൽപര-
നങ്ങയെ വിളിയ്ക്കുന്നു ദുഃഖതാരക, ഞങ്ങൾ:
ദേവനിന്ദകരെ നീ മുടിയ്ക്ക, ബൃഹസ്പതേ;
കേവലസുഖം നേടീടൊല്ല, ദുർന്നടത്തക്കാർ! (8)

ബ്രഹ്മണസ്പതേ, പുഷ്ടിദായിയാം നിന്നാൽ നേടു-
കി,മ്മനുഷ്യരിൽനിന്നു കാമ്യമാം ധനം ഞങ്ങൾ;

ദൂരത്തോ സമീപത്തോ ഞങ്ങളെക്കയ്യേറുന്ന
വൈരികളാകും കർമ്മഹീനരെത്തുലയ്ക്ക നീ! (9)

ഒരുക്കീടാവൂ, ഞങ്ങളഗ്ര്യാന്നം ബൃഹസ്പതേ,
നിറവു വരുത്തും നിർമ്മലനാം നിൻ യോജിപ്പാൽ!
ഞങ്ങളിലാളാകൊല്ലാ, കയ്യേറാനൊരു ദുഷ്ടൻ:
മംഗളസ്തോത്രം ചൊല്ലിക്കൈവളരാവൂ, ഞങ്ങൾ! (10)

പടയിൽക്കയ്യേറുന്നോന,ദ്വിതീയനാം ദാതാ-
വ,ടരിൽച്ചെൽവോൻ, കാമം പെയ്യുവോൻ, പരന്തപൻ,
ദൃഢദർപ്പരാമുഗ്രന്മാരെയുമടക്കുവോൻ,
കടമവീട്ടുന്നവൻ, ബ്രഹ്മണസ്പതേ, ഭവാൻ. (11)

ഏവനാസുരഭാവാൽ ദ്രോഹിയ്ക്കും, ഞെളിച്ചിൽ പൂ-
ണ്ടേതുഗ്രൻ മുതിർന്നീടും, സ്തോതാവെ നിഹനിപ്പാൻ;
അവന്റെ ശസ്ത്രം തീണ്ടായ്ക്കെ,ങ്ങളെ ബ്ബൃഹസ്പതേ;
ജവിയാമദ്ദുഷ്ടന്റെ ച്ചുണ പോക്കാവൂ, ഞങ്ങൾ! (12)

അടരിലാഹ്വാതവ്യാനാ,നമിച്ചുപഗമ്യൻ,
പടയിൽച്ചെൽവോൻ, ധനം, ധനമേകുന്നോൻ, നാഥൻ,
പിടികൂടുവാൻനോക്കുമിപ്പടകളെയെല്ലാ-
മുടയ്ക്ക, രഥങ്ങളെപ്പോലവേ ബൃഹസ്പതി! (13)

ദുഷ്ടവീര്യനാം നിന്നെപ്പഴിയ്ക്കുമരക്കരെ-
ച്ചുട്ടെരിച്ചാലും, തീക്ഷ്ണതാപനായുധത്താൽ നീ-
നഷ്ടമായ്ക്കിടന്ന നിൻ നവ്യമാം വീര്യം കാണി-
ച്ചി,ട്ടരച്ചാലും, നിന്ദിപ്പോരെ നീ ബൃഹസ്പതേ! (14)

ഏതിനെ മികച്ചോനും മാനിയ്ക്കും, ബൃഹസ്പതേ;
യാതൊന്നു ജനങ്ങളിൽക്കർമ്മാർത്ഥം വിളങ്ങീടും;
ശുദ്ധിയാൽശ്ശോഭിപ്പിയ്ക്കും, യാതൊന്നു; വിചിത്രമാ-
മദ്ധനം സത്യോൽപന്ന, ഞങ്ങളിൽ വെച്ചാലും നീ! (15)

ഏവർ തീങ്കൊതിയന്മാർ, ദ്രോഹത്തിലിമ്പംകൊൾവോർ,
ദേവപൂജനം ചെയ്യില്ലെന്നുള്ളിലുറച്ചവർ;
പററലരാമക്കള്ളന്മാർക്കു നല്കൊല്ലേ, സാമം
മററില്ലെന്നറിഞ്ഞോരാം ഞങ്ങളെ ബൃഹസ്പതേ! (16)

ത്വഷ്ടാവാലുലകങ്ങൾക്കൊക്കയുമുപരിയായ്-
സ്സൃഷ്ടനാം ഭവാനല്ലോ, നിർമ്മിച്ചു സാമം, സാമം;
ദുഷ്ടരെ വധിയ്ക്കുമാ ബ്രഹ്മണസ്പതി കട-
പ്പെട്ടവൻ, മഹായജ്ഞകാരിയ്ക്കു കടം തീർപ്പോൻ! (17)

ഗോരോധിഗിരിദ്വാരം തുറന്നു, തവ പൂകാൻ;
ഗോക്കളെപ്പുറത്തെയ്ക്കു വിട്ടിതാംഗിരസൻ നീ;
ഇന്ദ്രനോടൊന്നിച്ചി,രുൾ മൂടിയ മുകിലിനെ-
ച്ചെന്നധോമുഖമാക്കി നിർത്തി, നീ ബൃഹസ്പതേ! (18)

വിശ്വയന്താവാം ഭവാൻ ബ്രഹ്മണസ്പതേ, കേൾക്കു-
കിസ്സൂക്തം; തരികയും ചെയ്ക, മക്കൾക്കു സുഖം;
സർവവും ശുഭമാമേ, ദേവരക്ഷിതമായാൽ;-
സ്സത്രത്തിൽ സ്തുതിയ്ക്കാവൂ, സദ്വീരാന്വിതരെങ്ങൾ! (19)

## കുറിപ്പുകൾ: സൂക്തം 23.

1. ഗണങ്ങൾ – ദേവാദിവർഗ്ഗങ്ങൾ. വിഭു = സ്വാമി. ബ്രഹ്മസ്വാമി = മന്ത്രങ്ങളുടെ അധിപതി. മുമ്പരിൽ മുമ്പൻ – ഉത്തമോത്തമൻ. അങ്ങ് = ഭവാൻ. ഗേഹേ – യജ്ഞഗൃഹത്തിൽ.
2. ഭവാനുടെ – അങ്ങയുടെ ആളുകളായ.
3. ഘോരം – ശത്രുക്കൾക്കു ഭയങ്കരം. ധ്വസ്താരി = ശത്രുക്കളെ നശിപ്പിയ്ക്കുന്നത്, ഇതിന്റെ വിവരണമാണ്, രക്ഷോഘ്നമായ് എന്നത്.
4. തരുന്നോനെ – ഹവിരർപ്പകനെ. ബ്രഹ്മദ്വിട്ട് = മന്ത്രദ്വേഷി. നീറ്റും – ചുട്ടെരിയ്ക്കും. നിഹതക്രോധൻ = ക്രോധത്തെ നശിപ്പിച്ചവൻ.
5. സാധുരക്ഷകൻ = വഴിപോലെ രക്ഷിയ്ക്കുന്നവൻ. കൊലക്കൂട്ടർ = ഹിംസകർ.
6. വഴി – സന്മാർഗ്ഗം. സുദൃക്ക് = വഴിപോലെ കാണുന്നവൻ, സർവജ്ഞൻ. നിന്മഖത്തിന്നായ് – അങ്ങയെ യജിപ്പാൻ. ഭംഗം = നാശം.
7. തീർക്കുക = ഉണ്ടാക്കുക.
8. അംഗരക്ഷകൻ – ഞങ്ങളുടെ ദേഹം രക്ഷിയ്ക്കുന്നവൻ. അസ്മൽപരൻ – ഞങ്ങളിൽ താൽപര്യമുള്ളവൻ. ഇതുമൂലം കൂട്ടിച്ചൊല്ലുവോൻ – ഞങ്ങളുടെ ഗുണത്തെ അധികമാക്കി പറയുന്നവൻ. ദുഖതാരക = ദുഃഖങ്ങളെ കടത്തിവിടുന്നവനേ. കേവലസുഖം – ദുഃഖസ്പർശമില്ലാത്ത, മികച്ച സുഖം.
9. നിന്നാൽ – അങ്ങയുടെ തുണയാൽ.
10. അഗ്ര്യാന്നം – ഉത്തമഹവിസ്സ്. നിറവ് – അഭീഷ്ടപൂർത്തി. യോജിപ്പ് = ചേച്ച, തുണ. കൈവളരാവൂ – വർദ്ധിയ്ക്കുമാറാകട്ടെ.
11. കയ്യേറുന്നോൻ – ശത്രുക്കളെ ആക്രമിയ്ക്കുന്നവൻ.
12. ജവി = വേഗവാൻ.
13. ആനമിച്ചുപഗമ്യൻ = നമസ്കരിച്ചു സമീപിയ്ക്കപ്പെടേണ്ടുന്നവൻ. ധനം ധനം – ആദരത്താൽ ദ്വിരുക്തി. ഇപ്പടകൾ – ഹിംസകസേനകൾ. രഥങ്ങളെപ്പോലവേ – യുദ്ധത്തിൽ എതിർതേരുകളെ ഉടയ്ക്കുന്നതുപോലെ.
14. തീക്ഷ്ണതാപനായുധം = മൂർച്ചയേറിയ, തപിപ്പിയ്ക്കുന്ന ആയുധം.
15. അദ്ധനം – ബ്രഹ്മതേജസ്സാകുന്ന ധനം. സത്യോൽപന്ന = സത്യത്തിൽ നിന്നു ജനിച്ചവനേ.
16. സാമം മററില്ലെന്ന് – അങ്ങല്ലാതെ മറെറാരു സാമമില്ലെന്ന്, അങ്ങുതന്നെ സാമമെന്ന്.
17. ത്വഷ്ടാവ് = പ്രജാപതി. സാമം സാമം – ഓരോ സാമവും. ഉത്തരാർദ്ധം പരോക്ഷവചനം. മഹായജ്ഞകാരി = വലിയ യാഗം ചെയ്യുന്നവൻ.
18. ഗോരോധിഗിരിദ്വാരം = ഗോക്കളെത്തടഞ്ഞ പർവതത്തിന്റെ ഗുഹ. തവ പൂകാൻ = അങ്ങയ്ക്കു കടപ്പാൻ. തുറന്നൂ – താനേ തുറന്നു. ആംഗിരസൻ – അംഗിരോഗോത്രോൽപന്നൻ. അധോമുഖമാക്കി നിർത്തി – ഭൂമിയിൽ മഴ പെയ്യാൻ.

19. വിശ്വയന്താവ് = ജഗന്നിയാമകൻ. ദേവരക്ഷിതമായാൽ – അങ്ങയെപ്പോലുള്ള ദേവന്മാർ രക്ഷിച്ചാൽ. സത്രം = യാഗം.

ആറാമധ്യായം സമാപ്തം.

# ഋഗ്വേദം: രണ്ടാം അഷ്ടകം

## ഏഴാം അദ്ധ്യായം

മണ്ഡലം 2 അനുവാകം 3

## സൂക്തം 24.

ഗൃത്സമദൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; ബ്രഹ്മണസ്പതിയും ഇന്ദ്രനും ദേവത. (കേക)

ബ്രഹ്മണസ്പതേ, കേൾക്കുകിസ്തുതി സർവേശൻ നീ;-
യിമ്മഹാനവവാക്കാൽസ്സേവിച്ചിടാവൂ ഞങ്ങൾ!
ഞങ്ങൾതൻ സ്തോതാവു നിൻമിത്രമായ് സ്തുതിയ്ക്കുന്നു-
ണ്ട;– ത്തിന്നൊത്ത ഫലം ഞങ്ങളെയേല്പിച്ചാലും! (1)

കരുത്താൽക്കുനിയിച്ചാൻ കുനിയിയ്ക്കേണ്ടുന്നോരെ;-
ക്കനത്ത മുകിലിനെപ്പിളർത്താനരിശത്താൽ;
വീഴ്ത്തിനാൻ വീഴാതെനിന്നതിനെ;– ദ്ധനങ്ങളെ-
പ്പൂഴ്ത്തിയ മലയിലും ബ്രഹ്മണസ്പതി പുക്കാൻ! (2)

അദ്ദേവദേവൻ ചെയ്തതാണേ:– റ്റമുറപ്പുള്ള
വസ്തുവുമുടഞ്ഞുപോയ്; പരുഷം പതുപ്പാർന്നു;
ഗോക്കളെക്കേറ്റീ; ചീന്തീ വലനെ; മന്ത്രംകൊണ്ടു
പോക്കി, കൂരിരുൾ; പേർത്തും സൂര്യനെത്തെളിയിച്ചൂ! (3)

തേൻ തുകും വിശാലമാമേതൊരു മുകിലിനെ-
ത്താൻതന്നേ പിളർത്തിയോ ബ്രഹ്മണസ്പതി കെല്പാൽ;
അതിനെത്തന്നേ മോന്തുമർക്കാംശുവെല്ലാം പില്പാ-
ടധികം നിറയ്ക്കുന്നു, ചേർന്നൊത്തു വർഷാഭ്രത്തെ! (4)

ബ്രഹ്മണസ്പതിയുടെ ചില ശാശ്വതജ്ഞാന-
നിർമ്മിതി നിങ്ങൾക്കായിത്തിങ്ങളാണ്ടുകളാലേ
വന്നെത്തുമുദകത്തിൻ കതകു തുറക്കുമ്പോ-
ളൊന്നിനെബ്ഭുജിയ്ക്കും ഭൂവൊ,ന്നിനെ ദ്യോവും സ്വൈരം! (5)

പണികൾ കുഴിച്ചിട്ട പെരിയ നിധിയെപ്പാർ-
ത്തണഞ്ഞാർ, ചുഴലവുമലഞ്ഞുനടന്നെവർ;
അറിവേറിയോരവർ മായകൾ കണ്ടു,ൾപ്പൂകാൻ
പുറപ്പെട്ടേടത്തെയ്ക്കേ മടങ്ങിപ്പോന്നീടിനാർ. (6)

മായകൾ കണ്ടു തിരിച്ചിട്ടു, പിന്നെയും മഹ-
ത്തായൊരു മാർഗ്ഗേ നിന്നക്കവികൾ നേരുറ്റവർ
ഇരുകൈത്തിരുമ്മലാ,ലങ്ങില്ലാതിരുന്ന ച-
ട്ടെരിയും ചെന്തീ ചമച്ചെറിഞ്ഞാർ, പാറക്കെട്ടിൽ. (7)

സത്യമാകിയ ഞാണുള്ളെയ്ത്തുവില്ലിനാലെത്തു,-
മുദ്ദിഷ്ടസ്ഥലത്തെങ്ങും ബ്രഹ്മണസ്പതിദേവൻ:
അർത്ഥസാധകമല്ലോ, വിശ്വദൃക്കവനെയ്യും
ബുദ്ധിജാതവും കർണ്ണസ്പൃക്കമാമമ്പോരോന്നും! (8)

ചേർത്തിണക്കീടും, വേറുപെടുത്തും, പോരിൽച്ചെല്ലും,
കീർത്തിതൻ പുരോഹിതൻ ബ്രഹ്മണസ്പതിദേവൻ;

ദ്രഷ്ടാവാമവൻ കൊറ്റും നൽസ്വത്തും വളർക്കയാൽ
ക്ലിഷ്ടതയെന്ന്യേ ജ്വലിയ്ക്കുന്നു, ചൂടേകും സൂര്യൻ! (9)

വൃഷ്ടികർത്താവാം ബൃഹസ്പതിതൻ വിഭൂതികൾ
പുഷ്ടങ്ങളു,ദാരങ്ങൾ, മുഖ്യങ്ങൾ, സംപ്രാപ്യങ്ങൾ;
ഭരിതാന്നനാം കമനീയന്റെയിസ്സമ്പത്താ-
ലിരുന്നു ഭുജിയ്ക്കുന്നു, രണ്ടുകൂട്ടരും സൌഖ്യം! (10)

പെരിയോനെയും ശേഷി കുറഞ്ഞോനെയും കെല്പാൽ-
ബ്ഭരിപ്പിതെ, ല്ലാംകൊണ്ടും വിഭുവാം സ്തുത്യനെവൻ;
ദേവർതൻ പ്രതിനിധിയായേറ്റം പുകൾപ്പെട്ടോ-
നേ,വർക്കും മുകളിലാ, ബ്രഹ്മണസ്പതിദേവൻ! (11)

സത്യമേ, നിങ്ങൾക്കുള്ളതൊക്കയും സമ്പന്നരേ;
നിർത്തിയ്ക്കില്ലല്ലോ,രുത്തരും നിങ്ങൾതൻ പ്രവൃത്തിയെ;
ഇങ്ങാഗമിപ്പിൻ, തീറ്റയ്ക്കിരുതേരശ്വങ്ങൾപോ-
ലെ,ങ്ങൾതന്നവിസ്സിന്നായ് ബ്രഹ്മണസ്പതീന്ദ്രരേ! (12)

ശ്രുവിയ്ക്കും, ശൂരഘ്നന്റെ വേഗികൾ കുതിരകൾ;
കവിയാം സഭ്യൻ സ്തുതിച്ചോരുക്കുന്നുണ്ടു ധനം.
ആകാംക്ഷപോലേ തിരിച്ചെടുത്തീടട്ടേ കടം:
യാഗാന്നഭാക്കാണല്ലോ, ബ്രഹ്മണസ്പതിയവൻ! (13)

പെരിയ കർമ്മം ചെയ്യും ബ്രഹ്മണസ്പതിയുടെ-
യരിശമമോഘമായ്ത്തീർന്നിതു യഥാകാമം:
ഗോക്കളെക്കേററിപ്പങ്കിട്ടേകിനാൻ വിണ്ണിന്നവൻ;
പൈക്കൂട്ടം പിരിഞ്ഞോടീ, വൻനീർച്ചാൽകണക്കേക്കിൽ! (14)

വടിവിൽസ്സൂക്ഷിയ്ക്കേണ്ടും സ്വത്തിനുമന്നത്തിന്നു-
മുടയോരാകെ,ന്നെന്നും ബ്രഹ്മണസ്പതേ, ഞങ്ങൾ;
ഞങ്ങൾതൻ വീരന്മാരെച്ചേർക്ക വീരരോ;ടീശ –
നങ്ങിച്ഛിപ്പതുണ്ടല്ലോ, വിളിയും ഹവിസ്സും മേ! (15)

വിശ്വയന്താവാം ഭവാൻ ബ്രഹ്മണസ്പതേ, കേൾക്കു-
കിസ്സൂക്തം; തരികയും ചെയ്ക മക്കൾക്കു സുഖം.
സർവവും ശുഭമാമേ, ദേവരക്ഷിതമായാൽ;-
സ്സത്രത്തിൽ സ്തുതിയ്ക്കാവൂ, സദ്വീരാന്വിതരെങ്ങൾ! (16)

## കുറിപ്പുകൾ: സൂക്തം 24.

1. മഹാനവവാക്ക് – മഹത്തായ പുതിയ സ്തുതി.
2. കുനിയിയ്ക്കേണ്ടുന്നോർ – രാക്ഷസാദികൾ. വീഴാതെനിന്നത് – വെള്ളം. ധനങ്ങളെപ്പൂ ഴ്ത്തിയ – ഗോക്കളെ ഗുഹയിലടച്ച.
3. അദ്ദേവദേവൻ ചെയ്തതാണ് – ഇതൊക്കെ. വസ്തു – പർവതാദി. പരുഷം പതുപ്പാർന്നു – പറുപറുപ്പുള്ള വൃക്ഷവും മറ്റും മൃദുത്വം പൂണ്ടു. കേററി – ഗുഹയിൽനിന്ന്. ചീന്തി = പിളർത്തി. കൂരിരുൾ – വലനിർമ്മിതമായ തമസ്സ്.

4. തേൻ – മധുരജലം. അത് – മേഘജലം. മോന്തും – വേനല്ക്കാലത്തുകുടിയ്ക്കുന്ന. നിറയ്ക്കുന്നു – നീരാവികൊണ്ട്.

5. ഋത്വിക്കുകളോടും യജമാനന്മാരോടും പറയുന്നു: ശാശ്വതജ്ഞാനനിർമ്മിതി – മന്ത്രനിർമ്മാണം. ഉദകത്തിൻ കതക് = മേഘദ്വാരം. ഒന്നിനെ – വർഷജലത്തെ. ഒന്നിനെ ദ്യോവും – ഭൂമിയിൽ മഴയാലുണ്ടാകുന്ന അന്നത്തെ ദ്യോവും ഭുജിയ്ക്കും. സ്വൈരം – നിഷ്പ്രയാസം.

6. പണികൾ – അസുരർ. നിധിയെ – ഗോധനത്തെ. അവർ – അംഗിരസ്സുകൾ. മായകൾ – അസുരരുടെ. ഉൾപ്പൂകാൻ പുറപ്പെട്ടേടത്തെയ്ക്കേ – ഗുഹയിൽ കടക്കാൻ എവിടെനിന്നു പുറപ്പെട്ടുവോ, അവിടെയ്ക്കുതന്നെ.

7. അക്കവികൾ – അംഗിരസ്സുകൾ. കൈപ്പടങ്ങൾ കൂട്ടിത്തിരുമ്മി തിയ്യുണ്ടാക്കി.

8. എയ്ത്തുവില്ല് – അമ്പെയ്യുന്ന വില്ല്. വിശ്വദൃക്ക് – ജഗദ്ദ്രഷ്ടാവ്. അമ്പ് – മന്ത്രം. കർണ്ണസ്പൃക്ക് = ചെവികളെ സ്പർശിക്കുന്നത്; ശ്രോത്രഗ്രാഹ്യം. തൊടുത്തുവലിയ്ക്കുമ്പോൾ അമ്പും കർണ്ണസ്പൃക്കാകുമല്ലോ. മന്ത്രംകൊണ്ട് അദ്ദേഹം എന്തും സാധിയ്ക്കും!

9. മന്ത്രബലംകൊണ്ടു ചേർത്തിണക്കിടും – വേർപെട്ടവയെ. കീർത്തിതൻ = സ്തുതൻ.

10. ഭരിതാന്നൻ = അന്നങ്ങളെ സംഭരിയ്ക്കുന്നവൻ. രണ്ടുകൂട്ടരും – ദേവകളും മനുഷ്യരും.

12. നിങ്ങൾക്കുള്ളതൊക്കെയും സത്യമേ – നിങ്ങളെക്കുറിച്ചുള്ളതു മുഴുവനും യഥാർത്ഥംതന്നെയാണ്; അതിൽ ഗുണാരോപണമൊന്നുമില്ല. നിർത്തിയ്ക്കില്ല – ആരും ആളാവില്ല, മുടക്കാൻ. അവിസ്സിന്നായ് – ഹവിസ്സു ഭുജിപ്പാൻ. ബ്രഹ്മണസ്പതീന്ദ്രർ = ബ്രഹ്മണസ്പതിയും ഇന്ദ്രനും.

13. ക്രൂരഘ്നന്റെ – ക്രൂരരായ രാക്ഷസാദികളെ ഹനിയ്ക്കുന്ന ബ്രഹ്മണസ്പതിയുടെ. കുതിരകൾ ശ്രവിയ്ക്കും – നമ്മുടെ സ്തുതി കേൾക്കും; അവ അദ്ദേഹത്തെ ഇവിടെ കൊണ്ടുവരും. സഭ്യൻ – ഹോതാവ്. ധനം – ഹവിസ്സ്. കടം – നാം കൊടുത്തുതീർക്കേണ്ടത്.

14. വിണ്ണിന്ന് – ദേവന്മാർക്ക്. പിരിഞ്ഞ് ഓടി – വെവ്വേറെ ഉടമസ്ഥന്മാരുടെ അടുക്കലെയ്ക്കു പാഞ്ഞുപോയി.

15. വടിവിൽ – വഴിപോലെ. വീരന്മാരെ വീരരോടു ചേർക്ക – പുത്രന്മാരെ പുത്രന്മാരോടു ചേർത്താലും; ഞങ്ങൾക്കു പൌത്രരും ഉണ്ടാകട്ടെ. ഇച്ഛിപ്പതുണ്ടല്ലോ – അതിനാൽ, ഞാനപേക്ഷിച്ചതു ചെയ്യുക.

## സൂക്തം 25.

ഗൃത്സമദൻ ഋഷി; ജഗതി ഛന്ദസ്സ്; ബ്രഹ്മണസ്പതി ദേവത. (കേക)

ആരിലുണ്ടാമോ സഖ്യം ബ്രഹ്മണസ്പതിയ്ക്ക്,വൻ
വൈരിഹന്താവായ്ത്തീരും; സ്തോത്രോച്ചാരണത്തോടേ
അഗ്നിയെ ജ്വലിപ്പിച്ച ഹവിസ്സു സമർപ്പിച്ചി-
ട്ടുദ്ഗതി നേടും; കാണും, മകന്റെ മകനെയും! (1)

ആരിലുണ്ടാമോ സഖ്യം ബ്രഹ്മണസ്പതിയ്ക്ക്,വൻ
വീരരാൽ വീരന്മാരാം മാറ്റാരെക്കൊലചെയ്യും;
ഭൂരിഗോധനനാകും;സ്വയമേ ജ്ഞാനം നേടും;
ചേരുമേ, വളർച്ചയും മകനും തൽപുത്രനും! (2)

ആരിലുണ്ടാമോ സഖ്യം ബ്രഹ്മണസ്പതിയ്ക്ക്,വൻ,
തീരത്തെപ്പുഴപോലേ,മൂരിയെ വൃഷംപോലെ
വൈരിവർഗ്ഗത്തെക്കെല്പാൽത്തട്ടിവീഴിയ്ക്കും;ദുർന്നി-
വാരനമാകും,ചെന്തീജ്ജ്വാലപോലക്കർമ്മസ്ഥൻ! (3)

ആരിലുണ്ടാമോ സഖ്യം ബ്രഹ്മണസ്പതിയ്ക്ക്,വൻ
ഭൂരിഭൃത്യനായ് മുമ്പേ നേടീടും,ഗോവൃന്ദത്തെ;
വന്നെത്തും,തടവില്ലാതവങ്കൽദ്ദിവ്യജലം;
ദുർന്നിവാരൌജസ്സായിശ്ശത്രുഹത്യയും ചെയ്യും! (4)

ആരിലുണ്ടാമോ സഖ്യം ബ്രഹ്മണസ്പതിയ്ക്ക്,വ-
ന്നാറുകൾ മുഴുവനുമൊഴുകിച്ചെല്ലും നേരേ;
ധാരാളമവന്നുണ്ടാം, ചോർച്ചയില്ലാത്ത ഗൃഹം;
സ്വൈരമുമ്പരെസ്സുഖിപ്പിച്ചവനുയർന്നീടും! (5)

### കുറിപ്പുകൾ: സൂക്തം 25.

1. മകന്റെ മകനെയും കാണും – അത്രയ്ക്കു ദീർഘായുസ്സു നേടും.
2. വീരർ – സ്വപുത്രന്മാർ. ചേരുമേ – ഉണ്ടായിവരും.
3. പുഴ – നിറഞ്ഞൊഴുകുന്ന നദി. മൂരി – നിലമുഴുതാൻ ഉടയുടയ്ക്കപ്പെട്ട കന്നാലി. വൃഷം = കാള. കർമ്മസ്ഥൻ – ബ്രഹ്മണസ്പതിയെ പരിചരിയ്ക്കലാകുന്ന കർമ്മത്തിൽ വർത്തിയ്ക്കുന്നവൻ.
4. മുമ്പേ – മറ്റു യജമാനന്മാരെക്കാൾ. ദിവ്യജലം – മഴവെള്ളം;യഥാകാലം മഴ കിട്ടും.
5. വേണമെങ്കിൽ, പുഴകൾതന്നേ അവന്റെ അടുക്കലെത്തും. ഉയർന്നീടും – അഭിവൃദ്ധി നേടും.

## സൂക്തം 26.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കേക)

മാറ്റാരെക്കൊലചെയ്യും, നിർവ്യാജം സ്തുതിപ്പവ;-
നേറ്റുകീഴടക്കീടും, സേവകനസേവിയെ;
ദുർജയനെയും പോരിൽക്കൊല്ലുമേ, തർപ്പിപ്പവൻ;
യജ്വാവിന്നധീനമാ,മയജ്വാവിന്റെ ധനം! (1)

വീര, പൂജിയ്ക്ക; മദംകൊൾവോരെച്ചെറുക്കുക;
ധീരമാക്കുക, മനം പറ്റലർപ്പറക്കൊട്ടിൽ;
നിർമ്മിയ്ക്ക, ഹവ്യം ഭവാൻ സൌഭാഗ്യവാനായ്ത്തീരും;
ബ്രഹ്മണസ്പതിയോടു രക്ഷണം പ്രാർത്ഥിയ്ക്ക, നാം! (2)

ദേവപാലകനാകും ബ്രഹ്മണസ്പതിയ്ക്കേവൻ
കേവലാസ്ഥയാ ചെയ്യും, ഹവ്യത്താൽസ്സപര്യയെ;
അന്നമിങ്ങവൻ നേടും, ലോകരാൽ പ്രജകളാ-
ലുണ്ണിയാൽ സ്വജനത്താൽ; ധനവും നേതാക്കളാൽ! (3)

നമ്രനായ് നെയ്യോലുന്ന ഹവ്യത്താൽബ്ബൂജിപ്പോനെ
ബ്രഹ്മണസ്പതി കൊണ്ടുനടക്കും, നേർമാർഗ്ഗത്തിൽ;
കല്മഷം നീക്കും; പോക്കും, വിനയും വറുതിയു;–
മമ്മഹാൻ ചെയ്യു,മവന്നുരുവാമുപകാരം! (4)

### കുറിപ്പുകൾ: സൂക്തം 26.

1. അസേവി – ബ്രഹ്മണസ്പതിയെ സേവിയ്ക്കാത്തവൻ. തർപ്പിപ്പവൻ – ബ്രഹ്മണസ്പതിയെ സന്തൃപ്തനാക്കുന്നവൻ.
2. ഋഷി ഒരു സ്വകീയനെ അനുശാസിയ്ക്കുന്നു: പൂജിയ്ക്ക – ബ്രഹ്മണസ്പതിയെ യജിയ്ക്കുക. മദം = ഗർവ്. പറ്റലർപ്പറക്കൊട്ടിൽ – ശത്രുക്കൾ യുദ്ധത്തിന്നൊരുങ്ങി പടഹമടിയ്ക്കുമ്പോൾ മനം ധീരമാക്കുക.
3. കേവലാസ്ഥയാ – നിഷ്കളങ്കശ്രദ്ധയോടേ. സപര്യ = പരിചരണം. നേതാക്കളാൽ – മറ്റു പരിചാരകരാൽ ധനവും നേടും.
4. വിന = ആപത്ത്. വറുതി = ദാരിദ്ര്യം. ഉരു = മഹത്ത്.

## സൂക്തം 27.

ഗൃത്സമദനോ, മകൻ കൂർമ്മനോ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ആദിത്യർ ദേവത. (കേക)

നെെ ഉകും വചസ്സിതു നിച്ചലുമരചരാ-
മാദിതേയന്മാർക്കായ് ഞാൻ നാക്കിനാൽ ഹോമിയ്ക്കുന്നേൻ:
കേൾക്കുകെ,ങ്ങൾതൻ സ്തോത്രമര്യമഭഗമിത്രർ,
യോഗ്യനംശുവും ബഹുത്രോദിതൻ വരുണനും! (1)

മതിവെച്ചരുൾകി,പ്പോൾ മാമകസ്തോത്രമിതിൽ,-
സ്സദൃശകർമ്മാക്കളാം വരുണാര്യമമിത്രർ,
ആദിത്യർ, സുദീപ്തർ നീരാടിയപോലേ സ്വച്ഛർ,
ബാധയേശാത്തോർ, വെടിയാത്തവ,രനവദ്യർ! (2)

ആദിത്യർ, പെരിയവർ, ഗംഭീരർ, ബഹുനേത്രർ,
ബാധ പററാതേ ശത്രുനിഗ്രഹമിച്ഛിപ്പവർ;
ഹൃത്തിൽ വാണവർ കാണ്മൂ, നന്മതിന്മകൾ; ദൂര-
വർത്തിയുമെല്ലാം തിരുമേനികൾക്കരികത്താം! (3)

സ്ഥാവരചരങ്ങളെയുറപ്പിൽ നിർത്തുന്നോര-
ദ്ദേവകളാ,ദിത്യന്മാരു,ലകൊക്കയും കാപ്പോർ,
വിസ്തീർണ്ണവിജ്ഞാനന്മാർ, മേഘാംബു രക്ഷിപ്പവർ,
സത്യശാലികൾ, കടപ്പാടുകൾ തീർക്കുന്നവർ! (4)

കൈവരികെനിയ്ക്കു മിത്രാര്യമവരുണരേ,
ഭാവൽക്കപരിത്രാണം, സുഖദം ഭയപ്പാടിൽ:
നിങ്ങളാൽ നടത്തപ്പെട്ട,ഘങ്ങൾ കുഴികൾപോ-
ലിങ്ങു വർജ്ജിയ്ക്കാവൂ, ഞാനദിതിസുതന്മാരേ! (5)

അര്യമൻ, വരുണ, ഹേ മിത്ര, നിങ്ങൾതൻ മാർഗ്ഗ-
മച്ഛവും സുഗമവും മുള്ളില്ലാത്തതുമല്ലോ;
അതിലേ നടത്തുവി,നെങ്ങളെക്കുട്ടിച്ചൊൽവി,-
നഴിയാസ്സുഖം ഞങ്ങൾക്കരുൾവിനാദിത്യരേ! (6)

മാററാർക്കപ്പുറത്താക്കുകെ,ങ്ങളെപ്പുരാന്മാർതൻ
മാതാവാമദിതിയു,മീയര്യമാവും നേരേ;
വരുണമിത്രന്മാർതൻ വലിയ സുഖം നേടു-
ക,രിഷ്ടു പിണയാതേ ഭൂരിവീരരൊത്തെങ്ങൾ! (7)

മൂലോകം ഭരിപ്പോരാണാ,ദിത്യർ മുത്തേജസ്സും;
മൂന്നു കർമ്മങ്ങളിവർക്കുണ്ടു, യാഗത്തിൻമദ്ധ്യേ;
എത്ര ശോഭനം, ഭവാന്മാരുടെ സത്യംകൊണ്ടു
മെത്തിയ മഹത്ത്വം മിത്രാര്യമവരുണരേ! (8)

നിർത്തിനാർ മുത്തേജസ്സിസ്തോത്രമർത്ത്യർക്കായ് വാനിൽ,
നിദ്രയും മിഴിയ്ക്കിമവെട്ടലുമില്ലാത്തവർ,
അർദ്ദിയ്ക്കപ്പെടാത്തോർ, നീരാടിയപോലേ സ്വച്ഛ,-

രുദ്ദീപ്തർ ഭൂരിസ്തുത്യർ പൊമ്പണ്ടമണിഞ്ഞവർ! (9)

അരചനല്ലോ, ഭവാൻ മാററാരെത്തട്ടുന്നോനേ,
വരുണ, ദേവന്മാർക്കും സകലമനുഷ്യർക്കും:
ഞങ്ങൾക്കു തരികൊ,രു നൂറ്റാണ്ടു നോക്കിക്കാണ്മാൻ;
ഞങ്ങൾക്കു ലഭിയ്ക്കാവൂ, പൂർവനിശ്ചിതായുസ്സം! (10)

അറിയില്ലാദിത്യരേ, വലവുമിടവും ഞാ;-
നറിയില്ലഥ മുമ്പും പിമ്പും ഞാൻ വസുക്കളേ;
കാതരനപക്വൻ ഞാനെങ്കില്യ,മഭയമാം
ജ്യോതിസ്സിലണയ്ക്കേണം, നിങ്ങൾ കൊണ്ടുപോയെന്നെ! (11)

സത്യനായകരാമീയരചർക്കർപ്പിച്ചോനും,
നിത്യപോഷകരവർ കൈവളർത്തവനുമേ
വിത്തവും വിഖ്യാതിയും ലഭിച്ചു ധനം നല്കി
സ്തുത്യനായ്ത്തേരിൽക്കേറി നടക്കും, ഗൃഹങ്ങളിൽ! (12)

ആദിത്യർ കൊണ്ടുനടത്തുന്നവൻ വിശുദ്ധനായ്-
ബ്ബാധ പറ്റാതേ മേവും, സത്സസ്യതോയോപാന്തേ;
ഭൂരിഭക്ഷ്യവും നല്ല വീരരുമവന്നുണ്ടാം;
ദൂരത്തോ സമീപത്തോ ദ്രോഹിയ്ക്കപ്പെടില്ലവൻ! (13)

അദിതേ, വരുണനേ, മിത്രനേ, കനിഞ്ഞാലു,-
മഥവാ തെറ്റേതാനും ഞങ്ങൾ ചെയ്തിരിക്കിലും!
തന്നരുൾകെ,നിയ്ക്കു നിൻമേദുരാഭയജ്യോതി-
സ്സിന്ദ്ര: ഞങ്ങളിൽ വരൊല്ലി,രുണ്ട നെടുംരാത്രി! (14)

ഇരുവർ മിളിതമാരവനെ വർദ്ധിപ്പിയ്ക്കും:
പരിപോഷിപ്പിയ്ക്കു,മസ്സുഭഗൻ വാനിൻവെള്ളം;
ഇരുവീടുകൾ പൂകും, പടയിലമർത്തവ;-
നിരുപാതികളവന്നധീനങ്ങളുമാകും! (15)

ദ്രോഹിയ്ക്കു തീർത്ത ഭവന്മായയും യഷ്ടവ്യരേ,
വൈരിയ്ക്കു പരത്തിയ കെണിയുമാദിത്യരേ,
ഒരശ്വരഥാരൂഢൻപോലെ ഞാൻ കടക്കേണം;
പെരുതാം ഗൃഹത്തിൽപ്പാർക്കാവു, നിർബാധം ഞങ്ങൾ! (16)

പുരുദാതാവായ് പ്രിയപ്പെട്ടൊരു ധനികങ്കൽ
വരുണ, ധരിപ്പിയ്ക്കായ്കാ,ത്തീയദാരിദ്ര്യം ഞാൻ:
പൊറുപ്പുമുതൽ പോയോനാകൊലാ, പുരാനേ, ഞാൻ;
പെരികെ വാഴ്ത്താം, യജ്ഞേ സുവീരാന്വിതരെങ്ങൾ! (17)

## കുറിപ്പുകൾ: സൂക്തം 27.

1. നൈ ഉദകം വചസ്സ് – മന്ത്രങ്ങളിൽനിന്നു പാലും നെയ്യുമൊഴുകുമെന്നു തൈത്തിരീയം പറയുന്നു. നാക്കിനാൽ – നാവാകുന്ന ജുഹൂകൊണ്ട്. ആദിതേയന്മാർ (അദിതിപുത്രന്മാ

ർ) എട്ടുപേരത്രേ: മിത്രൻ, വരുണൻ, ധാതാവ്, അര്യമാവ്, അംശു, ഭഗൻ, ഇന്ദ്രൻ, വിവസ്വാൻ. യോഗ്യൻ – ത്രാണിയുള്ളവൻ. ബഹുത്രോദിതൻ = വളരെയിടങ്ങളിൽ (അനുഗ്രഹാർത്ഥം) ആവിർഭവിച്ചവൻ.

2. മതിവെച്ചരുൾക – കല്പിച്ചു ശ്രദ്ധിയ്ക്കട്ടെ. സദൃശകർമ്മാക്കൾ = ഒരേതരം കർമ്മത്തോടു കൂടിയവർ. ബാധ – ശത്രുപീഡയും മറ്റും. വെടിയാത്തവർ – ഭക്തരെ ത്യജിയ്ക്കാതെ അനുഗ്രഹിയ്ക്കുന്നവർ.

3. ബഹുനേത്രർ = വളരെക്കണ്ണുകളുള്ളവർ. ഹൃത്തിൽ – പ്രാണികളുടെ ഹൃദയത്തിൽ. ദൂരവർത്തി = ദൂരസ്ഥിതം.

4. മേഘാംബു (മേഘജലം) രക്ഷിപ്പവർ – യഥാകാലം മഴ പെയ്യിയ്ക്കാൻ. കടപ്പാടുകൾ – സ്തോതാക്കൾ വീട്ടേണ്ടുന്ന കടങ്ങൾ.

5. ഭാവൽക്കപരിത്രാണം = ഭവാന്മാരുടെ രക്ഷണം. അഘങ്ങൾ = പാപങ്ങൾ. കുഴികൾ പോലെ – കുഴികളിൽ വീഴാതിരിപ്പാൻ മനസ്സിരുത്തുന്നതുപോലെ.

6. അച്ഛം = നിർമ്മലം. കൂട്ടിച്ചൊല്ലുക – ഉള്ളതിലധികം ഗുണം പറയുക. അഴിയാസ്സുഖം = സുദൃഢമായ (അഭംഗമായ) സൌഖ്യം.

7. മാററാർക്കപുറത്താക്കുക – ശത്രുക്കളാകുന്ന പുഴയുടെ മറുകരയിലണയ്ക്കട്ടെ. പുരാന്മാർ – ആദിത്യർ.

8. മൂലോകം – ഭൂമ്യന്തരിക്ഷസ്വർഗ്ഗങ്ങൾ. മുത്തേജസ്സും (അഗ്നി – വായു – സൂര്യരെയും) ഭരിപ്പോരാണ് (വഹിച്ചുപോരുന്നു). മൂന്നുകർമ്മങ്ങൾ – സവനത്രയം. ഉത്തരാർദ്ധം പ്രത്യക്ഷോക്തി.

9. സ്തോതൃമർത്ത്യർക്കായ് – സ്തുതിയ്ക്കുന്ന മനുഷ്യർക്കുവേണ്ടി. അർദ്ദിയ്ക്കപ്പെടാത്തോർ – അസുരാദികളാൽ അപീഡിതർ. ഭൂരിസ്തുത്യർ = വളരെയാളുകളാൽ സ്തുതിയ്ക്കപ്പെടേണ്ടുന്നവർ.

10. ഒരു നൂററാണ്ടു തരിക – ഞങ്ങളെ ശതായുസ്സുകളാക്കുക. പൂർവനിശ്ചിതായുസ്സും (നൂറുവയസ്സും) ഞങ്ങൾക്കു കിട്ടുമാറാകണം.

11. കാതരൻ = അധീരൻ. അപക്വൻ – മനസ്സിന്നു പക്വത വന്നിട്ടില്ലാത്തവൻ. ജ്യോതിസ്സ് = വെളിച്ചം, ജ്ഞാനം.

12. അർപ്പിച്ചോനും – ഹവിസ്സു നല്കിയവനും. ധനം നല്കി – യാചകർക്ക്.

13. സത്സസ്യതോയോപാന്തേ = നല്ല സസ്യങ്ങളുള്ള ജലത്തിന്നരികിൽ.

14. മേദുരം – മഹത്ത്.

15. അവനെ (ആദിത്യർ കൊണ്ടുനടത്തുന്നവനെ) മിളിതമാർ (ചേർന്നുനില്ക്കുന്ന ഇരുപേർ (ദ്യാവാപൃഥിവികൾ) വർദ്ധിപ്പിയ്ക്കും. വാനിൻവെള്ളം – വർഷജലം. അവൻ പടയിൽ (ശത്രുക്കളെ) അമർത്ത് ഇരുവീടുകൾ (സ്വഗൃഹവും, കൈവശപ്പെടുത്തിയ പരഗൃഹവും) പൂകും. ഇരുപാതികൾ – മർത്ത്യരും, അമർത്ത്യരും.

16. ദ്രോഹിയ്ക്കു തീർത്ത – രാക്ഷസാദികളെ തോല്പിയ്ക്കാൻ നിർമ്മിച്ച. വൈരിയ്ക്കു – ശത്രുക്കളെ കടക്കാൻ. ഒരശ്വരഥാരൂഢൻപോലെ – കുതിരത്തേരിൽക്കേറിയവൻ ദുർഗ്ഗമാർഗ്ഗങ്ങളെ വേഗത്തിൽ പിന്നിടുന്നതുപോലെ.

17. എന്റെ ദാരിദ്ര്യം ഒരു സ്നേഹിതധനികന്റെ അടുക്കൽ അറിയിയ്ക്കാൻ (അറിയിച്ച്, വല്ലതും തരണമെന്നിരക്കാൻ) എനിയ്ക്കു സംഗതിവരരുത്.

## സൂക്തം 28.

ഗൃത്സമദനോ കൂർമ്മനോ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വരുണൻ ദേവത. (കേക)

കവിയാമദിതിജത്തന്വരാന്നിതാ, സ്തോത്രം:
ഭുവനമൊട്ടുക്കിവൻ മേന്മയാലടക്കട്ടേ;
പുരുസന്തോഷം യഷ്ടാവിന്നേകുമധിപനാം
വരുണദേവങ്കൽ ഞാൻ സദ്യശസ്സർത്ഥിയ്ക്കുന്നേൻ! (1)
വരുണ, സുഭഗന്മാരാകാവൂ, ശുഭധ്യാന-
പരരായ് സ്തുതിച്ചെങ്ങൾ നിൻപരിചരണത്താൽ:
പൊല്ക്കതിർ പൊഴിയ്ക്കുന്ന പുലരി വരുമ്പോളു-
ളളഗ്നികൾ പോലായ്ത്തീരുക,ന്വഹം വാഴ്ത്തും ഞങ്ങൾ! (2)

പുരുവീരനായുരുസ്തുതനാം നിൻ സൌഖ്യത്തിൽ
മരുവീടാവൂ, ഞങ്ങൾ വരുണ, സുനേതാവേ;
ആദിത്യദേവന്മാരേ, ഞങ്ങൾക്കു മാപ്പേകേണം,
ബാധിയ്ക്കപ്പെടാത്തോരാം ഭവാന്മാർ സഖ്യത്തിന്നായ് ! (3)

ധാരകനാദിത്യനാം വരുണനെല്ലാടത്തും
നീരുതിർക്കുകമൂലം നദികളൊഴുകുന്നു –
പാറ്റില്ല വാട്ട,മവയ്ക്കില്ല നില്ക്കലു,മവ
പക്ഷികൾപോലേ പറന്നൂഴിയിൽപ്പതിയ്ക്കുന്നു! (4)

വരുണ, മമ പാപം കയർപോലഴിയ്ക്ക, നീ;
വരട്ടേ, നിൻതണ്ണീരിൻപുഴ ഞങ്ങൾതൻപക്കൽ;
പൊട്ടൊലാ, വ്രതം നെയ്യുമെന്റെ നൂൽ – കാലത്തിൻമു-
മ്പൊട്ടുമേ ജീർണ്ണിയ്ക്കൊല്ലാ, കർമ്മത്തിൻകളേബരം: (5)

വരുണ, ഭയം നിക്കുകെങ്കൽനി; – ന്നനുഗ്രഹി-
ച്ചരുൾക, സമ്രാട്ടായ സത്യവാൻ ഭവാനെന്നെ:
പൈക്കുട്ടിയുടെ കയർപോലഴിയ്ക്കുകെൻപാപം;
നേർക്കൊരു നിമിഷവുമാളാകാ, ഭവദന്യൻ! (6)

വരുണ, നിൻയജ്ഞത്തിൽപ്പിഴ ചെയ്യോരെക്കൊല്ലും
വധഹേതികൾ വിടൊല്ലേ,ങ്ങളിൽപ്പാപിധ്വംസിൻ;
ജ്യോതിസ്സിൽനിന്നെങ്ങാനുമകലെപ്പോകായ്ക്കെങ്ങൾ;
ബാധകന്മാരെപ്പോക്കുകെ,ങ്ങൾക്കു പൊറുപ്പാൻ നീ! (7)

വരുണ, ബഹുദ്ഭ്രുത, മേലിലും മുമ്പേത്തെപ്പോ-
ലുരചെയ്യാവൂ, ഞങ്ങളങ്ങയ്ക്കു നമസ്കാരം:
ഗിരിമേലെന്നവിധമങ്ങയിലല്ലോ, വീഴാ-
തുറച്ചുനിന്നീടുന്നു, കർമ്മങ്ങൾ ദുരാധർഷ! (8)

എന്നുടെ കടം – മുമ്പുമിന്നുമുള്ളതു – പോക്കു-
കു; – ന്യാർജ്ജിതത്താലാകൊല്ലെ,ന്റെ ഭക്ഷണം സ്വാമിൻ;
പെരുതു പുലരികളെനിയ്ക്കു വെളുത്തിട്ടി-

ല്ല; — രുൾക,ങ്ങന്നേരത്തെങ്ങൾക്കു ജീവനമാർഗ്ഗം! (9)

ബന്ധുവോ ചങ്ങാതിയോ സ്വപ്നദ്ദഷ്ടമാം ഭയ-
മെൻതമ്പുരാനേ, പേടിത്തൊണ്ടനാമെങ്കൽച്ചൊന്നാൽ,
ചെന്നായോ തിരുടനോ ഞങ്ങളെക്കൊല്ലാൻ വന്നാ-
ല,ന്നേരം വരുണ, നീ ഞങ്ങളെ രക്ഷിയ്ക്കേണം! (10)

പുരുദാതാവാം പ്രിയപ്പെട്ടൊരു ധനികങ്കൽ
വരുണ, ധരിപ്പിയ്ക്കായ്കാ,ത്മീയദാരിദ്ര്യം ഞാൻ:
പൊറുപ്പുമുതൽ പോയോനാകൊലാ, പുരാനേ, ഞാൻ;
പെരികെ വാഴ്ത്താം, യജ്ഞേ സുവീരാന്വിതരെങ്ങൾ! (11)

## കുറിപ്പുകൾ: സൂക്തം 28.

1. ഇവൻ – വരുണനെ സ്തുതിയ്ക്കുന്നവൻ. മേന്മയാൽ – വരുണപ്രസാദലബ്ധമായ മഹത്ത്വം കൊണ്ട്. അധിപൻ – ഭരിയ്ക്കുന്നവൻ.
2. അഗ്നികൾ – പുലർകാലത്തു തുലോം ജ്വലിപ്പിയ്ക്കപ്പെടുമല്ലോ. വാഴ്ത്തും – ഭവാനെ സ്തുതിയ്ക്കുന്നു.
3. പുരുവീരൻ = വളരെ വീരന്മാരോടുകൂടിയവൻ. ഉരുസ്തുതൻ = വളരെപ്പേരാൽ സ്തുതിയ്ക്കപ്പെട്ടവൻ. ഞങ്ങൾ ചെയ്തുപോയ പാപങ്ങൾക്കു മാപ്പു തന്നു ഞങ്ങളെ നിങ്ങളുടെ സഖാക്കളാക്കണം.
4. ധാരകൻ – ഒരു ചിറപോലെ വെള്ളം നിർത്തുന്നവൻ. പൂർവാർദ്ധത്തിന്റെ വിവരണമാണ്, ഉത്തരാർദ്ധം:
5. കാലം – സമാപ്തിസമയം.
6. ഭയം എങ്കൽനിന്നു നീക്കുക – എന്നെ നിർഭയനാക്കുക. പൈക്കുട്ടിയുടെ കയർ പയ്യിനെ കറക്കാൻതുടങ്ങുന്നവൻ അഴിയ്ക്കുന്നതുപോലെ എന്റെ പാപം നീക്കുക; അതിന്നു ഭവദന്യൻ (ഭവാനല്ലാതെ മറെറാരാൾ) ആളാകില്ല.
7. വധഹേതികൾ = കൊലയായുധങ്ങൾ. ബാധകന്മാരെ – ഞങ്ങളെ ഉപദ്രവിയ്ക്കുന്നവരെ.
8. ബഹ്വദ്ഭുത – വളരെ പ്രദേശങ്ങളിൽ ആവിർഭവിച്ചവനേ.
9. വെളുത്തിട്ടില്ല – രാത്രിയുടെ അന്ത്യയാമത്തിൽ ഉറക്കം വിട്ട് ഋണചിന്തയിൽ മുഴുകുന്നതിനാൽ ഞാൻ പ്രായേണ നേരം വെളുക്കുന്നതറിയാറില്ല. അന്നേരത്ത് – പുലർകാലത്ത്. എങ്ങൾക്കു ജീവനമാർഗ്ഗം അരുൾക (ഉപദേശിച്ചാലും); കടങ്ങൾ വീട്ടി, കഴിച്ചിലിന്നുള്ള വക തന്നാലും എന്നു പര്യവസിതാർത്ഥം.
10. ബന്ധു – അച്ഛനും മറ്റും. തിരുടൻ – ചോരൻ.

## സൂക്തം 29.

ഗൃത്സമദനോ കൂർമ്മനോ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിശ്വേദേവതകൾ ദേവത. (കേക)

സംപ്രാപ്യർ സകർമ്മാക്കാളാദിത്യർ വാനോർ നിങ്ങ-
ളെൻപിഴയകററുവി,നൊളിവിൽപ്പെറേറാൾപോലെ;
നിങ്ങൾതൻ നന്മയറിഞ്ഞി,ങ്ങു രക്ഷയ്ക്കായ് ,ക്കേൾക്കും
നിങ്ങളെ വിളിപ്പൂ, ഞാൻ വരുണമിത്രന്മാരേ! (1)

നിങ്ങൾ വാത്സല്യം, നിങ്ങളോജസ്സു ദേവന്മാരേ:
നിങ്ങളെങ്ങാനും ചിന്നിച്ചരുൾവിൻ, ദ്വേഷ്ടാക്കളെ;
അരിസൂദനർ നിങ്ങളമർത്തുകയുംചെയ്‌വിൻ;
തരുവിൻ, സുഖമെങ്ങൾക്കിന്നും നാളെയുമെല്ലാം! (2)

ഇന്നെന്തു ചെയ്യും ഞങ്ങൾ, നാളെയെന്തുവാൻ നിങ്ങൾ-
ക്കെ,ന്നെന്നും ലഭിയ്ക്കേണ്ടുമൊന്നിനാൽ വസുക്കളേ?
അദിതേ, വരുണനേ, മിത്രനേ, ഞങ്ങൾക്കു ത-
ന്നരുൾവിന്ദ്ര, മരുത്തുക്കളേ, ശുഭം നിങ്ങൾ! (3)

നിങ്ങൾതാൻ ദേവന്മാരേ, കൊണ്ടുവന്നീടുന്നവ;-
രിങ്ങു യാചിയ്ക്കുമെനിയ്ക്കേകുവിൻ സുഖം നിങ്ങൾ.
മന്ദമാകൊലാ, യാഗത്തിന്നു നിങ്ങൾതൻ തുത്തേർ-
നിന്നെങ്ങൾ തളരൊല്ലാ, യുഷ്മാദൃക്ഷജനത്തിൽ! (4)

നിങ്ങളിൽച്ചേർന്നേകൻ ഞാൻ പോക്കിനേൻ പിഴ; ഞാനീ
നിങ്ങൾ ശാസിച്ചോനല്ലോ, ധൂർത്തനെയച്ഛൻപോലേ.
സുരരേ, പാശം പോക, പോക പാപവും: കുഞ്ഞി-
ന്നരികിൽപ്പറവയെപ്പോലെന്നെക്കടുക്കായ്‌വിൻ! (5)

വരുവിനി,ന്നിങ്ങോട്ടു യാജ്യദേവരേ, പേടി-
ച്ചരളും ഞാൻ നേടാവൂ, നിങ്ങൾതൻ തിരുവുള്ളം:
ചെന്നായ്‌ബ്ബാധയിൽനിന്നു യാജ്യരേ, രക്ഷിയ്ക്കുവിൻ –
വന്നാപൽക്കരനിൽനിന്നെങ്ങളെ രക്ഷിയ്ക്കുവിൻ! (6)

പുരുദാതാവാം പ്രിയപ്പെട്ടൊരു ധനികങ്കൽ
വരുണ, ധരിപ്പിയ്ക്കായ്ക്കാ,ത്മീയദാരിദ്ര്യം ഞാൻ:
പൊറുപ്പുമുതൽ പോയോനാകൊലാ, പുരാനേ, ഞാൻ;
പെരികെ വാഴ്ത്താം, യജ്ഞേ സുവീരാന്വിതരെങ്ങൾ! (7)

### കുറിപ്പുകൾ: സൂക്തം 29.

1. ഒളിവിൽപ്പെറ്റോൾപോലെ – ജാരനിൽനിന്നു ഗർഭം ധരിച്ച അഭർത്തൃകസ്ത്രീ ആരുമറിയാതെ പ്രസവിച്ച്, കുട്ടിയെ ദൂരത്തെങ്ങാനും കളയുന്നതുപോലെ. നിങ്ങൾതൻ നന്മ – നിങ്ങളിൽനിന്നു കിട്ടേണ്ടുന്ന ശ്രേയസ്സ്. കേൾക്കും – വിളി കേൾക്കുന്ന.
2. ദ്വേഷ്ടാക്കൾ – ദ്രോഹിയ്ക്കുന്ന പിശാചാദികൾ. അമർത്തുക – ശത്രുക്കളെ.

3. നിങ്ങൾക്ക് എന്നെന്നും ലഭിയ്ക്കേണ്ടുന്ന ഒന്ന് (ഒരു വസ്തു) ഇല്ലായ്കയാൽ,നിങ്ങൾക്കായി ഞങ്ങൾ എന്തു ചെയ്യാനാണ്? അതിന്നു ഞങ്ങൾ ശക്തരല്ല.

4. കൊണ്ടുവന്നീടുന്നവർ – ഞങ്ങൾക്കു തരാൻ ധനം. യാഗത്തിന്ന് – യാഗത്തിലെത്താൻ. യൂഷ്മാദൃക്സജനം = നിങ്ങളെപ്പോലുള്ള ബന്ധുക്കൾ.

5. നിങ്ങളിൽച്ചേർന്ന് – നിങ്ങളുടെ ഇടയിൽ വർത്തിച്ച്. ധൂർത്തനെയച്ഛൻപോലെ – അസന്മാർഗ്ഗപ്രവൃത്തനായ മകനെ അച്ഛൻ അനുശാസിയ്ക്കുന്നതുപോലെ, നിങ്ങൾ അനു ശാസിച്ചവനാണല്ലോ, ഞാൻ. പാശം – നിങ്ങളുടെ വല. പാപം – എന്റെ പാപം; രണ്ടും ദൂരേപ്പോകട്ടെ. കുഞ്ഞിന്നരികിൽ – പക്ഷിക്കുട്ടിയുടെ മുമ്പിൽവെച്ച് വേടൻ പക്ഷിയെ കുടുക്കുന്നപോലെ.

6. തിരുവുള്ളം – പ്രസാദം. ആപൽകരൻ = ആപത്തുണ്ടാക്കുന്നവൻ.

## സൂക്തം 30.

ഗൃത്സമദൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സ്; ഇന്ദ്രാദികൾ ദേവത.

മഴ പെയ്യിക്കുന്ന ദേവനായ സവിതാവിന്നും വൃത്രനെക്കൊന്ന ഇന്ദ്രന്നും ജലങ്ങൾ വിരമിയ്ക്കാറില്ല; അവ നാൾതോറും പ്രവഹിയ്ക്കുക തന്നെ ചെയ്യുന്നു. എന്നായിരിയ്ക്കാം, ഇവ സൃഷ്ടിയ്ക്കപ്പെട്ടത്? (1)

ഒരുവൻ വൃത്രന്ന് ഇവിടെ അന്നം പചിപ്പാൻതുടങ്ങി; അത് അമ്മ അഭിജ്ഞനെ അറിയിച്ചു. അവിടുത്തെ ഇഷ്ടമനുസരിച്ചത്രേ, നാൾതോറും നദികൾ വഴി തോണ്ടിക്കൊണ്ടു പ്രാപ്യസ്ഥാനത്തെയ്ക്കുപോകുന്നതു്. (2)

വൃത്രൻ അന്തരിക്ഷത്തിൽ ഉയർന്നുനിൽക്കുകയായിരുന്നുവല്ലോ; അതിനാലാണ്, ഇന്ദ്രൻ വജ്രമെടുത്തതു്. അവൻ മഴക്കാറിനെ മറച്ച്, ഇദ്ദേഹത്തെ ചെറുത്തു; അപ്പോൾ ഈ തീക്ഷ്ണായുധൻ ശത്രുവിനെ ജയിച്ചു! (3)

ബൃഹസ്പതേ, പഴുതടച്ചുനിന്ന അസുരന്റെ വീരന്മാരിൽ ഭവാൻ വജ്രം, ഇടിവാൾ പോലെ ചാട്ടുക. ഇന്ദ്ര, അവിടുന്നു പണ്ടും വജ്രംകൊണ്ടു വധിച്ചുവല്ലോ; അതുപോലെ, ഞങ്ങളുടെ ശത്രുവിനെ കൊല്ലുക! (4)

ഇന്ദ്ര, സ്തൂയമാനനായ ഭവാൻ ശത്രുവിനെ ഹനിച്ചതു യാതൊന്നുകൊണ്ടോ, ആ കല്ലു മുകളിൽ ആകാശത്തുനിന്നു കീഴ്പോട്ടെറിയുക. പുത്രനും ഭർത്തവ്യനായ പൌത്രനും ഗോക്കളും ഉണ്ടായിവരുമാറു്, ഞങ്ങൾക്കു സമൃദ്ധിയരുളുക! (5)

ഇന്ദ്രാസോമന്മാരേ, നിങ്ങൾ ഹന്തവ്യനായ വിദ്വേഷിയെ വേരറുക്കുന്നു; പൂജിയ്ക്കുന്ന യജമാനനെ പ്രേരിപ്പിയ്ക്കുകയുംചെയ്യുന്നു. നിങ്ങൾ ഞങ്ങളെ രക്ഷിയ്ക്കണം; ഈ യുദ്ധത്തിൽ ലോകത്തിന്റെ ഭയം നീക്കണം! (6)

ആർ എന്നെ പൂർണ്ണകാമനാക്കുമോ, ആർ തരുമോ, ആർ അറിയുമോ, ആർ സോമം പിഴിയുന്ന എന്റെ അടുക്കൽ ഗോക്കളെയും കൊണ്ടു വരുമോ; അദ്ദേഹം എന്നെ തളർത്തരുത്, വലയ്ക്കരുത്, മടിപിടിപ്പിയ്ക്കരുതു്; സോമം പിഴിയരുതെന്നു ഞങ്ങൾ പറഞ്ഞുപോകരുത്! (7)

സരസ്വതി, ഭവതി ഞങ്ങളെ രക്ഷിച്ചാലും: മരുത്സഹിതയായി ആക്രമിച്ചു ശത്രുക്കളെ ജയിച്ചാലും. എന്തും താങ്ങുന്ന ബലിഷ്ഠനും, ശണ്ഡവംശ്യരിൽ മുഖ്യനുമായ അവനെയും ഇന്ദ്രൻ കൊന്നിരിയ്ക്കുന്നു! (8)

ബൃഹസ്പതേ, ഞങ്ങളെ തട്ടിപ്പറിയ്ക്കാനോ കൊല്ലാനോ തുടങ്ങുന്നവനെ അങ്ങു കണ്ടുപിടിച്ചു, തീക്ഷ്ണായുധംകൊണ്ടു വധിച്ചാലും! തമ്പുരാനേ, വൈരികളെ ആയുധങ്ങൾകൊണ്ടു ജയിച്ചാലും! ദ്രോഹിയ്ക്കുന്നവങ്കൽ വജ്രം ചുഴറ്റിയെറിഞ്ഞാലും! (9)

ശൂര, ഞങ്ങളുടെ കരുത്തുള്ള ശൂരരെക്കൊണ്ടു ചെയ്യിച്ചാൽ മതി, അവിടുന്നു ചെയ്യേണ്ടുന്ന വീരകർമ്മങ്ങൾ: വളരെക്കാലമായി കരൾ പുകയുന്നവരെ കൊന്ന് അവരുടെ മുതൽ ഞങ്ങൾക്കു കൊണ്ടു വന്നാലും! (10)

മരുത്തുക്കളേ, ഇന്ദ്രനോടു ചേർന്നു വെളിപ്പെട്ടതായ നിങ്ങളുടെ ബലത്തെ ഞാൻ സുഖാർത്ഥം വണങ്ങി സ്തുതിയ്ക്കുന്നു: എല്ലാ വീരരോടും മക്കളോടും കൂടിയ ശ്ലാഘ്യമായ ധനം ഞങ്ങൾക്കു നാളിൽ നാളിൽ കൈവരുമാറാകണം! (11)

### കുറിപ്പുകൾ: സൂക്തം 30.

2. അമ്മ – അദിതി. അഭിജ്ഞനെ – വിദ്വാനായ ഇന്ദ്രനെ.

7. തരും – അഭീഷ്ടഫലം. അറിയും ഞങ്ങളുടെ സ്തോത്രം. അദ്ദേഹം – ആ ഇന്ദ്രൻ. പറഞ്ഞു പോകരുത് – മറ്റുള്ളവരോട്.

8. ശണ്ഡവംശ്യർ – ശണ്ഡനെന്ന അസുരപുരോഹിതന്റെ വംശക്കാർ, അവൻ – അസുരൻ.

10. കരൾ പുകയുന്ന – വൈരമുൾക്കൊള്ളുന്ന

## സൂക്തം 31.

ഗൃത്സമദൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; വിശ്വേദേവതകൾ ദേവത.

മിത്രാവരുണന്മാരേ, ഞങ്ങളുടെ തേരുകൾ മറുനാട്ടിൽ, ഇമ്പത്തോടേ ഇരതേടുന്ന കാട്ടുപക്ഷികൾപോലെ പറക്കുമ്പോൾ, അവയെ ആദിത്യരുദ്രവസുസമേതരായ നിങ്ങൾ രക്ഷിച്ചരുളണം! (1)

ഒപ്പം പ്രീതിപ്പെടുന്ന ദേവന്മാരേ, കുതിരകൾ നടകളാൽ വഴി കടന്ന്, ഉയർന്ന സ്ഥലത്തെയ്ക്കു മുൻകാലുകളാൽ പറക്കുമ്പോൾ, ഞങ്ങളുടെ ചോറ്റുതേരിനെ നിങ്ങൾ നാട്ടുപുറങ്ങളിൽ നേരേ ഉദ്ഗമിപ്പിയ്ക്കുവിൻ! (2)

വിശ്വദ്രഷ്ടാവും മരുദ്ബലസമേതനും ശോഭനകർമ്മാവുമായ ആ ഇന്ദ്രൻ നിർബാധങ്ങളായ രക്ഷകളോടേ സ്വർഗ്ഗത്തിൽനിന്നു വന്ന്, ഇപ്പോൾ വമ്പിച്ച ധനവും അന്നവും ലഭിയ്ക്കുമാറു ഞങ്ങളുടെ തേരിൽ ഇരുന്നരുളട്ടെ! (3)

ഭുവനസേവ്യനായ, ദേവപത്നികളോടൊപ്പം പ്രീതിപ്പെടുന്ന, ആ ത്വഷ്ടദേവൻ, ഇള, തേജസ്സേറിയ ഭഗൻ, ദ്യാവാപൃഥിവികൾ, ബുദ്ധിമാനായ പൂഷാവ്, ഭർത്താക്കന്മാരായ അശ്വികൾ എന്നിവരും (ഞങ്ങളുടെ) തേർ നടത്തട്ടെ! (4)

തങ്ങളിൽ നോക്കുന്ന സുഭഗമാരായ ആ അഹോരാത്രികളാകുന്ന ദേവിമാരും ജംഗമങ്ങളെ നടത്തുന്നവരാണല്ലോ. പൃഥിവി, നിങ്ങളിരുവരെയും ഞാൻ അതിനൂതനമായ വാക്കുകൊണ്ടു സ്തുതിയ്ക്കുന്നു; മൂന്നന്നങ്ങളോടുകൂടിയ ഞാൻ സ്ഥാവരത്തിന്റേതായ അന്നം ഉപസ്തരിയ്ക്കുകയുംചെയ്യുന്നു. (5)

ഇപ്പോൾ, താൽപര്യമുള്ള നിങ്ങളെ സ്തുതിപ്പാൻ ഞങ്ങൾ ആഗ്രഹിയ്ക്കുന്നു: അഹിർബുധ്ന്യൻ, അജനായ ഏകപാത്ത്, അങ്ങേഅറ്റത്തരുളുന്ന ഇന്ദ്രൻ, സവിതാവ് എന്നിവർ ഞങ്ങൾക്ക് അന്നം നല്കട്ടെ; ജവേന ഗമിയ്ക്കുന്ന ജലപൌത്രനും സ്തുതിയാൽ പ്രസാദിയ്ക്കട്ടെ! (6)

യജനീയരേ, എനിയ്ക്കു നിങ്ങളെ ഇങ്ങനെ സ്തുതിയ്ക്കേണമെന്നുണ്ട്. മനുഷ്യർ യശസ്സിന്നും അന്നത്തിന്നുംവേണ്ടി സ്തോത്രങ്ങൾ വെടുപ്പിൽ ചമച്ചിരിയ്ക്കുന്നു; (നിങ്ങളുടെ സംഘം) ഒരു തേർക്കുതിരപോലെ കർമ്മത്തിൽ വന്നെത്തട്ടെ! (7)

### കുറിപ്പുകൾ: സൂക്തം 31.

2. ചോറ്റുതേർ – ഭക്ഷ്യവസ്തുക്കളെ കേറ്റുന്ന വണ്ടി.
5. നിങ്ങളിരുവരെയും – ഭവതിയെയും ദ്യോവിനെയും. മൂന്നന്നങ്ങൾ – സസ്യവും പശുവും സോമവും. സ്ഥാവരത്തിന്റേതായ അന്നം – നെല്ലു മുതലായവയുടെ അന്നം (ചരുപുരോഡാശാദി).
6. താൽപര്യമുള്ള – ഞങ്ങളുടെ സ്തുതിയിൽ ആഗ്രഹമുള്ള. അഹിർബുധ്ന്യൻ – അന്തരിക്ഷത്തിലെ അഹി എന്ന ദേവൻ. ഏകപാത്ത് – തന്നാമകനായ സൂര്യൻ. അങ്ങേഅററം – പരമോന്നതസ്ഥാനം. ജലപൌത്രൻ – അഗ്നി.

## സൂക്തം 32.

ഗൃത്സമദൻ ഋഷി; ജഗതിയും അനുഷ്ടപ്പും ഛന്ദസ്സ്;ദ്യാവാപൃഥിവ്യാദികൾ ദേവത.

ദ്യാവാപൃഥിവികളേ, നിങ്ങൾ യജ്ഞേച്ഛുവും സേവനേച്ഛുവുമായി സ്തുതിയ്ക്കുന്ന ഈ എന്നെ രക്ഷിയ്ക്കണം: നിങ്ങളിൽനിന്നാണല്ലോ, അത്യൽകൃഷ്ടമായ അന്നം; ആ സ്തുതിയ്ക്കപ്പെട്ട നിങ്ങളെ ഞാൻ ഇപ്പോൾ മഹത്തായ (സ്തോത്രംകൊണ്ടു) പുരസ്കരിച്ചു കൊള്ളുന്നു. (1)

മനുഷ്യന്റെ മറിമായങ്ങൾ അഹസ്സിലും അല്ലിലും ഞങ്ങളെ ഹനിയ്ക്കരുത്; ഞങ്ങളെ ഈ പറ്റലർപ്പടയ്ക്കു കീഴ്പ്പെടുത്തരുത്; ഞങ്ങളുടെ സഖ്യം ഭവാൻ വേർപെടുത്തരുത്; അതു ഞങ്ങൾക്കു സുഖം തരാനിച്ഛിയ്ക്കുന്ന തിരുവുള്ളംകൊണ്ടറിയണം. ആ അങ്ങയോടു ഞങ്ങൾ യാചിയ്ക്കുന്നു. (2)

പുരുഹൂത, തടിച്ച് അസക്താംഗിയായി സുഖകരിയായ ഒരു കറവുപയ്യിനെ അങ്ങ് അരിശമുൾക്കൊള്ളാതെ കൊണ്ടുവന്നാലും; കാൽനടകളിലും വാക്കിലും വേഗവാനായ ഭവാനെ ഞാൻ നിത്യം സ്തുതിയ്ക്കും. (3)

വിളിയ്ക്കപ്പെടേണ്ടുന്ന രാകയെ ഞാൻ വിളിയ്ക്കുന്നു; ഞങ്ങളുടെ വിളി കേട്ട് ആ സൌഭാഗ്യവതി സ്വയം അറിയട്ടെ; കർമ്മത്തെ മുറിയാത്ത ഋശികൊണ്ടു തുന്നട്ടെ; സമ്പത്തേറിയ ഒരു സ്തുത്യനായ പുത്രനെ തരട്ടെ! (4)

രാകേ, ഭവതിയുടെ അഴകൊത്ത സദ്വിചാരങ്ങൾ എവയോ; ഭവതി ഹവിർദ്ദാതാവിന്നു ധനങ്ങൾ നല്കുന്നതെവകൊണ്ടോ; സുഭഗേ, അവയോടുകൂടി, ഇപ്പോൾ മനംതെളിഞ്ഞ് , ആയിരക്കണക്കിൽ തരാൻ വന്നുചേർന്നാലും! (5)

സിനീവാലി, പൃഥുജഘനേ, ദേവന്മാരുടെ പെങ്ങളാണല്ലോ, ഭവതി: ഹോമിയ്ക്കപ്പെട്ട ഹവിസ്സു കൈക്കൊണ്ടാലും; ദേവി, ഞങ്ങൾക്കു സന്താനത്തെ തന്നാലും! (6)

നല്ല കൈകളും നല്ല വിരലുകളുമുള്ള, സുപ്രസവയും ബഹുപ്രസവയുമായ, പ്രജാപാലികയായ സിനീവാലിയ്ക്കു നിങ്ങൾ ഹവിസ്സു ഹോമിയ്ക്കുവിൻ. (7)

കുഹു, സിനീവാലി, രാക, സരസ്വതി എന്നിവരെയും, രക്ഷയ്ക്ക് ഇന്ദ്രാണിയെയും, സ്വസ്തിയ്ക്കു വരുണാനിയെയും ഞാൻ വിളിയ്ക്കുന്നു. (8)

### കുറിപ്പുകൾ: സൂക്തം 32.

2. മനുഷ്യന്റെ – ശത്രുഭൂതന്റെ. ഭവാൻ – ഇതിന്ദ്രനോടു പറയുന്നതാണ്.
3. അസക്താംഗി – വിഭക്താവയവ.
4. രാക = പൌർണ്ണമാസി. അറിയട്ടെ – ഞങ്ങളുടെ ഉള്ള്. ഋശി – അനുഗ്രഹബുദ്ധി.
5. ആയിരക്കണക്കിൽ – ധനം.
6. സിനീവാലി – ചന്ദ്രൻ കാണുമാറാകുന്ന അമാവാസ്യ.
7. ഋത്വിക്കുകളോടു പറയുന്നത്: പ്രജാപാലിക = പ്രജകളെ രക്ഷിയ്ക്കുന്നവൾ.
8. സ്വസ്തി = നാശമില്ലായ്മ. വരുണാനി = വരുണപത്നി. മുഴുത്ത (ചന്ദ്രനെ തീരെ കാണാത്ത) കറുത്ത വാവാണ്, കുഹു.

## സൂക്തം 33.

ഗൃത്സമദൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; രുദ്രൻ ദേവത

മരുൽപിതാവേ, അങ്ങയുടെ സുഖം വന്നുചേരട്ടെ. അങ്ങു ഞങ്ങളെ സൂര്യപ്രകാശത്തിൽനിന്നകറ്റരുത്. ശത്രുവിനെ ഞങ്ങളുടെ വീരൻ അമർത്തട്ടെ. രുദ്ര, ഞങ്ങൾ സന്താനങ്ങളാൽ വർദ്ധിയ്ക്കുമാറാകേണമേ! (1)

രുദ്ര, അങ്ങു തരുന്ന അതിസുഖദങ്ങളായ മരുന്നുകൾകൊണ്ടു ഞാൻ നൂറുകൊല്ലം ജീവിച്ചിരിയ്ക്കണം; ശത്രുക്കളെയും പാപത്തെയും രോഗങ്ങളെയും വിഷൂചികളെയും ഭവാൻ ഞങ്ങളിൽനിന്നു തുലോം അകററുക! (2)

രുദ്ര, ഐശ്വര്യംകൊണ്ടു ലോകത്തിൽവെച്ചു ശ്രേഷ്ഠനാണ,വിടുന്ന്; വജ്രബാഹോ, വളർന്നവരിൽവെച്ചു വളർന്നവനുമാണ്. അവിടുന്നു ഞങ്ങളെ സുഖേന പാപങ്ങളുടെ മറുകരയിലണച്ചാലും; എല്ലാപാപത്തിന്റെയും വരവു തടുത്താലും! (3)

രുദ്ര, ഞങ്ങളുടെ നമസ്സോ ചീത്തസ്തുതിയോ സഹാഹ്വാനമോ അങ്ങയെ അരിശംകൊള്ളിയ്ക്കരുത് . വർഷിതാവേ, ഞങ്ങളുടെ വീരന്മാർക്കു മരുന്നുകൾ വേണ്ടുവോളം കൊടുക്കുക: അങ്ങു വൈദ്യന്മാരിൽ വെച്ചു വലിയ വൈദ്യനാണെന്നു ഞാൻ കേട്ടിട്ടുണ്ട്! (4)

ആർ ഹവിസ്സഹിതങ്ങളായ സ്തുതികൾകൊണ്ടു വിളിയ്ക്കപ്പെടുന്നുവോ, ആ രുദ്രനെ ഞാൻ സ്തോത്രങ്ങൾകൊണ്ടു കനിയിയ്ക്കുമാറാകണം. ആ മൃദൂദരൻ, ശുഭാഹ്വാനൻ, ഭരിയ്ക്കുന്നവൻ, ശോഭനഹനു ഞങ്ങളെ ഈ ഹിംസാബുദ്ധിയ്ക്കു വിട്ടുകൊടുക്കരുതേ! (5)

വർഷിതാവായ മരുത്ത്വാൻ യാചിയ്ക്കുന്ന എനിയ്ക്കു തിളങ്ങുന്ന അന്നം ധാരാളം തന്നരുളട്ടെ. വെയിലേറ്റവൻ തണലിനെ എന്ന പോലെ, ഞാൻ പാപരഹിതനായിട്ടു രുദ്രന്റെ സുഖത്തെ പ്രാപിയ്ക്കുമാറാകണം – അതിന്നു പരിചരിയ്ക്കുമാറാകണം! (6)

രുദ്ര, അങ്ങയുടെ ആ സുഖകരമായ – സ്വാസ്ഥ്യം നല്കാൻ മരുന്നുണ്ടാക്കുന്ന – തൃക്കൈയെവിടെ? വർഷിതാവേ, ദേവകൃതമായ പാപം നശിപ്പിച്ച്, എനിയ്ക്കു വേഗത്തിൽ മാപ്പു തരിക! (7)

ഭരിയ്ക്കുന്ന വർഷിതാവായ ശുഭ്രവർണ്ണന്നായി ഞാൻ വലുതിലും വലിയ ശോഭനസ്തുതി ചൊല്ലുന്നു. ഭവാൻ തേജോമയനെ നമസ്സുകൊണ്ടു പൂജിയ്ക്കു; ഞങ്ങൾ രുദ്രന്റെ തിളങ്ങുന്ന തിരുനാമം കീർത്തിയ്ക്കാം. (8)

ദൃഢഗാത്രനും ബഹുസ്വരൂപനും ഭരണകർത്താവുമായ ഉഗ്രൻ സ്വച്ഛങ്ങളായ സ്വർണ്ണാഭരണങ്ങളാൽ വിളങ്ങുന്നു; ഈ ഭുവനം ഭരിയ്ക്കുന്ന ഈശാനനായ രുദ്രങ്കൽനിന്നു വിട്ടുപോകാറില്ല, ബലം! (9)

രുദ്ര, അങ്ങ് അർഹനായിത്തന്നേ അമ്പുകളും, അർഹനായിത്തന്നേ വില്ലും, അർഹനായിത്തന്നേ പൂജിയ്ക്കേണ്ടുന്ന വിശ്വരൂപമായ പതക്കവും ധരിയ്ക്കുന്നു; അർഹനായിത്തന്നേ ഈ വിശാലമായ വിശ്വത്തെ ഭരിയ്ക്കുന്നു. അങ്ങല്ലാതെ ഒരു വലിയ ബലം ഇല്ലതന്നെ! (10)

പ്രസിദ്ധനും രഥസ്ഥനും യുവാവും സിംഹത്തെപ്പോലെ ഭയങ്കരനും നിഹന്താവുമായ ഉഗ്രനെ ഭവാൻ സ്തുതിയ്ക്കുക. രുദ്ര, സ്തൂയമാനനായ അവിടുന്നു സ്തോതാവിനെ സുഖിപ്പിച്ചാലും. അങ്ങയുടെ സേനകൾ ഞങ്ങളിൽനിന്നന്യനെ കൊന്നുകൊള്ളട്ടെ! (11)

രുദ്ര, അനുഗ്രഹിയ്ക്കുന്ന അച്ഛനെ മകനെന്നപോലെ, സമീപത്തു വന്ന ഭവാനെ ഞാൻ നമസ്കരിയ്ക്കുന്നു; വളരെ കൊടുക്കുന്ന സൽപതിയായ ഭവാനെ സ്തുതിയ്ക്കുകയും ചെയ്യുന്നു. സ്തുതനായ ഭവാൻ ഞങ്ങൾക്കു മരുന്നുകൾ തന്നാലും! (12)

മരുത്തുക്കളേ, നിങ്ങളുടെ വിശുദ്ധങ്ങളായ മരുന്നുകൾ എവയോ, തുലോം സ്വാസ്ഥ്യപ്രദങ്ങൾ എവയോ, വൃഷാക്കളേ, സുഖകരങ്ങൾ എവയോ, ഞങ്ങളുടെ അച്ഛൻ വാങ്ങിയതെവയോ; അവയും, രുദ്രന്റെ സുഖവും, ശമവും എനിയ്ക്കു തന്നാൽക്കൊള്ളാം! (13)

തിളങ്ങുന്ന രുദ്രന്റെ ആയുധങ്ങൾ ഞങ്ങളിൽ പതിയ്ക്കരുത്; മഹത്തായ മുഷിച്ചിലും മറ്റൊരേടത്തു പോകട്ടെ! വൃഷാവേ, പള്ളിവില്ലുകൾ യജമാനന്മാർക്കുവേണ്ടി കുലയ്ക്കുക. ഞങ്ങളുടെ പുത്രപൌത്രന്മാർക്കു സുഖം നല്കിയാലും! (14)

ഭരിയ്ക്കുന്നവനേ, വൃഷാവേ, സർവജ്ഞ, രുദ്രദേവ, അവിടുന്ന് അരിശംകൊള്ളാതെ, ഹനിയ്ക്കാതെ, ഇവിടെ ഞങ്ങളുടെ വിളി കേട്ടറിഞ്ഞാലും! ഞങ്ങൾ നല്ല വീരന്മാരോടുകൂടി യാഗത്തിൽ സ്തുതിയ്ക്കാം. (15)

## കുറിപ്പുകൾ: സൂക്തം 33.

1. മരുൽപിതാവ്=മരുത്തുക്കളുടെ അച്ഛൻ. അങ്ങയുടെ സുഖം – ഞങ്ങൾക്കു തരാൻ അങ്ങു കയ്യിൽ വെച്ചിരിയ്ക്കുന്ന സുഖം. വന്നുചേരട്ടെ – ഞങ്ങളിലെത്തട്ടെ. വീരൻ= പുത്രൻ.
2. വിഷൂചികൾ – പകരുന്ന രോഗങ്ങൾ.
4. നമസ്സ് – വേണ്ടുംവണ്ണമല്ലാതായ നമസ്കാരം. സഹാഹ്വാനം ഇതരദേവന്മാരോടുകൂടി വിളിയ്ക്കൽ.
5. ശുഭാഹ്വാനൻ – രുദ്രനെ വിളിയ്ക്കുന്നതു ശ്രേയസ്കരമാണെന്നർത്ഥം. ഹിംസാബുദ്ധിയ്ക്ക് – ഞങ്ങൾക്കു ഹിംസാതാൽപര്യമുണ്ടാകരുത്.
6. മരുത്ത്വാൻ – പുത്രരായ മരുത്തുക്കളോടുകൂടിയ രുദ്രൻ. പരിചരിയ്ക്കു മാറാകണം – രുദ്രനെ സേവിയ്ക്കുമാറാകണം.
8. ഭവാൻ – സ്തോതാവിനോടു പറയുന്നതാണ്. നമസ്സ്=നമസ്കാരം, ഹവിസ്സ്.
9. ബഹുസ്വരൂപൻ – അഷ്ടമൂർത്തി. വിട്ടുപോകാറില്ല – അവിടുന്ന് എന്നെന്നും ബലവാൻതന്നെ.
11. സ്തോതാവിനോട്: നിഹന്താവ് – ശത്രുഘാതി. ഞങ്ങളിൽനിന്നന്യനെ – ഞങ്ങളെ കൊല്ലരുത്.
13. ഞങ്ങളുടെ അച്ഛൻ – മനു. ശമം – രോഗശാന്തി.
14. മറ്റൊരേടത്തു പോകട്ടെ – ഞങ്ങളിൽ മുഷിയരുത്. വൃഷാവേ ഇത്യാദി പ്രത്യക്ഷവചനം.

## സൂക്തം 34.

ഗൃത്സമദൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; മരുത്തുക്കൾ ദേവത. (കേക)

ധാരകർ, ധൃതോദകർ, ധർഷകബലർ, സിംഹ-
ഘോരന്മാർ, കരുത്തുകൊണ്ടാരാധിച്ചരുളുവോർ,
മേല്ക്കുമേൽ ഭൂമി മീട്ടിക്കൊണ്ടഗ്നിതുല്യാഭന്മാർ
ഗോക്കളെത്തുറന്നുവിട്ടാരല്ലോ മരുത്തുക്കൾ! (1)

മീനണിവാനംപോലെ ശോഭിപ്പൂ, വളകളാൽ;
മിന്നുന്നു, മിന്നല്ക്കൊപ്പം വർഷകർ മരുത്തുക്കൾ;
പൂതമാം പയ്യിന്നുടെയകിട്ടിൽ വൃഷരുദ്രോൽ-
പാദിതരല്ലോ, മാറിൽപ്പൊന്നു ചാർത്തിയ നിങ്ങൾ! (2)

പാരിനെ നനയ്ക്കുന്നൂ, പോരിലശ്വത്തെപ്പോലേ;
പായുന്നു, മുകിൽമധ്യേ ചാലകർ വാജിസ്ഥരായ്;
പുള്ളിമാൻതേരിൽ മരുത്തുക്കളേ, ഹവിഷ്മാങ്കൽ-
ച്ചെല്ലുന്നു, പൊന്നിൻതൊപ്പിയിട്ടേകാശയർ നിങ്ങൾ. (3)

യഷ്ടാവിന്നൊ,രു തോഴന്നെന്നപോലെയത്തണ്ണീ-
രൊട്ടുക്ക നിത്യം കൊണ്ടുവരുന്നൂ പൃഷദശ്വർ,
അക്ഷയദ്രവിണന്മാർ വിദ്രുതപ്രദാനന്മാ-
ര,ശ്വങ്ങൾപോലേ പോക്കിൽ മേഘത്തെ വലിപ്പവർ! (4)

മിന്നുവാളേന്തും മരുത്തുക്കളേ, മധുമത്തി-
ന്ന,ന്നങ്ങളാവാസത്തിൽപ്പോലേ,കാശയർ നിങ്ങൾ
വന്നുചേരുവിൻ, മുകൾത്തട്ടിരമ്പത്താലിമ്പം
തന്നീടുമിടിവറ്റ വാർവഴികളിലൂടേ! (5)

മർത്ത്യർ ഞങ്ങൾതന്നന്നം, സവനം, സ്തോത്രമിവ-
യെട്ടുവിൻ, മരുത്തുക്കളേകമാനസർ നിങ്ങൾ;
മേഘത്തെ മീതേ തടിപ്പിയ്ക്കുവിന,ശ്വത്തെപ്പോ;-
ലേകുവിൻ, സ്തോതാവിന്നു കർമ്മയോഗ്യമാമന്നം! (6)

പ്രതിവാസരമെഴുന്നള്ളവേ വെളിവാക്കി-
സ്തുതിയ്ക്കുന്നോനെ ഞങ്ങൾക്കേകുവിൻ മരുത്തുക്കൾ,
സ്തോതാവിന്നശനവും, പോരിൽ വാഴ്ത്തുവോന്നാജി-
ബോധവു,മബാധമാം ദുസ്തരൌജസ്സും നിങ്ങൾ! (7)

തേരിനുമുന്നിൽത്തുരഗങ്ങളെപ്പൂട്ടുമ്പോഴേ,
മാറിൽപ്പൊന്നണി മിന്നും സുദാനർ മരുത്തുക്കൾ,
കുട്ടിയ്ക്കു കറവപ്പൈപോലവേ പൊഴിയ്ക്കുന്നൂ,
പുഷ്ടമാമന്നം ദത്തഹവ്യന്റെ ഗൃഹത്തിങ്കൽ! (8)

പകയാൽത്തട്ടിപ്പറിയ്ക്കുന്ന ഹിംസ്രനിൽനിന്നു
പരിപാലിപ്പിൻ, നിങ്ങളെങ്ങളെ വസുക്കളേ:
പിന്മാറ്റുകെ,രിവേൽകൊണ്ടവനെ രുദ്രന്മാരേ;

തിന്മനെക്കൊൽവിൻ, മരുത്തുക്കളേ, ദൂരത്താക്കി! (9)

അറിയാം, മാന്യം മരുത്തുക്കളേ, യുഷ്മൽപ്രാപ്തി:
കറന്നാരല്ലോ, ചെന്നപ്പയ്യിന്റെയകിടവർ;
സ്തുതിയ്ക്കും ത്രിതനെ നിന്ദിപ്പോരെ ഹനിപ്പോരെ-
പ്പൊതുക്കിവിട്ടാരല്ലോ, രുദ്രജരദമ്യന്മാർ! (10)

ആ മഹാന്മാരാം മരുത്തുക്കളേ, വിളിയ്ക്കുന്നു,
സോമമെമ്പാടും തയ്യാറാക്കി നിങ്ങളെ ഞങ്ങൾ:
എത്തേണ്ടുമിടത്തെത്തും ശ്രേഷ്ഠരാം സ്വർണ്ണാഭരോ-
ടർത്ഥിപ്പൂ, സ്രുവമേന്തി സ്തുതിച്ചു വിശിഷ്ടാന്നം! (11)

അദ്ദശഗ്വന്മാർ മുമ്പേ സാധിച്ചവല്ലോ, യജ്ഞം;
പ്രത്യുഷസ്സിങ്കൽ പ്രേരിപ്പിയ്ക്ക, ഞങ്ങളെയവർ:
പുലരി തുടുപ്പാൽപ്പോലല്ലിനെപ്പോക്കീടുന്നു,
വിലസും സതോയമാമുരുതേജസ്സാലവർ! (12)

നൽത്തുടുമൈക്കോപ്പുകൾ ചാർത്തി വീണയുമൊത്താ
രുദ്രജർ വളരുന്നു, സലിലസ്ഥാനങ്ങളിൽ;
വിദ്രുതം പായും കെല്പാൽ കാറിൽ നിന്നംഭസ്സതി-
ർത്ത,ത്യാഹ്ലാദകമായ കാന്തിയും വഹിയ്ക്കുന്നു! (13)

ത്രിതനായുധമേന്തുമഞ്ചഗ്രഹോതാക്കളെ
സ്ഥിതരാക്കിനാനല്ലോ തർപ്പിച്ചു കാമം നേടാൻ;
അവരെ,പ്പെരുതർത്ഥമിരന്നീ നമസ്സിനാ-
ലവനത്തിനായ്ച്ചാരേ സ്തുതിച്ചീടുന്നു ഞങ്ങൾ. (14)

ശ്രിതനെപ്പാപത്തിന്നപ്പുറമാക്കുവതേതോ,
നതനെപ്പഴിപ്പോനിൽനിന്നകറ്റുവതേതോ,
അബ്ഭവദ്രക്ഷ മരുത്തുക്കളേ, വരികിങ്ങോ-
ട്ട;—ഭ്യാഗമിയ്ക്ക, തിരുവുള്ളവും പശുപോലേ! (15)

## കുറിപ്പുകൾ: സൂക്തം 34.

1. ധാരകർ—വിശ്വംഭരർ. ആരാധിച്ചരുളുവോർ—ലോകത്തെ പ്രീതിപ്പെടുത്തുന്നവർ. ഭൂമി—മരുത്തുക്കളുടെ വീണ.
2. മീനണിവാനം=നക്ഷത്രങ്ങൾ നിരന്ന ആകാശം. ഉത്തരാർദ്ധം പ്രത്യക്ഷവചനം; വൃഷരുദ്രോൽപാദിതർ=കാളയുടെ രൂപം പൂണ്ട രുദ്രനാൽ ഉൽപാദിപ്പിയ്ക്കപ്പെട്ടവർ. പയ്യ്—ഗോരൂപം ധരിച്ച ഭൂമി.
3. അശ്വത്തെപ്പോലെ—കുതിരയെ വിയർപ്പുപോക്കാൻ നനയ്ക്കുന്നതുപോലെ. മുകിൽമദ്ധ്യേ=മേഘമദ്ധ്യത്തിൽ. പായുന്നു—മഴ പെയ്യിയ്ക്കാൻ. ചാലകർ—വൃക്ഷാദികളെ ഇളക്കുന്നവർ. വാജിസ്ഥരായ്—കുതിരപ്പുറത്തു കേറി. ബാക്കി പ്രത്യക്ഷവചനം: ഏകാശയർ=സമാനമനസ്കർ.
4. വിദ്രുതപ്രദാനന്മാർ=വേഗത്തിൽ കൊടുക്കുന്നവർ. അശ്വങ്ങൾപോലേ—കുതിരകൾ തേരിനെ എന്നപോലെ.

5. മിന്നുവാൾ = മിന്നുന്ന വാൾ (ച്ചുരിക). മധുമത്തിന്ന് – മധു (സോമം) കുടിച്ച ലഹരിപിടിയ്ക്കാൻ. അരയന്നങ്ങൾ വാസസ്ഥാനത്തെന്നപോലെ ഇവിടെ വന്നുചേരുവിൻ. മുകൾത്തട്ടിരമ്പത്താലിമ്പംതന്നീടും – മുകൾത്തട്ടിലെ ഇരമ്പംകൊണ്ട് ആഹ്ലാദപ്രദങ്ങളായ. വാർവഴികൾ = വിശാലമാർഗ്ഗങ്ങൾ.

6. മർത്ത്യർ – മനുഷ്യരായ. അശ്വത്തെപ്പോലെ – കുതിരയെ തടിപ്പിയ്ക്കുന്നതുപോലെ, മുകൾവശത്തു മേഘത്തെ തടിപ്പിയ്ക്കുവിൻ, വർഷണസമർത്ഥമാക്കുവിൻ.

7. പ്രതിവാസരം – നിത്യം. എഴുന്നള്ളവേ – നിങ്ങൾ വരുമ്പോൾ. വെളിവാക്കി – നിങ്ങളുടെ ഗുണങ്ങൾ വെളിപ്പെടുത്തി. സ്തുതിയ്ക്കുന്നോനെ – സ്തുതിയ്ക്കുന്ന പുത്രനെ. അശനം = ഭക്ഷണം. ആജിബോധം = യുദ്ധപരിജ്ഞാനം. ദുസ്തരൌജസ്സം – ശത്രുക്കൾക്കു പിന്നിടാവതല്ലാത്ത ബലവും ഏകുവിൻ.

8. പൂട്ടുമ്പോഴേ – യാഗത്തിന്നു പോരാൻ. കുട്ടിയ്ക്കു കറവപ്പെപ്പോലവേ – കുട്ടിയ്ക്കു പയ്യു പാൽ ചുരത്തിക്കൊടുക്കുന്നതുപോലെ. ദത്തഹവ്യൻ = ഹവിസ്സു നല്കിയവൻ, യജമാനൻ.

9. ഹിംസ്രൻ = ഹിംസകൻ. എരിവേൽ = ച്ചുട്ടെരിയ്ക്കുന്ന വേൽ എന്ന ആയുധം. രുദ്രന്മാർ – രുദ്രപുത്രന്മാർ. തിന്മൻ – രാക്ഷസനും മറ്റും.

10. മാന്യമായ നിങ്ങളുടെ പ്രാപ്തി (വരവ്) എല്ലാവർക്കും അറിയാം. അവശിഷ്ടം പരോക്ഷവചനം: അപ്പയ്യിന്റെ അകിട് – മേഘം.

11. എമ്പാടും – ചമസാദികളിൽ. ഉത്തരാർദ്ധം പരോക്ഷവചനം: എത്തേണ്ടുമിടം – യജ്ഞസ്ഥലം. അർത്ഥിപ്പൂ – ഞങ്ങൾ യാചിയ്ക്കുന്നു.

12. അദ്ദശഗ്വന്മാർ – പത്തുമാസംകൊണ്ടു യജ്ഞസിദ്ധിയ്ക്ക് ഒരുങ്ങിയ ആ അംഗിരസ്സുകൾ. മുമ്പേ – ആദിത്യന്മാരെക്കാൾ മുമ്പേ. പ്രത്യൂഷസ്സ് = പുലർകാലം. പുലരി തുടുപ്പുകൊണ്ട് അല്ലിനെ (രാത്രിയെ) പോക്കുന്നതുപോലെ, അവർ സതോയമായ (ജലസഹിതമായ ഉരു(മഹാ)തേജസ്സുകൊണ്ട് (സൂര്യനെക്കൊണ്ട്) ഇരുട്ടിനെ പോക്കുന്നു.

13. സലിലസ്ഥാനങ്ങൾ – മേഘങ്ങൾ. അംഭസ്സ് = ജലം.

14. അഞ്ചഗ്ര്യഹോതാക്കൾ – പഞ്ചപ്രാണവായുക്കളാകുന്ന മുഖ്യഹോതാക്കൾ. സ്ഥിതരാക്കിനാൻ – വിട്ടുപോകാതെ നിർത്തി. അവർ – പഞ്ചപ്രാണർ. അവനത്തിന്നായ് – ഞങ്ങളെ ആയുധം(ച്ചുരിക)കൊണ്ടു രക്ഷിപ്പാൻ.

15. ശ്രിതൻ – ആശ്രയിച്ചവൻ, ആരാധകൻ. നതൻ = നമിച്ചവൻ, വന്ദിച്ചവൻ. ഇങ്ങോട്ട് – ഞങ്ങളുടെ അടുക്കലെയ്ക്ക്. പശുപോലെ – പയ്യു കുട്ടിയുടെ അടുക്കലെയ്ക്കെന്നപോലെ. അഭ്യാഗമിയ്ക്ക – വരുമാറാകട്ടെ.

## സൂക്തം 35.

ഗൃത്സമദൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അപാംനപാത്ത് ദേവത.

അന്നത്തിന്നുവേണ്ടി ഞാൻ ഈ സ്തോത്രം ചൊല്ലുന്നു: ജല സംബന്ധിയും ജവഗാമിയുമായ അപാംനപാത്ത് സ്തോതാവായ എനിയ്ക്ക് അന്നം വളരെത്തരട്ടെ; ഞങ്ങളെ സുരൂപരുമാക്കട്ടെ! അവിടുന്നു സ്തോത്രതൽപരനാണല്ലോ. (1)

ഹൃദയംകൊണ്ടു വഴിപോലെ നിർമ്മിച്ച ഈ സ്തോത്രം നാം ചൊല്ലുക; അദ്ദേഹം ഇതു ധാരാളം അറിയട്ടെ. സ്വാമിയായ അപാംനപാത്താണല്ലോ, ബലത്തിന്റെ മഹിമാവാൽ ഭുവനമെല്ലാം ഉൽപാദിപ്പിച്ചത്! (2)

വന്നുചേരുന്നവയും നില്ക്കുന്നവയുമായ ജലങ്ങൾ ഒന്നിച്ചു നദികളായിട്ടു, ബഡബാഗ്നിയെ പ്രീതിപ്പെടുത്തുന്നു – പരിശുദ്ധങ്ങളായ അവ ആ വിളങ്ങിത്തിളങ്ങുന്ന അപാംനപാത്തിനെത്തന്നെയാണ്, പര്യുപാസിയ്ക്കുന്നത്! (3)

യുവതികൾ വണക്കത്തോടേ ഒരു യുവാവിനെ എന്നപോലെ, തണ്ണീരുകൾ അദ്ദേഹത്തെ തുലോം അലംകരിച്ചുകൊണ്ടു പരിചരിയ്ക്കുന്നു; ആ ദീപ്തരൂപൻ വെള്ളത്തിൽ, വിറകുകൂടാതെ, നമുക്കു ധനമുണ്ടായിവരുമാറു, സ്വച്ഛമായ സ്വതേജസ്സുകൊണ്ട് ഉജ്ജ്വലിയ്ക്കുന്നു! (4)

ഈ സുഖിതനായ ദേവന്നു നായികമാരായ മൂന്നു ദേവിമാർ അന്നം ഒരുക്കിവെയ്ക്കുന്നു; ജലത്തിൽ ജനിപ്പിയ്ക്കപ്പെട്ടവർപോലെ പ്രസരിയ്ക്കുന്നു. അതിനാൽ, പ്രഥമസൃഷ്ടത്തിന്റെ സത്ത് അദ്ദേഹം നുകരുന്നു! (5)

അദ്ദേഹത്തിൽനിന്നാണ്, അശ്വത്തിന്റെ – പോരാ സർവജഗത്തിന്റെയും – ഉൽപത്തി. ഭവാൻ സ്തോതാക്കളെ കവർച്ചക്കാരന്റെ ഉപദ്രവത്തിൽനിന്നു രക്ഷിച്ചാലും. അപക്വജലങ്ങൾക്കപ്പുറം വർത്തിയ്ക്കുന്ന ആ അധൃഷ്യങ്കൽ മാറ്റലരും ചെല്ലില്ല, മായകളും ചെല്ലില്ല! (6)

ആർ സ്വഗൃഹത്തിൽ വർത്തിയ്ക്കുന്നുവോ, ആരുടെ പയ്യു സുഖേന കറക്കാവുന്നതോ, ആർ സ്വധയെ വർദ്ധിപ്പിയ്ക്കുകയും നല്ല അന്നം ഭക്ഷിയ്ക്കുകയും ചെയ്യുന്നുവോ; ആ അപാംനപാത്ത് ജലമധ്യ ത്തിൽ ബലംപൂണ്ടു, പരിചാരകന്നു ധനം നല്കാനായി പ്രശോഭിയ്ക്കുന്നു! (7)

ആ സത്യവാനും നിത്യനുമായ മഹാൻ ജലങ്ങളിൽ ദിവ്യതേജസ്സോടേ വിളങ്ങുന്നു; അദ്ദേഹത്തിന്റെ മററു ശാഖകളത്രേ, ഭുവനങ്ങൾ; (അദ്ദേഹത്തിൽ നിന്നുതന്നെയാണ് ) ഓഷധികളും മക്കളും ജനിയ്ക്കുന്നത് ! (8)

അപാംനപാത്ത് വെള്ളത്തിൽ ഊർദ്ധ്വം ജ്വലിച്ചു, മേഘത്താൽ ഉടുപ്പിട്ട്, അന്തരിക്ഷത്തിലിരിയ്ക്കുകയാണല്ലോ; അദ്ദേഹത്തിന്റെ മുതിർന്ന മാഹാത്മ്യത്തെ വഹിച്ചുകൊണ്ടു, വമ്പിച്ച നദികൾ ചുററും ഒഴുകുന്നു! (9)

ആ ഹിരണ്യരൂപനും ഹിരണ്യേന്ദ്രിയനും ഹിരണ്യവർണ്ണനുമായ അപാംനപാത്ത് ഹിരണ്യസ്ഥാനത്തിന്നു മുകളിൽ ഇരുന്നരുളുന്നു; അവിടെയ്ക്കു ഹിരണ്യദാതാക്കൾ അന്നം സമർപ്പിയ്ക്കുന്നു! (10)

ഈ അപാംനപാത്തിന്റെ അഴകൊത്ത രൂപവും നാമവും മറവിൽ വർദ്ധിയ്ക്കുന്നു; ഈ ഹിരണ്യവർണ്ണനെ അവിടെ യുവതികൾ വഴിപോലെ വളർത്തുന്നു; വെള്ളമാണ്, അവിടെയ്ക്കാഹാരം! (11)

വളരെപ്പേരിൽ ഒന്നാമനായ ഈ സഖാവിനെ നാം നമസ്സുകൊണ്ടും യജ്ഞ

ഹവിസ്സുകൊണ്ടും പരിചരിയ്ക്കുക: ഞാൻ മുകൾഭ്ഭാഗം തുടയ്ക്കാം ഞാൻ വിറകു പൂട്ടാം; ഞാൻ അന്നം നിവേദിയ്ക്കാം; ഞാൻ ഋക്ക് ചൊല്ലി സ്തുതിയ്ക്കാം. (12)

ഈ അപാംനപാത്ത് വൃഷാവായി അവയിൽ ഗർഭമുണ്ടാക്കുന്നു; കിടാവായി കുടിയ്ക്കുന്നു; അവ മുകരുന്നു. ഇവിടെ അദ്ദേഹം നിറം മങ്ങാതെ, മറ്റഗ്നിയുടെ ദേഹം കൊണ്ടുതന്നെ വ്യാപിയ്ക്കുന്നു! (13)

ആ ഉൽകൃഷ്ടസ്ഥാനത്തിരുന്നു നിത്യം ജ്വലിയ്ക്കുന്ന തേജസ്വിയുടെ ചുററും, വമ്പിച്ച തണ്ണീരുകൾ നപ്താവിന്നു ജലമാകുന്ന അന്നം വഹിച്ചുകൊണ്ടു സ്വയം നില്ക്കാതെ പായുന്നു! (14)

അഗ്നേ, ഞാൻ ആളുകൾക്കുവേണ്ടി ശോഭനനിവാസനായ ഭവാങ്കൽ അണയുന്നു; ഹവിർദ്ധനന്മാർക്കുവേണ്ടി വെട്ടുപ്പിൽ സ്തുതിയ്ക്കുന്നു. ദേവന്മാരുടെപക്കലുള്ള എല്ലാ നന്മയും (ഞങ്ങൾക്കു കിട്ടട്ടെ!). ഞങ്ങൾ നല്ല വീരന്മാരോടുകൂടി യാഗത്തിൽ സ്തുതിയ്ക്കാം. (15)

## കുറിപ്പുകൾ: സൂക്തം 35.

1. ജലസംബന്ധി – മേഘസ്ഥജലസംബന്ധി.
2. ബലത്തിന്റെ മഹിമാവാൽ – മഴ പെയ്യിച്ച്.
3. വന്നുചേരുന്നവ – വർഷംകൊണ്ട്. നില്ക്കുന്നവ – മുമ്പുതന്നെ ഉള്ളവ. ബഡബാഗ്നി – സമുദ്രത്തിന്റെ അടിയിലിരിയ്ക്കുന്ന ഔർവാഗ്നി.
5. മൂന്നു ദേവിമാർ – ഇളയും സരസ്വതിയും ഭാരതിയും. പ്രഥമസൃഷ്ടം – ജലം.
6. അശ്വം – ഉച്ചൈശ്ശ്രവസ്സ്. ഭവാൻ എന്നു തുടങ്ങുന്ന ഒരു വാക്യം പ്രത്യക്ഷകഥനം.
7. സ്വധ – വർഷജലം. അന്നം – മഴകൊണ്ടുണ്ടായ ഹവിസ്സ് . പരിചാരകൻ – പരിചരിയ്ക്കുന്ന യജമാനൻ.
8. മക്കൾ – പുഷ്പഫലാദികൾ.
9. നദീപ്രവാഹങ്ങൾ അപാംനപാത്തിന്റെ മഹിമയെ വെളിപ്പെടുത്തുന്നു.
10. ഹിരണ്യം = സ്വർണ്ണം. ഹിരണ്യദാതാക്കൾ ദക്ഷിണയായി സ്വർണ്ണം കൊടുക്കുന്ന യജമാനന്മാർ.
11. മറവിൽ – മേഘങ്ങളുടെ. യുവതികൾ – തണ്ണീരുകൾ.
12. വളരെപ്പേരിൽ – വളരെ ദേവന്മാരുടെ ഇടയിൽ.
13. അവയിൽ – മേഘജലങ്ങളിൽ. ഗർഭമുണ്ടാക്കുന്നു – താൻതന്നെ ഗർഭമായിത്തീരുന്നു. കുടിയ്ക്കുന്നു – മുലപ്പാലിന്നൊത്ത മേഘജലം നുകരുന്നു. മുകരുന്നു – കിടാവിനെ ചുംബിയ്ക്കുന്നതുപോലെ. മറ്റഗ്നി – ഭൌമാഗ്നി.
14. നപ്താവ് = അപാംനപാത്ത്.
15. ശോഭനനിവാസൻ = നല്ല പാർപ്പിടത്തോടുകൂടിയവൻ. ഹവിർദ്ധനന്മാർ – യജമാനന്മാർ.

## സൂക്തം 36.

ഗൃത്സമദൻ ഋഷി; ജഗതി ഛന്ദസ്സ്; ഇന്ദ്രാദികൾ ദേവത.

ഇന്ദ്ര, അങ്ങയ്ക്കായി ഒരുക്കുന്ന സോമം ഗോരസങ്ങളോടും ജലത്തോടും ചേർന്നു; ഇതിനെ നേതാക്കൾ ആട്ടിൻരോമങ്ങൾകൊണ്ടും അമ്മിക്കുഴകൾകൊണ്ടും അരിച്ചു. സ്വാഹാഹൂതവും വഷട്കൃതവുമായ ഇതു ഹോതൃയാഗത്തിൽനിന്ന് അവിടുന്നു മുമ്പേ കുടിച്ചാലും: അവിടുന്നാണല്ലോ, ഈശ്വരൻ! (1)

യജ്ഞസംയുക്തരും, പുള്ളിമാൻപേടത്തേരിൽ കേറിയവരും, ചുരികയാൽ ശോഭിയ്ക്കുന്നവരും, ആഭരണപ്രിയന്മാരും, അന്തരിക്ഷനേതാക്കളുമായ രുദ്രപുത്രന്മാരേ, നിങ്ങൾ ദർഭയിലിരുന്നു പോതൃയാഗത്തിൽനിന്നു സോമം കുടിയ്ക്കുവിൻ! (2)

ശോഭനാഹ്വാനന്മാരേ, നിങ്ങൾ ഒന്നിച്ചുതന്നെ ഞങ്ങളുടെ അടുക്കൽ വരുവിൻ, ദർഭയിലിരിയ്ക്കുവിൻ, വിളയാടുവിൻ! ത്വഷ്ടാവേ, ദേവന്മാരും ദേവപത്നിമാരുമാകുന്ന നല്ല ഗണത്തോടുകൂടിയ ഭവാൻ അന്നം ഭുജിച്ചു സംതൃപ്തി പൂണ്ടാലും! (3)

മേധാവിൻ, ഭവാൻ ദേവന്മാരെ ഇവിടെ കൊണ്ടുവന്നു യജിയ്ക്കുക; ഹോതാവേ, ഇച്ഛയോടേ മൂന്നിടങ്ങളിൽ ഇരിയ്ക്കുക; ആനീതമായ സോമമധു സകൌതുകം അഗ്നീധ്രയാഗത്തിൽനിന്നു കുടിയ്ക്കുക; അങ്ങയുടെ പങ്കുകൊണ്ടു സംതൃപ്തനാകുക! (4)

മഘവാവേ, ഇതാ, തിരുമേനിയ്ക്കു ബലം വർദ്ധിപ്പിച്ച സോമം: ഇതു പണ്ടേ തൃക്കൈകൾക്കു കെല്പും മിടുക്കും ഉളവാക്കിയതാണല്ലോ; അങ്ങയ്ക്കായി പിഴിഞ്ഞു കൊണ്ടുവന്ന ഇതു ഭവാൻ ബ്രാഹ്മണാച്ഛംസിയാഗത്തിൽനിന്നു മതിയാവോളം കുടിച്ചാലും! (5)

തമ്പുരാക്കന്മാരേ, നിങ്ങളിരുവരും എന്റെ യാഗത്തിൽ എഴുന്നള്ളുവിൻ: വിളി കേൾക്കുവിൻ. ഹോതാവ് ഇരുന്നു പഴയ ‘ശസ്ത്ര’ങ്ങൾ ചൊല്ലുന്നു. ഇതാ, അന്നം തിരുമുമ്പിൽ എത്തിയ്ക്കപ്പെട്ടിരിയ്ക്കുന്നു; നിങ്ങൾ ഈ സോമമധു പ്രശാസ്തൃയാഗത്തിൽനിന്നു പാനംചെയ്താലും! (6)

### കുറിപ്പുകൾ: സൂക്തം 36.

1. അമ്മിക്കുഴകൾകൊണ്ടും – ചതച്ച്. ആട്ടിൻരോമങ്ങൾകൊണ്ട് അരിച്ചു.
2. രുദ്രപുത്രന്മാർ – മരുത്തുക്കൾ.
3. ത്വഷ്ടാവ് മുതലായവരോട്:
4. അഗ്നിയോട്: ഹോതാവ് – ദേവന്മാരെ വിളിയ്ക്കുന്നവൻ.
6. മിത്രാവരുണന്മാരോട്:

ഏഴാമധ്യായം സമാപ്തം.

എട്ടാമധ്യായം

# ഋഗ്വേദം: രണ്ടാം അഷ്ടകം

## എട്ടാം അദ്ധ്യായം

മണ്ഡലം 2 അനുവാകം 4

## സൂക്തം 37.

ഗൃത്സമദൻ ഋഷി; ജഗതി ഛന്ദസ്സ്; ദ്രവിണോദസ്സും അശ്വികളും അഗ്നിയും ദേവത.

ദ്രവിണോദസ്സേ, ഭവാൻ ഹോതൃയാഗത്തിൽനിന്ന് അന്നത്താൽ സന്തുഷ്ടനായി തൃപ്തിപൂണ്ടാലും: അധ്വര്യുക്കളേ, അദ്ദേഹം പൂർണ്ണാഹുതിയെ ഇച്ഛിയ്ക്കുന്നു; അദ്ദേഹത്തിന്ന് അതു കൊണ്ടുവരുവിൻ. അതു കൈക്കൊണ്ട് അദ്ദേഹം (ഇഷ്ടഫലം) തരും. ഭവാൻ ഋതുക്കളോടുകൂടി ഹോതൃയാഗത്തിൽനിന്നു സോമം കുടിച്ചാലും! (1)

ദ്രവിണോദസ്സേ, ഞാൻ ആരെ മുമ്പു വിളിച്ചുവോ, ആ അങ്ങയെത്തന്നെ ഇപ്പോൾ വിളിയ്ക്കുന്നു. അദ്ദേഹം ആഹ്വാതവ്യനും ദാതാവും കഴിവുള്ളവനുമാകുന്നു; അദ്ദേഹത്തിന്ന് അധ്വര്യുക്കൾ സോമമധുകൊണ്ടുവന്നിരിയ്ക്കുന്നു. അങ്ങ് ഋതുക്കളോടു കൂടി പോതൃയാഗത്തിൽ നിന്നു സോമം കുടിച്ചാലും! (2)

ദ്രവിണോദസ്സേ, അങ്ങയെ കൊണ്ടുനടക്കുന്ന വാഹനങ്ങൾ തൃപ്തിയടയട്ടെ. വനസ്പതേ, അങ്ങ് ഉപദ്രവിയ്ക്കാതെ ഉറച്ചുനില്ക്കുക. ധർഷക, അങ്ങു വന്നു, മുതിർന്ന് ഋതുക്കളോടു കൂടി നേഷ്ടൃയാഗത്തിൽ നിന്നു സോമം കടിച്ചാലും! (3)

ആർ ഹോത്രത്തിൽനിന്നു കുടിച്ചുവോ, ആർ പോത്രത്തിൽ നിന്നു മത്തുകൊണ്ടുവോ, ആർ നേഷ്ടത്തിൽനിന്നു ഹിതമായ അന്നം ഭുജിച്ചുവോ; ഹവിർദ്ദാതാക്കൾക്കനുകൂലനായ ആ ദ്രവിണോദസ്സ് അരിച്ച മരണനിവാരകമായ നാലാമത്തെപ്പാത്രം കുടിച്ചരുളട്ടെ! (4)

ഇന്നു നിങ്ങളിരുവരെയും കൊണ്ടു പോന്ന് ഇവിടെ വിടാൻ നിങ്ങളുടെ പള്ളിത്തേർ പൂട്ടുവിൻ; വരുവിൻ; ഹവസ്സിൽ തേൻ പകരുവിൻ; വാജിനീവസുക്കളേ, എന്നിട്ടു സോമം കുടിയ്ക്കുവിൻ! (5)

അഗ്നേ, അവിടുന്നു ചമത കൈക്കൊള്ളുക, ആഹുതി കൈക്കൊള്ളുക, ജനഹിതമായ 'ശസ്ത്രം' കൈക്കൊള്ളുക, നല്ല സ്തുതി കൈക്കൊള്ളുക; വസോ, ഇച്ഛിയ്ക്കുന്ന ഭവാൻ ഇച്ഛിയ്ക്കുന്ന ദേവന്മാരെയെല്ലാം, ഋതുവോടും എല്ലാവരോടും കൂടി, ഹവിസ്സു കുടിപ്പിച്ചാലും! (6)

### കുറിപ്പുകൾ: സൂക്തം 37.

1. അതു – സോമം. ഒടുവിലെ വാക്യം പ്രത്യക്ഷവചനം:
2. പ്രത്യക്ഷ – പരോക്ഷവചനങ്ങൾ:
3. വനസ്പതി = വനനാഥൻ. മുതിർന്ന് – ഒരുങ്ങി.
4. നാലാമത്തെപ്പാത്രം – നാലാംപാത്രത്തിലെ സോമം.
5. അശ്വികളോട്: വാജിനീവസുക്കൾ – ആളുകളെ ആഹാരം നല്കി പൊറുപ്പിയ്ക്കുന്നവർ.

## സൂക്തം 38.

ഗൃത്സമദൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; സവിതാവ് ദേവത.

ആ ഭാരവാഹിയായ സവിതൃദേവൻ പ്രസവത്തിന്നനുജ്ഞ നല്കാൻ പ്രതിദിനം എഴുനേല്ക്കുന്നു: ഇതത്രേ, തന്റെ ജോലി. അവിടുന്ന് ഇപ്പോൾ സ്തോതാക്കൾക്കു രത്നം നല്കും; ശോഭനയജ്ഞന്നു ക്ഷേമവും വരുത്തും! (1)

ആ കൈപ്പടം പരന്ന ദേവൻ ലോകസുഖത്തിന്നായി ഉദ്ഗമിച്ചു കൈകൾ നീട്ടുന്നു: അദ്ദേഹത്തിന്റെ കർമ്മത്തിൽ, പരിപാവനങ്ങളായ ജലങ്ങളും ഒഴുകുന്നു; ഈ വായുവും അന്തരിക്ഷത്തിൽ വിഹരിയ്ക്കുന്നു. (2)

പോകുന്ന സവിതാവു രശ്മികളോടു വേർപിരിയുന്നു; സതതസഞ്ചാരികളുടെ പോലും യാത്ര നിർത്തിയ്ക്കുന്നു, വൈരികളെ ചെറുക്കാൻ പോകുന്നവരുടെയും ഗമനേച്ഛ അടക്കിയ്ക്കുന്നു. സവിതാവിന്റെ ജോലി കഴിഞ്ഞാൽ, രാത്രി വരികയായി. (3)

വീണ്ടും, ഒരു നെയ്ത്തുകാരിപോലെ (രാത്രി) വെളിച്ചം നെയ്യുന്നു. ധീരൻപോലും സാധ്യമായ ജോലി ഇടയ്ക്കുവെച്ചു നിർത്തുന്നു; വീണ്ടും ശയ്യ വിട്ടെഴുനേല്ക്കുന്നു. നിർത്തലില്ലാത്ത ദേവൻ സവിതാവു വരുന്നു; ഋതുക്കളെ ചിന്തിവെയ്ക്കുന്നു. (4)

അഗ്നിയുടെ വളർന്ന ഗൃഹ്യതേജസ്സു വിവിധസ്ഥാനങ്ങളിലും എല്ലാ അന്നത്തിലും സ്ഥിതിചെയ്യുന്നു; അവന്റെ അടയാളമായി സവിതാവിനാൽ അയയ്ക്കപ്പെട്ട പ്രഥമഭാഗം അമ്മ മകന്നായി വെയ്ക്കുന്നു! (5)

ജയത്തിന്നായി പുറപ്പെട്ടവൻ തിരിച്ചുപോരുന്നു; സകലജംഗമങ്ങളുടെയും ഗൃഹത്തിൽ കാമൻ ആവിർഭവിയ്ക്കുന്നു. തൊഴിലാളി പകുതി ചെയ്ത വേല നിർത്തി, മടങ്ങുന്നു. ദിവ്യനായ സവിതാവിന്റെ പണിത്തരമാണിത്! (6)

അങ്ങയാൽ അന്തരിക്ഷത്തിൽ വെയ്ക്കപ്പെട്ട ജലാംശത്തെ തിരഞ്ഞുകൊണ്ടു മൃഗങ്ങൾ മരുഭൂമിയിൽ മരുവുന്നു; പക്ഷികൾ വൃക്ഷങ്ങളിൽ പാർക്കുന്നു. ഈ സവിതൃദേവന്റെ ആ ചേഷ്ടിതങ്ങൾ ആരും മുടക്കുന്നില്ല! (7)

സവിതാവു മറയുമ്പോൾ, വരുണൻ വഴിപോക്കർക്കു സേവ്യവും പ്രാപ്യവും സുഖകരവുമായ താവളം നല്കുന്നു; പറക്കുന്ന എല്ലാ പക്ഷിയും തിരിയ്ക്കുന്നു; പശു തൊഴുത്തിൽ കേറുന്നു. സവിതാവു പ്രാണികളെ സ്വസ്ഥാനങ്ങളിലെയ്ക്കു വേർതിരിയ്ക്കുന്നു! (8)

അദ്ദേഹത്തിന്റെ ജോലി ഇന്ദ്രനോ വരുണനോ മിത്രനോ അര്യമാവോ രുദ്രനോ മുടക്കില്ല;വൈരികളും മുടക്കില്ല. ആ സവിതൃദേവനെ ഞാൻ ക്ഷേമത്തിന്നായി, ഹവിസ്സൊരുക്കി വിളിയ്ക്കുന്നു. (9)

സേവ്യനും ധ്യേയനുമായ ബഹുപ്രജ്ഞനെ കീർത്തിയ്ക്കുന്ന ഞങ്ങളെ ആ നരസ്തുത്യനായ ഛന്ദസ്പതി രക്ഷിയ്ക്കട്ടെ; ധനവും പശുക്കളും വരാനും ചേർന്നുനില്ക്കാനും ഞങ്ങളിൽ സവിതൃദേവൻ പ്രസാദിയ്ക്കട്ടെ! (10)

അങ്ങു നല്കിയ ആ കമനീയമായ ധനം ഞങ്ങൾക്കു സ്വർഗ്ഗത്തിൽനിന്നും അന്തരിക്ഷത്തിൽനിന്നും ഭൂമിയിൽനിന്നും കൈവരട്ടെ; സവിതാവേ, സ്തോതാക്കളുടെ ബന്ധുവിന്നു സുഖകരം യാതൊന്നോ, അതു, വളരെ സ്തുതിയ്ക്കുന്ന സ്തോതാവിന്നു തന്നാലും! (11)

## കുറിപ്പുകൾ: സൂക്തം 38.

1. ഭാരവാഹി – ഭുവനഭാരം വഹിയ്ക്കുന്നവൻ. പ്രസവം = സന്തത്യുൽപാദനം. ഇതു് – ലോകത്തിൽ സന്തത്യുൽപാദനം നടത്തിയ്ക്കൽ. എഴുന്നേല്ക്കുന്നു – ഒരുങ്ങുന്നു.

4. വീണ്ടും – തലേന്നാളത്തെപ്പോലേ, നിർത്തുന്നു – വൈകുന്നേരം പണി നിർത്തുമല്ലോ. വീണ്ടും – പുലർകാലത്ത്. ശയ്യ വിട്ടെഴുന്നേൽക്കുന്നു – ഉറക്കമുണർന്നു വേല തുടരുന്നു. സവിതാവു വരുന്നു – സൂര്യൻ ഉദിയ്ക്കുന്നു. ചീന്തിവെയ്ക്കുന്നു – വേർതിരിയ്ക്കുന്നു.

6. പ്രഥമഭാഗം – അഗ്നിഹോത്രം. അമ്മ – ഉഷസ്സ്. മകൻ – അഗ്നി.

10. ഛന്ദസ്പതി = ഛന്ദസ്സുകളുടെ അധിപതി, സവിതാവ്.

11. അതു – ധനം.

## സൂക്തം 39.

ഗൃത്സമദൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത.

വളരെയാളുകളാൽ ആഹ്വാതവ്യരായ നിങ്ങളിരുവരും കവിണക്കല്ലുകൾപോലെ പരിപന്ഥിയെ പരിക്ഷേപ്പിയ്ക്കുന്നു; കഴുകർവൃക്ഷത്തെയെന്നപോലെ ഹവിർദ്ധനനെ പ്രാപിയ്ക്കുന്നു; ഉക്ഥം ചൊല്ലുന്ന ബ്രാഹ്മണർപോലെ യജ്ഞത്തിലും, ദൂതർപോലെ നാട്ടുപുറങ്ങളിലും പെരുമാറുന്നു. (1)

രാവിലെത്തന്നെ പോകുന്നവരും, രഥികൾപോലെ വീരരും, ആടുകൾപോലെ ഇണയും, സ്ത്രീകൾപോലെ സുന്ദരാംഗരും ദമ്പതിമാർപോലെ സംയുക്തരും, നാട്ടുപുറങ്ങളിൽ കർമ്മജ്ഞരുമായ നിങ്ങൾ ഭക്തങ്കൽ ചെല്ലുന്നു. (2)

കൊമ്പുകൾപോലെ മുമ്പരും, കുളമ്പുകൾപോലെ തുലോം ശീഘ്രഗാമികളുമായ നിങ്ങൾ ഞങ്ങളുടെ അടുക്കലെയ്ക്കു വന്നാലും; രഥികൾപോലെ രിപുക്കളെ ആട്ടിക്കളയുന്ന ശക്തന്മാരായ നിങ്ങൾ, ചക്രവാകങ്ങൾ പകലിലെയ്ക്കെന്നപോലെ, ഇങ്ങോട്ടെഴുന്നള്ളിയാലും! (3)

നിങ്ങൾ തോണിപോലെ ഞങ്ങളെ അപ്പുറത്താക്കണം – നുകംപോലെയും ചക്രക്കുടംപോലെയും അതിന്റെ പലകപോലെയും, ബാഹ്യവലയംപോലെയും ഞങ്ങളെ അപ്പുറത്താക്കണം; നായ്ക്കൾപോലെ ഞങ്ങളുടെ ദേഹരക്ഷകരാകണം; ചട്ടപോലെ, ഞങ്ങളെ ജരയിൽ നിന്നു രക്ഷിയ്ക്കണം! (4)

കാറ്റുപോലെ നിർത്താവതല്ലാത്തവരും, നദിപോലെ ശീഘ്രഗാമികളുമായ നിങ്ങൾ കണ്ണുകൾപോലെ നോക്കി, ഇങ്ങോട്ടുവന്നാലും; കൈകൾപോലെയും കാലുകൾപോലെയും ദേഹത്തിന്നു സുഖമുളവാക്കുന്ന നിങ്ങൾ ഞങ്ങൾക്കു മികച്ച ധനം കൊണ്ടുവന്നാലും ! (5)

നിങ്ങൾ ചുണ്ടുകൾപോലെ വായ് മധുരിയ്ക്കുന്ന വാക്കുച്ചരിച്ചു, സ്തനങ്ങൾപോലെ, ജീവിപ്പാൻ ഞങ്ങളെ പുഷ്ടിപ്പെടുത്തുവിൻ; മൂക്കുകൾപോലെ ഞങ്ങളുടെ ദേഹത്തെ രക്ഷിയ്ക്കുവിൻ; ചെവികൾ പോലെ ഞങ്ങൾക്കു സുശ്രവണരാകുവിൻ! (6)

അശ്വികളേ, നിങ്ങൾ, കൈകൾപോലെ ഞങ്ങൾക്കു ത്രാണിയുണ്ടാക്കുവിൻ; വാന്യുഴികൾപോലെ ഞങ്ങൾക്കു വെള്ളം കിട്ടിയ്ക്കുവിൻ; നിങ്ങളെക്കുറിച്ചുള്ള ഈ സ്തുതികൾക്കു, കത്തിയ്ക്കു ചാണ എന്നപോലെ മൂർച്ച വരുത്തുവിൻ! (7)

അശ്വികളേ, ഇങ്ങനെ നിങ്ങളെ വളർത്തുന്ന മന്ത്രവും സ്തോത്രവും ഗൃത്സമദന്മാർ നിർമ്മിച്ചിരിയ്ക്കുന്നു; നേതാക്കളായ നിങ്ങൾ ഇവയിൽ പ്രീതിപൂണ്ടു വന്നുചേർന്നാലും! ഞങ്ങൾ നല്ല വീരന്മാരോട്ടുകൂടി യാഗത്തിൽ സ്തുതിയ്ക്കാം. (8)

### കുറിപ്പുകൾ: സൂക്തം 39.

1. ദൂതർ – രാജാവയച്ച ദൂതർ.
2. പോകുന്നവർ – യജ്ഞത്തിന്ന്. സംയുക്തർ = ചേർന്നിരിയ്ക്കുന്നവർ.
3. കൊമ്പുകൾ – വൃഷാദികളുടെ, മുമ്പർ – പ്രധാനർ. കുളമ്പുകൾ – അശ്വാദികളുടെ. ചക്രവാകങ്ങൾക്കു രാത്രിയിൽ വിരഹദുഃഖം പ്രസിദ്ധമാണല്ലോ.
4. അപ്പുറത്ത് – ദുർഗ്ഗമങ്ങളുടെ മറുകരയിൽ. നുകവും മറ്റും തേരിന്റെ അവയവങ്ങളാകയാൽ തേർപോലെ എന്നർത്ഥം. ചട്ടപോലെ – കവചം ആയുധങ്ങളിൽനിന്നു രക്ഷിയ്ക്കുന്നതുപോലെ.

6. സ്തനങ്ങൾ – അമ്മയുടെ മുലകൾ. മൂക്കുകൾപോലെ – നാസാരന്ധ്രങ്ങൾ ശ്വാസോച്ഛ്വാസങ്ങൾകൊണ്ടെന്നപോലെ.

7. കൈകൾപോലെ – കൈകളാണല്ലോ, ജോലിചെയ്യുക.

## സൂക്തം 40.

ഗൃത്സമദൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; സോമനും പൂഷാവും അദിതിയും ദേവത.

സോമാപൂഷാക്കളേ, നിങ്ങൾ ധനത്തെ ഉൽപാദിപ്പിച്ചു, ദ്യോവിനെ ഉൽപാദിപ്പിച്ചു, ഭൂവിനെ ഉൽപാദിപ്പിച്ചു; ജനിച്ചപ്പോൾത്തന്നെ നിങ്ങളെ ദേവന്മാർ സമസ്തജഗദ്രക്ഷകരും അമൃതപ്രദരുമാക്കിവെച്ചു. (1)

ഈ ദേവന്മാർ ജനിച്ചപ്പോൾത്തന്നേ സേവിതരായി. കൊള്ളരുതാത്ത തമസ്സിനെ ഇവർ കഴിച്ചുമൂടുന്നു. ഈ സോമാപൂഷാക്കളോടൊന്നിച്ചത്രേ, ഇന്ദ്രൻ തരുണികളായ പൈക്കളുടെ അകിട്ടിൽ പക്വമായ പാൽ ഉൽപാദിപ്പിയ്ക്കുന്നത്. (2)

വൃഷാക്കളായ സോമാപൂഷാക്കളേ, ലോകത്തെ അളക്കുന്നതും, ആർക്കും അളന്നുകൂടാത്തതും, ഏഴു ചക്രവും അഞ്ചു കടിഞ്ഞാണുമുള്ളതും, നീളെ ചുററിനടക്കുന്നതും, മനസ്സുകൊണ്ടു പൂട്ടുന്നതുമായ ആ പള്ളിത്തേർ നിങ്ങൾ ഇങ്ങോട്ടു തെളിച്ചാലും! (3)

ഒരാൾ ഉയർന്ന വാനത്തും, മററാൾ ഭൂമ്യന്തരിക്ഷങ്ങളിലും പാർപ്പുറപ്പിച്ചു; അവർ ഞങ്ങൾക്കനുഭവിപ്പാൻ, ബഹുവരേണ്യവും ബഹുയശസ്കവുമായ ‘ധനപോഷം’ ഞങ്ങൾക്കു തന്നരുളട്ടെ! (4)

ഒരാൾ ഉലകെല്ലാം ഉൽപാദിപ്പിച്ചു; മാറ്റൾ എല്ലാററിനെയും നോക്കിക്കൊണ്ടു വന്നണയുന്നു. അങ്ങനെയുള്ള സോമാപൂഷാക്കളേ, നിങ്ങൾ എന്റെ കർമ്മത്തെ രക്ഷിയ്ക്കുവിൻ; നിങ്ങളുടെ തുണയാൽ ഞങ്ങൾ പറ്റലർപ്പടകളെയെല്ലാം വെല്ലുമാറാകണം! (5)

വിശ്വപ്രീതിദനായ പൂഷാവു കർമ്മം പൂർത്തിപ്പെടുത്തട്ടെ; ധനേശനായ സോമൻ ധനം തരട്ടെ; ആനുകൂല്യം വിടാത്ത അദിതിദേവി രക്ഷിച്ചരുളട്ടെ! ഞങ്ങൾ നല്ല വീരന്മാരോടുകൂടി യാഗത്തിൽ സ്തുതിയ്ക്കാം. (6)

### കുറിപ്പുകൾ: സൂക്തം 40.

1. അമൃതം – മരണമില്ലായ്ക.
2. സേവിതരായി – സർവദേവന്മാരാലും.
4. ഒരാൾ – പൂഷാവ്, സൂര്യൻ. മററാൾ – സോമൻ; ഭൂമിയിൽ ഓഷധിരൂപനായും അന്തരിക്ഷത്തിൽ ചന്ദ്രരൂപനായും. ധനപോഷം – പശുക്കളാകുന്ന ധനം.
5. ഒരാൾ – സോമൻ. മററാൾ – പൂഷാവ്, സൂര്യൻ.

## സൂക്തം 41.

ഗൃത്സമദൻ ഋഷി; ഗായത്രിയും അനുഷ്ടപ്പും ബൃഹതിയും ഛന്ദസ്സ്; വായ്വിന്ദ്രാദികൾ ദേവതകൾ.

വായോ, ഭവാന്നായിരമുണ്ടല്ലോ തേര; – തിലൊക്കയും
ആ നിയുത്തുക്കളെപ്പൂട്ടി വരു, സോമം കുടിയ്ക്കുവാൻ! (1)

വായോ, വരൂ, നിയുത്ത്വാനായ്: മിന്നും സോമം ഭവാന്നിതാ,
വെച്ചിരിയ്ക്കുന്നു; പോകാറുണ്ടല്ലോ, സോമിഗൃഹേ ഭവാൻ. (2)

പിഴിയുന്നവന്റെ, യജമാനന്റെ ഗൃഹത്തിൽ.
വായ്വിന്ദ്രരേ, നിയുത്ത്വാന്മാർ നിങ്ങൾ നേതാക്കൾ സാമ്പ്രതം
വന്നെത്തുവിൻ; പാൽ പകർന്ന മിന്നും സോമം കുടിയ്ക്കുവിൻ! (3)

സത്യവർദ്ധനരേ, നിങ്ങൾക്കിതാ, വരുണമിത്രരേ,
സോമം പിഴിഞ്ഞിരിയ്ക്കുന്നു; കേൾപ്പിനിങ്ങെന്റെയീ വിളി! (4)

ആയിരം തൂണകളെഴും സ്ഥിരോത്തമസഭാന്തരേ
ഇരുന്നരുളുവോരല്ലോ, സ്നിഗ്ദ്ധരത്തിരുമേനിമാർ! (5)

നെയ്യുണ്ണുവോരാമദിതിപുത്രരച്ചക്രവർത്തികൾ
ചേരുന്നു, നേരുള്ളവനിൽദ്ധനങ്ങളുടെ നായകർ. (6)

നാസത്യരാമശ്വികളേ, പാഞ്ഞു മാർഗ്ഗത്തിലൂടവേ
വരുവിൻ, സോമപാനത്തിന്ന,ശ്വഗോലാഭകാരരായ്! (7)

അകലത്തോ സമീപത്തോ രിപുവാമൊരു ദുർന്നരൻ
തട്ടിപ്പറിയ്ക്കാത്ത ധനം തരുവിൻ, വൃഷ്ടവിത്തരേ! (8)

ആ നിങ്ങൾ കൊണ്ടുവരുവിനശ്വിമാരേ, സ്തവാർഹരേ,
ഞങ്ങൾക്കു മുതലുണ്ടാകാൻ നാനാരൂപപശുക്കളെ! (9)

ഇന്ദ്രൻ വീഴ്ത്തട്ടെ, വന്നേല്ക്കും വമ്പിച്ച ഭയകാരിയെ:
അക്ഷോഭ്യനല്ലോ, വിശ്വത്തെത്തൃക്കണ്പാർത്തീടുവോനവൻ! (10)

ഇന്ദ്രനെങ്കിൽസ്സുഖം നല്കും, ഞങ്ങൾക്കു: പുനരെങ്ങളിൽ
പിമ്പേ വന്നണയാ, പാപം; നന്മ ഞങ്ങൾക്കു മുന്നിലാം! (11)

ശരിയായ്ക്കാണുവോനിന്ദ്രനെല്ലാദ്ദിക്കിങ്കൽനിന്നുമേ
കല്പിച്ചേകട്ടെയഭയം, വിരോധികളെ വെല്ലുവോൻ! (12)

വന്നെത്തുവിൻ ദേവകളേ; കേൾപ്പിനെ,ന്നുടെയീ വിളി;
ഇതാ, വിരിച്ച ദർഭപ്പുല്ലി,ങ്ങിരിയ്ക്കുവിനേവരും! (13)

ഇതാ, നിങ്ങൾക്കു കൊടുതാം മധുരം ശുനഹോത്രരിൽ:
കാമ്യം മത്തുപിടിപ്പിയ്ക്കുമിതു നിങ്ങൾ കുടിയ്ക്കുവിൻ! (14)

ഇന്ദ്രൻ മുമ്പാകിയ മരുത്തുക്കളേ, നിങ്ങളേവരും
പൂഷാദ്യരാം ദേവകളേ, ചെവിക്കൊള്ളുവിനെൻവിളി! (15)

മാതൃശ്രേഷ്ഠേ, നദീശ്രേഷ്ഠേ, ദേവിശ്രേഷ്ഠേ, സരസ്വതി,

കഷ്ടിക്കാർ ഞങ്ങൾ; ഞങ്ങൾക്കങ്ങമ്മേ, പുഷ്ടി തരേണമേ! (16)

അന്നമൊട്ടുക്ക നിൻപക്കലല്ലോ, ദേവി, സരസ്വതി:
ശുനഹോത്രരിൽ മത്തേല്ക്ക; നല്കുകെങ്ങൾക്ക കുഞ്ഞിനെ! (17)

ദേവപ്രിയം ഗൃത്സമദരീ ഹോമിച്ച ഹവിസ്സു നീ
കൈക്കൊൾക, മാന്യം സജലേ, സംഭൃതാന്നേ, സരസ്വതി! (18)

വരട്ടേ, യജ്ഞസുഖദമാരാമിരുവർ: നിങ്ങളിൽ
ഞങ്ങളർത്ഥിപ്പു, ഹവ്യങ്ങൾ കൊണ്ടുപോമഗ്നിതങ്കലും! (19)

വിണ്ണിൽച്ചെല്ലും ഫലദമാമീ ഞങ്ങളുടെയധ്വരം
ദേവന്മാരിലണയ്ക്കട്ടെ,ദ്യാവാപൃത്ഥ്വികൾ സാമ്പ്രതം! (20)

കനിവുറ്റവരേ, യജ്ഞയോഗ്യർ ദേവകൾ സാമ്പ്രതം
നില്ക്കട്ടെ നിങ്ങൾതൻ ചാരത്തി,ങ്ങു സോമം കുടിയ്ക്കുവാൻ! (21)

## കുറിപ്പുകൾ: സൂക്തം 41.

1. നിയുത്തുക്കൾ – വായുവിന്റെ അശ്വങ്ങൾ.
2. നിയുത്ത്വാനായ് = നിയുത്തുക്കളോടുകൂടി. സോമിഗൃഹേ – സോമം പിഴിയുന്നവൻറെ, യജമാനൻറെ ഗൃഹത്തിൽ.
5. സ്ഥിരോത്തമസഭാന്തരേ = ശാശ്വതവും ഉൽകൃഷ്ടവുമായ സഭാസ്ഥാനത്ത്. സ്നിഗ്ധർ = സസ്നേഹർ.
7. അശ്വഗോലാഭകാരർ = അശ്വങ്ങളുടെയും ഗോക്കളുടെയും ലാഭം (ലബ്ധി) ഉണ്ടാക്കുന്നവർ; ഞങ്ങൾക്ക് അശ്വങ്ങളെയും ഗോക്കളെയും കിട്ടിയ്ക്കാൻ.
8. വൃഷ്ടവിത്തർ = ധനവർഷികൾ.
9. സ്തവാർഹർ = സ്തുത്യർ.
11. ഇന്ദ്രനെങ്കിൽ – അദ്ദേഹം ഇന്ദ്രനാണെങ്കിൽ ഞങ്ങൾക്കു സുഖം നല്കും; നല്കാഞ്ഞാൽ ഇന്ദ്രനല്ല!
14. മധുരം – സോമരസം. ശുനഹോത്രരിൽ – ഗൃത്സമദന്മാരുടെ പക്കൽ.
17. ശുനഹോത്രരിൽ – ഗൃത്സമദന്മാരുടെ ഇടയിൽ സോമം കുടിച്ചു മദം കൊണ്ടാലും.
18. സജലേ = ജലസഹിതേ. സംഭൃതാന്നേ = അന്നം സംഭരിച്ചവളേ.
19. ഇരുവർ – ദ്യാവാവൃഥിവികൾ. നിങ്ങളിൽ എന്നു തുടങ്ങുന്ന വാക്യം പ്രത്യക്ഷകഥനം: ഞങ്ങൾ നിങ്ങളിലും ഹവിസ്സുകൾ കൊണ്ടുപോകുന്ന അഗ്നിയിങ്കലും അർത്ഥിപ്പു – നന്മ തരേണമേ എന്നു പ്രാർത്ഥിയ്ക്കുന്നു.
21. കനിവുറ്റവരേ – ദയയുള്ള ദ്യാവാപൃഥിവികളേ.

## സൂക്തം 42.

ഗൃത്സമദൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; കപിഞ്ജലരൂപനായ ഇന്ദ്രൻ ദേവത.

വീണ്ടും വീണ്ടും ശബ്ദിച്ചു ഭാവിയെ സൂചിപ്പിയ്ക്കുന്ന ഇവൻ, തുഴക്കാരൻ തോണിയെ എന്നപോലെ വാക്കിനെ പ്രവർത്തിപ്പിയ്ക്കുന്നു. ശകുനേ, നീ സുമംഗലനാവുക: നിനക്ക് ഒരിടത്തും ഒരുപദ്രവവും നേരിടരുത്. (1)

നിന്നെ പരുന്തോ ഗരുഡനോ കൊത്തരുത് ; അമ്പെയ്യുന്ന വീരൻ നിങ്കൽ വരരുത്. നീ തെക്കുഭാഗത്തു വീണ്ടും വീണ്ടും ശബ്ദിച്ചു സുമംഗലനായി, ഞങ്ങൾക്കിവിടെ നന്മ സൂചിപ്പിയ്ക്കുക! (2)

ശകുന്തമേ, നീ സുമംഗലനായി നന്മ സൂചിപ്പിച്ചുകൊണ്ടു ഗൃഹത്തിന്റെ തെക്കുവശത്തു ശബ്ദിയ്ക്കുക: കക്കുന്നവനോ പഴിയ്ക്കുന്നവനോ ഞങ്ങളെ കിഴടക്കരുത്! ഞങ്ങൾ നല്ല വീരന്മാരോടുകൂടി യാഗത്തിൽ സ്തുതിയ്ക്കാം. (3)

### കുറിപ്പുകൾ: സൂക്തം 42.

1. ഇവൻ കപിഞ്ജലപക്ഷി. ശകനേ=ഹേ പക്ഷിൻ. വേഴാമ്പലോ, പിതാരിപ്പുള്ളോ അത്രേ, കപിഞ്ജലം.

3. ശകുന്തം=പക്ഷി.

## സൂക്തം 43.

ഗൃത്സമദൻ ഋഷി; ജഗതിയും അതിശക്വരിയും ഛന്ദസ്സ്; കപിഞ്ജലരൂപിയായ ഇന്ദ്രൻ ദേവത.

പക്ഷികൾ കാലംതോറും അന്നം സൂചിപ്പിച്ചുകൊണ്ടു, സ്തോതാക്കൾപോലെ വലംവെച്ചു ശബ്ദിയ്ക്കട്ടെ: അവ, സാമഗർ ഗായത്രവും ത്രൈഷ്ടുഭവുമെന്നപോലെ, ഇരു മൊഴികൾ പാടും – രസിപ്പിയ്ക്കും. (1)

ശകുനേ, നീ, ഉദ്ഗാതാവു സാമമെനന്നപോലെ പാടുന്നു; നീ, സവനങ്ങളിൽ ബ്രാഹ്മണാച്ഛംസിപോലെ ശംസിയ്ക്കുന്നു; നീ, ഒരു യുവാശ്വം പെൺകുതിരകളിൽ ചെന്നിട്ടെന്നപോലെ ശബ്ദിച്ചു, ഞങ്ങൾക്കു സർവത്ര നന്മ സൂചിപ്പിക്കുക! (2)

ശകനേ, നീ ശബ്ദിച്ചു നന്മ സൂചിപ്പിയ്ക്കുക; മിണ്ടാതിരുന്നാലും, ഞങ്ങളുടെ നല്ല മനസ്സറിയുക. നീ മേല്പോട്ടു പറക്കുമ്പോൾ കർക്കരിപോലെ ശബ്ദിയ്ക്കുമല്ലോ! ഞങ്ങൾ നല്ല വീരന്മാരോടുകൂടി യാഗത്തിൽ സ്തുതിയ്ക്കാം. (3)

### കുറിപ്പുകൾ: സൂക്തം 43.

1. അന്നം – അന്നലബ്ധി. പക്ഷികൾ വലംവെച്ചു പാടുന്നതു ശുഭമത്രേ. സാമഗർ – സാമവേദികൾ. ഗായത്രവും ത്രൈഷ്ടുഭവും – ഗായത്രീ – ത്രിഷ്ടുപ്പ് ഛന്ദസ്സൂക്തങ്ങൾ. ഇരു മൊഴികൾ – ഗാനവും രാഗവും. രസിപ്പിയ്ക്കും – ശ്രോതാക്കളെ.
2. ശംസിയ്ക്കുന്ന – 'ശസ്ത്രം' ചൊല്ലുന്നു.
3. കർക്കരി – ഒരുതരം വാദ്യം; വീണ (?)

രണ്ടാം മണ്ഡലം സമാപ്തം.

# ഋഗ്വേദം: രണ്ടാം അഷ്ടകം

## എട്ടാം അദ്ധ്യായം

മണ്ഡലം 3 അനുവാകം 1

## സൂക്തം 1.

വിശ്വാമിത്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

അഗ്നേ, അങ്ങ് എന്നെ യജ്ഞത്തിൽ യജിപ്പാൻ സോമമെടുപ്പിച്ചുവല്ലോ; എനിയ്ക്കു ബലം തരാനിച്ഛിച്ചാലും! ദേവന്മാരെക്കുറിച്ച്, ഉജ്ജ്വലിയ്ക്കുന്ന ഞാൻ അമ്മിക്കുഴയെടുത്തു സ്തുതിയ്ക്കുന്നു. അഗ്നേ, അവിടുന്നു ദേഹത്തിൽ വാണരുളുക! (1)

ഞങ്ങൾ യാഗം ക്ഷേമമായി നടത്താം: വാക്കു വർദ്ധിയ്ക്കട്ടെ! അഗ്നിയെ (ഇവർ) ചമതകൊണ്ടും ഹവിസ്സുകൊണ്ടും പരിചരിയ്ക്കും; ദേവകളാൽ അറിവുപദേശിയ്ക്കപ്പെട്ട കവികൾ വളർന്ന സ്തുത്യനെക്കുറിച്ചു പാടാനും തുടങ്ങുന്നു. (2)

മേധാവിയും വിശുദ്ധബലനും ജാത്യാ സുബന്ധുവുമായ യാതൊരാൾ ദ്യോവിന്നും ഭൂവിന്നും സുഖം വരുത്തിയോ; ആ ദർശനീയനായ അഗ്നിയെ നദീജലത്തിന്നുള്ളിലത്രേ, ദേവകൾ കർമ്മത്തിന്നു കണ്ടെത്തിയത്. (3)

സുഭഗനായി, ശുഭ്രനായി, ജനിച്ചപ്പോൾത്തന്നെ മഹിമയാൽ വിളങ്ങിയ അഗ്നിയെ ഏഴു മഹതികൾ, പിറന്ന കുട്ടിയെ പെൺകുതിരകൾപോലെ സമീപിച്ചു, വളർത്തിപ്പോന്നു; ദേവകൾ അഗ്നിയെ പിറപ്പിൽത്തന്നേ ദീപ്തരൂപനമാക്കി. (4)

അവിടുന്നു സ്വച്ഛങ്ങളും സ്തുത്യങ്ങളും പാവനങ്ങളുമായ അംഗങ്ങൾകൊണ്ട് അന്തരിക്ഷത്തിൽ വ്യാപിയ്ക്കുന്നു; കർമ്മിയെ വിശുദ്ധനാക്കുന്നു; തേജസ്സുടുത്തു, കർമ്മികൾക്ക് അന്നവും കുറവില്ലാത്ത വമ്പിച്ച സമ്പത്തുമുണ്ടാക്കുന്നു! (5)

അവിടുന്ന് ആഹാരവും അല്ലലുമില്ലാത്ത, വസ്ത്രം വേണ്ടാത്ത, നഗ്നതയില്ലാത്ത അന്തരിക്ഷപുത്രിമാരെ സർവത്ര പ്രാപിച്ചു; നിത്യയുവതികളും ഒരേ ഇടത്തു വസിയ്ക്കുന്നവരുമായ ആ സപ്തനദികൾ ഈ ഏകനെ ഗർഭത്തിൽ ധരിച്ചു. (6)

അദ്ദേഹത്തിന്റെ വിവിധരശ്മികൾ അന്തരിക്ഷത്തിൽ കുന്നുകൂടി, പരന്നു നീരൊഴുക്കിൽ നിലക്കൊണ്ടു; നിറയുന്ന ജലങ്ങൾ അദ്ദേഹത്തെ സന്തോഷിപ്പിച്ചു; ആ ദർശനീയന്റെ അമ്മമാരാണ്; വിളങ്ങുന്ന രണ്ടു മഹതികൾ! (7)

ബലത്തിന്റെ മകനേ, ഭവാൻ സ്വച്ഛങ്ങളും വേഗികളുമായ അംഗങ്ങളാൽ തിളങ്ങുന്നു. വൃഷാവ് എവിടെ സ്തുതിയാൽ വളരുന്നുവോ, അവിടെ തേനും നെയ്യും പൊഴിയുകയായി! (8)

അവിടെയ്ക്കു സ്വയമേ അറിയാം അച്ഛന്റെ അകിട്; അതിൽ നിന്നു പാലും വാക്കും താൻ കറന്നു. നന്മ വരുത്തുന്ന ചങ്ങാതികളോടും അന്തരിക്ഷപുത്രിമാരോടുംകൂടി ഗുഹയിൽ സ്ഥിതിചെയ്ത അദ്ദേഹത്തെ ഗുഹയിലുള്ള ആരും സമീപിച്ചില്ല! (9)

അവിടുന്ന് അച്ഛന്റെയും സ്രഷ്ടാവിന്റെയും ഗർഭത്തെ ഭരിച്ചു പോരുന്നു; പുഷ്ടിപ്പെട്ടവയെ ഒറ്റയ്ക്കു ഭക്ഷിയ്ക്കുന്നു. സപത്നിമാരിരുവർക്കും ഒരേ ബന്ധുവാണ്, ഈ വൃഷാവായ ശുചി; ഈ മനുഷ്യഹിതകളെ ഭവാൻ സംരക്ഷിച്ചാലും! (10)

അഗ്നി ഇടുക്കമില്ലാത്ത പരപ്പിൽ വളരുന്നു: അന്നപ്രദങ്ങളായ ഭൂരിസലിലങ്ങളാൽ വർദ്ധിപ്പിയ്ക്കപ്പെടുന്നവനാണല്ലോ, ഈ മഹാൻ. ആ അഗ്നി ജലോൽപത്തിസ്ഥാനത്തു, സോദരിമാരായ നദികൾക്കു വേണ്ടുന്ന വെള്ളത്തിൽ, മനസ്സടക്കി പള്ളികൊള്ളുന്നു! (11)

ജനയിതാവ്, ജലതതിയുടെ ഗർഭശിശു, മികച്ച നേതാവ്, മഹാൻ, ധർഷകൻ, അടരിൽ പെരുംപടയെ ഭരിയ്ക്കുന്നവൻ, ദർശനീയൻ, ദീപ്തതേജസ്കൻ– ഇങ്ങനെയുള്ള അഗ്നി സോമം പിഴിയുന്നവന്നു വെള്ളമുണ്ടാക്കിക്കൊടുക്കുന്നു! (12)

സുഭഗയായ അരണി ജലതതിയുടെയും ഓഷധികളുടെയും ഗർഭശിശുവും വിവിധരൂപനുമായ യാതൊരു ദർശനീയനെ പ്രസവിച്ചുവോ; ആ സ്തുത്യനായി വളർന്ന അഗ്നിയെ, ജനിച്ചപ്പോൾത്തന്നെ, ദേവകൾ വാഴ്ത്തിക്കൊണ്ട് ഉപഗമിയ്ക്കുകയും പരിചരിയ്ക്കുകയും ചെയ്തു! (13)

അറ്റമില്ലാത്ത കടലിൻനടുവിൽ തണ്ണീരിനെ കറക്കുന്നവയും, മിന്നലുകൾപോലെ തിളങ്ങുന്നവയുമായ വമ്പിച്ച രശ്മികൾ, ഗുഹയിലെന്നപോലെ സ്വസ്ഥാനത്തു വളർന്നു ദീപ്തതേജസ്കനായ അഗ്നിയോടു ചേർന്നുനില്ക്കുന്നു! (14)

യജിയ്ക്കുന്ന ഞാൻ ഹവിസ്സർപ്പിച്ച് അങ്ങയോടു യാചിയ്ക്കുന്നു – സഖ്യവും സന്മനസ്സും തുലോം ഇച്ഛയോടേ യാചിയ്ക്കുന്നു. അങ്ങു ദേവന്മാരോടുകൂടി സ്തോതാവിന്നു രക്ഷയരുളിയാലും; പിടിച്ചുനിർത്തപ്പെടേണ്ടുന്ന തേജസ്സുകൾകൊണ്ടു ഞങ്ങളെയും പരിപാലിച്ചാലും! (15)

അഗ്നേ, നേരേ കൊണ്ടുനടക്കുന്നവനേ, അങ്ങയെ സമീപിച്ചു, നല്ലതെല്ലാം ചെയ്തു, ഹവിസ്സർപ്പിയ്ക്കുന്ന ഞങ്ങൾ തുലോം വീര്യമുള്ള അന്നംകൊണ്ടു, ദേവപൂജാരഹിതരായ ദ്രോഹികളെ അമർത്തുമാറാകണം! (16)

അഗ്നേ, സ്തുത്യനായ ഭവാൻ സർവത്ര ദേവന്മാരുടെ അടയാളമായി വർത്തിയ്ക്കുന്നു; സ്തോത്രമെല്ലാം അറിയുന്ന ഭവാൻ മനുഷ്യരെ ഗൃഹങ്ങളിൽ സുഖിപ്പിയ്ക്കുന്നു; കർമ്മാനന്തരം തേരിൽക്കേറി ദേവന്മാരെ അനുഗമിയ്ക്കുകയും ചെയ്യുന്നു. (17)

മരണരഹിതനായ യാതൊരു രാജാവു യജ്ഞങ്ങൾ നിർവഹിച്ചു കൊണ്ടു മനുഷ്യരുടെ ഗൃഹത്തിൽ വാണരുളുന്നുവോ; സ്തോത്രമെല്ലാം അറിയുന ആ അഗ്നി നെയ്യുണ്ടു തടിച്ചുരുണ്ടു മിന്നിത്തിളങ്ങുന്നു! (18)

സഞ്ചാരതൽപരനും മഹാനുമായ ഭവാൻ നല്ല സഖ്യങ്ങളോടും വലിയ രക്ഷകളോടുംകൂടി ഞങ്ങളുടെ അടുക്കൽ എഴുന്നള്ളിയാലും; ഞങ്ങൾക്കു പീഡകൾ കടക്കാൻ, നല്ല വാക്കും യശസ്സും ചേർന്ന സേവനീയമായ വളരെദ്ധനം ഞങ്ങൾക്കു കല്പിച്ചുതന്നാലും! (19)

അഗ്നേ, പുരാതനനായ നിന്തിരുവടിയെക്കുറിച്ചു ഞാൻ ഇങ്ങനെ സനാതനങ്ങളായ നവീനസ്തോത്രങ്ങൾ ഉച്ചരിച്ചു. യാതൊരു ജാതവേദസ്സു മനുഷ്യനിൽ മനുഷ്യനിൽ വെയ്ക്കപ്പെടുന്നുവോ, ആ വൃഷാവിന്നായി ഈ സവനങ്ങൾ അനുഷ്ഠിച്ചു. (20)

മനുഷ്യനിൽ മനുഷ്യനിൽ വെയ്ക്കപ്പെട്ട യാതൊരു ജാതവേദസ്സു വിശ്വാമിത്രന്മാരാൽ അനവരതം ഉജ്ജ്വലിപ്പിയ്ക്കപ്പെടുന്നുവോ; ആ യജ്ഞാർഹന്റെ ഭദ്രമായ നന്മനസ്സു സ്വച്ഛഹൃദയരായ ഞങ്ങളിൽ പതിയില്ലയോ! (21)

ബലവാനും ശോഭനകർമ്മാവുമായ അഗ്നേ, ഒലിക്കൊള്ളുന്ന ഭവാൻ ഞങ്ങളുടെ ഈ യാഗം ദേവന്മാരിൽ എത്തിച്ചാലും; ഹോതാവേ, മഹത്തായ അന്നം ഞങ്ങൾക്കു കല്പിച്ചുതന്നാലും; മഹത്തായ ധനവും നല്കിയാലും! (22)

അഗ്നേ, അങ്ങ് കർമ്മമേറിയ ഗോപ്രദാത്രിയായ ഭൂമിയെ സ്തോതാവിന്ന് എന്നെയ്ക്കുമായി കിട്ടിച്ചാലും; ഞങ്ങൾക്കു മകനും അവന്റെ മകനും ജനിയ്ക്കുമാറാകണം; അഗ്നേ, അങ്ങയുടെ ആ നന്മനസ്സു ഞങ്ങളിലെത്തട്ടെ! (23)

## കുറിപ്പുകൾ: സൂക്തം 1.

1. ഉജ്ജ്വലിയ്ക്കുന്ന – ഉന്മേഷദീപ്തനായ. ദേഹത്തിൽ വാണരുളുക – എന്റെ ശരീരം രക്ഷിച്ചാലും.

2. വാക്ക് – സ്തുതി. കവികൾ – സ്തോതാക്കൾ.

4. ഏഴു മഹതികൾ – സപ്തനദികൾ.

5. അംഗങ്ങൾ – ജ്വാലകൾ. കുറവില്ലാത്ത – പരിപൂർണ്ണമായ.

6. അന്തരിപുത്രിമാർ – നദികൾ. നഗ്നതയില്ലാത്ത – ജലംതന്നെ, അവരുടെ വസ്ത്രം

7. രണ്ടു മഹതികൾ – ദ്യാവാപൃഥിവികൾ.

8. വൃഷാവ് എന്നാദിയായ വാക്യം പരോക്ഷം: തേനും നെയ്യും – മധുരവും ബലകരവുമായ ജലം.

9. അച്ഛന്റെ അകിട് – അന്തരിക്ഷത്തിന്റെ ജലപ്രദേശം. പാൽ – ജലം. വാക്ക് – ശബ്ദം. ചങ്ങാതിമാർ – വായുക്കൾ. ഗുഹയിൽ – അടിത്തട്ടിൽ. സമീപിച്ചില്ല – സമീപിപ്പാൻ ആളായില്ല.

10. ഗർഭം – ഓഷധ്യാദി. പുഷ്ടിപ്പെട്ടവ – സസ്യങ്ങൾ. സപത്നിമാർ – ദ്യാവാപൃഥിവികൾ. ഈ മനുഷ്യഹിതകളെ – ദ്യാവാപൃഥിവികളെ.

13. ഉപഗമിയ്ക്കുക – സമീപിയ്ക്കുക.

14. സ്വസ്ഥാനം – അന്തരിക്ഷം.

15. പിടിച്ചുനിർത്തപ്പെടേണ്ടുന്ന – ഊക്കിൽപ്പടരുന്ന.

16. ദ്രോഹികളെ അമർത്താൻപോന്ന വീര്യമേറിയ അന്നം അങ്ങു ഞങ്ങൾക്കു തരണം.

18. പരോക്ഷവചനം:

19. നല്ല വാക്കും യശസ്സും ചേർന്ന – ധനമുണ്ടായാൽ വാഗ്മിത്വവും കീർത്തിയും സാധിയ്ക്കാമല്ലോ.

20. രണ്ടാംവാക്യംമുതൽ പരോക്ഷം: വെയ്ക്കപ്പെടുന്ന – യാഗത്തിന്നു സ്ഥാപിയ്ക്കപ്പെടുന്നു.

21. വിശ്വാമിത്രന്മാർ – ആത്മനി ബഹുവചനം. പതിയില്ലയോ – പതിയേണമേ എന്നാശയം.

## സൂക്തം 2.

വിശ്വാമിത്രൻ ഋഷി; ജഗതി ഛന്ദസ്സ്; വൈശ്വാനരൻ ദേവത. (കാകളി)

അംബു വളർത്തുന്ന വൈശ്വാനരാഗ്നിയ്ക്കു
നിർമ്മിയ്ക്ക, തുനെയ്യുപോലൊരു ഗീതി നാം:
ആയിരുഹോതാവെ, വെണ്മഴ തേരിനെ-
പ്പോലേ പുതുക്കുന്നു, മർത്ത്യർത്വിക്കുകൾ. (1)

വാനൂഴികളാകുമമ്മമാർക്കീ,ഡ്യന-
സ്സൂനു പിറപ്പാൽ പ്രകാശം വരുത്തിനാൻ;
മർത്ത്യർക്കതിഥി, ഹവിർവാഹന,ന്നദൻ,
ദുർദ്ധർഷന,ഗ്നി വിഭാവസു, നിർജ്ജരൻ! (2)

താരകൌജസ്സാൽ ക്രതുവിൽജ്ജനിപ്പിച്ചു,
ഭൂരിവിജ്ഞാനരാം ദേവകളഗ്നിയെ;
ചോറിനായ് വാഴ്ത്തുവൻ, വാജിയെയെന്നപോ-
ലാ രാജമാനതേജസ്സാം മഹാനെ ഞാൻ. (3)

ഞങ്ങൾ ഭജിയ്ക്കുന്നു, നാണം കെടുത്താത്ത
മംഗളകാമ്യമാമന്നം ലഭിയ്ക്കുവാൻ,
സ്തുത്യൻ, ഭൃഗുക്കൾക്കഭീഷ്ടദൻ, തൽപര-
ന്തു,ദ്ദിവ്യതേജസ്സു,രുപ്രജ്ഞനഗ്നിയെ. (4)

സ്രുക്കെടുത്താളുകൾ ദർഭ വിരിച്ചിങ്ങു
സൽക്കരിയ്ക്കുന്നു, സുഖേച്ഛയാലഗ്നിയെ,
ദത്താന്നനെ,സ്സർവദേവേഷ്ടനെ, ക്രതു-
കൃത്യനിർവാഹിയെ,ദ്ദീപ്തനെ, രുദ്രനെ. (5)

പാവകോദ്യോത, ഹോതാവേ, കുശപ്പുല്ല
നാൽവശത്തും വിരിച്ചധ്വരകർമ്മികൾ
സേവനസക്തരായ് പ്രാപ്യമാം നിൻഗൃഹേ
മേവുന്നിതഗ്നേ; ധനം നല്കി,വർക്കു നീ! (6)

വാനൂഴിയന്തരിക്ഷങ്ങളെങ്ങും നിറ-
ച്ചോനെപ്പിറപ്പിലേ കൈക്കൊണ്ടു കർമ്മികൾ;
ദത്താന്നനക്കവി കൊണ്ടുപോകപ്പെട്ടു,-
മധ്വരേ വാജിപോലാഹാരകാമരാൽ. (7)

വന്മഖം കണ്ട നേതാവു, ഗൃഹോചിതൻ
ചെമ്മേ പുരോഹിതനായി, വാനോർക്കെവൻ;
പൂജിപ്പി,നാ ഹവിസ്സേകും സുയജ്ഞനെ;-
സ്സേവിപ്പിനഗ്നിയെ,ജ്ജാതവേദസ്സിനെ! (8)

അസ്സഞ്ചരിഷ്ണുവിന്ന,ഗ്യനാമഗ്നിയ്ക്കു
വെച്ചു, കൊതിച്ചമ്പർ മൂന്നു ചമതകൾ:
മർത്ത്യഭോഗത്തിന്നെടുത്താരതിലൊന്നു;

മറ്റവ രണ്ടുമടുത്ത ലോകത്തിനും. (9)

അർത്ഥൈഷികൾ കവിയാമിപ്രജേശനെ-
ക്കത്തിജ്ജ്വലിപ്പിപ്പൂ, കത്തിയെപ്പോലവേ;
ആയവൻ മീതെയും താഴെയും വ്യാപിച്ചു
പായുന്നു; പാരിതിൽഗ്ഗർഭഭൃതനവൻ! (10)

വായ്ക്കുന്ന ജാതനായ് നാനോദരങ്ങളി-
ലാ,ർക്കുന്ന കേസരിപോലെയാ വർഷകൻ;
മൃത്യുഹീനൻ, പൃഥുദീപ്തി, വൈശ്വാനരൻ
ദത്തഹവ്യന്നു നൽസമ്പത്തു നല്കമേ! (11)

സ്തോത്രനുതനായ വൈശ്വാനരൻ ദിവി
മീതെ വിണ്ണേറി, ചിരന്തനൻപോലവേ;
വാഴ്ത്തുവോനു ധനം പൂർവർക്കുപോലേകി
വാനിൽച്ചരിയ്ക്കുന്നു, ജാഗരൂകനവൻ! (12)

സ്തുത്യൻ മഖാർഹൻ കരുത്തൻ കവി നാക-
സംസ്ഥനാരിങ്ങുപാനീതനായ്, വായുവാൽ;
ചിത്രചാരി ഹരികേശനാദ്ദീപ്തിമാ-
നഗ്നിയോടർത്ഥിയ്ക്ക, നമ്മൾ നവ്യം ധനം! (13)

ദീപ്തൻ മഖാന്വേഷ്യനൊക്കയും കണ്ടവൻ
ദ്യോവിൻ ധ്വജം സൂര്യസംസ്ഥനുഷർബ്ബുധൻ
അന്നവാൻ വിണ്ണിൻ ശിരസ്സഭംഗാരവ-
നമ്മഹാനഗ്നിയോടർത്ഥിയ്ക്ക, വാഴ്ത്തി നാം! (14)

സ്തുത്യൻ വിശുദ്ധിമാൻ ഹോതാവവഞ്ചക-
നുത്തമൻ ദാനോൽക്കനൊക്കയും കണ്ടവൻ
നിത്യം നൃബന്ധു തേർപോലെ ദൃശ്യാംഗന-
ച്ചിത്രരോചിസ്സിനോടർത്ഥിയ്ക്ക, നാം ധനം! (15)

## കുറിപ്പുകൾ: സൂക്തം 2.

1. അംബു=ജലം. ഉനെയ്യ് അഗ്നിയെ വളർത്തുമല്ലോ; അതുപോലെ പ്രീതിപ്പെടുത്തുന്ന ഒരു ഗീതി (പാട്ട്, സ്തുതി) നാം നിർമ്മിയ്ക്കുക. ആയിരുഹോതാവെ–ഗാർഹപത്യാഹവനീയരൂപനായ ഹോതാവിനെ; ഹോതാവ്–ദേവന്മാരെ വിളിയ്ക്കുന്നവൻ. വെണ്മഴ–തച്ചന്റെ പണിയായുധം പഴകിയ രഥത്തെ പുതുക്കുമല്ലോ.
2. ഈഡ്യൻ=സ്തുത്യൻ. അസ്സുനു–മകൻ അഗ്നി.
3. താരകൌജസ്സ്–ദുഃഖങ്ങളെ തരണംചെയ്യിയ്ക്കുന്ന ബലം. വാജിയെയെന്നപോലെ–കൂടുതൽ ഭാരം വഹിപ്പാൻ കുതിരയെ വാഴ്ത്തുന്നതുപോലെ.
4. നാണം കെടുത്താത്ത–നികൃഷ്ടപ്രവൃത്തിയാൽ കിട്ടുന്നതല്ലാത്ത. മംഗളകാമ്യം=നല്ലതും സ്പൃഹണീയവുമായിട്ടുള്ളത്. തൽപരൻ–ദാനത്തിൽ. ഉദ്ദിവ്യതേജസ്സ്=ദിവ്യതേജസ്സേറിയവൻ.

5. സൽക്കരിയ്ക്കുന്നു = പൂജിയ്ക്കുന്നു, സ്തുതിയ്ക്കുന്നു. രുദ്രൻ – ദുഃഖങ്ങളെ ഓടിയ്ക്കുന്നവൻ, ദുഃഖനാശനൻ.

6. പാവകോദ്യോത = പാവനമായ പ്രകാശത്തോടുകൂടിയവനേ. കുശം = ദർഭ. നിൻഗൃഹേ – യാഗശാലയിൽ.

7. നിറച്ചോനെ – തേജസ്സുകൊണ്ടു നിറച്ച അഗ്നിയെ. വാജിപോലെ – സാമാനം കൊണ്ടു വരാൻ. ആഹാരകാമരാൽ = അന്നേച്ഛുക്കളാൽ.

8. കണ്ട – അറിഞ്ഞ. ഹവിസ്സേകും – ഹവിസ്സു ദേവകൾക്കു കൊണ്ടുകൊടുക്കുന്ന. ഋത്വിക്കുകളോടു പറയുന്നതാണിത്.

9. സഞ്ചരിഷ്ണു = സഞ്ചരണശീലൻ, കൊതിച്ച് – യജ്ഞകാമത്താൽ. മൂന്നു ചമതകൾ – രണ്ടാധാരസമിത്തും ഒരു അനൂയാജസമിത്തും. അതിലൊന്നു – അനൂയാജസമിത്ത് മനുഷ്യർക്കായി എടുത്തു. അടുത്ത ലോകം – അന്തരിക്ഷം; ആധാരസമിത്തു രണ്ടും ദേവകൾക്ക്.

10. അർത്ഥൈഷികൾ = ധനേച്ഛുക്കൾ. കത്തിയെപ്പോലവേ – ആയുധത്തെ ചാണമേൽ മൂർച്ചകൂട്ടുന്നതുപോലെ. ആയവൻ – ജ്വലിപ്പിയ്ക്കപ്പെട്ട അഗ്നി. പാരിതിൽ – ഭൂമിയിൽ. ഗർഭഭൂതൻ – അരണിയുടെ ഗർഭമായിച്ചമഞ്ഞവൻ.

11. നാനോദരങ്ങളിൽ – പ്രാണികളുടെ വിവിധജഠരങ്ങളിൽ. ആർക്കുന്ന വിവിധവനങ്ങളിൽ ഗർജ്ജിയ്ക്കുന്ന.

12. ദിവി മീതെ – അന്തരിക്ഷോപരി. ചിരന്തനൻപോലവേ – ജനിച്ചപ്പോൾത്തന്നേ ഒരു പഴമക്കാരനെന്നപോലെ. പൂർവർക്കുപോലെ – പണ്ടുള്ളവർക്ക് ഏകിയപോലെ. വാനിൽച്ചരിയ്ക്കുന്ന – സൂര്യരൂപേണ.

13. നാകസംസ്ഥൻ – സ്വർഗ്ഗവാസി. ഉപാനീതൻ = കൊണ്ടുവരപ്പെട്ടവൻ. ചിത്രചാരി = വിവിധസഞ്ചാരൻ. ഹരികേശൻ = പിംഗള(മഞ്ഞ) ജ്വാലൻ.

14. ഒക്കയും കണ്ടവൻ – സർവവസ്തുവിജ്ഞാനയുക്തൻ. സൂര്യസംസ്ഥൻ = സൂര്യങ്കലിരിയ്ക്കുന്നവൻ. ശിരസ്സ് – പ്രധാനഭൂതൻ. അഭംഗാരവൻ = ഇടിവില്ലാത്ത ഒച്ചയോടുകൂടിയവൻ. അർത്ഥിയ്ക്ക – ധനം യാചിയ്ക്കുക.

15. നൃബന്ധു – മനുഷ്യബന്ധു. ദൃശ്യാംഗൻ = ദർശനീയരൂപൻ. ചിത്രരോചിസ്സ് = വിചിത്ര (നാനാവർണ്ണ) ശോഭൻ.

## സൂക്തം 3.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കാകളി)

കെല്പറ്റ വൈശ്വാനരാഗ്നിയെസ്സൂരികൾ
സൽപഥാപ്തിയ്ക്കായ് സ്തുതിപ്പൂ, ക്രതുക്കളിൽ;
മൃത്യുഹീനൻ സുരർക്കേകുമല്ലോ സുഖം;
നിത്യധർമ്മത്തെപ്പഴിയ്ക്കില്ലൊരുത്തനും! (1)

ദൂതനായ് വാന്നൃഴി മധ്യേ ചരിയ്ക്കുന്ന
ഹോതാവു മർത്ത്യപുരോഹിതനായ് സ്വയം
ദീപ്ത്യാ വിളങ്ങിപ്പൂ, വൻഗൃഹം സന്ദൃശ്യ-
മൂർത്തി, ദേവേരിതന,ഗ്നി മഹാമതി! (2)

യജ്ഞധ്വജം ഗൃഹസാധനമീയഗ്നി
വിജ്ഞരാൽ ശ്ശുശ്രൂഷകൊണ്ടു സംപൂജിതൻ
കർമ്മമിവങ്കലർപ്പിപ്പൂ, സ്തുതിപ്പവർ;
ശർമ്മമിവങ്കൽനിന്നിച്ഛിപ്പൂ, യാഗവാൻ! (3)

അധ്വരപാലൻ ബുധർക്കു ബലപ്രദ-
നൃത്വിക്പരിജ്ഞാനസൽക്കർമ്മസാധനം
വാന്നൃഴി പുക്കാന,നേകരൂപൻ കവി
വാഴ്ത്തപ്പെട്ടും ദീപ്തനഗ്നി പുരുപ്രിയൻ. (4)

ആഹ്ലാദകൻ വ്യാപ്തനാഹ്ലാദകരഥ-
നാശുസഞ്ചാരി ജലസ്ഥൻ സുപിംഗളൻ
സ്വാമി സർവജ്ഞനാ വൈശ്വാനരാഗ്നിയെ,
ശ്രീമാനെയിങ്ങു പാർപ്പിച്ചിതു ദേവകൾ! (5)

വാനോർകളും യജ്ഞസിദ്ധരുമൊന്നിച്ച
നാനാമഖങ്ങൾ നരന്നായ് നടത്തുവോൻ,
വിദ്രുതകാരി, നേതാവു, ദാനോത്സുകൻ
മധ്യേ വസിയ്ക്കുന്നിതഗ്നി,യരിന്ദമൻ. (6)

വാഴ്ത്തുക, സത്സുതാന്നാർത്ഥമഗ്നേ; രസ-
ച്ചാർത്താൽസ്സുഖിപ്പിയ്ക്കു; മാരി പെയ്യ്ക്കെ,ങ്ങളിൽ;
യജ്ഞവാന്നന്നവും നല്ക,ണർവോടു നീ;
വിജ്ഞരാം വിണ്ണവർക്കിഷ്ടൻ, സുയജ്ഞ, നീ! (7)

ഋത്വിക് പ്രിയൻ, പ്രജാസംരക്ഷകൻ, മഹാൻ,
ബുദ്ധിനിയന്താവ,തിഥി, പുരജവൻ,
അധ്വരോദ്ബോധകൻ ജാതവേദസ്സിനെ
നിത്യം വണങ്ങി സ്തുതിപ്പൂ, ധനൈഷികൾ! (8)

ശ്രീലൻ, രമയിതാവഗ്നിദേവൻ ബല-
ത്താലേ വശത്താക്കി, ലോകരെസ്സദ്രഥൻ;
ശാലയിലബ്ബഹുപോഷകൻ ചെയ്വതു

ലാലസിപ്പിയ്ക്കാവൂ, ഞങ്ങൾ നുതികളാൽ! (9)

വാഴ്ത്തുവനഗ്നേ, ഭവാനു സർവജ്ഞത
ചേർത്ത നിൻതേജസ്സു ദക്ഷ, വൈശ്വാനര:
വാനൂഴിവിശ്വം നിറച്ചു പിറപ്പിൽ നീ;
താനേ വരുതിയിൽ വെച്ചിതതൊക്കയും! (10)

ഋദ്ധമേ, വൈശ്വാനരപ്രീതി: സൽക്കർമ്മ-
ബുദ്ധ്യാ തനിച്ചു നല്കുന്നുവല്ലോ, കവി;
ഈയഗ്നി, വീര്യം വളർന്ന വാനൂഴിക-
ളായ തായ്താതരെപ്പൂജിച്ചുദിച്ചവൻ! (11)

## കുറിപ്പുകൾ: സൂക്തം 3.

1. സുരർക്കു സുഖം ഏകും – ദേവന്മാരെ ഹവിസ്സു കൊടുത്തു പരിചരിയ്ക്കുന്നു.
2. ദീപ്ത്യാ = പ്രഭകൊണ്ട്. ഗൃഹം – യാഗശാല. സന്ദൃശ്യമൂർത്തി = ദർശനീയരൂപൻ. ദേവേരിതൻ = ദേവന്മാരാൽ അയയ്ക്കപ്പെട്ടവൻ.
3. ഗൃഹസാധനം – ഗൃഹപ്രാപ്തിയ്ക്കു കാരണഭൂതൻ. ശർമ്മം = സുഖം. യാഗവാൻ – യജമാനൻ.
4. ബുധർ = വിദ്വാന്മാർ. ഋത്വിക്പരിജ്ഞാനസൽക്കർമ്മസാധനം = ഋത്വിക്കുകളുടെ അറിവിന്നും സൽക്കർമ്മത്തിന്നും കാരണഭൂതൻ. അനേകരൂപൻ – ഭൌമ – വൈദ്യുതാദി ബഹുസ്വരൂപൻ. പുരുപ്രിയൻ = ശ്രേഷ്ഠന്മാർക്കു പ്രിയപ്പെട്ടവൻ.
5. ശ്രീമാൻ = ശോഭയേറിയവൻ.
6. മധ്യേ – ദ്യാവാപൃഥിവികൾക്കിടയിൽ. അരിന്ദമൻ – യജ്ഞം മുടക്കുന്ന ശത്രുക്കളെ അടക്കുന്ന (നശിപ്പിയ്ക്കുന്ന)വൻ.
7. വാഴ്ത്തുക – ദേവന്മാരെ സ്തുതിച്ചാലും. സത്സുതാർന്നാത്ഥം – ഞങ്ങൾക്കു നല്ല മക്കളും അന്നവുമുണ്ടാകാൻ. രസച്ചാർത്താൽ – മധുരാദിരസങ്ങൾകൊണ്ട്. സുഖിപ്പിയ്ക്ക – ദേവന്മാരെ പ്രീതിപ്പെടുത്തിയാലും. എങ്ങളിൽ – ഞങ്ങളുടെ നിലങ്ങളിലും മറ്റും. യജ്ഞവാൻ – യജമാനൻ. ഇഷ്ടൻ. – പ്രിയപ്പെട്ടവനാണല്ലോ.
8. അധ്വരോദ്ബോധകൻ – യജ്ഞകർമ്മോപദേഷ്ടാവ്.
9. ശ്രീലൻ = ശോഭയേറിയവൻ. ബഹുപോഷകൻ = വളരെജ്ജനങ്ങളെ പോറ്റുന്നവൻ. ലാലസിപ്പിയ്ക്ക = പ്രകാശിപ്പിയ്ക്കുക.
10. സവജ്ഞത ചേർത്ത – അങ്ങയുടെ തേജസ്സുതന്നെയാണ്, അങ്ങയെ സർവ്വജ്ഞനാക്കിയത്. ദക്ഷൻ = വിചക്ഷണൻ. വാനൂഴിവിശ്വം = വാനൂഴികളും വിശ്വവും. അത് – വാനൂഴിവിശ്വം.
11. വൈശ്വാനരന്റെ പ്രീതി (പ്രസാദം) ഋദ്ധം(സമൃദ്ധം)തന്നെ; വൈശ്വാനരനെ പ്രസാദിപ്പിച്ചാൽ വമ്പിച്ച ധനം കിട്ടുമെന്നതു ശരിതന്നെ. സൽക്കർമ്മബുദ്ധ്യാ = സൽക്കർമ്മേച്ഛകൊണ്ട്. നല്കുന്നു – യജമാനാദികൾക്കു ധനം കൊടുക്കുന്നു. വീര്യം = രേതസ്സ്, വൃഷ്ടിജലം. തായ്താതർ – മാതാപിതാക്കൾ. ഉദിച്ചവൻ – ജനിച്ചവനാകുന്നു.

## സൂക്തം 4.

വിശ്വാമിത്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്ന്യാദികൾ ദേവത.

അഗ്നേ, ഭവാൻ വളർന്നു വളർന്നു മനംതെളിഞ്ഞുണർന്നാലും: തിളങ്ങിത്തിളങ്ങി, ധനം നല്കുന്ന തിരുവുള്ളം ഞങ്ങളിൽ വെയ്ക്കുക. ദേവ, ദേവന്മാരെ യാഗത്തിന്നു കൊണ്ടുവരുന്നവനാണല്ലോ, ഭവാൻ; സഖാക്കളെ സഖാവായ ഭവാൻ മനംതെളിഞ്ഞു പൂജിച്ചാലും! (1)

തനൂനപാത്തേ, വരുണനും മിത്രനും അഗ്നിയുമാകുന്ന ദേവന്മാരാൽ നാൾതോറും മൂന്നുരു പൂജിയ്ക്കപ്പെടുന്ന ഭവാൻ, ജലത്തിന്നായി അനുഷ്ഠിയ്ക്കുന്ന ഈ ഞങ്ങളുടെ യജ്ഞത്തെ മധുരീകരിച്ചാലും! (2)

വിശ്വവരേണ്യമായ സ്തോത്രം ഹോതാവിങ്കൽ ചെന്നണയട്ടെ; അന്നങ്ങൾ മുഖ്യനും വന്ദ്യനുമായ വർഷിതാവിങ്കൽ, നമസ്കരിച്ചു പ്രസാദിപ്പിയ്ക്കാൻ ചെന്നണയട്ടെ; പ്രേരിതനായ ആ പെരിയ യഷ്ടാവു ദേവകളെ യജിയ്ക്കട്ടെ! (3)

നിങ്ങൾക്കിരുവർക്കും യാഗത്തിൽ ഉന്നതമാർഗ്ഗം കല്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു: ഹവിസ്സുകൾ ജ്വാലകളോടൊന്നിച്ചു മേല്പോട്ടു പോകുന്നു; ഹോതാവിന്റെ ഇരിപ്പു, വിളങ്ങുന്ന ശാലയുടെ നടുവിലാണ്; ദേവകൾക്കു നിരന്നിരിപ്പാൻ ദർഭയും ഞങ്ങൾ വിരിയ്ക്കാം. (4)

മനസ്സുകൊണ്ടു പ്രാർത്ഥിയ്ക്കപ്പെടുന്നവർ, വെള്ളംകൊണ്ടു വിശ്വത്തെ ഉല്ലസിപ്പിയ്ക്കുന്നവർ, സപ്തഹോത്രങ്ങളിൽ സംബന്ധിയ്ക്കുന്നു. യാഗങ്ങളിൽ മനുഷ്യരൂപരായി പിറക്കുന്ന വളരെദ്ദേവതകൾ ഈ യജ്ഞത്തിൽ പെരുമാറട്ടെ! (5)

സ്തുതിയ്ക്കപ്പെടുന്ന, സമ്മിളിതമാരായ ദിനരാത്രികൾ വന്നുചേരട്ടെ! തേജസ്സിയന്ന ഭിന്നരൂപമാരായ രണ്ടു ഭാസുരാംഗിമാരും മിത്രവരുണേന്ദ്രമരുത്തുക്കളെന്നപോലെ നമ്മെ പ്രാപിയ്ക്കട്ടെ! (6)

ദിവ്യരായ രണ്ടു പ്രധാനഹോതാക്കളെ ഞാൻ ചമയിയ്ക്കാം; തണ്ണീർ നേരുന്ന ഏഴന്നവാന്മാർ സോമനീർകൊണ്ടു മത്തുപിടിപ്പിയ്ക്കും. ഉജ്ജ്വലരായ കർമ്മരക്ഷകന്മാർ കർമ്മങ്ങളിൽ, അവിടുന്നുതന്നെ സത്യം എന്നു പറയുന്നു! (7)

ഭാരതികളോട്ടുകൂടിയ ഭാരതിയും, ദേവമനുഷ്യസംയുക്തയായ ഇളയും, അഗ്നിയും, സാരസ്വതരോട്ടുകൂടിയ സരസ്വതിയും ഇവിടെ വന്നെത്തട്ടെ; ആ ദേവിമാർ മുവ്വരും ഈ ദർഭയിൽ ഇരുന്നരുളട്ടെ! (8)

ദേവ, ത്വഷ്ടാവേ, രമിയ്ക്കുന്ന ഭവാൻ ഞങ്ങളെ കടത്തിവിടുന്ന ആ പോഷകം പൊഴിച്ചരുളിയാലും: എന്നാൽ, കർമ്മകുശലനും ബലവാനും അമ്മിക്കുഴയെടുക്കുന്ന ദേവകാമനുമായ വീരൻ പിറക്കുമല്ലോ! (9)

വനസ്പതേ, നീ ദേവന്മാരെ കൊണ്ടുവരിക. ശമിതാവായ അഗ്നി ഹവിസ്സു കൊണ്ടുപോകട്ടെ. ആ സത്യസമ്പന്നനായ ഹോതാവുതന്നെ യജിയ്ക്കട്ടെ: ദേവന്മാരുടെ ഉൽപത്തിയറിയുന്നവനാണല്ലോ, അദ്ദേഹം! (10)

അഗ്നേ, ഉജ്ജ്വലിപ്പിയ്ക്കപ്പെടുന്ന ഭവാൻ ഇന്ദ്രനോടും വെമ്പൽക്കൊള്ളുന്ന ദേവകളോടുംകൂടി ഒരേതേരിൽ ഇങ്ങോട്ടു വന്നാലും; പുത്രാന്വിതയായ അദിതിയും ഞങ്ങളുടെ ദർഭയിൽ ഉപവേശിയ്ക്കട്ടെ; സ്വാഹയോട്ടുകൂടിയ മരണരഹിതരായ ദേവന്മാർ സംതൃപ്തിയടയട്ടെ! (11)

## കുറിപ്പുകൾ: സൂക്തം 4.

1. സഖാക്കൾ – ദേവകൾ.
2. മൂന്നരു – പ്രാതർമ്മധ്യാനസായംസവനങ്ങളിൽ. മധുരീകരിച്ചാലും – വൃഷ്ട്യാദിഫലയുക്ത മാക്കിയാലും.
3. ഹോതാവ് – അഗ്നി. അന്നങ്ങൾ – ഹവിസ്സുകൾ. പ്രേരിതൻ – ഞങ്ങളാൽ.
4. നിങ്ങളിരുവർ – അഗ്നിയും ബർഹിസ്സും.
5. ഉല്ലസിപ്പിയ്ക്കുന്നവർ – ദേവന്മാർ. ദേവതകൾ – ദ്വാരാഭിമാനിദേവതകൾ.
7. തണ്ണീർ നേരുന്ന – മഴ പെയ്യട്ടേ എന്നു പ്രാർത്ഥിയ്ക്കുന്ന. അന്നവാന്മാർ – ഋത്വിക്കുകൾ. അവിടുന്ന് – അഗ്നി. ഈ അഗ്നിയും അന്തരീക്ഷാഗ്നിയുമത്രേ, രണ്ടു പ്രധാനഹോതാക്കൾ.
9. ത്വഷ്ടാവ് – സൃഷ്ടികർത്താവ്. കടത്തിവിടുന്ന – ദുഃഖതാരകമായ. പോഷകം – രേതസ്സ്. അമ്മിക്കുഴ – സോമം ചതയ്ക്കാൻ. വീരൻ – പുത്രൻ.
11. ഉപവേശിയ്ക്ക = ഇരിയ്ക്കുക. സ്വാഹ – സ്വാഹാകാരം.

## സൂക്തം 5.

വിശ്വാമിത്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

മേധാവിയും കവിമാർഗ്ഗഗാമിയുമായ യാതൊരഗ്നി ഉഷസ്സിനെ അറിഞ്ഞു പള്ളിയുണരുന്നുവോ; ആ തേജസ്സേറിയ വഹ്നി ദേവകാമരാൽ സമുജ്ജ്വലിപ്പിയ്ക്കപ്പെട്ടിട്ട്, ഇരുട്ടിന്റെ വാതിൽ അടയ്ക്കുന്നു! (1)

യാതൊരു പൂജനീയൻ സ്തോതാക്കളുടെ സ്തോത്രവാക്യങ്ങൾ കൊണ്ടും ഉക്ഥങ്ങൾകൊണ്ടും വർദ്ധിയ്ക്കുന്നുവോ, ആ ദൂതനായ അഗ്നി സൂര്യന്റെ ബഹുപ്രകാശമിച്ഛിച്ച് പുലരിപ്പോക്കിൽ തുലോം വിളങ്ങുന്നു. (2)

സഖാവായി സത്യംകൊണ്ടു സാധകനായി തണ്ണീരിന്റെ ഉണ്ണിയായ അഗ്നി മനുഷ്യരുടെ ഇടയിൽ സ്ഥാപിയ്ക്കപ്പെട്ടു; ആ സ്പൃഹണീയനും യജനീയനുമായ മേധാവി ഉന്നതസ്ഥാനത്തു വാണരുളി; മതിമാന്മാർക്കു സ്തുത്യനുമായി! (3)

ഉജ്ജ്വലിച്ച അഗ്നി മിത്രനായിത്തീരുന്നു; മിത്രനായിരിയ്ക്കെ, ഹോതാവും വരുണനും ജാതവേദസ്സുമാകുന്നു. ആ ദാനോത്സുകനായ മിത്രൻ അധ്വര്യുവും വായുവുമാകുന്നു; സമുദ്ര – പർവതങ്ങൾക്കും മിത്രനാകുന്നു! (4)

ദർശനീയനായ മഹാൻ അഗ്നി ഭൂമിയുടെ അരുമപ്പെട്ട പ്രഥമ പദത്തെ രക്ഷിയ്ക്കുന്നു; സൂര്യന്റെ സഞ്ചാരമാർഗ്ഗത്തെ രക്ഷിയ്ക്കുന്നു; നടുവിൽ സപ്തഗണത്തെ രക്ഷിയ്ക്കുന്നു; ദേവയജ്ഞത്തെ രക്ഷിയ്ക്കുന്നു! (5)

അറിയേണ്ടതെല്ലാമറിഞ്ഞ മഹാനായ അഗ്നിദേവൻ സ്തുത്യവും സുന്ദരവുമായ ജലം സൃഷ്ടിച്ച്, അതിനെ പ്രമാദമെന്നിയേ രക്ഷിച്ചു പോരുന്നു; ഉറക്കത്തിലും ആ വ്യാപ്തന്റെ രൂപം തിളങ്ങിക്കൊണ്ടിരിയ്ക്കും! (6)

കാമയമാനനായ അഗ്നി തിളക്കവും പാട്ടും തഴച്ച കാമയമാനമായ സ്ഥാനത്തു വാണരുളുന്നു; ഉജ്ജ്വലനും വിശുദ്ധനും ദർശനീയനുമായ ആ പാവകൻ അമ്മമാരിരുവരെയും കൂടെക്കൂടെ പുതുക്കുന്നു! (7)

ജനിച്ച ഉടൻ അഗ്നി ഓഷധികളാൽ വഹിയ്ക്കപ്പെടുന്നു; അപ്പോൾ, കീഴ്പോട്ടൊഴുകുന്ന വെള്ളംപോലെ ശോഭിയ്ക്കുന്ന അവ പ്രസവിച്ചു, ജലംകൊണ്ടു വളർത്തുന്നു. അച്ഛനമ്മമാരുടെ മടിയിലിരിയ്ക്കുന്ന അവൻ രക്ഷിയ്ക്കട്ടെ! (8)

സ്തുതനായി ചമതകൊണ്ടു വളർന്ന അഗ്നി വേദിയുടെ നടുവിലിരുന്ന്, അന്തരിക്ഷപദത്തിൽ വിളങ്ങുന്നു; മിത്രനും മാതരിശ്വാവുമായ ആ സ്തുത്യൻ ദൂതനായിട്ടു യജ്ഞത്തിന്നു ദേവകളെ കൊണ്ടുവരട്ടെ! (9)

ശോഭമാനരിൽ ശ്രേഷ്ഠനായ വായു സൂര്യരശ്മികളിൽനിന്നു ഗുഹയിലൊളിച്ച ഹവ്യവാഹനെ ഉജ്ജ്വലിപ്പിച്ചതെപ്പൊഴോ, അപ്പോൾ ആ അഗ്നി തേജസ്സുകൊണ്ടു സ്വർഗ്ഗത്തെ സ്തംഭിപ്പിച്ചു! (10)

അഗ്നേ, അങ്ങു കർമ്മമേറിയ ഗോപ്രദാത്രിയായ ഭൂമിയെ സ്തോതാവിന്ന് എന്നെയ്ക്കുമായി കിട്ടിച്ചാലും; ഞങ്ങൾക്കു മകനും അവന്റെ മകനും ജനിയ്ക്കുമാറാകണം. അഗ്നേ, അങ്ങയുടെ ആ നന്മനസ്സു ഞങ്ങളിലെത്തട്ടെ! (11)

### കുറിപ്പുകൾ: സൂക്തം 5.

1. വാതിൽ – ആഗമനദ്വാരം; ഇരുട്ടിന്റെ വരവിനെ തടുക്കുന്നു.

3. സഖാവ് – യഷ്ടാക്കളുടെ. സാധകൻ – സിദ്ധി വരുത്തുന്നവൻ. ഉന്നതസ്ഥാനം – ഉത്തരവേദി.
4. അഗ്നിയുടെ സർവാത്മകത്വം: മിത്രൻ = സൂര്യൻ. മിത്രൻ (മിത്രം) = സഖാവ്.
5. നടു = അന്തരിക്ഷമധ്യം. സപ്തഗണം – മരുദ്ഗണം.
6. ഉറക്കത്തിലും – ജ്വാലകളടങ്ങിയ സമയത്തും.
7. കാമയമാനൻ = കാമി(അഭിലഷി)യ്ക്കുന്നവൻ. അമ്മമാർ – ദ്യാവാപൃഥിവികൾ.
8. പ്രസവിച്ചു – പുഷ്പഫലങ്ങളെ ഉൽപാദിപ്പിച്ച്. അച്ഛനമ്മമാർ – വാന്തഴികൾ.

## സൂക്തം 6.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ജോലിക്കാരേ, ദേവകാമരായ നിങ്ങൾ മന്ത്രത്താൽ പ്രേര്യമാണരായിട്ടു, ദേവകളിൽ ചെല്ലുന്ന സ്രുക്ക് കൊണ്ടുവരുവിൻ: അഗ്നിയ്ക്കുള്ള ഹവിസ്സു നിറച്ചു നെയ്യു പുരട്ടിയ ആ അന്നവതി വലത്തുഭാഗത്തുനിന്നെടുത്തു, തല കിഴക്കോട്ടാക്കി എത്തിയ്ക്കപ്പെടുന്നു. (1)

അഗ്നേ, യജനീയ, ജനിച്ചപ്പോൾത്തന്നേ അങ്ങു ദ്യാവാപൃഥിവികളെ നിറച്ചു; പിന്നീടു മഹത്ത്വത്താൽ ദ്യോവിനെയും ഭുവിനെയും കവിച്ചു. അങ്ങയുടെ ഏഴുനാവുള്ള വഹ്നികൾ സ്തുതിയ്ക്കപ്പെടട്ടെ! (2)

ദേവകാമരായ മനുഷ്യർ ഹവിസ്സൊരുക്കി, തെളിഞ്ഞ തേജസ്സിനെ സ്തുതിയ്ക്കുന്നതെപ്പൊഴോ, അപ്പോൾ ദ്യോവും ഭുവും യജനീയരും ഹോതാവായ അങ്ങയെ യജ്ഞത്തിന്നിരുത്തും. (3)

കാമ്യമാനനായ മഹാൻ വാനൂഴികൾക്കിടയിൽ മഹിമയുള്ള സ്വസ്ഥാനത്ത് അനങ്ങാതിരിയ്ക്കുന്നു; ആക്രമിയ്ക്കുന്നവരും ഉപദ്രവിയ്ക്കപ്പെടാത്തവരും നത്യതരുണിമാരും ജലം ചുരത്തുന്നവരുമായ ആ സപത്നിമാർ ബഹുസ്തുതനെ പ്രീതിപ്പെടുത്തുന്നു. (4)

അഗ്നേ, മഹത്തുക്കളാകുന്നു, മഹാനായ ഭവാന്റെ കർമ്മങ്ങൾ: ഭവാൻ സ്വപ്രകാശംകൊണ്ടു വാനൂഴികൾക്കു വലുപ്പം കൂട്ടി. വൃഷാവേ, അങ്ങു ദൂതനായിബ്ഭവിച്ചാലും: ജനിച്ചപ്പോൾത്തന്നേ ഭവാൻ മനുഷ്യർക്കു നേതാവായി! (5)

ദേവ, അങ്ങ് നല്ല സ്കന്ധരോമങ്ങളുള്ളവയും നെയ്യൊലിയ്ക്കുന്നവയുമായ രണ്ടു ചെംകുതിരകളെ കയർകൊണ്ടു തേരിനു മുമ്പിൽ കെട്ടുക; അതിൽ ദേവന്മാരെയെല്ലാം കൊണ്ടുവരിക. ജാതവേദസ്സേ, അവർക്കുള്ള യാഗം നന്നാക്കുക! (6)

അഗ്നേ, അങ്ങു വനങ്ങളിൽ ജലങ്ങളെ കൊതിയോടേ വറ്റിയ്ക്കുമ്പോൾ, അങ്ങയുടെ കാന്തി സൂര്യന്റേതിനെക്കാൾ തിളങ്ങും. അങ്ങ് ഒളി വീശുന്ന സനാതനോഷസ്സുകളെ അനുസരിച്ചു ശോഭിയ്ക്കുന്നു; സ്തുത്യനായ ഹോതാവിന്റെ ശോഭയെ വാനവർ വാഴ്ത്തുന്നു! (7)

അഗ്നേ, വിശാലമായ അന്തരിക്ഷത്തിൽ വിളയാടുന്ന ദേവകൾ എവരോ, സൂര്യന്റെ വെളിച്ചത്തിലുള്ളവരെവരോ, ഊമർ എവരോ, ശോഭനാഹ്വാനരായി നിലക്കൊള്ളുന്ന യജനീയർ എവരോ, തേർക്കുതിരകളെവയോ; (8)

അവരോടൊന്നിച്ച്, ഒരേ തേരിലോ പല തേരിലോ അഗ്നേ, ഭവാൻ ഇങ്ങോട്ടെഴുന്നള്ളുക: മിടുക്കുള്ളവയാണല്ലോ, പള്ളിക്കുതിരകൾ. പത്നീസഹിതരായ മുപ്പത്തിമൂന്നു ദേവന്മാരെയും സോമത്തിന്നു കൊണ്ടുവരിക; മത്തുപിടിപ്പിയ്ക്കുക! (9)

ആരുടെ യജ്ഞത്തെ യജ്ഞത്തെ വിശാലകളായ ദ്യാവാപൃഥിവികളും അഭിവൃദ്ധിയ്ക്കായി പുകഴ്ത്തിപ്പോരുന്നുവോ, അദ്ദേഹംതന്നെ ഹോതാവ്: ആ സുരൂപകളും ജലാന്വിതകളുമായ സത്യവതികൾ യാഗത്തിന്നായി പിറന്നവന്നു, രണ്ടധ്വരങ്ങൾപോലെ അനുകൂലകളായി വർത്തിയ്ക്കുന്നു! (10)

അഗ്നേ, അങ്ങു കർമ്മമേറിയ ഗോപ്രദാത്രിയായ ഭൂമിയെ സ്തോതാവിന്ന് എന്നെയ്ക്കുമായി കിട്ടിച്ചാലും. ഞങ്ങൾക്കു മകനും അവന്റെ മകനും ജനിയ്ക്കുമാറാകണം; അഗ്നേ, അങ്ങയുടെ ആ നന്മനസ്സു ഞങ്ങളിലെത്തട്ടെ! (11)

## കുറിപ്പുകൾ: സൂക്തം 6.

1. അന്നവതി – സ്രുക്ക്. വലത്തുഭാഗം – ആഹവനീയാഗ്നിയുടെ.
2. വഹ്നികൾ – അംശങ്ങളായ അഗ്നികൾ.
3. യജനീയർ – ദേവന്മാർ.
4. കാമ്യമാനൻ – യജമാനാദികളാൽ കാമിയ്ക്കപ്പെടുന്നവൻ. ആക്രമിയ്ക്കുന്നവർ – എല്ലാദിക്കുകളിലും വ്യാപിയ്ക്കുന്നവർ. ആ സപത്നിമാർ – ദ്യാവാപൃഥിവികൾ.
6. നെയ്യൊലിയ്ക്കുന്ന – ദേഹത്തിന്ന് അത്ര സ്നിഗ്ദ്ധതയുള്ള.
7. അനുസരിച്ച് – ഉഷസ്സിലാണല്ലോ, അഗ്നിയെ ജ്വലിപ്പിയ്ക്കുക.
8. ഊമർ – ഊമരെന്ന പിതൃക്കൾ.
10. സത്യവതികൾ – ദ്യാവാപൃഥിവികൾ. യാഗത്തിന്നായി പിറന്നവൻ – അഗ്നി.

രണ്ടാമഷ്ടകം സമാപ്തം.

# ഋഗ്വേദം: മൂന്നാം അഷ്ടകം

## ഒന്നാം അദ്ധ്യായം

### മണ്ഡലം 3      അനുവാകം 1

## സൂക്തം 7.

വിശ്വാമിത്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

മുതുകു കറുത്ത ധാരകന്റെ ഉദ്ഗമിച്ച രശ്മികൾ അമ്മമാരിരുവരെയും ഏഴുനദികളെയും പ്രാപിച്ചു. ചുഴെച്ചുഴന്ന മാതാപിതാക്കൾ വഴിപോലെ പെരുമാറുന്നു: മികവോടേ യജിപ്പാൻ ദീർഘായുസ്സു സമ്പാദിയ്ക്കുന്നു. (1)

വൃഷാവിന്റെ അശ്വങ്ങൾ വാനിലെങ്ങും വ്യാപിച്ചു പ്രീതിയുളവാക്കുന്നു. അദ്ദേഹം തേൻ വഹിച്ച ദേവിമാരിൽ വാണരുളുന്നു. ജലത്തിന്റെ ആസ്പദത്തിൽ വാസം തേടുന്ന, ആളിക്കത്തുന്ന ഭവാനെ ഒരു ഗോവു പരിചരിച്ചുപോരുന്നു. (2)

ധനങ്ങളിൽവെച്ചു മികച്ച ധനം കിട്ടിയ്ക്കുന്ന ജ്ഞാനവാനായ സ്വാമി സുഖനിയന്തവ്യകളായ എവയുടെ പുറത്തു കേറുമോ; അവയെ, നില്ക്കാത്ത നട വളർത്താൻ, ബഹുധാ അംഗവിക്ഷേപം ചെയ്യുന്ന നീലപൃഷ്ഠൻ വിശ്രമിപ്പിയ്ക്കും. (3)

ലോകങ്ങളെ ഉറപ്പിയ്ക്കാൻ നോക്കുന്ന, തളർത്താവുന്നവനല്ലാത്ത, മഹാനായ ത്വഷ്ടപുത്രനെ ബലപ്പെടുത്തിക്കൊണ്ടു നദികൾ വഹിയ്ക്കുന്നു; അരികിൽ കത്തിജ്ജ്വലിച്ച അദ്ദേഹം ദ്യാവാപൃഥിവികളെ, ഒരുത്തിയെയെന്നപോലെ പ്രാപിച്ചു! (4)

നിസ്സപത്നനായ വൃഷാവിനെ സേവിച്ചാലത്തെസ്സുഖം ആളുകൾക്കറിയാം; അവർ മഹാന്റെ വരുതിയിൽ ഇമ്പംകൊള്ളുന്നു. എവരുടെ മഹത്തായ സ്തുതിവാക്യം മതിയ്ക്കത്തക്കതോ, അവർ നല്ല തേജസ്സാൽ സ്വർഗ്ഗത്തെശ്ശോഭിപ്പിച്ചുകൊണ്ടു വിളങ്ങും! (5)

യാവചിലരിൽ വർഷിയ്ക്കുന്നവൻ രാത്രിയ്ക്കുടുപ്പായ സ്വതേജസ്സിനെ സ്തോതാവിന്റെ അടുക്കലെയ്ക്കു നീട്ടിയോ; അവർ അവനു മഹത്തുക്കളെക്കാൾ മഹത്തുക്കളായ അമ്മയച്ഛന്മാരുടെ പ്രവേദനത്താൽ ഘോഷിയ്ക്കപ്പെട്ട സുഖം വരുത്തി. (6)

അഞ്ചധ്വര്യക്കളോടുകൂടി ഏഴു മേധാവികൾ വ്യാപനശീലന്റെ അരുമപ്പെട്ട നിശ്ചിതസ്ഥാനം സംരക്ഷിയ്ക്കുന്നു. കിഴക്കോട്ടു നോക്കി നടക്കുന്ന, തളർത്താവുന്നവരല്ലാത്ത, സേക്താക്കളായ സ്തോതാക്കൾ ഇമ്പംകൊള്ളുന്നു; ദേവകർമ്മങ്ങളെ അനുഗമിയ്ക്കുകയുംചെയ്യുന്നു! (7)

ദിവ്യരായ രണ്ടു പ്രധാനഹോതാക്കളെ ഞാൻ ചമയിയ്ക്കാം; തണ്ണീർ നേരുന്ന ഏഴന്നവാന്മാർ സോമനീർകൊണ്ടു മത്തുപിടിപ്പിയ്ക്കും. ഉജ്ജ്വലരായ കർമ്മരക്ഷകന്മാർ കർമ്മങ്ങളിൽ, അവിടുന്നുതന്നെ സത്യം എന്നു പറയുന്നു! (8)

ദേവ, ഹോതാവേ, സർവാതീതനായ മഹാനും വൃഷാവും പൂജനീയനുമായ ഭവാന്റെ പരന്ന ഭൂരിജ്വാലകൾ പർജ്ജന്യനായിത്തീരുന്നു; ഏറ്റവും ആഹ്ലാദിപ്പിയ്ക്കുന്ന ജ്ഞാനിയായ ഭവാൻ യഷ്ടവ്യരായ ദേവന്മാരെയും ദ്യാവാപൃഥിവികളെയും ഇവിടെ കൊണ്ടുവന്നാലും! (9)

ദ്രവിണ, അഗ്നേ, ഹവിരാഹുതിയും നല്ല സ്തുതിയും ചേർന്ന സുജ്ഞേയകളായ ഉഷസ്സുകൾ ധനം കൈവരുമാറു പുലരുന്നു; അവിടുന്നു, മഹാനുവേണ്ടി, വല്ല പാപവും ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതിനെ വലിയ ജ്വാലകൊണ്ടു നശിപ്പിച്ചാലും! (10)

അഗ്നേ, അങ്ങു കർമ്മമേറിയ ഗോപ്രദാത്രിയായ ഭൂമിയെ സ്തോതാവിന്ന് എന്നെയ്ക്കുമായി കിട്ടിച്ചാലും. ഞങ്ങൾക്കു മകനും അവന്റെ മകനും ജനിയ്ക്കുമാറാകണം. അഗ്നേ, അങ്ങയുടെ ആ നന്മനസ്സു ഞങ്ങളിലെത്തട്ടെ! (11)

## കുറിപ്പുകൾ: സൂക്തം 7.

1. മുതുക കറുത്ത – പുകകൊണ്ട് ദീർഘലായുസ്സ് – അഗ്നിയ്ക്ക്.
2. തേൻ വഹിച്ച ദേവിമാർ – മധുരജലകളായ നദികൾ. ജലത്തിന്റെ ആസ്പദം – അന്തരിക്ഷം. പ്രത്യക്ഷവചനമാണിത്; ഗോവ് = വാക്ക്, ശബ്ദം.
3. അവ – പെൺകുതിരകൾ. നീലപൃഷ്ഠൻ = മുതുക കറുത്തവൻ.
4. ഒരുത്തിയെ – ഒരു പുരുഷൻ ഒരു സ്ത്രീയെ പ്രാപിയ്ക്കുന്നതുപോലെ.
5. അവർ – ആ ആളുകൾ.
6. നീട്ടിയോ – സ്തുതി കേൾപ്പാൻ. അവർ – ആ യജമാനന്മാർ. അവന്ന് – അഗ്നിയ്ക്ക്.
7. ഉദ്ഗാതാക്കൾക്കു പുറമേ, പന്തിരണ്ട് ഋത്വിക്കുകളുണ്ട്; അവരിൽ ഏഴുപേർ വഷട്കാരവും, അഞ്ചുപേർ യജ്ഞവും അനുഷ്ഠിയ്ക്കുന്നു. സേക്താക്കൾ – സോമനീർ ഉരുകുന്നവർ.
9. പർജ്ജന്യനായിത്തീരുന്നു – മഴ പെയ്യിയ്ക്കുന്നു; വൃഷ്ടിദേവനാണ്, പർജ്ജന്യൻ.
10. ദ്രവിണ = സതതഗമനശീല. സുജ്ഞേയകൾ – പക്ഷികൂജിതാദികൾ കൊണ്ട് എളുപ്പത്തിൽ അറിയാവുന്നവ. കൈവരുമാറ് – ഞങ്ങൾക്ക്. മഹാൻ – യജമാനൻ.

## സൂക്തം 8.

വിശ്വാമിത്രൻ ഋഷി; ത്രിഷ്ടുപ്പും അനുഷ്ടുപ്പും വൈശ്വദേവിയും ഛന്ദസ്സ്; യൂപം ദേവത.

വനസ്പതേ, യാഗത്തിൽ ദേവകാമന്മാർ നിങ്കൽ ദിവ്യമധു പുരട്ടുന്നു: നീ എണീറ്റുനില്ക്കുകയായാലും, അമ്മയുടെ മടിയിൽ കിടക്കുകയായാലും, ഇവിടെ ധനങ്ങൾ നിക്ഷേപിയ്ക്കുമാറാകണം! (1)

നീ അഗ്നിയുടെ കിഴക്കുവശത്ത്, അക്ഷയവും സത്സന്താനജനകവുമായ അന്നം തന്നു, ഞങ്ങളെ വലയ്ക്കുന്ന വിശപ്പു പോക്കി, മഹത്തായ സൌഭാഗ്യത്തിന്നായി ഉയർന്നുനിന്നാലും! (2)

വനസ്പതേ, നീ ഉൽകൃഷ്ടസ്ഥലത്ത് ഉയർന്നുനിന്നാലും: തക്കവലുപ്പത്തിൽ അളക്കപ്പെട്ട നീ യജ്ഞാനുഷ്ഠാതാവിന്ന് അന്നം നല്കിയാലും! (3)

അരഞാണിട്ടു നല്ല വസ്ത്രം ചുറ്റിയ യുവാവു വന്നുചേർന്നു: അവൻ ജാതരിൽവെച്ചു മീതെയായി. അവനെ ധീരരായ കവികൾ – ശോഭനധ്യാനരായ ദേവകാമന്മാർ – പൊക്കിനാട്ടുന്നു! (4)

മനുഷ്യരുടെ യാഗത്തിൽ വളർന്നു, ദിവസങ്ങളെ സുദിനങ്ങളാക്കാനത്രേ, ഇവൻ ജനിച്ചത്! ഇവനെ ധീരരായ കർമ്മികൾ ശ്രദ്ധവെച്ചു ശുദ്ധിപ്പെടുത്തുന്നു; ദേവയഷ്ടാവായ മേധാവി സ്തുതിയും ചൊല്ലുന്നു. (5)

വനസ്പതേ, മഴു നിങ്ങളെ മുറിച്ചു; ദേവകാമരായ നേതാക്കൾ കുഴിച്ചിടുകയുംചെയ്തു. തിളങ്ങിനില്ക്കുന്ന അവയും പൂളുകളും ഇദ്ദേഹത്തിന്നു സന്തതിയും സമ്പത്തും ഉളവാക്കട്ടെ! (6)

മുറിച്ചു വീഴ്ത്തപ്പെട്ട്, ഋത്വിക്കുകളാൽ കുഴിയിൽ നാട്ടപ്പെട്ട ആ യാഗസാധനങ്ങൾ ഞങ്ങളുടെ വരണീയത്തെ ദേവകളിലെത്തിയ്ക്കട്ടെ! (7)

നല്ല നേതാക്കളായ ആദിത്യന്മാർ, രുദ്രന്മാർ, വസുക്കൾ, ദ്യാവാപൃഥിവികൾ, വിശാലമായ അന്തരീക്ഷം എന്നീ ദേവകൾ ഒരേ മനസ്സോടേ യജ്ഞത്തെ രക്ഷിയ്ക്കട്ടെ; യാഗത്തിന്റെ കൊടിമരത്തെ ഉയർത്തിനിർത്തട്ടെ! (8)

സ്വച്ഛവസ്ത്രമുടുത്തു, ഹംസങ്ങൾപോലേ വരിവെച്ചുനില്ക്കുന്ന അവയും പൂളുകളും ഞങ്ങളിൽ വന്നെത്തി; കവികളാൽ ഉയർത്തപ്പെടുന്ന ആ തേജസ്വികൾ ദേവപഥത്തിലും ചെല്ലുന്നു! (9)

പൂളുകളോടും വളയങ്ങളോടും കൂടിയ അവ, ഭൂമിയിൽ ശൃംഗികളുടെ കൊമ്പുകൾപോലെ കാണപ്പെടുന്നു; യാഗത്തിൽ ഋത്വിക്കുകളുടെ സ്തോത്രം കേൾക്കുന്ന അവ ഞങ്ങളെ കൊലനിലങ്ങളിൽ രക്ഷപ്പെടുത്തട്ടെ! (10)

ഹേ മരക്കുറ്റി, നീ നൂറു ശാഖകളോടുകൂടി മുളച്ചുപൊന്തുക; ഞങ്ങളും ആയിരം ശാഖകളോടുകൂടി മുളച്ചുപൊന്തട്ടെ! ഈ മൂർച്ചയേറിയ മഴു നിന്നെ മഹത്തായ സൗഭാഗ്യത്തിലെത്തിച്ചു! (11)

### കുറിപ്പുകൾ: സൂക്തം 8.

1. വനസ്പതി = വൃക്ഷം. ദിവ്യമധു – നെയ്യ്. അമ്മ – ഭൂമി. ഇവിടെ – ഞങ്ങളിൽ.
2. അഗ്നി – ആഹവനീയൻ.
4. യുവാവ് – ദൃഢാംഗമായ യൂപം. യൂപത്തെ വസ്ത്രംകൊണ്ടു പൊതിയും. ജാതർ – ജനിച്ച വൃക്ഷങ്ങൾ.

6. നിങ്ങൾ – വൃക്ഷങ്ങൾ. പൂളുകൾ – ചെറിയ മരക്കഷ്ണങ്ങൾ. ഇദ്ദേഹം – യജമാനൻ.
7. വരണീയത്തെ – സ്പൃഹണീയമായ ഹവിസ്സിനെ.
8. കൊടിമരം – യൂപം.
9. അവ – യൂപങ്ങൾ
10. ശൃംഗികൾ – കാളയും മറ്റും.

## സൂക്തം 9.

വിശ്വാമിത്രൻ ഋഷി; ബൃഹതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; അഗ്നി ദേവത. (പാന)

സ്വാവനത്തിനുവേണ്ടി വരിയ്ക്കുന്നു,
ദേവ, മർത്ത്യരാം ചങ്ങാതിമാരെങ്ങൾ,
വാരിപൗത്രൻ സുഭഗനനാമയൻ
ഭൂരിശോഭൻ സുഖപ്രാപ്യനങ്ങയെ! (1)

തായയായ തണ്ണീരിങ്കലെയ്ക്കല്ലോ
പോയി,കാടുകൾ തേടും ഭവാനഗ്നേ;
അന്നിലപാടു വയ്യാ സഹിയ്ക്കുവാൻ;
വന്നുവല്ലോ, വിദൂരാലിഹ ഭവാൻ! (2)

ഇഷ്ടദാനമാം ഭാരം വഹിയ്ക്കിലും
തുഷ്ടചിത്തനായ്ത്തന്നെ മേവുന്നു നീ;
അങ്ങു മിത്രങ്ങളാക്കിയോരിൽച്ചില-
രങ്ങു പോകും, ചുഴന്നിരിയ്ക്കും ചിലർ. (3)

മാറ്റലരെയും കുറ്റൻപടയെയു-
മേറ്റ പിന്നിട്ടു വെള്ളത്തിലാണ്ടോനെ
ചെന്നു കണ്ടെത്തിയല്ലോ, പുരാണരാ-
കുന്ന മിത്രങ്ങൾ സിംഹത്തെപ്പോലവേ. (4)

അക്കണക്കിച്ഛപോലേ നിലീനനാ-
മഗ്നിയെക്കടഞ്ഞുണ്ടാക്കി, വാനോർക്കായ്
കൊണ്ടുപോന്നാന,കലത്തുനിന്നൊരു
തെണ്ടിയെയെന്നപോലേ സമീരണൻ! (5)

അബ്ഭൂവാനെ ഹുതവഹ, വാനോർക്കാ-
യത്ര കൈക്കൊണ്ടു, മർത്ത്യർ യുവതമ:
അധ്വരമൊക്കെ രക്ഷിയ്ക്കുവോനല്ലോ,
മർത്ത്യബാന്ധവ, തൻക്രിയയാൽബ്ഭവാൻ! (6)

അബ്ഭവച്ഛുഭകർമ്മമഗ്നേ, വെറു-
മർഭകനെയുമൂഢിയാൽ മൂടുന്നു:
അന്തിനേരത്തു കത്തിജ്ജ്വലിച്ച നി-
ന്നന്തികേ കൂടുമല്ലോ, പശുവ്രജം! (7)

ചെയ്‌വിനാ,ഹുതി പള്ളികൊള്ളും പരി-
പാവനാഭനാം സ്തുത്യസുയജ്ഞന്നായ്-
ക്ഷിപ്രമർച്ചിപ്പിന,ഞ്ജസാ വ്യാപിയ്ക്കു-
മപ്പുരാതനദേവനാം ദൂതനെ! (8)

ആയിരം മൂന്നു, മൂന്നു നൂർ, മുപ്പത്തി-
യൊമ്പതുമുമ്പർ പൂജിച്ചിതഗ്നിയെ:
നെയ്യു തൂകിനാർ; ദർഭ തൂർത്തു വിരി-

ച്ചങ്ങിരുത്തിനാരീ, ഹോമകാരനെ! (9)

## കുറിപ്പുകൾ: സൂക്തം 9.

1. സ്വാവനം = സ്വരക്ഷ.
2. അന്നിലപാട് – വെള്ളത്തിൽത്തന്നെ വസിയ്ക്കൽ. വന്നുവല്ലോ – അരണിമഥനത്താൽ ആവിർഭവിച്ചുവല്ലോ. വിദൂരാൽ = അകലത്തുനിന്ന്.
3. ചിലർ – അധ്വര്യുപ്രഭൃതികൾ. അങ്ങു പോകും – ഹോമിപ്പാൻ. ചിലർ – ഉദ്ഗാതാവും മറ്റും.
4. പട = സേന. ആണ്ടോനെ – മുഴുകിയ അഗ്നിയെ. പുരാണരാകുന്ന മിത്രങ്ങൾ – ചിരന്തനസുഹൃത്തുക്കളായ ദേവന്മാർ. സിംഹത്തെപ്പോലവേ – ഗുഹയിലിരിയ്ക്കുന്ന സിംഹത്തെ എന്നപോലെ.
5. നിലീനൻ = ഒളിച്ചവൻ. തെണ്ടിയെ – അലഞ്ഞുനടക്കുന്ന മകനെ അച്ഛൻ പിടിച്ചുകൊണ്ടുപോകുന്നതുപോലെ. സമീരണൻ = വായു.
6. വാനോർക്കായ് – ദേവന്മാരെ യജിപ്പാൻ.
7. അർഭകനെയും – അജ്ഞനെപ്പോലും
8. ഋത്വിക്കുകളോട്: പള്ളികൊള്ളും – വിറകുകളിലും ഓഷധികളിലും ശയിയ്ക്കുന്ന.
9. ആയിരം – മുവ്വായിരത്തിമുന്നൂററിമുപ്പത്തൊമ്പതു ദേവന്മാർ. ഹോമകാരൻ = ഹോതാവ്, അഗ്നി.

## സൂക്തം 10.

വിശ്വാമിത്രൻ ഋഷി; ഉഷ്ണിക് ഛന്ദസ്സ്; അഗ്നി ദേവത. (‘മാബലി നാടുവാണീടുംകാലം’ എന്ന മട്ടിൽ)

ഭൂവാസികൾക്കൊരു തമ്പുരാനും
ദേവനുമായ ഭവാനെയഗ്നേ,
ഉദ്ദീപിപ്പിച്ചുപോരുന്നു, നന്നായ്-
ബുദ്ധിയുള്ളാളുകളധ്വരത്തിൽ! (1)

മർത്ത്യർ പുകഴ്ത്തുന്നു, ഹോതാവാകു-
മൃത്വിക്കായുള്ള ഭവാനെയഗ്നേ;
സത്യത്തിൻപാലകനായിബ്ഭവാൻ
കത്തിജ്ജ്വലിച്ചാലും, തൻഗൃഹത്തിൽ! (2)

ജാതവേദസ്സാകുമങ്ങയ്ക്കഗ്നേ,
യാതൊരാളേകുമോ, ഹവ്യങ്ങളെ;
ഉണ്ടാമവന്നു സുവീര്യശാലി,-
യുണ്ടാമവന്നു സമൃദ്ധികളും! (3)

യാഗങ്ങൾതൻ ധ്വജമഗ്നിയവ-
നാഗമിയ്ക്കട്ടേ, ഹവിഷ്മാന്നായി
ഹോതാക്കളേഴ്വരാൽത്തേപ്പിയ്ക്കപ്പെ-
ട്ടാ,ദിതേയന്മാരോടൊന്നിച്ചുതാൻ! (4)

മേധാവികൾക്കുള്ള തേജസ്സേന്തും
ധാതാവും ഹോതാവുമാമഗ്നിയ്ക്കായ്
സംഭരിച്ചീടുവിൻ, നിങ്ങൾ ചെമ്മേ
മുമ്പുള്ളോർ നിർമ്മിച്ച വന്മൊഴികൾ! (5)

ചേണറ്റ ചോറ്റിനും സ്വത്തിനുമായ്,-
ക്കാണപ്പെടേണ്ടുന്നൊരീയഗ്നിയെ
വർദ്ധിപ്പിച്ചീടട്ടെ, നമ്മൾതൻ വാ-
ക്കത്രയും സ്തുത്യനായ്ത്തീരുമാറേ! (6)

ദേവകാമന്നായ്,സ്സയഷ്ടാവു നീ
ദേവരെപ്പൂജിയ്ക്കുക,ധ്വരത്തിൽ:
മാദകൻ ഹോതാവു നീയിങ്ങഗ്നേ,
മാററാരെത്തള്ളി ലസിപ്പോനല്ലോ! (7)

ഞങ്ങൾക്കു പാവക, വീറും ശ്രീയും
തിങ്ങുമാറുജ്ജ്വലിച്ചാലു,മാ നീ;
സ്തോത്രങ്ങൾ ചൊൽവോർതൻ ക്ഷേമത്തിന്നായ്-
പ്പാർത്താലു,മേറ്റമടുക്കൽത്തന്നേ! (8)

സ്തോത്രങ്ങൾ ചൊല്ലുന്ന മേധാവിമാ-
രാസ്ഥയോടുജ്ജ്വലിപ്പിച്ചിടുന്നു,

അവ്യയനും, ബലാൽ വർദ്ധിപ്പോനും,
ഹവ്യം വഹിപ്പോനുമായ നിന്നെ! (9)

## കുറിപ്പുകൾ: സൂക്തം 10.

2. തൻഗൃഹം – യാഗശാല.
3. സുവീര്യശാലി – നല്ല വീര്യമുള്ള പുത്രൻ.
4. തേപ്പിയ്ക്കപ്പെട്ട് – സോമ-ഘൃതാഹുതികൾകൊണ്ട്.
5. ഹോതാക്കളോടും മറ്റും പറയുന്നു: വന്മൊഴികൾ – സ്തോത്രങ്ങൾ.
6. കാണപ്പെടേണ്ടുന്ന = ദർശനീയനായ. വാക്ക് – സ്തുതി.
7. മാദകൻ – യജമാനാഹ്ലാദകൻ.
8. വീറ് = വീര്യം. ശ്രീ – തേജസ്സ്. ആ – താദൃശനായ.

## സൂക്തം 11.

വിശ്വാമിത്രൻ ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.

യജ്ഞത്തെശ്ശരിയായ്ക്കണ്ട ഹോതാവ,ഗ്നി പുരോഹിതൻ:
അറിഞ്ഞിരിപ്പോന,വിട്ടുന്നധ്വരത്തെ യഥാക്രമം. (1)

അന്നാർത്ഥം നിഹിതൻ ദൂതനാഗ്രഹിപ്പോനനശ്വരൻ;
ആ ഹവ്യവാഹനാമഗ്നി മനീഷയൊട്ടു ചേർന്നവൻ! (2)

അഗ്നി യജ്ഞധ്വജം ധീയാലറിയുന്നു, ചിരന്തനൻ;
അവന്റെ തേജസ്സകലെപ്പോക്കുമല്ലോ, തമസ്സിനെ! (3)

ജാതവേദസ്സ, കെല്പിന്റെ പുത്രൻ, ചൊല്ലേറ്റാണ്ട ശാശ്വതൻ;
ഈയഗ്നിയെ ഹവിർവാഹനാക്കിവെച്ചിതു, ദേവകൾ. (4)

അഗ്നി, മാനുഷജാതിയ്ക്കു മുൻനടപ്പോൻ, ത്വരാന്വിതൻ,
തള്ളാവുന്നവനല്ലാത്തോൻ, പള്ളിത്തേരെ,പ്പൊഴും നവൻ! (5)

എതിരാളരെയൊട്ടുക്ക തട്ടിനീക്കുമഹിംസിതൻ,
അതിമാത്രപ്രഭൃതാന്നന,ഗ്നി ദൈവതപോഷകൻ! (6)

ഹവിസ്സേകും നരൻ വോഢാവിങ്കൽനിന്നന്നമെങ്ങുമേ
നേടുന്നു, പാവനാർച്ചിസ്സിൻപക്കൽനിന്നു നികേതവും! (7)

പ്രാജ്ഞരേ, ജാതവേദസ്സാമഗ്നിയ്ക്കു നുതി ചൊല്ലി നാം
കൈവരുത്തുക, കാംക്ഷിച്ച ധനമൊക്കയുമെങ്ങുമേ! (8)

അഗ്നേ, ഞങ്ങൾക്കടർകളിൽ, പ്രാർത്ഥിയ്ക്കേണ്ടുന്നതൊക്കയും
കിട്ടേണമേ: നിങ്കലല്ലോ പൂകിമേവുന്നു, ദേവകൾ! (9)

### കുറിപ്പുകൾ: സൂക്തം 11.

2. അന്നാർത്ഥം നിഹിതൻ – ഹവിസ്സ്വീകരണത്തിന്നു സ്ഥാപിതൻ. ആഗ്രഹിപ്പോൻ – ഹവ്യേച്ഛു. മനീഷ = പ്രജ്ഞ, കർമ്മജ്ഞാനം.
3. അറിയുന്നു – എല്ലാം.
5. മുൻനടപ്പോൻ – നേർവഴി കാട്ടിക്കൊണ്ട്. ത്വരാന്വിതൻ – മനുഷ്യരെ കർമ്മങ്ങളിൽ പ്രവർത്തിപ്പിച്ചനുഗ്രഹിപ്പാൻ വെമ്പുന്നവൻ. പള്ളിത്തേർ – ദേവകൾക്കു ഹവിസ്സു കൊണ്ടുപോകുന്ന രഥം. എപ്പൊഴും നവൻ = നിത്യനൂതനൻ.
6. അതിമാത്രപ്രഭൃതാന്നൻ = ഏറ്റവും പ്രഭൃതാന്നൻ, അന്നസമൃദ്ധൻ. ദൈവതപോഷകൻ = ദേവന്മാരെ പോറ്റുന്നവൻ.
7. വോഢാവ് – ഹവ്യവാഹൻ. നികേതം = ഗൃഹം.
8. ഹോതാവിനോടും മറ്റും:
9. പ്രാർത്ഥിയ്ക്കേണ്ടുന്നത് – ധനം.

## സൂക്തം 12.

വിശ്വാമിത്രൻ ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രാഗ്നികൾ ദേവത.

ഇന്ദ്രാഗ്നിമാരേ, വരുവിൻ, വിണ്ണിൽനിന്നിസ്തവങ്ങളാൽ:
പിഴിഞ്ഞ സംസേവ്യമിതു കുടിപ്പിൻ, കർമ്മസക്തരായ്! (1)

ഇന്ദ്രാഗ്നിമാരേ, മുൻഭാഗത്തെത്തുന്നു, യജ്ഞസാധനം;
കുടിപ്പിനീ, നീരിവയാൽ സ്തോതൃമിത്രം സുതർപ്പണം! (2)

വരിപ്പനി,ന്ദ്രാഗ്നികളെ ക്രതുചോദിതനായ ഞാൻ:
സോമത്താൽത്തൃപ്തരാകട്ടെ,യിങ്ങാ സ്തോതൃപരായണർ! (3)

വിളിപ്പനിന്ദ്രാഗ്നികളെ, ധ്വസ്താഘരെ,യരിഘ്നരെ,
അന്നമേറ്റം തരുന്നോരെ,ത്തോല്ക്കാത്ത സമജൈത്രരെ! (4)

ചൊല്ലിയും പാടിയും പൂജിയ്ക്കുന്നു, സ്തോതാക്കൾ നിങ്ങളെ;
വരിപ്പനിന്ദ്രാഗ്നികളേ, ഞാനുമന്നാഗമത്തിനായ് (5)

ഒന്നിച്ചൊറ്റയൊരുമ്പാടാൽ നിങ്ങളിന്ദ്രഹുതാശ്വാ,
കുലുക്കിയല്ലോ, തൊണ്ണൂറു പറ്റലർപ്പട്ടണങ്ങളെ! (6)

സ്തോത്രങ്ങളിന്ദ്രാഗ്നികളേ, പെരുമാറുന്നു മേന്മയിൽ,
യജ്ഞമാർഗ്ഗാനുസാരേണ കർമ്മത്തിൻ നാലിടത്തുമേ! (7)

അന്നങ്ങളും കെല്പുകളും സഹവർത്തികൾ നിങ്ങളിൽ;
നിക്ഷിപ്തം,മിന്ദ്രാഗ്നികളേ, നിങ്ങളിൽ പ്രേരകത്വവും! (8)

വിൺ വിളങ്ങിയ്ക്കുവോർ നിങ്ങളണി ചാർത്തുന്നു പോർകളിൽ;
അതുകൊണ്ടറിയാ,മിന്ദ്രാഗ്നികളേ, നിങ്ങൾതൻ തിറം! (9)

### കുറിപ്പുകൾ: സൂക്തം 12.

1. ഇത് – സോമം. കർമ്മസക്തരായ് – ഞങ്ങളുടെ കർമ്മത്തിൽ ശ്രദ്ധവെച്ച്.
2. മുൻഭാഗത്ത് – നിങ്ങളുടെ മുമ്പിൽ. ഇവയാൽ – ഞങ്ങളുടെ സ്തുതികളാൽ. സ്തോതൃമിത്രം – സ്തോതാക്കളെ സ്വർഗ്ഗാദിഫലപ്രാപ്തിയിൽ സഹായിയ്ക്കുന്നതു്. സുതർപ്പണം – ഇന്ദ്രിയങ്ങൾക്കു തൃപ്തിവരുത്തുന്നതു്. രണ്ടും നീരിന്റെ വിശേഷണം.
3. ക്രതുചോദിതൻ. – ക്രതു(യജ്ഞ)സാധനത്താൽ (സോമത്താൽ) പ്രേരിതൻ; സോമം കിട്ടിയതിനാൽ യജ്ഞം ചെയ്യാനൊരുങ്ങിയവൻ.
4. സമജൈത്രർ = ഒരേമട്ടിൽ ജയിയ്ക്കുന്നവർ.
5. ചൊല്ലിയും പാടിയും – സ്തോത്രം ചൊല്ലിയും, സാമം പാടിയും. അന്നാഗമം = അന്നലബ്ധി.
7. കമ്മത്തിലെങ്ങും നിങ്ങൾ പ്രകർഷേണ സ്തുതിയ്ക്കപ്പെടുന്നു.
8. സഹവർത്തികൾ = കൂടെപ്പാർക്കുന്നവ. പ്രേരകത്വം – മഴപെയ്യിച്ച്, അന്നമുൽപാദിപ്പിച്ച് യജ്ഞത്തിന്നു പ്രേരിപ്പിയ്ക്കൽ; ഇതും നിങ്ങളിൽ വെയ്ക്കപ്പെട്ടിരിയ്ക്കുന്നു.
9. അണി ചാർത്തുന്നു – ജയശ്രീഭൂഷിതരാകുന്നു, വിജയം നേടുന്നു. തിറം = ത്രാണി.

## സൂക്തം 13.

വിശ്വാമിത്രപുത്രൻ ഋഷഭൻ ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത. (‘താമരക്കണ്ണൻ’ പോലെ.)

നിങ്ങൾതൻ ദേവനാമീയഗ്നിയെ-
ത്തുംഗവാക്യത്താൽ വാഴ്ത്തുവിൻ:
വാനവരൊത്തു വന്നാ യജിഷ്ഠൻ
വാണരുളട്ടേ, ദർഭയിൽ! (1)

രോദസ്സുകളും രക്ഷിതാക്കളു-
മാർതൻ കെല്പിനെസ്സേവിപ്പൂ;
അസ്സത്യാത്മാവെ വാഴ്ത്തുന്നു, രക്ഷ-
യ്ക്കർത്ഥകാമർ ഹവിഷ്മാന്മാർ! (2)

യന്താവി,വർക്കദ്ധീമാനാമഗ്നി;
യജ്ഞങ്ങൾക്കുമദ്ദേഹംതാൻ;
സേവിപ്പിൻ, നിങ്ങളാ നിജാഗ്നിയെ,
ശ്രീവിധായിയാം ദാതാവെ! (3)

വിണ്ണന്തരിക്ഷങ്ങളിലുള്ള
വന്മുതൽ, നമുക്കാരാലോ;
ആയഗ്നി നമുക്കേകട്ടേ, സുഖ-
പ്രായഗൃഹങ്ങൾ കർമ്മാർത്ഥം! (4)

ഋദ്ധാഭൻ പ്രജാപാലൻ ഹോതാവു
നിത്യനവീനനഗ്നിയെ
വർദ്ധിപ്പിയ്ക്കുന്നു, തൻതിരുമേനി-
യ്ക്കൊത്ത കർമ്മത്താൽ സ്തോതാക്കൾ! (5)

കാത്താലു,മസ്മൽക്കർമ്മസ്തോത്രങ്ങൾ
പേർത്തും ദേവാഹ്വാതാവാം നീ;
വായുവർദ്ധിത, നല്കി,ങ്ങു സുഖ-
മായിരം തരും നീയഗ്നേ! (6)

നീയഗ്നേ, തരികെ,ങ്ങൾക്കു ചിക്കെ-
ന്നായിരപ്പടി വന്മുതൽ,
സദ്വീര്യപുഷ്ടിസന്താനകര,-
മത്യയഹിനമുജ്ജ്വലം! (7)

### കുറിപ്പുകൾ: സൂക്തം 13.

1. തുംഗവാക്യം – ഉയർന്ന (മഹത്തായ) സ്തോത്രം. യജിഷ്ഠൻ – വലിയ യഷ്ടാവ്. ഹോതാവിനോടും മറ്റും യജമാനൻ പറയുന്നതാണിത്.
2. രക്ഷിതാക്കൾ = ദേവന്മാർ; ദ്യാവാപൃഥിവികളും ദേവന്മാരും അഗ്നിയ്ക്കധീനരാണ്. അർത്ഥകാമർ = ധനേച്ഛുക്കൾ

3. ഇവർ – ഹവിഷ്മാന്മാർ, യജമാനന്മാർ. യജ്ഞങ്ങൾക്കും അദ്ദേഹം തന്നെ യന്താവ് (നിയാമകൻ). ആ നിജാഗ്നിയെ (സ്വന്തം അഗ്നിയെ) നിങ്ങൾ (ഋത്വിക്കുകൾ) സേവിപ്പിൻ (പരിചരിയ്ക്കുവിൻ). ശ്രീവിധായി = സമ്പൽക്കരൻ.

4. ആരാലോ – ആരുടെ പ്രസാദത്താലോ നമുക്കു കിട്ടുന്നു. സുഖപ്രായഗൃഹങ്ങൾ = സുഖമേറിയ ഗൃഹങ്ങൾ. കർമ്മാർത്ഥം = കമ്മാനുഷ്ഠാനങ്ങൾക്ക്.

5. ഋദ്ധാഭൻ = ശോഭ വളർന്നവൻ. തൻതിരുമേനിയ്ക്കൊത്ത – തദ്വിഷയകമായ.

6. അസ്മൽ(ഞങ്ങളുടെ) കർമ്മവും സ്തോത്രവും കാത്താലും – ഏറ്റക്കുറവുവരാതെ രക്ഷിച്ചാലും. പേർത്തും ദേവാഹ്വാതാവ് – വീണ്ടും വീണ്ടും ദേവന്മാരെ വിളിയ്ക്കുന്നവൻ. ഇങ്ങു – ഞങ്ങൾക്ക്. ആയിരം തരും – ആയിരം ധനം നല്കുന്ന.

7. സദ്വീര്യപുഷ്ടിസന്താനകരം = നല്ല വീര്യം, ദേഹപുഷ്ടി, സന്താനങ്ങൾ എന്നിവയെ ഉളവാക്കുന്നത്. അത്യയഹീനം – എത്ര ചെലവുചെയ്താലും ക്ഷയിയ്ക്കാത്തത്. ഉജ്ജ്വലം – രത്നകനകാദികൾകൊണ്ടു തിളങ്ങുന്നത്. മൂന്നും വന്മുതലിന്റെ വിശേഷണങ്ങൾ.

## സൂക്തം 14.

ഋഷഭൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത. (കേക)

ഹോതാവു ഹർഷിപ്പിപ്പോൻ സത്യവാൻ യഷ്ടാവഗ്നി
ധാതാവു മേധാശാലി മേധത്തിന്നെഴുന്നള്ളും:
തിളങ്ങും പള്ളിത്തേരിൽക്കേറുമശ്ശോചിഷ്കേശ-
നൊളി വീശുന്നു, കെല്പിൻപുത്രനന്തരിക്ഷത്തിൽ. (1)

ചൊല്ലുന്നേനുണർവേകുമങ്ങയ്ക്കു നമസ്കാരം;
കല്യ, സത്യാത്മൻ, കൈക്കൊൾക,ങ്ങിതു യജനീയ:
അറിവുറേറാരെക്കൊണ്ടുവരിക, വിജ്ഞൻ ഭവാൻ;
വിരിദർഭയിലിരുന്നരുൾക, സംരക്ഷയ്ക്കായ്! (2)

അന്നമുണ്ടാക്കും പകലല്ലുകൾ നിങ്കൽച്ചേരു-
ക;– ങ്ങുന്നമഗ്നേ, ചെല്ക, വായുവീഥിയിലൂടേ;
തുകിടുമല്ലോ, ഹവ്യം പൂർവനാം നിങ്കൽപ്പാടേ;
വാഴ്ക, വാഴ്കവ ഗേഹേ, തേർനുകത്തണ്ടിൽപ്പോലേ! (3)

മിത്രനും, വരുണനും ദേവകളെല്ലാവരും
ശക്തിസൂനവാമഗ്നേ, സ്തോത്രമോതുന്നു നിങ്കൽ:
മർത്ത്യർക്കായ്ക്കതിർകളെപ്പരത്തിത്തേജസ്സോടേ
വർത്തിയ്ക്കുന്നവനല്ലോ, ബലവാൻ സൂര്യൻ ഭവാൻ! (4)

കൈമലർന്നവരെങ്ങളിപ്പൊഴുതർപ്പിയ്ക്കുന്നു,
കാമ്യമങ്ങയ്ക്കു: നമസ്കാരത്താൽ പ്രസന്നനായ്
മേധാഭിലാഷത്തോടേ പൂജിയ്ക്ക ദേവന്മാരെ
മേധാവി ഭവാനഗ്നേ, വളരെ സ്തോത്രങ്ങളാൽ! (5)

വളരെസ്സംരക്ഷയുമന്നവും കർമ്മോദ്യുക്ത-
ന്നളവാകുന്നുണ്ടല്ലോ; നിങ്കൽനിന്നൂർജ്ജസ്സുനോ:
വിത്തമായിരം കല്പിച്ചേകുക, ഞങ്ങൾക്കു നീ-
യദ്രോഹവചസ്സായ സത്യവാനെയുമഗ്നേ! (6)

യാഗത്തിലഗ്നേ, ദേവ, മർത്ത്യരാം ഞങ്ങളെവ-
യേകിയോ, ഭവാനു കെല്പുറേറാനേ, കവിപ്രജ്ഞ;
ആസ്വദിച്ചാലുമവയൊക്കെയിങ്ങമൃത, നീ;
ഭാസ്വരരഥർക്കെല്ലാമാൾ നീയെന്നറിഞ്ഞാലും! (7)

### കുറിപ്പുകൾ: സൂക്തം 14.

1. മേധം = യാഗം.
2. പ്രത്യക്ഷോക്തി: കല്യ – ബലവാനേ. ഇത് – നമസ്കാരോക്തി. അറിവുറേറാർ – ദേവന്മാർ.

3. ചെല്ക — ദിനരാത്രികളുടെ അരികത്തെയ്ക്കു ചെല്ലുക. വായുവീഥി — ആകാശം. പ്രഭാതത്തിലും സായംകാലത്തുമാണല്ലോ, പൂർവ(പുരാതന)നായ ഭവാങ്കൽ ഹവ്യം ഹുതക; അതിനാൽ അവ (പകലല്ലുകൾ) ഞങ്ങളുടെ ഗേഹത്തിൽ വാഴ്ക വാഴ്ക — വീണ്ടും വീണ്ടും വസിയ്ക്കട്ടെ. തേർനുകത്തണ്ടിൽ — ഈഷകൾ (നുകത്തണ്ടിന്റെ ഇരുവശത്തും വെയ്ക്കുന്ന മരപ്പട്ടികകൾ — 'ഇരുപ്പടി' — )നില്ക്കുന്നതുപോലെ.

4. ശക്തിസൂനു — അരണിമഥനബലത്തിന്റെ പുത്രൻ. സൂര്യൻ = ശോഭനവീര്യൻ.

5. കൈമലർന്നവർ — ഹവിസ്സെടുത്തതിനാൽ കൈ മലർന്നവരായ. കാമ്യം — കമനീയമായ പുരോഡാശവും മറ്റും. മേധാഭിലാഷം = യാഗേച്ഛ.

6. ഊർജ്ജസ്സൂനോ = ബലത്തിന്റെ മകനേ. അദ്രോഹവചസ്സ് — ആർക്കും ഉപദ്രവമുണ്ടാക്കാതെ സംസാരിയ്ക്കുന്നവൻ. സത്യവാനെയും — സത്യവാനായ പുത്രനെയും കല്പിച്ചേകുക.

7. ഭാസ്വരരഥർ — ശോഭനമായ തേരുള്ളവർ, യജമാനന്മാർ. ആൾ — രക്ഷിതാവ്.

## സൂക്തം 15.

കതഗോത്രക്കാരൻ ഉൽകീലൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത. (കേക)

പുരുതേജസ്സാലേറ്റം വിളങ്ങും ഭവാൻ മുടി-
ച്ചരുൾക, മാററാരെയും ശക്തരാക്ഷസരെയും:
അഗ്ര്യമാം സുഖം നല്കും പെരിയ സുഹവനാ-
മഗ്നിയെ നയിയ്ക്കുമാറാക, ഞാൻ സുഖത്തിന്നായ്! (1)

ഇപ്പുലർകാലത്തു നീ, ഭാസ്കരോദയത്തിൽ നീ-
യിപ്പുരിഷയ്ക്കു പരിത്രാതാവെന്നറിഞ്ഞാലും:
അച്ഛനുണ്ണിയെയെന്നപോലവേ ലാളിയ്ക്ക, നീ
നിച്ചലും മൽസ്തോത്രത്തെസ്സുപ്രഭാംഗനാമഗ്നേ! (2)

വളരെജ്ജ്വാലകളെ വർഷക, മുറയ്ക്കല്ലിൽ-
ത്തിളങ്ങിത്തെളിയിയ്ക്ക, മർത്ത്യദർശി നീയഗ്നേ;
നീക്കുക പാപം വസോ; കിട്ടിയ്ക്ക ഫലം; സിദ്ധ-
മാക്കുകെ,തങ്ങൾതൻ വിത്തകാമം നീ യുവതമ! (3)

മാററാർതൻ പുരികളും സമ്പത്തുമെല്ലാം കീഴ്ച്ചെ-
ച്ചേറ്റമാളുക, വർഷിൻ, തോല്ക്കാത്ത ഭവാനഗ്നേ;
നടത്തുകൊ,ന്നാമതാം ഫലദമഹായജ്ഞം,
വടിവിൽ നയിയ്ക്കുവാനറിവുള്ളോനാം ഭവാൻ! (4)

വിടവു പെടായ്ക,മ്പർക്കുള്ള സൽക്കർമ്മങ്ങൾക്കി,-
ങ്ങുടലിൽജ്ജര കേറ്റമുജ്ജ്വല, സുമേധസ്സേ;
വണ്ടിപോല,നങ്ങാതങ്ങോട്ടു വാങ്ങുക, ഹവ്യം;
ഉണ്ടാക്കുകൊ,ളി ഭവാൻ വാനൂഴികളിലഗ്നേ! (5)

കൈവളർത്തുക; തരിക,ന്നവുമഗ്നേ, വർഷിൻ;
ദേവ, ദേവകളൊന്നിച്ചുജ്ജ്വലശ്രീയാം ഭവാൻ
സുഷ്ഠുവായ്ച്ചുരത്തിയ്ക്ക, വാനൂഴികളെ ഞങ്ങൾ;-
ക്കൊട്ടുമെങ്ങളിലേശായ്ക്കെ,തിരാളിതൻ ദ്രോഹം! (6)

അഗ്നേ, അങ്ങു കർമ്മമേറിയ ഗോപ്രദാത്രിയായ ഭൂമിയെ സ്തോതാവിന്ന് എന്നെയ്ക്കുമായി കിട്ടിച്ചാലും; ഞങ്ങൾക്കു മകനും അവന്റെ മകനും ജനിയ്ക്കുമാറാകണം; അങ്ങയുടെ ആ നന്മനസ്സു ഞങ്ങളിലെത്തട്ടെ! (7)

### കുറിപ്പുകൾ: സൂക്തം 15.

1. ശക്തരാക്ഷസർ = ത്രാണിയുള്ള രക്ഷസ്സുകൾ. സുഹവൻ = ശോഭനാഹ്വാനൻ. നയിയ്ക്കുക – ഉത്തരവേദിയിലും മറ്റും കൊണ്ടുപോവുക.
2. ഇപ്പുരിഷ – ഞങ്ങൾ.
3. മുറയ്ക്ക് – ക്രമേണ. മർത്ത്യദർശി – മനുഷ്യരുടെ ശുഭാശുഭകർമ്മങ്ങൾ കാണുന്നവൻ. വിത്തകാമം (ധനാഭിലാഷം) സിദ്ധമാക്കുക – നിറവേറ്റുക.
4. ഒന്നാമത്തെ മഹായജ്ഞം, ജ്യോതിഷ്ടോമമത്രേ.

5. ഉടലിൽജ്ജര കേറ്റും – സർവപ്രാണികളുടെയും ശരീരത്തിൽ അവസാനകാലത്തു ജര പിടിപ്പിയ്ക്കുന്ന. വണ്ടി – ധാന്യങ്ങളും മറ്റും കേറ്റപ്പെട്ട്, ഉടമസ്ഥങ്കലെത്തിയ്ക്കുന്ന ശകടം.

6. കൈവളർത്തുക – ഞങ്ങൾക്ക് അഭിലഷിതഫലങ്ങൾ വർദ്ധിപ്പിയ്ക്കുക. വാന്നഴികളെ സുഷ്ഠുവായ് (നന്നായി) ചുരത്തിയ്ക്ക – മഴയും സസ്യങ്ങളും വേണ്ടുവോളം ഞങ്ങൾക്കു കിട്ടട്ടെ എന്നു സാരം.

## സൂക്തം 16.

ഉൽകീലൻ ഋഷി; ബൃഹതിയും സതോബൃഹതിയും ഛന്ദസ്സ്; അഗ്നി ദേവത. (മഞ്ജരി)

ശോഭനവീര്യമിണങ്ങും മഹത്തായ
സൌഭാഗ്യത്തിന്നു പോന്നോ,നീയഗ്നി;
സുപ്രജാഗോയുക്തസ്വത്തിന്നു പോന്നവൻ
കില്ബിഷോച്ചിത്തിയ്ക്കും പോന്നോൻതന്നെ! (1)

ദുർവിചാരക്കാരെപ്പോർകളിൽത്തോല്പിയ്ക്കും –
സർവദാ വൈരിയെക്കൊല്ലുമെവർ –
ആ മരുത്തുക്കളേ, നിങ്ങളിസ്സൌഖ്യദ-
ശ്രീമാങ്കൽച്ചെല്ലുവിൻ, നേതാക്കളേ! (2)

തദ്വിധൻ നീ മൂർച്ചകൂട്ടുക, ഞങ്ങളെ
വിത്താഢ്യനായ വൃഷാവാമഗ്നേ,
സുപ്രജാവീര്യൌർജ്ജിത്യാരോഗ്യഹേതുവാ-
മല്പേതരമായ സമ്പത്തിനാൽ! (3)

പാരൊക്കെസ്സൃഷ്ടിച്ചോൻ, ഭാരം വഹിപ്പവ,-
നാരാധിപ്പോനി,വൻ ദേവന്മാരെ;
സ്തോതാക്കന്മാരിലും പോരിലും ചെല്ലുന്നു,
നേതാക്കന്മാരുടെ 'ശസ്ത്ര'ത്തിലും! (4)

വിട്ടുകൊടുക്കൊല്ലാ ഞങ്ങളെശ്ശക്തിജ,
കഷ്ടപ്പാടിന്നുമപുത്രതയ്ക്കും
ഗോരാഹിത്യത്തിന്നും നിന്ദയ്ക്കുമഗ്നേ, നീ;
ദൂരീകരിയ്ക്കേണം, ദ്വേഷങ്ങളും! (5)

പാരിച്ച സപ്രജമാകുമന്നത്തിനു
പോരുവോൻ, യജ്ഞേ സുഭഗ, ഭവാൻ:
ഭൂരിദ്രവിണ, തരേണമേ, സൌഖ്യവും
പേരും വളർത്തും വൻസമ്പത്തഗ്നേ! (6)

### കുറിപ്പുകൾ: സൂക്തം 16.

1. സൌഭാഗ്യത്തിന്നു പോന്നോൻ – സൌഭാഗ്യം നല്കാൻ ശക്തനാണ്. കില്ബിഷോച്ചിത്തി = പാപത്തെ നശിപ്പിയ്ക്കൽ.
2. സൌഖ്യദശ്രീമാൻ = സൌഖ്യം നല്കുന്ന സമ്പത്തുകളോടുകൂടിയവൻ.
3. തദ്വിധൻ = അപ്രകാരമിരിയ്ക്കുന്നവൻ. മൂർച്ചകൂട്ടുക – കർമ്മസമർത്ഥരാക്കുക. ഔർജ്ജിത്യം = ബലം.
5. ശക്തിജ – ബലജാത. കഷ്ടപ്പാട് – ദാരിദ്ര്യം. അപുത്രത – മക്കളില്ലായ്ക. ഗോരാഹിത്യം = മാടുകളില്ലായ്ക.
6. ഭൂരിദ്രവിണ = വളരെദ്ധനമുള്ളവനേ. പേരും = യശസ്സും.

## സൂക്തം 17.

വിശ്വാമിത്രപുത്രൻ കതൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

ധർമ്മങ്ങളിൽ മുമ്പേ ഉജ്ജ്വലിപ്പിയ്ക്കപ്പെടുന്നവനും, ഏവർക്കും വരണീയനും, ശോചിഷ്കേശനും, നെയ്യുരുക്കുന്നവനും, ശുദ്ധി വരുത്തുന്നവനും, സുയജ്ഞനുമായ അഗ്നിയിൽ, ദേവകളെ യജിപ്പാൻവേണ്ടി നെയ്യും മറ്റും ഋകുന്നു. (1)

അഗ്നേ, ജാതവേദസ്സേ, കർമ്മജ്ഞനായ ഭവാൻ ഭൂവിന്റെയും ദ്യോവിന്റെയും ഹോതാവായല്ലോ; അപ്രകാരം ഈ ഹവിസ്സുകൊണ്ടു ദേവന്മാരെ യജിച്ചാലും; ഇന്ന് ഈ യജ്ഞത്തെ, മനുവിന്റേതിനെപ്പോലെ മറുകരയിലെത്തിയ്ക്കുകയും ചെയ്താലും! (2)

ജാതവേദസ്സേ, അങ്ങയ്ക്ക് അന്നങ്ങൾ മൂന്നുണ്ട്; അഗ്നേ, മൂന്നുഷസ്സുകൾ അങ്ങയുടെ അനുജത്തിമാരാകുന്നു. അവരോടുകൂടിയ വിദ്വാനായ ഭവാൻ അന്നം ദേവന്മാരിലെത്തിച്ചാലും; യജമാനന്നു സുഖവും വരുത്തുക! (3)

ജാതവേദസ്സേ, നല്ല തേജസ്സും നല്ല കാഴ്ചയുമുള്ള സ്തുത്യനായ അഗ്നിയെ – നിന്തിരുവടിയെ – ഞങ്ങൾ സ്തുതിച്ചു പൂജിയ്ക്കുന്നു: നിസ്സംഗനും അമൃതിന്റെ ഇരിപ്പിടവുമായ നിന്തിരുവടിയെ ദേവന്മാർ ഹവിസ്സു വഹിയ്ക്കുന്ന ദൂതനാക്കിവെച്ചു! (4)

അഗ്നേ, അങ്ങയെക്കാൾ മുമ്പേ ഒരു അതിയഷ്ടാവായ ഹോതാവു സ്വധയോടുകൂടി രണ്ടിടത്തുമിരുന്നു സുഖമുളവാക്കിയല്ലോ; വിദ്വൻ, അദ്ദേഹത്തിന്റെ ധർമ്മം നോക്കി ഭവാൻ യജിച്ചാലും. അങ്ങനെ ഞങ്ങളുടെ യാഗം ദേവകൾക്കു പ്രീതികരമാക്കിയാലും! (5)

### കുറിപ്പുകൾ: സൂക്തം 17.

1. ധർമ്മങ്ങൾ – യജ്ഞങ്ങൾ.
3. നെയ്യ്, സസ്യം, സോമം എന്നിവയത്രേ, മൂന്നന്നങ്ങൾ. മൂന്നുഷസ്സുകൾ – പ്രജാരക്ഷിണിയും അന്നരക്ഷിണിയും രാഷ്ട്രരക്ഷിണിയുമായ ഉഷോദേവതകൾ.
5. സ്വധ – അന്നം, സോമം. രണ്ടിടം – മധ്യമോത്തമസ്ഥാനങ്ങൾ. സുഖം – യഷ്ടാക്കൾക്ക്.

## സൂക്തം 18.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

അഗ്നേ, ഭവാൻ ഇവിടെ വരാൻ കനിഞ്ഞു, തോഴൻ തോഴന്നും, അച്ഛനമ്മമാർ മകന്നുമെന്നപോലെ ഞങ്ങൾക്കു കാര്യസാധകനായിബ്ഭവിച്ചാലും: മനുഷ്യർ മനുഷ്യരെ തുലോം ഉപദ്രവിച്ചുകൊണ്ടിരിയ്ക്കുമല്ലോ; നേരിടുന്ന വൈരികളെ അങ്ങു ചുട്ടെരിയ്ക്കണം! (1)

അഗ്നേ, ആക്രമിയ്ക്കുന്ന ശത്രുക്കളെ തപിപ്പിയ്ക്കുക; ഹവിസ്സർപ്പിയ്ക്കാത്ത എതിരാളിയുടെ ആശ തപിപ്പിയ്ക്കുക; വസോ, അറിവുള്ള ഭവാൻ സൽക്കർമ്മവിമുഖരെ തപിപ്പിയ്ക്കുക. അങ്ങനെ, അങ്ങയുടെ രശ്മികൾ തടവില്ലാത്തവയാകട്ടെ! (2)

അഗ്നേ, ധനകാമനായ ഞാൻ ഭവാനു ദ്രുതഗതിയ്ക്കും ബലത്തിന്നുമായി, ചമതയോടും നെയ്യോടും കൂടി ഹവിസ്സു ഹോമിയ്ക്കുന്നു; ആവുന്നേടത്തോളം സ്തോത്രം ചൊല്ലി വന്ദിയ്ക്കുന്നു. അങ്ങ് ഈ സ്തുതിയെ, നൂറുനൂറായിക്കിട്ടുമാറു വിളങ്ങിച്ചാലും! (3)

ബലത്തിന്റെ മകനേ, അവിടുന്നു കത്തിജ്ജ്വലിയ്ക്കുക: അഗ്നേ, സ്തുതിയ്ക്കപ്പെട്ട ഭവാൻ പുകഴ്ത്തുന്ന വിശ്വാമിത്രഗോത്രക്കാർക്കു വളരെ അന്നവും ധനവും രോഗശമവും ഭയശാന്തിയും കല്പിച്ചരുളുക; കർത്താവേ, ഞങ്ങൾ അങ്ങയുടെ തിരുമെയ് വളരെത്തവണ കഴുകാം! (4)

നല്ല ദാതാവായ അഗ്നേ, അവിടുന്നു കത്തിജ്ജ്വലിയ്ക്കുമ്പോൾത്തന്നെ, ധനങ്ങളിൽവെച്ചു മികച്ചതു തന്നരുളിയാലും: സുഭഗനായ സ്തോതാവിന്റെ ഗൃഹത്തിൽ, ധനമുണ്ടാകുമാറു പെരുമാറുന്നവയാണല്ലോ, ഇരുതൃക്കൈകളും തിരുവുടലും! (5)

### കുറിപ്പുകൾ: സൂക്തം 18.

3. നൂറുനൂറായി കിട്ടുമാറ് – ഞങ്ങൾക്കു ധനം വളരെ വളരെ കിട്ടത്തവണ്ണം.
4. കഴുകാം – സോമരസാദികൾകൊണ്ട്.
5. തൃക്കൈകൾ – ജ്വാലകൾ.

## സൂക്തം 19.

ഗാഥി ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

സ്തുതിയ്ക്കുന്ന, കവിയായ, സർവജ്ഞനായ, അമൂഢനായ അഗ്നിയെ ഞാൻ യജ്ഞത്തിൽ ഹോതാവാക്കി വരിയ്ക്കുന്നു: ആ അതിയഷ്ടാവു ഞങ്ങളുടെ ദേവകളെ യജിയ്ക്കട്ടെ; ധനവും അന്നവും തരാനായി ഹവിസ്സുകൾ സ്വീകരിയ്ക്കുകയുംചെയ്യട്ടെ! (1)

അഗ്നേ, ഹവിസ്സും നെയ്യും നിറച്ച, നല്ല ശോഭയുള്ള ജുഹു ഞാൻ അങ്ങയുടെ നേർക്കു നീട്ടുന്നു. ദേവകളെ ബഹുമാനിയ്ക്കുന്ന ഭവാൻ ദേയങ്ങളായ ധനങ്ങളോടുകൂടി, വലംവെച്ചു യജ്ഞത്തിൽ സംബന്ധിച്ചാലും! (2)

അഗ്നേ, ഭവാൻ ആരെ രക്ഷിയ്ക്കുന്നുവോ, അവന്റെ മനസ്സു ശുഷ്കാന്തിയുള്ളതായിത്തീരും; അവന്നു സത്സന്താനത്തെയും ധനത്തെയും കല്പിച്ചുനല്കുക. ഞങ്ങൾ ധനം പെരികെക്കൊണ്ടുവരുന്ന ഭവാന്റെ മഹിമയിൽ ഉൾപ്പെട്ടുമാറാകണം – അങ്ങയെ വഴിപോലെ സ്തുതിച്ചു സമ്പന്നരാകണം! (3)

അഗ്നേ, തിരുമേനിയെ യജിയ്ക്കുന്ന ആളുകൾ വളരെസ്സൈന്യങ്ങളെ ഭവാങ്കൽ ഉണ്ടാക്കുന്നുണ്ടല്ലോ; ആ ഭവാൻ ദേവന്മാരെ വിളിച്ചാലും: ഹേ യുവതമ, ഇവിടെ ദിവ്യമായ തേജസ്സിനെ യജിയ്ക്കുന്നവനാണല്ലോ, ഭവാൻ! (4)

അഗ്നേ, യജനത്തിന്ന് ഋത്വിക്കുകൾ ഹോതാവായ ഭവാനെ യജ്ഞത്തിലിരുത്തി, കുളിപ്പിച്ചുവല്ലോ; ആ ഭവാനാണ്, ഇതിൽ ഞങ്ങൾക്കു രക്ഷിതാവെന്ന് അറിഞ്ഞാലും. ഞങ്ങളുടെ കിടാങ്ങൾക്ക് ആഹാരവും കൊടുക്കുക! (5)

### കുറിപ്പുകൾ: സൂക്തം 19.

1. സ്തുതിയ്ക്കുന്ന – ദേവകളെ.
2. ദേയങ്ങൾ – ഞങ്ങൾക്കു തരേണ്ടുന്നവ.
3. ശുഷ്കാന്തി – സൽക്കർമ്മങ്ങളിൽ നിശിതമായ ശ്രദ്ധ. മഹിമയിൽ ഉൾപ്പെടുക – അങ്ങയുടെ ധനദാനത്തിന്നു പാത്രങ്ങളാവുക എന്നു സാരം.
4. സൈന്യങ്ങൾ – ജ്വാലകൾ. ദിവ്യമായ തേജസ്സിനെ – ദേവഗണത്തെ.
5. കുളിപ്പിച്ചുവല്ലോ – നെയ്യാടിച്ചുവല്ലോ. ഇതിൽ – ഈ കർമ്മത്തിൽ.

## സൂക്തം 20.

ഗാഥി ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിശ്വേദേവകളും അഗ്നിയും ദേവത.

അഗ്നി, ഉഷസ്സ്, അശ്വികൾ, ദധിക്രാവ് എന്നിവരെ ഹോതാവു പുലർകാലത്ത് ഉക്ഥങ്ങൾകൊണ്ടു വിളിയ്ക്കുന്നു; ഇതു, ഞങ്ങളുടെ യജ്ഞത്തെ ഇച്ഛിയ്ക്കുന്ന സുപ്രഭരായ ദേവന്മാർ ഒത്തൊരുമിച്ചു കേൾക്കട്ടെ! (1)

അഗ്നേ, യജ്ഞങ്ങളിൽ ജനിച്ചവനേ, അങ്ങയ്ക്കു മൂന്നന്നവും, മൂന്നു സ്ഥാനവുമുണ്ട്; അങ്ങയ്ക്കു പൂരകമായ മൂന്നു നാവുണ്ട്; അങ്ങയ്ക്കു ദേവന്മാർ അഭിലഷിച്ച മൂന്നു തിരുവുടലുണ്ട്. അവകൊണ്ടു ഭവാൻ ഞങ്ങളുടെ സ്തുതികളെ നിഷ്പ്രമാദം സംരക്ഷിച്ചാലും! (2)

അഗ്നേ, ദേവ, ജാതവേദസ്സേ, അന്നസമേത, അമരണായ അങ്ങയ്ക്കു വളരെയുണ്ട്, തിരുനാമങ്ങൾ. ലോകത്തിനു മതിവരുത്തുന്നവനേ, ഫലൈഷികൾക്കു ബന്ധുവായുള്ളോവേ, മായാവികളുടെ വളരെ മായകളും ഭവാങ്കൽ വെയ്ക്കപ്പെട്ടിരിയ്ക്കുന്നു! (3)

ഋതുപ്രവത്തകനായ സൂര്യൻപോലെ മനുഷ്യരുടെയും ദേവകളുടെയും നേതാവായി, സത്യകർമ്മാവായി, വൃത്രസൂദനനായി, സനാതനനായി, വിശ്വവേദസ്സായിരിയ്ക്കുന്ന ആ അഗ്നിദേവൻ സ്തോതാവിനെ സർവദുരിതങ്ങളും കടത്തിവിടട്ടെ! (4)

ദധിക്രാവ്, അഗ്നി, ഉഷോദേവി, ബൃഹസ്പതി, സവിതൃദേവൻ, അശ്വികൾ, മിത്രൻ, വരുണൻ, ഭഗൻ, വസുക്കൾ, രുദ്രന്മാർ, ആദിത്യന്മാർ എന്നിവരെ ഞാൻ ഇവിടെയ്ക്കു വിളിയ്ക്കുന്നു! (5)

### കുറിപ്പുകൾ: സൂക്തം 20.

1. ദധിക്രാവ് – ഒരു ദേവൻ. ഇത് – വിളി.
2. മൂന്നു സ്ഥാനം – മൂവുലകം. പൂരകം – ദേവന്മാരുടെ വയർ നിറയ്ക്കുന്നത്. മൂന്നു നാവ് – ഗാർഹപത്യം, ആഹവനീയം, ദക്ഷിണം. മൂന്നു തിരുവുടൽ – പവമാനം, പാവകം, ശുചി.
3. യജ്ഞം മുടക്കുന്നവരുടെ മായകൾ പോക്കി, ഞങ്ങളുടെ യജ്ഞം രക്ഷിച്ചാലുമെന്നു രണ്ടാംവാക്യത്തിന്റെ ധ്വനി.
4. വൃത്രസൂദനനൻ = പാപനാശനൻ,

## സൂക്തം 21.

ഗാഥി ഋഷി; ത്രിഷ്ടുപ്പും, അനുഷ്ടുപ്പും, വിരാട്സതോബൃഹതിയും ഛന്ദസ്സുകൾ; അഗ്നി ദേവത.

ജാതവേദസ്സേ, അവിടുന്നു ഞങ്ങളുടെ ഈ യജ്ഞത്തെ അമർത്ത്യരിൽ എത്തിയ്ക്കുക; ഈ ഹവ്യങ്ങൾ കൈക്കൊള്ളുകയുംചെയ്യുക. അഗ്നേ, ഹോതാവേ, അവിടുന്ന് ഇരുന്നരുളി, ഒന്നാമനായിട്ടു വപയുടെയും നെയ്യിന്റെയും തുള്ളികൾ ഭക്ഷിച്ചാലും! (1)

ദേവ, പാവക, ധർമ്മകർമ്മത്തിൽ അങ്ങയ്ക്കുമറേത്തിനു നെയ്യിന്റേയും വപയുടെയും തുള്ളികൾ ഇററിററുവീഴുന്നു; അങ്ങു ഞങ്ങൾക്കു മികച്ച ധനം തന്നരുളുക! (2)

ഫലദാതാവായ അഗ്നേ, മേധാവിയായ അവിടെയ്ക്കു നൈ ഇററിററുവീഴുന്നു; ഋഷിയും ശ്രേഷ്ഠനുമായ ഭവാൻ ജ്വലിപ്പിയ്ക്കപ്പെടുന്നു. അവിടുന്നു യജ്ഞത്തെ സംരക്ഷിച്ചാലും! (3)

സതതസഞ്ചാരിയും ശക്തിമാനുമായ അഗ്നേ, അങ്ങയ്ക്കു വപയുടെയും നെയ്യിന്റെയും തുള്ളികൾ ഇററിററുവീഴുന്നു; മേധാവിൻ, കവികളാൽ സ്തുതിയ്ക്കപ്പെട്ട ഭവാൻ വളർന്ന തേജസ്സോടേ വന്നു, ഹവിസ്സുകൾ സ്വീകരിച്ചാലും! (4)

അങ്ങയ്ക്കായി നടുവിൽനിന്നെടുക്കപ്പെട്ട കാമ്പുററ വപ ഞങ്ങൾ അങ്ങയ്ക്കർപ്പിയ്ക്കുന്നു: വസോ, അതിന്റെ തുള്ളികൾ തിരുമെയ്യിൽ വീഴുന്നു; അവ ഭവാൻ ദേവകൾക്കു വീതിച്ചാലും! (5)

### കുറിപ്പുകൾ: സൂക്തം 21.

1. ഒന്നാമനായിട്ട് – ഋത്വിക്കുകളെക്കാൾ മുമ്പെ.
2. ധർമ്മകർമ്മം – യജ്ഞം.
4. കവികൾ – കർമ്മജ്ഞർ.
5. നടുവിൽനിന്ന് – പശുവിന്റെ മധ്യഭാഗത്തുനിന്ന്.

## സൂക്തം 22.

ഗാഥി ഋഷി ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സ് ; പഞ്ചചിതിരൂപാഗ്നികൾ ദേവത.

ആരിൽ പിഴിഞ്ഞൊഴിച്ച സോമമോ, ഇന്ദ്രൻ കൊതിയോടേ തിരുവയറ്റിലാക്കിയത്; ആ അഗ്നി ഇതാ! ജാതവേദസ്സേ, അങ്ങ് ഒരായിരം വടിവെടുത്തു നില്ക്കാതെ പായുന്ന ഒരശ്വത്തെയെന്നപോലെ അന്നത്തെ സ്വീകരിച്ചു, സ്തുതിയ്ക്കപ്പെടുന്നു. (1)

അഗ്നേ, യജനീയ, അങ്ങയുടേതുതന്നെ, ദ്യോവിലും ഭൂവിലും സസ്യങ്ങളിലും ജലത്തിലുമുള്ള തേജസ്സ്. ഇതുകൊണ്ടാണല്ലോ, വിളങ്ങിത്തിളങ്ങുന്ന മഹാനും മനുഷ്യസാക്ഷിയുമായ ഭവാൻ അന്തരിക്ഷത്തെ വീതിവെപ്പിച്ചത്! (2)

അഗ്നേ, അങ്ങു ദ്യോവിലെ ജലത്തിൽ നേരിട്ടണയുന്നു; പ്രാണദേവന്മാരെ ക്രമേണ ഒരുമിപ്പിയ്ക്കുന്നു; സൂര്യന്നു മീതേ രോചനത്തിലും, താഴത്തുമുള്ള ജലങ്ങളെ പ്രേരിപ്പിയ്ക്കുകയുംചെയ്യുന്നു! (3)

പുരീഷ്യരായ അഗ്നികൾ ഒത്തൊരുമിച്ചു, പാരക്കോലുകളുമെടുത്തു യജ്ഞത്തിൽ സംബന്ധിയ്ക്കട്ടെ; രോഗരഹിതങ്ങളായ മികച്ച അന്നങ്ങൾ സസ്നേഹം തരട്ടെ! (4)

അഗ്നേ, അങ്ങു കർമ്മമേറിയ ഗോപ്രദാത്രിയായ ഭൂമിയെ സ്തോതാവിന്ന് എന്നെയ്ക്കുമായി കിട്ടിച്ചാലും; ഞങ്ങൾക്കു മകനും അവന്റെ മകനും ജനിയ്ക്കുമാറാകട്ടെ; അങ്ങയുടെ ആ നന്മനസ്സു ഞങ്ങളിലെത്തട്ടെ! (5)

### കുറിപ്പുകൾ: സൂക്തം 22.

1. ഒടുവിലെ വാക്യം പ്രത്യക്ഷോക്തി: ഒരായിരം വടിവെടുത്തു – യുദ്ധത്തിൽ നാനാരൂപിയായി (അങ്ങനെ തോന്നിച്ചുകൊണ്ട്).
3. രോചനം – ഒരു ലോകം. താഴത്തും – അന്തരിക്ഷത്തിലും.
4. പുരീഷ്യരായ അഗ്നികൾ – ചയനാഗ്നികൾ. പാരക്കോലുകൾ – മണ്ണു കുഴിയ്ക്കാനുള്ള ഒരുതരം ആയുധങ്ങൾ. യജ്ഞത്തിൽ – ഞങ്ങൾ അഗ്നിചയനപൂർവകം അനുഷ്ഠിയ്ക്കുന്ന ഈ സോമയാഗത്തിൽ.

## സൂക്തം 23.

ഭരതപുത്രന്മാരായ ദേവശ്രവസ്സും ദേവവാതനും ഋഷികൾ; ത്രിഷ്ടുപ്പും സതോബൃഹതിയും ഛന്ദസ്സുകൾ; അഗ്നി ദേവത.

മഥിയ്ക്കപ്പെട്ടു ഗൃഹത്തിൽ പ്രതിഷ്ഠാപിതൻ, യുവാവ്, കവി, യജ്ഞനിർവാഹകൻ, വനങ്ങൾ വാർദ്ധക്യമടഞ്ഞാലും വാർദ്ധക്യം പെടാത്തവൻ – ഇങ്ങനെയുള്ള ജാതവേദസ്സായ അഗ്നി ഇവരിൽ അമൃതം നിക്ഷേപിയ്ക്കുന്നു! (1)

നല്ല മിടുക്കുള്ള ധനവാനായ അഗ്നിയെ ഭരതന്റെ പുത്രന്മാരായ ദേവശ്രവസ്സും ദേവവാതനും കടഞ്ഞുണ്ടാക്കി. അഗ്നേ, അങ്ങു വളരെദ്ധനത്തോടുകൂടി തൃക്കൺപാർത്താലും; ഞങ്ങൾക്കു നാൾതോറും അന്നങ്ങൾ കൊണ്ടുവന്നാലും! (2)

ദേവവാതന്റെ പത്തു കൈവിരലുകൾ ഈ പുരാതനനെ ജനിപ്പിച്ചു: ദേവശ്രവസ്സേ, രണ്ടമ്മമാരിൽ വഴിപോലെ പിറന്ന കമനീയനായ അഗ്നിയെ, ഭവാൻ സ്തുതിയ്ക്കുക; ജനങ്ങൾക്കു വശഗനാണല്ലോ, ഇദ്ദേഹം! (3)

അഗ്നേ, ദിവസങ്ങളെ സുദിനങ്ങളാക്കാൻവേണ്ടി, അങ്ങയെ ഞാൻ പരന്ന ഭൂമിയുടെ പ്രധാനസ്ഥാനത്തു പ്രതിഷ്ഠിയ്ക്കുന്നു; അങ്ങു ദൃഷദ്വതിയിലും തീരത്തും ആപയയിലും സരസ്വതിയിലും ധനയുക്തനായി സമുജ്ജ്വലിച്ചാലും! (4)

അഗ്നേ, അങ്ങു കർമ്മമേറിയ ഗോപ്രദാത്രിയായ ഭൂമിയെ എന്നെയ്ക്കുമായി സ്തോതാവിന്നു കിട്ടിച്ചാലും; ഞങ്ങൾക്കു മകനും അവന്റെ മകനും ജനിയ്ക്കുമാറാകട്ടെ; അങ്ങയുടെ ആ നന്മനസ്സു ഞങ്ങളിലെത്തട്ടെ! (5)

### കുറിപ്പുകൾ: സൂക്തം 23.

1. വനങ്ങൾ – താൻ ചുട്ടെരിയ്ക്കുന്ന കാടുകൾ. ഇവർ – സ്തുതിയ്ക്കുന്ന യജമാനന്മാർ. അമൃതം – അക്ഷയമായ അന്നം.
2. തൃക്കൺപാർത്താലും – ഞങ്ങളെ അനുഗ്രഹദൃഷ്ടിയാൽ നോക്കിയാലും.
3. രണ്ടമ്മമാർ – അരണികൾ. ജനങ്ങൾ – സ്തുതിയ്ക്കുന്ന ആളുകൾ.
4. പ്രധാനസ്ഥാനം – ഉത്തരവേദി. ദൃഷദ്വതി മുതലായ നദികളുടെ തീരം യജ്ഞോചിതമായ പുണ്യസ്ഥലമാകുന്നു.

## സൂക്തം 24.

വിശ്വാമിത്രൻ ഋഷി; അനുഷ്ടുപ്പും ഗായത്രിയും ഛന്ദസ്സുകൾ; അഗ്നി ദേവത.

അഗ്നേ, പടയെ വെൽക; – റ്റക്കാരെപ്പോക്കുക; മാറ്റരെ
പിന്നിട്ടു, ദുസ്തരൻ നീയിങ്ങന്നം യഷ്ടാവിനേകുക! (1)

അഗ്നേ, വേദിയിൽ നന്നായിജ്ജ്വലിപ്പിയ്ക്കപ്പെടുന്നു, നീ;
വീതിഹോത്രനമർത്ത്യൻ നീ ചേർന്നാലും, ഞങ്ങൾതൻ മഖേ! (2)

അഗ്നേ, മഹസ്സോടുണർവാർന്നരുൾവോനേ, ബലാത്മജ,
വിളിയ്ക്കപ്പെട്ട നീയെന്റെയിദ്ദർഭയിലിരിയ്ക്കുക! (3)

അഗ്നേ, വിശിഷ്ടപ്രഭരാം സർവാഗ്നികളുമൊത്തു നീ
ആദരിയ്ക്കുക, യജ്ഞത്തിൽപ്പൂജിപ്പോരുടെ ഗീതിയെ! (4)

അഗ്നേ, നല്ക, ഹവിർദ്ദായിയ്ക്കേററം വീരാന്വിതം ധനം;
മൂർച്ചകൂട്ടുക, സന്താനയുക്തരാമെങ്ങളെബ്ഭവാൻ! (5)

### കുറിപ്പുകൾ: സൂക്തം 24.

1. പട – എതിർസൈന്യം. ഊറ്റക്കാർ – അഹംകാരികൾ
2. മഖേ = യാഗത്തിൽ.
3. മഹസ്സോട് = തേജസ്സോടുകൂടി.
4. ഗീതി – സ്തുതി.
5. ഹവിർദ്ദായി – യജമാനൻ. ഏററം = വളരെ.

## സൂക്തം 25.

വിശ്വാമിത്രൻ ഋഷി; വിരാട് ഛന്ദസ്സ്. അഗ്നിയും ഇന്ദ്രനും ദേവത. (‘താമരക്കണ്ണൻ’ പോലെ.)

ദ്യോവിന്റെ സൂനു, ചൈതന്യവാൻ നീ;
ഭൂവിന്റെയും കുഞ്ഞ,ഗ്നേ, നീ;
വിണ്ണോരെ ക്രമാൽപ്പൂജിയ്ക്കുകി,ങ്ങു
വിശ്വവേദസ്സാം വിജ്ഞൻ നീ! (1)

നല്കുന്നു, വീര്യം വിദ്വാനാമഗ്നി;
നല്കുന്നു, ദിവ്യർക്കന്നവും;
ആ നീ വിളിയ്ക്കി,ങ്ങുമ്പരെ ഞങ്ങൾ-
ക്കാ,മണ്ഡിതാശ, ബഹ്വന്ന! (2)

കെല്പനന്നവാനീശ്വരൻ വിദ്വാൻ
സുപ്രഭനഗ്നി മിന്നിപ്പൂ,
ഹാനിവരാത്ത വിശ്വാംബമാരാം
വാനൂഴിദേവിമാർകളെ! (3)

ഇന്ദ്രനുമങ്ങും ദേവന്മാരഗ്നേ,
വന്നാലും, വാട്ടം ചേർക്കാതേ,
നീർ തരുവോന്റെ മന്ദിരത്തിലീ
മേധത്തിൽസോമപാനാർത്ഥം! (4)

ജാതവേദസ്സേ, കെല്പിങ്കൽനിന്നു
ജാതനാമഗ്നേ, നിത്യൻ നീ
വിശ്വത്തെപ്പാലിച്ചാദരിച്ചുകൊ-
ണ്ടുജ്ജ്വലിയ്ക്കുന്നു, വാനിങ്കൽ! (5)

### കുറിപ്പുകൾ: സൂക്തം 25.

1. കുഞ്ഞ് – മകൻ. ഇങ്ങു – യജ്ഞത്തിൽ.
2. നല്കുന്നു – യജമാനനു കൊടുക്കുന്നു. ദിവ്യന്മാർ – ദേവന്മാർ. ആമണ്ഡിതാശ – തന്റെ തേജസ്സുകൊണ്ട് ആശകളെ (ദിക്കുകളെ) മുഴുവൻ അലങ്കരിച്ചവനേ. ബഹ്വന്ന = വളരെ അന്നങ്ങളുള്ളവനേ.
3. മിന്നിപ്പൂ – പ്രകാശിപ്പിയ്ക്കുന്നു. ഹാനിവരാത്ത – അനശ്വരകളായ.
4. ദേവന്മാരായ ഇന്ദ്രനും അങ്ങും. വാട്ടം ചേർക്കാതെ – നിങ്ങൾ വരാഞ്ഞാൽ യജ്ഞത്തിന്ന് ഇടിവു പററിപ്പോകും. നീർ (സോമരസം) തരുവോൻ – യജമാനൻ.

## സൂക്തം 26.

വിശ്വാമിത്രൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; വൈശ്വാനരാദികൾ ദേവത.

സത്യപ്രതിജ്ഞനും സ്വർഗ്ഗജ്ഞനും സുദാതാവും തേരിലെഴുന്നള്ളുന്നവനുമായ വൈശ്വാനരനെന്ന അഗ്നിദേവനെ, ഹവിസ്സൊരുക്കിയ കുശികഗോത്രക്കാരായ ഞങ്ങൾ മനസ്സുകൊണ്ടറിഞ്ഞു, ധനത്തിന്നുവേണ്ടി, സ്തുതികളാൽ ആഹ്വാനംചെയ്യുന്നു. (1)

തിളങ്ങുന്ന, അന്തരിക്ഷസ്ഥനായ, സ്തുത്യനായ, ബൃഹസ്പതിയായ, മേധാവിയായ, ശ്രോതാവായ, അതിഥിയായ, ക്ഷിപ്രഗാമിയായ ആ വൈശ്വാനരാഗ്നിയെ ഞങ്ങൾ രക്ഷയ്ക്കും മനുഷ്യന്റെ ദേവയജനത്തിന്നുമായി വിളിച്ചുകൊള്ളുന്നു. (2)

ആരെ കുശികഗോത്രക്കാർ, നിലവിളിയ്ക്കുന്ന കുതിരക്കുട്ടിയെ തള്ളമാർപോലെ പ്രതിദിനം വളർത്തിപ്പോരുന്നുവോ; അമർത്ത്യരിൽ ഉണർന്നിരിയ്ക്കുന്ന ആ വൈശ്വാനരാഗ്നി ഞങ്ങൾക്കു നല്ല മക്കളോടും നല്ല കുതിരകളോടും കൂടിയ ശ്രേഷ്ഠധനം തന്നരുളട്ടെ! (3)

വേഗമേറിയ അഗ്നികൾ ചെന്നു, ജലത്തിൽ കരുത്തരായ മരുത്തുക്കളോടു ചേരട്ടെ; ആ അദമ്യരായ വിശ്വവേദസ്സുകൾ പുള്ളിമാനുകളെപ്പൂട്ടി, മേഘങ്ങളെ, ധാരാളം മഴ പെയ്യുമാറ് ഇളക്കിവിടും! (4)

അഗ്നിയോടു ചേർന്ന, ഉലകത്തെ ചാഞ്ചാടിയ്ക്കുന്ന മരുത്തുക്കളുടെ തിളങ്ങുന്ന ബലവത്തായ രക്ഷയെ ഞങ്ങൾ യാചിയ്ക്കുന്നു: അലറുന്ന സിംഹങ്ങൾപോലെ ഇരമ്പുന്ന ആ വർഷണശീലരായ രുദ്രപുത്രന്മാർ നല്ലതു തരുന്നവരാണല്ലോ! (5)

അഗ്നിയെ ജ്വലിപ്പിയ്ക്കുന്ന മരുത്തുക്കളുടെ തേജസ്സിനെ ഞങ്ങൾ കൂട്ടത്തിൽ കൂട്ടത്തിൽ – ഗണത്തിൽ ഗണത്തിൽ – മന്ത്രം ജപിച്ചു യാചിയ്ക്കുന്നു: യജ്ഞങ്ങളിൽ ഹവിസ്സിന്നു ചെല്ലുന്നവരാണല്ലോ, ആ അക്ഷയധനരും ധിരരുമായ പൃഷദശ്വന്മാർ! (6)

"ജനിച്ചപ്പോൾത്തന്നെ ജാതവേദസ്സാണ്, അഗ്നിയായ ഞാൻ. നെയ്യ് എന്റെ കണ്ണാകുന്നു; അമൃതം എന്റെ വായിലുണ്ട്. മൂന്നായി സ്ഥിതിചെയ്യുന്ന പ്രാണനും, അന്തരിക്ഷമളന്നവനും ഇടവിടാതെ ചൂടുളവാക്കുന്നവനും ഞാനാകുന്നു; ഹവിസ്സെന്നതും ഞാൻതന്നെ." (7)

താൻ മനംകൊണ്ടു മനനീയമായ തേജസ്സിനെ അറികയാൽ, മൂന്നു പരിശുദ്ധന്മാർക്കും പൂജനീയനായിത്തീർന്നുവല്ലോ; അങ്ങനെ, ആ വിശ്വംഭരന്മാർക്കും സ്പൃഹണീയമായ ശ്രേഷ്ഠത നേടിയ അഗ്നി വാനൂഴികളെയെല്ലാം സ്വാത്മതയാ ദർശിച്ചു! (8)

നൂറൊഴുക്കുള്ള നീരുറവുപോലെ അക്ഷയനും, വിദ്വാനും, അച്ഛനും, വക്തവ്യങ്ങളെ ഒരുമിപ്പിയ്ക്കുന്നവനും, അച്ഛനമ്മമാരുടെ അരികിൽ ആഹ്ലാദിയ്ക്കുന്നവനുമായ ആ സത്യഭാഷിയെ, ദ്യാവാപൃഥിവികളേ, നിങ്ങൾ സംതൃപ്തനാക്കുവിൻ! (9)

### കുറിപ്പുകൾ: സൂക്തം 26.

2. ബൃഹസ്പതി – യജ്ഞപാലകൻ. ശ്രോതാവ് – സ്തോത്രാദികൾ കേൾക്കുന്നവൻ.
3. തള്ളമാർ – പെൺകുതിരകൾ.
4. വിശ്വവേദസ്സുകൾ – പ്രാണികളുടെ കർമ്മമെല്ലാം അറിയുന്നവർ, മരുത്തുക്കൾ.

7. താൻ സ്വാത്മകനാണെന്ന ജ്ഞാനമുദിച്ച അഗ്നി പറയുന്നു: അമൃതം – കർമ്മഫലം. എന്റെ വായിലുണ്ട് – ഞാൻ അനുഭവിച്ചുപോരുന്നു. മൂന്നായി – പ്രാണാപാനവ്യാനരൂപേണ. അന്തരിക്ഷമളന്നവൻ – വായു. ചൂടുളവാക്കുന്നവൻ – സൂര്യൻ.

8. താൻ – അഗ്നി. തേജസ്സ് – പരബ്രഹ്മം. മൂന്നു പരിശുദ്ധന്മാർ – അഗ്നി, വായു, സൂര്യൻ. സ്വാത്മതയാട = സ്വസ്വരൂപേണ.

9. വിശ്വാമിത്രൻ, തന്റെ അധ്യാത്മഗുരുവിനെ സ്തുതിയ്ക്കുന്നു: അക്ഷയൻ – അവിച്ഛിന്നവാക്പ്രവാഹൻ. അച്ഛൻ – ശിഷ്യരെ പുത്രരെയെന്നപോലെ രക്ഷിയ്ക്കുന്നവൻ.

## സൂക്തം 27.

വിശ്വാമിത്രൻ ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത

തിങ്ങൾക്കു തിങ്ങളും പക്ഷം ഹവിർഭോജികൾ ധേനുവും
യോജിച്ചുവന്നാൽ, വാനോരിൽച്ചെല്ലുന്നു, സുഖതൽപരൻ. (1)

പാടി സ്തുതിച്ചിടുന്നേൻ ഞാൻ വിപശ്ചിത്താകുമഗ്നിയെ,
യജ്ഞം നടത്തുന്നവനെ,സ്സുഖിയെ,ദ്ധൃതവിത്തനെ. (2)

അഗ്നേ, പിടിച്ചിരുത്താവൂ, ഹവിസ്സാലെങ്ങളങ്ങയെ;
പുരാനേ, പിന്നിടുകയുംചെയ്യാവൂ, ദുരിതങ്ങളെ! (3)

യജ്ഞത്തിലുജ്ജ്വലിപ്പിയ്ക്കപ്പെടുവോന,ഗ്നി പാവകൻ;
യാചിപ്പൂ ഞങ്ങളശ്ശോചിഷ്കേശകൻ, സ്തുതിയോഗ്യനിൽ! (4)

നെയ്യുരുക്കി വെടുപ്പാക്കും ഭൂരിതേജസ്സ,നത്യയൻ,
നന്നായ്പ്പൂജിതനാമഗ്നി വഹിപ്പൂ ഹവ്യമധ്വരേ! (5)

ആയഗ്നിയെ,ബ്ബാധിതരായ് സ്രുക്കെടുത്ത ഹവിർദ്ധരർ
ശ്രദ്ധിപ്പിയ്ക്കുന്നു, രക്ഷാർത്ഥമീദൃശസ്തവനങ്ങളാൽ. (6)

ഹോതാവമർത്ത്യനാം ദേവൻ വിഷയജ്ഞാനയുക്തനായ്
കർമ്മങ്ങൾ ചെമ്മേ ചെയ്യിപ്പാൻ മുല്പാടിങ്ങെഴുനള്ളിടും! (7)

നിർത്തപ്പെടുന്നു, യുദ്ധത്തിൽ;ക്കെല്പൻ കവി മഖത്തിലും
കൊണ്ടുവെയ്ക്കപ്പെടുന്നു, നേർക്കധ്വരത്തെ നടത്തുവോൻ! (8)

വരേണ്യനാക്കീ, കർമ്മിഷ്ഠർ ഭൂതജാതോദരസ്ഥനെ;
ആയച്ഛനെ വഹിയ്ക്കുന്നു, സിദ്ധ്യർത്ഥം ദക്ഷനന്ദിനി: (9)

അഗ്നേ, നിന്നെ വഹിയ്ക്കുന്നു, ദക്ഷന്റെ മകൾ മേദിനി,
വരേണ്യനെ,ബ്ബലജനെ,ക്കാമിപ്പോനെ,സ്സദീപ്തനെ. (10)

യജ്ഞക്രിയയ്ക്കു, യന്താവാം മഴപെയ്യിയ്ക്കുമഗ്നിയെ
ഹവിസ്സാലുജ്ജ്വലിപ്പിപ്പൂ, ഭജിയ്ക്കുന്ന മനീഷികൾ. (11)

സ്തുതിച്ചിടുന്നേനി,വനീയധ്വരത്തിങ്കലഗ്നിയെ,
വാനിൽത്തിളങ്ങുന കവിക്രതുവാമന്നപുത്രനെ. (12)

ദർശനീയൻ നമസ്കാര്യൻ നത്യർഹനിരുൾ നീക്കുവോൻ
ജ്വലിപ്പിയ്ക്കപ്പെടുന്നു, നേർക്കഗ്നി, കാമാഭിവർഷകൻ! (13)

ഒരശ്വംപോലെയുമ്പർക്കു വാഹനം, വർഷിതാവെവൻ;
ആയഗ്നിയെജ്ജ്വലിപ്പിച്ചു പുകഴ്ത്തുന്നു, ഹവിർദ്ധരർ! (14)

വർഷിയ്ക്കുന്ന മഹാനായ തേജസ്സിയലുമങ്ങയെ
നെ പൊഴിച്ചുജ്ജ്വലിപ്പിപ്പൂ, ഞങ്ങളഗ്നേ, സുവർഷക! (15)

## കുറിപ്പുകൾ: സൂക്തം 27.

1. പക്ഷം = അർദ്ധമാസം. ഹവിർഭോജികൾ = ദേവന്മാർ. ധേനു – കറവുപയ്യ്. വാനോരിൽച്ചെല്ലുന്നു – യജ്ഞോദ്യതനാകുന്നു.
2. വിപശ്ചിത്ത് = മേധാവി. ധൃതവിത്തൻ = ധനം കരുതിവെച്ചിട്ടുള്ളവൻ.
4. യാചിപ്പൂ – അഭീഷ്ടഫലം അർത്ഥിയ്ക്കുന്നു.
5. അനത്യൻ = നാശ(മരണ)രഹിതൻ.
6. ബാധിതർ – രക്ഷസ്സുകളാൽ ബാധിയ്ക്കപ്പെട്ടു, തദ്രുച്ചാടനത്തിന്നു മന്ത്രം ജപിയ്ക്കുന്നവർ. ഹവിർദ്ധരർ – യജമാനന്മാർ. രക്ഷാർത്ഥം – രക്ഷോബാധയിൽനിന്നു രക്ഷിപ്പാൻ.
7. വിഷയം – കർമ്മമാകുന്ന വിഷയം.
8. നിർത്തപ്പെടുന്നു – ദേവന്മാരാൽ. കൊണ്ടുവെയ്ക്കപ്പെടുന്നു – അധ്വര്യുപ്രഭൃതികളാൽ.
9. കർമ്മിഷ്ഠർ – ആധാനവും മററും അനുഷ്ഠിച്ചവർ. ഭൃതജാതോദരസ്ഥനെ – സർവപ്രാണികളുടെയും വയററിൽ (ജഠരാഗ്നിയായി) സ്ഥിതിചെയ്യുന്ന അഗ്നിയെ. അച്ഛൻ – സർവജഗദ്രക്ഷകൻ. ദക്ഷനന്ദിനി = ഭൂമി, ഉത്തരവേദി.
10. മുൻ ഋക്കിന്റെ വിവരണം: കാമിപ്പോൻ – പുരോഡാശാദിയെ ഇച്ഛിയ്ക്കുന്നവൻ.
11. യന്താവ് – സർവനിയന്താവ്.
12. കവിക്രതു – മേധാവിക(അധ്വര്യാദിക)ളാകുന്ന കർത്താക്കാളോടു (ഉൽപാദകരോടു)കൂടിയവൻ; അവരാൽ അരണിമഥനംകൊണ്ട് ഉൽപാദിതൻ. അന്നപുത്രൻ – അന്നം (ഹവിസ്സ്) ആണല്ലോ, അഗ്നിയെ വളർത്തുന്നത്; ഇതിനാലത്രേ, അന്നപുത്രത്വം.
13. കാമാഭിവർഷകൻ – യജമാനന്ന് അഭീഷ്ടങ്ങൾ പെയ്തുകൊടുക്കുന്നവൻ.
14. ഉമ്പർക്കു വാഹനം – ദേവകൾക്കു ഹവിസ്സെത്തിയ്ക്കുന്നവൻ.
15. സുവർഷക – അഭീഷ്ടവർഷിൻ.

## സൂക്തം 28.

വിശ്വാമിത്രൻ ഋഷി; ഗായത്രിയും ഉഷ്ണിക്കും ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സ്; അഗ്നി ദേവത.

അഗ്നേ, ഭുജിയ്ക്കേ,ങ്ങളുടെ പുരോഡാശഹവിസ്സു നീ
പ്രഭാതസവനേ ജാതവേദസ്സേ, സ്തോതൃവിത്തദ! (1)

പചിയ്ക്കപ്പെട്ടിതങ്ങയ്ക്കായ്പ്പുരോഡാശം വെടുപ്പൊടേ;
അതു കൈക്കൊള്ളുകിങ്ങഗ്നേ, തുലോം തരുണനാം ഭവാൻ! (2)

സായംകാലത്തു ഹോമിച്ച പുരോഡാശം ഭുജിയ്ക്ക, നീ;
അഗ്നേ, യജ്ഞത്തിൽ വെയ്ക്കപ്പെട്ടോനല്ലോ, ബലസൂനു നീ! (3)

(കാകളി)

മധ്യാഹ്നികസവനത്തിൻ പരോഡാശ-
മത്ര കൈക്കൊള്ളുക, ജാതവേദസ്സു നീ;
യാഗത്തിലഗ്നേ, മഹാനാം ഭവാന്നുള്ള
ഭാഗം മുടക്കില്ല, കർമ്മഠന്മാർ കവേ! (4)

സാന്ധ്യസവനാഹുതമാം പുരോഡാശ-
മേന്തുമല്ലോ, രസിച്ചഗ്നേ, ബലോത്ഥ, നീ;
എത്തിയ്ക്കുകീ,യുണർവേകും സരത്നമാ-
മധ്വരം നിത്യരാം വാനോരിൽ നീ നുതൻ! (5)

നൈശം പുരോഡാശഹവ്യമഗ്നേ, ഭവാൻ
പ്രാശിയ്ക്ക, ജാതവേദസ്സേ, സമിദ്ധനായ്! (6)

### കുറിപ്പുകൾ: സൂക്തം 28.

1. പ്രഭാതസവനേ = പ്രാതസ്സവനത്തിൽ. സ്തോതൃവിത്തദ = സ്തുതിയ്ക്കുന്നവർക്കു ധനം നല്കുന്നവനേ.
4. കർമ്മഠന്മാർ = കർമ്മകുശലർ. മുടക്കില്ല. അങ്ങയ്ക്കുതന്നെ തരും.
5. സാന്ധ്യസവനാഹുതം = സന്ധ്യയിലെ (മൂന്നാം) സവനത്തിൽ ഹോമിയ്ക്കപ്പെട്ടത്. ഏന്തും – കൈക്കൊള്ളും. ബലോത്ഥ – മഥനബലത്തിൽനിന്നു ജനിച്ചവനേ. സരത്നം – സ്വർഗ്ഗാദിശ്രേഷ്ഠഫലങ്ങളോടുകൂടിയത്; ശ്രേഷ്ഠഫലപ്രദം. അധ്വരം – യജ്ഞസോമം. നിത്യർ – മരണരഹിതർ.
6. നൈശം – രാത്രിയിലേതായ.

## സൂക്തം 29.

വിശ്വാമിത്രൻ ഋഷി; അനുഷ്ടുപ്പും ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; അഗ്നി ദേവത.

ഇതാ, അരണിമേൽ വെയ്ക്കാനുള്ളത്; ദർഭക്കെട്ടും ഉണ്ടാക്കിയിരിയ്ക്കുന്നു. ഈ പ്രജാപാലികയെ കൊണ്ടുവരൂ: നമുക്കു മുമ്പേത്തെപ്പോലെ കടയാം. (1)

ഗർഭിണികളിൽ ഗർഭമെന്നപോലെ, ജാതവേദസ്സ് അരണികളിൽ വെയ്ക്കപ്പെട്ടിരിയ്ക്കുന്നു; ആ അഗ്നി ഹവിസ്സൊരുക്കിയ ജാഗരൂകരായ മനുഷ്യരാൽ നാളിൽ നാളിൽ സ്തുത്യനാകുന്നു! (2)

അറിവുള്ള ഭവാൻ മലർന്നതിന്മേൽ കമിഴ്ത്തുക: ഉടനടി രേതസ്സൊഴുക്കി വൃഷാവിനെ ഉൽപാദിപ്പിയ്ക്കട്ടെ. ഇരുട്ടകററുന്ന ഒരു തേജസ്സ് – അങ്ങനെ ഉജ്ജ്വലിച്ചുയർന്ന തന്തിരുവടി – ഇളയുടെ മകനായി യോനിസ്ഥാനത്തു പിറന്നു! (3)

അഗ്നേ, ജാതവേദസ്സേ, ഹവിസ്സുകൾ വഹിപ്പാനായി അങ്ങയെ ഞങ്ങൾ പൃഥിവീമധ്യത്തിൽ – ഇളാപദത്തിൽ – പ്രതിഷ്ഠിയ്ക്കട്ടെ! (4)

നേതാക്കളേ, രണ്ടില്ലാത്തവനും കവിയും പ്രചേതസ്സും അമരണനുമായ ആ സുന്ദരാംഗനെ നിങ്ങൾ കടഞ്ഞുണ്ടാക്കുവിൻ – നേതാക്കളേ, യജ്ഞത്തിന്റെ കൊടിമരമായ, മുമ്പനായ, നല്ല സുഖിയായ അഗ്നിയെ നിങ്ങൾ മുമ്പേ ഉൽപാദിപ്പിയ്ക്കുവിൻ! (5)

കൈകൾകൊണ്ടു കടഞ്ഞാൽ വെളിപ്പെടുന്ന ആ വേഗവാൻ വനങ്ങളിൽ ഒരു കുതിരപോലെയും അശ്വികളുടെ പായുന്ന വിചിത്രരഥംപോലെയും മിന്നിത്തിളങ്ങും; തടവെന്ന്യേ കല്ലും പുല്ലും ചുട്ടെരിച്ചിട്ട് അവിടം വിടുകയുംചെയ്യും! (6)

ഉൽപന്നനായ അഗ്നി അഭിജ്ഞനും വേഗവാനും കർമ്മകുശലനും കവിസ്തുതനും നല്ല ദാതാവുമായി പരിശോഭിയ്ക്കുന്നു; ഈ സ്തുത്യനായ വിശ്വവേദസ്സിനെ ദേവകൾ യാഗങ്ങളിൽ ഹവ്യവാഹനാക്കിവെച്ചു! (7)

ഹോതാവേ, അങ്ങു സ്വസ്ഥാനത്ത് ഇരുന്നരുളുക; അഭിജ്ഞനായ ഭവാൻ യഷ്ടാവിനെ പുണ്യലോകത്തിരുത്തിയാലും. ദേവരക്ഷകനായ അവിടുന്നു ദേവന്മാരെ ഹവിസ്സുകൊണ്ടു യജിയ്ക്കുക; അഗ്നേ, യജമാനന്നു ധാരാളം അന്നവും നല്കുക! (8)

സഖാക്കളേ, നിങ്ങൾ വൃഷാവായ അഗ്നിയെ ഉൽപാദിപ്പിയ്ക്കുവിൻ – നിർത്താതെ നേരിട്ടു മല്ലടിയ്ക്കുവിൻ. പോരിന്നു പോന്നവനാണ്, ഈ അഗ്നി: ഈ സുവീരനെക്കൊണ്ടാണത്രേ, ദേവകൾ ദസ്യുക്കളെ അമർത്തിയത്! (9)

അഗ്നേ, ഭവാൻ പിറന്നു വിളങ്ങിയതു യാതൊന്നിൽനിന്നോ; ഇതാ, അങ്ങയുടെ ആ ഉൽപത്തിസ്ഥാനം. ഇതറിഞ്ഞ്, അതിലിരുന്നുകൊള്ളുക; എന്നിട്ടു, ഞങ്ങളുടെ സ്തുതികളെ വളർത്തിയാലും! (10)

അസുരഘ്നൻ ഗർഭത്തിലിരിയ്ക്കുമ്പോൾ തനൂനപാത്തെന്നു പറയപ്പെടുന്നു; ജനിച്ചാൽ, നരാശംസനായി; മാതാവിങ്കൽ വിളങ്ങുമ്പോൾ മാതരിശ്വാവാകും. അദ്ദേഹത്തിന്റെ ശീഘ്രഗമനത്താലാണ് വായു പുറപ്പെടുന്നത്. (11)

അഗ്നേ, കവിയായ ഭവാൻ നല്ല മഥനംകൊണ്ടു ഉലോം മഥിതനായി; നല്ല നിധാനംകൊണ്ടു നിഹിതനുമായി. അങ്ങു യജ്ഞങ്ങളെ നന്നാക്കുക; ദേവകാമന്നുവേണ്ടി ദേവകളെ യജിയ്ക്കുക! (12)

മൃതിയും ക്ഷതിയുമില്ലാത്ത, പല്ലുറപ്പുള്ള താരയിതാവിനെ മനുഷ്യർ ഉൽപാദിപ്പിച്ചു; ആൺകുട്ടി പിറന്നതു കണ്ടിട്ടു, പണിയെടുത്ത പത്തുവിരലുകൾ ഒന്നിച്ചുകൂടി ഘോഷം കൂട്ടി! (13)

സനാതനൻ സപ്തഹോതാക്കളോടൊന്നിച്ച സമുജ്ജ്വലിച്ചു: അമ്മയുടെ മടിയിൽ – അകിട്ടിൽ – ശോഭിച്ച ആ ശോഭനസ്വനൻ ഒരു നാളിലും കണ്ണടയ്ക്കുകയില്ല; മരത്തിന്റെ വയററിൽനിന്നാണല്ലോ, തന്റെ ജനനം! (14)

മരുൽസൈന്യങ്ങൾപോലെ എതിരാളികളോട്ട പൊരുതുന്നവരും, ബ്രഹ്മാവിങ്കൽനിന്ന് ഒന്നാമതു ജനിച്ചവരും, വിശ്വവേത്താക്കളുമായ കുശികഗോത്രക്കാർ ഹവിസ്സും സ്തോത്രവും അയയ്ക്കുന്നു; ഓരോരുത്തനും അഗ്നിയെ ഗൃഹത്തിൽ ജ്വലിപ്പിയ്ക്കുന്നു. (15)

അറിവുററ ഹോതാവേ, ഇന്നു തുടങ്ങിയ ഈ യജ്ഞത്തിൽ ഞങ്ങൾ അങ്ങയെ വരിച്ചിരിയ്ക്കുന്നുവല്ലോ; അങ്ങു ഹവിസ്സു കൊണ്ടുപോയി ശാന്തനാക്കപ്പെട്ടാലും. പിന്നീട്, അറിവുററ വിദ്വാനായ ഭവാൻ സോമത്തിന്നു വന്നാലും! (16)

## കുറിപ്പുകൾ: സൂക്തം 29.

1. യജമാനൻ അധ്വര്യ്വാദികളോട്ട പറയുന്നു: പ്രജാപാലിക – പ്രജകളെ സ്വർഗ്ഗാദിഫലസമ്പാദനംകൊണ്ടു രക്ഷിയ്ക്കുന്ന അരണി.
3. ഒരധ്വര്യുവോട്: മലർന്നതിന്മേൽ – അടിയിലെ അരണിമേൽ മുകളിലെ അരണി കമിഴ്ത്തുക. രേതസ്സ് – വൃക്ഷത്തിന്റെ നീര്.
4. ഇളാപദം – ഉത്തരവേദി.
5. രണ്ട് – മനസ്സിലൊന്ന്, വാക്കിൽ മറെറാന്ന്, എന്ന മട്ട്.
6. ഭാവാഗ്നിയെപ്പററി:
8. ഹോതാവേ – അഗ്നേ.
9. മല്ലടിയ്ക്കുവിൻ – മഥനംചെയ്യുവിൻ. പോന്നവൻ – ത്രാണിയുള്ളവൻ.
10. ഉൽപത്തിസ്ഥാനം – അരണി. വളർത്തിയാലും – അങ്ങു കേട്ടരുളിയാലേ സ്തുതികൾ വളരു.
11. അസുരഘ്നൻ – അഗ്നി. ഗർഭം – അരണ്യന്തർഭാഗം. മാതാവ് – അന്തരിക്ഷം.
12. നിഹിതൻ – സ്ഥാപിതൻ. നന്നാക്കുക – നിർബാധങ്ങളാക്കുക. ദേവകാമൻ – യജമാനൻ.
13. ക്ഷതി = ക്ഷയം. പല്ല് – ജ്വാല. താരയിതാവ് – പാപങ്ങളെ കടത്തിവിടുന്ന അഗ്നി. പണി – മഥനക്രിയ. ഘോഷം കൂട്ടി – കർമ്മികൾ ആഹ്ലാദിച്ചു കൈകൊട്ടി.
14. അകിട് – ഉത്തരവേദി.
15. മരുത്സൈന്യങ്ങൾ = മരുത്തുക്കളുടെ സേനകൾ. വിശ്വവേത്താക്കൾ = ലോകജ്ഞർ.
16. അഗ്നിയോട്: ശാന്തനാക്കപ്പെട്ടാലും – ഹവിസ്സു ഭക്ഷിച്ചു തൃപ്തരായ ദേവന്മാരാൽ വിശ്രമിപ്പിയ്ക്കപ്പെട്ടാലും.

ഒന്നാമധ്യായം സമാപ്തം.

# ഋഗ്വേദം: മൂന്നാം അഷ്ടകം

## രണ്ടാം അദ്ധ്യായം

മണ്ഡലം 3 അനുവാകം 3

## സൂക്തം 30.

വിശ്വാമിത്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്. ഇന്ദ്രൻ ദേവത. (കാകളി)

നിന്നെയിച്ഛിച്ച സഖാക്കളാം സോമാർഹ-
രന്നം വഹിപ്പൂ, പിഴിയുന്നു സോമവും;
പോരാ, സഹിപ്പൂ, ജനദ്രോഹമിന്ദ്ര; മ-
ററാരുള്ളു, നീയൊഴിഞ്ഞിത്ര പേർകേട്ടവൻ? (1)

ദൂരസ്ഥലവുമകലെയല്ല,ങ്ങയ്ക്കു-
പാരാതണകി,ങ്ങു ഹര്യശ്വ, സാശ്വനായ്:
തെയ്യാർ, സവനം വൃഷാവാം സ്ഥിരന്നിതാ;
തിയ്യു കത്തുന്നു; മുതിർന്നിതമ്മിക്കുഴ! (2)

ഇന്ദ്രൻ മഘവാവ,നേകകൃത്യൻ, മരു-
ദവൃന്ദവാൻ, താരകൻ, നൽത്തൊപ്പിയിട്ടവൻ;
സൊല്ലയേറ്റു,ഗ്രഹന്താവു നീ മാറ്ററിൽ-
ക്കൊള്ളിച്ച വീര്യങ്ങളെങ്ങിന്നു വർഷക? (3)

ഒറ്റയ്ക്കു, വീഴാത്തവയെയും വീഴ്ത്തിയും,
കുറ്റമകറ്റിയുമല്ലോ, വസിച്ചു നീ;
നിന്നരുൾപ്പാടിന്നനങ്ങാതെ നില്ക്കുന്നു,
മന്നുമാകാശവും മാമലക്കൂട്ടവും! (4)

പ്രൌഢിയാലേകനായ് വൃത്രനെക്കൊന്നിട്ടു,
'പേടിയായ്ക്കെ' ന്നു നീ ചൊന്നതു നേരുതാൻ!
ഇമ്മഹാവാന്ദ്യഴിയേയുമൊതുക്കി, ഹാ,
നിന്നുഷ്ടിയിന്ദ്ര, പുരുഹൂത, ഭൂതിമൻ! (5)

ഇന്ദ്ര, നിൻഹര്യശ്വമോടിയിറങ്ങട്ടെ;-
യൊന്നായ് വധിയ്ക്ക, നിൻവജ്രം രിപുക്കളെ;
മുൻപിൻപരെക്കൊല്ക നീ പായുവോരെയും;
സമ്പത്തി ചേർക്ക ജഗത്തി;—ലസ്തു ശുഭം! (6)

ഇന്ദ്ര നീ ഭൂതിമാനാരിൽ വെയ്ക്കും കരു-
ത്ത,ന്നരൻ നേടുമപൂർവധനങ്ങളും;
ഭദ്രം, ഹവിസ്സേടുക്കും നിന്മനോഗുണം:
പത്തുന്നൂറേകം, പുരുഹൂത, നിൻതിറം! (7)

പാണികൾ വെട്ടിപ്പൊതുക്കു, പുരുഹൂത,
ദാനവിയൊത്ത വിദ്രോഹി കുണാരുവെ:
കൊന്നുവല്ലോ, കാൽമുറിച്ചിന്ദ്ര, ഹിംസ്രനാം
കുന്നിച്ച വൃത്രനെയിന്ദ്ര ബലേന നീ! (8)

ഇന്ദ്ര, ചലിയ്ക്കുമപാരമഹോർവിയെ
നന്നായ് നിരത്തി, നിജാസ്പദേ നിർത്തി നീ;
ദ്യോവന്തരിക്ഷമുറപ്പിച്ചു; വർഷി നീ-

യേവമയച്ച നീരിങ്ങു വിഴേണമേ! (9)

ത്വദ്വജ്രഭീത്യാ പൊളിഞ്ഞുപോയ്, നീർക്കനം
മെത്തിയ ഗോവിൻ തൊഴുത്താം മുകിൽ പുരാ;
തീർത്തു, തണ്ണീരുകൾക്കിന്ദ്ര, നൽപ്പാത നീ;
പ്രാർത്ഥിതാംഭസ്സിലിരമ്പി വീണിതവ! (10)

ഇന്ദ്രൻ തനിച്ചേ നിറച്ചാനി,ണങ്ങിനി-
ല്ക്കുന്ന സമ്പന്നമാം വാനൂഴി രണ്ടുമേ.
ശൂര, തെളിയ്ക്ക, നഭസ്സിൽനിന്നെങ്ങൾതൻ
ചാരേ വരാൻ സാശ്വമായ തേരമ്പുവാൻ! (11)

ഇന്ദ്രൻ കുറിച്ച ഹരിത്തുക്കളെത്തിരു-
ത്തുന്നതില്ലാ,ദിത്യനേതൊരുനാളിലും;
അധ്വാവു പിന്നിട്ടണഞ്ഞാലഴിയ്ക്കു,മ-
ങ്ങശ്വബന്ധത്തെ – യതെല്ലാമിവന്റെതാൻ! (12)

വിട്ടുപോം രാവിൻ പുലരി തിരിയ്ക്കവേ
പുഷ്ടചിത്രാഭയെപ്പാർക്കുന്നു സർവരും:
ശിഷ്ടബോധം വരും, തൽപ്രാപ്തിയിലവ-
ർക്കൊ – ട്ടല്ലി,വണ്ണമിന്ദ്രന്റെ നൽച്ചെയ്തികൾ! (13)

നിർത്തി, വൻതണ്ണീർ നദികളിൽ; – പ്പക്വമാം
ദുഗ്ദ്ധമേന്തുന്നു, കടിഞ്ഞൂൽപ്പശുക്കളും;
വെള്ളത്തിൽനിന്നെടുത്തല്ലോ, രസാഢ്യമി-
തെല്ലാമവൻ വെച്ചു, ഗോവിങ്കലൂണിനായ്! (14)

കെല്പു, കൊൾക,ണ്ടിന്ദ്ര, മാർഗ്ഗം മുടക്കുവോ;-
രർപ്പിയ്ക്ക, വാഴ്ത്തും മഖിയ്ക്കു,മിഷ്ടർക്കുമേ;
ദുർന്നടപ്പൊത്ത ദുശ്ശസ്ത്രർ നിഷംഗികൾ
കൊന്നിടും വൈരികൾ കൊല്ലപ്പെടേണമേ! (15)

കേൾക്കുന്നതുണ്ടാർപ്പ,ടുത്തുള്ള മാറ്റർതൻ
നേർക്കു പൊള്ളിയ്ക്കുമിടിവാളയയ്ക്കു നീ:
ഏല്ക്കുക, നോവിയ്ക്ക, കൊയ്യുകി,വററിനെ;-
ത്തീർക്കുക,രക്കനെ;പ്പൂർത്തി ചേർക്കു ഹരേ! (16)

ഇന്ദ്ര വേരോടേ പറിയ്ക്കുകരക്കനെ;-
തന്നടു വെട്ടുക; കൊല്ക, നേർത്തെത്തുകിൽ;
എത്രയെന്നില്ലാതകറ്റുക, പാഞ്ഞോനെ;-
വിദ്യുദസ്ത്രം വിട്ടു, ബ്രഹ്മവിദ്വേഷിയിൽ! (17)

ശ്രേയസ്സു നല്ക, ഹയങ്ങളെയും പ്രഭോ;
നീയിങ്ങിരിയ്ക്കുകിലെങ്ങൾ ധനങ്ങളും
ഭൂരിമഹാന്നവും നേടിത്തഴയ്ക്കുമേ –
ചേരട്ടെ, ഞങ്ങളിൽ ദ്രവ്യവും മക്കളും! (18)

ഞങ്ങൾക്കു കൊണ്ടുവരിക, മിന്നും ധനം:

ഞങ്ങളിലാകാവു, നിൻപ്രദാനം ഹരേ!
കത്തുന്നി,തൌർവാഗ്നിപോലെങ്ങൾതൻ കൊതി;-
യുത്തമാർത്ഥേശ, നിറയ്ക്കുകി,തിനെ നീ! (19)

ഇക്കൊതി ഗോവാജിദീപ്തധനങ്ങൾകൊ-
ണ്ടൊക്കെ നിറവേററി വായ്പിയ്ക്ക, ഞങ്ങളെ;
ഇന്ദ്രനാമങ്ങയ്ക്ക തീർത്താർ, മനസ്തോത്ര-
മൊന്നറിവേറും കുശികർ നാകൈഷികൾ. (20)

കാർ പിളർത്തേങ്ങൾക്കു നീർ നല്ക, ഗോപതേ:
കാമ്യങ്ങളന്നങ്ങളെത്തട്ടെ, ഞങ്ങളിൽ!
വിണ്ണാളുവോൻ, വൃഷാവ,വ്യാജശക്തി നീ;
നണ്ണുകെ,ങ്ങൾക്കു ഗോദായി നീ ഭൂതിമൻ. (21)

ഞങ്ങൾ വിളിയ്ക്കുന്നു, കേൾക്കുമാറിന്ദ്രനെ,-
യിങ്ങു കൊറേറകും രണേ വായ്ക്കുമുഗ്രനെ,
സ്വത്തടക്കും മഘവാവിനെ, ത്രാണാർത്ഥ,-
മൊത്ത നേതാവിനെ,പ്പോരിൽ വൃത്രഘ്നനെ! (22)

## കുറിപ്പുകൾ: സൂക്തം 30.

1. സോമാർഹർ – യജ്ഞാധികാരികൾ. അന്നം – മറ്റു ഹവിസ്സുകൾ. വഹിപ്പു – എടുത്തൊരുക്കിവെയ്ക്കുന്നു. പോരാ – അത്രതന്നെയല്ല. ജനദ്രോഹം – ശത്രുപീഡ.
2. സാശ്വൻ = അശ്വസഹിതൻ. സ്ഥിരൻ – ഫലം കൊടുക്കുന്നതിൽ ദൃഢചിത്തൻ. മുതിർന്നിതു – സോമലത ചതയ്ക്കാൻ.
3. താരകൻ – ദേവന്മാരെ ശത്രുക്കൾക്കരയിലെത്തിയ്ക്കുന്നവൻ. സൊല്ല – അസുരബാധ. തൊല്ല എന്നും പറയും; ഉപദ്രവമെന്നർത്ഥം, ഉഗ്രഹന്താവ് = ഉഗ്രനായ ഹന്താവ്; ശത്രുഹിംസകൻ. എങ്ങിന്നു – ഇപ്പോൾ എവിടെപ്പോയി.
4. വീഴാത്തവ – മുരട്ടുറപ്പുള്ളവ; രക്ഷസ്സുകളും മററും. കുററം – പാപങ്ങൾ. അരുൾപ്പാടിന്ന് – ആജ്ഞയെ കാത്ത്.
5. ചൊന്നതു – ദേവന്മാരോടു പറഞ്ഞത്. വമ്പിച്ച വാനൂഴികളും അങ്ങയുടെ മുഷ്ടി(കൈപ്പിടി)യിൽ ഒതുങ്ങിയിരിയ്ക്കുന്നു, ഹാ! ഭൂതിമൻ = മഘവാവേ, ധനവാനേ.
6. ഹര്യശ്വം – ഹരികളെന്ന അശ്വങ്ങളോട്ടുകൂടിയ രഥം. നീ മുൻപിൻപരെ (മുന്നിൽ വന്ന ശത്രുക്കളെയും പിന്നിൽ വന്നവരെയും) കൊല്ലുക; പായുവോരെയും (പേടിച്ചോടുന്ന ശത്രുക്കളെയും) കൊല്ലുക. സമ്പത്തി – കർമ്മസമൃദ്ധി. അസ്തുശുഭം – അങ്ങയുടെ ഇത്തരം മിടുക്കു ശുഭമായി നില്ക്കട്ടെ.
7. ആരിൽ വെയ്ക്കും കരുത്ത് – ആരെ ബലവാനാക്കും. ഹവിസ്സു സ്വീകരിയ്ക്കുന്നതായ നിന്റെ മനോഗുണം (സൌമനസ്യം) ഭദ്രം (മംഗളകരം) ആകുന്നു. പത്തുനൂറ് – ആയിരം; അപരിമിതമായ ധനത്തെ. തിറം – ത്രാണി, ദാനശക്തി.
8. കുണാരു – ഒരസുരൻ. ദാനവി – വൃത്രന്റെ അമ്മ. ഇന്ദ്രശബ്ദാവൃത്തി ആദരാതിശയത്തെ ദ്യോതിപ്പിയ്ക്കുന്നു.

9. അപാരമഹോർവി = അതിവിശാലമായ വലിയ ഭൂമി. നിജാസ്പദേ – അതിന്റെ സ്ഥാനത്ത്. ദ്യോവന്തരിക്ഷം = സ്വർഗ്ഗവും അന്തരിക്ഷവും. ഏവം – വാന്നൃഴികളെ ഉറപ്പിച്ച്. നീര – വർഷജലം. ഇങ്ങു = ഭൂമിയിൽ.

10. ഗോവിൻ തൊഴുത്താം – വെള്ളത്തിന്റെ (പയ്യിന്റെ എന്നും) പാർപ്പിടമായ. പുരാ – വജ്രമേല്ക്കുന്നതിന്നുമുമ്പ്. നൽപ്പാത – നല്ല പ്രവാഹമാർഗ്ഗം. പ്രാർത്ഥിതാംഭസ്സ് = പ്രകർഷേണ (വളരെയാളുകളാൽ) അർത്ഥിയ്ക്കപ്പെട്ട (അപേക്ഷിതമായ) അംഭസ്സ്; ഭൂമിയിലെ വെള്ളം.

11. സമ്പന്നം = ധനയുക്തം. വാന്നൃഴികളെ സമ്പത്തുകൊണ്ടു നിറച്ചു. ഉത്തരാർദ്ധം പ്രത്യക്ഷവചനം: നഭസ്സ് – അന്തരിക്ഷം.

12. കുറിച്ച – സൂര്യഗമനത്തിന്നു നിർദ്ദേശിച്ച. ഹരിത്തുക്കൾ = കിഴക്കു മുതലായ ദിക്കുകൾ. തിരുത്തുന്നില്ല – ശരിവെച്ച്, അവയിലൂടേ പോകുന്നതേ ഉള്ളു. അധ്വാവ് = വഴി. അണഞ്ഞാൽ – പ്രാപ്യസ്ഥാനത്തെത്തിയാൽ. അങ്ങ് (അവിടെ) അശ്വബന്ധത്തെ അഴിയ്ക്കും; തേർക്കുതിരകളെ അഴിച്ചുവിടും. അതെല്ലാമിവന്റെതാൻ – അതൊക്കെ ഇന്ദ്രന്റെ തന്നെ, നിശ്ചയമാണ്.

13. വിട്ടുപോം – അവസാനിയ്ക്കുന്ന രാത്രിയുടേതാണല്ലോ, ഉഷസ്സ്. ആഭ – സൂര്യന്റെ ശോഭ. തൽപ്രാപ്തിയിൽ (സൂര്യശോഭ വന്നാൽ) അവർക്കു (പാർക്കുന്ന സർവർക്കും) ശിഷ്ടബോധം (കർത്തവ്യജ്ഞാനം) വരും.

14. കടിഞ്ഞൂൽപ്പശുക്കൾ – നവപ്രസൂതകളായ പൈക്കൾ. രസാഢ്യമിതെല്ലാം (സ്വാദേറിയ പാലും മറ്റും) വെള്ളത്തിൽനിന്നു സംഭരിച്ചാണ്, ഊണിനായ് (മനുഷ്യരുടെ ഭക്ഷണത്തിന്നായി) ഗോവിങ്കൽ നിക്ഷേപിച്ചത്. ജലത്തിന്റെ സത്തത്രേ, ഗോരസം.

15. കെല്പു കൊൾക – മാർഗ്ഗം മുടക്കുന്നവരെ വധിപ്പാൻ അവിടുന്ന് ഉറച്ചുനില്ക്കുക. അർപ്പിയ്ക്ക – വാഴ്ത്തുന്ന മഖിയ്ക്കും (യഷ്ടാവിന്നും) ഇഷ്ടർക്കും (സഖാക്കൾക്കും) അഭീഷ്ടഫലം കൊടുത്താലും. ദുശ്ശസ്ത്രർ – ദുഷ്ടങ്ങളായ ആയുധങ്ങൾ പ്രയോഗിയ്ക്കുന്നവർ. നിഷംഗികൾ = ആവനാഴിയുള്ളവർ. കൊല്ലപ്പെടേണമേ – ഭവാനാൽ.

16. ഏല്ക്കുക – ആക്രമിച്ചാലും. നോവിയ്ക്ക – പരിക്ലേശിപ്പിച്ചാലും. കൊയ്യുക – വെട്ടിയാലും. അരക്കനെ (കർമ്മം മുടക്കുന്ന രക്ഷസ്സുകളെ) തീർക്കുക, നശിപ്പിച്ചാലും. പൂർത്തി ചേർക്കു – യാഗത്തിന്നു പൂർത്തി വരുത്തുക. ഹരേ = ഹേ ഇന്ദ്ര.

17. തന്നടു = അവന്റെ മധ്യം, അര. നേരെത്തിയാൽ (വന്നെതിർത്താൽ) കൊന്നേയ്ക്കുക; പാഞ്ഞാൽ, അതിദൂരത്തകറ്റുക. ബ്രഹ്മവിദ്വേഷിയിൽ (വേദദ്വേഷിയുടെ നേരെ) വിദ്യുദസ്ത്രം (മിന്നൽപോലെയുള്ള, പൊള്ളിയ്ക്കുന്ന ആയുധം) വിട്ടു, പ്രയോഗിച്ചാലും.

18. പ്രഭോ – ജഗന്നിവർഹണശക്ത. ഭൂരിമഹാന്നം – ബഹുവും മഹത്തുമായ അന്നം. ദ്രവ്യം = സമ്പത്ത്.

19. മിന്നും – കനകരത്നാദികൾകൊണ്ടു വിളങ്ങുന്ന. പ്രദാനം – ധനദാനം. ഔർവാഗ്നി = ബഡവാഗ്നി. ഉത്തമാർത്ഥേശ = മികച്ച ധനങ്ങളുടെ അധിപതേ. ഇതിനെ (കൊതിയെ, ധനകാമത്തെ) നിറയ്ക്കുക – പൂരിപ്പിച്ചാലും, സഫലീകരിച്ചാലും.

20. വാഴ്ത്തിയ്ക്ക = വളർത്തിയാലും. മനസ്തോത്രമൊന്ന് = ഒരു മന്ത്രസ്തവം. നാകൈഷികൾ = സ്വർഗ്ഗകാമർ.

21 . ഗോപതി = സ്വർഗ്ഗാധിപതി. എങ്ങൾക്കു ഗോദാധി (ഗോക്കളെ തരുന്നവൻ) ഭവാനാണെന്നു, ഭവാൻ നണ്ണുക = വിചാരിയ്ക്കുക, അറിയുക.

22. കൊറേറകം രണേ – പടയാളികൾക്കു ഭക്ഷണം നല്കപ്പെടുമല്ലോ. വാഴ്ക്കും – ഉത്സാഹംകൊണ്ടു

വളരുന്ന. സ്വത്ത് – ശത്രുകളുടെ. ത്രാണാർത്ഥം = രക്ഷയ്ക്ക്. പോരിൽ വൃത്രഘ്നനെ – പൊരുതി വൃത്രനെ ഹനിച്ചവനെ.

## സൂക്തം 31.

വിശ്വാമിത്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കാകളി)

ശാസിച്ച വോഢാവു ദൌഹിത്രലബ്ധിയ്ക്കു
വിശ്വസിച്ചാദരിയ്ക്കുന്നു, സുവീര്യനെ;
എന്നാൽ, മകളിൽ മണാളൻ സുഖാർത്ഥിയായ്-
ച്ചെന്നാണണനുഷ്ഠിപ്പത,ശ്ശുക്ലസേചനം! (1)

ആത്മജൻ പെങ്ങൾക്കു നല്കവേണ്ടാ, ധനം:
ആയവൾ വേട്ടവന്നാസേകഭാജനം.
ആൺപെൺകിടാങ്ങളെത്തായമാർ പെറ്റിട്ടു;-
മാണതിൽസ്സൽക്കർമ്മി; പെണ്ണോ, ചമയുവാൻ! (2)

ലാലസിപ്പോനെ യജിപ്പാൻ ജനിപ്പിച്ചു,
നാളങ്ങളാൽത്തത്തുമഗ്നി വൻപുത്രരെ;
ഗർഭം മഹത്തായ്, മഹത്തായി പേറി,ന്ദ്ര-
തർപ്പണത്താൽ മഹത്തായി, തച്ചെയ്തിയും! (3)

സ്സാരതേജസ്സിന്നൊഴിഞ്ഞൂ തമസ്സെന്നു
തേറിനാർ, പോരിലണഞ്ഞ വിജയികൾ;
എന്നതറിഞ്ഞങ്ങണഞ്ഞാ,ുഷസ്സുക;-
ളിന്ദ്രനൊരാളായി, രശ്മികൾക്കീശ്വരൻ! (4)

അദ്രിസ്ഥഗോക്കളിൽ മന്ദിച്ച ധീരരാം
സപ്തമേധാവികൾ വാഴ്ത്തി വളർത്തിനാർ;
കണ്ടെത്തിനാരാ മഖാധ്വത്തുണകളെ;
മണ്ടിയണഞ്ഞാനറിഞ്ഞു പണിഞ്ഞിവൻ. (5)

ഗഹ്വരം കണ്ടുപിടിച്ച സരമയ്ക്കു
ബഹ്വന്നവും കോപ്പുമേറ്റപോലേകിനാൻ;
മുല്പാടൊലി കേട്ടു ചെന്നവളാകയാൽ-
സ്സൽപ്പാദ ശാശ്വതീപാർശ്വത്തിലെത്തിനാൾ. (6)

സഖ്യമിച്ഛിച്ചെഴുന്നള്ളീ, സുമേധസ്സു;
സൽക്കർമ്മവാന്നായ് പ്രസവിച്ചു പർവതം;
വീണ്ടേകി, ഗോധനം കൊൽവോൻ യുവാന്വിതൻ;
വേണ്ടപോലർച്ചിച്ചിതംഗിരസ്സപ്പൊഴേ. (7)

സത്തിന്റെ സത്തിന്റെയെല്ലാം പ്രതിനിധി,
സർവജ്ഞനാം കവി ശ്രുഷ്ണഘ്ന,ഗ്രഗൻ,
വിണ്ണിൽനിന്നെത്തിസ്സഖാവു സഖാക്കളാം
നമ്മെ നിർദ്ദോഷരാക്കട്ടെ, ഗോദൻ മുദാ! (8)

ഗോവാഞ്ഛയാൽ സ്തുതിചെയ്തിരുന്നീടിനാർ,
ദേവത്വലബ്ധിയ്ക്കു മാർഗ്ഗം ചമച്ചവർ;
സത്യേന മാസങ്ങൾ നോക്കുമവരുടെ-

യിസ്ഥിതിയുത്തമംതന്നെയല്ലോ, തുലോം! (9)

സ്വന്തമേതേതെന്നു പാർത്തറിഞ്ഞിട്ടു പാൽ
സന്തതികൾക്കായ്ക്കുറന്നാർ, സഹർഷരായ്;
വാനൂഴിയിൽത്തിങ്ങി, തൽസ്വനം; മുന്മട്ടിൽ
വാണാർ പശുക്കളിൽശ്ശൂരരെ വെച്ചവർ. (10)

കൊന്നു തുണക്കാരൊടൊത്തവൻ വൃത്രനെ;
വന്ദ്യരാം യാജ്യരൊത്തർപ്പിച്ചു, ഗോവിനെ:
നെയ്യുപാലേന്തുമാക്കാമ്യയാമാഹുതി-
പയ്യിൽനിന്നിയ്യാൾ കറന്നാൻ, നറുംമധു! (11)

താതന്നു തീർത്താർ, വിളങ്ങുമൊരുത്തമ-
കേതനം, നേർക്കു കാണിച്ചസ്സുകൃതികൾ:
മാതൃദ്വയത്തെയൊരുന്നാലുറപ്പിച്ചു
മീതെ വാഴിച്ചാർ, സവേഗനെസ്സത്രികൾ. (12)

വാനൂഴികൾ വേർപെടുവാനുടൻതന്നെ
വായ്ക്കുമൊരുന്നിനെ നാട്ടീ,മഹാസ്തുതി;
ആകയാലിന്ദ്രങ്കലെത്തുമേ, കേടറ്റ
ചൊല്ക്കള;–വന്റെ കെല്പെല്ലാം നിസർഗ്ഗജം! (13)

ത്വത്തുംഗസഖ്യവും കെല്പും കൊതിച്ചു ഞാൻ;
എത്തും മഘവാന്നു ഭൂരിബഡബകൾ;
വിദ്വാന്നയപ്പോം, മഹാസ്തോത്രമന്നവും;
വൃത്രഘ്ന, ഞങ്ങൾക്കറിക, നീ രക്ഷകൻ! (14)

മെത്തിയ പൊന്നുമാരേകി, വൻപാടവു-
മർത്ഥിച്ച മിത്രർക്കു,ടൻതാൻ ചരത്തെയും;
അദ്ദീപ്തനിന്ദ്രൻ മരുത്ത്വാൻ ജനിപ്പിച്ചു,
മിത്രനെ,ബ്ഭ്രുവെ,യുഷസ്സിനെ,യഗ്നിയെ! (15)

ഉച്ചമനീ വിഭുതന്നെയല്ലോ ജനി-
പ്പിച്ചു, വിശ്വത്തിനൻപേകം ജലങ്ങളെ;
സ്വച്ഛകവികളാൽസ്സോമം വിശുദ്ധമാ-
ക്കിച്ച,വ കർമ്മങ്ങൾ ചെയ്യിപ്പു രാപ്പകൽ! (16)

സൂര, നിൻപ്രാഭവാൽപ്പോകും, വരും, മുത-
ല്ക്കാരാം മഖാർഹമാരാ വെൺകറുമ്പികൾ;
നേരേ നടക്കുന്ന കാമ്യർ സഖാക്കൾ നിൻ-
ഗൌരവാലിന്ദ്ര, നീക്കുന്നു, വിഘ്നങ്ങളെ! (17)

വൃത്രഘ്ന, കീഴ്പ്പെടുക്ക, സൂനൃതോക്തികളെ
വിസ്തൃതായുസ്സു നീയ,ന്നദൻ, വർഷകൻ;
നത്സഖ്യവും മഹാരക്ഷയും പൂണ്ടെത്തു-
ക,സ്മൽസമീപേ യിയാസു മഹാൻ ഭവാൻ! (18)

അംഗിരസ്തുല്യമർച്ചിച്ച,പ്പുരാണനെ-

യിങ്ങു പുകഴ്ത്തിപ്പുതുക്കട്ടെ, സേവി ഞാൻ:
താമസരാം ബഹുദ്രോഹികളെക്കൊല്ക;
നീ മഘവൻ, തരികെ,ങ്ങൾക്കു വിത്തവും! (19)

ഇന്ദ്ര, പരന്നു പരിപാവനം ജല—
മെന്നെയ്ക്കുമായ് നിറയ്ക്കെങ്ങൾക്കതിൻതടം;
മാറ്ററിൽനിന്നു രക്ഷിയ്ക്ക, തേരാളി നീ;-
യേററം ജവാലെങ്ങൾ നേടാവൂ, ഗോക്കളെ! (20)

ഗോക്കളെ നല്കട്ടെ, വൃത്രാരി ഗോപതി;
പോക്കട്ടെ, തേജോബലത്താൽക്കറുമ്പരെ; .
നേർകൊണ്ടു നല്കിയോൻ, തൻപ്രിയഗോക്കളെ-
പ്പൂകിച്ചടച്ചാൻ, കതകുകളൊക്കയും! (21)

ഞങ്ങൾ വിളിയ്ക്കുന്നു, കേൾക്കുമാറിന്ദ്രനെ,-
യിങ്ങു കൊറേറകം രണേ വായ്ക്കുമുഗ്രനെ,
സ്വത്തടക്കും മഘവാവിനെ, ത്രാണാർത്ഥ,-
മൊത്ത നേതാവിനെപ്പോരിൽ വൃത്രഘ്നനെ! (22)

## കുറിപ്പുകൾ: സൂക്തം 31.

1. വോഢാവ്—മകളെ വേളികഴിച്ചയച്ച അപുത്രനായ പിതാവത്രേ, വോഢാവ്. 'ഇവളിൽ ആൺപ്രജയുണ്ടായാൽ, അതു് എന്റെ ആയിരിയ്ക്കും' എന്നു ശാസിച്ചാണ്, (ജാമാതാവുമായി കരാറുചെയ്തിട്ടാണ്) മകളെ അയാളോട്ടുകൂടി അയച്ചതു്. വിശ്വസിച്ച്—ജാമാതാവു കരാറു ലംഘിയ്ക്കില്ലെന്നുറച്ച്. സുവീര്യനെ—പുത്രോൽപാദനശക്തിയുള്ള ജാമാതാവിനെ. ആദരിയ്ക്കുന്നു—വസ്ത്രാഭരണാദികൾകൊണ്ടു പൂജിയ്ക്കുന്നു. എന്നാൽ അയാൾ ഭാര്യയെ പ്രാപിച്ചു രമിയ്ക്കുന്നതു, സുഖംമാത്രം കരുതിയാണ്. അങ്ങനെ വോഢാവു, തന്റെ ശേഷക്രിയയ്ക്കു ദൌഹിത്രനെ കിട്ടാതെ വഞ്ചിതനാകുന്നു.
2. ആൺമക്കൾക്കേ അച്ഛന്റെ സ്വത്തിന്ന് അവകാശമുള്ളു; പെണ്മക്കൾക്കു ധനം ഭർത്താവു കൊടുക്കണം. ആസേകഭാജനം—രേതസ്സേചനപാത്രം. ആൺപ്രജ നല്ല കർമ്മങ്ങൾ ചെയ്യും (പണിയെടുക്കും); പെൺപ്രജയോ, ചമഞ്ഞ് (ആഭരണങ്ങളണിഞ്ഞ്) അങ്ങനെയിരിയ്ക്കും. അതിനാൽ മുതലവകാശം പുത്രന്നുതന്നെ; പെങ്ങളെ വേളികഴിച്ചുകൊടുക്കേണ്ട ചുമതലയേ അവന്നുള്ളു.
3. ലാലസിപ്പോനെ—പ്രകാശമാനനായ ഇന്ദ്രനെ. നാളങ്ങളാൽത്തത്തും—ഇളകുന്ന ജ്വാലകളുള്ള. വൻപുത്രർ—വലിയ രശ്മികൾ. ഗർഭം ജലത്തെ ഉള്ളിലൊതുക്കൽ. പേറ്—സസ്യരൂപേണ ജനനം. ഗർഭവും പേറും മഹത്തായതുപോലെ തച്ചെയ്തിയും (ആ രശ്മികളുടെ പ്രവൃത്തിയും) ഇന്ദ്രതർപ്പണത്താൽ (ഇന്ദ്രനെ സോമഘൃതാദ്യാഹുതികൾകൊണ്ടു തൃപ്തിപ്പെടുത്തിയതിനാൽ) മഹത്തായി. ആൺമക്കൾ പണിയെടുക്കുമെന്നു മുൻഋക്കിൽപ്പറഞ്ഞുവല്ലോ; ഈ ഋക്കിൽ അഗ്നിപുത്രന്മാരുടെ കർമ്മശീലത പ്രതിപാദിച്ചിരിയ്ക്കുന്നു.
4. പോരിലണഞ്ഞ വിജയികൾ—വൃത്രയുദ്ധത്തിൽ ഇന്ദ്രനെ പ്രാപിച്ച മരുത്തുക്കൾ. സ്ഥാരതേജസ്സിന്നു തമസ്സൊഴിഞ്ഞു എന്നു തേറിനാർ—മഹത്തായ തേജസ്സ് (സൂര്യതേജസ്സ് ) തമോമുക്തമായി എന്നു കണ്ടറിഞ്ഞു.

5. അദ്രിസ്ഥഗോക്കളിൽ മന്ദിച്ച – അസുരന്മാർ മലയിലൊളിപ്പിച്ച പൈക്കളെ വീണ്ടെടുക്കുന്നതിൽ (അസാധ്യത്വബുദ്ധ്യാ) ഉദാസീനരായിത്തീർന്ന. സപ്തമേധാവികൾ – അംഗിരസ്സുകൾ. വാഴ്ത്തി – ഇന്ദ്രനെ. ഒടുവിൽ സരമയിൽനിന്ന് അറിവു കിട്ടിയതിനാൽ അവർ ആ മഖാധ്വത്തുണകളെ (യജ്ഞമാർഗ്ഗത്തിൽ തുണയ്ക്കുന്നവയായ പൈക്കളെ) കണ്ടെത്തി. അതറിഞ്ഞ് ഇവൻ (ഇന്ദ്രൻ) പണിഞ്ഞ് (അംഗിരസ്സുകളെ വണങ്ങി) മണ്ടിയണഞ്ഞാൻ – വേഗേന ഗുഹയിൽ പ്രവേശിച്ചു.

6. ബഹ്വന്നവും കോപ്പും – വളരെ അന്നവും മറ്റു ഭോജ്യങ്ങളും. ഏറ്റപോലെ – തന്റെ പ്രതിജ്ഞയനുസരിച്ച്. ഏകിനാൻ – ഇന്ദ്രൻ കൊടുത്തു. സൽപ്പാദ (നല്ല കാലുകളുള്ള സരമ) മുമ്പേ ചെന്നത്, ഒലി (പൈക്കളുടെ ഉമ്പാശബ്ദം) കേട്ടിട്ടാണ്; അതിനാൽ അവൾ ശാശ്വതീപാർശ്വത്തിൽ (സനാതനികളായ പൈക്കളുടെ അരികിൽ) എത്തി, ഇന്ദ്രനു വഴി കാട്ടിക്കൊണ്ട്.

7. സുമേധസ്സ് (നല്ല മേധയുള്ള ഇന്ദ്രൻ) സഖ്യമിച്ഛിച്ച് (അംഗിരസ്സുകളുമായി സഖ്യംകൊള്ളാൻ എഴുന്നള്ളി, ഗിരിഗുഹ പ്രാപിച്ചു. പർവതം സൽക്കർമ്മവാനായ് (നല്ല യുദ്ധം ചെയ്യുന്നവനായ ഇന്ദ്രനുവേണ്ടി) പ്രസവിച്ചു – പൈക്കളെ ഗുഹാഗർഭത്തിൽനിന്നു നിർഗ്ഗമിപ്പിച്ചു. യുവാന്വിതനായ (മരുത്തുക്കളോടുകൂടിയ) കൊൽവോൻ (അസുരഹന്താവായ ഇന്ദ്രൻ) ഗോധനം വീണ്ടേകി – ഗോക്കളെ വീണ്ടെടുത്ത് അംഗിരസ്സുകൾക്കു കൊടുത്തു. അംഗിരസ്സ് – അവരിൽ മൂപ്പുചെന്ന ഋഷി. ഈ ഇതിഹാസം മന്ത്രമണ്ഡലങ്ങളിലുണ്ട്.

8. സത്ത് = നല്ലത്. ശുഷ്ണഘ്നൻ – ശുഷ്ണാസുരനെ കൊന്നവൻ. അഗ്രഗൻ – യുദ്ധങ്ങളിൽ മുൻനില്ക്കുന്നവൻ. ഗോദൻ – അംഗിരസ്സുകൾക്കു പൈക്കളെ കൊടുത്തവൻ. മുദാ – നമ്മളിൽ പ്രീതിയോടേ.

9. സ്തുതിചെയ്തിരുന്നീടിനാർ – ഇന്ദ്രനെ സ്തുതിച്ചു സത്രമിരുന്നു. അവർ – അംഗിരസ്സുകൾ. മാസങ്ങൾ നോക്കും – യജ്ഞമാസങ്ങളെ കാത്തിരിയ്ക്കുന്ന. ഇസ്ഥിതി – സത്രമിരിപ്പ്.

10. സ്വന്തം – തങ്ങളുടെ പയ്യ്. സന്തതികൾക്കായ് – മക്കൾക്കു കൊടുക്കാൻ. തൽസ്വനം – അവരുടെ, അംഗിരസ്സുകളുടെ സ്വനം, ആഹ്ലാദജനിതമായ ആർപ്പ്. വെച്ച് – കാവലിന്നു നിയമിച്ച്.

11. തുണക്കാരും, വന്ദ്യരായ യാജ്യരും, മരുത്തുക്കൾതന്നെ. അവൻ – ഇന്ദ്രൻ. അർപ്പിച്ചു – യജ്ഞത്തിന്നായി കൊടുത്തേല്പിച്ചു. ഗോവിനെ – ജാത്യേകവചനം: ഗോക്കളെ. കാമ്യ = സ്പൃഹണീയ. ആഹുതിപ്പയ്യ് = ഹോമധേനു. ഇയ്യാൾ – യജമാനൻ; ഹസ്തനിർദ്ദേശം. നറുംമധു – മധുരമായ പാൽ.

12. താതനു – അച്ഛൻപോലെ രക്ഷിയ്ക്കുന്ന ഇന്ദ്രന്ന്. കേതനം – ഇരിപ്പിടം. നേർക്കു കാണിച്ച് – ഇന്ദ്രനുചിതമായ സ്ഥാനം നിർദ്ദേശിച്ച്. അസ്സുകൃതികൾ – അംഗിരസ്സുകൾ. മാതൃദ്വയം – ദ്യോവും ഭൂവും. മീതെ – സ്വർഗ്ഗത്തിൽ. സവേഗൻ – വേഗവാനായ ജന്ദ്രൻ. സത്രികൾ – സത്രമിരുന്നവർ, അംഗിരസ്സുകൾ.

13. വേർപെടുവാൻ – കൂട്ടിമുട്ടാതെ വിട്ടുനില്ക്കാൻ. ഉടൻതന്നെ വായ്ക്കും – വേണ്ടപ്പോൾ വലുതാവുന്ന. മഹാസ്തുതി – നമ്മുടെ വലിയ സ്തുതി. ആകയാൽ = അതുകൊണ്ട്. ഇന്ദ്രങ്കൽ – അവിടെ മേവുന്ന ഇന്ദ്രങ്കൽ. ചൊല്ലുകൾ – നമ്മുടെ സ്തുതികൾ. നിസർഗ്ഗജം = സ്വാഭാവികമാകുന്നു.

14. ത്വത്തുംഗസഖ്യം = അങ്ങയുടെ മഹത്തായ സഖ്യം. കെല്പ് – അങ്ങയുടെ കഴിവ്, ദാനം. മഘവാന്നു ഭൂരിബഡബകൾ (വളരെ പെൺകുതിരകൾ) എത്തും – വേണ്ട സമയത്തു വാഹനമായി വന്നുചേരും. വിദ്വാന്ന് – ഇന്ദ്രന്ന്. അയപ്പോം – ഞങ്ങൾ അയയ്ക്കുന്നു. അന്നം – ഹവിസ്സ്.

15. മിത്രർക്കു – സഖാക്കളായ നമുക്ക്. ചരം – ഗോക്കാൾ മുതലായ ജംഗമസ്വത്ത്. മിത്രൻ = സൂര്യൻ. ജനിപ്പിച്ചു – വെളിപ്പെടുത്തി.

16. ഉച്ചമൻ – ഉൽകൃഷ്ടമായ ശമം (ശാന്തി) ഉള്ളവൻ. ഈ വിഭു – സർവവ്യാപിയായ ഇന്ദ്രൻ. അൻപ് = ആഹ്ലാദം. സ്വച്ഛകവികളാൽ – പരിശുദ്ധരായ അഗ്നിവായുസൂര്യന്മാരെക്കൊണ്ട്. അവ – ജലങ്ങൾ. കർമ്മങ്ങൾ ചെയ്യിപ്പ – ആളുകളെ സ്വസ്വകർമ്മവ്യാപൃതരാക്കുന്നു.

17. സൂര – ഹേ ജഗൽപ്രേരക. മുതല്ക്കാരും (ആളുകൾക്കു പൊറുക്കാൻ വേണ്ടുന്നവ കൊടുക്കുന്നവരും) മഖാർഹ(യജനീയ)മാരുമായ ആ വെൺകുറുമ്പികൾ (വെളുത്ത പകലും കറുത്ത രാത്രിയും) പോവുകയും വരികയും ചെയ്യുന്നത്, അങ്ങയുടെ പ്രാഭവത്താലാകുന്നു. നേരേ നടക്കുന്ന = ഋജുഗതികളായ. കാമ്യർ = കമനീയർ. സഖാക്കൾ – മരുത്തുകൾ. ഗൌരവാൽ – മഹിമാവിനാൽ. വിഘ്നങ്ങൾ – കർമ്മം മുടക്കുന്നവർ.

18. സൂനൃതോക്തികളെ കീഴ്വെയ്ക്കു – ഞങ്ങളുടെ സത്യപ്രിയവാക്കുകൾക്കു (സ്തുതികൾക്കു) സ്വാമിയാവുക. വിസ്തൃതായുസ്സ് – മരണരഹിതൻ. യിയാസു – യജ്ഞഗമനേച്ഛു.

19. അംഗിരസ്തുല്യം = അംഗിരസ്സുകൾ അർച്ചിച്ചപോലെ. അപ്പുരാണനെ – സനാതനനായ ഇന്ദ്രനെ. സേവി = സേവിച്ചുപോരുന്നവൻ. താമസർ = തമോഗുണക്കാർ.

20. നിറയ്ക്കു – അക്ഷയജലമാക്കിനിർത്തിയാലും.

21. കറുമ്പർ – കർമ്മം മുടക്കുന്ന അസുരർ. നേർ = സത്യം. നല്കിയോൻ – അംഗിരസ്സുകൾക്കു പൈക്കളെ വീണ്ടുകൊടുത്ത ഇന്ദ്രൻ. പൂകിച്ച് – തൊഴുത്തിലാക്കി.

22. മുമ്പു വിവരിച്ചിരിയ്ക്കുന്നു.

## സൂക്തം 32.

വിശ്വാമിത്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കാകളി)

ഇന്ദ്ര, സോമേശ, കുടിയ്ക്കുകിസ്സോമനീർ:
നന്ദ്യമധ്യാഹ്നസവനമിതാ, തവ.
യുക്തഹരികളെ വിട്ടു തീററിയിഹ
മത്തടിപ്പിയ്ക്കു, മഘവന്നൃജീഷി നീ! (1)

പാൽ, കടകോലിവ ചേർന്ന സോമം നവം
നീ കുടിയ്ക്കേ;—ങ്ങൾ തരുന്നു, നിൻമത്തിനായ്;
രുദ്രരും, വാഴ്ത്തും മരുത്തുക്കളുമൊത്തു
തൃപ്തി പൂണ്ടിന്ദ്ര വർഷിയ്ക്കു, വയറ്റിൽ നീ! (2)

പേർത്തിന്ദ്ര, തേ ബലം, ശേഷി തേജസ്സിവ
വാഴ്ത്തി വളർത്തിയോരല്ലോ, മരുത്തുകൾ;
മധ്യാഹ്നികസവനത്തിലാ രുദ്രജ-
രൊത്തു കുടിയ്ക്കുക, വജ്രിൻ, സുശിപ്ര, നീ! (3)

ശക്തിയായ്നിന്ന മരുത്തുക്കൾതന്നെയാ-
ണ,ത്തേൻവചസ്സാലിറക്കിയതിന്ദ്രനെ:
തൽപ്രേരിതനിവൻ നേർക്കറിഞ്ഞാൻ, ധൃത-
ദർപ്പനാം വൃത്രന്റെ ദുർഗ്രഹമർമ്മവും! (4)

ഇന്ദ്ര, മനുവിന്റെപോലെ,ന്റെ യജ്ഞത്തിൽ-
നിന്നു കുടിയ്ക്കു, നീരീട്ടറ്റ വീറിനായ്;
വന്നെത്തുകോ,ടിനടക്കുന്ന യാജ്യരോ-
ടൊന്നിച്ചു; ഹര്യശ്വ, പെയ്ക, ദിവ്യോദകം! (5)

തത്തും ജലങ്ങളെ മൂടി നിഗൂഢമായ്
വർത്തിച്ച വൃത്രനെപ്പോരിട്ടു കൊന്നു നീ
തണ്ണീർകളെയിന്ദ്ര, വിട്ടുവല്ലോ, രണം-
തന്നിലോടാൻ തുരഗങ്ങളെപ്പോലവേ; (6)

ആ വളർന്ന മഹാനിന്ദ്രനെ സ്തോത്രേണ
സേവിപ്പു, ഞങ്ങളജരയുവാവിനെ;
ഓമൽവാനൂഴികളില്ലൊ,ന്നളന്നതി-
ല്ലീ, മഖയോഗ്യനാം സ്തുത്യന്റെ മേന്മയെ! (7)

ഇന്ദ്രന്റെ നല്ല കർമ്മങ്ങൾ, നാനാവ്രത-
മെന്നിവ തള്ളുന്നതില്ലാ,രുമമ്പരിൽ:
ദ്യോവൂഴിവാനങ്ങൾ നിർത്തിനാ,നിസ്സക-
ർമ്മാവുയദിപ്പിച്ചാൻ, മുറയ്ക്കുഷസ്സൂര്യരെ! (8)

സത്യ,മാ നിന്മഹിമാവിന്ദ്ര: സോമനീ-
രദ്രോഹ, നീ നുകർന്നല്ലോ, പിറപ്പിലേ;
കല്യ, നിൻത്രാണിയെത്തട്ടിമാററില്ല വി-

ണ്ണി,ല്ലഹസ്സി,ല്ല മാസങ്ങ,ളില്ലാണ്ടുകൾ! (9)

ഇന്ദ്ര, പിറപ്പിലേ ശ്രേഷ്ഠമാം സ്ഥാനത്തു
നിന്നു മത്തിന്നായ് നുകർന്നു, നീ സോമനീർ:
മന്നംബരങ്ങളുൾപ്പുകിയല്ലോ, ഭവാൻ;
പിന്നെപ്പഴകിയ കർമ്മകർത്താവുമായ്! (10)

നീരിൽപ്പരന്നുകിടന്ന കെല്പേറിയ
കാറിനെബ്ഭൂരിധാതാവേ, പിളർത്തി നീ;
ദ്യോവറിഞ്ഞീല, തന്നാസനമൊന്നിനാൽ-
ബ്ഭുവെ മറച്ചുനിന്നോരു നിൻ വൈഭവം! (11)

ഇന്ദ്ര, ഭവാനെ വളർത്തുമല്ലോ, മഖം:
നന്ദിപ്പു, സോമം പിഴിഞ്ഞ മേധത്തിൽ നീ;
യഷ്ടാവെ രക്ഷിയ്ക്ക, യാജ്യ, നീ; കാക്കട്ടെ,
വൃത്രവധത്തിൽ നിൻവജ്രത്തെയധ്വരം! (12)

പണ്ടുമിടയിലുമിന്നുമുള്ള നുതി-
കൊണ്ടു വളരുവോനാമിന്ദ്രനെജ്ജനം
ത്രാണകൃത്താം മഖംകൊണ്ടടുപ്പിയ്ക്കുന്നു;
ഞാനും വരുത്തുവൻ, പുത്തൻധനത്തിനായ്! (13)

ഇന്ദ്രനെ വാഴ്ത്തണം ദൂരദൂരപ്പക-
ലിന്നു മുമ്പെന്നു തോന്നുമ്പോൾച്ചമച്ചു ഞാൻ:
പാപം കടത്താൻ വിളിപ്പതുമപ്പോഴേ,
പാർശ്വദ്വയസ്ഥർ നൌഗാമിയെപ്പോലവേ! (14)

'സ്വോഹാ' നിറച്ചേൻ കുടത്തിൽ, നിൻപീതിയ്ക്ക,
വീഴ്ത്തുകാരൻ ജലം കോശത്തിലാംവിധം;
നിന്നെ വലംവെച്ചു ചുറ്റും നിരക്കട്ടെ,
നിന്മത്തിനിന്ദ്ര, നൽസ്വാദുറ്റ സോമനീർ! (15)

നിന്നെത്തടുക്കാ, പുരുഹൂത, ചുറ്റുമേ
നില്ക്കും മലകളുമാഴമുള്ളാഴിയും:
മിത്രാർത്ഥനാൽക്കെട്ടുത്തല്ലോ, ഭവാനിന്ദ്ര,
ഗർത്തസ്ഥനാം കരുത്തേറുമൂർവനെയും! (16)

ഞങ്ങൾ വിളിയ്ക്കുന്നു, കേൾക്കുമാറിന്ദ്രനെ,-
യിങ്ങു കൊറേറകം രണേ വായ്ക്കുമുഗ്രനെ,
സ്വത്തടക്കും മഘവാവിനെ, ത്രാണാർത്ഥ,-
മൊത്ത നേതാവിനെ,പ്പോരിൽ വൃത്രഘ്നനെ! (17)

## കുറിപ്പുകൾ: സൂക്തം 32.

1. സോമേശ=സോമത്തിന്റെ അധിപതേ. യുക്തഹരികളെ വിട്ടു–തേരിന്നു പൂട്ടിയ രണ്ടു ഹരികളെ അഴിച്ചുവിട്ട്. മത്തടിപ്പിയ്ക്കു–ഇമ്പപ്പെടുത്തിയാലും. ഋജീഷി=

ഋജീഷത്തോടുകൂടിയവൻ; ഋജീഷം = നീർ പിഴിഞ്ഞെടുത്ത സോമലതയുടെ ചണ്ടി; ഇത് ഇന്ദ്രന്നുള്ളതത്രേ.

2. രുദ്രരോടും അങ്ങയെ സ്തുതിയ്ക്കുന്ന മരുത്തുക്കളോടുംകൂടി തൃപ്തി പൂണ്ടു (സോമം മതിയാവോളം കുടിച്ചു) വയററിൽ വർഷിയ്ക്കു – ഉദരത്തിൽ ഒരു സോമനീർമഴ പെയ്യാലും!

3. രുദ്രജർ = രുദ്രപുത്രർ, മരുത്തുക്കൾ. സുശിപ്ര = നല്ല അണക്കടകളുള്ളവനേ.

4. ശക്തി – ഇന്ദ്രന്ന് ഒരു ബലമായിട്ടുള്ളവരത്രേ, മരുത്തുക്കൾ. അത്തേൻ വചസ്സാൽ – 'ഞങ്ങളുണ്ട്, സഹായിപ്പാൻ; അങ്ങു യുദ്ധത്തിലിറങ്ങിക്കൊള്ളുക' എന്നു മധുരമായി പറഞ്ഞ്. തൽപ്രേരിതനിവനൻ – അവർ പ്രേരിപ്പിച്ച ഇന്ദ്രൻ. ധൃതദർപ്പൻ – എന്നെ കൊല്ലാനാരുമമില്ലെന്ന ഗർവു പൂണ്ട. ദുർഗ്രഹമർമ്മവും – കണ്ടുപിടിയ്ക്കാവതല്ലാത്ത മർമ്മംപോലും.

5. മനുവിന്റെപോലെ – അങ്ങു മനുവിന്റെ യജ്ഞത്തിൽ സോമം കുടിച്ചുവല്ലോ; അതുപോലെ. വീറ് = വീര്യം. ഓടിനടക്കുന്ന യാജ്യർ – മരുത്തുക്കൾ. ദിവ്യോദകം – അന്തരിക്ഷസ്ഥമായ ജലം.

6. തത്തും – ഇളകിക്കളിയ്ക്കുന്ന. വിട്ടു – ഭൂമിയിലെയ്ക്കൊഴുക്കി.

7. സ്തോത്രേണ – സ്തോത്രംകൊണ്ട്, സ്തോത്രങ്ങൾ ചൊല്ലി. അജരയുവാവ് = ജരവരാത്ത നിത്യതരുണൻ. ഓമൽവാന്നുഴികൾ – പ്രിയപ്പെട്ട ദ്യാവാപൃഥിവികൾ. ഇല്ല, ഒന്നളന്നില്ല എന്ന ആവർത്തനം ആദരത്തിന്നാണ്. മേന്മ – മികവ്, മഹിമ.

8. കർമ്മങ്ങൾ – പൃഥിവ്യാദിനിർമ്മാണം. നാനാവ്രതം – യജ്ഞാദികൾ. ഉമ്പരിലാരും തള്ളുന്നതില്ല – ദേവന്മാരെല്ലാം ആദരിയ്ക്കുകതന്നെ ചെയ്യുന്നു. വാനം – അന്തരിക്ഷം. ഉഷസ്സൂര്യർ = ഉഷസ്സും സൂര്യനും.

9. നിന്മഹിമാവ് സത്യമാണ്, യഥാർത്ഥമാണ്. അദ്രോഹ – ദ്രോഹമില്ലാത്തവനേ. പിറപ്പിലേ = ജനിച്ചപ്പോൾത്തന്നെ. വിണ്ണും മറ്റും നിന്റെ ത്രാണിയെ അനുസരിയ്ക്കുകതന്നെ ചെയ്യുന്നു. കല്യ – ബലവാനേ.

10. പഴകിയ – കുട്ടിയാണെങ്കിലും, പഴക്കംവന്ന. മന്നംബരങ്ങൾ = ഭൂവും ദ്യോവും.

11. ഭൂരിധാതാവേ = വളരെ വസ്തുക്കളെ സൃഷ്ടിച്ചവനേ. ആസനമൊന്നിനാൽ – ഒരാസനം (കടിപ്രദേശം )കൊണ്ട്.

12. മഖം – ഞങ്ങളുടെ ഈ യാഗം. നന്ദിപ്പു – സന്തോഷിയ്ക്കുന്നു; മേധം (യജ്ഞം) അങ്ങയ്ക്കു പ്രിയമാണ്.

13. ഇടയിലും – ഇടക്കാലത്തും. ത്രാണകൃത്താം – തങ്ങളെ രക്ഷിയ്ക്കുന്നതായ.

14. ദൂരദൂരപ്പകലിന്നുമുമ്പ് – അതിദൂരസ്ഥമായ പകൽ വന്നു വിഘ്നമുണ്ടാക്കുന്നതിന്നു മുമ്പ്. ചമപ്പു – സ്തോത്രം രചിയ്ക്കുന്നു. അപ്പോൾത്തന്നെയാണ്, പാർശ്വദ്വയസ്ഥർ (ഇരുവശത്തും നില്ക്കുന്നവർ) പാപം കടത്തിവിടാൻ ഇന്ദ്രനെ വിളിയ്ക്കുന്നതും; പാർശ്വദ്വയസ്ഥർ (നദിയുടെ ഇരുകരയിലും നില്ക്കുന്നവർ) നൌഗാമിയെ (തോണിയിൽ പോകുന്നവനെ) തങ്ങളെയും പുഴ കടത്താൻ വിളിയ്ക്കുന്നതുപോലെ.

15. സ്വാഹാ – സ്വാഹാ എന്നുച്ചരിച്ച്. നിറച്ചേൻ – ഞാൻ സോമനീർ കുടത്തിൽ നിറച്ചു. പീതി = പാനം. വീഴ്ത്തുകാരൻ (വഴിയമ്പലത്തിൽ ആളുകൾക്കു വെള്ളം പകർന്നുകൊടുക്കുന്നവൻ) കുറെ വെള്ളമെടുത്തു, പകർന്നുകൊടുക്കാൻ പററിയ കോശത്തിൽ (ഒരുതരം പാത്രം) നിറച്ചുവെയ്ക്കുന്നതുപോലെ.

16. മിത്രാർത്ഥനാൽ – സഖാക്കളായ ദേവകൾ അപേക്ഷിച്ചതിനാൽ. ഗർത്തസ്ഥൻ = കുണ്ടിലിരിയ്ക്കുന്നവൻ. ഊർവൻ – ഔർവാഗ്നി.

## സൂക്തം 33.

വിശ്വാമിത്രൻ ഋഷി; ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

‘മലകളുടെ മടിയിൽ നിന്നു, കൊതിയ്ക്കുന്ന വിപാട്ടും ശുതുദ്രിയും, വിമുക്തകളായ രണ്ടു പെൺകുതിരകൾപോലെ ഇമ്പംപൂണ്ടും, നക്കാനിച്ഛിയ്ക്കുന്ന രണ്ടു തള്ളപ്പൈക്കൾപോലെ ശോഭിച്ചും, കുതിച്ചോടുന്നു. (1)

ഇന്ദ്രനാൽ അയയ്ക്കപ്പെട്ടു വിടചോദിയ്ക്കുന്ന നിങ്ങളിരുവരും സമ്മിളിതകളായി, തിരകളാൽ തഴപ്പിച്ചുകൊണ്ടു, രണ്ടു തേരാളികൾ പോലെ, നേരേ സമുദ്രത്തിലെയ്ക്കു പോകയാണ്; പ്രഭാവതികളേ, നിങ്ങളിൽ ഒരുവൾ മാറ്റവളോടു ചേരുന്നു! (2)

ഞാൻ ഉററമാതാവായ സിന്ധുവിനെ പ്രാപിച്ചു – ഞങ്ങൾ മഹതിയും സുഭഗയുമായ വിപാട്ടിന്റെ അടുക്കലെത്തി. കുട്ടിയെ നക്കാൻ രണ്ടു തള്ളപ്പൈക്കൾപോലെ, ഒരേ സ്ഥലത്തെയ്ക്കു പോവുകയാണിവർ!’ (3)

‘ഞങ്ങൾ ഈ വെള്ളത്താൽ തഴപ്പിച്ചുകൊണ്ടു, തമ്പുരാനരുളിയ സ്ഥലത്തെയ്ക്കു പോവുകയാണ്; യാത്രയിൽ പിന്തിരിയലില്ല. എന്തിനാണീ വിപ്രൻ നദികളെ വിളിയ്ക്കുന്നത്?’ (4)

‘തരംഗിണികളേ, ഞാൻ സോമത്തിന്നു പോവുകയാണ്; നിങ്ങളുടെ ഓട്ടം ഇത്തിരിനേരത്തെയ്ക്കു നിർത്തുവിൻ. കുശികന്റെ മകനായ ഞാൻ വലിയ സ്തുതികൊണ്ടു രക്ഷ നേടാൻവേണ്ടി സിന്ധുവിനെ നേരിട്ടു വിളിയ്ക്കുന്നു.’ (5)

‘ഇന്ദ്രനാണ്, ഞങ്ങളെ കുഴിച്ചത്: ആ വജ്രപാണി ജലത്തിൽ ചുഴന്നുനിന്ന മേഘത്തെ പിളർത്തി; സവിതാവും ശോഭനഹസ്തനുമായ തമ്പുരാൻ ഞങ്ങളെ കൊണ്ടുപോയി. തന്റെ അരുളപ്പാടിനാലാണ്, വെള്ളം നിറഞ്ഞ ഞങ്ങൾ പോകുന്നത്. (6)

ഇന്ദ്രന്റെ ആ വീരകർമ്മം – മേഘത്തെ ഛേദിച്ചത് – എന്നെന്നും വർണ്ണനീയമാകുന്നു. ചുഴന്നുകൂടിയവരെയും വജ്രംകൊണ്ടു വധിച്ചു. അതിനാൽ തണ്ണീരുകൾ സ്ഥാനം തേടി പോയ്ത്തുടങ്ങി. (7)

സ്തോതാവേ, ഭവാൻ കൊട്ടിഘോഷിച്ചുവല്ലോ, ആ വാക്കു മറക്കരുത്: മേലിലെ യുഗങ്ങളിൽ, ഉക്ഥം ചമയ്ക്കുന്ന ഭവാൻ ഞങ്ങളിൽ വന്നുകൊൾക; ഇപ്പോൾ ഞങ്ങളെ ആണുങ്ങളാക്കരുത്; ഭവാനു നമസ്കാരം!’ (8)

‘സഹോദരിമാരേ, സ്തോത്രക്കാരന്റെ വാക്കു നിങ്ങൾ കേൾക്കുകതന്നെ വേണം: അകലത്തുനിന്നു, വണ്ടിയും തേരുമായി നിങ്ങളെ പ്രാപിച്ചിരിയ്ക്കയാണ്, ഞാൻ; നദികളേ, നിങ്ങൾ നന്നായി താഴുവിൻ, കരകൾ സുഗമങ്ങളാക്കുവിൻ, വെള്ളം അച്ചുതണ്ടിൻറെ താഴേനിർത്തുവിൻ!’ (9)

സ്തോതാവേ, താങ്കൾ പറഞ്ഞതു ഞങ്ങൾ കേൾക്കാം: വണ്ടിയും തേരുമായി ദൂരത്തുനിന്നു വന്നിരിയ്ക്കയാണല്ലോ, താങ്കൾ. മുലകൊടുക്കുന്ന ഒരു സ്ത്രീയെന്നപോലെയും, – പുരുഷനെപ്പുണരാൻ ഒരു യുവതിയെന്നപോലെയും ഞങ്ങൾ താങ്കൾക്കുവേണ്ടി, താങ്കൾക്കുവേണ്ടി കുനിയാം!’ (10)

‘എന്നാൽ ഭരതർ നിങ്ങളെ കടക്കും – നിങ്ങൾ സമ്മതിച്ചതുകൊണ്ടും, ഇന്ദ്രനാൽ അയയ്ക്കപ്പെട്ടതാകകൊണ്ടും, സംഘം മാട്ടുകളെ കടത്തും: പോയ്ക്കൊള്ളാൻ മുമ്പ് അനുജ്ഞ തന്നുവല്ലോ; യജ്ഞാർഹകളായ നിങ്ങളെ ഞാൻ വഴിപോലെ സ്തുതിയ്ക്കുന്നു.’ (11)

ഭരതർ മാട്ടുകളോടുകൂടി കടന്നു. വിപ്രൻ വഴിപോലെ നദികളെ സ്തുതിച്ചു:– ‘നിങ്ങൾ അന്നവും നല്ല ധനവും ഉൽപ്പാദിപ്പിച്ചുകൊണ്ടു തോടുകളെ തഴപ്പിയ്ക്കുവിൻ –അവയെ നിറയ്ക്കുവിൻ! ഇനി, വേഗത്തിൽ പോയ്ക്കൊള്ളുവിൻ. (12)

ഓളം കയറുകളുടെ താഴേ പോകട്ടെ; വെള്ളം കടിഞാണുകളെ തൊടരുത്; ദുഷ്കൃതവും ദുരിതവുമില്ലാത്ത ദുർദ്ധഷമാരേ, നിങ്ങൾ പൊങ്ങിക്കളയരുതേ!’ (13)

## കുറിപ്പുകൾ: സൂക്തം 33.

1. കൊതിയ്ക്കുന്ന–സമുദ്രത്തിലെത്താനിച്ഛിയ്ക്കുന്ന. വിപാട്ടും ശുതുദ്രിയും–രണ്ടു നദികൾ. വിമുക്തകൾ=അഴിച്ചുവിടപ്പെട്ട. നക്കാൻ–കുട്ടിയെ. ഈ നദികൾതന്നെയായിരിയ്ക്കാം, പുരാണങ്ങളിലെ വിപാശയും ശതദ്രുവും.
2. തഴപ്പിച്ചുകൊണ്ടു–പരിസരങ്ങളിൽ സസ്യസമൃദ്ധിവരുത്തിക്കൊണ്ട്. ഒരുവൾ മററവളോടു ചേരുന്നു–പരസ്പരൈക്യം കൊള്ളുന്നു.
3. സിന്ധു–നദി, ശുതുദ്രി.
4. ഇങ്ങനെ സ്തുതിച്ച വിശ്വാമിത്രനോടു നദികളിരുവരും പറയുന്നു: തമ്പുരാൻ–ഇന്ദ്രൻ. നദികളെ–ഞങ്ങളെ.
5. വിശ്വാമിത്രന്റെ മറുപടി:
6. നദികൾ: സവിതാവ്=ജഗൽപ്രേരകൻ. കൊണ്ടുപോയി–സമുദ്രം നിറയ്ക്കാൻ. തന്റെ–അദ്ദേഹത്തിന്റെ.
7. ചുഴന്നുകൂടിയവർ–പ്രതിബന്ധകാരികളായ അസുരന്മാർ.
8. കൊട്ടിഘോഷിച്ചുവല്ലോ–ഞങ്ങളെ കേമമായി സ്തുതിയ്ക്കുകയും മറ്റും ചെയ്തുവല്ലോ. ആണുങ്ങളാക്കരുത്–ഏറെ സംസാരിപ്പിയ്ക്കരുത്. ഭവാനു നമസ്കാരം–പോയ്ക്കൊൾക എന്നു സാരം. സ്ത്രീകൾ പ്രകൃത്യാ മിതഭാഷിണികളാണ്.
9. സ്തോത്രക്കാരൻ–ഞാൻ. വെള്ളം അച്ചുതണ്ടിന്റെ കീഴ്ഭാഗംവരെയേ ഉള്ളു എങ്കിൽ, വണ്ടിയും തേരും കൊണ്ടുപോകാമല്ലോ. ഇതു വിശ്വാമിത്രവാക്യമാണ്.
10. നദികൾ: താങ്കൾക്കുവേണ്ടി എന്നതിന്റെ ആവർത്തനം ആദരദ്യോതകമാകുന്നു. കുനിയാം=കുമ്പിടാം, താഴാം.
11. വിശ്വാമിത്രൻ: ഭരതന്മാർ–ഭരതഗോത്രക്കാർ, ഞങ്ങൾ. സംഘം–എന്റെ ആളുകൾ.
13. കയറുകൾ–മാട്ടുകളുടെ, പൊങ്ങിക്കളയരുതേ–ഞങ്ങൾ അക്കരയിലെത്തുന്നതിന്നു മുമ്പ്.

## സൂക്തം 34.

വിശ്വാമിത്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കാകളി)

ഇന്ദ്രൻ പുരന്ദരൻ ഖ്യാപകാർത്ഥൻ പരാ-
സ്കന്ദി മഹസ്സാൽ വളർത്തീ, പകലിനെ;
വാഴ്ത്തലിൽത്തോഷാൽത്തിരുമൈ തടിയ്ക്കയാൽ
വാനൂഴി രണ്ടും നിറച്ചു, ബഹ്വായുധൻ! (1)

കെല്പുറ്റ പൂജ്യനാമങ്ങയെ വർണ്ണിച്ചു,
ഹൃൽപ്രേരിതമൊന്നു ചൊൽവന,ന്നാർത്ഥി ഞാൻ:
മുൻനടക്കുന്നവനല്ലോ, ഭവാനിന്ദ്ര,
വൃന്ദാരകർക്കും മനുഷ്യവൃന്ദത്തിനും! (2)

ഇന്ദ്രൻ തടുത്തു, വൻചെയ്തിയാൽ വൃത്രനെ;-
ക്കൊന്നു, മായാപരന്മാരെ നിവാരകൻ;
കാടനെക്കാംക്ഷയാ തോൾ വെട്ടി വീഴിച്ചു;
കാട്ടീ പുറത്ത,ല്ലിലുൾപ്പെട്ട ഗോക്കളെ! (3)

വിൺ നല്കമിന്ദ്രനുണ്ടാക്കീ പകലിനെ;
വെന്നു, സൈന്യത്തെയമർത്തംഗിരോയുതൻ;
മർത്ത്യന്നുവേണ്ടി വിളങ്ങിച്ചു സൂര്യനെ;
മെത്തിയ പോരിന്നു നേടീ വെളിച്ചവും! (4)

ഇന്ദ്രൻ കടന്നാൻ, നരൻപോലെ യോധർക്കു
കന്നിച്ച കോപ്പുമായ്, മെത്തിയ ഹിംസ്രരിൽ;
ചൊല്ലിവിട്ടാൻ, സ്തുതിപ്പോന്നീയുഷസ്സിനെ;-
യുല്ലസിപ്പിച്ചാനി,തിന്നു വെളുപ്പിതും! (5)

വാഴ്ത്തപ്പെടുന്നു, വമ്പാളുമീയിന്ദ്രന്റെ
വായ്പുറ്റവയാം വളരെ നൽച്ചെയ്തികൾ:
മാപാപികളെച്ചതച്ചാൻ കരുത്തിനാൽ,
മായയാൽ ദസ്യുക്കളേയുമരിന്ദമൻ! (6)

കുന്നിച്ച പോരാൽദ്ധനം നല്കി, വാഴ്ത്തുവോ-
ർക്കിന്ദ്രൻ, സതാംപതി, മർത്ത്യേഷ്ടപൂരകൻ;
ഇച്ചെയ്തികളെ യഷ്ടാവിൻ ഗൃഹത്തിൽവെ-
ച്ചുച്ചൈഃ സ്തുതിച്ചുപാടുന്നു, മേധാവികൾ! (7)

കെല്പേകമിന്ദ്രനെ,ജ്ജിഷ്ണുവെ, വിണ്ണിലും
തൃപ്പയസ്സിങ്കലും വാഴും വരേണ്യനെ,
വാനൂഴിയന്തരിക്ഷങ്ങൾ പകുത്തേകി-
യോനെശ്ശരിയ്ക്കുനമോദിപ്പു, വാഴ്ത്തികൾ! (8)

നല്കി,യശ്വങ്ങളെ; നല്കി, ദിനേശനെ;
നല്കി,യിന്ദ്രൻ പുരുഭോഗ്യയാം ഗോവിനെ;
നല്കി, പൊന്നിനുതൽ; ദസ്യുക്കളെക്കൊന്നു

നന്നായി രക്ഷിച്ചിതാര്യവർണ്ണങ്ങളെ! (9)

നല്കി, സസ്യങ്ങളെയിന്ദ്രൻ ദിനത്തെയും;
നല്കി, വൃക്ഷങ്ങളെയന്തരിക്ഷത്തെയും;
കീറി, മേഘത്തെ; വലച്ചൂ രിപുക്കളെ;-
പ്പാരാതടക്കി,യെതിർത്ത കരുത്തരെ! (10)

ഞങ്ങൾ വിളിയ്ക്കുന്നു, കേൾക്കുമാറിന്ദ്രനെ,-
യിങ്ങു കൊറ്റേകും രണേ വായ്ക്കുമുഗ്രനെ,
സ്വത്തടക്കും മഘവാവിനെ, ത്രാണാർത്ഥ,-
മൊത്ത നേതാവിനെ,പ്പോരിൽ വൃത്രഘ്നനെ! (11)

## കുറിപ്പുകൾ: സൂക്തം 34.

1. ധ്യാപകാർത്ഥൻ – തന്റെ മഹിമയെ പ്രഖ്യാപിയ്ക്കുന്ന ധനങ്ങളോടു കൂടിയവൻ; സമ്പത്സമൃദ്ധികൊണ്ടറിയാം, തന്റെ മഹിമ. പരാസ്കന്ദി = ശത്രുക്കളെ ആക്രമിയ്ക്കുന്നവൻ, ഹനിയ്ക്കുന്നവൻ. പൂർവാർദ്ധം ഇന്ദ്രന്റെ സൂര്യാത്മകത്വത്തെ വ്യഞ്ജിപ്പിയ്ക്കുന്നു. ബഹ്വായുധൻ = വളരെ ആയുധമുള്ളവൻ.
2. പ്രത്യക്ഷവചനം: ഹൃൽപ്രേരിതമാമൊന്നു – ഹൃദയത്തിൽനിന്നു പുറപ്പെട്ട ഒരു സ്തുതി.
3. മായാപരന്മാർ – അസുരന്മാർ. നിവാരകൻ – പരപ്രഹാരങ്ങളെ തടുക്കുന്നവൻ. കാടൻ – ഗോക്കളെ അപഹരിച്ചു വനങ്ങളിൽ ഒളിച്ചു നടന്ന അസുരൻ. കാംക്ഷയാ – ശത്രുവധാഭിലാഷത്താൽ. അങ്ങനെ അല്ലിലുൾപ്പെട്ട (രാത്രിയിൽ തിരോഹിതകളായ) ഗോക്കളെ പുറത്തുകാട്ടി, വീണ്ടുകൊണ്ടുപോന്നു.
4. സൈന്യം – ശത്രുസേന. അമർത്ത് – കീഴടക്കി.
5. നരൻപോലെ – ഒരു മനുഷ്യൻ പൊരുതാൻ പോകുന്നതുപോലെ. യോധർക്കു – പടയാളികൾക്കു കൊടുക്കാൻ. മെത്തിയ – യുദ്ധോത്സാഹത്താൽ തഴച്ച. ഹിംസ്രർ = ദ്രോഹികൾ. ഇത് – ഉഷസ്സ്. വെളുപ്പിതും (ഈ വെളുപ്പ്) ഉല്ലസിപ്പിച്ചാൻ – തന്റെ തേജസ്സുകൊണ്ടു വർദ്ധിപ്പിച്ചു.
6. വായ്പുറ്റവ = മഹത്തുക്കൾ.
7. പോരാൽ – യുദ്ധംകൊണ്ടു ധനം നേടി സ്തോതാക്കാൾക്കു കൊടുത്തു.
8. കെല്പേകും – ദുർബ്ബലർക്കു (യാചിച്ചാൽ) ബലം കൊടുക്കുന്ന. തൃപ്പയസ്സ് – ദിവ്യജലം. പകുത്തേകിയോനെ – അവിടങ്ങളിലെ നിവാസികൾക്ക്. അനുമോദിപ്പൂ – ഇന്ദ്രനെ മോദിപ്പിച്ചു, തങ്ങളും മോദിയ്ക്കുന്നു.
9. മരുത്തുകൾക്ക് അശ്വങ്ങളെ നല്കി; ലോകത്തിന്നു സൂര്യനെ; യജ്ഞപ്രവൃത്തർക്കു ഗോവിനെ; അർത്ഥികൾക്കു പൊന്നിനുതൽ (സ്വർണ്ണമയമായ ധനം).
10. ഉപഭോക്താക്കൾക്കു സസ്യങ്ങളെയും ആയുർന്നിർണ്ണയത്തിനു ദിവസങ്ങളെയും നല്കി യജ്ഞത്തിനു വൃക്ഷങ്ങളെയും, സഞ്ചരിപ്പാൻ അന്തരിക്ഷത്തെയും നല്കി.

## സൂക്തം 35.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കാകളി)

വായു നിയുത്തുക്കളെപ്പോലെ, തേരിന്നു
നീയാ ഹരികളെപ്പൂട്ടി നിന്നെങ്ങളിൽ
വന്നനുജ്ഞാതനായ്സ്സോമം നുകർന്നാലു:-
മിന്ദ്ര, തേ സ്വാഹാ തരാ,മെങ്ങൾ മത്തിനായ്! (1)

പൂട്ടിനിർത്താം, പുരുഹൂതന്റെ തേർമുന്നി-
ലോട്ടത്തിനാശുഹര്യശ്വദ്വയത്തെ ഞാൻ:
കൊണ്ടുവരട്ടെ,യതെല്ലാവിഭവും
കൊണ്ടു നിറഞ്ഞൊരീ യജ്ഞത്തിലിന്ദ്രനെ! (2)

ശത്രുഭീ പോക്കും യുവാരുണാശ്വങ്ങളെ-
യെത്തിച്ചഴിച്ചുവിട്ടുകി,ങ്ങു തിന്നുവാൻ;
അന്നവാൻ വർഷി നീയൊത്ത പൊരിയവി-
ലന്വഹം ഭക്ഷിയ്ക്ക; രക്ഷിയ്ക്ക, കർമ്മിയെ! (3)

മന്ത്രേണ പൂട്ടുവൻ, പോരിൽത്തുണയ്ക്കുന്ന
മന്ത്രയോക്തവ്യരാം നിൻദ്രുതാശ്വങ്ങളെ
നന്നായറിഞ്ഞു,റപ്പേറും സുഖത്തേരിൽ
വന്നാലുമിന്ദ്ര, സോമത്തിനു സൂരി നീ! (4)

അന്യയഷ്ടാക്കൾ സുഖിപ്പിയ്ക്കൊലാ, പുറം
മിന്നും വൃഷാക്കളാം നിന്റെ ഹരികളെ:
വിദ്രുതം മുമ്പേ വരികിങ്ങു; ഞങ്ങൾ തേ
തൃപ്തി വരുത്താം, പിഴിഞ്ഞ സോമങ്ങളാൽ! (5)

സോമമിതാ, തവ: വന്നാലുമിങ്ങി,ത്ത
കാമം നുകർന്നാലു,മുള്ളം തെളിഞ്ഞു നീ-
വാരുറ്റതാമീ മഖത്തിലിരുന്നിന്ദ്ര,
നീരിതെമ്പാട്ടും നിറയ്ക്ക, തൃക്കുക്ഷിയിൽ! (6)

ദർഭ വിരിച്ചു, പിഴിഞ്ഞു സോമം തവ;
നൽപ്പൊരി തീർത്തു, ഹരികൾക്കു തിന്നുവാൻ;
ഇങ്ങിരിയ്ക്കും പുരുസ്തുത്യൻ മരുദ്വത-
നങ്ങയ്ക്കു തന്നു ഹവിസ്സിന്ദ്ര, വർഷക. (7)

നേതാക്കളമ്മി, തണ്ണീരുമൊന്നിച്ചു തേ
പാൽ ദുകിയുണ്ടാക്കിനാരീ,യിനിപ്പുനീർ:
സ്വസ്തുതി കേട്ടു വന്നിന്ദ്ര, നുകർന്നാലു-
മുൾത്തെളിവോടിതു സുന്ദരൻ സൂരി നീ! (8)

ഏവരെക്കൊണ്ടാടി സോമത്തിലിന്ദ്ര, നീ;-
യേവർ നിന്നെ വളർത്താരേ;വർ നിന്റെയായ്;
ആ മരുത്തുക്കളൊത്തിന്ദ്ര, കൊതിയൊടി-

സ്സോമം കുടിയ്ക്ക, നീയഗ്നിതൻ നാക്കിനാൽ! (9)

ഞെക്കിപ്പിഴിഞ്ഞതു സേവിയ്ക്കുകിന്ദ്ര, നീ;-
യഗ്നിനാക്കാലോ കുടിയ്ക്ക, യഷ്ടവ്യ, നീ;
അധ്വര്യവോ ഹോമകാരനോ കൈക്കൊണ്ട
ശുദ്ധമാം ഹവ്യാംശമുണ്ണുക, ശക്ര, നീ! (10)

ഞങ്ങൾ വിളിയ്ക്കുന്നു, കേൾക്കുമാറിന്ദ്രനെ,-
യിങ്ങു കൊറേറകും രണേ വായ്ക്കുമുഗ്രനെ,
സ്വത്തടക്കും മഘവാവിനെ, ത്രാണാർത്ഥ,-
മൊത്ത നേതാവിനെ,പ്പോരിൽ വൃത്രഘ്നനെ! (11)

## കുറിപ്പുകൾ: സൂക്തം 35.

1. നിയുത്തുക്കൾ എന്ന പെൺകുതിരകളത്രേ, വായുവിന്റെ തേർ വലിപ്പാൻ. നിന്ന്– ഇത്തിരിനേരം നിന്നിട്ടു, പിന്നെ തേരിൽ കേറി. അനുജ്ഞാതനായ്–ഞങ്ങളുടെ അനു മതിയ്ക്കുശേഷം. തേ=അങ്ങയ്ക്ക്.
2. ആശുഹര്യശ്വദ്വയം=ശീഘ്രഗാമികളായ ഹരികളെന്ന രണ്ടു കുതിരകൾ. ഓട്ടത്തിന്– തേർ വലിച്ച് ഓടാൻ. അത്–രഥം.
3. യുവാരുണാശ്വങ്ങൾ=യുവാക്കളായ ചെംകുതിരകൾ. എത്തിച്ച്–കൊണ്ടുവന്ന്. ഒത്ത –സമാനരൂപമായ, ഒരേ മട്ടിലുള്ള.
4. മന്ത്രേണ=മന്ത്രംകൊണ്ട്. മന്ത്രയോക്തവ്യർ=മന്ത്രംകൊണ്ടു പൂട്ടാവുന്നവ. സുഖത്തേർ =നല്ല ദ്വാരങ്ങളുള്ള രഥം. സോമത്തിനു–സോമം കുടിപ്പാൻ.
5. അന്യയഷ്ടാക്കൾ (മറ്റുയാഗകർത്താക്കൾ) സുഖിപ്പിയ്ക്കൊലാ–ഞങ്ങൾതന്നെ വേണം, സുഖിപ്പിയ്ക്കുക. മുമ്പേ–മറ്റുള്ളവർ വരുന്നതിന്നുമുമ്പ്.
6. കാമം–ധാരാളം. വാരുറ്റത്–സമൃദ്ധം.
7. നൽപ്പൊരി=നല്ല പൊരിയവിൽ. ഇങ്ങ്–ദർഭവിരിപ്പിൽ.
8. ഇനിപ്പുനീർ–മാധുര്യമുള്ള സോമരസം. സ്വസ്തുതി=തന്നെക്കുറിച്ചുള്ള സ്തുതി. സൂരി– കർമ്മാഭിജ്ഞൻ.
9. സോമത്തിൽ കൊണ്ടാടി–സോമഭാഗം ഏർപ്പെടുത്തി, എന്നർത്ഥം. വളർത്താർ– യുദ്ധത്തിൽ പ്രോത്സാഹിപ്പിച്ചു. നിന്റെയായ്=ഭവദീയർതന്നെയായ്. നാക്ക്–ജ്വാല.
10. സേവിയ്ക്കു–കുടിച്ചാലും. കൈക്കൊണ്ട–അങ്ങയ്ക്കു തരാൻ കയ്യിലെടുത്ത.

## സൂക്തം 36.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കാകളി)

എന്നുമെന്നും മരുത്സംഗമപ്രാർത്ഥി നീ
നന്നായ് ഗ്രഹിയ്ക്ക, ധനാർത്ഥമിസ്സോമനീർ:
വായ്ക്കും, പിഴിഞ്ഞാൽപ്പിഴിഞ്ഞാലവിസ്സിനാൽ,
ശ്ലാഘ്യകർമ്മങ്ങൾകൊണ്ടേററം പുകഴ്ന്നവൻ! (1)

ഇന്ദ്രൻ മഹാൻ വൃഷപർവാവു, മത്താടി,
മുൻനാൾകളിൽദ്ദത്തമായ സോമത്തിനാൽ;
അമ്മികൾകൊണ്ടു പിഴിഞ്ഞ സുവർഷിയാ-
മിമ്മന്ത്രനീരിന്ദ്ര, വാങ്ങിക്കുടിയ്ക്ക, നീ! (2)

ഇന്ദ്ര, ഭവാനു മുല്പാടേ പിഴിഞ്ഞതാ-
ണിസ്സോമമെല്ലാം: കുടിയ്ക്ക, തടിയ്ക്ക, നീ;
ഇന്ദ്ര, നുത്യർഹ, മുൻസോമം നുകർന്നപോ-
ലിന്നും കുടിയ്ക്കുക, നവ്യനവ്യൻ ഭവാൻ! (3)

പോരിലമർത്തുവോൻ കൈകൾ കൊട്ടുന്നവൻ
പാറിപ്പു, ധൃഷ്ണുവാമുഗ്രതേജസ്സിനെ;
പാരിങ്കലുമൊതുങ്ങാറില്ല, തൃസ്സോമ-
നീരാൽ മദം കൊൾകെ ഹര്യശ്വനീ മഹാൻ! (4)

വായ്ക്കുന്നു, വീര്യത്തിനിന്ദ്രനുഗ്രൻ മഹാൻ;
വാഴ്ത്തപ്പെടുന്നൂ, കവികളാൽ വർഷകൻ;
ഭക്ഷ്യമിസ്സേവ്യന്നു നല്കുന്നു, ധേനുക്കൾ;
ദക്ഷിണയായും ഭവിപ്പിത,നേകകൾ! (5)

കുറാൽഗ്ഗമിയ്ക്കും നദികൾതൻ തോയങ്ങൾ
തേരാളർപോലെത്തുമല്ലോ,പയോധിയിൽ;
ഇത്ഥ,മീ വാനിനെക്കാൾപ്പോരുമിന്ദ്രനെ-
ത്തൃപ്തിപ്പെടുത്തു,മൊരിത്തിരി സോമനീർ. (6)

ആഴിയിൽച്ചേരാൻ കൊതിയ്ക്കും നദികൾപോ-
ലാ,ളുകളിന്ദ്രനു സോമനീർ തീർക്കുവാൻ
വള്ളി പിഴിഞ്ഞ,തിൻ ധാരയാൽശ്ശുദ്ധമാ
യുള്ള കയ്യാൽ വെടുപ്പാക്കുന്നു, തേനിനെ! (7)

ഇന്ദുനീരിൻ കയമാണിവന്റെ വയ;-
റിന്ദ്രനണയുന്നു, മുസ്സവനങ്ങളിൽ;
വൃത്രാരി ഭക്ഷ്യങ്ങൾ മുല്പാടശിയ്ക്കയാ-
ലത്രേ വിഭജിച്ചു, സോമരസങ്ങളെ! (8)

ഇങ്ങാശു കൊണ്ടുവരികാ,ർ വിലക്കുവാ?-
നെങ്ങൾക്കറിയാം; വസൂത്തമസ്വാമി, നീ;
ഇന്ദ്ര, നിൻതൃക്കയ്യിലുള്ള മഹാധനം

തന്നരുളേണ,മെങ്ങൾക്കു ഹര്യശ്വ, നീ! (9)

ഇന്ദ്ര, മഘവ,ന്നൃജീഷിൻ, ശുഭഹനോ,
തന്നരുൾകെ,ങ്ങൾക്കു കാമ്യം ബഹുധനം;
നൂറാണ്ടു വെയ്ക്കുകെ,ങ്ങൾക്കു ജീവിയ്ക്കുവാൻ;
ഭൂരിവീരന്മാരെയും തരികിന്ദ്ര, നീ! (10)

ഞങ്ങൾ വിളിയ്ക്കുന്നു, കേൾക്കുമാറിന്ദ്രനെ,-
യിങ്ങു കൊറേറകം രണേ വായ്ക്കുമുഗ്രനെ,
സ്വത്തടക്കും മഘവാവിനെ, ത്രാണാർത്ഥ,-
മൊത്ത നേതാവിനെ,പ്പോരിൽ വൃത്രഘ്നനെ! (11)

## കുറിപ്പുകൾ: സൂക്തം 36.

1. മരുത്സംഗമപ്രാർത്ഥി=മരുത്തുക്കളുടെ സംഗമം (കൂടിച്ചേരൽ) ഇച്ഛിയ്ക്കുന്നവൻ. ഗ്രഹിയ്ക്കു =സ്വീകരിച്ചാലും. ധനാർത്ഥം – ഞങ്ങൾക്കു ധനമുണ്ടാവാൻ. ഉത്തരാർദ്ധം പരോക്ഷം. പിഴിഞ്ഞാൽപ്പിഴിഞ്ഞാൽ – സോമം പിഴിയുമ്പോളൊക്കെ. അവിസ്സ്=ഹവിസ്സ്.
2. വൃഷപർവാവ് – ഫലവർഷികളായ കാലാവയവങ്ങളോടു(വർഷാദിഋതുക്കളോടു)കൂടിയവൻ; കാലസ്വരൂപനെന്നർത്ഥം. സുവർഷി – സ്വർഗ്ഗാദിഫലങ്ങളെ പെയ്തുകൊടുക്കുന്നത്. മന്ത്രനീർ – മന്ത്രം ജപിയ്ക്കപ്പെട്ട സോമരസം.
3. നവ്യനവ്യൻ – അതിനവീനൻ. ആദരാതിശയത്താലാണ്, ഇന്ദ്രപദാവൃത്തി.
4. അമർത്തുവോൻ – ശത്രുക്കളെ. കൈകൾ കൊട്ടുന്നവൻ – ശത്രുക്കളെ യുദ്ധത്തിന്നു കൈകൊട്ടിവിളിയ്ക്കുന്നവൻ. ധൃഷ്ണു=ധർഷകം. പാറിപ്പൂ – എങ്ങും പ്രസരിപ്പിയ്ക്കുന്നു. പാരിങ്കലും – പരപ്പേറിയ ഭൂമിയിൽപ്പോലും.
5. വീര്യത്തിന് – വീര്യം പ്രകടിപ്പിയ്ക്കാൻ. ഭക്ഷ്യം – ക്ഷീരാദി. അനേകകൾ – വളരെ ധേനുക്കൾ, ദക്ഷിണയായും ഭവിയ്ക്കുന്നു; ഇദ്ദേഹത്താൽ ദാനംചെയ്യപ്പെടുന്നു.
6. കൂറാൽ – സമുദ്രപ്രേമത്താൽ. എത്തുമല്ലോ – എത്തി പയോധിയെ പ്രീതിപ്പെടുത്തുമല്ലോ. ഇത്ഥം (ഇപ്രകാരം) ഒരിത്തിരി സോമനീർ വാനിനെക്കാൾ പോരും (അന്തരിക്ഷത്തെക്കാൾ വലുപ്പമുള്ള) ഇന്ദ്രനെ തൃപ്തിപ്പെടുത്തുന്നു. അല്പജലവും സമുദ്രത്തെ പ്രീണിപ്പിയ്ക്കും; അതുപോലെ, അല്പസോമം ഇന്ദ്രനെയും തൃപ്തനാക്കും.
7. വള്ളി – സോമലത. തേൻ – മധുരമായ സോമരസം.
8. ഇന്ദുനീരിന്റെ (സോമരസത്തിന്റെ) ഒരു കയമാണ്, ഇന്ദ്രന്റെ വയർ; അതിൽ വളരെ നീർ ഒതുങ്ങും. മുസ്സവനങ്ങൾ=മൂന്നു സവനങ്ങൾ. വിഭജിച്ചു – മധ്യാഹ്നസവനത്തിൽ ദേവന്മാർക്കു വീതിച്ചുകൊടുത്തു.
9. കൊണ്ടുവരിക – ധനം. ആർ വിലക്കുവാൻ – ആരും തടുക്കില്ല. വസൂത്തമസ്വാമി – മികച്ച ധനങ്ങളുടെ ഉടമസ്ഥൻ.
10. എങ്ങൾക്കു ജീവിയ്ക്കുവാൻ നൂറാണ്ടു വെയ്ക്കുക – ഞങ്ങളെ ശതായുസ്സുകളാക്കിയാലും. വീരന്മാർ – പുത്രന്മാർ.

## സൂക്തം 37.

വിശ്വാമിത്രൻ ഋഷി; ഗായത്രിയും അനുഷ്ടപ്പും ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഇന്ദ്രനേ, ഞങ്ങൾ വൃത്രന്റെ വധത്തിന്നുള്ള കെല്പിനും
പടയെപ്പേർത്തമർത്താനുമേർപ്പെടുത്തട്ടെ,യങ്ങയെ! (1)

ഇന്ദ്ര, നിൻതിരുവുള്ളത്തെ,ത്തിരുനോട്ടത്തെയും സമം
ഇങ്ങോട്ടാക്കട്ടെ, യജ്ഞത്തിൽ സ്തോത്രം ചൊൽവോർ ശതക്രതോ! (2)
ഇന്ദ്ര, നിൻതിരുനാമങ്ങളെല്ലാച്ചൊല്ലുകൾകൊണ്ടുമേ
യാചിയ്ക്കും, ഞങ്ങൾ മേനിക്കാരോടെതിർക്കെർശ്ശതക്രതോ! (3)

പൂജിപ്പൂ, ഞങ്ങളപരിമേയതേജസ്സമേതനെ,
മനുഷ്യരെബ്ഭരിപ്പോനെ,പ്പുരുസ്തുതനെ,യിന്ദ്രനെ! (4)

ഞാനിന്ദ്രനെ വിളിയ്ക്കുന്നേൻ, വൃത്രസംഹരണത്തിനും,
യുദ്ധങ്ങളിൽദ്ധനം കിട്ടുവാനുമായ്പ്പുരുഹൂതനെ! (5)

യുദ്ധങ്ങളിലമർത്താലും, ഭവാനിന്ദ്ര, ശതക്രതോ,
ഞങ്ങളങ്ങയൊടർത്ഥിപ്പൂ, വൃത്രനെക്കൊലചെയ്യുവാൻ! (6)

സ്വത്തിൽ,പ്പടപുറപ്പാടിൽ,പ്പോർ വെൽവോരിൽ,ബ്ബലത്തിലും
ഞെളിച്ചിലേവർക്ക;വരെക്കീഴമർത്തേണ,മിന്ദ്ര, നീ! (7)

ഉണർവ്വുറ്റ കരുത്തോടേ തിളങ്ങും സോമനീരിനെ
കുടിയ്ക്കു, നീ ഞങ്ങളുടെ രക്ഷയ്ക്കിന്ദ്ര, ശതക്രതോ! (8)

ഇന്ദ്ര, നിൻപഞ്ചവർഗ്ഗത്തിന്നുള്ള കെല്പുകളേവയോ,
ഭവദീയങ്ങളവ മേ കൈവരാവൂ, ശതക്രതോ! (9)

അങ്ങെത്തട്ടെ,യനല്പാന്നം; നല്ക, നീ ദുസ്തരം ധനം;
ഞങ്ങളിന്ദ്ര, തഴപ്പിയ്ക്കാം, ഭവാനുടെ കരുത്തിനെ! (10)

വജ്രിൻ, വരിക, ചാരത്തോദ്ദൂരത്തോനിന്നു ശക്ര, നീ-
ഉയർന്ന നിന്നുലകിൽനിന്നിങ്ങെഴുന്നള്ളുകി,ന്ദ്ര നീ! (11)

### കുറിപ്പുകൾ: സൂക്തം 37.

1. ഇന്ദ്രനേ – ഹേ ഇന്ദ്ര. പട – ശത്രുസൈന്യം.
2. സമം – ഒരുപോലെ.
3. നാമങ്ങൾ = പേരുകൾ, അഥവാ ബലങ്ങൾ. ചൊല്ലുകൾ – സ്തുതികൾ. മേനിക്കാർ – ഗർവിഷ്ഠരായ ശത്രുക്കൾ.
5. വൃത്രസംഹരണം = വൃത്രവധം. വിളിയ്ക്കുന്നേൻ – സോമപാനത്തിന്ന്. ധനം – ശത്രുവിജയം കൊണ്ട്.
6. അമർത്താലും – ശത്രുക്കളെ.
7. പോർ വെല്വോർ – ശൂരയോദ്ധാക്കൾ. ഞെളിച്ചിൽ – ഡംഭ്.

9. പഞ്ചവർഗ്ഗം – ദേവഗന്ധർവപിതൃക്കളും അസുരരക്ഷസ്സുകളും. ഭവദീയങ്ങൾ – ഭവാന്റെ തന്നെയാണല്ലോ, ആ കെല്പുകൾ.

10. അങ്ങ് – ഭവാന്റെ അരികിൽ. തഴപ്പിയ്ക്കാം – ഹവിസ്സുകൾകൊണ്ട്.

11. ഉയർന്ന നിന്നുലക് – സ്വർഗ്ഗം.

## സൂക്തം 38.

വിശ്വാമിത്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കാകളി)

‘തച്ചൻകണക്കേ മിനുക്കു സ്തവത്തെ നീ;-
യശ്വം ഭരം വഹിച്ചോടുന്നതിൻവിധം
ചേണുറ്റതാം പ്രിയമേർപ്പെട്ടനുഷ്ഠിച്ചു
കാണാവൂ, സന്മതി ഞാനക്കവികളെ!’ (1)

ചോദിയ്ക്ക, നാഥരോടക്കവിസംഭവം:
ചേതോയമാൽത്തീർത്തു, വിണ്ണസ്സുകൃതികൾ;
ചിത്തവേഗത്തൊടടെത്തട്ടേ, ഭവാങ്ക,ലീ-
യധ്വരേ ചൊല്ലുന്ന വർദ്ധകഗീതികൾ! (2)

ഗോപ്യമിങ്ങെങ്ങുമേ ചെയ്തു, ധനത്തിനായ്-
ക്കോപ്പണിയിച്ചി,ടചേർന്ന ഭൃദ്യോക്കളെ
അദ്രികൾ കൊണ്ടളന്ന,മ്മഹോർവികളെ
നിർത്തി,യതിർക്കുള്ളിൽ; നാട്ടി,യൂന്നുമവർ! (3)

തേരിൽ വാഴ്വോനെച്ചമയിച്ചു, സർവരും:
തേജസ്സുടുത്തു ചരിപ്പൂ സ്വയംപ്രഭൻ;
പ്രേരകനാം വൃഷാവിന്റെയത്തൂത്തനു
വാരുറ്റതേ! വാഴ്വു, വിശ്വരൂപൻ ജലേ! (4)

മൂത്തവനായ ചിരന്തനൻ വർഷകൻ
തീർത്തതല്ലോ, പെരുതാമിക്കുളിർജലം;
തുംഗാഭയഷ്ട സ്തുതികളാൽക്കൈക്കൊൾവൂ,
നിങ്ങൾ വിൺ താങ്ങുമിരുപുരാന്മാർ ധനം! (5)

നിങ്ങൾ പുരാന്മാർ മഖത്തിൽച്ചമയിപ്പൂ,
തിങ്ങിയ വാരുറ്റ മുസ്സവനങ്ങളെ:
അങ്ങു വരില്ലയോ! കണ്ടേൻ, ക്രതുവിതിൽ
ത്വംഗൽപ്രകാശരാം ഗന്ധർവരെ ഹ്രദി. (6)

ഈ വൃഷാവിനെവർ ധേനുനാമാഢ്യയാം
ഗോവിങ്കൽനിന്നസ്സുഭോജ്യം കറന്നുവോ;
നവ്യാസുരക്കെല്ലുടുത്തഥ മായയാ
സ്വവ്യക്തി ചേർത്താരിവങ്കലളന്നവർ! (7)

എണ്ണുമാരി,സ്സവിതാവാകുമെന്നുടെ
പൊന്നൊളി? – യേവനിതിനെബ്ഭുജിയ്ക്കുമോ;
ഒക്കെപ്പുലർത്തുന്ന ഭൃദ്യോക്കളെക്കയ്യിൽ
വെയ്ക്കും, കിടാങ്ങളെ സ്ത്രീപോലെയാ സ്തുതൻ; (8)

വാനവശ്രേയസ്സിനൊത്ത ഭവ്യം സ്തുതി-
പ്പോനേകുവോർ നിങ്ങളെങ്ങളിൽ നില്ക്കണം:
ദേവകളേവരും കാണുന്നു, കാക്കുന്ന

നാവുള്ള നിത്യന്റെ നൈകകർമ്മങ്ങളെ! (9)

ഞങ്ങൾ വിളിയ്ക്കുന്നു, കേൾക്കുമാറിന്ദ്രനെ,-
യിങ്ങു കൊററേകും രണേ വായ്ക്കുമുഗ്രനെ,
സ്വത്തടക്കും മഘവാവിനെ, ത്രാണാർത്ഥ,-
മൊത്ത നേതാവിനെ,പ്പോരിൽ വൃത്രഘ്നനെ! (10)

## കുറിപ്പുകൾ: സൂക്തം 38.

1. യജമാനൻ സ്തോതാവിനോടു പറയുന്നു: തച്ചൻകണക്കേ – ആശാരി മരത്തിന്നു മിനുസം വരുത്തുന്നതുപോലെ. പ്രിയം – ഇന്ദ്രന്നു പ്രീതികരമായ കർമ്മം. സന്മതി – വിശുദ്ധമനസ്കൻ. കവികൾ – മുമ്പു യജ്ഞമനുഷ്ഠിച്ചു ദേവത്വം പ്രാപിച്ചവർ. ഞാൻ സ്വർഗ്ഗവാസം ഇച്ഛിയ്ക്കുന്നു എന്നർത്ഥം.
2. ഇന്ദ്രനോടു നേരിട്ട്: അക്കവികളുടെ ഉൽപത്തിയും മററും ഭവാൻ നാഥരോടു (ഗുരുനാഥന്മാരോടു) ചോദിച്ചാലും: ആ സുകൃതികൾ സ്വർഗ്ഗം തീർത്തതു (സ്വർഗ്ഗവാസം നേടിയതു) ചേതോയമ(മനസ്സംയമ)ത്താലാകുന്നു. വർദ്ധകഗീതികൾ = വളർത്തുന്ന പാട്ടുകൾ, സ്തുതികൾ.
3. ഗോപ്യം – രഹസ്യകർമ്മങ്ങൾ. കോപ്പണിയിച്ച് – ഭൂമിയെ ഓഷധികൾകൊണ്ടും ദ്യോവിനെ ദേവകളെക്കൊണ്ടും അലംകരിച്ച്. അമ്മഹോർവികളെ – മഹതികളും ഉർവി(വിശാല)കളുമായ ഭൂദ്യോക്കളെ. അവർ – കവികൾ
4. തേരിൽ വാഴ്വോനെ – രഥസ്ഥനായ ഇന്ദ്രനെ. സർവരും – കവികളെല്ലാവരും. വാരുററതേ – മഹത്തുതന്നെ. ജലേ വാഴ്വു – വരുണരൂപനായി വെള്ളത്തിൽ വസിയ്ക്കുന്നു.
5. മൂത്തവൻ – വയസ്സേറിയവൻ. ശുംഗാഭയഷ്ട്യസ്തുതികൾ = ശോഭയേറിയ യഷ്ടാവിന്റെ സ്തുതികൾ. ധനം കൈക്കൊൾവു – ഞങ്ങൾക്കു തരാൻ കയ്യിൽ വെയ്ക്കുന്നു. നിങ്ങൾ – ഇന്ദ്രവരുണന്മാരോടു പറയുന്നതാണിത്: ഇരുപുരാന്മാർ = രണ്ടു രാജാക്കന്മാർ.
6. തിങ്ങിയ – വിഭവങ്ങൾ നിറഞ്ഞ. വാരുററ = വിശാലങ്ങളായ. ചമയിപ്പു – മൂന്നു സവനങ്ങൾക്കും ഒരലങ്കാരമാണ്, നിങ്ങളുടെ സന്നിധാനം. ഗന്ധർവരെ – സോമരക്ഷകരായ സ്വാനപ്രഭൃതിഗന്ധർവന്മാരെ. ഞാൻ ഹൃദാ (മനസ്സുകൊണ്ടു) കണ്ടു. ത്വംഗൽപ്രകാശർ = പ്രസരിയ്ക്കുന്ന പ്രഭയോടുകൂടിയവർ.
7. ധേനുനാമാഢ്യ = ധേനുവിന്റെ പേരുകളുള്ള. സുഭോജ്യം – ക്ഷീരാദി. അവർ – കവികൾ. നവ്യാസുരക്കെല്പെടുത്ത് – പുതിയ അസുരബലം ധരിച്ച്. സ്വവ്യക്തി = സ്വന്തംരൂപം ഇവങ്കൽ അളന്നു തിട്ടപ്പെടുത്തി ചേർത്തു. അർത്ഥം ചിന്ത്യം.
8. ഇന്ദ്രൻ താൻതന്നെ പറയുന്നു: പൊന്നൊളി = കനകതുല്യമായ കാന്തി. എന്റെ പൊന്നൊളിയെ ഭജിയ്ക്കുന്ന സ്തുതന്നു വാനൃഴികൾ, ഒരമ്മയ്ക്കു കിടാങ്ങളെന്നപോലെ വശത്താകും.
9. ഇന്ദ്രവരുണന്മാരോട്: ഭവ്യം = നന്മ. നില്ക്കണം – രക്ഷകരാകണം. ഉത്തരാർദ്ധം പരോക്ഷവചനം: കാക്കുന്ന നാവുള്ള – 'പേടിയ്ക്കേണ്ടാ' എന്നും മററും ആശ്വസിപ്പിച്ച്, ഭക്തരെ രക്ഷിയ്ക്കുന്ന. നിത്യന്റെ – ശാശ്വതനായ ഇന്ദ്രന്റെ. നൈകകർമ്മങ്ങൾ – വൃത്രവധാദികളായ വളരെ കർമ്മങ്ങൾ.

## സൂക്തം 39.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കാകളി)

സ്തോതാക്കൾ നിർമ്മിച്ച മാനസപ്രോക്തമാം
സ്തോത്രമണയുന്നു, നാഥനാമിന്ദ്രനിൽ:
ചൊല്ലും, മഖത്തിലുണർച്ചയ്ക്കിത; – ങ്ങയെ-
ച്ചൊല്ലി ഞാൻ നിർമ്മിപ്പതുൾക്കൊള്ളുകി,ന്ദ്ര നീ! (1)

പാടേ പിറക്കുന്ന സൂര്യന്റെയും മുമ്പു,
പാടപ്പെട്ടുന്നു മഖത്തിലുണർവിനായ്,
മംഗളശുഭ്രവസ്ത്രങ്ങളുടുക്കുന്നു,
ഞങ്ങൾതൻ പൈതൃകം, പണ്ടേത്തതി,സ്തുതി! (2)

പെറ്റാളിണയെ,യിരട്ടപെറുന്നവൾ;
ചെറ്റല്ലിളകുന്നു നാവിന്റെ തുമ്പിഹ;
കൃത്യങ്ങളിൽച്ചേർന്നിടുന്നു, പകൽച്ചോട്ടി-
ലെത്തിയ നാശിതധ്വാന്തരാ രണ്ടുപേർ! (3)

ഗോതതിയ്ക്കായിപ്പൊരുതിയ ഞങ്ങൾതൻ-
താതരെ നിന്ദിയ്ക്കുകില്ലൊരു മർത്ത്യനും:
വമ്പുറ്റ കർമ്മവാനിന്ദ്രനല്ലോ, സ്വയം
സംഭരിച്ചേകി, യിവർക്കു പശുക്കളെ! (4)

നിന്ന സഖാക്കൾ നവഗ്വരൊത്തു സഖാ-
വിന്ദ്രൻ കുനിഞ്ഞെങ്ങു പൂകിയോ ഗോക്കളിൽ;
അങ്ങു ദശഗ്വർ പത്താളൊത്തു കണ്ടെത്തി,-
യല്ലിൽക്കിടക്കുന്ന സത്യനാം സൂര്യനെ. (5)

ഉണ്ടു തേൻ ഗോവിങ്കലെന്നറിഞ്ഞണ്ടർകോൻ
കൊണ്ടുപോന്നു, കാൽകുളമ്പുള്ള പൈക്കളെ;
കുണ്ടിൽ മറഞ്ഞോനെ, വാനിലൊളിച്ചോനെ
മണ്ടിപ്പിടിച്ചാൻ, വലംകൈക്കു ദാനവാൻ! (6)

ശോഭ പൂണ്ടാനി,രുൾ വിട്ടുതെളിഞ്ഞവൻ!
പാപമകന്നെങ്ങൾ നിർഭയരാകണം:
സോമപ, സോമപ്രവൃദ്ധ, പരന്തപൻ
നീയിന്ദ്ര, കേട്ടാലു,മിസ്തോതൃഗീതികൾ! (7)

സൂരൻ മഖാർത്ഥം ലസിയ്ക്ക, വാന്യഴിയിൽ;-
ബ്ഭൂരിയാം പാപമടക്കരുതെങ്ങളിൽ;
നേരിടുവിച്ചിടാവുന്ന വസുക്കളേ,
വാരുറ്റ സമ്പത്തു നേടണം, ത്യാഗവാൻ. (8)

ഞങ്ങൾ വിളിയ്ക്കുന്നു, കേൾക്കുമാറിന്ദ്രനെ,-
യിങ്ങു കൊറേറകം രണേ വായ്ക്കുമുഗ്രനെ,
സ്വത്തടക്കും മഘവാവിനെ, ത്രാണാർത്ഥ,-

മൊത്ത നേതാവിനെ,പ്പോരിൽ വൃത്രഘ്നനെ. (9)

## കുറിപ്പുകൾ: സൂക്തം 39.

1. മാനസപ്രോക്തം = മനസ്സിനാൽ ചൊല്ലപ്പെട്ടത്; ഹൃദയത്തിൽനിന്നു പുറപ്പെട്ടത്. നാഥൻ – സർവേശ്വരൻ. ഉത്തരാർദ്ധം പ്രത്യക്ഷോക്തി: ഞാൻ നിർമ്മിപ്പത് – എന്റെ സ്തോത്രം. ഉൾക്കൊള്ളുക = മനസ്സിൽ വെയ്ക്കുക; കേട്ടു പ്രസാദിച്ചാലും.
2. ഞങ്ങളുടെ പൈതൃകമായ (പരമ്പരാസിദ്ധമായ) ഈ പുരാതനസ്തുതി സൂര്യനുദിയ്ക്കുന്നതിന്നുമുമ്പു പിറക്കും; ഉഷസ്സിൽ ഉച്ചരിയ്ക്കപ്പെട്ടുതുടങ്ങും. വസ്ത്രങ്ങൾ – തേജസ്സ്.
3. ഉഷസ്സിനെപ്പററി: ഇരട്ടപെറുന്നവൾ – ഉഷോദേവത. ഇണയെ – രണ്ടുകുട്ടികളെ, അശ്വിദേവന്മാരെ; അശ്വികളെ സ്തുതിയ്ക്കുക ഉഷഃകാലത്താകയാൽ, അതിനെ പ്രസവമാക്കിക്കല്പിച്ചിരിയ്ക്കുന്നു. ഇവരിരുവരെ ഒപ്പം പ്രസവിയ്ക്കുന്നതിനാലാണ്, ഉഷോഭിമാനിദേവത ഇരട്ടപെറുന്നവളായതും. ഇഹ (ഇപ്പോൾ) എന്റെ നാവിന്റെ തുമ്പു തുലോം ഇളകുന്നു, അശ്വികളെ സ്തുതിപ്പാൻ. പകൽച്ചോട്ടിൽ – പുലരിയിൽ. നാശിതധ്വാന്തർ = ഇരുട്ടിനെ നശിപ്പിച്ചവർ. ആ രണ്ടുപേർ – അശ്വികൾ.
4. ഗോതതി = ഗോസമൂഹം. ഞങ്ങൾതൻ താതർ – അംഗിരസ്സുകൾ.
5. നവഗ്വ – ദശഗ്വരെപ്പററി മുമ്പു വിവരിച്ചിട്ടുണ്ട്. നിന്നു – ഇന്ദ്രന്റെ നാലുവശത്തും സ്ഥിതിചെയ്തു. കുനിഞ്ഞ് – ഗുഹയിലെയ്ക്കിറങ്ങുമ്പോൾ തല മുട്ടാതിരിപ്പാൻ. അല്ല് = ഇരുട്ട്. സത്യൻ – യഥാർത്ഥപ്രകാശൻ.
6. തേൻ – മധുരമായ പാൽ. കുണ്ടിൽ (ഗുഹയിൽ) മറകയും വാനിൽ (അന്തരിക്ഷത്തിൽ) ഒളിയ്ക്കുകയും ചെയ്തിരുന്ന അസുരനെ മണ്ടിച്ചെന്നു വലംകൈക്കുപിടിച്ചു. ദാനവാൻ – ഔദാര്യശാലി.
7. അവൻ – സൂര്യാത്മകനായ ഇന്ദ്രൻ. സ്തോതൃഗീതികൾ = സ്തോതാവിന്റെ പാട്ടുകൾ, സ്തുതികൾ. നേരിടുവിച്ചിടാവുന്ന – സ്തുതികൊണ്ട് അഭിമുഖീകരിയ്ക്കപ്പെടാവുന്ന. വസുക്കളേ – ഇന്ദ്രാദികളേ. ത്യാഗവാൻ = ദാനശീലൻ.

രണ്ടാമധ്യായം സമാപ്തം.

# ഋഗ്വേദം: മൂന്നാം അഷ്ടകം

## മൂന്നാം അദ്ധ്യായം

മണ്ഡലം 3 അനുവാകം 4

## സൂക്തം 40.

വിശ്വാമിത്രൻ ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഇന്ദ്ര, സോമം പിഴിഞ്ഞെങ്ങൾ വർഷിതാവാകുമങ്ങയെ
വിളിയ്ക്കുന്നു: കുടിച്ചാലും, മത്തുണ്ടാക്കുന്ന നീർ ഭവാൻ! (1)

ഇന്ദ്ര ബുദ്ധികരം സോമം പിഴിഞ്ഞതു സകൌതുകം
കുടിയ്ക്ക, തൃപ്തിയ്ക്കുദരം നിറയ്ക്കുക, പുരുസ്തുത! (2)

ഇന്ദ്ര, വാഴ്ത്തപ്പെടുന്നോനേ, സർവദേവാന്വിതൻ ഭവാൻ
വളർത്തുകെ,ങ്ങൾതൻ ഹവ്യം ചേർന്ന യജ്ഞം മരുൽപതേ! (3)

ഇതാ, പിഴിഞ്ഞ ശുചിയാമിമ്പമേകുന്ന സോമനീർ
പൂകുന്നു, നിൻതിരുവയർക്കുള്ളിലിന്ദ്ര, സതാംപതേ! (4)

നിറുത്തുകിന്ദ്ര, പിഴിയപ്പെട്ട സോമം വയറ്റിൽ നീ:
നിൻദ്യോവിൽ മേവുവോന്നല്ലോ വരണീയമിതുജ്ജ്വലം! (5)

കുടിയ്ക്കുകെങ്ങൾതൻ സോമം മധുധാരാർദ്രനായ്ബ്ഭവാൻ:
സ്തുതിസേവ്യ, ഭവാനാൽത്താനന്നമിന്ദ്ര, വിശോധിതം! (6)

ഇന്ദ്രങ്കലല്ലോ, പൂർണ്ണങ്ങൾ സേവകന്റെ വിഭൂതികൾ
ചെന്നുചേരുന്നു: സോമത്തിൻപാനാൽ വളരുവോനവൻ! (7)

ചാരത്തുനിന്നോ ദൂരത്തുനിന്നോ വന്നെത്തുകെങ്ങളിൽ;
വൃത്രഘ്ന, നീ ചെവിക്കൊള്ളുകീ, ഞങ്ങളുടെ വാക്കുകൾ! (8)

ദൂരാന്തികങ്ങൾക്കിടയിലെങ്ങർച്ചിയ്ക്കപ്പെടുന്നുവോ;
അങ്ങുനിന്നിവിടത്തിങ്കലെഴുന്നള്ളേണമിന്ദ്ര, നീ! (9)

### കുറിപ്പുകൾ: സൂക്തം 40.

2. ബുദ്ധികരം = പ്രജ്ഞാജനകം.
3. മരുൽപതി = മരുത്തുക്കളുടെ അധിപതി.
5. ഇത് – സോമം.
6. മധുധാരാർദ്രൻ – മാദകമായ സോമനീർകൊണ്ടു നനഞ്ഞവൻ. ഞങ്ങളുടെ അന്നം വിശുദ്ധീകരിയ്ക്കുന്നതു ഭവാൻതന്നെയാണല്ലോ.
7. സേവകന്റെ (സേവിയ്ക്കുന്നവന്റെ) പൂർണ്ണങ്ങ(അന്യൂനങ്ങ)ളായ വിഭവങ്ങൾ ഇന്ദ്രങ്കലാണ്, ചെന്നുചേരുന്നത്.
8. ഈ വാക്കുകൾ – സ്തുതികൾ.
9. ദൂരാന്തികങ്ങൾ – ദൂരദേശവും സമീപദേശവും.

## സൂക്തം 41.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

വജ്രിൻ, വിളിയ്ക്കപ്പെട്ടീട്ടുമങ്ങിന്ദ്ര, ഹരിയുക്തനായ്
വരികെ,ൻപക്കലെയ്ക്കാശു ഞങ്ങൾതൻ സോമമുണ്ണുവാൻ! (1)

ഹോതാവിരുന്നു, നേരത്തേ; വിരിയ്ക്കപ്പെട്ടു ദർഭകൾ;
തമ്മിൽച്ചേർന്നു, പ്രഭാതത്തിലെങ്ങൾതൻ ചതകല്ലുകൾ! (2)

ഇതാ, നുത്യർഹ, നുതികളുച്ചരിയ്ക്കപ്പെടുന്നു തേ:
ഇരിയ്ക്ക, ദർഭയിൽശ്ശൂര; പുരോഡാശമശിയ്ക്ക നീ! (3)

രമിയ്ക്ക, ഞങ്ങളുടെയീ സ്തോത്രത്തിൽ,സ്സവനങ്ങളിൽ,
ഉക്ഥങ്ങളിലുമങ്ങിന്ദ്ര, വൃത്രഘ്ന, നുതിസേവ്യനേ! (4)

ബലേശനാം മഹാനായ സോമം നുകരുമിന്ദ്രനെ
നക്കുന്നു, കുട്ടിയെത്തള്ളപ്പൈക്കൾപോലിസ്തവോക്തികൾ! (5)

ആ നീ ഹർഷിയ്ക്ക, മെയ്യോടേ സോമത്താൽ വൻധനത്തിനായ്:
നിന്ദയ്ക്കു പാത്രമാക്കൊല്ലേ, സ്തോത്രകർത്താവിനെബ്ഭവാൻ! (6)

ഇന്ദ്ര, നിന്നെക്കൊതിച്ചെങ്ങൾ വാഴ്ത്തുന്നു, ഭൃതഹവ്യരായ്;
വസോ, ഞങ്ങളെയിച്ഛിപ്പോനായിത്തീരേണമങ്ങയും! (7)

അഴിച്ചുവിടൊലാ, ഞങ്ങളറിയാതെ ഹരിപ്രിയ:
വരികിങ്ങോട്ടു;– നവാനാമിന്ദ്ര, മത്താടുകിങ്ങു നീ! (8)

നൈയുകുമക്കേസരികളിന്ദ്ര, നൽത്തേരിലങ്ങയെ
ഇങ്ങോട്ടു കൊണ്ടുപോരട്ടേ, ദർഭപ്പായിലിരുത്തുവാൻ! (9)

## കുറിപ്പുകൾ: സൂക്തം 41.

2. നേരത്തേ = സമയത്തുതന്നെ. ചതകല്ലുകൾ – അമ്മിയും അമ്മിക്കുഴയും.
3. തേ – അങ്ങയ്ക്കായി.
4. അങ്ങ് = ഭവാൻ. നുതിസേവ്യനേ = സ്തോത്രങ്ങൾകൊണ്ടു സേവിയ്ക്കപ്പെടേണ്ടവനേ.
5. ബലേശൻ – ബലത്തിന്റെ ഉടമസ്ഥൻ. ഈ സ്തവോക്തികൾ – ഞങ്ങളുടെ സ്തുതികൾ. നക്കുന്നു – സുഖിപ്പിയ്ക്കുന്നു; ഇന്ദ്രങ്കലണയുന്നു എന്നു സാരം.
6. ആ – അപ്രകാരമിരിയ്ക്കുന്ന. നീ സോമത്താൽ (സോമംകുടിച്ച്) മെയ്യോടേ ഹർഷിയ്ക്ക – ദേഹത്തിലാകെ ഇമ്പം പൂണ്ടാലും. വൻധനത്തിന്നായ് – ഞങ്ങൾക്കു വമ്പിച്ച മുതൽ തരാൻ.
7. ഭൃതഹവ്യർ = ഹവിസ്സൊരുക്കിയവർ.
8. ഞങ്ങളറിയാതെ ഹരികളെ അഴിച്ചുവിട്ടേയ്ക്കരുതേ; അവയെ തേരിനു പൂട്ടിത്തന്നേ ഇങ്ങോട്ടു വരിക. ഇങ്ങു – യജ്ഞത്തിൽ സോമം കുടിച്ചു മദംകൊണ്ടാലും.
9. നൈ – ഓട്ടത്താലുണ്ടായ വിയർപ്പ്. കേസരികൾ = അശ്വങ്ങൾ. നൽത്തേരിൽ – സുഖകരമായ രഥത്തിൽ. ദർഭപ്പായിൽ – ദർഭവിരിപ്പിൽ.

## സൂക്തം 42.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

പിഴിഞ്ഞു ഞങ്ങൾ പാൽ ചേർത്ത സോമത്തിന്നാഗമിയ്ക്ക, നീ:
ഇന്ദ്ര, ഞങ്ങളെയിച്ഛിപ്പൊന്നല്ലോ, നിൻ ഹരിവാഹനം! (1)

കല്ലാൽപ്പിഴിഞ്ഞ മധുനീർ വെച്ചിരിയ്ക്കുന്നു ദർഭയിൽ:
വരികിന്ദ്ര; ജവാലേറ്റം കടിയ്ക്ക, മതിയാംവരെ! (2)

ഏവം ഞാൻ ചൊന്ന മൊഴികളിങ്ങുനിന്നുടനിന്ദ്രനിൽ
നേരേ ചെല്ലേണമേ, സോമപാനത്തിന്നു വരുത്തുവാൻ! (3)

ഉക്ഥസ്തോമങ്ങൾകൊണ്ടെങ്ങൾ സോമപാനത്തിനിന്ദ്രനെ
വിളിയ്ക്കുന്നു, പലവുരു;—വവനിങ്ങു വരേണമേ! (4)

ഇതാ, പിഴിഞ്ഞ സോമങ്ങളി,ന്ദ്ര, കർമ്മപ്രവർത്തക;
വയററിൽ നിർത്തുകി,വയെത്തിരുമേനി ശതക്രതോ! (5)

അറിവൂ ഞങ്ങൾ: നീ പോരിലാക്രമിപ്പോൻ, ധനഞ്ജയൻ;
അതിനാലെങ്ങൾ യാചിപ്പൂ ഭവാനുടെ ധനം കവേ! (6)

അമ്മികൊണ്ടു പിഴിഞ്ഞെങ്ങൾ നറുംപാലും യവങ്ങളും
ചേർത്തുവെച്ചതിതാ: വന്നു കുടിച്ചരുളികിന്ദ്ര നീ! (7)

സ്വസ്ഥാനത്തെയ്ക്കയയ്ക്കുന്നേൻ, സോമത്തെയിവിടെയ്ക്കുതാൻ
കുടിപ്പാനിന്ദ്ര: നിൻനെഞ്ചിൽ വിളയാടുകി,തങ്ങനെ! (8)

ഇന്ദ്ര, പൂർവകനാം നിന്നെസ്സോമനീരു കുടിയ്ക്കുവാൻ
വിളിപ്പൂ, രക്ഷ തേടുന്ന ഞങ്ങൾ, കൌശികവംശജർ! (9)

### കുറിപ്പുകൾ: സൂക്തം 42.

1. ആഗമിയ്ക്ക = വന്നാലും. ഹരിവാഹനം – ഹരികളെ പൂട്ടിയ രഥം.
2. കല്ലാൽ – അമ്മിക്കുഴകൊണ്ടു ചതച്ച്.
3. മൊഴികൾ – സ്തുതികൾ
6. ധനഞ്ജയൻ – ശത്രുക്കളുടെ ധനമടക്കുന്നവൻ.
7. ചേർത്തുവെച്ചത് – സോമനീർ.
9. പൂർവകൻ – പുരാതനൻ.

## സൂക്തം 43.

വിശ്വാമിത്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കാകളി)

തേരേറിയിങ്ങു വന്നാലും: വിഭാഗാനു-
സാരേണ നിന്റേതാൻ സോമം കുടിയ്ക്കുവാൻ;
പൊന്നുസഖാക്കളെദ്ദർഭാന്തികേ വിട്ടു;
നിന്നെയിതാ, വിളിയ്ക്കുന്നു, ഹവിർദ്ധരർ! (1)
വന്നെത്തുകെ,ല്ലാരെയും കടന്നാ ഹരി-
ദ്വന്ദ്വമൊത്തെങ്ങൾതന്നാശയിൽ സ്വാമി നീ:
ഇന്ദ്ര, വിളിപ്പതുണ്ടല്ലോ, സഖിത്വമാ-
ർന്നിന്നുതികാരർതൻ ചിന്തകളങ്ങയെ! (2)

ഇന്ദ്ര, ഹരികളൊത്തൊ,പ്പം തെളിഞ്ഞാശു
വന്നാലു,മെങ്ങൾതൻ ഭ്രര്യന്നമാം മഖേ:
നിന്നെ വിളിപ്പതുണ്ടല്ലോ, സ്തുതിച്ചു നെ-
യ്യന്നത്തൊടും ദേവ, തേനിടത്തെയ്ക്കു, ഞാൻ! (3)

നിന്നെ വഹിയ്ക്കട്ടെ,യീ വൃഷാക്കളു,ടൽ
മിന്നും ഹരികൾ, സഖാക്കൾ, ധുരന്ധരർ:
വന്നു കേൾക്ക, പൊരി ചേരും സവനത്തി-
ലിന്ദ്രൻ സഖാവു, സഖാവിൻ സ്തുതികളെ! (4)

പോരാ, ജനത്തെ രക്ഷിപ്പവനാക്കുക;
പോരാ, പുരാനാക്കുകെ,ന്നെയൃജീഷവൻ;
പോരാ, ഋഷിയാക; സോമപനാക, ഞാൻ;
പോരാ, മഘവൻ, സ്ഥിരസ്വത്തു നല്ക മേ! (5)

അങ്ങയെക്കൊണ്ടിങ്ങു പോരട്ടെ, പൂട്ടിയ
തുംഗതുരംഗങ്ങളിന്ദ്ര, സഹർഷരായ്
വർഷകൻ തൊട്ടുതലോട്ടമീ വൈരിഘ്നർ
വാൻ വിട്ടിറങ്ങുന്നു, ദിക്കു രണ്ടാംവിധം! (6)

ഏതു, കൊതിച്ച ഭവാനു ഖഗാഹൃത;-
മേതിന്റെ മത്തിൽ നീ വീഴ്ത്തുന്നു, മർത്ത്യരെ;
ഏതിന്റെ മത്തിൽത്തുറന്നു, നീ കാർകളെ;-
യിന്ദ്ര, കുടിയ്ക്കുകാ,ക്കുത്തിപ്പിഴിഞ്ഞ നീർ! (7)

ഞങ്ങൾ വിളിയ്ക്കുന്നു, കേൾക്കുമാറിന്ദ്രനെ,-
യിങ്ങു കൊററേകും രണേ വായ്ക്കുമുഗ്രനെ,
സ്വത്തടക്കും മഘവാവിനെ, ത്രാണാർത്ഥ,-
മൊത്ത നേതാവിനെ,പ്പോരിൽ വൃത്രഘ്നനെ! (8)

## കുറിപ്പുകൾ: സൂക്തം 43.

1. വിഭാഗാനുസാരേണ നിന്റെ താൻ – ക്രമമനുസരിച്ച് ഭവാന്റേതുതന്നെയായ. പൊന്നു സഖാക്കളേ – ഏറ്റവും പ്രിയപ്പെട്ട ചങ്ങാതികളായ ഹരികളെ.
2. എല്ലാവരെയുംകടന്ന് – മറ്റുള്ളവരുടെ അടുക്കൽ പോകുന്നതിനു മുമ്പ്. എങ്ങളുടെ ആശയിൽ വന്നെത്തുക; ഭവാൻ വന്നു സോമം കുടിയ്ക്കണമെന്നും മറ്റുമുള്ള അസ്മ ൽപ്രാർത്ഥനയെ കൈക്കൊള്ളുക. ഇന്നുതികാരർ = സ്തുതികർത്താക്കൾ. ചിന്തകൾ – ഭാവനകൾ.
3. ഒപ്പം തെളിഞ്ഞ് – സമാനപ്രീതി പൂണ്ട്. ഭൂര്യന്നമാം മഖേ = വളരെ അന്നങ്ങ ളുള്ള യാഗത്തിൽ. നെയ്യന്നം – നൈ ചേർത്ത ഹവിസ്സ്. തേനിടത്തെയ്ക്കു – മധുരസോമസ്ഥാനത്തെയ്ക്കു.
4. വൃഷാക്കൾ – യുവാക്കൾ. ധുരന്ധരർ – ഭാരം നന്നായി വഹിയ്ക്കുന്നവർ. ഉത്തരാർദ്ധം പരോക്ഷവചനം: പൊരി – പൊരിയവിൽ. സഖാവ് – സ്തോതാവ്.
5. പോരാ – എനിയ്ക്കു വേറെയും പ്രാർത്ഥനകളുണ്ട്. എന്നെ എന്ന പദം ഒന്നാംപാദത്തിലും ചേർക്കണം. സോമപൻ – യജ്ഞമനുഷ്ഠിച്ചവൻ. സ്ഥിരസ്വത്ത് = അക്ഷയസമ്പത്ത്.
6. തുംഗതുരംഗങ്ങൾ = വലിയ കുതിരകൾ. സഹർഷർ = സമാനഹർഷർ. ഉത്തരാർദ്ധം പരോക്ഷം: വർഷകൻ – ഇന്ദ്രൻ. തൊട്ടുതലോടും – മുതുകത്തു സസ്നേഹംതലോടുന്ന. ഈ വൈരിഘ്നർ – ശത്രുക്കളെ കൊല്ലുന്ന തുരംഗങ്ങൾ. വാൻ വീട് = വാനിൽനിന്ന്. ദി ക്കു രണ്ടാംവിധം – ദിക്കുകളെ വിഭജിച്ചുകൊണ്ട്.
7. ഖഗാഹൃതം – സുപർണ്ണപക്ഷിയാൽ കൊണ്ടുവരപ്പെട്ട. മർത്ത്യർ – എതിരാളികളായ മനുഷ്യർ.

## സൂക്തം 44.

വിശ്വാമിത്രൻ ഋഷി; ബൃഹതി ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (അന്നനട)

ഇതാ, തിരുമേനിയ്ക്കിരിയ്ക്കട്ടേ, രമ്യം
ധൃതികരം കല്ലിൽപ്പിഴിഞ്ഞ സോമനീർ:
തുരംഗയുക്തമാകിയ പച്ചത്തേരി-
ലിരുന്നരുൾകി,ന്ദ്ര; വരിക, ഞങ്ങളിൽ! (1)

സകാമൻ നീയുഷസ്സിനെക്കൊണ്ടാടുന്നു;
സകാമൻ നീ സൂര്യന്നൊളി വരുത്തുന്നു;
ഹരിഹയ, ബുധൻ ഭവാനറിഞ്ഞിന്ദ്ര,
പെരുകിപ്പൂ, ഞങ്ങൾക്കഖിലഭൂതികൾ! (2)

ഹരിൽപ്രഭദ്യോവിനെയും, ഹരിദ്വർണ്ണ-
ധരയെയു,മിവയുടെ നടുവിലായ്
ചരിപ്പവനിന്ദ്രൻ ഹരി നിറുത്തിനാൻ,
ഹരിദ്വയത്തിന്നു തുലോം തീററിയെയും! (3)

ഹരിൽപ്രഭനായിപ്പിറന്ന വർഷകൻ
പരിശോഭിപ്പിപ്പൂ, സമസ്തരോചനം;
ഹരിയായ ഹരിൽപ്രഭം വജ്രായുധം
ധരിയ്ക്കുന്നു, ഹരിഹയൻ തൃക്കൈകളിൽ; (4)

സിതയോഗാൽ വെളുത്തതായ്,സ്സവേഗമായ്,-
ച്ചതകല്ലാൽപ്പിഴിഞ്ഞതാം നറുംസോമം
നിരാവരണമാക്കിനാൻ; ധേരുക്കളെ-
ക്കരേററിനാൻ, ഹരിഹയയുതനിന്ദ്രൻ! (5)

### കുറിപ്പുകൾ: സൂക്തം 44.

1. ധൃതികരം = പ്രീതികരം. പച്ചത്തേർ – പച്ചനിറത്തിലുള്ള തേർ.
2. സകാമൻ – സോമത്തിൽ അഭിലാഷമുള്ളവൻ. ബുധൻ = വിദ്വാൻ. അറിഞ്ഞ് – ഞങ്ങളുടെ അഭിമതംമനസ്സിലാക്കി. പെരുകിപ്പൂ = വളർത്തുന്നു. അഖിലഭൂതികൾ = എല്ലാസ്സമ്പത്തുകളും.
3. ഹരിദ്വർണ്ണധര – സസ്യങ്ങളാൽ പച്ചപിടിച്ച ഭൂമി. ദ്യാവാപൃഥിവികളെ തന്മധ്യസഞ്ചാരിയായ ഇന്ദ്രൻ നിറുത്തിനാൻ – ഉറപ്പിൽനിർത്തി; തീററിയെയും, (പുല്ലുംമറ്റും) നിർത്തി – ഏർപ്പെടുത്തി.
4. സമസ്തരോചനം – രോചനമെന്നലോകം മുഴുവൻ. ഹരിയായ – ശത്രുക്കളുടെ പ്രാണനെ അപഹരിയ്ക്കുന്ന.
5. സിതയോഗാൽ – വെളുത്തവ (ക്ഷീരാദികൾ) ചേർത്തതിനാൽ. സവേഗം – ക്ഷിപ്രവ്യാപി. നിരാവരണമാക്കിനാൻ – വെളിപ്പെടുത്തി. കരേറ്റിനാൻ – അസുരഗുഹയിൽനിന്ന്. ഹരിഹയയുതൻ = ഹരികളെന്ന ഹയ (അശ്വ)ങ്ങളോടുകൂടിയവൻ.

## സൂക്തം 45.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കേക)

വരിക, മയിലിന്റേതിന്നു തുല്യമാം രോമ-
നിരയൊത്തിമ്പം നല്കം ഹരികളൊന്നിച്ചിന്ദ്ര:
തടയൊല്ലാരും നിന്നെ,പ്പക്ഷിയെ വേടൻപോലേ;
തടസ്സം മരുപോലേ കടന്നു വന്നാലും നീ! (1)

വൃത്രനെ വിഴുങ്ങിയോൻ, മേഘത്തെപ്പിളർത്തിയോൻ,
നൽത്തണ്ണീർ ചൊരിഞ്ഞവൻ, പുരികളുടച്ചവൻ,
നേരിലിങ്ങോട്ടോടിപ്പാൻ ഹരിയുക്തമാം തേരി-
ലേറുവോനി,ന്ദ്രൻ കെല്പന്മാരെയും ചതയ്ക്കുവോൻ! (2)

ഗോഗണത്തിനെ നല്ലോരിടയൻപോലേ ഭവാൻ
യാഗത്തെത്തടിപ്പിപ്പൂ, വൻകടലിനെപ്പോലേ:
ഗോവുകൾ പുൽച്ചാർത്തിലും തോടുകൾ കയത്തിലും
ചെൽവതുപോലേ, നിങ്കൽ വന്നുചേരുന്നു, സോമം! (3)

ഞങ്ങൾക്കു കരുതേണം, വൈരിയെ നോവിയ്ക്കും സ്വ-
ത്തങ്ങിന്ദ്ര, തന്റേടംവെച്ചവന്നു വീതംപോലേ;
പഴത്തിന്നായിത്തോട്ടിയേന്തിയോൻ വൃക്ഷത്തെപ്പോ-
ല,ഴകിൽക്കുലുക്കുക, വേണ്ടോളം ധനത്തെ നീ! (4)

വിണ്ണിന്റെ പെരുമാളുമിന്ദ്ര, നീ ധനവാനും
പുണ്യഭാഷിയും പുഷ്ടകീർത്തിശാലിയുമല്ലോ;
അങ്ങനെയുള്ള ഭവാനോജസ്സാൽ വളർന്ന,തി-
മംഗളാന്നനായ്ത്തീരുകെങ്ങൾക്കു ബഹുസ്തുത! (5)

### കുറിപ്പുകൾ: സൂക്തം 45.

1. മയിലിന്റേതിന്നു – മയിലിന്റെ രോമത്തിന്നു. വഴിപോക്കർ മരുഭൂമി പിന്നിടുക അതിവേഗത്തിലായിരിയ്ക്കുമല്ലോ; അതുപോലെ തടസ്സം കടന്നു, വന്നുചേർന്നാലും.
2. വിഴുങ്ങിയോൻ – നശിപ്പിച്ചവൻ എന്നർത്ഥം. പുരികൾ – ശത്രുനഗരങ്ങൾ.
3. യാഗത്തെത്തടിപ്പിപ്പൂ – യജമാനന്ന് അഭീഷ്ടം നല്കി, യാഗത്തെ പോഷിപ്പിയ്ക്കുന്നു. വൻകടലിനെപ്പോലെ – സമുദ്രങ്ങളെ വളർത്തിയത്, ഇന്ദ്രൻതന്നെയാണല്ലോ.
4. വൈരിയെ നോവിയ്ക്കും – വൈരിയ്ക്ക് അസൂയയാൽ മനോവേദനയുണ്ടാക്കുന്ന. സ്വത്തു ഞങ്ങൾക്കു കരുതണം; ഞങ്ങൾക്കു തരാൻ വെയ്ക്കണം. തന്റേടംവെച്ച മകന്ന് അച്ഛൻ സ്വത്തിന്റെ ഒരു ഭാഗം നീക്കിവെയ്ക്കുന്നതുപോലെ. പഴത്തിന്നായി – പഴങ്ങൾ വീഴിപ്പാൻ. വേണ്ടോളം – ഞങ്ങൾക്കു മതിയാവോളം ധനത്തെ വീഴ്ത്തിത്തരിക.
5. പുണ്യഭാഷി = നല്ലതു പറയുന്നവൻ. എങ്ങൾക്ക് അതിമംഗളാന്നനായ്ത്തീരുക – ഞങ്ങൾക്കു മികച്ച അന്നം കൊണ്ടുവരിക എന്നു സാരം.

## സൂക്തം 46.

വിശ്വാമിത്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കേക)

പോരാളി, സമ്പത്തിന്റെ തമ്പുരാൻ, പ്രവർഷകൻ,
കാരണവനാം യുവാവാ,ക്രമിയ്ക്കുവോനു,ഗ്രൻ,
പാരിങ്കൽ വിളിപ്പെട്ടോനി,ന്ദ്ര, നിർജ്ജരൻ, വജ്ര-
ധാരി, നീ – മഹത്തുക്കൾ, മഹാനാം നിൻ വീര്യങ്ങൾ! (1)

മഹിത, മഹാനുഗ്രനങ്ങുന്നു ധനങ്ങളെ
മറുതീരത്തെത്തിപ്പോൻ, വീര്യത്താലരിന്ദമൻ;
പാരിനൊക്കയുമൊറ്റപ്പെരുമാളാമബ്ഭവാൻ
പോരിടുക; – രുളുക, ജനങ്ങൾക്കാവാസവും! (2)

ആരുമൊന്നളന്നിട്ടില്ലാത്തവനൃജീഷവാൻ
ഭൂരിവർച്ചസനിന്ദ്രൻ കെല്പിൽ വാനോരെക്കാളും,
ഭൂധരങ്ങളെക്കാളും, വാനൂഴികളെക്കാളും
മേദുരാന്തരിക്ഷത്തെക്കാളുമുന്നതി നേടീ! (3)

സ്തോത്രപാലകൻ, ഗഭീരാശയൻ, സർവവ്യാപി,
ത്ത്യൈവ ഭയങ്കരൻ, പെരുമപ്പെട്ടോനിന്ദ്രൻ-
അണഞ്ഞതവനിൽത്താനല്ലോ, മുൻദിനങ്ങളിൽ-
പ്പിഴിഞ്ഞ സോമങ്ങളു,മാർകളാഴിയിൽപ്പോലേ! (4)

അങ്ങയെക്കൊതിച്ചൂഴിവാനുകളേതൊന്നിനെ-
യമ്മ ഗർഭത്തെപ്പോലേ വർഷക, വഹിയ്ക്കുന്നു;
അസ്സോമമിന്ദ്ര, ഭവാന്നർപ്പിപ്പിതധ്വര്യക്ക;-
ളങ്ങയ്ക്കു കുടിപ്പാനായ് വെട്ടപ്പം വരുത്തുന്നു! (5)

### കുറിപ്പുകൾ: സൂക്തം 46.

1. കാരണവനാം യുവാവ് – ചിരന്തനനാണെങ്കിലും ചെറുപ്പക്കാരൻ.
2. മറുതീരത്തെത്തിപ്പോൻ – ദാനഭോഗത്യാഗങ്ങൾകൊണ്ടു തികച്ചും പ്രയോജനപ്പെടുത്തുന്നവൻ. പോരിടുക – ദ്രോഹികളെ പൊരുതി കൊല്ലുക: എന്നിട്ടു ജനങ്ങൾക്കു പാർപ്പിടം അരുളുകയുംചെയ്യുക.
3. ആരുമൊന്നളന്നിട്ടില്ലാത്തവൻ – ആരും ആളാവില്ല, ഇന്ദ്രന്റെ വലുപ്പം ഇത്ര എന്നറിഞ്ഞുവെപ്പാൻ. ഭൂരിവർച്ചസൻ = വളരെ തേജസ്സുള്ളവൻ. ഭൂധരങ്ങൾ = പർവതങ്ങൾ, മേദുരം = തടിച്ചത്, വിശാലം. ഉന്നതി – ആധിക്യം.
4. സ്തോത്രപാലകൻ = സ്തോത്രങ്ങളെ രക്ഷിയ്ക്കുന്നവൻ. ജാത്യൈവ ഭയംകരൻ – പ്രകൃത്യാതന്നേ ശത്രുഭീഷണൻ. ആർകൾ = നദികൾ.

## സൂക്തം 47.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കേക)

ഇന്ദ്ര, വർഷക, സാന്നം സോമനീർ മരുത്തുക്ക-
ളൊന്നിച്ചു കുടിയ്ക്കു, നീ മല്ലിനും മത്തിന്നുമായ്-
തിരതല്ലട്ടേ, മധു നിൻതുക്കക്ഷിയിലെങ്ങും:
പെരുമാളല്ലോ, ഭവാൻ മുൻദിനസോമങ്ങൾക്കും! (1)

ഇന്ദ്ര, വൃത്രഘ്നൻ മരുത്സംയുതനഭിജ്ഞൻ നീ-
യൊന്നിച്ചു കുടിച്ചാലും, സോമനീർ ബലവാനേ;
എന്നിട്ടു മുടിച്ചാലും മാറ്ററെ, ദ്രോഹികളെ-
ക്കൊന്നാലു; – മെങ്ങൾക്കെങ്ങും തന്നാലു,മഭയത്തെ! (2)

എവരിലണഞ്ഞു നീ,യെവർ നിങ്കലു,മിന്ദ്ര,
തവ വൃത്രാരേ, വീര്യമൃതുക്കളെവർ കൂട്ടീ;
ആ മരുത്തുക്കളൊടും മിത്രദേവകളൊടു-
മാമേളിച്ചൃതുപൻ നീ കുടിയ്ക്കുക,സ്സൽസോമം! (3)

ഏവർ വൃത്രാഘാതത്തി,ലേവർ ശംബരപ്പോരി,-
ലേവരങ്ങയെയിന്ദ്ര, വളർത്തീ, ഗോയുദ്ധത്തിൽ;
ഏവരിന്നിമ്പം ചേർപ്പൂ; മഘവൻ, ഹര്യശ്വ, നീ-
യാ വിപ്രമരുത്തുക്കളൊത്തശിച്ചാലും സോമം! (4)

മാരി പെയ്യിച്ചോൻ, മരുദന്വിതൻ, വളരുവോൻ,
വൈരികൾ പെരുകിയോൻ, ശാസിതാവി;ന്ദ്രൻ, ദിവ്യൻ-
ആരെയുമമർത്തുമാബ്ബലദായകനായ
ഘോരനെ വിളിയ്ക്കാവൂ, പുതുരക്ഷയ്ക്കിങ്ങെങ്ങൾ! (5)

### കുറിപ്പുകൾ: സൂക്തം 47.

1. സാന്നം = അന്നത്തോടു(പുരോഡാശാദിയോടു)കൂടിയ. മല്ലിനും – ശത്രുക്കളോടു പൊരുതാനും. മധു – മദകരമായ സോമം. മുൻദിനസോമങ്ങൾക്കും – ഇന്നത്തേതിന്നുമാത്രമല്ല, മുൻദിവസങ്ങളിൽ പിഴിഞ്ഞ സോമങ്ങൾക്കും ഭവാൻ പെരുമാളല്ലോ, അധിപതിയാണല്ലോ.
2. ഒന്നിച്ചു – ദേവകളോടുകൂടി.
3. ഋതുക്കൾ = മരുത്തുക്കൾ. മിത്രദേവകൾ = സഖാക്കളായ ദേവന്മാർ. ആമേളിച്ച് = ചേർന്ന്. ഋതുപൻ – കാലനിർവാഹകനാകയാൽ ഋതുക്കളെ രക്ഷിയ്ക്കുന്നവൻ.
4. വൃത്രാഘാതം = വൃത്രവധം. ശംബരപ്പോര് = ശംബരനോടുണ്ടായ യുദ്ധം. ഗോയുദ്ധം – ഗോക്കളെ വീണ്ടെടുക്കാൻ ചെയ്ത യുദ്ധം. വളർത്തീ – സ്തുതിച്ചു പ്രവൃദ്ധോത്സാഹനാക്കി. വിപ്രർ – മേധാവികൾ.
5. വളരുവോൻ – ഉത്സാഹംകൊണ്ട്. വൈരികൾ പെരുകിയോൻ – വളരെ അസുരന്മാരെ കൊന്നവൻ എന്നു സാരം. ബലദായകൻ – യോദ്ധാക്കൾക്കുബലം കൊടുക്കുന്നവൻ. ഘോരൻ – ശത്രുഭയങ്കരൻ.

## സൂക്തം 48.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കാകളി)

ആ മഴ പെയ്യിയ്ക്കുമാജന്മസുന്ദരൻ
സോമം പിഴിഞ്ഞോനെ രക്ഷിച്ചുപോന്നവൻ;
വേണുന്ന വേണുന്ന നേരമൊന്നാമതായ്-
ത്താനാസ്വദിയ്ക്ക, നീ പാൽചേർത്ത നല്ല നീർ! (1)

പെറ്റവിണന്നേ കുടിച്ചു, നീ ദാഹമൊ-
ന്നററിടാനദ്രിസ്ഥസോമലതാമൃതം:
പെറ്റമ്മ മുല്പാടതല്ലോ, തവ വായി-
ലിറ്റിച്ചു, വമ്പാളുമച്ഛന്റെ മന്ദിരേ! (2)

ചോറിനു കൊഞ്ചിയിരന്നിട്ടു തായതൻ
മാറത്തു കണ്ടു, കടുംസോമമണ്ടർകോൻ;
വൈരികളെ വിറപ്പിച്ചു നടന്ന,ട-
വേറിയ മെയ്യുമായ്ച്ചെയ്താൻ, പെരുംതൊഴിൽ! (3)

ഭീമൻ, തുരാഷാട്ടു, ധർഷകൌജസ്സിവൻ
കാമരുപത്വമുടല്ക്കു വരുത്തിനാൻ;
ത്വഷ്ടാവിനെബ്ബലാൽക്കീഴമർത്തണ്ടർകോൻ
കട്ടുകുടിച്ചാൻ, ചമസസ്ഥസോമനീർ! (4)

ഞങ്ങൾ വിളിയ്ക്കുന്നു, കേൾക്കുമാറിന്ദ്രനെ,-
യിങ്ങു കൊറ്റേകും രണേ വായ്ക്കുമുഗ്രനെ,
സ്വത്തടക്കും മഘവാവിനെ, ത്രാണാർത്ഥ,-
മൊത്ത നേതാവിനെ,പ്പോരിൽ വൃത്രഘ്നനെ! (5)

### കുറിപ്പുകൾ: സൂക്തം 48.

1. സോമം പിഴിഞ്ഞോൻ – യജമാനൻ. ഉത്തരാർദ്ധം പ്രത്യക്ഷോക്തി: ഒന്നാമതായ്താൻ – മറ്റുദേവന്മാർ കുടിയ്ക്കുന്നതിന്നുമുമ്പുതന്നെ.

2. അദ്രിസ്ഥസോമലതാമൃതം = മലയിൽ നില്ക്കുന്ന സോമലതയുടെ അമൃത്; അമൃതമധുരമായ നീർ. പെറ്റമ്മ – അദിതി. മുല്പാട് – മുല തരുന്നതിനുമുമ്പ്. അത് – സോമനീർ. വമ്പാളുമച്ഛന്റെ – മഹാനായ കശ്യപന്റെ. മന്ദിരേ = ഗൃഹത്തിൽവെച്ച്.

3. കടുംസോമം – സ്തന്യരൂപമായ തീവ്രസോമം; അതു നുകർന്നു എന്നു വ്യംഗ്യം. അടവേറിയ മെയ്യുമായ് – പടപ്പയററൊത്ത അവയവങ്ങളോടുകൂടി. പെരുംതൊഴിൽ – വൃത്രവധവും മററും.

4. തുരാഷാട്ട് – സത്വരം ശത്രുക്കളെ തോല്പിയ്ക്കുന്നവൻ; ഇന്ദ്രപര്യായങ്ങളിലൊന്നാണിത്. ധർഷകൌജസ്സ് – ശത്രുക്കളെ ആക്രമിയ്ക്കുന്ന ബലത്തോടുകൂടിയവൻ. കാമരൂപത്വം – ഇഷ്ടംപോലെ രൂപം മാററാമെന്ന അവസ്ഥ. ത്വഷ്ടാവ് – ഒരസുരൻ. ഇക്കഥയും മുൻമണ്ഡലങ്ങളിലുണ്ട്.

## സൂക്തം 49.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കാകളി)

സ്വർഗ്ഗസ്ഥരൊത്തിരുപ്രൌഢമാർ സൃഷ്ടിച്ച
സൽക്കർമ്മി, വൃത്രഘ്ന,നാരജസ്ഥാപിതൻ;
ആരാൽ നരജാതി സോമം കുടിച്ചിഷ്ട-
മാർജ്ജിച്ചു; നീ വാഴ്ത്തുകാ, മഹാനിന്ദ്രനെ! (1)

പോരിലിരുചേരി നിർത്തി ഹരിത്തേരി-
ലേറും പുരാനെക്കടക്കില്ലൊരുത്തനും:
അഗ്ര്യനേതാവാ മഹേശൻ സമിത്രനായ്-
ച്ചിക്കെന്നു ചെന്നൊടുക്കുന്നു, ദസ്യുക്കളെ! (2)

പോർ വാജിപോലേ കടക്കുവോ,നൂർജ്ജിതൻ,
ദ്യോവിലും ഭൂവിലും വ്യാപ്തൻ, ധനി,യവൻ
യജ്ഞേ ഭഗൻപോലെ ഹവ്യൻ, സ്തവങ്ങൾക്കൊ-
രച്ഛൻ, ശുഭാഹ്വാന,നന്നവാൻ, സുന്ദരൻ! (3)

ദ്യോവന്തരിക്ഷങ്ങൾ താങ്ങുവോൻ, തേർപോലെ
മേൽവശം പൂകുവോൻ, വ്യാപ്തൻ, മരുത്സഖൻ,
രാവു മറച്ചുദിപ്പിയ്ക്കുന്നു, സൂര്യനെ; –
ബ്ഭാവുകച്ചൊൽപോലെ വീതിപ്പൂ, നൽഫലം! (4)

ഞങ്ങൾ വിളിയ്ക്കുന്നു, കേൾക്കുമാറിന്ദ്രനെ,-
യിങ്ങു കൊററേകും രണേ വായ്ക്കുമുഗ്രനെ,
സ്വത്തടക്കും മഘവാവിനെ, ത്രാണാർത്ഥ,-
മൊത്ത നേതാപിനെ,പ്പോരിൽ വൃത്രഘ്നനെ! (5)

### കുറിപ്പുകൾ: സൂക്തം 49.

1. യജമാനൻ സ്തോതാവിനോടു പറയുന്നു: ഇരുപ്രൌഢമാർ (ദ്യാവാപൃഥിവികൾ) സ്വർഗ്ഗസ്ഥരൊത്ത് (ദേവന്മാരോടൊരുമിച്ച്)സൃഷ്ടിച്ച സുകർമ്മാവും വൃത്രഘ്നനുമായ ആർ അജനാൽ (ബ്രഹ്മാവിനാൽ) സ്ഥാപിതനായോ, ലോകാധിപത്യത്തിൽ വാഴിയ്ക്കപ്പെട്ടുവോ; നരജാതി (മനുഷ്യവർഗ്ഗം) സോമം കുടിച്ച് ഇഷ്ടം ആർജ്ജിച്ചത് ആരാലോ; ആ ഇന്ദ്രനെ നീ വാഴ്ത്തുക.
2. കടക്കില്ല = ലംഘിയ്ക്കില്ല; മഹേശൻ – വലിയ സേനാപതി. സമിത്രനായ് – മരുത്തുക്കളോടുകൂടി.
3. ഒരു വാജി(കുതിര)പോലെ പോർ കടക്കുവോൻ – ശത്രുസൈന്യത്തെഅതിലംഘിയ്ക്കുന്നവൻ. ഭഗൻ = പൂഷാവ്. ഹവ്യൻ = ഹവനീയൻ, യജനീയൻ. സ്തവങ്ങൾക്കൊരച്ഛൻ – അച്ഛൻ മക്കളെയെന്നപോലെ, സ്തോത്രങ്ങളെ രക്ഷിയ്ക്കുന്നവൻ. ശുഭാഹ്വാനൻ – ഇന്ദ്രനെ വിളിയ്ക്കുന്നതു ശുഭമാണല്ലോ.
4. തേർപോലെ മേൽവശം പൂകുവോൻ – തന്റെ രഥംപോലെതന്നെ മേല്പോട്ടു പോകുന്നവൻ. ഭാവുകച്ചൊൽ (ആലോചനക്കാരുടെ വാക്ക്, തീർപ്പ്) ഗൃഹങ്ങളിൽ ധനവിഭാഗം കഴിപ്പിയ്ക്കുന്നതുപോലെ, നല്ല ഫലം കർമ്മികൾക്കു വീതിയ്ക്കുന്നു.

## സൂക്തം 50.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കാകളി)

സ്വാഹാ കുടിയ്ക്കട്ടെ, വന്നു തൻസോമനീ;-
രീ ഹവിസ്സാൽ വൃഷാവുഗ്രൻ മരുദ്വതൻ
തൃപ്തനാകി,ന്ദ്രൻ ഉലോം വ്യാപ്ത – നീയന്ന-
മത്തിരുമെയ്ക്കിയറ്റട്ടെ,യിഷ്ടാപ്തിയെ! (1)

പൂട്ടുവൻ തേ വരാൻ, പൂർവനാം നിന്നെ ന-
ല്ലോട്ടമായ്ക്കൊണ്ടുപോം നിന്നിരുഭൃത്യരെ:
എത്തിയ്ക്കുകി,ങ്ങാ ഹരികൾ നിന്നെ; – യഴ-
കൊത്തതാമീ നീർ സുഹനോ, കുടിയ്ക്കു നീ! (2)

സുപ്രാപനാം വർഷകാമന്നു വാഴ്ത്തിക-
ളർപ്പിപ്പൂ, പാൽനീർ മഹത്ത്വായുരിച്ഛയാ:
സോമം കുടിച്ചിമ്പമാർന്നിന്ദ്ര, ഞങ്ങൾക്കു
ഗോമണ്ഡലത്തെയയയ്ക്കുക,ജീഷി നീ! (3)

ഇക്കൊതി ഗോവാജിദീപ്തധനങ്ങളാ-
ലൊക്കെ നിറവേറ്റി വായ്പിയ്ക്കു, ഞങ്ങളെ;
ഇന്ദ്രനാമങ്ങയ്ക്കു തീർത്താർ, മനുസ്തോത്ര-
മൊന്നറിവേറും കുശികർ, നാകൈഷികൾ (4)

ഞങ്ങൾ വിളിയ്ക്കുന്നു, കേൾക്കുമാറിന്ദ്രനെ,-
യിങ്ങു കൊററേകും രണേ വായ്ക്കുമുഗ്രനെ,
സ്വത്തടക്കും മഘവാവിനെ, ത്രാണാർത്ഥ,-
മൊത്ത നേതാവിനെ,പ്പോരിൽ വൃത്രഘ്നനെ! (5)

### കുറിപ്പുകൾ: സൂക്തം 50.

1. ഉഗ്രൻ – കർമ്മം മുടക്കുന്നവരെ ഹിംസിയ്ക്കുന്നവൻ. ഈ അന്നം അത്തിരുമെയ്ക്ക് (ഇന്ദ്രന്റെ ശരീരത്തിന്ന്) ഇഷ്ടാപ്തിയെ ഇയറ്റട്ടെ – പൂർണ്ണകാമത വരുത്തട്ടെ.
2. തേ വരാൻ – അങ്ങയ്ക്ക് ഇവിടെ വന്നെത്താൻ. നിന്നിരുഭൃത്യരെ – അങ്ങയുടെ ഹരികളെ. പൂട്ടുവൻ – ഞാൻ തേരിനു കെട്ടാം. എത്തിയ്ക്കുക – കൊണ്ടുവരട്ടെ. ഈ നീർ – സോമരസം. സുഹനോ = നല്ല അണക്കടകളുള്ളവനേ.
3. വർഷകാമൻ – .സ്തോതാക്കൾക്ക് അഭീഷ്ടഫലം പെയ്തുകൊടുക്കുന്നതിൽ തൽപരൻ. വാഴ്ത്തികൾ = സ്തോതാക്കൾ. പാൽനീർ – പാൽചേർത്ത സോമരസം. മഹത്ത്വായുരിച്ഛയാ – മഹത്ത്വവും ആയുസ്സും ലഭിപ്പാൻ. ഉത്തരാർദ്ധം പ്രത്യക്ഷം; ഗോമണ്ഡലം = ഗോവൃന്ദം. അയയ്ക്കുക – അയച്ചുതരിക.

## സൂക്തം 51.

വിശ്വാമിത്രൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും അനുഷ്ടുപ്പും ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കേക)

മർത്ത്യരെപ്പോറ്റുന്നവൻ, മഘവാവുക്ഥസ്തുത്യൻ,
പ്രത്യഹം നൽസ്തോത്രത്താൽ സ്തുതിയ്ക്കപ്പെടുന്നവൻ,
വർദ്ധിപ്പോൻ, പുരുഹൂതൻ, മൃത്യുവർജ്ജിത,നിന്ദ്രൻ-
അത്തിരുവടിയ്ക്കണിയാക, വായ്പൊക്കും വാക്യം! (1)

അർണ്ണോവാൻ, മഴപെയ്യിയ്ക്കുന്നവൻ, ശതക്രതു
വിണ്ണമന്നവും സ്വത്തും നല്കുവോന,രിന്ദമൻ,
സത്വരൻ, പുരന്ദരൻ, മരുത്ത്വാൻ, നേതാവി,ന്ദ്രൻ-
അത്തിരുവടിയുടെ ചുററും ചെല്ലെ,ൻവാക്യങ്ങൾ! (2)

വാഴ്ത്തപ്പെടുന്നു, പോരിൽ വൈരിസൂദനനിന്ദ്ര;-
നാസ്ഥയാ കൊണ്ടാടുന്നു, നിർദ്ദോഷസ്തുതികളെ;
ആത്തഹവ്യന്റെ ഗൃഹത്തിങ്കലാഹ്ലാദിയ്ക്കുന്നു;
നേർത്തമർത്ത്യമശ്ശത്രുധ്വംസിയെ സ്തുതിയ്ക്ക, നീ! (3)

മർത്ത്യർക്കു മഹാനേതാവായ വീരനാം നിന്നെ
സ്തുത്യുക്ഥങ്ങളാൽ നേരേ പൂജിപ്പിതൃത്വിക്കുകൾ;
കെല്പിന്നായൊരുങ്ങുമേ, പുരുകർമ്മാവാമവ;-
നപ്പുരാതനനേകനീ ഹവിസ്സിനു നാഥൻ! (4)

മർത്ത്യർക്കു വിവിധമാമനുശാസനം നല്ക-
മിത്തിരുവടിയ്ക്കുള്ളഴിയുൾക്കൊൾവൂ, ബഹുദ്രവ്യം;
ഇന്ദ്രന്നായ്ദ്ധനങ്ങളെവെച്ചുപോരുന്നു, നര-
വൃന്ദ,മോഷധി, തണ്ണീർ, കാടു വാനുലകവും! (5)

അങ്ങയ്ക്കു നുതി,യങ്ങയ്ക്കുക്ഥവും ചൊൽവൂ നേരാ;-
യങ്ങിന്ദ്ര, ഹരിയുക്ത, കേട്ടരുൾകി,തുകളെ;
അറിക, പുതുതാണീ ഹവിസ്സു; സഖേ, വസോ;
തരിക, പുകഴ്ത്തുവോർക്കശനം വ്യാപ്തൻ ഭവാൻ! (6)

ഹര്യശ്വ, കുടിയ്ക്ക, നീയിസ്സോമം മരുത്ത്വാനേ,
ശര്യാതിസുതദത്തമാസ്വദിച്ചതുപോലേ;
തവ നൽസ്ഥാനേ മേവും കവികൾ സുയജ്ഞന്മാ-
രവിസ്സാൽ നിന്നെശ്ശൂര, സംസേവിപ്പവരല്ലോ! (7)

ഇന്ദ്ര, കാംക്ഷിപ്പോൻ ഭവാൻ ചങ്ങാതിമരുത്തുക്ക-
ളൊന്നിച്ചു കുടിയ്ക്കുകി,ഞ്ഞങ്ങൾതൻ സോമത്തിൻനീർ:
കെല്പുകൂടിയ തിരുമേനിയെയല്ലോ, വാനോ-
രെപ്പേരും പുരുഹൂത, വൻപോരിന്നണിയിച്ചു! (8)

വൃഷ്ടികർമ്മത്തിൽത്തുണചച്ചതിനാലീയിന്ദ്രങ്കൽ-
ത്തുഷ്ടിയുൾക്കൊണ്ടാരല്ലോ, ബലദർ മരുത്തുക്കൾ;

അവരൊത്തശിയ്ക്കട്ടേ, സോമനീർ വൃത്രാരാതി,
ഹവിസ്സു നല്കുന്നോന്റെ തനതാം സദനത്തിൽ! (9)

ചതച്ചു പിഴിയപ്പെട്ടതിതാ: ധനപതേ,
സ്തുതിസംസേവ്യ, മുറയ്ക്കിതു നീ കുടിച്ചാലും! (10)

നിന്നമീത്തിന്നായ്പ്പിഴിഞ്ഞതിതു കൈക്കൊണ്ടാലും:
നിന്നുള്ളിലിതൊരിമ്പം സോമാർഹ, കിളിർത്തട്ടേ! (11)

സ്തോത്രവത്തിതിന്ദ്ര, നിൻ വയറ്റിൽപ്പരക്കട്ടേ,
പേർത്തുടലിലും, ശൂര, ധനാർത്ഥം കൈകളിലും! (12)

## കുറിപ്പുകൾ: സൂക്തം 51.

1. വായ്പൊക്കും വാക്യം – നമ്മുടെ വലിയ സ്തുതി അത്തിരുവടിയ്ക്ക് ഒരാഭരണമായിത്തീരട്ടെ; അദ്ദേഹത്തിന്നനുരൂപമായിബ്ഭവിയ്ക്കട്ടെ.
2. അർണ്ണോവാൻ = ജലസഹിതൻ. എൻവാക്യങ്ങൾ, എന്റെ സ്തുതികൾ ചുറ്റും ചെല്ല, ചെന്നുചേരട്ടെ.
3. ആത്തഹവ്യൻ = ഹവിസ്സൊരുക്കിയവൻ, യജമാനൻ. നേർത്തമർത്തും – ചെറുത്തു തോല്പിയ്ക്കുന്ന. ഇതു വിശ്വാമിത്രൻ, തന്നോടുതന്നെ പറയുന്നതാണ്: നീ – വിശ്വാമിത്രൻ.
4. ഉത്തരാർദ്ധം പരോക്ഷം:
6. ചൊല്വ് – ഋത്വിക്കുകൾ ചൊല്ലുന്നു. ഇതുകൾ – സ്തുതിയും ഉക്ഥവും. അശനം = ആഹാരം.
7. ശര്യാതിസുതദത്തമാസ്വദിച്ചതുപോലെ – ശര്യാതിയുടെ മകനായ രാജാവു തന്ന സോമം നുകർന്നതുപോലെ. ഇസ്സോമം – ഞങ്ങളുടെ യാഗത്തിലെ സോമം. തവ നൽസ്ഥാനേ – അങ്ങയുടെ നിർബാധമായ പാർപ്പിടത്തിൽ. കവികൾ – 38-ാം സൂക്തത്തിലെ ഒന്നാം ഋക്കിന്റെ ടിപ്പണി നോക്കുക.
8. കാംക്ഷിപ്പോൻ – സോമകാമൻ. വൻപോരിന്നണിയിച്ചു – വലിയ യുദ്ധത്തിന്നയപ്പാൻ ആഭരണാദികൾകൊണ്ടലംകരിച്ചു.
9. ഹവിസ്സു നല്കുന്നോൻ – യജമാനൻ.
11. അമീത്ത് – അമറേത്ത്. കിളിർത്തട്ടേ – മുളപ്പിയ്ക്കട്ടേ, ഉൽപാദിപ്പിയ്ക്കട്ടേ.
12. സ്തോത്രവത്ത് = സ്തോത്രസഹിതം.

## സൂക്തം 52.

വിശ്വാമിത്രൻ ഋഷി; ഗായത്രിയും ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ് ; ഇന്ദ്രൻ ദേവത.

ഇന്ദ്ര, ഞങ്ങളുടെ പൊരി, തയിർമലർപ്പൊടി, അപ്പം, എന്നിവയോടും സ്തോത്രത്തോടുംകൂടിയ സോമം അങ്ങു പ്രഭാതത്തിൽ കൈക്കൊണ്ടാലും! (1)

ഇന്ദ്ര, പചിയ്ക്കപ്പെട്ട പുരോഡാശം കൈക്കൊണ്ടു ഭക്ഷിപ്പാനൊരുങ്ങുക: അങ്ങയ്ക്കായി ഹവിസ്സുകൾ വരുന്നു. (2)

അങ്ങു ഞങ്ങളുടെ പുരോഡാശം ഭക്ഷിയ്ക്കുക; ഞങ്ങളുടെ സ്തുതിയെ, ഒരു പെൺകൊതിയൻ സ്ത്രീയെയെന്നപോലെ കൈക്കൊള്ളുകയും ചെയ്യുക! (3)

ഇന്ദ്ര, പഴമയിൽ പുകഴ്ന്നവനേ, ഞങ്ങളുടെ പുരോഡാശം പ്രാതസ്സവനത്തിൽ ഭുജിച്ചാലും: വലുതാണല്ലോ, അങ്ങയുടെ കർമ്മം! (4)

ഇന്ദ്ര, പരിചരിച്ചുംകൊണ്ട് , ഒരു കാളയുടെ മട്ടിൽ വെമ്പിനടക്കുന്ന സ്തോതാവ് അരികിൽ സ്തുതികൾ ചൊല്ലുന്നതെപ്പൊഴോ, അപ്പോൾ അവിടുന്ന് ഇവിടെ മധ്യാഹ്നസവനത്തിലെ പൊരിയവിലും കമനീയമായ പുരോഡാശവും കല്പിച്ചുഭക്ഷിച്ചാലും! (5)

ബഹുസ്തുത, മൂന്നാം സവനത്തിൽ ഞങ്ങളുടെ പൊരിയവിലിനെയും ഹോമിച്ച പുരോഡാശത്തെയും അവിടുന്നു മാനിച്ചാലും: കവേ, അന്നമൊരുക്കിയ ഞങ്ങൾ ഋഭുക്കളോടും വാജനോടും കൂടിയ നിന്തിരുവടിയെ സ്തുതിച്ചു പരിചരിയ്ക്കാം. (6)

പൂഷാവോടുകൂടിയ ഭവാനു ഞങ്ങൾ തയിർമലർപ്പൊടിയും, കുതിരകളോടുകൂടിയ ഹര്യശ്വനായ ഭവാന്നു പൊരിയവിലും ഉണ്ടാക്കാം. മരുദ്ഗണാന്വിതനായ ഭവാൻ അപ്പം തിന്നാലും; ശൂര, വൃത്രഹന്താവും വിദ്വാനുമായ ഭവാൻ സോമം കുടിച്ചാലും! (7)

പുരുഷന്മാരിൽവെച്ച് അതിവീരനായ തന്തിരുവടിയ്ക്കു നിങ്ങൾ വേഗത്തിൽ പൊരിയവിൽ ഒരുക്കുവിൻ. ധൃഷ്ണോ, ഇന്ദ്ര, അങ്ങയെക്കുറിച്ചു ഞങ്ങൾ നാളിൽ നാളിൽ ഒരേമട്ടിൽ സ്തുതിയ്ക്കുന്നത് അങ്ങയ്ക്കു സോമപാനത്തിൽ ഉത്സാഹമുണ്ടാക്കട്ടെ! (8)

### കുറിപ്പുകൾ: സൂക്തം 52.

1. തയിർമലർപ്പൊടി – തയിരിൽക്കുഴച്ച മലർപ്പൊടി.
4. പഴമയിൽ പുകഴ്ന്നവൻ – പുരാതനനെന്നു പ്രസിദ്ധൻ. വലുതാണല്ലോ – അതിനാൽ പ്രാതൽ അത്യാവശ്യം!
5. പരിചരിച്ചുംകൊണ്ട് – അങ്ങയെ.
6. മാനിച്ചാലും – അവിടുന്നു ഭക്ഷിച്ചാൽ അവയ്ക്കു ബഹുമതിയായി. വാജൻ – ഋഭുക്കളിലൊരാൾ; എടുത്തുപറഞ്ഞു എന്നേ ഉള്ളു.
8. പ്രഥമവാക്യം യജമാനൻ അധ്വര്യുക്കളോടു പറയുന്നത്.

## സൂക്തം 53.

വിശ്വാമിത്രൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഗായത്രിയും അനുഷ്ടുപ്പും ബൃഹതിയും ഛന്ദസ്സുകൾ; ഇന്ദ്രാപർവതന്മാരും ഇന്ദ്രനും വാക്കും രഥാംഗവും ദേവതകൾ.

ഇന്ദ്രാപർവതന്മാരേ, നിങ്ങൾ വലിയ തേരിൽ, നല്ല പുത്രന്മാരോടുകൂടിയ സ്പൃഹണീയങ്ങളായ അന്നങ്ങൾ കൊണ്ടുവന്നാലും; ദേവന്മാരേ, നിങ്ങളിരുവരും യാഗങ്ങളിൽ ഹവിസ്സു ഭക്ഷിപ്പിൻ; ഹവിസ്സുകൊണ്ട് ഇമ്പം പൂണ്ടു, സ്തുതികളാൽ വർദ്ധിപ്പിൻ! (1)

മഘവാവേ, അങ്ങു സുഖമായി ഇരിയ്ക്കുക – തിരിച്ചുപോകരുത്: ഞാൻ അങ്ങയെ നന്നായിപ്പിഴിയപ്പെട്ട സോമംകൊണ്ടു യജിയ്ക്കട്ടെ; ശക്തിമാനായ ഇന്ദ്ര, ഞാൻ അതിമധുരമായ കൊഞ്ചൽകൊണ്ട് അങ്ങയുടെ വസ്ത്രത്തുമ്പു, മകൻ അച്ഛൻറ്റേതെന്നപോലെ പിടിയ്ക്കുന്നു! (2)

അധ്വര്യോ, നമുക്കു ശസ്ത്രം ചൊല്ലാം: താങ്കൾ ഏറ്റുപാടുക; നാം ഇന്ദ്രന്നു പ്രിയമായ സ്തോത്രം ചെയ്യുക. താങ്കൾ യജമാനന്റെ ഈ ദർഭയിൽ ഇരിയ്ക്കു; എന്നിട്ട് ഇന്ദ്രനെ നന്നായി സ്തുതിയ്ക്കാം. (3)

മഘവാവേ, പത്നിയത്രേ, ഗൃഹം; അവിടെത്തന്നെയാണല്ലോ, ചെല്ലേണ്ടത്. അതിനാൽ പൂട്ടിയ ഹരികൾ അങ്ങയെ അങ്ങോട്ടുതന്നെ കൊണ്ടുപോയ്ക്കൊള്ളട്ടെ. ഞങ്ങൾ വല്ലപ്പോഴും സോമം പിഴിയും; അപ്പോൾ, ദൂതൻ അഗ്നി അങ്ങയുടെ അടുക്കലെത്തും! (4)

മഘവാവേ, ഇന്ദ്ര, ഒന്നുകിൽ തിരിച്ചുപോയ്ക്കൊൾക; അല്ലെങ്കിൽ, വന്നുകൊൾക. ഭ്രാതാവേ, രണ്ടിലുമുണ്ട്, അവിടെയ്ക്കു കാര്യം. (പോകയാണെങ്കിൽ) വലിയ തേരിലിരിയ്ക്കാം; (വരികയാണെങ്കിൽ) ചെനയ്ക്കുന്ന കുതിരയെ അഴിച്ചുവിടാം! (5)

ഇന്ദ്ര, സോമം കുടിച്ചിട്ടു, ഗൃഹത്തിലെയ്ക്കു പോയ്ക്കൊൾക: ഭദ്രയായ ഭാര്യയും പാട്ടുമുണ്ടല്ലോ, ഭവാന്റെ ഗൃഹത്തിൽ. (പോകയാണെങ്കിൽ) വലിയ തേരിലിരിയ്ക്കാം; അല്ലെങ്കിൽ, കുതിരയെ അഴിച്ചുവിട്ടു തീറ്റാം! (6)

ഈ സൌദാസന്മാർ, പല പല അംഗിരസ്സുകൾ, ദേവകളെക്കാൾ ബലവാനായവന്റെ പുത്രരായ വീരന്മാർ എന്നിവരെല്ലാം വിശ്വാമിത്രന്ന് അശ്വമേധത്തിൽ ധനം തരും, ആയുസ്സും വർദ്ധിപ്പിയ്ക്കും! (7)

മഘവാവു മായ പ്രയോഗിച്ചു, തന്റെ ശരീരം വിവിധരൂപങ്ങളിലാക്കും: മന്ത്രങ്ങൾകൊണ്ടു വിളിയ്ക്കപ്പെട്ടാൽ, സ്വർഗ്ഗത്തിൽനിന്ന് ഒരേ സമയത്തു പലേടത്തും – അതും മൂന്നുതവണ – ചെല്ലും; കാലത്തും അകാലത്തും സോമം കുടിയ്ക്കും! (8)

മഹാനായ ഋഷിയും, തേജസ്സുകളെ ജനിപ്പിച്ചവനും, തേജസ്സുകളാൽ ആകൃഷ്ടനും, നേതാക്കളെ നോക്കുന്നവനുമായ വിശ്വാമിത്രൻ വെള്ളംനിറഞ്ഞ പുഴയെ അനങ്ങാതാക്കി; അദ്ദേഹം സുദാസ്സിനെ യജിപ്പിച്ചപ്പോൾ, ഇന്ദ്രൻ കുശികരോടൊപ്പം ഒരു സുഹൃത്തായി പെരുമാറി! (9)

മേധാവികളേ, ഋഷികളേ, നേതാക്കളെ നോക്കുന്നവരേ, കുശികരേ, യാഗത്തിൽ ചതച്ചു പിഴിഞ്ഞു, സ്തുതിയാൽ ഇമ്പംകൊള്ളിയ്ക്കുന്ന നിങ്ങൾ, അരയന്നങ്ങൾപോലെ, സ്തോത്രം പാടുവിൻ; ദേവന്മാരൊന്നിച്ചു സോമരസം കുടിയ്ക്കുകയും ചെയ്വിൻ! (10)

കുശികരേ, ചെല്ലുവിൻ, മനസ്സിരുത്തുവിൻ – സുദാസ്സിന്റെ കുതിരയെ ധനാർത്ഥം വിട്ടുവിൻ: കിഴക്കും പടിഞ്ഞാറും വടക്കും അസുരനെ തമ്പുരാൻ വധിച്ചിരിയ്ക്കുന്നു; ഇനി, നല്ലോരു പ്രദേശത്തു യാഗം തുടങ്ങാം! (11)

ഈ വാനൂഴികൾ രണ്ടിന്റെയുമിടയിൽ മേവുന്ന ഇന്ദ്രനെ ഞാൻ സ്തുതിച്ചുവല്ലോ; വിശ്വാമിത്രന്റെ ഈ സ്തോത്രം ഭരതഗോത്രക്കാരെ രക്ഷിയ്ക്കും. (12)

വജ്രപാണിയായ ഇന്ദ്രന്നു വിശ്വാമിത്രർ സ്തോത്രം രചിച്ചു; അദ്ദേഹം നമുക്കു നല്ല അന്നം തരും! (13)

കീകടത്തിലെപ്പൈക്കൾ അങ്ങയ്ക്കെന്തു ചെയ്യും? സോമത്തിന്നു വേണ്ടുന്ന പാൽ കൊടുക്കില്ല; പാല്ക്കലം ചൂടുപിടിപ്പിയ്ക്കില്ല. ഹുണ്ടികക്കാരന്റെ കുടുംബസ്വത്തു ഞങ്ങൾക്കു കൊണ്ടുവരിക – മഘവാവേ, അധമവർഗ്ഗത്തിന്റെ ധനം അവിടുന്നു ഞങ്ങളുടെ അധീനതയിലാക്കുക! (14)

ജമദഗ്നികൾ തന്ന അജ്ഞാനനാശിനിയായ സസർപ്പരി അത്യന്തം ശബ്ദിയ്ക്കുന്നു; ആ സൂര്യപുത്രിയത്രേ, ദേവന്മാരിൽ അക്ഷയമായ അമൃതാന്നം വ്യാപിപ്പിക്കുന്നത്! (15)

സസർപ്പരി ഇയ്യുള്ളവർക്കു പഞ്ചജനപ്രജകളുടെ അന്നം കൂടുതലായി വേഗത്തിൽ കൊണ്ടുവരട്ടെ: നരച്ച ജമദഗ്നികളാൽ നല്കപ്പെട്ട ആ സൂര്യപുത്രി എനിയ്ക്കു പുതിയ അന്നം തന്നരുളട്ടെ! (16)

കുതിരകൾ രണ്ടും ഉറച്ചുനില്ക്കട്ടെ; അച്ചുതണ്ട് ഒടിയരുത്; ഇരുപ്പടി വീഴരുത്; നുകം മുറിയരുത്; ആണി ഇളകാതിരിപ്പാൻ ഇന്ദ്രൻ പിടിയ്ക്കട്ടെ; അരിഷ്ടനേമേ, നീ ഞങ്ങൾക്കിണങ്ങുക! (17)

ഇന്ദ്ര, അവിടുന്നു ഞങ്ങളുടെ ദേഹത്തിന്നു ബലമുണ്ടാക്കുക; ഞങ്ങളുടെ വണ്ടിക്കാളകൾക്കു ബലമുണ്ടാക്കുക; ഞങ്ങളുടെ പുത്രപൌത്രർക്കും ജീവിച്ചിരിപ്പാൻ ബലമുണ്ടാക്കുക. ബലപ്രദനാണല്ലോ, അവിടുന്ന്! (18)

അവിടുന്നു കരിങ്ങാലിക്കാതൽ എങ്ങും തറയ്ക്കുക; തേരിലെ ഇരുമുൾമരത്തിന്നു ബലം കൂട്ടുക. ഉറപ്പുള്ള, ഉറപ്പിയ്ക്കപ്പെട്ട അച്ചുതണ്ടേ, നീ ഉറച്ചുനില്ക്കുക; ഓടുന്ന തേരിൽനിന്നു ഞങ്ങളെ വീഴ്ത്തിക്കളയരുത് ! (19)

ഈ മരം ഞങ്ങളെ ത്യജിയ്ക്കരുത്; അപായപ്പെടുത്തുകയും ചെയ്യരുത്. ഗൃഹത്തിലെത്തുന്നതുവരെ, നില്ക്കുന്നതുവരെ, അഴിച്ചുവിടുന്നതുവരെ, ശുഭം ഭവിയ്ക്കട്ടെ! (20)

ശൂര, മഘവാവേ, ഇന്ദ്ര, അവിടുന്ന് ഈ അവസരത്തിൽ ഹിംസിയ്ക്കുന്ന ഞങ്ങളെ മികച്ച അനേകരക്ഷകൾകൊണ്ട് ആശ്വസിപ്പിച്ചാലും; ആർ ഞങ്ങളെ ദ്വേഷിയ്ക്കുന്നുവോ, അവൻ നികൃഷ്ടനായി അധഃപതിയ്ക്കട്ടെ; ആരെ ഞങ്ങൾ ദ്വേഷിയ്ക്കുന്നുവോ, അവനെ പ്രാണൻ വെടിയട്ടെ! (21)

അവൻ മഴവേറ്റ വൃക്ഷംപോലെ സങ്കടപ്പെടട്ടെ; ഇലവിൻ പൂവുപോലെ അറ്റുവീഴട്ടെ; ഒഴുകിപ്പോകുമ്പോൾ മറിഞ്ഞ തളികപോലെ നുര തുപ്പട്ടെ! (22)

‘ആളുകളേ, അറുതിപ്പെടുത്തുന്നവനെ നിങ്ങൾ അറിഞ്ഞിട്ടില്ല: മിണ്ടാതിരിയ്ക്കുന്നവനെ മാടെന്നു കരുതി കൊണ്ടുപോകുന്നു. വിദ്വാൻ മൂഢനെ പരിഹസിയ്ക്കാറില്ല; കുതിരയ്ക്കു മുമ്പേ കഴുതയെ നടത്താറില്ല!’ (23)

ഇന്ദ്ര, ഈ ഭരതഗോത്രക്കാർ അകലുകയേചെയ്യൂ, അടുക്കില്ല. യുദ്ധത്തിൽ സ്വാഭാവികനായ ശത്രുവിന്റെ നേർക്കെന്നപോലെ കുതിരയെ വിടും; വില്ലും കുലയ്ക്കും. (24)

## കുറിപ്പുകൾ: സൂക്തം 53.

1. ഇന്ദ്രാപർവതന്മാർ – ഇന്ദ്രൻ പർവതനും. നല്ല വീരന്മാരോടുകൂടിയ – സൽപുത്രോൽപാദന സമർത്ഥങ്ങളായ.
2. കൊഞ്ചൽ – സ്തുതി.
3. ഹോതാവ് അധ്വര്യുവിനോട്:
4. ഞങ്ങളുടെ ദൂതൻ അറിയിച്ചാലപ്പോൾ, അവിടുന്ന് ഇങ്ങോട്ടു വരണം.
5. അഴിച്ചുവിടാം – ഇവിടെ വിശ്രമിപ്പിയ്ക്കാം.
6. ഭദ്ര = മംഗളകാരിണി.
7. സൌദാസന്മാർ – സുദാസ്സിൻവംശ്യരായ ക്ഷത്രിയർ. ബലവാനായവന്റെ (രുദ്രന്റെ) പുത്രരായ വീരന്മാർ – മരുത്തുക്കൾ. വിശ്വാമിത്രന്ന് – എനിയ്ക്ക്.
9. നോക്കുന്നവൻ – നേതാക്കളിൽ ശ്രദ്ധിയ്ക്കുന്നവൻ. കുശികർ – സ്വഗോത്രക്കാർ.
10. ചതച്ചു പിഴിഞ്ഞു – സോമലത. ഇമ്പംകൊള്ളിയ്ക്കുന്ന – ദേവന്മാരെ.
11. ചെല്ലുവിൻ – അശ്വത്തിന്റെ അടുക്കൽ. ധനാർത്ഥം – ദിഗ്ജയം കൊണ്ടു ധനം സംഭരിപ്പാൻ.
14. കീകടം – അനാര്യർ നിവസിയ്ക്കുന്ന ഒരു രാജ്യം. എന്തു ചെയ്യും – ആ നാസ്തികനാട്ടിൽ യാഗവും മറ്റുമില്ലല്ലോ. ഹുണ്ടികക്കാരൻ – ധർമ്മം ചെയ്യാതെ പണം പലിശയ്ക്കു കൊടുക്കുന്നവൻ. കൊണ്ടുവരിക – അതു കിട്ടിയാൽ, ഞങ്ങൾ ധർമ്മം ചെയ്യും.
15. ജമദഗ്നികൾ – ഭൃഗുവംശ്യരായ ഋഷിമാർ. തന്ന – എനിയ്ക്കുപദേശിച്ച. സസർപ്പരി – വാഗ്ദേവത. ആ സൂര്യപുത്രി – വാഗ്ദേവത സൂര്യന്റെ മകളത്രേ.
16. പഞ്ചജനങ്ങൾ മുമ്പു വിവരിയ്ക്കപ്പെട്ടിട്ടുണ്ട്. നരച്ച – കിഴവരായ, ദീർഘായുഷ്കരായ.
17. യജനാനന്തരം സുദാസ്സിന്റെ യാഗശാലയിൽനിന്നു പുറപ്പെട്ട വിശ്വാമിത്രൻ തേർ പൂട്ടിയിട്ടു, തേരിന്റെ അവയവങ്ങളെ സ്തുതിയ്ക്കുന്നു: ഇരുപ്പടി – നുകത്തണ്ടിന്റെ ഇരുവശത്തും വെയ്ക്കുന്ന പലക. അരിഷ്ടനേമേ – കേടൊന്നുമില്ലാത്ത ഉരൾച്ചുറോടുകൂടിയ രഥമേ. ഇണങ്ങുക – അനുകൂലമായി ഗമിച്ചാലും.
19. കരിങ്ങാലിക്കാതൽകൊണ്ടത്രേ, തേരിന്റെ ആണി. ഇരുമുൾമരം കൊണ്ടാണ്, അടിപ്പലക.
20. ഈ മരം – തേരുണ്ടാക്കിയ മരം. അഴിച്ചുവിടുന്നതുവരെ – അശ്വങ്ങളെ.
21. ഹിംസിയ്ക്കുന്ന – ശത്രുക്കളെ ശപിപ്പാൻതുടങ്ങുന്നു. ആർ ഞങ്ങളെ എന്നു തുടങ്ങിയ വാക്യം ശാപമാകുന്നു.
22. തളിക മറിഞ്ഞാൽ, അകത്തു വെള്ളം കേറുകയും, അതിൽനിന്നു നുര പുറപ്പെടുകയും ചെയ്യുമല്ലോ; അവൻ വായിൽനിന്നു നുര തുപ്പുന്ന ഒരു രോഗിയായിത്തീരട്ടെ.
23. മുമ്പൊരിയ്ക്കൽ, തപസ്സു ക്ഷയിയ്ക്കുമെന്നു കരുതി ശപിയ്ക്കൽ നിർത്തി മൌനം പൂണ്ട വിശ്വാമിത്രനെ വസിഷ്ഠപുത്രന്മാർ ബന്ധിച്ചുകൊണ്ടുപോയി. അപ്പോൾ അവരോടു വിശ്വാമിത്രൻ പറഞ്ഞതാണിത്: അറുതിപ്പെടുത്തുന്നവനെ – നശിപ്പിയ്ക്കാൻ ശക്തനായ വിശ്വാമിത്രനെ. ശേഷം വസിഷ്ഠനെ ധിക്കരിയ്ക്കലാണ്: ഞാൻ വിദ്വാൻ, വസിഷ്ഠൻ മൂഢൻ; ഞാൻ കുതിര, വസിഷ്ഠൻ കഴുത. എന്നോടു മത്സരിപ്പാൻ അർഹനല്ല, അവൻ.
24. അകല്യകയേചെയ്യു – സജ്ജനസംസർഗ്ഗത്തിന്നർഹതയില്ലാത്തവരാണ്, വസിഷ്ഠനും കൂട്ടരും.

## സൂക്തം 54.

വിശ്വാമിത്രപുത്രൻ ഋഷി; ത്രിഷ്ടപ്പ് ഛന്ദസ്സ്; വിശ്വേദേവകൾ ദേവത.

യജ്ഞത്തിൽ ജനിച്ച സ്തുത്യനായ മഹാന്നായി ഈ സുഖകരമായ സ്തോത്രം പലവുരു ഉച്ചരിച്ചുപോരുന്നു; ആ അഗ്നി അടക്കാൻ പോന്ന തേജസ്സു പൂണ്ടു നമ്മുടെ സ്തോത്രം കേൾക്കട്ടെ – സദാ ദിവ്യതേജസ്സോടേ കേൾക്കട്ടെ! (1)

മഹതിയായ ദ്യോവിനെക്കുറിച്ചും, മഹതിയായ ഭൂവിനെക്കുറിച്ചും അറിവുള്ള താങ്കൾ സ്തോത്രം ചമയ്ക്കുക: എന്റെ മനസ്സു കൊതിച്ചുനടക്കുകയാണ്. മനുഷ്യന്റെ യാഗങ്ങളിൽ ഇവരെ സ്തുതിച്ചാൽ, പൂജനേച്ഛുക്കളായ ദേവന്മാർ ഒപ്പം ഇമ്പപ്പെടുമല്ലോ! (2)

ദ്യാവാപൃഥിവികളേ, നിങ്ങളുടെ കനിവു യഥാർത്ഥമാകട്ടെ; നിങ്ങൾ ഞങ്ങൾക്കു വലിയ അഭ്യുദയം വരുത്തണം: അഗ്നേ, ഇതാ, വാനൂഴികൾക്കു നമസ്കാരം – ഞാൻ അന്നംകൊണ്ടു പൂജിയ്ക്കുന്നു; രത്നം യാചിയ്ക്കുന്നു! (3)

സത്യവതികളായ ദ്യാവാപൃഥിവികളേ, പണ്ടേത്തെ സൂനൃതഭാഷികൾ നിങ്ങളിൽനിന്ന് ഇഷ്ടം നേടിയല്ലോ; പൃഥിവി, ഇന്നേത്തെ ആളുകളും ശൂരർക്കു നേട്ടമുണ്ടാക്കുന്ന യുദ്ധത്തിൽ നിങ്ങളെ അറിഞ്ഞു വന്ദിയ്ക്കുന്നു! (4)

ആർ നേരേ അറിയും, ഇതിൽ ആർ പറഞ്ഞുതരും? ഏതാണ്, ദേവന്മാരിൽ ചെല്ലാൻ നേർവഴി? ഇവരുടെ കീഴ്പോട്ടു നോക്കുന്ന സ്ഥാനങ്ങൾ കാണുന്നുണ്ട്; എന്നാൽ, ദുർജ്ഞേയങ്ങളുമായ ഉത്തമ കർമ്മങ്ങൾകൊണ്ടു ചെല്ലാവുന്നവ എവയായിരിയ്ക്കും? (5)

അന്തരിക്ഷത്തിൽ ആഹ്ലാദിയ്ക്കുന്ന ഇവരിരുവരെ മനുഷ്യദ്രഷ്ടാവായ കവി നോക്കിപ്പോരുന്നു: ഒരേ കർമ്മംകൊണ്ട് ഉള്ളിണങ്ങിയ ഇവർ പക്ഷിക്കൂടെന്നപോലെ പല തരത്തിലുള്ള സ്ഥാനം നിർമ്മിച്ചിരിയ്ക്കുന്നു. (6)

ഉള്ളിണങ്ങിയവരും വേർപെട്ടവരും അറുതിയില്ലാത്തവരുമായ ഇവർ അനശ്വരപദത്തിൽ ഉണർവോടേ സ്ഥിതിചെയ്യുന്നു: സഹോദരിമാരാണ്, ഈ തരുണികൾ; അതിനാൽ ഇരട്ടപ്പേരുകൾകൊണ്ടു വ്യവഹരിയ്ക്കപ്പെടുന്നു. (7)

ഇവർ ഭൂതജാതത്തെയെല്ലാം വേർതിരിച്ചിരിയ്ക്കുന്നു; ദേവന്മാരെയും മഹത്തുക്കളെയും തളർച്ച കൂടാതെ വഹിയ്ക്കുന്നു. ജംഗമവും സ്ഥാവരവുമായ ജഗത്ത് ഒന്നിൽ വർത്തിയ്ക്കുന്നു; നടക്കുന്നതും ചിറകുള്ളതും നാനാരൂപമായി നടുവിൽ വർത്തിയ്ക്കുന്നു. (8)

പാലിയ്ക്കുന്ന മഹതിയായ മാതാവും ഞങ്ങളും തമ്മിൽ പണ്ടേയുള്ള സനാതനമായ ആ ചാർച്ചയെ ഞാനിപ്പോൾ സ്മരിയ്ക്കുന്നു. ഈ ദ്യോവിന്റെ മധ്യത്തിൽ വിവിക്തമായ വിശാലമാർഗ്ഗത്തിലത്രേ, സ്തുതിയ്ക്കുന്ന ദേവന്മാർ സ്വവാഹനങ്ങളോടേ പാർപ്പുറപ്പിച്ചത്! (9)

ദ്യാവാപൃഥിവികളേ, ഈ സ്തോത്രം ഞാൻ ചൊല്ലുന്നു: മൃദുവായ വയറും അഗ്നിയാകുന്ന നാവുമായി ഉലോം വിളങ്ങുന്ന യുവാക്കളും കവികളും കർമ്മിഷ്ഠരുമായ മിത്രവരുണാദിദേവന്മാർ കേട്ടരുളട്ടെ! (10)

സ്വർണ്ണപാണിയും ശോഭനജിഹ്വനുമായ സവിതാവു യാഗത്തിൽ മൂന്നുരു വാനത്തുനിന്നു വന്നണയുന്നു: സവിതാവേ, അവിടുന്നു സ്തോതാക്കളുടെ സ്തോത്രം ശ്രവിയ്ക്കുക; എന്നിട്ടു ഞങ്ങൾക്കു സർവഫലവും കിട്ടിയ്ക്കുക! (11)

നന്നായി സൃഷ്ടിച്ചവനും ശോഭനഹസ്തനും ധനവാനും സത്യസങ്കല്പനുമായ ദേവൻ ത്വഷ്ടാവ് അതൊക്കെ രക്ഷയ്ക്കായി ഞങ്ങൾക്കു തരട്ടെ! ഋഭുക്കളേ, നിങ്ങൾ പൂഷാവോടുകൂടി ഇമ്പപ്പെടുത്തുവിൻ: അമ്മിക്കുഴ പൊക്കി, യാഗം തുടങ്ങിയിരിയ്ക്കുന്നു! (12)

മിന്നല്ക്കൊത്ത തേരോടും ചുരികയോടുംകൂടി വിളങ്ങുന്നവരും, കൊല്ലുന്നവരും, ജലോൽപാദകരും, സഞ്ചാരശീലരും, യജ്ഞാർഹരുമായ മരുത്തുക്കളും സരസ്വതിയും കേൾക്കുവിൻ; സത്വരം വീരസമേതമായ ധനം തന്നരുളുവിൻ! (13)

ധനകാരികൾപോലിരിയ്ക്കുന്ന സ്തോമങ്ങളും ശസ്ത്രങ്ങളും യജ്ഞത്തിൽ ബഹുകർമ്മാവായ വിഷ്ണുവിങ്കൽ ചെന്നണയട്ടെ: അദ്ദേഹത്തിന്റെ തൃക്കാൽവെപ്പു വമ്പിച്ചതാണല്ലോ; തന്റെ ചൊല്ക്കീഴിലാണ്, ജനിപ്പിയ്ക്കുന്ന യുവതികളായ ദിക്കുകളെല്ലാം! (14)

എല്ലാ വീര്യങ്ങളും വന്നിണങ്ങുന്ന ഇന്ദ്രൻ മഹിമാവുകൊണ്ടു വാന്നൂഴികൾ രണ്ടിനെയും നിറച്ചു; പുരന്ദരനും വൃത്രഹന്താവും ധർഷകസേനാന്വിതനുമായ നിന്തിരുവടി ഞങ്ങൾക്കു വളരെപ്പശുക്കളെ സംഭരിച്ചുതന്നാലും! (15)

നാസത്യരേ, ബന്ധുക്കളോടു ചോദിയ്ക്കുന്ന നിങ്ങളിരുവരും എന്നെ രക്ഷിയ്ക്കുമാറാകണം. അശ്വികളുടെ ചേർച്ച എത്ര കമനീയം! ധനങ്ങളിൽവെച്ചു മികച്ച ധനം ഞങ്ങൾക്കു തരുന്നവരാണല്ലോ, നിങ്ങൾ; തിരസ്കരിയ്ക്കപ്പെട്ടിട്ടില്ലാത്ത നിങ്ങൾ ഹവിർദ്ദാതാവിനെ സൽക്കർമ്മംകൊണ്ടു രക്ഷിയ്ക്കണം! (16)

കവികളേ, നിങ്ങളുടെ ആ കനത്ത കർമ്മം കമനീയംതന്നെ: നിങ്ങളെല്ലാവരും ഇന്ദ്രലോകത്തു ദേവന്മാരായല്ലോ! പുരുഹൂത, പ്രിയപ്പെട്ട ഋഭുക്കൾക്ക് ഒരു സഖാവാണല്ലോ, അങ്ങ്. നിങ്ങൾ ഈ സ്തുതിയെ ഞങ്ങൾക്കു ധനം കിട്ടാൻ സ്വീകരിച്ചാലും! (17)

സൂര്യൻ, അദിതി, യജ്ഞാർഹർ, അനപായകർമ്മാവായ വരുണൻ എന്നിവർ ഞങ്ങളെ രക്ഷിയ്ക്കട്ടെ: നിങ്ങൾ ഞങ്ങളുടെ വഴിയിൽ നിന്ന് അധഃപതനങ്ങളെ നീക്കിയാലും; ഞങ്ങളുടെ ഗൃഹത്തിൽ സന്തതിയും പശുക്കളുമുണ്ടാകട്ടെ! (18)

വളരെയാളുകളാൽ അയയ്ക്കപ്പെടുന്ന ദേവദൂതൻ, ഞങ്ങൾ അനപരാധരാണെന്ന് എല്ലാടത്തും അരുളിച്ചെയ്യട്ടെ! ഭൂവും ദ്യോവും ജലവും സൂര്യനും നക്ഷത്രങ്ങൾ നിറഞ്ഞ അന്തരിക്ഷവും ഞങ്ങളുടെ സ്തോത്രം കേൾക്കട്ടെ! (19)

നിലയിളകാത്ത വൃഷാക്കളായ പർവതങ്ങൾ ഹവിസ്സിനാൽ മത്തുപിടിച്ചു ഞങ്ങളുടെ സ്തോത്രം കേൾക്കട്ടെ; പുത്രാന്വിതയായ അദിതിയും ഞങ്ങളുടെ സ്തോത്രം കേൾക്കട്ടെ; മരുത്തുക്കൾ ഞങ്ങൾക്കു മംഗളകരമായ സുഖം തരട്ടെ! (20)

ഞങ്ങളുടെ മാർഗ്ഗം സദാ സുഗമവും അന്നയുക്തവുമായിബ്ഭവിയ്ക്കട്ടെ; ദേവന്മാരേ, നിങ്ങൾ സസ്യങ്ങളെ മധുരജലംകൊണ്ടു നനയ്ക്കുവിൻ; അഗ്നേ, എന്റെ ധനം നശിയ്ക്കാതിരിയ്ക്കാൻ സഹായിയ്ക്കുക; ഞാൻ സമ്പത്തിന്റെയും വളരെ അന്നത്തിന്റെയും സ്ഥാനത്ത് എത്തിച്ചേരുമാറാകണം! (21)

അഗ്നേ, അങ്ങ് ഹവിസ്സാസ്വദിയ്ക്കുക; അന്നം കാട്ടിത്തരിക – ഭക്ഷ്യങ്ങളെ ഞങ്ങളുടെ മുമ്പിലെത്തിയ്ക്കുക; യുദ്ധങ്ങളിൽ ആ ശത്രുക്കളെയെല്ലാം ജയിയ്ക്കുക; മനംതെളിഞ്ഞു, ഞങ്ങളുടെ എല്ലാദ്ദിവസങ്ങളെയും ശോഭിപ്പിയ്ക്കുക! (22)

## കുറിപ്പുകൾ: സൂക്തം 54.

1. അഗ്നിയെപ്പറ്റി: അടക്കാൻ പോന്ന – ശത്രുദമനസമർത്ഥമായ.

2. സ്തോതാവിനോട്: കൊതിച്ച – സർവഭോഗങ്ങളെയും ഇച്ഛിച്ച. ഇവരെ – ദ്യാവാപൃഥിവികളെ. പൂജനേച്ഛുക്കൾ – നമ്മുടെ പൂജ ഇച്ഛിയ്ക്കുന്നവർ.
3. രത്നം – ശ്രേഷ്ഠധനം.
4. സൂനൃതഭാഷികൾ – ഋഷിമാർ.
5. കീഴ്പോട്ടുനോക്കുന്ന സ്ഥാനങ്ങൾ – നക്ഷത്രങ്ങൾ.
6. ഇവരിരുവരെ – ദ്യാവാപൃഥിവികളെ. കവി – സൂര്യൻ. ഒരേകർമ്മം – അന്യോന്യപ്രീണനം.
7. വേർപെട്ടവർ – തമ്മിലകന്നുനില്ക്കുന്നവർ. അനശ്വരപദത്തിൽ – അന്തരിക്ഷത്തിൽ. ഇരട്ടപ്പേരുകൾ – ദ്യാവാപൃഥിവികൾ മുതലായ പേരുകൾ.
8. ഒന്നിൽ – പൃഥിവിയിൽ. നടുവിൽ – അന്തരിക്ഷത്തിൽ.
9. മാതാവ് – ദ്യോവ്. സ്തുതിയ്ക്കുന്ന – ദ്യോവിനെ.
11. സ്വർണ്ണപാണി – സവിതാവിന്റെ കൈപ്പടങ്ങൾ ഒരിയ്ക്കൽ മുറിഞ്ഞു പോയെന്നും, അവ അധ്വര്യുക്കൾ സ്വർണ്ണംകൊണ്ടുണ്ടാക്കി പിടിപ്പിച്ചു എന്നും ഒരു കഥയുണ്ട്; ഞങ്ങൾക്കു തരാൻ സ്വർണ്ണം കയ്യിൽ വെച്ചവൻ എന്നുമാകാം.
12. അതൊക്കെ – ഞങ്ങൾ അപേക്ഷിച്ചതെല്ലാം. ഇമ്പപ്പെടുത്തുവിൻ – ധനം തന്നു ഞങ്ങളെ ആഹ്ലാദിപ്പിയ്ക്കുവിൻ.
13. കൊല്ലുന്നവർ – വൈരികളെ. വീരസമേതം – പുത്രസഹിതം.
14. ധനകാരികൾപോലിരിയ്ക്കുന്ന – ധനമുണ്ടാക്കിത്തരുന്ന, ജനിപ്പിയ്ക്കുന്ന – സർവജനയിത്രികളായ.
15. പുരന്ദരനും എന്നു തുടങ്ങുന്ന വാക്യം പ്രത്യക്ഷം:
16. ബന്ധുക്കളോടു ചോദിയ്ക്കുന്ന – ഹവിഷ്പ്രദാനത്താൽ ബന്ധുക്കളായിത്തീർന്ന ഞങ്ങളോട്, 'എന്തു വേണം?' എന്നു ചോദിയ്ക്കുന്ന. തിരസ്കരിയ്ക്കപ്പെട്ടിട്ടില്ലാത്ത – ആരും തള്ളിയിട്ടില്ലാത്ത, എല്ലാവരും മാനിച്ച.
17. കവികൾ – ദേവന്മാർ.
18. യജ്ഞാർഹർ – ദേവന്മാർ. രണ്ടും മൂന്നും വാക്യം പ്രത്യക്ഷം; അധഃപതനങ്ങൾ – തൽകാരണങ്ങളായ കർമ്മങ്ങൾ.
19. വളരെയാളുകളാൽ – വളരെ യജമാനന്മാരാൽ.
20. പർവതങ്ങൾ – ഗ്രാവാഭിമാനിദേവകൾ.
22. ആ – ഉപദ്രവിയ്ക്കുന്ന. ശോഭിപ്പിയ്ക്കുക – കർമ്മയോഗ്യങ്ങളാക്കുക എന്നർത്ഥം.

## സൂക്തം 55.

പ്രജാപതി ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിശ്വേദേവകൾ ദേവത.

മുൻവന്ന ഉഷസ്സ പുലർന്നാൽ, ഉദകപദത്തിൽ അക്ഷയമായ ജ്യോതിസ്സുദിയ്ക്കുന്നു. അതോടേ യജമാനൻ കർമ്മങ്ങളെ ദേവന്മാരിലെത്തിയ്ക്കും. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ! (1)

അഗ്നേ, ഈ സമയത്തു ഭേവന്മാരോ, അവരിൽച്ചെന്നുചേർന്ന പൂർവപിതാക്കന്മാരോ ഞങ്ങളെ തെല്ലും ഉപദ്രവിയ്ക്കരുത്: രണ്ടു പുരാതനസ്ഥാനങ്ങളുടെ ഇടയിൽ സൂര്യൻ ഉദിയ്ക്കുകയായി. ദേവന്മാരുടെ ഉറ്റപ്രാബല്യം വലുതുതന്നെ! (2)

എന്റെ വളരെ അഭിലാഷങ്ങൾ നാനാപ്രകാരേണ നടക്കുകയാണ്; കർമ്മത്തിന്നായി ഞാൻ പുരാതനസ്തോത്രങ്ങളെ ഉദ്ദീപിപ്പിയ്ക്കുന്നു. അഗ്നിയെ ജ്വലിപ്പിച്ചു കഴിഞ്ഞാൽ, ഞങ്ങൾ സത്യമേ പറയൂ. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ! (3)

വളരെയിടങ്ങളിൽ വാഴിയ്ക്കപ്പെട്ട സർവസാധാരണനായ രാജാവു വേദികളിൽ പള്ളികൊള്ളുന്നു; വനങ്ങളിൽ വേർതിരിഞ്ഞു വർത്തിയ്ക്കുന്നു. അമ്മമാരിരുവരിൽ ഒരുവൾ കുഞ്ഞിനെ പോററുന്നു; മറ്റവൾ എടുക്കുന്നു. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ! (4)

പഴയവയെ വിട്ടു പുതിയവയോടിണങ്ങുന്നവൻ അപ്പോൾപ്പിറന്ന തരുണികളിൽ കടന്നുകൂടുന്നു; അവർ ‘ആരുമില്ലാതെ’ ഗർഭം ധരിച്ചു പ്രസവിയ്ക്കുന്നു. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ! (5)

രണ്ടമ്മമാരുടെ ഒറ്റമകൻ പടിഞ്ഞാറു പള്ളികൊള്ളുന്നു; പിന്നെ, തടവില്ലാതെ നടക്കുന്നു; മിത്രന്റെയും വരുണനന്റെയും പണിയാണിത്. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ! (6)

ഇരുലോകങ്ങൾ നിർമ്മിച്ച, യജ്ഞങ്ങളിൽ ഹോതാവായ സമ്രാട്ട് മുകളിൽ സഞ്ചരിയ്ക്കുന്നു; മൂലഭൂതനായി ഭൂമിയിൽ മേവുന്നു. രമ്യവചനന്മാർ രമ്യങ്ങൾ പാടുന്നു. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ! (7)

പൊരുതുന്ന ശൂരനെ എന്നപോലെ, സമീപത്തിരിയ്ക്കുന്ന അഗ്നിയെ നേരിടുന്നവരെല്ലാം പിന്മാറുന്നതു കാണാം. ആ വിദിതൻ വെള്ളത്തിന്റെ ഉള്ളിൽ കെടാതെ സ്ഥിതിചെയ്യുന്നു. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ! (8)

ആ നരച്ച ദൂതനായ മഹാൻ ഓഷധികളിൽ വ്യാപിച്ചുവാഴുന്നു; സൂര്യനോടൊപ്പം നടുവിൽ നടക്കുന്നു; നാനാരൂപങ്ങൾ പൂണ്ടു നമ്മെ തൃക്കൺപാർക്കുന്നു. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ! (9)

വ്യാപിയായി, പാലകനായി, പ്രിയപ്പെട്ട അക്ഷയതേജസ്സുകൾ പൂണ്ടവനായ അഗ്നി പരമപദത്തെ പാലിച്ചുപോരുന്നു; അവിടെയ്ക്കുറിയാം, ഉലകൊക്കെ. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ! (10)

ഇണയായ ഇരുവർ നാനാരൂപങ്ങൾ ധരിയ്ക്കുന്നു: കറുത്തവളും വെളുത്തവളുമായ സഹോദരിമാരാണവർ; ഒന്നു വിളങ്ങുന്നു; മറ്റതു കറുത്തതാണ്. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ! (11)

അമ്മയും മകളുമായി രണ്ടു കറവപ്പൈക്കൾ തമ്മിൽച്ചേർന്നു പാൽ കുടിപ്പിയ്ക്കുന്നുണ്ടല്ലോ; അവരെ ഞാൻ യാഗശാലയ്ക്കുള്ളിലിരുന്നു സ്തുതിയ്ക്കുന്നു. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ! (12)

ഒരു പയ്യ് മറ്റതിന്റെ കുട്ടിയെ നക്കി നിലവിളിയ്ക്കുന്നു; അവളുടെ അകിട്ടിൽ വരണ്ട ഭൂമി വെള്ളം തളിയ്ക്കുന്നു ആ പൃഥിവിയെ സൂര്യൻ ജലംകൊണ്ടു കഴുകുന്നു. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതു തന്നെ! (13)

വിവിധരൂപങ്ങളുടുത്ത ഭൂമി ഉയർന്നുനിന്ന്, ഒന്നരവയസ്സുചെന്ന കുട്ടിയെ നക്കുന്നു; ആ സത്യഭൃതന്റെ ഇരിപ്പിടത്തെ അറിയുന്ന ഞാൻ പരിചരിയ്ക്കുന്നു. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ! (14)

ദർശനീയങ്ങളായ രാപകലുകൾ ആകാശമധ്യത്തിൽ വെയ്ക്കപ്പെട്ടിരിയ്ക്കുന്നു: അവയിൽ ഒന്നു നിഗൂഢമാണ്; മറ്റതു പ്രകടവും. അവ രണ്ടിന്റെയും ചേർച്ച സർവരിലും വ്യാപിയ്ക്കുന്നു. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ! (15)

കറക്കപ്പെടാതെ കുട്ടിയില്ലാതെ കിടക്കുന്ന, പാൽ ചുരത്തുന്ന, അതിനൂതനകളായ, യുവതികളായ ധേനുക്കൾ പാൽ തരുമാറാകട്ടെ. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ! (16)

യാതൊരു വൃഷഭൻ ഒരേടത്തു മുക്രയിടുകയും മറ്റൊരേടത്തു രേതസ്സൊഴുക്കുകയും ചെയ്യുന്നുവോ; അദ്ദേഹം തട്ടിനീക്കുന്നവനാകുന്നു, അദ്ദേഹം ഭഗനാകുന്നു, അദ്ദേഹം രാജാവാകുന്നു. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ! (17)

ആളുകളേ, വീരന്റെ ശോഭനാശ്വങ്ങളെ നാം ശീഘ്രം വർണ്ണിയ്ക്കുക. ഇതു ദേവകൾക്കറിയാം: അവ ആറെണ്ണം അഞ്ചഞ്ചായി പൂട്ടപ്പെട്ട് അദ്ദേഹത്തെ വഹിയ്ക്കുന്നു. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ! (18)

സവിതാവായ, വിശ്വരൂപനായ, ദേവൻ ത്വഷ്ടാവു പലതരത്തിൽ പ്രജകളെ ഉൽപ്പാദിപ്പിയ്ക്കുന്നു, പോററുന്നു; ഈ ഭുവനങ്ങളൊക്കെ അദ്ദേഹത്തിന്റെയാണ്. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതു തന്നെ! (19)

ആഹാരം നല്കുന്ന സമ്മിളിതകളായ രണ്ടു മഹതികളെ ഇന്ദ്രൻ കുടുംബിനികളാക്കി; അവർക്കെങ്ങുമുണ്ട്, ഇദ്ദേഹത്തിന്റെ ധനം. ആ വീരൻ സമ്പത്തു കീഴടക്കുമെന്നാണല്ലോ, കേൾവി. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ! (20)

വിശ്വകർത്താവായ നമ്മുടെ തമ്പുരാൻ ഈ ഭൂമിയുടെയും അന്തരിക്ഷത്തിന്റെയും അടുക്കൽ ഒരു ഹിതകാരിയായ സ്നേഹിതൻപോലെ വാണരുളുന്നു; തന്റെ അരമനയിൽ, മുന്നാളികളായ വീരന്മാരുമുണ്ട്. ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ! (21)

ഇന്ദ്ര, അവിടുന്നാണ്, സസ്യങ്ങളെ വളർത്തുന്നതും, വെള്ളം വീഴ്ത്തുന്നതും; അങ്ങയ്ക്കായി ഭൂമി ധനം സൂക്ഷിയ്ക്കുന്നു. ഞങ്ങൾ അങ്ങയുടെ സഖാക്കളായി സമ്പത്തു നേടേണമേ! ദേവന്മാരുടെ ഉറ്റ പ്രാബല്യം വലുതുതന്നെ! (22)

## കുറിപ്പുകൾ: സൂക്തം 55.

1. മുൻ – സൂര്യോദയത്തിനുമുമ്പ്. ഉദകപദം = ജലങ്ങളുടെ ഇരിപ്പിടം, സമുദ്രം; അല്ലെങ്കിൽ ആകാശം. ജ്യോതിസ്സ് – സൂര്യൻ.
2. രണ്ടു പുരാതനസ്ഥാനങ്ങൾ – ദ്യാവാപൃഥിവികൾ.
3. ഉദ്ദീപിപ്പിയ്ക്കുന്നു – പാടുന്നു എന്നു സാരം. സത്യമേ പറയൂ – അസത്യം പറഞ്ഞാൽ യജ്ഞത്തിന്നു ദോഷം പറ്റും.

4. സർവസാധാരണൻ – എല്ലാവരുടെയുമാണല്ലോ, അഗ്നി. രാജാവ് – അഗ്നി. വനങ്ങൾ – മരങ്ങൾ, അരണികൾ. അമ്മമാർ – ദ്യാവാപൃഥിവികൾ. ഒരുവൾ – ദ്യോവ്. മറ്റവൾ – പൃഥിവി.

5. സസ്യങ്ങളിൽ വ്യാപരിയ്ക്കുന്ന അഗ്നിയെപ്പററി: പഴയവയും മറ്റും ഓഷധികൾതന്നെ. 'ആരുമില്ലാതെ' – ഭർത്താവില്ലാതെ. പ്രസവിയ്ക്കുന്നു – പുഷ്പഫലാദികളെ ജനിപ്പിയ്ക്കുന്നു.

6. രണ്ടമ്മമാരുടെ (ദ്യാവാപൃഥിവികളുടെ) ഒറ്റ മകൻ (സൂര്യൻ) പടിഞ്ഞാറു പള്ളികൊള്ളുന്നു – അസ്തമയത്തിൽ. പിന്നെ – ഉദയത്തിൽ.

7. സമ്രാട്ട് – അഗ്നി. മുകളിൽ സഞ്ചരിയ്ക്കുന്നു – സൂര്യരൂപേണ. മൂലഭൃതൻ – എല്ലാക്കർമ്മങ്ങളുടെയും. രമ്യവചനന്മാർ – സ്തോതാക്കൾ. രമ്യങ്ങൾ – രമണീയസ്തോത്രങ്ങൾ.

8. കെടാതെ – വൈദ്യുതാഗ്നിയായി.

9. നരച്ച – പ്രായമേറിയ. നടുവിൽ – വാനൂഴിമധ്യത്തിൽ.

10. പരമപദം = ഉത്തമസ്ഥാനം, അന്തരിക്ഷം.

11. ഇണയായ ഇരുവർ – പകലും രാത്രിയും. നാനാരൂപങ്ങൾ – വെളുപ്പും കറുപ്പും മറ്റും. ഒന്നു – പകൽ. മറ്റതു – രാത്രി.

12. അമ്മ – ഭൂവ്. മകൾ – ദ്യോവ്. പാൽ കുടിപ്പിയ്ക്കുന്നു – ഭൂവ് ആഹുതിയാകുന്ന രസം ദ്യോവിനെയും, ദ്യോവു വൃഷ്ടിയാകുന്ന രസം ഭൂവിനെയും കുടിപ്പിയ്ക്കുന്നു.

13. ഒരു പയ്യ് – ദ്യോവ്. മററതിന്റെ കുട്ടിയെ – ഭൂവിന്റെ കുട്ടിയായ അഗ്നിയെ. നക്കി – ജലധാരയാകുന്ന നാവുകൊണ്ട്. നിലവിളിയ്ക്കുന്നു – ഉമ്പയിടുന്നു, ഇടിവെട്ടുന്നു. അവളുടെ അകിട്ടിൽ – ദ്യോവാകുന്ന പയ്യിന്റെ അകിട്ടിൽ, മേഘത്തിൽ. വെള്ളം തളിയ്ക്കുന്നു – നീരാവി ചേർക്കുന്നു.

14. വിവിധരൂപങ്ങളുടുത്ത – സ്ഥാവരജംഗമരൂപങ്ങളെ ധരിച്ച. ഉയർന്നുനിന്ന് – യജ്ഞവേദിയായിച്ചമഞ്ഞ്. ഒന്നരവയസ്സുചെന്ന കുട്ടിയെ – അത്രപോന്ന സൂര്യനെ. ആ സത്യഭൃതൻ – സൂര്യൻ. പരിചരിയ്ക്കുന്നു – സൂര്യന്നു ഹവിസ്സുകൾ അർപ്പിയ്ക്കുന്നു.

15. ഒന്നു – രാത്രി. മറ്റതു – പകൽ.

16. ധേനുക്കൾ – ദിക്കുക്കൾക്കു ധേനുത്വം കല്പിച്ചിരിയ്ക്കുയാണ്. പാൽ – വർഷജലം; മഴ ശരിയ്ക്കുണ്ടാകട്ടേ എന്നു താൽപര്യം.

17. വൃഷഭൻ – വൃഷാവ്; കാളയെന്നും. ഒരേടത്തു – ചില ദിക്കുകളിൽ. മുക്രയിടൽ – ഇടിവെട്ടുക. മറെറാരേടത്തു – മറ്റുദിക്കുകളിൽ. രേതസ്സ് – വർഷജലം. കാള ഒരു പൈക്കൂട്ടത്തിൽ മുക്രയിടും; മറ്റു പൈക്കളിൽ രേതസ്സൊഴുക്കും. അദ്ദേഹം – പർജ്ജന്യരൂപനായ ഇന്ദ്രൻ. തട്ടിനീക്കുന്നവൻ – ശത്രുക്കളെ. ഭഗൻ – ഭജനീയൻ. രാജാവ് കർമ്മാനുരൂപമായ ഫലം നല്കുന്ന അരചൻ.

18. സ്തോതാക്കളോട്: വീരൻ – ഇന്ദ്രൻ. ഇതു – ഇന്ദ്രാശ്വങ്ങളുടെ ശോഭനത്വം. ആറ് ഋതുക്കളത്രേ ഇന്ദ്രാശ്വങ്ങൾ; അവ അഞ്ചായതു, ഹേമന്ത – ശിശിരങ്ങളെ ഒന്നാക്കിയതിനാലാകുന്നു. അദ്ദേഹത്തെ – കാലസ്വരൂപനായ ഇന്ദ്രനെ.

20. രണ്ടു മഹതികൾ – ദ്യാവാപൃഥിവികൾ. കുടുംബിനികൾ – പ്രജാപശ്വാദിയായ കുടുംബത്തോടുകൂടിയവർ. സമ്പത്തു – ശത്രുക്കളുടെ.

21. തമ്പുരാൻ – ഇന്ദ്രൻ. വീരന്മാർ – മരുത്തുക്കൾ

മൂന്നാമധ്യായം സമാപ്തം.

# ഋഗ്വേദം: മൂന്നാം അഷ്ടകം

## നാലാം അദ്ധ്യായം

മണ്ഡലം 3      അനുവാകം 5

## സൂക്തം 56.

വിശ്വാമിത്രനോ പ്രജാപതിയോ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിശ്വേദേവകൾ ദേവത. (കേക)

ദേവകളുടെയുറപ്പേറ്റമാ മുൻകർമ്മത്തെ
നോവിപ്പതില്ലാ, മായാവികളോ, ധീരന്മാരോ,
സപ്രജകളാം കനിവുറ്റ വാനൂഴികളോ;
സ്വല്പവും കുനിയിയ്ക്കുന്നില്ല,യർമലകളെ! (1)

സ്ഥാവരമൊന്നുണ്ടാറു ഭാരത്തെ വഹിയ്ക്കുന്നു;
ചെല്വു, രശ്മികളൊരു നേരുറ്റ കിഴവങ്കൽ.
നില്പുണ്ടു, മീതേ മീതേ മൂന്നു നിത്യമാം ലോകം;
വിസ്പഷ്ട,മതിലൊന്നു; രണ്ടെണ്ണം മറവിലാം; (2)

മൂന്നു മാറിടവും മൂന്നകിടും മുദ്ധർമ്മവും
ചേർന്നൊരു സുവർഷിയാം പെരിയ നാനാരൂപി
ഏറിയ കിടാങ്ങളോടൊത്തു വന്നണയുന്നു;
ഭൂരിമാതരിൽ വീര്യം ഋകുന്നു, വൃഷാവവൻ; (3)

അവർതൻ ചാരേ വാഴ്വൂ, സശ്രദ്ധം ജനിതാവായ്.
ഇവനാദിത്യരുടെ നല്ല പേർ ചൊല്ലീടുന്നേൻ!
അവന്നായ് രമിയ്ക്കുന്നു, വെവ്വേറെ നടകൊള്ളു-
മമൃതദേവികളു,മഥ കൈവെടിയുന്നു! (4)

മൂന്നുലകുകൾ, നിങ്ങളാർകളേ; സുരർ വാഴ്വൂ,
മൂന്നിലും; മൂന്നിൻ കർത്താവധ്വരേ പെരുമാളാം;
മൂന്നു ദേവിമാർ പയസ്വിനിമാർ സംസേവ്യമാർ
മൂന്നുരു വന്നെത്തുന്നു, നാൾതോറും ക്രതുക്കളിൽ! (5)

വിണ്ണിൽനിന്നിങ്ങെത്തി നീ നല്ക, മൂന്നുരു നിത്യം
സ്വർണ്ണങ്ങൾ സവിതാവേ, സേവ്യനാമവിതാവേ-
നാളിൽ മൂന്നുരു ഞങ്ങൾക്കേകുക, മുസ്സമ്പത്തും
പാലോലുമിനത്തെയും; ധിഷണേ, നല്ക, ധനം! (6)

നാളിൽ മൂന്നുരു നല്കമാറാക, സവിതാവാ;
ശ്രീലഹസ്തരാം മിത്രാവരുണരാജാക്കളും
അന്തരിക്ഷവുമിടംപെട്ട വാനൂഴികളു-
മർത്ഥിപ്പൂ, സവിതാവിൻപക്കൽനിന്നർത്ഥങ്ങളെ! (7)

മൂന്നിടമക്ഷയ്യമായ് ശ്രേഷ്ഠമായ് വിളങ്ങുന്നു:
മൂന്നുപേരങ്ങുദ്ഭാസിയ്ക്കുന്നു, കാലത്തിൻ പുത്രർ;
സത്യസംയുതർ, ശീഘ്രഗാമിക,ളദമ്യാഭ-
രദ്ദേവരഹസ്സിൽ മൂന്നുരു ചേരുക, യജ്ഞേ! (8)

## കുറിപ്പുകൾ: സൂക്തം 56.

1. നോവിപ്പതില്ലാ – തള്ളുന്നില്ല; മാനിയ്ക്കുന്നതേ ഉള്ളൂ. മായാവികൾ – അസുരന്മാർ. ധീരന്മാർ – വിദ്വാന്മാർ. ദ്യാവാപൃഥിവികളിൽ ദേവ – മനുഷ്യരെ നിവസിപ്പിച്ചതും, മലകളെ ഉയർത്തിനിർത്തിയതും മറ്റും ദേവന്മാരാണ്. അവരുടെ ആ കർമ്മങ്ങളെ ആരും മറിച്ചാക്കുകയില്ല.
2. സ്ഥാവരമൊന്ന് – ഒരു സംവത്സരം. ആറു ഭാരം – ഷഡൃതുക്കൾ. കിഴവൻ – ആദിത്യൻ. അതിലൊന്നു ഭൂമി. വിസ്പഷ്ടമാകുന്നു – കാണാം. രണ്ടെണ്ണം – ദ്യോവും അന്തരിക്ഷവും. മറവിലാം – കാണപ്പെടില്ല.
3. മൂന്നു മാറിടം – ഗ്രീഷ്മ – വർഷാ – ഹേമന്തങ്ങൾ. മൂന്നകിട് – വസന്തം, ശരത്ത്, ശിശിരം. മുദ്ധർമ്മം – ഉഷ്ണം, വർഷം, ശീതം. ഏറിയ കിടാങ്ങൾ – നെല്ലും മറ്റുമാകുന്ന വളരെ സന്താനങ്ങൾ. ഭൂരിമാതർ = വളരെ സ്ത്രീകൾ – ഓഷധികൾ. വീര്യം – ജലം. വൃഷാവ് – സേചനസമർത്ഥൻ. അവൻ – മുൻ‌ഋക്കിൽ പ്രതിപാദിതനായ സംവത്സരാഭിമാനിദേവൻ.
4. അവർ – ഓഷധികളാകുന്ന സ്ത്രീകൾ. ജനിതാവായ് – പുഷ്പഫലാദ്യുൽപാദകനായി. ആദിത്യർ – പന്തിരണ്ടുമാസങ്ങൾ. അവൻ – സംവത്സരാഭിമാനിദേവൻ. അമൃതദേവികൾ – തണ്ണീരുകൾ. രമിയ്ക്കുന്നു – വർഷിച്ചുകൊണ്ടു നാലുമാസം വിഹരിയ്ക്കുന്നു. അഥ (പിന്നെ) എട്ടുമാസം കൈവെടിയുന്നു.
5. ആർകൾ = നദികൾ, ജലങ്ങൾ. മൂന്നിലും – ഓരോ ലോകവും മുമ്മൂന്നത്രേ; അപ്പോൾ, സ്വർഗ്ഗത്തിന്റെ മൂന്നുലകം സുരവാസസ്ഥാനമാകുമല്ലോ. മൂന്നിൻ കർത്താവ് – ത്രിലോകസ്രഷ്ടാവായ സംവത്സരം, അഥവാ സൂര്യൻ. മൂന്നു ദേവിമാർ – ഇള, സരസ്വതി, ഭാരതി. പയസ്വിനിമാർ = ജലവതികൾ. മൂന്നുരു – പ്രാതർമ്മദ്ധ്യാനസായംസവനങ്ങൾക്ക്.
8. അവിതാവ് = രക്ഷിതാവ്. മുസ്സമ്പത്ത് – മാടുകളും, സ്വർണ്ണങ്ങളും, രത്നങ്ങളും. പാലോലുമിനം – ഗോവൃന്ദം. ധിഷണ – മാധ്യമികവാക്ക്.
7. നല്കുമാറാക – ഞങ്ങൾക്കു ധനം. ശ്രീലഹസ്തർ – കയ്യിന്നു 'വർക്കത്തു'ള്ളവർ. ഞങ്ങൾ മാത്രമല്ല, മിതവരുണാദികൾപോലും സവിതാവിങ്കൽനിന്ന് അർത്ഥങ്ങളെ (ധനങ്ങളെ) അർത്ഥിയ്ക്കുന്നു (യാചിയ്ക്കുന്നു).
8. അക്ഷയ്യം = നശിപ്പിയ്ക്കാവുന്നതല്ലാത്തത്. മൂന്നുപേർ – അഗ്നിയും വായുവും സൂര്യനും. അഹസ്സിൽ – ഒരു ദിവസത്തിൽ. യജ്ഞേ ചേരുക – ഞങ്ങളുടെ യാഗത്തിൽ വരുമാറാകട്ടെ.

## സൂക്തം 57.

വിശ്വാമിത്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിശ്വേദേവകൾ ദേവത. (കേക)

പിരിഞ്ഞു താനേ മേയുമിടയനില്ലാപ്പൈപോ-
ലറിയപ്പെടട്ടെ,യെൻപ്രണതി വിവേകിയാൽ:
അപ്പൊഴേ പെരുതന്നം ചുരത്തുമിതിന്നടെ-
യപ്പരിചഭിനന്ദിച്ചരുൾവോരി,ന്ദ്രാഗ്നികൾ! (1)

ഇന്ദ്രനും, പൂഷാവി,രുസുഹസ്തവൃഷാക്കളും
നന്ദിച്ചു കറക്കുന്നു, വാനിൽനിന്നംഭോദത്തെ;
ഇങ്ങിമ്പപ്പെട്ടുമല്ലോ, ദേവകളെല്ലാം; ഞാനീ
നിങ്ങൾതൻപാരിൽസ്സൌഖ്യം നേടാവൂ, വസുക്കളേ! (2)

നേരുന്നു, വൃഷാവിന്നു കെല്പ,വന്റെ ഗർഭ-
കാരിത്വമറിഞ്ഞാനമിക്കുമോഷധിവർഗ്ഗം:
നേരിട്ടു ചെന്നെത്തുന്നു, കൊതിയോടദ്ധേനുക്കൾ
പാരിച്ച വടിവുകൾ പൂണ്ട സന്താനങ്ങളിൽ! (3)

ശ്രദ്ധയാ സ്തുതിക്കുന്നേൻ ചേലെഴും ദ്യോഭൂക്കളെ,-
യധ്വരത്തിങ്കൽച്ചതകല്ലുപയോഗിക്കും ഞാൻ.
മിന്നിക്കൊണ്ടുയരുന്നു, മാനുഷകർമ്മങ്ങൾക്കായ്
നിന്നുടെ പുരുവരേണ്യങ്ങളീ യഷ്ടവ്യങ്ങൾ! (4)

അംഭസ്സൊത്തറിവുണ്ടാക്കുന്ന നിന്റേതാം യാതൊ-
ന്നമ്പരിലെയ്ക്കെമ്പാടുമയയ്ക്കപ്പെടുന്നിതോ;
അന്നാക്കാലിരുത്തുകിങ്ങർച്ച്യരെയെല്ലാം രക്ഷ;-
യ്യൊന്നിച്ചു കടിപ്പിയ്ക്ക, മധുവും ഭവാനഗ്നേ! (5)

അഗ്നേ, നിൻ വിചിത്രമാം യാതൊന്നു വിടാതെനി-
ന്ന,ഭ്രത്തിൻ മഴപോലേ ദേവ, കൈവളർത്തുമോ;
അത്തിരുവുള്ളം വെയ്ക്കുകെങ്ങളിൽ; വിശ്വഹിതം
ബുദ്ധിനന്മയും നല്ക, ജാതവേദസ്സേ, വസോ! (6)

### കുറിപ്പുകൾ: സൂക്തം 57.

1. പിരിഞ്ഞു – കൂട്ടംവിട്ട്. പ്രണതി = സ്തുതി. വിവേകി – ഇന്ദ്രൻ, അല്ലെങ്കിൽ അഗ്നി. ഇടയ നില്ലായ്കയാൽ യഥേഷ്ടം മേഞ്ഞുനടക്കുന്ന പയ്യിനെ ഉടമസ്ഥൻ കണ്ടുപിടിയ്ക്കുന്നതുപോലെ, എന്റെ സ്തുതിയെ ഇന്ദ്രനോ അഗ്നിയോ അറിയുമാറാകട്ടെ. അപ്പൊഴേ = ഉടനടി. ഇതിന്നടെ – സ്തുതിയാകുന്ന പയ്യിന്റെ. അപ്പരിച് – തൽക്ഷണം അന്നം (പാൽ, ആസ്വാദ്യമായ ഫലം) നല്കുന്ന മട്ട്; ഇതിനെ ഇന്ദ്രാഗ്നികൾ – മറ്റുദേവന്മാരും – അഭിനന്ദിയ്ക്കുന്നു.
2. ഇരുസുഹസ്തവൃഷാക്കൾ – ശോഭനപാണികളായ രണ്ടു വൃഷാക്കൾ, മിത്രാവരുണന്മാരോ അശ്വികളോ. അംഭോദത്തെ കറക്കുന്നു – ജലം വർഷിയ്ക്കുന്നു. ഇങ്ങ് – ഈ യജ്ഞവേദിയിൽ. അനന്തരവാക്യം പ്രത്യക്ഷം:

3. വൃഷാവ് (ഇന്ദ്രൻ) തങ്ങളെ ഗർഭിണികളാക്കുമെന്നറിഞ്ഞിട്ട് ഓഷധികൾ ആനമിച്ച് (കുനിഞ്ഞ്) അദ്ദേഹത്തിന്നു കെല്പു (സേചനശക്തി) നേരുന്നു. ധേനുക്കൾ – ഓഷധികളാകുന്ന പൈക്കൾ. പാരിച്ച – വലിയ, വിവിധങ്ങളായ. സന്താനങ്ങൾ – വ്രീഹിയവാദികൾ. പൈക്കൾ കുട്ടികളുടെ അടുക്കൽ കൊതിയോടേ ചെന്നെത്തുന്നതുപോലെ, ഓഷധികൾ ഫലങ്ങളെ പ്രാപിയ്ക്കുന്നു.

4. ഉത്തരാർദ്ധം അഗ്നിയോടു പറയുന്നതാണ്: ഈ യഷ്ടവ്യങ്ങൾ – പൂജനീയങ്ങളായ ജ്വാലകൾ.

5. ജ്വാലയെ നാവാക്കിയിരിയ്ക്കുയാണ്. അയയ്ക്കപ്പെടുന്നുവോ – ഉമ്പരെ (ദേവകളെ) യജ്ഞത്തിലെയ്ക്കു വിളിയ്ക്കാൻ. അന്നാക്കാൽ – ജ്വാലയാകുന്ന നാവുകൊണ്ടു ക്ഷണിച്ച്. അർച്ച്യർ – പൂജ്യർ, ദേവന്മാർ. രക്ഷയ്ക്ക്. ഞങ്ങളെ രക്ഷിപ്പാൻ. മധു – കരമായ സോമം.

6. അങ്ങയുടെ യാതൊരു തിരുവുള്ളം (പ്രസാദം) വിടാതെനിന്നു കൈവളർത്തുമോ – അഭീഷ്ടഫലപ്രദാനത്താൽ ഞങ്ങളെ അഭിവൃദ്ധിപ്പെടുത്തുമോ; അഭ്രത്തിന്റെ മഴ സസ്യങ്ങളെ വളർത്തുന്നതുപോലെ. വിശ്വഹിതം – സർവജനാനുകൂലമായ.

## സൂക്തം 58.

വിശ്വാമിത്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത.

ധേനുവായ ഉഷസ്സു പുരാതനനന്നു നറുംപാൽ ചുരത്തുന്നു; ആ ഉദാരയുടെ മകൻ അകത്തു നടക്കുന്നു. പിന്നീടു, വെളുപ്പോടേ വന്നവൻ പ്രകാശകനെ വഹിയ്ക്കുന്നു; അശ്വികളെ, സ്തുതിപ്പാൻ ആളുകൾ ഉഷസ്സിനുമുമ്പ് ഉണർന്നെഴുനേല്ക്കുന്നു! (1)

ശരിയ്ക്കു പൂട്ടിയ സത്യരഥം നിങ്ങളെ വഹിയ്ക്കുന്നു. അച്ഛനമ്മമാരുടെ നേർക്കെന്നപോലെ, യാഗങ്ങൾ പൊങ്ങുന്നു. നിങ്ങൾ അസുരബുദ്ധിയെ ഞങ്ങളിൽനിന്നകറ്റുവിൻ: ഞങ്ങൾ നിങ്ങൾക്ക് അന്നമൊരുക്കാം; ഇങ്ങോട്ടു വരുവിൻ! (2)

ദസ്രരേ, നിങ്ങൾ കുതിരകളെ ശരിയ്ക്കു പൂട്ടിയ, നല്ല ചക്രങ്ങളുള്ള തേരിലൂടേ വന്നു, സ്തോതാവിന്റെ ഈ സ്തോത്രം കേട്ടാലും: അശ്വികളേ, പണ്ടേത്തെ മേധാവികൾ (ഞങ്ങളുടെ) വറുതിയെപ്പററി നിങ്ങളോടു, വേഗത്തിൽപ്പോകണമെന്നു പറയുമാറില്ലയോ? (3)

അശ്വികളേ, ഇതിൽ മനസ്സുവെയ്ക്കില്ലേ? കുതിരകളോടുകൂടിവന്നെത്തുവിൻ; ആളുകളെല്ലാം നിങ്ങളെ വിളിയ്ക്കുന്നു. ഇതാ, നിങ്ങൾക്കു പാൽ പകർന്ന മധു ഞങ്ങൾ, ചങ്ങാതികൾപോലെ തരുന്നു; സൂര്യൻ ഉദിയ്ക്കുകയായി! (4)

അശ്വികളേ, വളരെയിടങ്ങളെ തിരസ്കരിയ്ക്കുന്ന നിങ്ങൾ ദേവകളുടെ സഞ്ചരണമാർഗ്ഗങ്ങളിലൂടേ ഇങ്ങോട്ടു വന്നാലും: ധനവാന്മാരേ, ആളുകളുടെ ഇടയിൽ നിങ്ങളെക്കുറിച്ചുള്ള സ്തുതി മുഴങ്ങുന്നു. ദസ്രരേ, ഇതാ, നിങ്ങൾക്കു മധുപാത്രങ്ങൾ! (5)

അശ്വികളേ, നിങ്ങളുടെ പഴയ സഖ്യം സേവനീയമാണ്, ശുഭകരമാണ്. നേതാക്കളേ, നിങ്ങളുടെ ധനം ജഹ്നുവംശത്തിലിരിയ്ക്കുന്നു. ഞങ്ങൾ നിങ്ങളുടെ ശുഭകരമായ സഖ്യം വീണ്ടുമുണ്ടാക്കി ഐക്യംപൂണ്ടു വേഗത്തിൽ നിങ്ങളെ ഒപ്പം മധുകൊണ്ടു മത്തുപിടിപ്പിയ്ക്കാം! (6)

നല്ല ത്രാണിയുള്ള യുവാക്കളേ, നാസത്യരേ, നന്മ നല്കുന്നവരേ, അശ്വികളേ, നിങ്ങൾ വായുവിനോടും നിയുത്തുക്കളോടും കൂടി പ്രീതരായി തളരാതെ പകലറുതിയിലെ സോമം കുടിച്ചുകൊണ്ടാലും! (7)

അശ്വികളേ, വളരെയന്നങ്ങൾ നിങ്ങളെ ചുഴലുന്നു; മാനിതരായ കർമ്മികൾ സ്തുതികളാൽ പരിചരിയ്ക്കുന്നു. സ്തോതാക്കളാൽ ആകർഷിയ്ക്കപ്പെട്ട ജലോൽപാദകമായ നിങ്ങളുടെ രഥം വാനുഴികളിലെങ്ങും ഉടനടി നടക്കുമല്ലോ! (8)

അശ്വികളേ, ഏററവും മാധുര്യമുള്ള സോമം നിങ്ങളെ കാത്തിരിയ്ക്കുന്നു. അതു കുടിപ്പാൻ ഗൃഹത്തിൽ വരുവിൻ: വളരെദ്ധനത്തെ വീണ്ടും വീണ്ടും ഉൽപ്പാദിപ്പിയ്ക്കുന്ന നിങ്ങളുടെ രഥം സോമം പിഴിയുന്നവന്റെ വിശുദ്ധാലയത്തിൽ നിരന്തരം ചെല്ലാറുള്ളതാണല്ലോ! (9)

### കുറിപ്പുകൾ: സൂക്തം 58.

1. ധേനുശബ്ദത്തിന്നു പ്രീതികാരിണി എന്നും, കറവുപയ്യ് എന്നും രണ്ടർത്ഥം. പുരാതനൻ – അഗ്നി. നറുംപാൽ ചുരത്തുന്നു – ഉഷസ്സിൽത്തുടങ്ങുമല്ലോ, ഹോമം. മകൻ – സൂര്യൻ; സൂര്യനെ ഉൽപാദിപ്പിയ്ക്കുന്നത്, ഉഷസ്സാണല്ലോ. വെളുപ്പോടേ വന്നവൻ – പകൽ. പ്രകാശകൻ – സൂര്യൻ.

2. അശ്വികളോടു പ്രത്യക്ഷവചനം: വഹിയ്ക്കുന്നു – യജനസ്ഥലത്തെയ്ക്കുവരാൻ. അച്ഛനമ്മമാരുടെനേർക്കു കുട്ടികൾ ‘എത്തിവലിഞ്ഞു’ നില്ക്കുന്നതുപോലെ, യാഗങ്ങൾ നിങ്ങളുടെ അടുക്കലെയ്ക്കുയരുന്നു; അവയ്ക്കു നിങ്ങളെ പ്രാപിപ്പാൻ വലിയ വെമ്പൽ.

3. വേഗത്തിൽ പോകണമെന്നു – വേഗത്തിൽ പോന്നു, ഞങ്ങളുടെ വറുതി തീർക്കണമെന്നു പറയാറുണ്ടാവും; അതിനാൽ വരുവിൻ.

4. ഇതിൽ – എന്റെ സ്തുതിയിൽ. ആളുകൾ – സ്തോതാക്കൾ. മധു – മാദകമായ സോമം.

5. തിരസ്കരിയ്ക്കുന്ന – സ്വതേജസ്സുകൊണ്ട് അധഃകരിയ്ക്കുന്ന.

6. ജഹ്നുവംശത്തിലിരിയ്ക്കുന്നു – ജഹ്നുഗോത്രക്കാർ അശ്വികളുടെ പ്രീതി നേടിയവരായിരുന്നു.

8. ഉടനടി – സ്തുതിയ്ക്കപ്പെട്ട ക്ഷണത്തിൽ. ഗൃഹത്തിൽ – ഞങ്ങളുടെ യാഗശാലയിൽ.

## സൂക്തം 59.

വിശ്വാമിത്രൻ ഋഷി; ത്രിഷ്ടുപ്പും ഗായത്രിയും ഛന്ദസ്സ്; മിത്രൻ ദേവത.

സ്തുതിയ്ക്കപ്പെടുന്ന മിത്രൻ ആളുകളെ പ്രയത്നിപ്പിയ്ക്കുന്നു; മിത്രൻ ഭൂവിനെയും ദ്യോവിനെയും നിലനിർത്തുന്നു; മിത്രൻ തൊഴില്ക്കാരെ കണ്ണിമയ്ക്കാതെ നോക്കുന്നു. നിങ്ങൾ മിത്രന്നു നൈ ചേർന്ന ഹവ്യം ഹോമിയ്ക്കുവിൻ! (1)

ആദിത്യ, കർമ്മവാനായ യാതൊരു മനുഷ്യൻ അങ്ങയ്ക്കു നല്കുന്നുവോ; മിത്ര, അവന്നു ധാരാളം അന്നമുണ്ടായിവരട്ടെ! ഭവാന്റെ രക്ഷയാൽ അവന്നു പീഡയോ തോൽവിയോ പറ്റില്ല; അവനെ ചാരത്തു നിന്നോ ദൂരത്തുനിന്നോ പാപം ബാധിയ്ക്കില്ല! (2)

അരോഗരായി, അന്നംകൊണ്ടു സംതൃപ്തരായി, ഭൂമിയുടെ വിശാലപ്രദേശത്തു സഞ്ചരിച്ച്, ആദിത്യകർമ്മത്തിൽ സംബന്ധിച്ചുകൊണ്ടു ഞങ്ങൾ മിത്രന്റെ നന്മനസ്സിൽ വർത്തിയ്ക്കുമാറാകണം! (3)

നമസ്കരണീയനും സുസേവ്യനും രാജാവും ബലവാനും വിധാതാവുമായി പിറന്നവനാണ് ഈ മിത്രൻ; ഞങ്ങൾ ഈ യജനീയന്റെ തിരുവുള്ളത്തിൽ – മംഗളകരമായ സൌമനസ്യത്തിൽ – വർത്തിയ്ക്കുമാറാകില്ലയോ! (4)

വണങ്ങിസ്സമീപിയ്ക്കപ്പെടേണ്ടവനും, ആളുകളെ പ്രയത്നിപ്പിയ്ക്കുന്നവനും, സ്തോതാവിന്നു സുഖപ്രദനുമാണ്, മഹാനായ ആദിത്യൻ; ആ പരമസ്തുത്യനായ മിത്രന്നു നിങ്ങൾ ഈ പ്രീതികരമായ ഹവിസ്സ് അഗ്നിയിൽ ഹോമിയ്ക്കുവിൻ! (5)

മനുഷ്യരെ പോററുന്ന മിത്രദേവന്റെ അന്നം സേവനീയവും, ധനം തുലോം മാന്യയശസ്സോടുകൂടിയതുമാകുന്നു! (6)

മഹിമാവുകൊണ്ട് അന്തരിക്ഷത്തെ കീഴ്പ്പെടുത്തിയ കീർത്തിമാനായ മിത്രൻ അന്നങ്ങൾകൊണ്ടു ഭൂമിയെയും കീഴ്പ്പെടുത്തി! (7)

ചെറുക്കുന്ന കെല്പുള്ള മിത്രന്നു പഞ്ചജനങ്ങൾ ഹവിസ്സർപ്പിച്ചു പോരുന്നു; ദേവകളെയെല്ലാം ഭരിയ്ക്കുന്നത്, അദ്ദേഹമത്രേ. (8)

തേജസ്സുള്ള മനുഷ്യരിൽവെച്ചു, ദർഭ മുറിയ്ക്കുന്നവനാരോ; അവന്നു മിത്രൻ നല്ല കർമ്മങ്ങൾക്കുതകുന്ന അന്നം കല്പിച്ചുകൊടുക്കും! (9)

### കുറിപ്പുകൾ: സൂക്തം 59.

1. ആളുകൾ – കൃഷിക്കാരും മററും. യജമാനൻ ഋത്വിക്കുകളോടു പറയുന്നതാണിത്.
2. നല്കുന്നുവോ – ഹവിസ്സ്.
3. നന്മനസ്സിൽ വർത്തിയ്ക്കുമാറാകണം – മിത്രന്നു ഞങ്ങളിൽ അനുഗ്രഹബുദ്ധിയുണ്ടാകണം.
5. ഋത്വിക്കുകളോട്:
8. ചെറുക്കുന്ന – ശത്രുക്കളെ.

## സൂക്തം 60.

വിശ്വാമിത്രൻ ഋഷി; ജഗതി ഛന്ദസ്സ്; ഋഭുക്കളും ഇന്ദ്രനും ദേവത.

സുധന്വപുത്രന്മാരേ, എതിരാളികളെ അമർത്തുന്ന തേജസ്സുള്ള നിങ്ങൾ യജ്ഞഭാഗം നേടിയതെവകൊണ്ടോ; നേതാക്കളേ, നിങ്ങളുടെ ആ കർമ്മങ്ങൾ എല്ലാടത്തും കാമയമാനരായ ഹവിർദ്ധനന്മാർ സഖ്യംകൊണ്ടു മനസ്സിലാക്കിയിട്ടുണ്ട്. (1)

നിങ്ങൾ ത്രാണികൊണ്ടു ചമസങ്ങളെ വിഭജിച്ചു; ബുദ്ധികൊണ്ടു പയ്യിന്റെ ദേഹത്തിൽ തോൽ പതിച്ചു; മനസ്സുകൊണ്ടു ഹരികളെ നിർമ്മിച്ചു. ഋഭുക്കളേ, ഇതുകൊണ്ടൊക്കെയാണ്, നിങ്ങൾ ദേവത്വം പ്രാപിച്ചത്! (2)

മനുഷ്യപുത്രരായ ഋഭുക്കൾ കർമ്മങ്ങൾകൊണ്ട് ഇന്ദ്രന്റെ സഖ്യം നേടി, മരണരഹിതരായിത്തീർന്നു – സുകൃതികളായ സുധന്വസൂനുക്കൾ വിശാലമായ ശേഷികൊണ്ടും സൽക്കർമ്മംകൊണ്ടും അമൃതത്വമടഞ്ഞു! (3)

ഋഭുക്കളേ, നിങ്ങൾ ഇന്ദ്രനോടൊന്നിച്ച് ഒരേ തേരിൽക്കേറി സോമയാഗത്തിൽ ചെല്ലുന്നു, മനുഷ്യരുടെ സമ്പത്തോടു ചേരുന്നു. മേധാവികളായ സുധന്വപുത്രന്മാരേ, നിങ്ങളുടെ സുകൃതങ്ങളും കഴിവുകളും കണക്കിടാവുന്നവയല്ല! (4)

ഇന്ദ്ര, അവിടുന്നു വാജാന്വിതരായ ഋഭുകളോടുകൂടി, വെള്ളം തളിച്ചു ചതച്ചു പിഴിഞ്ഞ സോമം ഇരുകൈകൊണ്ടും പിടിച്ചു കുടിച്ചാലും; മഘവാവേ, സ്തോത്രപ്രേരിതനായ ഭവാൻ ഹവിർദ്ദാതാവിന്റെ ഗൃഹത്തിൽ, സുധന്വപുത്രരായ മനുഷ്യരോടൊന്നിച്ചു മത്തടിച്ചാലും! (5)

ബഹുസ്തുതനായ ഇന്ദ്ര, അവിടുന്ന് ഋഭുക്കളോടും – വാജനോടും – ശചിയോടുംകൂടി ഇവിടെ ഞങ്ങളുടെ ഈ സവനത്തിൽ മത്തടിച്ചാലും: അവിടെയ്ക്കു വെയ്ക്കപ്പെട്ടവയാണ്, ഈ അഹസ്സുകളും ദേവകർമ്മങ്ങളും മനുഷ്യന്റെ ക്രിയകളും. (6)

ഇന്ദ്ര, അങ്ങു വാജാന്വിതരായ ഋഭുക്കളോടുകൂടി, ഇവിടെ സ്തോതാവിന്ന് അന്നം നല്കാൻ, യജ്ഞാർഹമായ സ്തോത്രത്തിൽ വന്നുചേർന്നാലും – നൂറശ്വങ്ങളോടും മരുത്തുക്കളോടുമൊന്നിച്ച്, മനുഷ്യന്ന് ആയിരം കൊണ്ടുവരുന്ന ഭവാൻ സോമഹോമത്തിൽ വന്നുചേർന്നാലും! (7)

### കുറിപ്പുകൾ: സൂക്തം 60.

2. ഇവയൊക്കെ മുമ്പു വിവരിയ്ക്കപ്പെട്ടിട്ടുണ്ട്. ഹരികൾ – ഇന്ദ്രാശ്വങ്ങൾ.
4. സമ്പത്ത് – ഹവിസ്സുമുതലായവ.
5. വാജ്വാന്വിതർ = വാജനോടുകൂടിയവർ; വാജൻ ഋഭുക്കളിൽ മൂന്നാമൻ.
6. ശചി = ഇന്ദ്രാണി.
7. മനുഷ്യന്ന് – യജമാനന്ന്. ആയിരം – ആയിരം ധനം.

## സൂക്തം 61.

വിശ്വാമിത്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഉഷസ്സ് ദേവത.

ഉഷസ്സേ, അന്നവതി, മഘോനി, സ്തോതാവിന്റെ സ്തോത്രവും അന്നവും ഭവതി സ്വീകരിച്ചാലും: ദേവി, വിശ്വവരേണ്യേ, പണ്ടേ പിറന്നവളെങ്കിലും യുവതിയായി വിളങ്ങുന്ന ഭവതി യജ്ഞത്തിലെയ്ക്കാണല്ലോ, നടക്കുന്നത്! (1)

ദേവി, ഉഷസ്സേ, മരണമില്ലാത്ത സൂനൃതഭാഷിണിയായ ഭവതി തങ്കത്തേരിൽ വിളങ്ങിയാലും; എളുപ്പത്തിൽ പൂട്ടാവുന്ന ആ കരുത്തേറിയ ചെംകുതിരകൾ ഭവതിയെ കൊണ്ടുവരട്ടെ! (2)

ഉഷസ്സേ, ജഗത്തിലെങ്ങും ഗമിയ്ക്കുന്ന ഭവതി സൂര്യന്റെ കൊടിയായി പൊങ്ങി നില്ക്കുന്നു. അതിനൂതനേ, ഒരേവഴിയിൽ സഞ്ചരിയ്ക്കുന്ന ഭവതി, ചക്രമെന്നപോലെ ആവർത്തിച്ചുകൊണ്ടിരുന്നാലും! (3)

മഘോനിയായ ഉഷസ്സ് ഇരുൾത്തുണി ചീന്തിക്കളഞ്ഞു, പകലിന്റെ പത്നിയായി നടക്കുന്നു; തേജസ്സു താവുന്ന ഈ സൽക്കർമ്മോപേതയായ സൌഭാഗ്യവതി വാനിന്റെയും മന്നിന്റെയും അറ്റത്തുനിന്ന് ആവിർഭവിയ്ക്കുന്നു. (4)

നിങ്ങളെ നോക്കി വിലസുന്ന ഉഷോദേവിയെ നിങ്ങൾ നമസ്കരിച്ചു നന്നായി സ്തുതിയ്ക്കുവിൻ! മഞ്ജുദർശനയായ മധുധ ആകാശത്തു പൊങ്ങുന്ന തേജസ്സു വഹിയ്ക്കുന്നു; ഒളിവീശി വിളങ്ങുന്നു. (5)

ഈ സത്യവതി വാനത്തുനിന്നു തേജസ്സുകൊണ്ട് അറിയപ്പെടുന്നു; ഈ ധനവതി ദ്യാവാപൃഥിവികളിൽ നാനാത്രുപേണ നിവസിയ്ക്കുന്നു. അഗ്നേ, നേരേ വന്നെത്തുന്ന ഉഷസ്സിനോടു യാചിയ്ക്കുന്ന ഭവാനു വരേണ്യമായ ധനം കൈവരും! (6)

വൃഷാവു പകലിന്റെ ചുവട്ടിൽ ഉഷസ്സിനെ നടത്തിക്കൊണ്ടു, വലിയ വാനുഴികളിലെങ്ങും പ്രവേശിച്ചു; ആ മഹതി മിത്രാവരുണന്മാരുടെ ഒരു മായയായിട്ടു, വളരെ സ്ഥലങ്ങളിൽ പ്രഭ സ്വർണ്ണംപോലെ വിതറുന്നു! (7)

### കുറിപ്പുകൾ: സൂക്തം 61.

1. ഉഷസ്സിന്റെ ആഗമനത്തിലാണല്ലോ, യജ്ഞം തുടങ്ങുക.
3. ചക്രമെന്നപോലെ – സൂര്യരഥത്തിന്റെ ചക്രം തിരിഞ്ഞുതിരിഞ്ഞുവരുന്നതുപോലെ.
5. സ്തോതാക്കളോടു പറയുന്നു: മധുധ – ഉഷസ്സിന്റെ ഒരു പേർ.
6. ധനം – ഹവിസ്സും മറ്റും.
7. വൃഷാവ് – സൂര്യൻ. ആ മഹതി – ഉഷസ്സ്. മായ – പ്രഭ എന്ന മായ.

## സൂക്തം 62.

വിശ്വാമിത്രൻ ഋഷി; ത്രിഷ്ടുപ്പും ഗായത്രിയും ഛന്ദസ്സ്; ഇന്ദ്രവരുണാദികൾ ദേവത.

ഇന്ദ്രാവരുണന്മാരേ, നിങ്ങളുടെ ഇവർ – ആക്രമിയ്ക്കപ്പെട്ടു ചുററിയലയുന്നവർ – യുവാവിന്ന് ഉപദ്രവിയ്ക്കാവുന്നവരാകരുത്. നിങ്ങൾ സഖാക്കൾക്ക് അന്നം കരുതി വെയ്ക്കാറുണ്ടല്ലോ; നിങ്ങളുടെ ആ യശസ്സ് എവിടെപ്പോയി? (1)

ഇന്ദ്രാവരുണന്മാരേ, ധനേച്ഛുവായ ഈ വലിയ മഹാൻ എന്നെന്നും രക്ഷയ്ക്കായി നിങ്ങളെ വിളിയ്ക്കാറുണ്ട്; നിങ്ങൾ മരുത്തുക്കളോടും ദ്യാവാപൃഥിവികളോടുംകൂടി, എന്റെ വിളി കേൾക്കുവിൻ! (2)

ഇന്ദ്രാവരുണന്മാരേ, ഞങ്ങൾക്ക് ആ ധനം കൈവരട്ടേ; മരുത്തുക്കളേ, ഞങ്ങൾക്ക് എന്തിനുംപോന്ന പശുവൃന്ദം കൈവരട്ടെ; ഞങ്ങളെ ദേവപത്നിമാർ ഗൃഹങ്ങൾകൊണ്ടു രക്ഷിയ്ക്കട്ടെ; ഞങ്ങളെ വാഗ്രൂപിണിയായ ഭാരതി ഉദാരവചസ്സുകൾകൊണ്ടു രക്ഷിയ്ക്കട്ടെ! (3)

ദേവകൾക്കെല്ലാം ഹിതനായ ബൃഹസ്പതേ, ഞങ്ങളുടെ ഹവ്യങ്ങൾ സ്വീകരിയ്ക്കുക; ഹവിർദ്ദാതാവിന്നു രത്നങ്ങൾ നല്കുക! (4)

നിങ്ങൾ യജ്ഞങ്ങളിൽ പരിശുദ്ധനായ ബൃഹസ്പതിയെ സ്തോത്രങ്ങൾകൊണ്ടു പരിചരിയ്ക്കുവിൻ: വണങ്ങാത്ത ബലം ഞാൻ യാചിയ്ക്കുന്നു! (5)

മനുഷ്യർക്കഭിമതം വർഷിയ്ക്കുന്ന, വിശ്വരൂപനായ, അദമ്യനായ, വരേണ്യനായ ബൃഹസ്പതിയോടു ഞാൻ യാചിയ്ക്കുന്നു! (6)

വിളങ്ങുന്ന പൂഷാവേ, ദേവ, ഇതാ, ഭവാന്റേതായ ഏറ്റവും പുതിയ ശോഭനസ്തുതി: ഞങ്ങൾ അങ്ങയ്ക്കായി ചൊല്ലുന്നു! (7)

അവിടുന്ന് എന്റെ വാക്കു കേൾക്കുക: ഈ അന്നൈഷിണിയായ സ്തുതിയെ, ഒരു പെൺകൊതിയൻ സ്ത്രീയെയെന്നപോലെ പ്രാപിയ്ക്കുക! (8)

വിശ്വങ്ങളെ വീക്ഷിയ്ക്കുന്ന – ഭുവനങ്ങളെ പാർത്തറിയുന്ന – പൂഷാവു ഞങ്ങളെ രക്ഷിച്ചരുളട്ടെ! (9)

നമ്മുടെ ബുദ്ധിയെ ആർ പ്രേരിപ്പിയ്ക്കുന്നുവോ, ആ സവിതൃദേവന്റെ വരണീയമായ തേജസ്സിനെ നാം ധ്യാനിയ്ക്കുക! (10)

അന്നമിച്ഛിയ്ക്കുന്ന ഞങ്ങൾ സവിതൃദേവനെ സ്തുതിച്ചു, ധനം തരാൻ യാചിയ്ക്കുന്നു. (11)

നേതാക്കളായ മേധാവികൾ ബുദ്ധിപ്രേരണയാൽ സവിതാവായ ദേവനെ ഹവിസ്സുകൾകൊണ്ടും നല്ല സ്തുതികൾകൊണ്ടും പൂജിയ്ക്കുന്നു. (12)

മാർഗ്ഗജ്ഞനായ സോമൻ എഴുന്നള്ളുന്നു – ദേവന്മാരുടെ സംസ്കൃതവും സംസേവ്യവുമായ യജ്ഞസ്ഥലത്തു ചെല്ലുന്നു. (13)

സോമൻ നമുക്കും ഇരുകാലികൾക്കും നാല്ക്കാലികൾക്കും ആരോഗ്യകരമായ ആഹാരം കല്പിച്ചുനല്കട്ടെ! (14)

സോമൻ നമുക്ക് ആയുസ്സു വർദ്ധിപ്പിച്ച് , എതിരാളികളെ ചെറുത്തുകൊണ്ടു സ്ഥാനത്ത് ഇരുന്നരുളട്ടെ! (15)

ശോഭനകർമ്മാക്കളായ മിത്രാവരുണന്മാരേ, നിങ്ങൾ ഞങ്ങളുടെ തൊഴുത്തിൽ പാലും, ഗൃഹത്തിൽ തേനും പൊഴിയ്ക്കുവിൻ! (16)

വിശുദ്ധകർമ്മാക്കളേ, തുലോം സ്തുത്യരും സ്തുതിയാൽ വളരുന്നവരും സുദീർഘ സ്തോത്രരുമായ നിങ്ങളിരുവരും ബലത്തിന്റെ മഹിമയാൽ രാജാക്കന്മാരായി, വാണരുളുന്നു! (17)

സത്യവർദ്ധകരേ, ജമദഗ്നിയാൽ സ്തുതിയ്ക്കപ്പെടുന്ന നിങ്ങൾ യജ്ഞസ്ഥലത്തിരിയ്ക്കുവിൻ, സോമം കുടിയ്ക്കുവിൻ! (18)

## കുറിപ്പുകൾ: സൂക്തം 62.

1. ഇവർ – ഈ ആളുകൾ. യുവാവ് – ബലവാനായ ശത്രു. സഖാക്കൾ – ഞങ്ങൾ.
2. മഹാൻ – യജമാനൻ.
3. ആ – അഭിലഷിതമായ. എന്തിനുംപോന്ന – സർവകർമ്മസമർത്ഥമായ.
5. സ്തോതാക്കളോട്: വണങ്ങാത്ത – എതിരാളിയെ കുമ്പിടാത്ത.
6. മുൻ ഋക്കിൽ പറഞ്ഞത് എടുത്തുപറയുന്നു.
14. ഇരുകാലികൾ – മനുഷ്യർ.
15. സ്ഥാനം – ഹവിർദ്ധാനമെന്ന സ്ഥാനം.
16. തൊഴുത്തിൽ പൈക്കളെയും ഗൃഹത്തിൽ മധുരാഹാരങ്ങളും നിറയ്ക്കുവിൻ.

മൂന്നാം മണ്ഡലം സമാപ്തം.

# ഋഗ്വേദം: മൂന്നാം അഷ്ടകം

## നാലാം അദ്ധ്യായം

### മണ്ഡലം 4 അനുവാകം 1

## സൂക്തം 1.

വാമദേവൻ ഋഷി; അഷ്ടിയും അതിജഗതിയും ധൃതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; അഗ്നി ദേവത.

അഗ്നേ, ഇണക്കത്തിയന്ന ദേവന്മാർ ശീഘ്രം ഗമിയ്ക്കുന്ന ദേവനായ ഭവാനെ സദാ പ്രേരിപ്പിച്ചിരുന്നുവല്ലോ; അതിനാൽ കർമ്മികൾ പ്രേരിപ്പിച്ചു. യജനീയ, മരണരഹിതനായി എങ്ങും വിളങ്ങുന്ന പ്രചേതസ്സായ ഭവാനെ ദേവന്മാർ മനുഷ്യരിൽ വരുന്നവനാക്കിവെച്ചു – പ്രചേതസ്സായ ഭവാനെ എങ്ങും ഒപ്പം ചെല്ലുന്നവനാക്കിവെച്ചു. (1)

അഗ്നേ, ആ അങ്ങു ഭ്രാതാവായ വരുണനെ – യജ്ഞങ്ങൾ കൊണ്ടു സേവ്യനും, യജ്ഞസേവിയും, ശ്രേഷ്ഠനും, സത്യവാനും, അദിതിപുത്രനും മനുഷ്യരെ പുലർത്തുന്നവനും മനുഷ്യർ വളർത്തുന്നവനുമായ രാജാവിനെ – സ്തോതാക്കളുടെനേർക്കു തിരിച്ചാലും. (2)

സഖേ, ദർശനീയ, ഭവാൻ സഖാവിനെ, യാത്രയ്ക്കു കൊള്ളാവുന്ന – നടമിടുക്കുള്ള – തേർക്കുതിരകൾ പായുന്ന ചക്രത്തെയെന്നപോലെ, ഞങ്ങളുടെനേർക്കു തിരിച്ചാലും. അഗ്നേ, തുണയായ വരുണങ്കലും നീളെ വ്യാപിച്ച തേജസ്സുള്ള മരുത്തുക്കളിലും അങ്ങു സുഖം നേടിയല്ലോ. ഉജ്ജ്വലിയ്ക്കുന്നവനേ, അവിടുന്നു പുത്രപൌത്രന്മാർക്കു സുഖം നല്കുക – ദർശനീയ, ഞങ്ങൾക്കു സുഖം നല്കുക! (3)

അഗ്നേ, വിദ്വാനായ ഭവാൻ ഞങ്ങളെ വരുണദേവന്റെ അരിശത്തിൽനിന്ന് അകറ്റണം; വലിയ യഷ്ടാവും വഹ്നിയുമായി സമുജ്ജ്വലിയ്ക്കുന്ന ഭവാൻ ഞങ്ങളെ എല്ലാപ്പാപങ്ങളിൽനിന്നും വേർപെടുത്തണം! (4)

അഗ്നേ, ആ ഭവാൻ വന്നണഞ്ഞു ഞങ്ങളെ രക്ഷിയ്ക്കുക; ഈ ഉഷസ്സുദിപ്പിൽ തുലോം അടുക്കൽ സ്ഥിതിചെയ്യുക. ഞങ്ങളുടെ രോഗം ശമിപ്പിയ്ക്കുക; വിളയാടിക്കൊണ്ടു സുഖഭോജ്യം ഭുജിയ്ക്കുക; ഞങ്ങൾക്കു ശോഭനാഹ്വാനനായി ഭവിയ്ക്കുക! (5)

ഈ സുഭഗനായ ദേവന്റെ മികച്ച തിരുനോട്ടം, കാമയമാനനു ലാളിയ്ക്കപ്പെടേണ്ടുന്ന പയ്യിന്റെ തെളിഞ്ഞൊഴുകുന്ന പാൽപോലെയും, ഗോലാഭംപോലെയും, മനുഷ്യർക്കു സ്പൃഹണീയവും മഹനീയവുമാകുന്നു! (6)

ഈ അഗ്നിദേവന്റെ ആ യഥാർത്ഥങ്ങളായ മൂന്നു ശ്രേഷ്ഠജന്മങ്ങൾ സ്പൃഹണീയങ്ങളാകുന്നു. ആകാശമദ്ധ്യത്തിൽ തേജഃപരിവൃതനായി തുലോം വിളങ്ങുന്ന സ്വാമിയായ പാവകൻ വരുമാറാകട്ടെ! (7)

കനകത്തേരും കമനീയനാവുമുള്ള ആ ദൂതനായ ഹോതാവ് എല്ലാശ്ശാലകളെയും കാമിയ്ക്കുന്നു; അഴകൊത്ത തിരുവുടലും കാന്തിയുമുള്ള രോഹിതാശ്വൻ, ഭക്ഷ്യസമൃദ്ധമായ ഗൃഹംപോലെ സദാ രമണീയനാകുന്നു! (8)

ആ യജ്ഞബന്ധുവിന്നു മനുഷ്യരെ അറിയാം. അദ്ദേഹത്തെ വലിയ സ്തുതിക്കയറാൽ കെട്ടി കൊണ്ടുനടക്കുന്നു. ആ ദേവൻ ഈ മനുഷ്യന്റെ ഗൃഹത്തിൽ സിദ്ധിവരുത്തിക്കൊണ്ടു നിവസിയ്ക്കുന്നു – ധനവാനോട് ഐക്യമടയുന്നു! (9)

ആ അഭിജ്ഞനായ അഗ്നി, സ്തോതാക്കളാൽ ഭജനീയമായ അദ്ദേഹത്തിന്റെ രത്നം വേഗത്തിൽ ഞങ്ങൾക്കായി കൊണ്ടുവരട്ടെ. അദ്ദേഹത്തെയാണല്ലോ, അമർത്ത്യരെല്ലാം കർമ്മത്തിന്നു വെച്ചിരിയ്ക്കുന്നത്. ദ്യോവത്രേ, അമ്മയും അച്ഛനും; ആ സത്യരൂപനെ (ആളുകൾ) നീരാടിയ്ക്കുന്നു. (10)

തന്തിരുവടി ഒന്നാമനായി ഗൃഹങ്ങളിൽ – ഈ മഹത്തായ അന്തരിക്ഷത്തിന്റെ ചുവട്ടിൽ പ്രധാനസ്ഥാനത്തു – വെളിപ്പെടുന്നു. കാലും തലയുമില്ലാത്ത അവിടുന്ന് അറ്റങ്ങൾ മറച്ചു, മേഘത്തിന്റെ കൂട്ടിൽ പുകയായി പാറുന്നു! (11)

ജലത്തിന്റെ ഉൽപത്തിസ്ഥാനത്ത്, മേഘത്തിന്റെ കൂട്ടിൽ, ആ സ്തുതനായ ഒന്നാമനു ബലം വർദ്ധിയ്ക്കുന്നു. അദ്ദേഹം സ്പൃഹണീയനാണ്, യുവാവാണ്, സുന്ദരനാണ്, കാന്തിമാനാണ്; ആ വൃഷാവിന്ന് ഏഴുപേർ പ്രിയപ്പെട്ടവരായി. (12)

ഇവിടെ നമ്മുടെ പിതാക്കളായ മനുഷ്യർ യജ്ഞം സാധിച്ചു സമീപിച്ചു; എന്നിട്ടു, മലകളുടെ നടുവിൽ ഇരുളിന്നുള്ളിൽ നിന്നിരുന്ന സുദുഘകളായ പൈക്കളെ, ഉഷസ്സിനെ വിളിച്ചുവരുത്തി പുറത്തിറക്കി. (13)

അവർ മല പിളർത്തു പരിചരിച്ചു; അതു മറ്റുള്ളവർ സർവത്ര പുകഴ്ത്തി. ഉപായം കൊണ്ടു മാടുകളെ മോചിപ്പിയ്ക്കാൻ അവർ അഭീഷ്ടദനെ സ്തുതിച്ചു; അപ്പോൾ വെളിച്ചം കിട്ടി. പിന്നീടു യജ്ഞങ്ങളനുഷ്ഠിച്ചു. (14)

ആ കാമയമാനരായ നേതാക്കൾ ഗോക്കളെ കിട്ടാൻ, ഗോക്കളെ അടച്ചുതടഞ്ഞിട്ടിരുന്ന ഉറപ്പേറ്റ വിശാലപർവതത്തെ – ഗോക്കൾ നിറഞ്ഞ തൊഴുത്തിനെ – ദേവസ്തുതികൊണ്ടു തുറന്നു! (15)

അവർ മുമ്പേ ഗോമാതാവിന്റെ പേർമാത്രമേ അറിഞ്ഞിരുന്നുള്ളു; ഉൽകൃഷ്ടമായ ഇരുപത്തൊന്നെണ്ണം പിന്നെ കിട്ടി. ഉടനേ, അഭിജ്ഞയായ ഉഷസ്സിനെ സ്തുതിച്ചു; ആ പാടലാംഗി സൂര്യതേജസ്സോടേ ആവിർഭവിച്ചു! (16)

ഇരുട്ട് ആട്ടിപ്പായിയ്ക്കപ്പെട്ട് അറുതിയടഞ്ഞു; ആകാശം തെളിഞ്ഞു. ഉഷോദേവിയുടെ പ്രഭയുയർന്നു; സൂര്യൻ വമ്പിച്ച പർവതങ്ങളിൽ, മനുഷ്യരുടെ നന്മതിന്മകൾ നോക്കിക്കൊണ്ടു വാണരുളി! (17)

അനന്തരം, അറിഞ്ഞവർ പിൻഭാഗങ്ങളിൽ കണ്ടു; അനന്തരം തിളങ്ങുന്ന രത്നങ്ങൾ വീണ്ടെടുത്തു. എല്ലാ ഗൃഹങ്ങളിലും ദേവകളെല്ലാം വന്നെത്തി. അഗ്നിയുടെ മിത്രത്വവും വരുണത്വവും കർമ്മിയ്ക്കു യഥാർത്ഥമായിത്തീരട്ടെ! (18)

തുലോം വിളങ്ങുന്നവനായി ഹോതാവായി ഉലകത്തെ പോറ്റുന്നവനായി വലിയ യഷ്ടാവായിരിയ്ക്കുന്ന അഗ്നിയെ ഞാൻ നേരിട്ടു സ്തുതിയ്ക്കാം: പയ്യിന്റെ പരിശുദ്ധമായ പാൽ കറന്നിട്ടില്ല; വെടുപ്പു വരുത്തിയ സോമനീർ തളിച്ചിട്ടുമില്ല! (19)

യജ്ഞാർഹർക്കെല്ലാം അദിതി, മനുഷ്യർക്കെല്ലാം അതിഥി, സ്തോതാക്കൾക്ക് അന്നം കൊണ്ടുവരുന്നവൻ – ഇങ്ങനെയുള്ള ജാതവേദസ്സായ അഗ്നി സുഖം കല്പിച്ചു നല്കട്ടെ! (20)

## കുറിപ്പുകൾ: സൂക്തം 1.

1. പ്രേരിപ്പിച്ചിരുന്നു – യുദ്ധത്തിന്. പ്രേരിപ്പിച്ചു – ഹവിസ്സു ദേവകൾക്കു കൊണ്ടുകൊടുക്കാനും മറ്റും. പ്രചേതസ്സ് – പ്രകൃഷ്ടജ്ഞാനൻ.

3. സുഖം – ഹവിർഭോജനസുഖം.

4. വഹ്നി – ഹവിർവാഹി.

6. പരോക്ഷവചനം: ഈ സുഭഗനായ ദേവൻ – അഗ്നി. കാമയമാനൻ – പാൽ ഇച്ഛിയ്ക്കുന്നവൻ; അയാൾക്കു നല്ല പാലും പയ്യും കൈവരുന്നത് എപ്രകാരമോ, അപ്രകാരം മനുഷ്യർക്കു സ്പൃഹണീയവും മഹനീയവുമാകുന്നു, അഗ്നിയുടെ കടാക്ഷം.

7. മൂന്നു ശ്രേഷ്ഠജന്മങ്ങൾ – അഗ്നി, വായു, സൂര്യൻ. വരുമാറാകട്ടെ – ഞങ്ങളുടെ യജ്ഞത്തിൽ.

8. നാവ് – ജ്വാല. ഹോതാവ് – അഗ്നി. ശാലകൾ – യാഗശാലകൾ; എല്ലാ യജനസ്ഥാനങ്ങളിലും അദ്ദേഹം ചെല്ലും. രോഹിതാശ്വൻ – ചുകന്ന കുതിരകളുള്ളവൻ, അഗ്നി.

9. കൊണ്ടുനടക്കുന്ന – അധ്വര്യുക്കൾ ഉത്തരവേദിയിലെയ്ക്കും മറ്റും കൊണ്ടുപോകുന്നു. ഈ മനുഷ്യൻ – യജമാനൻ. ധനവാനോട് – അഗ്നി ആരുടെ ഗൃഹത്തിൽ വസിയ്ക്കുന്നുവോ, അവനെ ധനവാനാക്കി, അവനോട് ഐക്യം പ്രാപിയ്ക്കുന്നു.

10. രത്നം – ഉത്തമധനം. നീരാടിയ്ക്കുന്നു – നെയ്യും മറ്റും ഹോമിയ്ക്കുന്നു.

11. ഗൃഹങ്ങൾ – യജമാനന്മാരുടെ. പ്രധാനസ്ഥാനം – ഉത്തരവേദി മുതലായത്. അറ്റങ്ങൾ – ദേഹത്തിന്റെ രണ്ടറ്റവും, കാലും തലയും. മേഘത്തിന്റെ കൂട് – ആകാശം.

12. വൈദ്യുതാഗ്നിയെപ്പററി: ആ ഒന്നാമൻ – അഗ്നി. ഏഴുപേർ – സപ്തഹോതാക്കൾ; അല്ലെങ്കിൽ ഏഴു ജ്വാലകൾ.

13. പിതാക്കളായ മനുഷ്യർ – അംഗിരസ്സുകൾ. ഈ വിഷയം മുമ്പു പ്രതിപാദിയ്ക്കപ്പെട്ടിട്ടുണ്ട്. സമീപിച്ചു – അഗ്നിയുടെ അരികിൽ ചെന്നു.

14. പരിചരിച്ചു – അഗ്നിയെ. അഭീഷ്ടദനെ – കാമിതം നല്കുന്ന അഗ്നിയെ, വെളിച്ചം കിട്ടി – സൂര്യനുദിച്ചു.

15, കാമയമാനർ – അഗ്നികാമർ. നേതാക്കൾ – അംഗിരസ്സുകൾ. ദേവസ്തുതി – അഗ്നിസ്തവം.

16. ഇരുപത്തൊന്നെണ്ണം. – ഇരുപത്തൊന്നു ഛന്ദസ്സുകൾ; ഈ ഛന്ദസ്സുകകളിലുള്ള മന്ത്രങ്ങൾകൊണ്ടാണ്, അവർ അഗ്നിയെ സ്തുതിച്ചതെന്നർത്ഥം.

18. അറിഞ്ഞവർ – ഗോക്കൾ മോചിപ്പിയ്ക്കപ്പെട്ടു എന്നറിഞ്ഞ അംഗിരസ്സുകൾ. കണ്ടു – ഗോക്കളെ. രത്നങ്ങൾ – അസുരന്മാരാൽ അപഹരിയ്ക്കപ്പെട്ട ധനങ്ങൾ. ഗൃഹങ്ങൾ – പൈക്കളെ കിട്ടിയ അംഗിരസ്സുകളുടെ ഗൃഹങ്ങൾ. വരുണത്വം – ഉപദ്രവനിവാരകത്വം. യഥാർത്ഥമായിത്തീരട്ടെ – അഗ്നി, ഒരു മിത്രമെന്നപോലെ കർമ്മികളെ ഉപദ്രവങ്ങളിൽനിന്നു രക്ഷിയ്ക്കട്ടെ.

19. കറന്നിട്ടില്ല; തളിച്ചിട്ടുമില്ല – യജമാനൻ സ്തുതിയ്ക്കുകമാത്രമേ ചെയ്യുന്നുള്ളു.

20. യജ്ഞാർഹർക്കെല്ലാം അദിതി – ദേവകളെയെല്ലാം, അവരുടെ അമ്മയായ അദിതി പോലെ പോറ്റുന്നവൻ.

## സൂക്തം 2.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

മരണമില്ലാത്ത സത്യവാനായ യാതൊരു ദേവൻ മനുഷ്യരിലും അഭിഗന്താവായി ദേവകളിലും വെയ്ക്കപ്പെട്ടിരിയ്ക്കുന്നുവോ; ആ ഹോതാവായ, വലിയ യഷ്ടാവായ, അഗ്നി തേജസ്സുകൊണ്ടു വിളങ്ങുന്നു; ഹവിസ്സർപ്പിയ്ക്കുന്ന മനുഷ്യനെ കൊണ്ടുപോകുന്നു! (1)

അഗ്നേ, ബലത്തിന്റെ മകനേ, ദർശനീയ, ഇന്നു ഞങ്ങളുടെ ഈ കർമ്മത്തിൽ ജനിച്ച നിന്തിരുവടി ജനിച്ച ഇരുകൂട്ടരുടെയും ഇടയിൽ, ദൂതനായിട്ട്, മിടുക്കും തടിയും പ്രഭയുമുള്ള വൃഷാക്കളെ പൂട്ടി സഞ്ചരിയ്ക്കുന്നു! (2)

ആ സത്യഭൃതന്റെ അന്നവും വെള്ളവുമൊഴുക്കുന്ന മനോതിവേഗികളായ ഇരു ചെംകുതിരകളെ ഞാൻ സ്തുതിയ്ക്കുന്നു: അങ്ങ് ഈ ഉജ്ജ്വലരെ പൂട്ടിയിട്ടാണല്ലോ, നിങ്ങളുടെയും – ദേവന്മാരുടെയും – പരിചാരകരായ മനുഷ്യരുടെയും ഇടയിൽ സഞ്ചരിയ്ക്കുന്നത്! (3)

അഗ്നേ, നല്ല കുതിരയും നല്ല തേരും നല്ല ധനവുമുള്ള നിന്തിരുവടി ഇവരുടെയിടയിൽ നല്ല ഹവിസ്സൊരുക്കിയ ആൾക്കുവേണ്ടി, അര്യമാവിനെയും വരുണനെയും മിത്രനെയും ഇന്ദ്രനെയും വിഷ്ണുവിനെയും മരുത്തുക്കളെയും അശ്വികളെയും വിളിയ്ക്കുമാറാകണം! (4)

ബലവാനായ അഗ്നേ, ഈ യജ്ഞം പയ്യാടുകുതിരകളോടും, നേതാക്കളോടും, സഖാക്കളോടും, അന്നത്തോടും, അടിപ്പരപ്പോടും, സന്താനങ്ങളോടും സദസ്സോടും കൂടി, സദാ അധൃഷ്യമായി നീണ്ടുനില്ക്കട്ടെ! (5)

അഗ്നേ, ആർ വിയർത്തൊലിച്ചു വിറകു കൊണ്ടുവരുന്നുവോ, ആർ മധു ധാരാളം നല്കുന്നുവോ, ആർ അങ്ങയെ ഇച്ഛിച്ചു നിറുക ചുടുവിയ്ക്കുന്നുവോ; അവന്നു ഭവാൻ ധനം നല്കുന്നു, പരിപാലിയ്ക്കുന്നു. അവനെ എല്ലാ ദ്രോഹികളിൽനിന്നും രക്ഷപ്പെടുത്തിയാലും! (6)

ആർ അന്നേച്ഛുവായ അങ്ങയ്ക്ക് അന്നമൊരുക്കുന്നുവോ, ആർ അതിഥിയാക്കിയിരുത്തുന്നുവോ, ദേവകാമനായ ആർ ഗൃഹത്തിൽ ഉജ്ജ്വലിപ്പിയ്ക്കുന്നുവോ; അവന്റെ പുത്രന്നു സ്ഥൈര്യവും ഔദാര്യവും ഉളവാകട്ടെ! (7)

ആർ അങ്ങയെ രാത്രിയിൽ, ആർ പുലരിയിൽ സ്തുതിയ്ക്കുമോ; ആർ അങ്ങയെ ഹവിസ്സുകൊണ്ടു പ്രീതിപ്പെടുത്തുമോ; ആ ദാതാവിനെ, സ്വഗൃഹത്തിൽ പൊന്നിൻജീനിട്ട കുതിരപോലെ നടക്കുന്ന ഭവാൻ പാപത്തിന്റെ മറുകരയിലെത്തിച്ചാലും! (8)

അഗ്നേ, അമൃതനായ ഭവാന്ന് ആർ (ഹവിസ്സു) നല്കുമോ, ആർ സ്രുക്കെടുത്ത് അങ്ങയെ പരിചരിയ്ക്കുമോ, ആ സ്തോതാവു ധനത്തോടു വേർപെടരുത്; ദ്രോഹപരന്റെ അടി അവന്നു പറ്റരുത്! (9)

അഗ്നേ, യുവതമ, വിളയാടുന്ന ദേവനായ നിന്തിരുവടി യാതൊരാളുടെ സുനിഹിതമായ ഹവിസ്സു ഭുജിയ്ക്കുമോ, ആ ഹോതാവു പ്രീതനായിത്തന്നെ മേവും; യാതൊരു പരിചാരകന്നുണ്ടോ, അഭിവൃദ്ധികാരികൾ, അവന്റെയാകണം, ഞങ്ങൾ! (10)

ആ അഭിജ്ഞൻ പുണ്യപാപങ്ങളെയും മനുഷ്യരെയും, കൊള്ളാവുന്നവയും കൊള്ളരുതാത്തവയുമായ മുതുകുകളെയെന്നപോലെ വേർതിരിയ്ക്കട്ടെ! ദേവ, അവിടുന്നു ഞങ്ങൾക്കു ധനവും സത്സന്താനവും കിട്ടിയ്ക്കുക; ദാതാവിനെ തരിക, അദാതാവിങ്കൽനിന്നു രക്ഷിച്ചരുളുക! (11)

അഗ്നേ, മനുഷ്യഗൃഹങ്ങളിൽ മേവുന്ന മാനിതരായ കവികൾ കവിയോടരുളിച്ചെയ്തിരിയ്ക്കുന്നു; അതിനാൽ, സ്വാമിയായ അവിടുന്ന് ഈ ദർശനീയരായ അദ്ഭുതരൂപന്മാരെ തേജോവ്യാപ്തികൊണ്ടു കണ്ടറിയണം! (12)

അതിയുവാവായി വിളങ്ങുന്ന അഗ്നേ, മനുഷ്യരുടെ അഭിലാഷം നിറവേറ്റുന്നവനും വഴിപോലെ കൊണ്ടുവെയ്ക്കപ്പെടേണ്ടവനുമായ ഭവാൻ സോമം പിഴിഞ്ഞു പരിചരിച്ചു സ്തുതിയ്ക്കുന്ന യജമാനന്നു, രക്ഷയ്ക്കായി ആഹ്ലാദകരമായ വളരെ രത്നം കൊണ്ടുവന്നാലും! (13)

അഗ്നേ, അങ്ങയെ കാംക്ഷിച്ചു ഞങ്ങൾ കാൽകൊണ്ടും കൈകൊണ്ടും ദേഹംകൊണ്ടും ജോലിചെയ്യുന്നുണ്ടല്ലോ; അപ്രകാരം കർമ്മങ്ങളിലേർപ്പെട്ട സുകർമ്മാക്കൾ സത്യരൂപനായ ഭവാനെ, ശില്പികൾ ഒരു രഥത്തെയെന്നപോലെ, കൈകൾകൊണ്ടു പൊന്തിച്ചു! (14)

പോരാ, അമ്മയായ ഉഷസ്സിൽനിന്നാണ്, ഞങ്ങൾ ഏഴു മേധാവികൾ: ശ്രേഷ്ഠരായ ഞങ്ങൾ പരിചാരകരായ മനുഷ്യരെ ഉൽപാദിപ്പിയ്ക്കും; സൂര്യപുത്രന്മാരായ അംഗിരസ്സുകളാണ്, ഞങ്ങൾ; തേജസ്വികളായ ഞങ്ങൾ ധനമുൾച്ചേർന്ന പർവതത്തെ പിളർത്തും! (15)

അഗ്നേ, പോരാ, ശ്രേഷ്ഠരും പുരാതനരും യജ്ഞം ശരിയ്ക്കനുഷ്ഠിച്ചവരുമായ അസ്മൽപിതാക്കൾ ഭാസുരമായ സ്ഥാനവും തേജസ്സും നേടി; ഉക്ഥം ചൊല്ലി തമസ്സകററി, ഉഷസ്സിനെ ഉദിപ്പിച്ചു! (16)

ആ തേജസ്സേറിയ ദേവകാമന്മാർ നല്ല കർമ്മം ചെയ്തു സ്തുതിച്ചു, ജന്മത്തെ, ഇരിമ്പിനെപ്പോലെ ശുദ്ധിപ്പെടുത്തി; അഗ്നിയെ ജ്വലിപ്പിച്ചു; ഇന്ദ്രനെ തഴപ്പിച്ചു; ചുറ്റുപാടും നിന്നു വലിയ ഗോഗണത്തെ വീണ്ടെടുത്തു! (17)

തേജസ്വിൻ, ആ സ്തോതാക്കളുടെ ഗോവൃന്ദത്തെ, ഉമ്പയിടുന്ന യൂഥത്തിൽ പശുക്കളെയെന്നപോലെ, ഇന്ദ്രൻ സമീപത്തു കണ്ടു; മനുഷ്യപ്രജകൾക്കു മിടുക്കുണ്ടായി; ഉടമസ്ഥനു കുഞ്ഞുങ്ങളെയും ആൾക്കാരെയും പുലർത്താമെന്നായി! (18)

ദേവനായ നിന്തിരുവടിയുടെ മനോഹരമായ പ്രകാശത്തെ പരിചരിച്ചു ഞങ്ങൾ സുകർമ്മാക്കളായിത്തീരട്ടെ! ഉദിച്ച ഉഷസ്സുകൾ തേജസ്സുടുത്തു പരിപൂർണ്ണനും ബഹുധാ പരമാഹ്ലാദകാരിയുമായ അഗ്നിയെ വഹിയ്ക്കുന്നു: (19)

അഗ്നേ, വിധാതാവേ, കവിയായ അങ്ങയ്ക്കായി ഇതാ, ഞങ്ങൾ ഉക്ഥങ്ങൾ ചൊല്ലുന്നു; അവ കേട്ടരുളുക. ഭവാൻ ഉജ്ജ്വലിച്ചാലും: ഞങ്ങളെ ധനവാന്മാരാക്കിയാലും – ബഹുവരേണ്യ, മഹത്തായ സമ്പത്തു കല്പിച്ചുതന്നാലും! (20)

## കുറിപ്പുകൾ: സൂക്തം 2.

1. അഭിഗന്താവ് – ശത്രുക്കളെ നേരിടുന്നവൻ; മനുഷ്യരിൽ യജ്ഞത്തിന്നും, ദേവകളിൽ യുദ്ധത്തിന്നും. വിളങ്ങുന്നു – ഉത്തരവേദിയിൽ. കൊണ്ടുപോകുന്നു – സ്വർഗ്ഗത്തിലെയ്ക്ക്.
2. ജനിച്ച – സംസ്കൃതനായ. ഇരുകൂട്ടർ – ദേവന്മാരും മനുഷ്യരും. വൃഷാക്കൾ – യുവാശ്വങ്ങൾ.
3. രണ്ടാമത്തെ വാക്യം പ്രത്യക്ഷം: ഈ ഉജ്ജ്വലർ – തിളങ്ങുന്ന അശ്വങ്ങൾ. ഹവിസ്സു വാങ്ങാൻ മനുഷ്യരുടെ ഇടയിലും, അതു കൊണ്ടുകൊടുക്കാൻ ദേവന്മാരുടെ ഇടയിലും സഞ്ചരിയ്ക്കുന്നു.
4. ഇവർ – മനുഷ്യർ.
5. അടിപ്പരപ്പ് – ധനാദികളാലുള്ള മൂലവിസ്താരം.

6. നിറുക ചുട്ടുവിയ്ക്കുന്നുവോ – വിറകിൻകെട്ടു ചുമക്കുകയാൽ.

7. മധു – മദകരമായ സോമം. സ്ഥൈര്യം – ധർമ്മസ്ഥിരത. ഔദാര്യം = ദാനശീലത്വം.

9. അടി – ഉപദ്രവിയ്ക്കൽ.

10. സുനിഹിതം – അങ്ങയ്ക്കായി വെട്ടുപ്പിൽ വെയ്ക്കപ്പെട്ടത്. പരിചാരകൻ – അഗ്നിയെ പരിചരിയ്ക്കുന്നവൻ. അഭിവൃദ്ധികാരികൾ – അഭ്യുദയം വരുത്തുന്ന കൂട്ടുകാർ.

11. ആ അഭിജ്ഞൻ – അഗ്നി. മുതകുകളെ എന്നപോലേ – ഒരു കുതിരക്കാരൻ അശ്വപൃഷ്ഠങ്ങളെ, നല്ലതോ ചീത്തയോ എന്നു നോക്കിയറിയുന്നതുപോലെ. രണ്ടാംവാക്യം പ്രത്യക്ഷം: ദാതാവ് – വേണ്ടിവന്നാൽ, വല്ലതും തന്നു സഹായിയ്ക്കുന്ന ആൾ.

12. കവികൾ – ദേവന്മാർ. കവിയോട് – മേധാവിയായ ഭവാനോട്. അരുളിച്ചെയ്തിരിയ്ക്കുന്നു – ഭവാൻ ഹോതാവാകണമെന്ന്. അദ്ഭുതരൂപന്മാർ – ദേവന്മാർ.

13. കൊണ്ടുവെയ്ക്കപ്പെടേണ്ടവൻ – ഉത്തരവേദിയിൽ.

14. സുകർമ്മാക്കൾ – അംഗിരസ്സുകൾ. കൈകൾകൊണ്ട് – അരണികൾ കടഞ്ഞ്. ശില്പികൾ തേർ പിടിച്ചുപൊന്തിയ്ക്കുന്നതുപോലെ പൊന്തിച്ചു.

15. വാമദേവൻ മററ് ആറംഗിരസ്സുകളെ ഉൾപ്പെടുത്തിക്കൊണ്ടു പറയുന്നു: ഉഷസ്സിൽനിന്നാണ് – ഉഷസ്സിൽനിന്നു പിറന്നവരാണ്. പരിചാരകരായ – അഗ്നിയെ പരിചരിയ്ക്കുന്ന. ധനം – ഗോവൃന്ദം.

16. അസ്മൽപിതാക്കൾ – അംഗിരസ്സുകൾ.

17. ജന്മത്തെ – സ്വന്തം മനുഷ്യജന്മത്തെ. ഇരിമ്പിനെപ്പോലെ – കൊല്ലന്മാർ ഇരിമ്പു ശുദ്ധിപ്പെടുത്തുന്നതുപോലെ. തഴപ്പിച്ചു – സ്തുതികൊണ്ടോ സോമം കൊണ്ടോ വർദ്ധിപ്പിച്ചു.

18. യൂഥം = നാല്ക്കാലിക്കൂട്ടം. മിടുക്കുണ്ടായി – ഗോക്കളെ വീണ്ടുകിട്ടിയതിനാൽ പൊറുതി ലഭിച്ചു. ഉടമസ്ഥന്നു – പൈക്കളുടെ ഓരോ ഉടമസ്ഥന്നും.

19. രണ്ടാംവാക്യം പരോക്ഷം:

## സൂക്തം 3.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

യാഗത്തിന്റെ രാജാവ്, രുദ്രൻ, ഹോതാവ്, വാനൂഴികളിൽ വ്യാപിച്ചവൻ, കനകവർണ്ണൻ – ഇങ്ങനെയുള്ള അഗ്നിയെ, നിങ്ങളുടെ രക്ഷയ്ക്കായി, ഇടിവാളായ മരണത്തിനുമുമ്പു നിങ്ങൾ സേവിയ്ക്കുവിൻ! (1)

ഇതാ, ഞങ്ങൾ അങ്ങയ്ക്ക് ഒരിരിപ്പിടം, നല്ല വസ്ത്രമുടുത്ത കാമിനിയായ ഭാര്യ ഭർത്താവിനെന്നപോലെ, ഉണ്ടാക്കിയിരിയ്ക്കുന്നു; സുകർമ്മാവേ, അവിടുന്നു പരിവൃതനായി നേരിട്ട് ഇരുന്നരുളുക. ഇവ അങ്ങയ്ക്കഭിമുഖങ്ങളായി പെരുമാറും! (2)

സ്തോതാവേ, കേൾക്കുന്നവനും, ഗർവില്ലാത്തവനും, മനുഷ്യരെ നോക്കുന്നവനും, ശോഭനസുഖനും, അമൃതനുമായ ദേവനെക്കുറിച്ചു താങ്കൾ സ്തോത്രവും ശസ്ത്രവും ചൊല്ലുക: തന്തിരുവടിയെയാണല്ലോ, അമ്മിക്കുഴപോലെ മാദകസോമം പിഴിയുന്നവൻ സ്തുതിയ്ക്കുന്നത്! (3)

അഗ്നേ, അവിടെയ്ക്കുതന്നെയാണ്, ഞങ്ങളുടെ ഈ കർമ്മം: സത്യജ്ഞ, സുകർമ്മാവായ ഭവാൻ സ്തോത്രം ചെവിക്കൊണ്ടാലും. എന്നായിരിയ്ക്കും, അങ്ങയ്ക്കു കൂട്ടമത്തുണ്ടാക്കുന്ന ഉക്ഥങ്ങൾ? എന്നായിരിയ്ക്കും, ഗൃഹത്തിൽ അങ്ങയുടെ ചങ്ങാതം? (4)

അഗ്നേ, അങ്ങു ഞങ്ങളുടെ ആ പാപം എങ്ങനെ വരുണനോടു പഴിയ്ക്കും? എങ്ങനെ സൂര്യനോട് ? അതെന്തായിരിയ്ക്കും? എങ്ങനെ വർഷകനായ മിത്രനോടും പൃഥിവിയോടും പറയും? എങ്ങനെ അര്യമാവോട്? എങ്ങനെ ഭഗനോട്? (5)

അഗ്നേ, സ്ഥാനങ്ങളിൽ സമുജ്ജ്വലിയ്ക്കുന്ന ഭവാൻ എങ്ങനെ പറയും? പ്രബലനും ശുഭപ്രദനും സഞ്ചാരിയുമായ വായുവോടെങ്ങനെ? അഗ്നേ, അശ്വികളോടും, ഭൂമിയോടും, പാപഘ്നനായ രുദ്രനോടും എങ്ങനെ? (6)

പുഷ്ടി കൈവശമുള്ള മഹാനായ പൂഷാവോട് എങ്ങനെ ഭവാൻ പാപം പറയും? ഹവിസ്സു കൊടുക്കുന്ന സുയജ്ഞനായ രുദ്രനോടെങ്ങനെ? അഗ്നേ, വിപുലയശസ്സായ വിഷ്ണുവോടെങ്ങനെ? പെരിയ സംവത്സരത്തോടെങ്ങനെ? (7)

സത്യഭൃതമായ മരുദ്ഗണത്തോടെങ്ങനെ? ചോദിയ്ക്കപ്പെടുമ്പോൾ, മഹാനായ സൂര്യനോടും അദിതിയോടും വായുവോടും ഭവാൻ എങ്ങനെ മറുപടി പറയും? ജാതവേദസ്സേ, ഇതറിഞ്ഞുവേണം, അങ്ങു ദേവന്മാരുടെ അടുക്കൽ പോവുക! (8)

അഗ്നേ, ഞാൻ യജ്ഞംകൊണ്ടു പതിവായി പയ്യിന്റെ പാൽ യാചിയ്ക്കുന്നു: മൂപ്പെത്താത്ത പയ്യിന്നു മുഴപ്പുള്ള നറുംപാലുണ്ട്; ഇവൾ കറുമ്പിയായിരിയ്ക്കെ, പോഷകവും ആയുഷ്കരവുമായ വെളുത്ത പാൽ വേണ്ടുവോളം കൊടുക്കുന്നു! (9)

അഭീഷ്ടങ്ങൾ വർഷിയ്ക്കുന്ന ശ്രേഷ്ഠനായ അഗ്നി യഥാർത്ഥമായ, പോഷകമായ പാൽകൊണ്ടു നനയ്ക്കപ്പെടുന്നു; ആ അന്നദാതാവ് അനങ്ങാതിരുന്നു സർവത്ര നടക്കുന്നു. വൃഷാവായ സൂര്യൻ അകിട്ടിൽനിന്നു വെൺപാൽ കറക്കുന്നു! (10)

അംഗിരസ്സുകൾ അധ്വരംകൊണ്ടു മല പിളർത്തുനീക്കി, ഗോക്കളോടു ചേർന്നു: ആ നേതാക്കൾ ഉഷസ്സിനെ സുഖേന നേടി; സൂര്യനും ഉദിച്ചു. ഇതൊക്കെ, അഗ്നിയുടെ അവതാരത്താൽത്തന്നെ! (11)

അഗ്നേ, അമരണകളായി അബാധിതകളായി മധുരജലകളായ ദേവിമാർ സത്യംമൂലം സംപ്രാപ്യകളായിട്ടു, നടകളിൽ ഉത്സാഹിപ്പിയ്ക്കപ്പെടുന്ന കുതിരപോലെ, എപ്പോഴും പാഞ്ഞൊഴുകുന്നു! (12)

അഗ്നേ, അവിടുന്ന് ഏതൊരു ഹിംസകന്റെയും യജ്ഞത്തിൽ ഒരിയ്ക്കലും എഴുന്നള്ളരുത്; ദ്രോഹിയായ അയല്ക്കാരന്റേതിലും അരുത്; മററൊരു ബന്ധുവിന്റേതിലും അരുത്. നേരില്ലാത്ത ഭ്രാതാവു തരുന്നതിൽ അങ്ങ് ആശ വെയ്ക്കരുത്. മിത്രത്തിന്റെയോ ശത്രുവിന്റെയോ മുതൽ ഞങ്ങൾക്കു വേണ്ടാ! (13)

അഗ്നേ, സുയജ്ഞ, ഉററ രക്ഷിതാവായ നിന്തിരുവടി പ്രസാദിച്ചു, സ്വന്തം രക്ഷകൾകൊണ്ടു ഞങ്ങളെ രക്ഷിച്ചാലും: നേരേ കത്തിജ്ജ്വലിയ്ക്കുക; ഉറച്ച പാപം പറിച്ചുകളയുക; ഉപദ്രവിക്കുന്ന പെരുംരക്ഷസ്സിനെ അകററുക! (14)

അഗ്നേ, അവിടുന്ന് ഈ ശസ്ത്രങ്ങൾകൊണ്ടു പ്രസാദിച്ചാലും: ശൂര, ഈ അന്നങ്ങളും സ്തോത്രങ്ങളും സ്വീകരിയ്ക്കുക; അംഗിരസ്സേ, മന്ത്രങ്ങൾ കേൾക്കുക; ദേവന്മാരിൽ ചെല്ലുന്ന സ്തുതി അങ്ങയെ വളർത്തട്ടെ! (15)

അഗ്നേ, വിധാതാവേ, അറിവുള്ള കവിയായ നിന്തിരുവടിയെപ്പററി, ഫലപ്രദങ്ങളും ചൊല്ലേണ്ടവയുമായ നിഗൂഢകാവ്യങ്ങൾ നിർമ്മിയ്ക്കപ്പെട്ടിട്ടുണ്ട്; ആ വാക്യങ്ങളെല്ലാം മനനീയസ്തോത്രങ്ങളോടുകൂടിയ പ്രാജ്ഞനായ ഞാൻ പാടി! (16)

## കുറിപ്പുകൾ: സൂക്തം 3.

1. ഋത്വിക്കുകളോടു പറയുന്നു: രുദ്രൻ – ഓടുന്നവൻ, ക്ഷിപ്രവ്യാപി. ഇടിവാളായ – ഓർക്കാതിരിയ്ക്കെ നിപതിയ്ക്കുന്ന.
2. പ്രത്യക്ഷോക്തി: ഇരിപ്പിടം – ഉത്തരവേദി. പരിവൃതനായി – ദേവന്മാരാൽ ചുററപ്പെട്ട്. ഇവ – ഞങ്ങളുടെ സ്തുതികൾ; ഇരുന്ന അങ്ങയെ ഞങ്ങൾ സ്തുതിയ്ക്കും.
3. സ്തോതാവിനോട്: പിഴിയുന്നവൻ – യജമാനൻ. ചതയ്ക്കുന്ന അമ്മിക്കുഴയുടെ ശബ്ദത്തിന്നു സ്തുതിത്വം വ്യഞ്ജിപ്പിച്ചിരിയ്ക്കുന്നു.
4. കൂട്ടമത്തുണ്ടാക്കുന്ന – കൂട്ടത്തിലുള്ള എല്ലാവരെയും (ദേവന്മാരെ) മത്തുപിടിപ്പിയ്ക്കുന്ന. ഗൃഹത്തിൽ – ഞങ്ങളുടെ ഗൃഹത്തിൽ.
5. ആ – ചെയ്തുപോയ.
6. പാപം എന്ന പദം അധ്യാഹരിയ്ക്കണം. പാപഘ്നൻ = ദുഷ്ടഹന്താവ്.
7. ഹവിസ്സു കൊടുക്കുന്ന – അഗ്നിരൂപനായി ഹവിസ്സു ദേവകൾക്കെത്തിയ്ക്കുന്ന.
9. ഇവൾ – പയ്യ്. കൊടുക്കുന്നു – അങ്ങയുടെ പ്രഭാവമാണിത്.
13. ഹിംസകൻ – ഞങ്ങളെ ദ്രോഹിയ്ക്കുന്നവൻ. മററൊരു ബന്ധു – ഞാനൊഴിഞ്ഞ് ഒരു ബന്ധു. ഞങ്ങൾക്കു വേണ്ടാ – അവിടുന്നു തരുന്നതു മതി.
16. നിഗൂഢകാവ്യങ്ങൾ – ഗൂഢാർത്ഥങ്ങളായ കാവ്യങ്ങൾ.

## സൂക്തം 4.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; രക്ഷോഹാഗ്നി ദേവത. (കാകളി)

വാർവലപോലേ വിരിയ്ക്ക, തേജസ്സി,ഭ-
സേവി സാമാത്യൻ നൃപൻപോലെ ചെല്ക, നീ:
നല്ല സൈന്യത്തെ മുന്നോടിച്ച, മാറ്ററെ-
ത്തള്ളും ഭവാനെയ്യെ,രിയമ്പരക്കനിൽ! (1)

ചിക്കെന്നു ചുററിപ്പടരുന്നു, നിൻകതി;-
രഗ്നേ, ക്രമാൽത്തൊട്ടുകി,പ്പട്ടദീപ്തിയാൽ;
ചൂടും പൊരികളുമുല്ക്കയും ജ്വാലയാൽ-
പ്പാടേ വിരിയ്ക്ക, വിലക്കപ്പെടാത്ത നീ! (2)

നേർക്കയച്ചാലു,മഹിംസ്യ, നീ ചാരരെ;-
ക്കാക്കുകി,യുള്ളോരെയഗ്നേ, പ്രവേഗി നീ;
ദൂരസ്ഥനോ സമീപസ്ഥനോ ദ്രോഹിയാ-
യ്ക്കാ,രുമൊന്നാക്രമിയ്ക്കായ്ക, നിൻങ്ങളെ! (3)

കല്പിച്ചെണീയ്ക്ക: വളർന്നെ,രിനാളങ്ങ-
ളൊപ്പം പരത്തിച്ചുടുക, രിപുക്കളെ;
ഞങ്ങളിൽ വൈരമുൾക്കൊണ്ടോനെയിട്ടമ-
ർത്ത,ങ്ങുണക്കമരത്തെപ്പോലെരിയ്ക്കണം! (4)

പൊങ്ങുകൊന്നെ,ങ്ങളെക്കാൾ മികവുള്ളോരെ-
യങ്ങെയ്ക്ക, കാണിയ്ക്ക, ദവ്യത്വമഗ്നി നി:
ഷേദിയ്ക്ക, യാതുവിൻ വിൽഞാൺ; ചതയ്ക്ക, നീ
ജ്ഞാതിയുമജ്ഞാതിയുമായ വൈരിയെ! (5)

ആസ്വദിയ്ക്കും, നിൻപ്രസാദം ശുഭാഗമ-
നായ നേതാവാം ഭവാനെ സ്തുതിപ്പവൻ:
നാളൊക്കെയക്കർമ്മവാന്നു സുദിനമാ;-
മാളും, ധനങ്ങൾ തദ്ഗേഹേ യുവോത്തമ! (6)

നിച്ചലുമഗ്നേ, സ്തുതിച്ചവിസ്സാൽ നിന്നെ-
യർച്ചിപ്പവൻ സുദാതാവായ്സ്സുഭഗനായ്
ദുർല്ലഭായുസ്സു നേടട്ടേ; സുദിനമാ-
കെ,ല്ലാമവന്നു; ഫലിയ്ക്കട്ടെ, യജ്ഞവും! (7)

അർച്ചിപ്പൂ, നിൻപ്രസാദത്തെ ഞാൻ: പേർത്തുപേ-
ർത്തുച്ചത്തിൽ നിന്നെ സ്തുതിയ്ക്കട്ടെ,യീ മൊഴി;
സദ്രഥാശ്വാഢ്യരായ്സ്സേവിച്ചിടാമെങ്ങൾ;
വിത്തങ്ങളന്വഹം വെയ്ക്ക, നീയെങ്ങളിൽ! (8)

രാവിരുൾ പോക്കും സുദീപ്ത, നിന്നെത്തുലോം
സേവിയ്ക്കുവോർ, സ്വയമാൾകളിങ്ങന്വഹം;
ശത്രുധനം തനതാക്കി, രമിച്ചു, സ-

ച്ചിത്തരായ് നിന്നെബ്ഭജിയ്ക്കാവൂ, ഞങ്ങളും! (9)

വസ്തുക്കൾ വെച്ച ശുഭാശ്വരഥത്തിൽ വ-
ന്നെത്തു,മാരഗ്നേ, ഭവാങ്കൽസ്സവിത്തനായ്;
ത്രാതാവ,വന്നു നീ; – യങ്ങയ്ക്കനുക്രമാ-
ലാതിഥ്യമർപ്പിപ്പവന്നൊരു തോഴർ, നീ! (10)

ഇത്താതഗോതമാവാപ്തസ്തവോത്ഥമാം
മിത്രതകൊണ്ടു ഞാൻ ചീന്തട്ടെ വമ്പരെ:
ശ്രദ്ധിയ്ക്ക, ഞങ്ങൾതൻ വാക്കിതിൽ നീ ദാന്ത-
ചിത്ത, സുപ്രജ്ഞ, ഹോതാവേ, യുവോത്തമ! (11)

ബാധയേശാതു,റങ്ങാത,ലസാതെ, വാ-
ടാതേ നടക്കുന്ന താവകരശ്മികൾ,
സുക്ഷേമയുക്തങ്ങൾ ചേർന്നിരുന്നെങ്ങളെ
രക്ഷിച്ചരുളട്ടെ,യഗ്നേ, വിചക്ഷണ! (12)

അഗ്നേ, കനിഞ്ഞു പാർത്തമ്മമതാത്മജ-
ന്നന്ധത പോക്കിയ നിൻധന്യരശ്മിയെ
വെച്ചുസൂക്ഷിയ്ക്കുന്നു, വിശ്വവേദസ്സു നീ;-
യിച്ഛിച്ച മാററാർ വരുത്തീല,വന്നഴൽ! (13)

ത്വൽപാലിതരെങ്ങൾ നിന്നുത്തരവിനാ-
ലൊപ്പം ധനികരായ് നേടാവൂ, ഭക്ഷണം;
കൊല്ലി,രുദുഷ്ടരെസ്സത്യവിസ്താരക;
ചെയ്കി,തലജ്ജിതചാരിൻ, ക്രമേണ നീ! (14)

ഇഗ്ഗീതിയാലെങ്ങൾ നിന്നെബ്ഭജിയ്ക്കട്ടെ:-
യഗ്നേ, സുഹൃൽപൂജ്യ, കൈക്കൊള്ളുകി,സ്തവം;
നീറാക്കുകുഗ്രരക്ഷസ്സിനെ; രക്ഷിയ്ക്ക,
നിന്ദനദ്രോഹദുഷ്പേരിൽനിന്നെങ്ങളെ! (15)

## കുറിപ്പുകൾ: സൂക്തം 4.

1. വാർവലപോലെ – വേടൻ പക്ഷികളെ പിടിപ്പാൻ വലിയ വല വിരിയ്ക്കുന്നതുപോലെ, അങ്ങു രക്ഷോഹനനത്തിന്നു തേജസ്സു പരത്തുക. ഇഭസേവി = ആനപ്പുറത്തു കേറിയവൻ. സാമാത്യൻ = അമാത്യാന്വിതൻ. നൃപൻപോലെ – രാജാവു ശത്രുസൈന്യത്തിന്റെ നേരെ ചെല്ലുന്നതുപോലെ, അങ്ങു രാക്ഷസരെ ഹനിപ്പാൻ ചെല്ലുക. തള്ളും – തട്ടിനീക്കുന്ന. എരിയമ്പ് – തേജസ്സാകുന്ന പൊള്ളിയ്ക്കുന്ന ശരം. അരക്കനിൽ എയ്താലും.
2. ഇപ്പടുദീപ്തിയാൽ – ശത്രുക്കളെ അമർത്താൻ കഴിവുള്ള ഈ തേജസ്സുകൊണ്ടു ക്രമേണ വൈരികളെ തൊടുക. ഇതിന്റെ വിവരണമാണ്, ഉത്തരാർദ്ധം: പൊരികൾ – തീപ്പൊരികൾ. ഉല്ക – തീക്കൊള്ളി. വിലക്കപ്പെടാത്ത – ആരാലും തടയപ്പെടാത്ത.
3. നേർക്ക് – ശത്രുക്കളുടെ നേരെ. ചാരർ – നാട്ടിലെ ഉള്ളുകള്ളികളറിയാൻ അയയ്ക്കപ്പെട്ടുന്നവർ; രശ്മികളാണ്, അഗ്നിയുടെ ചാരന്മാർ. പ്രവേഗി = വേഗമേറിയവൻ. നിൻഞങ്ങളെ – അങ്ങയുടെ ആളുകളായ ഞങ്ങളെ.

4. കല്പിച്ചെണ്ണീയ്ക്ക – രക്ഷോഹനനത്തിന്നൊരുങ്ങുക. ചുടുക – ദഹിപ്പിച്ചാലും. അങ്ങ് = ഭവാൻ.

5. മികവുള്ളോരെ – രാക്ഷസരെ. എയ്ക്ക – തേജശ്ശരംകൊണ്ട്. യാതു = രക്ഷസ്സ്. ജ്ഞാതി – ഞങ്ങളുടെ ചാർച്ചക്കാരൻ.

6. ശുഭാഗമൻ – അഗ്നിയുടെ ആഗമനം മംഗളകരമാണല്ലോ. നേതാവ് = തലവൻ. തദ്ഗേഹേ = അവന്റെ ഗൃഹത്തിൽ. ധനങ്ങൾ ആളും – രത്നകനകാദികൾ വന്നുചേരും.

7. ദുർല്ലഭായുസ്സ – കിട്ടാൻ പ്രയാസമുള്ള ദീഘായുസ്സ്. എല്ലാം സുദിനമാക – എല്ലാദ്ദിനവും സുദിനമായിവരട്ടെ.

8. ഈ മൊഴി – എന്റെ വാക്കു ഭവൽസ്തുതിയായിബ്ഭവിയ്ക്കട്ടെ. സദ്രഥാശ്വാഢ്യരായ് – നല്ല തേരുകളും കുതിരകളുമുള്ളവരായിട്ട്. സേവിച്ചിടാം – അങ്ങയെ പരിചരിച്ചുകൊള്ളാം.

9. ഇങ്ങ് – ഈ ലോകത്തിൽ. ആൾകൾ = ആളുകൾ. സ്വയം നിന്നെ അന്വഹം തുലോം സേവിയ്ക്കുവോർ – സേവിച്ചുപോരുന്നു; ഞങ്ങളും ത്വൽപ്രസാദത്താൽ ശത്രുസമ്പത്തടക്കി, സന്താനങ്ങളുമായി രമിച്ച്, സച്ചിത്തരായ് (വിശുദ്ധഹൃദയരായി) സേവിയ്ക്കുമാറാകണം!

10. വസ്തുക്കൾ വെച്ച – നെല്ലും മറ്റും കേററിയ. സവിത്തനായ് – യാഗത്തിന്നു വേണ്ടുന്ന ധനത്തോടേ. ഭവാങ്കൽ എത്തും – ഭവാനെ പരിചരിപ്പാൻ സമീപിയ്ക്കും. ആതിഥ്യം = അതിഥിയോഗ്യമായ സൽക്കാരം, പൂജ.

11. ഇത്താതഗോതമാവാപ്തസ്തവോത്ഥം = അച്ഛനായ ഗോതമങ്കൽനിന്നു കിട്ടിയ (അച്ഛൻ ഉപദേശിച്ച) ഈ സ്തോത്രത്താലുണ്ടായത്. മിത്രത – ഭവത്സഖ്യം. വമ്പരെ – രാക്ഷസക്കുറന്മാരെ. ചീന്തട്ടെ – പിളർത്തട്ടെ, കൊല്ലട്ടെ. വാക്ക് – സ്തുതി.

12. ബാധ – ശത്രുപീഡ. അലസാതെ മടിയില്ലാതെ. ഇരുന്ന് – ഞങ്ങളുടെ യാഗത്തിൽ ഉപവേശിച്ച്.

13. മമത എന്ന ഉചഥ്യപത്നിയുടെ മകൻ ദീർഘതമസ്സു ബൃഹസ്പതി ശാപത്താൽ സംഭവിച്ച ജാത്യന്ധതയിൽനിന്ന് അഗ്നിപ്രസാദത്താൽ വിമുക്തനായി എന്ന ഇതിഹാസം മുമ്പുണ്ട്. ഇച്ഛിച്ച മാററാർ – ദ്രോഹിപ്പാനൊരുങ്ങിയ ശത്രുക്കൾ അവന്ന് അഴൽ വരുത്താൻ ശക്തരായില്ല.

14. ഉത്തരവ് = അനുജ്ഞ. ഇരുദുഷ്ടർ – അടുത്തും അകലത്തുമുള്ള ദ്രോഹികൾ. ഇത് – ഈ സൂക്തത്തിൽ അപേക്ഷിയ്ക്കപ്പെട്ടത്. അലജ്ജിതചാരിൻ = ലജ്ജകൂടാതെ സഞ്ചരിയ്ക്കുന്നവനേ, ലജ്ജിയ്ക്കത്തക്കതൊന്നും ചെയ്യിട്ടില്ലാത്തവനേ.

15 ഗീതി – സ്തുതി. നിന്ദനദ്രോഹദുഷ്ഷേര് – എതിരാളിയുടെ നിന്ദനം, ദ്രോഹം, അപവാദം എന്നിവ.

നാലാമധ്യായം സമാപ്തം.

# ഋഗ്വേദം: മൂന്നാം അഷ്ടകം

## അഞ്ചാം അദ്ധ്യായം

മണ്ഡലം 4 അനുവാകം 1

## സൂക്തം 5.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വൈശ്വാനരാഗ്നി ദേവത. (കാകളി)

സമ്പന്നഭാസ്സെവൻ, മച്ചിനെത്തുൺപോലെ,
വൻപൂർണ്ണമൈകൊണ്ടു വാനിനെത്താങ്ങിയോ;
ആ വർഷകനായ വൈശ്വാനരാഗ്നിയ്ക്കു
നൈവേദ്യമെമ്മട്ടു നല്കം, സഹർഷർ നാം! (1)

നിന്ദിയ്ക്കൊലാ, നിങ്ങൾ വൈശ്വാനരാഗ്നിയെ:
വൻനാഥനന്നവാൻ മേധാവി സന്മതി
ഏകിയല്ലോ, മഹാനദ്ദേവനവ്യയൻ
പാകമാർന്ന നരനാമെനിയ്ക്കിദ്ധനം! (2)

തിഗ്മാംശു, രണ്ടിടത്തിൻപ്രഭു, വർഷക-
നഗ്നി സഹസ്രരേതസ്സു,രുവിത്തവാൻ
ഗോഷ്പദംപോലേ നിഗൂഢം മഹാസ്തവം,
പ്രാപ്യമറിഞ്ഞെനിയ്ക്കോതിത്തരേണമേ! (3)

വിദ്വദ്വരുണമിത്രന്മാർക്കരുമയാം
സുസ്ഥിരകർമ്മത്തെയേവരുടയ്ക്കുമോ,
അക്കൂട്ടരെച്ചുടുഭാസ്സാലെരിയ്ക്കട്ടെ,-
യുൽക്കടദംഷ്ട്രനാമഗ്നി, ശുഭധനൻ! (4)

അഭ്രാതൃകസ്ത്രീകൾപോലേ തിരിച്ചവർ,
ഭർത്തൃവിദ്വേഷിണിമാർപോലെ ദുർവ്രതർ,
നേർ പരമുള്ളിലും ചൊല്ലിലുമില്ലാത്ത
പാപികൾ തോണ്ടുകയാണ,പ്പെരുംകുഴി! (5)

കട്ടിച്ചുമടൊരു പാഴ്കൊച്ചനെന്നപോ-
ലിട്ടെറിഞ്ഞിട്ടില്ലി,തഗ്നേ, പുനാന, ഞാൻ:
കിട്ടിയ്ക്ക, മേ ലാള്യമാധർഷകോദനം
പുഷ്ടം ഗഭീരമേഴ്മട്ടാം മഹാധനം! (6)

സുപ്തനാകാഗ്രേ ചരിയ്ക്കാൻ കിഴക്കുനി-
ന്നദ്ഭുതൻ, ചേലുറ്റ രോഹിതാശ്വനെവൻ
അസ്സമാനങ്കലേ ചെല്ക, വിശുദ്ധിദ-
മിസ്സദൃശസ്തവം കർമ്മമൊത്തഞ്ജസാ! (7)

തർക്കമെന്തെ,ന്റെയിച്ചൊല്ലിൽ? – ജ്ജലംപോലെ-
യിഗ്ഗോക്കളിൽനിന്നുറത്തുന്ന പാലി,വൻ
മൂടിവെച്ചുള്ളതാണെന്നാർ; പുലർത്തുന്നു,
നീട്ടറ്റ മന്നിൽ പ്രിയാഗ്ര്യപദത്തെയും! (8)

ഇക്കാണ്മതേ, മഹത്താമമ്മഹദ്ഗണം:
നല്ലുറവുറ്റ പൈ പണ്ടേ ഭജിച്ചതും,
ഗൂഢമൊലിപ്പതും, വാനിൽജ്ജ്വലിപ്പതു-

മോടുന്നതുമിതാണെന്നറിഞ്ഞേനിവൻ! (9)

തായ്ക്കാതമധ്യേ വിളങ്ങും വൃഷാവായ
ഹേതിമാൻ പയ്യിന്റെ നൽഗൂഢവസ്തുവെ-
ഗോവായ തായിൻ മഹാർഹപദസ്ഥത്തെ-
നാവാൽക്കുടിപ്പാൻ നിനച്ചിതു, നിശ്ചിതൻ! (10)

ചോദിയ്ക്കിൽ, നേർ ഞാൻ പറയാം, പ്രണമ്രനായ്:-
ജ്ജാതവേദസ്സേ, ഭവാനെ സ്തുതിയ്ക്കയാൽ
കിട്ടുമീ വിത്തം ഭവാന്റേതുതന്നെയാ-
മൊട്ടുക്ക വിണ്ണിലും മന്നിലുമുള്ളതും! (11)

എന്തതിലെങ്ങൾക്കു നല്ലം? മനോജ്ഞമെ-
ന്തെ? – ന്തൊന്നു ഗൂഢ,മുൽകൃഷ്ടം വഴിയിതിൽ?
ചൊല്ക,ിങ്ങു ജാതവേദസ്സേ, ബുധൻ ഭവാൻ:
പൂകൊലാ, നിന്ദിതരായെങ്ങൾ പാഴ്പ്പദം! (12)

എന്തതിരെ,ന്തു വിജ്ഞാനം, വരേണ്യമെ-
ന്തെ,ന്നിതണകെങ്ങൾ, വാജി പോർപോലവേ;
എന്നൊളിവീശു,മമൃതന്റെ പത്നിമാ-
രെങ്ങിലമ്മമാരാമുഷോദേവിമാർ? (13)

ഹ്രസ്വമായ്ച്ചേർച്ചയില്ലാത്ത നിരന്നമാം
നിസ്സാരവാക്കിനാൽത്തൃപ്തിവരാത്തവർ
എന്തിങ്ങു ചൊല്ലുമിന്നഗ്നേ, ഭവാനോടു?
സന്താപമേല്ക്കട്ടെ, സാധനവർജ്ജിതർ! (14)

ജൃംഭിയ്ക്കുമീ വസുവായ വൃഷാവിന്റെ
വൻപട ഗേഹേ ജ്വലിപ്പു, ശുഭത്തിനായ്:
തേജസ്സുടുത്തു, ധനിയാമൊരാൾപോലെ
രാജിപ്പൂ, ഭൂരിവരേണ്യൻ മനോഹരൻ! (15)

## കുറിപ്പുകൾ: സൂക്തം 5.

1. നൈവേദ്യം – ഹവിസ്സ്. എമ്മട്ടു നല്കം – എങ്ങനെ നല്കിയാലാണ്, വേണ്ടപോലാകുക? സഹർഷർ = സമാനഹർഷർ.
2. ഹോതാവിനോടും മറ്റും പറയുന്നു: നിന്ദിയ്ക്കൊലാ – പ്രത്യുത സ്തുതിയ്ക്കുവിൻ. വൻനാഥൻ = വലിയ നേതാവ്. സന്മതി = വിശിഷ്ടപ്രജ്ഞൻ. അവ്യയൻ – മരണരഹിതൻ. പാകം – മനഃപക്വത.
3. രണ്ടിടം – മധ്യമോത്തമസ്ഥാനങ്ങൾ. സഹസ്രരേതസ്സ് = വളരെ സാരം (കാതൽ, ഉൾക്കരുത്ത്) ഉള്ളവൻ. ഗോഷ്പദംപോലേ – എങ്ങോ പോയ്പ്പോയ പയ്യിന്റെ കാൽപ്പാട് എങ്ങനെ കണ്ടെത്തും? അതുപോലെ നിഗൂഢമായ. പ്രാപ്യം = ലഭിയ്ക്ക(അറിയ)പ്പെടേണ്ടത്.
4. വിദ്വദ്വരുണമിത്രന്മാർക്കരുമയാം = വിദ്വാന്മാരായ വരുണന്നും മിത്രന്നും പ്രിയപ്പെട്ടതായ. ഭാസ്സ് = തേജസ്സ്. ഉൽക്കടദംഷ്ട്രൻ – ജ്വാലകളാകുന്ന തീക്ഷ്ണദംഷ്ട്രകളുള്ളവൻ.

5. അഭ്രാതൃകസ്ത്രീകൾ – സോദരനില്ലാത്ത വിധവമാർ ഭർത്തൃഗൃഹത്തിൽ നിന്നു പിതാവിന്റെ ഗൃഹത്തിൽ തിരിച്ചുവരുന്നതുപോലെ, അധർമ്മത്തിലെയ്ക്കു തിരിച്ചവർ. ദുർവ്രതർ – ദുർന്നടപ്പുകാർ. നേർ = സത്യം. പെരുംകുഴി – അവർക്കു പാർക്കാനുള്ള നരകം.

6. ഒരു ദുർബ്ബലനായ കൊച്ചൻ കനത്ത ചുമട് ഇട്ടെറിഞ്ഞേയ്ക്കുമല്ലോ; എന്നാൽ ഞാൻ ഇത് (ഭവാനെക്കുറിച്ചുള്ള കർമ്മം) ഇട്ടെറിഞ്ഞിട്ടില്ല, ത്യജിച്ചിട്ടില്ല. പുനാന = ശുദ്ധിപ്പെടുത്തുന്നവനേ. അതിനാൽ എനിയ്ക്കു മഹാധനം കിട്ടിച്ചാലും. ലാള്യാദികൾ മഹാധനത്തിന്റെ വിശേഷണങ്ങൾ: ലാള്യം = ലാളനീയം. ആധർഷകോദനം – ശത്രുക്കളെ ആക്രമിയ്ക്കുന്ന (അതിന്നു കെല്പുണ്ടാക്കുന്ന) അന്നത്തോടുകൂടിയത്. ഏഴ്മട്ടാം – ഏഴു ഗ്രാമ്യപശുക്കളും ഏഴ് ആരണ്യപശുക്കളുമാകുന്ന.

7. ആദിത്യാത്മകനായ വൈശ്വാനരനെപ്പറ്റി: സുപ്തനാകാഗ്രേ – സുപ്തമായ (നിശ്ചലതയാൽ നിദ്രിതംപോലിരിയ്ക്കുന്ന) നാകത്തിന്റെ (ദ്യോവിന്റെ) മുകളിൽ. ഉദ്ധൃതൻ = പൊക്കപ്പെട്ടവനായി. അസ്സമാനങ്കമേ – സർവസാധാരണനായ വൈശ്വാനരങ്കൽത്തന്നെ. വിശുദ്ധിതം – ഞങ്ങൾക്കു ശുദ്ധിയെ നല്കുന്ന.ഈദൃശസ്തവം = ഈ അനുരൂപമായ സ്തുതി. കർമ്മമൊത്ത് – ഞങ്ങളുടെ കർമ്മത്തോടുകൂടി. അഞ്ജസാ ചെല്ക – വേഗത്തിൽ ചെന്നെത്തട്ടെ.

8. എന്റെ ഇച്ചൊല്ലിൽ തർക്കമെന്ത്? സത്യമാണിത്. ഇവൻ – വൈശ്വാനരൻ. മൂടി(മറച്ച്)വെച്ചിരിയ്ക്കുന്നതാണെന്നാർ – എന്ന് അഭിജ്ഞന്മാർ പറഞ്ഞിരിയ്ക്കുന്നു. പ്രിയാഗ്ര്യപദത്തെയും പുലർത്തുന്നു – പ്രിയവും ശ്രേഷ്ഠവുമായ സ്ഥാനത്തെ ഇവൻ പുലർത്തുക(രക്ഷിയ്ക്കുക)യും ചെയ്യുന്നു.

9. മഹത്തായ ആ മഹദ്ഗണം – ദേവസമൂഹരൂപമായ സൂര്യമണ്ഡലം ഇക്കാണ്മതേ – ഇക്കാണുന്നതുതന്നെ, വൈശ്വാനരൻതന്നെ. പയ്യിനാൽ പണ്ടേ സേവിതവും, ശുദ്ധമായി ഒലിപ്പതും (ചരിപ്പതും) വാനിൽ ജ്വലിപ്പതും, ഓടുന്നതു(ശീഘ്രഗാമിയു)മായ സൂര്യമണ്ഡലം ഇതാണെന്ന് (വൈശ്വാനരനാണെന്ന്) ഇവൻ അറിഞ്ഞേൻ – ഞാൻ അറിഞ്ഞിരിയ്ക്കുന്നു.

10. തായ്താതർ – ദ്യാവ്യാപൃഥിവികൾ. ഹേതിമാൻ = തേജസ്വി. ശുദ്ധ വസ്തു – പാൽ; ഇതിന്റെ സ്പഷ്ടീകരണമാണ്, മൂന്നാം പാദം: മഹാർഹപദസ്ഥം = ഉൽകൃഷ്ടസ്ഥാനത്ത് (അകിട്ടിൽ) ഇരിയ്ക്കുന്നത്. നാവ് – ജ്വാല. നിശ്ചിതൻ – ആഹവനീയാദിരൂപേണ നിയമിതനായ വൈശ്വാനരൻ.

11. ഉള്ളതും ഭവാന്റേതുതന്നെയാണ്.

12. വഴിയിതിൽ – ഈ ധനപ്രാപ്തിമാർഗ്ഗത്തിൽ. ബുധൻ = വിദ്വാൻ. പൂകൊലാ – ഞങ്ങൾ നിന്ദിയ്ക്കപ്പെട്ട പാഴ്പദം (ശൂന്യസ്ഥാനം, ദരിദ്രഗൃഹം) പൂകുവാനിടവരുത്താതേ, അങ്ങു ഞങ്ങളുടെ ഗൃഹത്തെ ധനസമൃദ്ധമാക്കിയാലും.

13. എന്നിതണക – ഈ വിവേകം പ്രാപിയ്ക്കുമാറാകട്ടെ; വാജി (അശ്വം) പോർ (പടക്കളം) പ്രാപിയ്ക്കുന്നതുപോലെ. ഞങ്ങളിൽ എന്ന് ഒളിവീശും – ഞങ്ങൾക്കു നല്ല വെളിച്ചം എന്നു കിട്ടും? അമൃതൻ – സൂര്യൻ.

14. അന്നമില്ലാതെ വല്ലതുമൊക്കെ പറഞ്ഞാൽ, ആളുകൾ തൃപ്തിപ്പെടാറില്ല; അപ്പോൾ, ഭവാനോട് (ഹവിസ്സില്ലാതെ) അവർ എന്തു പറയും? സാധനവർജ്ജിതർ (ആരാധനോപകരണങ്ങളില്ലാത്തവർ) സന്താപമേല്ക്കട്ടെ – ദുഃഖിയ്ക്കുകതന്നെ!

15. വൻപട – തേജസ്സമൂഹം. ഗേഹേ – യാഗശാലയിൽ. ശുഭത്തിനായ് – യജമാനന്മാരുടെ നന്മയ്ക്ക്. രാജിപ്പു = ശോഭിയ്ക്കുന്നു.

## സൂക്തം 6.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത. (കാകളി)

നില്ക്കക,യർന്നുതാനെങ്ങൾക്കു യജ്ഞത്തി-
ലഗ്നേ, പ്രയഷ്ടാവു യാഗഹോതാവു നീ:
വിത്തമെല്ലാമടക്കുന്നുവല്ലോ ഭവാൻ;
വിസ്തരിപ്പിയ്ക്കുന്നു, കർമ്മിതൻ സ്തോത്രവും! (1)

മർത്ത്യരിൽ യജ്ഞാർത്ഥമാഹിതൻ പ്രൌഢിമാൻ
വിദ്യോന്നതനഗ്നി ഹോതാവു ഹർഷദൻ
ഭാനുമാൻപോലുയർത്തുന്നു, തേജസ്സിനെ;
വാനിൽ നിർത്തുന്നു, തൂൺപോലേ പുകയെയും! (2)

വെച്ച സനാതനസ്രുക്കിൽ നിറച്ചു, നൈ;
വെപ്പൂ, പ്രദക്ഷിണമധ്വരവർദ്ധകൻ;
പൊങ്ങീ, പുതുയൂപ; – മാഞ്ഞുവെട്ടാനൊളി
തിങ്ങിയ കത്തി ചെല്ലുന്നു,പശുക്കളിൽ! (3)

ദർഭ വിരിച്ചൂ; ജ്വലിപ്പിച്ചു, വഹ്നിയെ;-
സ്സുപ്രിയനായ്പ്പൊങ്ങിനിന്നു, മഖോദ്വഹൻ;
ചുററുന്നു, മൂന്നുരു മാട്ടിടയൻപോലെ,
മുററിയ്ക്കുമഗ്നി, ഹോതാവു, പുരാതനൻ! (4)

ചുറ്റുന്നു, മന്ദം സ്വരൂപിയായ്ത്താനഗ്നി
മട്ടെതിർഭാഷണൻ ഹോതാവു ഹർഷദൻ;
ഈ യജ്ഞവാന്റെ നാളങ്ങളശ്വോപമം
പായുന്നു; പേടിപ്പു, പാരൊക്കെയാളലിൽ! (5)

ചണ്ഡനെന്നാലും, സുസേന, പടർന്ന നിൻ
പുണ്യമാം പൊന്നുടൽ ദർശനീയം ശുചേ:
രോധിപ്പതില്ല, നിൻകാന്തിയെ രാവിരുൾ;
ബാധിപ്പതുമില്ല,രക്കർ നിൻമേനിയെ! (6)

ഈ വിധാതാവിൻ പ്രകാശമവാരിതം;
കൈവിട്ടയയ്ക്കില്ല, തായ്ത്താതരഞ്ജസാ;
കത്തിജ്ജ്വലിയ്ക്കുമേ, പാവകനീയഗ്നി
മർത്ത്യരിൽച്ചങ്ങാതിപോലത്ര തൃപ്തനായ്! (7)

മർത്ത്യരുമായ്ച്ചേർന്ന പത്തുവിരലുക-
ളത്രേ ജനിപ്പിച്ചു, മാതർപോലഗ്നിയെ,
കാലത്തുണർവോനെ,യുണ്മോനെ, വെണ്മഴ-
പോലെയുള്ളോനെ,സ്സുവക്ത്രനെ,ദ്ദീപ്തനെ! (8)

നേരേ വെട്ടപ്പിൽ നടക്കു,മൊളി പെറും,
നീരൊഴുക്കു,മഴകുണ്ട,ണ്ഡപൃഷ്ഠിയും-
ഇമ്മട്ടിലാം നിൻവൃഷാരുണാശ്വങ്ങളെ-

ക്കർമ്മി വിളിപ്പതുണ്ടഗ്നേ, മഖത്തിനായ്! (9)

അഗ്നേ, ചരിഷ്ണുക്കളാക്രമപ്രൌഢങ്ങ-
ളർച്ചനീയങ്ങളാ നിൻതെളിരശ്മികൾ,
അശ്വങ്ങൾപോലണയുന്നു, വേണ്ടുമിട;-
ത്തൊച്ച കൂട്ടുന്നു, മരുദ്ഗണംപോലവേ! (10)

സാധിതം, സ്തോത്രം ഭവാനെക്കുറിച്ചു;—ക്ഥ-
മോതുന്നു; നല്കു, യഷ്ടാവിന്നുരുദ്യുതേ!
സ്തുത്യഹോതാവാകുമഗ്നിയെപ്പൂജിച്ചു
വർത്തിയ്ക്കയാണ,ഭിലാഷികളാളുകൾ. (11)

## കുറിപ്പുകൾ: സൂക്തം 6.

1. ഉയർന്നുതാൻ നില്ക്കുക—ഉജ്ജ്വലിയ്ക്കുക. പ്രയഷ്ടാവ്=മികച്ച യജനശീലൻ. വിത്തം—ശത്രുക്കളുടെ. വിസ്തരിപ്പിയ്ക്കുന്ന—വർദ്ധിപ്പിയ്ക്കുന്നു.
2. ആഹിതൻ=സ്ഥാപിതൻ. വിദ്യോന്നതൻ—അറിവേറിയവൻ.
3. വെച്ച—യഥാസ്ഥാനം വെയ്ക്കപ്പെട്ട. അധ്വരവർദ്ധകൻ—അധ്വര്യു.
4. സുപ്രിയനായ്—ദേവകൾക്കു തുലോം പ്രിയപ്പെട്ടവനായി, പ്രീതികരനായി. മഖോദ്വഹൻ=യജ്ഞനേതാവ്. മൂന്നുരു ചുറ്റുന്ന—പശുവിന്റെ ചുറ്റും അഗ്നിയെ മൂന്നുപ്രാവശ്യം കൊണ്ടുനടക്കും; മാട്ടിടയൻപോലെ അഗ്നി മൂന്നുരു പശുവിന്റെ ചുറ്റും നടക്കുന്നു. മുററിയ്ക്കും—ഇത്ര ഹവിസ്സിനെ അത്ര തഴപ്പിയ്ക്കുന്നു; അല്പത്തിന്ന് അനല്പഫലം നല്കുന്നു.
5. മുൻപറഞ്ഞതിനെ സ്പഷ്ടമാക്കുന്നു: സ്വരൂപിയായ്ത്താൻ—സ്വന്തം രൂപത്തോടുകൂടിത്തന്നെ. മട്ടെതിർഭാഷണനൻ—മധുരവചനൻ. അശ്വോപമം—കുതിരകൾപോലെ.
6. ചണ്ഡൻ—ഭയങ്കരൻ. സുസേന—നല്ല സേന(ജ്വാല)കളുള്ളവനേ. പുണ്യം—മംഗളകരം. ശുചേ=അഗ്നേ. ബാധിയ്ക്കുക=ഉപദ്രവിയ്ക്കുക.
7. ഈ വിധാതാവ്—വൃഷ്ട്യുൽപാദകനായ വൈശ്വാനരൻ. അവാരിതം—ആരാലും തടയപ്പെടാത്തതാകുന്നു. തായ്താതർ അഞ്ജസാ കൈവിട്ടയയ്ക്കില്ല—ദ്യാവാപൃഥിവികൾക്കു മകന്റെ (വൈശ്വാനരന്റെ) വിയോഗം സഹ്യമല്ല.
8. മാതർ=സ്ത്രീകൾ. ഉത്തരാർദ്ധത്തിൽ അഗ്നിവിശേഷണങ്ങൾ: ഉണ്മോനെ—ഹവിസ്സശിയ്ക്കുന്നവനെ. വെണ്മഴപോലെയുള്ളോനെ—മൂർച്ചയേറിയ മഴപോലെ രക്ഷസ്സുകളെ ഹനിയ്ക്കുന്നവനെ. സുവക്ത്രനെ=സുമുഖനെ.
9. നീരൊഴുക്കും—ബലാധിക്യത്താൽ മൂക്കിൽനിന്നും മറ്റും വെള്ളമൊഴുക്കും. അണ്ഡം... വൃഷണം.
10. ചരിഷ്ണുക്കൾ—സഞ്ചരണശീലങ്ങൾ. ആക്രമപ്രൌഢങ്ങൾ—ശത്രുക്കളെ ആക്രമിയ്ക്കുന്നതിൽ മിടുക്കുള്ളവ. ആ—പ്രസിദ്ധങ്ങളായ.
11. സാധിതം—ഞങ്ങളാൽ വിരചിയ്ക്കപ്പെട്ട. ഉക്ഥമോതുന്നു—ഹോതാവു ശസ്ത്രം ചൊല്ലുന്നു. നല്കു—ധനം കൊടുക്കുക. അഭിലാഷികൾ—സമ്പൽകാംക്ഷികൾ.

## സൂക്തം 7.

വാമദേവൻ ഋഷി; ജഗതിയും അനുഷ്ടപ്പും ത്രിഷ്ടപ്പും ഛന്ദസ്സുകൾ; അഗ്നി ദേവത.

കർത്താക്കളഗ്രിമപദത്തിലിരുത്തിയോനീ,
ഹോതാവു യഷ്ടതമനീഡിതനിങ്ങു യജ്ഞേ:
അസ്സാപ്നവാനഭൃഗുവംശ്യർ വനേ വിചിത്ര-
നാമിപ്രജേശ്വരനെയുജ്ജ്വലനാക്കിയല്ലോ! (1)

ദേവനാം നിൻ മഹസ്സഗ്നേ,വന്നുചേരുവതെപ്പൊഴോ?
കൈക്കൊണ്ടുവല്ലോ,പ്രജകൾക്കീഡ്യനാം നിന്നെ മാനുഷർ- (2)
അവിടുന്നുഡുസംവൃതാംബര-
പ്രതിമൻ, നല്ലറിവുറ്റ സത്യവാൻ,
ക്രതുവൊക്കെ നിറപ്പെടുത്തുമെ-
ന്നതു ബോധിയ്ക്കുകയാൽ ഗൃഹേ ഗൃഹേ! (3)

പ്രജകളെ മുഴുവൻ കവിച്ചുനില്പോൻ,
പ്രജവനെവൻ,പ്രഭ വായ്ക്ക മർത്ത്യദൂതൻ;
നരനു നരനുവേണ്ടിയാനയിച്ചാർ,
കൊടിമരമാമവനെ സ്വയം ജനങ്ങൾ. (4)

ഇരുത്തിനാർ, മഞ്ജുളരൂപനാമീ
ഹോതാവിനെ,പ്പാവനദീപ്തിമാനെ,
മികച്ച യഷ്ടാവിനെ,യേഴുതേജ-
സ്സുള്ളോനെ,വിദ്വാനെ,മുറപ്രകാരം: (5)

പെരുതമ്മമാരിലുമരണ്യഭൂവിലും
പെരുമാറിടുന്ന സുഭഗൻ, ദുരാസദൻ,
അറിവുറ്റവൻ, ഗുഹയിൽ മേവുമർച്ച്യന-
ത്തിരുമേനി വാങ്ങു,മെവിടത്തിലും സമം! (6)

സ്തോതാക്കൾ നിദ്രയൊഴിയുംപൊഴുതാർക്കൊരിമ്പം
കൂട്ടും, ജലത്തിനുറവായ മഖത്തിലെങ്ങും;
ആ വർദ്ധിതൻ നതജനാർപ്പിതഹവ്യനഗ്നി-
യെല്ലായ്പ്പൊഴും സ്വയമറിഞ്ഞിടു,മധ്വരത്തെ! (7)

വാനൂഴിരണ്ടിനുടെ മധ്യമറിഞ്ഞ വിദ്വാ-
നാകും ഭവാനതികുശലി, യജ്ഞദൂതിൽ:
വിണ്ണിന്റെ കല്പടകളിൽക്കയറീടുമല്ലോ,
വായ്പിയ്ക്കുവോൻ വിബുധനങ്ങു പുരാണദൂതൻ! (8)

ത്വിട്ടാർന്ന നിൻ വഴി കറുത്തിടു; – മാഭ മുന്നിൽ;-
പ്പാളുന്നു, രൂപികളിൽ മുന്തിയ നിൻപ്രകാശം;
ഗർഭം വഹിപ്പിതു, ഭവാനെ ലഭിച്ചിടാത്തോർ;
അന്നേരമേ പിറവി പൂണ്ടൊ,രു ദൂതനാം, നീ! (9)

അപ്പോൾപ്പിറന്നോന്റെ മഹസ്സു കാണാ;-

മദ്ദീപ്തിതൻനേർക്കൊരു കാറ്റടിച്ചാൽ,
കടുത്ത നാക്കാൽത്തരുപംക്തി നക്കും;
കടിച്ചുടയ്ക്കും ദൃഢഭക്ഷ്യവും താൻ! (10)

ജ്വാലപ്പടർപ്പാലിരയെ ക്ഷണേന
നീറ്റും; മഹാനഗ്നി വഹിപ്പു, ദൌത്യം;
കാററിൻകരുത്തിൽ,ക്കുതിരപ്പുറത്തു-
പോലേറിയോടും; വളർകാന്തി വീശും! (11)

## കുറിപ്പുകൾ: സൂക്തം 7.

1. കർത്താക്കൾ – യാഗം ചെയ്യുന്നവർ. അഗ്രിമപദം = മുഖ്യസ്ഥാനം. സാപ്നവാന ഭൃഗുവംശ്യർ – അപ്നവാനനെന്ന ഋഷിയോടുകൂടിയ ഭൃഗുഗോത്രക്കാർ. വനേ വിചിത്രനാം – കാട്ടിൽ ദാവാഗ്നിരൂപേണ വിചിത്രനായിത്തീരുന്ന. ഇപ്രജേശ്വരൻ – പ്രജകളുടെയെല്ലാം ഈശ്വരനായ അഗ്നി.

3. ഉഡുസംവൃതാംബരപ്രതിമൻ – പാറുന്ന സ്ഫുലിംഗങ്ങളുള്ളതിനാൽ, നക്ഷത്രപരീതമായ ആകാശത്തോടു തുല്യൻ. നിറപ്പെടുത്തുമെന്നതു ബോധിയ്ക്കുകയാൽ (കണ്ടറിഞ്ഞതിനാൽ) ഗൃഹേ ഗൃഹേ (ഓരോ ഗൃഹത്തിലും) മാനുഷർ കൈക്കൊണ്ടു എന്നു മുൻഋക്കിനോടന്വയം.

4. കവിച്ചുനില്പോൻ – കീഴ്പ്പെടുത്തിയവൻ. പ്രജവൻ = ക്ഷിപ്രഗാമി. മർത്ത്യദൂതൻ – യാഗം ചെയ്യുന്ന മനുഷ്യന്റെ ദൂതൻ. കൊടിമരമാമവനെ – യജ്ഞത്തിന്ന് ഒരു ധ്വജമായ അഗ്നിയെ.

5. മുറപ്രകാരം = ക്രമാനുസാരേണ.

6. പെരുതമ്മമാർ – വളരെ സസ്യജനയിത്രികളായ തണ്ണീരുകൾ. വാങ്ങും ഹവിസ്സു സ്വീകരിയ്ക്കും.

7. നിദ്രയൊഴിയുംപൊഴുത് – പുലർകാലത്ത്. ഇമ്പം കൂട്ടും – സ്തോത്രങ്ങൾകൊണ്ടു രസംപിടിപ്പിയ്ക്കും. ജലത്തിനുറവായ – മഴ പെയ്യുന്നതു യാഗത്താലാണല്ലോ. നതജനാർപ്പിതഹവ്യൻ – നമസ്കരിച്ച ആളുകളാൽ നല്കപ്പെട്ട ഹവിസ്സോടുകൂടിയവൻ. സ്വയമറിഞ്ഞിടും – ആരും അറിയിയ്ക്കേണ്ടതില്ല.

8. വാനൂഴിരണ്ടിനുടെ മധ്യം – അന്തരിക്ഷം. യജ്ഞദൂതിൽ – യാഗത്തിന്നു ദൌത്യം വഹിയ്ക്കുന്നതിൽ. അതികുശലി – ഉലോം തൽപരനാകുന്നു. വിണ്ണിന്റെ കല്പടകളിൽക്കയറീടുമല്ലോ – ഹവിസ്സു ദേവകൾക്കു കൊണ്ടുകൊടുക്കാൻ. വായ്പിയ്ക്കുവോൻ – അല്പമായ ഹവിസ്സിനെയും അനല്പമാക്കുന്നവൻ.

9. ആഭ മുന്നിൽ – ശോഭ മുൻവശത്തു പ്രസരിയ്ക്കും. രൂപികൾ – തേജസ്വികൾ. ഭവാനെ ലഭിച്ചിട്ടില്ലാത്ത യജമാനന്മാർ, ലഭിപ്പാൻവേണ്ടി, ഗർഭം (ഭവജ്ജനനഹേതുവായ അരണി) വഹിയ്ക്കുന്നു, എടുക്കുന്നു. നീ പിറന്ന ക്ഷണത്തിൽത്തന്നേ യജമാനന്റെ ദൂതനായിത്തീരുന്നു എന്നു, നാലാം പാദത്തിന്റെ താൽപര്യം.

10. അപ്പോൾ – അരണിമഥനാവസരത്തിൽ. പിറന്നോന്റെ – ജനിച്ച അഗ്നിയുടെ. മഹസ്സ് = തേജസ്സ്. കാണാം – ഏവർക്കും കാണുമാറാകും. താൻ – അവിടുന്ന്, അഗ്നി. ദൃഢഭക്ഷ്യവും – ഉറപ്പുള്ള മരത്തടി മുതലായതുപോലും.

11. ഇര – മരവും മറ്റും. നീറ്റും = ഭസ്മീകരിയ്ക്കും. വളർകാന്തി വീശും – കാറേറല്ക്കയാൽ കരുത്തേറിയ രശ്മികളെ ചുറ്റും പായിയ്ക്കും.

## സൂക്തം 8.

വാമദേവൻ ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.

ദൂതനും വിശ്വവേദസ്സും ഹവിസ്സേന്തുമമർത്ത്യനും
മഹായഷ്ടാവുമാം നിന്നെച്ചൊല്ലിനാൽച്ചമയിപ്പു ഞാൻ! (1)

അവിടെയ്ക്കറിയാമല്ലോ, ദാനവും, വിണ്ണിലേറലും;
ആ മഹാൻ ദേവനിവിടെയ്ക്കാനയിയ്ക്കട്ടെ,യുമ്പരെ! (2)

അറിയുന്നു, വണങ്ങിയ്ക്കലവൻ ദേവഗണത്തെയും;
ഗൃഹേ യജിപ്പോന്നദ്ദേവനരുളും, പ്രിയമാം ധനം! (3)

അവൻ ഹോതാവ;വൻതന്നേ ദൂതകർമ്മവിശാരദൻ;
നടുവിൽസ്സഞ്ചരിയ്ക്കുന്നു, വിണ്ണേറലറിവോനവൻ! (4)

എവരഗ്നിയ്ക്കു ഹവ്യങ്ങളേകി പ്രീതി വരുത്തിടും,
എവർ കത്തിച്ചു വയ്പ്പിയ്ക്കു,മവരായ്ച്ചമയാവു, നാം! (5)

അഗ്നിയെയ്യെവരനുഷ്ഠിപ്പൂ, സപര്യ;—യവർ സേവനാൽ
സ്വത്താലു,മവർ സദ്വീര്യത്താലും വിശ്രുതരായ്വരും! (6)

വളരെപ്പേർ കൊതിയ്ക്കുന്ന സമ്പത്തെങ്ങളിലമ്വഹം
പെരുമാററട്ടെ;യന്നത്താലെങ്ങൾക്കുണ്ടാകൊ,രുക്കവും! (7)

മനുഷ്യരാം പ്രജകളിൽനിന്നെടുത്തെറിയേണ്ടവ
തുലോമെയ്തുമുറിയ്ക്കട്ടേ, ബലത്താൽദ്ധീരനാമവൻ! (8)

### കുറിപ്പുകൾ: സൂക്തം 8.

1. ചൊല്ലിനാൽച്ചമയിപ്പു = വാക്കുകൊണ്ടലങ്കരിയ്ക്കുന്നു, സ്തുതിയ്ക്കുന്നു.
2. ദാനം — യജമാനന്നു ധനം കൊടുക്കൽ. വിണ്ണിലേറൽ — സ്വർഗ്ഗത്തിൽ ചെല്ലൽ; ദേവന്മാരുടെ ഇരിപ്പിടം എന്നു സാരം.
3. അവൻ വണങ്ങിയ്ക്കൽ അറിയുന്നു — ആളുകളെ നമസ്കരിപ്പിപ്പാൻ അദ്ദേഹത്തിന്നറിയാം. ദേവഗണത്തെയും അറിയുന്നു — ദേവന്മാരൊക്കെ തനിയ്ക്കു പരിചിതരുമാണ്.
4. നടുവിൽ — ദ്യാവാപൃഥിവികൾക്കിടയിൽ.
5. കത്തിച്ചു വായ്പിയ്ക്കും — അഗ്നിയെ ജ്വലിപ്പിച്ചു വളർത്തും.
6. സപര്യ = പരിചരണം. സേവനാൽ — അഗ്നിയെ സേവിച്ചതിനാൽ.
7. അന്നലാഭംമൂലം ഞങ്ങൾക്ക് ഒരുക്കം (യജ്ഞോദ്യമം) ഉണ്ടാവുകയും ചെയ്യട്ടെ.
8. എടുത്തെറിയേണ്ടവ — പാപാദികൾ. എയ്തുമുറിയ്ക്കട്ടേ — നശിപ്പിയ്ക്കട്ടെ. ധീരൻ = മേധാവി.

## സൂക്തം 9.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

അഗ്നേ, സുഖം തന്നരുൾക; പെരുമപ്പെട്ടവൻ ഭവാൻ:
ഇദ്ദേവകാമങ്കൽ വരുമല്ലോ, ദർഭയിൽ മേവുവാൻ! (1)

മനുഷ്യരാം പ്രജകളെ പ്രാപിപ്പോനദ്ദുരാസദൻ
ദൂതനായിബ്ഭവിയ്ക്കട്ടെ,യേവർക്കും മൃത്യുവർജ്ജിതൻ! (2)

ശാലയ്ക്കു ചുറ്റുമേ കൊണ്ടുപോകപ്പെട്ടധ്വരങ്ങളിൽ
ഹോതാവായ്ത്തീരു,മാ സ്തുത്യൻ; പോതാവായുമിരുന്നിടും! (3)

അഗ്നിയധ്വര്യുവാം, യാഗേ; ശാലയിൽഗ്ഗൃഹനാഥനാം;
ബ്രാഹ്മണാച്ഛംസിയായിട്ടുമിരിയ്ക്കു,മവിടുന്നുതാൻ! (4)

യജിപ്പാൻ മുതിരും മർത്ത്യജനത്തിന്റെ ഹവിസ്സുകൾ
പ്രിയങ്ങളങ്ങയ്ക്കു; – പദേശിയ്ക്കയും ചെയ്യുവോൻ, ഭവാൻ! (5)

ഭവാനേതൊരു മർത്ത്യന്റെ യാഗേ ഹവ്യം വഹിയ്ക്കുവാൻ
എഴുനള്ളീട്ടു, മായാൾതൻ ദൂത്യവും സ്വീകരിയ്ക്കുമേ! (6)

ഞങ്ങൾതന്നധ്വരം കൈക്കൊൾകി,ങ്ങെങ്ങളുടെ ഹവ്യവും;
അംഗിരസ്സേ, ശ്രവിച്ചാലു,മവിടുന്നെങ്ങൾതൻ വിളി! (7)

യാതൊന്നാലങ്ങു രക്ഷിപ്പൂ, ഹവിഷ്മദരെ നീളവേ;
അഹിംസ്യമാ നിൻപള്ളിത്തേരോടുകെ,ങ്ങൾക്കു ചുറ്റുമേ! (8)

### കുറിപ്പുകൾ: സൂക്തം 9.

1. ദേവകാമങ്കൽ – യജമാനന്റെ അടുക്കൽ.
2. ഏവർക്കും – ദേവന്മാർക്കെല്ലാം.
3. ഇരുന്നിടും – ഉപവേശിയ്ക്കും.
4. അധ്വര്യുവാം – അധ്വര്യുവാകും.
5. ഉപദേശിയ്ക്ക – കർമ്മങ്ങൾ പറഞ്ഞുകൊടുക്കുക.
8. ഹവിഷ്മദർ – യജമാനർ.

## സൂക്തം 10.

വാമദേവൻ ഋഷി; പദപംക്തിയും മഹാപദപംക്തിയും ഉഷ്ണിക്കും ഛന്ദസ്സുകൾ; അഗ്നി ദേവത. (‘താമരക്കണ്ണൻ’ പോലെ)

കർത്താവിന്നൊത്ത, വാജിപോലുള്ള,
ഭദ്രനാം പ്രിയനങ്ങയെ
ഇന്നെങ്ങൾ വർദ്ധിപ്പിയ്ക്കുന്നു, കൊണ്ടു-
വന്നീടും സ്തോത്രത്താലഗ്നേ! (1)

ഭദ്രമായ്,പ്പലസംസാധകമാ,-
യൂദ്ധമായ്,സ്സത്യഭൃതമായ്,
ഉത്തമമായ യാഗത്തിന്നിപ്പോ –
ളൊത്ത നേതാവാണ,ങ്ങഗ്നേ, (2)

സർവസൈന്യമോടുൾതെളിഞ്ഞ,ർക്ക-
സന്നിഭജ്യോതിസ്സായ നീ
ഞങ്ങളിലാഭിമുഖ്യം കൊൾക,ഗ്നേ,
ഞങ്ങളുടെയിസ്തോത്രത്താൽ! (3)

ഇപ്പോളിസ്തവം പാടിക്കൊണ്ടെങ്ങ-
ളർപ്പിയ്ക്കാ,മഗ്നേ, ഹവ്യങ്ങൾ:
അഭ്രങ്ങൾപോലിരമ്പുന്നവല്ലോ,
ത്വൽപരിശുദ്ധജ്വാലകൾ! (4)

തെല്ലേറെ പ്രിയപ്പെട്ട നിൻതേജ-
സ്സല്ലിലും പകൽനേരത്തും
ഉല്ലസിയ്ക്കുന്നു, ചേരുവാൻ ചാരേ,
നല്ലൊരു പണ്ടംപോലഗ്നേ! (5)

അന്നസംയുത, നിർമ്മലമല്ലോ
നിന്നുടൽ, തെളിനെയ്പോലെ;
മിന്നുന്നു, നിന്റെ പാവനമാമ-
പ്പൊന്നൊളി, പണ്ടംപോലവേ! (6)

സത്യവൻ, പണ്ടേതൊട്ടാചരിച്ച
വിദ്വേഷത്തെയുമഗ്നേ, നീ
യഷ്ടാവായുള്ള മർത്ത്യകൽനിന്നു
തട്ടിനീക്കുന്നു, പട്ടാങ്ങായ്. (7)

ഞങ്ങൾതൻ സഖ്യസൌഭ്രാത്രം വാനോർ
നിങ്ങളിൽശ്ശിവമാക,ഗ്നേ:
ഞങ്ങളെയിതു കൂട്ടിക്കെട്ടുന്നി,-
തിങ്ങെല്ലായജ്ഞസ്ഥാനത്തും! (8)

## കുറിപ്പുകൾ: സൂക്തം 10.

1. കർത്താവിന്നൊത്ത – ഉപകാരിപോലിരിയ്ക്കുന്ന. വാജിപോലുള്ള – കുതിര ഭാരത്തെ യെന്നപോലെ, ഹവിസ്സിനെ വഹിയ്ക്കുന്ന. കൊണ്ടുവന്നീടും – ദേവന്മാരെ യാഗശാലയിൽ ആനയിയ്ക്കുന്ന.
3. സർവസൈന്യമോട് – എല്ലാ ജ്വാലകളോടുംകൂടി. അർക്കസന്നിഭജ്യോതിസ്സ് = സൂര്യന്നൊത്ത തേജസ്സോടുകൂടിയവൻ.
4. അഭ്രങ്ങൾ = മേഘങ്ങൾ.
6. ചേരുവാൻ – അവയവത്തെ പ്രാപിപ്പാൻ പണ്ടം (ആഭരണം) സമീപത്തിരിയ്ക്കുന്നതു പോലെ. ഉല്ലസിയ്ക്കുന്നു = ശോഭിയ്ക്കുന്നു.
7. ഒരു യഷ്ടാവു പണ്ടേമുതൽ ചെയ്തുപോയ വിദ്വേഷ(പാപ)ത്തെപ്പോലും അങ്ങ് അയാളിൽനിന്നു പട്ടാങ്ങായ് (പരമാർത്ഥമായി) തട്ടിനീക്കുന്നു.
8. ഞങ്ങളുടെ സഖ്യവും സൌഭ്രാത്രവും വാനോരായ നിങ്ങളിൽ ശിവമാക, മംഗളമായി ബ്ഭവിയ്ക്കട്ടെ. കൂട്ടിക്കെട്ടുന്നു – നിങ്ങളോടു ചേർത്തുബന്ധിയ്ക്കുന്നു.

## സൂക്തം 11.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത. (കാകളി)

അഗ്നേ, ബലിഷ്ഠ, നിൻ മംഗളമാം മഹ-
സ്സർക്കന്നടുക്കൽ വിളങ്ങുന്നു, നീളവേ;
അദ്ദർശനീയാഭ കാണാ,മിരവിലും;
സ്നിഗ്ദ്ധമുഗ്ദ്ധാന്നങ്ങൾ നിൻതിരുമെയ്യിലേ! (1)

വാതിൽ തുറക്കുക, ഭൂരിജന്മൻ, ശുചേ,
വാഴ്ത്തുന്ന കർമ്മവാന്നഗ്നേ, നുതൻ ഭവാൻ;
സർവാമരൻ നീ കൊടുത്തുപോരും ധനം
ഭവ്യതേജസ്സേ, തുലോം ചേർക്കുകെങ്ങളിൽ! (2)

നിങ്കൽനിന്നേ ക്രിയ; നിങ്കൽനിന്നേ സ്തവം;
നിങ്കൽനിന്നേ, സമരാധ്യമാമുക്ഥവും;
അഗ്നേ, യഥാർത്ഥകർമ്മാവാം ഹവിഷ്പ്രദ-
ന്നങ്ങയിൽനിന്നേ, സുവീരധനാഗമം! (3)

നിങ്കൽനിന്നു പിറക്കുന്നു, നേരാം ബലം
തങ്കും മഹാൻ മകൻ യജ്ഞകൃത്തന്നവാൻ;
നിങ്കൽനിന്നു, സുഖം ദേവേരിതം ധനം;
നിങ്കൽനിന്നഗ്നേ, സ്വതന്ത്രവേഗാശ്വവും! (4)

ദേവകാമർ നരർ വാഴ്ത്തിബ്ഭുജിയ്ക്കുന്നു,
ദേവനാമഗ്നേ, ദമോൽക്കനാമങ്ങയെ,
നാവാൽ മയക്കുമമർത്ത്യനെ, മുമ്പനെ,
നാശിതാംഹസ്സാം ഗൃഹേശനെ, പ്രൌഢനെ. (5)

എത്തുമാറുണ്ടല്ലിലല്ലോ, ബലാത്മജ,
ഭദ്രനാം ദേവനങ്ങഗ്നേ, ശുഭം തരാൻ;
ക്ഷുത്തെങ്ങളിൽനിന്നകറ്റുക, പാപവു;-
മുൾത്തിന്മയുമൊക്കെ നീക്കുക, രക്ഷി നീ! (6)

### കുറിപ്പുകൾ: സൂക്തം 11.

1. അർക്കന്നടുക്കൽ – പകൽനേരത്ത്. സ്നിഗ്ദ്ധമുഗ്ദ്ധാന്നങ്ങൾ – സ്നിഗ്ദ്ധങ്ങളും സുന്ദരങ്ങളുമായ പുരോഡാശാദികൾ. നിൻതിരുമെയ്യിലേ – ഹോമിയ്ക്കപ്പെടുന്നു എന്നു ക്രിയാപദം അധ്യാഹരിയ്ക്കണം.

2. ഭൂരിജന്മൻ – വളരെ ജനനങ്ങളുള്ളവനേ; യാഗമുള്ളേടത്തൊക്കെ അഗ്നി അരണിമഥനംകൊണ്ട് ഉൽപാദിപ്പിയ്ക്കപ്പെടുമല്ലോ. നുത(സ്തുത)നായ ഭവാൻ കർമ്മവാന്നു (യജമാനന്നു) വാതിൽ തുറക്കുക – പ്രാപ്യമായ പുണ്യലോകത്തിന്റെ വാതിൽ തുറന്നുകൊടുത്താലും. സർവാമരൻ = എല്ലാ ദേവന്മാരോടുംകൂടിയവൻ. കൊടുത്തുപോരും – യജമാനർക്കു കൊടുക്കാറുള്ള.

3. ക്രിയ – യജ്ഞകർമ്മങ്ങൾ. നിങ്കൽനിന്നേ – നിങ്കൽനിന്നുതന്നേ ജനിയ്ക്കുന്നു. സുവീരധനാഗമം – നല്ല വീര(പുത്ര)ന്മാരോടുകൂടിയ ധനത്തിന്റെ ആഗമം, ഉൽപത്തി.

4. നേരാം = സത്യമായ. മകൻ നിങ്കൽനിന്നു (ഭവാന്റെ പ്രസാദത്താൽ) പിറക്കുന്നു. സുഖം = സുഖകരം. ദേവേരിതം = ദേവന്മാരാൽ അയയ്ക്കപ്പെട്ടത്. പിറക്കുന്നു എന്നത് ഇവിടെയും അടുത്ത വാക്യത്തിലും ചേർക്കണം. സ്വതന്ത്രവേഗാശ്വം – തടവില്ലാത്ത വേഗത്തോടുകൂടിയ കുതിര.

5. ദമോൽക്കൻ – രക്ഷസ്സുകളെ അടക്കുന്നതിൽ തൽപരൻ. നാവാൽ മയക്കും – ദേവന്മാരെ നാവുകൊണ്ടു (ഹവിസ്സു വഹിച്ച ജ്വാലകൾകൊണ്ടു) മത്തുപിടിപ്പിയ്ക്കുന്ന. അമർത്ത്യൻ = മരണരഹിതൻ, മുമ്പൻ – ദേവകളിൽ. നാശിതാംഹസ്സ് = പാപനാശനൻ.

6. ബലാത്മജ – അരണിമഥനബലത്തിൻറെ മകനേ. അങ്ങ് – ഭവാൻ. ഉൾത്തിന്മ = മനോദോഷം. രക്ഷി = രക്ഷകൻ.

## സൂക്തം 12.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കാകളി)

സ്രുക്കേന്തിയാർ നിന്നെയുജ്ജ്വലിപ്പിയ്ക്കു; – മാ-
രഗ്നേ, തരും, ഹവിസ്സമ്പന്നം മൂന്നരു;
ജാതവേദസ്സേ, ക്രതുവാൽപ്പടർന്ന നിൻ-
ജ്യോതിസ്സറിഞ്ഞ,വൻ വെല്ലട്ടെ, ഭൂതിയാൽ! (1)

ആർ നിയക്കഗ്നേ ചമത കൊണ്ടുവരു;-
മായാസമാർന്നെവൻ നിന്നരുദീപ്തിയെ
രാപകലർച്ചിച്ചു വായ്പിയ്ക്കു; – മപ്പുമാൻ
ശ്രീ പുലർത്തും, തഴപ്പാർന്ന വൈരിഘ്നനായ്! (2)

അഗ്നിയല്ലോ, പെരുംകെല്പിന്നുടയവ;-
നഗ്നിതാന,ന്നത്തിന,ഗ്രസമ്പത്തിനും;
സേവകമർത്ത്യനിൽച്ചേർക്കുന്നു, രത്നങ്ങ-
ളാ വരിഷ്ഠയുവാവായ തേജോയുതൻ! (3)

ചെയ്തിരിയ്ക്കാമെങ്ങൾ വല്ല തെറ്റുമറി-
യാതെ നിൻഭക്തരിലഗ്നേ, യുവോത്തമ;
എങ്കിലു,മൂഴിയ്ക്കപാപരാക്കീടണ,-
മെങ്ങളെ – വെട്ടിക്കളക, തെറ്റൊക്കെ നീ! (4)

അഗ്നേ, സുരർക്കോ നരർക്കോ തഴച്ച വൻ-
ദുഷ്കൃതം ചെയ്തുവെന്നാലുമൊരിയ്ക്കലും
പീഡിതരാകൊലാ, നിൻമിത്രർ ഞങ്ങൾ; ന-
ല്കീടുക, പുത്രപൌത്രർക്കു ശാന്തിസുഖം! (5)

ഹേ വന്ദ്യരായ വസുക്കളേ, പേർത്തൊരു
ഗോവിന്റെ കാൽക്കെട്ടഴിപ്പതുപോലവേ,
ഞങ്ങൾതൻ പാപബന്ധത്തെയഴിയ്ക്കുവിൻ;
ഞങ്ങളിലഗ്നേ, ചിരായുസ്സു ചേർക്ക, നീ! (6)

### കുറിപ്പുകൾ: സൂക്തം 12.

1. ക്രതു – കർമ്മം, ജ്വലിപ്പിയ്ക്കലും മറ്റും. ഭൂതിയാൽ – സമ്പത്തുകൊണ്ട്. വെല്ലട്ടെ – ശത്രുക്കളെ ജയിയ്ക്കട്ടെ.
2. തഴപ്പാർന്ന – പ്രജാപശ്വാദികളാൽ പുഷ്ടിപ്പെട്ട്. ശ്രീ പുലർത്തും – എന്നും സമ്പന്നനായി വാഴും.
3. രത്നങ്ങൾ – ശ്രേഷ്ഠധനങ്ങൾ.
4. വെട്ടിക്കളക – തിരുത്തുക, നശിപ്പിയ്ക്കുക.
5. ദുഷ്കൃതം = പാപം. ശാന്തിസുഖം – ഉപദ്രവശാന്തിയും സുഖവും.
6. വസുക്കളേ – പൊറുപ്പിടം നല്കുന്ന അഗ്നികളേ.

## സൂക്തം 13.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നിസൂര്യാദികൾ ദേവത. (കാകളി)

സച്ചിത്തനഗ്നി, പുലരുമുഷസ്സുകൾ
സമ്പത്തു കാട്ടുന്നതിൻമുമ്പുയർന്നിടും.
ചെല്‌വിനശ്വികളേ, സൽക്കർമ്മിതൻ ഗൃഹേ:
ദേവനാം സൂര്യനൊളിക്കൊണ്ടുദിയ്ക്കയായ്! (1)

ദേവൻ സവിതാവുയർത്തുന്നു രശ്മിയെ;
ദ്യോവിലസ്സൂര്യൻ കരേറുന്ന വേളയിൽ
മിത്രാവരുണരനുവ്രജിപ്പൂ, പൊടി-
മൂത്തുതിർക്കും വൃഷം പയ്യിനെപ്പോലവേ! (2)

കാര്യം വിടാതേ സ്ഥിരക്ഷേമരേവനെ-
ക്കൂരിരുൾ പോക്കുവാൻ സൃഷ്ടിച്ചതുളിയോ;
ആ വിശ്വവിഷ്ടപദർശിയാം സൂര്യനെ-
യാവഹിയ്ക്കുന്നതുണ്ടേ,ഴ വൻവാജികൾ. (3)

ഉന്നതാശ്വസ്ഥനായ്ദ്ദേവ, ഗമിയ്ക്കുന്നു,
വെൺ നൂൽ പരത്തിക്കരിമ്പടം മൂടി നീ;
ഭാനുവിൻ വീശ്ശമംശുക്കൾ പറപ്പിച്ചു,
വാനത്തു തോൽപോലെ ചേർന്ന തമസ്സിനെ! (4)

ഇല്ലി,രുന്നാൽത്തടവി;ല്ല, താന്നാലഴ;-
ലില്ല,യർന്നാലുമവിടെയ്ക്കി; – തെങ്ങനെ?
യാനത്തിനെന്തു കെല്പാ,ർ കണ്ടു? പാലിപ്പൂ,
വാനിന്റെ തൂണായിനിന്നിവൻ വിണ്ണിനെ! (5)

### കുറിപ്പുകൾ: സൂക്തം 13.

1. സച്ചിത്തൻ = സുമനസ്കൻ. ഉഷസ്സിന്നുമുമ്പ് ഉയർന്നിടും – ഉജ്ജ്വലിപ്പിയ്ക്കപ്പെടും.
2. അനുവ്രജിപ്പൂ – അവന്റെ കർമ്മത്തെ അനുസരിയ്ക്കുന്നു. പൊടിമൂത്തുതിർക്കും – 'ചുരമാന്തുക'യാൽ കൊമ്പുകളിലും മറ്റും പററിയ മൺപൊടി വിതറുന്ന. വൃഷം = കാള.
3. കാര്യം വിടാതേ – വേണ്ടതു ചെയ്തുകൊണ്ടുതന്നെ. സ്ഥിരക്ഷേമർ – സ്രഷ്ടാക്കളായ ദേവന്മാർ. വിശ്വവിഷ്ടപദർശി = സർവജഗത്തിനെയും കാണുന്നവൻ, അറിയുന്നവൻ. ആവഹിയ്ക്കുക = വഹിയ്ക്കുക.
4. ഉന്നതാശ്വസ്ഥനായ് – വലിയ (ബലിഷ്ഠങ്ങളായ) അശ്വങ്ങളുള്ള തേരിൽ കേറി. വെൺനൂൽ – രശ്മി. കരിമ്പടം മൂടി – ഇരുട്ടിനെ മറച്ച്. പൂവാർദ്ധം സൂര്യനോടു പ്രത്യക്ഷോക്തി; ഉത്തരാർദ്ധം പരോക്ഷം: വാനത്തു തോൽപോലെ ചേർന്ന – അന്തരിക്ഷത്തിൽ, അതിന്റെ തൊലിപോലെ പററിനില്ക്കുന്ന.
5. ഇല്ലയർന്നാലും – ഉയർന്നാലും അവിടെയ്ക്ക് അഴലില്ല. സൂര്യൻ ഏതവസ്ഥയിലും ആരാലും തടുക്കപ്പെടുന്നില്ല; പീഡിപ്പിയ്ക്കപ്പെടുന്നുമില്ല. യാനം = ഗമനം. ആർ കണ്ടു – ആർക്കറിയാം.

## സൂക്തം 14.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്ന്യാദികൾ ദേവത. (കാകളി)

ജാതവേദസ്സഗ്നിദേവൻ വളർന്നിടും,
ജ്യോതിസ്സുകൾകൊണ്ടുഷസ്സു വിളങ്ങവേ;
ഭൂരിപ്രയാണരാം നാസത്യരേ, തേരി-
ലേറി വന്നെത്തുവിന,സ്മൽക്രതുവിതിൽ! (1)

ദേവൻ സവിതാവുയർത്തുന്നു രശ്മിയെ,-
ത്തൂവെളിച്ചം ജഗത്തിന്നൊക്കെ നല്കുവാൻ:
വാനൂഴിയന്തരിക്ഷങ്ങൾ നിറയ്ക്കുന്നു,
ഭാനുക്കളാൽപ്പാർത്തുനോക്കുന്ന ഭാസ്കരൻ! (2)

ചെന്നിറം ചാർത്തും വിദുഷിയുഷസ്സിങ്ങു
വന്നു, മഹതി വിചിത്രമയൂഖയായ്:
പേർത്തുണർവേകുമുഷോദേവി ചേലൊടേ
ചേർത്ത തേരിലെഴുന്നള്ളും, സുഖത്തിനായ്! (3)

നിങ്ങളെക്കൊണ്ടുവരട്ടേ, ബലിഷ്ഠങ്ങ-
ളിങ്ങാ രഥാശ്വങ്ങൾ പൊൻപുലർവേളയിൽ:
നിങ്ങളെയിമ്പപ്പെടുത്തുമല്ലോ, രസം
പൊങ്ങുമിസ്സോമം, കുടിപ്പാൻ വൃഷാക്കളേ! (4)

ഇല്ലി,രുന്നാൽത്തടവി; – ല്ല, താന്നാലഴ;-
ലില്ല,യർന്നാലുമവിടെയ്ക്കി; – തെങ്ങനെ?
യാനത്തിനെന്തു കെല്പാ,ർ കണ്ടു? പാലിപ്പു,
വാനിന്റെ തൂണായിനിന്നിവൻ വിണ്ണിനെ! (5)

### കുറിപ്പുകൾ: സൂക്തം 14.

1. ഉഷസ്സിൽ അഗ്നി വളർന്നിടും – ഉജ്ജ്വലിപ്പിയ്ക്കപ്പെടും. ഭൂരിപ്രയാണർ – വളരെ യാത്രചെയ്യുന്നവർ. അസ്മൽക്രതുവിതിൽ – ഞങ്ങളുടെ ഈ യാഗത്തിൽ.
2. ഭാനുക്കളാൽ = രശ്മികൾകൊണ്ട്. വാനൂഴിയന്തരിക്ഷങ്ങൾ നിറയ്ക്കുന്നു. പാർത്തുനോക്കുന്ന – ലോകത്തെ നോക്കിക്കാണുന്ന.
3. വിചിത്രമയൂഖ = വിചിത്രകിരണങ്ങളോടുകൂടിയവൾ. ചേലൊടേ ചേർത്ത – ഭംഗിയിൽ അശ്വങ്ങളെ പൂട്ടിയ.
4. അശ്വികളോടു പറയുന്നു: രസം പൊങ്ങും – മാധുര്യമേറിയ ഈ സോമം നിങ്ങളെ കുടിപ്പാൻ ഇമ്പപ്പെടുത്തുമല്ലോ.
5. സൂര്യനെപ്പററി:

## സൂക്തം 15.

വാമദേവൻ ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നിയും സോമകനും അശ്വികളും ദേവത.

അഗ്നി നീളേ നടത്തപ്പെട്ടീടുന്നൂ, വാജിപോലവേ
ഹോതാവു ദേവരിൽദ്ദേവനസ്മദ്യജ്ഞേ മഖോചിതൻ! (1)

അഗ്നി ചുററിനടന്നീടു,മൊരു തേരാളിപോലവേ,
ദേവകൾക്കന്നമേന്തിക്കൊണ്ട,ധ്വരത്തിങ്കൽ മൂന്നുരു! (2)

കവിയാമഗ്നി ഹവ്യത്തിലെല്ലാം ചുറ്റിനടന്നിടും,
ഹവിഷ്പ്രദന്നു രത്നങ്ങളേകിക്കൊണ്ടന്നപാലകൻ! (3)

ദേവരാതന്റെ സുതനാം സൃഞ്ജയങ്കൽസ്സമിദ്ധനായ്
കിഴക്കുഭാഗേ ശോഭിച്ചാന,വിടുന്നരിമർദ്ദനൻ! (4)

ചരിഷ്ണുവായ് വൃഷാവാമീത്തിഗ്മാർച്ചിസ്സാളുമഗ്നിയെ
മേലാളായ്ക്കീഴിൽ നിർത്തീടും, വീരനാകിയ മാനുഷൻ! (5)

ദ്യോവിൻമകൻപോലുദ്ദീപ്തൻ, സംസേവ്യൻ, വാജിപോലവേ
ശുശ്രൂഷിയ്ക്കപ്പെടുന്നുണ്ടു, നാളിൽ നാളിലവൻ തുലോം! (6)

രണ്ടശ്വത്തെത്തരാമെന്നാനെ,ന്നോടു സഹദേവജൻ;
കുമാരനാൽ വിളിയ്ക്കപ്പെട്ടതിനാൽപ്പോന്നതില്ല ഞാൻ. (7)

ആപ്പൂജ്യരും പ്രയതരുമായ രണ്ടു ഹയങ്ങളെ
സഹദേവകുമാരങ്കൽനിന്നന്നേ കൈക്കലാക്കിനേൻ! (8)

ഈസ്സോമകാഖ്യനായുള്ള കുമാരൻ സഹദേവജൻ
ദീർഘായുസ്സായ്ബ്ഭവിയ്ക്കട്ടേ, നിങ്ങളാലശ്വിദേവരേ! (9)

ആ യൌവനസ്ഥനായുള്ള സഹദേവകുമാരനെ
ദീർഘായുര്യുക്തനാക്കേണം, ഭവാന്മാരശ്വിദേവരേ! (10)

### കുറിപ്പുകൾ: സൂക്തം 15.

1. അഗ്നി അസ്മദ്യജ്ഞേ (നമ്മുടെ യാഗത്തിൽ) നീളേ നടത്തപ്പെടുന്നു. മഖോചിതൻ = യജ്ഞാർഹൻ.
2. അന്നം – യജമാനദത്തമായ ഹവിസ്സ്. മൂന്നുരു – മൂന്നു സവനങ്ങളിലും.
3. അന്നപാലകൻ – അന്നങ്ങളെ രക്ഷിയ്ക്കുന്നവൻ.
4. സൃഞ്ജയങ്കൽ – സൃഞ്ജയന്റെ യാഗത്തിൽ. കിഴക്കുഭാഗേ – ഉത്തരവേദിയിൽ. ഒരു സോമയാജിയത്രേ, സൃഞ്ജയൻ.
5. വീരൻ – സ്തുതിയിൽ മിടുക്കേറിയവൻ. കീഴിൽ നിർത്തിടും – തനിയ്ക്ക് അഭീഷ്ടഫലം നല്കിയും; അഗ്നിയുടെ ഭക്താധീനത്വം ദ്യോതിയ്ക്കുന്നു .
6. ദ്യോവിൻമകൻ – സൂര്യൻ. വാജിപോലവേ – കുതിരയെ നിത്യം നനച്ചു തുടയ്ക്കുകയും മാറ്റും ചെയ്യുമല്ലോ.
7. സഹദേവജൻ = സഹദേവനെന്ന രാജാവിന്റെ പുത്രൻ. പോന്നതില്ല – കുതിരകളെ കിട്ടാതെ തിരിച്ചുപോന്നില്ല: തരാമെന്നു പറഞ്ഞാണല്ലോ, കുമാരൻ വിളിച്ചത്.

8. പ്രയതർ = അടക്കമുള്ളവ. സഹദേവകുമാരൻ – സോമകനെന്നാണ്, കുമാരന്റെ പേർ. അന്നേ – വിളിയ്ക്കപ്പെട്ട നാളിൽത്തന്നെ.

9. നിങ്ങളാൽ – നിങ്ങളുടെ പ്രസാദത്താൽ.

10. എടുത്തുപറയുന്നു:

## സൂക്തം 16.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കാകളി)

സത്യൻ മഘവാവൃജീഷി വരട്ടെ – പാ-
ഞ്ഞെത്തട്ടെ, തന്റെ കുതിരകൾ നമ്മളിൽ:
സത്തൊക്കുമീ നീർ പിഴിക,വിടെയ്ക്കു നാം;
സിദ്ധിയിങ്ങേകട്ടെ, വാഴ്ത്തപ്പെടുന്നവൻ! (1)

ഇന്നിസ്സവനേ വിടുക, മാർഗ്ഗാന്തത്തി-
ലെന്നപോലെങ്ങളെശ്ശൂര, മത്തേററുവാൻ:
ധ്വസ്താസുരനാമഭിജ്ഞന്നു ചിന്ത്യമാ-
മുക്ഥം കഥിയ്ക്കുന്നു, കർമ്മി ശ്രുക്രോപമൻ! (2)

ഗൂഢാർത്ഥകം കവിപോലെ യജ്ഞക്രിയ
നേടി, നീർ സേവിച്ചു കൊണ്ടാടി വർഷകൻ
വാനിൽനിന്നേഴംശു നേർക്കുളവാക്കിനാൻ:
ജ്ഞാനത്തെ നല്കീ, പകൽകൊണ്ടതുൽസ്തുതം! (3)

വന്മഹസ്സിൻ കതിർകൊണ്ടു സുദൃശ്യമായ്-
വന്ന വിണ്ണിങ്കൽ വസിപ്പാൻ വിളങ്ങവേ,
അഭ്യാഗമത്തിൽ മനുഷ്യർതൻ കാഴ്ചയ്ക്കു
കെല്പററ കൂരിരുൾ പോക്കി നേതൃവരൻ! (4)

ഇന്ദ്രനൃജീഷി നിറച്ചാ,നമേയമായ്-
വന്ന പെരുമയാൽ വാനൂഴി രണ്ടുമേ;
വിശ്വോത്തരമായി, തന്റെ മഹിമാവു:
വിശ്വമെല്ലാം കീഴടക്കിയല്ലോ, ഇവൻ! (5)

ചീർത്ത ശബ്ദത്താൽപ്പിളർത്താർ മലയെയും,
പൈത്തൊഴുത്താഗ്രഹത്താലടച്ചാരെവർ;
നൽത്തോയമാ പ്രിയമിത്രരെയേല്പിച്ചു,
മർത്ത്യർക്കു വേണ്ടതൊട്ടുക്കറിഞ്ഞുമ്പർകോൻ! (6)

പാഥോനിരോധിമേഘത്തെപ്പിളർത്തി, നിൻ-
പാലകവജ്രം; – മുയിർക്കൊണ്ടു മേദിനി:
പ്രേരണംചെയ്തു, നഭസ്ഥോദകങ്ങളെ-
ശ്ശൂര, ധൃഷ്ണോ, ബലാൽ നാഥാനായ്ത്തീർന്ന നീ! (7)

കീറി, നീ കാറിനെ നീർക്കായ്പ്പുരുഹൂത;
തേര്യപ്പെടുത്തീ, സരമ നിന്നെപ്പുരാ;
അന്നങ്ങൾ കൊണ്ടുവന്നെങ്ങളെ മാനിച്ചി,-
തംഗിരസ്സ്തുത്യാ ഘനത്തെപ്പിളർത്ത നീ! (8)

നീ മഘവൻ, ധനം നാല്കുവാൻ ചെന്നപ്പൊ-
ഴാമട്ടിലർത്ഥിച്ച മേധാവിയെബ്ഭവാൻ
കാത്തുരക്ഷിച്ചങ്ങിറക്കീ, നരധ്യാത:

നാസ്തികൻ മായാവി ദസ്യു ചത്തു രണേ! (9)

ദസ്യുഘ്ലാതോൽക്കനായ്ച്ചെന്നു ഗൃഹത്തിൽ നീ;
കുത്സൻ കൊതിച്ചു, നിൻചങ്ങാതിയാകുവാൻ;
സ്വസ്ഥലേ വാണു സത്രൂപരിരുവരും;
സത്യജ്ഞയാം നാരി ശങ്കിച്ചു, നിങ്ങളെ! (10)

വേഗിയായ് നേർക്കു പോം തന്നശ്വയുഗ്മത്തെ,
വേണ്ടുമന്നംപോലെ ചേർത്തൊ,രേതേരിലേ
പോയി, ഹന്താവു നി രക്ഷയ്ക്കു കുത്സനൊ,-
ത്തീയഴൽ പിന്നിടാൻ പ്രാജ്ഞൻ മുതിർന്ന നാൾ. (11)

കൊന്നു, കുത്സാർത്ഥമസൌഖ്യനാം ശുഷ്ണനെ;-
ക്കൊന്നു, പൂർവാഹ്നേ കുയവനെ; – യപ്പോഴേ
ദസ്യുലക്ഷത്തെയും വീഴ്ത്തി, വജ്രത്തിനാ;-
ലസ്സൂര്യചക്രം മുറിച്ചൂ, രണത്തിൽ നീ! (12)

ചീർത്ത മൃഗയനെക്കീഴ്പ്പെടുത്തി,യ്യജി-
ശ്വാവാം വിദഥിത്രുന്നു പിപ്രുഘ്ന, നീ;
കൊന്നു, കവുമ്പരെയമ്പതിനായിരം;
ശ്രീയെജ്ജരപോലുടച്ചൂ, പുരങ്ങളെ! (13)

സൂരന്റെ ചാരത്തു നീ ചെന്നുനില്ക്കുകിൽ,
വേറേ വിളങ്ങു,മമൃതനാം നിന്നുടൽ;
ആനപോലേ കെല്പുടയ്ക്കുവോൻ, ഭികര,-
നായുധധാരി നീ സിംഹംകണക്കിനേ! (14)

ശ്രീലാഭഭോജ്യങ്ങൾ തേടിയും, പോർകളിൽ-
പ്പോലേ സവനത്തിലർത്ഥിച്ചു,മിച്ഛയാ
ചെന്നുക്ഥമോതുവോർക്കിന്ദ്രനൊരില്ലവും,
സന്ദൃശ്യരമ്യയാം ലക്ഷ്മിയുംപോലെയാം! (15)

മദ്വിധസ്തോതാവിനേതു കാമ്യധന-
നൊത്തിയ്ക്കു,മഞ്ജസാ ക്രൂട്ടേണ്ടുമന്നവും;
മർത്ത്യഹിതം പെരുതാർ ചെയ്തു; ചേലിലാ
വൃത്രഘ്നനെബ്ഭവാന്മാർക്കായ് വിളിപ്പൂ, നാം! (16)

മർത്ത്യർ മൂർച്ഛിപ്പതാം വല്ലതിലും ശൂര,
മധ്യേ കൊടുമിടിവാളു വീഴുമ്പൊഴും,
ഇങ്ങുഗ്രയുദ്ധം വരുമ്പൊഴും നാഥ, നീ-
യെങ്ങൾക്കു രക്ഷിതാവെന്നറിയാം, തവ! (17)

വാമദേവന്റെ കർമ്മങ്ങൾ പാലിയ്ക്കു, നീ;
പോർമന്നിൽ മിത്രമാകു,ള്ളംകനിഞ്ഞു നീ;
നിന്നെക്കുറിച്ചതിജ്ഞാനികളാകെ,ങ്ങ-
ളന്വഹം സ്തോതൃസ്തവത്തെ വായ്പിയ്ക്കു, നീ! (18)

പോരിലെല്ലാം ഭവൽക്കാമരാമിപ്പണ-

ക്കാരൊത്തു, ദീപ്താർത്ഥർപോലേ രിപുക്കളെ
ആക്രമിച്ചിന്ദ്ര, മഘവൻ, പുകഴ്ത്താവു,
നേർക്കെങ്ങൾ നൂറാണ്ടു രാത്രിയിലങ്ങയെ! (19)

നമ്മൾതൻ സഖ്യം ക്ഷണേന വിടായ്വാനു-
മുന്മഹസ്സംഗപൻ നമ്മെ നോക്കാനുമായ്,
പ്രാർത്ഥിതം പെയ്യും യുവാവാകമിന്ദ്രന്നു
തീർത്തു, നാമിസ്തവം, തച്ചർ തേർപോലവേ! (20)

ക്ഷിപ്രം സ്തുതൻ, ക്ഷണാൽ സ്തൂയമാനൻ ഭവാൻ
വായ്പിയ്ക്ക, വാഴ്ത്തുവോന്നന്നമാറ്റിൻപടി;
പുത്തൻസ്തവംതേ രചിയ്ക്കുന്നു, ഹര്യശ്വ;
നുത്യാ ഭജിയ്ക്കാവു, ഞങ്ങൾ തേരാളികൾ! (21)

## കുറിപ്പുകൾ: സൂക്തം 16.

1. സത്യൻ = സത്യവാൻ. ഇങ്ങ് – ഈ യജ്ഞത്തിൽ.
2. മാർഗ്ഗാന്തത്തിലെന്നപോലെ – യാത്രയവസാനിച്ചാൽ കുതിരകളെ അഴിച്ചുവിടുന്നതു പോലെ. മത്തേറ്റുവാൻ – അങ്ങയെ സോമനീർകൊണ്ടു മത്തുപിടിപ്പിയ്ക്കാൻ. ധ്വസ്താസുരനാമഭിജ്ഞന്നു – അസുരരെ നശിപ്പിച്ച സർവജ്ഞനായ ഇന്ദ്രന്നായി. കർമ്മി – യജമാനൻ. ശുക്രോപമൻ = ശക്രനോടു തുല്യൻ.
3. കവി ഗുഢാർത്ഥമായ കാവ്യമെന്നപോലെ, വർഷകൻ (വൃഷാവ്) യജ്ഞക്രിയ നേടി – യജ്ഞകർമ്മം സാധിച്ച്. ഏഴംശു – സൂര്യന്റെ സപ്തരശ്മികൾ. ഉൽസ്തുതമായ (തുലോം സ്തുതിയ്ക്കപ്പെട്ട) അത് – ഏഴു രശ്മി – പകൽകൊണ്ട് ആളുകൾക്കു ജ്ഞാനത്തെ (വസ്തുവിവേകത്തെ) നല്കീ: വെളിച്ചം കൊടുത്തു.
4. സുദൃശ്യം = നന്നായിക്കാണാവുന്നത്. വസിപ്പാൻ വിളങ്ങവേ – ദേവന്മാർ അഭിലാഷം കൊണ്ടുദ്ദീപിയ്ക്കേ. അഭ്യാഗമം = ആഗമനം, ഉദയം. നേതൃവരൻ – സൂര്യൻ.
6. അംഗിരസ്സുകളുടെ പൈത്തൊഴുത്ത് ആഗ്രഹത്താൽ – അവരെക്കുറിച്ചുള്ള താൽപര്യത്താൽ – അടച്ചാർ. ആ പ്രിയമിത്രർ – മരുത്തുക്കൾ. നൽത്തോയം – മേഘസ്ഥമായ ജലം – അവരെ ഏല്പിച്ചു, യഥാകാലം മഴപെയ്തു സസ്യാദികളെ ഉൽപ്പാദിപ്പിയ്ക്കാൻ.
7. ഇന്ദ്രനോടു നേരിട്ടു പറയുന്നു: പാലകവജ്രം = രക്ഷകമായ വജ്രം. പാഥോനിരോധിമേഘത്തെ = ജലത്തെ തടഞ്ഞ മേഘത്തെ. പിളർത്തി. മേദിനി ഉയിർക്കൊണ്ടു – മഴ കിട്ടിയതിനാൽ. ധൃഷ്ണു – ശത്രുധർഷകൻ. ബലാൽ = ബലംഹേതുവായിട്ട്.
8. കീറി = പിളർത്തി. സരമ പുരാ (മുൻകൂട്ടി) നിന്നെ തേര്യപ്പെടുത്തി – അസുരാപഹൃതകളായ പൈക്കൾ ഇന്നയിടത്തുണ്ടെന്ന്. അംഗിരസ്തുത്യാ = അംഗിരസ്സുകളുടെ സ്തുതിയാൽ.
9. ആമട്ടിലർത്ഥിച്ച മേധാവിയെ – 'എന്റെ ശത്രുവിനോടു നിന്തിരുവടി പൊരുതണ'മെന്നപേക്ഷിച്ച കുത്സനെ. അങ്ങിറക്കീ – യുദ്ധരംഗത്തിൽ. നരധ്യാത = മനുഷ്യരാൽ ധ്യാനിയ്ക്കപ്പെടുന്നവനേ. നാസ്തികൻ – വൈദികകർമ്മങ്ങളിൽ വിശ്വാസമില്ലാത്തവൻ. ദസ്യു – കുത്സന്റെ ശത്രു. ചത്തു – അങ്ങയാൽ വധിയ്ക്കപ്പെട്ടു.
10. കുത്സനാൽ വിളിയ്ക്കപ്പെട്ട നീ ദസ്യുഘതോൽക്കനായ് (ദസ്യുഹനനത്തിന്നുവേണ്ടി) കുത്സന്റെ ഗൃഹത്തിൽ ചെന്നു. ഇരുവരും – അങ്ങും കുത്സനുംതമ്മിൽ സഖ്യം പൂണ്ടു സ്വസ്ഥലേ (സ്വർഗ്ഗത്തിൽ) സരൂപരായ് (ഒരേ രൂപത്തോടേ) വാണു. അപ്പോൾ നാരി (ഇന്ദ്രാണി) നിങ്ങളെ ശങ്കിച്ചു – നിങ്ങളിരുവരിൽ ഇന്ദ്രനാരാണെന്നറിഞ്ഞില്ല.

11. പ്രാജ്ഞൻ (കുത്സൻ) ഈയഴൽ (ദസ്യുപദ്രവം) പിന്നിടാൻ മുതിർന്നനാളിൽ, ഹന്താവായ (ശത്രുഘാതിയായ) നീ പോയി.

12. കുത്സാർത്ഥം – കുത്സനെ രക്ഷിപ്പാൻവേണ്ടി. അസൌഖ്യൻ = അസ്വസ്ഥൻ. അപ്പൊഴേ – ഉടനടി. ദസ്യുലക്ഷം – വളരെ ദസ്യുക്കൾ. ഇക്കഥകൾ ഒന്നാംമണ്ഡലത്തിൽത്തന്നെയുണ്ട്. ശുഷ്ണ – കുവയന്മാർ – രണ്ടസുരന്മാർ.

13. ഋജിശ്വാവാം വിദഥിപുത്രന്നു – വിദഥിയുടെ പുത്രനായ ഋജിശ്വാവ് എന്ന രാജാവിന്നുവേണ്ടി. പിപ്രുഘ്ന എന്ന സംബുദ്ധി, മൃഗയാസുരനെയെന്നപോലെ പിപ്രു എന്ന അസുരനെയും നീ ഹനിച്ച എന്നു കാണിയ്ക്കുന്നു. കറുമ്പർ – രാക്ഷസർ. ശ്രീ – യൌവനലക്ഷ്മി. പുരങ്ങൾ – ശംബരാസുരന്റെ നഗരങ്ങൾ.

14. വേറേ വിളങ്ങും – സാധാരണരൂപങ്ങൾപോലെ, സൂര്യതേജസ്സാൽ മങ്ങിപ്പോകില്ല. കെല്പ് – ശത്രുബലം. സിംഹംകണക്കിനെ ഭീകരൻ = ഭയംകരൻ.

15. ശ്രീലാഭഭോജ്യങ്ങൾ = സമ്പല്ലാഭവും അന്നവും. പോർകളിൽപ്പോലേ സവനത്തിലർത്ഥിച്ചും – യുദ്ധത്തിൽ സഹായിപ്പാൻ അപേക്ഷിയ്ക്കുന്നതുപോലെ, സവനത്തിൽ സോമം കുടിപ്പാനും അപേക്ഷിച്ചും. ഇച്ഛയാ – ഇന്ദ്രങ്കൽനിന്ന് ആപന്നിവാരണമിച്ഛിച്ച്. സന്ദ്ര്യരമ്യയാം = ദർശനീയയും രമണീയയുമായ. ഗൃഹവും ലക്ഷ്മീയും (സമ്പത്തും) പോലെ ഇന്ദ്ര സ്തോതാക്കളെ സുഖിതരാക്കുന്നു.

16. കാമ്യധനൻ = സ്പൃഹണീയമായ ധനത്തോടുകൂടിയവൻ. മദ്വിധസ്തോതാവിന് – എന്നെപ്പോലെയുള്ള സ്തോതാവിന്. കൂട്ടേണ്ടുമന്നവും (സംഭരിയ്ക്കേണ്ടുന്ന അന്നംപോലും) അഞ്ജസാ (വേഗേന) എത്തിയ്ക്കും. ചേലിൽ – വെടുപ്പിൽ. ഭവാന്മാർക്കായ് = നിങ്ങൾക്കുവേണ്ടി. നാം – ആത്മനിബഹുവചനം, ഞാൻ വിളിയ്ക്കുന്നു.

17. പ്രത്യക്ഷോക്തി: മർത്ത്യർ മൂർച്ഛിപ്പതാം വല്ലതിലും – മനുഷ്യരെ ബോധംകെടുത്തുന്ന വല്ല യുദ്ധത്തിലും. മധ്യേ = ഇടയിൽ. അറിയാം തവ – അങ്ങയ്ക്കറിയാമല്ലോ.

18. വാമദേവന്റെ – എന്റെ. മിത്രമാക – എന്റെ സഖാവാകുക, എന്നെ സഹായിയ്ക്കുക. അതിജ്ഞാനികൾ – ഏററവും അറിവുള്ളവർ.

19. ഭവൽക്കാമർ – ശത്രുജയത്തിന്നായി അങ്ങയെ കാംക്ഷിയ്ക്കുന്നവർ. ഇപ്പണക്കാർ – ചൂണ്ടിപ്പറകയാണ്: അങ്ങയ്ക്ക തരാനുള്ള ഹവിസ്സാകുന്ന ധനത്തോടു കൂടിയവർ. ദീപ്താർത്ഥർ – സ്വർണ്ണരത്നാദിസമ്പന്നന്മാർ; ഇവർക്ക ശത്രുവിജയം സുകരമാണല്ലോ. ആക്രമിച്ച് – കീഴടക്കി. നൂറാണ്ട് – വളരെസ്സംവത്സരം. ദീർഘായുഃ പ്രാർത്ഥനയും ഇതിൽ ഉൾപ്പെട്ടിരിയ്ക്കുന്നു.

20. ഉന്മഹസ്സായ (തേജസ്സുയർന്ന) അംഗപൻ (ശരീരങ്ങളെ രക്ഷിയ്ക്കുന്ന ഇന്ദ്രൻ) നമ്മുടെ സഖ്യം ക്ഷണേന വിടാതിരിപ്പാനും, നമ്മെ നോക്കാ(രക്ഷിയ്ക്കാ)നുമായ്. പ്രാർത്ഥിതം പെയ്യും – അഭീഷ്ടഫലം വർഷിയ്ക്കുന്ന.

21. ആറ്റിൻപടി – നദി പരിസരങ്ങളെ സസ്യസമ്പന്നങ്ങളാക്കുന്നതുപോലെ. നുത്യാ = സ്തുതികൊണ്ട്.

## സൂക്തം 17.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പും വിരാട്ടും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത. (കാകളി)

ഇന്ദ്ര, മഹാൻ, നീ: ബലം നീക്കിവെച്ചിരി-
യ്ക്കുന്നുവല്ലോ, തവ വാരുഴിവാനുകൾ.
കൊന്നു നീ വൃത്രനെക്കെല്ലാല;-ഹിയവ-
നൊന്നായ്ക്കടിച്ച തണ്ണീരുമൊഴുക്കി നീ! (1)

അഞ്ചി, വാനുജ്ജ്വലനാം നിൻ പിറവിയിൽ;
നിൻചൊടി പേടിച്ചു മന്നും വിറച്ചുപോയ്;
നേർത്തടക്കപ്പെട്ടു, ചീർത്ത മുകിലുക-
ളാർത്തി പോക്കി മഴ പെയ്തു, മരുക്കളിൽ! (2)

വർച്ചസ്സു കാണിച്ചു, കീഴമർപ്പോൻ ബലാൽ
വജ്രമാഞ്ഞെയ്തു പിളർത്തീ, മലകളെ;
മത്താർന്നു വജ്രവാൻ വൃത്രനെക്കൊല്കയാ-
ല,ത്തടവറ്റു കുതിച്ചുപാഞ്ഞൂ, ജലം! (3)

സ്ഥാനസ്ഥിരനും സ്തവാർഹനും സദ്വജ്ര-
വാനുമാം നിന്നെജ്ജനിപ്പിച്ച ദീപ്തിമാൻ
നണ്ണീ, സുപുത്രനായ് താനെന്ന;-നല്പനാ-
മിന്ദ്രന്റെയച്ഛൻ സുകർമ്മാവുമായ്, ദ്യുലോം! (4)

മീതെയാഴ്ത്താൻ ഭയം പോക്കുമല്ലോ, പുരു-
ഹൂതാനാമിന്ദ്രൻ, പ്രജകൾക്കു തമ്പുരാൻ;
സത്യം, സ്തുതിപ്പൂ, പുകഴ്ത്തും മഹസ്വിയാം
വിത്തയുക്തന്റെയിബ്ബന്ധുവെസ്സർവരും! (5)

നേരി,ലിവന്റെയായ്, സോമനീരൊക്കയും;
നേരിൽ,ദ്യുലോം മത്തിയറ്റീ, മഹാമധു;
നേരിൽ, നീ സ്വാമി, മികച്ച ധനത്തിനെ;-
ല്ലാരെയും താങ്ങുന്ന, സമ്പത്തിനിന്ദ്ര, നീ! (6)

പോരാ, ഭവാനിന്ദ്ര, മുന്നേ പിറക്കുന്ന
നേരമേ താങ്ങീ, ഭയത്തിലെല്ലാരെയും:
നീ മഘവാവേ, നുറുക്കി, വജ്രത്തിനാൽ
നീർമണ്ഡലത്തിൽക്കിടക്കൊണ്ട വൃത്രനെ! (7)

ഭൂരിഹന്താവ,തിധർഷകൻ, വർഷകൻ,
പ്രേരകനിന്ദ്രൻ നിരത്യയൻ, വജ്രവാൻ:
വൃത്രഘ്നനമ്മഹാനന്ദൻ; ശോഭന-
വിത്തൻ മഘവാവു വിത്തവും നല്കുമേ! (8)

പോരിലൊറ്റയ്ക്കേ പുകഴ്ന്ന മഘവാവു
തീരെ മുടിയ്ക്കുമേ, ചേർന്നൊത്ത സേനയെ;
സുപ്രദേയാന്നങ്ങൾ കയ്യിൽ വെപ്പോനിവൻ;

തൽപരരാവുകി,വന്റെ സഖ്യത്തിൽ നാം! (9)

പോരഃ കേൾപ്പുണ്ടി,വൻ വെല്വതും കൊല്വതും;
പോരാൽപ്പശുക്കളെക്കൊണ്ടുപോരുമിവൻ;
നേരി,ലിന്ദ്രൻ ചൊടിച്ചാലോ, ചരാചര-
പ്പാരൊക്കയും ഭയപ്പെട്ടു വിറച്ചുപോം! (10)

ഇന്ദ്രൻ മഘവാവു ഗോവിനെ,യശ്വത്തെ
വെന്നാൻ, ധനത്തെ,ക്കരുത്താൽപ്പടയെയും;
ഇന്നരർക്കു പകുത്തേകു,മസ്സമ്പത്തു;
വൻനായകൻ പണം കയ്യിലും വെയ്ക്കുമേ! (11)

ഒട്ടു നേടുന്നു; തന്നമ്മയിൽനിന്നിന്ദ്ര-
നൊട്ടു ജനിപ്പിച്ച താതങ്കൽനിന്നുമേ;
പേർത്തു പേർത്തും താനുണർത്തു,മിതിൻ ബല,-
മാർത്തിടും കാർകളയച്ച കാറ്റിൻപടി! (12)

ഇമ്മഘവാവിടിഞ്ഞോനെ നികത്തിടും;
കല്മഷരാശിയെത്തട്ടിക്കളഞ്ഞിടും;
കൊന്നൊടുക്കുമിടിവാൾ ചേർന്ന വാനുപോ;-
ലിന്ദ്രൻ സ്തുതിപ്പോനിൽ വെച്ചരുളും ധനം! (13)

സൂരന്റെ തേരുകൾ പോക്കിവിട്ടാനിവൻ;
പോരിന്നയച്ചതില്ലേ,തശസംജ്ഞനെ;
ഭാനുവിൻ വേരാം ജലാസ്പദത്തിലൊളി-
ച്ചോനിൽ നീർ തൂകീ, വളഞ്ഞുപോം കാർമുകിൽ, (14)

രാവിൽ യഷ്ടാവു ഹോതാവിങ്കലാംവിധം! (15)

ഗോവാജിഭക്ഷ്യപതീച്ഛുക്കളാമെങ്ങ-
ളാ വൃഷാവായ പതീദനാമിന്ദ്രനെ,
സ്വാവനാശ്രാന്തനെസ്സഖ്യത്തിനിങ്ങിറ-
ക്കാവൂ, കിണറ്റിൽ നീർപ്പാളയെപ്പോലവേ! (16)

നോക്കുമാപ്തൻ ഭവാനെങ്ങളെ രക്ഷിയ്ക്ക;
പാർക്കുവോൻ, സോമാർഹമിത്രം, സുഖപ്രദൻ,
താതൻ, പിതാക്കളിൽവെച്ചു പിതാവായ
ധാതാവു നീ കൊറ്റണയ്ക്ക, ലോകോൽക്കനിൽ! (17)

സഖ്യോൽക്കരങ്ങൾക്കു നീ സഖാവാകിന്ദ്ര,
രക്ഷിയ്ക്ക; വാഴ്ത്തുവോന്നേകുക, ഭക്ഷ്യവും;
ബാധിതരെങ്ങളിക്കർമ്മങ്ങളാൽപ്പൂജ
ചെയ്തുകൊണ്ടിന്ദ്ര, വിളിയ്ക്കുന്നിത,ങ്ങയെ! (18)

ഇന്ദ്രൻ സ്തുതിയ്ക്കപ്പെടുകിലേകാകിയായ്-
ക്കൊന്നിടും, നേരിട്ടു ഭൂരിശത്രുക്കളെ;
സ്തോതാവവന്നിഷ്ട;-നുമ്പരും മർത്ത്യരു-
മേതും തടുക്കാ, മഘവാശ്രയസ്ഥനെ! (19)

ഇന്ദ്രൻ മഘവാനശത്രു ബഹുസ്വന-
നിന്നമുക്കേകട്ടെയിഷ്ടം പ്രജാപതി;
ജാതർക്കു തമ്പുരാൻ നീ വെയ്ക്കുകെങ്ങളിൽ,
സ്തോതാവിനുള്ള സൽക്കീർത്തിയിരട്ടിയായ്! (20)

ക്ഷിപ്രം സ്തുതൻ, ക്ഷണാൽ സ്തൂയമാനൻ ഭവാൻ
വായ്പിയ്ക്കു, വാഴ്ത്തുവോന്നന്നമാറ്റിൻപടി;
പുത്തൻസ്തവം തേ രചിയ്ക്കുന്നു, ഹര്യശ്വ;
നുത്യാ ഭജിയ്ക്കാവു, ഞങ്ങൾ തേരാളികൾ! (21)

## കുറിപ്പുകൾ: സൂക്തം 17.

1. വാരുഴിവാനുകൾ – വിശാലകളായ ദ്യാവാപൃഥിവികൾ. കുടിച്ച – മറച്ചുവെച്ച എന്നർത്ഥം.
2. വാൻ (ആകാശം) അഞ്ചി – നടുങ്ങി. ചൊടി = കോപം, നേർത്തടക്കപ്പെട്ടു – അങ്ങയാൽ നിയന്ത്രിയ്ക്കപ്പെട്ടതിനാൽ. ആർത്തി – പ്രാണികളുടെ ദാഹം.
3. പരോക്ഷോക്തി: വർച്ചസ്സു = തേജസ്സു, ബലം. കീഴമർപ്പോൻ – ശത്രുക്കളെ അടക്കുന്നവൻ. മത്താർന്നു – സോമപാനത്താൽ.
4. പൂർവാർദ്ധം പ്രത്യക്ഷോക്തി: സ്ഥാനസ്ഥിരൻ – സ്ഥാനത്തിൽനിന്നു ഭ്രംശം വരാത്തവൻ. ദീപ്തിമാൻ-തേജസ്വിയായ കശ്യപപ്രജാപതി. സുപുത്രൻ = നല്ല പുത്രനോടുകൂടിയവൻ. അനല്പൻ – മഹാൻ.
5. മീതെയായ്ത്താൻ – ദേവന്മാരിൽവെച്ചു മുഖ്യനായിത്തന്നെ. ഭയം – ശത്രുഭയം. വിത്തയുക്തന്റെയിബ്ബന്ധുവെ – ഹവിസ്സാകുന്ന ധനമുള്ളവന്റെ (യജമാനന്റെ) ബന്ധുവായ ഇന്ദ്രനെ. സർവരും സ്തുതിയ്ക്കുന്നു, സത്യം.
6. നേരിൽ = വാസ്തവത്തിൽ. ഇവൻ – ഇന്ദ്രൻ. മഹാമധു – മഹത്തായ മാദകസോമം ഇന്ദ്രനു തുലോം മത്തിയറ്റി. ഉത്തരാർദ്ധം പ്രത്യക്ഷോക്തി:
7. ഭയത്തിൽ – വൃത്രനാലുള്ള ഭയപ്പാടിൽ. നീർമണ്ഡലത്തിൽ – ജലപ്പരപ്പിൽ. കിടക്കൊണ്ടു = ശയിച്ചു.
8. ഭൂരിഹന്താവ് – വളരെ വൈരികളെ കൊന്നവൻ. പ്രേരകൻ – ശത്രുക്കളെ യുദ്ധത്തിനിറക്കുന്നവൻ. നിരത്യയൻ = നാശരഹിതൻ. ശോഭനവിത്തൻ = നല്ല ധനത്തോടുകൂടിയവൻ. ആ ഇന്ദ്രനെ നാം സ്തുതിയ്ക്കുക.
9. സേന – ശത്രുസൈന്യം. സുപ്രദേയാന്നങ്ങൾ – യജമാനനു കൊടുക്കേണ്ടുന്ന അന്നങ്ങൾ.
10. വെല്വതും കൊല്വതും – ശത്രുക്കളെ. കൊണ്ടുപോരും-ശത്രുക്കളിൽനിന്ന്.
11. ഇന്ദ്രൻ ശത്രുക്കളെ ജയിച്ചു ഗവാശ്വധനസേനകളെ കീഴടക്കിയിരിയ്ക്കുന്നു; അസ്സമ്പത്ത് ഇന്നരർക്കു (സ്തോതാക്കൾക്കു) പകുത്തുകൊടുക്കും. പണം (ധനം) കയ്യിൽ വെയ്ക്കുകയും ചെയ്യും വൻനായകൻ = വലിയ നേതാവ്.
12. ഒട്ടു – ഏതാനും ബലം. ഇതിൻബലം—ഈ ജഗത്തിന്റെ ബലം. ആർത്തിടും കാർകളയച്ച കാറ്റിൻപടി – ഇരമ്പുന്ന മേഘങ്ങളാൽ പ്രേരിതമായ കാറ്റുപോലെ ഉണർത്തും— ഇളക്കിവിടും.

13. ഇടിഞ്ഞോനെ നികത്തിടും – ധനം ക്ഷയിച്ചവനെ സമ്പന്നനാക്കും. കല്മഷരാശിയെ – സ്തോതാവിന്റെ പാപപുഞ്ജത്തെ. കൊന്നൊടുക്കും-ശത്രുക്കളെ.

14. ഈ ഋക്കിലെ പ്രതിപാദ്യം ഒന്നാംമണ്ഡലത്തിലുണ്ട്: ഏതശസംജ്ഞനെ (ഏതശനെന്ന മഹർഷിയെ) പോരിന്നയച്ചില്ല – സ്വശ്വനെന്ന രാജാവിന്റെ പുത്രനായിജ്ജനിച്ച സൂര്യനോടു പൊരുതാൻ പുറപ്പെട്ടപ്പോൾ തടുത്തു; താൻതന്നേ സ്വശ്വപുത്രനോടു യുദ്ധം ചെയ്തു. അതിൽ പരിക്കേറ്റതിനാൽ ഇന്ദ്രൻ ഭാനുവിൻ വേരാം (തേജസ്സിന്റെ മൂലഭൂതമായ) ജലാസ്പദത്തിൽ (അന്തരിക്ഷത്തിൽ) ഒളിച്ചു; അപ്പോൾ കാർമുകിൽ അദ്ദേഹത്തിന്റെമേൽ വെള്ളം പൊഴിച്ചു – ജലസേചനം കൊണ്ടു മുറിവുകളുടെ വേദന ശമിപ്പിച്ചു. വളഞ്ഞുപോം എന്ന വിശേഷണം കാർമുകിലിന്റെ ഉപായത്തെ വ്യഞ്ജിപ്പിയ്ക്കുന്നു.

15. ഈ ഒറ്റവരി ഒരു പാദംമാത്രമുള്ള ഋക്കിന്റെ (വിരാട് ഛന്ദസ്സ്) തർജ്ജമയാണ്: രാത്രിയിൽ യജമാനൻ ഹോതാവിങ്കൽ (അഗ്നിയിങ്കൽ) വെള്ളം പകരുന്നതുപോലെ, മുകിൽ നീർളുകി എന്നു മുകളിലെ ഋക്കിനോടന്വയം.

16. പത്നീദൻ = പത്നിയെ തരുന്നവൻ. സ്വാവനാശ്രാന്തൻ = തന്റെ രക്ഷയിൽ തളരാത്തവൻ, താൻ രക്ഷിയ്ക്കേണ്ടുന്നവരെ സദാ രക്ഷിയ്ക്കുന്നവൻ. നീർപ്പാള–വെള്ളംകോരുന്ന പാള.

17. നോക്കും – രക്ഷണീയരെയെല്ലാം വീക്ഷിയ്ക്കുന്ന. ആപ്തൻ = വിശ്വസ്തൻ. പാർക്കുവോൻ – വിശ്വദ്രഷ്ടാവ്. സോമാർഹമിത്രം – യജമാനാദികളുടെ സഖാവ്. താതൻ – അച്ഛൻപോലെ രക്ഷിയ്ക്കുന്നവൻ; പോരാ, പിതാക്കളിൽ (രക്ഷിതാക്കളിൽ) വെച്ചു പിതാവായ (രക്ഷിതാവായ) ധാതാവ് – പിതൃസ്രഷ്ടാവ്. ലോകോൽക്കനിൽ – പുണ്യലോകം പൂകാനാഗ്രഹിയ്ക്കുന്ന സ്തോതാവിങ്കൽ കൊറ്റണയ്ക്ക, സ്തോതാവിന്ന് ആഹാരം നല്കിയാലും.

18. സഖ്യോൽക്കർ = സഖ്യതൽപരരായ. ബാധിതർ – രാക്ഷസാദികളാൽ പീഡിതർ.

19. ഇഷ്ടൻ = പ്രിയപ്പെട്ടവൻ. മഘവാശ്രയസ്ഥൻ = മഘവാവിന്റെ ആശ്രയത്തിലിരിയ്ക്കുന്നവൻ, ഇന്ദ്രനെ ആശ്രയിച്ചവൻ.

20. അശത്രു = ശത്രുരഹിതൻ, ആരാലും എതിർക്കപ്പെടാത്തവൻ. ബഹുസ്വനൻ = വിവിധശബ്ദവാൻ. ജാതർക്കു–ജനിച്ചവർക്കൊക്കെ. ഉത്തരാർദ്ധം പ്രത്യക്ഷോക്തി: സ്തോതാവിനുള്ള – അങ്ങ് ഓരോ സ്തോതാവിന്നും കൊടുത്തുപോരുന്ന സൽക്കീർത്തി ഇരട്ടിയായ് (കൂടുതലായി) എങ്ങളിൽ വെയ്ക്കുക, ഞങ്ങളെ അധികം കീർത്തിമാന്മാരാക്കുക.

## സൂക്തം 18.

അദിതിയും ഇന്ദ്രനും വാമദേവനും ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അദിതീന്ദ്രർ ദേവത.

‘ഇതാണ്, പണ്ടേമുതൽ അറിയപ്പെട്ടിരിയ്ക്കുന്ന വഴി: ഇതിലൂടെയത്രേ, എല്ലാദ്ദേവകൾതന്നെയും ജനിച്ചത്. നീയും ഇതിലൂടെതന്നെവേണം, ജനിയ്ക്കുക; ഈ അമ്മയെ മരിപ്പിയ്ക്കരുത്.’ (1)

‘ഞാൻ ഇതിലൂടെ പുറത്തെയ്ക്കിറങ്ങില്ല: ഇതു സങ്കടമാണ്; ഒരു വാരിഭാഗത്തുനിന്നു പുറത്തെയ്ക്കിറങ്ങിക്കൊള്ളാം. ചെയ്യപ്പെട്ടിട്ടില്ലാത്ത പലതും എനിയ്ക്കു ചെയ്യേണ്ടതുണ്ട്: ഒരാളോടു പൊരുതണം; മറ്റൊരാളോടു ചോദിയ്ക്കണം! (2)

അമ്മ മരിച്ചേയ്ക്കുമെന്നു പറഞ്ഞുവല്ലോ. ഞാൻ നടപ്പനുസരിയ്ക്കാതിരിയ്ക്കില്ല; വേഗത്തിൽ അനുസരിയ്ക്കുകതന്നെ ചെയ്യാം. ഇന്ദ്രൻ ഇണപ്പലകകളിൽ പിഴിഞ്ഞ ത്വഷ്ടാവിന്റെ ഗൃഹത്തിൽ ചെന്നു, വിലയേറിയ സോമം കുടിച്ചുകളഞ്ഞു! (3)

ഒരായിരം മാസം – വളരെസ്സംവത്സരം – ഗർഭത്തിലിരുന്നവൻ അരുതാത്തതൊന്നും ചെയ്തില്ലായിരിയ്ക്കാം!’

‘ജനിച്ചവരിലും ജനിയ്ക്കാൻ പോകുന്നവരിലുമില്ല, ഇവന്നൊരു തുല്യൻ! (4)

ഗുഹയിൽ പിറക്കുക നന്നല്ലെന്നറിഞ്ഞ്, അമ്മ ഇന്ദ്രനെ വീർയ്യവാനാക്കിയിരുന്നു; അതിനാൽ ജനിച്ചപ്പോൾത്തന്നേ അവൻ സ്വയം തേജസ്സുടുത്ത് എഴുന്നേറ്റു; വാനൂഴികളെഷം നിറച്ചു! (5)

ഇതാ, കുരവയിടുന്ന നദികൾ ആർത്തിരമ്പിക്കൊണ്ടു പോകുന്നു. ഇവരോടു ചോദിയ്ക്കു, ഈ ഘോഷിയ്ക്കുന്നതെന്താണെന്ന്: ജലങ്ങളുണ്ടോ, തടഞ്ഞുവെച്ച മേഘത്തെ പിളർത്തുന്നു? (6)

ഇന്ദ്രനെപ്പറ്റി നിവിത്തുകൾ ശബ്ദിയ്ക്കുന്നതെന്താണ്? ഇവന്റെ പാപം ജലങ്ങൾ ഏറ്റെടുത്തിരിയ്ക്കുന്നു. എന്റെ മകനാണല്ലോ, വമ്പിച്ച വജ്രംകൊണ്ടു വൃത്രനെ കൊന്ന്, ഈ തണ്ണീരുകളെ ഒഴുകിച്ചത്!’ (7)

‘മതിമറന്നു യുവതി അങ്ങയെ പ്രസവിച്ചു; മതിമറന്നു കുഷവ അങ്ങയെ വിഴുങ്ങി; മതിമറന്നു തണ്ണീരുകൾ കുഞ്ഞിനെ സുഖിപ്പിച്ചു; മതിമറന്ന് ഇന്ദ്രൻ ബലത്തോടേ എഴുന്നേറ്റു! (8)

മഘവാവേ, മതിമറന്നു വ്യംസൻ അങ്ങയുടെ ഹനുരണ്ടും എയ്തു മുറിച്ചു: ഉടനേ, എയ്യപ്പെട്ട ഭവാൻ കൂടുതൽ കരുത്തു പൂണ്ടു, പാവത്തിന്റെ തല വജ്രംകൊണ്ടരച്ചു! (9)

വയസ്സും ഓജസ്സുമേറിയവനും, അധൃഷ്യനും, അനഭിഭൂതനും, പ്രേരകനും, വൃഷാവും, തനിയേ ഗമിപ്പാനിച്ഛിയ്ക്കുന്നവനുമായ ഇന്ദ്രനെ അമ്മ, ഒരു കടിഞ്ഞൂൽപ്പയ്യു മൂരിക്കുട്ടിയെ എന്നപോലെ, സ്വേച്ഛാ സഞ്ചാരത്തിന്നായി പ്രസവിച്ചു. (10)

അനന്തരം അമ്മ, ‘മകനേ, ഈ ദേവതകൾ നിന്നെ ത്യജിച്ചേയ്ക്കും’ എന്നു മഹാനോടു യാചിച്ചു. ഉടനേ, വൃത്രവധോദ്യതനായ ഇന്ദ്രൻ പറഞ്ഞു:- ‘സഖേ; വിഷ്ണോ, ഭവാൻ വലിയ പരാക്രമം പൂണ്ടാലും!’ (11)

അങ്ങ് അച്ഛനെ കാല്കളിൽ പിടികൂടി കൊന്നുവല്ലോ, മറ്റാരു വരുത്തി, അമ്മയ്ക്കു വൈധവ്യം? കിടക്കുകയോ നടക്കുകയോ ചെയ്യുന്നവനെ കൊല്ലാൻ ആരൊരുങ്ങി? മറ്റേതു ദേവൻ ഏറെ സുഖമുളവാക്കി? (12)

ഞാൻ വറുതിമൂലം ശ്വാവിന്റെ കുടർമാല വേവിയ്ക്കുകയുണ്ടായി. ദേവകളുടെ ഇടയിൽ മറ്റൊരു സുഖപ്രദനെ ഞാൻ കണ്ടെത്തിയില്ല. പത്നിയെ ഞാൻ നിന്ദ്യയായി കണ്ടു; അതിന്നുശേഷം, ഒരു പരുന്താണ് എനിയ്ക്കു വെള്ളം കൊണ്ടുവന്നത്!' (13)

## കുറിപ്പുകൾ: സൂക്തം 18.

1. ഗർഭത്തിൽവെച്ചുതന്നേ ജ്ഞാനിയായിത്തീർന്ന വാമദേവൻ വാശിപിടിച്ചു: 'ഞാൻ അമ്മയുടെ യോനിയിലൂടേ ജനിയ്ക്കില്ല; വാരിഭാഗത്തുടേ ജനിച്ചു കൊള്ളാം.' ഇതുമൂലം മരണഭീതയായ മാതാവ് അദിതിയെ ധ്യാനിച്ചു. അപ്പോൾ അദിതി പുത്രനായ ഇന്ദ്രനോടുകൂടി ഗർഭിണിയുടെ അടുക്കൽ വന്നെത്തി. പിന്നീട്, അദിതീന്ദ്രരും വാമദേവനുമായി ഒരു സംഭാഷണം നടന്നു. ഇന്ദ്രൻ പറഞ്ഞു: ഇതിലൂടെ – യോനിമാർഗ്ഗത്തിലൂടേ.
2. വാമദേവൻ പറഞ്ഞു: ചെയ്യപ്പെട്ടിട്ടില്ലാത്ത – മറ്റാരും ചെയ്തിട്ടില്ലാത്ത. ഒരാളോടു – ശാസ്ത്രവാദക്കാരനോടു. ചോദിയ്ക്കണം – ചോദിച്ച് അറിവു വർദ്ധിപ്പിയ്ക്കണം.
3. നടപ്പനുസരിയ്ക്കാത്തവൻ ഞാനല്ല, ഇന്ദ്രനാണെന്ന്, ഇന്ദ്രന്റെ അകൃത്യം പ്രതിപാദിയ്ക്കുന്നു: കുടിച്ചുകളഞ്ഞു – ബലാൽക്കാരേണ എടുത്തു കുടിച്ചു.
4. ഇന്ദ്രൻ ഒരായിരംമാസം ഗർഭത്തിലിരുന്ന് അമ്മയെ വലച്ചത് അകൃത്യമല്ലായിരിയ്ക്കാം. ഇന്ദ്രനെ ആക്ഷേപിച്ചതു പൊറുക്കാതെ അദിതി പറയുന്നു: ഇവന്ന് – ഇന്ദ്രന്ന്.
5. ഗുഹ – ഇരുട്ടടഞ്ഞ ഈറ്റില്ലം. അമ്മ – അമ്മയായ ഞാൻ.
6. കുരവയിടുന്ന – സ്ത്രീകളെന്നപോലെ കുരവയിടുന്ന. നദികളുടെ ഇരമ്പൽ ഇന്ദ്രവിക്രമോദ്ഘോഷണമാണെന്നു ഹൃദയം. ജലങ്ങൾ ശക്തങ്ങളാകുമോ മേഘത്തെ പിളർത്താൻ? ഇന്ദ്രൻ പിളർത്തി, ജലങ്ങളെ മോചിപ്പിച്ചു.
7. വൃത്രവധംമൂലം ഇന്ദ്രന്നു ബ്രഹ്മഹത്യ പറ്റിയിരിയ്ക്കുന്നു എന്നാണോ, നിന്റെ ആക്ഷേപം? എന്നാൽ നിവിത്തുകൾ (ഒരുതരം ഇന്ദ്രസ്തുതികൾ) ശബ്ദിയ്ക്കു(പറയു)ന്നതെന്താണ്? ഇന്ദ്രൻ ബ്രഹ്മഹത്യാമുക്തനായിരിയ്ക്കുന്നു എന്നല്ലയോ, അവ പറയുന്നത്?
8. ഇതു കേട്ടപ്പോൾ വാമദേവൻ ഇന്ദ്രനെ സ്തുതിപ്പാൻതുടങ്ങി: യുവതി – ഇന്ദ്രമാതാവായ അദിതി. കുഷവ – ഒരു രാക്ഷസി. കുഞ്ഞിനെ – ശിശുവായ ഭവാനെ. മതിമറന്ന് എന്നതിന്ന് ആനന്ദവൈവശ്യത്തോടേ എന്നത്രേ, എല്ലാ വാക്യത്തിലും അർത്ഥം. ഒടുവിലെ വാക്യം പരോക്ഷം: എഴുന്നേറ്റു – കുഷവയെ പിളർത്തി.
9. വ്യംസൻ – കുഷവപോലെ, ശിശുവായ ഇന്ദ്രനെ കൊല്ലാനൊരുമ്പെട്ട ഒരു രാക്ഷസൻ. കൂടുതൽ – വ്യംസനെക്കാളേറെ. പാവത്തിന്റെ – ഭവാന്റെ വിക്രമത്താൽ വലഞ്ഞ വ്യംസന്റെ.
11. മഹാനോടു യാചിച്ചു – ദേവകൾ നിന്നെ ത്യജിപ്പാൻ ഇടവരരുതെന്നു, മഹാനായ ഇന്ദ്രനോടപേക്ഷിച്ചു. ഇന്ദ്രൻ വിഷ്ണുവിനോടൊരുങ്ങാൻ പറഞ്ഞത്, ദേവകൾ തന്നെ ത്യജിയ്ക്കില്ലെന്ന് അമ്മയ്ക്കുറപ്പുകൊടുക്കാൻകൂടിയായിരിയ്ക്കും.
12. ഈ ഋക്കിലെ വിഷയം തൈത്തിരീയബ്രാഹ്മണത്തിൽ വിവരിച്ചിട്ടുണ്ടത്രേ: മറ്റാരു വരുത്തി – ആരെങ്കിലും അച്ഛനെക്കൊന്ന് അമ്മയെ വിധവയാക്കിക്കളയുമോ? കിടക്കുകയോ എന്നു തുടങ്ങുന്ന വാക്യം വൃത്രവധത്തെ സൂചിപ്പിയ്ക്കുന്നു. ആക്ഷേപിച്ചുകൊണ്ടുള്ള സ്തുതിയാണിത്. സുഖമുളവാക്കി – പ്രജകൾക്കുസൗഖ്യം വരുത്തി.
13. വേവിയ്ക്കുകയുണ്ടായി – തിന്നാൻ. മറ്റൊരു – ഇന്ദ്രനൊഴിച്ച്. വേഷംമാറിയ ഇന്ദ്രൻതന്നെയത്രേ, ഈ പരുന്ത്.

അഞ്ചാമധ്യായം സമാപ്തം.

# ഋഗ്വേദം: മൂന്നാം അഷ്ടകം

## ആറാം അദ്ധ്യായം

### മണ്ഡലം 4 അനുവാകം 2

## സൂക്തം 19.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കാകളി)

ദ്യാവാക്ഷിതികളും, സ്വാഹ്വാനർ പാലകർ
ദേവകളൊക്കയും വൃത്രവധത്തിനായ്
സേവിപ്പിതി,ങ്ങിന്ദ്ര, വജ്രിൻ, മനോജ്ഞനാ-
യേവം വളർന്ന മഹാൻ നിന്നെയേകനെ! (1)

ഉമ്പർ, കിഴവർപോലുദ്യമിപ്പിയ്ക്കയാൽ,-
ത്തമ്പുരാനായിന്ദ്ര, സത്യാലയം ഭവാൻ
അർണ്ണസ്സു മൂടിക്കിടക്കുന്ന വൃത്രനെ-
ക്കൊന്നു, തോണ്ടീ, പ്രിയപ്പെട്ട നദികളെ! (2)

ഇന്ദ്ര, സംതൃപ്തി തോന്നാതെ,യംഗം കുഴ-
ഞ്ഞൊന്നുമറിയാത,റിയപ്പെടാതെയും
സപ്താംബു മൂടിക്കിടന്നുറങ്ങീടിന
വൃത്രനെക്കൊന്നു, വെൺവാവിങ്കൽ വജ്രി നീ! (3)

ശുഷ്കാന്തരിക്ഷമരച്ചാൻ, ബലാലിന്ദ്ര,-
നുഗ്രമാം കാറ്റു വെള്ളത്തെക്കണക്കിനേ;
കെല്പിന്നുവേണ്ടിയുടച്ചാൻ, ദൃഢത്തെ യു;-
മിപ്പർവതങ്ങൾതൻ പക്ഷങ്ങൾ വെട്ടിനാൻ! (4)

തായ്ക്കൾ തനൂജനിൽപ്പോലണഞ്ഞാരിന്ദ്ര,
തേർകൾപോലൊന്നിച്ചു പോന്നാർ, മരുത്തുകൾ.
ആർകൾ നിറച്ചു: പിളർത്തി നീ കാർകളെ;-
യാകെയൊഴുക്കീ, മറച്ച ജലങ്ങളെ! (5)

തുർവീതി-വയ്യർക്കുവേണ്ടി,ച്ചുരത്തുന്ന
സർവസന്തുഷ്ടിദയായ വൻഭൂമിയെ
തോയൌഘസസ്യങ്ങൾകൊണ്ടു സുഖിപ്പിച്ചു;
നീയിന്ദ്ര, നന്നായ്ക്കടത്തീ, ജലങ്ങളെ! (6)

ആറുകളെ നിറച്ചാ,നീ യുവതിക-
ളാഴ്ത്തും, പടപോലുടയ്ക്കു,മന്നം പെറും;
ധന്വാധ്വഗർക്കൻപയറ്റീ; കറന്നു, പേ-
ർത്തിന്ദ്രൻ, തടങ്ങലാൽപ്പേറ്റ പൈക്കളെ! (7)

വൃത്രനെക്കൊന്നുളവാക്കിനാൻ, വെള്ളവും
ഗ്രസ്തമാം നൂർന്നുറുഷസ്സും സമകളും;
ഇന്ദ്രൻ തുറന്നുവിട്ടാന,ത്തടങ്ങലിൽ
നിന്ന നദികളെപ്പാരിലൊഴുകുവാൻ! (8)

മൺപുറ്റിൽനിന്നു വലിച്ചെടുത്തു ഭവാ,-
നമ്പെച്ചിതൽ തിന്നുമഗ്രൂതനൂജനെ;
അന്ധൻ തദാ കണ്ടു, പാമ്പിനെ; ഹര്യശ്വ;

സന്ധിച്ചിത,റ്റ വേർപെട്ട സന്ധികളും! (9)

മർത്ത്യാനുകൂലമായ്ത്താനേ വെളിപ്പെട്ട
കൃത്യമോരോന്നും നടത്തിയല്ലോ, പുരാൻ;
സൂരിയാം നിന്റെയപ്പൂർവകർമ്മങ്ങളെ-
ത്തേറിയോനാണ,വ ചൊല്വതു ബുദ്ധിമൻ! (10)

ക്ഷിപ്രം സ്തുതൻ, ക്ഷണാൽ സ്തൂയമാനൻ ഭവാൻ
വായ്പിയ്ക്ക, വാഴ്ത്തുവോന്നന്നമാറ്റിൻപടി;
പുത്തൻസ്തവം തേ രചിയ്ക്കുന്നു, ഹര്യശ്വ;
നുത്യാ ഭജിയ്ക്കാവു, ഞങ്ങൾ തേരാളികൾ! (11)

## കുറിപ്പുകൾ: സൂക്തം 19.

1. ദ്യാവാക്ഷിതികൾ = വാനൂഴികൾ. സ്വാഹ്വാനർ = ശോഭനാഹ്വാനർ. ഇങ്ങ് – ഈ യജ്ഞത്തിൽ. ഏവം – ഇങ്ങനെ സ്തുതിയ്ക്കപ്പെട്ട്. ഏകനെ – മറ്റാരുമില്ല, വൃത്രനെ വധിപ്പാൻ.

2. കിഴവർപോലെ – അച്ഛന്മാർ പുത്രന്മാരെ കാര്യത്തിനു പ്രേരിപ്പിയ്ക്കുന്നതുപോലെ. സത്യാലയം = സത്യത്തിന്റെ ഇരിപ്പിടമായ. അർണ്ണസ്സ – ജലം. തോണ്ടീ = കുഴിച്ചു. വൃത്രനെക്കൊന്നു ജലങ്ങളെ പ്രവഹിപ്പിച്ചു.

3. സംതൃപ്തി-ഭോഗങ്ങളിൽ അലംഭാവം. അംഗം = അവയവങ്ങൾ. അറിയപ്പെടാതെ – നിദ്രന്ധനായി. സപ്താംബു – ഏഴു നദികൾ. വെൺവാവ് = പൌർണ്ണമാസി.

4. ശുഷ്കം – വെള്ളംവറ്റിയ. കാറ്റു – കാറ്റത്തു വെള്ളത്തിൽ ഓളം ചിന്നുമല്ലോ; അതിനെ അരയ്ക്കലാക്കി കല്പിച്ചിരിയ്ക്കുന്നു. ദൃഢത്തെയും – ഉറപ്പുള്ള മേഘവൃന്ദത്തെപ്പോലും. പക്ഷങ്ങൾ = ചിറകുകൾ.

5. മരുത്തുകൾ, തായ്ക്കൾ (അമ്മമാർ) തനൂജനിൽപ്പോലെ അണഞ്ഞാർ – അങ്ങയെ പ്രാപിച്ചു; വൃത്രവധത്തിന്നു, തേരുകൾ(രഥങ്ങൾ)പോലെ ഒന്നിച്ചു പോന്നാർ – അങ്ങയുടെകൂടെപ്പോന്നു. ആറുകൾ നിറച്ചു – നദികളെ വെള്ളംകൊണ്ടു നിറച്ചു.

6. തുർവീതീ-വയ്യർ = തുർവീതിയും വയ്യനുമാകുന്ന രാജാക്കന്മാർ. ചുരത്തുന്ന-കാമദുഘയായ. തോയൌഘസസ്യങ്ങൾകൊണ്ടു സുഖിപ്പിച്ചു – ജലപ്രവാഹങ്ങൾകൊണ്ടും സസ്യങ്ങൾകൊണ്ടും പുഷ്ടിപ്പെടുത്തി. നന്നായ്ക്കടത്തീ – തടവില്ലാതെ ഒഴുകിച്ചു.

7. ആഴ്ത്തും – എതിരാളികളെ മുക്കിക്കൊല്ലും; പടപോലെ-സേന ശത്രുസേനയെ എന്നപോലെ, തീരത്തെ ഉടയ്ക്കും; അന്നം പെറും – സസ്യങ്ങളെ ഉൽപ്പാദിപ്പിയ്ക്കും; ഇങ്ങനെയുള്ള യുവതികളായ ആറുകളെ (നദികളെ) ഇന്ദ്രൻ വെള്ളംകൊണ്ടു നിറച്ചു. ധന്വാധ്വഗർക്ക് – മരുഭൂമികൾക്കും വഴിപോക്കർക്കും. അൻപിയറ്റീ – ദാഹം പോക്കി. തടങ്ങലാൽ (അസുരകൃതനിരോധംമൂലം) പേററ (പ്രസവം നിലച്ച) പൈക്കളെ പേർത്തു കറന്നു-പ്രസവിയ്ക്കുന്നവയാക്കി.

8. ഗ്രസ്തമാം നൂർനൂറുഷസ്സ് – ഇരുട്ടിനാൽ വിഴുങ്ങപ്പെട്ടിരുന്ന വളരെ ഉഷസ്സുകൾ. സമകൾ = സംവത്സരങ്ങൾ.

9. അഗ്രു എന്നൊരുത്തിയുടെ കുരുടനായ മകൻ ഒരു മൺപുറ്റിൽ ചിതൽപ്പുഴുക്കളാൽ ഭക്ഷിയ്ക്കപ്പെട്ടുകൊണ്ട് ഇരിയ്ക്കുകയായിരുന്നു. തദാ – ഭവാൻ വലിച്ചെടുത്തപ്പോൾ അന്ധൻ പാമ്പിനെ കണ്ടു; അവനു കൺകാഴ്ച, കിട്ടി, മുറിഞ്ഞു വേർപെട്ടിരുന്ന അംഗസന്ധി

കൾ സന്ധിയ്ക്കുക (തമ്മിൽ ചേരുക)യുംചെയ്തു. അങ്ങ് അഗ്രൂപുത്രന്റെ അന്ധത നീക്കി; അവന്റെ അംഗസന്ധികളും ചേർത്തിണക്കി.

10. വെളിപ്പെട്ട – കാണായിവന്ന. പുരാൻ – രാജാവായ ഭവാൻ. തേറിയോനാണ് – വാമദേവനായ എനിയ്ക്കറിയാം, ഭവാൻ പണ്ടു ചെയ്തവയൊക്കെ.

## സൂക്തം 20.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കാകളി)

ദൂരത്തുനിന്ന,രികത്തുനിന്നോ, ഹിത-
കാരി വന്നെത്തട്ടെ, നമ്മെ രക്ഷിയ്ക്കുവാൻ,
പോരിലണഞ്ഞാലമിത്രരെക്കൊന്നിടും
ക്രൂരനിന്ദ്രൻ, പുരാൻ, വജ്രി, മരുദ്യുതൻ! (1)

ഇന്ദ്രനിങ്ങോട്ടെഴുന്നള്ളട്ടെ, ഹര്യശ്വ-
നന്നതൻ നമ്മെ രക്ഷിപ്പാൻ, ധനം തരാൻ:
യുദ്ധം വരികിലി, നമ്മുടെ യജ്ഞത്തിൽ
വർത്തിച്ചരുൾക, മഘവാവു വജ്രവാൻ! (2)

ഇന്ദ്ര, നീ ഞങ്ങളെ മുൻനിർത്തി, ഞങ്ങൾ ചെ-
യ്യുന്ന യജ്ഞത്തിലിരിയ്ക്കണം, വജ്രവൻ:
അങ്ങയാൽപ്പോരിൽ വെല്ലാവൂ, പുകഴ്ത്തുന്ന
ഞങ്ങൾ ധനാപ്തിയ്ക്കു, നായാടിപോലവേ! (3)

നന്നായ്പ്പിഴിഞ്ഞിങ്ങൊരുക്കിയ മത്തിയ-
റ്റുന്ന സോമത്തെ മനംതെളിഞ്ഞിന്ദ്ര, നീ
വന്നു കുടിച്ചാലു,മെങ്ങളെകാംക്ഷിച്ചു;
നന്ദിയ്ക്ക പുഷ്യന്നീരാസ്വദിച്ചന്നവൻ! (4)

കായ പഴുത്ത മരംപോലെയും വെല്ലു-
മായുധിപോലെയും നൂതനർഷികളാൽ
വാഴ്ത്തപ്പെട്ടും പുരുഹൂതനാമിന്ദ്രനെ-
ക്കീർത്തിയ്ക്കുവൻ, പ്രേമി പെണ്ണിനെപ്പോലെ ഞാൻ; (5)

താനേ മലപോലുയർന്നവൻ കീഴമ-
ർത്താനേ ചിരാൽ ജാതനുഗ്രാനിന്ദ്രൻ മഹാൻ,
വെള്ളം തുരുത്തിയിൽപ്പോലൊരു ദിപ്തി ചേ-
ർന്നുള്ള വൻവജ്രവും കൈക്കൊണ്ടു, ഭീകരൻ! (6)

ആരുമില്ലാ, സ്വതേ നിന്നെത്തടുക്കുവാൻ,
ചാരുവാം വിത്തം നശിപ്പിയ്ക്കുവാനുമേ:
ഇഷ്ടവർഷിൻ, ബലവാനേ, പുരുഹൂത,
പൃഷ്ടദ്യുതേ, തരികെ,ങ്ങൾക്കു നീ ധനം! (7)

ഈശൻ പ്രജകൾതൻ സ്വത്തിനും വീടിനും,
ഗോസമൂഹത്തെ മോചിപ്പിച്ചയച്ചവൻ,
പോരിൽപ്പരിക്കു പെടുത്തുപോൻ, ശാസകൻ,
ഭൂരിധനോച്ചയമാഹരിപ്പോൻ, ഭവാൻ! (8)

എന്തു ധീയാൽ വിളിപ്പെട്ടു, സുധീ മഹാൻ?
സന്തതം ചെയ്വതുണ്ടല്ലോ, ചിലതവൻ:
പോക്കുന്നു, ഹവ്യപ്രദന്റെ പാപൌഘത്തെ;

നേർക്കു പുകഴ്ത്തുവോന്നേകുന്നു, വിത്തവും! (9)

മർദ്ദിയ്ക്കൊലാ, പോറ്റുകെങ്ങളെ;-ച്ചേർക്ക, നീ
ദത്തവാന്നേകുന്ന വന്മുതലെങ്ങളിൽ;
ഇയ്യൊരുകഥത്തിനു, നൽപ്പുതുഹവ്യത്തി-
നിന്ദ്ര, ക്ഷണിപ്പൂ, സ്തുതിച്ചെങ്ങളങ്ങയെ! (10)

ക്ഷിപ്രം സ്തുതൻ, ക്ഷണാൽ സ്തൂയമാനൻ ഭവാൻ
വായ്പിയ്ക്കു, വാഴ്ത്തുവോന്നന്ന,മാറ്റിൻപടി;
പുത്തൻസ്തവം തേ രചിയ്ക്കുന്നു, ഹര്യശ്വ;
നുത്യാ ഭജിയ്ക്കാവു, ഞങ്ങൾ തേരാളികൾ! (11)

## കുറിപ്പുകൾ: സൂക്തം 20.

2. ഉന്നതൻ – മഹാൻ. യുദ്ധം – നാമും വിഘ്നകാരികളും തമ്മിൽ.

3. അങ്ങയാൽ – ഭവാന്റെ തുണയാൽ. നായാടിപോലവേ – വേട്ടക്കാരൻ മൃഗങ്ങളെ എന്നപോലെ, ഞങ്ങൾ വൈരികളെ വെല്ലാവൂ.

4. പൃഷ്ഠ്യനീര് – പൃഷ്ഠത്തിന്റേതായ സോമരസം: മധ്യാഹ്നസവനത്തിൽ ഉദ്ഗാതാക്കൾ പാടുന്ന സ്തോത്രമത്രേ, പൃഷ്ഠം. അന്നവൻ = അന്നത്തോടുകൂടിയവനേ.

5. കായ പഴുത്ത വൃക്ഷവും വെല്ലും ആയുധീയും (ആയുധധാരീയായ വീരനും) ജനങ്ങളാൽ പുകഴ്ത്തപ്പെടുമല്ലോ. നൂതനർഷികൾ = പുതിയ (ഇന്നേത്തെ) ഋഷിമാർ. കീർത്തിയ്ക്കുവാൻ = സ്തുതിയ്ക്കാം; പ്രേമി (പ്രണയമേറിയ പുരുഷൻ) പെണ്ണിനെ പ്രശംസിയ്ക്കുന്നതുപോലെ.

6. താനേ – സ്വതവേ. കീഴമർത്താനേ – ശത്രുക്കളെ കീഴമർത്താൻതന്നെ. ഉഗ്രൻ = തേജസ്വി. തുരുത്തിയിൽ (ഒരുതരം തോൽപ്പാത്രം) വെള്ളംപോലെ, ദീപ്തി (തേജസ്സു) ചേർന്നതായ വൻവജ്രവും കൈക്കൊണ്ടു; പ്രകൃത്യാ ബലവാനൻ തേജോമയമായ മഹാവജ്രവും എടുത്തു! ഭീകരൻ – ശത്രുഭയങ്കരൻ.

7. സ്വതേ – സ്വതവേ. ചാരു – കർമ്മസാധകത്വത്താൽ കമനീയം. വിത്തം – ഭവാൻ തരുന്ന ധനം.

8. പരിക്കു പെടുത്തുവോൻ – എതിരാളികൾക്ക്. ശാസകൻ = ഉപദേഷ്ടാവ്. ആഹരിപ്പോൻ – കൊണ്ടുവരുന്നവൻ.

9. എന്തു ധീയാൽ = എന്തൊരു പ്രജ്ഞയാൽ. പരോക്ഷകഥനം:

10. മർദ്ദിയ്ക്കൊലാ – പീഡിപ്പിയ്ക്കരുത്. ദത്തവാന്നേകുന്ന – ഭവാൻ ഹവിസ്സർപ്പിച്ചവന്നു കൊടുത്തുപോരുന്ന വന്മുതൽ ഞങ്ങളിൽ ചേർത്താലും. ഇയ്യൊരുകഥത്തിനും (ഈ 'ശസ്ത്രം' കേൾപ്പാനും), നൽപ്പുതുഹവ്യത്തിനും (നല്ല നൂതനഹവിസ്സുഭുജിപ്പാനും) ഞങ്ങൾ അങ്ങയെ സ്തുതിച്ചു ക്ഷണിയ്ക്കുന്നു.

## സൂക്തം 21.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കാകളി)

ഇന്ദ്രൻ വരേണമേ, നമ്മെ രക്ഷിയ്ക്കുവാൻ:
ഇങ്ങു നതൻ ശൂരനിമ്പമേല്ലോ,പ്പമേ;
ഒട്ടല്ല, വായ്ക്കമിവൻതൻ ബലം; രവി-
യ്യൊപ്പം പുലർത്തട്ടെ, വെല്ലം കരുത്തിവൻ! (1)

വൈരിയെ വെല്വു, മഖാർഹൻ പുരാൻപോലെ-
യാരുടെ കർമ്മം, പ്രധർഷകം, താരകം:
അപ്പുരുവിത്തന്റെ, ഭൂരിയശസ്കന്റെ
കെല്ലാം പുരോഗരെയിങ്ങു പുകഴ്ത്തുവിൻ! (2)

ഇന്ദ്രൻ, വരട്ടേ, മരുദ്യുതൻ വിണ്ണിലോ
മന്നിലോ വാനിലോ നീരിലോ നിന്നടൻ,
സൌരത്തിൽനിന്നുതാൻ, കാർനാട്ടിൽനിന്നുതാൻ,
ദൂരത്തുനിന്നുതാൻ, നമ്മെ രക്ഷിയ്ക്കുവാൻ! (3)

ആർ വെല്ലുമോ, ബലത്താലേ പടകളി;-
ലാർ മിടുക്കാൽദ്ധനം കൊണ്ടുവന്നീടുമോ;
ആരോ, തടിച്ച വൻസ്വത്തിന്നുടമസ്ഥ;-
നായിന്ദ്രനെത്താൻ സ്തുതിയ്ക്ക, യജ്ഞത്തിൽ നാം! (4)

ഊന്നായ്, ക്രതുവിന്നൊലികൂട്ടി, നല്ല കോ-
പ്പാർന്നെവനന്നത്തിനന്നമയയ്ക്കുമോ;
ഉക്ഥവദ്ഭൂരിസംസേവ്യനായിന്ദ്രനെ
ശ്രദ്ധാലുവാക്കട്ടെ, ഹോതാവു ശാലയിൽ! (5)

ഇന്ദ്രനെ പ്രാപിയ്ക്കുമല്ലോ, സ്തുതികളാ-
ലൃത്വിക്പ്രിയാലയേ മേവും സ്തവൈഷികൾ;
നാം രുദ്ധരായാൽ, ഗൃഹേശ്വരാഹൂതനി-
ബ്ഭാരവാൻ വായ്ക്കമേ, ദുസ്തരക്രോധനായ്! (6)

സത്യം: വൃഷാവാം പ്രജാപതിസൂനുവിൻ
ശക്തി പുകഴ്ത്തുന്നവങ്കലും പോറ്റവാൻ
യഷ്ടചിത്തത്തിലും, കർമ്മത്തിനി,മ്പത്തി-
നി,ഷ്ടസിദ്ധിയ്ക്ക ചെല്ലന്നു, ഗൃഹത്തിലും! (7)

കാറിൻ കതകു തുറന്നാന,വിട്ടുന്നു;
നീരിൻ പ്രവാഹം വളർത്തീ, ജലങ്ങളാൽ
കൊറ്റിനങ്ങാശ്രയിയ്ക്കുന്ന സുകൃതിയ്ക്ക
കിട്ടുമേ, ഗൌരവുമാര്യമാനും ഗൃഹേ! (8)

ശസ്തകർമ്മാക്കൾ, നിൻതൃക്കൈകളിന്ദ്ര: നിൻ-
ഹസ്തങ്ങൾ വാഴ്ത്തുവോന്നേകുന്നു, ഭൂതിയെ;
നിൻനിലയെന്ത,ത്തുകൊണ്ടൻപണപ്പീല?

തന്നിടാൻ നീ കനിയാത്തതെ,ന്തൊന്നിനാൽ? (9)

ഇത്ര സത്യസ്ഥൻ, ധനങ്ങൾക്കു സമ്രാട്ടു,
വൃത്രഘ്നനിന്ദ്രൻ നരന്നു സമ്പൽപ്രദൻ;
സ്വത്തു നല്കു,ങ്ങൾക്കു; ഭൂരികർമ്മിസ്തുത,
ത്വദ്ദത്തമായ ദിവ്യാന്നമുണ്ണാവൂ, ഞാൻ! (10)

ക്ഷിപ്രം സ്തുതൻ, ക്ഷണാൽ സ്തൂയമാനൻ ഭവാൻ
വായ്പിയ്ക്കു, വാഴ്ത്തുവോന്നന്ന,മാറ്റിൻപടി;
പുത്തൻസ്തവം തേ രചിയ്ക്കുന്നു, ഹര്യശ്വ;
നുത്യാ ഭജിയ്ക്കാവൂ, ഞങ്ങൾ തേരാളികൾ! (11)

## കുറിപ്പുകൾ: സൂക്തം 21.

1. ഒപ്പമേ ഇമ്പമേല്ക്ക – നമ്മോടൊന്നിച്ച് ആഗഹ്ലാദിയ്ക്കട്ടെ. രവിയ്ക്കൊപ്പം – സൂര്യൻപോലെ.
2. ആരുടെ പ്രധർഷകവും (ശത്രുക്കളെ ആക്രമിയ്ക്കുന്നതും) താരകവും (നമ്മെ ആപത്തുകൾ കടത്തിവിടുന്നതും) ആയ കർമ്മം, ഒരു യജ്ഞാഹനായ പുരാൻ (രാജാവു)പോലെ വൈരിയെ (ശത്രുക്കളെ) വെല്ലുമോ, അപ്പുരുവിത്തന്റെ (സമ്പത്തേറിയ ഇന്ദ്രന്റെ) കെല്പാം (ബലഭൃതരായ) പുരോഗരെ (നേതാക്കളെ, മരുത്തുക്കളെ) പുകഴ്ത്തുവിൻ. സ്തോതാക്കളോടു യജമാനൻ പറഞ്ഞത്.
3. സൌരത്തിൽനിന്നുതാൻ – സൂര്യലോകത്തിൽനിന്നോ. കാർനാട്ടിൽ നിന്നുതാൻ – മേഘലോകത്തിൽനിന്നോ. ദൂരത്തുനിന്നുതാൻ – ദൂരത്തുനിന്നോ.
5. ഊന്നായ് – ലോകങ്ങൾക്ക്. ക്രുതുവിന്നൊലികൂട്ടി – യാഗംചെയ്യാൻ ഇടിയൊച്ച പുറപ്പെടുവിച്ച്. നല്ല കോപ്പാർന്ന് – ആഭരണമണിഞ്ഞ്. അന്നത്തിനന്നം – യജമാനൻ കൊടുത്ത ഹവിസ്സിന്നു പകരമായി സസ്യാദികൾ. ഉക്ഥവദ്ഭൂരിസംസേവ്യൻ-ഉക്ഥം ചൊല്ലുന്ന വളരെയാളുകളാൽ സേവിയ്ക്കപ്പെടേണ്ടവൻ. ശ്രദ്ധാലു – നമ്മളിൽ ആഭിമുഖ്യം പൂണ്ടവൻ.
6. ഋത്വിക്പ്രിയാലയേ – ഋത്വിക്പ്രിയന്റെ (യജമാനന്റെ) ഗൃഹത്തിൽ. സ്തവൈഷികൾ – സ്തോതാക്കൾ. നാം രുദ്ധരായാൽ – നമ്മെ ശത്രുക്കൾരോധിച്ചാൽ. ഗൃഹേശ്വരാഹൂതൻ – ഗൃഹേശ്വരനാൽ (യജമാനനാൽ) വിളിയ്ക്കപ്പെട്ട്. ഈ ഭാരവാൻ – നമ്മെ രക്ഷിയ്ക്കേണ്ടുന്ന ചുമതലയുള്ള ഇന്ദ്രൻ. ദുസ്തരക്രോധനായ വാഴ്കമേ – അലംഘ്യമായ അരിശംപൂണ്ടു, രോധിച്ച ശത്രുക്കളെ ഹനിയ്ക്കും.
7. പ്രജാപതിസൂനുവിന്റെ (ഇന്ദ്രന്റെ) ശക്തി (ബലം) സ്തോതാവിങ്കലും, പോറ്റുവാൻ (ഭരിപ്പാൻ) യഷ്ട്യചിത്തത്തിലും (യജമാനന്റെ ഹൃദയത്തിലും), കർമ്മത്തിനും ഇമ്പത്തിനും ഇഷ്ടസിദ്ധിയ്ക്കുമായി ഗൃഹത്തിലും (യജമാനന്റെ ഗൃഹത്തിലും) ചെല്ലുന്നു. ഇന്ദ്രന്റെ ബലം യജമാനനെ സദാ രക്ഷിയ്ക്കുന്നു എന്നു സാരം.
8. ഗൌരം എന്ന മൃഗവും ആര്യമാനുമാകുന്ന ഭക്ഷ്യം ഗൃഹത്തിൽത്തന്നെ കിട്ടും; അത്രയ്ക്കുണ്ട്, ഇന്ദ്രന്റെ ആശ്രിതവാത്സല്യം!
9. നിൻതുക്കൈകൾ ശസ്ത(ശോഭന)കർമ്മാക്കളാകുന്നു. എന്തുകൊണ്ടൻപണപ്പീലാ – ഞങ്ങളെ തുഷ്ടിപ്പെടുത്താത്തതെന്തുകൊണ്ട്? തന്നിടാൻ – ഞങ്ങൾക്കു ധനം തരാൻ നീ കനിയാത്തതെന്തുകൊണ്ട്?
10. പൂർവാർദ്ധം പരോക്ഷവചനം: ഭൂരികർമ്മിസ്തുത – വളരെ യജമാനരാൽ സ്തുതിയ്ക്കപ്പെട്ടവനേ.

## സൂക്തം 22.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കാകളി)

നമ്മിൽനിന്നെന്തു കൈക്കൊള്ളു,മെന്തിച്ഛിയ്ക്കു,-
മമ്മധുവന്നവും സ്തോത്രവുമുക്ഥവും
സ്വീകരിയ്ക്കട്ടേ, മഹാൻ ബലാൽ വജ്രമോ-
ടാഗമിയ്ക്കും മഘവാവിന്ദ്രനൂർജ്ജിതൻ! (1)

പെയ്യിച്ച വജ്രത്തെ രണ്ടു തൃക്കൈകൊണ്ടു-
മെയ്യും വൃഷാവഗ്ര്യനേതാവു കർമ്മവാൻ
പാർക്കവാൻ ചെന്നൊ,ളിപ്പിയ്ക്കും പരുഷ്ണിതൻ
പാഴിടം തുന്നിനാൻ, സഖ്യാർത്ഥമൂർജ്ജിതൻ. (2)

ദീപ്തനായ് നല്ല ദാതാവായ്പ്പിറന്നിട്ടു
ചീർത്ത കെല്പും പെരുതന്നവും നേടിയോൻ
കൈകളിൽക്കാംക്ഷയുൾക്കൊണ്ട വജ്രമെടു-
ത്താകെ വിറപ്പിച്ചു, വാനൂഴികൾ ബലാൽ! (3)

സ്വർല്ലോക,മൂഴി, ബഹ്വബ്ധികൾ, ശൈലങ്ങ-
ളെല്ലാം വിറച്ചൂ, മഹാന്റെ പിറവിയിൽ;
ഭാനുപിതാക്കളെക്കെല്പൻ ഭരിയ്ക്കുന്നു;!
വാനിൽ, നരർപോലിരമ്പുന്നു, കാറ്റുകൾ! (4)

ഇന്ദ്ര, മഹാനാം ഭവാന്റെ വൻകർമ്മങ്ങൾ
വർണ്ണ്യങ്ങളെ,ല്ലാസ്സവനത്തിലും ദ്രുതം:
ധാരകൻ നീ ധൃഷ്ട, കൊന്നുവല്ലോ, ശൂര,
കേറുന്ന വജ്രമെയ്തൂർജ്ജസാ വൃത്രനെ! (5)

ക്ഷിപ്രം യഥാർത്ഥമേ, നിൻകർമ്മമൊക്കയും:
ത്വദ്ഭയാലല്ലോ, പ്രവർഷോൽക, വർഷക,
പൈക്കളകിടിങ്കൽനിന്നൊഴുക്കുന്നതും,
ശീഘ്രം പുഴകളൊലിപ്പതുമൂർജ്ജിത! (6)

അന്നിരോധത്തിൻ നെടുംകെട്ടറുത്തു നീ
നന്നായൊഴുകിച്ചുവല്ലോ, ഹരിഹയ;
ഇന്ദ്ര, നീ രക്ഷിച്ച ദേവിമാരാറുക-
ളന്നേ പുകഴ്ത്തിയ്ക്കയായ്, തിരുമേനിയെ! (7)

കാന്തിമാൻ വാഴ്ത്തിതൻ ഞങ്ങളെപ്പാർത്തുള്ള
ശാന്തിക്രിയയും പിഴിഞ്ഞ സോമമിതും
നിങ്കലെത്തട്ടെ മത്തേകാൻ, കുതിരതൻ
വൻകടിഞ്ഞാണിങ്കൽ യന്താവുപോലവേ! (8)

ഞങ്ങളിൽച്ചേർക്കുക, കിഴമർത്തുന്നതും
തുംഗവും ശ്രേഷ്ഠവുമായ കെല്പെപ്പൊഴും;
വധ്യരാം മാറ്ററെക്കീഴാക്കുകെങ്ങൾക്കു;

വിദ്രോഹിശസ്ത്രം സഹിഷ്ണോ, മുടിയ്ക്കു, നീ! (9)

എങ്ങൾതൻ ചൊല്ലിതു കേട്ടാലു,മിന്ദ്ര: നീ-
യെങ്ങളിലെത്തിയ്ക്ക, മാന്യമാമോദനം;
എങ്ങൾതൻ ബുദ്ധികൾക്കെല്ലാമുണർവേറ്റു-
കെ;-ങ്ങൾക്കു നല്ക, മഘവൻ, പശുക്കളെ! (10)

ക്ഷിപ്രം സ്തുതൻ, ക്ഷണാൽ സ്തൂയമാനൻ ഭവാൻ
വായ്പിയ്ക്കു, വാഴ്ത്തുവോന്നന്ന,മാറ്റിൻപടി;
പുത്തൻസ്തവം തേ രചിയ്ക്കുന്നു, ഹര്യശ്വ;
നുത്യാ ഭജിയ്ക്കാവു, ഞങ്ങൾ തേരാളികൾ! (11)

## കുറിപ്പുകൾ: സൂക്തം 22.

1. ഇന്ദ്രൻ നമ്മളിൽനിന്നിച്ഛിയ്ക്കുന്ന മധുവും (സോമവും) അന്നവും (പുരോഡാശാദിയും) സ്തോത്രവും ഉക്ഥവും സ്വീകരിയ്ക്കട്ടെ. വജ്രമോട്–വജ്രമെടുത്ത്. ആഗമിയ്ക്കും=വരുന്ന.
2. പെയ്യിച്ച–മേഘത്തെ പിളർത്തി മഴ പെയ്യിച്ച. എയ്യും–എറിയുന്ന. ഇന്ദ്രൻ പരുഷ്ണി എന്ന നദിയിൽ ഒളിച്ചുപാർത്തുപോൽ. അന്ന്, അതിന്റെ പാഴിടം (പിളർന്ന കരകൾ) സഖ്യാർത്ഥം (നദിയുടെ സ്നേഹത്തിന്നുവേണ്ടി) തുന്നിനാൻ–പിളർപ്പു തീർത്തുയോജിപ്പിച്ചു.
3. കാംക്ഷയുൾക്കൊണ്ടു–ഇന്ദ്രകരസ്പർശമിച്ഛിച്ച.
4. ബഹ്വബ്ദികൾ=വളരെസ്സമുദ്രങ്ങൾ. ഭാനുപിതാക്കളെ=സൂര്യന്റെ അച്ഛനമ്മമാരെ, ദ്യാവാപൃഥിവികളെ. കാറ്റുകൾ, മനുഷ്യർപോലെ വാനിലിരമ്പുന്നത്, ഇന്ദ്രപ്രേരണയാലാണ്.
5. ധാരകൻ–ലോകങ്ങളെ താങ്ങുന്നവൻ, രക്ഷിയ്ക്കുന്നവൻ. ധൃഷ്ട=പ്രഗല്ഭ. കേറുന്ന–ശത്രുക്കളെ ആക്രമിയ്ക്കുന്ന. ഊർജ്ജസാ=ബലംകൊണ്ട്.
6. ത്വദ്ഭയാൽ–അങ്ങയെപ്പേടിയ്ക്കയാൽ. പ്രവർഷോൽക്ക–അഭീഷ്ടങ്ങളെ വർഷിച്ചുകൊടുക്കുന്നതിൽ തൽപര. ഒഴുക്കുന്നതും–പാൽ.
7. അന്നിരോധത്തിന്റെ നെടുംകെട്ട്–വൃത്രകൃതനിരോധമാകുന്ന ദീർഘബന്ധനം. ഒഴുകിച്ച–ആറുകളെ. പുകഴ്ത്തിയ്ക്കയായ്–ആളുകളെക്കൊണ്ടു സ്തുതിപ്പിച്ചുതുടങ്ങി. നദിപൂരണാദികർമ്മങ്ങൾമൂലം ഇന്ദ്രനെ ജനങ്ങൾ സ്തുതിച്ചുപോരുന്നു എന്നർത്ഥം.
8. കാന്തിമാൻ വാഴ്ത്തിതൻ–തേജസ്വിയായ സ്തോതാവിന്റെ. ശാന്തിക്രിയ=ശാന്തികവിധി. യന്താവു (കുതിരക്കാരൻ) കുതിരയുടെ വൻ(ഉറപ്പുള്ള)കടിഞ്ഞാണിങ്കൽ (അതു പിടിപ്പാൻ) ചെല്ലുന്നതുപോലെ, സ്തോതാവിന്റെ ശാന്തികർമ്മവും സോമവും നിങ്കലെത്തട്ടെ!
9. കീഴമർത്തുന്നതും–ശത്രുക്കളെ. തുംഗം–പ്രവൃദ്ധം. വിദ്രോഹിശസ്ത്രം=ദ്രോഹികളുടെ ആയുധം.
10. ഓദനം=അന്നം.

## സൂക്തം 23.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കാകളി)

എമ്മട്ടു വാഴ്ത്തു,മദാരനെ?-യേതൊരു
കർമ്മിതൻ യാഗത്തിലെത്തി,സ്സകൌതുകം
സോമനീരേറ്റം കുടിച്ചു തത്സക്തനായ്,
ശ്രീ മികച്ച ധനം കയ്യിൽ വെയ്ക്കും, മഹാൻ? (1)

ഏതൊരു വീരൻ നുകരു,മദ്ദേഹമൊ-
ത്തേ?-തൊരു വീരന്നു തൽപ്രീതി കൈവരും?
എന്നൊന്നറിയാ,മവന്റെ വരം നല്ക-
ലെ?-ന്നു, വാഴ്ത്തും മഖി രക്ഷയാൽ വായ്ച്ചിടും? (2)

എമ്മട്ടു കേൾക്കും, വിളിപ്പതു? കേട്ടിന്ദ്ര-
നെമ്മട്ടു വാഴ്ത്തിയെക്കാക്കാനൊരുമ്പെടും?
എന്തൊക്കെയാണു, തൽഭൂരിപ്രദാനങ്ങ-
ളെ?-മ്മട്ടപൻ നേടി, പൂരകഖ്യാതിയെ? (3)

എമ്മട്ടു,പദ്രവംമൂലം സ്തുതിയ്ക്കുന്ന
കർമ്മോജ്ജ്വലൻ നേടു,മിങ്ങവന്റെ ധനം?
എമ്മട്ടു, ഹവ്യം പരിഗ്രഹിച്ചദ്ദേവ-
നെങ്കൽവന്നെ,ൻനുതി കേട്ടരുളും തുലോം? (4)

എമ്മട്ടിലെ,ന്നി,യ്യുഷസ്സിൻപുലർച്ചയിൽ-
ച്ചെമ്മേ ഗ്രഹിയ്ക്കും, നരന്റെ സഖ്യമവൻ-
എമ്മട്ടിലെന്നു, തത്സഖ്യ,മദ്ദേവനെ-
ക്കമ്രമായ് വാഴ്ത്തും സഖാക്കൾക്കു കൈവരും? (5)

എന്നു നിൻ ജൈത്രമാം സഖ്യം സഖാക്കളോ-
ടെ,ന്നുനിൻ ഭ്രാത്രവും ഞങ്ങൾ വർണ്ണിച്ചിടും?
ഭൂതിദ,മിസ്സൂര്യക്കിന്റെയേർപ്പാടി;-ന-
ന്റേതുപോലിഷ്ടം, ചരിഷ്ണുകവിൻ പൊന്നുടൽ! (6)

ഇന്ദ്രനില്ലാത്ത വിദ്രോഹിരക്ഷസ്സിനെ-
ക്കൊന്നിടാനുഗ്രനണയ്ക്കും, ശിതായുധം;
നമ്മെക്കടങ്ങൾ തീണ്ടുന്ന ദിനത്തെയു-
മെങ്ങോ വിദൂരത്തു തള്ളു,മൃണാപഹൻ! (7)

സത്യദേവങ്കലുണ്ടല്ലോ, ബഹുജലം;
സത്യസ്തുതികളാലറ്റുപോം, ദുഷ്കൃതം;
മർത്ത്യന്റെ കർണ്ണബാധിര്യത്തെ നീക്കുമേ,
ബുധ്യമാനമൊളിക്കൊണ്ട സത്യസ്തവം! (8)

സത്യരൂപന്നുണ്ടു,റപ്പം പെരുംകെല്പ-
മൊത്തിമ്പമേകുന്ന ഭൂരിവപടിവുകൾ;
സത്യങ്കൽനിന്നേറ്റമന്നം കൊതിയ്ക്കുന്നു:

സത്യനാലധ്വരം പൂകുന്നു, ഗോവുകൾ! (9)

സത്യനെസ്സേവിപ്പു, സത്യനെപ്പാട്ടിൽവെ;-
ച്ചത്ത്വരം, തോയൈഷി, സത്യദേവബലം;
സത്യന്നുതാൻ ഗഭീരോരുവായൂഴിക;
ളിത്ഥംഗഗോക്കൾ സത്യന്നു ചുരത്തുവോർ! (10)

ക്ഷിപ്രം സ്തുതൻ ക്ഷണാൽ സ്തൂയമാനൻ ഭവാൻ
വായ്പിയ്ക്ക, വാഴ്ത്തുവോന്നന്ന,മാറ്റിൻപടി;
പുത്തൻസ്തവം തേ രചിയ്ക്കുന്നു, ഹര്യശ്വ;
നുത്യാ ഭക്ഷിയ്ക്കാവു, ഞങ്ങൾ തേരാളികൾ! (11)

## കുറിപ്പുകൾ: സൂക്തം 23.

1. ഉദാരൻ – ഗുണപ്രവൃദ്ധനായ ഇന്ദ്രൻ. കർമ്മി – യജമാനൻ. തത്സക്തനായ് – ഏറ്റം കുടിച്ചിട്ടും, അതിൽത്തന്നെ സക്തനായി. ശ്രീ മികച്ച ധനം ശോഭയേറിയ സ്വർണ്ണരത്നാദി. കയ്യിൽ വെയ്ക്കും – കമ്മിയ്ക്കു കൊടുക്കാൻ. ഇന്ദ്രനെ എങ്ങനെ സ്തുതിയ്ക്കാമെന്നും, അദ്ദേഹം ആരുടെ യാഗത്തിൽ ചെല്ലുമെന്നും അറിഞ്ഞുകൂടാ: അചിന്ത്യചരിതനാണദ്ദേഹം!
2. മുൻ ഋക്കിന്റെ വിവരണം: വീരൻ – ശത്രുക്കളെ പോരിനു വിളിയ്ക്കുന്നവൻ, അല്ലെങ്കിൽ സ്തോത്രങ്ങൾ ചൊല്ലുന്നവൻ. നുകരും – സോമം. അദ്ദേഹം. ഇന്ദ്രൻ. മഖി = യജമാനൻ. രക്ഷയാൽ – അവന്റെ, ഇന്ദ്രന്റെ രക്ഷയാൽ. വായ്ക്കുക = വളരുക.
3. വാഴ്ത്തി = സ്തോതാവ്. പൂരകഖ്യാതി – സ്തോതാവിന്റെ അഭിലാഷം പൂരിപ്പിയ്ക്കുന്നവൻ എന്ന പ്രസിദ്ധി.
4. ഉപദ്രവം – ശത്രുബാധ. കർമ്മോജ്ജ്വലൻ – കർമ്മങ്ങൾകൊണ്ട് ഉജ്ജ്വലിയ്ക്കുന്ന യജമാനൻ. നുതി = സ്തുതി.
5. ഉഷസ്സിൻപുലർച്ചയിൽ – പ്രഭാതത്തിൽ. ഗ്രഹിയ്ക്കും-സ്വീകരിയ്ക്കും. എടുത്തുപറയലാണ്, ഉത്തരാർദ്ധം = കമനീയമാംവണ്ണം.
6. ഇന്ദ്രനോടുനേരേ പറയുന്നു: ജൈത്രം – ശത്രുക്കളെ അമർത്തുന്നത്. ഭാത്രം = ഭാതൃകർമ്മം, സൌഭ്രാത്രം. ഉത്തരാർദ്ധം പരോക്ഷവാക്യം: ഇസ്സദ്ദക്കിൻ‌െ – ശോഭനദർശനനായ ഇന്ദ്രന്റെ. ഏർപ്പാട് ഭൃതിദം (ശ്രേയസ്കരം) ആകുന്നു. ഇനന്റേതു – സൂര്യന്റെ ഉടൽ. ഇഷ്ടം – ഏവരാലും ഇച്ഛിയ്ക്കപ്പെടുന്നതാകുന്നു. പൊന്നുടൽ – ഏറ്റവും അഴകൊത്ത ശരീരം. ചരിഷ്ണു = സഞ്ചരണശീലൻ, ഇന്ദ്രൻ.
7. ഇന്ദ്രനില്ലാത്ത – ഇന്ദ്രനെ പൂജിയ്ക്കാത്ത എന്നർത്ഥം. ഉഗ്രൻ – ബലിഷ്ഠൻ. ശിതായുധം – മൂർച്ചയുള്ള ആയുധങ്ങൾ വീണ്ടും അണയ്ക്കും (മൂർച്ചകൂട്ടും). നമുക്കു കടംവരാൻ ഋണാപഹൻ (കടങ്ങളെ പോക്കുന്ന ഇന്ദ്രൻ) സമ്മതിയ്ക്കില്ല!
8. ഈ ഋക്കിലെ സത്യശബ്ദം ഇന്ദ്രനെയോ ആദിത്യനെയോ യജ്ഞത്തെയോ സത്യത്തെത്തന്നെയോ പരാമർശിയ്ക്കുന്നു, കർണ്ണബാധിര്യം – ചെവിയ്ക്കു കേൾവിയില്ലായ്ക. ബുധ്യമാനം = അറിയപ്പെടുന്നത്; ഹൃദയംഗമമെന്നു സാരം. ഒളിക്കൊണ്ട = ഉജ്ജ്വലമായ.
9. കൊതിയ്ക്കുന്ന – സ്തോതാക്കൾ ഇച്ഛിയ്ക്കുന്ന. സത്യനാൽ – സത്യരൂപനായ ഇന്ദ്രന്റെ ആജ്ഞയാൽ. പൂകുന്നു – ദക്ഷിണ എന്ന നിലയിൽ.

10. സേവിപ്പു – സ്തോതാവു ഭജിയ്ക്കുന്നു. പാട്ടിൽ വെച്ച് – സ്തുതികളാൽ വശത്താക്കി. സത്യദേവന്റെ ബലം ഉത്ത്വരവും (രക്ഷിപ്പാൻ വെമ്പൽക്കൊള്ളുന്നതും) തോയൈഷിയും (ജലേച്ഛുവും) ആകുന്നു. ഗഭീരങ്ങമലം ഉരുക്കളും (വിശാലങ്ങളും) ആയ വാന്യഴികൾ സത്യന്നു താൻ – സത്യദേവന്നായിത്തന്നേ നിലക്കൊള്ളുന്ന, തുംഗഗോക്കൾ = ഉൽകൃഷ്ടകളായ പൈക്കൾ.

## സൂക്തം 24.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കാകളി)

ഏതു നൽസ്തോത്രമിങ്ങെത്തിയ്ക്കു,മാൾകളേ,
ശ്രീ തന്നരുളാൻ ബലിഷ്ഠനാമിന്ദ്രനെ?
നേർക്കുവോർതൻ ധനം, വാഴ്ത്തുന്ന നമ്മളിൽ-
ച്ചേർക്കുവോനല്ലോ, പ്രവീരനഗ്ഗോപതി! (1)

പോരിൽ വിളിയ്ക്കപ്പെടേണ്ടോൻ, നുതനവൻ
വൈരിഹത്യയ്ക്കു;-വനീഡ്യനൃതധനൻ;
സോമം പിഴിഞ്ഞു പുകഴ്ത്തുന്ന മാനുഷ-
ന്നാ മഘവാവിന്ദ്രനേകുമല്ലോ, ധനം! (2)

പോരിലാ ത്യാഗിയെത്തന്നേ വിളിയ്ക്കുന്നു;
പാരമുടൽ ചടപ്പിച്ച മുന്നാളികൾ
ഒത്തൊരുമിച്ചെത്തി രക്ഷിതാവാക്കുന്നു,
പുത്രപൌത്രാപ്തിയ്ക്കുമിയ്യിരുകൂട്ടരും! (3)

കർമ്മത്തിലുൾവെപ്പതുണ്ടെ,ങ്ങുമാളുകൾ
തമ്മിൽ യോജിച്ചുഗ്ര, തണ്ണീർ കിടയ്ക്കുവാൻ;
ഒപ്പമടരിന്നണഞ്ഞാൽച്ചില ഭട-
രപ്പൊഴേ കേവലമിച്ഛിയ്ക്കു,മിന്ദ്രനെ: (4)

അപ്പൊഴേ കെല്പനെപ്പൂജിയ്ക്കയായ് ചില;-
രപ്പയൊഴേ ചുട്ടു പരോഡാശമേകിടും;
അപ്പൊഴേ സോമവാൻ നീക്കു,മസോമനെ;-
യപ്പൊഴേ യജ്ഞം തുടങ്ങും, വൃഷാവിനായ്! (5)

ഈമട്ടിലാ,ക്കൊതിയുൾക്കൊള്ളുമിന്ദ്രന്നു
സോമം പിഴിഞ്ഞവന്നേകും, ധനമവൻ;
യുദ്ധത്തിലെല്ലാം സഖാവുമാക്കീടുമേ,
ചിത്തമൊട്ടിയ്ക്കുമാ ശ്രേയോഭിലാഷിയെ! (6)

ഇപ്പൊഴാരിന്ദ്രന്നു സോമം പിഴിഞ്ഞിട്ടു,-
മപ്പം ചുട്ടും, വറുത്തീടും,യവങ്ങളും;
അന്നവനേച്ചുവിൻ സ്തോത്രത്തിലിച്ഛു വെ-
ച്ചിന്ദ്രനെടുക്കുമേ, വർഷിപ്പതാം ബലം! (7)

എപ്പോളരിന്ദമൻ വൈരിയെക്കണ്ടെത്തു-
മെപ്പോളധീശൻ നെടുംപോരിലേർപ്പെടും;
അപ്പോൾ വിളിയ്ക്കയായ് പത്നി, ഗൃഹത്തിൽവെ-
ച്ചർപ്പിതസോമൻ മദിപ്പിച്ച വർഷിയെ! (8)

അല്പവിലയ്ക്കൊരു വൻകോപ്പു വിറ്റവൻ
പില്പാടു ചെന്നു പിശകിത്തുടങ്ങിയാൽ
അല്പവും കൂടുതൽ കിട്ടില്ല: മുൻചൊല്ലി-

വെപ്പതേ നേട്ട, മിടുക്കനും വിഡ്ഢിയും! (9)

പാരം പ്രസാദം വരുത്തും സ്തവം പത്തി-
നാരുള്ള, വാങ്ങുവാനെന്റെയീയിന്ദ്രനെ?
വൈരിപ്പരിഷയെക്കൊന്നുതീർന്നാലതേ-
നേരത്തിവനെത്തിരിച്ചുതരന്നേയ്ക്കണം! (10)

ക്ഷിപ്രം സ്തുതൻ, ക്ഷണാൽ സ്തൂയമാനൻ ഭവാൻ
വായ്പിയ്ക്ക, വാഴ്ത്തുവോന്നന്ന,മാറ്റിൻപടി;
പുത്തൻസ്തവം തേ രചിയ്ക്കുന്നു, ഹര്യശ്വ;
നുത്യാ ഭജിയ്ക്കാവു, ഞങ്ങൾ തേരാളികൾ! (11)

## കുറിപ്പുകൾ: സൂക്തം 24.

1. ആൾകളേ – യജമാനന്മാരേ. ശ്രീ = സമ്പത്ത്. ഇന്ദ്രൻ ഇവിടെ വരാൻ നാം ഏതു സ്തോത്രം ചൊല്ലണം? നേർക്കുവോർ = എതിക്കുന്നവർ, ശത്രുക്കൾ. ഗോപതി – മാടുകാൾമുതലായ ധനത്തിന്റെ പാലകൻ.

2. ഇന്ദ്രനെ സ്തുതിച്ചു വിളിച്ചാൽ വൈരികളെ കൊല്ലാം. ഋതധനൻ. സത്യധനൻ; ഇതിന്റെ വിവരണമാണ്, ഉത്തരാർദ്ധം.

3. ത്യാഗി = ദാതാവ്. ഉടൽ ചടപ്പിച്ച – വ്രതോപവാസാദികളാൽ ദേഹം മെലിഞ്ഞ. മുന്നാളികാൾ = നേതാക്കന്മാർ; ഈ പദംതന്നെ വിളിയ്ക്കുന്നു എന്ന ക്രിയയോടും ചേർക്കണം. ഇയ്യിരുക്കൂട്ടരും – യജമാനന്മാരും സ്തോതാക്കളും യുദ്ധത്തിൽ ജയിപ്പാനും, സന്താനലബ്ധിയ്ക്കും ഇന്ദ്രനെത്തന്നേ ആശ്രയിയ്ക്കുന്നു.

4. പൂർവാർദ്ധം പ്രത്യക്ഷോക്തി: ഉഗ്ര – ബലമേറിയവനേ. തണ്ണീർ കിടയ്ക്കുവാൻ – മഴയ്ക്കുവേണ്ടി. ഇന്ദ്രനെ ഇച്ഛിയ്ക്കും എന്നതിന്റെ വിവരണം, അടുത്ത ഋക്കിൽ.

5. സോമവാൻ അസോമനെ നീക്കും-സോമം പിഴിഞ്ഞവൻ പിഴിയാത്തവനെ വേർതീരിയ്ക്കും; ഇന്ദ്രനു തിരിച്ചറിയുമാറാക്കും. യജ്ഞം തുടങ്ങും – ചിലർ ഇന്ദ്രനെ യജിപ്പാനൊരുങ്ങും.

6. കൊതി – സോമപാനേച്ഛ. അവൻ – ഇന്ദ്രൻ. ചിത്തമൊട്ടിയ്ക്കും = മനസ്സു പതിയ്ക്കുന്നു.

7. അപ്പം – പുരോഡാശം. യവം വറുക്കുന്നതു പൊരിയവിലിന്നാണ്. അന്നവനേച്ഛു = ആ സ്തുതീതൽപരൻ. വർഷിപ്പതാം – അഭീഷ്ടങ്ങളെ വർഷിയ്ക്കുന്നു. ബലം എടുക്കും – സ്തോതാവിന്ന് അഭീഷ്ടമെല്ലാം നല്കും.

8. പത്നി – ഇന്ദ്രാണി. അർപ്പിതസോമൻ മദിപ്പിച്ച – യജമാനൻ അർപ്പിച്ച സോമം കുടിച്ചു മത്തു പിടിച്ച. വർഷി = വൃഷാവ്, ഇന്ദ്രൻ.

9. വാമദേവൻ ഇന്ദ്രനെ സ്തോത്രങ്ങൾകൊണ്ട് അധീനനാക്കി, വില്ക്കാൻ തുടങ്ങുകയാണ്. അതിന്നുള്ള വ്യവസ്ഥ മുൻകൂട്ടി പറയുന്നു: വില തീരുമാനിച്ചിട്ടേ ഒരു വസ്തു വിറ്റുകൂടൂ. വൻകോപ്പ് = വലിയ, വിലപിടിച്ച പദാർത്ഥം. ചെന്നു പിശകിത്തുടങ്ങിയാൽ – വാങ്ങിയവന്റെ അടുക്കൽ ചെന്നു, വില കൂടുതൽ കിട്ടണമെന്നു ശഠിച്ചാൽ. മിടുക്കനും വിഡ്ഢിയും – വിറ്റവൻ മിടുക്കനായാലും ശരി, വിഡ്ഢിയായാലും ശരി, മുൻനിശ്ചയിച്ച വിലയേ കിട്ടുകയുള്ളൂ.

10. പത്തു സ്തോത്രമാകുന്ന വിലയ്ക്ക്, എന്റെ കയ്യിലുള്ള ഇന്ദ്രനെ തരാം: ആവശ്യം കഴിഞ്ഞാൽ തിരിച്ചുതരണമെന്നുമാത്രം.

## സൂക്തം 25.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കാകളി)

ഇന്നേതൊരു ദേവകാമൻ നരഹിതൻ
ചെന്നെത്തു,മിന്ദ്രന്റെ സഖ്യത്തിലിച്ഛയാ?
സോമം പിഴിഞ്ഞേധിതാഗ്നിയായ് വാഴ്ത്തു,മാ
രാ മഹാതർപ്പണാലക്കരയ്ക്കെത്തുവാൻ? (1)

ആർ വാഴ്ത്തി വന്ദിപ്പു, സോമാർഹനെ? സ്തുതി-
യ്ക്കാരാശവെപ്പിതാ?-ർ കൈക്കൊൾവൂ, പൈക്കളെ?
ആരിന്ദ്രസാഹായ്യ,മാർ സഖ്യ,മാർ ഭ്രാത്ര,
മാശിപ്പൂ? ചെയ്യുവതാ,ർ കവിതർപ്പണം? (2)

ആരുമ്പരോടിന്നു രക്ഷ യാചിച്ചിട്ടു?-
മാർ വാഴ്ത്തു,മാദിത്യതോയാദിതികളെ?
ആരുടെ സോമനീരാസ്വദിയ്ക്കും, രസി-
ച്ചാശപോലിന്ദ്രനും ദസ്രരുമഗ്നിയും? (3)

'നേതാവും, നേതൃനേതാവു, നരഹിത-
നിന്ദ്രന്നു സോമം പിഴിക നാ'മെന്നിഹ
ചൊൽവോനു ഭാരതനഗ്നി നല്കും, സുഖം;
നീണാളവൻ കാണു,മർക്കോദയത്തെയും! (4)

ആയാളെയല്പരും നൈകരും ദ്രോഹിയാ-
യ്കാ;-യാൾക്കദിതി നല്കട്ടേ, മഹാസുഖം:
ഇഷ്ടൻ, സ്തവോൽക്കനിന്ദ്രന്നു; സുകൃത്തിഷ്ട;
നിഷ്ടൻ, പ്രതർപ്പക;-നിഷ്ടൻ, സസോമനും! (5)

തർപ്പിച്ചു സോമം പിഴിഞ്ഞവന്നീട്ടറ്റൊ-
രുൾപ്പാകമേക,മീ വീരൻ പ്രധർഷകൻ;
മിത്രമല്ലാ,പ്തനല്ലി,ന്ദ്രന്നു ബന്ധുവ-
ല്ല,സ്തവനാകുമതർപ്പകൻ വധ്യനാം! (6)

നീരുണ്ണുമിന്ദ്രൻ വരിയ്ക്കാ, പിശുക്കിനാൽ
നീർ പിഴിയാത്ത ധനാഢ്യന്റെ മൈത്രിയെ;
വേരോടൊടുക്കു,മയാളുടെ പാഴ്മുതൽ;
ചേരും, പിഴിഞ്ഞു പചിയ്ക്കുനാവങ്കലേ! (7)

പോന്നവർ, താന്നവർ, മധ്യമരിന്ദ്രനെ;
പ്പോമവരിന്ദ്രനെ; നില്പവരിന്ദ്രനെ;
യോദ്ധാക്കളിന്ദ്രനെ;-ഗ്ഗേഹസ്ഥരിന്ദ്രനെ;-
പ്പാർത്തു വിളിപ്പൂ, ഭക്ഷ്യാർത്ഥിയുമിന്ദ്രനെ! (8)

## കുറിപ്പുകൾ: സൂക്തം 25.

1. നരഹിതൻ = മനുഷ്യർക്കനുകൂലൻ. സഖ്യത്തിൽ ചെന്നെത്തും – സഖ്യം സമ്പാദിയ്ക്കും. ഏധിതാഗ്നിയായ് – അഗ്നിയെ ജ്വലിപ്പിച്ച്. അക്കരയ്ക്കെത്തുക-അഭിമതം സാധിയ്ക്കുക. മഹാതർപ്പണാൽ = മഹത്തായ തൃപ്തിപ്പെടുത്തൽകൊണ്ട്.
2. സോമാർഹൻ – ഇന്ദ്രൻ. കവിതർപ്പണം – ഇന്ദ്രനെ തൃപ്തിപ്പെടുത്തൽ.
3. ആദിത്യതോയാദിതികൾ = ആദിത്യ(ദേവ)ന്മാരും ജലവും അദിതിയും.
4. നേതൃനേതാവ് = നേതാക്കളിൽവെച്ച വലിയ നേതാവ്. 'ഇന്ദ്രനു സോമം പിഴിയുക' എന്നു പറയുന്നതുതന്നെ ശ്രേയസ്കരമാകുന്നു. ഭാരതൻ – ഹവിസ്സിനെ ഭരിയ്ക്കുന്ന. അവൻ (നാം സോമം പിഴിയുക എന്നു ചൊല്ലുന്നവൻ) നീണാൾ അർക്കോദയത്തെയും കാണും – ചിരഞ്ജീവിയുമാകും.
5. അല്പർ – കുറച്ചാളുകൾ, നൈകർ – അനേകമാളുകൾ. ഇന്ദ്രനു സ്തവോൽക്കൻ (സ്തുതി കാമൻ) ഇഷ്ട(പ്രിയ)നാകുന്നു. സുകൃത്ത് (നല്ലതു ചെയ്യുന്നവൻ) ഇഷ്ടനാകുന്നു. പ്രതർപ്പകൻ (തൃപ്തിപ്പെടുത്തുന്നവൻ) ഇഷ്ടനാകുന്നു; സസോമനും (സോമം പിഴിയുന്നവനും) ഇഷ്ടനാകുന്നു.
6. ഉൾപ്പാകം = മനഃപക്വത. അസ്തവനാകുമതർപ്പകൻ – ഇന്ദ്രനെ സ്തുതിയ്ക്കുകയും തർപ്പിയ്ക്കുകയും ചെയ്യാത്തവൻ. വധ്യനാം – അത്തരക്കാരനെ ഇന്ദ്രൻ വധിച്ചുകളയും.
7. നീരുണ്ണും – സോമം കുടിയ്ക്കുന്ന. മൈത്രീ = സഖ്യം. ചേരും – ഇന്ദ്രൻ സോമം പിഴിയുകയും ഹവിസ്സു പചിയ്ക്കുകയും ചെയ്യുന്നവങ്കൽമാത്രം ചേരുന്നു.
8. പോന്നവർ – കഴിവുള്ള മേത്തരക്കാർ. മധ്യമർ – ഇടത്തരക്കാർ. പോമവർ – കാര്യങ്ങൾക്കായി പോകുന്നവർ. നില്ലവർ – വെറുതെ ഇരിയ്ക്കുന്നവർ. എല്ലാവരും ഇന്ദ്രനോടു പ്രാർത്ഥിയ്ക്കുന്നു.

## സൂക്തം 26.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഞാനാണ്, മനു; സൂര്യനും ഞാൻതന്നെ; മേധയേറിയ കക്ഷീവാനെന്ന ഋഷിയും ഞാനാകുന്നു. ഞാനാണ്, അർജ്ജുനീപുത്രനായ കുത്സനെ സിദ്ധനാക്കിയത്. കവിയായ ഉശനസ്സും ഞാനാകുന്നു. നിങ്ങൾ എന്നെ നോക്കുവിൻ! (1)

ഞാൻ മനുവിന്നു ഭൂമിയും ഹവിസ്സു തരുന്ന മനുഷ്യന്നു മഴയും കൊടുത്തു. ഇരമ്പുന്ന ജലങ്ങളെ എങ്ങുമെത്തിച്ചതു ഞാനാണ്. ദേവന്മാർ എന്റെ അഭിപ്രായമനുസരിച്ചുപോരുന്നു. (2)

ഞാൻ മത്തുപിടിച്ചു ശംബരന്റെ തൊണ്ണൂറ്റൊമ്പതു നഗരങ്ങൾ ഒപ്പം തകർത്തുകളഞ്ഞു; നൂറാമത്തതു ദിവോദാസന്നു പ്രവേശിയ്ക്കാവുന്നതാക്കി, യജ്ഞത്തിൽ ആ അതിഥിഗ്വനെ സംരക്ഷിച്ചു. (3)

മരുത്തുക്കളേ, ആ പരുന്തുപക്ഷി പക്ഷികളിൽവെച്ചു മികച്ചവനും, പരുന്തുകളെക്കാൾ ശീഘ്രം പറക്കുന്നവനുമായിബ്ഭവിയ്ക്കട്ടെ: ആ സുപർണ്ണനാണല്ലോ, വട്ടില്ലാത്തേരിൽ, ദേവന്മാരുടെ ഹവിസ്സു മനുവിന്നായി കൊണ്ടുവന്നത്! (4)

പരുന്തുപക്ഷി പേടിപ്പിച്ച് അവിടെനിന്നു കൊണ്ടുപോന്നു: മനോവേഗിയായി വാരുറ്റ വഴിയിൽച്ചേർന്നു; മധുരമായ സോമത്തോടുകൂടി പറപറന്നു. ഇങ്ങു കീർത്തിയും നേടി! (5)

നേരേ പറക്കുന്ന ദേവസമേതനായ പരുന്തുപക്ഷി ദൂരത്തുനിന്ന്-ആ അത്യുന്നതമായ സ്വർഗ്ഗത്തിൽനിന്ന്-മത്തുപിടിപ്പിയ്ക്കുന്നസ്തുത്യമായ സോമം റാഞ്ചിയെടുത്ത്, ഉറപ്പോടെ കൊണ്ടുപോന്നു. (6)

പരുന്ത് ആയിരം പതിനായിരം യാഗങ്ങൾക്കുള്ള സോമം ഒന്നിച്ചെടുത്തു കൊണ്ടുപോന്നു; ആ സോമത്തിന്റെ മത്തിൽ, ബഹുകർമ്മാവായ പ്രാജ്ഞൻ മൂഢരായ കൂടലരെ ആട്ടിപ്പായിച്ചു! (7)

### കുറിപ്പുകൾ: സൂക്തം 26.

1. ഗർഭത്തിലിരിയ്ക്കേത്തന്നേ തത്ത്വജ്ഞാനം സിദ്ധിച്ച വാമദേവൻ തന്റെ സർവാത്മത്വം വെളിപ്പെടുത്തുന്നു: നോക്കുവിൻ – ആളുകളേ, നിങ്ങളും സ്വസ്വരൂപം സാക്ഷാൽക്കരിയ്ക്കുവിൻ എന്നർത്ഥം.
2. ഞാൻ ഇന്ദ്രനാണെന്ന്.
3. അതിഥിഗ്വൻ – ദിവോദാസന്റെ മറ്റൊരു പേർ. ഈ ഋക്കും വാമദേവന്റെ ഇന്ദ്രത്വത്തെ പ്രതിപാദിയ്ക്കുന്നു.
4. മരുത്തുക്കളേ – മരുദ്വേഗികളായ പക്ഷികളേ. വട്ടില്ലാത്തേർ = ചക്രമില്ലാത്ത രഥം. ഹവിസ്സ് – സോമം.
5. കൊണ്ടുവന്നതെങ്ങനെ എന്ന്: പേടിപ്പിച്ച് – കാവല്ക്കാരെ. വാരുറ്റ വഴി – അന്തരിക്ഷം. ഇങ്ങ് – ഭൂലോകത്തിൽ.
6. നേരേ – വളയാതെ.
7. പ്രാജ്ഞൻ – ഇന്ദ്രൻ.

## സൂക്തം 27.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പും ശക്വരിയും ഛന്ദസ്സ്; ശ്യേനൻ ദേവത.

ഞാൻ ഗർഭത്തിലിരിയ്ക്കെത്തന്നേ ഈ ദേവന്മാരുടെയെല്ലാം ഉൽപത്തി അറിഞ്ഞിരിയ്ക്കുന്നു. മുമ്പ് ഒരുനൂറ് ഇരിമ്പുകോട്ടകളിൽ ഞാൻ പാർത്തിരിയ്ക്കുന്നു; ഇപ്പോൾ പരുന്തായി പറന്നു പുറത്തുപോന്നു! (1)

അതു് എന്നെ തികച്ചും കൈക്കലാക്കിയില്ല. ഇതിനെ ഞാൻ നിശിതമായ വീർയ്യംകൊണ്ടു കീഴടക്കി. അരാതികളെ കോട്ട ഭരിയ്ക്കുന്ന പ്രേരകൻ ആട്ടിപ്പായിച്ചു; വായുക്കളെയും ആ പരിപൂർണ്ണൻ അകറ്റി! (2)

ശ്യേനൻ സ്വർഗ്ഗത്തിൽനിന്നു കീഴ്പോട്ടു നോക്കി ശബ്ദം പുറപ്പെടുവിച്ചു; സോമം ഇവങ്കൽനിന്നു തെറിപ്പിയ്ക്കപ്പെട്ടു; കൃശാനു മനോവേഗത്തോടേ പാഞ്ഞെത്തി, ഞാൺ വലിച്ചും ശരം എയ്തുവിട്ടു. (3)

അപ്പോളാണ്, നേരേ പറക്കുന്ന പരുന്ത് ഉപരിസ്ഥമായ വമ്പിച്ച ഇന്ദ്രലോകത്തുനിന്ന്, ഭുജ്യുവിനെയെന്നപോലെ ഇതു കൊണ്ടുപോന്നത്; ആ യുദ്ധത്തിൽ തട്ടുക്കപ്പെട്ടു ഈ പക്ഷിയുടെ മധ്യഭാഗത്തിലെ ആ പറവച്ചിറകു വീണുപോയി! (4)

ഇപ്പോൾ പാൽ പകർന്നു കുടത്തിലാക്കിയ, വെളുത്ത, തൃപ്തികരമായ, സത്തിയന്ന സോമം ഋത്വിക്കുകളാൽ വെയ്ക്കപ്പെട്ടത്–ആ മധുവിന്റെ മുകൾഭ്ഭാഗം-മത്തിന്നുവേണ്ടി കുടിപ്പാൻ മഘവാവായ ഇന്ദ്രൻ കൈക്കൊള്ളട്ടെ–മത്തിന്നുവേണ്ടി കുടിപ്പാൻ ശൂരൻ കൈക്കൊള്ളട്ടെ! (5)

### കുറിപ്പുകൾ: സൂക്തം 27.

1. വാമദേവൻ ശ്യേനരൂപത്തിലത്രേ, മാതൃഗർഭത്തിൽനിന്നു നിർഗ്ഗമിച്ചത്, കോട്ടകൾ–ശരീരങ്ങൾ.
2. അത്-ഗർഭം. ഇതിനെ–ഗർഭവാസപീഡയെ. വീർയ്യം–ജ്ഞാനസാമർത്ഥ്യം. അരാതികൾ–ഗർഭസ്ഥജീവനെ ഉപദ്രവിയ്ക്കുന്ന ശത്രുക്കൾ. പ്രേരകൻ–പരമാത്മാവ്. വായുക്കൾ–ഗർഭത്തിൽ കഷ്ടപ്പെടുത്തുന്ന വായുക്കൾ.
3. തെറിപ്പിയ്ക്കപ്പെട്ടു–സോമപാലന്മാരാൽ. കൃശാനു–സോമപാലന്മായിലൊരുവൻ. ഞാൺ–വില്ലിന്റെ.
4. അപ്പോളാണ്–കാവല്ക്കാരുടെ എതിർപ്പു കൂസാതെ. ഭുജ്യുവിനെയെന്നപോലെ–ഭുജ്യുവിനെ അശ്വികൾ കൊണ്ടുപോന്ന കഥ മുൻമണ്ഡലങ്ങളിലുണ്ട്. ഇതു–സോമം. പറവച്ചിറക്–പറക്കാനുതകുന്ന ചിറക്.

## സൂക്തം 28.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രസോമന്മാർ ദേവത.

സോമ, അങ്ങയുടെ ആ സഖ്യംമൂലം അങ്ങു സഹായിച്ചതിനാൽ ഇന്ദ്രൻ മനുഷ്യർക്കു മഴ പെയ്യിച്ചു; വൃത്രനെക്കൊന്നു; സപ്തനദികളെ പ്രവഹിപ്പിച്ചു. അടയ്ക്കപ്പെട്ടിരുന്ന കതകുകൾ തുറന്നു! (1)

ഇന്ദോ, അങ്ങു സഹായിച്ചതോടേ ഇന്ദ്രൻ എതിർത്ത സൂര്യന്റെ ഒരു തേർച്ചക്രം ബലേന വലിച്ചെടുത്തു – പരന്ന മുകൾവശത്തൂടെ ഉരുളുന്ന സർവതോഗാമിയും മഹത്തുമായ അതു കൈക്കലാക്കി! (2)

ഇന്ദോ, യുദ്ധത്തിൽ ഉപചയ്ക്കുമുമ്പ് ഇന്ദ്രൻ ദസ്യുക്കളെ വധിച്ചു; അഗ്നി ചുട്ടെരിച്ചു. രക്ഷ കിട്ടാത്ത ദുർഗ്ഗപ്രദേശത്തു കാർയ്യാർത്ഥം പോകുന്നവരെ എന്നപോലെ, അനേകായിരംപേരെ നിശ്ശേഷം നിഹനിച്ചു! (3)

ഇന്ദ്ര, അവിടുന്ന് ഈ ദസ്യുക്കൾക്ക് എല്ലാറ്റിലും ഇടിവു വരുത്തി: അകർമ്മികളായ മനുഷ്യരെ ഗർഹിതരാക്കി. നിങ്ങളിരുവരും വൈരികളെ വലച്ചു; വധിച്ചു. വധംമൂലം പൂജിതരുമായി! (4)

സോമ, നിങ്ങൾ – ഭവാനും ഇന്ദ്രനും – മഹത്തായ അശ്വസമൂഹത്തെയും ഗോക്കളെയും ബലംകൊണ്ടു വീണ്ടെടുത്തു; അടയ്ക്കപ്പെട്ട അവയെയും ഭൂമികളെയും നല്കുകയും ചെയ്തു. മഘവാക്കളേ, മാറ്റലരെ മർദ്ദിയ്ക്കുന്ന നിങ്ങൾ ഇച്ചെയ്തതൊക്കെ സത്യമാണ്! (5)

### കുറിപ്പുകൾ: സൂക്തം 28.

1. കതകുകാൾ – വൃഷ്ടിജലത്തിന്റെ.
2. ഇന്ദോ – ഹേ സോമ. മുകൾവശം – അന്തരിക്ഷം.
3. പോകുന്നവരെഎന്നപോലെ – പോകുന്നവരെ ഒരു തട്ടിപ്പറിക്കാരനെന്നപോലെ. അനേകായിരംപേരെ – ദുർഗ്ഗപ്രദേശത്തെയ്ക്കു പാഞ്ഞ അസുരന്മാരെ. നിഹനിച്ചു – ഇന്ദ്രൻ കൊന്നു.
5. അടയ്ക്കപ്പെട്ട അവയെയും – പണികൾ മറവിൽ നിർത്തിയ ഗോക്കളെയും. ഭൂമികളെയും – പണികളുടെ ചില ഭൂമികളെയും. നല്കുകയുംചെയ്തു – ഗോക്കളുടെ ഉടമകൾക്കു കൊടുക്കുകയുംചെയ്തു.

## സൂക്തം 29.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഇന്ദ്ര, ഉച്ചത്തിൽ പുകഴ്ത്തപ്പെടുന്നവനും സത്യധനനും സ്വാമിയുമായ ഭവാൻ സ്തുതിയാൽ തുഷ്ടിപൂണ്ടു, ഞങ്ങളുടെ അന്നോപേതങ്ങളായ പൂർണ്ണസവനങ്ങൾക്കു ഹരികളോടുകൂടി രക്ഷണാർത്ഥം വന്നാലും! (1)

നല്ല കുതിരകളുള്ള യാതൊരു നിർഭയൻ പിഴിയുന്നവരാൽ പുകഴ്ത്തപ്പെട്ട, വീരരൊന്നിച്ചു മത്തടിയ്ക്കുമോ; ആ മനുഷ്യഹിതനായ സർവജ്ഞൻ പിഴിയുന്നവരാൽ വിളിയ്ക്കപ്പെട്ടിട്ടു യജ്ഞത്തിലെഴുന്നള്ളട്ടെ! (2)

താങ്കൾ ഇന്ദ്രന്റെ കർണ്ണങ്ങളെ, ബലപ്പെടുത്താനും നില്ക്കുന്നേടത്തൊക്കെ മത്തുപിടിപ്പിയ്ക്കാനുംവേണ്ടി, കേൾപ്പിയ്ക്കുക: സേചിയ്ക്കപ്പെടുന്ന ആ ബലവാൻ നമുക്കു ധനത്തിന്നായി നല്ല തീർത്ഥവും അഭയവും തന്നരുളട്ടെ: (3)

ആശുഗാമികളായ തന്റെ നൂറുമായിരവും കുതിരകളെ മുമ്പിൽ കെട്ടി, ഇങ്ങനെ സ്തുതിച്ചു രക്ഷ യാചിച്ചു വിളിയ്ക്കുന്ന മേധാവിയുടെ അടുക്കൽ എഴുന്നള്ളുന്നവനാണല്ലോ, ഈ വജ്രപാണി! (4)

ഇന്ദ്ര, മഘവാവേ, നിന്തിരുവടിയാൽ രക്ഷിയ്ക്കപ്പെട്ടു സ്തുതിയക്കുന്ന മേധാവികളും വിദ്വാന്മാരുമായ ഞങ്ങൾ, ശോഭയേറിയതും നീളെ സ്തുത്യവും അന്നസമൃദ്ധവുമായ ധനം അവിടുന്നു കല്പിച്ചുതരാൻ വേണ്ടി, സേവിയ്ക്കുമാറാകട്ടെ. (5)

### കുറിപ്പുകൾ: സൂക്തം 29.

1. സവനങ്ങൾ = യജ്ഞങ്ങൾ. ഹരികൾ – ഇന്ദ്രന്റെ രണ്ടു കുതിരകൾ.
2. പിഴിയുന്നവർ – സോമം പിഴിയുന്ന യജമാനന്മാർ. വീരർ മരുത്തുക്കൾ.
3. സ്തോതാവിനോടു പറയുന്നു: ബലപ്പെടുത്താനും മത്തുപിടിപ്പിയ്ക്കാനും – ഇന്ദ്രനെ. കേൾപ്പിയ്ക്കുക – സ്തോത്രം. സേചിയ്ക്കപ്പെടുന്ന-സോമനീർകൊണ്ട്.
4. മുമ്പിൽ – തേരിന്റെ.

## സൂക്തം 30.

വാമദേവൻ ഋഷി; ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

നിന്നെക്കാൾ മീതെയില്ലാരും, മികച്ചവനുമില്ലൊരാൾ;
ഇല്ലതാനിന്ദ്ര, നിന്നെപ്പോലൊരാളും വൃത്രസൂദന! (1)

നേരായ്, പ്രജകൾ നിന്നെത്താൻ, വളർവട്ടുകൾപോലവേ
അനുവർത്തിച്ചുപോരുന്നു; നേരായ്, നീ കീർത്തിമാൻ മഹാൻ! (2)

നിന്നാലാണു, ബലാൽപ്പോരിട്ടതു ദേവകളേവരും:
ഇന്ദ്ര, നീ കൊന്നുപോന്നല്ലോ, പകൽനേരത്തുമല്ലിലും! (3)

യാതൊന്നില,ടരാടുന്ന കുത്സനും പീഡിതർക്കുമായ്
കവർന്നെടുത്തു, നീയിന്ദ്ര, കതിരോനുടെ തേരുകൾ; (4)

യാതൊന്നിൽ,ദ്ദേവകൾക്കെല്ലാം ദ്രോഹം ചെയ്തവരോടു നീ
തനിച്ചേ പോരടിച്ചിന്ദ്ര, വധിച്ചൂ, കൊലയാളരെ; (5)

യാതൊന്നിലൊരു മർത്ത്യന്നുവേണ്ടി മർദ്ദിച്ചു, സൂര്യനെ;
അതിലേതശനെക്കാത്തുവല്ലോ, നീയിന്ദ്ര, ചെയ്തിയാൽ! (6)

എത്രമാത്രം ചൊടിച്ചീലാ, വൃത്രഘ്ന, മഘവൻ, ഭവാൻ?
അവിടെപ്പകൽനേരത്തേ കൊന്നല്ലോ, ദനുസൂനുവെ! (7)

അത്രയല്ലിത്രയും കാട്ടി, ബലവീര്യങ്ങളിന്ദ്ര നീ:
കൊന്നുവല്ലോ കെടുകൊലയ്ക്കേറ്റ വിൺമകൾ പെണ്ണിനെ! (8)

വിണ്ണിൻ മകളാം പൂജ്യമാനയാകമുഷസ്സിനെ
ചതച്ചുവല്ലോ, പെരിയോനവിടുന്നിന്ദ്ര, നിർഭരം! (9)

ചതയ്ക്കപ്പെട്ട ശകടം വിട്ടു പാഞ്ഞി,തുഷസ്സവൾ,
അഭീഷ്ടവർഷകനതിട്ടുടച്ചപൊഴുതിൽബ്ഭയാൽ! (10)

ഇതിൻപടിയ്ക്കുവളുടെ തകർക്കപ്പെട്ട വണ്ടിയോ,
കിടന്നിതു, വിപാട്തീരത്ത;കലത്തോടിനാളവൾ! (11)

പോരാ, ചെറുപ്പം വിട്ടാറേ തടയപ്പെട്ട സിന്ധുവെ
പാടേ പരത്തിനാൻ, പാരിലിന്ദ്രൻ ബുദ്ധിമിടുക്കിനാൽ! (12)

പോരാ, ചിന്നിച്ചിതെ,ന്പാടും ശുഷ്ണന്റെ മുതൽ ധൃഷ്ണു നീ,
അവന്റെയാ നഗരികളവമർദ്ദിച്ചവേളയിൽ! (13)

പോരാ, കുലിതരാഖ്യന്റെ പുത്രൻ വിധ്വംസി ശംബരൻ
ഇന്ദ്ര, സൂദിതനായല്ലോ, ഭവാനാൽ വന്മലയ്ക്കുമേൽ! (14)

പോരാ, തേർവട്ടഴികളെപ്പോലെ തല്ലിത്തകർത്തു, നീ
വിധ്വംസിയാം വർച്ചിയുടെയഞ്ചുലക്ഷം ജനങ്ങളെ! (15)

പോരാ, സ്തോത്രങ്ങളിൽപ്പങ്കുകാരനാക്കീ, ശതക്രതോ,
അഗ്രുവിൻ പുത്രനായുള്ള പരാവൃക്തനെയിന്ദ്ര, നീ! (16)

പോരാ, രാജ്യക്ഷതിയിൽനിന്നത്തുർവശയദുക്കളകെ

കരയ്ക്കുകേറ്റിനാനല്ലോ, വിദ്വാനിന്ദ്രൻ ശചീപതി! (17)

പോരാ, സരയുവിൻതതീരേ വാണ ചിത്രരഥാർണ്ണരെ
വധിച്ചു തൽക്ഷണ,മവരാര്യരാകിലുമിന്ദ്ര, നീ! (18)

ത്യക്തരാം രണ്ടു പംഗ്വന്ധന്മാരെ വൃത്രനിഷൂദന,
ആശ്വസിപ്പിച്ചുവല്ലോ, നീ;-യാർ നേടും, നിന്റെയസ്സുഖം? (19)

ഇന്ദ്രൻ കരിങ്കല്ലണിയാമിരമ്പതു പുരങ്ങളെ,
ഹവിസ്സു നല്കിയ ദിപോദാസന്നായിപ്പൊളുക്കിനാൻ! (20)

ഉറക്കിനാൻ, മുപ്പതിനായിരം വിധ്വംസശീലരെ
ശസ്ത്രം ചാട്ടി,ദ്ദഭീതിയ്ക്കുവേണ്ടിയിന്ദ്രൻ മിടുക്കിനാൽ! (21)

പോരാ, പരക്കെയൊരുപോലുള്ളോൻ, ഗോപതിയിന്ദ്ര, നീ:
വീഴിച്ചുവല്ലോ, വൃത്രഘ്ന, നീയവറ്റിനെയൊക്കയും! (22)

പോരാ, നീയെന്തു കഴിവും കരുത്തുമിഹ കാട്ടിയോ
അതിന്നുടവുതട്ടിയ്ക്കില്ലാരുമിന്നിന്ദ്ര, തീർച്ചതാൻ! (23)

നിന്നുടെ നല്ലതു നല്ലതു
നല്കട്ടേ, ദേവനര്യമാഭിഖ്യൻ;
നല്ലതു ഭഗന്നമരിന്ദമ;
നല്ലതു പല്ലറ്റ പൂഷദേവന്നുമേ! (24)

## കുറിപ്പുകൾ: സൂക്തം 30.

2. വളർവട്ടുകൾപോലവേ – വലിയ ചക്രങ്ങൾ വണ്ടിയെ അനുവർത്തിയ്ക്കുന്നതുപോലെ. നേരായ് – വാസ്തവത്തിൽ.
3. നിന്നാലാണു – അങ്ങയുടെ സാഹായ്യത്താലാണ്. പോരിട്ടതു – ആസുരന്മാരോട്, കൊന്നുപോന്നല്ലോ – അസുരന്മാരെ.
4. യാതൊന്നിൽ – യാതൊരു യുദ്ധത്തിൽ. പീഡിതർ – കുത്സന്റെ പീഡിപ്പിയ്ക്കപ്പെട്ട കൂട്ടുകാർ.
5. കൊലയാളർ – ദേവകളെ ദ്രോഹിച്ച ഹിംസകർ, രാക്ഷസാദികൾ.
6. ഒരു മർത്ത്യൻ, ഏതശൻതന്നെ.
7. ദനുസൂനു – വൃത്രൻ.
8. കെട്ടുകൊലയ്ക്കേറ്റ വിൺമകൾ പെണ്ണിനെ – യുദ്ധത്തിൽ സൂര്യനെ സഹായിപ്പാനായി, ഇന്ദ്രനെ കെട്ടതായമട്ടിൽ കൊല്ലാൻ വന്ന ഉഷസ്സിനെ.
9. മുൻ ഋക്കിന്റെ വിവരണം.
10. അഭീഷ്ടവർഷകൻ – ഇന്ദ്രൻ. അത് – ശകടം.
11. വിപാട്തീരം = വിപാട് (വിപാശ) എന്ന നദിയുടെ തീരം.
12. പോരാ – അത്രമാത്രമല്ല: ചെറുപ്പം വിട്ടാറേ – പുളപ്പു വന്നപ്പോൾ, ജലം നിറഞ്ഞപ്പോൾ. തടയപ്പെട്ട – പ്രവഹിയ്ക്കാതായ സിന്ധുവെ – സിന്ധുനദിയെ. പരത്തിനാൻ = വ്യാപിപ്പിച്ചാൻ.

13. അവമർദ്ദിയ്ക്കുക = ഉടയ്ക്കുക.

14. കുലിതരാഖ്യൻ = കുലിതരനെന്നവൻ. വിധ്വംസി – ലോകത്തെ മുടിച്ചവൻ. സൂദിതൻ – ഹതൻ. വന്മലയ്ക്കുമേൽ-ശംബരൻ പേടിച്ച് ഒരു പർവതത്തിന്റെ മുകളിൽ പാഞ്ഞുകേറി; ഇന്ദ്രൻ അവനെ താഴത്തെയ്ക്കു തള്ളി കൊന്നു.

15. വർച്ചി – ഒരസുരൻ. ജനങ്ങൾ – അനുയായികൾ.

16. പരാവൃക്തന്റെ കഥ മുമ്പുണ്ട്.

17. അത്തുർവശയദുക്കൾ – അച്ഛനായ യയാതി ശപിച്ചതിനാൽ രാജ്യക്ഷതി (രാജത്വനാശം) വന്ന തുർവശനും യദുവും. ഇന്ദ്രൻ ഇവരെ രാജ്യക്ഷതിയാകുന്ന ദുർദ്ദശയിൽനിന്നു കരയേറ്റി, രാജ്യാഭിഷേകാഹാരാക്കി.

18. ചിത്രരഥാർണ്ണർ – ചിത്രരഥൻ, അർണ്ണൻ എന്ന രണ്ടു രാജാക്കന്മാർ. അവർ ആര്യരാകിലും – അവർ ആര്യന്മാരാണെന്നു നടിച്ചിരുന്നു; എന്നാൽ ഇന്ദ്രനെ സേവിച്ചിരുന്നില്ല.

19. ത്യക്തർ – ബന്ധുക്കളാൽ കൈവെടിയപ്പെട്ടവർ. പംഗ്വന്ധന്മാർജ ഒരു കാൽമുടന്തനും ഒരു കുരുടനും. ആശ്വസിപ്പിച്ചു – മുടന്തും അന്ധതയും നീക്കി. നിന്റെയസ്സുഖം – അങ്ങ് നല്കുന്ന ആ സുഖം; അതു തുലോം ദുഷ്പ്രാപമാകുന്നു.

20. കരിങ്കല്പണിയാം = കരിങ്കല്ലുകൾകൊണ്ടു നിർമ്മിയ്ക്കപ്പെട്ട. ഈരമ്പത് നൂറ്, പുരങ്ങൾ – ശംബരന്റെ.

21. വിധ്വംസശീലർ – രാക്ഷസാദികൾ. ശസ്ത്രം – ആയുധങ്ങൾ. ദഭീതി-ഒരിന്ദ്രഭക്തന്റെ പേർ. ഉറക്കിനാൻ – ദീർഘനിദ്രയിൽ പെടുത്തി, കൊന്നു.

22. പരക്കെ – യജമാനന്മാർക്കെല്ലാം. അവറ്റിനെ – ശത്രുക്കളെ.

24. നല്ലത് – ധനമെന്നർത്ഥം. പല്ലറ്റ – ദക്ഷയാഗത്തിൽ ഒരു ശിവഭൃതം പൂഷാവിന്റെ പല്ലുകൾ പറിച്ചെടുത്തുപോൽ.

## സൂക്തം 31.

വാമദേവൻ ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

സംപൂജ്യനായ്സ്സദാ വായ്ക്കും സഖാവെന്തൊരു തർപ്പണാൽ
നമ്മൾതൻ നേർക്കു കൺവെയ്ക്കും – സശ്രദ്ധം ചെയ്യുമെന്തിനാൽ? (1)

സത്യയമായ്പ്പൂജ്യമായ്പ്പാരം മത്തിയറ്റുന്ന സോമനീർ
ഭവാന്നിമ്പം വരുത്തേണം, ദൃഢസ്വത്തുമുടയ്ക്കുവാൻ! (2)

സഖാക്കളാം സ്തുതിപ്പോരെസ്സംരക്ഷിച്ചരുളും ഭവാൻ
നൂറുരക്ഷകളോടൊപ്പം തൃക്കൺവെച്ചാലു,മെങ്ങളിൽ! (3)

മനുഷ്യർതൻ സ്തുതികളാലു,രുളും വട്ടുപോലവേ
തിരിഞ്ഞാലു,മടക്കുന്ന ഞങ്ങൾതൻ മുമ്പിലെയ്ക്കു നീ! (4)

സ്വന്തം സ്ഥാനങ്ങളിൽപ്പോലെയല്ലോ, യജ്ഞസ്ഥലങ്ങളിൽ
ചെല്ലമാറുള്ളതു ഭവാൻ; ഭജിപ്പൂ, സൂര്യനൊത്തു ഞാൻ! (5)

ഇന്ദ്ര, നിന്നെക്കുറിച്ചിങ്ങു ചെയ്യും സ്തുതികൾ കർമ്മവും
ഭവാങ്കലെത്തിച്ചേരുന്നു, പിന്നെക്കതിരവങ്കലും! (6)

അത്രയല്ലാ, തിരുവടി മഘവാവും മഹസ്വിയും
ദാതാവുമാണെന്നാണല്ലോ, ചൊല്ലുന്നതു ശചീപതേ! (7)

അത്രയല്ലാ, സ്തവം ചൊല്ലിപ്പിഴിഷുന്നോന്ന തൽക്ഷണം
കൊടുത്തുപോരുന്നുണ്ടല്ലോ, വളരെദ്ധനവും ഭവാൻ! (8)

ചെറ്റും തടയുകില്ലല്ലോ, നിന്റെ നൂറുധനങ്ങളും
ഇല്ല, ചെയ്വാനൊരുമ്പെട്ട നിൻ കെല്പും ദ്രോഹകാരികൾ! (9)

കാക്കുകെ,ങ്ങളെ നിൻ നൂറുരക്ഷ,യെങ്ങളെയായിരം
എങ്ങളെക്കാത്തരുൾക, നിന്നാഭിമുഖ്യങ്ങളൊക്കയും! (10)

കൈക്കൊള്ളുകെ,ങ്ങളെയിഹ, സഖ്യവും സ്ഥിരനന്മയും
തിളങ്ങിടും വന്മുതലുമെങ്ങൾക്കുണ്ടാകുവാൻ ഭവാൻ! (11)

പെരുതായ ധനംകൊണ്ടു പാലിച്ചരുൾക, ഞങ്ങളെ;
ഇന്ദ്ര, ഞങ്ങളെ നിത്യം നീയെല്ലാരക്ഷകൾകൊണ്ടുമേ! (12)

തുറന്നുതന്നീടണമേ, ഞങ്ങൾക്കപ്പൈത്തൊഴുത്തുകൾ,
ഒരെയ്ത്തുകാരൻപോലിന്ദ്ര, പുതുരക്ഷകളാൽബ്ഭവാൻ! (13)

ഇന്ദ്ര, ഗോവാജിയുതമായ്ദ്ദീപ്തിമത്തായ്, പ്രധർഷിയായ്
സഞ്ചരിയ്ക്കട്ടെ, കേടൊന്നും പറ്റാതേ ഞങ്ങൾതൻ രഥം! (14)

ഞങ്ങൾതൻ പുകൾ വാനോരിൽവെച്ചു പൊങ്ങിയ്ക്ക, സൂര്യ, നീ,
വിവൃദ്ധമാം വിണ്ണുലകമുയർത്തിയതുപോലവേ! (15)

## കുറിപ്പുകൾ: സൂക്തം 31.

1. സഖാവ് – ഇന്ദ്രൻ. എന്തിനാൽ കൺവെയ്ക്കും എന്ന് എടുത്തുപറയുന്നു. നേർക്കു കൺവെയ്ക്കും – അഭിമുഖനാകും.
2. ദൃഢസ്വത്തും-ശത്രുക്കളുടെ ഉറപ്പുള്ള മുതൽപോലും.
4. വട്ട് – തേർച്ചക്രം. അടുക്കുന്ന = സമീപിയ്ക്കുന്ന. മനുഷ്യർ – ഞങ്ങളുടെ ആളുകൾ. മുമ്പിലെയ്ക്കു തിരിഞ്ഞാലും – അഭിമുഖനായാലും.
5. ഭജിപ്പു – അങ്ങനെയുള്ള ഭവാനെ സേവിയ്ക്കുന്നു.
7. ചൊല്ലുന്നതു – വിദ്വാന്മാർ.
9. ഇല്ല – തടയുകില്ല.
13. എയ്ത്തുകാരൻ – ശരപ്രയോഗവിദഗ്ദ്ധനായ ശൂരൻ.
14. പ്രധർഷി – ശത്രുക്കളെ അമർത്തുന്നത്. സഞ്ചരിയ്ക്കട്ടെ – അങ്ങനെയുള്ള രഥം തന്നു ഞങ്ങളെ രക്ഷിയ്ക്കുക എന്നു ഭാവം.
15. പുകൾ പൊങ്ങിയ്ക്കു – പ്രശംസിച്ചു്. സൂര്യ – സർവപ്രേരകനായുള്ളോവേ.

## സൂക്തം 32.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

മഹാനാമവിടുന്നിന്ദ്ര, മഹാരക്ഷകളോടുമേ
ഞങ്ങൾതന്നരികത്താശു വന്നാലും, വൃത്രസൂദന! (1)

ചരിഷ്ണുവെങ്കിലും, ദാനശീലൻ നീ രക്ഷണത്തിനായ്
ചിത്ര, ചിത്രക്രിയന്മാരിൽച്ചേർക്കുന്നു, ചിത്രമാം ധനം! (2)

ഭവാങ്കൽച്ചേർന്ന മിതരാം മിത്രരൊന്നിച്ചുതാൻ ബലാൽ
കൊല്ലുമല്ലോ ഭവാൻ, ചാടിക്കേറുന്ന പെരിയോനെയും! (3)

ഞങ്ങളങ്ങയുമായ്ച്ചേർന്നോർ; വാഴ്ത്തുന്ന ഞങ്ങളങ്ങയെ;
ഉയരെക്കാത്തുകൊണ്ടാലു,മിന്ദ്ര, ഞങ്ങളെ, ഞങ്ങളെ! (4)

അബ്ഭ്രപാനിങ്ങെഴുന്നള്ളിവരികെ,ങ്ങളിൽ വജ്രവൻ,
തോൽവി പറ്റാത്ത സംപൂജ്യഭദ്രരക്ഷകളോടുമേ! (5)

ഇന്ദ്ര, നിന്മട്ടിലുള്ളോരു ഗോയുതന്റെ സഖാക്കളായ്
ചേരുമാറാകണം, ഞങ്ങളന്നം പെരുതു കിട്ടുവാൻ! (6)

അങ്ങേകനല്ലോ, ഗോക്കൾക്കുമന്നത്തിന്നുമധീശ്വരൻ;
അബ്ഭ്രവാനിന്ദ്ര, പെരുതാം ഭോജ്യമെങ്ങൾക്കു നല്കണം! (7)

സ്തോതാക്കൾക്കു ധനം നല്കാൻ,ചൊൽ കൈക്കൊള്ളും നുതൻ ഭവാൻ
കല്പിച്ചൊരുങ്ങിയാലിന്ദ്ര, മറിച്ചാരും തടുത്തിടാ! (8)

പെരുതാമന്നവും സ്വത്തും ലഭിക്കുന്നതിനങ്ങയെ
സ്തുതിച്ചുപോരുന്നുണ്ടല്ലോ, സ്യോത്രത്താലിന്ദ്ര, ഗോതമർ. (9)

ആ നിൻവീര്യങ്ങൾ വർണ്ണിയ്ക്കാമെങ്ങൾ: മത്തുപിടിച്ച നീ
തകർത്തുവല്ലോ, ചെന്നേറിയസുരന്റെ പുരങ്ങളെ! (10)

ഇന്ദ്ര, ചൊല്ലുകൾ കൈക്കൊള്ളും ഭവാൻ കാണിച്ച കെല്പുകൾ
പാടിപ്പുകഴ്ത്തിപ്പോരുന്നു, നീർ പിഴിഞ്ഞ മനീഷികൾ! (11)

ഭവാനെ വർദ്ധിപ്പിയ്ക്കുന്നു, സ്തുവവാഹികൾ ഗോതമർ;
അവർക്കു വീരയുതമാമന്നം നല്കീടുകിന്ദ്ര നീ! (12)

ഇന്ദ്ര, സർവജനങ്ങൾക്കുമൊരുപോലുള്ളവൻ, ഭവാൻ;
എന്നാലുമങ്ങയെത്തന്നേ വിളിപ്പൂ, ഞങ്ങൾ കേവലം! (13)

ഞങ്ങൾതന്നരികത്തെയ്ക്കു, വരികി,ന്ദ്ര, ഭവാൻ വസോ:
സോമനീരാൽത്തുലോം മത്തു പൂണ്ടാലും, സോമപായി നീ! (14)

പുകഴ്ത്തുമെങ്ങൾതൻ സ്തോത്രം വശത്താക്കട്ടെ,യങ്ങയെ:
ഹരിയുഗത്തെയിങ്ങോട്ടു തിരിച്ചരുളുകിന്ദ്ര, നീ! (15)

ഭജിയ്ക്കുകെ,ങ്ങൾതൻ ഹവ്യം; ചെവിക്കൊൾകെ,ങ്ങൾതൻ സ്തവം;
ഒരു പെൺകൊതിയൻ പെണ്ണിൻകൊഞ്ചലെന്നവിധം ഭവാൻ! (16)

ഞങ്ങളിന്ദ്രനൊടർത്ഥിപ്പൂ, നൂറുസോമക്കുടത്തെയും,

ഒരായിരം പഠിപ്പിയ്ക്കപ്പെട്ട വാജികൾതമ്മെയും! (17)

ഞങ്ങളിങ്ങോട്ടിറക്കാവൂ, നിൻഗോശതശതങ്ങളെ;
ഭവാന്റേതായ ധനവും വന്നുചേരട്ടെ, ഞങ്ങളിൽ! (18)

കിട്ടാവൂ, പത്തുകുംഭം പൊന്നെങ്ങൾക്കങ്ങയിൽനിന്നിഹ:
ഭവാൻ വളരെ നല്കുന്നോനാണല്ലോ, വൃത്രസൂദന! (19)

തെല്ല പോരാ: തുലോം കൊണ്ടുവന്നെങ്ങൾക്ക തരു, തുലോം:
തുലോം തരാനേ മുതിരൂ, ഭവാനിന്ദ്ര, ബഹുപ്രദൻ! (20)

ബഹുപ്രദൻ ഭവാനെന്നു കേൾപ്പു, പെരുതിടങ്ങളിൽ:
ശൂര, വൃത്രഘ്ന, സമ്പത്തിൽപ്പങ്കുകാരാക്കുകെ,ങ്ങളെ! (21)

ഞാൻ വാഴ്ത്താം, നിൻകുരാലശ്വദ്വയത്തെ പ്രാജ്ഞ, പാലക:
അവയെക്കൊണ്ടു, ഗോദൻ നീ ചിതറിയ്ക്കായ്ക്ക ഗോക്കളെ! (22)

പടിയ്ക്കൽ വെച്ച പതുതാം രണ്ടുണ്ണിപ്പാവപോലവേ
അഴകാർന്നു വിളങ്ങുന്നു, കുരാലശ്വങ്ങളുധ്വരേ! (23)

കാളവണ്ടിയിലോ കാലാൽത്താനോ പോകുമെനിയ്ക്കിഹ
മതിയാകട്ടെ,യൻപുറ്റ കുരാലശ്വദ്വയം തുലോം! (24)

## കുറിപ്പുകൾ: സൂക്തം 32.

2. ചിത്ര = ഹേ പൂജനീയ. ചിത്രക്രിയന്മാരിൽ – നാനാകർമ്മങ്ങളോടുകൂടിയ ഞങ്ങളിൽ. ചിത്രം = മഹനീയം.
3. മീതർ = അല്പസംഖ്യർ. പെരിയോനെയും – വമ്പിച്ച ശത്രുവിനെപ്പോലും കൊല്ലാൻ, ഭവാന്നു കുറച്ചാളുകളുടെ തുണയേ വേണ്ടു.
4. ഞങ്ങളെ ഞങ്ങളെ – ഞങ്ങളെ എല്ലാരെയും.
5. തോൽവി പറ്റാത്ത – ശത്രുക്കളാൽ ആക്രമിയ്ക്കപ്പെടാത്ത.
6. ഗോയുതന്റെ = ഗോക്കളോടുകൂടിയവന്റെ. സഖാക്കളായ് – സ്തോതാക്കളായി എന്നു താൽപര്യം. ചേരുമാറാകണം – ഗോയുതനായ അങ്ങയോട് എന്നാശയം.
7. അങ്ങേകൻ-അങ്ങ് മാത്രം. അധീശ്വരൻ – ഉടമസ്ഥൻ.
8. ചൊൽ – സ്തോത്രം.
9. ഗോതമർ-ഗോതമഗോത്രക്കാരായ ഋഷിമാർ.
10. മത്തുപിടിച്ച – സോമപാനത്താൽ മത്തനായ.
11. ചൊല്ലുകൾ – സ്തോത്രങ്ങൾ. നീർ-സോമലതയുടെ.
12. വർദ്ധിപ്പിയ്ക്കുന്ന – മഹത്വപ്പെടുത്തുന്നു. സ്തവവാഹികൾ = സ്തവത്തെ വഹിയ്ക്കുന്നവർ; സ്തോത്രം ചൊല്ലി എന്നർത്ഥം. വീരയുതം = വീരന്മാരോടു (പുത്രപൌത്രാദികളോടു) കൂടിയത്.
14. വസോ – ആളുകളെ യജ്ഞത്തിൽ വസിപ്പിയ്ക്കുന്നവനേ.
15. ഹരിയുഗ്മം – ഇന്ദ്രന്റെ രണ്ടശ്വങ്ങൾ.
16. കൊഞ്ചലെന്നവിധം – കൊഞ്ചൽ കേട്ടു രസിയ്ക്കുന്നതുപോലെ.

17. പഠിപ്പിയ്ക്കപ്പെട്ട – നടകൾ ശീലിപ്പിച്ച.

18. ഗോശതശതങ്ങൾ – വളരെ വളരെ ഗോക്കൾ.

19. കുംഭം – ഇരുപതുപറ.

20. തുലോം – ധാരാളം. ബഹുപ്രദൻ = വളരെ കൊടുക്കുന്നവൻ.

21. പെരുതിടങ്ങൾ – അനേകയജ്ഞസ്ഥലങ്ങൾ.

22. കുരാലശ്വദ്വയം = രണ്ടു തവിട്ടുനിറക്കുതിരകൾ; ഹരികൾ. അവയെക്കൊണ്ടു ഗോക്കളെ ചിതറിയ്ക്കരുത്: കുതിരയെക്കണ്ടാൽ ഗോക്കൾ വിറളിപിടിച്ച് ഓടിക്കളയും. ഗോദൻ = ഗോക്കളെ കൊടുക്കുന്നവൻ.

23. പടിയ്ക്കൽ – കാഴ്ചപ്പുറത്ത് എന്നർത്ഥം. രണ്ടുണ്ണിപ്പാവ – രണ്ടു ചെറിയ പാവകൾ.

24. തുലോം മതിയാകട്ടെ – ഏറ്റവും പര്യാപ്തമായിബ്ഭവിയ്ക്കട്ടെ.

ആറമധ്യായം സമാപ്തം.

# ഋഗ്വേദം: മൂന്നാം അഷ്ടകം

## ഏഴാം അദ്ധ്യായം

മണ്ഡലം 4 അനുവാകം 4

## സൂക്തം 33.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഋഭുക്കൾ ദേവത.

ഞാൻ ഋഭുക്കൾക്കു സ്തോത്രത്തെ, ഒരു ദൂതനെ എന്നപോലെ അയയ്ക്കുന്നു; ഉപസ്തരണത്തിന്ന്, ഒരു കറവപ്പയ്യിനെ യാചിയ്ക്കുകയും ചെയ്യുന്നു. നടമിടുക്കുള്ള കുതിരകളെക്കൊണ്ടു കാറ്റിനൊപ്പം പാഞ്ഞു, വാനിലെങ്ങും ഉടനടി വ്യാപിയ്ക്കുന്നവരാണല്ലൊ, ആ കർമ്മികൾ! (1)

ധീരരായ ഋഭുക്കൾ അച്ഛനമ്മമാരെ ശുശ്രൂഷിച്ച്, യുവാക്കളാക്കി, കർമ്മങ്ങൾ തുലോം അനുഷ്ഠിച്ചുപോന്നു. ഉടൻതന്നേ ദേവകളുടെ സഖ്യം നേടി; മനസ്സിന്നു മഹത്ത്വം വരുത്തി! (2)

ചുക്കിച്ചുളിഞ്ഞു രണ്ടു തൂണുകൾപോലേ കിടന്നിരുന്ന അച്ഛനമ്മമാരെ യാവചിലർ നിത്യയുവാക്കളാക്കി മാറ്റിയോ; ആ വാജനും വിഭ്വാവും ഋഭുവും ഇന്ദ്രനോടൊരുമിച്ചു സോമം കുടിച്ചു നമ്മുടെ യജ്ഞം രക്ഷിയ്ക്കട്ടെ! (3)

ഋഭുക്കൾ ഒരാണ്ടു പയ്യിനെ രക്ഷിച്ചു; ഋഭുക്കൾ ഒരാണ്ട് അതിന്ന് അവയവങ്ങളുണ്ടാക്കി; ഒരാണ്ട് അതിന്നു നിറം വരുത്തി. ആ കർമ്മങ്ങളാൽ അമരത്വം നേടി! (4)

ജ്യേഷ്ഠൻ പറഞ്ഞു: 'ഒരു ചമസം രണ്ടാക്കുക.' അനുജൻ പറഞ്ഞു, മൂന്നാക്കാമെന്ന്. ഇളയവൻ പറഞ്ഞു, നാലാക്കാമെന്ന്. ഋഭുക്കളേ, നിങ്ങളുടെ ആ സംഭാഷണം ത്വഷ്ടാവു കൊണ്ടാടി. (5)

മനുഷ്യരായ ഋഭുക്കൾ പറഞ്ഞതു നേരായിരുന്നു: അവർ അങ്ങനെതന്നെ ചെയ്തു ഈ അമൃതും നേടി. പകൽപോലെ വിളങ്ങുന്ന നാലു ചമസം കണ്ടിട്ടു ത്വഷ്ടാവു ശരിവെച്ചു! (6)

ഋഭുക്കൾ പന്തിരണ്ടുനാളുകളിൽ പകലോന്റെ അതിഥികളായി സുഖേന പാർത്തു, പാടങ്ങളെ ശോഭങ്ങളാക്കി; നദികളെ ഒഴുകിച്ചു. ഓഷധികൾ നിർജ്ജലസ്ഥലങ്ങളിൽ നില്ക്കയായിരുന്നു; വെള്ളം കുഴികളിലും! (7)

വട്ടിന്മേൽനിന്നു ശരിയ്ക്കുരുളുന്ന രഥം എവർ നിർമ്മിച്ചുവോ; വിശ്വത്തെ ഉന്മേഷപ്പെടുത്തുന്ന വിശ്വരൂപധേനുവിനെയും എവർ നിർമ്മിച്ചുവോ; ആ സുകർമ്മാക്കളും സുരക്ഷരും സുഹസ്തരുമായ ഋഭുക്കൾ നമുക്കു ധനമുണ്ടാക്കിത്തരട്ടെ! (8)

ഇവരുടെ പണിത്തരം കർമ്മത്താൽ മനംതെളിഞ്ഞു വിളങ്ങിയ ദേവന്മാർ കൈക്കൊണ്ടു: സുകർമ്മാവായ വാജൻ ദേവകളുടെയായി ഋഭുജ്യേഷ്ഠൻ ഇന്ദ്രനെ; വിഭ്വാവു വരുണന്റെ. (9)

പ്രജ്ഞയാൽ സ്തുതിച്ചിമ്പപ്പെടുത്തി രണ്ടു ഹരികളെ സൃഷ്ടിച്ചതെവരോ – ഇന്ദ്രന്നായി സുഖേന പൂട്ടാവുന്ന രണ്ടശ്വങ്ങളെ സൃഷ്ടിച്ചതെവരോ; ഋഭുക്കളേ, ആ നിങ്ങൾ ഞങ്ങളിൽ ധനപുഷ്ടിയും സുഖവും, ക്ഷേമകാംക്ഷികൾ മിത്രത്തെ എന്നപോലെ ചേർത്തുവെച്ചാലും! (10)

ഇപ്പോൾ നിങ്ങൾക്ക് അഹസ്സിൽ സോമപാനവും മത്തും ദേവകൾ വെച്ചിരിയ്ക്കുന്നു: തളർന്നവങ്കലല്ലാതെ അവർ സഖ്യം ചെയ്യില്ല. ഋഭുക്കളേ, ആ നിങ്ങൾ തീർച്ചയായും ഈ മൂന്നാം സവനത്തിൽ ഞങ്ങൾക്കു ധനം കൊണ്ടുവരണം! (11)

## കുറിപ്പുകൾ: സൂക്തം 33.

1. കർമ്മീകൾ – ലോകോപകാരികൾ.
4. പയ്യിനെ – ചത്ത പയ്യിന്റെ ശവത്തെ. ഇക്കഥയും ചമസനിർമ്മാണാദികളും ഒന്നാംമണ്ഡലത്തിൽത്തന്നെയുണ്ട്.
6. അങ്ങനെതന്നെ ചെയ്തു-നാലാക്കി. ഈ അമൃത് – മൂന്നാം സവനത്തിലെ സോമനീര്.
7. ഋഭുക്കൾ സൂര്യരശ്മികൾതന്നെയാണെന്ന പക്ഷത്തെ അവലംബിച്ചുള്ളതാണ്, ഈ ഋക്ക്. പന്തിരണ്ടു നാളുകൾ – തിരുവാതിരമുതൽ പന്തിരണ്ടു വൃഷ്ടിനക്ഷത്രങ്ങൾ.
9. വാജൻ – ഇളയ ഋഭു. ഋഭുജ്യേഷ്ഠൻ – ഋഭു എന്ന മൂത്ത ആൾ. വിഭ്വാവ് – വാജന്റെ ജ്യേഷ്ഠനും ഋഭുവിന്റെ അനുജനുമായ മധ്യമൻ.
11. വെച്ചിരിയ്ക്കുന്നു – നിശ്ചയിച്ചിരിയ്ക്കുന്നു. തളർന്നവൻ – തപഃശ്രാന്തൻ.

## സൂക്തം 34.

ഋഷിച്ഛന്ദോദേവതകൾ മുമ്പത്തേവ.

ഋഭോ, വിഭ്വാവേ, വാജ, ഇന്ദ്ര, നിങ്ങൾ ഞങ്ങളുടെ ഈ യാഗത്തിൽ രത്നം തരാൻ വന്നുചേർന്നാലും: ഇപ്പോൾ നിങ്ങൾക്ക് അഹസ്സിൽ പാനം വാഗ്ദേവി നിശ്ചയിച്ചിരിയ്ക്കുന്നുവല്ലോ; അതിനാൽ നിങ്ങൾക്കു മത്തും പിടിയ്ക്കാം! (1)

അന്നംകൊണ്ടു ശോഭിയ്ക്കുന്ന ഋഭുക്കളേ, ജന്മമറിഞ്ഞ നിങ്ങൾ ദേവകളൊന്നിച്ചു മത്തടിയ്ക്കുവിൻ: മത്തും സ്തുതിയും നിങ്ങളിലണയട്ടെ നിങ്ങൾ ഞങ്ങൾക്കു നല്ല വീരന്മാരെയും ധനവും അയയ്ക്കുവിൻ! (2)

ഋഭുക്കളേ, മനുഷ്യർപോലെ വിളങ്ങുന്ന നിങ്ങൾ യാതൊന്നിനെ ഉൾക്കൊള്ളമോ, ആ യജ്ഞം ഇതാ, നിങ്ങൾക്കായി ഉണ്ടാക്കപ്പെട്ടിരിയ്ക്കുന്നു. ഇതു നിങ്ങളിൽ ചേരാനിരിയ്ക്കുകയാണ്: വാജന്മാരേ, അഗ്ര്യാസനം നേടിയവരാണല്ലോ, നിങ്ങളെല്ലാവരും! (3)

നേതാക്കളേ, ഇപ്പോൾ ഹവിസ്സു നല്കി പരിചരിയ്ക്കുന്ന മനുഷ്യന്നു കിട്ടട്ടെ, നിങ്ങളുടെ രത്നദാനം: ഋഭോ, വിഭ്വാവേം, വാജ, നിങ്ങൾ കുടിയ്ക്കുവിൻ; നിങ്ങൾക്കു മത്തിന്നായി ഞാൻ തരുന്നു, മഹത്തായ മൂന്നാം സവനം! (4)

ഋഭുവിഭ്വാജന്മാരേ, നേതാക്കളായ നിങ്ങൾ മഹത്തായ ദ്രവ്യത്തെ പുകഴ്ത്തിക്കൊണ്ടു, ഞങ്ങളുടെ അടുക്കൽ വന്നാലും: പകലിന്റെ അവസാനത്തിൽ ഈ പാനങ്ങൾ, പുതുതായി പെറ്റ പൈക്കൾ ഗൃഹത്തിലെന്നപോലേ. നിങ്ങളിൽ വന്നണയുന്നു! (5)

കെല്പിടിയാത്തവരേ, പുകഴ്ത്തി വിളിയ്ക്കപ്പെടുന്ന നിങ്ങൾ ഈ യജ്ഞത്തിൽ വന്നുചേർന്നാലും: നിങ്ങൾ ആരുടെയോ, ആ ഇന്ദ്രനൊന്നിച്ചു, സമാനപ്രീതിയോടേ, രത്നം നല്കുന്ന സൂരികളായ നിങ്ങൾ മധു നുകർന്നാലും! (6)

ഇന്ദ്ര, സ്തുതിസേവ്യ, ഭവാൻ വരുണനോടു സമാനപ്രീതിയായി, മരുത്തുക്കളോടു സമാനപ്രീതിയായി, മുമ്പേ കുടിയ്ക്കുന്ന ഋതുയാജരോടു സമാനപ്രീതിയായി, രത്നദാത്രികളായ സ്ത്രീപാലികമാരോടു സമാന പ്രീതിയായി, സോമം കുടിച്ചാലും! (7)

ഋഭുക്കളേ, നിങ്ങൾ ആദിത്യരോടൊന്നിച്ചു, പർവതരോടൊന്നിച്ചു, ദേവഹിതനായ സവിതാവോടൊന്നിച്ചു, രത്നം നല്കുന്ന നദികളോടൊന്നിച്ചു മത്തുകൊള്ളുവിൻ! (8)

ഈ ഋഭുക്കൾ അശ്വികളെ പ്രീതിപ്പെടുത്തി; ഇവർ അച്ഛനമ്മമാരെ രക്ഷിച്ചു; ഇവർ പയ്യിനെ, ഇവർ കുതിരകളെ നിർമ്മിച്ചു; ഇവർ കവചങ്ങൾ രചിച്ചു; ഇവർ വാനൂഴികളെ വേർപെടുത്തി; വ്യാപ്തരായ ഈ നേതാക്കൾ നല്ല കർമ്മങ്ങൾ ചെയ്തു. (9)

ഋഭുക്കളെ, ഗോക്കളും ബലവും നല്ല വീരന്മാരും പാർപ്പിടവും ധാരാളമന്നവും ചേർന്ന ധനം നിങ്ങളുടെ പക്കലുണ്ടല്ലോ; ആ മുമ്പേ കുടിയ്ക്കുന്ന, ദത്തത്തെ പുകഴ്ത്തുന്ന നിങ്ങൾ മത്തു പൂണ്ടു ഞങ്ങൾക്കു തന്നാലും! (10)

ഋഭുക്കളേ, നിങ്ങൾ പോയ്ക്കളയരുത്: ഞങ്ങൾ നിങ്ങളെതെല്ലും ദാഹിപ്പിയ്ക്കില്ല. ദേവന്മാരേ, നിങ്ങൾ മാനിയ്ക്കപ്പെട്ട്, ഈ യജ്ഞത്തിൽ ഇന്ദ്രനോടൊന്നിച്ചു, മരുത്തുക്കളോടൊന്നിച്ചു, ശോഭമാനരോടൊന്നിച്ചു, രത്നം തരാധായി മത്തുകൊള്ളുവിൻ! (11)

## കുറിപ്പുകൾ: സൂക്തം 34.

1. പാനം – സോമപാനം. വാശ്രേവി – പ്രജാപതിയുടെ അരുളപ്പാട്.
2. അന്നം-സോമനീർ. ജന്മം – മനുഷ്യരായ ഞങ്ങൾ ദേവത്വം പ്രാപിച്ചത്. സ്തുതി – ഞങ്ങളുടെ.
3. ഉൾക്കൊള്ളുക – ഉദരത്തിൽ ധരിയ്ക്കുക. യജ്ഞം – സോമം. വാജന്മാർ – ഋഭുവും, വിഭ്വാവും വാജനും.
5. പൈക്കൾ വൈകുന്നേരം മേച്ചിൽപ്പുറംവിട്ട് ഉടമസ്ഥന്റെ ഗൃഹത്തിൽ തിരിച്ചുവരുമല്ലോ.
6. മധു – മധുരമായ സോമം.
7. സ്തുതിസേവ്യ = സ്തുതികൾകൊണ്ടു സേവിയ്ക്കപ്പെടേണ്ടുന്നവനേ. ഋതുയാജർ – ഒരുകൂട്ടം ദേവന്മാർ. സ്ത്രീപാലികമാർ – സ്ത്രീകളെ രക്ഷിയ്ക്കുന്ന ദേവിമാർ.
8. പർവതർ – ഒരുകൂട്ടം ദേവന്മാർ.
9. കവചങ്ങൾ – ദേവന്മാർക്ക്.
10. ദത്തം – സോമവും മറ്റും. തന്നാലും – ധനം.
11. ദാഹിപ്പിയ്ക്കില്ല – സോമനീർ വേണ്ടുവോളം തരാം. ശോഭമാനർ – മറ്റു ദേവന്മാർ.

## സൂക്തം 35.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

കെല്പിടിയാത്ത സുധന്വപുത്രരായ ഋഭുക്കളേ, നിങ്ങൾ ഇങ്ങോട്ടു വരുവിൻ, പോയ്ക്കളയരുത്: ഈ സവനത്തിൽ മധുക്കൾ നിങ്ങളെ – രത്നദാതാവായ ഇന്ദ്രനെയും, പിന്നെ നിങ്ങളെയും – പ്രാപിയ്ക്കുമാറാകട്ടെ! (1)

വെട്ടുപ്പിൽ പിഴിഞ്ഞ സോമം കുടിയ്ക്കുന്ന ഋഭുക്കൾക്കാണ്, ഇവിടെ രത്നദാനം: അവർ സൽക്കർമ്മേച്ഛകൊണ്ടും കരകൌശലംകൊണ്ടും ഒരൊറ്റച്ചമസം നാലാക്കിയല്ലോ! (2)

വാജന്മാരേ, നിങ്ങൾ ഒരു ചമസം നാലാക്കി; എന്നിട്ടു, 'സഖേ, അരനഗ്രഹിച്ചാലും' എന്നുരിയാടി. 'ഋഭുക്കളേ, കരകൌശലക്കാരായ നിങ്ങൾ അമൃതത്തിന്റെ മാർഗ്ഗത്തെ – ദേവഗണത്തെ – പ്രാപിച്ചാലും!' (3)

എങ്ങനെയുള്ളതായിരുന്നു, ബുദ്ധിസാമർത്ഥ്യംകൊണ്ടു നാലാക്കപ്പെട്ട ആ ചമസം? ആകട്ടെ, നിങ്ങൾ സോമം പിഴിയുവിൻ; ഋഭുക്കളേ, നിങ്ങൾ മത്തിന്നു മധുരസോമം കുടിയ്ക്കുവിൻ! (4)

രത്നമായ അന്നമുള്ള ഋഭുക്കളേ, നിങ്ങൾ വേലകൊണ്ട് അമ്മയച്ഛന്മാരെ യുവാക്കളാക്കി; വേലകൊണ്ടു ചമസം ദേവപാനയോഗ്യമാക്കി; വേലകൊണ്ടു, ഗതിവേഗമേറിയ ഇന്ദ്രവാഹനങ്ങളായ രണ്ടു ഹരികളെ നിർമ്മിച്ചു! (5)

അന്നവാന്മാരായ ഋഭുക്കളേ, പകലറുതിയിൽ നിങ്ങളെ മത്തുപിടിപ്പിയ്ക്കാൻ ആർ കടുംസോമം പിഴിയുമോ? വൃഷാക്കളേ, അവന്നു നിങ്ങൾ ഇമ്പം പൂണ്ടു വളരെ വീരന്മാരോടുകൂടിയ ധനം നിർമ്മിയ്ക്കുവിൻ! (6)

ഹര്യശ്വ, രാവിലെ പിഴിഞ്ഞതു ഭവാൻ നുകർന്നു; ഉച്ചയ്ക്കലെ സോമം അങ്ങയ്ക്കുമാത്രമാണല്ലോ. ഇന്ദ്ര, ഇനി, ശോഭനകർമ്മംമൂലം അങ്ങയാൽ സഖാക്കളാക്കപ്പെട്ട രമ്യദാനന്മാരായ ഋഭുക്കളോടൊന്നിച്ചു പാനംചെയ്താലും (7)

ശോഭനകർമ്മത്താൽ ദേവന്മാരായിത്തീർന്നു, പരുന്തുകൾപോലെ വാനിൽ പാർക്കുകയാണല്ലോ, നിങ്ങൾ കെല്പിടിയാത്ത സുധന്വപുത്രന്മാരേ, അമൃതത്വമടഞ്ഞ ആ നിങ്ങൾ ധനം തന്നരുളിയാലും. (8)

കരകൌശലക്കാരായ ഋഭുക്കളേ, രത്നത്തെ നല്കുന്ന മൂന്നാം സവനത്തിൽ നിങ്ങൾ സംബന്ധിച്ചുവല്ലേ; സൽക്കർമ്മേച്ഛയാൽ, അതിന്റെ ഈ അരിച്ച സോമം നിങ്ങൾ, നിങ്ങളുടെ മത്തു പൂണ്ട ഇന്ദ്രിയങ്ങൾകൊണ്ടു കുടിയ്ക്കുവിൻ! (9)

### കുറിപ്പുകൾ: സൂക്തം 35.

1. മധുക്കൾ – മദകരങ്ങളായ സോമങ്ങൾ.
2. രത്നദാനം – സോമാർപ്പണം.
3. ഉരിയാടി – അഗ്നിയോടു പറഞ്ഞു. ഋഭുക്കളേ എന്നാദിയായ വാക്യം അഗ്നിയുടെ മറുപടിയാകുന്നു. അമൃതം – സ്വർഗ്ഗം.
4. നിങ്ങൾ എന്നു തുടങ്ങിയ വാക്യം ഋത്വിക്കുകളോടുള്ളതാണ്.
5. രത്നമായ അന്നം – രമണീയമായ സോമം.
8. അമൃതത്വം = ദേവത്വം.

9. രത്നം – സോമം. നേത്രാദീന്ദ്രിയങ്ങൾക്കു പാത്രത്വം ആരോപിച്ചിരിയ്ക്കുന്നതു, സോമത്തിന്റെ ഗുണാധിക്യം വ്യഞ്ജിപ്പിയ്ക്കാനാണ്.

## സൂക്തം 36.

വാമദേവൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; ഋഭുക്കൾ ദേവത.

ഋഭുക്കളേ, കുതിരയും കടിഞാണും വേണ്ടാത്ത മൂവരുൾത്തേർ സ്തുത്യർഹമായി അന്തരിക്ഷത്തിൽ ചുറ്റിനടക്കുന്നു; നിങ്ങൾ വന്യഴികളെ പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നു. ഇതു നിങ്ങളുടെ ദേവത്വത്തെ പ്രഖ്യാപിയ്ക്കുന്നു! (1)

നേരേ പോകുന്ന സുചക്രമായ രഥത്തെ ശോഭനഹൃദയരായ യാവചിലർ മനസ്സങ്കല്പംകൊണ്ടു നിർമ്മിച്ചുവോ; ഋഭോ, വാജ, ആ നിങ്ങളെ ഈ സവനത്തിൽ പാനംചെയ്വാൻ ഞങ്ങൾ ക്ഷണിയ്ക്കുന്നു. (2)

വാജ, ഋഭോ, വാർദ്ധക്യംകൊണ്ടു ചുക്കിച്ചുളിഞ്ഞ അമ്മയച്ഛന്മാരെ നിങ്ങൾ വീണ്ടും സഞ്ചരിയ്ക്കുന്ന യുവാക്കളാക്കിയല്ലോ; വിഭുക്കളേ, നിങ്ങളുടെ ആ മഹത്ത്വം ദേവകളിൽവെച്ചു പ്രശംസനീയംതന്നെ! (3)

വാജ, ഋഭോ, നിങ്ങൾ ഒറ്റച്ചമസത്തിന്നു നാലു ശാഖകളുണ്ടാക്കി; വേലചെയ്തു പയ്യിനെ തോലണിയിച്ചു; അങ്ങനെ നിങ്ങൾ ദേവകളുടെ ഇടയിൽ അമൃതത്വം നേടി. അതു പൊട്ടുന്നനെ പുകഴ്ത്തേണ്ടതുതന്നെ! (4)

അന്നംകൊണ്ടു വിളിപ്പെട്ട നേതാക്കളായ ഋഭുക്കൾ ഉൽപാദിപ്പിച്ച ധനത്തിന്റെ യശസ്സു കുറച്ചല്ല. ഋഭുക്കളുടെ തച്ചൻപണി യാഗങ്ങളിൽ സ്തുത്യമാകുന്നു; ദേവന്മാരേ, നിങ്ങൾ രക്ഷിക്കുന്ന അതു ദർശനീയംതന്നെ! (5)

വാജനും വിദ്വാവും ഋഭുവും ആരെ രക്ഷിയ്ക്കുമോ, അവൻ ബലവാനായി സഞ്ചാരകശലനാകും അവൻ ഋഷിയായി സ്തുതിയ്ക്കും; അവൻ ശൂരനായി (ശത്രുക്കളെ) തള്ളിനീക്കും, യുദ്ധങ്ങളിൽ ദുസ്തരനുമാകും; അവന്നു ധനം വർദ്ധിയ്ക്കും; അവന്നു നല്ല വീര്യമുണ്ടാകും! (6)

വാജ, ഋഭോ, മേന്മയേറിയതാണ്, ശ്രേഷ്ഠവും ദർശനീയവുമായ നിങ്ങളുടെ രൂപം. അതിനെക്കുറിച്ചുള്ള സ്തോത്രം കേട്ടാലും: ധീമാന്മാരും കവികളും വിദ്വാന്മാരുമാണല്ലോ, നിങ്ങൾ; ആ നിങ്ങളെ ഞങ്ങൾ ഈ മന്ത്രംകൊണ്ടു ക്ഷണിയ്ക്കുന്നു. (7)

ഋഭുക്കളേ, നിങ്ങൾ ഞങ്ങളുടെ സ്തുതികളാൽ, മനുഷ്യർക്കുവേണ്ടുന്ന ഭോഗ്യങ്ങളെല്ലാമറിഞ്ഞു, ഞങ്ങൾക്കു കാന്തിയും കരുത്തുമുള്ള, കെല്പന്മാരെ ഉണക്കുന്ന, മികച്ച ധനവും, അന്നവും ഉണ്ടാക്കിത്തരുവിൻ! (8)

ഋഭുക്കളേ, നിങ്ങൾ ഇവിടെ വിളയാടി ഞങ്ങൾക്കു സന്തതിയും, ഇവിടെ ധനവും, ഇവിടെ വീരസമേതമായ യശസ്സും ഉണ്ടാക്കുവിൻ; യാതൊന്നുകൊണ്ടു ഞങ്ങൾ മറ്റുള്ളവരെക്കാൾ അറിയപ്പെടുമോ, ആ പൂജനീയമായ അന്നം ഞങ്ങൾക്കു തന്നരുളുവിൻ! (9)

### കുറിപ്പുകൾ: സൂക്തം 36.

2. ഋഭോ, വാജ എന്നിവയിൽ വിഭ്വാവും ഉൾപ്പെട്ടിരിയ്ക്കുന്നു.

4. ശാഖകൾ – വിഭാഗങ്ങൾ.

5. കുറച്ചല്ല – ആ ധനം ഞങ്ങൾക്കു കിട്ടുമാറാകട്ടേ എന്നു ഹൃദയം. അതു – തച്ചൻപണി; ചമസമോ, രഥമോ.

8. കെല്പന്മാരെ ഉണക്കുന്ന – കേമന്മാരെ ശോഷിപ്പിയ്ക്കുന്ന; അസൂയാതപ്തരാക്കുന്ന.

9. ഇവിടെ – ഈ യജ്ഞത്തിൽ.

## സൂക്തം 37.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സ്; ഋഭുക്കൾ ദേവത.

വാജ, ഋഭോ, ദേവന്മാരേ, ഈ മനുഷ്യരിൽവെച്ചു രമണീയരും ദിവസങ്ങളെ സുദിനങ്ങളാക്കാൻ യജ്ഞത്തെ നിലനിർത്തുന്നവരുമായ നിങ്ങൾ ദേവകളുടെ വഴിയിലൂടേ ഞങ്ങളുടെ യാഗത്തിൽ വന്നു ചേർന്നാലും! (1)

ഇന്നു, നെയ്ചേർന്നു മിന്നുന്ന ഈ പര്യാപ്തങ്ങളായ സോമങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ പ്രവേശിച്ചു പ്രീതിയുളവാക്കട്ടെ; പിഴിഞ്ഞു നിറച്ച ഇവ നിങ്ങളെ ഉലോം കാമിയ്ക്കുന്നു; ജോലിയിൽ ഉത്സാഹത്തിന്നായി കുടിയ്ക്കപ്പെട്ടിട്ട് ഇമ്പംകൊള്ളിയ്ക്കട്ടെ! (2)

വാജ, ഋഭോ, നിങ്ങളെ മൂന്നുപ്രാവശ്യമുദിയ്ക്കുന്ന ദേവഹിതമായ സോമവും, നിങ്ങളെ സ്തോത്രവും വഹിയ്ക്കുമല്ലോ; അതിനാൽ അരികേ രസിയ്ക്കുന്ന മനുഷ്യരുടെയും ദേവന്മാരുടെയും ഇടയിൽ ഞാൻ, മനുവെന്നപോലെ അതു നിങ്ങൾക്കായി ഒപ്പം ഹോമിച്ചുകൊള്ളുന്നു. (3)

ഋഭുക്കളേ, തടിച്ച കുതിരയും, തിളങ്ങുന്ന തേരും ഇരിമ്പിന്നൊത്ത അണക്കടയും നല്ല ധനവുമുള്ളവരാണ്, നിങ്ങൾ; ഇന്ദ്രന്നരുമകളായ ബലിഷ്ഠന്മാരേ, നിങ്ങൾക്കു മത്തിന്നു വെയ്ക്കപ്പെട്ടതാണല്ലോ, അഗ്രഭാഗം. (4)

ഋഭുക്കളേ, പരന്ന ശോഭയും പടയിൽ വൻകരുത്തും കുതിരകളും ഇന്ദ്രിയബലവുമുള്ള, തമ്മിൽച്ചേർന്ന, സദാ ദാനനിരതമായ, ധനരൂപമായ നിങ്ങളുടെ ഗണത്തെ ഞങ്ങൾ വിളിച്ചുകൊള്ളുന്നു. (5)

ഋഭുക്കളേ, നിങ്ങളും ഇന്ദ്രനും യാതൊരു മനുഷ്യനെ രക്ഷിയ്ക്കുന്നുവോ; അവൻതന്നേ, അവൻതന്നേ കർമ്മഭാക്കാകട്ടെ! അവൻതന്നെ യാഗത്തിൽ അശ്വയുക്തനാകട്ടെ! (6)

വാജ, ഋഭോ, നിങ്ങൾ ഞങ്ങൾക്കു യജ്ഞമാർഗ്ഗം പറഞ്ഞുതരുവിൻ! സ്തുതിയ്ക്കപ്പെട്ട സൂരികളായ നിങ്ങൾ ഞങ്ങളെ ആശയെല്ലാം കടത്തിവിടുവിൻ! (7)

വാജ, ഋഭോ, ഇന്ദ്രം അശ്വികളേ, നിങ്ങൾ മനുഷ്യരായ ഞങ്ങൾക്കു വളരെദ്ധനത്തെയും അശ്വത്തെയും വളരെ ദ്രവ്യം ദാനംചെയ്യാനായി കല്പിച്ചുതന്നാലും! (8)

### കുറിപ്പുകൾ: സൂക്തം 37.

2. പര്യാപ്തങ്ങൾ – മതിയാവോളമുള്ളവ. നിങ്ങളെ കാമിയ്ക്കുന്നു – നിങ്ങൾ കുടിയ്ക്കേണമെന്നിച്ഛിയ്ക്കുന്നു. ഒടുക്കത്തെ വാക്യത്തിലും കർത്തൃപദം, ഇവ എന്നതുതന്നെ.
3. മൂന്നുപ്രാവശ്യമുദിയ്ക്കുന്ന – പ്രാതർമ്മധ്യാഹ്നസായംസവനങ്ങളിൽ ആവിർഭവിയ്ക്കുന്ന. വഹിയ്ക്കും – വാഹനംപോലെ ഇങ്ങോട്ടു കൊണ്ടുവരുമെന്നു സാരം. അരികേ – യജ്ഞസമീപത്ത്. അതു – സോമം.
4. മത്തിന്നു – കുടിച്ചു മദിപ്പാൻ. അഗ്രഭാഗം – തൃതീയസവനത്തിന്റെ.
6. അവൻതന്നേ, അവൻതന്നേ – അന്യനാകരുത്.
7. കടത്തിവിടുവിൻ – നിറവേറിയവരാക്കുവിൻ.

## സൂക്തം 38.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ദ്യാവാപൃഥിവികളും ദധിക്രാവും ദേവത.

നിങ്ങളിരുവരുടെ പുരാതനസ്വത്താണല്ലോ, ദാതാവായ ത്രസദസ്യു അർത്ഥികൾക്കു നല്കിയിരുന്നത്: അശ്വം, പുത്രൻ, ദസ്യുക്കളെ അമർത്തുന്ന ഉഗ്രായുധം എന്നിവയെയും നിങ്ങൾ കൊടുത്തു! (1)

അത്രമാത്രമല്ല, അശ്വരൂപനും, വളരെപ്പേരെ തള്ളിനീക്കുന്നവനും, വിശ്വസേവിതനും. പരുന്തുപോലെ ഋജുശീഘ്രഗാമിയും, ദീപ്തഗാത്രനും, കൂടലരെ കൊയ്യുന്ന ശൂരനുമായ, ഒരു രാജാവുപോലുള്ള ദധിക്രാവിനെയും കൊടുത്തു: (2)

താന്നേടത്തുടേ പായും; ഒരു യുദ്ധേച്ഛുവായ ശൂരൻപോലെ ദിക്കുകളെ കാൽനടയാൽ ലംഘിപ്പാനൊരുങ്ങും; തേരിൽ സഞ്ചരിയ്ക്കും – ഇങ്ങനെയുള്ള ആ വായുവേഗനെ മനുഷ്യരെല്ലാം ഇമ്പപ്പെടുത്തി സ്തുതിയ്ക്കുന്നു. (3)

അവൻ യുദ്ധങ്ങളിൽ പടകളെ തടുത്തു, തുലോം ഇടപെട്ടു, ദിക്കുകളിൽ ചെന്നു സാധനങ്ങൾ നേടി, അറിയേണ്ടവ കണ്ടുവെച്ച്, ആപ്തനായ മനുഷ്യന്റെ എതിരാളിയെ ആട്ടിപ്പായിയ്ക്കും. (4)

പോരാ, അന്നത്തെയോ മാടിൻകൂട്ടത്തെയോ നോക്കിച്ചെല്ലുന്ന അവനെക്കുറിച്ചു യുദ്ധങ്ങളിൽ ആളുകൾ വസ്ത്രം കക്കുന്ന തസ്കരനെക്കുറിച്ചെന്നപോലെയും, പശിമൂലം താന്നുപറക്കുന്ന പരുന്തിനെക്കുറിച്ചെന്നപോലെയും നിലവിളിക്കും! (5)

പോരാ, അസുരപ്പടകളിലിറങ്ങാനൊരുങ്ങുന്ന ആ അത്യകൃഷ്ടൻ, കോപ്പണിഞ്ഞ കുതിരപോലെ ശോഭിച്ചും, പൊടി നക്കിയും, കടിഞ്ഞാൺ കടിച്ചും തേർനിരയോടൊപ്പം പാഞ്ഞുനടക്കും! (6)

പോരാ, സമരത്തിൽ സഹിഷ്ണുവും, ഋജുഗാമിയും, അന്നവാനുമായ ആ വാജി സ്വദേഹത്തെ ശുശ്രൂഷിച്ചുകൊണ്ടും, വെമ്പുന്ന പടകളിൽ വെമ്പിയും, പൊടിയണിഞ്ഞ്, അതു പുരികത്തിൻമീതെ വിതറും! (7)

പോരാ, തിളങ്ങുന്ന ഇടിവാൾപോലെ കൊന്നുകളയുന്ന അവനെ എതിരാളികൾ പേടിയ്ക്കുന്നു: എങ്ങും ആയിരംപേരോടു പൊരുതിത്തുടങ്ങിയാൽ, കോപ്പണിഞ്ഞ അവൻ ഭയംകരനും ദുർന്നിവാരനുമായിത്തീരും! (8)

പോരാ, ആ മനുഷ്യാഭിലാഷപൂരകനായ വേഗവാന്റെ ചെറുക്കലും കീഴമർത്തലും ആളുകൾ പുകഴ്ത്തിപ്പോരുന്നു; പോരാ, അവനെപ്പറ്റി യുദ്ധത്തിൽ നടക്കുന്നവർ പറയും: – 'ദധിക്രാവ് ആയിരമാളുകളോടുകൂടി മറ്റൊരേടത്തെയ്ക്കു തിരിച്ചു!' (9)

യാതൊരു ദധിക്രാവ് ബലംകൊണ്ടു, പഞ്ചജനങ്ങളെ തേജസ്സു കൊണ്ടു സൂര്യനെന്നപോലെ, ജലങ്ങളെ പരത്തിയോ; ആയിരവും നൂറും നല്കുന്ന ആ ഗമനകുശലനായ വാജി ഈ സ്തുതികളെ മധുരഫലത്തോടു ചേർക്കട്ടെ! (10)

### കുറിപ്പുകൾ: സൂക്തം 38.

1. ദ്യാവാപൃഥിവികളോടു പറയുന്നത്; ഇരുവരുടെ – ഇരുവരിൽനിന്നു ലഭിച്ച. കൊടുത്തു – ത്രസദസ്യുവിന്ന്.
2. അശ്വരൂപൻ – അശ്വമായിച്ചമഞ്ഞ അഗ്നിയത്രേ, ദധിക്രാവ്. വളരെപ്പേരെ – ശത്രുക്കളെ. ദധിക്രാവ് ഒരു ദേവൻ; മന്ത്രമണ്ഡലങ്ങളിലുണ്ട്.
3. പായും – വെള്ളംപോലെ. വായുവേഗൻ ദധിക്രാവ്.

4. ആപ്തനായ മനുഷ്യന്റെ – സ്തോതാവിന്റെ.

5. നോക്കി – സമ്പാദിപ്പാൻ എന്നർത്ഥം. നിലവിളിയ്ക്കും – ശത്രുക്കൾ.

9. മറ്റൊരേടത്തെയ്ക്കു – നമ്മെ വിട്ടു, മറ്റെതിരാളികളെ ഹനിപ്പാൻ.

10. ചേർക്കട്ടെ – ഈ സ്തുതികൾക്ക് ആസ്വാദ്യമായ ഫലമുളവാക്കട്ടെ; സ്തോതാവിനെ സൽഫലം നല്കി. അനുഗ്രഹിയ്ക്കട്ടെ.

## സൂക്തം 39.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സ്; ദധിക്രാവ് ദേവത.

ആ വേഗവാനായ ദധിക്രാവിനെത്തന്നേ നാം ക്ഷിപ്രം സ്തുതിയ്ക്കുക; വാനൂഴികളിൽനിന്നു തീറ്റയും വിതറിക്കൊടുക്കുക. തമസ്സറുകറ്റുന്ന ഉഷസ്സുകൾ എനിയ്ക്കായി ഫലങ്ങളെ രക്ഷിയ്ക്കട്ടെ; എല്ലാപ്പാപത്തെയും കടത്തട്ടെ! (1)

മഹാനായി ഗമനകുശലനായി ബഹുവരേണ്യനായി വൃഷാവായിരിയ്ക്കുന്ന ദധിക്രാവിനെ യജ്ഞപൂരകനായ ഞാൻ വളരെ സ്തുതിയ്ക്കുന്നു: മിത്രാവരുണരേ, മനുഷ്യർക്കായി നിങ്ങളാൽ നിർത്തപ്പെട്ടവനാണല്ലോ, തിളങ്ങുന്ന അഗ്നിപോലിരിയ്ക്കുന്ന ഈ താരയിതാവ്. (2)

ആർ പുലർകാലത്ത് അഗ്നിയെ ജ്വലിപ്പിച്ച്, അശ്വരൂപനായ ദധിക്രാവിനെ സ്തുതിച്ചുവോ; അവനെ മിത്രാവരുണരരോടൊപ്പം പ്രീതി പൂണ്ട് ഈ പരിപൂർണ്ണൻ പാപരഹിതനാക്കട്ടെ! (3)

അന്നവും ബലവും കിട്ടിയ്ക്കുന്ന മഹാനായ ദധിക്രാവിന്റെ സ്തോതൃശുഭദമായ നാമത്തെ ഞങ്ങൾ സ്തുതിയ്ക്കുന്നു; വരുണൻ, മിത്രൻ, അഗ്നി, വജ്രപാണിയായ ഇന്ദ്രൻ എന്നിവരെയും നന്മയ്ക്കായി വിളിക്കുന്നു. (4)

മിത്രാവരുണരേ, മനുഷ്യപ്രേരകനായ യാതൊരശ്വരൂപനെ നിങ്ങൾ ഞങ്ങൾക്കുവേണ്ടി നിർത്തിയോ; ആ ദധിക്രാവിനെ, ഇന്ദ്രനെ എന്നപോലെ ഇരുകൂട്ടരും – യുദ്ധത്തിന്നൊരുങ്ങിയവരും, യജ്ഞം തുടങ്ങിയവരും – വിളിയ്ക്കുന്നു. (5)

വിജയിയും അശ്വരൂപനുമായ ദധിക്രാവിനെ ഞാൻ സ്തുതിയ്ക്കാം: ആ വേഗവാൻ നമ്മുടെ മുഖങ്ങൾക്കു സൌരഭ്യം വരുത്തട്ടെ; നമുക്ക് ആയുസ്സും വളർത്തട്ടെ! (6)

### കുറിപ്പുകൾ: സൂക്തം 39.

2. താരയിതാവ് – പാപങ്ങളെ കടത്തുന്നവൻ.
3. ഈ പരിപൂർണ്ണൻ – ദധിക്രാവ്.
4. സ്തോതൃശുഭദം – സ്തുതിയ്ക്കുന്നവർക്കു മംഗളം നല്കുന്നത്.

## സൂക്തം 40.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സ്; ദധിക്രാവ് ദേവത.

ദധിക്രാവിനെത്തന്നേ നാം ക്ഷിപ്രം സ്തുതിയ്ക്കുക: ഉഷസ്സുകളെല്ലാം എന്നെ പ്രേരിപ്പിയ്ക്കട്ടെ; ജലം, അഗ്നി, ഉഷസ്സ്, സൂര്യൻ, ആംഗിരസനായ ബൃഹസ്പതി, ഇന്ദ്രൻ എന്നിവരെയും സ്തുതിയ്ക്കുക. (1)

നടക്കം, ഓട്ടം, ചാട്ടം – ഇങ്ങനെയുള്ള ഗന്താവും ഭരണനിപുണനും, ഗോക്കളെയും അന്നത്തെയും ഉഷസ്സിനെയും തേടുന്നവനും, പരിചാരകരിൽ വർത്തിയ്ക്കുന്നവനും, തിടുക്കംകൊള്ളുന്നവനും, സത്യനുമായ ദധിക്രാവ് അന്നവും ബലവും സ്വർഗ്ഗവും നല്കുമാറാകണം! (2)

പോരാ, കൊതിയേറിയ ദധിക്രാവിന്റെ വെമ്പിക്കൊണ്ടുള്ള പാച്ചിലിൽ, പക്ഷിയുടെ പാറക്കലിലെന്നപോലെ, ആരും പിന്നിലായിപ്പോകും; പരുന്തുപോലെ പാറുന്ന ഈ താരയിതാവിന്റെ മാറിടത്തിനു ചുറ്റുമായി, കൂടെയുണ്ടാവും, ബലം! (3)

പോരാ, ആ വാജി കഴുത്തിലും കക്ഷത്തിലും വായിലും കെട്ടപ്പെട്ടിട്ടു, തെളിയ്ക്കപ്പെടാൻ തിടുക്കംകൊള്ളും, ദധിക്രാവ് കർമ്മമനുസരിച്ച പ്രവൃദ്ധബലനായിട്ടു, വഴിത്തിരിവുകളിലൂടേ വെച്ചടിയ്ക്കും! (4)

ദ്യോവിൽ മേവുന്ന ഹംസനും, അന്തരിക്ഷത്തിൽ മേവുന്ന വസുവും, വേടിമേൽ മേവുന്ന ഹോതാവും, അതിഥിയും, ഗൃഹത്തിൽ മേവുന്നവനും, മനുഷ്യരിൽ മേവുന്നവനും, മണ്ഡലത്തിൽ മേവുനവനും യജ്ഞത്തിൽ മേവുന്നവനും, വ്യോമത്തിൽ മേവുന്നവനും, ജലത്തിൽ ജനിച്ചവനും, രശ്മികളിൽ ജനിച്ചവനും, സത്യത്തിൽ ജനിച്ചവനും, പർവതത്തിൽ ജനിച്ചവനുമായ ഇവൻതന്നെ ബ്രഹ്മതത്ത്വം! (5)

### കുറിപ്പുകൾ: സൂക്തം 40.

2. സത്യൻ = സത്തുക്കളിൽ തഴയ്ക്കുന്നവൻ.
4. വാജി – അശ്വരൂപനായ ദധിക്രാവ്. വെച്ചടിയ്ക്കാ – അതിവേഗത്തിൽ നടക്കും.
5. ഈ ഋക്കിന്റെ ദേവത, സൂര്യനാണ്: വായ്വഗ്നിരൂപനായി അന്തരിക്ഷാദിസ്ഥാനങ്ങളിൽ വർത്തിയ്ക്കുന്ന സൂര്യൻതന്നേ പരബ്രഹ്മമെന്നു പ്രതിപാദിയ്ക്കുന്നു. ജലത്തിൽ ജനിച്ചവൻ – ജലമധ്യത്തിലാണല്ലോ, സൂര്യൻ ഉദിയ്ക്കുന്നത്. സത്യത്തിൽ ജനിച്ചവൻ – പ്രത്യക്ഷദൃശ്യൻ എന്നർത്ഥം. പർവതം – ഉദയാദ്രി. ഇവൻ-ആദിത്യൻ.

## സൂക്തം 41.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രാവരുണന്മാർ ദേവത. (കാകളി)

ബുദ്ധിവെച്ചെങ്ങൾ പണിഞ്ഞോതുമേതൊന്നു,
നിത്യൻ ഹവിർവാഹി ഹോതാവുപോലവേ
ഇന്ദ്ര, വരുണ, ഭവന്മനം പൂകുമോ;
നന്ദ്യമാ സ്തോത്രമേതി,ന്ദ്രാവരുണരേ? (1)

ഇന്ദ്രാരാവരുണദേവന്മാരെയന്നവാ-
നെന്നരൻ കൂട്ടിന്നു ബന്ധുക്കളാക്കുമോ;
കൊന്നിടും, പോരിൽ മാറ്റാരെ,യഘത്തെയും;
കുന്നിച്ച രക്ഷയാൽ ഖ്യാതനുമാ,മവൻ! (2)

ഇന്ദ്രാവരുണർ സഖാക്കൾ സഖ്യത്തിനായ്
സ്യന്ദിച്ച സോമങ്ങൾകൊണ്ടിമ്പമേല്ക്കുകിൽ,
തന്നിടുമല്ലോ, സ്തുതിക്കും മനുഷ്യർക്കു
സുന്ദരാന്നരവരുത്തമമാം ധനം! (3)

ഉഗ്രരാമിന്ദ്രാവരുണരേ, ദീപ്തമാ-
മുൽക്കടവജ്രമീ ഹിംസ്രനിൽച്ചാട്ടുവിൻ-
ഞങ്ങൾക്കു ദുഷ്പ്രാപനായ പിടുങ്ങിയിൽ
നിങ്ങൾതൻ ധൃഷ്ണുവാം കെല്പൊന്നയയ്ക്കുവിൻ! (4)

ഇന്ദ്രാവരുണരേ, നിങ്ങൾ രസിപ്പിപ്പി-
നിന്നുതിയെ, വൃഷർ ഗോവിനെപ്പോലവേ:
ഞങ്ങൾക്കിതു ചുരത്തട്ടെ, പുൽമേയുന്ന
തുംഗയാം പാലേറ്റമുള്ള പൈപോലവേ! (5)

സൽപുത്രതൽപുത്രർ, സസ്യോവി,യൌവന-
ക്കെല്പേ,റെനാളർക്കദർശനമെന്നിവ
കിട്ടിച്ചു,ഴൽപ്പാടിലെങ്ങളെക്കാക്കുവിൻ,
ദുഷ്ടഘ്നരാം നിങ്ങളിന്ദ്രാവരുണരേ! (6)

ഗോരതരെങ്ങൾ വരിപ്പൂ, സുബന്ധുർച്ച്യ-
ശ്ശൂരരാം നിങ്ങളെത്തന്നേ പ്രഭുക്കളേ,
സംപ്രീതി നല്കും പിതാക്കളെയെന്നപോ-
ല,ൻപിനും കൂട്ടിനും പൂർവരക്ഷയ്ക്കുമായ്! (7)

ഭക്ഷ്യത്തിനിസ്തുതി നിങ്ങളെ പ്രാപിപ്പൂ,
രക്ഷണാർത്ഥം ഭവൽക്കാമർ പോർപോലവേ –
ചെല്ലുന്നു, ധേനു സോമത്തിൽക്കണക്കെ,ന്റെ
ചൊല്ലു ദാതാക്കളാമിന്ദ്രാവരുണരിൽ! (8)

ഇന്ദ്രാവരുണരിൽച്ചെൽവൂ, ധനം കൊതി-
ച്ചെൻനുതി, സേവകനാഢ്യരിൽപ്പോലവേ;
തന്നികടത്തിങ്കൽ നില്ക്കുന്നു, ചിക്കെന്നു

ചെന്നണഞ്ഞന്നമിരക്കുവോൻപോലവേ! (9)

നാഥരാക്കെ,ങ്ങളയത്നം സമൃദ്ധിയ്ക്കു,
തേർത്തുരംഗങ്ങൾക്ക,ഭംഗസമ്പത്തിനും;
അച്ചരിഷ്ണുക്കൾതൻ നവ്യരക്ഷകളാ-
ലശ്വധനങ്ങളുമെത്തട്ടെ, ഞങ്ങളിൽ! (10)

അന്യൂനരക്ഷ പൂണ്ടെങ്ങളിൽ വന്നാലു-
മന്നാർത്ഥമാര്യരാമിന്ദ്രാവരുണരേ;
ശസ്ത്രങ്ങൾ സേനയിൽക്കേളിയാടുമട-
ർക്കെത്തുമാറാകെ,ങ്ങൾ, നിങ്ങൾതന്നാളുകൾ! (11)

## കുറിപ്പുകൾ: സൂക്തം 41.

1. പണിഞ്ഞ് – വണങ്ങി. ഹോതാവു(അഗ്നി)പോലെ ഭവന്മനം പൂകുന്ന (നിങ്ങളുടെ ഹൃദയത്തെ സ്പർശിയ്ക്കുന്ന) സ്തോത്രം ഏതായിരിയ്ക്കും? നന്ദ്യം = അഭിനന്ദനീയം. ഇന്ദ്രവരുണപദത്തിന്റെ ആവർത്തനം ആദരാധിക്യത്താലാകുന്നു.
2. എന്നരൻ – ഏതൊരു മനുഷ്യൻ. കൂട്ടിന്നു = സഖ്യത്തിന്നു. അംഘത്തെ (പാപത്തെ)യും കൊന്നിടും – നശിപ്പിയ്ക്കും. കുന്നിച്ച – മഹത്തായ.
3. സഖാക്കൾ – പരസ്പരം സ്നേഹിതന്മാർ. സ്യന്ദിച്ച = ഒഴുകിയ, പിഴിയപ്പെട്ട. സുന്ദരാന്നർ = ശോഭനമായ (സോമമാകുന്ന) അന്നത്തോടുകൂടിയവർ.
4. ഉൽക്കടം – ബലിഷ്ഠം. ഹിംസ്രൻ – ഹിംസാശീലനായ ഞങ്ങളുടെ ശത്രു. ദുഷ്പ്രാപ്തൻ – എതിർത്തുകൂടാത്തവൻ. പിടുങ്ങി – എന്തും തട്ടിയെടുക്കുന്നവൻ.
5. ഇന്നുതിയെ – ഈ സ്തുതിയെ വൃഷർ – ചിനപിടിപ്പിയ്ക്കുന്ന കൂറ്റന്മാർ. രസിപ്പിപ്പിൻ – സസ്നേഹം സ്വീകരിയ്ക്കുവിൻ എന്നർത്ഥം. ഇതു – സ്തുതി. ചുരത്തട്ടെ – അഭീമതഫലങ്ങളെ. പുതമേയുന്ന – പുല്ലുതിന്നു നടക്കുന്ന. തുംഗ = മഹതി.
6. സൽപുത്രതൽപുത്രർ = നല്ല പുത്രനും അവന്റെ പുത്രനും. സസ്യോവി = സസ്യസമൃദ്ധമായ നിലം. ഏറെനാളർക്കദർശനം – ദീർഘായുസ്സ്.
7. ഗോരതർ – ഗോലാഭതൽപരർ. സുബന്ധ്വർച്ച്യശൂരരാം = നല്ല ബന്ധുക്കളും പൂജ്യരും ശൂരരുമായ. പിതാക്കളെയെന്നപോടലെ – മക്കൾ അച്ഛന്മാരെ ആശ്രയിയ്ക്കുന്നതുപോലെ, അൻപ് = സ്നേഹം. പൂർവരക്ഷ = മുൻചെയ്യപോലുള്ള രക്ഷണം.
8. ഭവൽക്കാമർ – നിങ്ങളുടെ സാഹായ്യമിച്ഛിയ്ക്കുന്ന ഭടന്മാർ. ധേനു – പാൽ എന്നു സാരം. ചൊല്ല് – സ്തുതി.
9. ആഢ്യർ = ധനികന്മാർ. തന്നികടം – അവരുടെ, ഇന്ദ്രാവരുണന്മാരുടെ, സമീപത്ത്. നില്ക്കുന്നു എന്നതിന്നും കർത്തൃപദം, നുതിതന്നെ.
10. തുരംഗങ്ങൾ – തേരിന്നു പൂട്ടുന്ന കുതിരകൾ.
11. ആര്യർ-ശ്രേഷ്ഠർ. ഞങ്ങൾ നിങ്ങൾതന്നാളുകൾ – നിറങ്ങളുടെ ആളുകളായ ഞങ്ങൾ.

## സൂക്തം 42.

പുരുകുത്സപുത്രൻ ത്രസദസ്യു ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; താനും ഇന്ദ്രാവരുണന്മാരും ദേവത.

ക്ഷത്രിയനും വിശ്വപതിയുമായ എനിയ്ക്കു, ദേവകളെല്ലാം നമുക്ക് എങ്ങനെയോ അങ്ങനെ രണ്ടു രാജ്യമുണ്ട്. വരുണനായ മനുഷ്യനും അയല്ക്കാരനും രൂപവാനുമായ എന്റെ കർമ്മത്തിൽ ദേവകൾ സംബന്ധിയ്ക്കും. രാജാവാണ്, ഞാൻ! (1)

ഞാൻതന്നേ, വരുണരാജാവ്: ആ മികച്ച ബലങ്ങൾ എനിയ്ക്കായി നിലക്കൊള്ളുന്നു. വരുണനായ മനുഷ്യനും അയല്ക്കാരനും രൂപവാനുമായ എന്റെ കർമ്മത്തിൽ ദേവകൾ സംബന്ധിയ്ക്കും. രാജാവാണ്, ഞാൻ! (2)

ഇന്ദ്രനും, വരുണനും, ആ മഹത്ത്വമേറിയ ഗഭീരസുരൂപകളായ ദ്യാവാപൃഥിവികളും ഞാൻതന്നെ. വിദ്വാനായ ഞാൻ, ത്വഷ്ടാവെന്നപോലെ, ഭുവനത്തെയെല്ലാം പ്രേരിപ്പിച്ചു; വാനൂഴികളെ താങ്ങി. (3)

ഞാൻതന്നെയാണ്, നനവുണ്ടാക്കുന്ന വെള്ളം പൊഴിച്ചതും സൂര്യനെ അന്തരിക്ഷത്തിൽ നിർത്തിയതും. ഞാൻ ജലത്തിന്നുവേണ്ടി യജ്ഞവാനായ അദിതിപുത്രനായി ജനിച്ചു. ആകാശം മൂന്നുലകമാക്കപ്പെട്ടത്, എനിയ്ക്കുവേണ്ടിത്തന്നെ. (4)

നല്ല കുതിരകളോടുകൂടിയ പടയാളികൾ എന്നെ പിന്തുടരുന്നു; സേന ചൂഴന്നവർ എന്നെ യുദ്ധത്തിലെയ്ക്കു വിളിയ്ക്കുന്നു. ഞാൻ മഘവാവായ ഇന്ദ്രനായിച്ചമഞ്ഞു പൊരുതുന്നു ധർഷകമായ ബലം പൂണ്ടുപൊടി പറപ്പിയ്ക്കുന്നു. (5)

ഞാനാണ്, വിശ്വം സൃഷ്ടിച്ചത്. തടവുപെടാത്ത എന്നെയാതൊരു ദിവ്യബലവും തടയുകയില്ല. സോമവും ഉക്ഥവും എന്നെ ഇമ്പംകൊള്ളിയ്ക്കുമ്പോൾ, അറ്റമില്ലാത്ത വാനൂഴികൾ രണ്ടും നടുങ്ങിപ്പോകും! (6)

സ്തോതാവേ, ആ വിശ്വവിദിതനായ വരുണനെ സ്തുതിയ്ക്കു. ഇന്ദ്ര, അവിടുന്നു വൃത്രരെ കൊന്നതായും, അവിടുന്നു മറയ്ക്കപ്പെട്ടിരുന്ന ജലങ്ങളെ പ്രവഹിപ്പിച്ചതായും കേട്ടിട്ടുണ്ട്! (7)

ഞങ്ങൾക്കിവിടെ, ദുർഗ്ഗഹപുത്രൻ തടവിലാക്കപ്പെട്ടപ്പോൾ, ആ സപ്തർഷികളാണ്, ഉൽപാദകരായത്: അവർ ഇവളിൽ, ഇന്ദ്രൻ പോലെ വൃത്രഘ്നനും അർദ്ധദേവനുമായ ത്രസദസ്യുവിനെ ജനിപ്പിച്ചു. (8)

ഇന്ദ്രാവരുണന്മാരേ, പുരുകുത്സപത്നി നിങ്ങളെ ഹവിസ്സുകൊണ്ടും നമസ്സുകൊണ്ടും പ്രസാദിപ്പിച്ചുവല്ലോ; അതിനാൽ, നിങ്ങൾ ഇവൾക്കു വൃത്രഘ്നനും അർദ്ധദേവനുമായ ത്രസദസ്യുരാജാവിനെ കല്പിച്ചു നല്കി! (9)

ഇന്ദ്രാവരുണന്മാരേ, സേവിയ്ക്കുന്ന ഞങ്ങൾ ധനംകൊണ്ടും, ദേവന്മാർ ഹവിസ്സുകൊണ്ടും, ഗോക്കൾ പുല്ലുകൊണ്ടും ഇമ്പംകൊള്ളട്ടെ: പോയ്ക്കളയാത്ത ആ ധേനുവിനെ നിങ്ങൾ ഞങ്ങൾക്കു നിത്യം തന്നരുളുവിൻ! (10)

### കുറിപ്പുകൾ: സൂക്തം 42.

1. ദേവകളൊമക്ക നമ്മുടെയാണല്ലോ; അതുപോലെ, എനിയ്ക്കു രണ്ടു രാജ്യമുണ്ട്: ഭൂമിയും സ്വർഗ്ഗവും രണ്ടും എന്റെതാണ്. വരുണനും താനാണെന്ന്: അയല്ക്കാരൻ – ഏല്ലാവർക്കും അയൽപക്കക്കാരൻപോലെയുള്ളവൻ.

3. ഗഭീരസുരൂപകൾ = ഗഭീരകളും സുരൂപകളും. ത്വഷ്ടാവ് = പ്രജാപതി. പ്രേരിപ്പിച്ചു – സൃഷ്ടിച്ചയച്ചു.

7. ഇതുമുതൽ ഇന്ദ്രവരുണസ്തുതീയാണ്; വൃത്രർ = ശത്രുക്കൾ.

8. ദുർഗ്ഗപുത്രനായ പുരുകുത്സനെന്ന രാജാവു ശത്രുക്കളാൽ തടവിലാക്കപ്പെട്ടതിനാൽ രാജ്യം അരാജകമായിപ്പോയി. അതു കണ്ട് അദ്ദേഹത്തിന്റെ പത്നി, ഒരു പുത്രനുണ്ടാകാൻവേണ്ടി, യദൃച്ഛയാ വന്നുചേർന്ന സപ്തർഷികളെ പൂജിച്ചു. അവർ പ്രസാദിച്ച്, ഇന്ദ്രവരുണന്മാരെ യജിപ്പാൻ ഉപദേശിച്ചു. രാജ്ഞി അതനുഷ്ഠിച്ചതിനാൽ, തനിയ്ക്കു ത്രസദസ്യു, എന്ന പുത്രനുണ്ടായി. ഈ സ്വന്തം ഉൽപത്തിയെ ത്രസദസ്യു, സൂചിപ്പിയ്ക്കുന്നു: ഞങ്ങൾക്ക് – എനിയ്ക്ക് ഇവൾ – പുരുകുത്സപത്നി, ത്രസദസ്യുവിന്റെ അമ്മ. വൃത്രശബ്ദത്തിന്നു ശത്രുവെന്നും വൃത്രനെന്നും രണ്ടർത്ഥം. ത്രസദസ്യുവിനെ – എന്നെ.

10. ആ ധേനു – പ്രീതികരമായ ധനം.

## സൂക്തം 43.

പുരുമീള്ഹനും അജമീള്ഹനും ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത.

യജ്ഞാർഹരിൽ ആരുള്ള കേൾപ്പാൻ? ഏതൊരു ദേവൻ സ്തോത്രം കൈക്കൊള്ളും? തിളക്കവും നല്ല ഹവിസ്സും ചേർന്ന ഈ അരുമസ്തുതിയെ നാം അമരരിൽ ആരുടെ ഹൃദയത്തിൽ പതിയ്ക്കും? (1)

ദേവകളിൽ ആരുള്ളു, സുഖിപ്പിയ്ക്കാൻ? ആർ, തീർച്ചയായും വരും? ആരാണ്, ഏറ്റവും സുഖപ്രദൻ? ഏതൊരു തേരാണ്, ഓടുന്ന കതിരകളാൽ വേഗവത്തെന്നു പറയുന്നത്? അതിലാണല്ലോ, സൂര്യന്റെ മകൾ ചെന്നു കേറിയത്. (2)

നിങ്ങളിരുവരും അടുത്ത ദിവസങ്ങളിൽ, ശക്തിമാനായ ഇന്ദ്രൻ പ്രഭാതത്തിലെന്നപോലെ ശീഘ്രം വന്നുചേരണം: സ്വർഗ്ഗത്തിൽ നിന്നു വരുന്ന, ദിവ്യരായ ശോഭനഗമനരായ നിങ്ങൾ എന്തൊരു കർമ്മത്താലാണ്, ഇത്ര ശക്തരായത്? (3)

അശ്വികളേ, എന്തായിരിയ്ക്കും നിങ്ങൾക്കുള്ള സ്തുതി? എന്തൊരു സ്തുതികൊണ്ടു വിളിയ്ക്കണം, നിങ്ങൾ വരാൻ? അടുത്തെങ്ങാനും ആരുണ്ട്, നിങ്ങളുടെ വമ്പിച്ച ക്രോധം താങ്ങാൻ? മധു പൊഴിയ്ക്കുന്ന ദസ്രരേ, നിങ്ങൾ രക്ഷകൊണ്ടു ഞങ്ങളെ പാലിച്ചാലും! (4)

വിണ്ണിനു ചുറ്റും വളരെസ്സഞ്ചരിയ്ക്കുന്ന നിങ്ങളുടെ രഥം അന്തരിക്ഷത്തിൽനിന്നു നിങ്ങളുടെ മുമ്പിലെയ്ക്കു വരുന്നു: മധു പൊഴിയ്ക്കുന്നവരേ, നിങ്ങൾക്കുള്ള മധുവിൽ മധു പകർന്നുകഴിഞ്ഞു; സോമവും പൊരിയവിലും നിങ്ങളിൽ വന്നെത്തുന്നു! (5)

നിങ്ങളുടെ കുതിരകളെ മേഘം നനച്ചു; ആ മിന്നിത്തിളങ്ങുന്ന പാവകൾ ചുറവും സഞ്ചരിയ്ക്കുന്നു. യാതൊന്നിൽ നിങ്ങൾ സൂര്യപുത്രിയെ കേറ്റിയാ, നിങ്ങളുടെ ആ വാഹനം ക്ഷണേന വെളിപ്പെടുന്നു! (6)

രമ്യമായ അന്നമുള്ളവരേ, ഞാൻ ഇവിടെ സമാനമനസ്കരായ നിങ്ങളോടു ചേർക്കുന്ന ഈ സ്തുതി ഞങ്ങളുടേതാണ്. നിങ്ങൾ സ്തോതാവിനെ രക്ഷിയ്ക്കണം: നാസത്യരേ, അഭിലാഷം നിങ്ങളിൽത്തന്നേ വന്നുനില്ക്കുന്നു! (7)

### കുറിപ്പുകൾ: സൂക്തം 43.

1. യജ്ഞാഹർ-ദേവകൾ. പതിയ്ക്കും – ഒട്ടിയ്ക്കും. അശ്വികൾതന്നേ സ്തുതിയ്ക്കുടമകൾ എന്നു ധ്വനി.
2. സുഖിപ്പിയ്ക്കാൻ – നമ്മെ. വരും – യജ്ഞത്തിൽ. ഏറ്റവും സുഖപ്രദൻ ആരാണ്? അശ്വികൾതന്നേ.
4. മധു – മധുരജലം.
5. മധുവിൽ – സോമരസത്തിൽ. മധു – മധുരമായ പാൽ.
6. പറവകൾ – പക്ഷിസദൃശങ്ങളായ അശ്വങ്ങൾ.
7. ഞങ്ങളുടേതാണ് – ഞങ്ങൾക്കു ഫലം തരട്ടേ എന്നു ഭാവം. അഭിലാഷം – സ്തോതാവായ എന്റെ.

## സൂക്തം 44.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

അശ്വികളേ, വേഗമേറിയതും ഗോക്കളെ ചേർക്കുന്നതും, സൂര്യപുത്രി കേറിയതും, നുകത്തണ്ടുള്ളതും, സ്തുതികളെ വഹിയ്ക്കുന്നതും, ധനയുക്തവുമായ നിങ്ങളുടെ പെരുംതേരിനെ ഞങ്ങൾ ഇന്നു വിളിയ്ക്കുന്നു. (1)

സ്വർഗ്ഗത്തിന്ന് ഊന്നായ അശ്വികളേ, ദേവതകളായ നിങ്ങൾ കർമ്മങ്ങൾകൊണ്ട് ആ ലക്ഷ്മിയെ അനുഭവിച്ചുപോരുന്നു. നിങ്ങളെ വൻകുതിരകൾ തേരിൽ വഹിയ്ക്കുമ്പോഴെല്ലാം, അന്നം നിങ്ങളുടെ ദേഹത്തിലണയുന്നു! (2)

അശ്വികളേ, ആർ ഇന്നു നിങ്ങളെ സ്തുതിയ്ക്കും? ആർ രക്ഷണത്തിന്നോ, സോമപാനത്തിന്നോ, പുരാതനമായ യജ്ഞപ്രാപ്പിയ്ക്കോ, മന്ത്രങ്ങൾകൊണ്ടു ഹവിസ്സു നല്കി നമസ്കരിച്ചു കൊണ്ടുവരും? (3)

പെരുമപ്പെട്ട നാസത്യരേ, നിങ്ങൾ പൊന്നിൻതേരിലൂടേ ഈ യജ്ഞത്തിൽ വന്നുചേർന്നാലും: മധുരമായ സോമം കുടിയ്ക്കുവിൻ; പരിചാരകന്നു രത്നം കല്പിച്ചുനല്കുവിൻ! (4)

നിങ്ങൾ ഞങ്ങളുടെ അടുക്കലെയ്ക്കു, വിണ്ണിൽനിന്നോ, മന്നിൽ നിന്നോ, നന്നായുരുളുന്ന പൊന്നിൻതേരിലൂടേ വരുവിൻ. മറ്റു ദേവകാമന്മാർ നിങ്ങളെ പിടിച്ചു വെയ്ക്കരുത്: നിങ്ങളെ മുമ്പേ സ്തുതിച്ചതു ഞങ്ങളാണല്ലോ! (5)

അശ്വികളേ, നിങ്ങൾ ഞങ്ങൾക്കു വളരെ വീരന്മാരോടുകൂടിയ മഹത്തായ ധനം വേഗത്തിൽ തരുമാറാകണം: ഞങ്ങളിരുകൂട്ടരിൽ നേതാക്കൾ നിങ്ങളെ സ്തുതിച്ചുവല്ലോ; കൂടെ അജമീള്ഹന്റെ ആളുകളും സ്തോത്രം പാടി. (6)

രമ്യമായ അന്നമുള്ളവരേ, ഞാൻ ഇവിടെ സമാനമനസ്കരായ നിങ്ങളോടു ചേർക്കുന്ന ഈ സ്തുതി ഞങ്ങളുടേതാണ്. നിങ്ങൾ സ്തോതാവിനെ രക്ഷിയ്ക്കണം: നാസത്യരേ, അഭിലാഷം നിങ്ങളിൽത്തന്നേ വന്നുനില്ക്കുന്നു! (7)

### കുറിപ്പുകൾ: സൂക്തം 44.

1. ഗോക്കൾ – അശ്വങ്ങൾ.
2. അന്നം – സോമം.
3. കൊണ്ടുവരും – നിങ്ങളെ യജ്ഞത്തിൽ.
6. ഞങ്ങളിരുകൂട്ടർ – പുരുമീള്ഹനും, അജമീള്ഹനും. നേതാക്കൾ – ഋത്വിക്കുകൾ.

## സൂക്തം 45.

വാമദേവൻ ഋഷി; ജഗതിയും തിഷ്ടുപ്പും ഛന്ദസ്സ്; അശ്വികൾ ദേവത.

ഇതാ, സൂര്യൻ ഉദിച്ചുപൊങ്ങുന്നു; ഈ ആദിത്യന്റെ മുകളിൽ, ചുറ്റിനടക്കുന്ന രഥവും. അതിന്റെ മീതേ മൂന്നുതരം അന്നവും നാലാമതു മധുവിന്റെ ഒരു തോൽത്തുരുത്തിയും വിലസുന്നു! (1)

മധുവും അന്നങ്ങളും അശ്വങ്ങളും ചേർന്ന നിങ്ങളുടെ തേർപുലർകാലത്തുയരുന്നു: ചുഴന്ന ഇരുട്ടിനെ പായിയ്ക്കുന്നു; സൂര്യൻപോലെ അന്തരിക്ഷത്തെ വിളങ്ങിയ്ക്കുന്നു! (2)

മധു നുകർന്നുപോരുന്ന മുഖംകൊണ്ടു നിങ്ങൾ മധു നുകർന്നാലും: മധുവിന്നുവേണ്ടി അരുമത്തേർ പൂട്ടുവിൻ ഗഗനമാർഗ്ഗത്തെ മധുകൊണ്ടു കുളിർപ്പിയ്ക്കുവിൻ! അശ്വികളേ, മധുവിന്റെ തോൽത്തുരുത്തിയുണ്ടല്ലോ, നിങ്ങളുടെപക്കൽ. (3)

വെക്കം നടക്കും, ഹിതരമണീയമായി പറക്കും, ഉപദ്രവിയ്ക്കില്ല, മധുരതയുണ്ട്, ഉഷസ്സിലുണരും, ജലം പൊഴിയ്ക്കും, ഇമ്പപ്പെടുത്തും, സോമം കുടിയ്ക്കും – ഇങ്ങനെയുള്ള ധുരീണാശ്വങ്ങളാൽ നിങ്ങൾ, ഈച്ചകൾ തേനിലെന്നപോലെ, യാഗങ്ങളിൽ ചെല്ലുന്നു. (4)

മധുവോടുകൂടിയ സുയജ്ഞരായ അഗ്നികൾ ഉഷസ്സുകൾതോറും – കർമ്മം പൂർത്തിപ്പെടുത്തുന്ന വിചക്ഷണൻ കൈകഴുകി മധുരമായ സോമം അമ്മിക്കുഴകൊണ്ടു പിഴിഞ്ഞുകഴിഞ്ഞാൽ – ഒന്നിച്ചുവാഴുന്ന അശ്വികളളെ, സ്തുതിയ്ക്കുകയായി! (5)

പകലുകളാൽ ഇരുട്ടിനെ പായിയ്ക്കുന്ന രശ്മികൾ, സൂര്യനെന്ന പോലെ അന്തരിക്ഷത്തെ വിളങ്ങിയ്ക്കുന്നു, സൂര്യനും കുതിരകളെ പൂട്ടിപുറപ്പെടുന്നു. അപ്പോൾ നിങ്ങളിരുവരും മാർഗ്ഗങ്ങളെല്ലാം അന്നം കൊണ്ട് അടയാളപ്പെടുത്തും! (6)

അശ്വികളേ, കർമ്മമനുഷ്ഠിയ്ക്കുന്ന ഞാൻ നിങ്ങളെ സ്തുതിയ്ക്കുന്നു: യാതൊന്നിനാൽ നിങ്ങൾ ഉടനടി ഉലകം ചുറ്റമോ, ആ പഴക്കം തട്ടാത്ത നല്ലുതിരത്തേരിലൂടേ നിങ്ങൾ ഹവിസ്സും ഊട്ടുമുള്ള ശീഘ്രകർമ്മത്തിലെയ്ക്കു പുറപ്പെട്ടാലും! (7)

### കുറിപ്പുകൾ: സൂക്തം 45.

1. രഥവും – നിങ്ങളിരുവരുടെ തേരും ഉദിച്ചുപൊങ്ങുന്നു, കാണപ്പെടുന്നു. മൂന്നുതരം അന്നം. ഭക്ഷ്യം, പേയം, ഖാദ്യം. മധുവിന്റെ – സോമരസം നിറച്ച.

4. പറക്കും – പായും. ധുരീണങ്ങൾ – വഹനസമർത്ഥങ്ങൾ.

5. അഗ്നികൾ – ഗാർഹപത്യാദികൾ. വിചക്ഷണൻ – അധ്വര്യു.

7. ശീഘ്രകർമ്മം – ഞങ്ങളുടെ യാഗം.

## സൂക്തം 46.

വാമദേവൻ ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രനും വായുവും ദേവത.

ആദ്യം കുടിയ്ക്കു, യജ്ഞത്തിൽപ്പിഴിയപ്പെട്ട സോമനീർ:
വായുവാം നിന്തിരുവടിയല്ലോ, മുമ്പേ കുടിയ്ക്കുവോൻ. (1)

നൂറഭീഷ്ടമൊടും വായോ, നിയുത്സഹിതനാം ഭവാൻ
വരികി,ന്ദ്രന്നു തുണയായ്:-ക്കുടിപ്പിൻ, ഞങ്ങൾതൻ മധു! (2)

അന്നത്തിന്നായി വെമ്പിയ്ക്കും സഹസ്രാശ്വങ്ങൾ നിങ്ങളെ
ഇങ്ങെത്തിയ്ക്കട്ടെ, വായ്വിന്ദ്രന്മാരേ, സോമം കുടിയ്ക്കുവാൻ: (3)

വിൺചുറ്റും പൊൻനുകത്തണ്ടു ചേർന്ന തേരിൽ മഖത്തിനായ്
കല്പിച്ചുകേറുവോരല്ലോ, ഭവാന്മാരനിലേന്ദ്രരേ! (4)

കരുത്തേറും തേരിലൂടേ, ദാതാവിങ്കലണതഞ്ഞിടാൻ
ഇങ്ങോട്ടെഴുന്നള്ളണമേ, ഭവാന്മാരിലേന്ദ്രരേ! (5)

ഇതാ, പിഴിഞ്ഞൂ; സുരരോടൊന്നിച്ചു സമഹർഷരായ്
കുടിപ്പിനി,തു ദാതാവിൻ ഗൃഹത്തിലനിലേന്ദ്രരേ! (6)

ഇന്ദ്രവായുക്കളേ, നിങ്ങളിവിടെയ്ക്കെഴുന്നള്ളുവിൻ;
അഴിച്ചുവിടുവിൻ, സോമം കുടിയ്ക്കുവതിനിങ്ങുതാൻ! (7)

### കുറിപ്പുകൾ: സൂക്തം 46.

2. നിയുത്സഹിതൻ = നിയുത്തുക്കളോടുകൂടിയവൻ; നിയുത്തുക്കൾ – വായുവിന്റെ കുതിരകൾ. ഇന്ദ്രന്നു തുണയായ് – ഇന്ദ്രനൊന്നിച്ച്. കുടിപ്പിൻ – ഭവാനും ഇന്ദ്രനും,

4. വിൺചുറ്റും = സ്വർഗ്ഗത്തിൽ സഞ്ചരിയ്ക്കുന്ന. മഖത്തിനായ് – യജ്ഞത്തിലെത്താൻ.

5. ദാതാവ് – യജമാനൻ.

6. അഴിച്ചുവിടുവിൻ – തേർക്കുതിരകളെ.

## സൂക്തം 47.

വാമദേവൻ ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രവായുക്കൾ ദേവത. ('മാബലിനാട്ടു'പോലേ)

മുമ്പേ ഭവാനു തരുന്നേൻ, വായോ,
സംപൂതൻ ഞാൻ യജ്ഞേ സ്വാദുവാം നീർ:
വന്നാലും, സോമം കടിപ്പാൻ ദേവ,
തൻനിയുത്തോടൊത്തു കാമ്യനാം നീ! (1)

ഇന്ദുവിൻ നീരിതു പാനംചെയ്വാ –
നിന്ദ്രനുമങ്ങുമാണ,ർഹർ വായോ:
നിങ്ങളിലല്ലോ, ചേരുന്നു സോമം,
നിമ്നത്തിലംഭസ്സുപോലെയൊപ്പം! (2)

അന്നിയുത്തുക്കളൊത്തൂർജ്ജിതന്മാ-
രിന്ദ്രനുമങ്ങും ബലേശർ വായോ,
ഇങ്ങെഴുന്നള്ളുവിനൊറ്റത്തേരി-
ലെ,ങ്ങളെ രക്ഷിപ്പാൻ, സോമമുണ്ണാൻ! (3)

മേധധുരീണരാം വായ്വിന്ദ്രരേ,
ദാതാക്കളായ ഞങ്ങൾക്കായ് നിങ്ങൾ
അപ്പുരുകാമ്യനിയുത്തുക്കളെ –
ക്കല്പിച്ചുപൂട്ടുവിൻ, നേതാക്കളേ! (4)

### കുറിപ്പുകൾ: സൂക്തം 47.

1. സംപൂതൻ – വ്രതചര്യകൾകൊണ്ടു പരിശുദ്ധനായവൻ.
2. ഇന്ദു = സോമം. നിമ്നം = താന്ന സ്ഥലം. അംഭസ്സ = ജലം.
3. ബലേശർ – ബലത്തിന്റെ അധിപതികളായ ഇന്ദ്രനും അങ്ങും.
4. മേധധുരീണർ = യാഗഭാരവാഹികൾ. പൂട്ടുവിൻ – തേരിൻമുമ്പിൽ കെട്ടുവിൻ.

## സൂക്തം 48.

വാമദേവൻ ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; വായു ദേവത. (വൃത്തം മുമ്പേത്തതുതന്നെ)

മുല്പാടു ഭക്ഷിയ്ക്കു, ഹവ്യം ഭൂപ-
ന്നൊപ്പം നീ; സ്തോതാവിന്നേകുകർത്ഥം;
ചന്ദ്രസങ്കാശമാം തേരിലൂടേ
വന്നാലും, സോമം കുടിപ്പാൻ വായോ! (1)

നിന്ദിതാരോപണം നീക്കും ഭവാ-
നന്നിയുത്തുക്കളൊത്തിന്ദ്രനുമായ്
ചന്ദ്രസങ്കാശമാം തേരിലൂടേ
വന്നാലും, സോമം കുടിപ്പാൻ വായോ! (2)

ധാരിതദ്രവ്യമാർ വിശ്വരൂപ-
മാരി,രുകൃഷ്ണമാർ നിൻവശത്താം;
ചന്ദ്രസങ്കാശമാം തേരിലൂടേ
വന്നാലും, സോമം കുടിപ്പാൻ വായോ! (3)

നിന്നെ വഹിയ്ക്കട്ടെ, ചേർന്നുനില്ക്കും
തൊണ്ണൂറ്റിയൊമ്പതു ഹൃദ്വേഗികൾ;
ചന്ദ്രസങ്കാശമാം തേരിലൂടേ
വന്നാലും, സോമം കുടിപ്പാൻ വായോ! (4)

പോറ്റുകവേണ്ടും നൂറശ്വങ്ങളെ-
പ്പൂട്ടിനിർത്തീടുക, വായോ ഭവാൻ;
അല്ലെങ്കിലായിരം ചേർന്ന നിൻതേ-
രഭ്യാഗമിയ്ക്കട്ടെ, കെല്പിനോടേ! (5)

### കുറിപ്പുകൾ: സൂക്തം 48.

1. ഭൂപന്നൊപ്പം = ഒരു രാജാവിനെപ്പോലെ. അർത്ഥം = ധനം. ചന്ദ്രസങ്കാശം – ചന്ദ്രൻപോലെ ആഹ്ലാദിപ്പിയ്ക്കുന്നത്.
2. നിന്ദിതാരോപണം – ദോഷം ചുമത്തൽ.
3. ധാരിതദ്രവ്യമാർ = ധനങ്ങളെ വഹിച്ചവർ. ഇരുകൃഷ്ണമാർ – ദ്യാവാപൃഥിവികൾ. നിൻവശത്താം = ഭവാന്നധീനകളാകുന്നു.
4. ഹൃദ്വേഗികൾ – മനോവേഗികളായ അശ്വങ്ങൾ.
5. ആയിരം – ആയിരമശ്വങ്ങൾ. അഭ്യാഗമിയ്ക്കു = വരിക.

## സൂക്തം 49.

വാമദേവന്ന ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രനും ബൃഹസ്പതിയും ദേവത.

ഇതാ, നിങ്ങൾക്കു തിരുവായ്ക്കുന്നിലിന്ദ്ര, ബൃഹസ്പതേ,
വീഴ്ത്തുന്നേൻ പ്രിയമാം ഹവ്യം; ചൊൽവൂ, മത്തേകമുക്ഥവും! (1)

ഇതാ, പകർന്നുകൊള്ളുന്നു, നിങ്ങൾക്കിന്ദ്ര, ബൃഹസ്പതേ,
വെട്ടുപ്പിയന്നതാം സോമം, കുടിപ്പാൻ, മത്തുകൊള്ളുവാൻ! (2)

ഇന്ദ്രാബൃഹസ്പതികളേ, വന്നാലും, ഞങ്ങൾതൻ ഗൃഹേ,
സോമപായികളാമങ്ങുമിന്ദ്രനും സോമമുണ്ണുവാൻ; (3)

ഞങ്ങൾക്കു തന്നരുളുവിൻ, നിങ്ങളിന്ദ്ര, ബൃഹസ്പതേ,
അശ്വങ്ങളും ഗോശതവും കലർന്ന ധനമായിരം! (4)

ഇന്ദ്രാബൃഹസ്പതികളെ,യിങ്ങിസ്സോമം കുടിയ്ക്കുവാൻ,
പിഴിഞ്ഞരിച്ചുവെച്ചെങ്ങൾ വിളിയ്ക്കുന്നു, സ്തവങ്ങളാൽ! (5)

നിങ്ങൾ ദാതൃഗൃഹത്തിങ്കൽസ്സോമമിന്ദ്ര, ബൃഹസ്പതേ,
അവിടെത്തന്നെ വാഴ്വോരായ്ക്കുടിപ്പിൻ, മത്തുകൊള്ളുവിൻ! (6)

### കുറിപ്പുകൾ: സൂക്തം 49.

1. ഹവ്യം – സോമനീര്. ഉക്ഥം = ശസ്ത്രമെന്ന സ്തോത്രം.

## സൂക്തം 50.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സ്; ഇന്ദ്രനും ബൃഹസ്പതിയും ദേവത.

മൂന്നിടങ്ങളിൽ മേവുന്ന യാതൊരുത്തനോ, ബലംകൊണ്ടു ഭൂമിയുടെ അറ്റങ്ങളെ ചൊല്ലിയുറപ്പിച്ചതു്; ആ മഞ്ജുഭാഷിയായ ബൃഹസ്പതിയെ മേധയും തേജസ്സുമേറിയ പണ്ടേത്തെ ഋഷിമാർ മുന്നിൽ-പ്രതിഷ്ഠിച്ചു. (1)

ബൃഹസ്പതേ, ഗമനത്തിൽ വിറപ്പിയ്ക്കുന്ന ഞങ്ങളുടെ ആളുകൾ ശോഭനപ്രജ്ഞനായ ഭവാനെ ഇമ്പംകൊള്ളിച്ചു സ്തുതിയ്ക്കുന്നുണ്ടല്ലോ; ഇവരുടെ കാരണഭൂതനെ – ഫലങ്ങൾ തുകുന്നവനും സഞ്ചരിഷ്ണുവും പീഡയേശാത്തവനുമായ മഹാനെ – ബൃഹസ്പതേ, അങ്ങു രക്ഷിയ്ക്കണം! (2)

ബൃഹസ്പതേ, മികച്ച വിദൂരവസതിയിൽ, താഴത്തു്, അങ്ങയുടെ യാഗേച്ഛുക്കൾ നില്ക്കുന്നുണ്ടല്ലോ; അങ്ങയ്ക്കായി അമ്മിക്കുഴകൊണ്ടു പിഴിയപ്പെട്ട സോമങ്ങൾ, കുഴിക്കിണറുകൾപോലെ നാലുപാടും ഒലിക്കൊണ്ടൊഴുകുന്നു! (3)

മഹത്തായ ജ്യോതിസ്സിന്റെ പരമവ്യോമത്തിൽ മുമ്പേ ഉദിയ്ക്കുന്ന ബഹുരൂപനും സപ്തമുഖനുമായ ബൃഹസ്പതി ശബ്ദംകൊണ്ടു രശ്മികൾ വീശി, തമസ്സുകളെ തട്ടിനീക്കുന്നു! (4)

ആ ബൃഹസ്പതി വഴിപോലെ സ്തുതിയ്ക്കുന്ന തേജസ്വിഗണത്തോടും ശബ്ദത്തോടുംകൂടി, തുരങ്കനായ വലയെ തുലച്ചുവിട്ടു; അദ്ദേഹം ഹവിസ്സുകളെ ചുരത്തുന്ന, ഉമ്പയിടുന്ന പൈക്കളെ വിളിച്ചു പുറത്തിറക്കി! (5)

ആ പാലകനും വർഷകനുമായ വിശ്വദേവനെ നാം ഇപ്രകാരം യജ്ഞസാധനങ്ങളായ ഹവിസ്സുകൾകൊണ്ടും നമസ്സുകൾകൊണ്ടും പരിചരിയ്ക്കുക: ബൃഹസ്പതേ, ഞങ്ങൾ സത്സന്താനങ്ങളോടും വീര്യത്തോടും കൂടി, ധനങ്ങളുടെ ഉടമസ്ഥരായിത്തീരണം! (6)

ആർ ബൃഹസ്പതിയെ ആദ്യം വഴിപോലെ പ്രതിഷ്ഠിച്ചു, സ്തുതിയ്ക്കുകയും വന്ദിയ്ക്കുകയും ചെയ്യുന്നുവോ; അവൻ രാജാവായി പ്രത്യർത്ഥികളെയെല്ലാം ബലവീര്യങ്ങൾകൊണ്ടു കീഴടക്കി വാഴും! (7)

ബൃഹസ്പതി യാതൊരുവനാൽ ആദ്യം പൂജിയ്ക്കപ്പെടുന്നുവോ, ആ രാജാവു തന്നെ അരമനയിൽ സുതൃപ്തനായി വസിയ്ക്കും: അദ്ദേഹത്തിന്നു ഭൂമി സദാ തഴച്ചുകൊണ്ടിരിയ്ക്കും; അദ്ദേഹത്തിന്നു പ്രജകൾ സ്വതവേ കീഴ്വണങ്ങും! (8)

പ്രീണനമിച്ഛിയ്ക്കുന്ന ബൃഹസ്പതിയ്ക്കു ധനം നല്കുന്ന രാജാവു തടവില്ലാതെ എതിരാളികളുടെയും തനതാളുകളുടെയും സമ്പത്തു പിടിച്ചടക്കും; അദ്ദേഹത്തെ ദേവകൾ രക്ഷിയ്ക്കും! (9)

ബൃഹസ്പതേ, ഈ യജ്ഞത്തിൽ ഇമ്പംപൂണ്ടു ധനം വർഷിയ്ക്കുന്നവരായ അങ്ങും ഇന്ദ്രനും സോമം നുകരുവിൻ: എങ്ങും വ്യാപിയ്ക്കുന്ന സോമങ്ങൾ നിങ്ങളുടെ ഉള്ളിൽ കടക്കട്ടെ. ഞങ്ങൾക്കു് എല്ലാ വീരന്മാരെയും ധനവും തന്നരുളുവിൻ! (10)

ബൃഹസ്പതേ, ഇന്ദ്ര, നിങ്ങൾ ഞങ്ങളെ തഴപ്പിയ്ക്കുവിൻ: നിങ്ങളുടെ ആ നന്മനസ്സു ഞങ്ങളിൽ ഒപ്പം പതിയട്ടെ; കർമ്മങ്ങളെ രക്ഷിയ്ക്കുവിൻ; സ്തുതികൾ കേട്ടരുളുവിൻ; സേവിയ്ക്കുന്ന ഞങ്ങളുടെ എതിരാളികളോടു പൊരുതുവിൻ! (11)

## കുറിപ്പുകൾ: സൂക്തം 50.

1. അറ്റങ്ങൾ – പത്തു ദിക്കുകൾ. ചൊല്ലി – 'ഇങ്ങനെ നില്ക്കുവിൻ' എന്നു നിർദ്ദേശിച്ച്.
2. വിറപ്പിയ്ക്കുന്ന – ശത്രുക്കളെ. മഹാനെ – യജമാനനെ.
3. വിദൂരവസതി – സ്വർഗ്ഗം. യാഗേച്ഛുക്കൾ – യജ്ഞകാമങ്ങളായ അശ്വങ്ങൾ അവയെ പൂട്ടി ഇങ്ങോട്ടു വരിക എന്നു ഹൃദയം. ഒലികൊണ്ട് ശബ്ദത്തോടേ; ഭവാനെ സ്തുതിച്ചുകൊണ്ടെന്നപോലെ എന്നു ധ്വനി.
4. മഹത്തായ ജ്യോതിസ്സ് – സൂര്യൻ.
5. തേജസ്വിഗണം – അംഗിരസ്സുകൾ. തുരങ്കനായ വലനെ – പാറ തുരന്ന് അപഹൃതഗോക്കളെ അതിലാക്കിയ വലനെന്ന അസുരനെ. ഹവിസ്സുകൾ – പാലിൽനിന്നാണല്ലോ, നെയ്യും മറ്റും.
10. എങ്ങും – ദേഹത്തിലാകെ.

ഏഴാമധ്യായം സമാപ്തം.

# ഋഗ്വേദം: മൂന്നാം അഷ്ടകം

## എട്ടാം അദ്ധ്യായം

മണ്ഡലം 4 അനുവാകം 5

## സൂക്തം 51.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഉഷസ്സ് ദേവത. (കാകളി)

നല്ലൊളി വീശുമത്തേജസ്സിതാ, കിഴ-
ക്കല്ലിൽനിന്നേറ്റം തഴപ്പോടുദിതമായ്;
കില്ലില്ല, കാട്ടിനാൾ, വിണ്ണിൻമകളുഷ
സ്സെല്ലാരെയും വഴി തൻവെളിച്ചത്തിനാൽ! (1)

സംസ്ഥിതയായ്, കിഴക്ക,ർച്ചയയാകുമുഷ-
സ്സ,ധ്വരേ നാട്ടിയ യൂപംകണക്കിനേ;
വാരൊളികൊണ്ടു, മറച്ച തമസ്സിന്റെ
വാതിൽ തുറന്നാൾ, വിളങ്ങുമപ്പാവനി! (2)

ഊട്ടുവോരെദ്ധരിപ്പിപ്പൂ, ധനാർപ്പണ-
മാഢ്യപ്പുലരി വെളിച്ചം വിരിച്ചിഹ;
കൊള്ളരുതാത്ത തമസ്സിൻ നടുവിലേ
പള്ളിയുണരാതുറങ്ങട്ടെ, പിച്ചകൾ! (3)

ഏതിനാൽ നേടീ, വെളിച്ചം മഘോനി, സ-
പ്താസ്യർ നവഗ്വദശഗ്വാംഗിരസ്സുകൾ
അത്ത്വദ്രഥം നവീനംതാൻ പഴതുതാ-
നെത്തേണമിന്നുഷോദേവി, പലവുരു! (4)

നിദ്രിതരാമിരുകാലിനാല്ക്കാലികൾ-
ക്കുദ്യമിപ്പാനുണർവേകിപ്പൊട്ടുന്നനേ
പാരിലെമ്പാടും ചരിയ്ക്കു,മുഷോദേവി-
മാരേ, ഭവതിമാർ യജ്ഞഗാശ്വങ്ങളാൽ! (5)

എങ്ങു പിറപ്പിയുഷസ്സുകൾക്കാ – ?ർക്കു മൂ-
പ്പി?-ഞ്ഞൃഭുനിർമ്മാണമാർതൻ വരവിലാം?
വേറുതിരിച്ചറിയപ്പെടുന്നീലൊ,ളി
പാറിയ്ക്കുമീയേകരൂപതരുണിമാർ! (6)

യഷ്ടാവെവരെ സ്തുതിച്ചുക്ഥമോതിയും
സ്പഷ്ടമായ് ശ്ശംസിച്ചുമാശു നേടീ, ധനം;
അശ്ശുഭോഷസ്സുകൾ പണ്ടേ മഖോൽപന്ന-
ര,ഭ്യാഗമാൽത്താൻ ധനം തരും സത്യമാർ! (7)

നേരേ കിഴക്കന്തരിക്ഷത്തിൽയിന്നെങ്ങു-
മേരെത്തഴച്ച ചരിയ്ക്കും സമാനമാർ,
ആർത്ത്വിജ്യബോധദരീയുഷോദേവിമാർ
വാഴ്ത്തപ്പെടുന്നു, പയസ്സൂഷ്ടിപോലവേ! (8)

ഒന്നുപോലൊറ്റവടിവൊടേ സഞ്ചരി-
യ്ക്കുന്നു, നിറക്കുറവേശാത്തുഷസ്സുകൾ
ചീർത്ത കറുപ്പിനെ മൂടി,ത്തെളിഞ്ഞൊളി

ചാർത്തിമിന്നുന്ന മെയ്യോടേ വിശുദ്ധമാർ! (9)

ഞങ്ങൾക്കു, വിൺ പെറ്റ ഭാസ്സറ്റ ദേവിമാർ
നിങ്ങൾ തന്നീടുവിൻ, പുത്രയുക്തം ധനം:
നിങ്ങളെസ്സൌഖ്യലബ്ധിയ്ക്കായ് സ്തുതിയ്ക്കുന്ന
ഞങ്ങൾ സദീർഘ്യത്തിനീശരാകേണമേ! (10)

ഇങ്ങുഷസ്സുകളേ, വിൺ പെറ്റ ഭാസ്സറ്റ
നിങ്ങളോടർത്ഥിപ്പന,ധ്വരകേതു ഞാൻ:
കീർത്തിയുണ്ടാക, ഞങ്ങൾക്കു ജനങ്ങളിൽ;
ച്ചാർത്തുക,തിനെയിദ്യോഭ്രമിദേവിമാർ! (11)

## കുറിപ്പുകൾ: സൂക്തം 51.

1. ഉദിതമായ്=ഉദിച്ചു. അത്തേജസ്സ്–സ്തുത്യമായ ജ്യോതിസ്സ്. കില്ലി–തീർച്ചതന്നെ.
2. അർച്ച്യ=പൂജനീയ. പാവനി=ശുദ്ധികാരിണി.
3. ഊട്ടുവോരെ ധനാർപ്പണം ധരിപ്പിപ്പൂ–യജമാനന്മാരെ, ഹവിരർപ്പണത്തിന്നു സമയമായെന്നറിയിയ്ക്കുന്നു. ആഢ്യപ്പുലരി=ധനവതിയായ ഉഷസ്സ്. ഇഹ=ഇപ്പോൾ. പിച്ചകൾ–ധനമിരിയ്ക്കെ ആർക്കുമൊന്നും കൊടുക്കാത്ത അറുപിശുക്കന്മാർ. ഉണരാതുറങ്ങട്ടെ–ചത്തുപോകട്ടെ.
4. മഘോനി=ഹേ ധനവതി. സപതാസ്യർ–ഏഴു ഛന്ദസ്സു മുഖസ്ഥമാക്കിയിട്ടുള്ള. നവഗ്വദശഗ്വാംഗിരസ്സുകൾ–നവഗ്വരും ദശഗ്വരുമായ അംഗിരസ്സുകൾ. നവഗ്വ–ദശഗ്വപദങ്ങൾ മുൻപു വിവരിയ്ക്കപ്പെട്ടിട്ടുണ്ട്, അത്ത്വദ്രഥം=നിന്റെ ആ തേർ. നവീനം താൻ പഴതുതാൻ–പുതുതോ പഴതോ. മഘോനി എന്ന സംബുദ്ധിയാൽ, വെളിച്ചം എന്നതിന്നു, ധനം നേടാനുതകുന്ന വെളിച്ചം എന്ന അർത്ഥം ദ്യോതിയ്ക്കുടുന്നു.
5. ഉദ്യമിപ്പാൻ–സ്വസ്വകൃത്യങ്ങളിലേർപ്പെടാൻ. യജ്ഞഗാശ്വങ്ങളാൽ ചരിയ്ക്കും–യജ്ഞത്തിൽ ചെല്ലുന്ന അശ്വങ്ങളെ തേരിനു പൂട്ടി സഞ്ചരിയ്ക്കുന്നു.
6. ഈ ഏകരൂപതരുണിമാർ–ഒരേ ആകൃതിയിലുള്ള തരുണിമാരായ ഉഷസ്സുകൾ. എല്ലാദിനാരംഭങ്ങളിലും ഒരേതരത്തിലിരിയ്ക്കുന്ന ഉഷസ്സുകളെ എങ്ങനെ വേർതിരിച്ചറിയും? ജ്യേഷ്ഠത്തിയാര്, അനുജത്തിയാര് എന്നും അറിഞ്ഞുകൂടാ. ആർതൻ (ഏതുഷസ്സിന്റെ) വരവിലാണ്, ഋഭുക്കൾ ചമസാദികൾ നിർമ്മിച്ചതെന്നും അറികവയ്യ.
7. ഉക്ഥം=സ്തോത്രം. ശംസിച്ചും–ശസ്ത്രം ചൊല്ലിയും. മഖോൽപന്നർ യജ്ഞാർത്ഥം ജനിച്ചവർ. അഭ്യാഗമാൽത്താൻ=ആഗമനംകൊണ്ടുതന്നെ.
8. സമാനമാർ–ഏകരൂപമാർ. ആർത്ത്വിജ്യബോധദർ=ഋത്വിക്കുകളുടെ കർമ്മങ്ങളെപ്പറ്റി അറിവുകൊടുക്കുന്നവർ. പയസ്സൃഷ്ടി (ജലസൃഷ്ടി) ജഗദൂപകാരകത്വംമൂലം വാഴ്ത്തപ്പെടുന്നതാണല്ലോ.
9. കറുപ്പ്–ഇരുട്ട്.
10. വിൺ പെറ്റ–വിണ്ണിന്റെ പുത്രിമാർ.
11. അധ്വരകേതു=യജ്ഞമാകുന്ന അടയാളത്തോടുകൂടിയവൻ, യജ്ഞപ്രവൃത്തൻ. ജനങ്ങളിൽ–ഞങ്ങളെപ്പോലെയുള്ളവരിൽവെച്ച്. അതിനെ–ഞങ്ങളുടെ കീർത്തിയെ വാനൂഴികളാകുന്ന ദേവിമാർ ചാർത്തുക, അണിയട്ടെ; ഞങ്ങളുടെ കീർത്തി ദ്യോവിലും ഭൂവിലും വിളങ്ങട്ടെ.

## സൂക്തം 52.

വാമദേവൻ ഋഷി; ഗായത്രി ഛന്ദസ്സ്; ഉഷസ്സ് ദേവത.

ചെമ്മേ കൊണ്ടുനടക്കുന്നൊരമ്മയാകുമുഷസ്സവൾ
കാണായ്, സോദരിതൻ മീതേ വെളിച്ചം വീശി വിൺമകൾ! (1)

ഒരു പെൺകുതിരയ്ക്കൊപ്പം മിന്നും തിരുവുഷസ്സിവൾ
മഖാന്വിത, കതിർച്ചാർത്തിൻ മാതാവ,ശ്വികൾതൻസഖി! (2)

അശ്വിദേവർക്കു സഖി, നീ രശ്മിവൃന്ദത്തിനമ്മ. നീ;
ഉഷസ്സേ, ദ്രവിണച്ചാർത്തിർന്നുടമസ്ഥയുമാണു, നീ! (3)

ദുഷ്ടരെപ്പോക്കി വെളിവുണ്ടാക്കും നിന്നെ സ്തവങ്ങളാൽ
പേർത്തു പള്ളിയുണർത്താവൂ, ഞങ്ങൾ സൂനൃതഭാഷിതേ! (4)

കാണായി, നൽക്കതിരുകൾ, വർഷധാരകൾപോലവേ:
ഉഷസ്സനല്പതേജസ്സു നിറച്ചൂ, നാലിടത്തിലും! (5)

മറച്ചുവല്ലോ, തേജസ്സാൽ നിറച്ചിരുൾ വിഭാവരി;
ഇനി രക്ഷിച്ചുകൊണ്ടാലുമുഷസ്സേ, നീ ഹവിസ്സിനെ! (6)

വാനിങ്കലും, വല്ലഭമാമന്തരിക്ഷപ്പരപ്പിലും
വിരിയ്ക്കുന്നൂ, കതിർക്കൂട്ടമുഷസ്സേ, ശ്രീതെളിഞ്ഞ നീ! (7)

### കുറിപ്പുകൾ: സൂക്തം 52.

1. കൊണ്ടുനടക്കുന്ന – പ്രാണികളെ നയിയ്ക്കുന്ന. സോദരി-രാത്രി.
2. തിരുവുഷസ്സ് – പൂജനീയയായ ഉഷസ്സ്. അശ്വികൾതൻസഖി – ഉഷസ്സോടൊപ്പം സ്തുതിയ്ക്കപ്പെടുന്നവരാണല്ലോ, അശ്വികൾ.
4. ദുഷ്ടരെപ്പോക്കി – രാത്രിയിൽ ദുഷ്കർമ്മങ്ങൾക്കൊരുങ്ങിയവർ പ്രഭാതത്തിൽ ഒളിയ്ക്കുമല്ലോ. വെളിവുണ്ടാക്കും – പ്രാണികൾക്ക്.
6. നിറച്ച് – ലോകത്തെ. ഇരുൾ മറച്ചു. വിഭാവരി – ഉഷസ്സിന്റെ ഒരു പര്യായം; പ്രഭാവതി എന്നർത്ഥം.
7. വല്ലഭം = പ്രിയം. ശ്രീ = ശോഭ.

## സൂക്തം 53.

വാമദേവൻ ഋഷി; ജഗതി ഛന്ദസ്സ്; സവിതാവ് ദേവത. (കേക)

ധീവായ്പുമടർക്കെല്പുമിയന്ന സവചിതാവാം
ദേവന്റെ മഹത്തായ വിത്തമർത്ഥിപ്പൂ, ഞങ്ങൾ:
യാതൊന്നാൽ സ്വയം നല്കം, ദാതാവിന;-ത്തേജസ്സു
നാൾതോറുമുയർത്തുക, ഞങ്ങളിൽ മഹാൻ ദേവൻ! (1)

വിണ്ണിനും വിശ്വങ്ങൾക്കും താങ്ങായ സവിതാവു
പണ്ഡിതൻ മഞ്ഞച്ചട്ടയിട്ടവൻ പ്രജാപാലൻ
കണ്ണയച്ചുദ്ഘോഷിച്ചുകൊണ്ടെങ്ങുമൊളി വീശി,
വർണ്ണനീയമാം ഭൂരിസൌഖ്യത്തെജ്ജയിപ്പിപ്പൂ! (2)

മന്നുവാനുലകങ്ങൾ നിറച്ചസ്സവിതാവു,
തന്നുടെ ധർമ്മത്തിന്നു വിഖ്യാതി വരുത്തുന്നു;
വിടനല്കാനായ്ക്കൈകൾ നീട്ടി വിശ്വത്തെയൊരു-
മ്പെട്ടുവിയ്ക്കുന്നു, നിയന്ത്രിയ്ക്കുന്നു, ദേവൻ നിത്യം! (3)

ഇമ്മിയ്ക്കും ത്വയിരേശാതുലകം വിളങ്ങിച്ചു,
കർമ്മങ്ങൾ സംരക്ഷിപ്പൂ, സവിതാവാകും ദേവൻ:
പാരിലെ പ്രജകൾക്കായ്ക്കൈ നീട്ടിദ്ധൃതവ്രതൻ
വാരുറ്റ ജഗത്തിന്നു രാജാവായരുളുന്നു! (4)

മൂന്നന്തരിക്ഷത്തിലും, മൂന്നുലക്ഷങ്ങളിലും,
മൂന്നുരോചനത്തിലും, മൂന്നുവാനുകളിലും
മൂന്നുമന്നിലും വായ്പാൽ വ്യാപിച്ച സവിതാവു
മൂന്നുകർമ്മത്താൽപ്പാലിയ്ക്കട്ടെ, നമ്മളെത്താൻതാൻ! (5)

പീവരധനൻ, വിടനല്കവോനു,പഗമ്യൻ,
സ്ഥാവരചരലോകം രണ്ടിന്നുമുടയവൻ
മൂവുലകിലെസ്സൌഖ്യം നമുക്കു നല്കീടട്ടേ
ദേവനസ്സവിതാവു നമ്മുടെ പാപം പോക്കി! (6)

വരട്ടെ,യൃതുക്കളോടൊത്തു;—യർത്തട്ടേ, ഗൃഹം;
തരട്ടേ, സവിതാവു നമ്മൾക്കു സുപുത്രാന്നം;
അദ്ദേവനഹർന്നിശം തുഷ്ടരാക്കട്ടേ, നമ്മെ;
വിത്തസന്തതികളെ നമ്മളിലെത്തിയ്ക്കട്ടേ! (7)

### കുറിപ്പുകൾ: സൂക്തം 53.

1. ധീവായ്പ്=ബുദ്ധിപ്രകർഷം. നല്കം—ധനം. ദാതാവ്—യജമാനൻ.
2. കണ്ണയച്ച്—ലോകം നോക്കിക്കണ്ട്. ഉദ്ഘോഷിയ്ക്കുക—ആളുകൾ സ്വസ്വകൃത്യങ്ങൾക്കൊരുങ്ങുവിൻ എന്ന്.
3. മന്നുവാനുലകങ്ങൾ—മുമ്മൂന്നു ഭൌമദിവ്യലോകങ്ങൾ. നിറച്ച്—സ്വകാന്തിയാൽ. വിടനല്ലാനായ്—അനുജ്ഞകൊടുക്കാൻ. ഒരുമ്പെട്ടുവിയ്ക്കുക—കർമ്മോദ്യുക്തമാക്കുക.

4. ഇമ്മിയ്ക്കും = ഇത്തിരിപോലും. തുയിർ – ശത്രുപീഡ. ധൃതവ്രതൻ = കർമ്മങ്ങൾ കൈക്കൊണ്ടവൻ.

5. മൂന്നന്തരിക്ഷം – വായു, വിദ്യുത്ത്, വരുണം. മൂന്നുലകങ്ങൾ – ഭൂമ്യാകാശസ്വർഗ്ഗങ്ങൾ. മൂന്നുരോചനം – അഗ്നി, വായു, ആദിത്യൻ എന്നിവരുടെ ലോകങ്ങൾ. മൂന്നുവാനുകൾ – ഇന്ദ്രം, പ്രജാപതി, സത്യം. മൂന്നുമന്ന് – ഭൂമിയുടെ മൂന്ന് അവാന്തരഭേദങ്ങൾ. മൂന്നുകർമ്മം – ചൂട്, മഴ, മഞ്ഞ്.

6. പീവരധനൻ – തടിച്ച (മഹത്തായ). ധനത്തോടുകൂടിയവൻ. ഉപഗമ്യൻ – സമീപിയ്ക്കപ്പെടേണ്ടവൻ.

7. ഉയർത്തട്ടേ – അഭിവൃദ്ധിപ്പെടുത്തട്ടെ. സുപുത്രാന്നം = നല്ല പുത്രന്മാരോടുകൂടിയ അന്നം; നല്ല പുത്രന്മാരെയും അന്നവും.

## സൂക്തം 54.

വാമദേവൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്. സവിതാവ് ദേവത. (കേക)

ആവിർഭവിച്ചു, ദേവ;-നാശു വന്ദിക്കേണം നാ;-
മാളുകൾ പുകഴ്ത്തേണ,മിപ്പൊഴുതഹസ്സിങ്കൽ:
മർത്ത്യർക്കായ് മണിസ്വത്തു കൈക്കൊള്ളും സവിതാവി-
ങ്ങെത്തിയ്ക്കുമാറാകട്ടേ, നമുക്കുത്തമവിത്തം! (1)

മൃത്യുനാശനമാകും ശ്രേഷ്ഠാംശം സവിതാവേ,
ക്രത്വർഹദേവർക്കാദ്യം നല്കാമെന്നരുളും, നീ;
ദത്തഹവ്യനെ പ്രകാശിപ്പിയ്ക്കു,മുടൻതന്നേ,
മർത്ത്യർക്കു തലമുറയായ ജീവിതത്തെയും! (2)

കെല്പരെക്കൊണ്ടോ വെറുമല്പരെക്കൊണ്ടോ, ഞങ്ങൾ
ദർപ്പാൽത്താനുശിരാൽത്താന,ങ്ങയ്ക്കുമമരർക്കും
മർത്ത്യർക്കുമറിയാതെ ചെയ്ത തെറ്റുറ്റ,ങ്ങി-
ക്കൃത്യത്തിലനുജ്ഞ നല്കു,ങ്ങൾക്കു സവിതാവേ! (3)

ദേവനാം സവിതാവു ചെയ്വതിന്നിടിവേല്ക്കി-
ല്ലീ;-വിശ്വഭുവനത്തിന്നാധാരമതൊന്നല്ലോ:
പൃത്ഥ്വിയ്ക്കു വളരാനും, ദ്യോവിനു വർദ്ധിപ്പാനും –
സത്യമാണ – നുജ്ഞ നല്കുന്നു, നൽവിരലുള്ളോൻ! (4)

പൊക്കു,മദ്രികളെക്കാളിന്ദ്രപൂജകരെ നീ;
സഗ്രാമം ഗൃഹമിവർക്കേകും, നീ സവിതാവേ;
എവ്വണ്ണമെവ്വണ്ണം നീ നിർത്തിയോ, ചരവർഗ്ഗ-
മവ്വണ്ണമവ്വണ്ണം നില്ക്കുന്നു, നിന്നനുജ്ഞയ്ക്കായ്! (5)

ഞങ്ങൾ നാളൊന്നിൽ – പ്പോരാ, നാൾതോറും – പിഴിയുന്നു-
ണ്ട,ങ്ങയ്ക്കായ്ശ്ശുഭസോമം മൂന്നുരു സവിതാവേ;
ഇന്ദ്രനു,മാദിത്യരു,മദിതി, വാനുഴിയും
തന്നരുൾകീ, ഞങ്ങൾക്കായ്സ്സിന്ധു, തണ്ണീരും സൌഖ്യം! (6)

### കുറിപ്പുകൾ: സൂക്തം 54.

1. ആളുകൾ – നമ്മുടെ ഋത്വിക്കുകൾ. മണിസ്വത്ത് – രത്നാദി.
2. മൃത്യുനാശനം – അമൃതത്വസാധനം. ശ്രേഷ്ഠാംശം – സോമവും മറ്റും. ക്രത്വർഹദേവന്മാർ = യജ്ഞാർഹരായ ദേവകൾ. ദത്തഹവ്യനെ പ്രകാശിപ്പിയ്ക്കും – ഹവിസ്സു നല്കിയവനെ ധനാദികൾകൊണ്ടു ശോഭിപ്പിയ്ക്കും. തലമുറയായ – വംശവിച്ഛേദം വരാത്ത. ജീവിതത്തെയും പ്രകാശിപ്പിയ്ക്കും.
3. ദർപ്പാൽത്താനുശിരാൽത്താൻ – ഐശ്വര്യമദംകൊണ്ടോ പൌരുഷം കൊണ്ടോ. അങ്ങ് – ഭവാൻ.
4. വിശ്വഭുവനം = സർവലോകം. അത് – സവിതാവിന്റെ കർമ്മം.
5. പൊക്കും – ഉന്നതരാക്കും. സഗ്രാമം = ഗ്രാമങ്ങളോടുകൂടിയ. ചരവർഗ്ഗം – മനുഷ്യാദികൾ.

## സൂക്തം 55.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പും ഗായത്രിയും ഛന്ദസ്സ്; വിശ്വേദേവകൾ ദേവത.

വസുക്കളേ, ആരാണ്, നിങ്ങളിൽ രക്ഷകൻ? ആരാണ്, നിവാരകൻ? ദ്യോവേ, ഭൂവേ, അദിതേ, വരുണ, മിത്ര, നിങ്ങൾ തീറ്റിക്കേറ്റുന്ന മനുഷ്യനിൽനിന്നു ഞങ്ങളെ രക്ഷിച്ചാലും! ദേവന്മാരേ, യാഗത്തിൽ നിങ്ങളിലാരാണ്, ധനം നല്കുന്നത്; (1)

യാവചിലർ പുരാതനസ്ഥാനങ്ങൾ നല്കുന്നുവോ; പ്രൌഢരായ യാവചിലർ ദുഃഖം പോക്കി വെളിച്ചമരുളുന്നുവോ; ആ ശാശ്വതരായ കർത്താക്കൾ അഭീഷ്ടം തരും. ആ ദർശനീയർ സത്യകർമ്മാക്കളായി വിളങ്ങുന്നു! (2)

പ്രാപ്യയായ അദിതി, സിന്ധു, സ്വസ്തി എന്നീ ദേവിമാരെ ഞാൻ, സഖ്യത്തിന്നായി മന്ത്രങ്ങൾകൊണ്ടു സ്തുതിയ്ക്കുന്നു; ഇരുമഹതിമാർ ഞങ്ങളെ രക്ഷിയ്ക്കണം. അഹിംസനീയകളായ അഹോരാത്രികളും കനിയട്ടെ! (3)

അര്യമാവ്, വരുണൻ എന്നിവർ വഴിയരുളട്ടെ; അന്നപാലകനായ അഗ്നിയും സുഖകരമായ മാർഗ്ഗം അരുളട്ടെ; ഇന്ദ്ര, വിഷ്ണോ, നന്നായി സ്തുതിയ്ക്കപ്പെടുന്ന നിങ്ങൾ ഞങ്ങൾക്ക് ആളുകളും ഉറപ്പുമുള്ള സ്പൃഹണീയമായ ധനം തരുമാറാകണം! (4)

പർവതനും, മരുത്തുക്കളും, പാലകനായ ഭഗദേവനും രക്ഷിയ്ക്കേണമെന്നു ഞാനപേക്ഷിയ്ക്കുന്നു. വരുണൻ ജനങ്ങളുടെ പാപത്തിൽ നിന്നു ഞങ്ങളെ രക്ഷിയ്ക്കട്ടെ. മിത്രനും മിത്രഭാവത്താൽ ഞങ്ങളെ രക്ഷിയ്ക്കണം! (5)

ദ്യാവാപൃഥിവികളാകുന്ന ദേവിമാരെയും, അഹിബ്ബുധ്ന്യനെയും കടുത്തിരമ്പുന്ന നദികളെ തുറന്നവരെയും ഞാൻ അഭീഷ്ടലബ്ധിയ്ക്കായി, ധനത്തിന്നുവേണ്ടി സഞ്ചരിയ്ക്കുന്നവർ സമുദ്രത്തെയെന്നപോലെ സ്തുതിയ്ക്കുന്നു. (6)

അദിതിദേവി ദേവന്മാരോടൊന്നിച്ചു ഞങ്ങളെ രക്ഷിയ്ക്കട്ടെ; പാലകനായ ദേവൻ വീഴ്ചകൂടാതെ പാലിയ്ക്കട്ടെ, മിത്രന്റെയും വരുണന്റെയും അഗ്നിയുടെയും ഉത്തമമായ അന്നം ഞങ്ങൾ കുറയ്ക്കുകയില്ല! (7)

അഗ്നി ധനസമൂഹത്തിന്റെയും, അഗ്നി വലിയ സൌഭാഗ്യത്തിന്റെയും ഉടമയാണല്ലോ; അവ ഞങ്ങൾക്കു തരട്ടെ! (8)

ഉഷസ്സേ, മഘോനി, സൂനൃതവചനേ, വാജിനീവതി, ഭവതി ഞങ്ങൾക്കു വരണീയമായ ധനം വളരെ കൊണ്ടുവന്നാലും! (9)

സവിതാവും ഭഗനും വരുണനും മിത്രനും അര്യമാവും ഇന്ദ്രനും ഞങ്ങളിൽ വരുമാറുള്ളതു, യാതൊന്നോടുകൂടിയോ; ആ ധനം ഞങ്ങൾക്ക്! (10)

### കുറിപ്പുകൾ: സൂക്തം 55.

1. നിവാരകൻ – ദുഃഖങ്ങളെ തടുക്കുന്നവൻ. തീറ്റിക്കേറ്റുന്ന – എതിർക്കുന്ന.
2. നല്കുന്നുവോ – സ്തോതാക്കൾക്ക്.
3. ഇരുമഹതിമാർ – ദ്യാവാപൃഥിവികൾ.
4. വഴി – യജ്ഞാദിമാർഗ്ഗം.
5. പർവതൻ – ഇന്ദ്രസഖനായ ഒരു ദേവൻ.
6. അഹിബ്ബുധ്ന്യൻ – ഒരു ദേവൻ. തുറന്നവർ – വൃഷ്ടികർത്താക്കൾ. ധനത്തിന്നുവേണ്ടി – ദ്വീപാന്തരങ്ങളിൽ ചെന്നു കച്ചവടംകൊണ്ടു പണം സമ്പാദിപ്പാൻ.

7. പാലകനായ ദേവൻ – ഇന്ദ്രൻ. കുറയ്ക്കുകയില്ല – അനുഷ്ഠാനംകൊണ്ടു വർദ്ധിപ്പിയ്ക്കുകയേ ചെയ്യൂ.

9. ഉഷഃപർയ്യായങ്ങളാണ്, സംബുദ്ധിപദങ്ങൾ.

10. ഞങ്ങൾക്ക് – തരട്ടേ എന്ന ക്രിയാപദം അധ്യാഹരിയ്ക്കണം.

## സൂക്തം 56.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പും ഗായത്രിയും ഛന്ദസ്സ്; ദ്യാവാപൃഥിവികൾ ദേവത.

വലിയ, ശ്രേഷ്ഠകളായ ദ്യാവാപൃഥിവികൾ ഇവിടെ ഉദ്ദീപിപ്പിക്കുന്ന മന്ത്രങ്ങൾ കൊണ്ടു മിന്നിത്തിളങ്ങട്ടെ: എങ്ങും പരപ്പേറിയ ഈ മഹതികളെ ഉറപ്പിച്ചുകൊണ്ടാണല്ലോ, പർജ്ജന്യൻ തഴച്ച പായുന്നവരോടൊന്നിച്ച് ഒലിയിടുന്നത്! (1)

യഷ്ടവ്യകളായ, ഹിംസിയ്ക്കുകയോ ദ്രോഹിയ്ക്കുകയോ ചെയ്യാത്ത, നനയ്ക്കുന്ന, സത്യവതികളായ, ദേവമാതാക്കളായ, യജ്ഞം നിർവ്വഹിയ്ക്കുന്ന ദേവിമാർ യജനീയരായ ദേവന്മാരൊന്നിച്ച്, ഉദ്ദീപിപ്പിയ്ക്കുന്ന മന്ത്രങ്ങളോടു ചേർന്നുനില്ക്കട്ടെ! (2)

ആർ ദ്യാവാപൃഥിവികളെ സൃഷ്ടിച്ചുവോ; പരപ്പും ഉറപ്പും വെടുപ്പുമുള്ള ഈ ഇരുലോകങ്ങളെ ധീരനായ ആർ ത്രാണികൊണ്ടു നിരാലംബത്തിൽ വഴിപോലെ നിർത്തിയോ; അദ്ദേഹംതന്നെ, ലോകത്തിൽ ശുഭകർമ്മാവ്! (3)

ദ്യാവാപൃഥിവികളേ, പരപ്പേറിയ, വ്യാപ്തകളായ, യഷ്ടവ്യകളായ, അന്നം തരാനിച്ഛിയ്ക്കുന്ന നിങ്ങൾ ഒത്തൊരുമിച്ച, ഞങ്ങളെ വേഗത്തിൽ പത്നീസഹിതങ്ങളായ വലിയ ഗൃഹങ്ങൾകൊണ്ടു സംരക്ഷിയ്ക്കുവിൻ! തേരാളികളായ ഞങ്ങൾ സ്തുതിച്ചു സേവിയ്ക്കുമാറാകണം! (4)

ദേവിമാരേ, നിങ്ങൾക്ക് ഒരു വലിയ സ്തോത്രം ഞങ്ങൾ ഒരുക്കാം: പരിശുദ്ധമാരേ, സ്തുതിപ്പാൻ ഞങ്ങൾ സമീപിയ്ക്കുന്നു. (5)

നിങ്ങൾ സ്വന്തം ദേഹംകൊണ്ടും ബലംകൊണ്ടും പരസ്പരം ശുദ്ധിപ്പെടുത്തിക്കൊണ്ടു സംശോഭിയ്ക്കുന്നു; എന്നെന്നും യജ്ഞം നിർവഹിയ്ക്കുന്നു. (6)

മഹതികളേ, നിങ്ങൾ സഖാവിന്ന് ഇഷ്ടം സാധിപ്പിയ്ക്കുന്നു. അന്നം വിതച്ചും നിറച്ചും യജ്ഞത്തിനു ചുറ്റും വാണരുളുന്നു! (7)

### കുറിപ്പുകൾ: സൂക്തം 56.

1. തഴച്ചുപായുന്നവർ – മരുത്തുക്കൾ. ഒലിയിടുന്നത് – ഇടിമുഴക്കുന്നത്.
2. നനയ്ക്കുന്ന-വർഷജലംകൊണ്ട്.
3. വെടുപ്പ് – ഭംഗി, അഴക്. അദ്ദേഹം – പ്രജാപതി.
4. ഗൃഹങ്ങൾകൊണ്ടു – ഗൃഹങ്ങൾ തന്ന്.
7. സഖാവ് – സ്തോതാവ്. വിതച്ചും – പരക്കെ നല്കിയും, നിറച്ചും – ഓജസ്സു വളർത്തിയും.

## സൂക്തം 57.

വാമദേവൻ ഋഷി; അനുഷ്ടുപ്പും പുരഉഷ്ണിക്കും ത്രിഷ്ടുപ്പും ഛന്ദസ്സ്; ക്ഷേത്രപത്യാദികൾ ദേവത.

ക്ഷേത്രപതിയെക്കൊണ്ട്, ഒരു സുഹൃത്തിനെക്കൊണ്ടെന്നപോലെ, നമ്മൾ ജയം നേടുമാറാകണം: അദ്ദേഹം ഗവാശ്വധനം കൊണ്ടുവരും; അങ്ങനെ, നമ്മെ സുഖപ്പെടുത്തും! (1)

ക്ഷേത്രപതേ, അങ്ങു, തേൻപകർന്ന തെളിനെയ്യുപോലിരിയ്ക്കുന്ന മധുരജലത്തെ, പയ്യു പാലിനെയെന്നപോലെ, ഞങ്ങളിൽ ഒഴുക്കിയാലും; യജ്ഞപതികൾ ഞങ്ങളെ സുഖിതരാക്കട്ടെ! (2)

സസ്യങ്ങൾ ഞങ്ങൾക്കു തേനൊഴുക്കട്ടെ; അംഭസ്സും അന്തരിക്ഷവും തേനൊഴുക്കട്ടെ; ക്ഷേത്രപതി ഞങ്ങൾക്കു തേനൊഴുക്കട്ടെ. ഞങ്ങൾ ദ്രോഹിയ്ക്കപ്പെടാതെ അദ്ദേഹത്തെ അനുസരിയ്ക്കുമാറാകണം! (3)

ഏറ്റുമൂരികൾ സുഖമാംവണ്ണം, തെളിയ്ക്കുന്നവർ സുഖമാംവണ്ണം, കലപ്പ സുഖമാംവണ്ണം ഉഴുതട്ടെ; കയറുകൾ സുഖമാംവണ്ണം കെട്ടുക; മുടിങ്കോൽ സുഖമാവേണ്ണം ഉലയ്ക്കുക! (4)

ഹേ ശുന, സീര, നിങ്ങൾ ഈ വാക്കു കേൾക്കുവിൻ: നിങ്ങൾ ആകാശത്തു സംഭരിച്ച വെള്ളംകൊണ്ട് ഇതു നനയ്ക്കുവിൻ! (5)

സുഭഗേ, സീതേ, ആഭിമുഖ്യംകൊള്ളുക: ഞങ്ങൾക്കു സൌഭാഗ്യവും ഞങ്ങൾക്കു സാഫല്യവും തരുന്നതിനു ഭവതിയെ ഞങ്ങൾ വന്ദിയ്ക്കുന്നു! (6)

സീതയെ ഇന്ദ്രൻ നിയന്ത്രിയ്ക്കട്ടെ; അവളെ പൂഷാവു കീഴിൽ വെയ്ക്കട്ടെ; ആ പയസ്വിനി നമുക്കു, വരുന്ന വരുന്ന സംവത്സരത്തിലെല്ലാം ചുരത്തട്ടെ! (7)

കൊഴുക്കൾ സുഖമാംവണ്ണം നിലമുഴുതട്ടെ; മേയ്ക്കുന്നവർ മൂരികളോടുകൂടി സുഖമാംവണ്ണം വന്നെത്തട്ടെ പർജ്ജന്യൻ സുഖമാംവണ്ണം മധുരജലം തൂകട്ടെ; ശുനസീരന്മാരേ, ഞങ്ങളെ സുഖിതരാക്കുവിൻ! (8)

### കുറിപ്പുകൾ: സൂക്തം 57.

1. ക്ഷേത്രപതി – ഒരു ദേവൻ; കൃഷിസ്ഥലം പാലിയ്ക്കുന്നവൻ.
4. ഏറ്റുമൂരികൾ – നിലമുഴുതുന്ന കാളകൾ. തെളിയ്ക്കുന്നവർ – കർഷകർ. മുടിങ്കോൽ-തെളിയ്ക്കുന്ന വടി. ശുനനാണ്, ഈ മന്ത്രത്തിന്റെ ദേവത.
5. ശുനൻ, സീരൻ എന്നിവർ കൃഷിദേവന്മാരത്രേ; ശുനൻ ഇന്ദ്രനും, സീരൻ വായുവുമാകുന്നു. ഇതു – കൃഷിനിലം. ഈ ഋക്കിന്റെയും എട്ടാമത്തേതിന്റെയും ദേവത ശുനാസീരരാകുന്നു.
6. സീത – കലപ്പച്ചാല്. ആഭിമുഖ്യംകൊള്ളുക – ഞങ്ങാൾക്കനുകൂലയാവുക.
7. പയസ്വിനി – ഉദകവതി; ക്ഷീരവതി (പയ്യ്) എന്നും. 6-ം 7-ം ഋക്കുകളുടെ ദേവത, സീതയാണ്.

## സൂക്തം 58.

വാമദേവൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സ്; അഗ്നിയോ, സൂര്യനോ, ജലമോ പയ്യോ നെയ്യോ ദേവത.

സമുദ്രങ്കൽനിന്നു മധുരമായ അല പൊന്തി: ദീപ്തികൊണ്ടു മനുഷ്യൻ അമൃതത്വമടയുന്നു. ഘൃതത്തിന്നു രഹസ്യമായ നാമമുണ്ട് : ദേവന്മാരുടെ നാവ്; അമൃതിന്റെ ആസ്പദം! (1)

നാം ഘൃതത്തിന്റെ പേർ പുകഴ്ത്തുക; ഈ യജ്ഞത്തിൽ നമസ്കാരപൂർവം വെയ്ക്കുകയും ചെയ്യുക. സ്തോത്രം ചൊല്ലുന്നതു ബ്രഹ്മാവു കേൾക്കും; നാലുശൃംഗങ്ങളുള്ള ഗൌരവർണ്ണൻ ഇതു നിർവഹിയ്ക്കും! (2)

നാലു ശൃംഗം, മൂന്നു പാദം, രണ്ടു ശിരസ്സ്, ഏഴു കൈ – ഇങ്ങനെയുള്ള, മൂന്നു മട്ടിൽ ബന്ധിയ്ക്കപ്പെട്ടു ഒരു വൃഷഭൻ ഒലിയിടുന്നു; ആ മഹാനായ ദേവൻ മനുഷ്യരിൽ ഉൾപ്പൂകി. (3)

പണികളാൽ പൈക്കളിൽ ത്രിധാ മറച്ചുവെയ്ക്കപ്പെട്ടിരുന്ന ഘൃതം ദേവന്മാർക്കു കിട്ടി: ഒന്ന് ഇന്ദ്രനും, ഒന്നു സൂര്യനും ഉൽപാദിപ്പിച്ചു; ഒന്നു വേനങ്കൽനിന്ന് അന്നത്തിന്നായി സമ്പാദിയ്ക്കപ്പെട്ടു. (4)

ഈ ഘൃതധാരകൾ അരുമപ്പെട്ട അന്തരിക്ഷത്തിൽനിന്നു; ശത്രുവിന്റെ ദൃഷ്ടിയിൽപ്പെടാതെ, നൂറുനൂറായി കീഴ്പോട്ടു വീഴുന്നു. ഇവയെ ഞാൻ നോക്കിക്കണ്ടിരിയ്ക്കുന്നു: സ്വർണ്ണവർണ്ണനായ വൈദ്യുതാഗ്നിയുണ്ട്, ഇവയുടെ ഇടയിൽ. (5)

ഈ ഘൃതധാരകൾ ഹൃദയാന്തവർത്തിർയായ മനസ്സിനാൽ വിശുദ്ധീകരിയ്ക്കപ്പെട്ടു, തുഷ്ടികരങ്ങളായ പുഴകൾപോലേ വീഴുന്നു – എയ്യുന്നവങ്കൽനിന്നു പായുന മാനുകൾപോലേ ചെന്നണയുന്നു! (6)

കാറ്റിനൊത്ത വേഗമുള്ള പെരിയ ഘൃതധാരകൾ സിന്ധുവിങ്കൽനിന്നെന്നപോലെ ചാഞ്ഞേടത്തെയ്ക്കു തെരുതെരെ വീഴുന്നു; അവ, പായുന്ന കുതിരപോലെ പരിധികളെ പിളർത്തുകൊണ്ട് അലകൾ പരത്തുന്നു. (7)

മംഗളകാരിണികളായ ഘൃതധാരകൾ പുഞ്ചിരിയിട്ടുകൊണ്ട് അഗ്നിയെ, മനസ്സിണങ്ങിയ മങ്കമാർപോലെ മുഴുകിയ്ക്കുന്നു; ഉദ്ദീപിച്ച് എങ്ങും പെരുമാറുന്നു. അവയെ കൈക്കൊണ്ടു ജാതവേദസ്സു കാമിയ്ക്കുന്നു! (8)

വിവാഹത്തിൽ മണാളങ്കൽ ചെല്ലാൻ ആഭരണമണിഞ്ഞ കന്യകമാരെയെന്നപോലെയാണ്, ഞാൻ ഘൃതധാരകളെ കാണുന്നത്: സോമം പിഴിയുന്നേടത്തു – യജ്ഞമുള്ളേടത്തു – ചെന്നെത്തുന്നവയാണല്ലോ, ഇവ! (9)

നിങ്ങൾ ഗോസംഘത്തിൽ നല്ല സ്തുതിയെത്തിയ്ക്കുവിൻ: ഞങ്ങൾക്കു സ്തുത്യമായ ധനം കൈവരുത്തുവിൻ; നമ്മുടെ ഈ യജ്ഞത്തിൽ ദേവകളെ കൊണ്ടുവരുവിൻ. ഘൃതധാരകൾ മധുരമായി ഗമിയ്ക്കുന്നു! (10)

സമുദ്രത്തിന്നുള്ളിലും, ഹൃദയത്തിന്നുള്ളിലും, അന്നത്തിലും, ഉദകസംഘത്തിലും, യുദ്ധത്തിലും വർത്തിയ്ക്കുന്നതായ അങ്ങയുടെ തേജസ്സാണ്, ജഗത്തിന്നെല്ലാം ആധാരം; അതിൽ വെയ്ക്കപ്പെട്ടിരിയ്ക്കുന്ന മധുരരസം ഞങ്ങൾ ഭുജിയ്ക്കുമാറാകണം! (11)

## കുറിപ്പുകൾ: സൂക്തം 58.

1. സമുദ്രൻ – സൂര്യൻ; ഈ പദത്തിന്നു പല അർത്ഥങ്ങൾ പറയപ്പെട്ടിട്ടുണ്ട്, അല – ജലമെന്നർത്ഥം.
2. നാലു ശൃംഗങ്ങൾ – നാലു വേദങ്ങൾ; ശൃംഗശബ്ദവും അനേകാർത്ഥമാണ്. ഗൌരവർണ്ണൻ – ബ്രഹ്മാവ്. ഇതു – യജ്ഞം.
3. യജ്ഞാത്മകയായ അഗ്നിയോ സൂര്യനോ ആണ്, ഈ മന്ത്രത്തിന്റെ ദേവത: നാലു ശൃംഗം – നാലു വേദം. മൂന്നു പാദം – മൂന്നു സവനങ്ങൾ. രണ്ടു ശിരസ്സ്–ബ്രഹ്മൌദനവും പ്രവർഗ്ഗ്യവും. ഏഴു കൈ – സപ്തച്ഛന്ദസ്സുകൾ. മൂന്നുമട്ടിൽ – മന്ത്രം, ബ്രാഹ്മണം, കല്പം എന്നിവകൊണ്ടു്. വൃഷഭൻ – വർഷകൻ. മനുഷ്യരിൽ – യജമാനരിൽ.
4. ത്രിധാ – പാലും തയിരും വെണ്ണയുമാകുന്ന മൂന്നു രൂപത്തിൽ. ഒന്ന് – ക്ഷീരം. വേനൻ – അഗ്നി, അല്ലെങ്കിൽ വായു. സമ്പാദിയ്ക്കപ്പെട്ട – ദേവകളാൽ.
5. ഘൃതം = നെയ്യ്, ജലം. ശത്രു – വൃതൻ.
6. വീഴുന്നു – അഗ്നിയുടെ മുകളിൽ. എയ്യുന്നവങ്കൽനിന്നു പായുന്ന – വേടനെപ്പേടിച്ചോടുന്ന മാനുകൾ വല്ല പൊന്തയിലും കടന്നുകൂടുന്നതുപോലെ, ചെന്നണയുന്നു, അഗ്നിയെ പ്രാപിയ്ക്കുന്നു.

8. മുഴകിയ്ക്കുന്നു – അത്യാസക്തനാക്കുന്നു.
9. ഘൃതധാരകൾ കന്യകമാർ; അഗ്നി മണാളൻ.
10. ഋത്വിക്കുകളോട്; ഗോശബ്ദത്തിന്നു പയ്യെന്നോ, ജലമെന്നോ അർത്ഥം.
11. അഗ്നിയോട്;

നാലാംമണ്ഡലം സമാപ്തം.

# ഋഗ്വേദം: മൂന്നാം അഷ്ടകം

## എട്ടാം അദ്ധ്യായം

മണ്ഡലം 5     അനുവാകം 1

## സൂക്തം 1.

അത്രിവംശ്യരായ ബുധനും ഗവിഷ്ഠിരനും ഋഷികൾ; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.
(കാകളി)

പയ്യിനെയെന്നപോലെത്തുമുഷസ്സിനെ –
പ്പാർത്തുണർന്നാന,ഗ്നി യജ്ഞച്ചമതയാൽ:
നാകത്തിലെയ്ക്കു പടരുന്നു നാളങ്ങൾ,
ശാഖകൾ പൊങ്ങിയ വൃക്ഷങ്ങൾപോലവേ. (1)

ദേവയജ്ഞത്തിന്നുണർന്നു, ഹോതാവഗ്നി
ഭാവം തെളിഞ്ഞെഴുന്നേറ്റാൻ, പുലരിയിൽ:
കാണായ്, വളർന്ന ദേവന്റെ കത്തും ബലം;
താനേ തമസ്സിൽനിന്നുന്മുക്തനായ്, മഹാൻ! (2)

വിശ്വപാശത്തെ വിഴുങ്ങി,ജ്ജ്വലിച്ചഗ്നി
രശ്മിപ്രഭയാൽ വെളിച്ചമിയറ്റിനാൻ;
ചീർത്തണഞ്ഞഗ്രേ പരക്കുമന്നേച്ഛുവാം
നൈഢാര പൊളങ്ങിക്കുടിച്ചാൻ, ജുഹൂക്കളാൽ! (3)

അഗ്നിയെ നോക്കി നടക്കുന്നു, സൂര്യനെ-
ദൃക്കുപോലി,ദ്ദേവകാമർതൻ മാനസം;
വാനുഴികളുഷസ്സോടേ പെറുമഗ്നി
വാസരാരംഭത്തിൽ വായ്ക്കുന്നു, ദീപ്തനായ്! (4)

വാസരാരംഭത്തിലുൽപാടിതൻ ഹിതൻ
ഭാസുരനോമൽവിറകിൽ നിക്ഷിപ്തനായ്;
സപ്തരത്നങ്ങളെടുത്തു ഗൃഹേ ഗൃഹേ
സംയാജ്യനഗ്നി ഹോതാവായ് മരുവിനാൻ! (5)

ആ യാജ്യനഗ്നി ഹോതാവായ് മരുവിനാൻ,
തായിൻ സുഗന്ധിയാം വിസ്തൃടാങ്കസ്ഥലേ;
സത്യൻ, യുവാവു, ബഹുത്രസ്ഥിതൻ, ജന-
മധ്യേ ജ്വലിച്ചാൻ, നിലനിർത്തുവോൻ, കവി! (6)

മേധാഢ്യനധ്വരേ സാധകനീയഗ്നി
ഹോതാവു വാഴ്ത്തപ്പെടുന്നു, പ്രണതരാൽ;
വാനുഴികളിൽപ്പയസ്സു പരത്തുന്ന
വാജിയെ നെയ്യു തേപ്പിച്ചിടുന്നു സദാ! (7)

സ്ഥാനേ ഭജിയ്ക്കപ്പെടുന്നു, സേവ്യൻ ശിവൻ
ദാനേച്ഛു നമ്മൾക്കതിഥി കവിസ്തുതൻ;
ശക്തിരൂപൻ ശതശൃംഗൻ വൃഷഭന-
ങ്ങഗ്നേ, ബലാൽ വെല്ലു,മന്യരെയൊക്കയും! (8)

അഗ്നേ, ഭവാനാർക്കു ഭംഗ്യാ വെളിപ്പെട്ടു,-
മക്ഷണംതാനവനന്യരിൽ മീതെയാം;

സ്തുത്യൻ വെളിച്ചം പരത്തും ശുഭപ്രഭൻ
മർത്ത്യപ്രജകൾക്കൊരിഷ്ടാതിഥി, ഭവാൻ! (9)

ഭൂരിതാരുണ്യനാമഗ്നേ, തവാർച്ചനം
ദൂരാൽ സമീപാലൊരുക്കുന്നു, മാനുഷർ:
തേറേണമേ, നീ പുരുസ്തവൻതൻ സ്തവം;
സ്ഥാര,മഗ്നേ,ശുഭ,മുത്തമം, നിൻസുഖം! (10)

കേറുകി,ന്നഗ്നേ മഖാർഹരോടൊത്തൊ,ളി
പാറുന്ന സുപ്രാന്തമാം തേരിൽ നീ ശുചേ:
വാർവാനിൽ മാർഗ്ഗജ്ഞനാം നീ വരുത്തണം,
ദേവരെയിങ്ങു ഹവിസ്സമറേത്തിനായ്! (11)

ചൊല്ലീ, കവിയ്ക്കു, മേധ്യന്നു, വൃഷഭന്നു,
നല്ല യുവാവിന്നു ഞങ്ങൾ നതിസ്തുതി:
മിന്നും ചരിഷ്ണുവെ വാനത്തുപോല,ഗ്നി-
തന്നിൽ വെച്ചാൻ, ഹവിസ്തോത്രം ഗവിഷ്ഠിരൻ! (12)

## കുറിപ്പുകൾ: സൂക്തം 1.

1. പയ്യ് – ഹോമധേനു. എത്തുമുഷസ്സിനെ പാർത്ത് – ഉഷസ്സിന്റെ ആഗമനത്തിൽ. ഉണർന്നാൻ – ജ്വലിച്ചാൻ. നാകം = ആകാശം. നാളങ്ങൾ – അഗ്നിയുടെ ജ്വാലകൾ.
2. എഴുന്നേറ്റാൻ – ജ്വലിച്ചുയരുന്നതിനെ എഴുന്നേല്ക്കലാക്കിയിരിക്കുന്നു.
3. വിശ്വപാശം – ലോകവ്യാപാരത്തെ പ്രതിബന്ധിക്കുന്ന ഇരുട്ട്. അഗ്രേ = മുകൾവശത്ത്. അന്നേച്ഛുവാം – ഹോതാവിന്ന് അന്നമുണ്ടാകേണമെന്നിച്ഛിക്കുന്നു. പൊങ്ങി – ഉയർന്നുനിന്ന്.
4. മനസ്സ് അഗ്നിയെനോക്കി നടക്കുന്നു – അഗ്നി എപ്പോൾ വർദ്ധിക്കുമെന്ന് ഉൽക്കണ്ഠപ്പെടുന്നു; ദൃക്ക്(കണ്ണ്) സൂര്യനെ നോക്കി നടക്കുന്നതുപോലെ. വാസരാരംഭം – പ്രഭാതം.
5. ഓമൽവിറകിൽ – പ്രിയപ്പെട്ട ചമതകളിൽ. നിക്ഷിപ്തനായ് = വെയ്ക്കപ്പെട്ടു. സപ്തരത്നങ്ങൾ – ഏഴുതരം ജ്വാലകൾ. സംയാജ്യൻ = വഴിപോലെ യജിയ്ക്കപ്പെടേണ്ടുന്നവൻ; യജനീയൻ ഹോതാവായി എന്നത് അദ്ഭുതം.
6. തായിൻ – ഭൂമിയുടെ. സുഗന്ധി – നെയ്യിന്റെയും മറ്റും സൌരഭ്യമുള്ളത്. വീസ്പഷ്ടാങ്കസ്ഥലേ – വിസ്പഷ്ടമായ, പ്രത്യക്ഷദൃശ്യമായ മടിസ്ഥലത്ത്, വേദിയിൽ. ബഹുത്രസ്ഥിതൻ = അനേകസ്ഥാനസ്ഥൻ. നിലനിർത്തുവോൻ – വിശ്വധാരകൻ.
7. പ്രണതരാൽ – ആളുകളാൽ വണങ്ങി സ്തുതിക്കപ്പെടുന്നു. പയസ്സ = ജലം. വാജീ = അന്നവാൻ. തേപ്പിച്ചിടുന്നു = യജമാനർ.
8. ഉത്തരാർദ്ധം പ്രത്യക്ഷവചനം: ശതശൃംഗൻ – അസംഖ്യജ്വാലകളുള്ളവൻ. അങ്ങ് = ഭവാൻ. വെല്ലും – കീഴ്പെടുത്തും.
9. വെളിപ്പെടും = പ്രത്യക്ഷനാകും. മർത്ത്യപ്രജകൾ = മനുഷ്യരാകുന്ന പ്രജകൾ.
10. അർച്ചനം – ഹവിസ്സ് എന്നർത്ഥം. ദൂരാൽ സമീപാൽ = അകലത്തുനിന്നും അരികത്തുനിന്നും. പുരുസ്തുവൻ – വളരെ സ്തുതിയ്ക്കുന്നവനൻ. സ്തവം നീ തേറേണമേ – സ്തുതിയിൽ മനസ്സുവെച്ചാലും. സ്ഥാരം = പ്രവൃദ്ധം. നിൻസുഖം – നീ ഞങ്ങൾ തരാൻ തുടങ്ങുന്ന സുഖം.

11. മഖാർഹർ – ദേവകൾ. സുപ്രാന്തം = നല്ല പ്രാന്തങ്ങളോടു(ചുറ്റുഭാഗങ്ങളോടു)കൂടിയത്. തേരിൽ കേറുക – ഇങ്ങോട്ടു പോരാൻ. വാർവാനിൽ മാർഗ്ഗജ്ഞൻ = വിശാലാന്തരിക്ഷത്തിൽ വഴികൾ (ദേവന്മാരുടെ ഇരിപ്പിടങ്ങൾ) അറിയുന്നവൻ. ഇങ്ങു – ഈ യജ്ഞത്തിൽ.

12. നതിസ്തുതി = നമസ്കാരാന്വിതമായ സ്തുതി. മിന്നും ചരിഷ്ണു – സൂര്യൻ. ഹവിസ്തോത്രം = ഹവിസ്സോടുകൂടിയ സ്തോത്രം.

## സൂക്തം 2.

അത്രിപുത്രൻ കുമാരനും ജനപുത്രൻ വൃശനും ഋഷികൾ; ത്രിഷ്ടുപ്പും ശക്വരിയും ഛന്ദസ്സ്; അഗ്നി ദേവത.

നിഹതനായ കുമാരനെ അമ്മയായ യുവതി ഒരു ഗുഹയിൽ വെച്ചുകൊണ്ടിരുന്നു; അച്ഛന്നു കൊടുത്തില്ല. അവന്റെ പരിക്ഷേറ്റദേഹം, ശൂന്യത്തിൽ വെയ്ക്കപ്പെട്ടതിനാൽ, ആളുകൾ മുമ്പിൽ കണ്ടില്ല. (1)

'യുവതേ, നീ ഒരു കൊലപ്പിണിയായിത്തീർന്നു വെച്ചുകൊണ്ടിരിയ്ക്കുന്ന ഈ കുമാരൻ ഏതാണ്?' 'മഹിഷിയുടെ മകൻ: വളരെസ്സംവത്സരം വളർന്നു, ഗർഭം; അമ്മ പെററപ്പോൾ കുട്ടിയെ ഞാൻ കണ്ടു.' (2)

സ്വർണ്ണപ്പല്ലും കത്തുന്ന നിറവുമുള്ളവനെ, ആയുധങ്ങളുണ്ടാക്കുന്നവനെ, ക്ഷേത്രത്തിന്നടുക്കൽ ഞാൻ കണ്ടെത്തേണമേ! അവന്നു ഞാൻ അതിവിപുലമായ അമൃതു കൊടുക്കും: ഇന്ദ്രനില്ലാത്തവർ, സ്തോത്രമില്ലാത്തവർ, എന്നോടെന്തു കാട്ടും? (3)

നിഗൂഢം ചരിയ്ക്കുന്ന നിർഭരപ്രഭനെ, ഒരു ഗോവൃന്ദത്തെയെന്ന പോലെ, ഞാൻ സ്വയം ക്ഷേത്രത്തിൽ കണ്ടെത്തി: ആ അറിയപ്പെടാതിരുന്ന കിഴവികൾതന്നെ, ഇവന്റെ ജനനത്താൽ ചെറുപ്പക്കാരികളായിച്ചമഞ്ഞു! (4)

ആർ വേർപെടുത്തി, എന്റെ ആളുകളെയും ഗോക്കളെയും? ഇടയൻ എതിർത്തില്ലല്ലോ. ഇവിടം പിടിച്ചെടുത്തവർ മുടിഞ്ഞുപോകട്ടെ: എല്ലാമറിയുന്നവൻ മാട്ടുകളുടെ അടുക്കലെത്തിക്കൊള്ളും! (5)

ഉള്ള പ്രാണികൾക്കെല്ലാം ശരണമായ രാജാവിനെ അരാതികൾ മനുഷ്യർക്കിടയിൽ മറച്ചിരിയ്ക്കുന്നു. അദ്ദേഹത്തെ അത്രിയുടെ മന്ത്രങ്ങൾ വിടുവിയ്ക്കട്ടെ; നിന്ദിയ്ക്കുന്നവർ നിന്ദ്യരായിപ്പോകട്ടെ! (6)

അഗ്നേ, അങ്ങു ബദ്ധനായ ശുനശ്ശേപനെ, അവൻ സ്തുതിച്ചതിനാൽ, അനേകരൂപമായ യൂപത്തിൽനിന്നു മോചിപ്പിച്ചുവല്ലോ: വിദ്വൻ, അപ്രകാരം, ഇവിടെ ഇരുന്നു, ഞങ്ങളിൽനിന്നു പാശങ്ങൾ അഴിച്ചുകളഞ്ഞാലും! (7)

അഗ്നേ, അങ്ങു കോപിച്ച് എങ്കൽനിന്ന് അകന്നുവല്ലോ: ദേവന്മാരുടെ കർമ്മപാലകൻ ഇന്ദ്രൻ എന്നോടരുളിച്ചെയ്തു. ആ അഭിജ്ഞൻതന്നെ എനിയ്ക്കുവേണ്ടി അങ്ങയെ സന്ദർശിച്ചുവല്ലോ; അദ്ദേഹത്തിന്റെ അനുശാസനത്താലാണ്, ഞാൻ വന്നത്. (8)

അഗ്നി വലിയ തേജസ്സുകൊണ്ടു ദ്യുലോകം വിളങ്ങി, മഹത്ത്വത്താൽ എല്ലാററിനെയും വെളിപ്പെടുത്തുന്നു; ദുരവഗാഹങ്ങളായ അസുരമായകളെ അമർത്തുന്നു രക്ഷസ്സുകളെ നശിപ്പിയ്ക്കാൻ കൊമ്പുകൾ അണയ്ക്കുന്നു! (9)

അഗ്നിയുടെ ഇരമ്പുന്ന തീക്ഷ്ണായുധങ്ങൾ രക്ഷസ്സുകളെ കൊല്ലാൻ സ്വർഗ്ഗത്തിൽ ആവിർഭവിയ്ക്കട്ടെ: ഇമ്പംകൊണ്ടാൽ തന്തിരുവടിയുടെ അരിശം അവററിനെ ഉടച്ചുകൊള്ളും; ഉപദ്രവിയ്ക്കുന്ന അസുരപ്പടകൾ തടുക്കില്ല! (10)

അഗ്നേ, ബഹുസ്വരൂപ, നിന്തിരുവടിയ്ക്കായി ഈ സ്തോത്രം മേധാവിയും ധീരനുമായ ഞാൻ, ഒരു നല്ല പണിക്കാരൻ തേരെന്നപോലെ നിർമ്മിച്ചു. ദേവ, ഇത് അവിടെയ്ക്കു രുചിയ്ക്കുമെങ്കിൽ, ഈ പരക്കുന്ന വെള്ളം ഞങ്ങൾ കീഴടക്കും! (11)

കഴുത്തു തടിച്ച വൃഷഭൻ വളർന്നു, ശത്രുധനം നിർബാധമായി കൈക്കലാക്കും: ഇത് അഗ്നിയോടു ദേവകൾ പറകയുണ്ടായി. യാഗം ചെയ്യുന്ന, ഹവിസ്സർപ്പിക്കുന്ന മനുഷ്യന്നു തന്തിരുവടി സുഖം നല്കട്ടെ! (12)

## കുറിപ്പുകൾ: സൂക്തം 2.

1. ത്രസദസ്യുരാജാവിന്റെ പുരോഹിതനായ വൃശനെന്ന ഋഷി, നടപ്പനുസരിച്ച് (അന്നു രാജാക്കന്മാരുടെ സാരഥികളും പുരോഹിതന്മാർതന്നെയായിരുന്നു.) പള്ളിത്തേർ തെളിച്ചുകൊണ്ടുപോകുമ്പോൾ, പാതയിൽ കളിച്ചിരുന്ന ഒരു ബ്രാഹ്മണകുമാരൻ തേർച്ചക്രം ദേഹത്തിൽത്തട്ടുകയാൽ മരിച്ചുപോയി. ഈ അത്യാഹിതം രാജാവിനെ തീവ്രദുഃഖത്തിലാഴ്ത്തി. അദ്ദേഹം സൂതനോടാവലാതിപ്പെട്ടു:-'അങ്ങ് പുരോഹിതനായിരിയ്ക്കേ, എനിയ്ക്കു വധപാപം സംഭവിച്ചുവല്ലോ!' സമാനദുഃഖനായ ഋഷി ഉടനേ സാമമന്ത്രം ചൊല്ലി കുമാരനെ ഉജ്ജീവിപ്പിച്ചു. ഈ ഇതിഹാസമാണ്, ഈ സൂക്തത്തിൽ സൂചിപ്പിച്ചിരിയ്ക്കുന്നത്. (ഇതിന്നു ചില പ്രകാരാന്തരങ്ങളും കാണുന്നുണ്ട്.) ശൂന്യം = നിർജ്ജനസ്ഥലം.
2. വൃശൻ അവളോടു ചോദിച്ചതും, അവളുടെ മറുപടിയുമാണ്, ഈ ഋക്കിൽ. ഈ രണ്ട് ഋക്കുകൾക്ക് അഗ്നിപരമായ വ്യാഖ്യാനവുമുണ്ട്. മഹിഷി = രാജപത്നി; മഹതിയായ അരണി എന്നും.
3. വൃശന്റെ പ്രാർത്ഥന: സ്വർണ്ണപ്പല്ല് – ജ്വാലകൾ. ആയുധങ്ങൾ – തീപ്പൊരികൾ, ഉണ്ടാക്കുന്നവനെ – അഗ്നിയെ. ക്ഷേത്രം – വയൽ. അമൃത് – ഹവിസ്സ്. ഇന്ദ്രനില്ലാത്തവർ – ഇന്ദ്രനെ യജിയ്ക്കാത്തവർ.
4. കിഴവികൾ – അടങ്ങിയ ജ്വാലകൾ. അഗ്നി ജ്വലിച്ചാൽ ജ്വാലകൾക്കു കെല്പു വരുമല്ലോ.
5. ഇവിടം – ഈ രാജ്യം. എല്ലാമറിയുന്നവൻ – അഗ്നി.
6. രാജാവ് – അഗ്നി.
7. ഇവിടെ – വേദിയിൽ. പാശങ്ങൾ – സംസാരബന്ധങ്ങൾ.
9. കൊമ്പുകൾ – ജ്വാലകൾ. അണയ്ക്കുക – മൂർച്ചകൂട്ടുക.
10. തീക്ഷ്ണായുധങ്ങൾ – ജ്വാലകൾ. തടുക്കില്ല – തടുക്കാൻ ശക്തരാകില്ല.
11. ഞങ്ങൾ കീഴടക്കും – ഞങ്ങൾക്കു വേണ്ടപ്പോളൊക്കെ കിട്ടും.

## സൂക്തം 3.

അത്രിവംശ്യൻ വസുശ്രുതൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത. (കാകളി)

അഗ്നേ, പിറന്നാൽ വരുണനാകുന്നു, നീ;-
യുദ്ഗമിച്ചാൽ മിത്രനാം, നീ ബലാത്മജ!
ദിവ്യജനങ്ങളെപ്പേരുമേ നിങ്കലാം;
ഹവ്യമേകം നരന്നിന്ദ്രനാകുന്നു, നീ! (1)

കന്യകാബന്ധത്തിലര്യമാവാണു, നീ
യന്നവൻ, ഗോപ്യമാം പേർ വഹിയ്ക്കുന്നു നീ;
ദമ്പതിമാർതൻ മനസ്സിണക്കും നിന-
ക്ക,ൻപുറ്റ തോഴനുപോലേ തരുന്നു, പാൽ! (2)

നിന്നെ നീരാടിച്ചിടുന്നൂ മരുത്തുക്കൾ:
നിന്നുദ്ഭവം രുദ്ര, മാന്യം, മനോരമം;
വിഷ്ണുവിൻ ഗുഹ്യമാം കാൽ വെച്ചിടത്തു നീ
രക്ഷിപ്പു, നീരിൻ നിഗൂഢനാമങ്ങളെ! (3)

ദേവ, സുദൃക്കാം ഭവാന്റെ വിഭൂതിയാൽ-
ദ്ദേവർ പീയൂഷമുണ്ണുന്നൂ, കൃതജ്ഞരായ്;
മർത്ത്യർ സേവിപ്പൂ, ഹോതാവാകുമഗ്നിയെ
നിത്യം ഫലൈഷിയ്ക്കുവേണ്ടി ഹവിസ്സിനാൽ! (4)

ഇല്ല,ങ്ങൊഴിഞ്ഞൊരു പൂർവനും, ഹോതാവു;-
മില്ലൊ,രു യഷ്ടാവുമഗ്നേ, സ്തവാർഹനും;
ആർക്കുന്നവൻ, നീയതിഥി,യവൻ വശ-
ത്താക്കുമേ, ദേവ, മഖത്താൽ മനുഷ്യരെ! (5)

അങ്ങയെയഗ്നേ, ഹവിസ്സാലുണർത്തുന്ന
ഞങ്ങൾ നേടാവൂ, ധനങ്ങൾ നിൻപാലനാൽ;
നിത്യം മഖത്തിലും പോരിലും ശേഷിയു,-
മർത്ഥമോടാളുകളേയും ബലാത്മജ! (6)

ചെയ്യു,മാരെങ്ങളിൽക്കുറ്റവും പാപവു;-
മെയ്യട്ടെ, പാതകമപ്പീഡകങ്കലേ-
രണ്ടാലുമഗ്നേ, വലയ്ക്കുമാരെങ്ങളെ-
ക്കണ്ടു വധിയ്ക്ക, നീയമ്മൃഷാവാദിയെ! (7)

ഹേ ദേവ, പൂജിച്ചുപോന്നു, പുരാതനർ
ദൂതനാക്കി ഹവിസ്സാലേ പുലരിയിൽ:
ആവസിപ്പിച്ചു മനുഷ്യർ വളർത്തുന്ന
ദേവനാം നീ ചെല്ലുമല്ലോ, ധനാസ്പദേ! (8)

സ്വാസ്ഥ്യമണയ്ക്ക, വിടുവിയ്ക്ക: താതനെ-
ന്നോർത്തു സേവിപ്പൂ, ബലോത്ഥ, നിന്നെസ്സുതൻ;
എന്നെങ്ങളെ നോക്കു,മഗ്നേ,മനസ്വിനീ?-

യെന്നയയ്ക്കും, ക്രതുമാർഗ്ഗത്തിലെയ്ക്കു നീ? (9)

ഉച്ചതരാന്നം വഹിപ്പു, വണങ്ങുവോ-
നച്ഛനാമങ്ങയ്ക്കു ഭക്ഷിയ്ക്കുവാൻ വസോ;
യഷ്ടകാമൻ ബലസംയുതനാമഗ്നി
പുഷ്ടനായൊട്ടേറെ നല്കമല്ലോ, ധനം! (10)

അഗ്നേ, യുവോത്തമ, സർവപാപങ്ങൾക്ക-
മപ്പുറത്താക്കുന്നു, വാഴ്ത്തുവോനെബ്ഭുവാൻ;
ചോരരെക്കണ്ടുപിടിച്ചു; വിവർജ്ജിത-
ന്മാരായി, നിഹ്നുതചിഹ്നരാം വൈരികൾ. (11)

നിങ്കലെയ്ക്കു നടക്കുന്നിതിസ്തോത്രം – മ-
ല്ലെങ്കിൽദ്ധനാർത്ഥം കഥിച്ചതു കുറ്റമായ്:
ഋദ്ധനാമഗ്നി കൊടുക്കില്ല, നമ്മളെ
മിഥ്യാപവാദിയ്ക്കുമുന്മഥിതാവിനും! (12)

## കുറിപ്പുകൾ: സൂക്തം 3.

1. വരുണൻ – തമോവാരകൻ, ഉദ്ഗമിച്ചാൽ – ജ്വലിച്ചാൽ. മിത്രൻ – ഹിതകാരി, ദിവ്യജനങ്ങൾക്കു (ദേവകൾക്കു) നീതന്നെ ശരണം. അവരെ ഹവിസ്സു കൊടുത്തു പോറ്റുന്നതു, നീയാണല്ലോ. ഇന്ദ്രൻ = സ്വാമി. വരുണനും മിത്രനും ഇന്ദ്രനും ഭവാൻതന്നേ!
2. കന്യകാബന്ധം = കന്യകമാരോടുള്ള ചാർച്ച. അര്യമാവ് – നിയന്ത്രിയ്ക്കുന്നവൻ. പേർ – വൈശ്വാനരനെന്ന നാമം. പാൽ – ക്ഷീരാദികൾ. അര്യമാവ്, വൈശ്വാനരൻ എന്നിവരും നീതന്നേ. വിവാഹമന്ത്രങ്ങളിലൊന്നത്രേ, ഇത്.
3. ഒന്നാംപാദത്തിൽ അന്തരിക്ഷാഗ്നിയും, മറ്റുപാദങ്ങളിൽ വൈദ്യുതാഗ്നിയും പ്രതിപാദിയ്ക്കപ്പെട്ടിരിയ്ക്കുന്നു. കാൽവെച്ചിടത്ത്-അന്തരിക്ഷത്തിൽ.
4. പീയൂഷം = അമൃത്, ഹവിസ്സ്. മർത്ത്യർ – ഋത്വിക്കുകൾ. ഫലൈഷി – യജമാനൻ.
6. നേടാവൂ എന്ന ക്രിയാപദം ഉത്തരാർദ്ധത്തിലുമെടുക്കണം. അർത്ഥം = ധനം.
7. പൂർവാർദ്ധം പരോക്ഷം: പാതകമാകുന്ന ശരം അപ്പീഡകങ്കൽത്തന്നേ എയ്യട്ടെ – അഗ്നി ആ ദ്രോഹിയെത്തന്നെ പാപവ്യധിതനാക്കട്ടെ. രണ്ടാലും – കുറ്റം കൊണ്ടും പാപംകൊണ്ടും. മൃഷാവാദി = നുണയൻ, വെറുതേ ദോഷം പറയുന്നവൻ.
8. പൂജിച്ചുപോന്നു – ഭവാനെ. ആവസിപ്പിച്ചു = പ്രതിഷ്ഠിച്ചു. ധനാസ്പദേ – ധനങ്ങളുടെ (ഹവിസ്സുകളുടെ) ഇരിപ്പിടത്തിൽ, യജ്ഞത്തിൽ.
9. വിടുവിയ്ക്ക – പാപത്തിൽനിന്നു മോചിപ്പിച്ചാലും. സുതൻ – പുത്രസ്ഥാനീയനായ യജമാനൻ.
10. ഉച്ചേതരാന്നം – അനല്പമായ ഹവിസ്സ്. ഉത്തരാർദ്ധം പരോക്ഷം: യഷ്ടൃകാമൻ = യജമാനതൽപരൻ, പുഷ്ടനായ് – കത്തിപ്പടർന്ന്.
11. ചോരന്മാരെ ഞങ്ങൾ കണ്ടുപിടിച്ചു. നിഹ്നുതചിഹ്നരായ (അടയാളം മറച്ച, ഗൂഢോദ്ദേശരായ) വൈരികൾ വിവർജ്ജിതന്മാരായി – വൈരികളിൽ നിന്നു ഞങ്ങൾ ഒഴിഞ്ഞുവെച്ചു.
12. ധനാർത്ഥം കഥിച്ചതു – ധനത്തിനുവേണ്ടി ഞാൻ പറഞ്ഞതു (യാചിച്ചതു) കുറ്റമായ് – ഒരപരാധമായിപ്പോയി: ഋദ്ധൻ – സ്തുതികൊണ്ടു വളർന്നവൻ. മിഥ്യപവാദി =

വെറുതേ ദോഷം പറയുന്നവൻ. ഉന്മഥിതാവ് – ഉപദ്രവിയ്ക്കുന്നവൻ. കൊടുക്കില്ല – വീട്ടുകൊടുക്കില്ല.

## സൂക്തം 4.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കാകളി)

അഗ്നേ, പുരാനേ, പുരുദ്രവ്യനാഥനാ-
മങ്ങയെ നോക്കി സ്തുതിപ്പൂ, മഖത്തിൽ ഞാൻ:
അന്നൈഷികൾ ഞങ്ങളന്നങ്ങൾ നേടാവൂ;
നിന്നാലമർത്ത്യാവു, മർത്ത്യപ്പടയെയും! (1)

ഹവ്യവാഹൻ യുവാവച്ഛനാകെ,ങ്ങൾക്കു;
ഭവ്യാവലോകനാകെ,ങ്ങൾക്കുരുപ്രഭൻ;
നൽഗ്ഗാർഹപത്യമോടെങ്ങൾക്കു നല്ക, കൊ–
റ്റ–ഗ്നേ, തരികന്നമെങ്ങൾക്കു നീ വിഭോ! (2)

ധീമാനെ, മർത്ത്യപ്രജേശനെദ്ദീപ്തനെ,
നൈ മുതുകത്തൊലിപ്പോനെ, ഹോതാവിനെ,
പാവകൻ വിശ്വജ്ഞനഗ്നിയെ വെയ്ക്കുവിൻ:
ദേവരിൽവെച്ചവനല്ലോ, ധൃതധനൻ! (3)

അഗ്നേ, ചെവിക്കൊൾക, ഭ്രുവൊടൊപ്പം രസി–
ച്ച,ർക്കാംശു കണ്ടാൽ ശ്രമം തുടങ്ങും ഭവാൻ;
വർത്തിയ്ക്കുക,സ്മത്സമിത്തി;-ലവിസ്സണി-
നെത്തിയ്ക്ക, ജാതവേദസ്സേ, നിലിമ്പരെ! (4)

അഗ്നേ, ഗൃഹത്തിലതിഥിയായെത്തുകീ,-
യസ്മന്മഖത്തിൽത്തികഞ്ഞ ദാനൈഷി നീ;
ഏല്പോരെയെല്ലാം വധിച്ചാ, രിപുക്കൾതൻ
കോപ്പുകൾ കൊണ്ടുവന്നാലു,മഭിജ്ഞ, നീ! (5)

കൊന്നൊടുക്കീടുക ദസ്യുവെ,ത്തന്നുട-
ല്ക്കന്നം ചമച്ചുകൊണ്ടഗ്നേ, ബലോത്ഥ, നീ;
ആദിത്യരെത്തൃപ്തരാക്കുമവിടുന്നു
നേതൃവർയ്യ, യുധി രക്ഷിയ്ക്കുകെ,ങ്ങളെ! (6)

ഞങ്ങളുക്ഥങ്ങളാൽ, ഞങ്ങളവിസ്സിനാ-
ലങ്ങയെസ്സേവിപ്പൂ, പാവക, സുപ്രഭ:
വിശ്വകാമ്യം ധനമെത്തിയ്ക്ക, ഞങ്ങൾക്കു–
വിത്തമെല്ലാം ശുചേ, വെയ്ക്ക, നീ ഞങ്ങളിൽ! (7)

ത്രിസ്ഥാനവാസിൻ, ബലാത്മജ, ഞങ്ങൾത-
ന്നധ്വരഹവ്യം ഭുജിയ്ക്കുക,ഗ്നേ ഭവാൻ:
ഞങ്ങൾ വാനോരിൽസ്സുകർമ്മാക്കളാകണം;
ഞങ്ങളെപ്പാലിയ്ക്ക, മുന്നിലമേടയിൽ! (8)

ഞങ്ങളെദ്ദുഷ്പാപമെല്ലാം കടത്തേണ,-
മങ്ങുന്നൊ,രു പുഴ തോണിയാൽപ്പോലവേ:
അത്രിയാൽപ്പോലേ പുകഴ്ത്തപ്പെട്ടും ഭവാ-

നഗ്നേ, മനം വെയ്ക്ക, ഞങ്ങളെക്കാക്കുവാൻ! (9)

ഹൃത്താൽ സ്മരിച്ച പുകഴ്ത്തി വിളിയ്ക്കുന്നു,
മർത്ത്യനാമീ ഞാനമർത്ത്യനാമങ്ങയെ:
ജാതവേദസ്സേ, യശസ്സേകുകെ,ങ്ങൾക്കു;
സാധിയ്ക്കു, ഞാൻ സ്ഥൈര്യമഗ്നേ, പ്രജകളാൽ! (10)

യാതൊരു സൽക്കർമ്മശീലനുലകിനെ-
ജ്ജാതവേദസ്സേ, സുഖദമാക്കും, ഭവാൻ;
പുത്രവിരാശ്വഗോവൃന്ദസമേതമാം
സ്വത്തവനഗ്നേ, കിടയ്ക്കു,മെന്നെയ്ക്കുമായ്! (11)

## കുറിപ്പുകൾ: സൂക്തം 4.

1. നിന്നാൽ – അങ്ങയുടെ കനിവിനാൽ. മർത്ത്യപ്പട – ശത്രുക്കളായ മനുഷ്യരുടെ സൈന്യം.
2. പൂർവാർദ്ധം പരോക്ഷവചനം: ഭവ്യാവലോകൻ = ശുഭദർശനൻ. കൊറ്റും (ഭക്ഷണവും) നല്ല ഗാർഹപത്യവും ഞങ്ങൾക്കു നല്കു. നാലാംപാദം ആവർത്തനമാണ്. വിഭോ = വ്യാപ്തനായുള്ളോവേ.
3. നൈ – ഹോമിയ്ക്കപ്പെട്ട ഘൃതം. വെയ്ക്കുവിൻ – ഹേ ഋത്വിക്കുകളേ, വേദിയിൽ പ്രതിഷ്ഠിയ്ക്കുവിൻ. ധൃതധനൻ – നമുക്കു തരാൻ ധനമെടുത്തവൻ.
4. ചെവിക്കൊൾക – ഞങ്ങളുടെ സ്തുതി ശ്രവിച്ചാലും. ഭ്രുവ് – വേദി. ശു കണ്ടാൽ – സൂര്യനുദിച്ചാലപ്പോൾ. ശ്രമം – യജ്ഞാനുഷ്ഠാനയത്നം. അസ്മത്സമിത്തിൽ – ഞങ്ങളുടെ ചമതകളിൽ വർത്തിയ്ക്കുക, ഇരുന്നാലും.
5. ഏല്പോരെ = എതിർക്കുന്നവരെ. കോപ്പുകൾ – മുതലുകൾ. കൊണ്ടുവന്നാലും – ഞങ്ങൾക്കു തരാൻ.
6. ആദിത്യരെത്തൃപ്തരാക്കും – ഹവിസ്സു കൊണ്ടുകൊടുത്തു ദേവകളെ ഊട്ടുന്ന, യുധി = യുദ്ധത്തിൽ.
7. ശുചേ = അഗ്നേ.
8. ത്രിസ്ഥാനവാസിൻ – സ്വർഗ്ഗാന്തരിക്ഷഭൂമികളാകുന്ന മൂന്നിടങ്ങളിൽ വസിയ്ക്കുന്നവനേ. വാനോരിൽസ്സുകർമ്മാക്കളാകണം – ദേവകർമ്മം വഴിപോലെ ചെയ്യുമാറാകണം. മൂന്നിലമേടയിൽ പാലിയ്ക്കു – മൂന്നു നിലമാളികയിൽ സുഖേന വസിപ്പിച്ചാലും!
9. തോണികൊണ്ടു പുഴ കടത്തുന്നതുപോലെ, അങ്ങുന്നു ഞങ്ങളെ കെടുപാപത്തിന്റെയെല്ലാം മറുകരയിലണയ്ക്കണം. അത്രിയാൽപ്പോലെ – ഞങ്ങളാൽ.
10. ഞാൻ പ്രജകളാൽ (സന്തതികളെക്കൊണ്ടു) സ്ഥൈര്യം (കലസ്ഥിരത, വംശവിച്ഛേദം വരായ്ക) സാധിയ്ക്കു – നേടുമാറാകട്ടെ.

## സൂക്തം 5.

വസുശ്രുതൻ ഋഷി; ഗായത്രി ഛന്ദസ്സ്; സമിദ്ധാദികൾ ദേവത.

വരിഷ്ഠതേജോമയനും വഴിപോലെ സമിദ്ധനും
ജാതവേദസ്സമാമഗ്നിക്കേറ്റും ഹോമിക്കുവിൻ, ഘൃതം! (1)

നടത്തുന്നു, ക്രതുവിതു നരാശംസനഹിംസിതൻ:
മധു തൃക്കയ്യിലുടയോനല്ലോ, മേധാവിയാമവൻ. (2)

രക്ഷയ്ക്കീ,ഡിതനാമഗ്നേ, സുഖത്തേർകളിലൂടെ നീ
കൊണ്ടുവന്നാലു,മിവിടെപ്പൂജ്യനാം പ്രിയനിന്ദ്രനെ! (3)

രോമത്തുകിൽപ്പതുപ്പൊത്ത ദർഭമേ, വായ്ക്ക, ശുഭ്ര, നീ:
നോക്കി സ്തുതിപ്പൂ, സ്തോതാക്ക;-ളെത്തിയ്ക്ക, ധനമെങ്ങളിൽ! (4)

ദ്വാരദേവികളേ, വിട്ടുനില്പിൻ, നേരേ കടക്കുവാൻ;
നിറയ്ക്കുവിൻ, ഞങ്ങളുടെ രക്ഷയ്ക്കു യജമാനനെ! (5)

പുണ്യഗാത്രികൾ, തണ്ണീരിൻ തായ്ക്കള,ന്നം വളർപ്പവർ-
സ്തുതിയ്ക്ക, രാവും പകലുമാമീ മഹതിമാരെ നാം! (6)

ഇരുഹോതാക്കളേ, വാനിൽച്ചരിയ്ക്കും ദേവപുത്രരേ,
വരുവിൻ നതരാം നിങ്ങൾ നരരാം ഞങ്ങൾതൻ മഖേ! (7)

ഭ്രവ,സ്സരസ്വതി, മഹിയെന്ന ദേവികൾ മൂവരും
ദയാപൂർവമിരിയ്ക്കട്ടേ, ദർഭയിൽസ്സുഖദാത്രിമാർ! (8)

വന്നാലു,മിങ്ങു പുഷ്ടിയ്ക്കായ്ത്ത്വഷ്ടാവേ, സുഖദൻ ഭവാൻ:
സ്വയം യജ്ഞത്തിൽ യജ്ഞത്തിൽ വിഭു നീ കാക്കുകെ,ങ്ങളെ! (9)

എങ്ങു ദേവകൾതൻ ഗുഹ്യനാമങ്ങളറിയുന്നു നീ;
അങ്ങെത്തിയ്ക്കുകവേണം, നീ ഹവിസ്സുകൾ വനസ്പതേ! (10)

സ്വാഹാ, ഹവിസ്സിതഗ്നിയ്ക്കും സ്വാഹാ, വരുണനിന്ദ്രനും;
സ്വാഹാ, മരുദ്ഗണത്തിന്നും; സ്വാഹാ, ദേവഗണത്തിനും! (11)

### കുറിപ്പുകൾ: സൂക്തം 5.

1. ഋത്വിക്കുകളോട്: സമിദ്ധൻ – ഒരഗ്നിയുടെ പേർ; വർദ്ധിപ്പിയ്ക്ക (ജ്വലിപ്പിയ്ക്ക)പ്പെട്ടവൻ.
2. നരാശംസൻ – ഒരഗ്നിയുടെ പേർ. മധു – മധുരസോമം.
3. ഈഡിതൻ – ഒരഗ്നിയുടെ പേർ. സുഖത്തേർകൾ = സുഖകരങ്ങളായ രഥങ്ങൾ.
4. രോമത്തുകിൽപ്പതുപ്പൊത്ത – രോമക്കമ്പിളിയുടെ മാർദ്ദവമുള്ള.
5. വിട്ടുനില്പിൻ – സ്വയം തുറക്കുവിൻ. നിറയ്ക്കുവിൻ – അഭിമതഫലങ്ങൾകൊണ്ട്.
6. രാവും പകലുമായ ഈ (ഇപ്രകാരമുള്ള) മഹതിമാരെ അഹോരാത്രിഷളെ) നാം സ്തുതിയ്ക്കുക.
7. ദേവപുത്രർ – അഗ്നിസൂർയ്യോൽപന്നർ. മഖേ = യാഗത്തിൽ.

8. മഹി – ഭാരതി.
9. പൂഷ്ടിയ്ക്കായ് – പുഷ്ടിവരുത്താൻ.
10. വനസ്പതേ – യൂപമേ.
11. സ്വാഹാ – സ്വാഹാ എന്നുച്ചരിച്ച് അർപ്പിയ്ക്കുന്നു.

## സൂക്തം 6.

വസുശ്രുതൻ ഋഷി; പംക്തി ഛന്ദസ്സ്; അഗ്നി ദേവത.

വസു യാവനൊരുത്തനോ; പൈക്കൾ യാവനൊരുത്തനാകുന്ന ഗൃഹത്തിൽ, ശീഘ്രഗാമികളായ അശ്വങ്ങൾ യാവനൊരുത്തനാകുന്ന ഗൃഹത്തിൽ, നിത്യം ഹവിസ്സൊരുക്കുന്നവർ യാവനൊരുത്തനാകുന്ന ഗൃഹത്തിൽ അണയുന്നുവോ; ആ അഗ്നിയെ ഞാൻ സ്തുതിയ്ക്കുന്നു. നിന്തിരുവടി സ്തോതാക്കൾക്ക് അന്നം കൊണ്ടുവന്നാലും! (1)

ആർ വസുവെന്നു സ്തുതിയ്ക്കപ്പെടുന്നുവോ; ആരെ പൈക്കളും കുതിച്ചോടുന്ന കുതിരകളും, സുജാതരായ സൂരികളും വഴിപോലെ പ്രാപിയ്ക്കുന്നുവോ; അവനത്രേ, അഗ്നി. നിന്തിരുവടി സ്തോതാക്കൾക്ക് അന്നം കൊണ്ടുവന്നാലും! (2)

വിശ്വദർശിയായ അഗ്നി മനുഷ്യന്ന് അന്നം കല്പിച്ചുകൊടുക്കും; ആ അഗ്നി പ്രസാദിച്ചാൽ, ധനാർത്ഥിയ്ക്കു പാടേ പരന്ന വരണീയം കിട്ടിയ്ക്കും. നിന്തിരുവടി സ്തോതാക്കൾക്ക് അന്നം കൊണ്ടുവന്നാലും! (3)

അഗ്നേ, ദേവ, നിറമിയന്ന നിർജ്ജരനായ നിന്തിരുവടിയെ ഞങ്ങൾ ജ്വലിപ്പിയ്ക്കുന്നു: നിന്തിരുവടിയുടെ ആ സ്തുത്യമായ തിളക്കം വിണ്ണിൽ വിളങ്ങുമല്ലോ. നിന്തിരുവടി സ്തോതാക്കൾക്ക് അന്നം കൊണ്ടുവന്നാലും! (4)

തേജസ്സിന്റെ ഉടമയായ അഗ്നേ, പരിശുദ്ധനായ അങ്ങയ്ക്കു മന്ത്രപൂർവ്വം ഹവിസ്സു ഹോമിയ്ക്കുന്നു. നല്ല പൊന്നുള്ളവനേ, ദർശനീയ, പ്രജാപാലക, ഹവ്യയവാഹ, നിന്തിരുവടി സ്തോതാക്കാൾക്ക് അന്നം കൊണ്ടുവന്നാലും! (5)

ആ അഗ്നികൾ അഗ്നികളിൽ എല്ലാദ്ധനവും തുലോം പോഷിപ്പിക്കുന്നു: അവർ പ്രീണിപ്പിയ്ക്കുന്നു; അവർ വ്യാപിയ്ക്കുന്നു; അവർ ഇടവിടാതെ അന്നമിച്ഛിയ്ക്കുന്നു. നിന്തിരുവടി സ്തോതാക്കൾക്ക് അന്നം കൊണ്ടുവന്നാലും! (6)

എവ പറന്നുകൊണ്ടു, കുളമ്പുള്ള പൈക്കൂട്ടത്തെ ഇച്ഛിയ്ക്കുന്നുവോ: അങ്ങയുടെ ആ ജ്വാലകൾ, കുതിരകൾ പോലെ തഴയ്ക്കുന്നു. അഗ്നേ, നിന്തിരുവടി സ്തോതാക്കൾക്ക് അന്നം കൊണ്ടുവന്നാലും! (7)

അഗ്നേ, സ്തോതാക്കളായ ഞങ്ങൾക്കു നല്ല പാർപ്പിടത്തോടുകൂടിയ പുത്തനന്നം കല്പിച്ചു തന്നാലും: ഞങ്ങൾ ഗൃഹത്തിൽ ഗൃഹത്തിൽ പൂജിച്ചു, നിന്തിരുവടിയാകുന്ന ദൂതനെ കിട്ടിയവരാകണം. നിന്തിരുവടി സ്തോതാക്കൾക്ക് അന്നം കൊണ്ടുവന്നാലും! (8)

നല്ല പൊന്നുള്ളവനേ അവിടുന്നു രണ്ടു നൈച്ചട്ടകം തിരുവായിലണയ്ക്കുന്നു. ഞങ്ങളെ യാഗങ്ങളിൽ പൂർണ്ണരാക്കുക. ബലത്തിന്റെ അധിപതേ, നിന്തിരുവടി സ്തോതാക്കൾക്ക് അന്നം കൊണ്ടുവന്നാലും! (9)

ഇങ്ങനെ അഗ്നിയെ സ്തുതികൊണ്ടും ഹവിസ്സുകൊണ്ടും ഇടവിടാതെ പ്രാപിയ്ക്കുന്നു: അവിടുന്നു ഞങ്ങളിൽ നല്ല വീര്യത്തെയും ശീഘ്രാശ്വങ്ങളെയും നിക്ഷേപിയ്ക്കുന്നു. നിന്തിരുവടി സ്തോതാക്കൾക്ക് അന്നം കൊണ്ടുവന്നാലും! (10)

### കുറിപ്പുകൾ: സൂക്തം 6.

1. അഗ്നി, ഗൃഹംപോലെ ആശ്രയഭൂതനാണ്. ഒടുവിലെ വാക്യം പ്രത്യക്ഷോക്തി:
3. വരണീയം – ധനമെന്നർത്ഥം.

6. ആ അഗ്നികൾ – ലൌകികാഗ്നികൾ. അഗ്നികളിൽ – വൈദികാഗ്നികളിൽ.

7. ഇച്ഛിയ്ക്കുന്ന – ഹോമത്തിന്ന്.

8. കിട്ടിയവരാകണം – നിന്തിരുവടി ഞങ്ങൾക്കു ദൂതനായി വർത്തിയ്ക്കുമാറാകണം.

10. പ്രാപിയ്ക്കുന്നു – അത്രിഗോത്രക്കാർ.

## സൂക്തം 7.

അത്രിവംശ്യൻ ഇഷൻ ഋഷി; അനുഷ്ടപ്പും പംക്തിയും ഛന്ദസ്സ്; അഗ്നി ദേവത. (‘താമരക്കണ്ണൻ’ പോലേ)

മിത്രരേ, നിങ്ങൾ നന്നാക്കിവെപ്പി,-
നത്തമാന്നവും സ്തോത്രവും,
മർത്ത്യക്കായ്ക്കുലോം വർദ്ധിയ്ക്കും ബല-
പുത്രനാം കെല്പനഗ്നിയ്ക്കായ്. (1)

ആരെ പ്രാപിപ്പാ,നർഹരാം നര-
രാളിപ്പൂ, തുഷ്ട്യാ ശാലയിൽ;
ആരെ പ്രാണികളുൽപ്പാദിപ്പിച്ചു-
പോരുന്നുമുണ്ടേ; – ങ്ങാ,യഗ്നി? (2)

ദ്രവ്യം നമ്മൾക്കു കിട്ടുമ്പോൾ, നര-
ഹവ്യം ഭുജിയ്ക്കുമദ്ദേഹം
ശ്ലാഘ്യമാമന്നത്തിന്റെ കെല്പിനാൽ
കൈക്കൊള്ളും യജ്ഞരശ്മിയെ! (3)

ഒട്ടും ക്ഷീണിയാതിന്ധനങ്ങളെ-
ച്ചുട്ടെരിയ്ക്കുമ്പോളെമ്പാടും,
പാവകനവൻ കാണിയ്ക്കും, കൊടി
രാവിലും ദൂരസ്ഥന്നുമേ! (4)

അർച്ചകജനമദ്ദേഹത്തിന്റെ-
യർച്ചിസ്സിൽത്തൂകി ഹോമിയ്ക്കേ,
കേറുന്നൂ, മുതുകത്തൊലിനെയ്യൊ,-
രാരോമൽപ്പൈതൽപോലവേ! (5)

തേറുന്നൂ നരനി,പ്പൂരുകാമ്യൻ
പാരിനെ പ്രവർത്തിപ്പിപ്പാൻ
അന്നത്തെ സ്വാദുവാക്കി,ഗ്ഗേഹത്തി-
ലന്നാർത്ഥം വാഴ്വോനാണെന്നായ്. (6)

പല്ലു തിളങ്ങി മീശ മഞ്ഞച്ചു
നില്ലാത്ത കെല്പുള്ളാ മഹാൻ
മേദുരമരു തിന്നൊടുക്കുന്നു,
മേയുന്ന മാടുപോലവേ! (7)

അത്രിപോലാരിൽച്ചെല്ലുന്നു ശുദ്ധ,-
നജ്ജഗദുപകാരകൻ,
സുപ്രജയമ്മ പെറ്റവൻ, പർശു-
കല്പനിങ്ങന്നമുണ്ണുന്നു. (8)

നെയ്യുണ്ണുമഗ്നേ, പാരിന്നൊരുന്നാം
നിയ്യിതിൽസ്സുഖിപ്പോനെങ്കിൽ,

ഇമ്മനുഷ്യരിൽ വെയ്ക്ക, കീർത്തിയും
നിന്മനക്കാമ്പുമന്നവും! (9)

ഇത്ഥമക്ഷോഭ്യസ്തോത്രനാത്രേയൻ
ത്വദ്ദത്തപശുയുക്തനായ്
മർദ്ദിയ്ക്കും, ലുബ്ധദസ്യുവർഗ്ഗത്തെ –
മർദ്ദിയ്ക്കുമഗ്നേ, മാറ്ററെ! (10)

## കുറിപ്പുകൾ: സൂക്തം 7.

1. ഋത്വിക്കുകളോടു പറയുന്നു: വർദ്ധിയ്ക്കും – കത്തിപ്പടരുന്ന.
2. ശാല = യജ്ഞഗൃഹം. ഉൽപാദിപ്പിയ്ക്കുക – അരണികളിൽനിന്ന്. ആ അഗ്നി എവിടെയാണ്?
3. ദ്രവ്യം – യാഗം കഴിപ്പാൻ വക. അദ്ദേഹം – അഗ്നി. യജ്ഞരശ്മി = യജ്ഞത്തിന്റെ കടിഞ്ഞാൺ, സ്തോത്രം.
4. ഇന്ധനങ്ങൾ = വിറകുകൾ. കൊടി – ജ്വാല. രാവിലും = രാത്രിയിൽപ്പോലും.
5. അർച്ചകജനം – അധ്വര്യുക്കൾ. അർച്ചിസ്സ് = ജ്വാല. ഒരാരോമൽപ്പൈതൽ അച്ഛന്റെ മുതുകത്തെന്നപോലെ, അധ്വര്യുക്കളാൽ ഹോമിയ്ക്കപ്പെട്ട ഒലിനെയ്യ് (ഘൃതധാര) അദ്ദേഹത്തിന്റെ മുതുകത്തു കേറുന്നു, ഉപരിഭാഗത്തു വീഴുന്നു.
6. ഇപ്പുരുകാമ്യൻ – അഗ്നി. വാഴ്ത്തോനാണെന്നായ് നരൻ (യജമാനൻ) തേറുന്നു – അറിയുന്നു.
7. പല്ല് – ജ്വാല. മീശ-സ്ഫുലിംഗം. നില്ലാത്ത – നിർത്തപ്പെട്ടാൽ നില്ക്കാത്ത. മേദുരമരു = തടിച്ച (കുറ്റിക്കാടും മറ്റും തഴച്ച) മരു, നിർജ്ജലപ്രദേശം. തിന്നൊടുക്കുന്നു – ചുട്ടെരിയ്ക്കുന്നു എന്നർത്ഥം.
8. ശുദ്ധൻ (യജമാനൻ) അത്രിപോലെ ആരിൽ ചെല്ലുന്നു – ഹവിസ്സർപ്പിപ്പാൻ ആരെ പ്രാപിയ്ക്കുന്നു. അജ്ജഗദുപകാരകൻ – ലോകോപകാരിയായ അഗ്നി. അമ്മ – അരണി. പർശുകല്പൻ – പർശു(പരശു, മഴു)പോലെ മരത്തെയും മറ്റും ഛേദിയ്ക്കുന്നവൻ, ചുട്ടെരിയ്ക്കുന്നവൻ.
9. ഇതിൽ – സ്തുതിയിൽ. ഇമ്മനുഷ്യരിൽ – സ്തുതിയ്ക്കുന്ന ആത്രേയരിൽ.
10. ആത്രേയൻ – ഇഷൻ, ഞാൻ. ത്വദ്ദത്തപശുയുക്തനായ് = അങ്ങയാൽ നല്കപ്പെട്ട മാടുകളോടുകൂടിയവനായിട്ട്.

## സൂക്തം 8.

ഇഷൻ ഋഷി; ജഗതി ഛന്ദസ്സ്; അഗ്നി ദേവത. (കേക)

ശക്തികർത്താവാമഗ്നേ, രക്ഷയ്ക്കായ്ജ്ജ്വലിപ്പിച്ചാ-
ര,ധ്വരൈഷികൾ പൂർവർ പൂർവനാം നിന്നെച്ചെമ്മേ,
വളരെപ്പൊന്നും ചേറ്റുമുള്ളോനെ, മഖാർഹനെ
വരണീയനെ,ഗ്ഗൃഹനാഥനെ,ദ്ദാനോൽക്കനെ. (1)

പ്രജകൾ ഗൃഹപതിയാക്കിവെച്ചിതു, ബൃഹ-
ദ്ധ്വജനായതിഥിയായ്പ്പൂർവനാകിയ നിന്നെ,
പുരുരൂപനെ,ശ്ശോചിഷ്കേശനെ,സ്സുരക്ഷനെ.
ത്തരുവ്യാപിയെ,ദ്ധാപ്രദനെ,സ്സുസൌഖ്യനെ. (2)

സ്തുതിപ്പൂ, നരരഗ്നേ, സുഭഗ, വിവേകിയാ-
യതിരത്നദനായി ഹോത്രവേത്താവാം നിന്നെ,
വിശ്വദൃശ്യനെ,ഗ്ഗൃഹാസ്ഥിതനെ,സ്സുയജ്ഞനെ,
വിസ്തൃതപ്രണാദനെ,ത്തുനെയ്യിലിരിപ്പോനെ. (3)

ഉലകിന്നൃന്നാം നിങ്കലഗ്നേ, വന്നണയാവൂ,
പലമാതിരി പാടിപ്പുകഴ്ത്തിപ്പണിഞ്ഞെങ്ങൾ;
ഞങ്ങളെക്കൈക്കൊണ്ടാലും, മർത്ത്യകീർത്തിയാൽക്കത്തി-
പ്പൊങ്ങി നൽജ്ജ്വാലച്ചാർത്താർന്നംഗിരോദേവൻ ഭവാൻ! (4)

നരന്നു നരന്നന്നം കല്പിച്ചുസൂക്ഷിച്ചിട്ടു-
ണ്ടൊ,രു കാരണപൻപോല,നേകാത്മാവാം ഭവാൻ:
ശക്തിയാൽ ബഹ്വന്നങ്ങൾക്കീശൻ, നീ ബഹുസ്തുത;
ദുർദ്ധർഷമല്ലോ, കത്തും നിന്റെയത്തേജസ്സഗ്നേ! (5)

ഹവ്യവാഹനനായ ദൂതനാക്കിനാരഗ്നേ,
ദിവ്യന്മാരെരിഞ്ഞാളുമങ്ങയെ യുവതമ;
ബുദ്ധിചോദനാൽ മിന്നും കണ്ണുമാക്കിനാരല്ലോ,
വിദ്രുതപ്രസരനെ, ഹുതനെ,ഘൃതോത്ഥനെ! (6)

പണ്ടുള്ളോർ ജ്വലിപ്പിച്ചുപോന്നു, നൽച്ചമതകൾ-
കൊണ്ടഗ്നേ, ഘൃതം ഹോമിച്ചങ്ങയെസ്സുഖാപ്തിയ്ക്കായ്;
വളർന്നബ്ഭവാൻ പേർത്തോഷധിയാൽ നനയ്ക്കപ്പെ-
ട്ടി,ളതന്നന്നങ്ങളിൽത്തെളിഞ്ഞു മരുവുന്നു! (7)

### കുറിപ്പുകൾ: സൂക്തം 8.

1. ശക്തികർത്താവ് = ബലമുളവാക്കുന്നവൻ. അധ്വരൈഷികൾ = യജ്ഞകാമർ.
2. പ്രജകൾ – യജമാനർ. ഗൃഹപതി – ഗാർഹപത്യൻ. ബൃഹദ്ധ്വജൻ = വലിയ കൊടിമരം (പുക) ഉള്ളവൻ. തരുവ്യാപി = ദാവാഗ്നിയായി വൃക്ഷങ്ങളിൽ വ്യാപിയ്ക്കുന്നവൻ.

3. അതിരത്നദൻ = ഏറ്റവും രത്നപ്രദൻ. ഹോത്രവേത്താവ് = ഹോതൃകർമ്മജ്ഞൻ. ഗുഹാസ്ഥിതൻ = ഗുഹയിൽ (അരണിയ്ക്കുള്ളിൽ) സ്ഥിതൻ. വിസ്തൃതപ്രണാദൻ = ഒച്ച തഴച്ചവൻ.

4. മർത്ത്യകീർത്തി – യജമാനന്റെ യശസ്സ്. അംഗിരോദേവൻ-അംഗിരോഗോത്രനായ ദേവൻ.

5. കാരണവൻ തറവാട്ടിലെ ഓരോ ആൾക്കും ആഹാരം കരുതിവെയ്ക്കുമല്ലോ.

6. ദിവ്യന്മാർ – ദേവകൾ. ബുദ്ധിചോദനാൽ മിന്നും – ബുദ്ധിയാൽ പ്രേരിപ്പിയ്ക്കപ്പെടുമ്പോളാണല്ലോ, കണ്ണു പ്രകാശിയ്ക്കുക, കണ്ടറിയുക. വിദ്രുതപ്രസരൻ = വേഗേന പടരുന്നവൻ. ഹുതൻ = ഹോമിയ്ക്കപ്പെട്ടവൻ. ഘൃതോത്ഥൻ – നെയ്കൊണ്ടു ജ്വലിയ്ക്കുന്നവൻ. ദ്വിതീയാന്തപടങ്ങളെല്ലാം അങ്ങയെ എന്നതിന്റെ വിശേഷണങ്ങൾ. അങ്ങ് ദേവകളുടെ ദൂതനുമാണ്, കണ്ണുമാണ്.

7. അന്നങ്ങൾ – ചരുപുരോഡാശാദികൾ.

എട്ടാമധ്യായം സമാപ്തം.

മൂന്നാമഷ്ടകം സമാപ്തം.

# ഋഗ്വേദം: നാലാം അഷ്ടകം

## ഒന്നാം അദ്ധ്യായം

മണ്ഡലം 5 അനുവാകം 1

## സൂക്തം 9.

അത്രിവംശ്യൻ ഗയൻ ഋഷി; അനുഷ്ടപ്പും പംക്തിയും ഛന്ദസ്സ്; അഗ്നി ദേവത.

അഗ്നേ, മനുഷ്യർ ഹവിസ്സൊരുക്കി ദേവനായ ഭവാനെ സ്തുതിച്ചുപോരുന്നു; ഞാനും ജാതവേദസ്സായ ഭവാനെ പുകഴ്ത്തുന്നു. ഹവ്യങ്ങൾ ഇടവിടാതെ വഹിയ്ക്കുന്നവനാണല്ലോ, ആ ഭവാൻ. (1)

ആരിൽ യജ്ഞങ്ങളും, ആരിൽ യശസ്കരങ്ങളായ അന്നങ്ങളും ഒപ്പം ചെല്ലുന്നുവോ; ആ അഗ്നി, ദർഭ മുറിച്ചു, ഹവിസ്സർപ്പിയ്ക്കുന്ന ഫലാന്വിതനു ഹോതാവായിബ്ഭവിയ്ക്കുന്നു! (2)

മനുഷ്യപ്രജകളെ പുലർത്താൻ ഈ സുയജ്ഞനായ അഗ്നിയെ രണ്ടരണികൾ ഒരു പുതുകുഞ്ഞിനെയെന്നപോലെ ഉൽപ്പാദിപ്പിച്ചു! (3)

അഗ്നേ, ഭവാൻ, ഒരശിക്ഷിതക്കുതിരക്കുട്ടിപോലെ, പണിപ്പെട്ടു പിടിയ്ക്കപ്പെടേണ്ടവനാകുന്നു; ഭവാൻ വളരെ വനങ്ങളെ, പുല്ലിൽ വിടപ്പെട്ട മാടു പോലെ തിന്നൊടുക്കും! (4)

ഈ ധൂമവാന്റെ ജ്വാലകൾ നന്നായി പടരുന്നു: ഇവൻ മൂന്നിനുംമീതേ വാനത്ത്, ഒരുലക്കാരൻപോലെ വീർപ്പിയ്ക്കുന്നു; ഉലക്കാരങ്കലെന്നപോലെ മൂർച്ചപ്പെടുത്തുന്നു! (5)

അഗ്നേ, ഞാൻ സഖാവായ ഭവാന്റെ രക്ഷകൊണ്ടും (ഭവാനെക്കുറിച്ചുള്ള) സ്തുതികൊണ്ടും മനുഷ്യരുടെ ദ്രോഹങ്ങളെ വിദ്വേഷികളെയെന്നപോലെ കടക്കുമാറാകണം! (6)

അഗ്നേ, ബലവാനേ, നേതാവായ ഭവാൻ ഞങ്ങൾക്ക് ആധനം കൊണ്ടുവന്നാലും! അവിടുന്നു തള്ളിനീക്കട്ടെ; പോറ്റട്ടെ; അന്നം തന്നരുളട്ടെ; യുദ്ധങ്ങളിൽ നമ്മെ സമൃദ്ധരാക്കട്ടെ! (7)

### കുറിപ്പുകൾ: സൂക്തം 9.

2. ഫലാന്വിതൻ = സ്വർഗ്ഗസാധനഫലങ്ങളോടുകൂടിയവൻ, യജമാനൻ.
4. അശിക്ഷിതമായ (മെരുക്കപ്പെട്ടിട്ടില്ലാത്ത) കുതിരക്കുട്ടിയെ പിടിയ്ക്കുക എളുപ്പമല്ലല്ലോ. പുല്ലിൽ – പുല്പുറമ്പിൽ.
5. മൂന്ന് – പൃഥിവ്യന്തരീക്ഷദ്യോവുകൾ. ഒരുലക്കാരൻ ഉലയെ വീർപ്പിയ്ക്കുന്നതുപോലെ, അഗ്നി സ്വദേഹത്തെ വീർപ്പിയ്ക്കുന്നു. മൂർച്ചപ്പെടുത്തുന്നു – ഉലക്കാരൻ ഉലകൊണ്ടൂതിയാൽ അഗ്നിയ്ക്കു തീക്ഷ്ണതയേറുമല്ലോ; അതുപോലെ.
7. അവിടുന്ന് എന്നതുമുതൽ പരോക്ഷവചനം: തള്ളിനീക്കട്ടെ – നമ്മുടെ ശത്രുക്കളെ. പോറ്റട്ടെ – നമ്മെ. സമൃദ്ധർ – ശത്രുവിജയസമർത്ഥരെന്നു സാരം.

## സൂക്തം 10.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

അഗ്നേ, രശ്മികൾക്കു തടവില്ലാത്തവനേ, നിന്തിരുവടി ഞങ്ങൾക്കു കരുത്തേറിയ കനകം കൊണ്ടുവന്നാലും; ഞങ്ങളെ ചുറ്റും ചുഴന്ന ധനത്തോടു ചേർത്താലും; അന്നത്തിന്നു വഴി വെട്ടിയാലും! (1)

അഗ്നേ, അദ്ഭുത, അവിടുന്നു ഞങ്ങൾക്കു കർമ്മത്താൽ കരുത്തു തന്നാലും: ബലത്തിന്റെ ഇരിപ്പിടമാണല്ലോ, അങ്ങ്; സൂൻ പോലെ യജ്ഞാഹനായ ഭവാൻ വിക്രമം പൂണ്ടാലും! (2)

അഗ്നേ, അവിടുന്ന് ഈ ഞങ്ങൾക്കു ഗൃഹവും പുഷ്ടിയും വളർത്തിയാലും: സൂരികളായ മനുഷ്യർ സ്തോത്രങ്ങളാൽ സമ്പത്തു നേടിയല്ലോ! (3)

അഗ്നേ, ആഹ്ലാദക അങ്ങയ്ക്കു സ്തുതി രചിയ്ക്കുന്നവരെവരോ, ആ മനുഷ്യർ അശ്വങ്ങളാകുന്ന സമ്പത്തു നേടും; ബലവാന്മാരായിത്തീർന്നു, ബലംകൊണ്ടു ജയിയ്ക്കും; ആകാശത്തെക്കാൾ വലുതായിരിക്കും, അവരുടെ സൽക്കീർത്തി! (ഗയൻ) സ്വയം ഉണർത്തിയ്ക്കുന്നു; (4)

അഗ്നേ, അങ്ങയുടെ ആ തിളങ്ങുന്ന പ്രഗല്ഭജ്വാലകൾ, ചൂഴെപ്പായുന്ന മിന്നലുകൾപോലെയും, ഇരമ്പുന്ന തേരുപോലെയും, അന്നകാമൻപോലെയും പ്രസരിയ്ക്കുന്നു! (5)

അഗ്നേ, ഞങ്ങളെ രക്ഷിയ്ക്കുക; വലയുന്നവന്നു ധനം നല്കുക. ഞങ്ങളുടെ ആളുകളും സ്തോതാക്കളും ആശയെല്ലാം കടക്കുമാറാകണം! (6)

അഗ്നേ, അംഗിരസ്സേ, സ്തുതനും സ്തൂയമാനനുമായ ഭവാൻ ഞങ്ങൾക്കു വമ്പന്മാരെയും അമ്പിയ്ക്കുന്ന ധനം കൊണ്ടുവന്നാലും ഹോതാവേ, സ്തോതാക്കൾക്കു മിടുക്കുണ്ടാക്കിയാലും; യുദ്ധത്തിൽ ഞങ്ങളെ സമൃദ്ധരാക്കിയാലും! (7)

### കുറിപ്പുകൾ: സൂക്തം 10.

1. ചേർത്താലും – ധനം ഞങ്ങളുടെ ചുറ്റും വന്നുകൂടട്ടേ എന്നർത്ഥം.
2. വിക്രമം പൂണ്ടാലും – യാഗം മുഴക്കുന്ന ദുഷ്ടരെ അകറ്റാൻ.
3. സ്തോത്രങ്ങളാൽ – അങ്ങയെ സ്തുതിച്ചതിനാൽ.
4. ജയിയ്ക്കും – എതിരാളികളെ.
5. അന്നകാമൻ – അന്നലബ്ധിയ്ക്കായി പോരിൽപ്പൊരുതുന്നവൻ, ഈ ഉപമ അഗ്നിജ്വാലകളുടെ ആഹുതിവാഞ്ഛയെ ധ്വനിപ്പിയ്ക്കുന്നു.
6. ആശയെല്ലാം കടക്കുമാറാകണം – പൂർണ്ണകാമരായിത്തീരണം.
7. അമ്പിയ്ക്കുന്ന – അമർത്തുന്ന. മിടുക്ക് – സ്തുതിനൈപുണ്യം.

## സൂക്തം 11.

അത്രിവംശ്യൻ സുതംഭരൻ ഋഷി; ജഗതി ഛന്ദസ്സ്; അഗ്നി ദേവത. (കേക)

ലോകരക്ഷകനുണർവ്വറ്റവൻ പുതുഭവ്യ-
മേകാനായ്പ്പിറന്നിതു, ശോഭനബലനഗ്നി:
തിരുമേനിയിൽത്തുന്നൈ തേയ്ക്കുമശ്രു ചി വാന-
ത്തുരുമ്മും വൻഭാസ്സോടേ ശോഭിപ്പൂ, ഭരതർക്കായ്. (1)

ഇന്ദ്രദേവരൊത്തൊരേതേരേറും പുരോഹിതൻ
നന്ദ്യകർമ്മാവാം യജ്ഞധ്വജമഗ്നിയെ മുമ്പർ
മുല്പാടുജ്ജ്വലിപ്പിച്ചാർ, മൂന്നിട;-ത്താ ഹോതാവു
ദർഭപ്പുൽവിരിപ്പിങ്കലിരുന്നാൻ, യജിപ്പാനായ്! (2)

നിർബാധം പിറന്നു, നീയിരുതായ്കളിൽനിന്നി-
ങ്ങുദ്ഭുതൻ, ഗൃഹിയിൽനിന്നീഡ്യൻ നീ, കവി ശുചി
നെയ്കൊണ്ടു വളർത്തിനാര,ങ്ങയെ ഹോമിച്ചഗ്നേ;
നാകത്തിലണഞ്ഞിതു, നിൻധൂമം കൊടിപോലേ! (3)

അഗ്നി, സാധകാസ്മദ്യജ്ഞത്തിൽ വന്നെത്തട്ടെ:-
യഗ്നിയെസ്സൂക്ഷിയ്ക്കുന്നു, മാനുഷർ ഗൃഹേ ഗൃഹേ;
അഗ്നി ദൂതനായ്നിന്നാൻ, ഹവിസ്സു വഹിപ്പവ;-
നഗ്നിയെബ്ഭജിയ്ക്കുന്നു, ക്രാന്തകർമ്മാവെബ്ഭക്തർ! (4)

അങ്ങയ്ക്കാണി,നിപ്പേറുമിസ്തവ:-മിസ്തോത്രത്താ-
ലങ്ങയ്ക്കു തിരുവുള്ളിൽത്തോന്നട്ടേ, സുഖമഗ്നേ
അങ്ങയെ നിറയ്ക്കുന്നു, കെല്പനമാക്കുന്നു, പേ-
ർത്തബ്ധിയെപ്പെരിയാർകൾപോലവേ, സ്തവനങ്ങൾ! (5)

നേടിനാർ, നിഗൂഢനും വൃക്ഷത്തിൽ വൃക്ഷത്തിൽപ്പോയ്
ക്കൂടുവോനുമാം നിന്നെയംഗിരസ്സുകളഗ്നേ:
തുംഗമാം ബലത്തോടേ മഥനാൽജ്ജനിപ്പൂ, നീ;-
യംഗിരസ്സായ ഭവാൻ കെല്പിന്റെ മകനെന്നാർ! (6)

### കുറിപ്പുകൾ: സൂക്തം 11.

1. ലോകരക്ഷകൻ = ജനങ്ങളെ രക്ഷിയ്ക്കുന്നവൻ. ഭരതർ – ഋത്വിക്കുകൾ.
2. ഇന്ദ്രദേവർ – ഇന്ദ്രനും ദേവന്മാരും. യജ്ഞധ്വജം = യാഗത്തിന്റെ കൊടിമരം. മുമ്പർ – നേതാക്കൾ, ഋത്വിക്കുകൾ.
3. പ്രത്യക്ഷോക്തി: ഇരുതായ്കൾ – രണ്ടരണികൾ. ഗൃഹി = ഗൃഹസ്ഥൻ, അഗ്നിഹോത്രാദി കൾക്കായി ഗൃഹത്തിൽ വസിയ്ക്കുന്നവൻ. വളർത്തിനാർ – പുരാതനർഷിമാർ. നാകം = ആകാശം.
4. സാധകൻ – പുരുഷാർത്ഥനിർവാഹകൻ. സൂക്ഷിയ്ക്കുന്നു – കെടാതെ വെയ്ക്കുന്നു. ക്രാന്ത കർമ്മാവായ (അങ്ങേ അറ്റത്തെ കർമ്മത്തോടു, യജ്ഞത്തോടുകൂടിയ) അഗ്നിയെ ഭക്ത ർ ഭജിയ്ക്കുന്നു.

5. ഇനിപ്പ് = മാധുര്യം. പെരിയാർകൾ = മഹാനദികൾ.

6. നേടിനാർ – കണ്ടെത്തി. മഥനാൽ-അരണിമഥനത്താൽ:, എന്നാർ – എന്നു പറഞ്ഞിരിയ്ക്കുന്നു, അഭിജ്ഞന്മാർ.

## സൂക്തം 12.

സുതംഭരൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത. (കാകളി)

അംഭസ്സു പെയ്യും വൃഷാവായ് മഖാർഹനായ്
വമ്പുറ്റ കെല്പനാമഗ്നിയെപ്പറ്റി ഞാൻ
തീർത്തുവെപ്പൻ, മഖത്തിങ്കൽത്തിരുവായിൽ
വീഴ്ത്തും തെളിനെയ്യിനൊത്ത മന്ത്രസ്തവം. (1)

വിദ്വൻ, കഥിയ്ക്കും സ്തവം കേട്ടരുൾക, നീ:
മെത്തിയ വൃഷ്ടിയ്ക്കുവേണ്ടിപ്പിളർക്ക നീ.
തീണ്ടില്ല ഹിംസ ഞാൻ കെല്പാൽ, ദ്വയത്തെയും
തീണ്ടാ; സ്തുതിപ്പൻ, വിളങ്ങും വൃഷാവിനെ! (2)

എന്തു സത്യത്താൽ ഗ്രഹിയ്ക്കു,മസ്മൽസ്തവം
സന്തതജീവനൻ സ്തുത്യനഗ്നേ, ഭവാൻ?
താനറികെ,ന്നെയദ്ദേവനൃതുപതി;
ഞാനറിയില്ലി,ശ്രിതന്റെ ധനേശനെ! (3)

ഏവരഗ്നേ, നിബദ്ധാരികൾ നിന്നാള?-
രേവർ, പാലിച്ചു നല്കുന്ന മഹസ്വികൾ?
ഏവരഗ്നേ, വഴിയ്ക്കാക്കു,മസത്യനെ?-
യേവർ കെടുവാക്കിൽനിന്നു രക്ഷിപ്പവർ? (4)

നിന്മിത്രഭൂതരുണ്ട,ഗ്നേ, ദിശി ദിശി:
തിന്മയുപേക്ഷിച്ചു നന്മപൂണ്ടോരി,വർ;
ഇന്നോരുകാരനെക്കൊണ്ടു കള്ളങ്ങള-
ന്നന്നു പുലമ്പിയോർ താനേ തുലഞ്ഞുപോയ്! (5)

അഗ്നേ, ഭവാനെ ഹവിസ്സാൽ യജിച്ചെവൻ
രക്ഷിയ്ക്കു,മുജ്ജ്വലനാം വൃഷാവിൻ സ്തവം;
വായ്ക്കു,മവന്നു ഭവനം; ഭജിയ്ക്കുവാൻ
നോക്കും നരന്നു പിറക്കട്ടെ, നന്മകൻ! (6)

### കുറിപ്പുകൾ: സൂക്തം 12.

1. തിരുവായിൽ (ജ്വാലയിൽ) വീഴ്ത്തുന്ന നെയ്യ് അഗ്നിയ്ക്ക് എത്ര പ്രീതികരമാകുമോ, അത്ര പ്രീതികരമായ മന്ത്രസ്തവം ഞാൻ തീർത്തുവെപ്പൻ, നിർമ്മിയ്ക്കാം.
2. കഥിയ്ക്കും – ഞാൻ ചൊല്ലുന്ന. പിളർക്ക – മേഘങ്ങളെ. ദ്വയം – സത്യാസത്യയുക്തമായ കർമ്മം. ഉത്തരാർദ്ധം പരോക്ഷം.
3. സന്തതജീവനൻ – ജീവനം (ജലം) വ്യാപിപ്പിയ്ക്കുന്നവൻ. ഉത്തരാർദ്ധം പരോക്ഷം: ഇശ്രിതന്റെ (ആശ്രിതനായ എന്റെ) ധനേശനെ (എനിയ്ക്കു ധനം തരുന്ന സ്വാമിയായ അഗ്നിയെ) ഞാനറിയില്ല; അദ്ദേവൻ എന്നെ അറിയട്ടെ, അറിഞ്ഞു ധനം തരട്ടെ!

4. നിബദ്ധാരികളായ (ശത്രുക്കളെ ബന്ധിച്ച) നിന്നാളർ, അങ്ങയുടെ ആൾക്കാർ ഏവർ? പാലിച്ച നല്കുന്ന (രക്ഷിച്ച ധനം നല്കുന്ന) മഹസ്വികൾ ഏവർ; ഏവർ അസത്യനെ (കപടശീലനെ) വഴിയ്ക്കാക്കും – സന്മാർഗ്ഗം പ്രാപിപ്പിയ്ക്കും? കെടുവാക്ക് – ദോഷാരോപണാദി. അങ്ങയെ ഉപാസിയ്ക്കുന്നവർക്കേ ഈ ഗുണങ്ങൾ ഉണ്ടായിവരൂ.

5. ഇന്നേരുകാരനെക്കൊണ്ടു – സത്യവാനായ എന്നെപ്പറ്റി.

6. വൃഷാവിൻ – വൃഷാവായ ഭവാന്റെ. വായ്ക്കും-വളരും, ധനസമൃദ്ധമാകും. ഭജിയ്ക്കുവാൻ നോക്കുന്നവൻ – ത്വൽപരിചർയ്യാക്തൻ.

## സൂക്തം 13.

സുതംഭരൻ ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.

അഗ്നേ, പൂജിച്ചുകൊണ്ടേങ്ങൾ വിളിച്ചീടുന്നിതങ്ങയെ;
ജ്വലിപ്പിയ്ക്കുന്നു, പൂജിച്ചു പൂജിച്ചിങ്ങവനത്തിനായ്. (1)

ദ്യോവിങ്കൽ സ്ഥിതനാമഗ്നിദേവനെക്കൊണ്ടു സാമ്പ്രതം
ചൊല്ലുന്നു, സാധകസ്തോത്രം ഞങ്ങൾ വിത്താഭിവാഞ്ഛയാൽ. (2)

അഗ്നി, മർത്ത്യരിൽ മേവുന്ന ഹോതാവീയെങ്ങൾതൻ സ്തവം
ശ്രുവിയ്ക്കട്ടെ; യജിയ്ക്കട്ടെ,യവൻ ദിവ്യജനങ്ങളെ! (3)

അഗ്നേ, വരേണ്യഹോതാവാം ഭവാനെങ്ങും തഴപ്പവൻ;
പ്രീതനായ ഭവാനെക്കൊണ്ടല്ലോ, യജ്ഞപ്രവർത്തനം! (4)

അഗ്നേ, സുഷ്ടുതനാമന്നം നല്കും നിന്നെ മനീഷികൾ
കൈവളർത്തുന്നു; സദ്വീർയ്യം ഞങ്ങൾക്കു തരിക,ബ്ഭുവാൻ! (5)

ഏറുകാലുകളെച്ചക്രച്ചുറ്റുപോലെ,യമർത്ത്യരെ
അടക്കിവെച്ചോന,ഗ്നേ, നീ; കിട്ടിയ്ക്ക, വിവിധം ധനം! (6)

### കുറിപ്പുകൾ: സൂക്തം 13.

1. അവനം = രക്ഷണം.
2. അഗ്നിദേവനെക്കൊണ്ടു – അഗ്നിദേവനെക്കുറിച്ച്. സാധകനസ്തോത്രം – ഫലസിദ്ധി വരുത്തുന്ന സ്തുതി.
3. ദിവ്യജനങ്ങൾ = ദേവകൾ.
5. സുഷ്ടുതൻ = വഴിപോലെ സ്തുതിയ്ക്കപ്പെട്ടവൻ. അബ്ഭുവാൻ – കൈവളർത്തപ്പെടുന്ന ഭവാൻ.
6. ചക്രനേമി ഏറുകാലുകളെ (അഴികളെ) തങ്കൽ അടക്കിനിർത്തുമല്ലോ.

## സൂക്തം 14.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഭവാൻ സ്തവംകൊണ്ടറിയിച്ചാലു,മവ്യയനഗ്നിയെ:
നമ്മൾതൻ ഹവ്യമമരർക്കെത്തിയ്ക്കട്ടേ, ജ്വലിച്ചവൻ! (1)

മനുഷ്യരിൽ മഹായഷ്ടാവാമിശ്ശാശ്വതദേവനെ
സ്തുതിച്ചുപോരുന്നു, ശരിയ്ക്കധ്വരങ്ങളിലാളുകൾ. (2)

അനേകർ നെയ്യൊഴുക്കും സ്രുക്കെടുത്തീയഗ്നിദേവനെ
സ്തുതിച്ചുപോരുന്നുണ്ടല്ലോ, ഹവിസ്സുകൾ വഹിയ്ക്കുവാൻ. (3)

ജാതനാമഗ്നി തേജസ്സാൽദ്ദസ്യുക്കളെ,യിരുട്ടിനെ
മുടിച്ചു പരിശോദിച്ചു സൂര്യൻ നേടീ, ജലങ്ങളെ! (4)

പൂജിപ്പിൻ, നെയ്യു മുതുകത്തോലും സ്തോതവ്യനഗ്നിയെ:
ശ്രുവിയ്ക്ക, കാംക്ഷിയ്ക്കുകയുംചെയ്യുകെ,ൻവിളിയക്കവി! (5)

ശോഭനധ്യാനരാം സ്തോത്രകാമരോടൊപ്പമഗ്നിയെ
നൈകൊണ്ടും സ്തവംകൊണ്ടും വളർത്താർ, വിശ്വദർശിയെ! (6)

### കുറിപ്പുകൾ: സൂക്തം 14.

1. സ്തോതാവിനോട്: അറിയിച്ചാലും – സ്വാഭീഷ്ടം. അവ്യയൻ-മരണരഹിതൻ.
2. മനുഷ്യരിൽ – മനുഷ്യലോകത്തിൽവെച്ച്.
4. ജാതൻ – അരണിമഥനോൽപന്നൻ.
5. ആളുകളോട്:
6. വളർത്താർ – ഋത്വിക്കുകൾ.

## സൂക്തം 15.

അംഗിരോവംശ്യൻ ധരുണൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത. (കാകളി)

തീർത്തിടുന്നേൻ, വിധാതാവിന്നു വേദ്യന്നു
കീർത്തിമാന്ന,ഗ്രിമന്ന,ഗ്നിയ്ക്കു ഞാൻ സ്തവം:
വിത്തം വളർപ്പോൻ, സുസൗഖ്യൻ, വസു ബലി,
ധർത്താവും നെയ്യാൽത്തെളിയുവോന,ക്കവി! (1)

സ്വർഗ്ഗദ്ധർമ്മത്തിൽ മേവുമജാതരാം
മുഖ്യരിൽജ്ജാതരോടൊത്തു ചെല്ലുന്നവർ
ഉത്തമസ്ഥാനത്തുവെയ്ക്കുന്നു, കർമ്മത്തി-
നധ്വരഭൃത്താമൃതനെ സ്തുതിയൊടേ. (2)

മുഖ്യന്നതീവ ദുർദ്ധർഷമന്നം സമ-
ർപ്പിയ്ക്കുവോർതന്നുടൽ പാപനിർമ്മുക്തമാം.
അന്നവജാതനകറ്റട്ടെ, മാറ്ററെ:
വന്നേല്ലൊലാ, ക്രുദ്ധസിംഹത്തൊടാംവിധം! (3)

പോറ്റുന്നു, തായപോലാളെയാളെ,ജ്ജന-
പ്രാർത്ഥിതധാരണദർശനൻ വ്യാപി നീ;
അന്നമന്നം ദഹിയ്ക്കുന്നു, നിൻധാരണാൽ;-
ബ്ഭിന്നരൂപൻ സ്വയം ചെല്ലുന്നു, നീളെ നീ! (4)

ദേവ, കള്ളൻ മുതൽ പൂഴ്ത്തിവെയ്ക്കുംവിധം,
ശ്രീവാഹി വാഞ്ഛിതദായി ഹവ്യോൽക്കരം
കാക്കട്ടെ, നിൻബലപൂർത്തിയെ; വൻധന-
മാർഗ്ഗം തുറന്നൻപിയറ്റി,യത്രിയ്ക്കു നീ! (5)

### കുറിപ്പുകൾ: സൂക്തം 15.

1. ബലി = ബലവാൻ. ധർത്താവ് – വിശ്വധാരകൻ. തെളിയുവോൻ – പ്രസാദിയ്ക്കുന്നവൻ, ജ്വലിയ്ക്കുന്നവൻ.
2. സ്വർഗ്ഗദ്ധർമ്മം = സ്വർഗ്ഗത്തെ ഭരിയ്ക്കുന്ന ധർമ്മം, യജ്ഞം. അജാതരാം മുഖ്യർ = ജനനമില്ലാത്ത നേതാക്കൾ, ദേവന്മാർ. ജാതർ – മനുഷ്യർ. ചെല്ലുന്നവർ – യജമാനർ. ഇത്തമസ്ഥാനം – ഉത്തരവേദി. അധ്വരഭൃത്താമൃതനെ = യാഗം ഭരിയ്ക്കുന്ന സത്യസ്വരൂപനെ, അഗ്നിയെ.
3. മുഖ്യന്ന് – അഗ്നിയ്ക്ക്. അന്നവജാതൻ – ആ നവോൽപന്നനായ അഗ്നി. വന്നേല്ലൊലാ – മാറ്റർ എന്നോടെതിർക്കരുത്, മൃഗങ്ങൾ ക്രുദ്ധസിംഹത്തോതടെതിർക്കാറില്ലാത്തതു പോലെ.
4. പ്രത്യക്ഷോക്തി; ജനപ്രാർത്ഥിതധാരണദർശനൻ = ജനങ്ങളാൽ പ്രാർത്ഥിയ്ക്കപ്പെടുന്ന ധാരണദർശനങ്ങളോടുകൂടിയവൻ. മൂന്നാംപാദം ജാരാഗ്നിത്വത്തെ പ്രതിപാദിയ്ക്കുന്നു. ഭിന്നരൂപൻ = നാനാരൂപനായി.
5. ശ്രീവാഹി = സംപത്തിനെ വഹിയ്ക്കുന്നത്. വാഞ്ഛിതദായി = അഭീഷ്ടപ്രദം. ഇങ്ങനെയുള്ള ഹവ്യോൽക്കരം നിൻബലപൂർത്തിയെ കാക്കട്ടെ, രക്ഷമിയ്ക്കട്ടെ; എന്തുപോലെ?

കള്ളൻ മുതൽ (തൊണ്ടി) പൂഴ്ത്തിവെച്ച സൂക്ഷിയ്ക്കുന്നതുപോലെ. ഞങ്ങളുടെ ഹവിസ്സുകൾ അങ്ങയെ പരമബലവാനാക്കട്ടെ എന്നു സാരം. അൻപിയറ്റി – പ്രീതിവരുത്തിയല്ലോ!

## സൂക്തം 16.

അത്രിവംശ്യൻ പൂരു ഋഷി; അനുഷ്ടപ്പും പംക്തിയും ഛന്ദസ്സുകൾ; അഗ്നി ദേവത. ('ദ്വാരകാമന്ദിരം' പോലെ)

മിത്രത്തെപ്പോലാരെ വാഴ്ത്തി
മർത്ത്യർ പുരസ്കരിച്ചിതോ:
അർപ്പിയ്ക്ക, നീയാത്തിളങ്ങു-
മഗ്നിദേവന്നേറ്റമന്നം! (1)

ആളുകൾക്കൊരാഹ്വാതാവാ-
ണാ,ളും കയ്യൂക്കെഴുമഗ്നി;
ഹവ്യമണയ്ക്കുന്നോനവൻ
ദ്രവ്യം നല്കും, സൂര്യൻപോലേ! (2)

ആർത്തിരമ്യമേതീശങ്കൽ-
ച്ചേർത്തിടുന്നൂ, കെല്പെല്ലാരും;
മെത്തും ഭാസ്സുള്ളദ്ധനിയ്ക്കു
മിത്രരാക, വാഴ്ത്തുക, നാം! (3)

അഗ്നേ, തരികിയ്യുള്ളോർക്കൊ-
രഗ്ര്യവീർയ്യം: വാനുഴികൾ
ഭാനുവെപ്പപോലസ്സേവ്യനെ-
ത്താനല്ലോ, പരിഗ്രഹിച്ചു! (4)

അഗ്നേ, വാഴ്ത്തപ്പെട്ടും ഭവാൻ
വെക്കം വരൂ, തരൂ, വിത്തം.
ഞങ്ങളുമിസ്സൂരികളു-
മിങ്ങൊന്നിച്ചു പുകഴ്ത്തുന്നു;
യുദ്ധങ്ങളിലെങ്ങളെ നീ
വർദ്ധിപ്പിച്ചരുളേണമേ! (5)

### കുറിപ്പുകൾ: സൂക്തം 16.

1. ഋഷി, തന്നോടുതന്നേ പറയുന്നു:
2. ആളുകൾ – യജമാനർ. ആഹ്വാതാവ് – ദേവകളെ വിളിയ്ക്കുടന്നവൻ. ഹവ്യമണയ്ക്കുന്നോൻ – ഹവിസ്സു ദേവന്മാരിലെത്തിയ്ക്കുന്നവൻ. ദ്രവ്യം = ധനം.
3. കെല്പു ചേർത്തിടുന്നു – ഹവിസ്സർപ്പിച്ചും, സ്തുതിച്ചും. ഭാസ്സ് = തേജസ്സ്. അദ്ധനി – ആ ധനവാനായ അഗ്നി.
4. ഉത്തരാർദ്ധം പരോക്ഷം: ഭാനു = സൂര്യൻ. അസ്സേവ്യൻ – അഗ്നി.

## സൂക്തം 17.

ഋഷിച്ഛന്ദോദേവതകൾ മുമ്പവേത്തവ. (‘ദ്വാരകാമന്ദിരം’ പോലെ)

സ്തുത്യാ വിളിയ്ക്കുന്നു, രക്ഷ-
യ്ക്കിത്ഥം വർദ്ധിപ്പോനെ മർത്ത്യൻ:
ദേവനാമഗ്നിയ്ക്കായ് സ്തോത്രം
ചൊല്വൂ, രക്ഷയ്ക്കധ്വരവാൻ. (1)

അപ്പരനെ, സ്തവാർഹനെ, –
സ്സുപ്രഭനെ,സ്സുഖവാനെ
പാടിപ്പുകഴ്ത്തുന്നു, ധീയാൽ
പ്രൌഢകീർത്തേ, ധർമ്മിഷ്ഠൻ നീ! (2)

സ്തോത്രബലയുക്തനഗ്നി,
ചീർത്ത തേജസ്സുജ്ജ്വലിപ്പോൻ,
അർക്കന്നൊപ്പം വ്യാപ്തപ്രഭൻ;
തൽക്കാന്തിയാൽദ്ദീപ്തന,ർക്കൻ! (3)

ഇദ്ദൃശ്യനെ യജിച്ചാർയ്യർ
വിത്തം തേരിൽക്കയറ്റുന്നു:
പെട്ടെ,ന്നാഹ്വാതവ്യനഗ്നി
സുഷ്ടുതനായ്, സർവരാല്യം! (4)

നീ തരികെ,ങ്ങൾക്കു വെക്കം,
സ്തോതൃബുധർ നേടും ധനം.
കാമം നല്കി രക്ഷിച്ചാല്യം:
ക്ഷേമാർത്ഥി, ഞാൻ ബലസൂനോ.
യുദ്ധങ്ങളിലെങ്ങളെ നീ
വർദ്ധിപ്പിച്ചരുളേണമേ! (5)

### കുറിപ്പുകൾ: സൂക്തം 17.

1. സ്തുത്യാ = സ്തുതികൊണ്ട്. വർദ്ധിപ്പോനെ – ജ്വലിയ്ക്കുന്ന അഗ്നിയെ. അധ്വരവാൻ – യജമാനൻ.
2. സ്തോതാവിനോട്: അപ്പരനെ = ആ സർവോപരിസ്ഥനെ, അഗ്നിയെ.
3. സ്തോത്രബലയുക്തൻ = സ്തോത്രത്തോടും ബലത്തോടും കൂടിയവൻ. തൽക്കാന്തിയാൽദ്ദീപ്തനർക്കൻ – അവന്റെ (അഗ്നിയുടെ) കാന്തികൊണ്ടാണ്, അർക്കൻ വിളങ്ങുന്നത്.
4. ഇദ്ദൃശ്യനെ – ദർശനീയനായ അഗ്നിയെ. ആര്യർ = ശ്രേഷ്ഠർ, സുമതികൾ. കയറ്റുന്നു- വളരെദ്ധനം നേടുന്നു. പെട്ടെന്ന് – ഉൽപന്നനായ സമയത്തു തന്നേ സുഷ്ടുതനായ്.
5. അങ്ങയെ സ്തുതിയ്ക്കുന്ന ബുധന്മാർ (വിദ്വാന്മാർ) ധനം നേടുന്നുണ്ടല്ലോ; അതു ഞങ്ങൾക്കും തരിക. ക്ഷേമാർത്ഥി = ക്ഷേമം യാചിയ്ക്കുന്നവനാണ്.

## സൂക്തം 18.

അത്രിവംശ്യൻ ദ്വിതൻ, ഋഷി; അനുഷ്ടുപ്പും പംക്തിയും ഛന്ദസ്സുകൾ. അഗ്നി ദേവത. ('ദ്വാരകാമന്ദിരം' പോലെ)

പ്രാതഃസ്തുത്യൻ, വിത്തപ്രദൻ,
ഭൂതപ്രിയാതിഥി,യഗ്നി:
മർത്ത്യഹവ്യങ്ങളിലെല്ലാം
ബദ്ധകാമനി,യമർത്ത്യൻ! (1)

മുക്തവാഹോദ്വിതന്നു നീ
വിത്തം നല്ക, തൻമിടുക്കാൽ:
സ്തോമം ചൊൽവോന,ങ്ങയ്ക്കെന്നും
സോമം കൊൾവോന,വൻ ദേവ! (2)

ആളിപ്പാളും നിന്നെസ്തുതി,–
ച്ചാഢ്യർക്കായ് ഞാൻ വിളിയ്ക്കുന്നേൻ:
അശ്വപ്രദ, ചരിയ്ക്കട്ടെ,–
യക്ലിഷ്ടമായിവർതൻ തേർ! (3)

ഉക്ഥം ചൊല്ലും നാനാകർമ്മ-
യുക്തരിവരധ്വരത്തിൽ
ദർഭ വിരിച്ചതിൻമീതെ-
യർപ്പിയ്ക്കുന്നുണ്ട,ന്നങ്ങളെ. (4)

അഗ്നേ, സ്തുതിച്ചതിന്നെനി-
യ്ക്കമ്പതു കുതിരകളെ
തന്നവരാം ധനികർക്കു
നിർന്നാശ, നീ നല്കേണമേ,
ആ ദീപ്തമായ് മികച്ചതാ-
മാൾക്കാരൊത്ത മഹാന്നത്തെ! (5)

### കുറിപ്പുകൾ: സൂക്തം 18.

1. ഭൂതപ്രിയാതിഥി=പ്രാണികൾക്കു പ്രിയനും അതിതിയുമായിട്ടുള്ളവൻ. ബദ്ധകാമൻ–കാംക്ഷപൂണ്ടവനാകുന്നു.
2. മുക്തവാഹോദ്വിതൻ–മുക്തവാഹസ്സ് എന്ന ദ്വിതപുത്രൻ. മുക്തം, വിശുദ്ധഹവിസ്സ്, ദേവകൾക്കെത്തിയ്ക്കുന്നവൻ എന്നത്രേ, മുക്തവാഹസ്സ് എന്നതിന്റെ അർത്ഥം.
3. ആഢ്യർ=ധനവാന്മാർ. അക്ലിഷ്ടമായ്–ശത്രുപീഡ പറ്റാതെ എന്നു സാരം.
4. ഇവർ–ഋത്വിക്കുകൾ.
6. സ്തുതിച്ചതിന്ന്–അങ്ങയെക്കുറിച്ചുള്ള സ്തോത്രം ചൊല്ലിയതിന്നു പ്രതിഫലമായി. നിന്നാശ=അമരണ. ആദീപ്തം=തിളങ്ങുന്നത്.

## സൂക്തം 19.

അത്രിവംശ്യൻ വവ്രി ഋഷി; ഗായത്രിയും അനുഷ്ടുപ്പും വിരാഡ്രൂപയും ഛന്ദസ്സുകൾ. അഗ്നി ദേവത.

വവ്രിയ്ക്കു മേല്ക്കുമേൽ വന്ന ദുർദ്ദശകൾ, അമ്മയുടെ അടുക്കൽ നോക്കിക്കൊണ്ടുന്ന വവ്രി അറിയുമാറാകണം! (1)

യാവചിലർ അറിഞ്ഞു നിരന്തരം വിളിയ്ക്കുകയും ബലം രക്ഷിയ്ക്കുകയും ചെയ്യുന്നുവോ, അവർ അധൃഷ്യമായ പുരി പൂകുന്നു! (2)

കഴുത്തിൽ പതക്കം കെട്ടി, പെരികെ സ്തുതിയ്ക്കുന്ന അന്നകാംക്ഷികളായ പ്രാണികൾ – മനുഷ്യർ – ഇതുകൊണ്ടും മധുകൊണ്ടും അന്തരിക്ഷാഗ്നിയുടെ തേജസ്സു വർദ്ധിപ്പിയ്ക്കുന്നു. (3)

ദ്യാവാപൃഥിവികൾക്കു സഹായഭൂതൻ, കലംപോലെ അന്നം വയറ്റിലുള്ളവൻ, ഹിംസിയ്ക്കപ്പെടാത്തവൻ, ഹിംസിയ്ക്കുന്നവൻ – ഇങ്ങനെയുള്ള ശാശ്വതൻ പാൽപോലെ കമനീയവും അനവദ്യവുമായ പ്രിയം കേട്ടരുളട്ടെ! (4)

തേജോമയ, വിളയാട്ടത്തിൽ വെണ്ണീറുകൊണ്ടും കാറ്റുകൊണ്ടും ശരിയ്ക്കറിയപ്പെടുന്ന ഭവാൻ ഞങ്ങൾക്കഭിമുഖനായാലും; ആക്രമിയ്ക്കുന്ന, തീക്ഷ്ണതയേറിയ, വഹിയ്ക്കുന്ന, ആ വഹ്നിജ്വാലകാൾ ഇവനെ പൊള്ളിയ്ക്കരുതേ! (5)

### കുറിപ്പുകൾ: സൂക്തം 19.

1. വവ്രിയ്ക്ക് – എനിയ്ക്ക്. അമ്മ – ഭൂമി, വേദി. നോക്കിക്കൊണ്ടുന്ന – നാനാപദാർത്ഥങ്ങളെ. വവ്രി – ഹവിസ്സിനെ വരിയ്ക്കുന്ന അഗ്നി. അറിയുമാറാകണം – അറിഞ്ഞ് അകറ്റണമെന്നു ഹൃദയം.
2. അറിഞ്ഞ് – അഗ്നിയുടെ പ്രഭാവം. ബലം രക്ഷിയ്ക്കുക – അഗ്നിയുടെ ബലം ഹവിരാദികളാൽ നിലനിർത്തുക.
3. ഇതു – സ്തോത്രം. അന്തരിക്ഷാഗ്നി – വൈദ്യുതാഗ്നി.
4. കലംപോലേ – കലത്തിന്നുള്ളിൽ ചോറുണ്ടാകുമല്ലോ. ശത്രുക്കളാൽ ഹിംസിയ്ക്കപ്പെടാത്തവൻ. ശത്രുക്കളെ ഹിംസിയ്ക്കുന്നവൻ. ശാശ്വതൻ – അനശ്വരനായ അഗ്നി. പ്രിയം – പ്രിയമായ നമ്മുടെ സ്തോത്രം.
5. വഹിയ്ക്കുന്ന – ഹവിസ്സിനെ. ഇവനെ – എന്നെ. ആക്രമിയ്ക്കുന്ന എന്നാദിയായ വാക്യം പരോക്ഷം: ആക്രമിയ്ക്കുന്ന – ശത്രുക്കളെ.

## സൂക്തം 20.

അത്രിവംശ്യർ പ്രയസ്വാന്മാർ ഋഷികൾ; അനുഷ്ടുപ്പും പംക്തിയും ഛന്ദസ്സുകൾ; അഗ്നി ദേവത.

അഗ്നേ, അത്യന്തം അന്നദാതാവേ, അവിടെയ്ക്കു ഞങ്ങളുടെ യാതൊരു ധനം വേണമോ, ശ്ലാഘ്യവും സ്തോത്രയുക്തവുമായ അതു ദേവന്മാർക്കെത്തിച്ചാലും! (1)

അഗ്നേ, സമ്പത്തിരിയ്ക്കെ, അങ്ങയ്ക്കു തരാത്തവർ വലിയ ബലത്തിൽനിന്നകന്നു പോകും: മറ്റൊന്നു ചെയ്യുന്നവന്റെ ദ്വേഷവും ഹിംസയും തിരിച്ചടിയ്ക്കും! (2)

അഗ്നേ, പ്രയസ്വാന്മാരായ ഞങ്ങൾ ബലസാധകനായ ഭവാനെ ഹോതാവാക്കി വരിയ്ക്കുന്നു; യജ്ഞങ്ങളിൽ മുഖ്യനായ ഭവാനെ സ്തുതികൊണ്ടു വിളിയ്ക്കുകയും ചെയ്യുന്നു. (3)

ബലവാനേ, ഞങ്ങൾ നാളിൽ നാളിൽ നിന്തിരുവടിയാൽ രക്ഷിയ്ക്കപ്പെട്ടുമാറാകണം; ഞങ്ങൾ ധനവും യജ്ഞവും നേട്ടുമാറാകണം; സുകർമ്മാവേ, ഞങ്ങൾ ഗോക്കളോടൊന്നിച്ചു മത്തടിയ്ക്കുമാറാകണം; ഞങ്ങൾ പുത്രരോടൊന്നിച്ചു മത്തടിയ്ക്കുമാറാകണം! (4)

### കുറിപ്പുകൾ: സൂക്തം 20.

2. മറ്റൊന്നു – വൈദികമല്ലാത്തത്. തിരിച്ചടിയ്ക്കും – അവന്നുതന്നെ പറ്റും.

## സൂക്തം 21.

അത്രിവംശ്യൻ സസൻ ഋഷി: അനുഷ്ടുപ്പും പംക്തിയും ഛന്ദസ്സുകൾ; അഗ്നി ദേവത.

അഗ്നേ, അങ്ങയെ ഞങ്ങൾ, മനുവെന്നപോലെ പ്രതിഷ്ഠിയ്ക്കുന്നു; മനുവെന്നപോലേ ഉജ്ജ്വലിപ്പിയ്ക്കുന്നു. അംഗിരസ്സേ, അങ്ങു ദേവകാമനായ മനുഷ്യനുവേണ്ടി ദേവന്മാരെ യജിച്ചാലും! (1)

അഗ്നേ, അങ്ങു മനുഷ്യലോകത്തിൽ അതിപ്രീതനായി ജ്വലിപ്പിയ്ക്കപ്പെടുന്നു; സുജാത, ഘൃതാന്നോപേത, സ്രുക്കുകൾ ഇടവിടാതെ അങ്ങയെ പ്രാപിയ്ക്കുന്നു. (2)

ഒരേമട്ടിൽ പ്രീതിപ്പെട്ട ദേവകളെല്ലാവരുംകൂടി അങ്ങയെ ദൂതനാക്കി; കവേ, അതിനാൽ പൂജകർ ദേവായ ഭവാനെ യജ്ഞങ്ങളിൽ സ്തുതിച്ചുപോരുന്നു. (3)

മനുഷ്യൻ ദേവയജാത്തിന്ന് അഗ്നിദേവനായ ഭവാനെ സ്തുതിയ്ക്കണം: തേജസ്വിൻ, അങ്ങ് വളർന്നുജ്ജ്വലിച്ചാലും; സത്യശീലനായ സസന്റെ യജ്ഞസ്ഥാനത്തെഴുന്നള്ളിയാലും – യജ്ഞസ്ഥാനത്തെഴുന്നള്ളിയാലും! (4)

### കുറിപ്പുകൾ: സൂക്തം 21.

2. ഘൃതാന്നോപേത = നൈ ചേർന്ന അന്നത്തോടുകൂടിയവനേ.
3. പൂജകർ – പരിചരിയ്ക്കുന്ന യജമാനർ.
4. സസന്റെ – എന്റെ.

## സൂക്തം 22.

അത്രിവംശ്യൻ വിശ്വസാമാവ് ഋഷി; അനുഷ്ടുപ്പും പംക്തിയും ഛന്ദസ്സുകൾ; അഗ്നി ദേവത.

വിശ്വസാമാവേ, നീ അത്രിയെന്നപോലെ പാവകപ്രഭനെപ്പറ്റി പാടുക: യാഗങ്ങളിൽ സ്തോതവ്യനായ ഈ ഹോതാവു ജനങ്ങൾക്ക് അതിസ്തുത്യനാണല്ലോ! (1)

നിങ്ങൾ ജാതവേദസ്സും ഋത്വിക്കുമായ അഗ്നിയെ പ്രതിഷ്ഠിയ്ക്കുവിൻ: ദേവകൾക്കു തുലോം പ്രിയമായ യജ്ഞം ഇന്ന് ഇടവിടാതെ ആ ദേവങ്കൽ ചെല്ലട്ടെ! (2)

അറിവുൾക്കൊണ്ട ദേവനായ അങ്ങയെ സമീപിയ്ക്കുന്ന മനുഷ്യരായ ഞങ്ങൾ രക്ഷയ്ക്കും വരേണ്യനായ അങ്ങയെ തർപ്പിപ്പാനുമായി സ്തുതിച്ചുകൊള്ളുന്നു. (3)

അഗ്നേ, ബലപുത്ര, ഞങ്ങളുടെ ഈ സ്തുതിയും ഇതും അവിടുന്നറിയണം: ശോഭനഹനോ: ഗൃഹപതേ, ആ നിന്തിരുവടിയെ അത്രി പുത്രന്മാർ സ്തവങ്ങൾകൊണ്ടു വളർത്തുന്നു – അത്രിപുത്രന്മാർ സ്തോത്രമണിയിയ്ക്കുന്നു! (4)

### കുറിപ്പുകൾ: സൂക്തം 22.

1. ഋഷി, തന്നോടുതന്നേ പറയുന്നു: പാവകപ്രഭൻ – പരിശുദ്ധിവരുത്തുന്ന പ്രഭയോടുകൂടിയവൻ, അഗ്നി.
2. യജമാനരോട്:
3. പ്രത്യക്ഷോക്തി:
4. ഇതും – പരിചരണവും.

## സൂക്തം 23.

ദ്യുമ്നൻ ഋഷി; അനുഷ്ടുപ്പും പംക്തിയും ഛന്ദസ്സുകൾ; അഗ്നി ദേവത.

അഗ്നേ, ദ്യുമ്നനു, മികച്ച കെല്പാൽ കീഴമർത്തുന്ന ഒരു പുത്രനെ കൊണ്ടുവന്നാലും: സ്തവനശീലനായ അവൻ യുദ്ധങ്ങളിൽ എതിർക്കുന്ന മനുഷ്യരെയെല്ലാം കീഴമർത്തണം! (1)

അഗ്നേ, ബലവാനേ, അങ്ങനെ പടകളെ അമർത്തുന്ന ഒരു പുത്രനെ കൊണ്ടുവന്നാലും! സത്യഭൃതനും അദ്ഭുതനും ഗോയുക്തമായ അന്നം നല്കുന്നവനുമാണല്ലോ, നിന്തിരുവടി! (2)

അഗ്നേ; തുല്യപ്രീതിയോടേ ദർഭ മുറിയ്ക്കുന്ന ആളുകളെല്ലാം യാഗശാലകളിൽ ഹോതാവായ പ്രിയപ്പെട്ട ഭവാനോടു വളരെ വരണീയം യാചിയ്ക്കാറുണ്ടല്ലോ! (3)

അഗ്നേ, ആ വിശ്വദ്രഷ്ടാവിന്നു കീഴമർത്തുന്ന കെല്പുണ്ടായിവരട്ടെ തേജസ്വിൻ, അങ്ങു ഞങ്ങളുടെ ഈ ഗൃഹങ്ങളിൽ ധനമുണ്ടാകുമാറു ജ്വലിച്ചാലും – പാവക, യശസ്സുണ്ടാകുമാറു ജ്വലിച്ചാലും! (4)

### കുറിപ്പുകൾ: സൂക്തം 23.

1. ദ്യുമ്നന്ന് – എനിയ്ക്ക്. കീഴമർത്തുന്ന – ശത്രുക്കളെ. അവൻ – പുത്രൻ.
3. ദർഭ മുറിയുന്ന ആളുകൾ – ഋത്വിക്കുകൾ. വരണീയം – ധനം.
4. ആ വിശ്വദ്രഷ്ടാവ് – ഋഷി, അത്രി?

## സൂക്തം 24.

ഗൌപായവയനരോ ലൌപായനരോ ആയ ബന്ധുവും സുബന്ധുവും ശ്രുതബന്ധുവും വിപ്രബന്ധുവും യഥാക്രമം ഋഷികൾ; വിരാട് ഛന്ദസ്സ്; അഗ്നി ദേവത.

അഗ്നേ, വരേണ്യനായ ഭവാൻ ഞങ്ങൾക്ക് ഏറ്റവും അടുക്കൽ നില്ക്കണം, രക്ഷിയ്ക്കണം, സുഖമുളവാക്കണം. വസുവും അഗ്രിമനും ബഹ്വന്നനുമായ അവിടുന്നു വന്നണയുക: മിന്നിത്തിളങ്ങുന്ന ധനം തരിക! (1-2)

ആ നിന്തിരുവടി ഞങ്ങളെ അറിഞ്ഞു, വിളി കേട്ടാലും: ഞങ്ങളെ എല്ലാ ദ്രോഹികളിൽനിന്നും രക്ഷിച്ചാലും. അതിതേജസ്സോടേ വിളങ്ങുന്നവനേ, ഞങ്ങൾ ആ അങ്ങയോടു സുഖത്തിന്നും സഖാക്കൾക്കുംവേണ്ടി തീർച്ചയായും യാചിയ്ക്കുന്നു! (3-4)

### കുറിപ്പുകൾ: സൂക്തം 24.

1. ഈരടിയാകുന്നു, ഈ ഋക്കുകൾ.

## സൂക്തം 25.

അത്രിവംശ്യർ വസൂയുക്കൾ ഋഷികൾ; അനുഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത. (‘താമര ക്കണ്ണൻ’ പോലെ)

പാലിപ്പാനഗ്നിദേവന്നായ് നിങ്ങൾ
പാടുവിൻ: നമ്മൾക്കാ വസൂ
സത്യവാനൃഷിപുത്രൻ നല്കട്ടേ;
പ്രത്യർത്ഥികളെപ്പോക്കട്ടേ! (1)

പൂതതേജസ്സായ് നാവാലൻപേകും
ഹോതാവാമാരെപ്പൂർവരും,
ആരെയുമ്പരുമുജ്ജ്വലിപ്പിച്ചാ,-
രാ വിഭാവസുതാൻ സത്യൻ! (2)

അബ്ഭുവാൻ വരണീയനാമഗ്നേ,
നിർഭരം വാഴ്ത്തപ്പെട്ടോനേ,
തുംഗസൽക്കർമ്മശസ്തുയുക്തരാ-
മെങ്ങൾക്കു നല്ക, വിത്തങ്ങൾ! (3)

അഗ്നി ശോഭിപ്പൂ, വാനവന്മാരി;-
ലഗ്നി പൂകുന്നു, മർത്ത്യരിൽ;
അഗ്നിയേന്തുന്നു, നമ്മുടെ ഹവ്യ;-
മഗ്നിയെ വാഴ്ത്തിപ്പൂജിപ്പിൻ! (4)

സ്തീതാന്നൻ, ബഹുസ്തോത്രൻ, ദുർദ്ധർഷൻ,
താതന്റെ പേരു കേൾപ്പിപ്പോൻ,
അഗ്രിമൻ പുത്രനുണ്ടായിവരു,-
മഗ്നിയ്ക്കു ഹവ്യം നല്കിയാൽ! (5)

പോരിലാൾക്കാരാൽക്കീഴമർത്താ,ർയു–
ന്മാരെക്കാപ്പോനെ നല്ക,ഗ്നി;
തോല്ക്കാതേ ജയം സാധിയ്ക്കുമതി-
ശീഘ്രാശ്വത്തെയും നല്ക,ഗ്നി! (6)

പ്രൌഢ,മഗ്നിയ്ക്കു – ഹേ വിഭാവാസോ,
കൂടുതൽ നല്കവേണം നീ;
നിന്നിൽനിന്നല്ലോ പൊങ്ങുന്നു വൻസ്വ; –
ത്തന്നവും നിന്നിൽനിന്നല്ലോ! (7)

ചെമ്മേ ശോഭിപ്പൂ, നിന്റെ രശ്മിക; –
ളമ്മിപോലുരുഗീതൻ, നീ;
എന്നല്ലാ, സ്വയം കത്തുന്ന നിന്റെ
സന്നാദമിടിയ്ക്കൊക്കുമേ! (8)

ഇങ്ങനെ വസൂയുക്കൾ വാഴ്ത്തുന്നു,
ഞങ്ങൾക്കു കെല്പാമഗ്നിയെ:

തോണിയാൽപ്പോലസ്സൽക്കർമ്മി മാറ്റാ-
ർക്കപ്പുറത്താക്കുകെ,ങ്ങളെ! (9)

കുറിപ്പുകൾ: സൂക്തം 25.

1. തങ്ങളോടുതന്നേ പറയുന്നു: പാട്ടുവിൻ – സ്തോത്രം. ഋഷിപുത്രൻ – ഋഷിമാരാൽ അരണികളിൽനിന്ന് ഉൽപാദിതൻ. നല്കട്ടേ – അഭീഷ്ടങ്ങൾ. പ്രത്യർത്ഥികളെ – നമ്മുടെ ശത്രുക്കളെ.
2. നാവാലൻപേകും – ഹവിസ്സിനെ വഹിയ്ക്കുന്ന ജ്വാലകൊണ്ടു ദേവകൾക്കു തുഷ്ടി വരുത്തുന്ന. പൂർവർ – പുരാതനർഷിമാർ. സത്യൻ = സത്യ ഭൃതൻ.
3. തുംഗസൽക്കർമ്മശസ്തയുക്തർ = തുംഗ(ഉൽക്കൃഷ്ട)മായ സൽക്കർമ്മ (ഭവൽ പരിചരണ)ത്തോടും ശസ്ത്ര(സ്തോത്ര)ത്തോടുംകൂടിയവർ; അങ്ങയെ വഴിപോലെ സേവിയ്ക്കുകയും സ്തുതിയ്ക്കുകയും ചെയ്യുന്നവർ.
4. യജമാനരോട്: ഏന്തുന്നു – വഹിയ്ക്കുന്നു.
5. സ്ഫീതാന്നൻ = വളരെ അന്നമുള്ളവൻ. അഗ്ര്യമൻ – ശ്രേഷ്ഠൻ.
6. ആൾക്കാരെക്കൊണ്ടു ശത്രുക്കളെ കീഴമർത്ത്, ആര്യന്മാരെ (സജ്ജനങ്ങളെ) കാപ്പോനെ – രക്ഷിയ്ക്കുന്നവനായ പുത്രനെ ഞങ്ങൾക്കു നല്കട്ടെ, അതിശീഘ്രാശ്വം = ഗതിവേഗമേറിയ കുതിര.
7. പ്രൌഢഗ്നിയ്ക്കു – പ്രൌഢസ്തോത്രം അഗ്നിയ്ക്കായി ചെയ്യപ്പെടുന്നു. അവശിഷ്ടം പ്രത്യക്ഷോക്തി: കൂടുതൽ – മഹത്തായ ധനവും അന്നവും.
8. അമ്മി – സോമം ചതയ്ക്കുന്ന അമ്മി എപ്രകാരമോ, അപ്രകാരം ഉരുഗീത (പെരികെ സ്തുതിയ്ക്കപ്പെടുന്നവ)നാണ്, നീ. സന്നാദം = ശബ്ദം.
9. ഞങ്ങൾക്കു കെല്പാം – അഗ്നിയാണ്, ഞങ്ങൾക്കു ബലം.

## സൂക്തം 26.

വസൂയുക്കൾ ഋഷികൾ; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.

തേജസ്സുമിമ്പമേറ്റുന്ന നാക്കുമുള്ളോരു ദേവ, നീ
അഗ്നേ, പാവക, വാനോരെ വിളിയ്ക്കുക; യജിയ്ക്കുക! (1)

ചിത്രഭാനോ, ഘൃതോൽപന്ന, സർവവും കണ്ട നിന്നൊടായ്
യാചിപ്പൂ, ഞങ്ങൾ: നീ കൊണ്ടുവരികൂണിന്നമർത്ത്യരെ! (2)

വീതിഹോത്ര, മഹസ്സാളും മഹാനാമങ്ങയെക്കവേ,
ജ്വലിപ്പിയ്ക്കുന്നു, യജ്ഞത്തിലെങ്ങളഗ്നേ, യഥാവിധി. (3)

ഹവ്യപ്രദങ്കൽ വന്നാലും, സർവദേവരുമൊത്തു നീ:
പ്രാർത്ഥിയ്ക്കുന്നു, ഞങ്ങളഗ്നേ, ഹോതാവായ ഭവാനൊടായ് ! (4)

പിഴിയും യജമാനന്നു കിട്ടിയ്ക്കു; ശുഭമാം ബലം:
ഇരിയ്ക്കുക, ഭവാനഗ്നേ, ദേവന്മാരൊത്തു ദർഭയിൽ! (5)

സഹസ്രജിത്തേ, സന്ദീപ്തനായി സ്തോതവ്യനാം ഭവാൻ
അഗ്നേ; തഴപ്പിച്ചരുൾവൂ, ധർമ്മത്തെദ്ദേവദൂതനായ്! (6)

പ്രതിഷ്ഠിച്ചീടുവിൻ, നിങ്ങളൃത്വിക്കാമഗ്നിദേവനെ,
ജാതവേദസ്സിനെ, യൂവോത്തമനെ, ക്രതുവാഹിയെ! (7)

സ്തോതാക്കൾ ചുഴലെച്ചേർന്ന ഹവിസ്സിന്നിളവെന്നിയേ
ചെന്നുചേരട്ടെ: ദർഭപ്പുൽ വിരിയ്ക്കുവി,നിരിയ്ക്കുവാൻ! (8)

ഇതിങ്കലാൾക്കാരെപ്പേരുമൊത്തിരിയ്ക്കട്ടെ, ദേവകൾ:
നാസത്യന്മാർ, മരുത്തുക്കൾ, മിത്രൻ, വരുണനെന്നിവർ! (9)

### കുറിപ്പുകൾ: സൂക്തം 26.

2. ഊണിന്ന് – ഹവിസ്സുണ്ണാൻ.
5. പിഴിയും – സോമം പിഴിയുന്ന.
6. സഹസ്രജിത്ത് – വളരെശ്ശത്രുക്കളെ ജയിച്ചവൻ. ധർമ്മം – ഞങ്ങളുടെ യജ്ഞാദി.
7. ക്രതുവാഹി = യജ്ഞത്തെ വഹിയ്ക്കുന്നവൻ. യജമാനരോടു പറയുന്നതാണിത്.
8. ഋത്വിക്കുകളോട്: ഇളവെന്നിയേ – ഇടവിടാതെ. ചെന്നുചേരട്ടെ – ദേവന്മാരിൽ, ഇരിയ്ക്കുവാൻ – അഗ്നിയ്ക്ക്.
9. ഇത് – ദർഭവിരി.

## സൂക്തം 27.

അത്രി ഋഷി; ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സുകൾ; അഗ്നിയും ഇന്ദ്രനും ദേവത.

അഗ്നേ, വൈശ്വാനര, സൽപതിയും മികച്ച പണ്ഡിതയും ബലവാനും ധനവാനുമായ ത്രിവൃഷ്ണപുത്രൻ ത്ര്യരുണൻ എനിക്കു രണ്ടു വണ്ടിക്കാളകളെയും പതിനായിരവും തരികയുണ്ടായി; അതിനാൽ വിശ്രുതനായിരിക്കുന്നു. (1)

അഗ്നേ, വൈശ്വാനര, ഒരുനൂറു പൊന്ന്, ഇരുപതു പൈക്കൾ വലിക്കാൻ മിടുക്കുള്ള രണ്ടു തേർക്കുതിരകൾ എന്നിവയെയും എനിക്കു തന്ന ത്ര്യരുണനു, വഴിപോലെ സ്തുതിച്ചു വളർത്തപ്പെട്ട ഭവാൻ സുഖം കല്പിച്ചുനല്കണം! (2)

അഗ്നേ, വളരെ മക്കളുള്ള എന്റെ അനേകസ്തുതികളാൽ ആഭിമുഖ്യം പൂണ്ട ത്ര്യരുണൻ എപ്രകാരമോ, അപ്രകാരം ത്രസദസ്യുവും പരമസ്തുത്യനായ നിന്തിരുവടിക്കായി ഏറ്റവും പുതിയ സ്തോത്രം കാംക്ഷിച്ച്, അപേക്ഷിച്ചുതുടങ്ങി! (3)

സ്തോത്രം കൊണ്ടുചെന്ന്, 'എനിയ്ക്ക്' എന്നപേക്ഷിയ്ക്കുന്നവന്നു സൂരിയായ അശ്വമേധൻ ധനം കൊടുക്കും; ആ യജ്ഞകാമന്നു നിന്തിരുവടി മേധ നല്കണം! (4)

അശ്വമേധൻ എനിക്കു തന്ന നൂറു മിടുക്കൻകാളകൾ, മൂന്നുചേർന്ന സോമങ്ങൾ പോലെ നിന്തിരുവടിയെ തുലോം ഏർഷിപ്പിയ്ക്കട്ടെ! (5)

ഇന്ദ്രാഗ്നികളേ, നൂറുകണക്കിൽ കൊടുക്കുന്ന അശ്വമേധങ്കൽ നിങ്ങൾ നല്ല വീര്യത്തോടുകൂടിയ, മഹത്തായ, ക്ഷയരഹിതമായ ധനത്തെ, ആകാശത്തു സൂര്യനെയെന്നപോലെ കല്പിച്ചുനിർത്തുവിൻ! (6)

### കുറിപ്പുകൾ: സൂക്തം 27.

1. പതിനായിരം-പൊന്ന്. ത്രിവൃഷ്ണൻ – ഒരു രാജാവ്.
2. വലിക്കാൻ – തേർ.
3. അപേക്ഷിച്ചുതുടങ്ങി – 'ഇതു വാങ്ങുക, ഇതു വാങ്ങുക' എന്നിങ്ങനെ, ധനം തരാൻ.
4. സ്തോത്രം – അഗ്നിസ്തവം. എനിയ്ക്ക്. എനിക്കു വല്ലതും തരിക. അശ്വമേധൻ – ഒരു രാജാവ്. മേധ – യജ്ഞവിഷയപ്രജ്ഞ.
6. മൂന്ന് – തയിരും മലർപ്പൊടിയും പാലും.

## സൂക്തം 28.

അത്രിഗോത്രക്കാരിയായ വിശ്വവാര ഋഷി; ത്രിഷ്ടുപ്പും ജഗതിയും അനുഷ്ടുപ്പും ഗായത്രിയും ഛന്ദസ്സുകൾ; അഗ്നി ദേവത.

വഴിപോലെ ജ്വലിച്ച അഗ്നി വാനത്ത് ഒളിവീശുന്നു – ഉഷസ്സിന്നഭിമുഖനായി പടർന്നു പരിശോഭിയ്ക്കുന്നു; സ്തോത്രങ്ങൾകൊണ്ടു ദേവന്മാരെ സ്തുതിയ്ക്കുന്ന വിശ്വവാര ഹവിഃസ്രുക്കുമായി കിഴക്കോട്ടു നോക്കിവന്നണയുന്നു. (1)

അഗ്നേ, സമുജ്ജ്വലിപ്പിയ്ക്കപ്പെടുന്ന ഭവാൻ ജലത്തിന്റെ അധിപതിയാകുന്നു; അവിടുന്നു ഹവിസ്സൊരുക്കുന്നവങ്കൽ ചെന്നു സ്വസ്തി നല്കുന്നു. അങ്ങ് ആരെ പ്രാപിയ്ക്കുമോ, അവർ എല്ലാസ്സമ്പത്തും നേടുന്നു; ആതിഥ്യം തിരുമുമ്പിൽ വെയ്ക്കുകയുംചെയ്യുന്നു! (2)

അഗ്നേ, അവിടുന്നു വലിയ സൗഭാഗ്യത്തിന്നായി ചെറുത്തരുളണം: അങ്ങയുടെ തേജസ്സു മുന്തിനില്ക്കട്ടെ; ദാമ്പത്യത്തെ അങ്ങു നന്നായി യോജിപ്പിയ്ക്കണം; എതിരാളികളുടെ കെല്പമർത്തണം! (3)

അഗ്നേ, വളർന്നുജ്ജ്വലിയ്ക്കുന്ന നിന്തിരുവടിയുടെ തേജസ്സിനെ ഞാൻ വന്ദിയ്ക്കുന്നു. വൃഷാവും ധനവാനുമായ അവിടുന്നു യാഗങ്ങളിൽ വഴിപോലെ ജ്വലിപ്പിയ്ക്കപ്പെടുന്നു. (4)

ഹോമിയ്ക്കപ്പെട്ട സുയജ്ഞഗായ അഗ്നേ, സമുജ്ജ്വലിച്ച ഭവാൻ ദേവകളെ യജിച്ചാലും: അവിടുന്നാണല്ലോ, ഹവിസ്സു വഹിയ്ക്കുന്നവൻ! (5)

യാഗം തുടങ്ങിയാൽ നിങ്ങൾ ഹവ്യവാഹനനെന്ന അഗ്നിയെ ഹോമിയ്ക്കുവിൻ, പരിചരിയ്ക്കുവിൻ, ഭജിയ്ക്കുവിൻ! (6)

### കുറിപ്പുകൾ: സൂക്തം 28.

1. വിശ്വവാര – ഞാൻ.
2. ആതിഥ്യം – അതിഥിയായ അങ്ങയ്ക്കു ചേർന്ന ഹവിസ്സ്.
3. സൌഭാഗ്യത്തിന്നായി – ഞങ്ങൾക്കു സൌഭാഗ്യമുണ്ടാകാൻ. ചെറുത്തരുളണം – ഞങ്ങളുടെ ശത്രുക്കളെ.
6. ഋത്വിക്കുകളോട്:

## സൂക്തം 29.

ശക്തിവംശ്യൻ ഗൌരിവീതി ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

മനുവിന്റെ യജ്ഞത്തിൽ മൂന്നു തേജസ്സുകളുണ്ട്; അന്തരിക്ഷത്തിൽ വിളങ്ങുന്ന ആ മൂന്നിനെയും വഹിയ്ക്കുന്ന വിശുദ്ധബലരായ മരുത്തുക്കൾ അങ്ങയെ സ്തുതിച്ചുപോരുന്നു; ഇന്ദ്ര, ഇവർക്ക് ഒരൃഷിയാണ്, ധീമാനായ നിന്തിരുവടി! (1)

സോമനീർ മതിയാവോളം കുടിച്ച ഈ ഇന്ദ്രനെ മരുത്തുക്കൾ തുടർന്നു സ്തുതിച്ചു; അപ്പോൾ അവിടുന്നു വജ്രമെടുത്തു, വൃത്രനെ വധിച്ചു, വളരെ ജലങ്ങളെ ഒഴുകാൻ വിട്ടു! (2)

മഹാന്മാരായ മരുത്തുക്കളേ, നിങ്ങളും ഇന്ദ്രനും എന്റെ ഈ വെട്ടപ്പിൽ പിഴിഞ്ഞ സോമം കുടിയ്ക്കുവിൻ: ആ ഹവിസ്സു മനുഷ്യന്നു ഗോക്കളെ കിട്ടിയ്ക്കുമല്ലോ; ഇതു കുടിച്ചാണ്, ഇന്ദ്രൻ വൃത്രനെ കൊന്നത്! (3)

പിന്നീട് ഇന്ദ്രൻ വാനൂഴികളെ തുലോം ഉറപ്പിച്ചു. ചെല്ലൽ കൊണ്ടുതന്നെ മൃഗപ്രായനെ പേടിപ്പിച്ചു; വിഴുങ്ങിക്കിടന്നു ക്രൂർക്കംവലിച്ചിരുന്ന ദാനവനെ, പുറത്തു വരുത്തി, ചെറുത്തു കൊന്നു! (4)

മഘവാവേ, കർമ്മംമൂലം അങ്ങയ്ക്കു ദേവന്മാരെല്ലാം സോമപാനം മുറയ്ക്കു തന്നു. നേരേ പാഞ്ഞേറ്റ സൂര്യന്റെ പെൺകുതിരകളെ അങ്ങ് ഏതശന്നുവേണ്ടി തടുത്തുനിർത്തിയല്ലോ! (5)

മഘവാവു ശംബരന്റെ തൊണ്ണൂറ്റൊമ്പതു പുരികൾ ഒന്നിച്ചു വജ്രംകൊണ്ടു പിളർത്തി; അപ്പോൾ അരികേ മരുത്തുക്കൾ ത്രൈഷ്ടുഭസ്തോത്രംകൊണ്ട് ഇന്ദ്രനെ സ്തുതിച്ചു. അദ്ദേഹം തീപിടിച്ച അവനെ ഇട്ടു വലച്ചു! (6)

ഈ സഖാവിന്റെ കർമ്മത്താൽ, സഖാവായ അഗ്നി മുന്നൂറുമാട്ടുകളെ ശീഘ്രം പചിച്ചു. ഇന്ദ്രൻ വൃത്രവധത്തിന്നായി, മനുവിന്റെ മൂന്നു പാത്രങ്ങളിലെ സോമനീർ ഒന്നായി കുടിച്ചു! (7)

മഘവാവായ ഭവാൻ മുന്നൂറുമാട്ടുകളുടെ മാംസം ഭക്ഷിച്ചു; മൂന്നു പാത്രം സോമനീരും കുടിച്ചു. അങ്ങനെ തിരുവയർ നിറഞ്ഞ ഇന്ദ്രനെയത്രേ, ദേവന്മാരെല്ലാം, ഒരു വേലക്കാരനെയെന്നപോലെ, വൃത്രവധത്തിന്നു വിളിച്ചത്. (8)

ഇന്ദ്ര, അങ്ങും ഉശനസ്സും കീഴമർത്താൻ കുതിച്ചുപായുന്ന കുതിരകളോട്ടുകൂടി, കുത്സന്റെ ഗൃഹത്തിൽ പോയല്ലോ; അദ്ദേഹത്തോടും ദേവകളോടുംകൂടി ഒരേ തേരിലാണ്, ഹന്താവായ ഭവാൻ പോയതും, ശുഷ്ണനെ വധിച്ചതും! (9)

അങ്ങു സൂര്യന്റെ ഒരു തേർച്ചക്രം വേർപെടുത്തി; മറ്റതുകുത്സന്നു ധനം നേടാൻ വെച്ചു. കുറ്റില്ലാത്ത കൂടലരെ അങ്ങ് ആയുധംകൊണ്ടു ഹനിച്ചു – യുദ്ധത്തിൽ നാക്കറുത്തു കൊന്നു! (10)

ഗൗരിവീതിയുടെ സ്തോത്രങ്ങൾ അങ്ങയെ വളർത്തട്ടെ! അങ്ങ് പിപ്രുവിനെ വിദഥിപുത്രന്നു കീഴ്പ്പെടുത്തി. ഋജിശ്വാവു സഖ്യത്തിന്നായി പുരോഡാശവും മറ്റും പചിച്ച് അങ്ങയെ വരുത്തി; അങ്ങ് അദ്ദേഹത്തിന്റെ സോമം കുടിയ്ക്കുകയുംചെയ്തു! (11)

നവഗ്വന്മാരും ദശഗ്വന്മാരും സോമം പിഴിഞ്ഞ്, ഇന്ദ്രനെ സ്തോത്രങ്ങൾകൊണ്ടു സ്തുതിച്ചു: ആ സ്തുതിയ്ക്കുന്ന നേതാക്കൾ അടയ്ക്കപ്പെട്ടിരുന്ന ആ ഗോവൃന്ദത്തെ തുറക്കുകയുംചെയ്തു! (12)

മഘവാവേ, അങ്ങു ചെയ്തുകഴിഞ്ഞ പരാക്രമങ്ങൾ അറിഞ്ഞും ഞാൻ അങ്ങയെ

എങ്ങനെ പരിചരിയ്ക്കേണ്ടു? ബലിഷ്ഠനായുള്ളോവേ, അങ്ങു പുതുതായി ചെയ്യുന്നവയെ ഞങ്ങൾ യജ്ഞങ്ങളിൽ പുകഴ്ത്താം! (13)

ഇന്ദ്ര, അവിടുന്നു സഹജമായ ബലംകൊണ്ട്, എതിരില്ലാതെ ഈ വലിയ ഭുവനമെല്ലാം നിർമ്മിച്ചു; വജ്രിൻ, ധർഷകനായ ഭവാൻ വീണ്ടും നിർമ്മിയ്ക്കുകയുംചെയ്യും. ഭവാന്റെ ആ ത്രാണിയെ തടുക്കാൻ ആരുമില്ല! (14)

ഇന്ദ്ര, അതിശൂരനായുള്ളോവേ, അങ്ങയ്ക്കായി ഞങ്ങളുണ്ടാക്കുന്ന പുതിയ സ്തോത്രങ്ങൾ ഭവാൻ ചെവിക്കൊണ്ടാലും: ധനമിച്ഛിയ്ക്കുന്ന ധീമാനായ ഞാൻ നല്ല വേലകൊണ്ടു വസ്ത്രംപോലെയും തേരുപോലെയും മികച്ച സ്തോത്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. (15)

## കുറിപ്പുകൾ: സൂക്തം 29.

1. ആ മൂന്ന് – വായു, അഗ്നി, സൂര്യൻ.
2. പരോക്ഷോക്തി:
3. ആ ഹവിസ്സ് – നിങ്ങൾ കുടിച്ച സോമം.
4. മൃഗപ്രായനെ – മൃഗംപോലെ പായുന്ന വൃത്രനെ. വിഴുങ്ങി – വെള്ളത്തെ മറച്ച്. ദാനവൻ – വൃത്രൻ.
6. ത്രൈഷ്ടുഭസ്തോത്രം – ത്രിഷ്ടുപ്പ് ഛന്ദസ്സിലുള്ള സ്തോത്രം. തീപിടിച്ച – മരുത്തുക്കളുടെ മന്ത്രപ്രയോഗത്താലത്രേ, ശംബരൻ അഗ്നിബാധിതനായത്.
7. സഖാവിന്റെ – ഇന്ദ്രന്റെ. മൂന്നുപാത്രങ്ങൾ – പൂതഭൃത്ത്, ആധവനീയം, ദ്രോണകലശം.
8. ആദ്യവാക്യം പ്രത്യക്ഷം:
9. അദ്ദേഹം – കുത്സൻ.
10. ക്രുറ്റ് = ഒച്ച; നാക്കറുത്തതിനാൽ അസുരന്മാക്ക മിണ്ടാൻവയ്യാതായി.
11. ഗൌരിവീതിയുടെ – എന്റെ. പിപ്രു – ഒരസുരൻ. വിദഥിപുത്രൻ – ഋജിശ്വാവ് എന്ന ഋഷി.
12. തുറക്കുകയുംചെയ്തു – ഗുഹ തുറന്നു ഗോവൃന്ദത്തെ പുറത്തിറക്കി.
15. വസ്ത്രംപോലെ – തിരുമുൽക്കാഴ്ചപോലെ അങ്ങയ്ക്കു സ്വീകരിയ്ക്കാവുന്നത്. തേരുപോലെ – അങ്ങയ്ക്ക് ഇങ്ങോട്ടു പോരാനുതകുന്നത്.

## സൂക്തം 30.

ബഭ്രു, ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

യാതൊരു വജ്രപാണിയായ പുരുഹൂതൻ ധനവുംകൊണ്ടു, സോമം പിഴിയുന്നവനെ തേടി, രക്ഷിപ്പാൻ, അയാളുടെ ഗൃഹത്തിൽ എഴുന്നള്ളുമോ ആ വീരൻ എവിടെ? ഹരികളെ പൂട്ടിയ സുഖരഥത്തിലൂടേ പോകുന്ന ഇന്ദ്രനെ ആർ കണ്ടിട്ടുണ്ട്? (1)

സ്വയം വാണ തന്തിരുവടിയുടെ നിഗൂഢമായ ഉൽകൃഷ്ട സ്ഥാനം ഞാൻ കണ്ടിരിയ്ക്കുന്നു: ഞാൻ അന്വേഷിച്ചു പുറപ്പെട്ടു; മറ്റുള്ളവരോടു ചോദിച്ചു. അവർ പറഞ്ഞു:- 'അറിയാനാഗ്രഹിച്ച നേതാക്കളായ ഞങ്ങൾ ഇന്ദ്രനെ കണ്ടെത്തി.' (2)

ഇന്ദ്ര, നിന്തിരുവടി കല്പിച്ചുചെയ്തതെല്ലാം, ഞങ്ങൾ ഇന്നു സോമം പിഴിഞ്ഞു വർണ്ണിയ്ക്കാം: അവിടുന്നു ഞങ്ങൾക്കായി ചെയ്തത് അറിഞ്ഞിട്ടില്ലാത്തവൻ അറിയട്ടെ; അറിഞ്ഞവൻ കേട്ടുകൊള്ളട്ടെ: എല്ലാസ്സേനകളോടുംകൂടിയ ആ മഘവാവു വന്നണയും! (3)

ഇന്ദ്ര, ജനിച്ചപ്പോൾത്തന്നേ അവിടുന്നു മനസ്സിലുറച്ചു: തനിയേ വളരെപ്പേരോടു പൊരുതാൻ പുറപ്പെട്ടു ബലംകൊണ്ടു പർവതത്തെപ്പോലും പിളർത്തി; കാറവുപൈക്കൂട്ടത്തെ കണ്ടുപിടിച്ചു! (4)

ഉപരിസ്ഥനും അത്യുൽകൃഷ്ടനുമായ ഭവാൻ അകലത്തും കേൾക്കാവുന്ന തിരുനാമത്തോടു കൂടിയാണ്, ജനിച്ചത്; അതിനാൽ ദേവന്മാരെല്ലാം പേടിച്ചുപോയി! മുടിയൻ അടക്കിയ ജലങ്ങളെ ഇന്ദ്രൻ തന്റെ വരുതിയിലാക്കി. (5)

അങ്ങയ്ക്കുതന്നെയാണ്, ഈ സ്തോതാക്കൾ നന്നായി സുഖിപ്പിച്ചുകൊണ്ടു സ്തോത്രം ചൊല്ലുന്നതും, സോമം പിഴിയുന്നതും. വെള്ളത്തെ മറച്ചുകിടന്ന ദ്രോഹിയും മായാവിഷ്ടമായ വൃത്രനെ ഇന്ദ്രൻ മായകൾകൊണ്ടു കീഴമർത്തി! (6)

മഘവാവേ, സ്തുതിയ്ക്കപ്പെടുന്ന ഭവാൻ വിദ്രോഹിയുടെ നേർക്കു വജ്രം വിട്ടു, ജന്മശത്രുക്കളെ കൊന്നൊടുക്കി: അതിൽ, മനുഷ്യന്നു സുഖം വരുത്താൻ അവിടുന്നു മുടിയനായ നമുചിയുടെ തല തവിടാക്കിയല്ലോ! (7)

ഇന്ദ്ര, അവിടുന്നു മുടിയനായ നമുചിയുടെ ഇടിമുഴക്കി നടക്കുന്ന മഴക്കാറുപോലെയുള്ള തല തകർത്തിട്ട്, ഉടൻതന്നെ എന്നെ സഖാവാക്കിയല്ലോ; അപ്പോൾ മരുത്തുക്കളാൽ വാനുഴികൾ ചക്രംചുറ്റിപ്പോയി! (8)

മുടിയൻ സ്ത്രീകളെ ആയുധമാക്കിയല്ലോ. അപ്പോൾ, 'ഇവന്റെ പെൺപട എന്നോടെന്തെടുക്കും?' എന്നിങ്ങനെ, ഇന്ദ്രൻ അവന്നരുമപ്പെട്ട രണ്ടു പെണ്ണുങ്ങളെ അകത്തടച്ചിട്ടു; എന്നിട്ടു ദസ്യുവിനോടു പൊരുതാനടുത്തു. (9)

പൈക്കൾ കുട്ടികളോടു വേർപെട്ട്, എല്ലാടത്തും അവിടെയവിടെ ചുറ്റിയലയുകയായിരുന്നു; അവയെ ഇന്ദ്രൻ കരുത്തരോടുകൂടി, നല്ല സോമനീരിന്റെ മത്തു പൂണ്ടു, (കുട്ടികളോടു) ചേർത്തു! (10)

ബഭ്രു പിഴിഞ്ഞ സോമം മത്തുപിടിപ്പിച്ച വൃഷാവായ ഇന്ദ്രൻ യുദ്ധത്തിൽ ആർത്തലറി; അതു കുടിച്ച പുരന്ദരൻ കറവുപൈക്കളെ വീണ്ടുകൊടുത്തു! (11)

അഗ്നേ, രുശമക്കാർ ഇങ്ങനെ ഒരുപകാരം ചെയ്തു: നാലായിരം പൈക്കളെ എനിയ്ക്കു തന്നു: നേതാക്കന്മാരിൽവെച്ചു നേതാവായ ഋണംചയൻ കൊടുത്തയച്ച ധനം ഞങ്ങൾ സ്വീകരിച്ചു! (12)

അഗ്നേ, രുശമക്കാർ എന്നെ നല്ലവണ്ണം ചമയിച്ചു, ഗോസഹസ്രങ്ങളോടുകൂടി

ഗൃഹത്തിലെയ്ക്കയച്ചു. ഇരുട്ടു പരത്തിയ രാത്രിയുടെ അവസാനത്തിൽ ഞാൻ പിഴിഞ്ഞ സ്വാദേറിയ സോമം ഇന്ദ്രനെ മത്തുപിടിപ്പിച്ചു! (13)

ഋശമരാജാവായ ഋണംചയന്റെ അടുക്കൽ ചുറ്റിനടന്ന രാത്രി പുലർന്നതോടേ, നടമിടുക്കുള്ള ജവനാശ്വംപോലെ കോപ്പണിയിയ്ക്കപ്പെട്ട ബഭ്രുവിന്നു നാലായിരം കിട്ടിക്കഴിഞ്ഞു! (14)

അഗ്നേ, ഋശമത്തിൽവെച്ചു നാലായിരം പൈക്കളെ ഞങ്ങൾ സ്വീകരിച്ചുവല്ലോ; പാലു കാച്ചാൻ തിളങ്ങുന്ന മഹാവീരംപോലെയുള്ള ഒരു പൊൻപാത്രവും മേധാവികളായ ഞങ്ങൾ വാങ്ങി! (15)

## കുറിപ്പുകൾ: സൂക്തം 30.

2. വിശ്വാസികൾക്ക് ഇന്ദ്രൻ അപ്രാപ്യനല്ലെന്നു സാരം.
3. ഒടുവിലെ വാക്യം പരോക്ഷം:
4. മനസ്സിലുറച്ചു – 'ഞാൻ ബലവാന്മാരെയൊക്കെ ജയിയ്ക്കു'മെന്ന്.
5. അതിനാൽ എന്നു തുടങ്ങിയ വാക്യവും, അടുത്തതും പരോക്ഷകഥനങ്ങൾ. മുടിയൻ – വിധ്വംസകനായ വൃത്രൻ.
6. മായകൾ – തന്റെ കഴിവുകൾ.
7. വിദ്രോഹി–വൃതൻ. ജന്മശത്രുക്കൾ – രാക്ഷസാദികൾ. അതിൽ – ആ യുദ്ധത്തിൽ. മനുഷ്യന്ന് – എനിയ്ക്ക്. സുഖം – നമുചി അപഹരിച്ച ഗോവൃന്ദത്തെ തിരിയേ കിട്ടൽ.
9. പരോക്ഷവചനം: മുടിയൻ – നമുവി. സ്ത്രീകളെ ആയുധമാക്കി – ഇന്ദ്രനോടു പൊരുതാനയച്ചു.
10. കരുത്തർ – മരുത്തുക്കൾ.
11. ബഭ്രു – ഞാൻ.
12. ഋശമം – ഒരു രാജ്യം; ഋണംചയനെന്ന രാജാവിന്റേതായിരുന്നു അത്. കൊടുത്തയച്ച ധനം – നാട്ടുകാർപക്കലയച്ച ഗോവൃന്ദമാകുന്ന ധനം. ഞങ്ങൾ – ഞാൻ.
13. ഞാൻ പിഴിഞ്ഞ – ഗൃഹത്തിലെത്തിയിട്ട്, ഉടൻതന്നെ ഞാൻ ഇന്ദ്രന്നു സോമയാഗമനുഷ്ഠിച്ചു.
14. എടുത്തുപറയുന്നു: നാലായിരം – രാജാവു പുലർകാലത്തുതന്നേ അയച്ച പൈക്കളെ.
15. മഹാവീരം – യാഗത്തിലുപയോഗിയ്ക്കുന്ന ഒരുതരം മൺപാത്രം.

## സൂക്തം 31.

അത്രിഗോത്രക്കാരൻ അവസ്യു ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്: ഇന്ദ്രൻ ദേവത.

മഘവാവായ മുഖ്യൻ ഇന്ദ്രൻ, അദ്ദേഹം കേറുന്ന അന്നകാംക്ഷിയായ പള്ളിത്തേരിന്നുവേണ്ടി പടവെട്ടുന്നു: ഇടയൻ മാട്ടുകളെയെന്നപോലെ തെളിയ്ക്കുന്നു; ഉപദ്രവിയ്ക്കപ്പെടാതെ, നേടാനായി നടകൊള്ളുന്നു! (1)

ഹർയ്യശ്വ, ഇങ്ങോട്ടെഴുന്നള്ളുക: ഞങ്ങളെ, വേണ്ടാ എന്നു വെയ്ക്കരുത്; വിചിത്രധന, ഞങ്ങളിൽ വന്നുചേരുക. ഇന്ദ്ര, അവിടുന്നല്ലാതെ ശ്രേയസ്കരം മറ്റൊന്നില്ല: സ്ത്രീവിയുക്തന്മാരെയും അവിടുന്നു ഭാര്യാന്വിതരാക്കും! (2)

തേജസ്സ് തേജസ്സിൽനിന്ന് ഉദിയ്ക്കുന്നതോടേ, ഇന്ദ്രൻ എല്ലാർദ്ധനങ്ങളും കല്പിച്ചുകൊടുക്കും: അദ്ദേഹം മലനടുവിൽ മറയ്ക്കപ്പെട്ട കറവുപൈക്കളെ പുറത്തേയ്ക്കു തെളിച്ചു; പ്രകാശംകൊണ്ടു കൂരിരുട്ടു പോക്കി! (3)

പുരുഹൂത, മനുഷ്യർ അങ്ങയ്ക്കു കുതിരത്തേരുണ്ടാക്കി; ത്വഷ്ടാവുവജ്രം മിനുക്കി; തലവന്മാർ വൃത്രവധത്തിന്ന്, ഇന്ദ്രനെ പൂജിച്ചു സ്തോത്രങ്ങൾകൊണ്ടു വളർത്തി! (4)

ഇന്ദ്രനാൽ അയയ്ക്കപ്പെട്ടു നടകൊണ്ടേ യാവചിലർ തേരും കുതിരയുമില്ലാതെ ദസ്യുക്കളെ കീഴമർത്തിയോ; ആ വൃഷാക്കൾ ഇന്ദ്ര, അങ്ങയെ സ്തുതിച്ചപ്പോൾ, കെല്പുള്ള അമ്മികളും സംബന്ധിച്ചു! (5)

മഘവാവേ, അവിടുന്നു പണ്ടു ചെയ്തവയും, അവിടുത്തെ പുതിയ കർമ്മങ്ങളും ഞാൻ വർണ്ണിയ്ക്കാം: ശക്തിമാനേ, അവിടുന്നു വാനൂഴികൾ രണ്ടിനെയും വശത്താക്കി, വിചിത്രദാനങ്ങളായ ജലങ്ങളെ മനുഷ്യനു വേണ്ടി വേർതിരിച്ചുവെച്ചിരിയ്ക്കുന്നു! (6)

ദർശനീയ, മേധാവിൻ, അത് അവിടുന്നു ചെയ്തതുതന്നെ: ഇവിടെ വൃത്രനെ കൊന്നു, ബലം വെളിപ്പെടുത്തിയല്ലോ; പോരാ, ശുഷ്ണന്റെ മായകൾ കൈക്കലാക്കി, ദസ്യുക്കളെ അടുക്കൽച്ചെന്നു മർദ്ദിയ്ക്കുകയും ചെയ്തു! (7)

ഇന്ദ്ര, നിന്തിരുവടി നദീതീരത്തിലെ വിഭവോൽപാദകങ്ങളായ ജലങ്ങളെ യദുവിന്നും തുർവശന്നും അധീനങ്ങളാക്കി. നിങ്ങളിരുവരും കൂടി ഉഗ്രന്റെ അടുക്കൽ ചെന്നു; പിന്നെ അങ്ങു കുത്സനെ ഗൃഹത്തിലെയ്ക്കു കൊണ്ടുപോയി. അപ്പോൾ ഉശനസ്സും ദേവന്മാരും നിങ്ങളുടെ അടുക്കലെത്തി. (8)

ഇന്ദ്ര, കുത്സ, നിങ്ങളെ തേർ വലിയ്ക്കുന്ന കതിരകൾ ഈ സ്തോതാവിങ്കലും കൊണ്ടുവരട്ടെ: നിങ്ങൾ അവനെ വെള്ളത്തിൽവെച്ച്–ഇരിപ്പിടത്തിൽവെച്ച്–പീഡിപ്പിച്ചുവല്ലോ; നിങ്ങൾ ഹവിർദ്ധനന്റെ ഹൃദയത്തിൽന്ന് ഇരുട്ടുകൾ നീക്കുന്നു! (9)

ഈ കവിയായ അവസ്യുവിന്നും സുഖേന പൂട്ടാവുന്ന വാതാശ്വങ്ങളെ കിട്ടി. ഇന്ദ്ര, ഇവിടെ സഖാക്കളായ സ്തോതാക്കളുമെല്ലാം അങ്ങയുടെ ബലത്തെ സ്തോത്രങ്ങൾകൊണ്ടു വർദ്ധിപ്പിച്ചിരിയ്ക്കുന്നു. (10)

യുദ്ധത്തിൽ പാഞ്ഞുനടന്ന സൂര്യരഥത്തെപ്പോലും അനങ്ങാതാക്കി, ഏതശന്നു വേണ്ടി, അതിന്റെ ഒരു ചക്രം പറിച്ചെടുത്തു നിഹനിപ്പാൻ തുടങ്ങിയവൻ, നമ്മെ മുൻനിർത്തി യാഗത്തിലെഴുന്നള്ളട്ടെ! (11)

ആളുകളേ, ഇതാ, ഇന്ദ്രൻ സോമം പിഴിഞ്ഞ സഖാവിന്റെ അടുക്കലെയ്ക്കു, കാണാൻവേണ്ടി എഴുന്നള്ളുന്നു: അധ്വര്യുക്കൾ യാതൊന്നെടുത്തു ചതയ്ക്കുന്നുവോ, ആ അമ്മിക്കുഴ ശബ്ദം പുറപ്പെടുവിച്ചു കൊണ്ടു വേദിയോടു ചേരുന്നു. (12)

അമൃത, അങ്ങയെ ഇച്ഛിച്ച – ശീഘ്രം ഇച്ഛിച്ച – മനുഷ്യർക്ക് ആപത്തു വരരുത്. അവിടുന്നു യജമാനന്മാരെ പ്രാപിച്ചാലും: ഞങ്ങൾ യാവചിലരിൽ അങ്ങയുടെ ആളുകളായി നില്ക്കേണമോ, അവർക്ക് അവിടുന്നു ബലം നല്കിയാലും! (13)

## കുറിപ്പുകൾ: സൂക്തം 31.

1. തെളിയ്ക്കുന്നു – ശത്രുസൈന്യമത്തെ ചൊല്പിടിയ്ക്കു നടത്തുന്നു. നേടാനായി – ശത്രുധനം.
3. തേജസ്സ് തേജസ്സിൽനിന്ന് – സൂര്യന്റെ തേജസ്സ് ഉഷസ്സിന്റെ തേജസ്സിൽനിന്ന്.
4. ഒന്നാംവാക്യം പ്രത്യക്ഷം: മനുഷ്യർ – ഋഭുക്കൾ, തലവന്മാർ – അംഗിരസ്സുകളോ, മരുത്തുക്കളോ.
5. ആ വൃഷാക്കൾ – മരുത്തുക്കൾ. അമ്മികളും സംബന്ധിച്ച – സോമം ചതയ്ക്കുമ്പോഴത്തെ ശ്ശബ്ദംകൊണ്ടു സ്തുതിയിൽ കൂട്ടുചേർന്നു.
6. വിചിത്രദാനങ്ങൾ = വിചിത്രമായ ദാനത്തോടുകൂടിയവ.
8. നിങ്ങളിരുവർ – അങ്ങും കുത്സനും. ഉഗ്രന്റെ – ശുഷ്ണന്റെ. പിന്നെ = ശുഷ്ണവധാനന്തരം. ഗൃഹം – സ്വർഗ്ഗം.
9. അവനെ – ശുഷ്ണാസുരനെ.
10. കവി – സ്തോതാവ്. സഖാക്കൾ – അവസ്യുവിന്റെ.
11. നിഹനിപ്പാൻ തുടങ്ങിയവൻ – അസുരന്മാരെ കൊല്ലാനൊരുമ്പെട്ട ഇന്ദ്രൻ.
12. കാണാൻവേണ്ടി – നിങ്ങളെ.
13. അവർക്ക് – യജമാനന്മാർക്ക്.

## സൂക്തം 32.

അത്രിഗോത്രക്കാരൻ ഗാതു ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഇന്ദ്ര, അവിടുന്നു നീർമുകിലിനെ പിളർത്തി, പഴുതുകളുണ്ടാക്കി, നിരോധിച്ച മേഘങ്ങളിൽനിന്നു ചോർത്തി – വളർകൊണ്ടലിനെ തുറന്നു, മഴപെയ്യിച്ചു; ദാനവനെ ഹനിച്ചു! (1)

വജ്രിൻ, ഇന്ദ്ര, അങ്ങ് ഋതുക്കളിൽ നിരോധിച്ച മേഘങ്ങളിൽ നിന്നു വെള്ളം പുറപ്പെടുവിച്ചു; ഉഗ്ര, ഒരുമ്പെട്ടുകിടന്ന വൃത്രനെ വധിച്ചു. അങ്ങനെ ബലം ഉറപ്പിച്ചു! (2)

ഒറ്റയ്ക്ക് എതിരില്ലാത്തവൻ എന്നു വിചാരിച്ചുപോന്ന ആ കൂറ്റൻമൃഗത്തിന്റെ ആയുധം ഇന്ദ്രൻ ബലംകൊണ്ടു തകർത്തുകളഞ്ഞു. അപ്പോൾ അവങ്കൽ നിന്നു മറ്റൊരു പെരുംകൂറ്റൻ ഉണ്ടായിവന്നു. (3)

ആ പെരുംകൂറ്റനെയും – ഇയ്യുള്ളവരുടെ അന്നം തിന്നു മത്തടിച്ചും മേഘത്തെ കീഴിൽനിർത്തിയ തമോമയനായ ദാനവനെയും – അവന്റെ അരിശമായ ശുഷ്ണനെയും മഴക്കാറു തുരന്ന വജ്രി വജ്രംകൊണ്ടു വധിച്ചു! (4)

'മർമ്മമില്ലാ'ത്ത അവന്റെ ആ മർമ്മസ്ഥാനവും അവിടുന്ന് അടയാളങ്ങളാൽ കണ്ടുപിടിച്ചു; ബലവാനേ, മധു സംഭരിയ്ക്കെ പൊരുതാൻ മുതിർന്ന അവനെ അങ്ങ് അന്ധകാരത്തിലടച്ചു! (5)

അങ്ങനെ അന്തരിക്ഷത്തിൽ കിടന്ന, വെളിച്ചമില്ലാത്ത കൂരിരുട്ടിൽ വലുപ്പംവെച്ച അവനെപ്പോലും, സോമത്തിന്റെ മത്തുപിടിച്ച വൃഷാവായ ഇന്ദ്രൻ വജ്രമുയർത്തി വധിച്ചു! (6)

ഇന്ദ്രൻ കൂറ്റനായ ദാനവന്റെ നേർക്ക്, എതിരില്ലാതെ കീഴമർത്തുന്ന ആയുധമുയർത്തി; അവനെ വജ്രപ്രഹാരംകൊണ്ടു വധിച്ച്, എല്ലാ പ്രാണികളിലും വെച്ച് അധമനാക്കി! (7)

ഉഗ്രനായ തന്തിരുവടി വെള്ളത്തെ മറച്ചുനിന്ന, ജലത്തെ കീഴടക്കിയ, തള്ളിനീക്കുന്ന, ആവരണകാരിയായ ആ പെരുംകൂറ്റനെ കണ്ടുപിടിച്ചു, യുദ്ധത്തിൽ വമ്പിച്ച ആയുധംകൊണ്ടു കാൽ വെട്ടി, വല്ലാതെ കോട്ടുവായിടുമാറു കൊലപ്പെടുത്തി! (8)

ആരുള്ളു, ഇന്ദ്രന്റെ വരട്ടുന്ന ബലം തടുക്കാൻ? ഇദ്ദേഹം ഒറ്റയ്ക്ക്, എതിർക്കപ്പെടാതെ ധനങ്ങൾ കൈക്കലാക്കുന്നു. ഈ രണ്ടു ദേവിമാർപോലും ഈ വേഗവാന്റെ ഓജസ്സിനെ പേടിച്ചു കിടുകിടുക്കാറുണ്ട്! (9)

താൻ ഭരിയ്ക്കുന്ന ദ്യോവ് ഇന്ദ്രന്നു വഴങ്ങുന്നു; ഭൂവു, കാമിയ്ക്കുന്ന ഒരുത്തിപോലെ ഒതുങ്ങിനില്ക്കുന്നു. ഇദ്ദേഹം, തന്റെ ബലമെല്ലാം ഇയ്യുള്ളവരിൽ ചെലുത്തിയിരിയ്ക്കുന്നു; അനുകൂലരായ മനുഷ്യർ ഈ ബലിഷ്ഠനെ വണങ്ങിപ്പോരുന്നു! (10)

ആളുകളുടെ ഇടയിൽ ഞാൻ കേട്ടിട്ടുണ്ട്: ഏകനായ തന്തിരുവടിയാണ്, സജ്ജനപാലകനും, പഞ്ചജനങ്ങൾക്കുവേണ്ടി ജനിച്ചവനും, യശസ്വിയും. രാവും പകലും സ്തുതിച്ചു പ്രാർത്ഥിയ്ക്കുന്ന എന്റെ ആളുകൾ ആ പരമസ്തുത്യനായ ഇന്ദ്രനെത്തന്നേ അവലംബിയ്ക്കട്ടെ! (11)

ഇങ്ങനെ കാലംതോറും പ്രേരിപ്പിയ്ക്കുന്ന തന്തിരുവടി മേധാവികൾക്കു ധനം കൊടുക്കാറുണ്ടെന്നു ഞാൻ കേട്ടിട്ടുണ്ട്; ഇന്ദ്ര, എന്നാൽ തന്തിരുവടിയുടെ മികച്ച സഖാക്കൾക്ക് – അഭിലാഷം തന്തിരുവടിയിങ്കൽ സമർപ്പിച്ച സ്തോതാക്കൾക്ക് – എന്തു കിട്ടി? (12)

## കുറിപ്പുകൾ: സൂക്തം 32.

1. ചോർത്തി – വെള്ളം.
2. ഋതുക്കൾ – വർഷാകാലം.
3. കുറ്റൻമൃഗം – വൃതൻ. ഉണ്ടായിവന്നു – അവനത്രേ, ശുഷ്ണൻ.
4. അരിശമായ – ക്രോധത്തിൽനിന്നു ജനിച്ച.
5. മർമ്മമില്ലാത്ത – എവിടെ പരിക്കുപറ്റിയാൽ മരിച്ചപോകുമോ, അതത്രേ, മർമ്മം; അതു തന്റെ ദേഹത്തിലില്ലെന്നായിരുന്നു, വൃത്രന്റെ ഗർവ്. മധു സംഭരിയ്ക്കെ – അങ്ങയ്ക്കു സോമമൊരുക്കുന്ന തക്കത്തിൽ. അന്ധകാരത്തിലടച്ച – വൃത്രൻ ഇന്ദ്രനെപ്പേടിച്ച് ഇരുട്ടിൽ മറഞ്ഞു.
8. തള്ളിനീക്കുന്ന – എതിരാളികളെ. ആവരണകാരിയായ – എല്ലാം മറച്ച.
9. വരട്ടുന്ന – ശത്രുക്കളെ. ധനങ്ങൾ – ശത്രുക്കളുടെ. ദേവിമാർ – ദ്യാ വാപൃഥിവികൾ. ഈ വേഗവാൻ – ഇന്ദ്രൻ.
10. ഇയ്യുള്ളവർ – പ്രജകൾ.
11. ഏകനായ എന്നു തുടങ്ങുന്ന വാക്യം പ്രത്യക്ഷോക്തി:
12. പ്രേരിപ്പിയ്ക്കുന്ന – പ്രാണികളെ വ്യാപരിയ്ക്കുന്ന. എന്തു കിട്ടി – എനിയ്ക്ക് ഇതുവരെ ഒന്നും ഭവാൻ തന്നില്ലല്ലോ എന്ന്, ഋഷി വിളംബാസഹത്വം വെളിപ്പെടുത്തുന്നു.

ഒന്നാമധ്യായം സമാപ്തം.

# ഋഗ്വേദം: നാലാം അഷ്ടകം

## രണ്ടാം അദ്ധ്യായം

മണ്ഡലം 5    അനുവാകം 3

## സൂക്തം 33.

പ്രജാപതിപുത്രൻ സംവരണനന ഋഷി; ത്രിഷ്ടപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കാകളി)

മർത്ത്യർതൻ കെല്പിനു, കെല്പനാമിന്ദ്രങ്ക-
ലിത്ഥം വലുതൊന്നു ചൊല്ലാ,മെളിയ ഞാൻ:
നന്മനസ്സൂന്നീടുമല്ലോ, ഭടാന്വിത-
നമ്മഹാൻ പോരിൽ സ്തുതി കേട്ടിവന്റെമേൽ! (1)

അബ്ഭുവാനെങ്ങളെ നണ്ണിയിന്ദ്ര, ഭവാ-
ന്നിപ്പടിയ്ക്കൻപുളവാക്കും സ്തവങ്ങളാൽ
അശ്വക്കടിഞ്ഞാൺ വൃഷാവേ, പിടിയ്ക്കണം;
വെച്ചമർത്തേണം, മഘവൻ, സപത്നരെ! (2)

ഞങ്ങളൊഴിഞ്ഞെവർ ചേർന്നീല നിങ്കല,-
ത്തുംഗകർമ്മാപേതർ നിന്നുടെയല്ലതാൻ:
ദേവ, കേറിയിരിയ്ക്കിന്ദ്ര, വജ്രധര,
നീ വരാശ്വക്കടിഞ്ഞാൺ പിടിയ്ക്കും രഥേ! (3)

നിന്നെക്കുറിച്ചുണ്ട,നേകസ്തവമിന്ദ്ര:
മന്നിനായ്ത്തണ്ണീർക്കടരിട്ട,റുത്തു നീ
നിർത്തി, വർഷിപ്പാനിനൻതൻ നിജാസ്പദേ;
യുദ്ധത്തിൽ മായ്ച്ചു, നീ ദാസന്റെ പേരുമേ! (4)

ഇന്ദ്ര, സമീപിച്ചു കെല്പിയറ്റിച്ചരി-
യ്ക്കുന്ന നേതാക്കളാം ഞങ്ങൾ ഭവാന്റെയാം:
യുദ്ധത്തിലാൾക്കാർ വരേണമേ ഞങ്ങളിൽ,
സ്തുത്യൻ ചരിഷ്ണു ഭഗൻപോലുരുബല! (5)

നിങ്കലുണ്ടല്ലോ, മഹിതമാം കെല്പിന്ദ്ര:
നിത്യനായ് വ്യപ്തനായ് നൃത്തമാടുന്ന നീ
കൂട്ടുക, വെൺ മുതൽ വിത്തവും ഞങ്ങളി;-
ലാഢ്യനാം സ്വാമിതൻ ദാനത്തെ വാഴ്ത്തുവൻ! (6)

ത്വദ്രക്ഷയാൽക്കാക്കുകിന്ദ്ര, ശൂര ഭവാ-
നിത്ഥം സ്തുതിയ്ക്കും സയജ്ഞരാം ഞങ്ങളെ:
യുദ്ധങ്ങളിലുടൽച്ചട്ടയെ നല്കുന്ന
ഹൃദ്യമാം സോമനീർകൊണ്ടു രസിയ്ക്ക, നീ! (7)

ഗൗരിക്ഷിതൻ പൗരുകുത്സ്യൻ ത്രസദസ്യു
സൂരി ധനാഢ്യനെവയെയോ നല്കി, മേ
അപ്പത്തുവെൺതുരംഗങ്ങൾ വഹിയ്ക്ക, മാം;
ക്ഷിപ്രം പണികളിലേർപ്പെട്ടിടാവു, ഞാൻ! (8)

നല്കിനാൻ, മേ മാരുതാശ്വൻ വിദഥനും
നല്ല നടയുള്ള ലോഹിതാശ്വങ്ങളെ;
ആയിരം തന്നാ,നൊരാര്യനാകുമെനി-

യ്ക്കായയഴിച്ചേകിനാനാഭരണങ്ങളും. (9)

ലക്ഷ്മണപുത്രനാം ധ്വന്യനും നല്കി, മേ
ലക്ഷ്മി തെളിഞ്ഞ ധുരന്ധരാശ്വങ്ങളെ:
സംവരണർഷിയെ പ്രാപിച്ചു, തന്ന വൻ-
സമ്പത്തു, ഗോക്കാൾ തൊഴുത്തിനെപ്പോലവേ! (10)

## കുറിപ്പുകൾ: സൂക്തം 33.

1. മർത്ത്യർതൻ കെല്പിനു – എന്റെ ആളുകൾക്കു ബലമുണ്ടാകാൻ. ഇന്ദ്രങ്കൽ – ഇന്ദ്രന്റെ അടുക്കൽ. ഒന്നു – ഒരു സ്തോത്രം. ഇവന്റെമേൽ – എങ്കൽ.
2. പിടിയ്ക്കണം – യുദ്ധത്തിന്നിറങ്ങണമെന്നർത്ഥം.
3. നിങ്കൽ ചേർന്നീല – അങ്ങയെ ആശ്രയിച്ചില്ല. തുംഗകർമ്മാപേതർ – യജ്ഞരഹിതർ. രഥേ – സ്വന്തം തേരിൽ.
4. അറുത്തു – ജലനിരോധികളെ പിളർത്ത്. നിർത്തീ – മേഘങ്ങളെ. ഇനൻതൻ നിജാസ്പദേ – സൂര്യന്റെ സ്വസ്ഥാനത്ത്. ദാസൻ – മഴ തടഞ്ഞ ഒരസുരൻ. പേരുമേ മായ്ച്ചു – അവനെ തീരെ നശിപ്പിച്ചു.
5. സമീപിച്ചു – ഭവാനെ. കെല്പിയറ്റി – സ്തോത്രങ്ങൾകൊണ്ടു ഭവാനു ബലമുളവാക്കി. ചരിയ്ക്കുന്ന – യാഗശാലയിൽ പെരുമാറുന്ന. ആൾക്കാർ, ഭഗൻ പോലെ ഞങ്ങളിൽ വരേണമേ – ഭഗൻ ഞങ്ങളെ തുണയ്ക്കാൻ വരാറുള്ളതുപോലെ, അങ്ങയുടെ അനുഗ്രഹത്താൽ ആളുകൾ വന്നു സഹായിയ്ക്കട്ടെ.
6. നൃത്തമാടുന്ന – സ്വച്ഛന്ദം വിഹരിയ്ക്കുന്ന. വെൺമുതൽ – ഗവാശ്വാദി. ഞങ്ങളിൽ കൂട്ടുക – ഞങ്ങൾക്കു തരിക.
7. ത്വദ്രക്ഷ – ഭവാന്റേതായ രക്ഷ. സോമനീർ ഉടൽച്ചട്ടയെ നല്കും – പരിക്കു പറ്റാതെ രക്ഷിയ്ക്കും.
8. ഗൌരിക്ഷിതൻ = ഗിരിക്ഷിതിഗോത്രജൻ. പൗരുകുത്സ്യൻ = പുരുകുത്സ പുത്രൻ. ത്രസദസ്യു – ഒരു രാജർഷി. മാം വഹിയ്ക്കു – എന്നെ കൊണ്ടുനടക്കട്ടെ.
9. മാരുതാശ്വൻ = മരുതാശ്വനന്റെ പുത്രൻ. വിദഥൻ – ഒരു രാജാവ്. ലോഹിതാശ്വങ്ങൾ = ചെങ്കുതിരകൾ. ആയിരം – വളരെ ദ്രവ്യം. ആര്യൻ = പൂജ്യൻ.
10. ധ്വന്യൻ – ഒരു രാജാവ്. ലക്ഷ്മി = ശോഭ. ധുരന്ധരാശ്വങ്ങൾ = ഭാരംവഹിയ്ക്കുന്ന (കെല്പുള്ള) കുതിരകൾ. സംവരണർഷിയെ – എന്നെ.

## സൂക്തം 34.

സംവരണൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കാകളി)

നിശ്ശത്രുവാം നിഹതന്താവിങ്കലെത്തുന്ന,
നിസ്സംഖ്യമന്നമഭംഗുരം സ്വർഗ്ഗദം:
നന്നായ്പ്പിഴിവിൻ, പചിപ്പിൻ, സ്തവങ്ങളേ-
ത്തുന്ന പുരുസ്തുതന്നഗ്ര്യമായ്ച്ചെയ്യുവിൻ! (1)

ഈ മഘവാവുശനസ്സുമായ്, നിസ്സീമ-
ധാമാവു വജ്രം മൃഗാഹതിയ്ക്കോങ്ങവേ,
സോമനീർകൊണ്ടു നിറച്ചാൻ തിരുവയ;-
റാ മധുവുണ്ടു മദിച്ചാൻ, മഹായുധൻ! (2)

ഈ മട്ടവിടെയ്ക്കഹസ്സിലോ രാവിലോ
സോമം പിഴിയുവോൻ തേജസ്വിയായ് വരും:
തള്ളുന്നു, മൈമോടി കൂട്ടുമധർമ്മിയാം
പുള്ളിയെശ്ശക്രൻ, കുമിത്രധനിയെയും! (3)

ഇന്ദ്രൻ സഗർഭ്യനെ,ത്താതനെ,ത്തായയെ-
ക്കൊന്നിട്ടു, വിട്ടേച്ചുപോരില്ലൊരാളെയും:
ദുഃഖാൽച്ചലിയ്ക്കാതടക്കിദ്ധനം കാഴ്ച-
വെയ്ക്കുന്നവന്റെ ദാനങ്ങൾ കൈക്കൊള്ളുമേ! (4)

വേണ്ടാ, തുണയ്ക്കിവന്നഞ്ചുപത്താളുകൾ;
തീണ്ടാ, പിഴിയാത്ത, പോറ്റാത്തവനെയും-
കൊല്ലും, വലയ്ക്കും, വിറപ്പിപ്പവൻ; ദേവ-
വല്ലഭന്നോ, പെരുംപൈത്തൊഴുത്തേകിടും! (5)

നോക്കാ, പിഴിയാത്തവനെ;-പ്പിഴിഞ്ഞോനു
ചേർക്കും, സമൃദ്ധി; ചടപ്പിയ്ക്കു,മാജിയിൽ;
ചക്രമെറിഞ്ഞിടും ദാസനെത്തൻകയ്യിൽ
വെയ്ക്കു,മുഗ്രൻ ജഗച്ഛാസിയിന്ദ്രൻ പ്രഭു! (6)

പോകും, പിശുക്കന്റെ തീറ്റ കക്കാനിവ;-
നേകും, യഭിപ്പോനു സന്മർത്ത്യമാം ധനം;
ഭൃത്യപായത്തിലും താങ്ങാകുവോനിവൻ,
വീര്യമിവന്ന വളർത്തവർക്കൊക്കയും! (7)

നോക്കും, പ്രബലരാം രണ്ടു പണക്കാരെ,
നോർക്കിളക്കും, മഘവാവു നൽഗ്ഗോപ്രദൻ;
ഏകനെച്ചങ്ങാതിയാക്കി,പ്പശുക്കളെ-
യേകും, വിറപ്പിയ്ക്കുമിന്ദ്രൻ മരുദ്യുതൻ! (8)

വാഴ്ത്തുന്നു, ലക്ഷദനായുപമാനമായ്-
ക്കീർത്തിമാനാമാഗ്നിലവേശിയെ സ്വാമി ഞാൻ:
ശക്ര, നൽത്തണ്ണീർ തഴപ്പിയ്ക്ക, ശത്രിയെ;-

ശ്ശക്തിയവങ്കൽത്തിളങ്ങട്ടെ, വിത്തവും! (9)

## കുറിപ്പുകൾ: സൂക്തം 34.

1. നിഹന്താവ് – വൈരികളെ വധിയ്ക്കുന്ന ഇന്ദ്രൻ. നിസ്സംഖ്യം = അപരിമിതം. അന്നം – ഹവിസ്സ്. പിഴിവിൻ – സോമം. പചിപ്പിൻ – പുരോഡാശാദി. സ്തവങ്ങളേല്ക്കുന്ന – സ്തോത്രങ്ങളെ കൈക്കൊള്ളുന്ന അഗ്ര്യമായ്ച്ചെയ്യുവിൻ – ഓരോ കർമ്മവും ഉൽക്കൃഷ്ട മാംവണ്ണം അനുഷ്ഠിയ്ക്കുവിൻ. ഋത്വിക്കുകളോടു, പറയുന്നതാണിത്.
2. നിസ്സീമധാമാവ് = അമിതതേജസ്കൻ. മൃഗാഹതിയ്ക്ക് – മൃഗനെന്ന അസുരനെ കൊല്ലാൻ. മധു – മധുരസോമം.
3. മൈമോടി കൂട്ടും – ചമഞ്ഞിരിയ്ക്കുന്ന, തന്നെപ്പോറ്റിയായ. കുമിത്ര ധനി – ചീത്ത ച്ചങ്ങാതികളോടു കൂടിയ ധനവാൻ. .
4. ഇന്ദ്രൻ ഒരാളുടെ യജ്ഞരഹിതരായ ബന്ധുക്കളെ കൊന്നേയ്ക്കും; എന്നാൽ അയാളെ ത്യജിയ്ക്കില്ല. അയാൾ ബന്ധുവധദുഃഖത്താൽ ചലിയ്ക്കാതെ, മനസ്സടക്കി, ധനം (ഹവിസ്സ്) കാഴ്ചവെച്ചാൽ, ആ ദാനം ഇന്ദ്രൻ സ്വീകരിയ്ക്കുകതന്നെ ചെയ്യും.
5. വേണ്ടാ – താൻതന്നെ മതി. പിഴിയാത്ത പോറ്റാത്തവനെയും – സോമം പിഴിയാത്തവ നെയും കുടുംബത്തെ പോറ്റാത്തവനെയും ഇവൻ (ഇന്ദ്രൻ) തീണ്ടാ (സമീപിയ്ക്കില്ല); നേ രേമറിച്ച്, കൊല്ലും, വലയ്ക്കും (കഷ്ടപ്പെടുത്തും). വിറപ്പിപ്പവൻ – ശത്രുക്കളെ. ദേവവല്ലഭൻ – ദേവകാമൻ, യജമാനൻ. പെരുംപൈത്തൊഴുത്തേകിടും – വളരെപ്പൈക്കളെ കൊടു ക്കും.
6. ആജിയിൽ (യുദ്ധത്തിൽ) ചടപ്പിയ്ക്കും – ശത്രുക്കളെ ബലഹീനരാക്കും. ചക്രമെറിഞ്ഞിടും – എതിരാളിയുടെ നേർക്ക്. ദാസൻ = സേവകൻ.
7. സന്മർത്ത്യമാം ധനം = നല്ല ആളുകളോടുകൂടിയ ധനം. പിശുക്കന്റെ തീറ്റ (മുതൽ) കട്ടെ ടുത്തു യജ്ഞാനുഷ്ഠാതാവിന്നു കൊടുക്കും. ഇന്ദ്രന്നു സ്തോത്രാദിയാൽ വീര്യം വളർത്തിയ ആളുകൾക്കൊക്കെ വമ്പിച്ച അപായത്തിലും അവിടുന്നു താങ്ങായി നില്ക്കും.
8. നേർക്കിളക്കും – മേഘങ്ങളെ ശരിയ്ക്കു പ്രേരിപ്പിയ്ക്കുന്ന. നൽഗ്ഗോപ്രദനായ മഘവാവു രണ്ടു പണക്കാരെ നോക്കും, ഇവരിൽ ആർക്കു കൊടുക്കേണ്ടു പൈക്കളെ എന്ന്; ഏകനെ – അവരിൽ യഷ്ടാവാരോ, അവനെ, വിറപ്പിയ്ക്കും – ശത്രുക്കളെ വിറപ്പിയ്ക്കുന്ന.
9. ലക്ഷടൻ – വളരെദ്ധനം നല്കുന്നവൻ, ഉപമാനം – ഉദാരജനങ്ങൾക്ക് ഉപമാനമായിട്ടു ള്ളവൻ. ആഗ്നിവേശി – അഗ്നിവേശിയുടെ പുത്രനായ ശത്രി എന്ന രാജാവ്. സ്വാ മി – യജ്ഞാധിപതി. നൽത്തണ്ണീർ – ത്വദ്രത്തമായ നല്ല ജലം. ശത്രിയെ തഴപ്പിയ്ക്ക – ശത്രിയെ സമൃദ്ധനാക്കട്ടെ.

## സൂക്തം 35.

അംഗിരോഗോത്രൻ പ്രഭൂവസു ഋഷി; അനുഷ്ടപ്പും പംക്തിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത. ('താമരക്കണ്ണൻ'പോലെ)

ഇന്ദ്ര, നിന്റേതാം നൽക്കർമ്മം കൊണ്ടു-
വന്നാലും, രക്ഷയ്ക്കെങ്ങളിൽ,
മർത്ത്യരെക്കീഴമർത്തുവൊന്ന,തി-
ശുദ്ധം, പോരിങ്കദുസ്തരം! (1)

ഇന്ദ്ര, മൂന്നിലും, ശൂര, നാലിലു,–
മെന്നപോലഞ്ചിനത്തിലും
ഉണ്ടല്ലോ, നിന്റെ രക്ഷക;-ളവ
കൊണ്ടുവന്നാലു,മെങ്ങളിൽ! (2)

ഇന്ദ്ര, നിൻകാമ്യരക്ഷയെ വിളി-
യ്ക്കുന്നിതു ഞങ്ങൾ വൻവർഷിൻ:
തൽക്കർത്താവല്ലോ, വർഷണയാനൻ
വിക്രമി മരുദ്യുക്തൻ നീ! (3)

സ്വത്തു വർഷിപ്പാനല്ലോ, നിൻപിറ;-
പ്പുദ്ധർഷമിന്ദ്ര, നിൻബലം;
നിൻകരൾ കെല്പുള്ളൊന്നു, ധർഷകം;
സംഘസംഹാരി, നിൻവീര്യം! (4)

വൈരമുൾക്കൊള്ളുമാ മനുഷ്യന്റെ
നേരേ ചെന്നാലും വജ്രവൻ,
നീളേ നടക്കും തേരിനാലിന്ദ്ര,
നീ ശതക്രതോ, ശക്തീശ! (5)

ഉഗ്രനാം വൃത്രഹന്താവേ, ലോക-
ർക്കഗ്ര്യനാം നിന്നെത്താനല്ലോ,
തുപ്പടവെട്ടിന്നായ് വിളിയ്ക്കുന്നു,
ദർഭ വിരിച്ചിട്ടാളുകൾ! (6)

ഇന്ദ്ര, പാലിയ്ക്ക, പോരിലാൾക്കാരോ-
ടൊന്നിച്ച മുന്നിൽച്ചെൽവതായ്,
ദുർല്ലംഘമായി, സ്വത്തോരോന്നിന്നും
മല്ലിടുമസ്മത്തേരിനെ! (7)

വന്നണഞ്ഞിന്ദ്ര, ഞങ്ങൾതൻ തേർ നീ
നന്ദിച്ച കാക്കുക,ർജ്ജിത;
ശ്രീമൻ, കാമ്യാന്നം വെയ്ക്കാവൂ, നിങ്കൽ;
ശ്രീമാനെ ഞങ്ങൾ വാഴ്ത്താവൂ! (8)

## കുറിപ്പുകൾ: സൂക്തം 35.

1. ഉത്തരാർദ്ധം നൽക്കർമ്മത്തിന്റെ വിശേഷണം.
2. മൂന്ന് – ത്രിലോകം. നാല് – നാലു വർണ്ണങ്ങൾ. അഞ്ചിനം – പഞ്ചജനങ്ങൾ.
3. വൻവർഷിൻ – വലിയ ഫലവർഷകനായുള്ളോവേ. വർഷണയാനൻ = മഴ പെയ്യിയ്ക്കുന്ന യാത്രയോടുകൂടിയൻ. മരുദ്യുക്തനായ നീ തൽക്കർത്താവല്ലോ – രക്ഷയെ ഉൽപാദിയ്ക്കുന്നവനാണല്ലോ.
4. ഉദ്വർഷം – വൃഷ്ട്യുൽപാദകമാകുന്നു. ധർഷകം – ശത്രുക്കളെ ആക്രമിയ്ക്കുന്നത്. സംഘസംഹാരി – ശത്രുവർഗ്ഗത്തെ കൊന്നൊടുക്കുന്നത്.
5. ശക്തീശ – ബലാധിപതേ.
6. ലോകർക്ക് – പ്രജകളിൽ വെച്ച്. അഗ്ര്യൻ – ഒന്നാമൻ, പുരാതനനെന്നർത്ഥം, തൂപ്പടവെട്ട് – ശത്രുക്കളോടു നിന്തിരുവടിയുടെ പൊരുതൽ. ദർഭ വിരിച്ചിട്ട് – യജ്ഞോദ്യുക്തരായിട്ട്.
7. സ്വത്തോരോന്നിന്നും – ഓരോ മുതലിന്നുംവേണ്ടി.
8. നന്ദിച്ചു – പ്രസാദിച്ചു. ശ്രീമൻ = ശോഭമാന. ശ്രീമാനെ – ശോഭമാനനായ ഭവാനെ.

## സൂക്തം 36.

പ്രഭ്രവസു ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത. (കാകളി)

ഇന്ദ്രനിങ്ങോട്ടെഴുന്നള്ളട്ടെ, സമ്പത്തു
നന്നായ്ക്കൊടുക്കാനറിവുള്ള വിത്തദൻ;
ചേലുറ്റ പോൽത്തുഷാർത്തനാം വില്ലാളി-
പോലേ കൊതിച്ചു കടിയ്ക്കട്ടെ സോമനീർ! (1)

കേറട്ടെ, നിന്നണക്കെട്ടിൽപ്പുരുഹൂത,
ശൂര, സോമം മലമേൽപ്പോലെയശ്വവൻ;
രാജൻ, രസിപ്പിച്ചു മത്തുയർത്താവു തേ,
വാജിയ്ക്കുപോലെങ്ങളൊക്കെ സ്തവങ്ങളാൽ! (2)

തേരുരുൾപോലുരുളുന്നു, പുരുഹൂത,
ദാരിദ്ര്യഭീതമെൻചിത്തം സദോദയ;
തേരാണ്ട വജ്രിയാം നിന്നെപ്പുകഴ്ത്തട്ടെ,
പാരം മഘവൻ, നുതിമാൻ പുരുവസു! (3)

ഇന്ദ്ര, മഘവൻ, ചമപ്പൂ, തവ സ്തവ-
മിന്നുതിമാന,മ്മിപോലുരുപ്രേപ്സംവായ്:
സ്വത്തേകുമേ, നീയിടംവലംകൈകളാ;-
ലസ്താശനാക്കരുതെ,ന്നെ ഹര്യശ്വ, നീ! (4)

വർഷിസ്തവത്താൽത്തഴയ്ക്കു, വൃഷാവു നീ;
വർഷിൻ, വൃഷാശ്വാധിരൂഢൻ, വൃഷാവു, നീ;
വജ്രിൻ, സുഹനോ, വൃഷാവു വൃഷരഥൻ
വർഷകൻ നീ രണേ താങ്ങേണമെങ്ങളെ! (5)

തന്നാനെ,നിയ്ക്കുന്നയുക്തനാമേതൊരാൾ
മുന്നൂറൊടൊത്തിരുലോഹിതാശ്വങ്ങളെ;
ആദരിച്ചാ യുവാവാകും ശ്രുതരഥ–
ന്നാനമിയ്ക്കട്ടേ, മരുത്തുക്കളേ, നരർ! (6)

### കുറിപ്പുകൾ: സൂക്തം 36.

1. ചേലുറ്റ പോക്കിൽ – സലീലയാത്രയിൽ.
2. അണക്കെട്ട് – ഉറപ്പുള്ള അണക്കടകൾ. മലമേൽപ്പോലെ – മലമുകളിലാണല്ലോ സോമമുണ്ടാകുക. വാജിയ്ക്കുപോലെ, കുതിരയ്ക്കെന്നപോലെ, തേ (അങ്ങയ്ക്കു) മത്തുയർത്താവു.
3. സദോദയ – എപ്പോഴും വർദ്ധിയ്ക്കുന്നവനേ. നുതിമാൻ – സ്തോതാവാ പുരുവസു – പ്രഭുവസുവിന്റെ മറ്റൊരു പേരായിരിയ്ക്കാം.
4. ഇന്നുതിമാൻ – ഈ സ്തോതാവ്, ഞാൻ. അമ്മിപോലെ – സോമലത ചതയ്ക്കുന്ന അമ്മി നീർ പുറപ്പെടവിയ്ക്കുമല്ലോ; അതുപോലെ സ്തവം ചമയ്ക്കുന്നു. ഉരു പ്രേപ്സുവായ് – വലിയ ഫലം കിട്ടാൻ. അസ്താശൻ = ആശയറ്റവൻ.

5. വർഷിസ്തവം = ഫലങ്ങളെ വർഷിയ്ക്കുന്ന സ്തോത്രം; എന്റെ സ്തുതി. നീ വൃഷാശ്വാധിരൂഢനാകുന്നു, യാഗത്തിൽ വന്നെത്താൻ. വൃഷരഥൻ – വൃഷാ (യുവാ) ശ്വങ്ങളെ പൂട്ടിയ തേരുള്ളവൻ.

6. മുന്നൂറൊടൊത്ത് – മുന്നൂറുഗോക്കളോടുകൂടി. ശ്രുതരഥൻ – ഒരു രാജാവ്. ആനമിയ്ക്കട്ടേ – നമസ്കരിയ്ക്കട്ടെ.

## സൂക്തം 37.

അത്രി ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത. (കാകളി)

‘ഹോമമർക്കാഭയോടൊപ്പമേ ചെയ്കയാൽ
നെയ് മുതുകത്തോലുമഗ്നി മുതിർന്നുപോയ്:
ഇന്ദ്രനു നാം പിഴികൊന്നുരചെയ്വോനു
നന്നായ്വരട്ടെ, നിർബാധമുഷസ്സുകൾ! (1)

ഇദ്ധാഗ്നിയെഴ്ബ്ബജിയ്ക്കുന്നു, ദർഭ വിരി;-
ച്ചിന്ദു പിഴിഞ്ഞു പുകഴ്ത്തുന്നിതമ്മിയാൽ;
അമ്മികൊണ്ടൊച്ച പരത്തുന്നൊരധ്വര്യം-
ചെമ്മേ ഹവിസ്സുമായ്ച്ചെല്ലുന്നു, സിന്ധുവിൽ. (2)

ഇച്ഛിച്ചിതാ, മങ്ക ചെൽവൂ മണാളനി;-
ലിന്ദ്രൻ പിടിയ്ക്കുന്നു, ചെല്ലമിപ്പത്നിയെ;
അന്നം കൊതിച്ചൊലിക്കൊൾവിത,വന്റെ തേ;-
രാനയിയ്ക്കുന്നുമുണ്ടായിരമായിരം! (3)

ആരുടെ തീവ്രമാം പാൽസ്സോമനീരിന്ദ്ര-
നാരാൽക്കുടിയ്ക്കു,മാ രാജാവിടർപ്പെടാ:
വൈരിയെക്കൊല്ലു,മാൾക്കാരുമായ്ച്ചെന്നു; വൻ-
പേരേന്തി നാട്ടാരിലെത്തും, സുഭഗനായ്! (4)

പോറ്റും പുലർത്തിടും ക്ഷേമയോഗങ്ങളെ,-
പ്പാട്ടിൽനിർത്തും പകലല്ലുകളെസ്സദാ,
ഇഷ്ടനാം ഭാനുവിന്ന,ഗ്നിയ്ക്കുമിഷ്ടനാ,-
മിന്ദ്രന്നു സോമം പിഴിഞ്ഞുകൊടുത്തവൻ! (5)

### കുറിപ്പുകൾ: സൂക്തം 37.

1. അർക്കാഭയോടൊപ്പമേ – സൂര്യോദയത്തിൽത്തന്നെ, ഉരചെയ്വോനു – അധ്വര്യുവിനോടു പറയുന്ന യജമാനന്ന്. നന്നായ്വരട്ടെ – ശോഭനങ്ങളായിബ്ഭവിയ്ക്കട്ടെ.

2. അമ്മിയാൽ ഇന്ദു (സോമം) പിഴിഞ്ഞു പുകഴ്ത്തുന്നിതു – സ്തുതിയ്ക്കുന്നു. സിന്ധുവിൽ (നദിയിൽ) ചെല്ലുന്നു – സ്നാനത്തിന്ന്.

3. മങ്ക – ഇന്ദ്രാണി. ഇച്ഛിച്ച് – യജ്ഞഗമനം കാക്ഷിച്ച്. അന്നം – നമ്മൾ നല്കുന്ന ഹവിസ്സ്. ഒലിക്കൊൾവിതു – ശബ്ദിയ്ക്കുന്നു, തേർ ഇങ്ങോട്ട് പാഞ്ഞുതുടങ്ങി. ആയിരമായിരം – നമുക്കു തരാൻ വളരെദ്ധനം ആനയിയ്ക്കുന്നുമുണ്ട് = കൊണ്ടുവരുന്നുമുണ്ട്.

4. തീവ്രം = മത്തുപിടിപ്പിയ്ക്കുന്നത്. പാൽസ്സോമനീർ – പാലും മറ്റും ചേർത്ത സോമനീർ. ആരാൽ = അരികേ. വൻപേരേന്തി – ഇന്ദ്രന്റെ തിരുനാമം വഹിച്ച്; ഇന്ദ്രനെ സ്തുതിച്ചുകൊണ്ട് എന്നു ഭാവം.

5. പോറ്റും – കുടുംബത്തെ. ക്ഷേമം = കിട്ടിയതിനെ രക്ഷിയ്ക്കൽ. യോഗം = കിട്ടിയിട്ടില്ലാത്തതിനെ നേടൽ. പാട്ടിൽനിർത്തും – പകലല്ലുകൾ സുഖകരങ്ങളായിത്തീരുമെന്നർത്ഥം. ഇഷ്ടൻ = പ്രിയപ്പെട്ടവൻ.

## സൂക്തം 38.

അത്രി ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത. ('താമരക്കണ്ണൻ' പോലെ)

വമ്പിച്ചതല്ലോ, ഇന്ദ്ര നിൻപുരു-
സമ്പൽപ്രദാനം സദ്വിത്ത;
ദ്രവ്യമെങ്ങൾക്കാ നീ ശതക്രതോ,
സർവദ്രഷ്ടാവേ, തന്നാലും! (1)

പൊൻനിറനേ, നീ ശ്രവ്യമാമന്ന-
മിന്ദ്ര, വെയ്ക്കുന്നുണ്ടെമ്പാടും;
ദുസ്തരമതു ദൂരത്തും പുക-
ളെത്തിച്ചാളുന്നി,ഉർജ്ജസ്വിൻ! (2)

നീയും, നിൻകെല്പായ് വജ്രിൻ, വാനത്തു-
ള്ളർച്ച്യരു – മിരുകൂട്ടരും
പാരിങ്കൽനിന്നും വാനിങ്കൽനിന്നും
പോരുവാൻ ശക്തന്മാരല്ലോ! (3)

ഇങ്ങനെയൊരു വായ്പുറ്റ നിന്റെ-
യെങ്ങൾക്കെ – ങ്ങൾക്കു വൃത്രാരേ,
കൊണ്ടുവന്നാലും, വിത്തം: സ്വത്തെങ്ങൾ-
ക്കുണ്ടാകാനോർപ്പോനല്ലോ, നീ! (4)

നീ ശതക്രതോ, വന്നാലു,മിങ്ങോ-
ട്ടാ: – ശൂ നിൻപ്രീതിയാലിന്ദ്ര,
ഞങ്ങൾ സുരക്ഷരാകാവൂ – ശൂര,
ഞങ്ങൾ സുരക്ഷരാകാവൂ! (5)

### കുറിപ്പുകൾ: സൂക്തം 38.

1. സദ്വിത്ത = ശോഭനധനാ.
2. പൊൻനിറനേ = ഹേ കനകവർണ്ണ, ശ്രവ്യം = കേൾക്കപ്പെടാവുന്നത് കീർത്തനീയം. അതു – അന്നം. ആളുന്നിതു – തഴയ്ക്കുന്നു.
3. നിൻകെല്പായ് വാനത്തുള്ള അർച്ച്യർ – മരുത്തുക്കൾ.
4. ഒരു വായ്പുറ്റ – പറഞ്ഞറിയിയ്ക്കവയ്യാത്ത ഒരു വളർച്ചയുള്ള. എങ്ങൾക്ക്, എങ്ങൾക്ക് എന്ന ആവൃത്തി ആദരദ്യോതകമാകുന്നു. ഓർപ്പോൻ = ഇച്ഛിയ്ക്കുന്നവൻ.
5. സുരക്ഷർ = നല്ല രക്ഷയോടുകൂടിയവർ.

## സൂക്തം 39.

അത്രി ഋഷി; അനുഷ്ടുപ്പും പംക്തിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

പരിപൂജ്യ, ഭവാങ്കലുണ്ടു, യാ-
തൊരു മാന്യം ധനമിന്ദ്ര, വജ്രവൻ;
അതുപാർജ്ജിതവിത്ത, കൊണ്ടുവ-
ന്നരുൾകെ,ങ്ങൾക്കിരുകൈകളാലുമേ! (1)

തവ ദൃഷ്ടിയിൽ മുഖ്യമന്നമേ-
ത,തുതാനിന്ദ്ര, സമാനയിയ്ക്ക നീ:
അതിനാൽസ്സുവിപാകദാനമാ-
ചരിയാവൂ, ഭവദീയരെങ്ങളും! (2)

സ്തുതിയോഗ,മുദാര,മെന്നു വി-
ശ്രുതമല്ലോ, വിരിവുറ്റ നിന്മനം;
അതിനാലരുളുന്നു, വജ്രി നീ
സുദൃഢാന്നത്തിലുമാസ്ഥ നേടുവാൻ! (3)

പ്രജകൾക്കു പുരാൻ ധനാഢ്യരാ-
കിയ നിങ്ങൾക്കഭിപൂജ്യനിന്ദ്രനെ
സവിധാഗതരായ് സ്തുതിയ്ക്കുവാ-
നിവർ തേടുന്നു പുരാതനോക്തികൾ. (4)

ഈയിന്ദ്രന്നാണു,ക്ഥമാം സ്തോത്രകാവ്യം:
ശ്രേഷ്ഠസ്തോത്രം കൊള്ളുവോനാമവന്നേ
വർദ്ധിപ്പിപ്പൂ, വാക്യമാത്രേയരേവം –
മിന്നിയ്ക്കുന്നൂ, വാക്യമാത്രേയരേവം. (5)

### കുറിപ്പുകൾ: സൂക്തം 39.

1. ഉപാർജ്ജിതവിത്ത = ധനം സമ്പാദിച്ചവനേ.
2. തവ ദൃഷ്ടിയിൽ – ഭവാന്റെ അഭിപ്രായത്തിൽ മുഖ്യമായ (കാമ്യമായ) അന്നം – വരേണ്യമായ്ബ്ഭവാൻ കരുതുന്ന അന്നം – ഏതോ, അതുതാൻ (ആ അന്നം തന്നെ) സമാനയിയ്ക്ക = കൊണ്ടു വന്നാലും. അതിനാൽ – ആ അന്നംകൊണ്ട്. സുവിപാകദാനം = നല്ല ഫലം കിട്ടുന്ന ദാനം.
3. ഉദാരം = ദാനതൽപരം. വിരിവുറ്റ = വിശാലമായ. അതിനാൽ – ആ മനംകൊണ്ട്. സുദൃഢാന്നത്തിലും നേടുവാൻ ആസ്ഥ (ആദരം) അരുളുന്നു – ഉളവാക്കുന്നു.
4. യജമാനരോട്: ധനാഢ്യർ – ഹവിസ്സമ്പന്നർ. സവിധാഗതരായ് = അടുക്കൽച്ചെന്ന്. ഇവർ – സ്തോതാക്കൾ. പുരാതനോക്തികൾ തേടുന്നു – പണ്ടേത്തെ സ്തോത്രങ്ങൾ തിരഞ്ഞെടുക്കുന്നു.
5. ഉക്ഥമാം സ്തോത്രകാവ്യം ഈ ഇന്ദ്രന്നുള്ളതാണ്. കൊള്ളുവോൻ = സ്വീകരിയ്ക്കുന്നവൻ. അവന്നേ – അവനെക്കുറിച്ചുതന്നേ. വാക്യം – സ്തുതി.

## സൂക്തം 40.

അത്രി ഋഷി; ഉഷ്ണിക്കും അനുഷ്ടപ്പും ത്രിഷ്ടപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

വന്നാലും: സോമാധിപ, അമ്മിമേൽ ചതച്ച പിഴിഞ്ഞ സോമം നുകർന്നാലും, ശത്രുക്കളെ കൊന്നൊടുക്കുന്ന വൃഷാവേ, ഇന്ദ്ര, വൃഷാക്കളോടുകൂടി! (1)

അമ്മിക്കുഴ വൃഷാവാകുന്നു; മത്തു വൃഷാവാകുന്നു; ഈ പിഴിഞ്ഞസോമം വൃഷാവാകുന്നു; ശത്രുക്കളെ കൊന്നൊടുക്കുന്ന വൃഷാവേ, ഇന്ദ്ര, വൃഷാക്കളോടുകൂടി! (2)

വജ്രിൻ, വൃഷാവായ ഭവാനെ വൃഷാവായ ഞാൻ പൂജനീയങ്ങളായ രക്ഷകൾക്കായി വിളിയ്ക്കുന്നു. ശത്രുക്കളെ കൊന്നൊടുക്കുന്ന വൃഷാവേ, ഇന്ദ്ര, വൃഷാക്കളോടുകൂടി! (3)

ഋജീഷി, വജ്രി, വൃഷഭൻ, തുരാഷാട്, ബലവാൻ, രാജാവ്, വൃഷഹന്താവ്, സോമപായി – ഇങ്ങനെയുള്ള ഇന്ദ്രൻ ഹരികളെ പൂട്ടി, ഇവിടെയ്ക്കെഴുന്നള്ളട്ടെ; മധ്യാഹ്നസവാത്തിൽ മത്തുകൊള്ളട്ടെ! (4)

സൂര്യ, അങ്ങയെ അസുരപുത്രൻ രാഹു തമസ്സുകൊണ്ടു മറച്ചു കളഞ്ഞുവല്ലോ; അപ്പോൾ, ആളുകൾ ഇരിപ്പിടമറിയാതെ അന്ധാളിയ്ക്കുമാറു, ലോകം ഇരുണ്ടുപോയി! (5)

ഇന്ദ്ര, ഉടനേ ഭവാൻ സൂര്യന്റെ താഴെനിന്ന രാഹുമായകളെനിഹനിച്ചു. കർമ്മങ്ങളെ മുടക്കിയ തമസ്സിൽ മറഞ്ഞ സൂര്യനെ അത്രിനാലാമത്തെ മന്ത്രംകൊണ്ടു കണ്ടെത്തി. (6)

‘അത്രേ, ഭവദീയനായ ഈ എന്നെ തീറ്റ കൊതിയ്ക്കുന്ന ദ്രോഹി കൂരിരുട്ടുകൊണ്ടു വിഴുങ്ങിക്കളയരുതേ!’ അങ്ങ് മിത്രനാണ്, സത്യധനനാണ്: ആ നിങ്ങൾ – അങ്ങും വരുണരാജാവും – എന്നെ ഇവിടെ രക്ഷിയ്ക്കണം! (7)

ബ്രഹ്മജ്ഞനായ അത്രി അമ്മിക്കുഴയുപയോഗിച്ചും പൂജിച്ചു സ്തുതിച്ചു വണങ്ങി ദേവന്മാരെ ചമയിച്ചും സൂര്യന്റെ മൂടൽ നീക്കി, കണ്ണിന്നു കാഴ്ചയുണ്ടാക്കി; രാഹുവിനൊ മായകളെ തട്ടിനീക്കി. (8)

സൂര്യനെ അസുരപുത്രൻ രാഹു തമസ്സുകൊണ്ടു മറച്ചുകളഞ്ഞുവല്ലോ; അവനെ അത്രികളാണ്, കണ്ടുപിടിച്ചത്. മറ്റാരും ആളായില്ല! (9)

### കുറിപ്പുകൾ: സൂക്തം 40.

1. വൃഷാക്കളോടുകൂടി – മരുത്തുക്കളോടുകൂടി വന്നാലും.
2. വൃഷാവ് – ഫലം വർഷിയ്ക്കുന്നത്.
3. വൃഷാവായ ഞാൻ – സോമനീർ തൂകുന്ന ഞാൻ.
4. മത്തുകൊള്ളട്ടെ – സോമം കുടിച്ച്.
5. ഈ ഋക്കിന്റെ ദേവത, സൂര്യനാണ്.
6. താഴേനിന്ന – മുകൾബ്ഭാഗം മറയ്ക്കാൻ രാഹുമായകൾ ശക്തങ്ങളായില്ല. അത്രി – ഞാൻ. നാലാമത്തെ മന്ത്രം – സൂര്യ എന്നു തുടങ്ങിയ ഋക്കുമുതൽ മൂന്നെണ്ണം കഴിഞ്ഞിട്ടുള്ള ഋക്ക്; എട്ടാമത്തേത്.
7. സൂര്യൻ അത്രിയോടു പറയുന്നു:
8. അമ്മിക്കുഴയുപയോഗിച്ച് – ഇന്ദ്രന്നായി സോമം ചതച്ചു പിഴിഞ്ഞ്.

9. അത്രികൾ – ഈ സൂക്തത്തിന്റെ ഋഷിയും, തന്റെ ആളുകളും; അവർ സോമയാഗാദികളാൽ ഇരുട്ടു ക്രമേണ നീക്കി, സൂര്യനെ പ്രകാശിപ്പിച്ചു.

## സൂക്തം 41.

ഭൗമനായ. അത്രി ഋഷി; ത്രിഷ്ടുപ്പും അതിജഗതിയും ഏകപദാവിരാട്ടും ഛന്ദസ്സുകൾ; വിശ്വേദേവകൾ ദേവത.

മിത്രാവരുണന്മാരേ, നിങ്ങളെ ആർ യജിയ്ക്കും? ദ്യോവിന്റേയും ഭൂവിന്റെയും അന്തരിക്ഷത്തിന്റെയും സ്ഥാനങ്ങളിൽ ഞങ്ങളെ നിങ്ങൾ രക്ഷിയ്ക്കണം യജ്ഞേച്ഛുവിന്നും ദാതാവിന്നും നിങ്ങൾ മാടുകളെയും അന്നവും നല്കണം! (1)

മിത്രൻ, വരുണൻ, അര്യാമാവ്, വായു, ഋഭുക്ഷാവായ ഇന്ദ്രൻ, സുഖപ്രദനായ രുദ്രനോടൊപ്പം പ്രീതിപ്പെടുന്ന മരുത്തുക്കൾ എന്നിവർ ഞങ്ങളുടെ ഹവിസ്സുകളും ശോഭനമായ സ്തുതിയും – സ്തോത്രഭാക്കുകളാണല്ലോ, ഇവർ – സ്വീകരിയ്ക്കട്ടെ: (2)

അശ്വികളേ, നിയന്താക്കളായ നിങ്ങളെ ഞാൻ വാതാശ്വലബ്ധിയ്ക്കും രഥപുഷ്ടിയ്ക്കുമായി വിളിയ്ക്കട്ടെയോ? 'യാഗം നടത്തിത്തരുന്ന ദിവ്യനായ പ്രാണദാതാവിന്നു നിങ്ങൾ സ്തോത്രവും അന്നവും ഒരുക്കുവിൻ' (3)

ചെറുക്കുന്നവനും ദിവ്യനും കണ്വരാകുന്ന ഹോതാക്കളോടുകൂടിയവനും മൂന്നിടങ്ങളിൽ വ്യാപിയ്ക്കുന്നവനും സൂര്യസഹചാരിയുമായ വായു, അഗ്നി, പൂഷാവ്, ഭഗൻ എന്നിവർ – ജവനാശ്വരിൽ മികച്ച സർവരക്ഷകർ – യജ്ഞത്തിൽ, യുദ്ധത്തിലെന്നപോലെ ചെല്ലുന്നു. (4)

മരുത്തുക്കളേ, നിങ്ങൾ അശ്വയുക്തനായ പുത്രനെ തന്നരുളുവിൻ: ധനാപ്തിയ്ക്കും രക്ഷയ്ക്കുമായി സ്തോതാവു സ്തുതിയ്ക്കുന്നു. സത്വരരായ നിങ്ങളുടെ വാഹനങ്ങൾ എവയോ, ആ വാഹനങ്ങളാൽ, കക്ഷീവാന്റെ ഹോതാവു നല്ല സുഖമടയട്ടെ! (5)

നിങ്ങൾ വായുവിനെ പള്ളിത്തേരിൽ കേറുവിൻ: ആ മേധാവിയും സ്തുത്യനുമായ ദേവനെ പുകഴ്ത്തുവിൻ. യജ്ഞത്തിൽ സംബന്ധിപ്പാൻ എഴുന്നള്ളുന്ന ഉത്തമസ്ത്രീകളായ പത്നിമാർ ഇവിടെ നമ്മുടെ കർമ്മത്തിന്നു വന്നുകഴിഞ്ഞു! (6)

ദിനരാത്രികളേ, ഞാൻ മഹതികളായ നിങ്ങൾക്കും മറ്റു വന്ദനീയർക്കും സുഖകരങ്ങളും ജ്ഞാപകങ്ങളുമായ മന്ത്രങ്ങൾകൊണ്ടു ഹവിസ്സേത്തിയ്ക്കുന്നു: എല്ലാമറിഴയുന്നവരെന്നപോലെ, മനുഷ്യന്നു യജ്ഞം കൊണ്ടുവരുന്നവരാണല്ലോ, നിങ്ങളിരുവരും. (7)

ഞാൻ വാസ്തോഷ്പതിയായ ത്വഷ്ടാവിന്നു സ്തുതിയർപ്പിച്ചുകൊണ്ടു, പോഷിപ്പിയ്ക്കുന്ന നേതാക്കളായ നിങ്ങളെയും, കൂടെ നടക്കുന്ന സമ്പദ്ദാത്രിയായ ധിഷണയെയും, വനസ്പതികളെയും, ഓഷധികളെയും ധനലബ്ധിയ്ക്കായി വണങ്ങി വണങ്ങി പൂജിയ്ക്കുന്നു. (8)

വീരന്മാരെന്നപോലെ വാസയിതാക്കളായ മേഘങ്ങൾ നമ്മുടെ പുത്രരുകലും പൗത്രരുകലും നന്നായി പെരുമാറട്ടെ; സ്തുത്യനും പ്രാപ്യനും മനുഷ്യഹിതനുമായ യഷ്ടവ്യൻ എല്ലായ്പോഴും അഭിഗമനത്തിൽ നമ്മുടെ സ്തോത്രം വർദ്ധിപ്പിയ്ക്കട്ടെ! (9)

അന്തരിക്ഷത്തിലെ വൃഷാവിന്റെ ശിശുവായ ജലരക്ഷകനെ ഞാൻ ശോഭനമാംവണ്ണം സ്തുതിച്ചു: ആ ത്രിസ്ഥാനവ്യാപിയായ അഗ്നി സമീപിച്ച എന്നെ സുഖിപ്പിയ്ക്കുകയല്ലാതെ, വിഴുങ്ങിക്കളയില്ല; വനങ്ങളെയാകട്ടെ, ശോചിഷ്കേശൻ ചുട്ടെരിയ്ക്കും! (10)

നാം ധനലബ്ധിയ്ക്ക്, എങ്ങനെ മഹാന്മാരായ രുദ്രപുത്രന്മാരെയും, എങ്ങനെ സർവജ്ഞനായ ഭഗനെയും, സ്തുതിയ്ക്കേണ്ടു? ജലം, ഓഷധികൾ, ദ്യോവ്, വനങ്ങൾ, വൃക്ഷകേശരായ വിരികൾ എന്നിവ നമ്മെരക്ഷിയ്ക്കട്ടെ! (11)

ആകാശചാരിയായ, ചുറ്റും നടക്കുന്ന, ഗമനശീലനായ, ആ അന്നപതി നമ്മുടെ സ്തുതികൾ കേൾക്കട്ടെ; മാമലയുടെ ചുറ്റും പ്രവഹിയ്ക്കുന്ന, പുരികൾപോലെ വെണ്മ പൂണ്ട വെള്ളങ്ങളും കേൾക്കട്ടെ! (12)

മഹാന്മാരേ, ദർശനീയരേ, ഞങ്ങൾ ഹവിസ്സെടുത്തു സമീപിച്ചു സ്തുതിയ്ക്കുന്നതു നിങ്ങൾ ഉൾക്കൊണ്ടാലും: ആ വളരുന്ന ഗമനശീലർ ക്ഷോഭിപ്പിച്ചെതിരിട്ട മനുഷ്യനെ ആയുധങ്ങൾകൊണ്ടു നീക്കി, ഇങ്ങോട്ടെഴുന്നള്ളുന്നു! (13)

ദിവ്യ-ഭൌമജനങ്ങളും ജലങ്ങളും വന്നുചേരാൻവേണ്ടി ഞാൻ സുയജ്ഞരോടർത്ഥിയ്ക്കുന്നു: സ്തുതികൾ ആഹ്ലാദിപ്പിച്ചും പ്രകാശിപ്പിച്ചും വർദ്ധിയ്ക്കട്ടെ; നദികളും അലക്കൊണ്ടു വർദ്ധിയ്ക്കടെ! (14)

എന്റെ സ്തുതിയെ അപ്പൊഴപ്പോൾ നട്ടിരിയ്ക്കുന്നു: ഇതു ശേഷി പൂണ്ടു രക്ഷകളാൽ ഉപദ്രവങ്ങളെ തടുക്കുമല്ലോ. അമ്മ, മഹതിയായ ഭൂമി, നമ്മെ കൈക്കൊള്ളട്ടെ – നല്ല സൂരികളുടെ സ്തുതിയാൽ, തൃക്കൈ നീട്ടി നന്മ നല്കട്ടെ! (15)

ശോഭനദാനരായ മരുത്തുക്കളെ – ഉൽക്കൃഷ്ടാന്നരായ മരുത്തുക്കളെ – ഇങ്ങനെയെന്നു പറഞ്ഞുതരാൻ – പറഞ്ഞുതരാൻ – ഹവിസ്സുകൊണ്ടു നാം എങ്ങനെ പരിചരിയ്ക്കും? അഹിർബ്ബുധ്ന്യൻ നമ്മെ ദ്രോഹിയ്ക്കു കൊടുക്കരുത്; നമ്മുടെ വൈരികളെ നശിപ്പിയ്ക്കട്ടെ! (16)

ദേവന്മാരേ, വേഗത്തിൽ മക്കളും മാടുകളുമുണ്ടായിവരാൻ, ഇങ്ങനെ മനുഷ്യൻ നിങ്ങളെ സേവിയ്ക്കുന്നു – ദേവന്മാരേ, മനുഷ്യൻ നിങ്ങളെ സേവിയ്ക്കുന്നു. ഇവിടെ നിരതി എന്റെ ഈ ദേഹത്തിന്നു നല്ല ഭക്ഷണം നല്കട്ടെ; ജരയെ വിഴുങ്ങുകയും ചെയ്യട്ടെ! (17)

ദേവന്മാരേ, വസുക്കളേ, നിങ്ങളുടെ ആ സദ്ബുദ്ധിജനകവും ബലപ്രദവുമായ അന്നം ഞങ്ങൾ സ്തുതിയാൽ ഗോവിങ്കൽനിന്നു നേടുമാറാകണം! ആ ശോഭനദാനയും സുഖകരിയുമായ ദേവി ഇങ്ങോട്ടു പുറപ്പെട്ടു, സുഖിപ്പിയ്ക്കാനായി ഞങ്ങളിൽ വന്നെത്തട്ടെ! (18)

ഗോക്കളുടെ അമ്മയായ ഇള – അല്ലെങ്കിൽ ഉർവശി – നദികളോടുകൂടി നമ്മെ പുകഴ്ത്തിപ്പാടട്ടെ; അല്ലെങ്കിൽ, ഉർവശി മനുഷ്യന്റെ യജ്ഞത്തെ മഹത്തായ തേജസ്സുകൊണ്ടു മൂടി, പുകഴ്ത്തട്ടെ! (19)

പോഷകനായ ഊർജ്ജവ്യന്റെ നമ്മളെ കൈക്കൊള്ളട്ടെ? (20)

## കുറിപ്പുകൾ: സൂക്തം 41.

1. ദാതാവ് – ഹവിസ്സു നല്കുന്നവൻ.
3. പ്രാണദാതാവ് – വായു. രണ്ടാമത്തെ വാക്യം ഋത്വിക്കുകളോടുള്ളതാണ്. അന്നം – ഹവിസ്സ്.
4. ചെറുക്കുന്നവൻ – ശത്രുക്കളെ. കണ്വർ – കണ്വഗോത്രക്കാരായ ഋഷിമാർ. ജവനാശ്വരിൽ മികച്ച = വേഗമേറിയ അശ്വമുള്ളവരിൽവെച്ചു ശ്രേഷ്ഠരായ.
5. രക്ഷ – ലബ്ധധനരക്ഷണം. കക്ഷീവാന്റെ ഹോതാവ് – അത്രി; നിങ്ങളുടെ വാഹനങ്ങളെ (അശ്വങ്ങളെ) അദ്ദേഹത്തിന്നു കൊടുക്കുവിൻ എന്നർത്ഥം.
6. ഋത്വിക്കുകളോട്: പത്നിമാർ – ദേവപത്നിമാർ.
7. മറ്റു വന്ദനീയർ – ദേവന്മാർ. ജ്ഞാപകങ്ങൾ – ഓരോ ദേവതയുടെയും പ്രഭാവത്തെ അറിയിയ്ക്കുന്നവ, വെളിപ്പെടുത്തുന്നവ.

8. ദേവന്മാരോട്: ധിഷണ – വാഗ്ദേവി.

9. വാസയിതാക്കൾ – ജഗത്തിനെ വസിപ്പിയ്ക്കുന്നവർ, നിലനിർത്തുന്നവർ. യഷ്ടവ്യൻ – ആദിത്യൻ. അഭിഗമനം – യജ്ഞത്തിൽ വരിക.

10. വൃഷാവ് – പർജ്ജന്യൻ. ജലരക്ഷകൻ – വൈദ്യുതാഗ്നി.

11. വൃക്ഷകേശർ – മരക്കൂട്ടമാകുന്ന തലമുടിയോടുകൂടിയവ.

12. അന്നപതി – വായു. വെള്ളങ്ങൾ – ചോലകൾ.

13. മരുത്തുക്കളോടുള്ള പ്രത്യക്ഷകഥനമാണ്, ആദ്യവാക്യം: ഗമനശീലർ – മരുത്തുക്കൾ. എതിരിട്ട മനുഷ്യനെ – വൈരിയെ.

14. സുയജ്ഞർ – മരുത്തുക്കൾ. പ്രകാശിപ്പിയ്ക്കുക – അർത്ഥത്തെ വെളിപ്പെടുത്തുക.

15. നട്ടിരിയ്ക്കുന്ന – ഒരു വൃക്ഷത്തയ്യിനെപ്പോലെ. ശേഷി – വളർച്ചയാലുണ്ടാകുന്ന കഴിവ്.

16. പറഞ്ഞുതരാൻ – കർത്തവ്യം ഉപദേശിപ്പാൻ.

17. ഇവിടെ – ഈ യാഗത്തിൽ. എന്റെ ഈ ദേഹം – പുത്രൻ. എന്റെ ജരയെ നശിപ്പിയ്ക്കുകയും ചെയ്യട്ടെ.

18. സദ്ബുദ്ധിജനകം – നല്ല ബുദ്ധിയെ (ബുദ്ധിശക്തിയെ) ജനിപ്പിയ്ക്കുന്നത്; അന്നംകൊണ്ടാണല്ലോ, ബുദ്ധി വളരുന്നത്. അന്നം – ക്ഷീരാദി. ദേവി – ഇള.

19. പുകഴ്ത്തിപ്പാടട്ടെ – നമ്മുടെ സ്തുതിയെ പ്രശംസിയ്ക്കട്ടെ.

20. ഊർജ്ജവ്യന്റെ നമ്മളെ – ഊർജ്ജവ്യനെന്ന രാജാവിന്റെ ആളുകളായ നമ്മെ. കൈക്കൊള്ളട്ടെ – ദേവന്മാർ.

## സൂക്തം 42.

ഭൌമൻ അത്രി ഋഷി; ത്രിഷ്ടപ്പും ഏകപദാവിരാട്ടും ഛന്ദസ്സുകൾ; വിശ്വേദേവകൾ ദേവത.

ഏറ്റവും സുഖകരമായ സ്തോത്രവും കർമ്മവും വരുണങ്കലും മിത്രങ്കലും ഭഗങ്കലും അദിതിയിങ്കലും ശരിയ്ക്കു ചെന്നെത്തട്ടെ; അന്തരിക്ഷത്തിൽ മേവുന്ന പഞ്ചഹോതാവും – ഗതിയ്ക്കു തടവില്ലാത്ത സുഖനിധിയായ പ്രാണദാതാവും – ശ്രവിയ്ക്കട്ടെ! (1)

ഹൃദ്യവും സുഖകരവുമായ എന്റെ സ്തോത്രത്തെ അദിതി, ഒരമ്മ മകനെ എന്നപോലെ കൈക്കൊള്ളട്ടെ! പ്രിയവും ദേവഹിതവും യാതൊന്നോ, സൌഖ്യസാധകം യാതൊന്നോ, ആ മന്ത്രം ഞാൻ മിത്രങ്കലും വരുണങ്കലും എത്തിയ്ക്കുന്നു. (2)

താങ്കൾ കവികളിൽവെച്ചു കവിയായ ഇത്തിരുവടിയെ ഉയർത്തുക; സോമനീരും നെയ്യുമാടിയ്ക്കുക. ആ സവിതാവായ ദേവൻ നമുക്കുഹിതങ്ങളായ ധനങ്ങളും അടുക്കിവെയ്ക്കപ്പെട്ട കനകങ്ങളും തന്നരുളട്ടെ! (3)

ഇന്ദ്ര, നിന്തിരുവടി പ്രസാദിച്ചു ഞങ്ങളെ ഗോക്കളോടു ചേർക്കുക; ഹരിയുക്ത, സൂരികളോടു ചേർക്കുക; ക്ഷേമത്തോടു ചേർക്കുക; ദേവഹിതമായ അന്നത്തോടു ചേർക്കുക; യജ്ഞാർഹരായ ദേവന്മാരുടെ നന്മനസ്സോടു ചേർക്കുക! (4)

ഭഗദേവൻ, സവിതാവ്, ധനപതിയായ ത്വഷ്ടാവ്, വൃത്രനെക്കൊന്ന ഇന്ദ്രൻ എന്നീ സമ്പത്തടക്കിയ ദേവന്മാരും ഋഭു, വിഭ്വാവ്, വാജൻ എന്നിവരും വെമ്പലോടേ നമ്മെ രക്ഷിയ്ക്കട്ടെ! (5)

പിന്മാറാതെ വിജയം നേടുന്ന നിർജ്ജരനായ മരുത്ത്വാന്റെ കർമ്മങ്ങൾ നാം വർണ്ണിയ്ക്കുക: മഘവാവേ, അങ്ങയുടെ വീര്യം മുമ്പുള്ളവർക്കു കിട്ടിയിട്ടില്ല; പിമ്പുള്ളവർക്കുമില്ല; പുതിയ ഒരുവന്നുമില്ല! (6)

മുഖ്യനും രത്നപ്രദനം ധനദാതാവുമായ ബൃഹസ്പതിയെ നീ സ്തുതിയ്ക്കുക: ഇദ്ദേഹം ശംസിയ്ക്കുകയും സ്തുതിയ്ക്കുകയും ചെയ്യുന്നവന്ന് ഏറ്റവും സുഖം വരുത്തും; വിളിയ്ക്കുന്നവങ്കൽ വളരെസ്സമ്പത്തുമായിവന്നെത്തും! (7)

ബൃഹസ്പതേ, ഭവാന്റെ രക്ഷകളോടു ചേർന്നവർ ഉപദ്രവിയ്ക്കപ്പെടാതെ, ധനികരും സൽപുത്രാന്വിതരുമായിത്തീരും: ആ സുഭഗസാർ അശ്വദാനമോ ഗോദാനമോ വസ്ത്രദാനമോ അനുഷ്ഠിയ്ക്കും; അവരിൽ സമ്പത്തു വളരട്ടെ! (8)

ഉക്ഥവാന്മാർക്കു കൊടുക്കാതെ തിന്നുന്നവരുടെ മുതൽ നിന്തിരുവടി ഛിന്നിച്ചിതറിയ്ക്കണം: കർമ്മഹീനരായി ലോകത്തിൽ തടിച്ചിരിയ്ക്കുന്ന ഈ ബ്രഹ്മദ്വേഷികളെ നിന്തിരുവടി സൂര്യങ്കൽ നിന്ന് അകറ്റിയാലും! (9)

മരുത്തുക്കളേ, ആർ ദേവയജനത്തിൽ രക്ഷസ്സുകളെ വരുത്തുമോ, ആർ നിങ്ങളെ സ്തുതിയ്ക്കുന്നവനെ നിന്ദിയ്ക്കുകയും, വിയർത്തുകൊണ്ടു നിസ്സാരഭോഗങ്ങൾ ഉൽപാദിപ്പിയ്ക്കുകയും ചെയ്യുന്നുവോ, അവനെ നിങ്ങൾ വട്ടില്ലാത്തേരിലേറ്റി ഓടിയ്ക്കണം! (10)

നല്ലമ്പും നല്ല വില്ലും ധരിച്ച സഖൗഷധാധിപതിയായ രുദ്രനെ നീ സ്തുതിയ്ക്കുക; ആ പ്രാണദാതാവായ ദേവനെ മഹത്തായ മനോഗുണത്തിന്നായി യജിയ്ക്കുക – ഹവിസ്സുകൾകൊണ്ടു പരിചരിയ്ക്കുക. (11)

ദാനതൽപരരും ശോഭാഹസ്തരുമായ സുകർമ്മാക്കളും, വിഭ്വാവിനാൽ നിർമ്മിയ്ക്കപ്പെട്ട ഇന്ദ്രപത്നികളായ നദികളും തേജസ്സേറിയ സരസ്വതി, രാക എന്നീ തിളങ്ങുന്ന അഭീഷ്ടദായിനികളും കനിഞ്ഞരുളട്ടെ! (12)

മഹാനായ സുരക്ഷകനും ഞാൻ ഒരതിനൂതാസ്തോത്രം ആലോചിച്ചുണ്ടാക്കി വെയ്ക്കുന്നു: മകൾക്കുവേണ്ടി നദികളിൽ രൂപങ്ങൾ നിർമ്മിയ്ക്കുന്ന ആ സേക്താവു നമുക്കു ജലം നല്കട്ടെ! (13)

സ്തോതാവേ, ഭവാന്റെ നല്ല സ്തുതി ഇടിവെട്ടിയിരമ്പുന്ന ഇളസ്തുതിയിങ്കൽ തീർച്ചയായും ചെന്നെത്തണം: ആ മേഘവാൻ, ഉദകവാൻ, മിന്നലിനാൽ ദ്യാവാപൃഥിവികളെ നനച്ചുകൊണ്ടു നടക്കുന്നു. (14)

ഈ സ്തോത്രം നേരേ മരുദ്ബലത്തിൽ ചെല്ലട്ടെ: നീ ആ യുവാക്കളായ രുദ്രപുത്രരെ തികച്ചും പ്രാപിച്ചാലും. അഭിലാഷം എന്നെ ധനത്തിന്ന് ഇടവിടാതെ വിളിയ്ക്കുന്നു. നീ ഗന്താക്കളായ പൃഷദശ്വരെ സമീപിച്ചു സ്തുതിയ്ക്കുക! (15)

ഈ സ്തോത്രം ധനത്തിന്നായി ഭൂമിയുടെയും അന്തരിക്ഷത്തിന്റെയും വനസ്പതിയുടെയും ഓഷധികളുടെയും അടുക്കൽ ചെല്ലട്ടെ. ഓരോ ദേവനും എനിയ്ക്കു ശോഭനാഹ്വാനനായിബ്ഭവിയ്ക്കട്ടെ. അമ്മ ഭൂമി നമ്മെ ദുർവിചാരത്തിൽ നിർത്താതിരിയ്ക്കട്ടെ! (16)

ദേവന്മാരേ, ഞങ്ങൾക്കു വലിയ സ്വാസ്ഥ്യം കിട്ടുമാറാകണം! (17)

ഞങ്ങൾ അശ്വികളുടെ നൂതനവും സുഖകരവും നന്മയുണ്ടാക്കുന്നതുമായ രക്ഷയോടു ചേരുമാറാകണം: അമൃതരേ, നിങ്ങളിരുവരും ഞങ്ങൾക്കു ധനത്തെയും വീരന്മാരെയും സർവസൌഭാഗ്യങ്ങളെയും കൊണ്ടുവന്നാലും! (18)

## കുറിപ്പുകൾ: സൂക്തം 42.

1. പഞ്ചഹോതാവ് – വായു. പ്രാണദാതാവും വായുതന്നെ. ശ്രുവിയ്ക്കട്ടെ – സ്തോത്രം കേൾക്കട്ടെ.
3. ഋത്വിക്കോടു പറയുന്നു; ഇത്തിരുവടി – അഗ്നി. ഉയർത്തുക – ഇമ്പപ്പെടുത്തിയാലും ധനങ്ങൾ – ഗോക്കൾ മുതലായവ.
6. മരുത്ത്വാൻ = ഇന്ദ്രൻ. മഘവാവേ ഇത്യാദി പ്രത്യക്ഷോക്തി;
7. ഋഷി, തന്നോടുതന്നെ പറയുന്നു; ശംസിയ്ക്കുക – ശസ്ത്രങ്ങൾ ചൊല്ലുക. സ്തുതിയ്ക്കുക – സാമങ്ങൾ പാടുക.
9. ഉക്ഥവാന്മാർ – ശസ്ത്രസ്തോത്രം ചൊല്ലുന്നവർ. ബ്രഹ്മദ്വേഷികൾ = മന്ത്രദ്വേഷികൾ. സൂര്യങ്കൽനിന്നകറ്റുക – ഇരുട്ടിലടയ്ക്കുക.
10. രക്ഷസ്സുകളെ വരുത്തുക – ക്രിയകൾ പിഴച്ചു ചെയ്യുക; ക്രിയ പിഴച്ചാൽ രാക്ഷസർ വന്നുകേറും. ഭോഗങ്ങൾ – കഴിച്ചിലിന്നുള്ള വകകൾ.
11. അന്തരാത്മാവിനോടു പറയുന്നു: മനോഗുണത്തിന്നായി – ഈശ്വരാരാധനത്താലാണല്ലോ, മനോഗുണം ലഭിയ്ക്കുക.
12. സുകർമ്മാക്കൾ – ഋഭുക്കൾ. സരസ്വതി – സരസ്വതി എന്ന നദി; അല്ലെങ്കിൽ വാഗ്ദേവി. രാക – രാകാദേവി.
13. സുരക്ഷകൻ – ഇന്ദ്രൻ. മകൾ – ഭൂമി. സേക്താവ് – വർഷകൻ,
14. ഇളസ്തുതി – പർജ്ജന്യൻ.
15. മനസ്സിനോടു പറയുന്നു: മരുദ്ബലം – മരുത്സംഘം. വിളിയ്ക്കുന്നു – പ്രേരിപ്പിയ്ക്കുന്നു എന്നർത്ഥം. പൃഷദശ്വർ = മരുത്തുക്കൾ.
17. സ്വാസ്ഥ്യം – ഉപദ്രവമില്ലായ്മ.

18. അമൃതരേ എന്നു തുടങ്ങിയ വാക്യം പ്രത്യക്ഷകഥനം.

## സൂക്തം 43.

അത്രി ഋഷി; ത്രിഷ്ടുപ്പും ഏകപദാവിരാട്ടും ഛന്ദസ്സുകൾ; വിശ്വേദേവകൾ ദേവത.

മധുരജലത്തോടുകൂടി പായുന്ന സപ്തനദികൾ ഉപദ്രവമുണ്ടാക്കാതെ നമ്മുടെ അടുക്കൽ വന്നണയട്ടെ: ആ സുഖകാരിണികളായ മഹതികളെ സ്തോതാവു വലിയ ധനത്തിന്നായി വിശേഷാൽ പ്രീതിപ്പെടുത്തിക്കൊണ്ടു വിളിയ്ക്കുന്നു. (1)

ദയാശീലകളായ ദ്യാവാപൃഥിവികളെ ഞാൻ അന്നത്തിന്നായി നല്ല സ്തുതികൊണ്ടും ഹവിസ്സുകൊണ്ടും ഇങ്ങോട്ടു വരുത്താം: മധുരവാണികളും മഞ്ജുപാണികളുമായ ആ പുകഴ്ന്ന അച്ഛനമ്മമാർ യുദ്ധത്തിൽ യുദ്ധത്തിൽ നമ്മെ രക്ഷിയ്ക്കട്ടെ! (2)

അധ്വര്യുക്കളേ, മധുരദ്രവ്യങ്ങളുണ്ടാക്കുന്ന നിങ്ങൾ വായുവിന്നു മനോജ്ഞമായ തെളിനീർ ഒരുക്കുവിൻ: ദേവ, അവിടുന്നു ഞങ്ങൾക്കുവേണ്ടി, ഇതു ഹോതാവെന്നപോലെ മുമ്പേ പാനംചെയ്താലും; ഞങ്ങൾ അങ്ങയുടെ മത്തിന്നായി മധു സമർപ്പിയ്ക്കാം. (3)

പത്തുവിരലുകളും, നല്ലവണ്ണം ചതച്ച സോമം പിഴിയുന്ന ഇരുകൈകളും അമ്മിക്കുഴയെ ഉപയോഗിയ്ക്കുന്നു: ശോഭനഹസ്തൻ മലയിൽ നിന്നിരുന്ന മധുവിന്റെ നീർ ആഹ്ലാദിപ്പിച്ചുകൊണ്ടു കറക്കുന്നു; ലത തെളിനീർ ചുരത്തുന്നു! (4)

ഇന്ദ്ര, വേലയ്ക്കും കെല്പിന്നും വലിയ മത്തിന്നുമായി അങ്ങയ്ക്കു സേവിപ്പാൻ സോമം പിഴിഞ്ഞുകഴിഞ്ഞു: വിളിയ്ക്കപ്പെടുന്ന ഭവാൻ അരുമക്കുതിരകൾ രണ്ടിനെയും പള്ളിത്തേരിന്നുമുമ്പിൽ കെട്ടി, ഇങ്ങോട്ടു തെളിച്ചാലും! (5)

അഗ്നേ, മഹതിയും നീളെ വിളയാടുന്നവളും, സ്തോത്രത്തോടേ ഹവിസ്സു നല്കപ്പെടുന്നവളും, തടിച്ചവളും, യാഗജ്ഞയുമായ ഗ്നാദേവിയെ; തുല്യപ്രീതി പൂണ്ട ഭവാൻ മധുമദത്തിന്നായി, ദേവന്മാരുടെ വഴികളിലൂടേ ഞങ്ങളുടെ അടുക്കൽ കൊണ്ടുവന്നാലും! (6)

ഇപ്പോൾ മേധാവികൾ യാതൊന്നിനെ മുഴപ്പിച്ച്, ഒരു തടിച്ച പശുവിനെയെന്നപോലെ തിയ്യിൽ പഴുപ്പിച്ചു 'മയക്കു'ന്നുവോ; ആ മൺകലം, അച്ഛന്റെ മടിയിൽ ഒരോമനമകൻപോലെ, യജ്ഞാർത്ഥം അഗ്നിയിൽ ഇരിയ്ക്കുന്നു. (7)

മഹനീയവും മഹത്തും സുഖകരവുമായ സ്തോത്രം, അശ്വികളെ ഇങ്ങോട്ടു വിളിപ്പാൻ, ഒരു ദൂതൻപോലെ പോകട്ടെ: സുഖപ്രദരേ, നിങ്ങളിരുവരും ഒരേതേരിൽ ഇങ്ങോട്ടു പോന്നു, കെല്പുറ്റ ചക്രകൂടത്തോട് ആണിയെന്നപോലെ. നിധിയോടു ചേർന്നാലും! (8)

വെമ്പൽക്കൊള്ളുന്ന ബലിഷ്ഠനായ പൂഷാവിന്നും വായുവിന്നും ഞാൻ നമോവാകം അർപ്പിയ്ക്കുന്നു. ധനത്തെയും ബുദ്ധിയെയും അന്നത്തെയും പ്രേരിപ്പിയ്ക്കുന്ന ഇവർ സ്വയം സമ്പത്തു തന്നരുളട്ടെ! (9)

ജാതവേദസ്സേ, വിളിയ്ക്കപ്പെടുന്ന ഭവാൻ ദേവന്മാരെയെല്ലാം നാമരൂപങ്ങളോടേ കൊണ്ടുവരുന്നു. മരുത്തുക്കളേ, നിങ്ങളെല്ലാവരും സ്തോതാവിന്റെ സുഫലമായ സ്തുതിയെയും യജ്ഞത്തെയും ലക്ഷീകരിച്ച്, എല്ലാവരും രക്ഷകളോടെ വന്നുചേരുവിൻ! (10)

യജനീയയായ സരസ്വതി ദ്യോവിൽനിന്നോ വിശാലമായ അന്തരിക്ഷത്തിൽനിന്നോ നമ്മുടെ യാഗത്തിൽ വന്നെത്തട്ടെ; ആ ഉദകവതിയായ ദേവി നമ്മുടെ വിളി സ്വീകരിച്ചു, സുഖകരമായ സ്തുതികൗതുകം ശ്രവിയ്ക്കട്ടെ! (11)

വിധാതാവായി നീലപൃഷ്ഠനായി മഹാനായിരിയ്ക്കുന്ന ബൃഹസ്പതിയെ നിങ്ങൾ യാഗശാലയിലിരുത്തുവിൻ: സ്വസ്ഥാനസ്ഥനും യജ്ഞഗൃഹത്തിലെങ്ങും വിളങ്ങുന്നവനും സ്വർണ്ണവർണ്ണനുമായ ആ തേജസ്വിയെ നമുക്കു പരിചരിയ്ക്കാം. (12)

ഊന്നായി വിപുലതേജസ്സോടേ വിളയാടുന്ന വൃഷഭൻ – ജ്വാലകളും ഓഷധികളും ഉടുത്തവൻ, ബാധയേശാത്തവൻ; ത്രിവർണ്ണശൃംഗൻ, അന്നദാതാവ് – വിളിയ്ക്കപ്പെട്ടിട്ട് എല്ലാ രക്ഷകളോടുംകൂടി വന്നെത്തട്ടെ! (13)

മനുഷ്യന്റെ സ്തോതാക്കൾ ജുഹൂവെടുത്ത്, അമ്മയുടെ വിശുദ്ധമായ ഉത്തമസ്ഥാനത്തിരിയ്ക്കുന്ന സുഖകരങ്കൽ ചെല്ലുന്നു; വണങ്ങി ഹവിസ്സു നല്കി, പൊററുപ്പിക്കാൻ, ആളുകൾ ഒരു കുഞ്ഞിനെയെന്നപോലെ തൊട്ടുതലോടുന്നു! (14)

അഗ്നേ, കർമ്മത്താൽ ക്ഷീണിച്ച ദമ്പതിമാർ മഹാനായ അങ്ങയ്ക്കു മഹത്തായ അന്നം ഒരുക്കുന്നു. ഓരോ ദേവനും എനിയ്ക്കു ശോഭനാഹ്വാനായിബ്ഭവിയ്ക്കട്ടെ; അമ്മ ഭൂമി നമ്മെ ദുർവിചാരത്തിൽ നിർത്താതിരിയ്ക്കട്ടെ! (15)

ദേവന്മാരേ, ഞങ്ങൾക്കു വലിയ സ്വാസ്ഥ്യം കിട്ടുമാറാകണം! (16)

ഞങ്ങൾ അശ്വികളുടെ നൂതനവും സുഖകരവും നന്മഴണ്ടാക്കുന്നതുമായ രക്ഷയോടു ചേരുമാറാകണം: അമൃതരേ, നിങ്ങളിരുവരും ഞങ്ങൾക്കു ധനത്തെയും വീരന്മാരെയും സർവസൌഭാഗ്യങ്ങളെയും കൊണ്ടുവന്നാലും! (17)

## കുറിപ്പുകൾ: സൂക്തം 43.

2. ദയാശീലകളായ – ഉപദ്രവമൊന്നും ചെയ്യാത്ത. അച്ഛനമ്മമാർ – ദ്യാവാപൃഥിവികൾ.
3. തെളിനീർ – സ്വച്ഛമായ സോമരസം. അനന്തരവാക്യം പ്രത്യക്ഷം: മധു – മധുരസോമം.
4. ശോഭനഹസ്തൻ – അധ്വര്യു, മധു – സോമലത; ഇതിനെ പയ്യാക്കിക്കല്പിച്ചിരിയ്ക്കുന്നു.
5. വിളിയ്ക്കപ്പെടുന്ന – ഞങ്ങളാൽ.
6. ഗ്നാ – ദേവിയുടെ പേർ.
7. ‘മയക്കു’ക – ഉപയോഗയോഗ്യമാക്കുക; പഴക്കുക.
8. രണ്ടാമത്തെ വാക്യം അശ്വികളോടു നേരിട്ടു പറയുന്നതാണ്: നിധി – നിങ്ങൾക്കായി വെയ്ക്കപ്പെട്ട സോമം. ആണിയില്ലാത്ത ചക്രംകൂടം തേരിനെ നടത്തില്ലല്ലോ; അതുപോലെ, നിങ്ങൾ സംബന്ധിയ്ക്കാത്ത സോമം യാഗത്തെ നിർവഹിയ്ക്കില്ല!
10. നാമരൂപങ്ങൾ – ഇന്ദ്രൻ വരുണൻ ഇത്യാദിനാമങ്ങളും, വജ്രപാണി പാശഹസ്തൻ ഇത്യാദി രൂപങ്ങളും. എല്ലാവരും എന്ന ആവൃത്തി ആദരാധിക്യം ദ്യോതിപ്പിയ്ക്കുന്നു.
11. ഉദകവതി = ജലാന്വിത.
12. ഋത്വിക്കുകളോട്; നീലപൃഷ്ഠൻ – പൃഷ്ഠം കറുത്തവൻ. നീലപൃഷ്ഠത്വം, (പുകകൊണ്ടു പുറത്തു കറുപ്പ്) സ്വർണ്ണവർണ്ണത്വം മുതലായത്; അഗ്നിതന്നെയാണ്. ബൃഹസ്പതി എന്നു സൂചിപ്പിയ്ക്കുന്നു.
13. ഇതും അടുത്ത രണ്ട്ടക്കുകളും അഗ്നിപരങ്ങളാകുന്നു: ഊന്ന് – എല്ലാറ്റിനെയും താങ്ങുന്നവൻ. വൃഷഭൻ – വർഷകൻ. ത്രിവർണ്ണശൃംഗൻ – ഉയർന്ന കൃഷ്ണശുക്ലരക്തജ്വാലകളുള്ളവൻ.
14. അമ്മ – ഭൂമി. ഉത്തമസ്ഥാനത്ത് – ഉത്തരവേദിമേൽ, സുഖകരൻ – അഗ്നി. ആളുകൾ – സാധാരണർ.
15. ദമ്പതിമാർ-പത്നിയോടുകൂടിയാണ്, യാഗകർമ്മം.

## സൂക്തം 44.

കശ്യപഗോത്രൻ അവത്സാരൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; വിശ്വേദേവകൾ ദേവത.

ശ്രേഷ്ഠൻ, ദർഭയിലിരിയ്ക്കുന്നവൻ, ഇങ്ങോട്ടു വരുന്നവൻ, ബലവാൻ, ശീഘ്രഗാമി, ജയശീലൻ – ഇങ്ങനെയുള്ള തന്തിരുവടിയെ പണ്ടുള്ളവർപോലെ, മുമ്പുള്ളവർപോലെ, ഇന്നുള്ളവർപോലെ, എല്ലാവരുംപോലെ. നീയും വളർത്തുന്ന സ്തോത്രംകൊണ്ടു കറന്നുകൊള്ളുക! (1)

വിണ്ണിൽ വിളങ്ങുന്ന ഭവാൻ, വിട്ടുകൊടുക്കാത്ത മേഘത്തിന്റെ തെളിതണ്ണീരുകളെ പൊററുതിയ്ക്കായി ദിക്കുകളിലെത്തിച്ചാലും: സുകർമ്മാവേ, സംരക്ഷിയ്ക്കുന്നവനാണ്, ഭവാൻ; സംഹരിയ്ക്കുന്നവനല്ല. മായകൾക്കപ്പുറത്താകയാൽ, അങ്ങയുടെ തിരുനാമം സത്യലോകത്തിൽ വർത്തിയ്ക്കുന്നു! (2)

ഗതിയ്ക്കു തടവില്ലാത്ത, ദർഭയിലെയ്ക്കു നീങ്ങുന്ന, ബലവാനായ, വൃഷാവായ, ശിശുവും യുവാവുമായ, നിർജ്ജരനായ, ഓഷധികളിൽ മേവുന്ന ആ ഹോതാവു ഗമനശീലവും നല്ലതും നിലനിർത്തുന്നതുമായ ഹവിസ്സിനെ കൈക്കൊള്ളുന്നു. (3)

എവ ഒത്തൊരുമിച്ചു യാത്രയ്ക്കൊരുങ്ങി, കീഴ്പോട്ടിറങ്ങി യജമാനങ്കലെത്തി യജ്ഞത്തെ വർദ്ധിപ്പിയ്ക്കുന്നുവോ; ആ ശുഭഗമനങ്ങളും സർവശാസകങ്ങളുമായ രശ്മികൾകൊണ്ട് ഈ കർത്താവു നിമ്നസ്ഥലങ്ങളിലെ വെള്ളം കവർന്നെടുക്കുന്നു! (4)

ശോഭനസ്തവ, ശോഭനഗമനനായ നിന്തിരുവടി മരികകളിൽ പിഴിഞ്ഞരിച്ച സോമവും മനോഹരസ്തുതികളും സ്വീകരിച്ചുകൊണ്ടു യജ്ഞപ്രവർത്തകരുടെ ഇടയിൽ പരിശോഭിയ്ക്കുന്നു; യാഗത്തിന്റെ ജീവനായ ഭവാൻ പതികളെ തഴപ്പിച്ചാലും! (5)

കണ്ടതിൻവണ്ണം പറകയാണ്: യാവചിലർ ശേഷിയുററ ശോഭയോടേ വെള്ളത്തിൽ മേവുന്നുവോ, അവർ നമുക്കു മാന്യമായ ധനവും മഹത്തായ വേഗവും വളരെ സൽപുത്രരെയും ഇടിയാത്ത ബലവും തരട്ടെ! (6)

അഗ്രഗാമിയും ജായാസഹിതനും കവിയുമായ സൂര്യൻ പൊരുതാൻ വേണ്ടി യുദ്ധങ്ങളിൽ ചെല്ലുന്നു. അന്തരിക്ഷത്തെയെങ്ങും രക്ഷിയ്ക്കുന്ന ആ തേജസ്വിയെ നാം പരിചരിയ്ക്കുക: അവിടുന്നു സ്വന്തം ധനത്താൽ നമുക്കു സുഖം നല്കും! (7)

ഏററവും വളർന്ന, ഗമനശീലനായ, കർമ്മവാനായ, ഋഷിസ്തുത്യനായ ഈ നിന്തിരുവടിയെ (യജമാനൻ) തിരുനാമം കീർത്തിച്ചുകൊണ്ടു ഭജിക്കുന്നു; അഭീഷ്ടം യാതൊന്നോ, അതു കർമ്മംകൊണ്ടു നേടുകയും ചെയ്യുന്നു: സ്വയം അനുഷ്ഠിച്ചാൽ കൂടുതൽ ചെയ്യലായി! (8)

ഉത്തമസ്തുതികൾ, അവയുടെ സമുദ്രത്തിൽ ചെന്നെത്തും. നീണ്ട സ്തുതിയോടുകൂടിയ യജ്ഞഗൃഹത്തിന്ന് ഉടവു വരില്ല. പരിശുദ്ധനെക്കുറിച്ചുള്ള മനനം എവിടെയുണ്ടോ, അവിടെ സ്തോതാവിന്റെ മനോഗതം വൃഥാവിലാകില്ല! (9)

തന്തിരുവടിയുണ്ടല്ലോ: ക്ഷത്രൻ, മനസൻ, ഏവാവദൻ, യജതൻ, സധ്രി, അവത്സാരൻ എന്നിവരുടെ രമ്യഭാവനകൾകൊണ്ടു നാം പണ്ഡിതന്നു പകുത്തെടുക്കാവുന്ന ബലവത്തരമായ അന്നം നിറയ്ക്കുക! (10)

വിശ്വവാരൻ, യജതൻ, മായി എന്നിവരുടെ വെള്ളത്തിന്റെ മത്തു പരുന്തുപോലെ പറന്നെത്തും; കുറഞ്ഞുപോകില്ല; ഇടം നിറയ്ക്കും. അവർ എടുക്കാൻ പരസ്പരം യാചിയ്ക്കും: അവർക്കടുത്തറിയാം, തലയ്ക്കു പിടിയ്ക്കുന്നതു കുടിയ്ക്കാൻ! (11)

സദാപൃണൻ, യജതൻ, ബാഹ്വൃക്തൻ. ശ്രുതവിത്ത്, തര്യൻ എന്നിവർ നിങ്ങളോടൊന്നിച്ചു വിദ്വേഷികളെ വധിയ്ക്കും: അവർ നല്ല സ്തോത്രങ്ങൾകൊണ്ട് ഈ ദേവഗണത്തെ സേവിച്ചതിനാൽ ശ്രേഷ്ഠമായ രണ്ടും നേടി, പരിശോഭിയ്ക്കുന്നു! (12)

യജമാനന്നു നല്ല ഫലം നിലനിർത്തുന്നവനാണ്, സുതംഭരൻ: അദ്ദേഹം എല്ലാക്കർമ്മങ്ങളുടെയും ഉൽകൃഷ്ടഫലം ഉയർത്തും. പയ്യു രസവത്തായ പാൽ കൊണ്ടുവന്നു; കൊണ്ടുവരികയുംചെയ്യും. അതൊക്കെ വർണ്ണിച്ച്, ഉറങ്ങാതെ ഉരുവിടുകയാണ്, അവത്സാരൻ! (13)

ഋക്കുകൾ ആ ഉണർവുറ്റവനെ കാമിയ്ക്കുന്നു; സാമങ്ങൾ ആ ഉണർവുറ്റവങ്കൽ ചെല്ലുന്നു. സോമം ആ ഉണർവുറ്റവനോടപേക്ഷിയ്ക്കുന്നു. അങ്ങയുടെ സഖ്യത്തിൽ ഒരു സ്ഥാനം എനിയ്ക്കു കിട്ടട്ടെ: (14)

ഋക്കുകൾ, ഉണർവുറ്റ അഗ്നിയെ കാമിയ്ക്കുന്നു; സാമങ്ങൾ ഉണർവുറ്റ അഗ്നിയിങ്കൽ ചെല്ലുന്നു. സോമം ഉണർവുറ്റ അഗ്നിയോടപേക്ഷിയ്ക്കുന്നു. അങ്ങയുടെ സഖ്യത്തിൽ ഒരു സ്ഥാനം എനിയ്ക്കുകിട്ടട്ടെ! (15)

## കുറിപ്പുകൾ: സൂക്തം 44.

1. അന്തരാത്മാവിനോട് പറയുന്നു: തന്തിരുവടി – ഇന്ദ്രൻ. കറന്നുകൊള്ളുക – അഭീഷ്ടങ്ങൾ നേടിക്കൊൾക.
2. പൊറുതിയ്ക്കായി – പ്രാണികൾക്കു ജീവിപ്പാൻ.
3. ശിശു – രക്ഷണീയൻ, കെടാതെ സൂക്ഷിയ്ക്കപ്പെടേണ്ടവൻ.
4. സൂര്യനെക്കുറിച്ച്: സർവശാസകങ്ങൾ – എല്ലാറ്റിനെയും നിയന്ത്രിയ്ക്കുന്നവ. ഈ കർത്താവ് – സൂര്യൻ.
5. പത്നികൾ – ഓഷധികൾ.
6. വിശ്വേദേവകളെപ്പറ്റി: കണ്ടതിൻവണ്ണം പറകയാണ്-പരവചനപ്രത്യയത്താൽ സ്തുതിയ്ക്കുകയല്ല. അവർ – വിശ്വേദേവകൾ.
7. ജായാസഹിതൻ – ഉഷസ്സു സൂര്യന്റെ ഭാര്യയത്രേ.
8. സ്വയം അനുഷ്ഠിച്ചാൽ കൂടുതൽ ചെയ്യലായി – അന്യനെക്കൊണ്ടു ചെയ്യിച്ചാൽ ഫലം കിട്ടില്ല. ഈ ഋക്കിന്റെ ദേവത, അഗ്നിയോ സൂര്യനോ ആകുന്നു.
9. സൂര്യനെപ്പറ്റി: നദികൾ സമുദ്രത്തിലെന്നപോലെ, ഉത്തമസ്തുതികൾ സൂര്യങ്കൽ ചെന്നെത്തും. ഉടവു വരില്ല അഭിവൃദ്ധിയേ വരൂ. പരിശുദ്ധൻ – സൂര്യൻ. മനനം = നിനവ്, സ്തുതി.
10. സൂര്യപരംതന്നെ: ക്ഷത്രാദികൾ ഋഷിമാർതന്നെ. ഇവരുടെ ഭാവനകൾ (സ്തുതികൾ) സൂര്യനെ പ്രസാദിപ്പിയ്ക്കും; സൂര്യൻ നമുക്കു ദാനത്തിന്നും പര്യാപ്തമായ അന്നം ധാരാളം നല്കുമെന്നു സാരം.
11. വിശ്വവാരൻ, യജതൻ, മായി എന്നിവരും ഋഷിമാർതന്നെ. വെള്ളം – സോമനീർ. പറന്നെത്തും – കുടിച്ചവങ്കൽ. ഇടം – ചെന്നെത്തിയ വശം. യാചിയ്ക്കും – ഞാനെടുക്കട്ടെയോ, ഞാനെടുക്കട്ടെയോ എന്നു പരസ്പരം അനുജ്ഞ ചോദിയ്ക്കും. മദമാണ്, ഈ ഋക്കിന്റെ ദേവത.
12. സദാപൃണാദികളും ഋഷിമാരാകുന്നു. രണ്ടും – ഐഹികവും ആമുഷ്മികവുമായ അഭിലാഷങ്ങൾ. ഋത്വിക്കുകളോടു പറയുന്നതാണിത്.
13. സുതംഭരന്റെ പ്രഭാവത്താൽ കറവപ്പയ്യു സ്വയം വന്നുനില്ക്കും. അവത്സാരൻ – ഞാൻ.

14. അഗ്നിയെപ്പറി; അപേക്ഷിയ്ക്കുന്നു – 'എന്നെ സ്വീകരിയ്ക്കണമേ' എന്ന്.

## സൂക്തം 45.

അത്രിഗോത്രൻ സദാപൃണൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിശ്വേദേവകൾ ദേവത.

സ്തുതിയ്ക്കപ്പെട്ട സമുജ്ജ്വലൻ അറിഞ്ഞു, വജ്രം ആഞ്ഞുചാട്ടി; വരാൻതുടങ്ങിയ ഉഷസ്സിന്റെ കതിരുകൾ പ്രസരിച്ചു. സൂര്യദേവൻ രാത്രിയെ അകറ്റി ഉദിച്ചു; മനുഷ്യരുടെ വാതിലുകൾ തുറന്നു. (1)

സൂര്യൻ ശോഭയെ, രൂപത്തെയെന്നപോലെ വെളിപ്പെടുത്തി; അറിഞ്ഞു, രശ്മികളുടെ അമ്മയും അന്തരിക്ഷത്തിൽനിന്നു വന്നെത്തി. വെള്ളമൊഴുകുന്ന നദികൾ തീരങ്ങളെ കടിച്ചുതിന്നുകയായി. ആകാശം, ശരിയ്ക്കു നാട്ടിയ തൂണുപോലെ ഉറപ്പിൽ നിന്നു. (2)

വലിയവയെ നിർമ്മിച്ച ഈ പഴയ സ്തോതാവിന്നായി മേഘങ്ങളുടെ കുഞ്ഞ് ഇളകി – മേഘം ഇളകി; ആകാശം നിറവേറി. പരിചരിയ്ക്കുന്നവർ ദേഹം തുലോം മെലിയിച്ചു. (3)

ഇന്ദ്ര, അഗ്നേ, നിങ്ങളെ ഞാൻ രക്ഷയ്ക്കായി, ഗുണപ്രകാശകങ്ങളായ, ദേവയോഗ്യങ്ങളായ സൂക്തങ്ങൾകൊണ്ടു വിളിയ്ക്കുന്നു; പരിചരിയ്ക്കുന്ന വായുതുല്യരും സുയജ്ഞരുമായ കവികൾ സ്തോത്രം ചൊല്ലി പൂജിയ്ക്കുന്നു. (4)

ഇന്നു വെക്കം വരുവിൻ: ഞങ്ങൾ ശോഭാകർമ്മാക്കളായിത്തീരട്ടെ! വിദ്വേഷികളെ തീരെ നശിപ്പിയ്ക്കട്ടെ – അടുക്കുന്ന ദ്രോഹികളെ അകലത്തു നിർത്തട്ടെ! പണ്ടേത്തെ യജമാനന്മാരിൽ ചെല്ലട്ടെ! (5)

സഖാക്കളേ, വരുവിൻ: യാതൊരമ്മ ഗോഗണത്തെ പുറത്തിറക്കിയോ, യാതൊന്നുകൊണ്ടു മനു അണക്കട മുറിയ്ക്കപ്പെട്ടവനെ ജയിച്ചുവോ, യാതൊന്നുകൊണ്ടു വണിക്കായ വങ്കു വെള്ളം സമ്പാദിച്ചുവോ, ആ സ്തുതി നാം ചൊല്ലുക! (6)

യാതൊന്നുകൊണ്ടു ദശഗ്വരും നവഗ്വരും പൂജിച്ചുവോ, ആ അമ്മിക്കുഴ ഇവിടെ കൈകൊണ്ടുപയോഗിയ്ക്കപ്പെട്ടിട്ട്, ഒച്ച പുറപ്പെടുവിച്ചു. സത്യമറിഞ്ഞ സരമ ഗോക്കളെ കണ്ടെത്തി. അംഗിരസ്സ് സർവവും സത്യമാക്കി! (7)

ആ ഉഷസ്സു പുലർന്നതോടേ, അംഗിരസ്സുകളെല്ലാം ഗോക്കളിൽ ചെന്നെത്തി: അവ കുടിനിന്നിരുന്ന സ്ഥലത്ത് ഒരുറവിടം ഉണ്ടായിരുന്നു; ആ ജലമാർഗ്ഗത്തിലൂടെയത്രേ, സരമ ഗോക്കളെ കണ്ടുപിടിച്ചത്. (8)

സപ്താശ്വനായ സൂര്യൻ വന്നണയട്ടെ: അതിവിശാലമാണല്ലോ, തന്റെ ദീർഘയാത്രാപ്രദേശം. ഒരു പരുന്തുപോലെ ഹവിസ്സിന്നായി പറന്നെത്തുന്ന ആ യുവാവായ കവി രശ്മികളിൽച്ചേർന്നു വിളങ്ങുന്നു! (9)

സൂര്യൻ തിളങ്ങുന്ന വെള്ളത്തിലെയ്ക്കു കേറി: അഴകൊത്തമുതുകുള്ള കുതിരകളെ പൂട്ടിയ അദ്ദേഹത്തെ ധീമാന്മാർ, ഒരു തോണിയെ എന്നപോലെ വെള്ളത്തിലൂടേ കൊണ്ടുപോന്നു. അതനുവദിച്ചു ജലങ്ങൾ കുനിഞ്ഞുനിന്നു. (10)

ഞാൻ ജലത്തിന്നുവേണ്ടി, നിങ്ങളെക്കുറിച്ചു സർവപ്രദമായ സ്തോത്രം ചൊല്ലുന്നു: നവഗ്വർ പത്തുമാസം കഴിച്ചതു യാതൊന്നിനാലോ, ആ സ്തോത്രംകൊണ്ടു ഞങ്ങൾ ദേവരക്ഷിതരായിത്തീരട്ടെ! ആ സ്തോത്രംകൊണ്ടു ഞങ്ങൾ പാപം കടക്കട്ടെ! (11)

## കുറിപ്പുകൾ: സൂക്തം 45.

1. സ്തുതിയ്ക്കപ്പെട്ട – അംഗിരസ്സുകളാൽ. സമുജ്ജ്വലൻ – ഇന്ദ്രൻ. അറിഞ്ഞ് – അസുരന്മാർ ഗോക്കളെ ഒളിപ്പിച്ച സ്ഥലം.
2. അറിഞ്ഞ് – സൂര്യൻ ഉദിയ്ക്കുകയായി എന്ന്. രശ്മികളുടെ അമ്മ – ഉഷസ്സ്. കടിച്ചുതിന്നുകയായി – പ്രവാഹവേഗംകൊണ്ട് ഉടച്ചു.
3. വലിയവ – മഹാസ്തോത്രങ്ങൾ. ഈ പഴയ സ്തോതാവ് – ഞാൻ മേഘങ്ങളുടെ കുഞ്ഞ് – ജലം. നിറവേറ്റി – വൃഷ്ടി കർമ്മത്തെ. പരിചരിയ്ക്കുന്നവർ – അംഗിരസ്സുകൾ. മെലിയിച്ചു – വ്രതാദികൾകൊണ്ട്.
4. വായുതുല്യർ – കർമ്മങ്ങളിൽ വേഗമിയന്നവർ. കവികൾ – ഷഡംഗ സഹിതവേദജ്ഞർ.
5. അംഗിരസ്സുകൾ വിളിയ്ക്കുന്നു:
6. ഇതും അംഗിരോവാക്യമാണ്: അമ്മ – സ്തുതി, മനു – മനനശീലനായ ഇന്ദ്രൻ. അണക്കട മുറിയ്ക്കപ്പെട്ടവൻ – വൃതൻ, വണിക്ക് – അല്പകർമ്മത്താൽ അനല്പഫലമിച്ഛിയ്ക്കുന്നവൻ എന്നർത്ഥം. വങ്കു – കക്ഷീവാൻ.
7. പൂജിച്ചുവോ – സോമം ചതച്ചു പിഴിഞ്ഞ്, ഇന്ദ്രനെ ആരാധിച്ചുവോ. ഇവിടെ – യജ്ഞത്തിൽ.
10. കുനിഞ്ഞുനിന്നു – താഴത്തെയ്ക്കു വലിഞ്ഞു എന്നു സാരം.
11. ദേവന്മാരോട്: കഴിച്ചുവോ – സത്രമനുഷ്ഠിച്ചുകൊണ്ട്.

## സൂക്തം 46.

പ്രതിക്ഷത്രൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ. വിശ്വേദേവകളും ദേവപത്നിമാരും ദേവത.

ഒരു കുതിരപോലെ, ഭാരത്തിനു സ്വയം പൂട്ടപ്പെട്ട വിദ്വാനായ ഞാൻ കടത്തിവിടുന്നതും കാത്തുരക്ഷിയ്ക്കുന്നതുമായ അതിനെ വഹിച്ചുകൊള്ളുന്നു! അതു വിടാനും, വീണ്ടും ധരിപ്പാനും ഞാൻ ഇച്ഛിയ്ക്കുന്നില്ല; മാർഗ്ഗജ്ഞൻ മുമ്പേ നടന്നു നേർവഴിയിലെത്തിച്ചുകൊള്ളും! (1)

അഗ്നേ, ഇന്ദ്ര, വരുണ, മിത്ര, മരുത്തുക്കളേ, വിഷ്ണോ, ദേവന്മാരേ, നിങ്ങൾ ബലം കിട്ടിച്ചാലും! അശ്വികളിരുവരും, രുദ്രനും, അവരുടെ സ്ത്രീകളും, പൂഷാവും, ഭഗനും, സരസ്വതിയും സ്വീകരിച്ചരുളട്ടെ! (2)

ഇന്ദ്രൻ, അഗ്നി, മിത്രൻ, വരുണൻ, അദിതി, ആദിത്യൻ, പൃഥിവി, ദ്യോവ് , മരുത്തുക്കൾ, മേഘങ്ങൾ, ജലങ്ങൾ, വിഷ്ണു, പൂഷാവ്, ബ്രഹ്മണസ്പതി, ഭഗൻ, ശീഘ്രം സ്തുത്യനായ സവിതാവ് എന്നിവരെ ഞാൻ രക്ഷയ്ക്കായി വിളിയ്ക്കുന്നു. (3)

വിഷ്ണുവും അദ്രോഹിയായ വായുവും ദ്രവിണോദസ്സും സോമനും നമുക്കു സുഖം തരട്ടെ! ഋഭുക്കളും വിഭ്വാവും അശ്വികളും ത്വഷ്ടാവും നമുക്കു ധനമനുവദിയ്ക്കട്ടെ! (4)

അത്രതന്നെയല്ല, സ്വർഗ്ഗത്തിൽ വസിയ്ക്കുന്ന ആ യജനീയമായ മരുത്സംഘം നമ്മുടെ ദർഭയിലിരിയ്ക്കാൻ വന്നുചേരട്ടെ! ബൃഹസ്പതിയും പൂഷാവും വരുണനും മിത്രനും അര്യമാവും നമുക്കു ഗൃഹസുഖം തന്നരുളട്ടെ! (5)

പോരാ, ആ പർവതങ്ങളും, ശോഭനസ്തവകളായി ശോഭനദാനകളായിരിയ്ക്കുന്ന നദികളും നമ്മെ രക്ഷിക്കട്ടെ! ധനം പകുത്തുകൊടുക്കുന്ന ഭഗൻ അന്നവും രക്ഷയുമായി വന്നെത്തട്ടെ! വ്യാപ്തിയേറിയ അദിതി എന്റെ വിളി കേൾക്കട്ടെ! (6)

ദേവന്മാരുടെ പത്നിമാർ താൽപര്യത്തോടേ നമ്മെ രക്ഷിയ്ക്കട്ടെ – പുത്രനെയും അന്നവും തന്നു തുലോം രക്ഷിയ്ക്കട്ടെ! ഭൂമിയിലും അന്തരിക്ഷത്തിലുമുള്ള ശോഭനാഹ്വാനകളായ ദേവിമാരേ, നിങ്ങൾ ഞങ്ങൾക്കു സുഖം തരുവിൻ! (7)

ശോഭമാനയായ ഇന്ദ്രാണി, അഗ്നായി, അശ്വിനി എന്നീ ദേവപത്നിമാരായ സ്ത്രീകൾ ഭക്ഷിയ്ക്കട്ടെ! രോദസിയും വരുണാനിയും ശ്രവിയ്ക്കട്ടെ! ദേവിമാർ, ദേവപത്നിമാരുടെ ഋതു എന്നിവരും ഭക്ഷിയ്ക്കട്ടെ! (8)

### കുറിപ്പുകൾ: സൂക്തം 46.

1. ഭാരത്തിനു – യജ്ഞത്തിന്റെ ഭാരം വഹിപ്പാൻ. അത് – ഭാരം. മാർഗ്ഗജ്ഞൻ – അന്തര്യാമിയായ ദേവൻ. (7)
2. സ്വീകരിച്ചരുളട്ടെ – നമ്മുടെ സ്തോത്രത്തെ.
4. വിഭ്വാവിനെ എടുത്തുപറഞ്ഞതാണ്.
8. അഗ്നായി – അഗ്നിയുടെ പത്നി. ഭക്ഷിയ്ക്കട്ടെ – ഹവിസ്സ്. രോദസി – രുദ്രപത്നി. വരുണാനി – വരുണപത്നി. ശ്രവിയ്ക്കട്ടെ – നമ്മുടെ സ്തുതി. ഋതു – കാലാഭിമാനിദേവൻ.

രണ്ടാമധ്യായം സമാപ്തം.

# ഋഗ്വേദം: നാലാം അഷ്ടകം

## മൂന്നാം അദ്ധ്യായം

### മണ്ഡലം 5 അനുവാകം 4

## സൂക്തം 47.

പ്രതിരഥൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്: വിശ്വേദേവകൾ ദേവത.

പരിചരിയ്ക്കുന്നവൾ, യുവതി, സ്തുതിയ്ക്കപ്പെടുന്നവൾ, സ്തുതിമതി, പാലകരോടൊപ്പം യാഗശാലയിൽ വിളിയ്ക്കപ്പെടുന്നവൾ – ഇങ്ങനെയുള്ള മഹതിയായ മാതാവു മകളെ ഉണർത്തിക്കൊണ്ടും പ്രേരിപ്പിച്ചുകൊണ്ടും വാനത്തുനിന്നു വന്നെത്തുന്നു! (1)

ഗമനശീലങ്ങളും, പകലിനെ പ്രാപിയ്ക്കുന്നവയും, അമൃതമണ്ഡലസ്ഥിതങ്ങളും, അനന്തങ്ങളും, വിശാലങ്ങളുമായ രശ്മികൾ ദ്യാവാപൃഥിവികളിലെങ്ങും ചുഴന്നു വ്യാപിയ്ക്കുന്നു! (2)

നനച്ചും നന്ദിപ്പിച്ചും വിളങ്ങുന്ന ശോഭനഗമനൻ കിഴക്കാകുന്ന അച്ഛന്റെ യോനിയിൽ പ്രവേശിച്ചു. പിന്നീടു ദ്യോവിൻമധ്യത്തിൽ വെയ്ക്കപ്പെട്ട ആ കല്ലുപോലുള്ള കതിരവൻ അന്തരിക്ഷത്തിന്റെ രണ്ടറ്റത്തും ചെന്നു (ലോകത്തെ) രക്ഷിയ്ക്കുന്നു! (3)

തന്തിരുവടിയെ നാലു ക്ഷേമകാംക്ഷികൾ നിലനിർത്തുന്നു; പത്തുപേർ കുഞ്ഞിനെ നടപടിയ്ക്കുയയ്ക്കുന്നു. തന്തിരുവടിയുടെ ത്രിവിധങ്ങളായ മികച്ച കിരണങ്ങൾ ഉടനടി അന്തരിക്ഷത്തിന്റെ അറ്റങ്ങളിലെല്ലാം ചെന്നെത്തുന്നു. (4)

ആളുകളേ, ഈ തിരുവുരു സ്തോതവ്യമാകുന്നു: ഇതിനാലത്രേ നദികൾ ഒഴുകുന്നതും, ജലങ്ങൾ കുടികൊള്ളുന്നതും. ഇതിനെ, ഇവിടെയിവിടെ ജനിച്ചാൽ, അമ്മയല്ലാത്ത ഇരുപേർ – ഒരേ ബന്ധുവോടുകൂട്ടിയ ഇണ – വഹിച്ചുപോരുന്നു! (5)

തന്തിരുവടിയ്ക്കു സ്തുതികളും കർമ്മങ്ങളും വിസ്തരിയ്ക്കപ്പെടുന്നു; മകന്ന് അമ്മമാർ വസ്ത്രം നെയ്യുന്നു. വൃഷാവിന്റെ സമ്പർക്കത്തിൽ ഇമ്പംകൊള്ളുന്ന മങ്കമാർ നഭോമാർഗ്ഗത്തിലൂടേ ഇങ്ങോട്ടു വരുന്നു. (6)

മിത്രാവരുണന്മാരേ, ഇതു പ്രശസ്തമായിബ്ഭവിയ്ക്കട്ടേ; അഗ്നേ, ഇതു ഞങ്ങൾക്കു സുഖത്തിനായിബ്ഭവിയ്ക്കട്ടെ! ഞങ്ങൾക്ക് ഉറച്ച നിലനില്പുണ്ടാകണം! ആശ്രയഭൂതനായ പെരിയ സൂര്യന്നു നമസ്കാരം! (7)

### കുറിപ്പുകൾ: സൂക്തം 47.

1. ഉഷസ്സിനെപ്പറ്റി: പാലകർ – ദേവന്മാർ. മാതാവ് – പ്രകാശത്തിന്റെ അമ്മ, ഉഷസ്സ്. മകൾ – ഭൂമി.
2. അമൃതമണ്ഡലം – സൂര്യമണ്ഡലമോ, അന്തരിക്ഷമോ.
3. സൂര്യനെപ്പറ്റി: നന്ദിപ്പിച്ചും – ദേവന്മാരെ മോദിപ്പിച്ചും. ശോഭനഗമനൻ സൂര്യൻ. യോനി – ഉൽപാദകാവയവം. കല്ലുപോലുള്ള – കെല്പേറിയ.
4. നാലു ക്ഷേമകാംക്ഷികൾ – തങ്ങൾക്കു ക്ഷേമമിച്ഛിയ്ക്കുന്ന നാലൃത്വിക്കുകൾ. നിലനിർത്തുന്നു – ഹവിസ്സുകൊണ്ടും സ്തുതികൊണ്ടും പൂജിയ്ക്കുന്നു. പത്തുപേർ – ദിക്കുകൾ. കുഞ്ഞിനെ – സൂര്യനെ. നടപടി – ഉദയാസ്തമയവ്യവഹാരം. ത്രിവിധങ്ങൾ – ശീതോഷ്ണവർഷജനകങ്ങൾ.
5. ഋത്വിക്കുകളോട്: ഈ തിരുവുരു – ശരീരം, സൂര്യമണ്ഡലം. ഇവിടെയിവിടെ ജനിച്ചാൽ – ഉദിയ്ക്കുന്നേടങ്ങളിൽ. ഇരുപേർ – അഹോരാത്രികൾ.
6. വിസ്തരിയ്ക്കപ്പെടുന്നു – യജമാനരാൽ. മകൻ – സൂര്യൻ. അമ്മമാർ – ദിക്കുകൾ. വസ്ത്രം – തേജസ്സ്. വൃഷാവ് – സൂര്യൻ. മങ്കമാർ – രശ്മികൾ.
7. ഇത് – ഈ സൂക്തം. ആശ്രയഭൂതനായ – ഉലകിന്നെല്ലാം.

## സൂക്തം 48.

ആത്രേയൻ പ്രതിഭാനു ഋഷി; ജഗതി ഛന്ദസ്സ്; വിശ്വേദേവകൾ ദേവത.

തന്റേതായ ബലവും അന്നവുമുള്ള പ്രിയപ്പെട്ട മഹാതേജസ്സിനെ നാം എപ്പോൾ സ്തുതിയ്ക്കും? സേവ്യമാനവും പ്രജ്ഞായുക്തവുമായ ഇതാണല്ലോ, അളക്കാവുന്ന അന്തരിക്ഷത്തിലെ മേഘത്തിന്മേൽ പാഥസ്സുകളെ പരത്തുന്നത്! (1)

അവ ചുമതലക്കാരെ പ്രേരിപ്പിയ്ക്കുന്ന പ്രജ്ഞാനം പരത്തുന്നു; ഒരേമട്ടിലുള്ള വെളിച്ചം ഉലകിലെങ്ങും പരത്തുന്നു. അപ്പോൾ ദേവകാമന്മാർ, മുഖംതിരിച്ചു മറ്റുള്ളവയെ നോക്കാതെ, മുമ്പേത്തവയെക്കൊണ്ടു തഴപ്പിയ്ക്കുന്നു. (2)

പകലിനാൽ സമ്പാദിയ്ക്കപ്പെട്ട രാത്രികളിലെ അമ്മിക്കുഴകൾ കൊണ്ടു തന്തിരുവടി മായാവിയുടെ നേർക്കു വരിഷ്ഠമായ വജ്രം തിളങ്ങിയ്ക്കുന്നു: തന്റെ നൂറു രശ്മികൾ അഹസ്സുകളെ പ്രവർത്തിപ്പിച്ചും, വീണ്ടും കൊണ്ടുവന്നും, സ്വസ്ഥാനത്തു പ്രചരിയ്ക്കുന്നു. (3)

അദ്ദേഹത്തിന്റെ സ്വഭാവം മഴുവിന്റേതുപോലെയാണ്; ആ രൂപവാന്റെ രശ്മിസമൂഹത്തെ ഞാൻ ഭോഗാപ്തിയ്ക്കായി വാഴ്ത്തുന്നു. അവിടുന്നു സഹായമായി വർത്തിച്ച്, യുദ്ധത്തിൽ വിളിയ്ക്കുന്ന മനുഷ്യന്ന് അന്നസമേതമായ പാർപ്പിടവും രത്നവും കല്പിച്ചു കൊടുക്കുമല്ലോ! (4)

നാലിടത്തും ജ്വാലാസേനകളുള്ള ആ വരുണൻ ശത്രുവിനെ നശിപ്പിച്ച്, അഴകൊത്ത ഉടുപ്പിട്ടു മോടികൂട്ടുന്നു. അദ്ദേഹത്തിന്റെ പൌരുഷം നാമറിയുന്നില്ല: ആ ഭഗനായ സവിതാവു ധനം കൊടുത്തു പോരുന്നുണ്ടല്ലോ! (5)

### കുറിപ്പുകൾ: സൂക്തം 48.

1. മഹാതേജസ്സ് – വൈദ്യുതാഗ്നി. ഇത് – മഹാതേജസ്സ്. അളക്കാവുന്ന – ആകാശം അളവറ്റതെങ്കിലും അളക്കപ്പെടുന്നുണ്ടല്ലോ. പാഥസ്സുകൾ = ജലങ്ങൾ.
2. ഉഷസ്സിനെപ്പറ്റി: അവ – ഉഷസ്സുകൾ. മറ്റുള്ളവ – വരാനിരിയ്ക്കുന്ന ഉഷസ്സുകൾ. തഴപ്പിയ്ക്കുന്നു – സ്വബുദ്ധിയെ വർദ്ധിപ്പിയ്ക്കുന്നു. അർത്ഥം ചിന്ത്യം.
3. ഇന്ദ്രനെപ്പറ്റി: അമ്മിക്കുഴകൾകൊണ്ടു – പിഴിഞ്ഞ സോമനീർ കുടിച്ചിട്ട് എന്നർത്ഥം. തന്തിരുവടി – ഇന്ദ്രൻ. മായാവി – വൃത്രൻ. രണ്ടാംവാക്യം ഇന്ദ്രാത്മാവായ സൂര്യനെപ്പറ്റിയാണ്: വീണ്ടും കൊണ്ടുവന്നു – തിരിച്ചുപോയ പകലുകളെ. സ്വസ്ഥാനത്ത് – ആകാശത്ത്.
4. അഗ്നിയെപ്പറ്റി: മഴു ഉടമസ്ഥന്റെ ഉദ്ദേശം നിറവേറ്റുമല്ലോ; അതുപോലെ അഗ്നി യജമാനന്റെ അഭിമതം സാധിപ്പിയ്ക്കുന്നു.
5. വരുണൻ – തമോനിവാരകൻ. ഉടുപ്പ് – തേജസ്സ്. ഭഗൻ = ഭജനീയൻ, സവിതാവ് – പ്രേരകൻ.

## സൂക്തം 49.

ആത്രേയൻ പ്രതിപ്രഭൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിശ്വേദേവകൾ ദേവത.

നിങ്ങൾക്കുവേണ്ടി ഞാനിപ്പോൾ ദേവനായ സവിതാവിനെയും മനുഷ്യന്നു രത്നം പകുത്തുകൊടുക്കുന്ന ഭഗനെയും സമീപിയ്ക്കാം:

വളരെ ഭുജിയ്ക്കുന്ന നേതാക്കളായ അശ്വികളേ, നിങ്ങളെ സഖ്യകാംക്ഷിയായ ഞാൻ നാളിൽ നാളിൽ ഇങ്ങോട്ടു വരുത്തുമാറാകണം! (1)

(ശത്രുക്കളെ) തള്ളിനീക്കുന്ന സവിതൃദേവന്റെ പ്രത്യാഗമനമറിഞ്ഞു നീ സൂക്തങ്ങൾകൊണ്ടു പരിചരിയ്ക്കുക; മനുഷ്യന്നു മുന്തിയ ധനം എത്തിച്ചുകൊടുക്കുന്നവനെ ധ്യാനിച്ചു വണങ്ങി സ്തുതിയ്ക്കുകയും ചെയ്യുക! (2)

പൂഷാവ്, ഭഗൻ, അദിതി എന്നിവർ വരണിയങ്ങളായ അന്നങ്ങളെ പ്രദാനം ചെയ്യുന്നു; സൂര്യൻ ഉടുക്കുന്നു; ഇന്ദ്രൻ, വിഷ്ണു, വരുണൻ, മിത്രൻ, അഗ്നി എന്നീ ദർശനീയർ ദിവസങ്ങളെ ശോഭനങ്ങളാക്കുന്നു! (3)

എതിരില്ലാത്ത സവിതാവും നമ്മുടെ യാഗത്തിൽ വന്നെത്തട്ടെ; അതിനെ പ്രവഹിയ്ക്കുന്ന നദികൾ അനുഗമിയ്ക്കട്ടെ! ഇതാണ്; യാഗത്തിന്റെ ഹോതാവായ ഞാൻ സമിപിച്ചപേക്ഷിയ്ക്കുന്നത്: ഞങ്ങൾ ധനത്തിന്റെ ഉടമകളും രമണീയബലരുമായിത്തീരണം! (4)

യാവചിലർ ദേവന്മാർക്കു ജംഗമമായ അന്നത്തെ നല്കിയോ, യാവചിലർ മിത്രവരുണന്മാരെക്കുറിച്ചു സൂക്തങ്ങൾ ചൊല്ലുന്നുവോ, അവർക്കു തേജസ്സുണ്ടാകട്ടെ; ദ്യാവാപൃഥിവികളുടെ രക്ഷയാൽ ഞങ്ങൾ ഇമ്പംകൊള്ളുമാറാകണം! (5)

### കുറിപ്പുകൾ: സൂക്തം 49.

1. നിങ്ങൾ – യജമാനർ. ഭുജിയ്ക്കുന്ന – ഹവിസ്സുണ്ണുന്ന. ഈ വാക്യം പ്രത്യക്ഷകഥനം.
2. അന്തരാത്മാവിനോട്: കൊടുക്കുന്നവൻ – സവിതാവ്.
3. ഉടുക്കുന്നു – തേജസ്സാകുന്ന വസ്ത്രം. ദാനയജ്ഞാദിവിശിഷ്ടത്വംതന്നെ, ദിവസങ്ങളുടെ ശോഭനത്വം.
5. ജംഗമമായ അന്നം – പശു. അവർക്ക് – അങ്ങനെയുള്ള ഞങ്ങൾക്ക്.

## സൂക്തം 50.

സ്വസ്ത്യാത്രേയൻ ഋഷി; അനുഷ്ടുപ്പും പംക്തിയും ഛന്ദസ്സുകൾ, വിശ്വേദേവകൾ ദേവത.

('ദ്വാരകാമന്ദിരം'പോലെ)

മർത്ത്യരെല്ലാം നേതൃദേവ-
മിത്രതയെ വരിയ്ക്കേണം:
സ്വത്തേവർക്കും വശത്താക;-
മർത്ഥിയ്ക്ക, പൊറുക്കാൻ മുതൽ! (1)

നിന്റേവർതാൻ, നേതൃദേവ,
നിന്നു വാഴ്ത്തുന്നോരിവരും:
സമ്പത്തോടും – സർവത്തോടും –
സംഗതരാകെ,ങ്ങളെല്ലാം! (2)

ആതിഥ്യമിങ്ങർപ്പിയ്ക്കുവിൻ,
നേതാക്കൾക്കും പത്നിമാർക്കും:
ദൂരാധ്വാമിത്രരെയെല്ലാം
പാറിയ്ക്കട്ടേ, വേർതിരിപ്പോൻ! (3)

മേധവാഹി പശു യൂപാ –
നീതനാകുമിടത്തിങ്കൽ
മർത്ത്യപരൻ ഗേഹപ്രദ-
നെത്തും, തെണ്ടിപ്പെണ്ണുപോലെ! (4)

വിത്തോപേതം പാലകമി-
ത്ത്വദ്രഥം നല്കട്ടേ, സുഖം!
വിത്തത്തിന്നു ദേവ, സുഖം!
സ്വസ്തിയ്ക്കു നേതാവേ, സുഖം!
വാഴ്ത്തുന്നു സേവ്യനെ ഞങ്ങൾ;
വാഴ്ത്തുന്നു, വാനോരെ ഞങ്ങൾ. (5)

### കുറിപ്പുകൾ: സൂക്തം 50.

1. നേതൃദേവമിത്രത – നേതാവായ ദേവന്റെ, സവിതാവിന്റെ സഖ്യം.
2. ഞങ്ങൾമാത്രമല്ല, വാഴ്ത്തുന്ന ഇവരും, ഹോതൃപ്രഭൃതികളും, നിന്റേ വർതാൻ, ഭവദീയർതന്നെയാണ്. സംഗതരാക – ചേരുമാറാകട്ടെ.
3. നേതാക്കന്മാർ – ദേവന്മാർ. പത്നിമാർ – ദേവപത്നിമാർ. ദൂരാധ്വാമിത്രർ – ദൂരത്തും അധ്വാവിലും (വഴിയിലും) ഉള്ള ശത്രുക്കൾ. പാറിയ്ക്കട്ടേ – ചിന്നിച്ചിതറിയ്ക്കട്ടെ. വേർതിരിപ്പോൻ – സവിതാവ്.
4. മർത്ത്യപരൻ – മർത്ത്യരിൽ (യജമാനരിൽ) തൽപരൻ. ഗേഹപ്രദൻ = ഗൃഹം കൊടുക്കുന്നവൻ. ഇങ്ങനെയുള്ള സവിതാവ്, മേധവാഹിയായ (യജ്ഞം നിർവഹിയ്ക്കുന്ന) പശുവിനെ യൂപത്തിലെത്തിയ്ക്കുന്നേടത്ത് എത്തിച്ചേരും.

5. സവിതാവിനോടു പ്രത്യക്ഷകഥനം:

## സൂക്തം 51.

സ്വസ്ത്യാത്രേയൻ ഋഷി; ഗായത്രിയും ഉഷ്ണിക്കും ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സുകൾ; വിശ്വേദേവകൾ ദേവത.

അഗ്നേ, ഹവ്യദാതാവിന്നുവേണ്ടി സോമനീർ കുടിപ്പാൻ, അങ്ങ് രക്ഷിതാക്കളായ എല്ലാദ്ദേവന്മാരോടുംകൂടി വന്നാലും! (1)

അവ്യാജകർമ്മാക്കളേ, സത്യധർമ്മാക്കളേ നിങ്ങൾ യാഗത്തിൽ വന്നുചേരുവിൻ; അഗ്നിയുടെ നാവുകൊണ്ടു നുകരുവിൻ! (2)

മേധോവിൻ, അങ്ങ് പ്രഭാതത്തിൽ വരുന്ന മേധാവികളായ ദേവന്മാരോടുകൂടി സോമം കുടിപ്പാൻ വന്നാലും! (3)

ഇതാ, ഇന്ദ്രന്നും വായുവിന്നും പ്രിയമായ സോമം ഇണപ്പലക കൊണ്ടു പിഴിഞ്ഞു, പാത്രത്തിൽ നിറച്ചിരിക്കുന്നു. (4)

വായോ, അങ്ങ് ഹവ്യദാതാവിന്നുവേണ്ടി, പ്രീതിയോടേ അമറേത്തിന്നെഴുന്നള്ളിവന്നാലും: പിഴിഞ്ഞ സോമം കുടിച്ചാലും! (5)

വായോ, അങ്ങും ഇന്ദ്രനും അർഹരാണല്ലോ, ഈ നീർ കുടിപ്പാൻ: കനിവുറ്റ നിങ്ങൾ ഈ ഭോജ്യം കൈക്കൊണ്ടാലും! (6)

ഇന്ദ്രന്നും വായുവിന്നുമായി, സോമം പിഴിഞ്ഞു തയിർ ചേർത്തുവെച്ചിരിക്കുന്നു; ഈ ഭോജ്യം, തന്നോടത്തെയ്ക്കു പുഴപോലെ (നിങ്ങളുടെ അടുക്കലെയ്ക്കു) വരുന്നു! (7)

അഗ്നേ, ഭവാൻ എല്ലാദ്ദേവകളോടുമൊരുമിച്ച്, ഉഷസ്സിനോടും അശ്വികളോടുമൊരുമിച്ചു വന്നുചേർന്നാലും അത്രിയുടേതിലെന്നപോലെ, ഈ സോമനീരിൽ രമിച്ചാലും! (8)

അഗ്നേ, ഭവാൻ മിത്രാവരുണന്മാരോടൊരുമിച്ചു, സോമനോടും വിഷ്ണുവിനോടുമൊരുമിച്ചും വന്നുചേർന്നാലും; അത്രിയുടേതിലെന്നപോലെ, ഈ സോമനീരിൽ രമിച്ചാലും! (9)

അഗ്നേ, ഭവാൻ ആദിത്യരോടും വസുക്കളോടുമൊരുമിച്ച്, ഇന്ദ്രനോടും വായുവോടുമൊരുമിച്ചു വന്നുചേർന്നാലും; അത്രിയുടേതിലെന്നപോലെ ഈ സോമനീരിൽ രമിച്ചാലും! (10)

അശ്വികൾ നമുക്കു സ്വസ്തി നല്കട്ടെ; ഭഗൻ സ്വസ്തി, അദിതി ദേവി സ്വസ്തി; എതിരില്ലാത്ത ബലപ്രദനായ പൂഷാവു നമുക്കു സ്വസ്തി വരുത്തട്ടെ; ശോഭനജ്ഞാനകളായ ദ്യാവാപൃഥിവികളും സ്വസ്തി! (11)

സ്വസ്തിയ്ക്കു വായുവിനെയും, സ്വസ്തിയ്ക്കു ജഗദ്രക്ഷകനായ സോമനെയും, സ്വസ്തിയ്ക്കു സർവഗണാന്വിതനായ ബൃഹസ്പതിയെയും നാം സ്തുതിയ്ക്കുക; ആദിത്യന്മാർ നമുക്കു സ്വസ്തി വരുത്തട്ടെ! (12)

ദേവന്മാരെല്ലാം ഇന്നു നമുക്കു സ്വസ്തിയരുളട്ടെ; വസുവായ വൈശ്വാനരാഗ്നി സ്വസ്തിയരുളട്ടെ ദേവന്മാരായ ഋഭുക്കൾ സ്വസ്തിയ്ക്കു രക്ഷിയ്ക്കട്ടെ; രുദ്രൻ നമ്മെ സ്വസ്തിയ്ക്കു പാപത്തിൽനിന്നു പാലിയ്ക്കട്ടെ! (13)

മിത്രാവരുണർ നമുക്കു സ്വസ്തി തരട്ടെ. മാർഗ്ഗദേവതേ, രേവതി, സ്വസ്തി തരിക! ഇന്ദ്രനും അഗ്നിയും നമുക്കു സ്വസ്തി തരട്ടെ; അദിതേ, ഞങ്ങൾക്കു സ്വസ്തി തരിക! (14)

ഞങ്ങൾ, സൂര്യചന്ദ്രന്മാർപോലേ സ്വസ്തിയാംവണ്ണം വഴിനടക്കുമാറാകണം; തരുന്ന, തട്ടിക്കേറാത്ത, മറക്കാത്ത ബന്ധുജനത്തോടു വീണ്ടും ചേരുകയുംവേണം! (15)

## കുറിപ്പുകൾ: സൂക്തം 51.

2. ദേവന്മാരോടു പ്രത്യക്ഷോക്തി: നുകരുവിൻ – സോമനീരും മറ്റും.
3. അഗ്നിയോട്:
15. ഞങ്ങൾ വിദേശത്തു പോയി തിരിച്ചെത്തിയാൽ, ബന്ധുക്കൾ മുന്മട്ടിൽ വേണ്ടതു തരണം; തട്ടിക്കയറരുത് – വൈകിപ്പോയാൽ ശുണ്ഠിയെടുക്കരുത്; മറക്കരുത് – ഇതാരെന്നും മറ്റും സംശയിയ്ക്കരുത്.

## സൂക്തം 52.

ശ്യാവാശ്വൻ ഋഷി; അനുഷ്ടുപ്പും പംക്തിയും ഛന്ദസ്സുകൾ; മരുത്തുക്കൾ ദേവത. (‘താമരക്കണ്ണൻ പോലെ)

ധൃഷ്ടൻ നീയർച്ചിച്ചാലും, ശ്യാവാശ്വ,
യഷ്ടവ്യമരുത്തുക്കളെ:
സ്തുത്യരാമിവർ നിർദ്ദോഷാന്നത്താൽ
മത്താടുമല്ലോ, നിച്ചലും! (1)

അദ്ധൃഷ്ടരുറപ്പുറ്റ കെല്പിന്നു
നൽത്തുണനില്ക്കുവോരല്ലോ;
പോക്കിയും കീഴമർത്തുവോരവർ
കാക്കുമേ, സ്വയം പ്രാജ്യരെ! (2)

ലോലർ സേക്താക്കളമ്മരുത്തുക്കൾ
കാലത്തിൻമീതേ പോകുന്നു;
പൃത്ഥ്വിയിങ്കലും വിണ്ണിലും ചേർന്ന
തത്തേജസ്സുങ്ങൾ വാഴ്ത്തുന്നു. (3)

വെയ്ക്കുവിൻ, നിങ്ങൾ ധൃഷ്ടരാം മരു-
ത്തുക്കളിൽ സ്തോത്രയജ്ഞങ്ങൾ:
വിദ്രോഹികളിൽ നിന്നു രക്ഷിപ്പൂ
മർത്ത്യനെയിവരെന്നെന്നും! (4)

സംപൂജ്യർ ശുഭദാനർ, നേതാക്കൾ,
സമ്പന്നബലന്മാ,രവർ;
അധ്വരാർഹരാമമ്മരുത്തുക്കൾ-
ക്കർപ്പിയ്ക്കു, തെളിഹവ്യം നീ! (5)

സാസ്ത്രർ നേതാക്കൾ വാൾ ചാട്ടും, ചെമ്പൊൻ
ചാർത്തി മിന്നുന്ന മാരുതർ:
പിന്തുടരുന്നു മിന്നലു,മൊലി
പൊന്തും നീർപോലീ വമ്പരെ;
താനേ പുറപ്പെട്ടുള്ളൊന്നി,ശ്ശോഭ-
മാനന്മാരുടെ വാരൊളി! (6)

മന്നിടത്തിലും, സ്ഥാരാന്തരിക്ഷം-
തന്നിലു,മാറ്റിൻ കെല്പിലും,
വാരുറ്റ വിണ്ണിൻ ഭാഗങ്ങളിലും
വായ്ക്കുവോരല്ലോ നേർക്കിവർ! (7)

വാഴ്ത്തുക, മരുത്തുക്കൾതൻ ബലം,
വാസ്തവവേഗമുത്തുംഗം:
പൂട്ടിനാരല്ലോ, തണ്ണീർക്കായ് സ്വയ-
മോട്ടക്കാരാമന്നേതാക്കൾ! (8)

പാവനദീപ്തിച്ചാർത്തുടുത്തവർ
മേവുന്നു, പരുഷ്ണിലിയിങ്കൽ;
അത്രയല്ല, പിളർത്തുമക്കെല്പ-
രദ്രിയെപ്പോലും തേർവട്ടാൽ! (9)

ഇങ്ങെത്തുന്നവരു,ള്ളിൽപ്പൂകുവോ-
രെ,ങ്ങും ചെല്ലുവോർ, നിർബാധർ –
ഈ രൂപങ്ങളാലേന്തുന്നു, യജ്ഞം
വാരുറ്റനിന്നെനിയ്ക്കായി! (10)

പേർത്തുമേന്തുന്നു, നേതാക്കളവർ;
ചേർത്തിണക്കിയുമേന്തുന്നു;
ദൂരദേശത്തുമേന്തുന്നു – കാണ-
മാറാകീ, നാനാരൂപങ്ങൾ! (11)

സ്തോതാവിന്നെത്തിച്ചാരല്ലോ കിണർ
ഗാഥാസ്തുത്യരസ്സേക്താക്കൾ:
സ്തേനർപോലതിൽ ത്രാതാക്കൾ ചിലർ
കാണായ് മേ; ചിലർ കെല്പേകി! (12)

'ധാതാക്കളിവർ ദർശനീയന്മാർ,
മേധാഢ്യർ, മിന്നും വാൾ പൂണ്ടോർ;
വന്ദിയ്ക്ക, നന്ദിപ്പിയ്ക്കുകീ, മരു-
ദ്വൃന്ദത്തെ സ്തോത്രത്താല്യഷേ! (13)

അർക്കങ്കൽപ്പോലേ ചെൽകൃഷേ, മരു-
ദ്വർഗ്ഗത്തിൽ, വാഴ്ത്തി നല്കി നീ.'
സ്വർഗ്ഗത്തിൽ നിന്നോ വന്നാലും, ധൃഷ്ണു
വിക്രമർ നുതരാം നിങ്ങൾ! (14)

തെറ്റെന്നിവരെ വാഴ്ത്തി,ത്താങ്ങിന്നായ്
മറ്റു വാനോരിൽച്ചെല്ലാത്തോൻ
നേർക്കിഷ്ടം നേടും, വ്യഞ്ജകരാമീ –
പ്പോക്കിൽപ്പേരാണ്ട വിജ്ഞരാൽ! (15)

തായ്താതരാരെന്നാരായുമെന്നോ-
ടോതിനാ,രമ്മ ഗോവെന്നായ്;
താതന,ന്നവാൻ രുദ്രനാണെന്നു-
മോതിനാർ, ശക്തരാ വിജ്ഞർ! (16)

ഏഴേഴിനമാണശ്ശക്തരെ,നി-
യ്ക്കേകട്ടേ നൂറോരോന്നുമേ:
വിത്തയാമുനഗോസ്വത്തുമശ്വ-
വിത്തവും തലോടാവൂ ഞാൻ! (17)

## കുറിപ്പുകൾ: സൂക്തം 52.

1. ഋഷി തന്നോടുതന്നെ പറയുന്നു: അന്നം – ഹവിസ്സ്.
2. അദൃഷ്ടർ – മരുത്തുക്കൾ. കീഴമർത്തുവോർ – എതിരാളികളെ. പ്രാജ്യരെ – വളരെപ്പേരെ, നമ്മളെയും നമ്മുടെ പുത്രഭൃത്യാദികളെയും.
3. ലോലർ – ചലനസ്വഭാവർ, വീശുന്നവർ. കാലത്തിൻമീതേ പോകുന്നു = കാലത്തെ അതിലംഘിയ്ക്കുന്നു; ശാശ്വതരാണെന്നർത്ഥം. തത്തേജസ്സ് = അവരുടെ തേജസ്സ്.
4. അധ്വര്യുപ്രഭൃതികളോട്: വെയ്ക്കുടുവിൻ – അർപ്പിപ്പിൻ. സ്തോത്രയജ്ഞങ്ങൾ = സ്തോത്രവും യജ്ഞവും.
5. ഹോതാവിനോട്.
6. സാസ്ത്രർ = ആയുധങ്ങളുള്ളവർ. വാൾ ചാട്ടും – മേഘത്തെപ്പിളർത്താൻ ചുരികയെറിയും. ചെമ്പൊൻ – കനകാഭരണങ്ങൾ. മാരുതർ = മരുത്തുക്കൾ. ഒലിപൊന്തും (ഇരമ്പുന്ന) വെള്ളംപോലെ മിന്നലും പിന്തുടരുന്നു.
7. സ്സാരം = പ്രവൃദ്ധം, വിശാലം.
8. സ്തോതാവിനോട്: വാസ്തവവേഗം = സത്യമായ വേഗത്തോടുകൂടിയത്. ഉത്തുംഗം – മഹത്ത്. ഓട്ടക്കാരാം (ചലനസ്വഭാവരായ) ആ നേതാക്കൾ തണ്ണീർക്കായ് (മഴപെയ്യി യ്ക്കാൻ) സ്വയം പുള്ളിമാനുകളെ തേരിനു പൂട്ടിയല്ലോ; മേഘങ്ങളോടു പൊരുതാൻ പുറ പ്പെട്ടുവല്ലോ.
9. പരുഷ്ണി – ഒരു നദി. തേർവട്ടാൽ – തേരോടിച്ച് മലയെപ്പോലും പിളർത്തും.
10. നിർബാധർ – വഴിയിൽ ഉപദ്രവമില്ലാത്തവർ. ഇങ്ങനെയുള്ള മരുത്തുക്കൾ വാരുറ്റനി ന്ന് (വിശാലരായി) എനിയ്ക്കായി യജ്ഞം ഏന്തുന്നു (വഹിയ്ക്കുന്നു.)
11. ഏന്തുന്നു – യജ്ഞത്തെ. മരുമക്കളുടെ ഈ നാനാരൂപങ്ങൾ കാണുമാറാക – നമുക്കു കാണായ്വരട്ടെ.
12. സ്തോതാവിന്ന് – ഗോതമന്ന്. ഇക്കഥ മുൻമണ്ഡലങ്ങളിലുണ്ട്. ഗാഥാസ്തുത്യർ – ഛന്ദസ്സുകൾകൊണ്ടു സ്തുതിയ്ക്കപ്പെടേണ്ടവർ. സ്തേനർപോലെ – സദാ ഒളിച്ചിരിയ്ക്കുന്ന തസ്കരന്മാർ കണ്ടെത്തപ്പെടുന്നതുപോലെ. കെല്പേകി – പ്രാണങ്ങളായി വർത്തിച്ചു ബലമുളവാക്കി.
13. ശ്യാവാശ്വനോടു യജമാനൻ പറയുന്നു:
14. അർക്കൻ = സൂര്യൻ. നല്കി – ഹവിസ്സ്. ഉത്തരാർദ്ധം ഋഷിയുടെ പ്രത്യക്ഷോക്തി: സ്വർ ഗ്ഗത്തിൽനിന്നോ – മറ്റിരുലോകങ്ങളിൽനിന്നോ. ധൃഷ്ണുവിക്രമർ – ശത്രുക്കളെ ആക്രമിയ്ക്കു ന്ന ബലമുള്ളവർ.
15. തെറ്റെന്ന് = ക്ഷിപ്രം. താങ്ങിന്നായ് = അവലംബത്തിനുവേണ്ടി. വ്യഞ്ജകർ – ഫലസൂചകർ. വിജ്ഞരാൽ – വിജ്ഞരുടെ കനിവിനാൽ. മറ്റു ദേവകളെ ആശ്രയിക്കാതെ, മരുത്തുക ളെത്തന്നേ സ്തുതിച്ചാൽ അഭീഷ്ടം നിറവേറും. പോക്കിൽപ്പേരാണ്ട – ദ്രുതഗമനത്തിൽ പുകൾപ്പെട്ട.
16. ഞാൻ മരുത്തുക്കളോട്, അവരുടെ അമ്മയച്ഛന്മാരാരാണെന്നന്വേഷിച്ചു: അമ്മ ഗോവും, അച്ഛൻ അന്നവാനായ രുദ്രനുമാണെന്നാണ് അവർ പറഞ്ഞത്.
17. അശ്ശക്തർ ഏഴേഴുഗണമാണ്: ഓരോ ഗണവും എനിയ്ക്ക് നൂറ് (ഗവാശ്വാദികളെ) ഏക ട്ടേ. വിത്തയാമുനഗോസ്വത്തും – പ്രസിദ്ധകളായ യമുനാതീരത്തിലെ ഗോക്കളാകുന്ന ധനവും. അശ്വവിത്തവും – കുതിരകളാകുന്ന സമ്പത്തും. തലോടാവൂ ഞാൻ – എനിയ്ക്കു കൈവരട്ടെ.

## സൂക്തം 53.

ശ്യാവാശ്വൻ ഋഷി; കകുപ്പും സതോബൃഹതിയും ഗായത്രിയും ബൃഹതിയും അനുഷ്ടുപ്പും പുരഉഷ്ണിക്കും ഛന്ദസ്സുകൾ; മരുത്തുക്കൾ ദേവത.

ആരറിയുന്നു, ഈ മരുത്തുക്കളുടെ ഉൽപത്തി? പണ്ടും ആർ കണ്ടു, ഇവരുടെ സുഖങ്ങൾ? ഇവർ പുള്ളിമാനുകളെ പൂട്ടിയല്ലോ! (1)

തേരിലിരിയ്ക്കുന്ന ഇവരെ ആർ കേൾക്കും? യാത്ര എങ്ങനെ? ആർക്കു വഴിപോലെ കൊടുപ്പാനായിരിയ്ക്കും, ഈ വൃഷാക്കൾ ബന്ധുഭൃതരായി അന്നങ്ങളോടേ മുറയ്ക്കുവതരിച്ചത്? (2)

ആ പററുപാടില്ലാത്ത മനുഷ്യഹിതരായ നേതാക്കൾ തിളങ്ങുന്ന വാഹനങ്ങളിലൂടേ, മത്തിന്നായി വന്നണഞ്ഞ്, എന്നോടരുളിച്ചെയ്തു, ‘നീ ഇയ്യുള്ളവരെ നോക്കിക്കണ്ടു സ്തുതിച്ചുകൊള്ളുക’ എന്ന്: (3)

‘ആഭരണങ്ങളിലും ആയുധങ്ങളിലും പൂമാലകളിലും ഉരോഭൂഷണങ്ങളിലും കൈകാൽവളകളിലും തേരുകളിലും വില്ലുകളിലുമുള്ള തിളക്കങ്ങളെ – ’ (4)

ക്ഷിപ്രപ്രദാനരായ മരുത്തുക്കളേ, വൃഷ്ടിയ്ക്കായി നടക്കുന്ന തിളക്കങ്ങൾപോലുള്ള നിങ്ങളുടെ തേരുകളെ തുഷ്ടിപ്പെടുത്താൻ ഞാൻ സ്തുതിയ്ക്കുന്നു. (5)

ഈ ശോഭനപ്രദാനരായ നേതാക്കൾ ഹവിർദ്ദാതാവിന്നുവേണ്ടി തണ്ണീർപ്പെട്ടിയെ വാനത്തുനിന്നിറക്കുന്നു – മേഘത്തെ വാനുഴികളിലെയ്ക്ക് അഴിച്ചുവിടുന്നു. ജലത്തോടുകൂടി വർഷകരായി നടക്കുന്നു! (6)

അവർ മേഘങ്ങളെ പിളർത്തി ജലത്തോടുകൂടി അന്തരിക്ഷത്തിൽ, ധേനുക്കൾപോലെയും, വഴി മുഴമിപ്പിയ്ക്കാൻ കുതിച്ചോടുന്ന കുതിരകൾപോലെയും സഞ്ചരിയ്ക്കുന്നു; അപ്പോൾ പുഴകൾ പുളയ്ക്കുകയായി! (7)

മരുത്തുക്കളേ, നിങ്ങൾ സ്വർഗ്ഗത്തിൽനിന്നോ, അന്തരിക്ഷത്തിൽനിന്നോ, ഇവിടത്തിൽനിന്നോ വന്നണഞ്ഞാലും; അകലത്തെങ്ങാനും നിന്നേയ്ക്കരുതേ! (8)

നിങ്ങളെ നിഷ്പ്രഭമായ, കെടുനിറം പൂണ്ട, നിലമോ, നിങ്ങളെ പരന്ന കടലോ, ഇമ്പംകൊള്ളിയ്ക്കരുത്; നിങ്ങളെ സജലയായ സരയു നിർത്തിക്കളയരുത്. ഞങ്ങൾക്കുതന്നെ കിട്ടട്ടെ, നിങ്ങളാലുള്ള സുഖം! (9)

നിങ്ങളുടെ പുത്തൻതേരുകളുടെ ബലത്തെയും ആ തിളങ്ങുന്ന മരുദ്ഗണത്തെയും വൃഷ്ടികൾ പിന്തുടരുന്നു! (10)

ഈ നിങ്ങളുടെ ബലത്തെ ബലത്തെ, വ്രാതത്തെ വ്രാതത്തെ, ഗണത്തെ ഗണത്തെ ഞങ്ങൾ നല്ല സ്തുതികൊണ്ടും കർമ്മംകൊണ്ടും അനുവർത്തിയ്ക്കട്ടെ! (11)

ഇന്നു മരുത്തുക്കൾ ഈ തേരിലൂടേ, ഏതൊരു ഹവ്യദാതാവായ സുജന്മാവിന്നുവേണ്ടി പോയിരിയ്ക്കാം? (12)

നിങ്ങൾ പുത്രന്നും പൌത്രന്നുമായി, അക്ഷയമായ ധാന്യവിത്തു വെച്ചിട്ടുണ്ടല്ലോ അതു ഞങ്ങൾക്കു തരുവിൻ: ധനവും പൂർണ്ണായുസ്സും സൌഭാഗ്യവും ഞങ്ങൾ യാചിയ്ക്കുന്നു! (13)

മരുത്തുക്കളേ, ഞങ്ങൾ ക്ഷേമത്താൽ തിന്മ പോക്കി, നേരിട്ട നിന്ദകരായ വൈരികളെ കടന്നുപോകുമാറാകണം; വർഷത്താൽ വെള്ളവും സുഖവും പാപശാന്തിയും ഗോയുക്തമായ അന്നവും ഞങ്ങൾക്ക് ഒപ്പം കൈവരട്ടെ! . (14)

മഹിതരായ മരുത്തുക്കളേ, നേതാക്കളേ, നിങ്ങൾ ആരെ രക്ഷിയ്ക്കുമോ, ആ മനുഷ്യൻ സുദേവനും സുവീരനുമായിത്തീരും: ഞങ്ങൾ അങ്ങനെയാകണം! (15)

ഭവാൻ ഈ സ്തോതാവിനൊ യജ്ഞത്തിൽ ആ ദാതാക്കളെ സ്തുതിച്ചാലും: അവർ, മേയുന്ന ഗോക്കൾപോലെ ഇമ്പംകൊള്ളട്ടെ! പോകുന്ന അവരെ ഭവാൻ പഴയ ചങ്ങാതികളമെയെന്നപോലെ തിരിച്ചുവിളിയ്ക്കുക ആ തൽപരമന്മാരെ പാടിപ്പുകഴ്ത്തുക! (16)

## കുറിപ്പുകൾ: സൂക്തം 53.

2. ആർ കേൾക്കും – ഇവർ ചമ്മട്ടിയുലയ്ക്കുന്ന ശബ്ദവും തേരൊച്ചയും.
3. പറ്റുപാടില്ലാത്ത – നിർല്ലേപരായ. മത്തിന്നായി – സോമം കുടിപ്പാൻ. ഇയ്യുള്ളവർ – ഞങ്ങൾ.
4. തിളക്കങ്ങളെ – നോക്കി സ്തുതിച്ചുകൊള്ളുക. ഇതും മരുദ്വചനംതന്നെ.
6. തണ്ണീർപ്പെട്ടിയെ – മേഘത്തെ.
7. ധേനുക്കൾപോലെ – പുതുതായി പെറ്റ പൈക്കൾ കുട്ടിയുടെ അടുക്കലെയ്ക്ക് ഓടുന്നതുപോലെ. വഴി മുഴുമിപ്പിയ്ക്കാൻ – എത്തേണ്ടുമിടത്തെത്താൻ. പുളയ്ക്കുകയായി – മഴവെള്ളംകൊണ്ട്.
8. ഇവിടം – ഭൂലോകം.
9. നീലവും മറ്റും സകൌതുകം നോക്കിനിന്നേയ്ക്കരുതേ.
10. മരുദ്ഗണം – നിങ്ങളുടെ ഗണം.
11. വ്രാതം = സമൂഹം. ഗണം – സപ്തഗണം.
12. പരോക്ഷവചനം: സുജന്മാവ് – ഭാഗ്യവാൻ. പോയിരിയ്ക്കാം – ഇവിടെ വരുന്നില്ലല്ലോ!
13. ഞങ്ങളെ പുത്രപൌത്രത്വേന ഗണിച്ച്, അതു (വിത്ത്) ഞങ്ങൾക്കു സദയം തരുവിൻ.
14. വർഷത്താൽ – നിങ്ങൾ പെയ്യിയ്ക്കുന്ന മഴകൊണ്ട്.
15. സുദേവൻ = നല്ല ദേവന്മാരോടുകൂടിയവൻ. സുവീരൻ – നല്ല പുത്രാദികളോടുകൂടിയവൻ.
16. ഋത്വിക്കുകൾ ഋഷിയോടു പറയുന്നു: സ്തോതാവ് – യജമാനൻ. ആ ഓതാക്കൾ – മരുത്തുക്കൾ. ആ തൽപരന്മാരെ – സ്തുതിപ്രിയരായ മരുത്തുക്കളെ.

## സൂക്തം 54.

ശ്യാവാശ്വൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; മരുത്തുക്കൾ ദേവത.

സ്വയം വിളങ്ങുന്ന, മലയെപ്പോലും തട്ടിവീഴിയ്ക്കുന്ന, മരുദ്ബലത്തിന്നെത്തിയ്ക്കുക, ഈ സ്തുതിയെ; ചൂടിനെ നിലപ്പിച്ചുകൊണ്ടു സ്വർഗ്ഗത്തിൽനിന്നു വന്നെത്തുന്ന ആ പൃഷ്ഠയജ്വാക്കളായ ഉജ്ജ്വലാന്നന്മാർക്കു നിങ്ങൾ മഹത്തായ ഭോജ്യം അർപ്പിയ്ക്കുവിൻ. (1)

മരുത്തുക്കളേ, വൃഷ്ടിതൽപരരായി അന്നം വർദ്ധിപ്പിയ്ക്കുന്ന മഹാന്മാരായ നിങ്ങൾ കുതിരകളെ പൂട്ടി, ചുറ്റിനടന്നു, മിന്നലിനോടു ചേരുന്നു: അപ്പോൾ മൂന്നിടത്തും മേഘം ഇടിമുഴക്കും; എങ്ങും ഗമിയ്ക്കുന്ന വെള്ളം ഭൂമിയിൽ വീഴുകയും ചെയ്യും. (2)

തിളങ്ങുന്ന തേജസ്സും, കല്ലിൻകാതലിന്നൊത്ത ആയുധങ്ങളുമുള്ള മഹാബലരായ മരുത്തുക്കൾ ഒളിവീശുന്നു; പർവതങ്ങളെപ്പോലും പതിപ്പിയ്ക്കുന്നു; വെമ്പലോടേ വെള്ളം പൊഴിയ്ക്കുന്നു; കൂടെക്കൂടെ മിന്നലിളക്കുന്നു; കൂട്ടമിട്ടിരമ്പുന്നു. (3)

രുദ്രപുത്രരായ മരുത്തുക്കളേ, ശക്തരായ നിങ്ങൾ രാത്രികളെയും പകലുകളെയും അന്തരിക്ഷത്തെയും എടുത്തെറിയുന്നു പൊടി പറപ്പിയ്ക്കുന്നു; കാറിനത്തെ, കപ്പലുകൾ കടലിനെയെന്നപോലെ ഇളക്കുന്നു; ദുർഗ്ഗങ്ങളുടയ്ക്കുന്നു; നിങ്ങൾ (ഞങ്ങളെ) ഉപദ്രവിയ്ക്കില്ല! (4)

അഹൃതതേജസ്കരായ മരുത്തുക്കളേ, നിങ്ങളുടെ ആ വീര്യം, സൂര്യനും ഓടുന്ന ദേവാശ്വങ്ങളുമെന്നപോലെ, നീണ്ട യോജന പിന്നിട്ടിരിയ്ക്കുന്നു: കുതിരകളെ കൊടുക്കാതിരുന്ന പർവതത്തെ നിങ്ങൾ പിളർത്തിയല്ലോ! (5)

മരുത്തുക്കളേ, നിങ്ങളുടെ ഗണം പരിശോഭിയ്ക്കുന്നു: നിങ്ങൾ നീർമുകിലിനെ തല്ലിത്തുള്ളിയ്ക്കുമല്ലോ; സമാനപ്രീതികളായ നിങ്ങൾ ധനം തേടുന്ന എന്നെ കണ്ണുപോലെ നല്ല വഴിയ്ക്കു കൊണ്ടുനടക്കുകയും ചെയ്യുന്നു! (6)

മരുത്തുക്കളേ, നിങ്ങൾ യാതൊരു ഋഷിയെയോ രാജാവിനെയോ കർമ്മോന്മുഖനാക്കുമോ, അദ്ദേഹം തോല്ക്കില്ല; ഹനിയ്ക്കപ്പെടില്ല; ക്ഷീണനാകില്ല; സങ്കടപ്പെടില്ല; ഉപദ്രവിയ്ക്കപ്പെടില്ല. അദ്ദേഹത്തിന്റെ സമ്പത്തിന്നും രക്ഷയ്ക്കും ഇടിവു വരില്ല! (7)

ഗ്രാമത്തെ ജയിയ്ക്കുന്ന മനുഷ്യർപോലെയും അര്യമാദികൾ പോലെയുമുള്ള, അശ്വയുക്തരും ഈശ്വരന്മാരുമായ മരുത്തുക്കൾ വെള്ളംകൊണ്ടു കിണർ നിറയ്ക്കുന്നു; ഇരമ്പുന്നു; മധുരജലംകൊണ്ടു മന്നിനെ കുതിർക്കുന്നു! (8)

ഈ ഭൂമി മികവിൽ ചരിയ്ക്കുന്ന മരുത്തുക്കൾക്കായി പരക്കുന്നു; ദ്യോവു പരക്കുന്നു; അന്തരിക്ഷപഥങ്ങൾ പരക്കുന്നു; ക്ഷിപ്രപ്രദാനരായ പർവതങ്ങൾ പരക്കുന്നു. (9)

മരുത്തുക്കളേ, കരുത്തുള്ള സർവനേതാകളായ – സ്വർഗ്ഗത്തിന്റെയും നേതാക്കളായ – നിങ്ങൾ, സൂര്യൻ ഉയർന്നുനില്ക്കുമ്പോളാണല്ലോ, മത്തുകൊള്ളുക: അപ്പോൾ നിങ്ങളുടെ പായുന്ന കുതിരകൾ കുഴയാറില്ല; നിങ്ങൾ ഉടയടി ഈ വഴിയുടെ അവസായത്തിലെത്തും! (10)

മരുത്തുക്കളേ, നിങ്ങളുടെ ചുമലുകളിൽ ചുരികയും കാല്ക്കളിൽ തളയും, മാറിൽ മണിമാലയും, തേരിൽ നീർത്തുള്ളികളും, കൈകളിൽ തിയ്യിന്നൊത്ത മിന്നലുകളും, തലയിൽ തങ്കത്തൊപ്പിയും വിളങ്ങുന്നു! (11)

മരുത്തുക്കളേ, സഞ്ചാരികളായ നിങ്ങൾ അഹൃതതേജസ്കനായ സൂര്യനെക്കൊണ്ടു തെളിവെള്ളം: ചാറിയ്ക്കുന്നു കെല്പു പൂണ്ടു തുലോം തിളങ്ങുന്നു; വെള്ളത്തിന്നായി വമ്പിച്ച ഇരമ്പൽ കൂട്ടുന്നു! (12)

വിവിധപ്രജ്ഞരായ മരുത്തുക്കളേ, ഞങ്ങൾ നിങ്ങളിൽനിന്നു ധനവും അന്നവും നേടി, തേരുടമകളാകണം! മരുത്തുക്കളേ സൂര്യൻ ആകാശത്തുനിന്നെന്നപോലെ കിഴിഞ്ഞുപോകാത്ത ധനം ആയിരക്കണക്കിൽ ഞങ്ങളിൽ വിളയാടട്ടേ! (13)

മരുത്തുക്കളേ, നിങ്ങൾ സ്പൃഹണീയരായ വീരരോടുകൂടിയ ധനം നല്കുന്നു; നിങ്ങൾ സാമം പാടുന്ന ഋഷിയെ രക്ഷിയ്ക്കുന്നു; നിങ്ങൾ സേവകന്ന് അശ്വത്തെയും അന്നത്തെയും നല്കുന്നു; നിങ്ങൾ സുഖവാനായ രാജാവിനെ നല്കുന്നു! (14)

ഉടനടി രക്ഷിയ്ക്കുന്ന മരുത്തുക്കളേ, യാതൊന്നുകൊണ്ടു ഞങ്ങൾ ആളുകളെ, സൂര്യൻപോലെ, പരത്തുമോ, ആ ധനം ഞാൻ നിങ്ങളോടു യാചിയ്ക്കുന്നു. നിങ്ങൾ എന്റെ ഈ സ്തുതിയിൽ കുതുകംകൊള്ളുവിൻ: ഇതിന്റെ ശക്തിയാൽ ഞങ്ങൾ ഒരു നൂറ്റാണ്ടു പിന്നിടുമാറാകണം! (15)

## കുറിപ്പുകൾ: സൂക്തം 54.

1. ഋത്വിക്കുകളോട്: പൃഷ്ഠയജ്വാക്കൾ – രഥന്തരാദികൾകൊണ്ടു യജിയ്ക്കുന്നവർ. ഉജ്ജ്വലാന്നന്മാർക്കു = തിളങ്ങുന്ന അന്നത്തോടുകൂടിയർവക്കു, മരുത്തുക്കൾക്ക്.

3. കല്ലിൻകാതലിന്നൊത്ത – അതികഠിനങ്ങളായ.

5. അഹൃതതേജസ്കർ – ആരാലും അപഹരിയ്ക്കപ്പെടാത്ത തേജസ്സുള്ളവർ. യോജന – നാലുനാഴിക വഴി; പത്തുനാഴിക വഴി എന്നും പകഷമുണ്ട്. പിന്നിട്ടിരിക്കുന്നു – വളരെ ദൂരത്തെത്തിയിരിയ്ക്കുന്നു എന്നർത്ഥം. കുതിരകളെ – പണികൾ അപഹരിച്ചു ഗുഹയിലൊളിപ്പിച്ച അശ്വങ്ങളെ.

8. പരോക്ഷകഥനം: അര്യമാദികൾ – അര്യമാവു മുതലായ അദിതിപുത്രന്മാർ.

9. പരക്കുന്നു – വിസ്താരപ്പെടുന്നു.

10. സൂര്യൻ ഉയർന്നുനില്ക്കുമ്പോൾ – മധ്യാഹ്നത്തിൽ. മത്തുകൊള്ളുക – സോമം കുടിയ്ക്കുക. അവസാനത്തിൽ – യജ്ഞസ്ഥലത്ത്.

13. സൂര്യൻ ആകാശം വിടാറില്ലല്ലോ; അതുപോലെ കിഴിഞ്ഞുപോകാത്ത – സുസ്ഥിരമായ.

14. രാജാവിനെ – രാജ്യം ഭരിയ്ക്കാൻപോന്ന പുത്രനെ.

15. സൂര്യനെപോലെ – സൂര്യൻ രശ്മികളെ പരത്തുന്നപോലെ. ഇത് – സ്തുതി. ഒരു നൂറ്റാണ്ടു പിന്നിടുമാറാകണം – ശതായുസ്സുകളായിത്തീരണം.

## സൂക്തം 55.

ശ്യാവാശ്വൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ: മരുത്തുക്കൾ ദേവത.

തിളങ്ങുന്ന ചുരികയും മാറിൽ മണിമാലയുമുള്ള പ്രയഷ്ടാക്കളായ മരുത്തുക്കൾ മഹത്തായ വയസ്സു വഹിയ്ക്കുന്നു; എളുപ്പത്തിൽ പൂട്ടാവുന്ന ശീഘ്രാശ്വങ്ങളാൽ കൊണ്ടാക്കപ്പെടുന്നു; ആ ശുഭഗമനന്മാരെ തേരുകളും പിന്തുടരുന്നു. (1)

നിങ്ങൾ സ്വയം മഹത്തായ ബലത്തെ യഥേഷ്ടം വഹിയ്ക്കുന്നു; പെരിയ നിങ്ങൾ പരപ്പോടേ പരിശോഭിയ്ക്കുന്നു; നിങ്ങൾ ഓജസ്സുകൊണ്ട് അന്തരിക്ഷത്തിൽ വ്യാപിയ്ക്കുന്നു. ആ ശുഭഗമനന്മാരെ തേരുകളും പിന്തുടരുന്നു. (2)

സുജാതരായ നേതാക്കൾ ഒപ്പം ജനിച്ചു; ഒപ്പം വെള്ളം പൊഴിച്ചു; ശ്രീയ്ക്കുവേണ്ടിത്തന്നേ, സൂര്യരശ്മികൾപോലെ ശോഭപൂണ്ട്, എങ്ങും തുലോം വളർന്നു. ആ ശുഭഗമനന്മാരെ തേരുകളും പിന്തുടരുന്നു. (3)

മരുത്തുക്കളേ, നിങ്ങളുടെ മഹത്വം സ്തുത്യമാണ്; സൂര്യന്റെ രൂപംപോലെ ദർശനീയമാണ്. നിങ്ങൾ ഞങ്ങളെ അമൃതത്വത്തിൽ നിർത്തിയാലും! ആ ശുഭഗമനന്മാരെ തേരുകളും പിന്തുടരുന്നു. (4)

മരുത്തുക്കളേ, നിങ്ങൾ അന്തരിക്ഷത്തിൽനിന്നു പുറപ്പെടുവിക്കുവിൻ – ജലാന്വിതരേ, നിങ്ങൾ മഴ പെയ്യുവിൻ: ദർശനീയരേ, നിങ്ങളുടെ ധേനുക്കൾക്കു കാവു വറ്റലില്ലല്ലോ! ആ ശുഭഗമനന്മാരെ തേരുകളും പിന്തുതുടരുന്നു. (5)

മരുത്തുക്കളേ, നിങ്ങൾ പുള്ളിമാനുകളാകുന്ന കുതിരകളെ തേർ മുമ്പിൽ പൂട്ടുന്നു; പൊന്നിൻചട്ടയിടുന്നു; യുദ്ധമെല്ലാം തട്ടിനീക്കുന്നു! ആ ശുഭഗമനന്മാരെ തേരുകളും പിന്തുടരുന്നു. (6)

മരുത്തുക്കളേ, നിങ്ങളെ മലകളോ പുഴകളോ തടയില്ല: നിങ്ങൾ ഉദ്ദിഷ്ടസ്ഥലത്തെയ്ക്കു പോകുകതന്നെ ചെയ്യും. നിങ്ങൾ ദ്യാവാപൃഥിവികളിലെയ്ക്കും നടകൊള്ളുന്നു! ആ ശുഭഗമനന്മാരെ തേരുകളും പിന്തുടരുന്നു. (7)

വസുക്കളായ മരുത്തുക്കളേ, നിങ്ങൾ മുമ്പു ചെയ്തതും, ഇപ്പോൾ ചെയ്യുന്നതും, ഉയർത്തപ്പെടുന്നതും, പുകഴ്ത്തപ്പെടുന്നതും, യാതൊന്നോ; അതെല്ലാം നിങ്ങൾക്കറിയാം! ആ ശുഭഗമനന്മാരെ തേരുകളും പിന്തുടരുന്നു. (8)

മരുത്തുക്കളേ, ഞങ്ങളെ സുഖിതരാക്കുവിൻ; പീഡിപ്പിയ്ക്കരുത് – ഞങ്ങൾക്ക് അത്യധികമായ സുഖം തന്നരുളുവിൻ. സ്തോത്രവും സഖ്യവും ഉൾക്കൊള്ളുവിൻ! ആ ശുഭഗമനന്മാരെ തേരുകളും പിന്തുടരുന്നു. (9)

മരുത്തുക്കളേ, സ്തുതിയ്ക്കപ്പെടുന്ന നിങ്ങൾ ഞങ്ങളെ സമ്പത്തിലെയ്ക്കു കൊണ്ടുപോകുവിൻ; പാപങ്ങളിൽനിന്നു മോചിപ്പിയ്ക്കുവിൻ; യജനീയരേ, ഞങ്ങൾ തരുന്ന ഹവിസ്സു കൈക്കൊള്ളുവിൻ ഞങ്ങൾ ധനത്തിന്റെ ഉടമകളായിത്തീരണം! (10)

### കുറിപ്പുകൾ: സൂക്തം 55.

1. പ്രയഷ്ടാക്കൾ = പ്രകർഷേണ യജിയ്ക്കുന്നവർ. വയസ്സ് – യൌവനം, അല്ലെങ്കിൽ അന്നം. കൊണ്ടാക്കപ്പെടുന്നു – ഉദ്ദിഷ്ടസ്ഥലത്ത്.
2. പ്രത്യക്ഷോക്തി: ഒടുവിലെ വാക്യം പരോക്ഷം.
4. അമൃതത്വം – സ്വർഗ്ഗം.
5. പുറപ്പെടവിയ്ക്കുവിൻ – വൃഷ്ടിയെ. ധേനുക്കൾ – പൈക്കൾ, മേഘങ്ങൾ.

9. സ്തോത്രവും സഖ്യവും ഉൾക്കൊള്ളുവിൻ – സ്തുതിയിൽ ശ്രദ്ധയിരുത്തി ഞങ്ങളുമായി സഖ്യംകൊള്ളുവിൻ.

## സൂക്തം 56.

ശ്യാവാശ്വൻ ഋഷി; ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകൾ; മരുത്തുക്കൾ ദേവത. (മാകന്ദമഞ്ജരി)

അഗ്നേ, വിളിയ്ക്ക, നീയധ്വരോദ്യുക്തരാം
പൊൽക്കോപ്പണിഞ്ഞ; മരുത്തുക്കളെ:
ശ്രീവീശും വിണ്ണിങ്കൽനിന്നിന്നിവിടെയ്ക്ക
ഞാൻ വിളിയ്ക്കുന്നേൻ, മരുദ്ഗണത്തെ! (1)

എമ്മട്ടിലങ്ങയാലാദൃതന്മാര,വ-
രമ്മട്ടേ വന്നെത്തുകെ,ൻനന്മയ്ക്കായ്
താവകാഹ്വാനത്താലന്തികത്തെത്തിയാൽ,-
ക്കൈവളർത്താലും, നീയബ്ഭീമരെ! (2)

ശത്രുഭിഭൂതർ കെല്പുറ്റ നാഥങ്കൽപ്പോ-
ലെത്തുമേ, നമ്മളിലൻപോടവർ!
അഗ്നിപോലേ കർമ്മി, നീ മരുദ്വർഗ്ഗമേ;
ദുർഗ്രഹം, ക്രുറ്റന്റെ പൈപോലെ നീ! (3)

ദുഷ്പ്രീഡ്യരായ ഹയങ്ങൾപോലോ,ജസ്സാ-
ലപ്രയാസേന കൊൽവോരാമവർ
വായ്പുറ്റിരയ്ക്കുന്ന നീരണിമേഘത്തെ-
ക്കീഴ്പ്പോട്ടയയ്ക്കുന്ന, പോക്കുകളാൾ! (4)

പേർത്തെഴുന്നേല്ക്കുവിൻ: തിട്ടമിസ്തോത്രത്താ-
ലാദ്രരായ്ത്തീർന്ന മരത്തുക്കളേ,
വായ്ക്കുമപൂർവകരാകിയ നിങ്ങളെ, –
ഗ്ഗോക്കളെപ്പോലെ വിളിയ്ക്കുന്നോൻ, ഞാൻ! (5)

പൂട്ടുവിൻ, തേരിന്ന പെൺകുതിരകളെ;
പ്പൂട്ടുവിൻ, തേരിൽച്ചെമ്മാന്മകളെ.
പൂട്ടുവിൻ, മുന്നിൽ, പ്രവേഗഹരികളെ-
പ്പൂട്ടുവിൻ, മുന്നിൽ വൻവോഢാക്കളെ! (6)

പാരം ചിനയ്ക്കുമാ രോഹിതവാജിയെ-
ച്ചാരുവായ്പ്പൂട്ടിക്കഴിഞ്ഞുവല്ലോ;
ഈ രഥ്യം യാത്രയിൽ നിങ്ങളെ വൈകിയ്ക്കൊ –
ല്ലേ; – റിത്തെളിപ്പിൻ, മരുത്തുക്കളേ! (7)

യാതൊന്നിൽ വാണിതോ, ദ്രുവെള്ളമേന്തിയ
രോദസി മാരുതസംയുതയായ്;
ആഹാരകാംക്ഷിയാമമ്മരുൽത്തേരിനെ-
യാഹ്വാനംചെയ്യുക, നമ്മളിപ്പോൾ! (8)

ആരിലർച്ചിയ്ക്കപ്പെടുന്നു, സുജാതയായ്-
സ്സാരസൌഭാഗ്യയാം രുദ്രപത്നി;

തേരിൽത്തിളങ്ങുമാ സ്തുത്യർഹരാം ഭവാ-
ന്മാരെ വിളിപ്പൂ, ഞാൻ മാരുതരേ! (9)

## കുറിപ്പുകൾ: സൂക്തം 56.

1. ശ്രീ = ശോഭ.
2. അബ്ഭീമരെ – കാലവിളംബം സഹിയ്ക്കായ്കയാൽ ഘോരാകാരരായിത്തീർന്ന മരുത്തുക്കളെ. കൈ വളർത്താലും – ഹവിസ്സു കൊണ്ടുകൊടുത്ത്.
3. ശത്രുഭിഭ്രുതർ (ശത്രുക്കളാൽ തോല്പിയ്ക്കപ്പെട്ടവർ) സ്വാമിയുടെ അടുക്കലെയ്ക്കു പായുമല്ലോ; അതുപോലെ, അവർ (മരുത്തുക്കൾ) നമ്മുടെ അടുക്കൽ വന്നെത്തും. ഉത്തരാർദ്ധം പ്രത്യക്ഷോക്തി: കർമ്മി = കർമ്മത്തോടുകൂടിയത്. കുറ്റന്റെ – വിത്തുകാളയുടെ സമീപത്തു നില്ക്കുന്ന പയ്യിനെ എളുപ്പത്തിൽ പിടിയ്ക്കവയ്യല്ലോ; അതുപോലെ ദുർഗ്രഹമാകുന്നു, മരുദ്വർഗ്ഗം.
4. ദുഷ്പീഡ്യർ = എളുപ്പത്തിൽ പീഡിപ്പിയ്ക്കാവതല്ലാത്ത. കൊൽവോർ – ശത്രുക്കളെ. പോക്കുകളാൽ (ഗമന ങ്ങൾകൊണ്ട്) കീഴ്പോട്ടയയ്ക്കുന്ന – മഴ പെയ്യാൻ.
5. തിട്ടം – ഈ സ്തോത്രം നിങ്ങളെ ആർദ്രരാക്കിയിരിയ്ക്കും. അപൂർവകർ – പൂർവകൻ (മുൻ ജനിച്ചവൻ) ഇല്ലാത്തവർ. ഗോക്കളെപ്പോലെ – പൈക്കളെ സമീപത്തെയ്ക്കു വിളിയ്ക്കുന്നതുപോലെ.
6. പെൺകുതിരകളെയോ മറ്റോ തേരിന്മുമ്പിൽ പൂട്ടുവിൻ – ഇങ്ങോട്ടു പോരുവാൻ. പ്രവേഗഹരികൾ = വേഗമേടിയ. രണ്ടു ഹരികൾ. വൻവോഢാക്കൾ = വലിയ വോഢാക്കൾ, ഭാരവഹനകുശലരായ ഹരികൾ. മൂന്നാംപാടത്തിന്റെ ആർവത്തനമാണ്, നാലാംപാദം.
7. രോഹിതവാജി = ചെംകുതിര. ചാരുവായ് – ഭംഗിയിൽ. രഥ്യം = തേർക്കുതിര.
8. രോദസി – രുദ്രപത്നി. ആഹാരകാംക്ഷി = അന്നേച്ഛു
9. ആരിൽ – യാവചിലരുടെ ഇടയിൽ.

## സൂക്തം 57.

ശ്യാവാശ്വവൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; മരുത്തുക്കൾ ദേവത. (കേക)

ഇന്ദ്രനൊത്തൊ,പ്പം പ്രീതി പൂണ്ടു തദ്രുജർ നിങ്ങൾ
വന്നാലും, ക്രതുവിന്നായ്ക്കാഞ്ചനത്തേരിൽക്കേറി:
നിങ്ങളെക്കാമിയ്ക്കുന്നു, ഞങ്ങൾതൻ സ്തുതിയിതു;
നിങ്ങളെത്തൃഷാർത്തന്നു, നല്കി, ദിവ്യാംഭസ്സല്ലോ! (1)

വില്ല,മ്പും, ചുരിക, കയ്യുളി, ബാണധിമുമ്പാം
നല്ല ഹേതിയും, നല്ലശ്വങ്ങളും, നൽത്തൃത്തേരും
ഉള്ളവരല്ലോ: മരുത്തുക്കളേ, വരികി,ങ്ങു
വെള്ളത്തിനു,ൾക്കെല്ലേറും പൃശ്നിപുത്രരേ, നിങ്ങൾ! (2)

നിങ്ങൾ കുട്ടുന്നു, കർമ്മിയ്ക്കർത്ഥവും, വാനിൽക്കാറും;
നിങ്ങൾതൻ പോക്കിൽപ്പേടിച്ചഞ്ചുന്നു, വിപിനങ്ങൾ;
തുള്ളിപ്പു, ധരണിയെപ്പൃ,ശ്നിപുത്രരേ, നീർക്കയ്-
പ്പുള്ളിമാൻകളെപ്പൂട്ടുമൂർജ്ജിതന്മാരാം നിങ്ങൾ! (3)

വന്മഹസ്സാളും വർഷദായികൾ മരുത്തുക്ക-
ളുന്മഥിതാക്കളി,രട്ടകൾപോലേകാകാരർ,
ചെമ്മഞ്ഞക്കുതിരകളുള്ളവര,നവദ്യർ,
കമ്രാംഗർ, മഹത്ത്വത്താൽ വാനിന്റെ വിരിവുറേറാർ. (4)

ജാത്യൈവ സുജാതൻ, ഭ്രര്യദകർ, മാറത്താരം
ചാർത്തിയോർ, ചമഞ്ഞവർ, സുദാനരൊളിപൂണ്ടോർ,
ഹാനിവർജ്ജിതധനർ, പൂജാർഹർ നേടിക്കൊണ്ടോർ,
വാനിൽനിന്നുപാഗമിച്ചമൃതഹവിസ്സിനെ. (5)

തോൾകജിലുണ്ടു, മരുത്തുക്കളേ, ചുരികകൾ;
കൈകജിൽ നിങ്ങാക്കുണ്ടു, ധൃഷ്ണവാമോജോബലം;
തേർകളിലുണ്ടു,സ്ത്രങ്ങൾ; തലയിൽപ്പൊൻതൊപ്പിയും;
മൈകളിൽ മരുവുന്നു, നിങ്ങൾക്കു തേജസ്സെല്ലാം! (6)

പൊന്നുമശ്വവും ഗോവും തേർ സുവീരരും വായ്ക്കു-
മന്നമെങ്ങൾക്കു മരുത്തുക്കളേ, തന്നീടുവിൻ;
ഞങ്ങൾക്കു സമൃദ്ധിയും ചേർക്കു, രുദ്രരേ, നിങ്ങൾ;
നിങ്ങൾതൻ ദിവ്യത്രാണം ഞാനനുഭവിയ്ക്കാവൂ! (7)

സൌഖ്യമെങ്ങൾക്കു മരുത്തുക്കളേ, നേതാക്കളേ,
ചേർക്കുവിൻ, മഖജ്ഞന്മാര,മൃതർ, പുരുവിത്തർ,
സത്യത്താൽ വിളിപ്പെട്ടോർ, കവികൾ, യുവാക്കന്മാ-
ര,ത്യന്തസ്തുതരേ,റ്റം നനയ്ക്കുന്നവർ നിങ്ങൾ! (8)

## കുറിപ്പുകൾ: സൂക്തം 57.

1. രുദ്രജർ = രുദ്രപുത്രർ. ആ തൃഷാർത്തൻ – ഗോതമ.
2. കയ്യുളി – ഒരുതരം ചെറിഅയ ഉളി. ബാണധി = ആവനാഴി. ഹേതി – ആയുധങ്ങൾ. വെള്ളത്തിന് – ഞങ്ങൾക്കു വെള്ളം കിട്ടാൻ. ഉൾക്കെല്പ് – മനോബലം.
3. അർത്ഥം – ധനം. തുള്ളിപ്പൂ – വൃഷ്ടികൊണ്ടു വിറപ്പിയ്ക്കുന്ന നീർക്കായ് – വൃഷ്ടിയ്ക്കുവേണ്ടി.
4. ഉന്മഥിതാക്കൾ – ശത്രുമർദ്ദനർ. ഇരട്ടകൾ – ഇരട്ടപെറ്റുണ്ടായവർ. ചെമ്മഞ്ഞക്കുതിരകൾ = ചെമന്നവയും മഞ്ഞച്ചവയുമായ കുതിരകൾ. വാനിന്റെ വിരിവുറ്റോർ = ആകാശസദൃശമായ വിസ്തീർണ്ണതയുള്ളവർ.
5. ഭൂര്യുദകർ – വളരെ വെള്ളമുള്ളവർ. ആരം = ഹാരം, മുത്തുമാല. ചമഞ്ഞവർ – മറ്റാഭരണങ്ങളുമണിഞ്ഞവർ. ഹാനിവർജ്ജിതധനർ = അക്ഷയസമ്പത്തുള്ളവർ. ഉഗമിച്ച് – യജ്ഞത്തിൽ വന്നുചേർന്ന്.
6. ഓജോബലം – രസാദിസപ്തധാതുക്കളുടെ സത്തത്രേ, ഓജസ്സ്; അതാകുന്ന ബലം. അസ്ത്രങ്ങൾ = ആയുധങ്ങൾ. എല്പാത്തേജസ്സുമുണ്ട്, നിങ്ങളുടെ ദേഹങ്ങളിൽ.
7. രുദ്രർ – രുദ്രപുത്രന്മാർ. ദിവ്യത്രാണം = ദിവ്യമായ രക്ഷ.
8. നനയ്ക്കുന്നവർ – വർഷകർ.

## സൂക്തം 58.

ശ്യാവാശ്വൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; മരുത്തുക്കൾ ദേവത. (കേക)

നീർക്കധീശരായ് സ്വയം വിളങ്ങുന്നോരാമെവർ
ശീഘ്രാശ്വസമേതരായ്യെല്ലോടേ നടക്കൊൾവൂ;
ആ മരുത്തുക്കളുടെ ദീപ്തവും നവീനവു-
മാകുമിഗ്ഗണത്തെത്താനിന്നു ഞാൻ സ്തുതിയ്ക്കുന്നേൻ. (1)

കൈകളിൽ വളയിട്ടു കാന്തിയും കരുത്തുമാ-
ർന്നാകമ്പമുളവാക്കും ധീമത്താം ഗണത്തിനെ –
സ്വത്തും സൗഖ്യവുമേകുമമിതപ്രഭാവരാം
വിത്തവന്നേതാക്കളെ – സ്തുതിയ്ക്കു, ഹോതാവേ നീ; (2)

ഋമഴ പെയ്യിയ്ക്കുന്ന വിഭുക്കൾ, തണ്ണീരേന്തു-
മാ മരുത്തുകൾ വന്നെത്തട്ടെ, നിങ്ങളിലിപ്പോൾ:
അഗ്നിയിങ്ങിതാ, മരുത്തുക്കളേ, സമിദ്ധനായ്;
നില്ക്കുവിന,വങ്കൽ മേധാഢ്യരാം യുവാക്കളേ, (3)

അഭ്യർച്ച്യർ നിങ്ങൾ മരുത്തുക്കളേ, മനുഷ്യന്നു
വിഭ്വസൃഷ്ടനാം വെല്ലം വിഭുവെജ്ജനിപ്പിപ്പൂ:
നിങ്ങളിൽനിന്നുണ്ടാകം, വൈരിഘ്നഭുജാടോപൻ;
നിങ്ങളിൽനിന്നുണ്ടാകം, നല്ല സാശ്വനാം വീരൻ! (4)

നാൾകൾപോലെയു,മേർക്കാലുകൾപോലെഴമഭേ –
ദാകാരർ മരുത്തുക്കളുദിപ്പൂ, മഹസ്സോടേ;
വേഗമേറിയോർ പൃശ്നിപുത്രന്മാർ മിഥസ്തുല്യർ
ഋകുന്നു സ്വമനസ്സാലുദകം മഹത്തുക്കൾ! (5)

ദൃഢനേമികളായ പുള്ളിമാൻതേരുകളിൽ
നടകൊണ്ടിട്ടു,മെപ്പോൾ മരുത്തുക്കളേ, നിങ്ങൾ;
അപ്പൊഴുതുദകച്ചാർത്തുതിരു,മൊടിയും, കാ-
ട – ർക്കാംശുവൃഷം ദീപ്തം തലചായ്ച്ചലറട്ടേ! (6)

ആയാതരിവരൊരു പുളപ്പേന്തിയ ഭൂവിൽ
സ്വീയാംബു നിക്ഷേപിച്ചാർ, കണവൻ ഗർഭംപോലെ:
വേഗമേറിയ തുരംഗങ്ങളെ മുന്നിൽപ്പൂട്ടി-
ത്തുകുന്നുവല്ലോ, വേർപ്പാം വൃഷ്ടിയെ രുദ്രാത്മജർ! (7)

സൌഖ്യമെങ്ങൾക്കു മരുത്തുക്കളേ, നേതാക്കളേ,
ചേർക്കുവിൻ, മഖജ്ഞന്മാര,മൃതർ, പുരുവിത്തർ,
സത്യത്താൽ വിളിപ്പെട്ടോർ, കവികൾ, യുവാക്കന്മാ,-
രത്യന്തസ്തുത,രേറ്റം നനയ്ക്കുന്നർ നിങ്ങൾ! (8)

## കുറിപ്പുകൾ: സൂക്തം 58.

1. നീർക്കധീധശരായ്=വെള്ളത്തിന്റെ ഉടമകളായി.
2. ആകമ്പമുളവാക്കും–എന്തിനെയും ഇളക്കുന്ന. വിത്തവന്നേതാക്കൾ–ധനം വളരെയുള്ള നേതാക്കൾ, മരുത്തുക്കൾ.
3. ഉത്തരാർദ്ധം പ്രത്യക്ഷോക്തി: അവങ്കൽ–അഗ്നിയുടെ അടുക്കൽ.
4. വിഭ്വസൃഷ്ടൻ=കരകൌശലമേറിയ വിഭ്വാവിനാൽ (ഋഭുക്കൾ മൂവ്വരിൽ മധ്യമൻ) നിർമ്മിയ്ക്കപ്പെട്ടവൻപോലെ സുരൂപൻ. വിഭു–സ്വാമി. സുരൂപനും വിജയിയും ഭരണകർത്താവുമായ പുത്രനെ നിങ്ങൾ മനുഷ്യന്നു നല്കും. ഉത്തരാർദ്ധത്തിൽ. എടുത്തു പറയുന്നു:
5. ദിവസങ്ങളെല്ലാം ഒരേമട്ടിലാണ്; വണ്ടിച്ചക്രത്തിന്റെ ഏർക്കാലുകളും ഒരേ വടിവിൽത്തന്നെ. അതുപോലെ, അഭേദാകാര(ഏകരൂപ)രായ മരുത്തുക്കൾ മഹസ്സോടേ (തേജസ്സോടുകൂടി) ഉദിപ്പൂ, ആവിർഭവിയ്ക്കുന്നു. മിഥസ്തുല്യർ=പരസ്പരം സദൃശർ.
6. ദൃഢനേമികളായ=ഉരുൾച്ചുറ്റിന്നുറപ്പുള്ള. ദീപ്തമായ (തിളങ്ങുന്ന) അർക്കാംശുവൃഷം (പർജ്ജന്യൻ) തലചായ്ച്ച് (കീഴ്പോട്ടു നോക്കി) അലറട്ടെ–മഴയ്ക്കായി ഇടി മുഴക്കട്ടെ.
7. ആയാതർ=വന്നവർ. സ്വീയാംബു–സ്വന്തം ജലം. കണവൻ ഗർഭംപോലെ–ഭർത്താവു ഭാര്യയിൽ ഗർഭാധാനം ചെയ്യുന്നതുപോലെ. വേർപ്പ്=വിയർപ്പ്.

## സൂക്തം 59.

ശ്യാവാശ്വൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; മരുത്തുക്കൾ ദേവത. (കേക)

നിങ്ങൾക്കു ലഭ്യം നല്കാൻ വാഴ്ത്തുന്നു ഹോതാവ;-ർച്ച-
യങ്ങു ചെയ്യുക വാനിന്നൂഴിയെ സ്തുതിപ്പാൻ, ഞാൻ.
ഋകുന്നു തണ്ണീര,ന്തരിക്ഷത്തിൽച്ചരിയ്ക്കുന്നു;
കാർകളോടിടചേർത്തീടുന്നു, തൻതേജസ്സവർ. (1)

ഇന്നേതാക്കൾതൻ കെല്പിൽപ്പേടിച്ചു തുള്ളും, പൃത്ഥ്വി,
വൻനിറവഞ്ചി വലഞ്ഞുലഞ്ഞു പോകുംപോലേ!
ദൂരത്തു കാണായ്വതുമെങ്കിലും ഗതിജ്ഞേയ-
ന്മാരിവർ മദ്ധ്യേ യതിയ്ക്കുന്നു, യജ്ഞാന്നത്തിന്നായ്. (2)

മോടികൂട്ടുന്നു, നിങ്ങൾ പൈക്കൊമ്പുപോലേ; വൃഷ്ടി-
മോചനത്തിനു സൂര്യൻപോലക്ഷി തുറക്കുന്നു;
സുന്ദരരശ്വങ്ങൾപോലോട്ടുവോർ നിങ്ങൾ, നര-
രെന്നപോലുണരുന്നു, നല്പിനായ് നേതാക്കളേ! (3)

ആരെത്തും പെരിയോരാം നിങ്ങൾതൻ പെരുമയി?-
ലാർ നുതികളി?-ലാർതാൻ മരുത്തുക്കേ, കെല്പിൽ?
മന്നിനെ മയൂഖത്തെപ്പോലെ പാറിപ്പൂ, നിങ്ങൾ;
തണ്ണീരും വഹിയ്ക്കുന്നു, വേണ്ടതു കൊടുക്കാനായ്! (4)

അശ്വങ്ങൾപോലേ; ദീപ്തര,ന്യോന്യപ്രണയികൾ;
നൽശ്ശൂരഭടർപോലേ പൊരുവോര,ന്നേതാക്കാൾ;
വളരും നരർപോലേ ശരിയായ് വളർന്നവർ;
വലിയ മഴകൊണ്ടേ സൂര്യന്റെ കൺ പൊത്തുന്നോർ! (5)

മൂപ്പുമില്ലി,ളപ്പവുമില്ലൊ,രേനിലയിൽത്താൻ
വായ്പു പൂണ്ടരുളുന്നു, തേജസ്സാൽപ്പിളർത്തുവോർ;
പിറപ്പാൽസ്സുജാതന്മാർ, പൃശ്നിജർ, നരഹിതർ
വരുവിൻ, വാനിങ്കൽനിന്നെങ്ങൾതൻ ചാരേ നിങ്ങൾ! (6)

വരിവെച്ചവർ പറക്കുന്നു, പക്ഷികൾക്കൊപ്പ,
മരുണപ്രാന്തങ്ങളിൽത്തുംഗശൃംഗത്തിൻചുറ്റും;
ഇരുകൂട്ടരും തേറുമാറ,വരുടെയശ്വ-
പ്പുരിഷ പൊഴിയ്ക്കുന്നു, മേഘത്തിൻ ജലങ്ങളെ! (7)

സ്വസ്ഥയാം ദ്യോവു നമുക്കേകുൽപത്തിസുഖം!
ചിത്രവർണ്ണങ്ങൾ വിരിച്ചുഷസ്സു വന്നെത്തട്ടേ!
ത്വൽസ്തുതിയാലീ രുദ്രപുത്രരാം മരുത്തുക്ക-
ളത്ര ഋകിടുമല്ലോ, ദിവ്യമാം ജലമൃഷേ! (8)

## കുറിപ്പുകൾ: സൂക്തം 59.

1. ആദ്യകാവ്യം പ്രത്യക്ഷോക്തി: ലഭ്യം = ലഭിയ്ക്കേണ്ടത്, ഹവിസ്സ്. അർച്ചയങ്ങു ചെയ്യുക വാനിന്ന് – ഹോതാവേ, അങ്ങ് വാനിന്ന് അർച്ച (സ്തുതി) ചെയ്യുക; ഞാൻ ഊഴിയെ സ്തുതിയ്ക്കാം. അവർ – മരുത്തുക്കൾ.
2. വൻനിറവഞ്ചി – നിറയെ ചരക്കു കേറ്റിയ തോണി. ഗതിജ്ഞേയന്മാർ = ഗമനംകൊണ്ട് അറിയപ്പെടേണ്ടവർ. മധ്യേ – വാന്നൂഴികൾക്കിടയിൽ, യജ്ഞാന്നത്തിന്നായ് – ഹവിസ്സു ഭുജിപ്പാൻ.
3. പൈക്കൊമ്പുപോലേ – ഗോക്കളുടെ കൊമ്പത്ത് ആഭരണമണിയാറുണ്ടല്ലോ. വൃഷ്ടിമോചനം = വർഷണം. സൂര്യൻപോലെ – സൂര്യൻ തേജസ്സു പുറപ്പെട്ടുവിയ്ക്കുന്നതുപോലെ. അക്ഷി = കണ്ണ്. നല്പിനായ് = നന്മയ്ക്കായ്, നല്ല കർമ്മങ്ങൾ ചെയ്വാൻ.
4. നിങ്ങളുടെ പെരുമ(മഹിമ)യോ, നതിയോ, കെല്പോ ആർക്കും പ്രാപ്യമല്ല. മയൂഖത്തെപ്പോലെ – മഴയ്ക്കു രശ്മിയെ പാറിയ്ക്കുന്നതുപോലെ, മന്നിനെയും പാറിയ്ക്കുന്നു. വേണ്ടത് – നേടേണ്ടത്, ധനം.
5. അശ്വങ്ങൾപോലേ – ശീഘ്രഗാമികൾ. പൊരുവോർ – ശത്രുക്കളോടു പൊരുതുന്നവർ. വളരും നരർപോലെ – മനുഷ്യർ സ്വപ്രയത്നത്താൽ വളർച്ചനേടുമല്ലോ. കൺ – തേജസ്സ് എന്നർത്ഥം. വർഷാകാലത്തു സൂര്യതേജസ്സു മറയുമല്ലോ.
6. മൂത്തവൻ, ഇളയവൻ, എന്ന വ്യത്യാസം മരുത്തുക്കളിലില്ല; ഒരേപ്രായക്കാരാണെല്ലാവരും. പിളർത്തുവോർ – ശത്രുക്കളെ. തേജസ്സാൽ വായ്പു പൂണ്ടരുളുന്നു – വർദ്ധിയ്ക്കുന്നു. ഉത്തരാർദ്ധം പ്രത്യക്ഷോക്തി:
7. അരുണപ്രാന്തങ്ങളിൽ – സൂര്യന്റെ പരിസരങ്ങളിൽ. തുംഗശൃംഗം – ഉയർന്ന ആകാശമണ്ഡലം. ഇരുകൂട്ടരും – ദേവകളും മനുഷ്യരും.
8. സ്വസ്ഥയാം – അസുഖമൊന്നുമില്ലാത്ത. ഉൽപത്തിസുഖം – പ്രജോപാദനത്തിന്നു വേണ്ടുന്ന സുഖം. ചിത്രവർണ്ണങ്ങൾ = വിവിധനിറങ്ങൾ. സ്തോതാവിനെ യജമാനൻ അനുമോദിയ്ക്കുന്നതാണിത്.

## സൂക്തം 60.

ശ്യാവാശ്വൻ ഋഷി; ത്രിഷ്ടപ്പും ജഗതിയും ഛന്ദസ്സുകൾ; അഗ്നി-മരുത്തുകൾ ദേവത. (കാകളി)

വന്ദിച്ചു വാഴ്ത്തുവൻ, രക്ഷിയാമഗ്നിയെ:
വന്നു കേൾക്കട്ടേ, നമുക്കായ്ക്കൃതമവൻ.
ആരചിയ്ക്കാം, വലംവെച്ച,ന്നകാംക്ഷിയാം
തേരുപോലുള്ള മരുൽസ്തോത്രവുമിവൻ: (1)

ഈ രുദ്രജർ മരുത്തുക്കൾ സുഖങ്ങളാം
പേരുറ്റ പുള്ളിമാൻതേർകളിൽക്കേറുവോർ –
കാടും കുനിയുന്നു, നിങ്ങളെപ്പേടിച്ചു;
മാടും വിറയ്ക്കുന്നു, മന്നും കരുത്തരേ! (2)

വന്മലയും നടുങ്ങുന്നു; വിറയ്ക്കുന്നു,
വിണ്ണുകൾബ്ഭാഗവും നിങ്ങൾതൻ ചീറ്റലിൽ.
വാൾകളേന്തി വിളയാടുന്ന നിങ്ങൾ, ത-
ണ്ണീർകൾപോലൊന്നിച്ചു പായുന്നു, രൌദ്രരേ! (3)

പൊന്നാൽ,ജ്ജലത്താലലംകരിച്ചാരുടൽ,
ധന്യർ വരർപോലെ, ശോഭനന്മാരിവർ –
കെല്പർ മോടിയ്ക്കായ്, രഥങ്ങളിലേറിവാ-
ണൊപ്പം തിരുവുടലുജ്ജ്വലമാക്കിനാർ! (4)

മൂപ്പിളപ്പങ്ങളില്ലാതേ സുഭഗരായ്
വായ്പുകൊണ്ടാരീ,സ്സഗർഭ്യർ മരുത്തുകൾ:
അച്ഛൻ യുവാവാം സുകർമ്മാവു രുദ്രനും
പൃശ്നിഗോവുമിവർക്കേകീ, സുവാസരം! (5)

ദ്യോവിൽ നടുക്കോ, ചുവട്ടിലോ മീതെയോ
വാഴ്‌വൂ, സുഭഗരായ് നിങ്ങൾ മരുത്തുകൾ;
അങ്ങുനിന്നിങ്ങെഴുന്നള്ളുവിൻ, രുദ്രരേ;
ഞങ്ങളഗ്നേ, ഇതാ, ഹവ്യം തരുന്നു, തേ! (6)

വിണ്ണിലത്യുച്ചത്തിൽ വാഴ്‌വൂ, മരുത്തുക്കൾ
വിശ്വജ്ഞർ നിങ്ങളുമഗ്നിയും തുഷ്ടരായ്
ആ വിറപ്പിയ്ക്കുന്ന നിങ്ങൾ പിഴിഞ്ഞ യ-
ഷ്ടാവിന്നു, മാറ്ററെത്തിന്നേ,കുവിൻ, വരം! (7)

സ്തുത്യർ, ചരിഷ്ണുക്കൾ, പാവകർ, സംഘമായ്
വർത്തിച്ചുലകം കുളിർപ്പിയ്ക്കുമുജ്ജ്വലർ –
അമ്മരുത്തുക്കളൊത്തിസ്സോമമുൺക, നീ
മുന്മട്ടിലാജി വൈശ്വാനരാഗ്നേ, മുദാ! (8)

## കുറിപ്പുകൾ: സൂക്തം 60.

1. നമുക്കായ് – നമുക്കുവേണ്ടി കേൾക്കട്ടേ. കൃതം – ഉണ്ടാക്കപ്പെട്ട സ്തോത്രം.
2. സുഖങ്ങൾ = നല്ല ദ്വാരങ്ങളോടുകൂടിയവ. ഉത്തരാർദ്ധം പ്രത്യക്ഷകഥനം; മാടും – മലപോലും.
3. ചീറ്റൽ = ഇരമ്പം. തണ്ണീർകൾപോലെ – വെള്ളം ഊക്കിൽ ഒഴുകുന്നതുപോലെ. വാൾകൾ – ചുരികകൾ. രൗദ്രർ, മരുത്തുക്കൾ.
4. ധന്യർ – ധനവാന്മാർ. വരർ = വിവാഹോദ്യുക്തന്മാർ. ഇവർ ആഭരണമണിയുമല്ലോ; അതുപോലെ, ശോഭനന്മാരായ ഇവർ (മരുത്തുക്കൾ) പൊന്നുകൊണ്ടും ജലംകൊണ്ടും ദേഹം അലംകരിച്ചു. ഇതുതന്നെ ഉത്തരാർദ്ധത്തിൽ എടുത്തുപറയുന്നു. പൊന്ന് എന്നതു, വിദ്യുത്ത് എന്ന ആഭരണങ്ങളത്രേ.
5. സഗർഭ്യർ – അന്യോന്യം സഹോദരർ. പൃശ്നിഗോവ് – അമ്മയായ പൃശ്നി എന്ന ഗോവ്. സുവാസരം ഏകി – ഇവരെ സുഖിതരാക്കി എന്നു സാരം.
6. പ്രത്യക്ഷോക്തി: രുദ്രരേ – രുദ്രപുത്രന്മാരേ. തേ = അങ്ങയ്ക്ക്.
7. അത്യുച്ചത്തിൽ – അത്യുന്നതസ്ഥാനത്ത്. പിഴിഞ്ഞ യഷ്ടാവിന്ന് – സോമം പിഴിഞ്ഞ യജമാനന്ന്. മാറ്ററെത്തിന്ന് – ശത്രുക്കളെ മുടിച്ച്. വരം = ശ്രേഷ്ഠവസ്തു, ധനം.
8. കുളിർപ്പിയ്ക്കുന്ന – മഴകൊണ്ട്. ഉൺക = ഭുജിച്ചാലും.

## സൂക്തം 61.

ശ്യാവാശ്വൻ ഋഷി; ഗായത്രിയും അനുഷ്ടുപ്പും സതോബൃഹതിയും ഛന്ദസ്സുകൾ; മരുത്തുകൾ ദേവത.

ആരുവാന,തിദൂരത്തുനിന്നോരോരുത്തരായ് ക്രമാൽ
വന്നുചേരുന്ന നേതാക്കന്മാരാം നിങ്ങൾ വരിഷ്ഠരേ? (1)

എങ്ങശ്വ?-മെങ്ങു കടിഞാൺ? കെല്പെന്തു? നടയെങ്ങനെ?
ജീൻ വെച്ചിട്ടുണ്ടു, മുതുകിൽ;ക്കയറുണ്ടി,രുമൂക്കിലും; (2)

ചമ്മട്ടിയും വയറ്റത്തു; നേതാക്കൾ തുട രണ്ടുമേ
കവച്ചുവെച്ചിരിയ്ക്കുന്നു, കുഞ്ഞിന്നായ് മാതർപോലവേ. (3)

തിരിച്ചുവരുവിൻ, മർത്ത്യഹിതരാകിയ വീരരേ,
തിയ്യിൽപ്പഴുപ്പിച്ചവപോലുള്ള നിങ്ങൾ സുജാതരേ! (4)

ശ്യാവാശ്വസ്തുതനാം വീരന്നായിട്ടാർ കൈകൾ പൊക്കിയോ;
അവൾ തന്നിതു, നൂർന്നൂറു കുറിയാടശ്വഗോക്കളെ! (5)

അത്രയല്ലൊ,രു പെണ്ണാകുമശ്ശശീയസിതന്നെയാം,
ലുബ്ധാലുമ്പരെ നമ്പാത്തൊരാണിനെക്കാൾ മികച്ചവൾ: (6)

നോവാർന്നോനെയു,മാശിപ്പോനെയും, ദാഹിയ്ക്കുവോനെയും
ശരിയ്ക്കറിയുവോളല്ലോ, ദേവാർപ്പിതമനസ്സവൾ! (7)

തൻപാതിയാം പുരുഷനെ സ്തുതിച്ചിട്ടില്ലയെന്നുതാൻ
ചൊൽവു, സ്തോതാവു ഞാൻ: വീരനേ,വർക്കും നല്കുവോന,വൻ! (8)

പേർ വായ്ച്ച വിപ്രപുരുമീള്ഹങ്കലെയ്ക്കുള്ള മാർഗ്ഗവും
കാട്ടീ, ശോണാശ്വരഥനാം ശ്യാവന്നത്തയ്യലാൾ മുദാ! (9)

നൂറു ധേനുക്കളെയെനിയ്ക്കേകിനാൻ വൈദദശ്വിയും,
തരന്തനെന്നവിധമേ, തരംചേർന്ന ധനത്തെയും! (10)

ഇപ്പോൾ, മത്തേകിടും സോമം കുടിച്ചാ,ശ്രുഹയങ്ങളാൽ
വഹിയ്ക്കപ്പെട്ടിട്ടുമിവരിങ്ങു കീർത്തി പരത്തിനാർ. (11)

വാനൂഴിയിവർതൻ ശ്രീയിലാണു നില്പി:-വർ തേർകളിൽ
ശോഭിച്ചരുളുവോരല്ലോ, സൂര്യൻ വാനത്തുപോലവേ! (12)

ആ യുവാവാം മരുത്സംഘം തിളങ്ങുന്ന രഥങ്ങളിൽ
ശുഭമായെഴുനള്ളുന്നു, സ്തുത്യർഹം തടവെന്നിയേ! (13)

ആരറിഞ്ഞു, നിരഘരായ് വിറപ്പിപ്പവരാമിവർ
യജ്ഞസഞ്ജാതരധുനാ മത്തടിയ്ക്കുമിടത്തിനെ? (14)

സ്തോത്രതൽപരരേ, നിങ്ങൾ കൊണ്ടാക്കുന്നു മനുഷ്യനെ,
യജ്ഞങ്ങളിൽച്ചെവിക്കൊണ്ടീയൊരനുഗ്രഹബുദ്ധിയാൽ! (15)

ഇമ്പപ്പെടുത്തും സ്വത്തേറ്റമുടയോരേ, മഖാർഹരേ,
ആ നിങ്ങൾ മാറ്ററെത്തിന്നു ഞങ്ങൾക്കേകുന്നു, നന്മതൽ! (16)

'ഈയെൻസ്തോത്രത്തെ – വചനങ്ങളെ – ദ്ദേവി, വിഭാവരി,
നേരിട്ടെത്തിയ്ക്ക, ദാല്ഭ്യങ്കലൊ,രു തേരാളിപോലെ നീ! (17)

ചൊല്കയും ചെയ്ക, യജ്വാവാം രഥവീതിയൊടെന്മൊഴി:
'തെല്ലും കുറഞ്ഞുപോയിട്ടില്ലെ,ന്റെ കാമമിതെ'ന്നു നീ!' (18)

ഇതാ, വസിച്ചുപോരുന്നു, രഥവീതി മഹാധാധൻ
പർവതത്താഴ്വരകളെ പ്രാപിച്ചാ,റ്റിൻതടങ്ങളിൽ! (19)

## കുറിപ്പുകൾ: സൂക്തം 61.

1. പണ്ട്, ദല്ഭഗോത്രനായ രഥവീതിരാജാവിനാൽ യജ്ഞത്തിൽ ഋത്വിക്കായി വരിയ്ക്കപ്പെട്ട അർച്ചനാനസ്സ് എന്ന ആത്രേയനായ ഋഷി രാജാവിന്റെ കന്യകയായ മകളെ സ്വപുത്രനായ ശ്യാവാശ്വനെക്കൊണ്ടു വേൾപ്പിച്ചാൽക്കൊള്ളാമെന്നപേക്ഷിച്ചു. രാജാവു ഭാര്യയോട് അഭിപ്രായം ചോദിച്ചു; ഋഷിയല്ലാത്തവന്നു മകളെ കൊടുത്തുകൂടാ എന്നായിരുന്നു, രാജ്ഞിയുടെ ഉറച്ച മറുപടി. അതിനാൽ രഥവീതി അർച്ചനാനസ്സിന്റെ അഭർത്ഥന നിരസിയ്ക്കയാണ്, ചെയ്തത്.

   രാജകന്യകയിൽ രാഗമിയന്ന ശ്യാവാശ്വനാകട്ടേ, തപസ്സുചെയ്ത് ഋഷിത്വം നേടാൻ നിശ്ചയിച്ചു. ആ ബ്രഹ്മചാരിയുവാവു ഭിക്ഷാടനത്തിന്നിടയിൽ, തരന്തനെന്ന രാജാവിന്റെ മഹിഷിയായ ശശീയസിയുടെ അടുക്കൽ ചെന്നു. ആ രാജ്ഞി ഭർത്താവിന്റെ അനുമതിയോടേ ഒരു പൈക്കൂട്ടത്തെയും ആഭരണങ്ങളും ശ്യാവാശ്വന്നു കൊടുത്തു; തരന്തനും സ്വയം ധനം നല്കി, ശ്യാവാശ്വനെ സ്വാനുജനായ പുരുമീള്ഹന്റെ അടുക്കലെയ്ക്കു ഭിക്ഷയ്ക്കയച്ചു: അങ്ങോട്ടു വഴി കാട്ടിക്കൊടുത്തതു, ശശീയസിതന്നെയാണ്!

   വഴിയിൽവെച്ചു, ഭാഗ്യവശാൽ ശ്യാവാശ്വൻ മരുത്തുക്കളെ കണ്ടെത്തി: ഉടനേ അദ്ദേഹം സംഭ്രമിച്ചു കോൾമയിർക്കൊണ്ടു വീണവണങ്ങി, തൊഴുത്, അവരെ സ്തുതിച്ചു. അവർ പ്രസാദിച്ച് അഭിമതമെല്ലാം നല്കുകയും ചെയ്തു.

   അങ്ങനെ ഋഷിത്വം പ്രാപിച്ചു തിരിച്ചെത്തിയ ശ്യാവാശ്വന്നു പത്നീസഹിതനായ രഥവീതി സസന്തോഷം മകളെ കൊടുത്തു.

   ഈ കഥയാണ്, ഈ സൂക്തത്തിലെ വിഷയം.

   മരുത്തുക്കളെ കണ്ടിട്ടു ശ്യാവാശ്വൻ ചോദിയ്ക്കുന്നു:

2. മുതുകിൽ – അശ്വങ്ങളുടെ പുറത്തു ജീനിയുണ്ട്, മൂക്കിൻതുളകളിൽ കയറും.
3. വയറ്റത്തു ചമ്മട്ടിയുമുണ്ട്. കുഞ്ഞിന്നായ് – പുത്രോത്പാദനപ്രയോജനമായ സംഭോഗത്തിന്നായി.
4. തീയ്യിൽപ്പഴുപ്പിച്ചവപോലുള്ള – തീയ്യിൽച്ചുട്ടു ചെമ്പും മറ്റുംപോലെ തിളങ്ങുന്ന.
5. വീരന്നായിട്ട് – വീരനായ തരന്തനെ പൂണരാൻ, അവൾ – ശശീയസി.
6. ലുബ്ധലുബ്ധരെ നമ്പാത്ത – ധനമുണ്ടെങ്കിലും, പിശുക്കുമൂലം ദേവകളെ പൂജിയ്ക്കാത്ത.
7. അറിയുവോൾ – അറിഞ്ഞു സഹായിയ്ക്കുന്നവൾ, ദേവാർപ്പിതമനസ്സ് – മനസ്സു ദേവന്മാരിൽ വെച്ചവൾ.
8. സ്തുതിച്ചിട്ടില്ല എന്നുതന്നെ ഞാൻ പറയുന്നു: എത്ര സ്തുതിച്ചാലും തരന്തന്റെ ഗുണങ്ങൾ തീരില്ല.
9. വിപ്രൻ = മേധാവി. ശ്യാവനെ (ശ്യാവാശ്വനെ) ശോണാശ്വരഥത്തിൽ (ചെംകുതിരത്തേരിൽ) കേറ്റിയതും, അത്തയ്യലാൾ (യുവതിയായ ശശീയസി) തന്നെ.

10. വൈദദശ്വി – പുരുമീള്ഹൻ. തരംചേർന്ന തക്കതായ, കാമ്യമായ,

11. ഇവർ – മരുത്തുക്കൾ. സോമം – വഴിയാത്രയിൽ കുടിപ്പാൻ എടുത്തിരുന്നത്.

12. വാനൂഴി = വാനും ഉഴിയും. ശ്രീ = ശോഭ.

14. വിറപ്പിപ്പവർ – ശത്രുക്കളെ. യജ്ഞസഞ്ജാതർ-യജ്ഞത്തിൽ ജനിച്ച(ആവിർഭവിച്ച)വർ. അധുനാ = ഇപ്പോൾ.

15. ചെവിക്കൊണ്ട് – വിളികേട്ട്. കൊണ്ടാക്കുന്നു – സ്വർഗ്ഗദിസ്ഥാനങ്ങളിൽ.

17. ശ്യാവാശ്വൻ രാത്രിയെ രഥവീതിയുടെ അടുക്കലെയ്ക്കു ദൂതിന്നയയ്ക്കുന്നു: ദാല്ഭ്യൻ – രഥവീതി

18. 'ഞാൻ ഇപ്പോഴും ഭവാന്റെ പുത്രിയെ കാമിയ്ക്കുന്നവൻതന്നെ.'

19. മകളെ ശ്യാവാശ്വന്നു കൊടുത്തിട്ടു കൃതാർത്ഥനായ രഥവീതി തപസ്സിന്നു ഹിമാലയത്തിലെയ്ക്കു പോയി.

## സൂക്തം 62.

ആത്രേയൻ ശ്രുതവിത്ത് ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്: മിത്രാവരുണന്മാർ ദേവത.

യാതൊന്നിൽ അശ്വങ്ങൾ മോചിപ്പിയ്ക്കപ്പെടുന്നുവോ; യാതൊന്നിൽ ആയിരം ഒന്നിച്ചു സ്ഥിതിചെയ്യുന്നുവോ; ദേവശരീരങ്ങളിൽ ശ്രേഷ്ഠം, യാതൊന്നോ; നിങ്ങളിരുവരുടെ ആ സൂര്യമണ്ഡലം ജലാച്ഛാദിതവും ശാശ്വതവുമാണെന്നു ഞാൻ കണ്ടിരിയ്ക്കുന്നു! (1)

മിത്രാവരുണന്മാരേ, നിങ്ങളുടെ മഹത്ത്വം ശോഭനംതന്നെ: നിലച്ച വെള്ളത്തെ ദിവസങ്ങൾകൊണ്ടു കറക്കുന്ന സഞ്ചാരിയായ സവിതാവിന്റെ രശ്മികളെയെല്ലാം നിങ്ങൾ വളർത്തുന്നു; നിങ്ങളുടെ ഒറ്റത്തേർ മുറയ്ക്കു ചുറ്റിനടക്കുന്നു! (2)

മിത്രാവരുണന്മാരേ, ക്ഷിപ്രപ്രദാനരായ തമ്പുരാക്കന്മാരേ, നിങ്ങൾ തേജസ്സുകൊണ്ടു ഭൂവിനെയും ദ്യോവിനെയും താങ്ങുന്നു; ഓഷധികളെ തഴപ്പിയ്ക്കുന്നു; ഗോക്കളെ തടിപ്പിയ്ക്കുന്നു. അതിന്നായി മഴ പെയ്യിയ്ക്കുന്നു! (3)

സുഖേന പൂട്ടി കടിഞ്ഞാൺ പിടിയ്ക്കപ്പെട്ട കുതിരകൾ നിങ്ങളെ ഇങ്ങോട്ടു കൊണ്ടുവരട്ടെ: ജലത്തിന്റെ രൂപം നിങ്ങളുടെ കൂടെയുണ്ടാവും; പണ്ടേത്തെപ്പുഴകളും അരികത്തണയും! (4)

പുകൾപ്പെട്ട രൂപത്തെ വളർത്തുന്നവരും, യജ്ഞത്തെ മന്ത്രമെന്നപോലെ ഭൂമിയെ രക്ഷിയ്ക്കുന്നവരും, അന്നവാന്മാരും, ബലവാന്മാരുമായ മിത്രാവരുണന്മാരേ, നിങ്ങൾ യാഗസ്ഥലത്തു പള്ളിത്തേരിലിരുന്നരുളുന്നു ! (5)

പരമരക്ഷകരായ മിത്രാവരുണന്മാരേ, നിങ്ങൾ യാഗസ്ഥലത്ത് ആരെ പരിപാലിയ്ക്കുമോ, ആ സുകൃതിയിൽ ദുഷ്ടകൾ പിശുക്കു പിടിയ്ക്കില്ല: തമ്പുരാക്കന്മാരായ നിങ്ങളിരുവരും ഒപ്പം പ്രസാദിച്ചു, ധനവും ആയിരം തൂൺഗൃഹവും കൊണ്ടുവരും! (6)

ഇരിമ്പാണികളുള്ള പൊന്നൊളിപള്ളിത്തേർ വാനത്തു മിന്നൽപോലെ വിളങ്ങുന്നു! നിലത്തു മെഴുക്കാർന്ന മംഗളക്ഷേത്രത്തിൽ തൂൺ നാട്ടിക്കഴിഞ്ഞു. പള്ളിത്തേരിൻമുകളിൽ നാം സോമം വെയ്ക്കുക. (7)

വരുണമിത്രന്മാരേ, നേരം പുലർന്നു സൂര്യനുദിയ്ക്കെ, നിങ്ങൾ ഇരിമ്പാണികളുള്ള പൊന്നൊളിത്തേരിൽക്കേറുന്നു; മുറിയാത്തതിനെയും മുറിഞ്ഞതിനെയും തൃക്കൺപാർക്കുന്നു! (8)

ശോഭനദാനരേ, ഭുവനപാലകരേ, മുറിവില്ലാത്ത, മുറിയ്ക്കാവതല്ലാത്ത, മഹത്തരമായ സുഖം നല്കി, നിങ്ങൾ ഞങ്ങളെ രക്ഷിച്ചാലും; മിത്രാവരുണന്മാരേ, ധനം തേടുന്ന ഞങ്ങൾ വിജയൈഷികളായിത്തീരണം! (9)

### കുറിപ്പുകൾ: സൂക്തം 62.

1. അശ്വങ്ങൾ – മന്ദേഹരാക്ഷസരാൽ നിരുദ്ധങ്ങളായ സൂര്യാശ്വങ്ങൾ. മോചിപ്പിയ്ക്കപ്പെടുന്നുവോ – സ്തോതാക്കളാൽ. ആയിരം – രശ്മിസഹസ്രം. നിങ്ങളിരുവരുടെ – മിത്രവരുണന്മാർ വസിയ്ക്കുന്ന.
2. നിലച്ച – ഒഴുകാതെനിന്ന. ദിവസങ്ങൾ-വർഷാകാലദിനങ്ങൾ.
4. പുഴകളും അരികത്തണയും – നിങ്ങൾ വന്നാൽ.
5. യജ്ഞത്തെ മന്ത്രമെന്നപോലെ – മന്ത്രമാണല്ലോ, യാഗത്തെ രക്ഷിയ്ക്കുന്നത്.

6. ആയിരംതൂൺഗൃഹം – ആയിരം തൂണുകളുള്ള ഗൃഹം. കൊണ്ടുവരും – ആ സുകൃതിയ്ക്കു കൊടുക്കാൻ.

7. വിളങ്ങുന്നു – മിത്രവരുണന്മാർ തേരിൽ വരുന്നുണ്ട്. മെഴുക്ക് – നെയ്യും മറ്റും ഇറ്റിറ്റുവവീഴ്ക യാൽ. മംഗളക്ഷേത്രം – യജ്ഞസ്ഥലം. തൂൺ – യൂപം.

8. മുറിയാത്തതു – ഭൂമി; സമഷ്ടി. മുറിഞ്ഞതു – പ്രജകൾ; വ്യഷ്ടി.

9. മുറിവില്ലാത്ത – നിരന്തരമായ. മുറിയ്ക്കാവതല്ലാത്ത – ശത്രുക്കൾക്ക്.

മൂന്നാമധ്യായം സമാപ്തം.

# ഋഗ്വേദം: നാലാം അഷ്ടകം

## നാലാം അദ്ധ്യായം

മണ്ഡലം 5 അനുവാകം 5

## സൂക്തം 63.

ആത്രേയൻ അർച്ചനാനസ്സ് ഋഷി; ജഗതി ഛന്ദസ്സ്; മിത്രാവരുണർ ദേവത.

ഉദകപാലകരായ സത്യധർമ്മാക്കളേ, നിങ്ങൾ അത്യുന്നതമായ ആകാശത്തു പള്ളിത്തേരിൽ കേറുന്നു: മിത്രാവരുണന്മാരേ, നിങ്ങൾ ഇവിടെ ആരെ രക്ഷിയ്ക്കുമോ, അവന്നു വാനിൽനിന്നു പർജ്ജന്യൻ തേൻ പെയ്യും! (1)

മിത്രാവരുണന്മാരേ, യാഗത്തിൽ സമ്രാട്ടുകളും സ്വർഗ്ഗദർശികളുമായ നിങ്ങളത്രേ, ഈ ഉലകിന്റെ ഉടമകൾ: നിങ്ങളോടു ഞങ്ങൾ മഴയും ധനവും മരണമില്ലായ്മയും യാചിയ്ക്കുന്നു. നിങ്ങളുടെ രശ്മികൾ വാനുഴികളിൽ പാറുന്നു! (2)

സമ്രാട്ടുകളും ബലിഷ്ഠരും വർഷിതാക്കളും വാനുഴികളുടെ അധിപതികളും ദ്രഷ്ടാക്കളുമായ മിത്രാവരുണന്മാർ മാനനീയരായ മേഘങ്ങളോടൊന്നിച്ചു സ്തോത്രത്തിന്നടുക്കൽ മേവുന്നു; പർജ്ജന്യന്റെ മിടുക്കിനാൽ വാനിനെക്കൊണ്ടു മഴയും പെയ്യിയ്ക്കുന്നു! (3)

മിത്രാവരുണന്മാരേ, വാനിലുണ്ട്, നിങ്ങളുടെ മിടുക്ക്: സൂര്യൻ തിളങ്ങിക്കൊണ്ട്, ഒരു മഹനീയായുധമായി ചുറ്റി നടക്കുന്നു; അവനെ നിങ്ങൾ മേഘവൃഷ്ടികൊണ്ടു വാനിൽ മൂടുന്നു; ഹേ പർജ്ജന്യ, ഭവാൻ തേൻതുള്ളികൾ ഉതിർക്കുന്നു! (4)

മിത്രാവരുണന്മാരേ, മരുത്തുക്കൾ വെള്ളത്തിന്നായി, ഒരു ശൂരനെന്നപോലെ സുഖമായ തേർ പൂട്ടുന്നു; ജലം തേടിക്കൊണ്ടു, വിചിത്രലോകങ്ങളിൽ പരന്നു സഞ്ചരിയ്ക്കുന്നു; തമ്പുരാക്കന്മാരേ, നിങ്ങൾ വാനത്തുനിന്നു വെള്ളംകൊണ്ടു ഞങ്ങളെ നനയ്ക്കുവിൻ! (5)

മിത്രാവരുണന്മാരേ, പർജ്ജന്യൻ അന്നോൽപാദകവും ദീപ്തിമത്തുമായ വിചിത്രവാക്യം ഉച്ചരിയ്ക്കുന്നു; മരുത്തുക്കൾ മിടുക്കാൽ മുകിലുടക്കുന്നു. നിങ്ങൾ അനുകൂലമായ തുടുവാനിനെക്കൊണ്ടു മഴ പെയ്യിയ്ക്കുവിൻ . (6)

മിത്രാവരുണന്മാരേ, വിബുധന്മാരേ, നിങ്ങൾ ധർമ്മംകൊണ്ടു കർമ്മങ്ങൾ രക്ഷിയ്ക്കുന്നു; പർജ്ജന്യന്റെ മിടുക്കുകൊണ്ടു പാരിനെയെല്ലാം നീരാടിയ്ക്കുന്നു; പൂജനീയനായ സൂര്യനെയും സഞ്ചരിപ്പാൻ ആകാശത്തു നിർത്തിയിരിയ്ക്കുന്നു! (7)

### കുറിപ്പുകൾ: സൂക്തം 63.

1. തേൻ – മധുരജലം.
3. ദ്രഷ്ടാക്കൾ – എല്ലാം കാണുന്നവർ.
4. മഹനീയായുധമായി – ശത്രുസംഹാരിയായി എന്നു സാരം. ഭവാൻ – മിത്രന്മാരാൽ വൃഷ്ട്യർത്ഥം പ്രേരിതനായ ഭവാൻ.
5. പരന്ന് – വ്യാപിച്ച്.
6. വിചിത്രവാക്യം – ഇടിയൊച്ച. മുകിലുടക്കുന്നു – മേഘത്തെ വസ്ത്രമാക്കുന്നു.

## സൂക്തം 64.

അർച്ചനാനസ്സ് ഋഷി; അനുഷ്ടപ്പം പംക്തിയും ഛന്ദസ്സുകൾ; മിത്രാവരുണർ ദേവത. (അന്നനട)

വിളിയ്ക്കുന്നു, മന്ത്രം ജപിച്ചെങ്ങൾ, ശത്രു-
ക്കളെത്തിന്നുന്നോരാം വരുണമിത്രരേ,
കരബലാ,പ്പശുനിരപോലെമ്പാടും
ചരിയ്ക്കുന്ന വിൺനാഥരാം ഭവാന്മാരെ. (1)

അറിവിയന്ന തൃക്കരത്താലാ നിങ്ങൾ
തരുവിനി,സ്തുതിപ്പവന്നഭിമതം:
ഭവൽക്കൃതമാകം പ്രശസ്തസൌഖ്യത്തെ–
ബ്ഭുവനത്തിലെങ്ങുമുറക്കെപ്പാടും, ഞാൻ! (2)

ദൃഢ,മിനിപ്പുറപ്പെട്ടുംനേരം മിത്ര-
നുടെ മാർഗ്ഗത്തൂടേ നടകൊള്ളാവൂ, ഞാൻ:
ഇടർപ്പെട്ടത്താത്തിസ്സുഹൃത്തിന്റേതാക-
മിടത്തിങ്കലല്ലോ, നരരെത്തിച്ചേർന്നു! (3)

മഹാധനന്റെയും സ്തുതിപ്പവന്റെയും
ഗൃഹത്തിൽ യാതൊന്നിനിണക്കുത്തുണ്ടാമോ,
ഭവാന്മാരിൽനിന്നാ വിഭൂതി നേടാവൂ,
സ്തവങ്ങൾകൊണ്ടു ഞാൻ വരുണമിത്രരേ! (4)

പുരുപ്രഭനങ്ങും വരുണനും മിത്ര,
വരു, വരു, ഞങ്ങളുടെ യജ്ഞത്തിങ്കൽ,
ഹവിർദ്ധനന്മാർക്കും സഖാക്കൾക്കും നിജ-
ഭവനത്തിലൊരു സമൃദ്ധി ചേർക്കുവാൻ! (5)

വരുണമിത്രരേ, ഭവാന്മാരെങ്ങൾക്കായ്-
ക്കരുതിയിട്ടുള്ള കരുത്തുമന്നവും
പെരുപ്പിപ്പിനെ,ങ്ങൾക്കിര ലഭിപ്പാനും
സ്ഥിരക്ഷേമത്തിന്നും ധനത്തിനുമായി! (6)

യജനീയനേതാക്കളേ, വെളുപ്പിനു
രുചിരാധ്വരത്തിൽപ്പിഴിഞ്ഞു, ഞാൻ സോമം;
ചരണം നാലുള്ള മൃഗങ്ങളാൽപ്പാഞ്ഞു-
വരിക,ർച്ചനാനസ്സിനെത്താങ്ങും നിങ്ങൾ! (7)

### കുറിപ്പുകൾ: സൂക്തം 64.

1. പശുനിരപോലേ – മാടിൻകൂട്ടം മേഞ്ഞുനടക്കുന്നതുപോലെ. വിൺ നാഥർ – സ്വർഗ്ഗനേതാക്കൾ.
2. അറിവിയന്ന – തൃക്കരത്തിന്നറിയാം; വേണ്ടതു കൊടുക്കാൻ! ഭവൽകൃതം = നിങ്ങളാൽ ഉണ്ടാക്കപ്പെട്ടത്.
3. മിത്രന്റെ വഴിയിലൂടെയാകണം, എന്റെ നടത്തം. നരർ – എല്ലാവരും.

4. നിങ്ങൾ കനിഞ്ഞാൽ, ഒരു വമ്പിച്ച പണക്കാരനോടു സ്പർദ്ധിയ്ക്കത്തക്ക വിഭൂതി(സമ്പത്ത്)യുണ്ടാവും, സ്തോതാവിന്ന്!

6. എങ്ങൾക്കായ് – ഞങ്ങൾക്കു ഇര – അന്നം.

7. വെളുപ്പിനു = പ്രഭാതത്തിൽ. രുചിരാധ്വരത്തിൽ = ശോഭമാനമായ യാഗത്തിൽ. ചരണം നാലുള്ള മൃഗങ്ങളാൽ – അശ്വങ്ങളെ പൂട്ടിയ തേരിൽ. അർച്ചനാനസ്സിനെ – എന്നെ.

## സൂക്തം 65.

ആത്രേയൻ രാതഹവ്യൻ ഋഷി; അനുഷ്ടപ്പും പംക്തിയും ഛന്ദസ്സുകൾ; മിത്രാവരുണ ർ ദേവത. (അന്നനട)

വരുണനും വടിവിയന്ന മിത്രനു-
മറിവെഴുമാർതൻ മൊഴി കൈക്കൊള്ളുമോ,
അവനത്രേ, ശുഭവ്രതൻ സ്തോതാക്കളി;-
ലവനരുളട്ടേ, നമുക്കുപദേശം! (1)

അവരിരുവരും പുരാക്കൾ, സുപ്രഭ-
ര,കലത്തുനിന്നേ പിളി തുലോം കേൾപ്പോർ;
അവർ സൽപതികൾ, മഖം വളർത്തുവോ,-
രണയുവോർ, മനുഷ്യനിൽ മനുഷ്യനിൽ! (2)

വരാശ്വയുക്തരും വരവിജ്ഞാനരും
പുരാതനരുമാം ഭവാന്മാരെയൊപ്പം
അണഞ്ഞു വാഴ്ത്തുന്നോൻ, സ്വരക്ഷണത്തിനു-
മതിതരാമന്നം ലഭിപ്പാനുമായ് ഞാൻ. (3)

അരുളുന്നു മിത്രൻ, ദുരിതയുക്തന്നും
പെരുതായ ഗൃഹം ലഭിയ്ക്കുവാൻ വഴി:
പരിചരിയ്ക്കുകിലറ്റുദുഷ്ടനിലും
തിരുമനം തെളിയുവോനല്ലോ, മിത്രൻ! (4)

പെരുതായ മിത്രനുടെ സംരക്ഷയി-
ലിരിയ്ക്കാവൂ, പാപരഹിതരായ് ഞങ്ങൾ!
തിരുവടി പാലിയ്ക്കുയാൽപ്പിറക്കാവൂ,
കരുമന നീക്കും സുതർ ഞങ്ങൾക്കെല്ലാം? (5)

വരികിവങ്കൽ, നേർക്കണയ്ക്കുയും ചെയ്വിൻ:
വരുണമിത്രരേ, ഹവിർദ്ധനരെയും
ഋഷികളാമെങ്ങളുടെ സുതരെയും
ത്യജിയ്ക്കൊല്ലെ,ങ്ങളെ ബ്ഭരിയ്ക്കുവിൻ, യജ്ഞേ! (6)

### കുറിപ്പുകൾ: സൂക്തം 65.

1. വടിവിയന്ന – സുരൂപനായ. മൊഴി – സ്തുതി. ശുഭവ്രതൻ = ശോഭനകർമ്മാവ്. ഉപദേശം – വരുണമിത്രന്മാരെ എങ്ങനെ സ്തുതിയ്ക്കണമെന്ന്.
2. പുരാക്കൾ = തമ്പുരാന്മാർ. അകലത്തുനിന്നേ – ദൂരത്തുനിന്നുതന്നെ. മനുഷ്യനിൽ മനുഷ്യനിൽ – സ്തുതിയ്ക്കുന്നവരിലെല്ലാം. അണയുവോർ = ചെല്ലുന്നവർ.
3. പ്രത്യക്ഷോക്തി:
4. പരോക്ഷവചനം: പൂവാർദ്ധത്തിന്റെ വിവരണമാണ്, ഉത്തരാർദ്ധം.
5. കരുമന = ഉപദ്രവം.
6. ഇവങ്കൽ – എങ്കൽ. അണയ്ക്കുയും ചെയ്വിൻ – അഭീഷ്ടങ്ങളെ.

## സൂക്തം 66.

താതഹവ്യൻ ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; മിത്രാവരുണർ ദേവത. (അന്നനട)

അറിവുറ്റ നര, വിളിയ്ക്ക, നീ ഹിംസ്ര-
ഹരസുവ്രതരാമിരുദേവന്മാരെ:
പെരുതായൊരന്നമുദകാത്മാവായ
വരുണനു നാല്കകയും ചെയ്യുക, നീ. (1)

നിഹതാസുരമാമുടവേശാബ്ബലം
വഹിച്ചവരല്ലോ, വഴിപോലെയവർ:
നരകർമ്മംപോലെയതിങ്ങു വെയ്ക്കപ്പെ-
ട്ടിരിയ്ക്കുന്നു, രവിപ്പടി കാണാവതായ്! (2)

ഇതാ, രാതഹവ്യകൃതസ്തവങ്ങളാൽ,
പ്രധർഷകന്മാരാം ഭവാന്മാരെ ഞങ്ങൾ
സ്തുതിച്ചുകൊള്ളുന്നു, ശരിയ്ക്കിത്തേരുകൾ-
ക്കതിദീർഘമായ വഴി ഗമിയ്ക്കുവാൻ! (3)

അതുതന്നെയല്ല, നുതിയോഗ്യർ നിങ്ങ-
ളഭിജ്ഞസ്തോത്രത്താലനുകൂലരായി
അറിയുന്നുണ്ടല്ലോ, ജനങ്ങളെത്തുലോ,-
മനവദ്യബലമെഴുമദ്ഭുതരേ! (4)

ധരേ, നിങ്കൽത്തണ്ണീരൃഷിമാർക്കന്നത്തെ-
ത്തിരഞ്ഞു ചെന്നിവർ തുലോം പെയ്വൂ, പോക്കാൽ! (5)

വിശാലമാം കാഴ്ചയുടയ നിങ്ങളെ
വിളിപ്പു മിത്രരേ, വിബുധർ ഞങ്ങളും:
പരപ്പിയന്നതും പുരുരക്ഷ്യവുമാം
സ്വരാജ്യത്തിന്നായി മുതിരാവൂ, ഞങ്ങൾ! (6)

### കുറിപ്പുകൾ: സൂക്തം 66.

1. തന്നോടുതന്നെ പറയുന്നു: ഹിംസ്രഹരസുവ്രതർ=ഹിംസകന്മാരെ സംഹരിയ്ക്കുന്നവരും സുകർമ്മാക്കളുമായിട്ടുള്ളവർ. ഇരുദേവന്മാർ–മിത്രവരുണന്മാർ. ഉദകാത്മാവ്=ജലസ്വരൂപൻ. അന്നം–ഹവിസ്സ്.
2. നിഹതാസുരം–അസുരരെ കൊന്ന. അത്–ബലം. ഇങ്ങ്–യജ്ഞത്തിൽ. രവിപ്പടി കാണാവതായ്–സൂര്യൻ പോലെ പ്രത്യക്ഷമായി.
3. വഴി ഗമിയ്ക്കുവാൻ–ഞങ്ങളുടെ ഈ തേരുകൾക്കു (ചൂണ്ടിക്കാട്ടിപ്പറകയാണ്.) വളരെ വഴി പോകേണ്ടതുണ്ട്; അതിനാൽ, മാർഗ്ഗരക്ഷയ്ക്കായി ഞങ്ങൾ നിങ്ങളെ സ്തുതിയ്ക്കുന്നു.
4. അഭിജ്ഞസ്തോതത്താൽ–അഭിജ്ഞനായ എന്റെ സ്തുതികൊണ്ട്. ജനങ്ങളെ–യജമാനരെ (അവരുടെ സ്തോത്രങ്ങളെ) തുലോം അറിയുന്നുണ്ടല്ലോ.
5. ഭൂമിയോട്: ധരേ=ഹേ ധരണീ. നിങ്കൽ തണ്ണീർ തുലോം പെയ്വൂ. പോക്കാൽ–ഗമനങ്ങളാൽ.

6. പ്രത്യക്ഷോക്തി: മിത്രരേ – മിത്രാവരുണന്മാരേ. വിബുധർ = വിദ്വാന്മാർ, സ്തോതാക്കൾ. പുരുരക്ഷ്യം – വളരെയാളുകളാൽ രക്ഷിയ്ക്കപ്പെടേണ്ടത്.

## സൂക്തം 67.

ആത്രേയൻ യജതൻ ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; മിത്രാവരുണർ ദേവത. (അന്നനട)

അദിതിപുത്രരേ, വരുണന,ര്യമാ-
വ,ഥ മിത്രനുമാകിയ ദേവന്മാരേ,
ശരിയ്ക്കാരാധ്യവുമധൃഷ്യവുമായ
പെരുംവളർകെല്പുള്ളവരല്ലോ, നിങ്ങൾ! (1)

ഹിതമനോജ്ഞമാം ക്രതുക്ഷേത്രം പൂകും
പതിവിനാൽ മനുഷ്യനെത്താങ്ങുന്നോരും,
അരികളെ ഹനിപ്പവരുമാം നിങ്ങ-
ളരുളുവിൻ, മിത്രാവരുണരേ, സുഖം! (2)

ഒരേവിധമെല്ലാമറിഞ്ഞവരായ
വരുണന,ര്യമാവ,ഥ മിത്രരിവർ
ക്രതുക്കളി,ലിടങ്ങളിൽപ്പോലേ ചെല്ലും;
വധോൽക്കനിൽനിന്നു നരനെ രക്ഷിയ്ക്കും! (3)

അവർ യഥാർത്ഥരും, സയജ്ഞരും വർഷ-
പ്രവൃത്തരും, മനുഷ്യനിൽ മനുഷ്യനിൽ
വരനേതാക്കളും, വരദാനന്മാരും,
പെരുമ പാപിയ്ക്കുമണപ്പോരുമല്ലോ! (4)

വരുണമിത്രരേ, സ്തുതനല്ലാതാരു-
ണ്ടി,രുവർ നിങ്ങളിൽ?-ബ്ഭവാന്മാരെച്ചെമ്മേ
തിരകയാണ,ല്പമതികൾതൻ സ്തുതി –
തിരകയാണ,ത്രികുലജർതൻ സ്തുതി! (9)

### കുറിപ്പുകൾ: സൂക്തം 67.

1. പെരുംവളർകെല്പ്=പെരുതായ വളർന്ന ബലം.
2. ക്രതുക്ഷേത്രം – യജ്ഞസ്ഥാനം അരുളുവിൻ – തന്നാലും.
3. പരോക്ഷകഥനം: ഇടങ്ങളിൽപ്പോലെ=സ്വന്തംസ്ഥാനങ്ങളിലെന്ന പോലെ, വധോൽക്കൻ=ഹിംസകൻ.
4. വരനേതാക്കൾ – മികച്ച നേതാക്കൾ. വരദാനന്മാർ – മികച്ച ദാനത്തോഴുകൂടിയവർ. പാപിയ്ക്കുപോലും, അവൻ സ്തുതിച്ചാൽ, പെരുമ വരുത്തും.
5. നിങ്ങളിരുവരും ഒരേവിധം സ്തുതിയ്ക്കപ്പെട്ടവർതന്നെ. അല്പമതികൾ തൻ – അല്പബുദ്ധികളായ ഞങ്ങളുടെ സ്തുതി ഭവാന്മാരെ തിരയുകയാണ്.

## സൂക്തം 68.

ആത്രേയൻ യജതൻ ഋഷി; ഗായത്രി ഛന്ദസ്സ്; മിത്രാവരുണർ ദേവത.

പുകഴ്ത്തിപ്പാട്ടുവിൻ നിങ്ങൾ പാരം വരുണമിത്രരെ:
മഹത്താം സൂനൃതം കേൾപ്പിനി,രുപേരും ബലിഷ്ഠരേ! (1)

പുരാക്കൾ മിത്രാവരുണർ ജലത്തെയുളവാക്കുവോർ,
ദേവന്മാർ, ദേവകളിൽവെച്ചുൽക്കൃഷ്ടരിരുപേരുമേ! (2)

ആ നിങ്ങൾ ഞങ്ങൾക്കേകേണം, ഭൌമദിവ്യമഹാധനം:
വാനോരിൽവെച്ചു വമ്പിച്ചതാണല്ലോ, നിങ്ങൾതൻ ബലം! (3)

തണ്ണീരാലധ്വരം സാധിപ്പിപ്പോരീ,യിരുദേവകൾ
തേട്ടം വിദഗ്ദ്ധനിൽച്ചെൽവോർ, വലയ്ക്കാത്തചർ, വായ്ക്കുവോർ, (4)

വാനിനെക്കൊണ്ടു മഴപെയ്യിപ്പോർ, ചെന്നണയുന്നവർ,
ദാനയോഗ്യാന്നപതികൾ, പെരുംതേരിൽക്കരേറുവോർ! (5)

### കുറിപ്പുകൾ: സൂക്തം 68.

1. പൂവാർദ്ധം ഋത്വിക്കുകളോട്: ഉത്തരാർദ്ധം മിത്രാവരുണരോട്: സൂനൃതം = സത്യവും പ്രിയവുമായ വചനം. ഞങ്ങളുടെ സ്തുതി.
3. ഭൌമദിവ്യമഹാധനം – ഭൂവിലും ദ്യോവിലുമുള്ള മഹത്തായ ധനം.
4. തേട്ടം വിദഗ്ദ്ധൻ – യജമാനൻ.
5. ചെന്നണയുന്നവർ – യാഗങ്ങളിൽ. ദാനയോഗ്യാന്നപതികൾ = ദാനാർഹമായ അന്നത്തിന്റെ ഉടമകൾ.

## സൂക്തം 69.

ആത്രേയൻ ഉരുചക്രി ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; മിത്രാവരുണർ ദേവത.

വരുണമിത്രന്മാരേ, വർദ്ധമാനരും, ഇന്ദ്രന്റെ രൂപത്തെയും കർമ്മത്തെയും സദാ സംരക്ഷിയ്ക്കുന്നവരുമായ നിങ്ങൾ മൂന്നു സ്വർല്ലോകങ്ങൾക്കും മൂന്നന്തരിക്ഷ ലോകങ്ങൾക്കും, മൂന്നു ഭൂലോകങ്ങൾക്കും താങ്ങായിനില്ക്കുന്നു! (1)

വരുണ, മിത്ര, നിങ്ങളുടെ പൈക്കൾ അന്നം വഹിയ്ക്കുന്നു; നിങ്ങളുടെ മേഘങ്ങൾ തേൻ ചുരത്തുന്നു; മൂന്നു വർഷിതാക്കൾ – ജലധാരികളായ തേജസ്വികൾ – മൂന്നു സ്ഥാനങ്ങളിൽ വാഴുന്നു! (2)

ഞാൻ അദിതിദേവിയെ പുലർകാലത്തും, സൂര്യനുജ്ജ്വലിയ്ക്കുന്ന ഉച്ചനേരത്തും വിളിയ്ക്കുന്നു; മിത്രാവരുണന്മാരെ ധനത്തിന്നും പുത്രപൗത്രരുടെ സുഖത്തിന്നുമായി യജ്ഞത്തിൽ സ്തുതിയ്ക്കുന്നു. (3)

വിണ്ണും മന്നും താങ്ങുന്നവരാണല്ലോ, ഈ അദിതിപുത്രരായദിവ്യന്മാർ. മിത്രാവരുണന്മാരേ, നിങ്ങളുടെ സ്ഥിരകർമ്മങ്ങളെ മരണരഹിതന്മാരായ ദേവന്മാർ വെട്ടിത്തിരുത്തില്ല! (4)

### കുറിപ്പുകൾ: സൂക്തം 69.

1. മൂന്നു ലോകങ്ങൾക്കും മുമ്മൂന്നുവിഭാഗങ്ങളുണ്ടെന്നു മുമ്പു പറഞ്ഞിട്ടുണ്ട്.
2. അന്നം – പാൽ. തേൻ – മധുരജലം. മൂന്നു വർഷിതാക്കൾ – അഗ്നിയും വായുവും സൂര്യനും.

## സൂക്തം 70.

ഉരുചക്രി ഋഷി; ഗായത്രി ഛന്ദസ്സ്; മിത്രാവരുണർ ദേവത.

വരുണ, മിത്ര, തീർച്ചയായും വലുതിലും വലുതായ രക്ഷയുണ്ടല്ലോ നിങ്ങളുടെ പക്കൽ; നിങ്ങളുടെ നന്മനസ്സ് എന്നിൽ പതിയുമാറാകണം! (1)

ആ ദ്രോഹിയ്ക്കാത്ത നിങ്ങളെ ഞങ്ങൾ വഴിപോലെ സ്തുതിയ്ക്കുന്നു: ഞങ്ങൾക്ക് ഉണ്ണാൻ ചോറു കിട്ടട്ടെ; ദുഃഖനാശനരേ, നിങ്ങളുടേവരാകണം; ഞങ്ങൾ! (2)

ദുഃഖനാശനരേ, നിങ്ങൾ ഞങ്ങളെ രക്ഷകൾകൊണ്ടു രക്ഷിയ്ക്കണം—നല്ല പാലനംകൊണ്ടു പാലിയ്ക്കണം: ഞങ്ങൾ ദേഹംകൊണ്ടു മാറ്റലരെ പിന്നിടുമാറാകണം! (3)

അദ്ഭുതകർമ്മാക്കളേ, ഞങ്ങൾക്കോ പുത്രന്നോ പൌത്രന്നോ മറ്റൊരുവന്റെ മുതൽകൊണ്ടാകരുത്, ആഹാരം! (4)

കുറിപ്പുകൾ: സൂക്തം 70.

## സൂക്തം 71.

ആത്രേയൻ ബാഹ്വവൃക്തൻ ഋഷി; ഗായത്രി ഛന്ദസ്സ്; മിത്രാവരുണർ ദേവത.

വരുണ, മിത്ര, വൈരികളെപ്പായിയ്ക്കുന്ന ഹന്താക്കളായ നിങ്ങൾ ഞങ്ങളുടെ ഈ രമണീയമായ യാഗത്തിൽ വന്നെത്തിയാലും! (1)

വരുണ, മിത്ര, വരിഷ്ഠജ്ഞാനരായ നിങ്ങൾ ഉലകിന്റെ പെരുമാക്കളാണല്ലോ; തമ്പുരാക്കന്മാരേ, കർമ്മം നിറവേറ്റുവിൻ! (2)

വരുണ, മിത്ര, നിങ്ങൾ ഹവിർദ്ദാതാവിന്റെ ഈ പിഴിഞ്ഞ സോമം കുടിപ്പാൻ ഞങ്ങളിൽ വന്നെത്തിയാലും! (3)

### കുറിപ്പുകൾ: സൂക്തം 71.

2. കർമ്മം – ഞങ്ങളുടെ കർമ്മങ്ങൾ.

## സൂക്തം 72.

ബാഹുവൃക്തൻ ഋഷി; ഉഷ്ണിക്ക് ഛന്ദസ്സ്; മിത്രാവരുണർ ദേവത.

മിത്രാവരുണന്മാരെ ഞങ്ങൾ, അത്രിപോലെ മന്ത്രംകൊണ്ടാഹ്വാനംചെയ്യുന്നു: നിങ്ങളിരുവരും സോമം കുടിയ്ക്കാൻ ദർഭയിലിരിയ്ക്കുവിൻ! (1)

നിങ്ങൾ കർമ്മംകൊണ്ടും ധർമ്മംകൊണ്ടും സ്ഥിരക്ഷേമരും, ആളുകളെ പ്രവർത്തിപ്പിയ്ക്കുന്നവരുമാകുന്നു. നിങ്ങളിരുവരും സോമം കുടിപ്പാൻ ദർഭയിലിരിയ്ക്കുവിൻ! (2)

മിത്രനും വരുണനും നമ്മുടെ യജ്ഞത്തെ ഇഷ്ടസിദ്ധിയ്ക്കായി പ്രാപിയ്ക്കട്ടെ; നിങ്ങളിരുവരും സോമം കടിയ്ക്കാൻ ദർഭയിലിരുന്നാലും! (3)

### കുറിപ്പുകൾ: സൂക്തം 72.

1. രണ്ടാംവാക്യം പ്രത്യക്ഷം:
3. ഒന്നാം വാക്യം പരോക്ഷം:

## സൂക്തം 73.

ആത്രേയൻ പൌരൻ ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത. (‘താമരക്കണ്ണൻ’ പോലെ)

ദൂരത്തായാലും, ചാരത്തായാലു,-
മേറെസ്ഥലത്തിലായാലും,
അന്തരിക്ഷത്തിലായാലും വരി-
ക,ശ്വികൾ നിങ്ങളുദ്രക്ഷർ! (1)

ഭൂരിസംപ്രീതർ, ഭൂരികർമ്മാക്കൾ,
വാരുറ്റോർ, സേവ്യന്മാരവർ:
ചെന്നാ നിഗൂഢചേഷ്ടരെ വിളി-
യ്ക്കുന്നേൻ, ഞാനിങ്ങു രക്ഷയ്ക്കായ്. (2)

തൻതേർവട്ടൊന്നു നിങ്ങളർക്കന്റെ
ചന്തത്തിന്നേകീ, ഭാസുരം;
മറ്റതാപ്പകലല്ലപാർകളിൽ-
ച്ചുറ്റുന്നു, നിങ്ങൾ മാഹാത്മ്യാൽ! (3)

ആ വിഭുക്കളാം നിങ്ങളെ വാഴ്ത്താൻ
കൈവരികി,വന്നുക്തികൾ:
വെവ്വേറേ വായ്ക്ക നിഷ്പാപർ നിങ്ങൾ
ഭവ്യാന്നമെങ്ങൾക്കേകേണം! (4)

നിത്യം ശീഘ്രഗമായ നിങ്ങൾതൻ
തൃത്തേരിൽസ്സൂര്യ കേറുമ്പോൾ
ചേരുന്നു, ദീപ്ത്യാ നിങ്ങൾതൻ ചുറ്റും
പാറുന്ന ചുട്ടരശ്മികൾ! (5)

നേതാക്കന്മാരേ, നിങ്ങളെ സ്വസ്ഥ-
ചേതസ്സാലത്രി തേറിനാൻ:
നിങ്ങളെ സ്തുതിച്ചപ്പൊഴേ തീച്ചൂ
ടങ്ങൊഴിഞ്ഞല്ലോ, ദസ്രരേ! (6)

കേൾക്കുന്നു യജ്ഞേ, നിങ്ങൾതന്നുഗ്ര-
ശീഘ്രത്തേരൊലി ദസ്രരേ:
ഇങ്ങാകർഷിച്ചാനല്ലോ, കർമ്മത്താൽ
നിങ്ങളെയത്രി നാഥരേ! (7)

രുദ്രരേ, തേൻ തൂകുന്ന നിങ്ങളി-
ലെത്തുന്നു, തേനിതൻപേകാൻ:
പക്വാന്നം വെയ്ക്കുന്നുണ്ടല്ലോ, വാന-
മൊക്കെപ്പിന്നിട്ടും നിങ്ങൾക്കായ്! (8)

നേർതന്നേ, സുഖകാരർ നിങ്ങളെ-
ന്നോതുന്നതശ്വിദേവരേ;

യാഗാഹ്വാതവ്യരാവുകാ, നിങ്ങ;-
ളേകുവിൻ, യജ്ഞേ സൌഖ്യവും! (9)

തേരുപോലേ നാം തീർക്കുമിസ്തോത്ര-
ഗീരിനാലശ്വികൾക്കേറ്റം
ചേരുമാറാക, വായ്പും സൌഖ്യവും;
ഭൂരിനമസ്സു ചൊല്ക, നാം! (10)

## കുറിപ്പുകൾ: സൂക്തം 73.

1. ഏറെസ്ഥലത്തിൽ = ബഹുപ്രദേശങ്ങളിൽ. ഉദ്രക്ഷർ = ഉൽകൃഷ്ടമായ രക്ഷയോടു കൂടിയവർ.
2. പരോക്ഷകഥനം: ഭൂരിസംപ്രീതർ = ഭൂരികളിൽ, വളരെ യജമാനരിൽ, സംപ്രീതർ. നിഗൂഢചേഷ്ടർ = അജ്ഞേയചേഷ്ടിതർ.
3. ചന്തത്തിന്ന് = മോടിയ്ക്ക്. ഭാസുരം = ശോഭിയ്ക്കുന്നത്; വട്ടിന്റെ (ചക്രത്തിന്റെ) വിശേഷണം. പകലല്ലുപാർകളിൽ – പകലുകളിലും അല്ലുകളിലും ലോകങ്ങളിലും. മറ്റത് – മറ്റേവട്ട്. ചുറ്റുന്നു = സഞ്ചരിയ്ക്കുന്നു.
4. വിഭുക്കൾ = വ്യാപ്തർ. ഉക്തികൾ = വാക്കുകൾ.
5. സൂര്യ = സൂര്യപുത്രി. ദീപ്ത്യാ = തിളക്കത്തോടേ.
6. സ്വസ്ഥചേതസ്സാൽ – ചുടിൽനിന്നു വിടുതി കിട്ടിയതിനാൽ സുഖിതമായ മനസ്സുകൊണ്ട്. തേറിനാൻ = അറിഞ്ഞു; സ്തുതിച്ചു എന്നു ഭാവം. അങ്ങ് – അത്രിയ്ക്ക് എന്നർത്ഥം. ഇക്കഥ ഒന്നാംമണ്ഡലത്തിൽത്തന്നെയുണ്ട്.
7. നാഥർ = നേതാക്കൾ.
8. രുദ്രർ – രുദ്രപുത്രർ. തേനീത് – ഞങ്ങളുടെ ഈ മധുരമായ സ്തുതി. പക്വാന്നം – പുരോഡാശാദി. വെയ്ക്കുന്നുണ്ടല്ലോ – യജമാനർ.
9. നിങ്ങൾ സുഖകാരരാണെന്നു (സുഖമുളവാക്കുന്നവരാണെന്നു) വിദ്വാന്മാർ പറയുന്നതു നേരുതന്നെ. യാഗാഹ്വാതവ്യർ = യാഗത്തിൽ വിളിയ്ക്കപ്പെടാവുന്നവർ.

## സൂക്തം 74.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. ('താമരക്കണ്ണൻ' പോലെ)

വിണ്ണിൽനിന്നുഴി പുക്കിഹ സ്തോത്ര-
വിത്തരാമശ്വിദേവരേ,
കേൾക്കുകിത:-ത്രിപുത്രൻ സേവിപ്പൂ,
നേർക്കർത്ഥം പെയ്യും നിങ്ങളെ. (1)

എങ്ങാ, നാസത്യയദേവന്മാരി?-പ്പോ-
ളെങ്ങു കോൾക്കായി, വിണ്ണിങ്കൽ?
ഏതൊരുത്തങ്കൽപ്പോകുന്നു, നിങ്ങൾ?
ആർ തുണ, വാഴ്ത്താൻ നിങ്ങളെ? (2)

പോവതെങ്ങാ?-രിൽപ്പോകുന്നു, നിങ്ങൾ?
തേരു പൂട്ടുന്നതെങ്ങോട്ടോ?
നിങ്ങൾ മോദിയ്ക്കു,മാർതൻ സ്തോത്രത്താൽ?
ഞങ്ങൾ നിങ്ങളെത്തേടുന്നു! (3)

പൌരരേ, വട്ടം ക്കുട്ടും പൌരന്നായ്,
നീരുതിർക്കുമിപ്പൌരത്തെ
നേരിട്ടിറക്കുമാറുണ്ടു, നിങ്ങ-
ളാ,രണ്യസിംഹത്തെപ്പോലേ! (4)

അച്ച്യവനന്റെ ജീർണ്ണമാം രൂപം
ചട്ടപോലഴിച്ചീ നിങ്ങൾ
യൌവനം വീണ്ടും നല്കയാലവൻ-
സ്ത്രീവരണീയനായല്ലോ! (5)

നിങ്ങൾക്കുണ്ടി,ങ്ങു വാഴ്ത്തുവോൻ: ശ്രീയ്ക്കായ്
നിങ്ങൾതൻ ചാരത്താകെങ്ങൾ;
അന്നാർത്ഥർ നിങ്ങളെൻവിളി കേട്ടു
വന്നാലും, രക്ഷായുക്തരായ്! (6)

ഭൂരിമർത്ത്യരിലാരിന്നന്നാർത്ഥ-
ന്മാരാം നിങ്ങളെസ്സേവിപ്പൂ? –
ഏതൊരു ധീമാൻ? ധീമദ്വാഹ്യരേ,
ഏതൊരാളധ്വരങ്ങളാൽ? (7)

ലോകസ്തുത്യമാം നിങ്ങൾതൻ തൃത്തേർ
തേർകളെപ്പിന്നിട്ടെത്തട്ടേ,
ഏറെപ്പേരെയും പോക്കി, ഞങ്ങളിൽ-
ക്കുറ്റ പൂണ്ടശ്വിദേവരേ! (8)

നല്ക സൗഖ്യത്തെ,സ്സപ്രജ്ഞരായ്ത്തേൻ
രുക്കും നിങ്ങൾതന്നാവൃത്തി:
ഇങ്ങോട്ടു പോരിക,ശ്വാരൂഢരായ്

നിങ്ങൾ പരുന്തുപോലവേ! (9)

എങ്ങിരുന്നാലു,മശ്വിദേവരേ,
നിങ്ങളീ വിളി കേൾക്കുവിൻ:
നിങ്ങളിൽ വഴിപോലണയുന്നു,
നിങ്ങളെത്തേടും ഭോഗ്യങ്ങൾ! (10)

## കുറിപ്പുകൾ: സൂക്തം 74.

1. സ്തോത്രവിത്തർ = സ്തോത്രമാകുന്ന ധനത്തോടുകൂടിയവർ. ഇത് – സ്തോത്രം. അത്രിപുത്രൻ – പൗരനെന്ന ഞാൻ. നേർക്ക് = ശരിയ്ക്ക്, വഴിപോലെ. അർത്ഥം പെയ്യും = ധനവർഷികളായ.
2. എങ്ങു കേൾക്കായി – എവിടെയുണ്ടെന്നു കേൾക്കപ്പെട്ടു? ഉത്തരാർദ്ധം പ്രത്യക്ഷോക്തിതന്നെ: ഏതൊരുത്തങ്കൽ – ഏതൊരു യഷ്ടാവിന്റെ അടുക്കൽ. അവിടെ നിങ്ങളെ വാഴ്ത്താൻ ആർ സഹായിയ്ക്കും?
3. പൂർവോക്തം ആവർത്തിയ്ക്കുന്നു: ആരിൽ – ആരുടെ അടുക്കൽ.
4. പൌരർ – മനുഷ്യസംബന്ധത്താൽ അശ്വികളും പൌരർതന്നെ എന്നാശയം. വട്ടം – യജ്ഞസംഭാരം. പൌരൻ – ഋഷി. പൌരം – മേഘം. ആരണ്യസിംഹത്തെപ്പോലെ – വേട്ടക്കാർ കാട്ടിലെ സിംഹത്തെ ഇറക്കുന്നതുപോലെ.
5. ഇക്കഥ ഒന്നാംമണ്ഡലത്തിലുണ്ട്. സ്ത്രീവരണീയൻ = സ്ത്രീയ്ക്കു വരിയ്ക്കത്തക്കവൻ.
6. വാഴ്ത്തുവോൻ – പൌരൻ ഇവിടെ നിങ്ങളെ സ്തുതിയ്ക്കുന്നു. ശ്രീയ്ക്കായ് = സമ്പല്ലാഭത്തിന്ന്. അന്നാർത്ഥർ = അന്നമാകുന്ന ധനത്തോടുകൂടിയവർ.
7. ഋഷി വിളംബം സഹിയ്ക്കാതെ വീണ്ടും വീണ്ടും പറയുന്നു: ധീമദ്വാഹ്യർ = ധീമാന്മാരാൽ വഹിയ്ക്കപ്പെടേണ്ടവർ. ഉത്തരാർദ്ധവാക്യങ്ങളിലും ക്രിയാപദം സേവിപ്പൂ എന്നതുതന്നെ.
8. തേർകൾ – മറ്റു, ദേവന്മാരുടെ രഥങ്ങൾ. ഏറെപ്പേരെയും – ഞങ്ങളുടെ വൈരികളായ വളരെയാളുകളെപ്പോലും.
9. ആവൃത്തി – പുനഃപുനരാഗമനം.
10. എങ്ങിരുന്നാലും – എവിടെയായാലും. ഭോഗ്യങ്ങൾ – ഹവിസ്സുകൾ.

## സൂക്തം 75.

ആത്രേയൻ അവസ്യു ഋഷി; പംക്തി ഛന്ദസ്സ്; അശ്വികൾ ദേവത. (പാന)

അശ്വിമാരേ, തുലോം പ്രിയം വർഷക-
മർത്ഥയുക്തം ഭവദ്രഥം സ്തോത്രത്താൽ
നിന്നലങ്കരിയ്ക്കുന്നു, വാഴ്ത്തുമൃഷി –
നിങ്ങളെൻവിളി കേൾപ്പിൻ, മധുജ്ഞരേ! (1)

പിന്നിട്ടു വരികാറൊഴക്കും നിങ്ങൾ
പൊന്നുതേരിൽസ്സനാതനാശ്വികളേ;
ഹേ വരാർത്ഥരേ, ദസ്രരേ, സർവം ഞാൻ
ചെയ്വു – നെൻവിളി കേൾപ്പിൻ, മധുജ്ഞരേ! (2)

രുദ്രരേ, കൊണ്ടുവന്നാലുമെങ്ങൾക്കു
സദ്ധനങ്ങൾ പൊൽത്തേരിലശ്വികളേ,
അന്നസമ്പന്നരാം നിങ്ങളധ്വരം-
തന്നി – ലെൻവിളി കേൾപ്പിൻ, മധുജ്ഞരേ! (3)

നിങ്ങൾതൻ തേരിൽ വെച്ചേൻ, സ്തുതിപ്പോന്റെ
മംഗളോക്തികൾ; വൃഷ്ടാർത്ഥർ നിങ്ങൾക്കായ്
അംഗവാനാർയ്യനാരാഞ്ഞൊരുക്കുന്നു-
ണ്ടന്ന – മെൻവിളി കേൾപ്പിൻ, മധുജ്ഞരേ! (4)

അശ്വിമാരേ, ശ്രുതസ്തവന്മാർ നിങ്ങ-
ളശ്വിയാം തേരിലുദ്ബുദ്ധചിത്തരേ,
നിഷ്കപടൻ ച്യവനനിൽച്ചെന്നല്ലോ,
വെക്ക – മെൻവിളി കേൾപ്പിൻ, മധുജ്ഞരേ! (5)

അശ്വിമാരേ, മനംകൊണ്ടു പൂട്ടാവു-
മദ്ഭുതാശ്വങ്ങൾ നാഥരാം നിങ്ങളെ
വിദ്രുതമണയ്ക്കട്ടേ, നുകരുവാൻ
സ്വത്തൊടെ – ൻവിളി കേൾപ്പിൻ, മധുജ്ഞരേ! (6)

അശ്വിമാരേ, വരുവിന,ഹിംസ്യരേ:
ഇച്ഛ കൈവിടായ്ക്കാ,ര്യനാസത്യരേ;
എത്ര ദൂരത്തുനിന്നുമീ യജ്ഞത്തി-
ലെത്തുകെ – ൻവിളി കേൾപ്പിൻ, മധുജ്ഞരേ! (7)

അശ്വിമാരേ, ശുഭത്തിന്നധീശരേ,
ഹിംസ്യരല്ലാത്ത നിങ്ങളീ യജ്ഞത്തിൽ
പാടിവാഴ്ത്തുമവസ്യുവിങ്കലണ-
ഞ്ഞീടുകെ – ൻവിളി കേൾപ്പിൻ, മധുജ്ഞരേ! (8)

എത്തിനാളുഷസ്സാ; – ഹിതനായ് കാലേ
കത്തിടുമഗ്നി ദത്തദ്രവിണരേ;
നിത്യമാം രഥം പൂട്ടുവിൻ, ദസ്രരേ-

നിങ്ങളെൻവിളി കേൾപ്പിൻ, മധുജ്ഞരേ! (9)

## കുറിപ്പുകൾ: സൂക്തം 75.

1. അർത്ഥയുക്തം = ധനാന്വിതം. ഋഷി – അവസ്യുനാമാവായ ഞാൻ. മധുജ്ഞരേ – മധുവിദ്യയറിയുന്നവരേ; അശ്വികൾ മധുവിദ്യ പഠിച്ചതു പ്രഥമമണ്ഡലത്തിൽ പ്രതിപാദിയ്ക്കപ്പെട്ടിട്ടുണ്ട്.
2. പിന്നിട്ട് – എല്ലാ യജമാനന്മാരെയും കടന്ന്; മറ്റെങ്ങും പോകാതെ. ആറൊഴുക്കും – വൃഷ്ടിപ്രേരണത്താൽ നദികളെ പ്രവഹിപ്പിയ്ക്കുന്ന. സനാതനാശ്വികൾ – സനാതായരായ അശ്വികൾ. വരാർത്ഥർ – ശ്രേഷ്ഠമായ ധനത്തോടുകൂടിയവർ. സർവം – നിങ്ങളിൽ അനുഷ്ഠിയ്ക്കേണ്ടതൊക്കെ.
3. സദ്ധനങ്ങൾ – നല്ല ധനങ്ങൾ.
4. സ്തുതിപ്പോന്റെ – എന്റെ. മംഗളോക്തികൾ – സ്തുതികൾ. വൃഷ്ടാർത്ഥർ – ധനം വർഷിയ്ക്കുന്നവരായ. അംഗവാൻ – സുത്രപൻ. ആര്യൻ – യജമാനൻ. അന്നം – ഹവിസ്സ്.
5. ശ്രുതസ്തവന്മാർ = സ്തോത്രം കേട്ടവർ. അശ്വി = അശ്വയുക്തം.
6. വിദ്രുതം = വെക്കം, നകരുവാൻ – സോമം. സ്വത്തൊട് – ധനത്തോടുകൂടി അണയ്ക്കട്ടെ ഞങ്ങൾക്കു തരാൻ ധനം കൊണ്ടുവരണമെന്നർത്ഥം.
7. അഹിംസ്യയർ = ഹിംസിയ്ക്കാനശക്യർ. ഇച്ഛ – സോമപാനേച്ഛ. ആര്യനാസത്യരേ – ആര്യരായ (സ്വാമിമാരായ) നാസത്യരേ.
9. ആഹിതനായ് – വേദിമേൽ വെയ്ക്കപ്പെട്ടു. ദത്തദ്രവിണർ = ധനം നല്കുന്നവർ. നിത്യം = അനശ്വരം.

## സൂക്തം 76.

ആത്രേയൻ ഭൗമൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത. (കാകളി)

കത്തിത്തുടങ്ങി,യുഷസ്സിൻമുഖമഗ്നി;
ബുദ്ധിമാന്മാർ മുതിർക്കുന്നു, ദേവസ്തവം;
തുത്തേരിലിങ്ങോട്ടെഴുന്നള്ളുവിനി,പ്പൊ-
ഴൃദ്ധാംഗമാം പ്രവർഗ്ഗ്യത്തിനശ്വികളേ! (1)

നേരേ തുടർന്നതു പാഴാക്കുകില്ലി,ങ്ങു
ചാരത്തു വന്നു വാഴ്ത്തപ്പെട്ടു,മശ്വികൾ-
പ്രാതസ്സ്വരക്ഷയാ പഞ്ഞം കെടുത്തുപാ-
യാതരായ് നല്കട്ടെ, ഹവ്യദന്നു സുഖം! (2)

പൈക്കറനേരത്തു,ഷസ്സിലുച്ചയ്ക്കുമേ,
ഭാസ്കരന്നേറ്റം വളർച്ചയെത്തുമ്പൊഴും –
രാവും പകലും വരുവിൻ, സുരക്ഷയാ:
ചെയ്വതില്ലി,പ്പൊഴും പാനമശ്വികളേ! (3)

നിങ്ങൾക്കിതല്ലോ, പുരാതനം പാർപ്പിട:-
മിങ്ങാലയ,മിങ്ങു ശാലയശ്വികളേ;
വിണ്ണിൽനിന്ന,ഭ്രത്തിൽനിന്നു, വൻകാറിൽനി-
ന്ന,ന്നവും കെല്പു,മായെത്തുവിനെ,ങ്ങളിൽ! (4)

സിദ്ധമാകാവൂ, ഞങ്ങൾക്കു നാസത്യർതൻ
പുത്തനാം രക്ഷയും സൌഖ്യദായാനവും:
നിത്യരേ, കൊണ്ടുവന്നീടുവിനെ,ങ്ങൾക്കു
സദ്വീരവിത്തവും സർവസൌഭാഗ്യവും! (5)

### കുറിപ്പുകൾ: സൂക്തം 76.

1. ഉഷസ്സിൻമുഖം – ഉഷസ്സിൽ ഉണരുന്നവനായ എന്നർത്ഥം. ഋദ്ധാംഗമാം – അംഗങ്ങൾ തികഞ്ഞ. പ്രവർഗ്ഗ്യം – ഒരു യജ്ഞകർമ്മം.
2. നേരേ തുടർന്നതു – കർമ്മം. സ്വരക്ഷയാ = തങ്ങളുടെ രക്ഷകൊണ്ട്, ഉപായാതരായ് – വന്നെത്തി. ഹവ്യദൻ – യജമാനൻ.
3. പൈക്കറനേരം – പൈക്കളെ കറക്കുന്ന സമയം, പുലർകാലം. ഉഷസ്സ് = പ്രഭാതം. ഭാസ്കരന്നേറ്റം = വളർച്ചയെത്തുമ്പൊഴും – അപരാഹ്നത്തിലും. ഇപ്പൊഴും പാനംചെയ്വതില്ല – മറ്റു ദേവന്മാർ, നിങ്ങൾ വരാഞ്ഞതിനാൽ, ഇപ്പോഴും സോമം കുടിപ്പാൻ തുടങ്ങിയിട്ടില്ല.
4. ചൂണ്ടിക്കാട്ടുകയാണ്: ഇത് – ഉത്തരവേദി. അഭ്രം – അന്തരിക്ഷം. എവിടെനിന്നെങ്കിലും, ഞങ്ങൾക്കു തരാൻ അന്നവും കെല്പും കയ്യിലെടുത്തു, ഞങ്ങളുടെ അടുക്കൽ വന്നെത്തുവിൻ.
5. പൂർവാർദ്ധം പരോക്ഷകഥനം: സിദ്ധമാകാവൂ – ലഭിയ്ക്കുമാറാകട്ടെ. സൗഖ്യദായാനം – സുഖപ്രദമായ ആഗമനം. സദ്വീരവിത്തം = നല്ല വീരന്മാരോടു കൂടിയ ധനം.

## സൂക്തം 77.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ. (കാകളി)

അർച്ചിയ്ക്കു, കാലത്തണവോരെ: – യാ മുഖ്യർ
പിച്ചദ്ദുരയന്നുമുമ്പേ നുകരണം.
കാലത്തു യജ്ഞത്തിൽ വന്നെത്തു,മശ്വികൾ:
ചാലേ പുകഴ്ത്തിവരുന്നു, പൂർവർഷികൾ! (1)

അർച്ചിയ്ക്കുവിൻ, പ്രഭാതത്തിലയയ്ക്കുവി, –
നശ്വികൾക്ക:-ന്തിയ്ക്കെടുക്കില്ല, ദേവകൾ.
നമ്മിൽനിന്നന്യൻ യജിയ്ക്കൊലാ, നല്ലൊലാ:
മുന്നുൻ യജിപ്പവനത്രേ, സുഭാവിതൻ. (2)

ഹൃദ്വാതവേഗമാമേതിനാൽപ്പിന്നിടും,
ദുസ്തരമൊട്ടുക്ക നിങ്ങളശ്വികളേ
അന്നവും കൊണ്ടുവരുന്നതുണ്ട,ബ്ഭുവൽ-
പ്പൊന്നണിത്തേർ, മധുരാഭം, സ്രുതോദകം! (3)

സ്ഫീതാന്നമാം കർമ്മമശ്വികാൾക്കധ്വരേ
ചെയ്യേൻ നല്കമോ ഹവ്യ,മമ്മാനുഷൻ
തന്മകനെത്തടിപ്പിയ്ക്കും, ക്രിയകളാ;-
ലുന്മഥിയ്ക്കും, വിടാതഗ്നിവിഹീനരെ! (4)

സിദ്ധമാകാവൂ, ഞങ്ങൾക്ക നാസത്യർതൻ
പുത്തനാം രക്ഷയും സൌഖ്യദായാനവും:
നിത്യരേ, കൊണ്ടുവന്നീടുവിനെ,ങ്ങൾക്ക
സദ്വീരവിത്തവും സർവസൗഭാഗ്യവും! (5)

### കുറിപ്പുകൾ: സൂക്തം 77.

1. ഋത്വിക്കുകളോട്: കാലത്തണവോരെ – പ്രഭാതത്തിൽ വരുന്നവരായ അശ്വികളെ. പിച്ചദ്ദുരയൻ – പിശുക്കനായ ദുരയൻ; രാക്ഷസാദികാൾ കുടിച്ചുകളയുന്നതിന്നുമുമ്പേ, മുഖ്യരായ അശ്വികൾ സോമം നുകരണം.
2. അയയ്ക്കുവിൻ – ഹവിസ്സുകൾ. ദേവകൾ അന്തിയ്ക്ക് (സായംകാലത്ത്) എടുക്കില്ല, ഹവിസ്സു സ്വീകരിയ്ക്കില്ല. മുന്നുൻ യജിച്ചവനത്രേ, സുഭാവിതൻ – മുമ്പേ മുമ്പേ യജിയ്ക്കുന്നവനാണ്, ദേവകളുടെ പ്രസാദം നേടുക; അതിനാൽ മറ്റൊരാൾ യജിയ്ക്കുകയും ഹവിസ്സു നല്കുകയും ചെയ്യുന്നതിന്നുമുമ്പു നമുക്ക യജിയ്ക്കണം.
3. ഹൃദ്വാതവേഗം = മനസ്സിന്റെയും വായുവിന്റെയും വേഗമുള്ളത്. ദുസ്തരം – ദുർഗ്ഗമപ്രദേശം. മധുരാഭം = മനോജ്ഞവണ്ണം. സ്രുതോദകം = ജലമൊഴുകുന്നത്.
4. സ്ഫീതാന്നം = വളരെ അന്നങ്ങളോടുകൂടിയത്. വിടാതേ (നിരന്തരം) അഗ്നിവിഹീനരെ (അഗ്നിയെ പൂജിയ്ക്കാത്തവരെ) ഉന്മഥിയ്ക്കും – സംഹരിയ്ക്കും.

## സൂക്തം 78.

ആത്രേയൻ സപ്തവധ്രി ഋഷി; ഉഷ്ണിക്കും ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സുകൾ; അശ്വികൾ ദേവത.

അശ്വികളേ, നിങ്ങൾ ഇങ്ങോട്ടു വരുവിൻ: നാസത്യരേ, ഇച്ഛവിടരുത്; രണ്ടരയന്നങ്ങൾപോലേ, സോമനീരിനടുക്കൽ പറന്നെത്തുവിൻ! (1)

അശ്വികളേ, പുൽനിലത്തു രണ്ടു മാനുകളും രണ്ടു ഗൌരങ്ങളുമെന്നപോലെയും, രണ്ടരയന്നങ്ങൾപോലെയും നിങ്ങൾ സോമനീരിന്നടുക്കൽ പറന്നെത്തുവിൻ! (2)

അന്നധനരായ അശ്വികളേ, നിങ്ങൾ അഭീഷ്ടത്തിന്നായി യജ്ഞത്തിലണയുവിൻ – രണ്ടരയന്നങ്ങൾപോലേ, നിങ്ങൾ സോമനീരിന്നടുക്കൽ പറന്നെത്തുവിൻ! (3)

അശ്വികളേ, ഉമിത്തിയ്യിൽനിന്നൊഴിഞ്ഞ അത്രി, അപേക്ഷിയ്ക്കുന്ന ഒരു സ്ത്രീപോലെ, നിങ്ങളെ സ്തുതിച്ചുവല്ലോ. നിങ്ങൾ പരുന്തിന്റെ പ്രഥമവേഗത്തോടേ, അതിസുഖമാംവണ്ണം വന്നുചേർന്നാലും! (4)

മരമേ, നീ, പെറാൻ തുടങ്ങുന്നവളുടെ യോനിപോലെ വിടർന്നാലും: അശ്വികളേ, നിങ്ങൾ എന്റെ വിളി കേൾക്കുവിൻ; സപ്തവധ്രിയെ വിട്ടുവിടുവിൻ! (5)

അശ്വികളേ, പേടിച്ചപേക്ഷിയ്ക്കുന്ന ഋഷിയായ സപ്തവധ്രിയ്ക്കുവേണ്ടി നിങ്ങൾ മായയാൽ മരത്തിന്നടുക്കൽ വരുവിൻ; തുറക്കുകയും ചെയ്യുവിൻ! (6)

കാറ്റ് കൊക്കരണിയെ പാടേ ഇളക്കുമല്ലോ അപ്രകാരം, നിന്റെ ഗർഭം ചലിയ്ക്കട്ടേ; പത്തുമാസം ചെന്നാൽ പുറത്തെയ്ക്കു പോരട്ടേ! (7)

കാറ്റ് കാടിനെയും കടലിനെയും ഇട്ടുലയ്ക്കുമല്ലോ; അപ്രകാരം പത്തുമാസം കഴിച്ചിട്ടു നീ ജരായുവോടുകൂടി പുറത്തെയ്ക്കു പോരിക! (8)

പത്തുമാസം അമ്മയുടെ വയറ്റിൽ കിടന്ന കുട്ടിയായ ജീവിപരിക്കപറ്റാതെ ജീവനോടേ പുറത്തു പോരട്ടെ; അമ്മയും ജീവിയ്ക്കട്ടെ! (9)

### കുറിപ്പുകൾ: സൂക്തം 78.

2. ഗൌരങ്ങൾ – ഒരുതരം മാനുകൾ.

4. സ്ത്രീപോലെ – ഹർഷിച്ചുകൊണ്ടെന്നർത്ഥം. പ്രഥമവേഗം = ഒന്നാമത്തെ ഗതിവേഗം.

5. സപ്തവധ്രിയെ രാത്രിതോറും ഭാര്യാവിയുക്തനാക്കാൻ വൈരികളായ ജ്യേഷ്ഠന്മാർ പിടിച്ച് ഒരു പെട്ടിയിൽ കിടത്തി, പൂട്ടും; നേരം പുലർന്നാൽ തുറന്നു പുറത്തു വിട്ടിട്ട്, ഉപദ്രവിയ്ക്കുകയും ചെയ്യും! അങ്ങനെ അത്യന്തം വലഞ്ഞ സപ്തവധ്രി പെട്ടിയിൽ കിടക്കെ, അതിനോടപേക്ഷിയ്ക്കുന്നു: മരമേ – ഹേ പെട്ടി.

6. മായയാൽ – ആരും കാണാതെ. ഈ സ്തുതിയാൽ പ്രസാദിച്ച് അശ്വികൾ സപ്തവധ്രിയെ പെട്ടിയിൽനിന്നു പുറത്താക്കി, മറഞ്ഞു.

7. പിന്നീടു സപ്തവധ്രി ഭാര്യയുടെ ശീഘ്രപ്രസവത്തിന്നായി അശ്വികളെ സ്തുതിച്ചതാണ്, ഇതുമുതൽ മൂന്നൃക്കുകൾ. നിന്റെ – ഭാര്യയുടെ.

8. ഗർഭത്തോടു പറയുന്നു: ജരായു = മറുപിള്ള.

9. അമ്മയും ജീവിയ്ക്കട്ടെ – അതിന്ന്, അശ്വികളേ, നിങ്ങൾ അനുഗ്രഹിപ്പിൻ!

## സൂക്തം 79.

ആത്രേയൻ സത്യശ്രവസ്സ് ഋഷി; പംക്തി ഛന്ദസ്സ്; ഉഷസ്സ് ദേവത. (കേക)

ഞങ്ങളെയുണർത്തുക, മുമ്പുണർത്തിയപോലേ,
തുംഗസമ്പത്തിന്നിന്നും, ദീപ്തയാമുഷസ്സേ, നീ;
വയ്യപുത്രനാം സത്യശ്രവസ്സെന്നവങ്കൽ നീ
ചെയ്യുക, കനിവശ്വസ്തൃതേ, ശുഭോദയേ! (1)

നീ ശുചദ്രഥപുത്രനാകിയ സുനീഥങ്കൽ
വീശിനാളല്ലോ, നല്ല വെളിച്ചം വിണ്ണിൻകുഞ്ഞേ;
കെല്പം കൂടിയ സത്യശ്രവസ്സാം വായ്യങ്കലു-
മപ്പടി ചെയ്തി,ന്നശ്വസൂനൃതേ, ശുഭോദയേ! (2)

അങ്ങനെ ധനം കൊണ്ടുവരുവോളാം നീയിന്നു-
മെങ്ങളിൽ വിണ്ണിൻകഞ്ഞേ, വീശുക, വെളിച്ചത്തെ,
കെല്പം, കൂടിയ സത്യശ്രവസ്സാം വായ്യൻതങ്കൽ
മുല്പാടെന്നപോലശ്വസൂനൃതേ, ശുഭോദയേ! (3)

ഭാരവാഹികളെവർ പാടി വാഴ്ത്തുമോ നിന്നെ,-
ച്ചാരുശ്രീകളാ,മവർ വിത്തത്താൽ വിഭാവരി;
ദാനശീലരായ്ത്തീരും, മഘോനി, നന്നായ്ച്ചെയ്യും.
ദാനങ്ങളവരശ്വസൂനൃതേ, ശുഭോദയേ! (4)

നിന്നുടെ ചിലക്കൂട്ടക്കാരിതാ, ഭവതിയെ-
പ്പൊന്നിനുവേണ്ടിയനുകൂലയാക്കുന്നുണ്ടല്ലോ;
ഭംഗമില്ലാത്ത ധനമിച്ഛയാ നല്കുമിവ-
രെങ്ങൾക്കു താങ്ങണ,ശ്വസൂനൃതേ, ശുഭോദയേ! (5)

ഭംഗമില്ലാത്ത ധനമേതു സമ്പന്നന്മാരോ
ഞങ്ങൾക്കു മഘോനിയാമുഷസ്സേ, നല്കിപ്പോന്നു;
വീരയുക്തമാം കീർത്തി കൊണ്ടുവന്നരുളുക,-
സ്സൂരികൾക്കു നിയശ്വസൂനൃതേ, ശുഭോദയേ! (6)

ഏതുദാരന്മാരെങ്ങൾക്കശ്വഗോസമേതമാം
ഭൂതിയെ മഘോനിയാമുഷസ്സേ, നല്കിപ്പോന്നു;
നിന്തിരുവടിയവർക്കെത്തിയ്ക്കു, മിന്നും സ്വത്തും
മുന്തുമന്നവുമശ്വസൂനൃതേ, ശുഭോദയേ! (7)

പകലോൻകതിർ പരക്കുന്നതോടൊപ്പം, വിണ്ണിൻ-
മകളേ, തെളിതേജസ്സുജ്ജ്വലിപ്പതോടൊപ്പം
നീ കൊണ്ടുവരേണമേ, ഞങ്ങൾക്കു ഭോജ്യത്തെയും
ഗോഗണത്തെയുമശ്വസൂനൃതേ, ശുഭോദയേ! (8)

ഏകുക, വെളിച്ചത്തെത്തിരുവിൺമകളേ, നീ:
വൈകിച്ചിടൊല്ലേ, കർമ്മാനുഷ്ഠാനങ്ങളെത്തെല്ലം,
സ്തേനനാം രിപുവെപ്പോലെരിയിയ്ക്കൊലാ, നിന്നെ-

ബ്ഭാനുമാൻ വൈലാലശ്വസൂനൃതേ ശുഭോദയേ! (9)

ഇത്രമാത്രമോ പുനരിതിലുമധികമോ
ശക്തയാണേ,കാൻ വിഭാവരിയാമുഷസ്സേ, നീ:
അരിശപ്പെടില്ലല്ലോ, വെളിച്ചം സ്തോതാക്കന്മാ-
ർക്കരുൾവോളാം നീയശ്വസൂനൃതേ, ശുഭോദയേ! (10)

## കുറിപ്പുകൾ: സൂക്തം 79.

1. വയ്യൻ – സത്യശ്രവസ്സിന്റെ അച്ഛൻ. കനിവ് ചെയ്യുക – കനിഞ്ഞാലും. അശ്വസൂനൃത – ഉഷസ്സിന്റെ ഒരു പര്യായം.
2. വായ്യൻ = വയ്യപുത്രൻ.
4. ഭാരവാഹികൾ – ഋത്വിക്കുകൾ. ചാരുശ്രീകളാം = നല്ല ശ്രീയുള്ളവരായിത്തീരും. വിഭാവരി, മഘോനി എന്നിവയും ഉഷഃപര്യായങ്ങൾതന്നെ.
5. പൊന്നിനുവേണ്ടി – ധനലബ്ധിയ്ക്കായി.
6. വീരയുക്തം – പുത്രാദികളോടുകൂടിയത്. സൂരികൾ – സ്തോതാക്കൾ.
7. എടുത്തുപറയുന്നു: ഭൂതി = സമ്പത്ത്. മിന്നും സ്വത്തും – സ്വർണ്ണരത്നാദയും.
8. തെളിതേജസ്സ് – അഗ്നിയുടെ.
9. സ്തേനനാം രിപുവെപ്പോലെ – മോഷ്ടിച്ച ശത്രുവിനെ രാജപുരുഷന്മാർ ദണ്ഡിപ്പിയ്ക്കുന്നതു പോലെ. വൈകിയാൽ, നിനക്കു ചുട്ടുവെയിൽ കൊള്ളേണ്ടിവരും.
10. അരുൾവോൾ – നല്കുന്നവൾ.

## സൂക്തം 80.

സത്യശ്രവസ്സ് ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഉഷസ്സ് ദേവത. (കാകളി)

ധാരിതയജ്ഞയായ്, മിന്നുന്ന തേരേറി,
യാരുണ്യമാർന്നും, വെളിച്ചം പരത്തിയും
സൂരനിൽച്ചെല്ലമുഷോമഹാദേവിയെ-
ഗ്ഗീരിനാലേ സ്തുതിയ്ക്കുന്നു, മേധാധികൾ. (1)

മാർഗ്ഗങ്ങൾ ഗമ്യങ്ങളാക്കി മുൻപോരുന്നു,
പാർക്കുണർവേകും സുരൂപയുഷസ്സിവൾ;
ഇജ്ജഗദ്വ്യാപ്ത മഹതി മഹാരഥ-
യുജ്ജ്വലിപ്പിപ്പൂ, പകലിൻശിരസ്സിനെ! (2)

സ്വത്തുറപ്പിയ്ക്കുന്നു, ചെങ്കാളയെപ്പൂട്ടി-
നിർത്തുമീ വിശ്വവരേണ്യയാം ദേവിയാൾ;
നേരേ നടക്കുവാൻ മാർഗ്ഗങ്ങൾ കാട്ടുന്നു;
ഭൂരിസ്തുതയായ് ലസിപ്പൂ, തഴപ്പൊടേ. (3)

മേൽവശത്തും നടുവിങ്കലും പ്രൌഢയായ്-
ത്തുവെൺവപുസ്സു കാട്ടുന്നു, കിഴക്കിവൾ;
നേർക്കറിഞ്ഞോൾപോലനുവ്രജിപ്പൂ, രവി-
മാർഗ്ഗത്തെ; മങ്ങിപ്പതില്ലാ, ദിശകളെ. (4)

മുങ്ങിയുയർന്നവൾപോലേ, സ്ഫുടാംഗിയാ-
മംഗാനപോലെയും കാണായ്, നമുക്കിതാ!
ശത്രുവാമന്ധകാരത്തെത്തുരത്തി വ-
ന്നെത്തീ, വിളങ്ങുമുഷസ്സായ വിൺമകൾ! (5)

വിൺമകളാമിവൾ നേരിട്ടുനിന്നൊ,രു
നന്മങ്കപോലുടൽ കാട്ടുന്നു, ലോകരെ;
രമ്യവസ്തുക്കളെദ്ദാതാവിനേകുന്നു;
മുന്മട്ടു പേർത്തൊളി വീശുന്നു, തയ്യലാൾ! (6)

### കുറിപ്പുകൾ: സൂക്തം 80.

1. ധാരിതയജ്ഞ – യജ്ഞത്തെ വഹിച്ചവൾ. ആരുണ്യം = തുടുപ്പ്. ഗീരിനാലേ – സ്തോത്രങ്ങൾകൊണ്ട്.
2. മുൻ – സൂര്യന്നുമുമ്പേ. പാർക്ക് – ലോകത്തിന്ന്. ശിരസ്സ് – പ്രാരംഭമെന്നർത്ഥം.
3. ചെംകാളയെപ്പൂട്ടിനിർത്തും – തേരിന്നു ചുകന്ന കാളകളെ പൂട്ടുന്ന; തുടുരശ്മികളെ കാളകളാക്കിക്കല്പിച്ചിരിയ്ക്കുയാണ്. തഴപ്പൊടേ – അക്ഷീണയായി.
4. മേൽവശത്തും നടുവിങ്കലും പ്രൌഢയായ് – ദ്യോവിലും അന്തരിക്ഷലും വളർന്ന്. നേർക്കറിഞ്ഞോൾപോലെ–സൂര്യാനുഗമനം സ്വകർത്തവ്യമാണെന്ന് അറിഞ്ഞിട്ടെന്നപോലെ. ദിശകൾ = ദിക്കുകൾ.

5. മുങ്ങിയുയർന്നവൾ – വെള്ളത്തിൽ മുങ്ങി, പൊന്തിയവൾ; കുളിച്ചുകേറിയവൾ. ഈ ഉപമ സ്വച്ഛതയെ വ്യഞ്ജിപ്പിയ്ക്കുന്നു. സ്പഷ്ടാംഗി – പണ്ടങ്ങളണിഞ്ഞ്, അവയവങ്ങൾ വെളിപ്പെടുത്തുന്നവൾ. അംഗന = സുന്ദരി.

6. പൂർവോക്തം എടുത്തുപറയുന്നു: രമ്യവസ്തുക്കൾ – ധനങ്ങൾ ഭാതാവ് – ഹവിഷ്പ്രദൻ, യജമാനൻ. തയ്യലാൾ = യുവതി.

## സൂക്തം 81.

ശ്യാവാശ്വൻ ഋഷി; ജഗതി ഛന്ദസ്സ്; സവിതാവ് ദേവത.

മേധാവികൾ മനസ്സുചെലുത്തുന്നതും, കർമ്മം തുടങ്ങുന്നതും, മേധാവിയായി വിദ്വാനായ യാതൊരു മഹാന്റെ അനുജ്ഞയാലോ; ഹോത്രങ്ങളെ യാതൊരനുഷ്ഠാനജ്ഞൻ തനിയേ നടത്തുന്നുവോ; വലിയ ഒന്നാണ്, ആ സവിതൃദേവനെ സ്തുതിയ്ക്കൽ! (1)

കവിയായ സവിതാവ് എല്ലാ രൂപങ്ങളെയും എടുത്തണിയുന്നു; നല്ലതു ചെയ്യാൻ ഇരുകാലിയ്ക്കും നാല്ക്കാലിയ്ക്കും അനുജ്ഞയരുളുന്നു: സ്വർഗ്ഗത്തെ വെളിപ്പെടുത്തുന്നു. ആ വരേണ്യൻ ഉഷസ്സുദിപ്പിന്നു പിറകേ ഉദ്ഭാസിയ്ക്കുന്നു. (2)

മറ്റു ദേവകളും യാതൊരു ദേവന്റെ ഉദയത്താലാണോ, മഹിമയും ബലവും നേടുന്നത്; യാതൊരു ദേവൻ പൃഥിവ്യാദിലോകങ്ങളെ മഹത്ത്വത്താൽ അളന്നുവോ; ആ സവിതാവ് വെണ്മയോടേ വിലസുന്നു! (3)

ദേവ, സവിതാവേ, നിർന്തിരുവടി മൂന്നു വിണ്ണുലകിലും ചെല്ലുന്നു; സൂര്യന്റെ രശ്മികളോടു ചേരുന്നു രാത്രിയുടെ ഇരുവശത്തും ചുറ്റിനടക്കുന്നു; ധർമ്മങ്ങളാൽ മിത്രനായിച്ചമയുന്നു! (4)

ദേവ, സവിതാവേ, അവിടുന്നൊരാളാണ്, അനുജ്ഞയരുളാൻ ശക്തൻ; അവിടുന്നു ഗമനങ്ങളാൽ പൂഷാവായിത്തീരുന്നു; അവിടുന്ന് ഈ ഉലകിന്നൊക്കെ പെരുമാളാകുന്നു! ആ നിന്തിരുവടിയ്ക്കു ശ്യാവാശ്വൻ സ്തോത്രം ചമയ്ക്കുന്നു. (5)

### കുറിപ്പുകൾ: സൂക്തം 81.

1. ഹോത്രങ്ങൾ – സപ്തഹോതൃക്രിയകൾ.
4. ഉദയത്തിനുമുമ്പുള്ളവൻ സവിതാവ്; ഉദിച്ചസ്തമിയ്ക്കുന്നവൻ സൂര്യൻ. മിത്രൻ – മിത്രനെന്ന ദേവൻ; അല്ലെങ്കിൽ സഖാവ്.
5. പൂഷാവ് – പോഷകൻ, പൂഷാവെന്ന ദേവൻ.

## സൂക്തം 82.

ശ്യാവാശ്വൻ ഋഷി; അനുഷ്ടപ്പും ഗായത്രിയും ഛന്ദസ്സുകൾ; സവിതാവ് ദേവത.

ഭഗനായ സവിതൃദേവന്റെ ആ ഭോഗ്യം ഞങ്ങൾ വരിയ്ക്കുന്നു: ശ്രേഷ്ഠവും സർവസാധകവും വൈരിഘ്നവുമായ അതു ഞങ്ങൾക്കു കൈവരുമാറാകണം! (1)

ഈ സവിതാവിനെ സ്വയം പുകളേറിയതും പ്രിയവുമായ ഐശ്വര്യത്തെ ആരും ഖണ്ഡിയ്ക്കുന്നില്ല! (2)

ആ ഭഗനായ സവിതാവു ദാതാവിന്നു രത്നങ്ങൾ കല്പിച്ചയയ്ക്കുമല്ലോ; അവിടുത്തോടു പൂജനീയമായ ധനം ഞങ്ങൾ യാചിയ്ക്കുന്നു. (3)

ദേവ, സവിതാവേ, നിന്തിരുവടി ഇന്നു ഞങ്ങൾക്കു സന്തതിസമേതമായ സൌഭാഗ്യം അയയ്ക്കുക: പഞ്ഞപ്പാടിനെ ആട്ടിപ്പായ്ക്കുക! (4)

ദേവ, സവിതാവേ, നിന്തിരുവടി പാപങ്ങളെയെല്ലാം ആട്ടിപ്പായിയ്ക്കുക നല്ലതെന്തോ, അതു ഞങ്ങൾക്കയയ്ക്കുക! (5)

സവിതൃദേവനൊ അനുജ്ഞയാൽ നാം ഭൂമിയ്ക്ക് അപരാധികളല്ലാതാകണം; വേണ്ടതൊക്കെ നമുക്കു കൈവരണം! (6)

സർവദേവനായി സൽപതിയായി സത്യാനുജ്ഞനായിരിയ്ക്കുന്ന സവിതാവിനെ ഞങ്ങൾ ഇന്നു സൂക്തങ്ങൾക്കൊണ്ടു സേവിയ്ക്കുന്നു: (7)

ഈ രാപകലുകൾ രണ്ടിന്റെയും മുമ്പിൽ വീഴ്ചവരാതെ എഴുന്നള്ളുന്ന സുകർമ്മാവാണല്ലോ, സവിതൃദേവൻ! (8)

യശസ്സുകൊണ്ട് ഈ ജംഗമങ്ങളെയെല്ലാം കേൾപ്പിയ്ക്കുകയും പ്രേരിപ്പിയ്ക്കുകയും ചെയ്യുന്നവനാണല്ലോ, സവിതാവ്! (9)

### കുറിപ്പുകൾ: സൂക്തം 82.

1. ഭഗൻ – ഭജനീയൻ, ഭഗനെന്ന ദേവൻ. ഭോഗ്യം – ധനം.
3. ദാതാവ് – യജമാനൻ.
7. സർവദേവൻ – എല്ലാദ്ദേവന്മാരും വശപ്പെട്ടവൻ.
9. കേൾപ്പിയ്ക്കുകയും – ജഗത്തു മുഴുവനും സവിതൃസ്തുതി കേൾക്കുന്നു എന്നു സാരം.

## സൂക്തം 83.

ഭൌമൻ: ഋഷി; ത്രിഷ്ടുപ്പും ജഗതിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; പർജ്ജന്യൻ ദേവത.

യാതൊരു ക്ഷിപ്രപ്രദാനനായ വൃഷഭൻ മുക്രയിട്ടുകൊണ്ട് ഓഷധികളെ ജലമാകുന്ന ഗർഭം ധരിപ്പിയ്ക്കുന്നുവോ, ആ ബലവാനായ പർജ്ജന്യനോടു താങ്കൾ നേരിട്ടു പ്രാർത്ഥിയ്ക്കുക; ഈ വാക്കുകൾകൊണ്ടുസ്തുതിയ്ക്കുക ഹവിസ്സുകൊണ്ടു പരിചരിയ്ക്കുക. (1)

പർജ്ജന്യൻ വൃക്ഷങ്ങളെ ഒടിയ്ക്കുന്നു; രക്ഷസ്സുകളെ മുടിയ്ക്കുന്നു. ഉലകെല്ലാം ഈ പെരുംകൊലയനെ പേടിയ്ക്കുന്നു – നിരപരാധൻപോലും പായുന്നു. ഈ വർഷകർമ്മാവ് ഇടിമുഴക്കി പാപികളെ മുടിയ്ക്കുന്നു! (2)

ചമ്മട്ടികൊണ്ട് അശ്വങ്ങളെ തെളിക്കുന്ന ഒരു തേരാളിപോലെ, പർജ്ജന്യൻ വർഷകരായ ദൂതരെ വെളിയ്ക്കു വരുത്തുന്നു: അദ്ദേഹം അന്തരിക്ഷത്തിൽ മഴയേർപ്പെടുത്തിയാൽ, അകലത്തുനിന്നു സിംഹഗർജ്ജിതങ്ങൾ പൊങ്ങുകയായി! (3)

പർജ്ജന്യൻ പൃഥിവിയെ ജലംകൊണ്ടു രക്ഷിയ്ക്കുമ്പോൾ, കാറ്റ് ഊക്കിൽ വീശും; മിന്നലുകൾ പാറും; ഓഷധികൾ ഉയരും; അന്തരിക്ഷം ചോരും; ഭൂമി ഭുവനത്തിനെല്ലാം ഹിതയായിത്തീരും! (4)

ആരുടെ കർമ്മത്തിൽ പൃഥിവി കനിയുന്നുവോ, ആരുടെ കർമ്മത്തിൽ ഗോക്കൾ പുഷ്ടിപ്പെടുന്നുവോ, ആരുടെ കർമ്മത്തിൽ ഓഷധികൾ നാനാരൂപങ്ങളായിത്തീരുന്നുവോ; പർജ്ജന്യ, ആ ഭവാൻ ഞങ്ങൾക്കു മഹത്തായ സുഖം തന്നാലും! (5)

മരുത്തുക്കളേ, നിങ്ങൾ ഞങ്ങൾക്കു വാനത്തുനിന്നു മഴ തരുവിൻ – വർഷകമായ മേഘത്തിന്റെ വെള്ളം ഉകുവിൻ! ബലവാനായ, ഞങ്ങക്ക് ഒരച്ഛനായ ഭവാൻ ഈ കാർമുകിലൊനോടൊന്നിച്ച്, തണ്ണീർവീഴ്ത്തിക്കൊണ്ട് ഇങ്ങോട്ടു വന്നാലും! (6)

ഭവാൻ നേരിട്ട് ഇരയ്ക്കുക – ഇടിമുഴക്കുക; ഗർഭം ധരിപ്പിയ്ക്കുക; തണ്ണീർത്തേരിൽ ചുറ്റി നടക്കുക; തോൽത്തുരുത്തി കെട്ടി, കമിഴ്ത്തി, നന്നായി വലിയ്ക്കുക – കുന്നും കുഴിയും സമനിരപ്പിലായിത്തീരട്ടെ! (7)

ഭവാൻ വലിയ കുട്ടകം പൊക്കുക; ഉകുക; നദികൾ ഉന്നിച്ചേർക്കപ്പെട്ടു കിഴക്കോട്ടൊഴുകട്ടെ. വാനൂഴികളെ വെള്ളംകൊണ്ടു കുതിർക്കുക: ഗോക്കൾ നല്ല പാനീയം ചുരത്തട്ടെ! (8)

പർജ്ജന്യ, ഭവാൻ അട്ടഹസിച്ച് ഇടിവെട്ടിക്കൊണ്ടു ദുശ്ചേഷ്ടിതരെ പിളർത്തുന്നതെപ്പൊഴോ, അപ്പോൾ ഭൂമിയിലെ ഈ ചരാചരങ്ങളെല്ലാം ആഹ്ലാദിക്കുന്നു! (9)

അങ്ങ് മഴ പെയ്തു; പെരുമാരി നിർത്തുക. അങ്ങ് നിർജ്ജലപ്രദേശങ്ങളെ പിന്നിടാവുന്നവയാക്കി; ആഹാരത്തിന്നു സസ്യങ്ങളെ ഉൽപാദിപ്പിച്ചു; പ്രജകളാൽ സ്തുതനുമായി! (10)

### കുറിപ്പുകൾ: സൂക്തം 83.

1. സ്തോതാവിനോട്: വൃഷഭൻ – കാള, വർഷകൻ. മുക്രയിടുക – ഇടിമുഴക്കുക. ഓഷധികൾക്കു ഗോത്വം കല്പിച്ചിരിയ്ക്കുന്നു. വാക്കുകൾ – സ്തുതികൾ.
2. പെരുംകൊലയൻ – മഹാവധൻ.
3. വർഷകരായ ദൂതരെ – മേഘങ്ങളെ. സിംഹഗർജ്ജിതങ്ങൾ – ഇടിയൊച്ചകൾ.
4. ഉയരും – തഴച്ചുപൊന്തും. ചോരും – വെള്ളത്തെ വീഴ്ത്തും.

6. മൂന്നാംവാക്യം പർജ്ജന്യനോട്:
7. നേരിട്ട് – ഭൂമ്യഭിമുഖനായി. ധരിപ്പിയ്ക്കുക – ഓഷധികളെ. തോൽത്തുരുത്തി – മേഘം.
8. കുട്ടകം – മേഘം. ത്തുകുക – വെള്ളം.

## സൂക്തം 84.

ഭൌമൻ ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; പൃഥിവി ദേവത. (പാന)

നേരുതന്നേ, പിളരുന്നു, വാനിങ്കൽ-
ക്കാറിനത്തെ പ്രകൃഷ്ടേ, പൃഥിവി, നീ:
മോദമേറ്റം വരുത്തുന്നതുണ്ടല്ലോ,
മേദിനിയ്ക്കു മഹത്ത്വാൽ മഹതി, നീ! (1)

സൂരികൾ നിന്നെയുച്ചത്തിൽ വാഴ്ത്തുന്നു,
ഗൌരവർണ്ണേ, വിചിത്രസഞ്ചാരിണി:
കാറിനെ,ച്ചിയയ്ക്കുന്ന ഹയത്തെപ്പോ-
ലേറെ നന്നായ്ത്തെളിയ്ക്കുവോളല്ലോ, നീ! (2)

മന്നിനോടൊത്തുറപ്പിൽ നിറുത്തുന്നു,
തന്നുടെ ബലത്താൽ നീ തരുക്കളെ;
നിന്നുടെ മുകിൽക്കൂട്ടം ചൊരിയുന്നു,
മിന്നിടും വാനിൽനിന്നു ജലങ്ങളെ! (3)

### കുറിപ്പുകൾ: സൂക്തം 84.

1. ദേവതയായ ഭൂമിയോടാണ്, പറയുന്നത്. കാറിനം = മേഘഗണം. മേദിനി – പ്രത്യക്ഷഭൂമി. മഹത്ത്വാൽ = മഹിമകൊണ്ട്.
2. ഗൌരവർണ്ണ = വെളുത്തവൾ. വിചിത്രസഞ്ചാരിണി = നാനാപ്രകാരേണ സഞ്ചരിയ്ക്കുന്നവൾ. ഹയത്തെപ്പോലെ – കുതിരയെ തെളിയ്ക്കുന്നതുപോലെ.

## സൂക്തം 85.

അത്രി ഋഷി; ത്രിഷ്ടപ്പ് ഛന്ദസ്സ്; വരുണൻ ദേവത.

പുകൾപ്പെട്ട പെരുമാളായ വരുണനെക്കുറിച്ച നീ മഹത്തും ഗഭീരവും പ്രിയവുമായ സ്തോത്രം ഉച്ചരിയ്ക്കുക: അദ്ദേഹമാണല്ലോ, പശുവിനെ കൊല്ലുന്നവൻ തോലെന്നപോലെ, സൂര്യന്നു വിരിപ്പാൻ അന്തരിക്ഷം പരത്തിയത്! (1)

വരുണൻ വൃക്ഷാഗ്രങ്ങളിൽ അന്തരിക്ഷവും കുതിരകളിൽ ബലവും പൈക്കളിൽ പാലും, ഹൃദയങ്ങളിൽ കർമ്മവും, വെള്ളത്തിൽ തിയ്യും പരത്തി; സൂര്യനെ ആകാശത്തും സോമനെ മലയിലും നിർത്തി! (2)

വരുണൻ വാന്മുഴികൾക്കും അന്തരിക്ഷത്തിന്നുംവേണ്ടി, മേഘത്തിന്റെ വായ കുനിയിച്ചു; അതിനാൽ സർവ്വഭുവനപ്പെരുമാൾ, നനയ്ക്കുന്നവൻ യവത്തെ എന്നപോലെ, മന്നിനെ കുതിർക്കുന്നു! (3)

ഭൂവിനെയും അന്തരിക്ഷത്തെയും ദ്യോവിനെയും കുതിർക്കുന്ന വരുണൻ ജലത്തെ ഇച്ഛിയ്ക്കുമ്പോഴെയ്ക്കും മലകൾ മുകിലുടുക്കും; ബലിഷ്ഠരായ വീരന്മാർ ഇളക്കിവിടും! (4)

പുകൾപ്പെട്ട അസുരഹന്താവായ വരുണന്റെ ഈ ബുദ്ധി വൈഭവം ഞാൻ വർണ്ണിയ്ക്കാം: തന്തിരുവടി അന്തരിക്ഷത്തിൽ സ്ഥിതിചെയ്ത് ഒരളവുകോൽകൊണ്ടെന്നപോലെ, സൂര്യനെക്കൊണ്ട് അന്തരിക്ഷം അളന്നു! (5)

അത്യുൽകൃഷ്ടപ്രജ്ഞനായ ദേവന്റെ, ഈ ബുദ്ധിവൈഭവം ആരും തള്ളില്ല: ഒരൊറ്റസ്സമുദ്രത്തെപ്പോലും, വെള്ളം കൊണ്ടു നിറയ്ക്കുന്നില്ലല്ലോ, പ്രവഹിയ്ക്കുന്ന നദികൾ! (6)

വരുണ, ഞങ്ങൾ അര്യമാവിന്നോ, മിത്രന്നോ, സഖാവിന്നോ, ഭ്രാതാവിന്നോ, അയൽവീട്ടുകാരന്നോ, പറയാൻ കൊള്ളരുതാത്ത വല്ല കുറ്റവും സദാ ചെയ്തിട്ടുണ്ടെങ്കിൽ, അതു ഭവാൻ അഴിച്ചുനീക്കണം! (7)

ചൂതാടികളാൽ ചൂതിലെന്നപോലെ ചുമത്തപ്പെട്ടതും, വാസ്തവത്തിലുള്ളതും, ഞങ്ങളറിഞ്ഞിട്ടില്ലാത്തതും – എല്ലാം – നിന്തിരുവടി ഞെട്ടറ്റവപോലെ വിടുവിച്ചാലും; വരുണ, ദേവ, അങ്ങനെ ഞങ്ങൾ നിന്തിരുവടിയ്ക്കു പ്രിയപ്പെട്ടവരാകണം! (8)

### കുറിപ്പുകൾ: സൂക്തം 85.

1. ഋഷി, തന്നോടുതന്നെ പറയുന്നു; പശുവിനെ (ബലിമൃഗത്തെ) കൊല്ലുന്നവൻ അതിന്റെ തോൽ ഉണങ്ങാൻ പരത്തിയിടുമല്ലോ.
2. ഹൃദയങ്ങളിൽ – പ്രാണിമനസ്സുകളിൽ. തിയ്യ് – വൈദ്യുതാഗ്നി.
3. കുനിയിച്ചു – ഭൂമിയ്ക്കഭിമുഖമാക്കി; മഴ പെയ്യിച്ചു.
4. വീരന്മാർ – മരുത്തുക്കൾ. ഇളക്കിവിടും – മേഘങ്ങളെ.
6. ദേവൻ – വരുണൻ. എത്ര നദികൾ ചെന്നുചേർന്നാലും സമുദ്രം നിറയില്ല; ഇതു വരുണൻ വെച്ച വ്യവസ്ഥയാലാണ്.
8. എല്ലാം – എല്ലാപ്പാപങ്ങളും. ഞെട്ടറ്റവ – ഞെട്ടിൽനിന്നു വിട്ട കായ്കളും മറ്റും.

## സൂക്തം 86.

അത്രി ഋഷി; അനുഷ്ടുപ്പും വിരാട് പൂർവയും ഛന്ദസ്സുകൾ; ഇന്ദ്രാഗ്നികൾ ദേവത. ('താമരക്കണ്ണൻ' പോലെ)

ഇന്ദ്രാഗ്നികളിങ്ങാരെപ്പോർകളി-
ലൊന്നിച്ചു കാക്കു,മാ നരൻ
കെല്പു,റ്റ വിത്തംപോലുമേ, ത്രിതൻ
ജല്പനംപോലേ ഖണ്ഡിയ്ക്കും! (1)

പോരിൽദ്ദുസ്തര,ന്നത്തിൽ സ്തുത്യ-
ന്മാ,രഞ്ചുമർത്ത്യർക്കീശ്വരർ –
ഇങ്ങനെയുള്ള ഇന്ദ്രാഗ്നികളെ
ഞങ്ങൾ പുകഴ്ത്തിക്കൊള്ളുന്നു. (2)

അദ്ധനികർക്കേ, ധർഷകൌജസ്സി;-
തത്യുഗ്രം വജ്രം, കൈകളിൽ;
നൽത്തണ്ണീരിന്നായ്ത്തേരിലവർ
വൃത്രനെക്കൊല്ലാൻ ചെന്നെത്തും. (3)

അന്നിങ്ങളെ,ത്തേരോടിപ്പാനെങ്ങ –
ളിന്ദ്രാഗ്നികളേ, വാഴ്ത്തുന്നു, സ്തോത്രസേവ്യരെ,ജ്ജംഗമധനം
കാത്തരുൾവോരെ, വിജ്ഞരെ! (4)

പ്രത്യഹം നരർപോലേ വർദ്ധിയ്ക്കും
ദുർദ്ധർഷരാമദ്ദേവരെ
അശ്വാർത്ഥമർച്ചിയ്ക്കുന്നേന,ംശർക്കൊ-
ത്തർച്ചിസ്സുള്ളോര,യർച്ച്യരെ. (5)

അമ്മിക്കല്ലിന്മേൽക്കുത്തിച്ചതച്ചു
ചെമ്മേ പിഴിഞ്ഞ നീർപോലെ,
കെല്പിനെയുളവാക്കും ഹവ്യവു-
മർപ്പിച്ചേനഗ്നീന്ദ്രർക്കേവം.
വാഴ്ത്തിപ്പാടുന്ന വിജ്ഞർക്കാ നിങ്ങൾ
കീർത്തിയും പുരുവിത്തവും
നല്കുവിൻ – വാഴ്ത്തിപ്പാടുവോർക്കന്നം
നല്കുവിനി,രുപേരുമേ! (6)

### കുറിപ്പുകൾ: സൂക്തം 86.

1. ഇന്ദ്രാഗ്നികൾ – ഇന്ദ്രനും അഗ്നിയുമായ ഭവാന്മാർ. ത്രിതൻ എന്ന ഋഷി ജല്പനം (പ്രതിപക്ഷവാദം) ഖണ്ഡിയ്ക്കുന്നതുപോലെ, വിത്തം (ശത്രുധനം) നശപ്പിയ്ക്കും.
2. അഞ്ചുമർത്ത്യർക്കീശ്വരർ – പഞ്ചജനപാലകർ.
3. ധർഷകൌജസ്സിത് – ശത്രുക്കളെ ആക്രമിയ്ക്കുന്ന ഈ ബലം. അദ്ധനികർക്കേ – ധനവാന്മാരായ ഇന്ദ്രാഗ്നികൾക്കുമാത്രം. നൽത്തണ്ണീരിന്നായ് – വൃഷ്ടിയ്ക്കുവേണ്ടി.

4. തേരോടിപ്പാൻ – യുദ്ധത്തിൽ. സ്തോത്രസേവ്യർ = സ്തോത്രങ്ങൾകൊണ്ടു സേവിയ്ക്കപ്പെ ടേണ്ടവർ. ദ്വിതീയാന്തപദങ്ങൾ മൂന്നും നിങ്ങളെ എന്നതിന്റെ വിശേഷണങ്ങൾ.

5. പരോക്ഷോക്തി: നരർ പ്രത്യഹം (നാൾതോറും) വർദ്ധിയ്ക്കുമല്ലോ; അതുപോലെ വർ ദ്ധിയ്ക്കുന്നു. അദ്ദേവരെ – ഇന്ദ്രാഗ്നികളെ. അശ്വാർത്ഥം – കുതിരയെ കിട്ടാൻ. അംശർ = അംശൻ, ഭഗൻ എന്ന രണ്ടാദിത്യന്മാർ, അർച്ച്യർ = പൂജനീയർ.

6. നീർപോലെ – സോമരസംപോലെ ഹവ്യവും (പുരോഡാശാദി) അർപ്പിച്ചേൻ. ഏവം = ഇങ്ങനെ സ്തുതിച്ചുകൊണ്ട്. അവശിഷ്ടം പ്രത്യക്ഷകഥനം: വിജ്ഞർക്ക് – ഞങ്ങൾക്ക്.

## സൂക്തം 87.

ആത്രേയൻ ഏവയാമരുത്ത് ഋഷി; അതിജഗതി ഛന്ദസ്സ്; മരുത്തുക്കൾ ദേവത.

ഏവയാമരുത്തിന്റെ സ്തുതിവാക്യങ്ങൾ മഹാനായ, മരുത്ത്വാനായ, വിഷ്ണുവായ ഭവാങ്കലണയട്ടെ; ഉലോം യഷ്ടവ്യവും കൈകാലുകളിൽ വളകളണിഞ്ഞതും, ബലവത്തും, സ്തുതിയാൽ പ്രസാദിയ്ക്കുന്നതും, ഇളക്കിക്കൊണ്ടു വീശുന്നതുമായ ഗണത്തിലും അണയട്ടെ! (1)

യാവചിലർ മഹാനോടുകൂടി ആവിർഭവിച്ചുപോ, യാവചിലർ സ്വയം അറിവോടുകൂടി ആവിർഭവിച്ചുവോ, അവരെ ഏവയാമരുത്ത് സ്തുതിയ്ക്കുന്നു: മരുത്തുക്കളേ, ഈ നിങ്ങളുടെ ആ കർമ്മോപേതമായ ബലം ആക്രമിയ്ക്കപ്പെടാവതല്ല; അതു ദാനവും മഹത്ത്വവുമുള്ളതാകുന്നു. പർവതങ്ങൾപോലെ അധൃഷ്യരാണ്, നിങ്ങൾ! (2)

വിളങ്ങുന്ന ശോഭനരായ യാവചിലർ വിപുലമായ വിണ്ണിൽ നിന്നു ശ്രവിയ്ക്കുമോ, അവർക്ക് ഏവയാമരുത്തിന്റെ സ്തുതി: ഒരേ സ്ഥാനത്തു നിവസിയ്ക്കുന്ന ഇവരെ ആരുമില്ല, ഇളക്കാൻ! ഇവർ അഗ്നികൾപോലെ സ്വയം പ്രകാശിയ്ക്കുന്നു; നദികളെ പ്രവഹിപ്പിയ്ക്കുന്നു. (3)

അവർ സർവസാധാരണമായ മഹാസദസ്സിൽനിന്നു പരപ്പിൽ വീശിപ്പുറപ്പെട്ടു: ഏവയാമരുത്ത് സ്വസ്ഥാനത്തുനിന്നു സ്വയം, കൊണ്ടുപോകുന്ന കുതിരകളോടു ചേർന്നതെപ്പൊഴോ, അപ്പോൾ ആ സുഖവർദ്ധകരായ പ്രബലന്മാർ ഇണക്കത്തോടേ പോരുകയായി! (4)

കീഴമർത്തുന്ന, എന്നെന്നും സ്വയം പ്രകാശിയ്ക്കുന്ന, പൊൻപണ്ടങ്ങളും നല്ല ആയുധങ്ങളുമുള്ള, അന്നവാന്മാരായ നിങ്ങളെ യാതൊന്നലംകരിയ്ക്കുന്നുവോ, നിങ്ങളുടെ ആ ബലവത്തും വർഷകവും ദീപ്തവും വ്യാപ്തവുമായ വളരിരമ്പം ഏവയാമരുത്തിനെ വിറപ്പിയ്ക്കരുതേ! (5)

അറ്റമില്ല, നിങ്ങളുടെ മഹിമാവിന്ന്! പ്രവൃദ്ധബലന്മാരേ, നിങ്ങളുടെ പ്രദീപ്തമായ ബലം ഏവയാമരുത്തിനെ കാത്തരുളട്ടെ: യാഗത്തിൽ, കാഴ്ചയ്ക്കിരിയ്ക്കുന്നവരാണല്ലോ, നിങ്ങൾ; അഗ്നികൾപോലെ തിളങ്ങുന്ന ആ നിങ്ങൾ ഞങ്ങളെ നിന്ദകങ്കൽനിന്നു രക്ഷിയ്ക്കണം! (6)

യാവചിലരാലാണോ, ദീർഘവിശാലമായ അന്തരിക്ഷം പുകൾപ്പെട്ടത്, നിഷ്പാപരായ യാവചിലർ വമ്പിച്ച കൂട്ടമായി നടകൊളുന്നുവോ, അഗ്നികൾപോലെ അത്യന്തം ജ്വലിയ്ക്കുന്ന ആ സുയജ്ഞരായ രുദ്രപുത്രന്മാർ ഏവയാമരുത്തിനെ കാത്തരുളട്ടെ! (7)

മരുത്തുക്കളേ, അദ്വേഷരായ നിങ്ങൾ ഞങ്ങളുടെ സ്തോത്രത്തിനു വന്നെത്തുവിൻ: സ്തുതിയ്ക്കുന്ന ഏവയാമരുത്തിന്റെ വിളി കേൾക്കുവിൻ. മഹാന്മാരേ, വിഷ്ണുവിനോടു സമാനയജ്ഞരായി പ്രശസ്തരായ നിങ്ങൾ, തേരാളികളെന്നപോലെ, മറവിലുള്ള വിദ്വേഷികളെ പൊരുതിയോടിയ്ക്കുവിൻ! (8)

യജനീയരേ, നിങ്ങൾ ഞങ്ങളുടെ യജ്ഞത്തിൽ കർമ്മശുദ്ധിയ്ക്കായി വന്നെത്തുവിൻ: രക്ഷസ്സടുക്കാത്ത നിങ്ങൾ ഏവയാമരുത്തിന്റെ വിളി കേൾക്കുവിൻ. മികച്ച മലകൾപോലെ വാനിൽ മേവുന്ന പ്രകൃഷ്ടജ്ഞനരായ നിങ്ങൾ ആ നിന്ദകന്നു ദുർദ്ധരരായിത്തീർന്നാലും! (9)

## കുറിപ്പുകൾ: സൂക്തം 87.

1. വിഷ്ണു – ഇന്ദ്രൻ, വിഷ്ണു. ഗണം – മരുദ്ഗണം.
2. മഹാൻ – ഇന്ദ്രൻ, വിഷ്ണു.
3. വിണ്ണിൽനിന്ന് – വന്ന്, ആരുമില്ല, ഇളക്കാൻ – ഇവർ സ്വതന്ത്രരാകുന്നു.
4. മഹാസദസ്സ്–അന്തരിക്ഷം. കൊണ്ടുപോകുന്ന – വഹിയ്ക്കുന്ന. പ്രബലന്മാർ – മരുത്തുക്കൾ. ഇണക്കുത്ത് – 'ഞാൻ മുമ്പേ, ഞാൻ ഞാൻ മുമ്പേ' എന്ന മത്സരം.
5. പ്രത്യക്ഷോക്തി: കീഴമർത്തുന്ന – ശത്രുക്കളെ. വളരിരമ്പം – വലിയ ശബ്ദം.
8. പ്രത്യക്ഷോക്തി.

അഞ്ചാം മണ്ഡലം സമാപ്തം.

## Imprint

This PDF book is the product of many hours of hard work by volunteers for Sayahna Foundation, and builds on the hard work of other literature lovers made possible by free licenses.

This particular PDF book is generated from the sources of a book produced by the volunteers of the Foundation from the scans of the book obtained from Kerala Sahitya Akademi.

The writing and artwork within are in the public domain, and Sayahna releases this ebook edition under the terms in the CC By-ShareAlike Attribution. For full license information, see the Uncopyright at the end of this ebook.

Sayahna Foundation is a volunteer-driven non-profit that produces PDF book and other digital editions of public domain literature using modern typography, technology, and editorial standards, and distributes them free of cost. You can download this and other PDF books carefully produced for true book lovers at Sayahna Foundation.

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.